# RIGVEDA

## BHASHA BHASHYAM

## VOLUME VI

# ഋഗ്വേദം

## ഭാഷാഭാഷ്യം

Lit

ഒ.എം.സി. നാരായണൻ
നമ്പൂതിരിപ്പാട്

गुरुकुल कांगड़ी विश्वविद्यालय
कृपया पुस्तक के ऊपर कोई निशान आदि
न लगायें।

**पुस्तकालय**
गुरुकुल कांगड़ी विश्वविद्यालय, हरिद्वार

वर्ग संख्या............ आगत संख्या..................

पुस्तक – वितरण की तिथि नीचे अंकित है। इस तिथि सहित ३०वें दिन तक यह पुस्तक पुस्तकालय में वापिस आ जानी चाहिए। अन्यथा १० पैसे के हिसाब से विलम्ब-दण्ड लगेगा।

# ഋഗ്വേദം

## "ദേവീപ്രസാദം" ഭാഷാഭാഷ്യം

गुरुकुल कांगड़ी विश्वविद्यालय हरिद्वार
आगत नं 592
दिनांक 10-9-85

വാല്യം 6

രചയിതാവ് :

ഒ. എം. സി. നാരായണൻ നമ്പൂതിരിപ്പാട്

पुस्तकालय
4136
पुस्तकालय
गुरुकुल कांगड़ी विश्वविद्यालय

പ്രസാധകർ :

വടക്കെമഠം ബ്രഹ്മസ്വം
തൃശ്ശൂർ–1

വിതരണം :

കൈരളിപ്രസ് & ബുക്സ്
എം. ജി. റോഡ്, തൃശ്ശൂർ–1

RIGVEDAM
Bhasha Bhashyam
Vol. VI.

By
O. M. C. Narayanan Namboodiripad
Vellinali (Palghat Dist)

Publishers:
Vadakke Madham Brahmaswom
M. G. Road, Trichur-1

Distributors:
Kairali Press & Books
M. G. Road, Trichur-1

First Published June-1985

Printed at
Kairali Press
M. G. Road, Trichur-1

Copyright to the Author

Price. Rs. 80

Printed with financial assistance from the Ministry of Education and Social Welfare, Govt. of India.



''ഓത്തന്മാരുടെ ഓത്തൻ'' എന്നു് പ്രസിദ്ധനും വേദാത്മാവുമായിരുന്ന ഒളപ്പമണ്ണ മനക്കൽ നാരായണൻ (കാവു) നമ്പൂതിരിപ്പാട് (1014–1078) തൃശ്ശൂർ–തിരുന്നാവായ യോഗക്കാൎക്കു് ഒരുപോലെ സമ്മതനും അഭിവന്ദ്യനുമായിരുന്നു. ചിരകാലം തൃശ്ശൂർ യോഗത്തിന്റെ അനിഷേധ്യനേതാവായിരുന്നു. ഗ്രന്ഥകാരന്റെ മുതുമുത്തപ്ഛനാണു്.

# അവതാരിക

ഇതൊരു ആശ്ചര്യം തന്നെ. എൻെറ വന്ദ്യരായ ആദർശപുരുഷന്മാരിൽ ഒരാളായി എന്നും പ്രശോഭിച്ചിട്ടുള്ള ഒ. എം. സി. ശക്തിപൂർവ്വം നിർദ്ദേശിക്കുന്നു: ഋഗ്വേദത്തിന്നദ്ദേഹം രചിച്ച 'ദേവീപ്രസാദം' ഭാഷ്യത്തിൻെറ ആറാമത്തു സമ്പുടത്തിന്നു് ഞാൻ അവതാരികയെഴുതണം! എൻെറ പരിമിതികളെപ്പററി ഏററവും കൂടുതൽ ബോധമുള്ളതു് എനിക്കുതന്നെ ആകയാൽ, ഈ ഉത്തരവാദിത്വത്തിൽനിന്നു് വിടുതി കിട്ടുവാൻ ആത്മാർത്ഥതയോടെ പരിശ്രമിച്ചു. പക്ഷേ, ഒ. എം. സി. എന്നെ വിടുന്നില്ല. ആ നിർബ്ബന്ധത്തിലാകട്ടെ, അദ്ദേഹത്തിൻെറ വടക്കിനിയിലിരിക്കുന്ന ഭഗവതിയുടെകൂടി ഇച്ഛ ഞാൻ കണ്ടെത്തുകയും ചെയ്തു. എൻെറ ഇല്ലത്തെ ശ്രീലകത്തിരിക്കുന്നതും ആ ഭഗവതി തന്നെയാണല്ലോ. അച്ഛനടക്കമുള്ള പൂർവ്വികന്മാർ ഉപയോഗിച്ചിരുന്ന സീലിലെ 'ഭഗവതീസഹായം' എന്ന അക്ഷരങ്ങൾ മനസ്സിൽ തെളിഞ്ഞു.

ഒ. എം. സി. യെ നന്നെ ചെറുപ്പം മുതൽ കേട്ടുപരിചയമുണ്ടെങ്കിലും നേരിട്ടു് ആദ്യം കാണുന്നതു് ഒററപ്പാലത്തെ ഒ. എം. ഹൗസിൽവെച്ചാണെന്നു തോന്നുന്നു. 1944 അവസാനത്തിൽ ഓങ്ങല്ലൂർവെച്ചു് നമ്പൂതിരി യോഗക്ഷേമ സഭ നടന്നതിന്നു് അഞ്ചാറുമാസം മുമ്പാണതു്. വാസ്തവത്തിൽ യോഗക്ഷേമസഭയുടെ പുനർജ്ജനനം നടന്നതു് ഒ. എം. ഹൗസിൻെറ ഓലപ്പൂമുഖത്തു് ഒരു ദിവസം മുഴുവൻ നടന്ന സമ്മേളനത്തിൽ നിന്നായിരുന്നു. ഒ. എം. സി. യെ മാത്രമല്ല. വി. ടി., ഇ. എം. എസ്., എം. ആർ. ബി., കെ. എൻ. കുട്ടൻ നമ്പൂതിരിപ്പാടു്, പാലുള്ളി, പാണ്ടം, നരിക്കാട്ടിരി മുതലായ സമുദായ നേതാക്കളെയെല്ലാം ആദ്യമായി നല്ലവണ്ണം പരിചയപ്പെട്ടതും ആ ദിവസം തന്നെയാണു്. അന്നുവരെ എനിക്കു സുപരിചിതനായിരുന്ന സമുദായ നേതാവു് ഐ. സി. പി. നമ്പൂതിരിമാത്രം: ആ ദിവസത്തിന്നെത്രയോ മുമ്പുതന്നെ കേരളത്തിലെ എല്ലാ ഇടവഴികളിലേയും കല്ലിനും മുള്ളിനും കാഞ്ഞിരക്കുററിക്കും സുപരിചിതമായിരുന്നു ഐ. സി. പി. യുടെ പാദങ്ങൾ. എല്ലാ നമ്പൂതിരി ഗൃഹങ്ങൾക്കും അടുക്കളപ്പൂച്ചയേക്കാൾ സുപരിചിതനായിരുന്ന ഐ. സി. പി. യുടെ വിയർപ്പുതുള്ളികളിൽ നിന്നാണു് ഒ. എം. ഹൗസിലെ ആ സമ്മേളനം രൂപംകൊണ്ടതു് എന്നുതന്നെ എനിക്കു തോന്നിയിരുന്നു.

പിന്നീട് ഓങ്ങല്ലൂർ സമ്മേളനത്തിൽ അധ്യക്ഷതവഹിച്ചുകൊണ്ടു് ഇ. എം. എസ്., 'നമ്പൂതിരിയെ മനുഷ്യനാക്കാൻ' എന്ന അധ്യക്ഷപ്രസംഗം അവതരിപ്പിച്ചപ്പോൾ സദസ്സിലിരുന്നു കോൾമയിർക്കൊണ്ടവരിൽ ഒരാൾ ഞാനായിരുന്നു. അധ്യക്ഷൻെറ തൊട്ടടുത്തു് സ്റ്റേജിൽ വി. ടി. യും, ഒ. എം. സി. യും ഇരിക്കുന്നുണ്ടായിരുന്നു. അവർ രണ്ടുപേരും ഇ. എം. എസ്സിൻെറ അഭിപ്രായത്തെ ആവേശപൂർവ്വം പിന്താങ്ങിയതും ഞാനോർക്കുന്നു. വാരവും ഓത്തൂട്ടുമായി അലഞ്ഞുതിരിയുന്ന നമ്പൂതിരിയെ കാലം പിൻതള്ളുകതന്നെ ചെയ്യും. തോട്ടിപ്പണിവരെയുള്ള ഏതു ശാരീരികാധ്വാനവും നികൃഷ്ടമല്ലെന്ന ബോധത്തോടെ നമ്പൂതിരി സാധാരണ മനുഷ്യരുടെ ഇടയിലേയ്ക്കു് ഇറങ്ങിവരണം. അങ്ങനെ ചെയ്താൽ മാത്രമേ മനുഷ്യൻ എന്ന നിലയിൽ പ്രകൃതിയോടുള്ള കടമ നിർവ്വഹിച്ചു എന്നു സമാധാനിക്കാൻ അയാൾക്കു് അവകാശമുള്ളു. ധനികരായ നമ്പൂതിരിമാർ വ്യവസായ രംഗത്തേയ്ക്കു് കടന്നുചെല്ലണം; ദരിദ്രരായ നമ്പൂതിരിമാർ തൊഴിലാളികളായി മാറണം. ഇതായിരുന്നു ആ സമ്മേളനത്തിൻെറ ഏകകണ്ഠമായ ആഹ്വാനം. ഇതിലെ എല്ലാ വസ്തുതകളോടും അന്നും ഇന്നും എനിക്കു യോജിപ്പാണുള്ളതു്. എങ്കിലും, ഇ. എം. എസ്സിൻെറ പ്രസംഗത്തിൻെറ ശ്രുതിയായി നിലനിന്നിരുന്നതു് വർഗ്ഗസമരവാദമാണു് എന്ന വസ്തുത മറക്കാവതല്ല.

പിന്നത്തെ വാർഷികയോഗം ശുകപുരത്താണു് നടന്നതു്. അന്നേയ്ക്കു ഞാൻ പരിപൂർണ്ണ സാമുദായിക പ്രവർത്തകനായി മാറിയിരുന്നു. വി. ടി. യുടെ 'കരിഞ്ചന്ത' എന്ന നാടകത്തിൻെറ രചനയിൽ, എഴുത്തുകാരൻ എന്ന നിലയിൽ, അദ്ദേഹത്തെ സഹായിക്കുക, ആ നാടകത്തിൽ അഭിനയിക്കുക, ആ നാടകത്തിൻെറ സംവിധാനത്തിനു് ആവശ്യമുള്ളതെല്ലാം ചെയ്യുക ഇത്രയുമായിരുന്നു പ്രധാന തൊഴിലുകൾ. ആ സമ്മേളനത്തിൽവെച്ചു രൂപംകൊണ്ട നമ്പൂതിരിസാഹിത്യസമാജത്തിൻെറ അണിയറയിലും ഞാൻ പ്രവർത്തിച്ചിരുന്നു. യശഃശരീരനായ കുട്ടികൃഷ്ണമാരാരാണു് ആ സമ്മേളനം ഉൽഘാടനം ചെയ്തതു്. ശുകപുരം സമ്മേളനത്തിലെ പ്രധാനാതിഥി, അധ്യക്ഷൻ ഒ. എം. സി. എൻെറ ഇല്ലത്തിന്നടുത്തുള്ള വെള്ളമംഗലത്തു് എന്ന വീട്ടിലെ പത്തായപ്പുരയിലാണു് സമ്മേളനകാലത്തു പാർത്തതു്. അവിടെനിന്നു് സമ്മേളനസ്ഥലത്തേയ്ക്കു് അധ്യക്ഷനെ സ്വീകരിച്ചുകൊണ്ടുപോയതു് 35 കാളകളെ കെട്ടിയ വണ്ടിയിലായിരുന്നു. 35-ാം വാർഷികയോഗമാണല്ലോ ശുകപുരത്തു നടന്നതു്.

ശുകപുരം സമ്മേളനത്തിൽ ഒ. എം. സി. ചെയ്ത അധ്യക്ഷപ്രസംഗം അച്ചടിച്ച് വിതരണം ചെയ്തിരുന്നുവെങ്കിലും ഇപ്പോളതു് എൻെറ കയ്യിലില്ല. എങ്കിലും ഒരു കാര്യം ഇപ്പോഴും ഓൎക്കുന്നു. ഭാരതത്തിൻെറ ദേശീയ സ്വാതന്ത്ര്യ സമരത്തിൻെറ ഭാഗമായിട്ടാണ് നമ്പൂതിരി യോഗക്ഷേമസഭാ പ്രവൎത്തനങ്ങളെ ഒ. എം. സി. നോക്കിക്കണ്ടതു്. ഭാരത സംസ്കാരത്തോടുള്ള ആദരമാണ് ആ പ്രസംഗത്തിന്നു ശ്രുതി മീട്ടിയിരുന്നതു്. പിററത്തെക്കൊല്ലം പാഴൂരിൽവെച്ചു നടന്ന 36–ാമതു നമ്പൂതിരിയോഗക്ഷേമസഭാവാൎഷികത്തിൽ അധ്യക്ഷത വഹിച്ച വി. ടി. യുടെ പ്രസംഗം ഒ. എം. സി. യുടേതിനേക്കാൾ പൊട്ടിത്തെറി സ്വഭാവമുള്ളതായിരുന്നുവെങ്കിലും, അതിൻേറയും അന്തൎന്നാദം ഭാരതീയ സംസ്കാരത്തിൻെറ മഹിമയും അതിലൂന്നിക്കൊണ്ടുള്ള ഒരു നവസാമൂഹ്യനീതിയുടെ അത്യാവശ്യകതയുമായിരുന്നു. ധൎമ്മം എന്ന വാക്കു് വി. ടി. പലകുറി ഉപയോഗിച്ചതായി ഓൎക്കുന്നു. മാത്രമല്ല, പില്ക്കാലത്തു് മേഴത്തൂരിൽവെച്ച് വി. ടി. യുടെ ഷഷ്ടിപൂൎത്തിയും സപ്തതിയും ശതാഭിഷേകവും ജനകീയാൎഭാടത്തോടെ ആഘോഷിക്കപ്പെട്ടിരുന്നതും ഞാനോൎക്കുന്നു. ഈ മൂന്നു സന്ദൎഭങ്ങളിൽ രണ്ടു പ്രാവശ്യമെങ്കിലും, ഒ. എം. സി., വി. ടി. യുടെ വിനീതസന്നിധിയിൽ വരികയും സ്നേഹാദരങ്ങൾ അൎപ്പിക്കുകയുമുണ്ടായി. എന്നാൽ ഇ. എം. എസ്സിനെ, മൂന്നു പ്രാവശ്യവും അവിടെ കണ്ടിരുന്നില്ല, കൃത്യാന്തരബാഹുല്യംകൊണ്ടായിരിക്കാനേ തരമുള്ളു.

ഞാനിവിടെ ചൂണ്ടിക്കാണിക്കാനുദ്ദേശിക്കുന്നതെന്തെന്നാൽ ഋഗ്വേദത്തിൽ നിന്നു് ഒരു വരിയെങ്കിലും ഉദ്ധരിക്കാതെ പ്രസംഗിക്കാൻ കഴിയാത്ത വി. ടി. .യും ഇപ്പോൾ ഋഗ്വേദഭാഷ്യം രചിച്ച ഒ. എം. സി. യും അടിസ്ഥാനപരമായി ഒരേ ജീവിത വീക്ഷണമുള്ളവരാണ്. രണ്ടുപേരും അന്തൎജ്ജനങ്ങളുടെ മറക്കുട തല്ലിപ്പൊളിക്കാനാഹ്വാനം ചെയ്തപ്പോൾ ഉദ്ദേശിച്ചതു് നമ്പൂതിരിസ്ത്രീകളിൽനിന്നു് മൈത്രേയിമാരും, ഗാൎഗ്ഗിമാരും ഉയൎന്നുവരണമെന്നായിരുന്നു. നമ്പൂതിരിയോഗക്ഷേമസഭയുടെ സംഗ്രഹം 'വി. ടി.' എന്ന ശബ്ദമാണെങ്കിൽ ആ ശബ്ദത്തിൻെറ വികസിത രൂപം വേദസംസ്കാരപുനരുദ്ധരണം എന്നു തന്നെയായിരുന്നു. അൎത്ഥമറിയാതെ വേദം ചൊല്ലുന്നതിനെ ഒരാൾ എതിൎത്താൽ അതിന്നൎത്ഥം വേദം ചൊല്ലലിൻെറ പരമലക്ഷ്യം അതിൻെറ അൎത്ഥഗ്രഹണംകൂടിയാണെന്നത്രേ. വി. ടി. 'ആഢ്യൻക്കുലികളുടെ കഴുതകളി' എന്നു ശകാരിച്ചതിൻെറ സാന്ദൎഭിക പ്രതീതി എന്തുതന്നെ ആയിരുന്നാലും അതിൻെറ മൗലികബീജം വേദത്തിലെ ''ദേവാഭാഗം യഥാപൂൎവ്വേ സഞ്ജാനാനാ ഉപാസതേ'' എന്ന

വരികളാണ്. ഇതു് അറിയുന്ന ആളായതുകൊണ്ടാണ് ഒ. എം. സി. എക്കാലത്തും വി. ടി. യുടെ മുമ്പിൽ തലകുനിച്ചതെന്നു ഞാൻ വിചാരിക്കുന്നു. മാത്രമല്ല, ഒ. എം. സി. വേദത്തിന്നു ഭാഷ്യം രചിച്ചതുകൊണ്ടു് യോഗക്ഷേമസഭാനേതാവായിരുന്ന കാലത്തെ വ്യക്തിത്വസ്വഭാവത്തിൽ നിന്നു് വ്യതിരിക്തനായി എന്നു ഞാൻ വിചാരിക്കുന്നില്ല. എന്നാൽ ഋഗ്വേദം മുഴുവൻ വീണ്ടും പടഞ്ഞിരുന്നു വിവൎത്തനം ചെയ്യാനുള്ള ക്ഷമയും സംസ്കൃതപാണ്ഡിത്യവും അദ്ദേഹത്തിനുണ്ടെന്നു് യോഗക്ഷേമകാലഘട്ടത്തിൽ ആരും വിചാരിച്ചിരിക്കയില്ല. ഞാനും വിചാരിച്ചിട്ടില്ല. വിചാരിക്കാത്തതു സംഭവിച്ചതു കാണുമ്പോഴുള്ള ആഹ്ലാദം എന്നെ വീണ്ടും ചിന്താലോകത്തിലേയ്ക്കു് നയിക്കുകയുണ്ടായി. എനിക്കു തോന്നിയിട്ടുള്ളതു് രണ്ടു കാര്യങ്ങളാണ്:

ഒന്നു്: ഒ. എം. സി. നിവസിക്കുന്ന ഒളപ്പമണ്ണത്തറവാട്ടിലെ വടക്കിനിയിൽ ഇന്നും ഇരുന്നരുളുന്ന സൗവൎണ്ണരൂപിണി, തിരുമാന്ധാംകുന്നത്തു ഭഗവതി! ആ ദേവിയെ വളരെ വൎഷങ്ങളായി ഉപാസിച്ചതിൻെറ ഫലമാണ് ഈ മഹാവിജയം. മറെറാന്നു്: വേദരത്നം ഏക്കര രാമൻ നമ്പൂതിരിതന്നെ—മേഴത്തോളഗ്നിഹോത്രിക്കുശേഷം കേരളം കണ്ട ഏററവും ശക്തമായ യജ്ഞൈശ്വര്യമായിരുന്നുവല്ലോ ഏക്കര. മൂക്കുതല ഭഗവതിയുടെ നിതാന്തോപാസകനായിരുന്ന ആ പുണ്യസ്വരൂപൻെറ സന്നിധിയിൽ ഇക്കഴിഞ്ഞ കാൽനൂററാണ്ടിൽ ഒ. എം. സി. യുടെ ഉള്ളിലിരിക്കുന്ന ഭക്തനെ ഞാൻ കണ്ടിട്ടുള്ളതു് എത്ര പ്രാവശ്യമാണെന്നു പറയാനാവില്ല. ഏക്കരയുടെ അവസാനത്തെ പിറന്നാൾദിവസംകൂടി ഒ. എം. സി. മൂക്കുതലയിലുള്ള ഏക്കരത്തറവാട്ടിലെത്തിയിരുന്നു.

ഇങ്ങനെ ആത്മീയവും ഭൗതികവും ആയ രണ്ടു പ്രചോദനങ്ങളെയും കൂട്ടിച്ചേർത്തുകൊണ്ടാണ് ഒ. എം. സി. യിലെ മഹർഷി ഭാരതത്തിൻെറ ആത്മഗംഗയായ ഋഗ്വേദത്തിന്നു ഭാഷ്യം രചിക്കാനുള്ള ധീരതയിലേക്കുയൎന്നതു്. 'ഇദം ന മമ' എന്ന യാജ്ഞിക ബുദ്ധിയാണ് ആ ധീരതയുടെ അടിത്തറ.

അതെ, കൎമ്മത്തിൽ മാത്രമാണ് നിനക്കധികാരം; ഫലത്തിലല്ല! ശരിതന്നെ. പക്ഷേ, ഫലത്തെപ്പററി ഒരു സങ്കല്പവുമില്ലാതെ കൎമ്മംചെയ്യുക എത്രത്തോളം ശക്യമാണ്? വാസ്തവത്തിൽ മാനസിക കൎമ്മമായ സങ്കല്പമല്ലേ, വാചിക കായിക കൎമ്മങ്ങളെക്കാൾ മുമ്പു സംഭവിക്കുന്നതു്? എങ്കിൽ, ഫലത്തെപ്പററി യാതൊരു സങ്കല്പവുമില്ലാതെ കൎമ്മം ചെയ്യണമെന്നല്ല ഭഗവാൻ ഗീതയിലുപദേശിച്ചതു്. ഫലസങ്കല്പമില്ലാതെ കൎമ്മം

ചെയ്യുന്നതു്, ഒരർത്ഥത്തിൽ, മൗഢ്യമാണെന്നോ മാന്ദ്യമാണെന്നോ തന്നെ പറഞ്ഞാലും തെററില്ല, ഫലസങ്കല്പമുണ്ടായിട്ടും അതിന്മേൽ അധികാരബുദ്ധി വ്യാപരിയ്ക്കാതിരിയ്ക്കുക എന്നതിലാണു് മാനസികമായ വളർച്ച, മഹർഷിത്വം. അതാണു് ഭഗവാൻ പറയുന്ന 'മാ ഫലേഷു'വിൻെറ മർമ്മം. എങ്കിൽ, ആ ഉപദേശത്തിൻെറ മൂലകന്ദം കർമ്മകാണ്ഡത്തിലെ 'ഇദം ന മമ' തന്നെ. എങ്കിൽ ഭഗവതിയുടെയും ഏക്കെരയുടെയും അനുഗ്രഹങ്ങളുടെ ഏകീഭാവമായി ഒ. എം. സി. യ്ക്കു കൈവന്ന ഈ മഹർഷിത്വമാണു് അദ്ദേഹത്തെ കുഞ്ഞിക്കുട്ടൻ തമ്പുരാൻെറയും വള്ളത്തോളിൻെറയും സുബ്രഹ്മണ്യൻ തിരുമുമ്പിൻെറയുംകൂടെ, ഒരുപക്ഷേ മുമ്പിൽത്തന്നെ, സിംഹാസനസ്ഥനാക്കിയതു്. ഇവിടെ സായണഭാഷ്യാശ്രിതമായ ഋഗ്വേദ ഭാഷ്യനിർമ്മാണത്തിൻെറ പ്രാരംഭമെന്ന നിലയിൽ ഒ. എം. സി. പ്രസിദ്ധീകരിച്ചിരുന്ന 'വേദരശ്മികൾ' എന്ന, ഋങ്മന്ത്രസമാഹാരത്തിൻെറ അവതാരികയിൽ ഡോ. ഇ. ആർ. ശ്രീകൃഷ്ണശർമ്മ എഴുതിയിരുന്ന ഒരു വാക്യം ഓർമ്മയിലേയ്ക്കു കടന്നുവരുന്നു. 'ഋഗ്വേദമന്ത്രങ്ങൾക്കു മുഴുവൻ ഇത്തരത്തിൽ ഒ. എം. സി. ലഘുവ്യാഖ്യാനമെഴുതി കേരളീയർക്കു് ഉപകാരം നൽകുമെന്നാശിക്കുന്നതോടൊപ്പം ആ മഹാകൃത്യം ചെയ്‌വാനുള്ള ആരോഗ്യവും മനശ്ശേഷിയും അദ്ദേഹത്തിന്നുണ്ടാവട്ടെ എന്നു പ്രാർത്ഥിയ്ക്കുക'കൂടി ചെയ്തുകൊണ്ടാണു് അദ്ദേഹം അവതരണം പൂർത്തിയാക്കിയതു്.

അതിനെപ്പററി 'ഋഗ്വേദസംഹിത'യുടെ ഒന്നാം വാല്യത്തിൻെറ അവതാരികയിൽ ഡോ: കെ. കുഞ്ചുണ്ണിരാജാ ഇങ്ങനെ എഴുതുകയും ചെയ്തു: 'വലിയ മഹർഷികൾ ചൊന്നാൽ ഫലമാവാക്കിൻെറ പിന്നിലോടിവരും'. ശ്രീകൃഷ്ണശർമ്മയുടെ ആശംസ ഫലിച്ചു. ഒ. എം. സി. ഋഗ്വേദം മുഴുവൻ വ്യാഖ്യാനിച്ചു കഴിഞ്ഞു. ഒ. എം. സി.യെ ഇതിനു പ്രേരിപ്പിച്ച ഉദ്ദേശ്യശുദ്ധിയെപ്പററിയും കുഞ്ചുണ്ണിരാജാ പറയുകയുണ്ടായി: ''ഭാരതസംസ്കാരത്തിൻെറ അടിത്തറ കെട്ടിയുറപ്പിച്ചിട്ടുള്ളതു് വേദത്തിലാണെന്നു മനസ്സിലാക്കിയ അദ്ദേഹം ഓത്തു് ചൊല്ലിപ്പഠിച്ചിട്ടും അർത്ഥമറിയാത്ത സ്വസമുദായാംഗങ്ങൾക്കും ജിജ്ഞാസുക്കളായ മററുള്ളവർക്കും വേദത്തിൻെറ സാമാന്യമായൊരർത്ഥം മനസ്സിലാക്കുവാൻവേണ്ടി രചിച്ച ഈ വേദഭാഷ്യം സർവ്വഥാ സ്വാഗതാർഹമാണു്.''

എന്നാൽ അതേ വസ്തുതയെപ്പററി രണ്ടാം ഭാഗത്തിൻെറ അവതാരികയിൽ ശ്രീ. എൻ. വി. കൃഷ്ണവാരിയർ പറയുന്നതിങ്ങനെയാണു്, 'അല്പം സംസ്‌കൃതപരിജ്ഞാനമോ, സംസ്‌കൃതത്തിൽ ആഭിമുഖ്യമെങ്കിലുമോ, ഉള്ള കേരളീയർക്കു്

ഋഗ്വേദവുമായി ഫലപ്രദമാംവിധം സമ്പൎക്കം നേടുന്നതിന്നു് അത്യനൎഘമായ ഒരവസരം ആണു് ഒ എം. സി. നൽകിയിട്ടുള്ളതു്. മലയാളത്തിൽ ഇതിനുമുമ്പു് ഇങ്ങനെയൊരു സമഗ്രസമീപനം ഉണ്ടായിട്ടില്ല. മഹാകവി വള്ളത്തോളിന്റെ ഋഗ്വേദതൎജ്ജമയെ അവഗണിച്ചല്ല ഇങ്ങനെ പറയുന്നതു്, തൎജ്ജമ ഒരിക്കലും മൂലത്തിന്നു പകരമല്ല; പ്രത്യേകിച്ചും, പ്രഭുസമ്മിതവും ശബ്ദപ്രധാനവുമായ വേദത്തിന്നു്, തൎജ്ജമ ഒരിക്കലും പ്രാതിനിധ്യം വഹിക്കുന്നില്ല.''

ഇവിടെ ഒരു സ്മരണ കടന്നുവരുന്നു. മഹാകവി വള്ളത്തോളിന്റെ ഋഗ്വേദവിവൎത്തനം പുറത്തുവന്നതു് എന്റെ വേദാഭ്യാസം അവസാനിച്ച കാലത്തായിരുന്നു. അന്നാ പുസ്തകത്തിലെ പല ഖണ്ഡികകളും, എന്റെ നാവിന്മേൽനിന്നു മാഞ്ഞുപോയിട്ടില്ലായിരുന്ന ഋക്കുകളുമായി ഇടതട്ടിച്ചുനോക്കി, മനസ്സിലാക്കാൻ ശ്രമം നടത്തുകയുണ്ടായി—എല്ലാം ശരിക്കു് ഓൎമ്മവരായ്ക, പദം മുറിക്കേണ്ടതെവിടെയൊക്കെ എന്നറിവില്ലായ്ക, എന്നിങ്ങനെ പല ബുദ്ധിമുട്ടുകളും അനുഭവിക്കുകയും ചെയ്തു. അന്നു തോന്നുകയുണ്ടായി, ഇടത്തുഭാഗത്തു മൂലവും വലത്തു ഭാഗത്തു വള്ളത്തോൾക്കവിതയും സജ്ജീകരിച്ചുകൊണ്ടു് ഒരു എഡിഷൻ ഉണ്ടായാൽ നന്നായിരുന്നു. ഈ ചിന്ത ആയിടെത്തന്നെ ഞാൻ ഇന്നു നമ്മുടെ കൂടെയില്ലാത്ത സി. ബാലകൃഷ്ണക്കുറുപ്പിനോടു പറകയും പുനൎമുദ്രണസന്ദൎഭത്തിൽ ആ പരിഷ്കാരം വരുത്താമെന്നദ്ദേഹം സമ്മതിക്കുകയും ചെയ്തിരുന്നു. പക്ഷേ ഇന്നുവരെയും അതു സംഭവിച്ചില്ല.

ഈ സന്ദൎഭത്തിലാണു്, എന്റെ ആഗ്രഹത്തെ തികച്ചും സന്തൎപ്പണംചെയ്യുന്ന തരത്തിൽ ശ്രീ: ഒ എം. സി യുടെ 'ദേവീപ്രസാദം' ഭാഷ്യം പുറത്തുവരാൻ തുടങ്ങിയതു്. ഇതെന്നെ എത്രയേറെ സന്തുഷ്ടനാക്കി എന്നു പറഞ്ഞറിയിക്കാനാവില്ല. കൃഷ്ണവാരിയർ പറഞ്ഞതുപോലെ, 'അല്പം സംസ്‌കൃത പരിജ്ഞാനമോ, സംസ്‌കൃതത്തിൽ ആഭിമുഖ്യമെങ്കിലുമോ ഉള്ള' ഒരാൾ എന്ന നിലയിൽ എനിക്കു പറയാനുള്ളതു് ഇതാണു്: ഒരു സ്പുട്‌നിക്കിൽ അപാരതയിലേക്കുയരാൻ സന്ദൎഭം ലഭിച്ചാലത്തെ ആഹ്ലാദമാണു്. ഒ. എം. സി. യുടെ കൃതി എനിക്കു സംഭാവന ചെയ്തിരിക്കുന്നതു്.

ഒ. എം. സി. ഈ മഹാ സമാരംഭത്തിന്നൊരുങ്ങിയതു് പൂൎണ്ണമായ ആത്മവിശ്വാസത്തോടെ ആയിക്കൊള്ളണമെന്നില്ല. ഇതിന്നുപോൽബലകമാണു് മൂന്നാം വാല്യത്തിന്റെ അവതാരികയിൽ ഡോ: സി. ആർ. സ്വാമിനാഥൻ കുറിച്ച ഈ വാക്യം 'വളരെയധികം സംശയങ്ങളോടും ധൈര്യക്കുറ

**വോടും കൂടിയാണു് പ്രസ്തുത ഭാഷാ വിവർത്തനം തുടങ്ങിയതു്.** എങ്കിലും കുറച്ചു കഴിയുമ്പോഴേക്കും നല്ല ധൈര്യവും ആത്മവിശ്വാസവും അദ്ദേഹത്തിൽ ഞാൻ കണ്ടുതുടങ്ങി. 'ധർമ്മോ രക്ഷതി രക്ഷിതഃ' എന്ന വചനം സാർത്ഥകമായി എന്നേ പറയേണ്ടു.'

ഇവിടെ ചൂണ്ടിക്കാണിക്കപ്പെട്ടിരിക്കുന്നതു് ശ്രീ: ഒ. എം. സി. യിലുള്ള ദൃഢമായ ഭാരതീയതയാണു്. അതെ, അദ്ദേഹത്തിന്റെ ഉപാസനയും ദേവീപ്രസാദവും തന്നെ. 'വിശ്വാസമല്ലോ വിളക്കു മനുഷ്യനു്'' സന്ദർഭത്തിനൊത്തുയരുന്നവന്റെ മനസ്സിലെവിടെയോ വിശ്വാസത്തിന്റെ ഒരു തരി ഉണ്ടാവും. ആ ഒരു തരിയുടെ വലിപ്പം എത്രത്തോളമെന്നു ചൂണ്ടിക്കാണിക്കുകയാണു് നാലാം വാല്യത്തിലുള്ള ശ്രീ: പരമേശ്വര ഭാരതിയുടെ അഭിനന്ദന ശ്ലോകം:

'പ്രാജ്ഞൈര്യദ്ഗുരുഭിസ്സതാം ശ്രുതിവിദാം
ചാഗ്രേസരൈരക്ഷിതാ
വിഖ്യാതൈർ ധനിനാം വരൈശ്ശിവപുരേ
ഖ്യാതാ സഭാ വൈദികീ
ഓയംസീതി ഗിരാ ജ്ജനൈസ്സുവിദിതോ
നാരായണാഖ്യോ ഭവാൻ
ശ്രുത്യർത്ഥ പ്രതിപാദനേ കൃതമതിർ-
ജീയാൽ കൃതാർത്ഥശ്ചിരം.'

ഇങ്ങനെ നാനാമുഖ പുണ്യപുഷ്ടമായ ഒ. എം. സി. യുടെ വിശ്വാസദാർഢ്യത്തിന്റെ പ്രകടീഭാവമായ ഈ ഭാഷ്യം ഉദ്ദിഷ്ടഫലം നേടിയിരിക്കുന്നു എന്നതിന്നു സംശയമില്ല. ആ ബോധമാണല്ലോ നാലാം വാല്യത്തിന്റെ അവതാരികാകാരനായ ശ്രീ. വൈശ്രവണത്തു രാമൻ നമ്പൂതിരിയെക്കൊണ്ടു് ഇങ്ങിനെ എഴുതിച്ചതു്: 'സായണഭാഷ്യത്തിൽ വേദത്തിന്റെ യഥാശ്രുതാർത്ഥമേ പറഞ്ഞിട്ടുള്ളു. ചില ചില ദിക്കുകളിൽ മാത്രം ആധ്യാത്മികാർത്ഥമുണ്ടെന്നു സൂചിപ്പിച്ചിട്ടുണ്ടെന്നു മാത്രം. മഹാചിന്തകനായ അരവിന്ദഘോഷ് വേദസംഹിതയെപ്പററി വളരെയധികം എഴുതീട്ടുണ്ടു്. അതിൽ ആധ്യാത്മികാർത്ഥവും കുറെ കാണിച്ചിട്ടുണ്ടു്. അതുകൂടി മലയാളത്തിലേക്കു് വിവർത്തനം ചെയ്തു് പ്രസിദ്ധപ്പെടുത്തിയാൽ വേദത്തിന്റെ നേരെയുള്ള ഭക്തി വർദ്ധിക്കുവാൻ അതു വളരെ അധികം സഹായിക്കുമെന്നു തോന്നുന്നു '

ഒ എം. സി.യുടെ പരിശ്രമം തികച്ചും സാഫല്യമടഞ്ഞിട്ടുണ്ടെന്നതിന്നു കൂടുതൽ സ്പഷ്ടമായ തെളിവാണു് അഞ്ചാം വാല്യത്തിന്റെ അവതാരകൻ ശ്രീ: സുകുമാർ അഴീക്കോടിന്റെ വാക്കുകൾ: 'ഭാരതീയ സംസ്കാരത്തിന്റെ പേരിൽ ഈ സൽകർമ്മത്തെ എത്ര പ്രശംസിച്ചാലും അധികമാവുകയില്ല'. മാത്രമല്ല, അദ്ദേഹം തുടരുന്നു, 'വൈദികജ്ഞാനത്തിന്റെ പാരമ്പര്യത്തിൽ ഭാരതത്തിലെ മറേറതു ദേശത്താലും അധരിതമാക്കപ്പെടാത്ത കേരളം ഋഷികളോടുള്ള ആത്മീയമായ കടപ്പാടു് ഈ ഭാഷ്യപ്രകാശനത്തിലൂടെ നിറവേററുകയാണെന്നു ഞാൻ വിശ്വസിക്കുന്നു.'

ഇതിന്നർത്ഥം 'വാർദ്ധകേ മുനിവൃത്തീനാം' എന്ന നിദേശം പ്രത്യക്ഷരം നടപ്പിൽ വരുത്തുകയാണു് ഒ എം. സി. ഈ വിവർത്തനമഹാപ്രസ്ഥാനം മുഖേന നിർവ്വഹിച്ചിട്ടുള്ളതു്; അതിലദ്ദേഹം പൂർണ്ണമായി സാഫല്യമടയുകയും ചെയ്തിരിക്കുന്നു. ആ ഋഷിയുടെ 'ഋഷിഗണാംസ്തർപ്പയാമി'യാണു് ഈ ഗ്രന്ഥപരമ്പര എന്നർത്ഥം. എന്റെ ഈ അത്യന്ത വിനീതമായ വാക്കുകളാകട്ടെ, ഒ. എം. സി.ക്കുള്ള ഒരു 'ഋഷീംസ്തർപ്പയാമി' മാത്രം !

അക്കിത്തം

# നന്ദി

ഋഗ്വേദം ഭാഷാഭാഷ്യത്തിന്റെ ആറാം വാല്യത്തിന്നു സസ്നേഹമായ ഒരവതാരിക എഴുതി എന്നെ കൃതാർത്ഥനാക്കിയ പ്രേഷ്ഠസുഹൃത്തു് അക്കിത്തത്തിന്നു് ഹൃദയപൂർവ്വമായ നന്ദി.

ഒ. എം. സി.

# ശുദ്ധിപത്രം

| പേജ് | വരി | അബദ്ധം | സുബദ്ധം |
|---|---|---|---|
| 22 | 24 | മ॑ഫ്സുജിൽ | മ॑ഫ്സുജി॒ൽ |
| 31 | 15 | അവ്വ–വതി | അവ്വാ–വതി |
| 35 | 25 | ഭ്ജനിയേന്ദ്ര | ഭ്ജനീയേന്ദ്ര |
| 55 | 21 | ത്തവ | ത്തവ॒ |
| 59 | 11 | നോമഹേ | നോമ॒ഹേ |
| 84 | 15 | ദൃഷ്ണ്മി | ദൃഷ്ണ്മി |
| 89 | 3 | വിരാ, ളുഷ്ണിക് | വിരാളുഷ്ണിക് |
| ,, | 18 | അൎത്ഥ | അൎത്ഥം |
| 94 | 5 | ഗ്നീരഥോ | ഗ്നീരഥോ॒ |
| 95 | 13 | ശ്ലാഘനീയവന്ത | ശ്ലാഘനീയന്ത |
| 96 | 28 | വിദ്വേഷോ | വിദ്വേഷോ॒ |
| 101 | 4 | ഭേദിം | ഭേദി॑ം |
| 106 | 12 | വി വാസതേ | വിവാസതേ |
| 112 | 9 | ശ്ശോഭി | ശോഭി |
| 115 | 20 | പൌരുകത്സ്യഃ | പൌരുകത്സ്യഃ |
| 116 | 4 | സൊഭരി | സോഭരി |
| 120 | 3 | ന്തരീക്ഷേ | ന്തരീക്ഷേ |
| ടി | 32 | ശ്രീയം | ശ്രീയം |
| 124 | 7 | ഉൽഗ്രുണ്ണാഃ | ഉൽഗ്രുണ്ണാഃ |
| 132 | 18 | സ്ഥവ്വ॑ഥ്॒ | സ്ഥവ്വ॑ഥ॒ |
| ടി | 21 | ശ്ലിവാ | ശ്ലിവാ |
| 139 | 9 | വദാ॑മസി | വദാ॑മസി॒ |
| 144 | 18 | അപ്രശാരം | അപ്രകാരം |
| 159 | 9 | അഹാനം | അഹാനാം |
| ടി | 20 | വ॑ത്തനീ | വ॑ൎത്തനീ |

# ശുദ്ധിപത്രം

| | | | |
|---|---|---|---|
| 164 | 19 | മാബാധ | മാബാ॒ധ |
| 179 | 29 | മഹോരായ | മ॒ഹോരാ॒യ |
| 197 | 16 | ന്നപോലേ | ന്നപോലെ |
| 210 | 25 | ഭൂൎണ്ണ॒॑യഃ | ഭൂൎണ്ണ॑യഃ |
| 215 | 27 | പ്രസുാദ | പ്രസാദ |
| 230 | 17 | പൊഷ്യൌ | പോഷ്യൌ |
| 231 | 8 | ഋതഃ പതേ | ഋതഃപതേ |
| 240 | 17 | സ്തൂയതേ | സ്തൂയ॑തേ |
| 254 | 17 | ചിദപ്യ ദാതാരം | ചിദപ്യദാതാരം |
| 259 | 16 | സ്ത്രായോട് | സ്ത്രീയോട് |
| ടി | 24 | സം-രാജ | സം-രാജാ |
| 260 | 2 | മീത്രവ | മിത്രവ |
| 268 | 24 | താ॑യകം | താ॑യ॒കം |
| 273 | 14 | പുൽ-സു | പൃൽ-സു |
| 286 | 28 | സഹസ്രാ॑ | സ॒ഹസ്രാ॑ |
| 288 | 16 | അവിടേക്കൃ | അവിടേക്കു |
| 296 | 30 | താനൊരിന്ദ്രൻ | യാതൊരിന്ദ്രൻ |
| 302 | 27 | ബ്രഹ്മോ | ബ്രഹ്മോ॒ |
| 304 | 20 | മേധ്യതി | മേധ്യാതി |
| 305 | 6 | ന ഹി | നഹി |
| 306 | 20 | അധഃ | അ॒ധഃ |
| ടി | 25 | സ്ത്രീയം സന്തം<br>പുംസ്ത്വം | സ്ത്രിയം സന്തം<br>പുംസ്ത്വം |
| 310 | 27 | കുൊട് | കൊട് |
| 313 | 16 | യൂയും | യൂയം |
| 317 | 11 | അഹര | ആഹര |
| 319 | 3 | സസുരോ | വസുരോ |
| ടി | 5 | പദതി | വദതി |
| 331 | 12 | അശ്വാനാ | അശ്വിനാ |
| 339 | 31 | ന്മരു | ന്മരു |

## ശുദ്ധിപത്രം

| | | | |
|---|---|---|---|
| 341 | 11 | ദേവാ | ദേവാഃ |
| 343 | 18 | വിഥ | വിഥ॒ |
| 348 | 2 | മവ॑ന്സി॒॑ | മവ॑ന്സി॒ |
| 364 | 1 | വർഗ്ഗം 4–25 | വർഗ്ഗം 24-25 |
| 370 | 26 | മന്യകേ | മന്യ॒കേ |
| 375 | 10 | മരു | മ॒രു |
| 376 | 7 | സ്സിന്ധു॑നാ॒ | സ്സിന്ധൂ॑നാ॒ |
| 379 | 14 | ഗൃഹായം | ഗൃഹായാം |
| 381 | 22 | പോകെ | പോലെ |
| 383 | 13 | മധിക്ഷി | മധിസ്ഥി |
| 387 | 16 | വശിനൗ | വശ്വിനൗ |
| 391 | 2 | ഏതേ | ഏ॒തേ |
| 392 | 16 | ജീ॒ഹ്വാ | ജി॒ഹ്വാ |
| 393 | 4 | ഗഭേസ | ഗഭേ॒സ |
| 394 | 20 | ഗേന്സ॑മി | ഗേന്സ॑മി॒ |
| 395 | 8 | തശ്ശ്രുദ്ധ | തശ്ശ്രൂദ്ധ |
| 403 | 19 | ദ്॒ഗൃ॑ഹാഃ | ദ്॒ഗൃ॑ഹാ |
| 405 | 27 | രാജ്യൈ | രാജ്യൈഃ |
| 407 | 22 | ജുഹ്വം | ജുഹ്വഃ |
| ടി | 24 | ജുഷസ്വ | ജുഷസ്വ |
| 442 | 19 | പശ്വാ॑നേ | പശ്വാ॑നേ॒ |
| 461 | 18 | ഭാവനേ | ദാവനേ |
| 474 | 4 | അനേവാസഃ | അനേഹസഃ |
| 510 | 28 | അപ്രേഷി | അപ്രോഷി |
| 514 | 11 | കളെന്നു | കളെന്ന |
| 532 | 27 | ഭദ്രാ | ഭ॒ദ്രാ |

| | | | |
|---|---|---|---|
| 546 | 15 | ഗ്രീവോ | ഗ്രീവോ |
| ടി | 28 | കസ്യസ്വിൽ | കസ്യസ്വിൽ |
| 547 | 3 | സ്വിദിത | സ്വിദിതി |
| 553 | 23 | സോമ്യഃ | സോമ്യം |
| 555 | 23 | മമസംന്ധി | മമസംബന്ധി |
| 557 | 7 | മദേസ്യ | മദേസ്യ |
| 558 | 23 | ഇൽകര | ഇൽകര |
| 561 | 2 | വയ | വയ |
| ടി | 4 | തം ഭരാ | തം ഭരാ |
| 568 | 8 | അത്ഥം | അത്ഥം |
| 580 | 11 | ഗായത്ര്യച്ഛന്ദസീ | ഗായത്ര്യൗച്ഛന്ദസീ |
| ടി | ടി | ഇന്ദ്ര, ഌഭ | ഇന്ദ്രഌഭ |
| 593 | 13 | യേജമാന | യജമാന |
| 601 | 2 | ഹാവിട്ട്വാ | ഹവിട്ട്വാ |
| 604 | 20 | പ്രകശ | പ്രകാശ് |
| 613 | 27 | ന്നിദാസം | ന്നിദാസം |
| 616 | 16 | അജാം | അജാം |
| 617 | 1 | അ. 4 വ: | അ. 5 വ |
| 620 | 10 | ധാളാരം | ധാരാളം |
| 623 | 3 | അഗ്നീം | അഗ്നിം |
| 627 | 9 | തീഷ്ണ | തീക്ഷ്ണ |
| 638 | 7 | നിങ്ങളുടെ | നിങ്ങളുടെ |
| 645 | 17 | സമൂഷൈ | സമൂഹൈ |
| 649 | 14 | സ്തുതിക്കുന്നവേ | സ്തുതിക്കുന്നവോ |
| 652 | 30 | സൂഖ | സുഖ |
| 657 | 5 | മത്യഃ | മർത്യഃ |
| ടി | 15 | മത്യഃ | മർത്യഃ |
| 659 | 6 | സഹന | സഹസ |
| 663 | 1 | വ. 20 | വ. 26 |
| 665 | 13 | [illegible] | [illegible] |

## ശുദ്ധിപത്രം

| | | | |
|---|---|---|---|
| 669 | 4 | പീ॒തയേ | പീ॒തയേ॑ |
| 671 | 9 | സൂതം | സുതം |
| 672 | 8 | അന്ന്വയം | അന്വയം |
| 674 | 20 | ഏകുയാ | ഏകയാ |
| ടി | 31 | ഇന്ദ്രോ | ഇന്ദ്രോ॑ |
| 675 | 14 | പ॒ക്യ | പ॒ക്വ |
| 683 | 7 | സങ്॑ഗ | സങ്ഗ॑ |
| ടി | 20 | അത്ഥം | അൎത്ഥം |
| 686 | 19 | തന്തൃ കൃൽ–ഭ്യഃ | തന്തൃകൃൽ–ഭ്യഃ |
| 694 | 7 | സധീധമ | സധീധനമ |
| 699 | 23 | വിപ്രേഭിഃ | വിപ്രേഭിഃ |
| 711 | 30 | അഗ്നിം | അഗ്നി॒ം |
| 718 | 9 | അഹ്വാന | ആഹ്വാന |
| 739 | 27 | വൃത്രംഹ | വൃ॒ത്രംഹ॑ |
| 740 | 9 | ഖ്യാകുധാ | ഖ്യാകധാ |
| 741 | 8 | സ്തോട്ടങ്ങളു | സ്തോട്ടക്കു |
| 743 | 2 | മൈ॑ര॒യ | മൈര॑യ॒ |
| 747 | 7 | കമ്മാവയ | കമ്മാവായ |
| 749 | 15 | അസ്തം സം ഭ | അസ്തം ഭ |
| 753 | 10 | കുവീൽ | കുവിൽ |
| 754 | 4 | ശി॑ര | ശിര॑ |
| 758 | 12 | മഹാँ | മ॒ഹാँ |
| 767 | 23 | ജാനിമ | ജാനീമ |
| 772 | 2 | അരം | അര॒ം |
| 777 | 23 | പൂരീഃ | പുരീഃ |
| 782 | 13 | ഭവണ്ടി | വേണ്ടി |
| 784 | 16 | ഗോഷ്ഠൂ | ഗോഷ്ഠു |
| 787 | 7 | യദാപനാ | യദാപാനാ |
| 792 | 21 | സ്തുതിഭി | സ്തുതിഭി |
| 798 | 30 | സ്വരാ | സ്വരാ |

| | | | |
|---|---|---|---|
| 803 | 27 | നൃഷ | നൃഷ |
| ടി | 28 | വഥ്സന്നമാ | വഥ്സന്നമാ |
| 817 | 4 | മരു | മരു |
| 818 | 27 | ഓരാന്നി | ഓരോന്നി |
| 830 | 44 | ആഭര | ആഭര |
| 844 | 16 | കൌഷിതക | കൌഷീതക |
| 854 | 3 | ബലത്തേട്ട | ബലത്തോട്ട |
| 882 | 22 | ദ്രാവസസം | ദ്രവാസസം |
| 890 | 28 | തൈത്തിരീ സംഹിത | തൈത്തിരീയസംഹിത |
| 912 | 21 | ദമധാ | മേധാ |
| 925 | 11 | ബൃഹ | ബൃഹ |
| 926 | 30 | ന്തിസ്രോ | ന്തിസ്രോ |
| 929 | 10 | മന്ദ്രായാ | മന്ദ്രയാ |
| 930 | 25 | പൂനാനാ | പുനാനാ |
| 959 | 10 | ണോവ്യോ | ണോവ്യോ |
| 963 | 22 | ണന്ദേവ | ണന്ദേവ |
| 970 | 7 | നിർണ്ണിജം | നിർണ്ണിജം |
| 972 | 17 | നിഷകൃതം | നിഷ്കൃതം |
| ടി | 22 | കർമ്മാണാ | കർമ്മണാ |
| 974 | 21 | സ്ധൂനാം | സ്ധൂനാം |
| 975 | 18 | ഏത | ഏത |
| 989 | 26 | തദമസ്മ | തദസ്മ |
| 993 | 3 | ന്നിഗ്ഗുഷ്മ | ന്നിശ്ശുഷ്മ |

# അദ്ധ്യായപീഠിക

## അഷ്ടകം—6 അദ്ധ്യായം—1

1 മുതൽ 24 കൂടി ഇന്ദ്രൻ. 25 മുതൽ 28 കൂടി അദിതിയും അദിതിപുത്രന്മാരും, അശ്വികൾ, അഗ്നി, സൂര്യൻ, വായു, എന്നിവരും ദേവതകൾ. ഈ സൂക്തത്തിൽ മനുഷ്യന്റെ ലൌകികാവശ്യങ്ങൾ പലതും അർത്ഥിക്കപ്പെടുന്നു. 29 മുതൽ 35 കൂടി ആദിത്യന്മാരും പുരുകുത്സപുത്രനായ ത്രസദസ്യുവും ദേവത. 26-ാം ഋക്ക് അത്യന്തം ശ്രേഷ്ഠമായ ആശയമുൾക്കൊള്ളുന്നു. 36 മുതൽ 40 കൂടി മരുത്തുക്കൾ.

അഷ്ടകം—6 – അധ്യായം—1 വർഗ്ഗം 1 മുതൽ 6 കൂടി. കാണ്വഃ പർവ്വതഃ ഋഷിഃ ഉഷ്ണിക് ഛന്ദഃ ഇന്ദ്രോ ദേവതാ.

1 യഇന്ദ്രസോമപാതമോ

മദശ്ശവിഷ്ഠചേതതി

യേനാഹംസിന്യഽത്രിണംതമീമഹേ

അന്വയം:—

| | | |
|---|---|---|
| ഹേ ശവിഷ്ഠ, ഇന്ദ്ര, | — | ബലവത്തമേന്ദ്ര, |
| യഃ സോമ–പാതമഃ | — | യസ്ത്വമതിശയേന സോമസ്യ പാതാ |
| മദഃ ചേതതി | — | സോമൈർമ്മാദയിതവ്യഃ ചേതസി, ജാനാസി (പുരുഷവ്യത്യയഃ) |
| യേന അത്രിണം നി ഹംസി | — | സോമപാനജനിതേന മദേന അത്താരം, രാക്ഷസം നി ഹിനസ്സി |
| തം ഈമഹേ | — | യാചാമഹേ, സ്തുതിഭിസ്സംഭജാമഹേ |

അർത്ഥം—അല്ലയോ അതിബലവാനായ ഇന്ദ്ര, യാതൊരവിടുന്ന് ഏററവും സോമപാതാവായി, സോമത്താൽ ഹർഷിപ്പിക്കപ്പെടുന്നവനായി, അറിയുന്നുവോ, സോമപാനം കൊണ്ടുണ്ടായ യാതൊരു ഹർഷത്താൽ എന്തും ഭക്ഷിക്കുന്ന രാക്ഷസനെ നിഹനിക്കുന്നുവോ ആ അവിടുത്തെ സ്തുതികളാൽ ഞങ്ങൾ ഭജിക്കുന്നു.

2 യേനാദശഗ്വമധ്രിഗും

വേപയന്തംസ്വർണ്ണരം

യേനാസമുദ്രമാവിഥാതമീമഹേ

അന്വയം:—

(ഹേ ഇന്ദ്ര,) യേന — സോമപാനജനിതേന മദേന
ദശ-ഗ്വം — ദശഭിർമ്മാസൈഃ പരിസമാപ്യം സത്രമനുതിഷ്ഠന്തമങ്ഗിരസം
അധ്രി-ഗും — ഏതൽ സംജ്ഞമൃഷിഞ്ച
വേപയന്തം സ്വഃ-നരം — തമാംസി വർജ്ജയന്തം, സർവ്വസ്യ നേതാരം സൂര്യം ച
ആവിഥ — വൃത്രാദേരപനയനേന രരക്ഷിഥ
യേന സമുദ്രം — യേനമദേനാന്തരിക്ഷമാവിഥ
തം ഈമഹേ — തന്മദവന്തം ത്വാം സ്തുതിഭിസ്സം ഭജാമഹേ

അർത്ഥം—അല്ലയോ ഇന്ദ്ര, യാതൊരു സോമപാനഹർഷത്താൽ പത്തുമാസംകൊണ്ടവസാനിക്കുന്ന സത്രമനുഷ്ഠിക്കുന്ന അംഗിരസ്സിനെയും അധ്രിഗു എന്ന ഋഷിയെയും, ഇരുട്ടകററുന്ന സർവ്വനേതാവായ സൂര്യനെയും വൃത്രാദികളെ അകററി രക്ഷിച്ചുവോ, യാതൊരു ഹർഷത്താൽ അന്തരിക്ഷത്തെ രക്ഷിച്ചുവോ ആ ഹർഷംപൂണ്ട ഇന്ദ്രനെ സ്തുതികളാൽ ഞങ്ങൾ ഭജിക്കുന്നു.

3 യേനസിന്ധുംമഹീരപോ

രഥാഇവപ്രചോദയഃ

പന്ഥാമൃതസ്യയാതവേതമീമഹേ

അന്വയം:–

(ഹേ ഇന്ദ്ര,) മഹീഃ അപഃ — മഹാന്തി വൃഷ്ട്യുദകാനി
സിന്ധും യേന — സ്യന്ദനശീലാം നദീഞ്ചപ്രതി,
യേന സോമജനിതേന മദേന
രഥാൻ–ഇവ — യഥാ രഥിനോ രഥാൻ
സ്വാഭിലഷിതദേശം പ്രതി
പ്രേരയതി തഥാ
പ്ര–ചോദയഃ — പ്രേരയസി
ഋതസ്യ പന്ഥാം
യാതവേ — യജ്ഞസ്യ പന്ഥാനം, മാർഗ്ഗം
യാതും, പ്രാപ്തും
തം ഈമഹേ — തം ത്വാം യാചാമഹേ

അർത്ഥം–അല്ലയോ ഇന്ദ്ര, പെരിമയുററ മഴവെള്ളങ്ങളെയും ഒഴുകുന്ന നദികളെയും യാതൊരു സോമപാനഹർഷത്താൽ, തേരുകളെ തേരാളികൾ ഉദ്ദിഷ്ടസ്ഥലത്തേക്കോട്ടുന്നപോലെ, എത്തിച്ചുവോ, ആ അവിടത്തോട് സത്യത്തിന്റെ (യജ്ഞത്തിന്റെ) മാർഗ്ഗം പ്രാപിക്കാനായി ഞാൻ യാചിക്കുന്നു, പ്രാർത്ഥിക്കുന്നു.

4 ഇമംസ്തോമമഭിഷ്ടയേ
ഘൃതംനപൂതമദ്രിവഃ
യേനാനുസദ്യഓജസാവവക്ഷിഥ

അന്വയം:–

ഹേ അദ്രി–വഃ, — വജ്രവന്നിന്ദ്ര,
യേന — സ്തോത്രേണ സ്തൂയമാനസ്സൻ
ഓജസാ സദ്യഃ — ആത്മീയേന ബലേന
തദാനീമേവ
ന വവക്ഷിഥ — ക്ഷിപ്രമസ്മാൻ വഹസി,
അഭിലാഷം പ്രാപയസി
ഘൃതം ന പൂതം — മന്ത്രപൂതമാജ്യമിവ ശുദ്ധം
ഇമം സ്തോമം അഭിഷ്ടയേ — അസ്മദീയം സ്തോത്രം ഇഷ്ടസ്യ,
ധനാദേരഭിപ്രാപ്തയേ
ബുദ്ധ്യസ്വ

**അർത്ഥം**—അല്ലയോ വജ്രവാനായ ഇന്ദ്ര, ഏതു സ്തോത്രത്താൽ സ്തുതിക്കപ്പെട്ടവനായി, അപ്പോൾത്തന്നെ സ്വന്തം ബലത്താൽ ഞങ്ങളെ വഹിക്കുന്നുവോ, ആഗ്രഹം പൂരിപ്പിക്കുന്നുവോ, മന്ത്രം ജപിച്ച സംസ്കൃതമായ, ശുദ്ധമായ നൈപോലെയുള്ള ഈ സ്തോത്രം ധനാദിയായ ഇഷ്ടത്തിന്റെ പ്രാപ്തിക്കായി അവിടുന്നുൾക്കൊണ്ടാലും.

5 ഇ॒മഞ്ജു॑ഷസ്വഗിർവ്വണ

സ്സമു॒ദ്രഇ॑വപിന്വതേ

ഇ॒ന്ദ്രവിശ്വാ॑ഭിരൂ॒തിഭി॑ർവ്വ॒വക്ഷി॑ഥ വ. 1

അന്വയം:—

| | |
|---|---|
| ഹേ ഗിർവ്വണഃ, ഇന്ദ്ര, | — ഗീർഭിസ്സംഭജനീയേന്ദ്ര, |
| (യേന) വിശ്വാഭിഃ<br>ഊതി–ഭിഃ | — യേന സ്തോത്രേണ സർവ്വാഭീ രക്ഷാഭിസ്ത്വം |
| വവക്ഷിഥ | — വഹസി, ശ്രേയാംസി പ്രാപയസി |
| (തം) ഇമം (സ്തോമം)<br>ജുഷസ്വ | — സേവസ്വ |
| (സസ്തോമഃ) സമുദ്രഃ- ഇവ<br>പിന്വതേ | — സമുദ്രോ യഥാ ചന്ദ്രോദയം പ്രാപ്യവർദ്ധതേ തദ്വദ്വർദ്ധതേ, ഇന്ദ്രഗുണാധിക്യേന തൽ പ്രതിപാദികാസ്തുതിരപി വിസ്‌തൃതാ ഭവതി |

**അർത്ഥം**—സ്തുതികളാൽ പ്രാപ്യനായ ഇന്ദ്ര, യാതൊരു സ്തോത്രത്താൽ എല്ലാ രക്ഷകളോടും കൂടി അവിടുന്നു് ശ്രേയസ്സുകളണയ്ക്കുമോ, ആ സ്തോത്രം (ഞാൻ ചൊല്ലുന്നതു്) കൈക്കൊണ്ടാലും. ആ സ്തോത്രം ചന്ദ്രോദയത്തിൽ സമുദ്രം പോലെ വർദ്ധിക്കുന്നു. (ഇന്ദ്രന്റെ ഗുണാധിക്യത്താൽ അതു പ്രതിപാദിക്കുന്ന സ്തോത്രവും കൂടി മഹത്തായിത്തീരുന്നു.)

6 യോനോദേവഃപരാവത

സ്സഖിത്വനായമാമഹേ

ദിവോനവൃഷ്ടിംപ്രഥയൻവവക്ഷിഥ

അന്വയം:–

യഃ ദേവഃ പരാ–വതഃ — ദൂരാൽ, ദ്യുലോകാദാഗത്യ
നഃ സഖി–ത്വനായ
മമഹേ — സഖിത്വായാസ്മാഭിഃ പൂജ്യതേ
(ഹേ ഇന്ദ്ര, സഃ ത്വം)
ദിവഃ ന വൃഷ്ടിം — ദിവസ്സകാശാദ്വൃഷ്ടിമിവ
പ്രഥയൻ വവക്ഷിഥ — അസ്മദീയാനി ശ്രേയാംസി വിസ്താരയൻ അസ്മാൻ വോഢുമിച്ഛസി തം ത്വാം സ്തൗമി

അർത്ഥം—യാതൊരു ദേവൻ ദൂരത്തുള്ള സ്വർഗ്ഗത്തിൽ നിന്നു വന്നു്, സഖ്യത്തിന്നായി ഞങ്ങളാൽ പൂജിക്കപ്പെടുന്നുവോ, അല്ലയോ ഇന്ദ്ര, ആ അവിടുന്നു് ആകാശത്തിൽ നിന്നു് മഴ പോലെ ഞങ്ങൾക്കു് ശ്രേയസ്സുകൾ വർദ്ധിപ്പിച്ചു് (വർഷിച്ചു്) ഞങ്ങളെ താങ്ങുവാൻ കനിയുന്നു. ആ അവിടുത്തെ സ്തുതിക്കുന്നു.

7 വവക്ഷുരസ്യകേതവ

ഉതവജ്രോഗഭസ്ത്യോഃ

യൽസൂര്യോനരോദസീഅവർദ്ധയൽ

അന്വയം:—

അസ്യ കേതവഃ — ഇന്ദ്രസ്യരഥേ ഉൽക്ഷിപ്താഃ പതാകാഃ
വവക്ഷുഃ — അവഹൻ, അസ്മാൻ ശ്രേയാംസി പ്രാപയൻ
ഉത യൽ സൂര്യഃ ന — യദായമിന്ദ്രഃ, സർവ്വസ്യ പ്രേരക ആദിത്യ ഇവ

| | |
|---|---|
| **രോദസീ അവർദ്ധയൽ** | — ദ്യാവാപൃഥിവ്യൌ വൃഷ്ട്യാദിനാ പ്രവൃദ്ധേ അകരോൽ |
| (തദാ) ഗഭസ്ത്യോഃ | — ഇന്ദ്രസ്യ ഹസ്തയോരവസ്ഥിതഃ |
| വജ്രഃ | — ച അവഹൽ, ശ്രേയാംസി പ്രാപയൽ |

അർത്ഥം--ഇന്ദ്രന്റെ തേരിലുയന്ന കൊടികൾ നമുക്കു ശ്രേയസ്സുകളണച്ചു. മാത്രമല്ല, എപ്പോളിന്ദ്രൻ സർവ്വപ്രേരകനായ ആദിത്യനെന്ന പോലെ ദ്യാവാപൃഥിവികളെ മഴ മുതലായവയാൽ വളർത്തിയോ, അപ്പോൾ അവിടത്തെ കൈകളിലിരുന്ന വജ്രവും നമുക്കു് ശ്രേയസ്സുകളിയററി.

8 യദിപ്രവൃദ്ധസൽപതേ

സഹസ്രംമഹിഷാഁഅഘഃ

ആദിത്തഇന്ദ്രിയംമഹിപ്രവാവൃധേ

അന്വയം:—

| | |
|---|---|
| ഹേ പ്ര-വൃദ്ധ,<br>സൽ-പതേ, | — മഹൻ, സതാംപതേ, ഇന്ദ്ര, |
| സഹസ്രം മഹിഷാൻ<br>യദി അഘഃ | — സഹസ്രസംഖ്യാകാൻ മഹതോസുരാൻ യദാവധീഃ |
| ആൽ ഇൽ തേ ഇന്ദ്രിയം | — വീര്യം |
| മഹി, പ്ര വവൃധേ | — മഹൽ, ബഹുലംസൽ പ്രകർഷേണ വർദ്ധ്യതേ |

അർത്ഥം—മഹാനും സത്തുക്കളുടെ നായകനുമായ ഇന്ദ്ര, ആയിരം പെരിയ അസുരന്മാരെ അവിടുന്നു് കൊന്നപ്പോൾത്തന്നെ അവിടത്തെ വീര്യം മഹത്തായി വളരെ വർദ്ധിക്കുകയാണു് ചെയ്തതു്.

9 ഇന്ദ്രസ്സൂര്യസ്യരശ്മിഭി

ന്യർശ്സാനമോഷതി

അഗ്നിർവ്വനേവസാസഹിഃപ്രവാവൃധേ

അന്വയം:–

(അയം) ഇന്ദ്രഃ സൂര്യസ്യ
രശ്മി–ഭിഃ — കിരണൈഃ
അശ്സാനം — ബാധമാനം, മന്ദേഹനാമക മസുരം
അഗ്നിഃ വനാ–ഇവ — യഥാദാവാനലഃ വനാനി ദഹതിതദ്വൽ
നി ഓഷതി — നിതരാം ദഹതി
(ഏവം) സസഹിഃ
പ്ര വവൃധേ — ശത്രൂണാമഭിഭവനശീലസ്സഃ പ്രകൎഷേണവൎദ്ധതേ

അൎത്ഥം—ഈ ഇന്ദ്രൻ സൂര്യന്റെ രശ്മികളാൽ ദ്രോഹകാരിയായ മന്ദേഹനെന്ന അസുരനെ, കാട്ടുതീ വനങ്ങളെയെന്നപോലെ, നിശ്ശേഷം ദഹിപ്പിക്കുന്നു. ഇപ്രകാരം ശത്രുഞ്ജയശീലനായ അവിടുന്നു് നന്നായി വൎദ്ധിക്കുന്നു.

10 ഇയന്തഋത്വിയാവതീ

ധീതിരേതിനവീയസീ

സപൎയ്യന്തീപുരുപ്രിയാമിമീതഇൽ വ 2·

അന്വയം:–

(ഹേ ഇന്ദ്ര)
ഋത്വിയ-വതീ — ഋതൌ, വസന്താദികാലേ അനുഷ്ഠേയം യജ്ഞകൎമ്മ ഋത്വിയം. തദ്വതീ
നവീയസീ ഇയം ധീതിഃ — അതിശയേനാഭിനവാ, മയാക്രിയമാണാസ്തുതിഃ
തേ ഏതി — ത്വാം ഗച്ഛതി
(സാ) സപര്യന്തീ,
പുരു–പ്രിയാ — പൂജയന്തീ, ബഹുലം പ്രീണയിത്രീസതീ
മിമീതേ ഇൽ — ഇന്ദ്രഗതാൻ ഗുണാൻ പരിച്ഛിനത്ത്യേവ

അർത്ഥം—അല്ലയോ ഇന്ദ്ര, വസന്താദ്യൃതുക്കളിൽ അനുഷ്ഠിക്കേണ്ടും യജ്ഞത്തോടുകൂടിയതും ഏററവും പുതുതുമായ, എന്നാൽ ചൊല്ലപ്പെടുന്ന സ്തോത്രം അവിടുത്തെ പ്രാപിക്കുന്നു. അതവിടുത്തെ പൂജിച്ചുകൊണ്ടു്, ഇന്ദ്രൻെറ ഗുണങ്ങളെ അളന്നെണ്ണി പറയുക തന്നെ ചെയ്യുന്നു.

11 ഗർഭോയജ്ഞസ്യദേവയുഃ
ക്രതുംപുനീതആനുഷക്
സ്തോമൈരിന്ദ്രസ്യവാവൃധേമിമീതഇൽ

അന്വയം:—

| | |
|---|---|
| യജ്ഞസ്യ ഗർഭഃ | — യാഗസ്യഗ്രഹീതാ, അനുഷ്ഠാതാ |
| ദേവ_യുഃ | — ദേവമിന്ദ്രമാത്മനഇച്ഛൻ, യജമാനഃ |
| ആനുഷക് ക്രതും പുനീതേ | - ആനുപൂർവ്വ്യേണ പ്രജ്ഞാപകം സോമം ദശാപവിത്രേണ ശോധയതി |
| (സഃ) ഇന്ദ്രസ്യ | — ഇന്ദ്രം (കർമ്മണി ഷഷ്ഠീ) |
| സ്തോമൈഃ വവൃധേ | — സ്തോത്രൈർവ്വർദ്ധതേ (പ്രയോജകാർത്ഥേ) |
| (സച സ്തോമൈഃ) മിമീതേ ഇൽ | — ഇന്ദ്രസ്യ ഗുണജാതം പരിച്ഛിനത്ത്യേവ |

അർത്ഥം—യാഗം ഗ്രഹിക്കുന്ന, അനുഷ്ഠിക്കുന്നവനും ദേവനായ ഇന്ദ്രനെ കാമിക്കുന്നവനുമായ യജമാനൻ വേണ്ടപോലെ മുമ്പുപിമ്പോടുകൂടി, യജ്ഞത്തെ വിളിച്ചറിയിക്കുന്ന സോമത്തെ ദശാപവിത്രംകൊണ്ടരിച്ചു് ശുദ്ധീകരിക്കുന്നു. ആ കർമ്മി ഇന്ദ്രനെ സ്തോത്രങ്ങളാൽ വളർത്തുന്നു. അവൻ ഇന്ദ്രൻെറ ഗുണസമൂഹത്തെ അളന്നുകാണിക്കുന്നു.

12 സനിർമ്മിത്രസ്യപപ്രഥ
ഇന്ദ്രസ്സോമസ്യപീതയേ
പ്രാചീവാശീവസുന്വതേമിമീതഇൽ

അന്വയം:–

| | |
|---|---|
| മിത്രസ്യ | — മിത്രഭൂതസ്യ സ്തോതുഃ |
| പ്രാചീ | — പ്രാഞ്ചന്തീ, സ്തുത്യഗുണഗണം പ്രാപ്നുവതീ |
| വാശീ–ഇവ | — സ്തുതിരൂപാവാഗിവ |
| സനിഃ ഇന്ദ്രഃ സുന്വതേ | — ധനദാതേന്ദ്രഃ സുന്വതഃ, സോമാഭിഷവം കുർവ്വതോ യജമാനസ്യ (ഷഷ്ഠ്യർത്ഥേ ചതുർത്ഥീ) |
| സോമസ്യ പീതയേ | |
| പപ്രഥേ | — പാനായപ്രഥിതഃ, വിസ്തീർണ്ണോ ബഭൂവ |
| (സാസ്തുതിഃ) മിമീതേ | |
| ഇൽ | — ഇന്ദ്രമാഹാത്മ്യം യഥാവൽ പരിച്ഛിനത്ത്യേവ |

അർത്ഥം–ചങ്ങാതിയായ സ്തോതാവിൻെറ, ഉപാസ്യദേവൻെറ ഗുണഗണത്തിലെത്തുന്ന, സ്തുതിരൂപമായ വാക്കുപോലെ ഇന്ദ്രൻ, സോമസംസ്കർത്താവായ യജമാനൻെറ സോമം കുടിയ്ക്കാനായി വലുതായി. ആ സ്തുതി ഇന്ദ്രൻെറ മാഹാത്മ്യത്തെ ഉള്ളതുപോലെ അളന്നുകാണിക്കുന്നു.

13 യംവിപ്രാഉക്ഥവാഹസോ

ഭിപ്രമന്ദുരായവഃ

ഘൃതംനപിപ്യആസന്ന്യൃതസ്യയൽ

അന്വയം:–

| | |
|---|---|
| വിപ്രാഃ, | |
| ഉക്ഥ-വാഹസഃ | — മേധാവിനഃ, ഉക്ഥാനാം, ശസ്ത്രാണാം വോഢാരഃ, പ്രാപയിതാരഃ |
| ആയവഃ യം | |
| അഭി–പ്രമന്ദുഃ | — മനുഷ്യാ യമിന്ദ്രം അഭിമുഖം പ്രകർഷേണ മദയന്തി |

| | | |
|---|---|---|
| (തസ്യേന്ദ്രസ്യ) ആസനി | | |
| ഘൃതം ന | — | ആസ്യേ ഘൃതമിവ ശുദ്ധം |
| ഋതസ്യ യൽ | — | സോമലക്ഷണം യദ്ധവിരസ്തി, തൽ |
| പിപ്യേ | — | സേചനേന വൎദ്ധയേ |

അൎത്ഥം—മേധാവികളും ശസ്ത്രങ്ങളേന്തുന്നവരും (ഇന്ദ്രന്നെത്തിക്കുന്നവരും) ആയ മനുഷ്യർ, യാതൊരിന്ദ്രനെ നേരെ നന്നായി ഹൎഷിപ്പിക്കുന്നുവോ, ആ ഇന്ദ്രന്റെ വായിൽ നെയ്പോലെ വിശുദ്ധമായ സോമഹവിസ്സിനെ ഞാൻ വീഴ്ത്തി വൎദ്ധിപ്പിക്കുന്നു.

14 ഉതസ്വരാജേഅദിതി
സ്തോമമിന്ദ്രായജീജനൽ
പുരുപ്രശസ്തമൂതയഋതസ്യയൽ

അന്വയം;-

| | | |
|---|---|---|
| ഉത അദിതിഃ | — | അപിചാദിതിനാദേവമാതാ |
| സ്വ—രാജേ ഇന്ദ്രായ | — | സ്വയമേവ രാജമാനായ തസ്മൈ |
| യൽ ഋതസ്യ ഊതയേ | — | സത്യസംബന്ധിനേ രക്ഷണായ |
| പുരു—പ്രശസ്തം സ്തോമം | | |
| ജീജനൽ | — | ബഹുലമുൽകൃഷ്ടം സ്തോത്രമജീജനൽ, അജനയൽ |

അൎത്ഥം—കൂടാതെ, കേടററ ദേവമാതാവായ അദിതി സ്വയം പ്രകാശമാനനായ ഇന്ദ്രന്നായി, സത്യത്തിന്റെ രക്ഷക്കായി വളരെ ഉൽകൃഷ്ടമായ യാതൊരു സ്തോത്രമുണ്ടാക്കിയോ,

15 അഭിവഹ്നയഊതയേ
നൂഷതപ്രശസ്തയേ
നദേവവിവ്രതാഹരീഋതസ്യയൽ വ. 3

അന്വയം:—

വഹ്നയഃ ഉതയേ
പ്ര–ശസ്തയേ — വോഢാരഃ ഋത്വിജഃ രക്ഷാർത്ഥം പ്രശസ്ത്യർത്ഥഞ്ച
(തേന സ്തോത്രേണ)
അഭി അനൂഷത — ഇന്ദ്രമഭ്യഷ്ടുവൻ
ഹേ ദേവ, ന — സംപ്രതി
വി–വ്രതാ ഹരീ — വിവിധകർമ്മാണൌ ത്വദീയാവശ്വൌ
ഋതസ്യ യൽ — സത്യസ്യ യൽ സ്തോത്രം വിദ്യതേ, തദഭിലക്ഷ്യ ത്വാം വഹതഃ

അർത്ഥം—ഋത്വിക്കുകൾ രക്ഷയ്ക്കുവേണ്ടിയും യശസ്സിന്നു വേണ്ടിയും ആ സ്തോത്രം കൊണ്ടാണിന്ദ്രനെ സ്തുതിച്ചതു്. അല്ലയോ ദേവ, ഇപ്പോൾ വിവിധകർമ്മങ്ങളോടുകൂടിയ അവിടുത്തെ കുതിരകൾ സത്യത്തിന്റേതായ യാതൊരു സ്തോത്രമുണ്ടോ, അതിനെ മുന്നിൽ കണ്ടു്, അവിടുത്തെ (ഇങ്ങോട്ടു്) നയിക്കുന്നു. (യുഗ്മകം.)

16 യൽസോമമിന്ദ്രവിഷ്ണവി

യദ്വാഘത്രിതആപ്ത്യേ

യദ്വാമരുൽസുമന്ദസേസമിന്ദുഭിഃ

അന്വയം:—

ഹേ ഇന്ദ്ര, വിഷ്ണവി — വിഷ്ണൌപാനാർത്ഥമാഗതേ സത്യന്യദീയേ യാഗേ
സോമം യൽ ഘ — യദി തേന വിഷ്ണുനാ സാർദ്ധമേവ പിബസി
യൽ വാ ആപ്ത്യേ ത്രിതേ - അപാംപുത്രേ, ഏതൽ സംജ്ഞേ രാജർഷൌ പിബസി
യൽ വാ മരുൽ–സു
മന്ദസേ — സോമപാനായാഗതേഷ്വന്യദീയേ യജ്ഞേ മാദ്യസി
(തഥാസ്മദീയൈരേവ)
ഇന്ദു–ഭിഃ സം — സോമൈസ്സമ്യക്‌മാദ്യ

അർത്ഥം—അല്ലയോ ഇന്ദ്ര, വിഷ്ണു സോമപാനാർത്ഥം ഒരു യാഗത്തിൽ വരവേ, വിഷ്ണുവിനോടൊപ്പമവിടുന്ന് സോമം കുടിക്കുന്നു. ജലങ്ങളുടെ പുത്രനായ ത്രിതനെന്ന രാജർഷിയുടെ യാഗത്തിൽ സോമം കുടിക്കുന്നു. മറെറാരു യാഗത്തിൽ സോമപാനത്തിന്നായി വന്ന മരുത്തുക്കളിൽ ചേർന്ന് സോമം കുടിക്കുന്നു. അപ്രകാരം ഞങ്ങളുടെ സോമങ്ങളാലും നന്നായി ഹർഷിച്ചാലും.

17 യദ്വാശക്രപരാവതി

സമുദ്രേഅധിമന്ദസേ

അസ്മാകമിൽസുതേരണാസമിന്ദുഭിഃ

അന്വയം:—

| | | |
|---|---|---|
| ഹേ ശക്ര, പരാ—വതി | — | ശക്തേന്ദ്ര, ദൂരദേശേ |
| സമുദ്രേ അധി | — | സമുന്ദനശീലേ സോമേ |
| യൽ വാ മന്ദസേ | — | യദിവാ മാദ്യസേ, തഥാപി |
| അസ്മാകം ഇൽ സുതേ | — | അസ്മാകമേവസോമേ അഭിഷുതേ സതി |
| ഇന്ദു—ഭിഃ സം രണ | — | സോമരസൈസ്സമ്യഗ്രമസ്വ |

അർത്ഥം—അല്ലയോ ശക്തനായ ഇന്ദ്ര, ദൂരദേശത്തിൽ തിളച്ചുമറിയുന്ന, സമൃദ്ധമായ സോമത്തിൽ അവിടുന്ന് ഹർഷിക്കുകയാണെങ്കിൽ കൂടി, ഞങ്ങളുടെ തന്നെ സോമം സംസ്കരിക്കവേ ആ സോമരസങ്ങളാൽ നന്നായി രമിച്ചാലും.

18 യദ്വാസിസുന്വതോവൃധോ

യജമാനസ്യസൽപതേ

ഉക്ഥേവായസ്യരണ്യസിസമിന്ദുഭിഃ

അന്വയം:—

| | | |
|---|---|---|
| ഹേ സൽ—പതേ, | — | സതാം പാലയിതരിന്ദ്ര |
| യസ്യ ഉക്ഥേ വാ രണ്യസി | — | യജമാനസ്യ ശംസിതേ സതി രമസേ |

(തസ്യ) സുന്വതഃ
യജമാനസ്യ — സോമാഭിഷവം കുർവ്വതസ്തസ്യ
യൽ വാ വൃധഃ അസി — യദിവാ വർദ്ധയിതാ ഭവസി
(ഏവമപി) ഇന്ദു..ഭിഃ സം— അസ്മദീയൈരേവസോമൈ
സ്സമ്യഗ്രമസ്വ

അർത്ഥം—സത്തുക്കളുടെ രക്ഷകനായ ഇന്ദ്ര, ഏതു യജമാനന്റെ ശസ്ത്രം ചൊല്ലലിൽ അവിടുന്ന് രമിക്കുന്നുവോ, ആ സോമസംസ്കർത്താവായ യജമാനന്ന് അവിടുന്ന് വർദ്ധയിതാവായി (പോഷകനായി) ഭവിക്കുന്നു എങ്കിൽകൂടി, ഞങ്ങളുടെ സോമങ്ങളാൽ നന്നായി സന്തോഷിച്ചാലും.

19 ദേവന്ദേവംവോവസ
ഇന്ദ്രമിന്ദ്രങ്ഗൃണീഷണി
അധായജ്ഞായതുർവ്വണേവ്യാനശുഃ

അന്വയം:—

(ഹേ ഋത്വിഗ്യജമാനാഃ)
വഃ അവസേ — യുഷ്മാകം രക്ഷണായ
ദേവം—ദേവം ഇന്ദ്രം—ഇന്ദ്രം — ബഹുദേശേഷു യാഗേഷു
യുഗപൽ ബഹുശരീരാണ്യാ
ദധാനം സർവ്വം തം ദേവമിന്ദ്രം
ഗൃണീഷണി — അഹം സ്തൗമി
അധ തുർവ്വണേ യജ്ഞായ — തൂർണ്ണം സംഭജനായ യാഗാർത്ഥം
(താസ്തുതയഃ) വി ആനശുഃ — വ്യാപ്നുവന്തി

അർത്ഥം—അല്ലയോ ഋത്വിഗ്യജമാനന്മാരേ, നിങ്ങളുടെ രക്ഷയ്ക്കായി, വളരെ ദേശങ്ങളിൽ വളരെ യാഗങ്ങളിൽ വളരെ ശരീരങ്ങളെടുത്തു് ഒപ്പമെത്തുന്ന ദേവനായ ഇന്ദ്രനെ ഞാൻ സ്തുതിക്കുന്നു. പിന്നെ, തികച്ചും പ്രാപിക്കേണ്ടും യജ്ഞത്തിന്നായി ആ സ്തുതികൾ ഇന്ദ്രനെ വ്യാപിക്കുന്നു.

20 യജ്ഞേഭിര്യജ്ഞവാഹസം
സോമേഭിസ്സോമപാതമം
ഹോത്രാഭിരിന്ദ്രംവാവൃധുൎവ്യാനശുഃ വ 4

അന്വയം:--

| | |
|---|---|
| യജ്ഞേഭിഃ | — യജനസാധനൈൎഹവിൎഭിഃ |
| യജ്ഞ–വാഹസം | — യജ്ഞാനാം, യജമാനാനാം ഫലസ്യപ്രാപയിതാരം |
| സോമേഭിഃ | |
| സോമ–പാതമം | — സൎവ്വേഷാം സോമാനാം പാതൃതമം |
| ഇന്ദ്രം ഹോത്രാഭിഃ വവൃധുഃ | - സ്തോത്രൈൎവ്വൎദ്ധയന്തി |
| (താസ്തുതയഃ) വി ആനശുഃ | — തമിന്ദ്രം വ്യാപ്നുവന്തി |

അൎത്ഥം—യജ്ഞസാധനങ്ങളായ ഹവിസ്സുകളാൽ യജമാനന്മാൎക്കു് ഫലമെത്തിക്കുന്നവനും എല്ലാ സോമങ്ങളും ഏററവും പാനംചെയ്യുന്നവനുമായ ഇന്ദ്രനെ സ്തോത്രങ്ങളാൽ (ഋത്വിഗാദികൾ) വൎദ്ധിപ്പിക്കുന്നു. ആ സ്തുതികൾ ഇന്ദ്രനെ വ്യാപിക്കുന്നു.

21 മഹീരസ്യപ്രണീതയഃ
പൂൎവ്വീരുതപ്രശസ്തയഃ
വിശ്വാവസൂനിദാശുഷേവ്യാനശുഃ

അന്വയം:—

| | |
|---|---|
| അസ്യ പ്ര–നീതയഃ | — ഇന്ദ്രസ്യധനാനാം പ്രണയനാനി, പ്രകൃഷ്ടപ്രാപണാനി |
| മഹീഃ | — മഹത്യഃ, മഹാന്തിഭവന്തി |
| ഉത പ്ര–ശസ്തയഃ പൂൎവ്വീഃ | — അപിചകീൎത്തയഃ ബഹ്വ്യഃ, വിസ്തൃതതമാഭവന്തി |

(ഉഭയവിധാസ്താഃ)

| | |
|---|---|
| ദാശുഷേ | — ഹവിൎദ്ദത്തവതേ യജമാനായ ദാതും |
| വിശ്വാ വസൂനി വി ആനശുഃ | — സൎവ്വാണിധനാനിവ്യാപ്നുവന്തി |

അൎത്ഥം—ഇന്ദ്രന്റെ ധനമെത്തിക്കലുകൾ മഹത്തുക്കളാകുന്നു. അവിടുന്നരുളുന്ന യശസ്സുകൾ അസങ്ഖ്യങ്ങളും വിസ്തൃതങ്ങളുമാകുന്നു. ഹവിസ്സേകുന്ന യജമാനന്നു് ഈ രണ്ടും തരാനായിട്ടാണു് എല്ലാ ധനങ്ങളും അവിടത്തെ പ്രാപിക്കുന്നതു്.

22 ഇന്ദ്രംവൃത്രായഹന്തവേ
ദേവാസോദധിരേപുരഃ
ഇന്ദ്രംവാണീരനൂഷതാസമോജസേ

അന്വയം:—

| | |
|---|---|
| ദേവാസഃ വൃത്രായ ഹന്തവേ | — ദേവാ വൃത്രം ഹന്തും |
| ഇന്ദ്രം പുരഃ ദധിരേ | — പുരസ്താൽ സ്വാമിത്വേനാധാരയൻ |
| സം ഓജസേ | — സമീചീനായ ബലായ |
| ഇന്ദ്രം വാണീഃ അനൂഷത | — സ്തുതിരൂപാവാചഃ സ്തുവന്തി (വൃത്രവധാനുഗുണം ബലം യഥാ ജായതേ തഥാ) |

അൎത്ഥം—ദേവന്മാർ വൃത്രനെ കൊല്ലാനായി ഇന്ദ്രനെ നേതാവായി മുൻനിൎത്തി. വൃത്രവധത്തിന്നു് തക്കതായ ബലമുണ്ടാവാനായി സ്തുതിരൂപമായ വചനത്താൽ സ്തുതിക്കുന്നു. (സ്തുതിച്ചു.)

23 മഹാന്തംമഹിനാവയം
സ്തോമേഭിൎഹവനശ്രുതം
അൎക്കൈരഭിപ്രണോനുമസ്സമോജസേ

അന്വയം:—

മഹിനാ മഹാന്തം — മഹിമ്നാസർവ്വേഭ്യോധികം
ഹവന–ശ്രുതം — ഹവനസ്യ, ആഹ്വാനസ്യ ശ്രോതാരമിന്ദ്രം
വയം സ്തോമേഭിഃ
അർക്കൈഃ — സ്തോത്രൈശ്ശസ്ത്രൈശ്ച
സം ഓജസേ — സമീചീനബലായ
അഭി പ്ര നോനുമഃ — ആഭിമുഖ്യേന പ്രകർഷേണ പുനഃ പുനസ്തുമഃ

അർത്ഥം–മഹിമകൊണ്ട് ഏവരെയും കടന്നുനില്ക്കുന്നവനും ഉപാസകരുടെ വിളി കേൾക്കുന്നവനുമായ ഇന്ദ്രനെ നമ്മൾ സ്തോത്രങ്ങളാലും ശസ്ത്രങ്ങളാലും വീണ്ടും വീണ്ടും പുകഴ്ത്തുന്നു.

24 നയംവിവിക്തോരോദസീ

നാന്തരിക്ഷാണിവജ്രിണം

അമാദിദസ്യതിത്വിഷേസമോജസഃ

അന്വയം:—

യം വജ്രിണം — യം വജ്രവന്തമിന്ദ്രം
രോദസീ ന വിവിക്തഃ — ന പൃഥൿ കുരുതഃ, സ്വസമീപാൽ പൃഥൿ കർത്തും ന ശക്നുതഃ
അന്തരിക്ഷാണി ന — ദ്യാവാപൃഥിവ്യോർമ്മദ്ധ്യേ വർത്തമാനാനി ഗന്ധർവ്വാദീനാം സ്ഥാനാനി ന പൃഥൿ കുർവ്വന്തി
അസ്യ അമാൽ ഇൽ — ബലാദേവ
ഓജസഃ സം തിത്വിഷേ — ബലസ്യ സങ്ഗമായ സർവ്വഞ്ജഗൽ സമ്യൿ ദീപ്യതേ

അർത്ഥം–ഏതു വജ്രവാനായ ഇന്ദ്രനെ തങ്ങളുടെ സമീപത്തിൽനിന്നകററാൻ ദ്യാവാപൃഥിവികൾ ശക്തകളല്ലയോ, അവരുടെ ഇടയിലുള്ളവയും ഗന്ധർവ്വാദികളുടെ വാസസ്ഥാനങ്ങളുമായ അന്തരിക്ഷങ്ങൾക്കകററാൻ കരുത്തില്ലയോ, ആ

ഇന്ദ്രന്റെ ബലംകൊണ്ടുതന്നെയാണ്, ബലത്തോടുചേരാനാണ്, ജഗത്തു മുഴുവൻ നന്നായി പ്രകാശിക്കുന്നതു്.

25 യദിന്ദ്രപൃതനാജ്യേ
ദേവാസ്ത്വാദധിരേപുരഃ വ. 5
ആദിത്തേഹര്യതാഹരീവവക്ഷതുഃ

അന്വയം:—

| | |
|---|---|
| ഹേ ഇന്ദ്ര, പൃതനാജ്യേ | — സങ്ഗ്രാമേ |
| ത്വാ യൽ ദേവാഃ പുരഃ ദധിരേ | — ത്വാം യദാ ദേവാഃ പുരസ്താദധാരയൻ |
| ആൽ ഇൽ ഹര്യതാ ഹരീ | - തദൈവ കാന്താവശ്വൗ |
| തേ വവക്ഷതുഃ | — ത്വാം അവഹതാം |

അർത്ഥം—അല്ലയോ ഇന്ദ്ര, യുദ്ധത്തിലവിടുത്തെ ദേവന്മാർ മുമ്പിൽ നിർത്തുമ്പോൾ മാത്രമാണ് മെച്ചപ്പെട്ട ഹരികളെന്ന കുതിരകൾ അവിടുത്തെ വഹിച്ചതു്.

26 യദാവൃത്രന്നദീവൃതം
ശവസാവജ്രിന്നവധീഃ
ആദിത്തേഹര്യതാഹരീവവക്ഷതുഃ

അന്വയം:—

| | |
|---|---|
| ഹേ വജ്രിൻ, നദീ-വൃതം | — വജ്രവന്നിന്ദ്ര, നദീരാവൃണ്വന്തം |
| വൃത്രം യദാ ശവസാ അവധീഃ | — ബലേന ഹതവാൻ |
| ആൽ ഇൽ ഹര്യതാ ഹരീ | - തദൈവ കാന്താവശ്വൗ |
| തേ വവക്ഷതുഃ | — ത്വാം അവഹതാം |

അർത്ഥം—അല്ലയോ വജ്രവാനായ ഇന്ദ്ര, നദികളെ തടഞ്ഞ വൃത്രനെ ബലത്താലവിടുന്നു് കൊന്നപ്പോഴാണ് മെച്ചപ്പെട്ട ഹരികളെന്ന കുതിരകളവിടുത്തെ വഹിച്ചതു്.

27 യദാതേവിഷ്ണുരോജസാ
ത്രീണിപദാവിചക്രമേ
ആദിത്തേഹര്യതാഹരീവവക്ഷതുഃ

അന്വയം:—

(ഹേ ഇന്ദ്ര,) തേ വിഷ്ണുഃ — തവാനുജഃ വ്യാപനശീലോ ദേവഃ
ഓജസാ യദാ — ബലേന യസ്മിൻ കാലേ
ത്രീണി പദാ വി-ചക്രമേ — പദത്രയരൂപേണ ത്രീൻ ലോകാൻ വിക്രാന്തവാൻ, പരിച്ഛിന്നവാൻ
ആൽ ഇൽ ഹര്യതാ ഹരീ — തദൈവ കാന്താവശ്വൌ
തേ വവക്ഷതുഃ — ത്വാം അവഹതാം

അർത്ഥം_അല്ലയോ ഇന്ദ്ര, അവിടുത്തെ അനുജൻ, സർവ്വത്ര വ്യാപിച്ച ദേവനായ വിഷ്ണു, മൂന്നടിവെപ്പുകൾകൊണ്ട് മൂന്നു ലോകങ്ങളെയും വിക്രമിച്ച് അളന്നപ്പോഴാണ് മെച്ചപ്പെട്ട ഹരികളെന്ന കുതിരകൾ അവിടുത്തെ വഹിച്ചത്.

28 യദാതേഹര്യതാഹരീ
വാവൃധാതേദിവേദിവേ
ആദിത്തേവിശ്വാഭുവനാനിയേമിരേ

അന്വയം:_

(ഹേ ഇന്ദ്ര, ത്വദീയൌ)
തേ ഹര്യതാ ഹരീ — തവ കാന്താവശ്വൌ
ദിവേ_ദിവേ യദാ
വവൃധാതേ — പ്രതിദിവസം യസ്മിൻ കാലേ പ്രവൃദ്ധൌ ബഭൂവതുഃ
ആൽ ഇൽ തേ വിശ്വാ
ഭുവനാനി — സർവ്വാണി ഭൂതജാതാനി ത്വയാ
യേമിരേ — നിയമ്യന്തേസ്മ

അൎത്ഥം -അല്ലയോ ഇന്ദ്ര, അവിടുത്തെ മെച്ചപ്പെട്ട ഹരികളെന്ന കുതിരകൾ ദിവസംതോറുമുണൎവ്വ് പ്രാപിക്കുമ്പോൾ മാത്രമാണ് എല്ലാ ഭൂതജാതങ്ങളും അവിടുന്നാൽ അടക്കപ്പെട്ടതു്, നിയന്ത്രിക്കപ്പെട്ടതു്.

29 യദാതേമാരുതീൎവ്വിശ
സ്തുഭ്യമിന്ദ്രനിയേമിരേ
ആദിത്തേവിശ്വാഭുവനാനിയേമിരേ

അന്വയം:—

ഹേ ഇന്ദ്ര, തുഭ്യം — ത്വദൎത്ഥം
തേ മാരുതീഃ വിശഃ — ത്വദൎത്ഥം മരുദ്രൂപാഃ പ്രജാഃ
യദാ നി_യേമിരേ — ഭൂതജാതാനി നിയച്ഛന്തി
ആൽ ഇൽ തേ വിശ്വാ
ഭുവനാനി — സൎവ്വാണിഭൂതജാതാനി ത്വയാ
യേമിരേ — നിയമ്യന്തേസ്മ

അൎത്ഥം—അല്ലയോ ഇന്ദ്ര. അവിടേയ്ക്കുവേണ്ടി മരുത്തുക്കളായ പ്രജകൾ ചരാചരങ്ങളെ നിയന്ത്രിയ്ക്കുമ്പോൾ മാത്രമാണ് എല്ലാ ഭൂതജാതങ്ങളും അവിടുന്നാൽ നിയന്ത്രിക്കപ്പെട്ടതു്.

30 യദാസൂര്യമമുംദിവി
ശുക്രംജ്യോതിരധാരയഃ
ആദിത്തേവിശ്വാഭുവനാനിയേമിരേ

അന്വയം:—

(ഹേ ഇന്ദ്ര) അമും ശുക്രം,
ജ്യോതിഃ — വിപ്രകൃഷ്ടം നിൎമ്മലം,
ദ്യോതമാനം
സൂര്യം ദിവി യദാ
അധാരയഃ — ആദിത്യം ദ്യുലോകേയസ്മിൻ
കാലേധാരിതവാനസി

ആൽ ഇൽ തേ വിശ്വാ
ഭുവനാനി — സർവ്വാണിഭൂതജാതാനിത്വയാ
യേമിരേ — നിയമ്യന്തേസ്മ

അർത്ഥം—അല്ലയോ ഇന്ദ്ര, അകലെ ദ്യോവിൽ നിർമ്മലനും പ്രകാശമാനനുമായ സൂര്യനെ ധരിച്ചപ്പോഴാണ് (നിർത്തിയപ്പോഴാണ്) എല്ലാ ഭൂതജാതങ്ങളും അവിടുന്നാൽ നിയന്ത്രിക്കപ്പെട്ടതു്.

31 ഇമാംതഇന്ദ്രസുഷ്ടുതിം

വിപ്രഇയർത്തിധീതിഭിഃ

ജാമിംപദേവപിപ്രതീംപ്രാധ്വരേ

അന്വയം:—
ഹേ ഇന്ദ്ര, വിപ്രഃ — മേധാവീസ്തോതാ
അധ്വരേ ഇമാം
പിപ്രതീം — പ്രീണയിത്രീം
സു–സ്തുതിം ധീതി–ഭിഃ — കർമ്മഭിഃ, പരിചരണൈസ്സാർദ്ധം
ജാമിം പദാ–ഇവ — ബന്ധുഭൂതം പുരുഷം ഉൽകൃഷ്ടാ–
നിപദാനി, സ്ഥാനാനി
പ്രാപയതി, തദ്വൽ
തേ പ്ര ഇയർത്തി — ത്വാം പ്രേരയതി, പ്രഗമയതി

അർത്ഥം—അല്ലയോ ഇന്ദ്ര, മേധാവിയായ സ്തോതാവു് യാഗത്തിൽ പ്രീതിവളർത്തുന്ന നല്ല സ്തോത്രത്തെ, പരിചരണപരങ്ങളായ കർമ്മങ്ങളോടുകൂടി സ്വബന്ധുവിനെ ഉൽകൃഷ്ടസ്ഥാനത്തേക്കു് ഉയർത്തിയെത്തിക്കുന്നപോലെ, അവിടുത്തെ അടുക്കലെത്തിക്കുന്നു.

32 യദസ്യധാമനിപ്രിയേ

സമീചീനാസോഅസ്വരൻ

നാഭായജ്ഞസ്യദോഹനാപ്രാധ്വരേ

അന്വയം:—

| | |
|---|---|
| നാഭാ | — നാഭൌ, പൃഥിവ്യാനാഭിസ്ഥാനീയേ, മദ്ധ്യേ |
| യജ്ഞസ്യ ദോഹനാ | — യജനസാധനസ്യ സോമസ്യ ദോഹനേ, ദോഹനാധികരണേഭിഷവസ്ഥാനേ, വേദ്യാം |
| അധ്വരേ അസ്യ പ്രിയേ ധാമനി | — യജ്ഞേ ഇന്ദ്രസ്യ പ്രീണയിതവ്യേ സ്ഥാനേ |
| സം-ഈചീനാസഃ | — സങ്ഗതാസ്തോതാരഃ |
| യൽ പ്ര അസ്വരൻ | — യദാപ്രകർഷേണാസ്തുവൻ |

അർത്ഥം—ഭൂമിയുടെ നാഭിസ്ഥാനത്തു്, മദ്ധ്യത്തിൽ യാഗസാധനമായ സോമമൊഴുകുന്നിടത്തു്, അതു സംസ്കരിക്കുന്ന വേദിയിൽ, യജ്ഞത്തിൽ ഇന്ദ്രന്നു് പ്രിയപ്പെട്ട സ്ഥാനത്തു്, സ്തോതാക്കൾ കൂടിച്ചേർന്നു് എപ്പോൾ നന്നായി സ്തുതിക്കുന്നുവോ,

पुस्तकालय 41130 गुरुकुल कांगड़ी विश्वविद्यालय

33 സുവീര്യംസ്വശ്വ്യം
സുഗവ്യമിന്ദ്രദദ്ധിനഃ
ഹോതേവപൂർവ്വചിത്തയേപ്രാധ്വരേ വ. 6

അന്വയം:—

| | |
|---|---|
| (തദാ) ഹേ ഇന്ദ്ര, | |
| സു-വീര്യം, സു-അശ്വ്യം, | |
| സു-ഗവ്യം | — ശോഭനവീര്യോപേതം, ശോഭനാശ്വസങ്ഘോപേതം, ശോഭനഗോസമൂഹോപേതം ധനം |
| നഃ ദദ്ധി | — അസ്മഭ്യം ദദസ്വ |
| (അഹഞ്ച) അധ്വരേ | |
| ഹോതാ-ഇവ | — ഹോതർത്വിഗിവ |
| പൂർവ്വ-ചിത്തയേ പ്ര | — അന്യേഭ്യസ്തോതൃഭ്യഃ പൂർവ്വജ്ഞാനായ പ്രാശംസിഷം |

അൎത്ഥം—അല്ലയോ ഇന്ദ്ര, നല്ല വീൎയ്യമൊത്തതും നല്ല കുതിരക്കൂട്ടങ്ങളോടുകൂടിയതും, നല്ല പശുക്കൂട്ടങ്ങൾ ചേൎന്നതുമായ ധനം ഞങ്ങൾക്കു തന്നാലും. ഞാനാകട്ടെ യാഗത്തിൽ ഹോതാവെന്ന ഋത്വിക്കുപോലെ, മററു സ്തോതാക്കൾക്കു് മുൻകൂട്ടി അറിയാനായി (ഇപ്പോൾ തന്നെ) സ്തുതിക്കുകയാണു്.

വൎഗ്ഗം—7 മുതൽ 13 കൂടി—കാണ്വോ നാരദഃ ഋഷിഃ

1 ഇന്ദ്രസ്സുതേഷുസോമേഷു
ക്രതുംപുനീതഉക്ഥ്യം
വിദേവൃധസ്യദക്ഷസോമഹാന്ഹിഷഃ

അന്വയം:—

| | | |
|---|---|---|
| സോമേഷു സുതേഷു | — | അഭിഷുതേഷു സൽസു |
| ഇന്ദ്രഃ (താൻ പീത്വാ) | | |
| ക്രതും | — | കൎമ്മണാം കൎത്താരം |
| ഉക്ഥ്യം | — | സ്തോതാരഞ്ച |
| വൃധസ്യ ദക്ഷസഃ വിദേ | — | വൎദ്ധകസ്യ ബലസ്യ ലാഭായ |
| പുനീതേ | — | ശോധയതി |
| സഃ മഹാൻ ഹി | — | താദൃശേന്ദ്രോമഹാൻ ഖലു |

അൎത്ഥം—സോമങ്ങൾ സംസ്കരിക്കപ്പെടവേ ഇന്ദ്രൻ അതു കുടിച്ചു് സന്തോഷിച്ചു്, കൎമ്മകൎത്താവിനെയും സ്തോതാവിനെയും, വൎദ്ധിക്കുന്ന ആത്മബലത്തിന്റെ സിദ്ധിക്കായി ശുദ്ധീകരിക്കുന്നു. അപ്രകാരമുള്ള ഇന്ദ്രൻ മഹാൻ തന്നെയാണു്.

2 സപ്രഥമേവ്യോമനി
ദേവാനാംസദനേവൃധഃ
സുപാരസ്സുശ്രവസ്തമസ്സമഫ്സുജിൽ

അന്വയം:–

| | |
|---|---|
| സഃ പ്രഥമേ വി–ഓമനി | – ഇന്ദ്രഃ പ്രഥിതേ, വിസ്തീർണ്ണേ, വിശേഷേണ രക്ഷകേ |
| ദേവാനാം സദനേ | — സ്ഥാനേ, സ്വർഗ്ഗേ സ്ഥിതസ്സൻ |
| വൃധഃ | — യജമാനാനാം വർദ്ധയിതാ ഭവതി |
| (തഥാ) സു–പാരഃ | — സുഷ്ഠുപ്രാരബ്ധസ്യ സമ്യക് പാരയിതാ |
| സുശ്രവഃ_തമഃ | — അതിശയേന ശ്രവഃ യശഃ യസ്യ, തഥോക്തഃ |
| സം അഫ്സു–ജിൽ | — ഉദകസ്രവണവിഘാതിനാം വൃത്രാദീനാം ജേതാ |

അർത്ഥം–ആ ഇന്ദ്രൻ വിസ്തീർണ്ണവും രക്ഷകവുമായ ദേവന്മാരുടെ സദനത്തിൽ, സ്വർഗ്ഗത്തിൽ, വർത്തിച്ച് യജമാനന്മാർക്ക് വൃദ്ധികരനായി ഭവിക്കുന്നു. അതുപോലെ അവിടുന്ന് തുടങ്ങിവെച്ച കർമ്മം അററത്തെത്തിക്കുന്നവനും, പരിസമാപിക്കുന്നവനും, ഏററവും യശസ്സുററവനും ജലപ്രവാഹം തടുത്തുവെച്ച വൃത്രാദികളായ അസുരന്മാരെ ജയിച്ചവനുമാകുന്നു.

3 തമഹ്വേവാജസാതയ
ഇന്ദ്രംഭരായശുഷ്മിണം
ഭവാനസ്സുമ്നേഅന്തമസ്സഖാവൃധേ

അന്വയം:–

| | |
|---|---|
| തം ശുഷ്മിണം ഇന്ദ്രം വാജ–സാതയേ ഭരായ | — ബലവന്തം തം |
| അഹ്വേ | — ബലായ യജ്ഞാർത്ഥഞ്ചാഹ്വയേ |
| (ഹേ ഇന്ദ്ര, ത്വം) സുമ്നേ | — സുഖേലിപ്സിതേ സതി |
| നഃ അന്തമഃ ഭവ | — അന്തികതമഃ, സന്നികൃഷ്ട തമോഭവ |
| (തഥാ) വൃധേ സഖാ | — വർദ്ധനാർത്ഥം മിത്രഭൂതോഭവ |

അർത്ഥം–ആ ബലവാനായ ഇന്ദ്രനെ ബലത്തിന്നും യജ്ഞത്തിന്നും വേണ്ടി ഞാൻ വിളിക്കുന്നു. അല്ലയോ ഇന്ദ്ര, ഞങ്ങൾ

സുഖമിച്ഛിക്കുവേ, അവിടുന്നു് ഞങ്ങൾക്കേററവും സമീപവർത്തിയായാലും. പിന്നെ, അഭിവൃദ്ധിക്കായി ചങ്ങാതിയായാലും.

4 ഇയന്തഇന്ദ്രഗിർവ്വണോ
രാതിഃക്ഷരതിസുന്വതഃ
മന്ദാനോഅസ്യബർഹിഷോവിരാജസി

അന്വയം:—

| | |
|---|---|
| ഹേ ഗിർവ്വണഃ, ഇന്ദ്ര, | — ഗീർഭിഃ, സ്തുതിഭിസ്സംഭജനീയേന്ദ്ര, |
| തേ സുന്വതഃ | — തുഭ്യം, ത്വദർത്ഥം സോമാഭിഷവം കുർവ്വതോ യജമാനസ്യ |
| ഇയം രാതിഃ ക്ഷരതി | – ഋത്വിഗ്ഭിർദ്ദീയമാനാ സോമാഹുതിഃ ആഹവനീയം പ്രതിഗച്ഛതി |
| (ത്വം) മന്ദാനഃ | — മന്ദമാനഃ, മോദമാനഃ |
| അസ്യ ബർഹിഷഃ വിരാജസി | — യജ്ഞസ്യ വിശേഷേണേശിഷേ |

അർത്ഥം—സ്തുതികളാൽ പ്രാപിക്കാവുന്ന ഇന്ദ്ര, അവിടേക്കു വേണ്ടി സോമം സംസ്കരിക്കുന്ന യജമാനന്റെ ഋത്വിക്കുകളാൽ നല്കപ്പെടുന്ന ഈ ദാനം, സോമത്തിന്റെ ആഹുതി, ആഹവനീയാഗ്നിയിലേക്കിതാ പോകുന്നു. അവിടുന്നു് ഹർഷമിയന്നവനായി ഈ യജ്ഞത്തിന്നീശനായി ഭവിക്കുന്നു.

5 നൂനംതദിന്ദ്രദദ്ധിനോ
യത്വാസുന്വന്തഈമഹേ
രയിന്നശ്ചിത്രമാഭരാസ്വർവ്വിദം

അന്വയം:–

| | |
|---|---|
| ഹേ ഇന്ദ്ര, യൽ ത്വാ സുന്വന്തഃ | — യദ്ധനം സോമമഭിഷുണ്വന്തോ വയം |
| ഈമഹേ | — യാചാമഹേ |
| തൽ നഃ നൂനം ബോധി | — തദ്ധനമസ്മഭ്യമവശ്യന്ദദസ്വ |
| (അപിച) ചിത്രം, സ്വഃ–വിദം | — ചായനീയം, സ്വർഗ്ഗസ്യലംഭകം |
| രയിം നഃ ആ ഭര | — പുത്രമസ്മഭ്യം മാ ഹര |

അർത്ഥം–അല്ലയോ ഇന്ദ്ര, യാതൊരു ധനം അവിടുത്തോട് സോമസംസ്കർത്താക്കളായ ഞങ്ങൾ യാചിക്കുന്നുവോ, അതു നിശ്ചയമായും ഞങ്ങൾക്കു തന്നാലും. കൂടാതെ കാമിയ്ക്കത്തക്കവനും സ്വർഗ്ഗം നേടിത്തരുന്നവനുമായ പുത്രനെ ഞങ്ങൾക്കുണ്ടാക്കിത്തന്നാലും.

6 സ്തോതായത്തേവിചർഷണി
രതിപ്രശർദ്ധയദ്ഗിരഃ
വയാഇവാനുരോഹതേജുഷന്തയൽ

അന്വയം:–

(ഹേ ഇന്ദ്ര,)

| | |
|---|---|
| വി–ചർഷണിഃ സ്തോതാ | — വിശേഷേണ ദ്രഷ്ടാ സ്തോതാ |
| തേ ഗിരഃ യൽ | — തുഭ്യം, ത്വദർത്ഥം സ്തുതീര്യദാ |
| അതി–പ്രശർദ്ധയൽ | — ശത്രൂണാം പ്രസഹനസമർത്ഥാഃ അതിശയേന പ്രശർദ്ധയിത്രീരകരോൽ |
| യൽ ജുഷന്ത | — യദാ ച താഗിരഃ ത്വാമസേവന്ത |
| (തദാ) വയാഃ–ഇവ | — യഥൈകസ്മിൻ വൃക്ഷേ ബഹ്വ്യശ്ശാഖാഃ ഉപരി പ്രരോഹന്തി തഥാ |
| അനു രോഹതേ | — സ്തുത്യാ സർവ്വേഗ്ഗുണാഃ ത്വയി പ്രരോഹന്തി |

അൎത്ഥം-അല്ലയോ ഇന്ദ്ര, നന്നായെല്ലാം കാണുന്ന സ്തോതാവ് അവിടേയ്ക്കുവേണ്ടി സ്തുതികളെ ശത്രുജയസമൎത്ഥങ്ങളാക്കിയപ്പോൾ, ആ സ്തുതികൾ അവിടുത്തെ പ്രാപിച്ചപ്പോൾ, ഒരു മരത്തിൽ പല കൊമ്പുകൾ മുകളിൽ പൊടിക്കുന്നതുപോലെ സ്തുതിയാൽ സൎവ്വഗുണങ്ങളും അവിടുന്നിൽ പൊട്ടിമുളക്കുന്നു. (മഹൎഷിമാരുടെ ഗുണാരോപണം ഇന്ദ്രങ്കൽ ഗുണങ്ങൾ വളൎത്തുന്നു.)

7 പ്രത്നവജ്ജനയാഗിര
ശ്ശൃണുധീജരിതുൎഹവം
മദേമദേവവക്ഷിഥാസുകൃത്വനേ

അന്വയം:–

| | |
|---|---|
| (ഹേ ഇന്ദ്ര) പ്രത്ന–വൽ | — പുരായഥാസ്തോതൃഭ്യഃ അപേക്ഷിതഫലപ്രദാനേനസ്തുതീൎജ്ജനയസി, ഏവമിദാനീമപി |
| ഗിരഃ ജനയ | — സ്തുതീരുൽപാദയ |
| ജരിതുഃ ഹവം ശൃണുധി | — സ്തോതുരാഹ്വാനം ശൃണു, ജാനീഹി |
| (താദൃശസ്ത്വം) മദേ–മദേ | — സോമേനതൎപ്പണേ തൎപ്പണേ സതി |
| സു–കൃത്വനേ | — ശോഭനകൎത്ത്രേ യജമാനായ |
| വവക്ഷിഥ | — അപേക്ഷിതഫലം വഹസി, ദദാസി |

അൎത്ഥം–അല്ലയോ ഇന്ദ്ര, പണ്ടേപ്രകാരം സ്തോതാക്കൾക്ക് ഉദ്ദിഷ്ടഫലപ്രാപ്തിക്കായി അവിടുന്ന് സ്തുതികളുണ്ടാക്കികൊടുത്തുവോ, അതായത് ഉള്ളിൽ തോന്നിച്ചുവോ, അതുപോലെ ഇപ്പോഴും സ്തോത്രങ്ങൾ ഉൽപാദിപ്പിച്ചാലും, ഞങ്ങളുടെ മനസ്സിലുദിപ്പിച്ചാലും. എന്നിട്ട് സ്തോതാവിന്റെ വിളി കേട്ടാലും. അപ്രകാരമുള്ള അവിടുന്ന് സോമപാനംകൊണ്ടുള്ള തൃപ്തിയിൽ തൃപ്തിയിൽ, സൽകൎമ്മവാനായ യജമാനന്ന് പ്രാൎത്ഥിക്കപ്പെട്ട ഫലം കൊടുക്കുന്നു.

8 ക്രീളന്ത്യസ്യസൂനൃതാ
ആപോനപ്രവതായതീഃ
അയാധിയായഉച്യതേപതിർദ്ദിവഃ

അന്വയം:—

| | |
|---|---|
| ദിവഃ പതിഃ യഃ (ഇന്ദ്രഃ) | — സ്വർഗ്ഗസ്യപാലയിതായസ്സഃ |
| അയാ ധിയാ ഉച്യതേ | — അനയാസ്തുത്യാപ്രതിപാദ്യതേ |
| അസ്യ സൂനൃതാഃ | — പ്രിയസത്യാത്മികാവാചഃ |
| പ്ര–വതാ യതീഃ | |
| ആപഃ ന | — പ്രവണേനമാർഗ്ഗേണഗച്ഛന്ത്യഃ<br>യഥാവിഹരന്തി തദ്വൽ |
| ക്രീളന്തി | — വിഹരന്തി |

അർത്ഥം—സ്വർഗ്ഗപാലകനായ യാതൊരിന്ദ്രൻ ഈ സ്തുതിയാൽ പ്രതിപാദിക്കപ്പെടുന്നുവോ, ആ ഇന്ദ്രന്റെ പ്രിയങ്ങളും സത്യങ്ങളുമായ വാക്കുകൾ (അനുഗ്രഹങ്ങൾ) താഴ്ന്നിടങ്ങളിലേയ്ക്കൊഴുകുന്ന ജലങ്ങൾപോലെ, ഉപാസകരിൽ വിഹരിക്കുന്നു. (താഴ്ന്നവരിൽ, വിനീതരിൽ കൂടുതലെത്തുന്നു എന്നും സൂചന)

9 ഉതോപതിര്യഉച്യതേ
കൃഷ്ടീനാമേകഇദ്വശീ
നമോവൃധൈരവസ്യുഭിസ്സുതേരണ

അന്വയം:—

| | |
|---|---|
| ഉതോ വശീ ഏകഃ ഇൽ | — അപിചവശയിതാ ഏക ഏവ |
| കൃഷ്ടീനാം പതിഃ | — മനുഷ്യാണാം പാലയിതാഇതി |
| യഃ നമഃ-വൃധൈഃ | — നമസാ, സ്തോത്രേണ<br>വർദ്ധയിതൃഭിഃ |
| അവസ്യു-ഭിഃ ഉച്യതേ | — രക്ഷണേച്ഛുഭിഃ<br>പ്രതിപാദ്യതേ |

(സഃ ത്വം) [illegible] രമസ്വ

അൎത്ഥം—കൂടാതെ, ലോകം മുഴുവൻ സ്വവശത്താക്കുന്ന മുഖ്യനായ ഏവൻ, മനുഷ്യരക്ഷകനെന്നു്, അവിടുത്തെ സ്തോത്രങ്ങളാൽ വളൎത്തുന്നവരാലും രക്ഷണമിച്ഛിക്കുന്നവരാലും പറയപ്പെടുന്നുവോ, ആ അവിടുന്നു് സംസ്കരിച്ച സോമത്തിൽ രമിച്ചാലും.

10 സ്തുഹിശ്രുതംവിപശ്ചിതം
ഹരീയസ്യപ്രസക്ഷിണാ
ഗന്താരാദാശുഷോഗൃഹന്നമസ്വിനഃ വ. 8

അന്വയം:—

| | |
|---|---|
| (ഹേ സ്തോതഃ,) | |
| യസ്യ ഹരീ | — അശ്വൗ |
| പ്ര—സക്ഷിണാ | — ശത്രൂണാം പ്രസഹനശീലൗ |
| നമസ്വിനഃ ദാശുഷഃ | — ഹവിഷ്മതോ യജമാനസ്യ |
| ഗൃഹം ഗന്താരാ | — യജ്ഞഗൃഹം ഗമനശീലൗ |
| (തം) വിപഃ—ചിതം, | |
| ശ്രുതം സ്തുഹി | — വിശിഷ്ടജ്ഞാനം, വിശ്രുതമിന്ദ്രം പ്രശംസ |

അൎത്ഥം—അല്ലയോ സ്തോതാവേ, ആരുടെ കുതിരകൾ ശത്രുജയശീലമുള്ളവയും ഹവിസ്സേന്തിക്കൊടുക്കുന്ന യജമാനന്റെ യാഗശാലയിൽ പോകുന്നവയുമാണോ, ആ വിദ്വാനും വിശ്രുതനുമായ ഇന്ദ്രനെ സ്തുതിക്കുക.

11 ഋതുജാനോമഹേമതേ
ശ്വേഭിഃപ്രുഷിതഫ്സുഭിഃ
ആയാഹിയജ്ഞമാശുഭിശ്ശമിദ്ധിതേ

അന്വയം:—

| | |
|---|---|
| ഹേ മഹേ—മതേ, | — മഹതേ ഫലായ മതിഃ യസ്യാസൗ, താദൃശ ഇന്ദ്ര, |
| പ്രുഷിതഫ്സു—ഭിഃ | — സ്നിഗ്ധരൂപൈഃ |

ആശു-ഭിഃ അശ്വേഭിഃ — ശീഘ്രഗമനൈരശ്വൈഃ
തുതുജാനഃ യജ്ഞം ആ യാഹി — ത്വരമാണോഽസ്മദീയം യജ്ഞമാഗച്ഛ
ഹി തേ ശം ഇൽ — തവ തസ്മിൻ യജ്ഞേ സുഖം വിദ്യതേ ഏവ

അർത്ഥം—മഹത്തായ ഫലമേകാനുള്ള ബുദ്ധിയോടുകൂടിയ ഇന്ദ്ര, എണ്ണമയമാർന്നവയും ഗതിവേഗമുററവയുമായ കുതിരകളാൽ ബദ്ധപ്പാടോടുകൂടി ഞങ്ങളുടെ യജ്ഞത്തെ പ്രാപിച്ചാലും. കാരണം, അവിടുത്തേയ്ക്കു ഈ യാഗത്തിൽ സുഖമുണ്ടെന്നതു തന്നെ.

12 ഇന്ദ്രശവിഷ്ഠസൽപതേ

രയിംഗൃണൽസുധാരയ

ശ്രവസ്സൂരിഭ്യോഅമൃതംവസുത്വനം

അന്വയം:—

ഹേ ശവിഷ്ഠ,
സൽ-പതേ, ഇന്ദ്ര, — ബലവത്തമ, സതാംപാലയിതരിന്ദ്ര,
ഗൃണൽ-സു രയിം ധാരയ — സ്തോതൃഷു ധനമവസ്ഥാപയ
(അപിച) സൂരി-ഭ്യഃ
അമൃതം — സ്തോതൃഭ്യഃ അനശ്വരം
വസു-ത്വനം ശ്രവഃ — വ്യാപ്തിമദ്യശോദേഹി

അർത്ഥം—ഏററവും ബലവാനും സത്തുക്കളുടെ നാഥനുമായ ഇന്ദ്ര, സ്തോതാക്കളിൽ ധനമുളവാക്കിയാലും. കൂടാതെ, സ്തോതാക്കൾക്കു് അനശ്വരവും സർവ്വത്ര വ്യാപിച്ചതുമായ കീർത്തി തന്നരുളിയാലും.

13 ഹവേത്വാസൂരഉദിതേ

ഹവേമദ്ധ്യന്ദിനേദിവഃ

ജുഷാണഇന്ദ്രസപ്തിഭിർന്നആഗഹി

അന്വയം:–

ഹേ ഇന്ദ്ര, സൂരേ
ഉൽ–ഇതേ ത്വാ ഹവേ — സൂര്യേ ഉദയം പ്രാപ്തേസതി,
പ്രാതസ്സവനേ ത്വാമാഹ്വയേ
(തഥാ) ദിവഃ മദ്ധ്യന്ദിനേ
ഹവേ — ദിവസസ്യ മാദ്ധ്യന്ദിനസവനേ
ആഹ്വയേ
(സഃ ത്വം) ജുഷാണഃ — പ്രീയമാണഃ
സപ്തി–ഭിഃ നഃ ആ ഗഹി — സർപ്പണശീലൈരശ്വൈരസ്മാനാ
ഗച്ഛ

അർത്ഥം—അല്ലയോ ഇന്ദ്ര, സൂര്യനുദിക്കവേ, പ്രാതസ്സവനത്തിൽ ഞങ്ങളവിടുത്തെ വിളിക്കുന്നു. അതുപോലെ ദിവസമദ്ധ്യത്തിൽ മാദ്ധ്യന്ദിനസവനത്തിൽ അവിടുത്തെ വിളിക്കുന്നു. അപ്രകാരമുള്ള അവിടുന്ന് പ്രീയമാണമനസ്കനായി ഞങ്ങളെ പ്രാപിച്ചാലും.

14 ആതൂഗ॑ഹി॒പ്രതുദ്ര॑വ॒

മത്സ്വാ॑സു॒തസ്യ॒ഗോമ॑തഃ

തന്തും॑തനുഷ്വപൂ॒ർവ്യംയഥാ॑വി॒ദേ

അന്വയം:–

(ഹേ ഇന്ദ്ര,) തു ആ ഗഹി - ക്ഷിപ്രമാഗച്ഛ
(ആഗത്യ) തു പ്ര ദ്രവ — സോമസ്ഥാനം ക്ഷിപ്രം ഗച്ഛ
(ഗത്വാ) ഗോ–മതഃ
സുതസ്യ മത്സ്വ — ഗോവികാരൈഃ, പയഃ പ്രഭൃതി
ഭിശ്രയണദ്രവ്യൈര്യുക്തസ്യ
അഭിഷുതസ്യ സോമസ്യ
പാനേനമാദ്യ, ഹൃഷ്ടോ ഭവ
(തദനന്തരം) യഥാ വിദേ — യഥാഹമുപലഭേ തഥാ
പൂർവ്യം തന്തും തനുഷ്വ — പൂർവൈഃ കൃതം വിസ്തൃതം
യജ്ഞം സമ്യങ്നിഷ്പാദയ,
ഫലോല്പാദനസമർത്ഥം കുരു

അൎത്ഥം—അല്ലയോ ഇന്ദ്ര, വേഗം വന്നാലും. സോമസ്ഥാനത്തു് വേഗമെത്തിയാലും. എത്തിയിട്ടു്, പാൽ മുതലായി ചേൎക്കേണ്ടും ദ്രവ്യങ്ങൾ ചേൎത്തു് സംസ്കരിച്ച സോമം കുടിച്ചു് ഹൎഷം പൂണ്ടാലും. അതിന്നുശേഷം എനിക്കു് ഫലം ലഭിക്കാവുന്നവിധം, പൂൎവ്വന്മാരാൽ അനുഷ്ഠിക്കപ്പെട്ട ഈ മഹത്തായ യജ്ഞം, കഴിപ്പിച്ചുതന്നാലും.

15 യച്ഛക്രാസിപരാവതി
യദൎവ്വാവതിവൃത്രഹൻ
യദ്വാസമുദ്രേഅന്ധസോവിതേദസി വ. 9

അന്വയം:_

| | |
|---|---|
| ഹേ വൃത്ര–ഹൻ, ശക്ര, | — വൃത്രഹന്തഃ, ശക്രേന്ദ്ര, |
| പരാ–വതി യൽ<br>(അസി) | — ത്വം ദൂരദേശേയദി ഭവസി |
| യൽ അൎവ്വ–വതി | — യദി സമീപേ വൎത്തസേ |
| യൽ വാ സമുദ്രേ | — ജലധൌയദിവാവൎത്തസേ |
| (തസ്മാൽ സൎവ്വസ്മാൽ സ്ഥാനാദാഗത്യ) | |
| അന്ധസഃ | — സോമാന്നസ്യ പാനേന |
| അവിതാ ഇൽ അസി | — രക്ഷിതാ ഏവ ഭവസി |

അൎത്ഥം–വൃത്രഹന്താവും ശക്തനുമായ ഇന്ദ്ര, അവിടുന്നു് ദൂരദേശത്താണെങ്കിലും സമീപത്തിൽ വൎത്തിക്കുന്നുവെങ്കിലും, അല്ലെങ്കിൽ സമുദ്രത്തിൽ വസിക്കുന്നുവെങ്കിലും, ആ സ്ഥാനത്തുനിന്നെല്ലാം വന്നു് സോമാന്നത്തിന്റെ പാനം കൊണ്ടു് ഞങ്ങൾക്കു് രക്ഷിതാവായിത്തന്നെ ഭവിക്കുന്നു.

16 ഇന്ദ്രംവൎദ്ധന്തുനോഗിര
ഇന്ദ്രംസുതാസഇന്ദവഃ
ഇന്ദ്രേഹവിഷ്മതീൎവ്വിശോഅരാണിഷുഃ

അന്വയം:—

| | | |
|---|---|---|
| നഃ ഗിരഃ ഇന്ദ്രം വർദ്ധന്തു | — | അസ്മാകം സ്തുതിരൂപാവാച ഇന്ദ്രം വർദ്ധയന്തു |
| സുതാസഃ ഇന്ദവഃ ഇന്ദ്രം | — | അഭിഷുതാഃ അസ്മദീയാ സ്സോമാസ്തം വർദ്ധയന്തു |
| ഹവിഷ്മതീഃ വിശഃ | — | ഹവിർഭിര്യുക്താഃ പ്രജാഃ |
| ഇന്ദ്രേ അരാണിഷുഃ | — | അരംസിഷുഃ |

അർത്ഥം—നമ്മുടെ സ്തുതിരൂപങ്ങളായ വാക്കുകൾ ഇന്ദ്രനെ വർദ്ധിപ്പിക്കട്ടെ. സംസ്കരിക്കപ്പെട്ട സോമങ്ങൾ ഇന്ദ്രനെ വർദ്ധിപ്പിക്കട്ടെ. ഹവിസ്സേന്തിയ പ്രജകൾ, യജമാനന്മാർ, ഇന്ദ്രങ്കലാണു് രമിക്കുന്നതു്.

17 തമിദ്വിപ്രാഅവസ്യവഃ

പ്രവത്വതീഭിരൂതിഭിഃ

ഇന്ദ്രംക്ഷോണീരവർദ്ധയൻവയാഇവ

അന്വയം:—

| | | |
|---|---|---|
| വിപ്രാഃ അവസ്യവഃ | — | മേധാവിനോരക്ഷണ കാമാസ്തോതാരഃ |
| തം ഇൽ ഇന്ദ്രം | — | തമേവേന്ദ്രം |
| പ്രവത്വതീഭിഃ ഊതി–ഭിഃ | — | പ്രകർഷേണാഭിഗന്ത്രീഭിഃ, തൃപ്തികരീഭി– രാഹുതീഭിർവ്വർദ്ധയന്തി |
| (തഥാ) ക്ഷോണീഃ | — | പൃഥിവ്യുപലക്ഷിതാസ്സർവ്വേ ലോകാഃ |
| വയാഃ–ഇവ | — | വൃക്ഷസ്യശാഖാഇവ തദധീനാസ്സന്തഃ |
| അവർദ്ധയൻ | — | വർദ്ധയന്തി |

അർത്ഥം_മേധാവികളും രക്ഷണമിച്ഛിക്കുന്നവരുമായ സ്തോതാക്കൾ നേരെ ചെല്ലുന്ന, തൃപ്തിയേററുന്ന ആഹുതികളാൽ ആ ഇന്ദ്രനെത്തന്നെയാണു് വർദ്ധിപ്പിക്കുന്നതു്. പിന്നെ, ഭൂമിയടക്കമുള്ള ലോകങ്ങൾ, മരത്തിന്നു കൊമ്പുകൾ പോലെ, അവിടേക്കധീനങ്ങളായിട്ടാണു് വളരുന്നതു്.

18 ത്രികദ്രുകേഷുചേതനം
ദേവാസോയജ്ഞമത്നത
തമിദ്വദ്ധന്തുനോഗിരസ്സദാവൃധം

അന്വയം:-

ത്രി-കദ്രുകേഷു — ജ്യോതിഗ്ഗൌരായുരിതിത്രീണ്യഭിപ്ലവികാന്യഹാനി, തേഷു
ദേവാസഃ ചേതനം — ദേവാഃ ചേതയിതാരമിന്ദ്രം
യജ്ഞം അത്നത — യഷ്ടവ്യമകൃഷത
സദാ-വൃധം — സവ്വദാസ്തോതൄണാം വദ്ധയിതാരം
തം ഇൽ നഃ ഗിരഃ വദ്ധന്തു— തമേവേന്ദ്രമസ്മാകം സ്തുതയോ വദ്ധയന്തു

അത്ഥം-ജ്യോതിസ്സ്, ഗോവ്, ആയുസ്സ് എന്നിപ്രകാരം അഭിപ്ലവികങ്ങളായ ദിവസങ്ങളിൽ ദേവന്മാർ ജ്ഞാനദാതാവായ ഇന്ദ്രനെ യജിക്കപ്പെടേണ്ടവനാക്കി ചെയ്തു. എപ്പോഴും സ്തോതാക്കളെ വളത്തുന്ന ആ ഇന്ദ്രനെത്തന്നെ നമ്മുടെ സ്തുതികൾ വദ്ധിപ്പിക്കട്ടെ.

19 സ്തോതായത്തേ.അനുവ്രത
ഉക്ഥാന്യൃതുഥാദധേ
ശുചിഃപാവകഉച്യതേസോഅദ്ഭുതഃ

അന്വയം:-

(ഹേ ഇന്ദ്ര) യൽ തേ
സ്തോതാ — യസ്യതവസ്തോതാ
അനു-വ്രതഃ — അനുകൂലകമ്മാസൻ
ഋതു..ഥാ ഉക്ഥാനി ദധേ— ഋതുഷു, കാലേകാലേ ശസ്ത്രാണി വിധത്തേ, കരോതി

സഃ അദ്ഭുതഃ, ശുചിഃ
പാവകഃ, ഉച്യതേ — സത്വമാശ്ചര്യഭൂതഃ, ശുദ്ധഃ, അന്യേഷാം ശോധയിതാച സ്തൂയതേ

അർത്ഥം—അല്ലയോ ഇന്ദ്ര, യാതൊരവിടുത്തേയ്ക്കാണോ സ്തോതാവ് അനുകൂലകർമ്മാവായി, അതാത്തു് ഋതുക്കളിൽ, കാലങ്ങളിൽ, ശസ്ത്രങ്ങൾ ചൊല്ലുന്നതു്, ആ അവിടുന്ന് ആശ്ചര്യഭൂതനും, ശുദ്ധനും, മററുള്ളവരെ ശുദ്ധീകരിക്കുന്നവനുമെന്ന് പറയപ്പെടുന്നു, പുകഴ്ത്തപ്പെടുന്നു.

20 തദിദ്രുദ്രസ്യചേതതി
യഹ്വംപ്രത്നേഷുധാമസു
മനോയത്രാവിതദ്ദധുർവ്വിചേതസഃ വ 10

അന്വയം:—

യത്ര വി-ചേതസഃ — വിശിഷ്ടജ്ഞാനാസ്തോതാരഃ
തൽ മനഃ വി ദധുഃ — പ്രസിദ്ധം മനനസാധനം സ്തോത്രം കുർവ്വന്തി
തൽ ഇൽ രുദ്രസ്യ — തദേവരുദ്രപുത്രസ്യമരുൽഗണസ്യ
യഹ്വം പ്രത്നേഷു — മഹൽബലം ചിരന്തനേഷു
ധാമ-സു ചേതതി — പൃഥിവ്യാദിഷുസ്ഥാനേഷു ജ്ഞായതേ

അർത്ഥം—യാതൊരിടത്തു് വിജ്ഞന്മാരായ സ്തോതാക്കൾ പ്രസിദ്ധമായ, ധ്യാനസാധനമായ സ്തോത്രം ചൊല്ലുന്നുവോ, അതേ രുദ്രപുത്ര (മരുൽ) സമൂഹത്തിന്റെ മഹത്തായ ബലം ഭൂമിമുതലായ സ്ഥാനങ്ങളിലറിയപ്പെടുന്നു. അതായത്തു് സ്തോത്രംകൊണ്ടുളവായ മരുത്തുക്കളുടെ ബലം ഭൂമ്യാദിസ്ഥാനങ്ങളിൽ അനുഭവപ്പെടുന്നു.

21 യദിമേസഖ്യമാവര

ഇമസ്യപാഹ്യന്ധസഃ

യേനവിശ്വാ അതിദ്വിഷോഅതാരിമ

അന്വയം:—

| | |
|---|---|
| (ഹേ ഇന്ദ്ര,) മേ സഖ്യം | |
| യദി ആ-വരഃ | — യദി മമ സഖിത്വമാഭിമുഖ്യേന വൃണയാഃ, തർഹി |
| യേന | — ത്വൽപീതേന സോമേന ഹേതുനാവയം |
| വിശ്വാഃ ദ്വിഷഃ അതി | |
| അതാരിമ | — സവ്വാഃ ദ്വേഷ്ടീഃ അതിതരേമ, അതിക്രമേമ |
| ഇമസ്യ അന്ധസഃ പാഹി | - പുരോവത്തിനസ്സോമാന്നസ്യ സ്വാംശം പിബ |

അത്ഥം—അല്ലയോ ഇന്ദ്ര, എന്റെ ചങ്ങാതം നേരെ കൈക്കൊള്ളുന്നുവെങ്കിൽ, അവിടുന്നു് കുടിച്ച യാതൊരു സോമം കാരണമായി എല്ലാ ശത്രുക്കളെയും ഞങ്ങൾ കടന്നു നില്ക്കുമോ, അതിക്രമിക്കുമോ, മുമ്പിൽ വച്ചിട്ടുള്ള ആ സോമാന്നത്തിന്റെ സ്വന്തമംശം കുടിച്ചാലും.

22 കദാതഇന്ദ്രഗിവ്വണ

സ്തോതാഭവാതിശന്തമഃ

കദാനോഗവ്യേഅശ്വ്യേവസൗദധഃ

അന്വയം:—

| | |
|---|---|
| ഹേ ഗിവ്വണഃ, ഇന്ദ്ര, | — സ്തുതിഭിർജനീയേന്ദ്ര |
| തേ സ്തോതാ ശം—തമഃ | — തവസ്തോതാതിശയേന സുഖവാൻ |
| കദാ ഭവാതി? | — കസ്മിൻ കാലേഭവേതി? |

| | |
|---|---|
| കദാ നഃ ഗവ്യേ | — അസ്മാകം ഗോസമൂഹേ |
| അശ്വ്യേ, വസൌ ദധഃ? | — അശ്വസങ്ഘേ, നിവാസഭൃതേന്യസ്മിന്നപി ധനേ ധാരയേഃ? |

അർത്ഥം—സ്തുതികളാൽ പ്രാപിയ്ക്കാവുന്ന ഇന്ദ്ര, അവിടത്തെ സ്തുതിക്കുന്നവൻ ഏതു കാലത്തിലാണു് ഏററവും സുഖമുററവനാവുക? എന്നാണു് പശുക്കൂട്ടത്തെയും കുതിരക്കൂട്ടത്തെയും ജീവിയ്ക്കാൻ പററുന്ന മററു ധനത്തെയും നേടുക?

23 ഉതതേസുഷ്ടുതാഹരീ
വൃഷണാവഹതോരഥം
അജൂര്യസ്യമദിന്തമംയമീമഹേ

അന്വയം:—

| | |
|---|---|
| (ഹേ ഇന്ദ്ര,) ഉത | |
| സു—സ്തുതാ | — അപിച ശോഭനസ്തുതൌ |
| വൃഷണാ ഹരീ | — വൃഷണൌ, കാമാനാം വർഷിതാരാവശ്വൌ |
| മദിൻ—തമം യം | — അതിശയേന മദവന്തം യം ത്വാം |
| ഈമഹേ | — ധനം യാചാമഹേ |
| (തസ്യ) അജൂര്യസ്യ തേ | - ജരാരഹിതസ്യ തവ |
| രഥം വഹതഃ | — അസ്മന്നികടം പ്രാപയതഃ |

അർത്ഥം—അല്ലയോ ഇന്ദ്ര, ഏററവും ഹർഷംപൂണ്ട യാതൊരവിടത്തോടു് ഞങ്ങൾ ധനം യാചിക്കുന്നുവോ, ജരബാധിക്കാത്ത, ക്ഷീണമേശാത്ത ആ അവിടത്തെ തേരിനെ, നന്നായി സ്തുതിക്കപ്പെട്ടവയും അഭീഷ്ടം വർഷിക്കുന്നവയുമായ ഹരികളെന്ന കുതിരകൾ ഞങ്ങളുടെ സ്ഥാനത്തെത്തിയ്ക്കുന്നു.

24 തമീമഹേപുരുഷ്ടുതം
യഹ്വംപ്രത്നാഭിരൂതിഭിഃ
നിബർഹിഷിപ്രിയേസദദധദ്വിതാ

അന്വയം:—

| | | |
|---|---|---|
| യഹ്വം, പുരു–സ്തുതം | — | മഹാന്തം, ബഹുഭിസ്തുതം |
| തം പ്രത്നാഭിഃ ഊതി–ഭിഃ | | |
| ഈമഹേ | — | ഇന്ദ്രം പുരാണീഭിഃ,<br>തൃപ്തികരീഭിഃ സോമാഹുതിഭി<br>ര്യാചാമഹേ |
| (സചേന്ദ്രഃ) പ്രിയേ | | |
| ബർഹിഷി | — | പ്രീതികരേ ദർഭാസ്തരണേ |
| നി സദൽ | — | ഹവിസ്വീകരണായ നിഷീദതു,<br>ഉപവിശതു |
| അധ ദ്വിതാ | — | ദ്വിധാവർത്തമാനാനി പുരോഡാ<br>ശാദീനി സോമാന്നാനി ച<br>സ്വീകരോതു |

അർത്ഥം—മഹാനും വളരെപ്പേരാൽ സ്തുതിക്കപ്പെട്ടവനുമായ ഇന്ദ്രനോടു്, പണ്ടേ നടപ്പുള്ള, തൃപ്തിവളർത്തുന്ന സോമാഹുതികളോടുകൂടി (അഭീഷ്ടം) യാചിക്കുന്നു. ആ ഇന്ദ്രൻ പ്രീതികരമായ ദർഭവിരിയിൽ ഹവിസ്സു കൈക്കൊള്ളുവാൻ വന്നിരിക്കട്ടെ. പിന്നെ, പുരോഡാശാദിയും സോമാന്നവുമായ രണ്ടുവിധം ഹവിസ്സുകളും സ്വീകരിക്കട്ടെ.

25 വർദ്ധസ്വാസുപുരുഷ്ടുത
ഋഷിഷ്ടുതാഭിരൂതിഭിഃ
ധുക്ഷസ്വപിപ്യുഷീമിഷമവാചനഃ വ. 11

അന്വയം:—

| | | |
|---|---|---|
| ഹേ പുരു–സ്തുത, | — | ബഹുഭിസ്തുതേന്ദ്ര, |
| ഋഷി–സ്തുതാഭിഃ | | |
| ഊതി–ഭിഃ | — | ഋഷിഭിഃ മന്ത്രദർശിഭിഃ പുരാ<br>സ്തുതാഭീരക്ഷാഭിഃ |
| സു വർധസ്വ | — | സുഷ്ഠുവർദ്ധയ |
| നഃ ച പിപ്യുഷീം ഇഷം | — | അസ്മഭ്യഞ്ച പ്രവൃദ്ധമന്നം |
| അവ ധുക്ഷസ്വ | — | അവാങ്ങ്മുഖം, അസ്മദഭിമുഖം<br>ക്ഷാരയ, ദേഹി |

അർത്ഥം—വളരെപ്പേരാൽ സ്തുതിക്കപ്പെട്ട ഇന്ദ്ര, മന്ത്രദർശികളായ ഋഷികളാൽ പണ്ടാശംസിക്കപ്പെട്ട രക്ഷകളോടുകൂടി നന്നായി വർദ്ധിച്ചാലും. ഞങ്ങൾക്കു ധാരാളമന്നം കീഴ്പോട്ട്, ഞങ്ങൾക്കു നേരെ, ഇട്ടുതന്നാലും.

26 ഇന്ദ്രത്വമവിതേദ്
സീത്ഥാസ്തുവതോഅദ്രിവഃ
ഋതാദിയർമ്മിതേധിയംമനോയുജം

അന്വയം:—

| | |
|---|---|
| ഹേ അദ്രി-വഃ, ഇന്ദ്ര, | — വജ്രവന്നിന്ദ്ര, |
| ത്വം ഇത്ഥാ സ്തുവതഃ | — ഇത്ഥം സ്തുവതോ യജമാനസ്യ |
| അവിതാ ഇൽ അസി | — രക്ഷിതാ ഏവ ഭവസി |
| (യത ഏവമതഃ) ഋതാൽ | — യജ്ഞാദ്ധേതോഃ |
| മനഃ—യുജം | — മനസാ, സ്തോത്രേണ സുപ്രാപ്യാം |
| തേ ധിയം ഇയർമ്മി | — ത്വദീയാമനുഗ്രഹബുദ്ധിം പ്രാപ്നോമി |

അർത്ഥം—അല്ലയോ വജ്രവാനായ ഇന്ദ്ര, ഇപ്രകാരം സ്തുതിക്കുന്ന യജമാനന്ന് അവിടുന്ന് രക്ഷിതാവുതന്നെയാകുന്നു. അക്കാരണത്താൽ യജ്ഞത്താൽ സ്തോത്രംകൊണ്ടെത്താവുന്ന അവിടുത്തെ അനുഗ്രഹബുദ്ധിയെ ഞാൻ പ്രാപിക്കുന്നു.

27 ഇഹത്യാസധമാദ്യാ
യുജാനസ്സോമപീതയേ
ഹരീഇന്ദ്രപ്രതദ്വസൂഅഭിസ്വര

അന്വയം:—

| | |
|---|---|
| ഹേ ഇന്ദ്ര, ത്യാ | |
| സധ—മാദ്യാ | — തൌ, ഹവിർഭിസ്സഹമാദയിതവ്യൌ |
| പ്രതൽ-വസൂ | — പ്രണതവസൂ, വിസ്തീർണ്ണധനൌ |

ഹരീ യുജാനഃ — അശ്വൗരഥേ സംയോജയൻ
ഇഹ സോമ–പീതയേ — അസ്മിൻ യാഗേസോമപാനായ
അഭി സ്വര — അഭിഗച്ഛ

അർത്ഥം-അല്ലയോ ഇന്ദ്ര, പ്രസിദ്ധങ്ങളും ഹവിസ്സുകളാൽ ഒപ്പം ഹർഷിപ്പിക്കപ്പെടേണ്ടവയും ധാരാളം ധനമൊത്തവയുമായ അവിടുത്തെ ഹരികളെന്ന കുതിരകളെ തേരിൽ പൂട്ടി, ഈ യാഗത്തിൽ സോമപാനത്തിന്നായി നേരെവന്നാലും.

28 അഭിസ്വരന്തുയേതവ

രുദ്രാസസ്സക്ഷതശ്രീയം

ഉതോമരുത്വതീവ്വിശോഅഭിപ്രയഃ

അന്വയം:–
തവ രുദ്രാസഃ യേ — തവാനുചരായേ രുദ്രപുത്രാ
മരുതസ്സന്തി, തേ
അഭി സ്വരന്തു — അഭിഗച്ഛന്തു
(തേ) ശ്രിയം സക്ഷത — ശ്രയണീയമിമം യജ്ഞം
സചന്തു, പ്രാപ്നുവന്തു
ഉതോ മരുത്വതീഃ വിശഃ — അപിചമരുത്ഭിര്യുക്താഃ അന്യാ
അപിദൈവീഃ പ്രജാഃ
പ്രയഃ അഭി — ഹവിരന്നമഭിഗച്ഛന്തു

അർത്ഥം–അവിടുത്തെ അനുചരന്മാർ, രുദ്രപുത്രന്മാരായ മരുത്തുക്കളേവരോ, അവർ വന്നുചേരട്ടെ. സോമത്തോട് പാൽ മുതലായവ ചേർക്കുന്ന ഈ യജ്ഞത്തെ അവർ പ്രാപിക്കട്ടെ. പിന്നെ, മരുത്തുക്കളോടു ചേർന്ന മററു ദേവജനങ്ങളും ഹവിരന്നത്തെ പ്രാപിക്കട്ടെ.

29 ഇമാഅസ്യപ്രതൂത്തയഃ

പദഞ്ജുഷന്തയദ്ദിവി

നാഭായജ്ഞസ്യസന്ദധുര്യഥാവിദേ

അന്വയം:—

അസ്യ ഇമാഃ — ഇന്ദ്രസ്യപൂർവ്വോക്താമരുദാദിരൂപാഃ പ്രജാഃ
പ്ര-തൂർത്തയഃ — പ്രകർഷേണശത്രൂണാം ഹിംസിത്ര്യസ്സത്യഃ
ദിവി യൽ — ദ്യുലോകേ യൽ സ്ഥാനമന്യൈർ ദുഷ്പ്രാപമസ്തി, തൽ
പദം ജുഷന്ത — സ്ഥാനമസേവന്ത
(അപി ച താഃ) യജ്ഞസ്യ
നാഭാ — നാഭൌ, നാഭിസ്ഥാനീയേ ഹവിർദ്ധാനേ
യഥാ വിദേ സം ദധുഃ — യേന പ്രകാരേണാപേക്ഷിതം ഫലം ലഭേ, തഥാ, സം നിദധതേ

അർത്ഥം–ഇന്ദ്രന്റെ മുൻ പറഞ്ഞ മരുത്തുക്കൾ മുതലായ പ്രജകൾ ശത്രുക്കളെ വേണ്ടപോലെ അമർത്തുന്നവരായി, സ്വർഗ്ഗത്തിൽ, മററാർക്കും പ്രാപിക്കാൻ കഴിയാത്ത സ്ഥാനം പ്രാപിച്ചിരിക്കുന്നു. കൂടാതെ, യജ്ഞത്തിന്റെ ഉത്തമസ്ഥാനമായ ഹവിർദ്ധാനത്തിൽ ആഗ്രഹിച്ച ഫലം ലഭിക്കുമാറ് സന്നിധാനം ചെയ്യുന്നു.

30 അയംദീർഘായചക്ഷസേ
പ്രാചിപ്രയത്യധ്വരേ
മിമീതേയജ്ഞമാനുഷഗ്വിചക്ഷ്യ വ. 12

അന്വയം:—

പ്രാചി അധ്വരേ
പ്ര–യതി — പ്രാചീനേ യജ്ഞഗൃഹേ യജ്ഞേ പ്രവർത്തമാനേ സതി
അയം യജ്ഞം ആനുഷക് – ഇന്ദ്രഃ ആനുപൂർവ്വ്യേണ
ദീർഘായ ചക്ഷസേ — ആസമന്താൽ ദർശനായ
വി–ചക്ഷ്യ മിമീതേ — വിശേഷേണദൃഷ്ട്വാ നിഷ്പാദയതി

അത്ഥം_കിഴക്കെ യാഗശാലയിൽ യജ്ഞം നടന്നുകൊണ്ടിരിക്കവേ, ഈ ഇന്ദ്രൻ യജ്ഞത്തെ, മുമ്പുപിമ്പനുസരിച്ച്, നീളേ കാണാനായി നന്നായി നോക്കിക്കൊണ്ടു നടത്തുന്നു.

31 വൃഷായമിന്ദ്രതേരഥ
ഉതോതേവൃഷണാഹരീ
വൃഷാത്വംശതക്രതോവൃഷാഹവഃ

അന്വയം:_

ഹേ ഇന്ദ്ര, തേ അയം രഥഃ
വൃഷാ — കാമാനാം വഷീതാ
ഉതോ തേ ഹരീ വൃഷണാ . വൃഷണൌ, വഷീതാരൌ
ഹേ ശത_ക്രതോ, ത്വം
വൃഷാ — ബഹുകമ്മൻ, ത്വം കാമാനാം വഷീതാ
(തഥാ) ഹവഃ വൃഷാ — ത്വദാഹ്വാനമപി കാമവഷ്കം
(കിമുവക്തവ്യം ത്വദീയാ രഥാദയഃ വഷ്ന്തീതി?)

അത്ഥം-അല്ലയോ ഇന്ദ്ര, അവിടത്തെ തേർ കാമവഷ്കമാണ്. പിന്നെ, അവിടത്തെ ഹരികളെന്ന കുതിരകളും അഭീഷ്ടം വഷിക്കുന്നവയാണ്. അല്ലയോ ബഹുകമ്മാവേ, അവിടുന്ന് അഭിമതവഷ്കനാണ്. അതുപോലെ അവിടത്തെക്കുറിച്ച വിളിപോലും അഭിലാഷവഷ്കമാണ്. (പിന്നെ എന്തിന്ന് തേർ മുതലായവയെ എടുത്തു പറയുന്നു?)

32 വൃഷാഗ്രാവാവൃഷാമദോ
വൃഷാസോമോഅയംസുതഃ
വൃഷായജ്ഞോയമിന്വസിവൃഷാഹവഃ

അന്വയം:_

ഗ്രാവാ വൃഷാ — അഭിഷവസാധനപാഷാണഃ
കാമാനാം വർഷീതാ

(ത്വദീയസ്സോമപാന
ജന്യഃ) മദഃ വൃഷാ — കാമവർഷിതാ
സുതഃ അയം സോമഃ
വൃഷാ — അഭിഷുതസ്സോമഃ കാമവർഷിതാ
യം ഇന്വസി — യം യജ്ഞം ത്വം പ്രാപ്നോഷി
(സച) യജ്ഞഃ വൃഷാ — അഭീഷ്ടസ്യ ഫലസ്യ വർഷിതാ
(ത്വദീയഃ) ഹവഃ വൃഷാ — ആഹ്വാനമപി വർഷകം

അർത്ഥം–സോമം ചതയ്ക്കുന്ന കല്ല് കാമവർഷകമാകുന്നു. അവിടുത്തെ സോമപാനംകൊണ്ടുള്ള ഹർഷം അഭിമതവർഷകമാകുന്നു. ഈ സംസ്കരിച്ച സോമം അഭീഷ്ടവർഷകമാകുന്നു. അവിടുന്ന് യാതൊരു യാഗം പൂകുന്നുവോ, അത് സൽഫലവർഷകമാകുന്നു. അവിടുത്തെക്കുറിച്ച വിളിപോലും അഭിലാഷവർഷകമാകുന്നു. (യാഗത്തെസ്സംബന്ധിച്ച എന്തും ഗുണഫലപ്രദമാകുന്നു.)

33 വൃഷാത്വാവൃഷണംഹുവേ
വജ്രിഞ്ചിത്രാഭിരൂതിഭിഃ
വാവന്ഥഹിപ്രതിഷ്ടുതിംവൃഷാഹവഃ വ. 13

അന്വയം:–

ഹേ വജ്രിൻ, — വജ്രവന്നിന്ദ്ര,
വൃഷാ ചിത്രാഭിഃ
ഊതി–ഭിഃ — വർഷിതാ, ഹവിഷാ മാ
സേക്താഹം നാനാവിധാഭി
സ്തൃപ്തികരീഭിസ്സ്തുതിഭിഃ
വൃഷണം ത്വാ ഹുവേ — വർഷിതാരന്ത്വാമാഹ്വയേ
ഹി പ്രതി–സ്തുതിം
വവന്ഥ — യസ്മാൽ ത്വാമഭിലക്ഷ്യകൃതം
സ്തോത്രം ത്വം വനസി,
സംഭജസി
ഹവഃ വൃഷാ — ആഹ്വാനമപി വർഷകം

അർത്ഥം—അല്ലയോ വജ്രവാനായ ഇന്ദ്ര, ഹവിസ്സുകളെ വർഷിച്ച് അവിടത്തെ നനസ്സുന്ന ഞാൻ പലവിധത്തിലുള്ള, തൃപ്തി വളർത്തുന്ന സ്തുതികളാൽ കാമവർഷിതാവായ അവിടത്തെ വിളിക്കുന്നു. കാരണം, അവിടത്തെ ഉദ്ദേശിച്ച് ചൊല്ലപ്പെട്ട സ്തുതിയെ അവിടുന്ന് കൈക്കൊള്ളുന്നു. അവിടത്തെക്കുറിച്ച വിളിപോലും അഭീഷ്ടവർഷകമാകുന്നു.

വർഗ്ഗം 14-15_16 കാണ്വായനൗ ഗോഷൂക്ത്യശ്വസൂക്തിനൗ ഋഷീ, ഗായത്രീച്ഛന്ദഃ, ഇന്ദ്രോദേവതാ.

1 യദിന്ദ്രാഹംയഥാത്വ
മീശീയവസ്വഏകഇൽ
സ്തോതാമേഗോഷഖാസ്യാൽ

അന്വയം:-

ഹേ ഇന്ദ്ര, യഥാ ത്വം
ഏകഃ ഇൽ — ഏക ഏവ, കേവലഃ
വസ്വഃ — ധനസ്യേശ്വരോ ഭവസി
(ഏവം) അഹം (അപി)
യൽ ഈശീയ — യദി ഐശ്വര്യയുക്തസ്യാം
(തദാനീം) മേ സ്തോതാ
ഗോ—സഖാ സ്യാൽ — ഗോഭിസ്സഹിതോ ഭവേൽ

അർത്ഥം-അല്ലയോ ഇന്ദ്ര, ഏപ്രകാരമവിടുന്ന് ധനത്തിന്ന് ഏകനായ, കേവലനായ ഈശ്വരനാണോ, അപ്രകാരം ഞാനും (ഒരു കാലത്ത് ധനത്തിന്ന്) ഈശനാവുകയാണെങ്കിൽ അപ്പോൾ എന്റെ സ്തോതാവ് പശുക്കളൊത്തവനാവും. (അതായത് ഇന്ദ്രന്റെ സ്തോതാവായിട്ടും താൻ പശുക്കളൊത്തവനാകുന്നില്ല എന്നു ആക്ഷേപിക്കുന്നു.)

2 ശിക്ഷേയമസ്മൈദിഥ്സേയം
ശചീപതേമനീഷിണേ
യദഹംഗോപതിസ്സ്യാം

അന്വയം:–

| | |
|---|---|
| ഹേ ശചീ–പതേ | — ശക്തിമന്നിന്ദ്ര, |
| യൽ അഹം ഗോ–പതിഃ<br>സ്യാം | — ത്വൽ പ്രസാദാൽ യദിഗവാമധിപതിർഭവേയം |
| അസ്മൈ മനീഷിണേ<br>ദിഥ്സേയം | — സ്തോത്രേ ദാതുമിച്ഛേയം |
| ശിക്ഷേയം | – പ്രാർത്ഥിതം ധനം ദദ്യാഞ്ച |

അർത്ഥം–അല്ലയോ ശക്തിമാനായ ഇന്ദ്ര, അവിടത്തെ പ്രസാദത്താൽ ഞാൻ പശുക്കൾക്കധിപതിയായെങ്കിൽ, ഈ സ്തോതാവിന്നു് പശുക്കളെ കൊടുക്കാനിച്ഛിച്ചേനേ. പ്രാർത്ഥിച്ച ധനം കൊടുത്തേനേ.

3 ധേനുഷ്ടഇന്ദ്രസൂനൃതാ

യജമാനായസുന്വതേ

ഗാമശ്വംപിപ്യുഷീദുഹേ

അന്വയം:–

| | |
|---|---|
| ഹേ ഇന്ദ്ര, തേ സൂനൃതാ<br>ധേനുഃ | — തവ സ്തുതിരൂപാവാക്, ദോഗ്ധ്രീഗൌർഭൂത്വാ |
| സുന്വതേ യജമാനായ | — സോമാഭിഷവം കുർവ്വതേ തസ്മൈ |
| ഗാം അശ്വം (ച) | — ഉപലക്ഷണമേതൽ, ഗവാശ്വാദികം സർവ്വമഭിലഷിതം |
| പിപ്യുഷീ ദുഹേ | — തമേവ പ്രവർദ്ധയിത്രീ ദുഗ്ധേ |

അർത്ഥം–അല്ലയോ ഇന്ദ്ര, അവിടത്തെക്കുറിച്ച സ്തുതിരൂപമായ വാക്കു് കറവുററ ഒരു പശുവായി തീർന്നു്, സോമം സംസ്കരിക്കുന്ന യജമാനന്നു് അവനെ വർദ്ധിപ്പിച്ചുകൊണ്ടു് പശു, കുതിരയടക്കമുള്ള ധനത്തെയെല്ലാം ചുരത്തുന്നു

4 നതേവർത്താസ്തിരാധസ
ഇന്ദ്രദേവോനമർത്ത്യഃ
യദ്ദിഥ്സസിസ്തുതോമഘം

അന്വയം:—
ഹേ ഇന്ദ്ര, സ്തുതഃ — സ്തോതൃഭിഃ പ്രഖ്യാപിത ഗുണസ്സൻ
യൽ മഘം ദിഥ്സസി — യൽ മംഹനീയം ധനം മഹ്യം ത്വം ദാതുമിച്ഛസി
തേ രാധസഃ — സ്തോതൃഭ്യോ ദാതവ്യസ്യ തവ തസ്യ ധനസ്യ
വർത്താ ദേവഃ ന അസ്തി — നിവാരകോ ദേവോനാസ്തി
ന മർത്യഃ മനുഷ്യോപി നിവാരകോനാസ്തി

അർത്ഥം—അല്ലയോ ഇന്ദ്ര, സ്തോതാക്കളാൽ വിളിച്ചുപറയപ്പെട്ട ഗുണങ്ങളോടുചേർന്നവനായി, യാതൊരു പൂജ്യമായ ധനം അവിടുന്നു് എനിക്കു് തരാനിച്ഛിക്കുന്നുവോ, സ്തോതാക്കൾക്കു കൊടുക്കാനുള്ള അവിടുത്തെ ആ ധനത്തെ (കൊടുക്കുന്നതിനെ) മുടക്കുന്നവനായി ഒരു ദേവനുമില്ല, മനുഷ്യനുമില്ല.

5 യജ്ഞഇന്ദ്രമവർദ്ധയ
ദ്യദ്ഭൂമിംവ്യവർത്തയൽ
ചക്രാണഓപശന്ദിവി വ. 14

അന്വയം:—
ദിവി (മേഘം) ഓപശം
ചക്രാണഃ — ഉപേത്യശയനം കുർവ്വൻ
യൽ (ഇന്ദ്രഃ) ഭൂമിം വി
അവർത്തയൽ — യസ്മാൽ വൃഷ്ട്യാദിപ്രദാനേന വിശേഷേണ വർത്തമാനാമകരോൽ
(തം) ഇന്ദ്രം യജ്ഞഃ
അവർദ്ധയൽ — വൃദ്ധമകരോൽ

അർത്ഥം—അന്തരിക്ഷത്തിൽ മേഘത്തെ ചാരുമെത്തയാക്കി, യാതൊരു കാരണത്താലിന്ദ്രൻ ഭൂമിയെ മഴ മുതലായവയേകി നന്നായി വർത്തിപ്പിച്ചുവോ, അക്കാരണത്താൽ ആ ഇന്ദ്രനെ യജ്ഞം വർദ്ധിപ്പിച്ചു.

6 വാവൃധാനസ്യതേവയം
വിശ്വാധനാനിജിഗ്യുഷഃ
ഊതിമിന്ദ്രാവൃണീമഹേ

അന്വയം:—

ഹേ ഇന്ദ്ര, വവൃധാനസ്യ — വർദ്ധമാനസ്യ
വിശ്വാ ധനാനി
ജിഗ്യുഷഃ — സർവ്വാണി ശത്രുസംബന്ധീനി ധനാനി ജിതവതഃ
തേ ഊതിം വയം ആ
വൃണീമഹേ — തവ രക്ഷണമാഭിമുഖ്യേന സംഭജാമഹേ

അർത്ഥം—അല്ലയോ ഇന്ദ്ര, വർദ്ധമാനനായി ശത്രുക്കളുടെ ധനങ്ങളെയെല്ലാം ജയിച്ചു നേടുന്ന അവിടുത്തെ രക്ഷയെ ഞങ്ങൾ നേരെ ഭജിക്കുന്നു, പ്രാർത്ഥിക്കുന്നു.

7 വ്യ∫ന്തരിക്ഷമതിര
ന്മദേസോമസ്യരോചനാ
ഇന്ദ്രോയദഭിനദ്വലം

അന്വയം:—

സോമസ്യ മദേ — സോമപാനജന്യേ ഹർഷേസതി
(അയം) ഇന്ദ്രഃ രോചനാ — രോചമാനം
അന്തരിക്ഷം വി
അതിരൽ — വ്യവർദ്ധയൽ
യൽ വലം അഭിനൽ — ആവൃത്യസ്ഥിതം മേഘം വ്യദാരയൽ

അൎത്ഥം—സോമപാനത്താലുണ്ടായ ഹൎഷത്തിൽ ഈ ഇന്ദ്രൻ പ്രകാശമാനമായ അന്തരിക്ഷത്തെ വളൎത്തി. അക്കാരണം കൊണ്ടാണു് (സോമപാനഹൎഷം കൊണ്ടാണു്) വെള്ളത്തെ തടുത്തുനിൎത്തിയ മേഘത്തെ ഉടച്ചതു്.

8 ഉദ്ഗാആജദങ്ഗിരോഭ്യ
ആവിഷ്കൃണ്വൻഗുഹാസതീഃ
അവ്വാഞ്ചന്നുനുദേവലം

അന്വയം:—

| | | |
|---|---|---|
| അങ്ഗിരഃ_ഭ്യഃ | — | ഋഷിഭ്യഃ വലാനുചരൈഃ പണിഭിരപഹൃതാഃ |
| ഗുഹാ സതീഃ | — | ഗുഹായാം, ബിലേ വിദ്യമാനാഃ |
| ഗാഃ ആവിഃ കൃണ്വൻ | — | പ്രകാശയൻ |
| ഉൽ ആജൽ | — | ഉദഗമയൽ |
| (പണിനാമധിപതിം) | | |
| വലം അവ്വാഞ്ചം നുനുദേ | — | അസുരമധോമുഖം പ്രേരിതവാൻ |

അൎത്ഥം—അംഗിരസ്സുകളെന്ന ഋഷികൾക്കുവേണ്ടി വലൻെറ കൂട്ടുകാരായ പണികളാൽ ഗുഹയിലടക്കപ്പെട്ട പശുക്കളെ പ്രകാശിപ്പിച്ചു്, പുറത്തുകൊണ്ടുവന്നു്, പണികളുടെ അധിപതിയായ വലനെ അധോമുഖനാക്കി.

9 ഇന്ദ്രേണരോചനാദിവോ
ദൃള്ഹാനിദൃംഹിതാനിച
സ്ഥിരാണിനപരാണുദേ

അന്വയം: —

| | | |
|---|---|---|
| ദിവഃ രോചനാ | — | ദ്യുലോകസംബന്ധീനി രോചനാനി, ദേവ ഗൃഹാത്മകാനി നക്ഷത്രാണി |
| ഇന്ദ്രേണ ദൃള്ഹാനി | — | ബലവന്തി കൃതാനി |

ദൃംഹിതാനി ച — ദൃഢീകൃതാനി, യഥൈവൈകത്ര നൈശ്ചല്യേനാവതിഷ്ഠന്തേ തഥാ കൃതാനി

(അപി ച) സ്ഥിരാണി ന പരാ–നുദേ — പരാനോദനീയാനി ന ഭവന്തി, ന കേനാപി സ്ഥാനാൽ പ്രച്യാവയിതും ശക്യാനി

അർത്ഥം—ദ്യുലോകത്തെസ്സംബന്ധിച്ച, പ്രകാശമാനങ്ങളായ, ദേവഗൃഹരൂപങ്ങളായ നക്ഷത്രങ്ങൾ ഇന്ദ്രനാലാണ് ബലമുററവയാക്കപ്പെട്ടതു്; ഒരിടത്തിളകാതെ നില്ക്കുന്നവിധം ദൃഢങ്ങളാക്കപ്പെട്ടതു്. പിന്നെ, സ്ഥിരങ്ങളായ അവ ആരാലും സ്ഥാനത്തു നിന്നു് വീഴ്ത്തപ്പെടാൻ കഴിയാത്തവയാക്കപ്പെട്ടു.

10 അപാമൂർമ്മിർമ്മദന്നിവ

സ്തോമഇന്ദ്രാജിരായതേ

വിതേമദാഅരാജിഷുഃ വ. 15

അന്വയം:—

ഹേ ഇന്ദ്ര, അപാം ഊർമ്മിഃ — സമുദ്രാണാം തരങ്ഗഃ

മദൻ–ഇവ — യഥാ മാദ്യന്നുപര്യുപരി ജായതേ

(തഥാ) സ്തോമഃ — ത്വദീയം സ്തോത്രം

അജിര–യതേ — അജിരഃ ക്ഷിപ്രഗാമീ ഇവാചരതി

(അപിച) തേ മദാഃ വി അരാജിഷുഃ — സോമപാനജന്യാഹർഷാഃ വിരാജന്തേ

അർത്ഥം—അല്ലയോ ഇന്ദ്ര, സമുദ്രങ്ങളുടെ തിരമാല മദിച്ചുയർന്നുണ്ടാകുന്നപോലെ, അവിടുത്തെ സ്തോത്രം വേഗവത്തായി ചരിക്കുന്നു, ആചരിക്കുന്നു. പിന്നെ, സോമപാനംകൊണ്ടുണ്ടായ അവിടുത്തെ ഹർഷങ്ങൾ വിശേഷമായി പ്രകാശിക്കുന്നു.

11 ത്വംഹിസ്തോമവർദ്ധന
ഇന്ദ്രാസ്യുക്ഥവർദ്ധനഃ
സ്തോതൄണാമുതഭദ്രകൃൽ

അന്വയം:—

ഹേ ഇന്ദ്ര, ത്വം ഹി
സ്തോമ–വർദ്ധനഃ അസി — ത്വം ഖലുസ്തോമേന വർദ്ധനീയോ ഭവസി
(തഥാ) ഉക്ഥ--വർദ്ധനഃ — ഉക്ഥൈഃ ശസ്ത്രൈർവ്വർദ്ധനീയോസി
ഉത സ്തോതൄണാം
ഭദ്ര—കൃൽ — കല്യാണകൃദസി

അർത്ഥം—അല്ലയോ ഇന്ദ്ര, അവിടുന്നു് സ്തോത്രത്താൽ വർദ്ധിപ്പിക്കപ്പെടുന്നവനാണല്ലൊ. ശസ്ത്രങ്ങളാൽ വർദ്ധിപ്പിക്കപ്പെടുന്നവനാണു്. കൂടാതെ, സ്തോതാക്കൾക്കു് കല്യാണം, സൽഫലം, ഉളവാക്കുന്നവനുമാണു്.

12 ഇന്ദ്രമിൽകേശിനാഹരീ
സോമപേയായവക്ഷതഃ
ഉപയജ്ഞംസുരാധസം

അന്വയം:—

കേശിനാ ഹരീ — മൂർദ്ധജലോമവന്താവശ്വൗ
സു–രാധസം ഇന്ദ്രം ഇൽ — ശോഭനധനമിന്ദ്രമേവ
സോമ-പേയായ — സോമപാനാർത്ഥം
യജ്ഞം ഉപ വക്ഷതഃ — അസ്മദ്യജ്ഞം പ്രതിവഹതാം

അർത്ഥം—കുഞ്ചിരോമമുററ ഹരികളെന്ന കുതിരകൾ ശോഭനധനനായ ഇന്ദ്രനെത്തന്നെ സോമപാനത്തിന്നുവേണ്ടി നമ്മുടെ യാഗത്തെ ഉദ്ദേശിച്ചു് എത്തിക്കട്ടെ

13 അപാംഫേനേനനമുചേ
ശ്ശിരഇന്ദ്രോദവൎത്തയഃ
വിശ്വായദജയസ്പൃധഃ

അന്വയം:—

| | |
|---|---|
| ഹേ ഇന്ദ്ര, യൽ വിശ്വാഃ | |
| സ്പൃധഃ അജയഃ | — സൎവ്വാസ്പൎദ്ധമാനാ ആസുരീസ്സേനാ ജിതവാനസി |
| അപാം ഫേനേന | — വജ്രീഭൂതേന ജലാനാം ഫേനേന |
| നമുചേഃ ശിരഃ | — ഏതന്നാമകസ്യാസുരസ്യ ശിരഃ |
| ഉൽ അവൎത്തയഃ | — ശരീരാദുൽഗതമവൎത്തയഃ |

അൎത്ഥം—(ഇവിടെ ഒരു കഥാസൂചന: ഇന്ദ്രൻ എല്ലാ അസുരന്മാരെയും ജയിച്ചിട്ടു് നമുചി എന്ന അസുരനോടു തോററു. പിടിക്കപ്പെട്ട ഇന്ദ്രനോടു് നമുചി പറഞ്ഞു. ''അങ്ങയെ വിടാം, രാത്രിയും പകലും, ഉണങ്ങിയതോ നനഞ്ഞതോ ആയ ആയുധം കൊണ്ടെന്നെ കൊല്ലുകയില്ലെങ്കിൽ.'' ഇന്ദ്രൻ അതേററപ്രകാരം വിമോചിതനായി. പിന്നെ, ഇന്ദ്രൻ രാപ്പകലുകളുടെ സന്ധിയിൽ, ഉണങ്ങിയതും നനഞ്ഞതുമല്ലാത്ത വെള്ളത്തിന്റെ പതയെ (നുരയെ) വജ്രീഭൂതമാക്കി നമുചിയുടെ ശിരസ്സറുത്തു.)

സ്പൎദ്ധിക്കുന്ന എല്ലാ അസുരപ്പടകളെയും, അല്ലയോ ഇന്ദ്ര, അവിടുന്നു് ജയിച്ചു. അതിന്നുശേഷം വെള്ളങ്ങളുടെ പത (നുര) വജ്രമാക്കിയാണു് അവിടുന്നു് നമുചി എന്ന അസുരന്റെ തല ഉടലിൽനിന്നു് വേർപെടുത്തിയതു്, കൊന്നതു്.

14 മായാഭിരുൽസിസൃപ്സത
ഇന്ദ്രദ്യാമാരുരുക്ഷതഃ
ആവദസ്യൂരധൂനുഥാഃ

അന്വയം:–

| | |
|---|---|
| ഹേ ഇന്ദ്ര, മായാഭിഃ | |
| ഉൽ–സിസൃഫ്സതഃ | — ഊർധ്വം സരിതുമിച്ഛതഃ |
| ദ്യാം ആ–രുരുക്ഷതഃ | — ദിവമാരോഹിതവതഃ |
| ദസ്യൂൻ (ത്വം) അവ | |
| അധൂനഥാഃ | — അവാങ്മുഖം പ്രേരിതവാനസി |

അർത്ഥം—അല്ലയോ ഇന്ദ്ര, ഇഷ്ടംപോലെ മേലോട്ടു പോകുന്നവരും ദ്യോവിൽ കയറിയവരുമായ ദസ്യുക്കളെ (അസുരന്മാരെ) അവിടുന്നു് കീഴ്മുഖമാക്കി തിരിച്ചയച്ചു.

15 അസുന്വാമിന്ദ്രസംസദം
വിഷൂചീംവ്യനാശയഃ
സോമപാഉത്തരോഭവൻ

വ. 16

അന്വയം:_

| | |
|---|---|
| ഹേ ഇന്ദ്ര, സോമ–പാഃ | — ത്വം സോമസ്യ പാതാ ഭൂത്വാ |
| ഉൽ-തരഃ ഭവൻ | — ഉൽകൃഷ്ടതരോഭവൻ |
| അസുന്വാം സം–സദം | — സോമാഭിഷവഹീനാനാം ജനസംഹതിം |
| വിഷൂചീം വി അനാശയഃ | -- പരസ്പരവിരോധേന നാനാഗന്ത്രീം വിശേഷേണ നാശയസി |

അർത്ഥം_അല്ലയോ ഇന്ദ്ര, അവിടുന്നു് സോമപാതാവായി, ഏറെ ഉൽകൃഷ്ടനായി, സോമം സംസ്കരിക്കാത്ത ജനസമൂഹത്തെ (യജ്ഞവിരോധികളെ) പരസ്പരവിരോധം കൊണ്ടു് അങ്ങിങ്ങകലുന്നവരാക്കി നശിപ്പിക്കുന്നു.

വർഗ്ഗം - 17_18 -19 ഉഷ്ണിക് ഛന്ദഃ

1 തമ്വഭിപ്രഗായത
പുരുഹൂതംപുരുഷ്ടുതം
ഇന്ദ്രങ്ഗീർഭിസ്തവിഷമാവിവാസത

അന്വയം:—

(ഹേ സ്തോതാരഃ,)

| | | |
|---|---|---|
| പുരു-ഹൂതം | — | ബഹുഭിരാഹൂതം |
| പുരു—സ്തുതം തം ഉ | — | ബഹുഭിസ്തുതം തമേവേന്ദ്രം |
| അഭി പ്ര ഗായത | — | അഭിമുഖം പ്രകർഷേണ സ്തുധ്വം |
| തവിഷം ഇന്ദ്രം | — | മഹാന്തം തം |
| ഗീഃ-ഭിഃ ആ വിവാസത | - | സ്തുതിഭിഃ പരിചരത |

അർത്ഥം—അല്ലയോ സ്തോതാക്കളേ, പലരാലും വിളിക്കപ്പെട്ടവനും, പലരാലും സ്തുതിക്കപ്പെട്ടവനുമായ ആ ഇന്ദ്രനെത്തന്നെ നേരെ നന്നായി സ്തുതിക്കുക. മഹാനായ അവിടുത്തെ, സ്തുതികളാൽ പരിചരിക്കുക.

2 യസ്॑യദ്വി॒ബർഹ॑സോബൃ॒ഹൽ
സഹോ॑ദാ॒ധാര॒രോദ॑സീ
ഗി॒രീ̐രജ്രാ̐॑അ॒പസ്വ॑വൃഷത്വ॒നാ

അന്വയം:—

| | | |
|---|---|---|
| ദ്വി—ബർഹസഃ | – | ദ്വയോസ്ഥാനയോഃ<br>പരിവൃഢസ്യ |
| യസ്യ ബൃഹൽ സഹഃ | — | യസ്യേന്ദ്രസ്യ മഹൽബലം |
| രോദസീ ദാധാര | — | ദ്യാവാപൃഥിവ്യൌ ധാരയതി |
| (തഥാ) അജ്രാൻ ഗിരീൻ | – | ക്ഷിപ്രഗമനാൻ മേഘാൻ |
| സ്വഃ അപഃ | — | സരണശീലാന്യുദകാനി ച |
| വൃഷ—ത്വനാ | — | വീര്യേണ യസ്യേന്ദ്രസ്യ ബലം<br>ധാരയതി (തമഭി പ്രഗായത) |

അർത്ഥം—രണ്ടു സ്ഥാനങ്ങളിൽ, സ്വർഗ്ഗത്തിലും ഭൂമിയിലും. ശ്രേഷ്ഠനായ യാതൊരിന്ദ്രന്റെ ബലമാണോ ദ്യാവാപൃഥിവികളെ ധരിക്കുന്നതു്, അതുപോലെ ഗതിവേഗമുററ മേഘങ്ങളെയും ഒഴുകുന്ന ജലങ്ങളെയും വീര്യത്താൽ യാതൊരിന്ദ്രന്റെ ബലമാണോ ധരിക്കുന്നതു്, ആ ഇന്ദ്രനെത്തന്നെ നേരെ നന്നായി സ്തുതിക്കുക.

3 സരാജസിപുരുഷ്ടുത്

ഏകോവൃത്രാണിജിഘ്നസേ

ഇന്ദ്രജൈത്രാശ്രവസ്യാചയന്തവേ

അന്വയം:–

| | |
|---|---|
| ഹേ പുരു–സ്തുത, ഇന്ദ്ര, | — പുരുഭിസ്തുതേന്ദ്ര, |
| സഃ (ത്വം) രാജസി | — ഈശിഷേ |
| (അപിചത്വം) ഏകഃ | — അസഹായഃ, കേവലസ്സൻ |
| ജൈത്രാ ശ്രവസ്യാ ച | — ജേതവ്യാനി ധനാനിയശാംസി ച |
| യന്തവേ | — യന്തും, നിയന്തും, സ്വാധീനം കൎത്തും |
| വൃത്രാണി ജിഘ്നസേ | — ശത്രുജാതാനി ഹതവാനസി |

അൎത്ഥം–പലരാലും സ്തുതിക്കപ്പെട്ട ഇന്ദ്ര, അവിടുന്ന് എല്ലാററിന്നും ഈശനാകുന്നു. ഒററക്ക് അസഹായനായിട്ടാണവിടുന്ന് നേടാവുന്ന ധനങ്ങളെയും യശസ്സുകളെയും സ്വാധീനമാക്കാനായി ശത്രുസമൂഹങ്ങളെ കൊല്ലുന്നതു്.

4 തന്തേമദംഗൃണീമസി

വൃഷണംപൃത്സുസാസഹിം

ഉലോകകൃത്നുമദ്രിവോഹരിശ്രിയം

അന്വയം:–

| | |
|---|---|
| ഹേ അദ്രി–വഃ, വൃഷണം | — വജ്രവന്നിന്ദ്ര, കാമാനാം വൎഷിതാരം |
| പൃൽ–സു സസഹിം | — സങ്ഗ്രാമേഷു ശത്രൂണാമഭിഭവിതാരം |
| ലോക–കൃത്നും | — ലോകസ്യ, സ്ഥാനസ്യ കൎത്താരം |

| | |
|---|---|
| ഹരി-ശ്രിയം | — ഹരിഭ്യാമശ്വാഭ്യാം സേവ്യം |
| തേ തം മദം ഉ | — തവ സോമജനിതഹർഷമേവ |
| ഗൃണീമസി | — ഗൃണീമഃ, പ്രശംസാമഃ |

അർത്ഥം-അല്ലയോ വജ്രവാനായ ഇന്ദ്ര, അഭീഷ്ടങ്ങൾ വർഷിക്കുന്നതും യുദ്ധങ്ങളിൽ ശത്രുക്കളെ കീഴടക്കുന്നതും ഉപാസകർക്കു് സ്ഥാനം സൃഷ്ടിക്കുന്നതും ഹരികളെന്ന കുതിരകളാലാശ്രയിക്കപ്പെടുന്നതുമായ അവിടുത്തെ സോമപാനജന്യമായ ആ ഹർഷത്തെ സ്തുതിക്കുന്നു, പ്രശംസിക്കുന്നു.

5 യേനജ്യോതീംഷ്യായവേ
മനവേചവിവേദിഥ
മന്ദാനോഅസ്യബർഹിഷോവിരാജസി വ. 17

അന്വയം:—

| | |
|---|---|
| (ഹേ ഇന്ദ്ര,) യേന | |
| ആയവേ | - യേനാത്മീയേന മദേന ഔർവ്വശേയായ |
| മനവേ ച | വിവസ്വതഃ പുത്രായ ച |
| ജ്യോതീംഷി വിവേദിഥ | സൂര്യാദീനിവൃത്രാദിഭിരാവൃതാന്യലംഭയഃ, പ്രജ്ഞാപിതവാൻ, പ്രകാശിതവാൻ |
| (തേന മദേന) മന്ദാനഃ | — മോദമാനസ്ത്വം |
| അസ്യ ബർഹിഷഃ വിരാജസി | — യജ്ഞസ്യ വിശേഷേണേശിഷേ |

അർത്ഥം-അല്ലയോ ഇന്ദ്ര, യാതൊരു ഹർഷത്താലവിടുന്നു് ഉർവ്വശിയുടെ പുത്രനായ പുരൂരവസ്സിന്നും വിവസ്വാന്റെ പുത്രനായ മനുവിന്നും വൃത്രാദികളാൽ മറയ്ക്കപ്പെട്ട സൂര്യാദിതേജസ്സുകൾ നേടിക്കൊടുത്തുവോ, പ്രകാശിപ്പിച്ചുവോ, ആ ഹർഷം കൊണ്ടു് സന്തുഷ്ടനായ അവിടുന്നു് ഈ യജ്ഞത്തിന്നീശനായി ഭവിക്കുന്നു.

6 തദദ്യാചിത്തഉക്ഥി
നോനുഷ്ടുവന്തിപൂർവ്വഥാ
വൃഷപത്നീരപോജയാദിഃവേദിവേ

അന്വയം:—

| | |
|---|---|
| (ഹേ ഇന്ദ്ര,) തേ തൽ | — ത്വദീയം പ്രസിദ്ധം ബലം |
| അദ്യ ചിൽ പൂർവ്വ–ഥാ | — അദ്യാപിപൂർവ്വസ്മിൻകാലഇവ |
| ഉക്ഥിനഃ അനു സ്തുവന്തി | — ശസ്ത്രിണസ്തോതാരഃ അനുക്രമേണ പ്രശംസന്തി |
| (സഃ ത്വം) വൃഷ–പത്നീഃ അപഃ | — വൃഷാ, വർഷിതാപർജ്ജന്യഃ പതിര്യാസാം താഃ അപഃ |
| ദിവേ–ദിവേ ജയ | — ദിവസം പ്രതി സ്വായത്താനി കുരു |

അർത്ഥം—അല്ലയോ ഇന്ദ്ര, അവിടത്തെ പ്രസിദ്ധമായ ബലത്തെ മുമ്പത്തെപ്പോലെ ഇപ്പോഴും ശസ്ത്രികളായ സ്തോതാക്കൾ ക്രമത്തിൽ സ്തുതിക്കുന്നു. അപ്രകാരമുള്ള അവിടുന്ന് വർഷകനായ പർജ്ജന്യന്റെ പത്നികളായ മഴവെള്ളങ്ങളെ ദിവസംപ്രതി ഞങ്ങൾക്ക് സ്വായത്തങ്ങളാക്കിയാലും.

7. തവത്യദിന്ദ്രിയംബൃഹ
ത്തവശുഷ്മമുതക്രതും .
വജ്രംശിശാതിധിഷണാവരേണ്യം

അന്വയം:—

| | |
|---|---|
| (ഹേ ഇന്ദ്ര,) ധിഷണാ | — സ്തുതിഃ |
| തവ ത്യൽ ബൃഹൽ ഇന്ദ്രിയം ശിശാതി | — തവ പ്രസിദ്ധം, പ്രഭൂതം വീര്യം തീക്ഷ്ണീകരോതി |

| | |
|---|---|
| (തഥാ) തവ ശുഷ്മം, | |
| ഉത ക്രതും | — ശോഷകം ബലം, അപിച കർമ്മ |
| വരേണ്യം വജ്രം | — വരണീയമായുധം ച തീക്ഷ്ണീ കരോതി |

അർത്ഥം—അല്ലയോ ഇന്ദ്ര, അവിടുത്തെ പ്രസിദ്ധവും മഹത്തുമായ വീര്യത്തിന്ന് സ്തുതി മൂർച്ചകൂട്ടുന്നു. അതുപോലെ ശത്രുക്കളെ ശോഷിപ്പിക്കുന്ന ബലത്തിന്നും കർമ്മത്തിന്നും ശ്രേഷ്ഠമായ വജ്രായുധത്തിന്നും മൂർച്ചകൂട്ടുന്നു.

8 തവദ്യൗരിന്ദ്രപൗംസ്യം
പൃഥിവീവർദ്ധതിശ്രവഃ
ത്വാമാപഃപർവ്വതാസശ്ചഹിന്വിരേ

അന്വയം:—

| | |
|---|---|
| ഹേ ഇന്ദ്ര, തവ | |
| പൗംസ്യം | — ത്വദീയം ബലം |
| ദ്യൗഃ വർദ്ധതി | — വർദ്ധയതി |
| (ത്വദീയം) ശ്രവഃ | |
| പൃഥിവീ | — യശഃ ഭൂർവ്വർദ്ധയതി |
| (തം) ത്വാം ആപഃ | |
| പർവ്വതാസഃ ച | — ഉദകാനി ഗിരയശ്ച |
| ഹിന്വിരേ | — പ്രീണയന്തി, സ്വാമിത്വേന പ്രാപ്നുവന്തി |

അർത്ഥം—അല്ലയോ ഇന്ദ്ര, അവിടുത്തെ ബലത്തെ ദ്യോവ് വർദ്ധിപ്പിക്കുന്നു. അവിടുത്തെ യശസ്സിനെ ഭൂമി വർദ്ധിപ്പിക്കുന്നു. അപ്രകാരമുള്ള അവിടുത്തെ ജലങ്ങളും മലകളും പ്രീതിപ്പെടുത്തുന്നു, നാഥനായി പ്രാപിക്കുന്നു.

9 ത്വാംവിഷ്ണുർബൃഹൻക്ഷയോ
മിത്രോഗൃണാതിവരുണഃ
ത്വാംശർദ്ധോമദത്യനുമാരുതം.

അന്വയം:—

| | |
|---|---|
| (ഹേ ഇന്ദ്ര,) ബൃഹൻ, | |
| ക്ഷയഃ വിഷ്ണുഃ | — മഹാൻ, നിവാസഹേതുർവ്വിഷ്ണുഃ |
| മിത്രഃ വരുണഃ ത്വാം | |
| ഗൃണാതി | — ഗൃണന്തി |
| (തഥാ) മാരുതം ശർദ്ധഃ | — മരുൽസംബന്ധിബലം |
| ത്വാം അനു മദതി | — തവമദമനുലക്ഷ്യ പശ്ചാൽ മാദ്യതി |

അർത്ഥം—അല്ലയോ ഇന്ദ്ര, മഹാനും (സ്ഥിതികർത്താവായതിനാൽ ഏവർക്കും) നിവാസഹേതുവുമായ വിഷ്ണുവും, മിത്രനും വരുണനും അവിടുത്തെ സ്തുതിക്കുന്നു. അതുപോലെ മരുത്തുക്കളുടെ ബലം അവിടുത്തെ ഹർഷമനുസരിച്ച് ഹർഷിക്കുന്നു.

10 ത്വംവൃഷാ॒ജനാ॑നാ॒ം

മം॑ഹിഷ്ഠഇന്ദ്രജജ്ഞിഷേ

സ॒ത്രാവിശ്വാ॑സ്വ॒പത്യാനി॑ദധിഷേ വ. 18

അന്വയം:—

| | |
|---|---|
| ഹേ ഇന്ദ്ര, വൃഷാ ത്വം | — കാമാനാം വർഷിതാത്വം |
| ജനാനാം മംഹിഷ്ഠഃ | |
| ജജ്ഞിഷേ | — ദാതൃതമഃ പ്രാദുർഭവസി |
| (അത ഏവ) വിശ്വാ | |
| സു—അപത്യാനി | — ശോഭനൈഃ പുത്രാദിഭി സ്സഹിതാനി സർവ്വാണി ധനാനി |
| സത്രാ ദധിഷേ | — സത്യം ദദാസി |

അർത്ഥം—അല്ലയോ ഇന്ദ്ര, കാമവർഷകനായ അവിടുന്ന് ജനങ്ങൾക്ക് ഏററവും കൊടുക്കുന്നവനായിട്ടാണുളവായിട്ടുള്ളത്. അക്കാരണത്താൽ തന്നെയാണ് സൽപുത്രസഹിതങ്ങളായ എല്ലാ ധനങ്ങളും സ്തോതാക്കൾക്ക് സത്യമായും കൊടുക്കുന്നത്.

11 സത്രാത്വംപുരുഷ്ടുത്

ഏകോവൃത്രാണിതോശസേ

നാന്യഇന്ദ്രാൽകരണംഭൂയഇന്വതി

അന്വയം:–

| | |
|---|---|
| ഹേ പുരു–സ്തുത, | |
| ത്വം ഏകഃ | — ബഹുഭിസ്തുതേന്ദ്ര, അസഹായ ഏവസൻ |
| സത്രാ വൃത്രാണി | |
| തോശസേ | — മഹാന്തി ശത്രുജാതാനി ഹിനസ്സി |
| (അപിചാസ്മാൽ) | |
| ഇന്ദ്രാൽ അന്യഃ | — കശ്ചിൽ |
| ഭൂയഃ കരണം | — ബഹുതരം വൃത്രവധാദികം കർമ്മ |
| ന ഇന്വതി | — ന പ്രാപ്നോതി, കർത്തും ന ശക്നോതി |

അർത്ഥം–പലരാലും സ്തുതിക്കപ്പെട്ട ഇന്ദ്ര, അവിടുന്ന് ഏകനായിട്ടാണ്, അസഹായനായിട്ടാണ്, വൃത്രാദി ശത്രുക്കളെ ഹനിക്കുന്നത്. മാത്രമല്ല, ഇന്ദ്രനല്ലാതെ ആരും വിവിധമായ, വൃത്രവധം മുതലായ, കർമ്മം പ്രാപിക്കുന്നില്ല, ചെയ്‌വാൻ ശക്തനല്ല.

12 യദിന്ദ്രമന്മശസ്ത്വാ

നാനാഹവന്തഊതയേ

അസ്മാകേഭിർനൃഭിരത്രാസ്വർജ്ജയ

അന്വയം:–

| | |
|---|---|
| ഹേ ഇന്ദ്ര, യൽ ത്വാ | — യസ്മിൻ സങ്‌ഗ്രാമേ ത്വാം |
| മന്മ–ശഃ ഊതയേ | — മന്മനാ, സ്തോത്രേണ രക്ഷാർത്ഥം |
| നാനാ ഹവന്തേ | — ബഹുപ്രകാരമാഹ്വയന്തി |

അത്ര അസ്മാകേഭിഃ — അസ്മിൻ സങ്ഗ്രാമേ അസ്മാകൈഃ, അസ്മദീയൈഃ
നൃ-ഭിഃ — നേതൃഭിഃ, സ്തോതൃഭി രാഹൂതസ്സൻ
സ്വഃ ജയ — സർവ്വശത്രുബലം ജയ, അഭിഭവ

അർത്ഥം—അല്ലയോ ഇന്ദ്ര, ഏതു യുദ്ധത്തിൽ രക്ഷയ്ക്കായി സ്തോത്രത്താലവിടുത്തെ പലവിധം വിളിക്കുന്നുവോ, ആ യുദ്ധത്തിൽ ഞങ്ങൾക്കു ചേർന്ന സ്തോതാക്കളാൽ വിളിയ്ക്കപ്പെട്ടവനായി, സർവ്വ ശത്രുബലത്തെയും ജയിച്ചാലും, കീഴടക്കിയാലും.

13 അരംക്ഷയായനോമഹേ
വിശ്വാരൂപാണ്യാവിശൻ
ഇന്ദ്രജൈത്രായഹർഷയാശചീവതിം വ. 19

അന്വയം:—

(ഹേ സ്തോതഃ,) മഹേ നഃ
ക്ഷയായ — അസ്മാകം മഹതേ ഗൃഹായ, ഗൃഹാർത്ഥം
അരം വിശ്വാ രൂപാണി — പര്യാപ്തം വിശ്വാനി, സമസ്താനീന്ദ്രഗുണജാതാനി
ആ—വിശൻ — സ്തുത്യാ വ്യാപ്നുയൻ
ശചീ-പതിം ഇന്ദ്രം — ഇന്ദ്രാണ്യാഭർത്താരം തം
ജൈത്രായ ഹർഷയ — ജേതവ്യധനാർത്ഥം തോഷയ

അർത്ഥം—അല്ലയോ സ്തോതാവേ, നമ്മുടെ മഹത്തായ ഗൃഹത്തിന്നുവേണ്ടി, പര്യാപ്തമായ വിധം സമസ്തങ്ങളായ ഇന്ദ്രഗുണങ്ങളെയും സ്തുതിയാൽ വ്യാപിക്കുന്നവനായി, നമുക്ക് നേടേണ്ടും ധനത്തിന്നുവേണ്ടി ഇന്ദ്രാണീപതിയായ ഇന്ദ്രനെ സന്തോഷിപ്പിക്കുക.

വർഗ്ഗം–20–21 കാണ്വഃ ഇരിംബിഠിഃ ഋഷിഃ, ഗായത്രീച്ഛന്ദഃ, ഇന്ദ്രോദേവതാ

1 പ്രസമ്രാജംചർഷണീനാ
മിന്ദ്രംസ്തോതാനവ്യങ്ഗീർഭിഃ
നരന്നൃഷാഹംമംഹിഷ്ഠം

അന്വയം:–

(ഹേ സ്തോതാരഃ)

| | |
|---|---|
| ചർഷണീനാം | — മനുഷ്യാണാം മദ്ധ്യേ |
| സം–രാജം, ഗീഃ–ഭിഃ<br>നവ്യം | — സമ്യക്‌രാജമാനം, അധീശ്വരം, സ്തുതിഭിസ്തുത്യം |
| നരം നൃ–സഹം | — നേതാരം, ശത്രുമനുഷ്യാണാമഭിഭവിതാരം |
| മംഹിഷ്ഠം ഇന്ദ്രം പ്ര<br>സ്തോത | — ദാതൃതമമിന്ദ്രം പ്രകർഷേണ സ്തുത |

അർത്ഥം–അല്ലയോ സ്തോതാക്കളേ, മനുഷ്യർക്കിടയിൽ നന്നായി ശോഭിക്കുന്നവനും അധീശ്വരനും സ്തോത്രങ്ങളാൽ സ്തുത്യനും ശത്രുമനുഷ്യരെ കീഴടക്കുന്നവനും ഏറ്റവും ദാനശീലനുമായ ഇന്ദ്രനെ വേണ്ടുംവണ്ണം സ്തുതിക്കുക.

2 യസ്മിന്നുക്ഥാനിരണ്യന്തി
വിശ്വാനിചശ്രവസ്യാ
അപാമവോനസമുദ്രേ

അന്വയം:–

യസ്മിൻ (ഇന്ദ്രേ,)

| | |
|---|---|
| ഉക്ഥാനി | — ശസ്ത്രാണി |
| വിശ്വാനി ശ്രവസ്യാ ച | — സർവ്വാണിശ്രവണീയാനി ഹവിരന്നാനി ച |

സമുദ്രേ അപാം അവഃ ന — ഉദധാവുദകാനാം തരങ്ഗ
ജാലമിവ
രണ്യന്തി — രമന്തേ

അൎത്ഥം—യാതൊരിന്ദ്രങ്കൽ ശസ്ത്രങ്ങളും കേൾവിപ്പെട്ട എല്ലാ ഹവിരന്നങ്ങളും സമുദ്രത്തിൽ ജലങ്ങളുടെ തിരമാല പോലെ രമിക്കുന്നുവോ,

3 തംസുഷ്ടുത്യാവിവാസേ

ജ്യേഷ്ഠരാജംഭരേകൃത്നും

മഹോവാജിനംസനിഭ്യഃ

അന്വയം:—

ജ്യേഷ്ഠ-രാജം — ജ്യേഷ്ഠേഷു, പ്രശസ്തേഷു
ദേവേഷു മദ്ധ്യേ രാജമാനം
ഭരേ മഹഃ കൃത്നും — സങ്ഗ്രാമേമഹതോവൃത്രവധാ
ദേഃ കൎത്താരം
വാജിനം തം സനി–ഭ്യഃ — ബലവന്തമിന്ദ്രം ധനേഭ്യഃ,
ധനലാഭായ
സു–സ്തുത്യാ ആ വിവാസേ - ശോഭനയാസ്തുത്യാപരിചരാമി

അൎത്ഥം—പ്രശസ്തന്മാരായ ദേവന്മാൎക്കിടയിൽ ശോഭമാനനും, യുദ്ധത്തിൽ മഹത്തായ വൃത്രവധാദിയുടെ കൎത്താവും ബലവാനുമായ ആ ഇന്ദ്രനെ ധനലാഭത്തിന്നായി ശോഭനസ്തുതിയാൽ ഞാൻ പരിചരിക്കുന്നു. (യുഗ്മകം)

4 യസ്യാനൂനാഗഭീരാ

മദാഉരവസ്തരുത്രാഃ

ഹൎഷുമന്തശ്ശൂരസാതൌ

അന്വയം:—

യസ്യ മദാഃ — സോമപാനജനിതാഃ
അനൂനാഃ, ഗഭീരാഃ — അന്യൂനാഃ, ഗാംഭീര്യോപേതാഃ

| | |
|---|---|
| ഉരവഃ, തരുത്രാഃ | — വിസ്തീർണ്ണാഃ, ശത്രൂണാം താരകാഃ |
| ശൂര–സാതൌ,<br>ഹർഷു–മന്തഃ | — സങ്ഗ്രാമേഹർഷയുക്താഃ, സങ്ഗ്രാമോത്സുകാഭവന്തി |

അർത്ഥം—സോമപാനംകൊണ്ടുണ്ടായ ആരുടെ ഹർഷങ്ങൾ കുറവില്ലാത്തവയും ഗംഭീരങ്ങളും പരപ്പുററവയും ശത്രുക്കളെ മറികടക്കുന്നവയും യുദ്ധോത്സുകങ്ങളുമാണോ.

5 തമിദ്ധനേഷുഹിതേ
ഷ്വധിവാകായഹവന്തേ
യേഷാമിന്ദ്രസ്തേജയന്തി

അന്വയം:—

| | |
|---|---|
| ധനേഷു ഹിതേഷു | — ശത്രുഷു നിഹിതേഷുസത്സു |
| തം ഇൽ | — പൂർവ്വോക്തഗുണമേവേന്ദ്രം |
| അധി–വാകായ ഹവന്തേ | — അധിവചനായ, അനുകൂലപക്ഷപാതവചനായ സ്തോതാര ആഹ്വയന്തി |
| (തത്രച) യേഷാം | |
| ഇന്ദ്രഃ | — യേഷാം പക്ഷേസവർത്തതേ |
| തേ ജയന്തി | — ത ഏവജയേന ധനാനിലഭന്തേ, നാന്യേ |

അർത്ഥം—ധനങ്ങൾ ശത്രുക്കളിലിരിക്കേ, മുൻപറഞ്ഞ ഗുണങ്ങളുള്ള ആ ഇന്ദ്രനെത്തന്നെയാണ്, നമുക്കനുകൂലപക്ഷപാതമായ വചനത്തിനായി (മററു ദേവന്മാരോട് പറയാനായി) സ്തോതാക്കൾ വിളിക്കുന്നത്. അപ്രകാരമുള്ള യുദ്ധത്തിൽ ഏവരുടെ പക്ഷത്തിൽ ഇന്ദ്രനുണ്ടോ അവർ മാത്രം ജയത്താൽ ധനങ്ങൾ നേടുന്നു, അന്യർ നേടുന്നില്ല. (യുഗ്മകം)

6 തമിച്ച്യൌത്നൈരാര്യന്തി
തങ്കൃതേഭിശ്ചർഷണയഃ
ഏഷഇന്ദ്രോവരിവസ്കൃൽ

വ 20

അന്വയം:—

തം ഇൽ ചർഷണയഃ ച്യൗത്നൈഃ തം കൃതേഭിഃ — തമേവേന്ദ്രം മനുഷ്യാഃ ബലകരൈസ്തോത്രൈഃ തമേവകർമ്മഭിശ്ച

ആര്യന്തി — ആര്യം, അഭിജ്ഞം, ഈശ്വരം കുർവ്വന്തി

ഏഷഃ ഇന്ദ്രഃ വരിവഃ-കൃൽ — സ്തോതൄണാം ധനസ്യ കർത്താ ഭവതി

അർത്ഥം—ആ ഇന്ദ്രനെത്തന്നെയാണ് മനുഷ്യർ ബലകരങ്ങളായ സ്തോത്രങ്ങളാലും കർമ്മങ്ങളാലും ആര്യനാക്കുന്നത്, ഈശ്വരനാക്കുന്നത്. ഈ ഇന്ദ്രൻ സ്തോതാക്കൾക്ക് ധനമുണ്ടാക്കുന്നവനാകുന്നു.

7 ഇന്ദ്രോ॑ബ്ര॒ഹ്മേന്ദ്ര॒ഋഷി॒

രിന്ദ്രഃ॑പു॒രുപു॑രുഹൂ॒തഃ

മ॒ഹാന്മ॒ഹീഭിശ്ശ॒ചീ॑ഭിഃ

അന്വയം:—

(അയം) ഇന്ദ്രഃ ബ്രഹ്മാ — പരിവൃഢഃ, സർവ്വേഭ്യോധികഃ

(സ ഏവ) ഇന്ദ്രഃ ഋഷിഃ — പരാവരസ്യ ദ്രഷ്ടാ

(സഃ) ഇന്ദ്രഃ പുരു പുരു-ഹൂതഃ — ബഹുലം ബഹുഭിരാഹൂതശ്ച

മഹീഭിഃ ശചീഭിഃ മഹാൻ — മഹതീഭിഃ വൃത്രവധാദിരൂപാഭിഃ ക്രിയാഭിഃ പ്രഭൃതോ ഭവതി

അർത്ഥം—ഈ ഇന്ദ്രൻ ബ്രഹ്മാവാകുന്നു, സർവ്വാധികനാകുന്നു. ഈ ഇന്ദ്രൻ പരാവരങ്ങൾ കാണുന്ന ഋഷിയാകുന്നു. ഈ ഇന്ദ്രൻ വളരെ വളരെ പേരാൽ പലപാട്ട് വിളിക്കപ്പെട്ടവനാകുന്നു. വൃത്രവധം മുതലായ മഹൽ കർമ്മങ്ങളാൽ മഹാനാകുന്നു.

8 സസ്തോമ്യസ്സഹവ്യ
സ്സത്യസ്സത്വാതുവികൂർമ്മിഃ
ഏകശ്ചിൽസന്നഭിഭൂതിഃ

അന്വയം:–

സഃ സ്തോമ്യഃ — ഇന്ദ്രസ്തുത്യർഹഃ
സഃ ഹവ്യഃ, സത്യഃ — ഹ്വാതവ്യഃ, അവിതഥ സ്വഭാവഃ
സത്വാ, തുവി–കൂർമ്മിഃ — ശത്രൂണാമവസാദയിതാ ബഹുകർമ്മാ
(യത ഏവ മതഃ) ഏകഃ
ചിൽ സൻ — അസഹായോപി
അഭി–ഭൂതിഃ — ശത്രൂണാമഭിഭവിതാ

അർത്ഥം–ആ ഇന്ദ്രൻ സ്തുത്യർഹനാകുന്നു. അവിടുന്നു് വിളിക്കപ്പെടേണ്ടവനാകുന്നു. സത്യസ്വഭാവനാകുന്നു. ശത്രുക്കളെ അമർക്കുന്നവനാകുന്നു, വളരെ കർമ്മങ്ങളൊത്തവനാകുന്നു. അപ്രകാരമാകയാലാണു് ഒററക്കു്, അസഹായനായിപ്പോലും, ശത്രുക്കളെ ജയിക്കുന്നവനാകുന്നതു്.

9 തമർക്കേഭിസ്തംസാമഭി
സ്തങ്ഗായത്രൈശ്ചർഷണയഃ
ഇന്ദ്രംവർദ്ധന്തിക്ഷിതയഃ

അന്വയം:–

ചർഷണയഃ ക്ഷിതയഃ — മന്ത്രാണാം ദ്രഷ്ടാരോ മനുഷ്യാഃ
തം അർക്കേഭിഃ — ഇന്ദ്രമർച്ചനസാധനൈഃ, യജ്ജുരൂപൈർമ്മന്ത്രൈഃ
വർദ്ധന്തി — വർദ്ധയന്തി
തം സാമ–ഭിഃ — ഗാനവിശിഷ്ടൈർമ്മന്ത്രൈർവ്വർദ്ധയന്തി

ഗായത്രൈഃ തം ഇന്ദ്രം — ഗായത്ര്യാദിച്ഛന്ദോയുക്തൈശ്ശസ്ത്ര
രൂപൈർമ്മന്ത്രൈഃ ഹോതാരോ
വൎദ്ധയന്തി

അൎത്ഥം—മന്ത്രദ്രഷ്ടാക്കളായ മനുഷ്യർ അൎച്ചനാസാധനങ്ങളും യജുരൂപങ്ങളുമായ മന്ത്രങ്ങളാൽ ആ ഇന്ദ്രനെ വൎദ്ധിപ്പിക്കുന്നു. ഗാനരൂപങ്ങളായ സാമമന്ത്രങ്ങളാൽ അവിടുത്തെ വൎദ്ധിപ്പിക്കുന്നു. ഗായത്രം മുതലായ ഛന്ദസ്സുകളുള്ള ശസ്ത്രരൂപങ്ങളായ ഋങ്മന്ത്രങ്ങളാൽ ഹോതാക്കൾ ആ ഇന്ദ്രനെ വൎദ്ധിപ്പിക്കുന്നു.

10 പ്രണേതാരംവസ്യോഅച്ഛാ
കൎത്താരംജ്യോതിസ്സമൽസു
സാസഹ്വാംസംയുധാമിത്രാൻ

അന്വയം:—

വസ്യഃ അച്ഛ
പ്ര—നേതാരം — വസീയഃ, പ്രശസ്തം ധനമാഭി
മുഖ്യേന പ്രാപയിതാരം
സമൽ—സു ജ്യോതിഃ
കൎത്താരം —സങ്ഗ്രാമേഷു ജയലക്ഷണം
പ്രകാശം കരണശീലം
യുധാ അമിത്രാൻ
സസഹ്വാംസം — യുദ്ധേന ശത്രൂനഭിഭൂതവന്തം,
തമിന്ദ്രം വൎദ്ധയന്തി

അൎത്ഥം—പ്രശസ്തമായ ധനം നേരെ എത്തിച്ചുതരുന്നവനും യുദ്ധത്തിൽ ജയപ്രകാശമുണ്ടാക്കുന്നവനും പോരാൽ ശത്രുക്കളെ ജയിച്ചവനുമായ ഇന്ദ്രനെ മുൻപറഞ്ഞ സ്തോതാക്കൾ വൎദ്ധിപ്പിക്കുന്നു.

11 സനഃപപ്രിഃപാരയാതി
സ്വസ്തിനാവാപുരുഹൂതഃ
ഇന്ദ്രോവിശ്വാഅതിദ്വിഷഃ

അന്വയം:—

| | |
|---|---|
| പപ്രിഃ, പുരു–ഹൂതഃ | — ഫലസ്യ പൂരയിതാ, ബഹുഭിരാഹൂതഃ |
| സഃ ഇന്ദ്രഃ വിശ്വാഃ | |
| ദ്വിഷഃ | — സർവ്വാഞ്ഛത്രൂൻ |
| നഃ നാവാ | — അസ്മാൻ തരണസാധനേന |
| സ്വസ്തി അതി | |
| പാരയാതി | — ക്ഷേമേണാതിപാരയതു |

അർത്ഥം-ഫലം പൂരിപ്പിക്കുന്നവനും പലരാലും വിളിക്കപ്പെട്ടവനുമായ ആ ഇന്ദ്രൻ നമ്മളെ തോണിയാൽ എല്ലാ ശത്രുക്കൾക്കുമക്കരെ, ക്ഷേമത്തോടുകൂടി കടത്തിയെത്തിക്കട്ടെ.

12 സത്വന്നഇന്ദ്രവാജേഭി
ർദ്ദശസ്യാചഗാതുയാച
അച്ഛാചനസ്സുമ്നന്നേഷി വ. 21

അന്വയം:—

| | |
|---|---|
| ഹേ ഇന്ദ്ര, സഃ ത്വം നഃ | — അസ്മഭ്യം |
| വാജേഭിഃ ദശസ്യ ച | — ബലൈർധനം പ്രയച്ഛ ച |
| ഗാതു–യ ച | — ഗാതുർമ്മാർഗ്ഗമസ്മഭ്യമിച്ഛ ച |
| (തഥാ) നഃ സുമ്നം ച | |
| അച്ഛ നേഷി | — സുഖഞ്ചാഭിപ്രാപയ |

അർത്ഥം—അല്ലയോ ഇന്ദ്ര, അപ്രകാരമുള്ള അവിടുന്ന് ഞങ്ങൾക്ക് ബലങ്ങളോടുകൂടി ധനം തന്നാലും. സന്മാർഗ്ഗവും ഇച്ഛിച്ചരുളിയാലും. അതുപോലെ സുഖം നേരെ പ്രാപിപ്പിച്ചാലും.

വർഗ്ഗം - 22 23-24 ഗായത്രീബൃഹതീ സതോ ബൃഹത്യശ്ഛന്ദാംസി

1 ആയാഹിസുഷുമാഹിത
ഇന്ദ്രസോമംപിബാഇമം
ഏദംബർഹിസ്സദോമമ

അന്വയം:–

ഹേ ഇന്ദ്ര, ആ യാഹി — ആഗച്ഛ
(വയം സോമം) തേ
സുസുമ ഹി — ത്വദർത്ഥമഭിഷുതവന്തഃ ഖലു
ഇമം സോമം പിബ — പാനം കുരു
(തദർത്ഥം) മമ ഇദം
ബർഹിഃ ആ സദഃ — വേദ്യാമാസ്തീർണ്ണം ദർഭാസ്തരമാസീദ

അർത്ഥം—അല്ലയോ ഇന്ദ്ര, വന്നാലും. അവിടേയ്ക്കുവേണ്ടി ഞങ്ങൾ സോമം സംസ്കരിച്ചിരിക്കുന്നു. ഈ സോമം കുടിച്ചാലും. അതിന്നുഃവേണ്ടി വേദിയിൽ വിരിച്ച ദർഭയിൽ വന്നിരുന്നാലും.

2 ആത്വാബ്രഹ്മയുജാഹരീ
വഹതാമിന്ദ്രകേശിനാ
ഉപബ്രഹ്മാണിനശ്ശൃണു

അന്വയം:—

ഹേ ഇന്ദ്ര, ബ്രഹ്മ—യുജാ — ബ്രഹ്മണാ, മന്ത്രേണ യുജ്യമാനൌ
കേശിനാ ഹരീ — കേശവന്താവശ്വൌ
ത്വാ ആ വഹതാം — ത്വാമഭിപ്രാപയതാം
നഃ ബ്രഹ്മാണി ഉപ ശൃണു — സ്തോത്രാണ്യസ്മദ്യജ്ഞമുപേത്യ ചിത്തേ ധാരയ

അർത്ഥം–അല്ലയോ ഇന്ദ്ര, മന്ത്രംകൊണ്ട് പൂട്ടപ്പെടുന്നവയും കുഞ്ചിരോമമൊത്തവയുമായ ഹരികളെന്ന കുതിരകൾ അവിടുത്തെ നേരെ എത്തിയ്ക്കട്ടെ. ഞങ്ങളുടെ സ്തോത്രങ്ങൾ ഈ യജ്ഞത്തിലെത്തിയുംക്കൊണ്ടാലും.

3 ബ്രഹ്മാണ്ണസ്ത്വാവയംയുജാ
സോമപാമിന്ദ്രസോമിനഃ
സുതാവന്തോഹവാമഹേ

അന്വയം:–

| | | |
|---|---|---|
| ഹേ ഇന്ദ്ര, സോമിനഃ<br>സുത–വന്തഃ ബ്രഹ്മാണഃ | — | സോമയുക്താഃ |
| വയം | — | അഭിഷുതൈശ്ച സോമൈരുപേതാ ബ്രാഹ്മണാവയം |
| സോമ–പാം ത്വാ | — | സോമസ്യപാതാരം ത്വാം |
| യുജാ ഹവാമഹേ | — | യോഗ്യേന സ്തോത്രേണാഹ്വയാമഹേ |

അർത്ഥം–അല്ലയോ ഇന്ദ്ര, സോമവള്ളികളോടും സംസ്കരിച്ച സോമങ്ങളോടുംകൂടിയ ബ്രാഹ്മണരായ ഞങ്ങൾ സോമപാതാവായ അവിടുത്തെ യോഗ്യമായ സ്തോത്രത്താൽ വിളിക്കുന്നു.

4 ആനോയാഹിസുതാവതോ
സ്മാകംസുഷ്ടുതീരുപ
പിബാസുശിപ്രിന്നന്ധസഃ

അന്വയം:–

| | | |
|---|---|---|
| (ഹേ ഇന്ദ്ര,) സുത–വതഃ<br>നഃ ആ യാഹി | — | അഭിഷുതസോമാനസ്മാനഭിഗച്ഛ |
| (തതഃ) അസ്മാകം സു–<br>സ്തുതീഃ ഉപ | — | ശോഭനാസ്തുതീരുപഗച്ഛ, ജാനീഹി |

ഹേ സു–ശിപ്രിൻ,
അന്ധസഃ പിബ — ശോഭനഹനുക, സോമാന്നസ്യ
സ്വാംശംപിബ

അർത്ഥം–അല്ലയോ ഇന്ദ്ര, സംസ്കരിച്ച സോമത്തോടുകൂടിയ ഞങ്ങളെ പ്രാപിച്ചാലും. പിന്നെ, ഞങ്ങളുടെ നല്ല സ്തുതികളെ അണഞ്ഞറിഞ്ഞാലും. നല്ല താടിയെല്ലൊത്ത ഇന്ദ്ര, സോമാന്നത്തിൽ സ്വന്തമംശം കുടിച്ചാലും.

5 ആതേസിഞ്ചാമികുക്ഷ്യോ
രനുഗാത്രാവിധാവതു
ഗൃഭായജിഹ്വയാമധു വ. 22

അന്വയം:-

(ഹേ ഇന്ദ്ര,) തേ കുക്ഷ്യോഃ — ഉദരയോഃ
(സോമാൻ) ആ
സിഞ്ചാമി — കുക്ഷീസോമേനാപൂരയാമി
(സവ്യദക്ഷിണഭേദേന ഊർധ്വാധോഭാഗഭേദേന വാ ദ്വേ
ഉദരേ)
(സഃ സോമഃ) ഗാത്രാ
അനു വി ധാവതു — സർവ്വാണി ശരീരാവയവാനി
അനുക്രമേണ വ്യാപ്നോതു
(ത്വഞ്ച) ജിഹ്വയാ
മധു ഗൃഭായ — രസനേന്ദ്രിയേണ മധുരം സോമം
ഗൃഹാണ

അർത്ഥം—അല്ലയോ ഇന്ദ്ര, അവിടുത്തെ രണ്ടുദരങ്ങളിലും സോമം വീഴ്ത്തുന്നു, ഇരുവയറുകൾ സോമം കൊണ്ടു നിറക്കുന്നു. (ഇടതുവലതുകളായോ മേൽകീഴകളായോ ഇരുവയറുകൾ) ആ സോമം എല്ലാ അവയവങ്ങളെയും ക്രമത്തിൽ വ്യാപിക്കട്ടെ. മധുരമായ സോമം അവിടുന്ന് നാവിനാൽ സ്വീകരിച്ചാലും.

6 സ്വാദുഷ്ടേഅസ്തുസംസുദേ
മധുമാന്തന്വേ ʃ ʃ തവ
സോമശ്ശമസ്തുതേഹൃദേ

അന്വയം:-

(ഹേ ഇന്ദ്ര,) സം-സുദേ തേ— സമ്യക്സുഷ്ഠു ദാത്രേ തുഭ്യം
മധു-മാൻ (സോമഃ)
സ്വാദുഃ അസ്തു — മാധുര്യവാനയം രുചികരോ ഭവതു
തവ തന്വേ — ശരീരായ സ്വാദുരസ്തു
സോമഃ തേ ഹൃദേ ശം അസ്തു — തവ ഹൃദയായ സുഖകരോഭവതു

അർത്ഥം-അല്ലയോ ഇന്ദ്ര, നന്നായി ധാരാളം കൊടുക്കുന്ന അവിടേക്ക്, മാധുര്യമാർന്ന ഈ സോമം രുചികരമാവട്ടെ. അവിടുത്തെ ശരീരത്തിന്ന് ഇഷ്ടമാവട്ടെ. അവിടുത്തെ ഹൃദയത്തിന്ന് സുഖകരമാവട്ടെ.

7 അയമുത്വാവിചർഷണേ
ജനീരിവാഭിസംവൃതഃ
പ്രസോമഇന്ദ്രസർപ്പതു

അന്വയം:-

ഹേ വി-ചർഷണേ,
ഇന്ദ്ര, ത്വാ — വിദ്രഷ്ടഃ ഇന്ദ്ര, ത്വാം
ജനീഃ-ഇവ — ജനയഃ, ജായാ ഇവ, തായഥാ ശുക്ലൈർവ്വസ്ത്രൈസ്സംവൃതാ ഭവന്തി
(ഏവം) സം-വൃതഃ — പയഃ പ്രഭൃതിഭിശ്രയണദ്രവ്യൈരാവൃതഃ
അയം സോമഃ അഭി പ്ര സർപ്പതു ഉ — അഭിഗച്ഛത്വേവ

അർത്ഥം—എല്ലാം കാണുന്ന ഇന്ദ്ര, ഭാര്യമാർ വെൺവസ്ത്രം കൊണ്ടു് മൂടുന്നപോലെ, പാൽ മുതലായ കൂട്ടുകളാൽ മൂടിയ ഈ സോമം അവിടുത്തെ നേരെ ഒഴുകിത്തന്നെ വരട്ടേ.

8 തുവിഗ്രീവോവപോദര
സ്സുബാഹുരന്ധസോമദേ
ഇന്ദ്രോവൃത്രാണിജിഘ്നതേ

അന്വയം:—

| | |
|---|---|
| തുവി–ഗ്രീവഃ | — വിസ്തീർണ്ണകന്ധരഃ |
| വപാ-ഉദരഃ | — പീവരോദരഃ |
| സു—ബാഹുഃ ഇന്ദ്രഃ | — ശോഭനബാഹുസ്സഃ |
| അന്ധസഃ മദേ വൃത്രാണി<br>ജിഘ്നതേ | — സോമസ്യ ഹർഷേസതി ശത്രു ജാതാനി ഹിനസ്തി |

അർത്ഥം—പരന്ന കഴുത്തുള്ളവനും വലിയ വയറൊത്തവനും നല്ല കൈകളിയന്നവനുമായ ഇന്ദ്രൻ, സോമപാനത്തിന്റെ ഹർഷത്തിലാണു് ശത്രുസമൂഹത്തെ കൊല്ലുന്നതു്.

9 ഇന്ദ്രപ്രേഹിപുരസ്ത്വം
വിശ്വസ്യേശാനഓജസാ
വൃത്രാണിവൃത്രഹഞ്ജഹി

അന്വയം:—

| | |
|---|---|
| ഹേ വൃത്ര—ഹൻ, ഇന്ദ്ര, | — വൃത്രഹന്തരിന്ദ്ര, |
| ഓജസാ വിശ്വസ്യ<br>ഈശാനഃ | — സർവ്വസ്യ ജഗതസ്വാമീഭവൻ |
| ത്വം പുരഃ പ്ര ഇഹി | — അസ്മാകം പുരസ്താൽ പ്രഗച്ഛ |
| വൃത്രാണി ജഹി | — ശത്രുജാതാനി വിനാശയ |

അർത്ഥം—അല്ലയോ വൃത്രഹന്താവായ ഇന്ദ്ര, ബലത്താൽ ജഗത്തിന്നു മുഴുവൻ സ്വാമിയായി ഭവിച്ചു്, അവിടുന്നു് ഞങ്ങൾക്കു മുമ്പിൽ തെളിഞ്ഞുവന്നാലും. ശത്രുക്കൂട്ടങ്ങളെ നശിപ്പിച്ചാലും.

10 ദീർഘസ്തേഅസ്ത്വങ്കുശോ
യേനാവസുപ്രയച്ഛസി
യജമാനായസുന്വതേ വ. 23

അന്വയം:—

| | |
|---|---|
| (ഹേ ഇന്ദ്ര,) യേന | |
| സുന്വതേ യജമാനായ | — സോമാഭിഷവങ്കുർവ്വതേ തസ്മൈ |
| വസു പ്ര-യച്ഛസി | — ധനം ദദാസി |
| തേ അങ്കുശഃ | — സൃണിഃ, ആകർഷണസാധനമായുധം |
| ദീർഘഃ അസ്തു | — ആയതോ ഭവതു |

അർത്ഥം—അല്ലയോ ഇന്ദ്ര, യാതൊന്നിനാലവിടുന്നു് സോമം സംസ്കരിക്കുന്ന യജമാനന്നു് ധനം കൊടുക്കുന്നുവോ, പിടിച്ചു വലിക്കുന്ന ആ തോട്ടി ദീർഘമായി ഭവിക്കട്ടെ. (അതായതു് എത്ര അകലെയിരിക്കുന്ന ഉപാസകനെയും തന്നിലേയ്ക്കാകർഷിക്കത്തക്കവണ്ണം നീളമുള്ളതാവട്ടെ.)

11 അയന്തഇന്ദ്രസോമോ
നിപൂതോഅധിബർഹിഷി
ഏഹീമസ്യദ്രവാപിബ

അന്വയം:—

| | |
|---|---|
| ഹേ ഇന്ദ്ര, തേ അയം | |
| സോമഃ | — ത്വദർത്ഥം പുരോവർത്തീ സോമഃ |
| ബർഹിഷി അധി | |
| നി-പൂതഃ | — വേദ്യാമാസ്തീർണ്ണേ ദർഭേ ദശാപവിത്രേണ ശോധിതഃ, അഭിഷവസംസ്കൃതഃ |
| ഈം അസ്യ ആ ഇഹി | — ഇദാനീമിമം സോമം പ്രത്യാഗച്ഛ |

(ആഗത്യ സോമസ്ഥാനം)
ദ്രവ — ശീഘ്രങ്ങ്ഗച്ഛ
(തദനന്തരം തം) പിബ — പാനം കുരു

അർത്ഥം—അല്ലയോ ഇന്ദ്ര, അവിടേയ്ക്കുവേണ്ടി ഈ സോമം വേദിയിൽ വിരിച്ച ദർഭയിൽ ദശാപവിത്രത്താൽ ശുദ്ധീകരിക്കപ്പെട്ടു്, സംസ്കൃതമായിരിക്കുന്നു. ഇപ്പോൾ ഈ സോമത്തെ ഉദ്ദേശിച്ചു് വന്നാലും. വന്നിട്ടു്, സോമസ്ഥാനത്തേക്കു് കുതിച്ചാലും. പിന്നെ, അതു് കുടിച്ചാലും.

12 ശാചിഗോശാചിപൂജനാ

യംരണായതേസുതഃ

ആഖണ്ഡലപ്രഹൂയസേ

അന്വയം:—
ഹേ ശാചി—ഗോ,
ശാചി—പൂജന, — ശാചയഃ പ്ര
(ഖ്യാതാഗാവഃ, രശ്മയഃ, തായസ്യ, താദൃശഃ, പ്രഖ്യാത പൂജന ഇന്ദ്ര,)
തേ രണായ — തവരമണായ, സുഖ ജനനായ
അയം സുതഃ — സോമോഭിഷുതഃ
ഹേ ആഖണ്ഡല, — ശത്രൂണാമാഖണ്ഡയിതഃ,
(ത്വം) പ്ര ഹൂയസേ — പ്രകൃഷ്ടാഭിസ്തുതിഭിരാഹൂയസേ

അർത്ഥം—പ്രഖ്യാതരശ്മികളോടുകൂടിയവനും പ്രശസ്തപൂജനത്തോടുകൂടിയവനുമായ ഇന്ദ്ര, അവിടത്തെ സന്തോഷത്തിന്നായിട്ടാണു് ഈ സോമം സംസ്കരിക്കപ്പെട്ടിട്ടുള്ളതു്. ശത്രുക്കളെ മുഴുക്കെ ഖണ്ഡിക്കുന്ന ഇന്ദ്ര, അവിടുന്നു് ഉൽകൃഷ്ടസ്തുതികളാൽ വിളിയ്ക്കപ്പെടുന്നു. (അതിനാൽ വന്നാലും.)

13 യസ്തേശൃങ്ഗവൃഷോനപാൽ

പ്രണപാൽകുണ്ഡപായ്യഃ

ന്യസ്മിന്ദധ്ര ആമനഃ

അന്വയം:—

| | |
|---|---|
| ഹേ ശൃങ്ഗ–വൃഷഃ നപാൽ | — ശൃങ്ഗവൃഷാനാമകശ്ചിദൃഷിഃ, തസ്യചേന്ദ്രസ്വയമേവ പുത്രതാം പ്രാപ്തഃ, അതസ്തസ്യ പുത്ര, |
| തേ പ്ര–നപാൽ, കുണ്ഡ–പായ്യഃ | — പ്രകൎഷേണനപാതയിതാ, രക്ഷിതാ, കുണ്ഡപായ്യഃ ക്രതുവിശേഷഃ (കുണ്ഡൈഃ പീയതേസ്മിൻ സോമഃ) |
| (ഏതൽ സംജ്ഞഃ) യഃ | — ക്രതുരസ്തി |
| അസ്മിൻ മനഃ ആ നി ദധ്രേ | — അഭിതോ വൎത്തമാനാഃ കുണ്ഡപായിനാമാനഃ ഋഷയഃ, പുരാ നിദധിരേ, സമ്യക് ത്വദ്ദേവത്യ ക്രതുമനുഷ്ഠിതവന്തഃ |

അൎത്ഥം- അല്ലയോ ശൃംഗവൃഷാവിന്റെ പുത്ര, (ശൃംഗവൃഷാവെന്ന ഋഷിക്കു് ഇന്ദ്രൻ പുത്രനായി ജനിച്ചു). ഇന്ദ്ര, യജമാനനെ വീഴ്ത്താത്ത, രക്ഷിക്കുന്ന കുണ്ഡപായ്യമെന്ന യാതൊരു. യാഗവിശേഷം അവിടുന്നു ദേവനായുണ്ടോ, ആ യാഗം സമീപം വൎത്തിച്ച കുണ്ഡപായികളെന്ന ഋഷികൾ പണ്ടു് വേണ്ടപോലെ അനുഷ്ഠിച്ചു. (കുണ്ഡങ്ങളോടുകൂടി പാത്രങ്ങളോടുകൂടി സോമം കുടിക്കപ്പെടുന്നതു് കുണ്ഡപായ്യം).

14 വാസ്തോഷ്പതേധ്രുവാസ്ഥൂണാം

സത്രം സോമ്യാനാം

ദ്രഫ്സോഭേത്താപുരാംശശ്വതീനാ

മിന്ദ്രോമുനീനാംസഖാ

അന്വയം:—

ഹേ വാസ്തോഃ പതേ, — ഗൃഹപതേ,
സ്ഥൂണാ ധ്രുവാ — ഗൃഹാധാരഭൂതസ്തംഭസ്ഥിരോ ഭവതു
സോമ്യാനാം -- സോമസമ്പാദിനാമസ്മാകം
അംസത്രം — അംസോപലക്ഷിതസ്യ കൃത്സ്നസ്യ ശരീരസ്യ ത്രായകം ബലം ഭവതു
(അപിച) ദ്രഫ്സഃ — ദ്രവണശീലസോമോപേതസ്സൻ
ശശ്വതീനാം പുരാം — ബഹ്വീനാമസുരപുരീണാം
ഭേത്താ ഇന്ദ്രഃ — വിദാരയിതാസഃ
മുനീനാം സഖാ — ഋഷീണാമസ്മാകം മിത്രഭൂതോ ഭവതു

അർത്ഥം—അല്ലയോ ഗൃഹപതേ, ഗൃഹത്തിന്നൂന്നായ തൂണ് ഉറപ്പുററതാവട്ടെ. ചുമലുൾപ്പടേയുള്ള ശരീരത്തിന്ന് മുഴവൻ ബലമുണ്ടാവട്ടെ. പിന്നെ ഒഴുകിവരുന്ന സോമത്തോടുകൂടിയവനായി, കണക്കററ അസുരപുരങ്ങൾ പിളക്കുന്ന ഇന്ദ്രൻ ഋഷിമാരായ നമുക്ക് ചങ്ങാതിയാവട്ടെ.

15 പൃദാകുസാനുര്യജതോഗവേഷണ
ഏകസ്സന്നഭിഭൂയസഃ
ഭൂർണ്ണിമശ്വന്നയത്തുജാപുരോഗൃ
ഭേന്ദ്രംസോമസ്യപീതയേ വ. 24

അന്വയം:—

പൃദാകു—സാനുഃ - പൃദാകുസ്സർപ്പഃ, സഇവസാനുഃ, സമുച്ഛ്രിതഃ, ഉന്നതശിരസ്കഃ
യജതഃ, ഗോ—ഏഷണഃ — യഷ്ടവ്യഃ, ഗവാമേഷയിതാ,
ഏകഃ സൻ ഭൂയസഃ — അഭി പ്രാപയിതേന്ദ്രഃ അസഹായ ഏവ ബഹൂൻ ശത്രൂനഭിഭവതി
ഭൂർണ്ണിം അശ്വം ഇന്ദ്രം --- ഭരണശീലം വ്യാപ്തം തം

സോമസ്യ പീതയേ — പാനാർത്ഥം
തുജാ ഗൃഭാ — ക്ഷിപ്രഗാമിനാ ഗ്രഹണ സാധനേന സ്തോത്രേണ
(സ്തോതാ) പുരഃ നയൽ — അസ്മാകം പുരസ്താൽ നയതി, പ്രാപയതി

അർത്ഥം–പാമ്പു പോലെ തലയുയർത്തിയവനും യജിയ്ക്കപ്പെടേണ്ടവനും ഉപാസകർക്കു് പശുക്കളെ എത്തിക്കുന്നവനുമായ ഇന്ദ്രൻ ഒററക്കു വളരെ ശത്രുക്കളെ ജയിക്കുന്നു. ഭരണശീലനും എങ്ങും വ്യാപിച്ചവനുമായ ഇന്ദ്രനെ സോമപാനത്തിന്നായി, വേഗമുററതും ഗ്രഹണസാധനവുമായ സ്തോത്രത്താൽ, സ്തോതാവു് നമ്മുടെ മുമ്പിലെത്തിക്കുന്നു.

വർഗ്ഗം–25-26–27–28 ഉഷ്ണിക്ഛന്ദഃ, അദിതിരശ്വിനാദിത്യാഃ അഗ്നിസൂര്യാനിലാമരുതോ ദേവതാ.

1 ഇദംഹന്നൂനമേഷാം
സുമ്നംഭിക്ഷേതമർത്ത്യഃ
ആദിത്യാനാമപൂർവ്യംസവീമനി

അന്വയം:–
ഇദം ഹ നൂനം — ഇദാനീംഖല്വവശ്യം
ആദിത്യാനാം ഏഷാം — അദിതേഃ പുത്രാണാം മിത്രാദീനാം ദേവാനാം
സവീമനി മർത്ത്യഃ — പ്രേരണേ സതിമനുഷ്യഃ, സ്തോതാ
അപൂർവ്യം സുമ്നം ഭിക്ഷേത— അഭിനവം, സുഖകരം ധനം യാചേത, ന കാലാന്തരേ

അർത്ഥം–ഇപ്പോഴാണല്ലൊ നിശ്ചയമായും അദിതിപുത്രന്മാരായ മിത്രാദി ദേവന്മാരുടെ പ്രേരണ (ആനുകൂല്യം) ഇരിയ്ക്കേ, മനുഷ്യനായ സ്തോതാവു് അപൂർവ്വമായ, അഭിനവമായ, സുഖകരമായ ധനം യാചിയ്ക്കേണ്ടതു്, മറെറാരു കാലത്തല്ല.

2 അനൎവ്വാണോഹ്യേഷാം

പന്ഥാആദിത്യാനാം

അദബ്ധാസ്സന്തിപായവസ്സുഗേവൃധഃ

അന്വയം:—

ഏഷാം ആദിത്യാനാം

| | |
|---|---|
| പന്ഥാഃ | — പന്ഥാനഃ, മാൎഗ്ഗാഃ |
| അനൎവ്വാണഃ | — അപ്രത്യൃതാഃ, പരൈരപ്രതിഗതാഃ |
| അദബ്ധാഃ സന്തി | — അഹിംസിതാശ്ച ഭവന്തി |
| ഹി പായവഃ | — യസ്മാദേവം തസ്മാൽ പാലയിതാരസ്തേമാൎഗ്ഗാഃ |
| സുഗേ_വൃധഃ | — സുഗമേ, സുഖേവിഷയേ വൎദ്ധകാ ഭവന്തു |

അൎത്ഥം—ഈ അദിതി പുത്രന്മാരുടെ മാൎഗ്ഗങ്ങൾ എതിരററവയും കേടേല്പിയ്ക്കപ്പെടാത്തവയുമാകുന്നു. അപ്രകാരമാകയാൽ രക്ഷകങ്ങളായ ആ മാൎഗ്ഗങ്ങൾ സുഖവൎദ്ധകങ്ങളായി ഭവിയ്ക്കട്ടെ.

3 തൽസുനസ്സവിതാഭഗോ

വരുണോമിത്രോഽര്യമാ

ശൎമ്മയച്ഛന്തുസപ്രഥോയദീമഹേ

അന്വയം:—

സവിതാ ഭഗഃ വരുണഃ

മിത്രഃ അര്യമാ

| | |
|---|---|
| യൽ ഈമഹേ | — യാചാമഹേ |
| സ—പ്രഥഃ തൽ ശൎമ്മ | — സൎവ്വതഃ പൃഥു, വിസ്തീൎണ്ണം സുഖം |
| നഃ സു യച്ഛന്തു | — സുഷ്ഠു ദദതു |

അൎത്ഥം_സവിതാവ്, ഭഗൻ, വരുണൻ, മിത്രൻ, അര്യമാവ് എന്നീ ദേവന്മാർ, യാതൊന്ന് ഞങ്ങൾ യാചിക്കുന്ന

വോ, എമ്പാടും വിസ്തീർണ്ണമായ ആ സുഖം, മംഗളം ഞങ്ങൾക്കു തന്നരുളട്ടെ.

4 ദേ॒വേഭി॑ർദ്ദേവ്യദി॒തേ
രി॑ഷ്ടഭ॒ർമ്മന്നാഗ॑ഹി
സ്മൽസൂ॒രിഭി॑ഃപുരുപ്രിയേസു॒ശർമ്മ॑ഭിഃ

അന്വയം:—
ഹേ ദേവി,
അരിഷ്ട–ഭർമ്മൻ — ദാനാദിഗുണയുക്തേ അഹിംസിതഭരണേ
ഹേ പുരു–പ്രിയേ,
അദിതേ, — ബഹുഭിഃ പ്രീയമാണേ, അദിതേ
സൂരി–ഭിഃ, സുശർമ്മ–ഭിഃ
ദേവേഭിഃ — പ്രാജ്ഞൈഃ, സുസുഖൈരാത്മീയൈഃ പുത്രൈസ്സാദ്ധം
സ്മൽ ആ ഗഹി — ശോഭനം യഥാ തഥാ ഗച്ഛ

അർത്ഥം—ദാനാദിഗുണങ്ങളൊത്തവളും കേടററു ഭരിക്കുന്നവളും പലരാലും പ്രീയമാണയുമായ അദിതേ, വിജ്ഞന്മാരും സൽസുഖയുക്തരും സ്വന്തം പുത്രന്മാരായ ദേവന്മാരോടുകൂടി ശോഭനമാംവണ്ണം വന്നാലും.

5 തേഹിപു॒ത്രാസോ॒അദി॑തേ
വ്വി॒ദുർദ്വേഷാ॑ംസി॒യോത॑വേ
അം॒ഹോശ്ചി॑ദുരുച॒ക്രയോ॑നേ॒ഹസ॑ഃ വ. 25

അന്വയം:—
അദിതേഃ പുത്രാസഃ
തേ ഹി — പുത്രാഃ ഖലു മിത്രാദയോ ദേവാഃ
ദ്വേഷാംസി യോതവേ
വിദുഃ — ദ്വേഷ്ടൄണി, രാക്ഷസാദീനി പൃഥക്കർത്തും ജാനന്തി

(തഥാ) ഉരു–ചക്രയഃ — വിസ്തീർണ്ണസ്യ കർമ്മണഃ കർത്താരഃ
അനേഹസഃ — അനാഹന്താരഃ, രക്ഷകാസ്തേ
അംഹോഃ ചിൽ — ആഹനനശീലാൽ പാപാദപി യോതവേ, അസ്മാൻ പൃഥക് കർത്തും ജാനന്തി

അർത്ഥം–അദിതിയുടെ പുത്രന്മാരായ മിത്രാദിദേവന്മാർക്കാണല്ലൊ ശത്രുക്കളായ രാക്ഷസാദികളെ അകററാനറിയുന്നതു്. പരന്നുപിടിച്ച കർമ്മങ്ങൾ ചെയ്യുന്നവരും ഉപദ്രവിക്കാത്തവരുമായ അവർക്കു് ഹിംസാശീലത്തിൽ നിന്നും പാപത്തിൽ നിന്നും നമ്മളെ വേർപെടുത്താനും അറിയുന്നു. (അതായതു് പുറമേ നിന്നുള്ള ശത്രുക്കളിൽനിന്നും അകമേയുള്ള ശത്രുക്കളിൽ നിന്നും അവരാണു് നമ്മളെ രക്ഷിക്കേണ്ടതു്).

6 അദിതിന്നോദിവാപശു

മദിതിന്നക്തമദ്വയാഃ

അദിതിഃപാത്വംഹസസ്സദാവൃധാ

അന്വയം:–
അദിതിഃ സദാ–വൃധാ — ദേവമാതാ സർവ്വദാ വൃദ്ധിമതാത്മീയേന രക്ഷണേന
നഃ പശും ദിവാ പാതു — ഗവാദി പശുജാതം അഹനി രക്ഷതു (ജാത്യേകവചനം)
(തഥാ) അദ്വയാഃ അദിതിഃ
നക്തം — സർവ്വദൈകപ്രകാരാ, കപടരഹിതാരാത്രൗ രക്ഷതു
(തഥാസ്മാനപി) അദിതിഃ
അംഹസഃ — പാപാൽ പാതു

അർത്ഥം–ദേവമാതാവായ അദിതി, എപ്പോഴും വളരുന്ന ആത്മീയ രക്ഷണത്താൽ നമ്മുടെ പശുമുതലായ വളർത്തുമൃഗങ്ങളുടെ കൂട്ടത്തെ പകൽ രക്ഷിക്കട്ടെ. എപ്പോഴുമൊരേ ഭാവം പൂണ്ടു, കപടമററ അദിതി രാത്രി രക്ഷിക്കട്ടെ. പിന്നെ നമ്മളെ അദിതി പാപത്തിൽ നിന്നു രക്ഷിക്കട്ടെ.

7 ഉതസ്യാനോദിവാമതി
രദിതിരൂത്യാഗമൽ
സാശംതാതിമയസ്കരദപസ്രിധഃ

അന്വയം:—

| | |
|---|---|
| ഉത സ്യാ മതിഃ അദിതിഃ | — അപിചസാസ്തോതവ്യാദിതിഃ |
| ഊത്യാ ദിവാ നഃ ആ ഗമൽ | — രക്ഷണേന സഹ അഹന്യസ്മാനാഗച്ഛതു |
| (ആഗത്യ ച) സാ ശം—താതി മയഃ കരൽ | — ശാന്തികരം സുഖം കരോതു |
| സ്രിധഃ അപ | — ബാധകാഞ്ഛത്രൂനപഗമയതു |

അർത്ഥം—പിന്നെ, ആ സ്തുത്യയായ അദിതി രക്ഷണത്തോടുകൂടി പകൽ നമ്മളെ പ്രാപിക്കട്ടെ. വന്നിട്ടവിടുന്നു്, ശാന്തികരമായ സുഖമുണ്ടാക്കട്ടെ. ബാധകന്മാരായ ശത്രുക്കളെ അകററട്ടെ.

8 ഉതത്യാദൈവ്യാഭിഷജാ
ശന്നഃകരതോഅശ്വിനാ
യുയുയാതാമിതോരപോഅപസ്രിധഃ

അന്വയം:—

| | |
|---|---|
| ഉത ത്യാ ദൈവ്യാ | — അപിച തൌ, പ്രസിദ്ധൌ, ദേവേഷു ഭവൌ |
| ഭിഷജാ അശ്വിനാ | — ചികിത്സകാവശ്വിനൌ |
| നഃ ശം കരതഃ | — അസ്മാകം രോഗാണാം ശമനം കുരുതാം |
| ഇതഃ രപഃ യുയുയാതാം | — അസ്മത്തഃ പാപം പൃഥക് കുര്യാതാം |
| സ്രിധഃ അപ | — ഹിംസകാഞ്ഛത്രൂനപഗമയതാം |

അൎത്ഥം—ഇതുകൂടാതെ, പ്രസിദ്ധന്മാരും ദേവന്മാരിൽപെട്ട വൈദ്യന്മാരുമായ അശ്വികൾ നമുക്കു് രോഗശമനം വരുത്തട്ടെ. നമ്മളിൽനിന്നു് പാപമകററട്ടെ. (പാപമാണല്ലൊ രോഗകാരണം) ഹിംസകരായ ശത്രുക്കളെ പുറംതള്ളട്ടെ.

9 ശമഗ്നിരഗ്നിഭിഃകര

ച്ഛന്നസ്തപതുസൂര്യഃ

ശംവാതോവാത്വരപാഅപസ്രിധഃ

അന്വയം: –

| | |
|---|---|
| അഗ്നിഃ അഗ്നി–ഭിഃ | — വിഭിന്നൈൎഗ്ഗാൎഹപത്യാദിഭിഃ |
| ശം കരൽ | — അസ്മാകം സുഖം കരോതു |
| സൂര്യഃ നഃ ശം തപതു | — സൎവ്വപ്രേരക ആദിത്യഃ സുഖം യഥാ തഥാ പ്രദീപ്യതാം |
| വാതഃ അരപാഃ | — വായുശ്ചാ പാപസ്സൻ |
| ശം വാതു | — സുഖം യഥാ തഥാനുവൎത്തതാം |
| സ്രിധഃ അപ | — തേ ദേവാഃ ബാധകാഞ്ഛത്രൂന പഗമയന്തു |

അൎത്ഥം—അഗ്നിദേവൻ ഗാൎഹപത്യാദികളായ മററു് അഗ്നികളോടുകൂടി നമുക്കു സുഖമുണ്ടാക്കട്ടെ. സൎവ്വപ്രേരകനായ ആദിത്യൻ സുഖമാംവണ്ണം പ്രകാശിക്കട്ടെ. വായു അപാപനായി, അദ്രോഹനായി സുഖമായി വീശട്ടെ. ആ ദേവന്മാർ ദ്രോഹികളായ ശത്രുക്കളെ അകററട്ടെ.

10 അപാമീവാമപസ്രിധ

മപസേധതദുൎമ്മതിം

ആദിത്യാസോയുയോതനാനോഅംഹസഃ വ. 26

അന്വയം: —

| | |
|---|---|
| ഹേ ആദിത്യാസഃ | — ആദിത്യാഃ, അദിതേഃ പുത്രാഃ, |
| അമീവാം അപ സേധത | — രോഗമസ്മത്തോപഗമയത |

| | |
|---|---|
| സ്രിധം അപ | — അപസേധകം ശത്രുഞ്ചാപഗമയത |
| ദുഃ-മതിം അപ | — അസ്മാകം ദുഃഖസ്യമന്താരമപസേധത |
| നഃ അംഹസഃ യുയോതന | – പാപാൽ പൃഥക് കുരുത |

അർത്ഥം—അല്ലയോ അദിതിപുത്രന്മാരേ, ദേവന്മാരേ, രോഗത്തെ ഞങ്ങളിൽ നിന്നകററിയാലും. വധശീലനായ ശത്രുവെ അകററിയാലും. ഞങ്ങൾക്ക് കഷ്ടപ്പാടു വരുത്താനാലോചിക്കുന്നവനെ അകററിയാലും. ഞങ്ങളെ പാപത്തിൽ നിന്ന് വേർപെടുത്തിയാലും.

11 യുയോതാശരുമസ്മദാഁ

ആദിത്യാസഉതാമതിം

ഋധഗ്ദ്വേഷഃകൃണുതവിശ്വവേദസഃ

അന്വയം:-

ഹേ വിശ്വ-വേദസഃ,

| | |
|---|---|
| ആദിത്യാസഃ, | — സർവ്വജ്ഞാ അദിതിപുത്രാഃ |
| ശരും അസ്മൽ ആ<br>യുയോത | — ഹിംസകമസ്മത്തഃ പൃഥക് കുരുത |
| ഉത അമതിം | — അപി ച ദുർബ്ബുദ്ധിം പൃഥക് കുരുത |
| ദ്വേഷഃ ഋധക് കൃണുത | — ദ്വേഷ്ടൄൻ, ശത്രൂൻ പൃഥക് കുരുത, അസ്മത്തോവിയോജയത |

അർത്ഥം—സർവ്വജ്ഞന്മാരായ അദിതിപുത്രന്മാരേ, ദ്രോഹിയെ ഞങ്ങളിൽ നിന്നകററിയാലും. ദുർബ്ബുദ്ധിയെയുമകററിയാലും. ശത്രുക്കളെ ഞങ്ങളിൽ നിന്ന് വിടുത്തിയാലും.

12 തൽസുനശ്ശർമ്മയച്ഛതാ

ദിത്യായന്മുമോചതി

ഏനസ്വന്തഞ്ചിദേനസസ്സുദാനവഃ

അന്വയം:-

ഹേ സു_ദാനവഃ,
ആദിത്യാഃ, — ശോഭനദാനാ ആദിതിപുത്രാഃ
(യുഷ്മദീയം) യൽ
ഏനസ്വന്തം ചിൽ — പാപിനമപിസ്തോതാരം
ഏനസഃ മുമോചതി — പാപാൽ മോചയതി
തൽ ശർമ്മ നഃ സു യച്ഛത — സുഖമസ്മഭ്യം സുഷ്ഠുദത്ത

അർത്ഥം-ശോഭനദാനന്മാരായ അദിതിപുത്രന്മാരേ, നിങ്ങളുടേതായ യാതൊന്നു് പാപിയായ സ്തോതാവിനെക്കൂടി പാപത്തിൽ നിന്നു് വിടുത്തുന്നുവോ, ആ സുഖം ഞങ്ങൾക്കു് നന്നായി തന്നരുളിയാലും. (പാപത്തിൽ നിന്നു മോചിപ്പിച്ചു കൊടുക്കുന്ന സുഖം)

13 യോനഃകശ്ചിദ്രിരിക്ഷതി
രക്ഷസ്ത്വേനമർത്യഃ
സ്വൈഷ്ഷ ഏവൈരിരിഷീഷ്ടയുർജ്ജനഃ

അന്വയം:—

യഃ കഃ ചിൽ നഃ മർത്യഃ — അസ്മാൻ
രക്ഷഃ_ത്വേന രിരിക്ഷതി · രക്ഷോഭാവേന
പിശാചാദ്യാത്മനാ
ജിഹിംസിഷതി
സഃ സ്വൈഃ ഏവൈഃ — ആത്മീയൈരേവ ചേഷ്ടിതൈഃ
രിരിഷീഷ്ട — ഹിംസിതോ ഭൂയാൽ
(സഃ) ജനഃ യുഃ — അപഗമനശീലോഭവതു

അർത്ഥം—ഏതൊരു മനുഷ്യൻ രാക്ഷസഭാവത്തിൽ പിശാചരൂപത്തിൽ, നമ്മെ ഹിംസിക്കാനിച്ഛിയ്ക്കുന്നുവോ, അവൻ സ്വന്തം ചേഷ്ടിതങ്ങളാൽ ഹിംസിയ്ക്കപ്പെടട്ടെ. ആ ആൾ സ്വയം അകലെ പോകുന്നവനാവട്ടെ.

14 സമിത്തമഘമശ്നവ

ദ്ദുശ്ശംസംമർത്യംരിപും

യോഅസ്മത്രാദുർഹണാവാംഉപദ്വയുഃ

അന്വയം:—

യഃ അസ്മ–ത്രാ — അസ്മാസു, അസ്മദ്വിഷയേഷു
ദുഃ–ഹനാവാൻ ഉപ — ദുഷ്ടഹനനവാൻ ഉപജായതേ
(യഃ) ദ്വയുഃ — ദ്വയാവീ, ദ്വാഭ്യാം പ്രകാരാഭ്യാം യുക്തഃ, കപടോഭവതി
ദുഃ–ശംസം രിപും — ദുഷ്കൃതം ശത്രും
തം മർത്യം ഇൽ — മനുഷ്യമേവ
അഘം സം അശ്നവൽ — പാപം സമ്യക് വ്യാപ്നോതു

അർത്ഥം–ഏവൻ ഞങ്ങളിൽ, ഞങ്ങളെസ്സംബന്ധിച്ച വിഷയങ്ങളിൽ, ക്രൂരദ്രോഹിയാവുന്നുവോ, ഏവൻ വാക്കൊന്നും പ്രവൃത്തി മറെറാന്നുമായി കപടനാവുന്നുവോ, ദുഷ്കർമ്മിയും ശത്രുവുമായ ആ മനുഷ്യനെത്തന്നെ പാപംമുഴുക്കെ ബാധിക്കട്ടെ.

15 പാകത്രാസ്ഥനദേവാ

ഹൃൽസുജാനീഥമർത്യം

ഉപദ്വയുഞ്ചാദ്വയുഞ്ചവസവഃ

വ. 27

അന്വയം;—

ഹേ വസവഃ, ദേവാഃ — വാസയിതാരഃ അദിതിപുത്രാഃ
(യൂയം) പാക–ത്രാ സ്ഥന — പാകേഷു, വിപക്വജ്ഞേഷു സ്തോതൃഷു ഭവഥ
(യത ഏവമതഃ) ഹൃൽ–സു — സ്വകീയേഷു ഹൃദയേഷു
ദ്വയും ച അദ്വയും ച — കപടിനം കാപട്യരഹിതഞ്ച
മർത്യം ഉപ ജാനീഥ — ഉപേത്യ അവഗച്ഛഥ

അർത്ഥം–ഏവരേയും അതാതിടത്തു് വസിപ്പിക്കുന്ന അദിതിപുത്രന്മാരേ, നിങ്ങൾ അറിവുകുറഞ്ഞ സ്തോതാക്കളിൽ ചെല്ലുന്നു. (വിഭക്തികുറഞ്ഞവരെങ്കിലും ഭക്തികൂടിയവരിൽ

ചെല്ലുന്നു.) അക്കാരണത്താൽ സ്വന്തം ഹൃദയങ്ങളിൽ കപടം വെച്ചുപുലർത്തുന്നവനെയും കപടമില്ലാത്തവനെയും അടുത്തറിയുന്നു.

16 ആശർമ്മപർവ്വതാനാ
മോതാപാംവൃണീമഹേ
ദ്യാവാക്ഷാമാരേഅസ്മദ്രപസ്കൃതം

അന്വയം:—

| | | |
|---|---|---|
| (ഹേ ദേവാഃ,) പർവ്വതാനാം ഉത അപാം | — | മേഘാനാമപിചോദകാനാം |
| ശർമ്മ ആ വൃണീമഹേ | — | സുഖമാഭിമുഖ്യേന സംഭജാമഹേ |
| ഹേ ദ്യാവാക്ഷാമാ, | — | ദ്യാവാപൃഥിവ്യൗ, |
| രപഃ അസ്മൽ ആരേ ആ കൃതം | — | സമന്താൽ പാപമസ്മത്തോ വിപ്രകൃഷ്ടദേശേകുരുതം |

അർത്ഥം—അല്ലയോ ദേവന്മാരേ, മേഘങ്ങളുടെയും ജലങ്ങളുടെയും സുഖം ഞങ്ങൾ നേരിട്ടു പ്രാർത്ഥിക്കുന്നു. അല്ലയോ ദ്യാവാപൃഥിവികളേ, പാപം ഞങ്ങളിൽനിന്നു തീരെ അകലത്തിലാക്കിയാലും.

17 തേനോഭദ്രേണശർമ്മണാ
യുഷ്മാകന്നാവാവസവഃ
അതിവിശ്വാനിദുരിതാപിപർത്തന

അന്വയം:—

| | | |
|---|---|---|
| ഹേ വസവഃ, | — | വാസയിതാര ആദിത്യാഃ, |
| തേ (യൂയം) ഭദ്രേണ ശർമ്മണാ | — | ശോഭനേന സുഖേന |
| യുഷ്മാകം നാവാ നഃ | — | അസ്മാൻ |
| വിശ്വാനി ദുഃ_ഇതാ | — | സർവ്വാണി ദുർഗ്ഗമനാനി |
| അതി പിപർത്തന | — | അതിപിപൃത, പാരയ |

അർത്ഥം—ഏവരെയും അതാതിടത്തു് വസിപ്പിക്കുന്ന അദിതിപുത്രന്മാരേ, മുൻപറഞ്ഞ ഗുണങ്ങളൊത്ത നിങ്ങൾ മംഗളകരമായ സുഖത്തോടുകൂടി നിങ്ങളുടെ തോണിയാൽ ഞങ്ങളെ ദുരിതങ്ങൾക്കക്കരെ കടത്തിയാലും.

18 തുചേതനായതൽസുനോ

ദ്രാഘീയആയുർജ്ജീവസേ

ആദിത്യാസസ്സുമഹസഃകൃണോതന

അന്വയം:—

ഹേ സു—മഹസഃ

ആദിത്യാസഃ, — ശോഭനതേജസ്കാഃ ആദിത്യാഃ

നഃ തുചേ തനായ — അസ്മാകം പുത്രായ പൌത്രായ ച

ജീവസേ ദ്രാഘീയഃ

തൽ ആയുഃ — ജീവനായ ദീർഘതമം പ്രസിദ്ധം ജീവിതം

സു കൃണോതന — സുഷ്ഠു കുരുത

അർത്ഥം—അല്ലയോ ശോഭനതേജസ്സുററ അദിതിപുത്രന്മാരേ, ഞങ്ങളുടെ പുത്രന്നും പൌത്രന്നും ജീവനത്തിന്നു് സുദീർഘമായ ആയുസ്സുണ്ടാക്കിയാലും.

19 യജ്ഞോഹീളോവോഅന്തര

ആദിത്യാഅസ്തിമൃളത

യുഷ്മേഇദ്വോഅപിഷ്മസിസജാത്യേ

അന്വയം:—

ഹേ ആദിത്യാഃ, ഹീളഃ — ഗന്തവ്യഃ, പ്രാപ്തവ്യഃ, അസ്മാഭിരനുഷ്ഠിതഃ

യജ്ഞഃ വഃ അന്തരഃ

അസ്തി — യുഷ്മാകമന്തികേ വർത്തമാനോ ഭവതി

(അതോസ്മാൻ) മൃളത — സുഖയത
വഃ സ-ജാത്യേ — സജാതത്വേ, ബാന്ധവേ
വർത്തമാനാവയം
യുഷ്മേ ഇൽ അപി സ്മസി – യുഷ്മാസ്വേവ സർവ്വദാ
ഭവാമോപി

അർത്ഥം—അല്ലയോ അദിതിപുത്രന്മാരേ, അനുഷ്ഠിക്കപ്പെടേണ്ടതും ഞങ്ങളാൽ അനുഷ്ഠിക്കപ്പെട്ടതുമായ യജ്ഞം നിങ്ങളുടെ അടുക്കൽ തന്നെയാണ്. അതിനാൽ ഞങ്ങളെ സുഖിപ്പിച്ചാലും. നിങ്ങളുടെ ബന്ധുത്വത്തിൽ വർത്തിക്കുന്ന ഞങ്ങൾ എന്നും നിങ്ങളിൽത്തന്നെ നിലകൊള്ളുന്നു.

20 ബൃഹദ്വരൂഥംമരുതാം

ദേവംത്രാതാരമശ്വിനാ

മിത്രമീമഹേവരുണംസ്വസ്തയേ

അന്വയം:—

മരുതാം ത്രാതാരം ദേവം — പാലയിതാരമിന്ദ്രം
അശ്വിനാ, മിത്രം,
വരുണം — അശ്വിനൌ മിത്രം വരുണഞ്ച
ബൃഹൽ വരൂഥം — ശീതാതപാദി നിവാരകം
പ്രൌഢം ഗൃഹം
സ്വസ്തയേ ഈമഹേ — അവിനാശായ യാചാമഹേ

അർത്ഥം—മരുത്തുക്കളുടെ പാലകനായ ഇന്ദ്രനോടും അശ്വികളോടും മിത്രനോടും വരുണനോടും, തണുപ്പും ചൂടും തടുക്കുന്ന, ഉറപ്പുററ ഗൃഹം ക്ഷേമത്തിന്നായി യാചിക്കുന്നു.

21 അനേഹോമിത്രാര്യമ

ന്നൃവദ്വരുണശംസ്യം

ത്രിവരൂഥമ്മരുതോയന്തനശ്ഛർദ്ദിഃ

അന്വയം:—

ഹേ മിത്ര, അര്യമൻ,
വരുണ, മരുതഃ, — തേ സവ്വേയൂയം
അനേഹഃ, നൃ-വൽ — അഹിംസിതം, നൃഭിഃ
പുത്രാദിഭിരുപേതം
ശംസ്യം, ത്രി-വരൂഥം — സ്തുത്യം, ശീതാനലവാതാനാം
നിവാരകം
ഛദ്ദിഃ നഃ യന്ത — ഗൃഹമസ്മഭ്യം യച്ഛത, ദത്ത

അത്ഥം—അല്ലയോ മിത്ര, അര്യമാവേ, വരുണ, മരുത്തുക്കളേ, നിങ്ങളെല്ലാം കേടററതും പുത്രാദികളോടു ചേന്നതും സ്തുത്യഹവും തണുപ്പും ചൂടും കാററും പരിഹരിക്കുന്നതുമായ ഗൃഹം ഞങ്ങൾക്കു് തന്നരുളിയാലും.

22 യേചിദ്ധിമൃത്യുബന്ധവ
ആദിത്യാമനവസ്മസി
പ്രസൂനആയുജ്ജീവസേതിരേതന വ. 28

അന്വയം:—

ഹേ ആദിത്യാഃ, യേ
ചിൽ മനവഃ — യേ ച വയം മനുഷ്യാഃ
ഹി മൃത്യു-ബന്ധവഃ
സ്മസി — യസ്മാൽമൃത്യോബ്ബന്ധുഭൃതാഃ,
പ്രത്യാസന്നമരണാഭവാമഃ,
അതോഹേതോസ്തേഷാം
നഃ ജീവസേ — അസ്മാകം ജീവനായ,
ചിരകാലാവസ്ഥാനായ
ആയുഃ സു പ്ര തിരേതന — ജീവിതം ശോഭനം പ്രവദ്ധയത

അത്ഥം—അല്ലയോ ആദിത്യന്മാരേ, മനുഷ്യരായ ഞങ്ങളേവർ മരണത്തിന്നു ബന്ധുക്കളാണോ, എപ്പോഴുമാസന്നമരണന്മാരാണോ, അക്കാരണത്താൽ ആ ഞങ്ങൾക്കു് ചിരകാല ജീവനത്തിന്നായി ആയുസ്സ് വേണ്ടപോലെ വദ്ധിപ്പിച്ചാലും.

വർഗ്ഗം–29 മുതൽ 35 കൂടി–കാണ്വഃ സോഭരിഃ ഋഷിഃ വിഷമാ കകുപ്, സമാസതോബൃഹതീ, ദ്വിപദാവിരാ, ഉഷ്ണിക്, പങ്ക്തയശ്ഛന്ദാംസി–അഗ്നിഃ ആദിത്യാഃ പൌരുകുത്സ്യസ്ത്രസദസ്യുർദ്ദേവതാ.

1 തങ്ഗൂർദ്ധയാസ്വർണ്ണരം

ദേവാസോദേവമരതിന്ദധന്വിരേ

ദേവത്രാഹവ്യമോഹിരേ

അന്വയം:–
(ഹേ സ്തോതഃ,) സ്വഃ–നരം
തം ഗൂർദ്ധയ — സ്വർഗ്ഗംപ്രതി ഹവിഷാം നേതാരം പ്രസിദ്ധമഗ്നിം സ്തുഹി
ദേവാസഃ ദേവം — ദേവാഃ, ഋത്വിജഃ ദേവം
അരതിം ദധന്വിരേ — സ്തുതിഭിർദ്ധന്വന്തി, ഗച്ഛന്തി
(പ്രാപ്യച) ദേവ–ത്രാ
ഹവ്യം ആ ഊഹിരേ — ദേവാൻ ഹവിരഭിപ്രാപയന്തി (ദ്വിതീയാർത്ഥേത്രാപ്രത്യയഃ)

അർത്ഥ–അല്ലയോ സ്തോതാവേ, സ്വർഗ്ഗത്തിലേയ്ക്കു ഹവിസ്സേന്തുന്ന പ്രസിദ്ധനായ അഗ്നിയെ സ്തുതിക്കുക. സ്തുതിപരരായ ഋത്വിക്കുകൾ ദേവനായ സ്വാമിയെ (അഗ്നിയെ) സ്തോത്രാദികളാലാണ് പ്രാപിക്കുന്നതു്. പ്രാപിച്ചിട്ടു് (സ്തുതികളാൽ പ്രീതനായിട്ടവിടുന്നു്) ദേവന്മാർക്കു് ഹവിസ്സെത്തിക്കുന്നു.

2 വിഭൂതരാതിംവിപ്രചിത്രശോചിഷ

മഗ്നിമീളിഷ്വയന്തുരം

അസ്യമേധസ്യസോമ്യസ്യസോഭരേ

പ്രേമധ്വരായപൂർവ്യം

അന്വയം:—

(ഋഷിരാത്മാനം സംബോദ്ധ്യസ്തുതൌ പ്രേരയതി.)

| | |
|---|---|
| ഹേ വിപ്ര, സോഭരേ | മേധാവിൻ, ഏതൽ സംജ്ഞ ഋഷേ, |
| അധ്വരായ വിഭൃത-രാതിം | യാഗായ പ്രഭൃതദാനം |
| ചിത്ര-ശോചിഷം | വിചിത്രദീപ്തികം |
| സോമസ്യ അസ്യ | |
| മേധസ്യ യന്തുരം | സോമസാദ്ധ്യസ്യ യജ്ഞസ്യ നിയന്താരം |
| പൂർവ്യം ഈം അഗ്നിം | ചിരന്തനമിമമഗ്നിം |
| പ്ര ഈളിഷ്വ | പ്രകർഷേണ സ്തുഹി |

അർത്ഥം—(ഋഷിതന്നെ സംബോധനംചെയ്തു് സ്തുതിക്കു പ്രേരിപ്പിക്കുന്നു.) അല്ലയോ മേധാവിയായ സോഭരേ, യാഗത്തിന്നായി, മഹത്തായ ദാനത്തോടുകൂടിയവനും വിചിത്രപ്രകാശനും സോമം കൊണ്ടു സാദ്ധ്യമായ ഈ യജ്ഞത്തിന്റെ നിയന്താവും പുരാതനനുമായ ഈ അഗ്നിയെ വേണ്ടപോലെ സ്തുതിക്കുക.

3 യജിഷ്ഠന്ത്വാവവൃമഹേ

ദേവന്ദേവത്രാഹോതാരമമർത്ത്യം

അസ്യയജ്ഞസ്യസുക്രതും

അന്വയം:—

| | |
|---|---|
| (ഹേ അഗ്നേ,) ദേവ-ത്രാ | |
| ദേവം | ദേവേഷു മദ്ധ്യേ അതിശയേന ദീപ്യമാനം |
| ഹോതാരം, അമർത്ത്യം | ദേവാനാമാഹ്വാതാരം, അവിനാശം |
| അസ്യ യജ്ഞസ്യ | |
| സു-ക്രതും | സുഷ്ഠുകർത്താരം |
| യജിഷ്ഠം ത്വാ വവൃമഹേ | യഷ്ടൃതമം ത്വാം വൃണീമഹേ, സംഭജാമഹേ |

അൎത്ഥം—അല്ലയോ അഗ്നേ, ദേവന്മാൎക്കിടയിൽ അതീവ തേജസ്വിയും അവരെ വിളിക്കുന്നവനും വിനാശമില്ലാത്തവനും ഈ യജ്ഞത്തിന്നു് നല്ലപോലെ കൎത്താവും ഏററവും യജിക്കപ്പെടേണ്ടവനുമായ അവിടുത്തെ ഞങ്ങൾ വരിക്കുന്നു, ഭജിക്കുന്നു.

4 ഊൎജ്ജോനപാതംസുഭഗംസുദീദിതി

മഗ്നിംശ്രേഷ്ഠശോചിഷം

സനോമിത്രസ്യവരുണസ്യസോഅപാ

മാസുമ്നംയക്ഷതേദിവി

അന്വയം:—

| | | |
|---|---|---|
| ഊൎജ്ജഃ നപാതം | — | അന്നസ്യ ചതുൎത്ഥം നപ്താരം |
| (ഹവിരന്നേനാപഃ, അദ്ഭിരോഷധിവനസ്പതയഃ തേഭ്യോ ജാതഃ,) | | |
| സു–ഭഗം, സു–ദീദിതിം | — | ശോഭനധനം, സുഷ്ഠു ദീപയിതാരം |
| ശ്രേഷ്ഠ–ശോചിഷം | | |
| അഗ്നിം | — | പ്രശസ്തതമതേജസ്സം തം സ്തൌമി |
| സഃ നഃ ദിവി | — | അസ്മദൎത്ഥം ദ്യുലോകേ |
| മിത്രസ്യ വരുണസ്യ സുമ്നം | - | സുഖം |
| ആ യക്ഷതേ | — | അഭിലക്ഷ്യ യജതു |
| (തഥാ) സഃ അപാം | — | സുമ്നമഭിയജതു |

അൎത്ഥം—അന്നത്തിൻെറ നാലാം തലമുറ മകനും (ഹവിരന്നത്തിൽ നിന്നു് മഴ, മഴയിൽനിന്നു് സസ്യവൃക്ഷാദികൾ, അവയിൽനിന്നഗ്നി,) ശോഭനധനനും നന്നായി എല്ലാം പ്രകാശിപ്പിക്കുന്നവനും ഏററവും പ്രശസ്തമായ തേജസ്സു് സ്വയമൊത്തവനുമായ അഗ്നിയെ സ്തുതിക്കുന്നു. അവിടുന്നു് നമുക്കുവേണ്ടി ദ്യുലോകത്തിലുള്ള മിത്രൻെറയും വരുണൻെറയും സുഖത്തെ ഉദ്ദേശിച്ചു് യജിക്കട്ടെ. അതുപോലെ ജലങ്ങളുടെ സുഖത്തെ ഉദ്ദേശിച്ചും യജിക്കട്ടെ.

5 യസ്സമിധായആഹുതീ
യോവേദേനദദാശമർത്തോഅഗ്നയേ
യോനമസാസ്വധ്വരഃ വ. 29

അന്വയം:–

യഃ മർത്തഃ സം–ഇധാ — പലാശാദിനേധ്മേന
അഗ്നയേ ദദാശ — അഗ്ന്യർത്ഥം പരിചരതി
യഃ ആ–ഹുതീ — ആഹുത്യാ, ആജ്യാദിസാദ്ധ്യയാ പരിചരതി
യഃ വേദേന — വേദാദ്ധ്യയനേന, ബ്രഹ്മയജ്ഞേന പരിചരതി
യഃ സ്വ–അധ്വരഃ — ശോഭനാധ്വരേണ, ജ്യോതിഷ്ടോമാദിനായുക്തസ്സൻ
നമസാ — ചരുപുരോഡാശാദിനാന്നേന പരിചരതി

അർത്ഥം–ഏവൻ പിലാശ്ശു മുതലായ ചമതയാൽ അഗ്നിയെ പരിചരിക്കുന്നുവോ, ഏവൻ നൈ മുതലായ ആഹുതിയാൽ പരിചരിക്കുന്നുവോ, ഏവൻ വേദാദ്ധ്യയനംകൊണ്ട് സ്വാദ്ധ്യായമെന്ന ബ്രഹ്മയജ്ഞം കൊണ്ട്, പരിചരിക്കുന്നുവോ, ഏവൻ നല്ല യജ്ഞവാനായി, ജ്യോതിഷ്ടോമാദികർമ്മയുക്തനായി ചരുപുരോഡാശാദിഹവിസ്സാൽ പരിചരിക്കുന്നുവോ,

6 തസ്യേദർവ്വന്തോരംഹയന്തആശവ
സ്തസ്യദ്യുമ്നിതമംയശഃ
നതമംഹോദേവകൃതങ്കുതശ്ചന
നമർത്ത്യകൃതന്നശൽ

അന്വയം:–

തസ്യ ഇൽ — തസ്യൈവ
ആശവഃ അർവ്വന്തഃ
രംഹയന്തേ — വ്യാപനശീലാ അശ്വാ വേഗം കുർവ്വന്തി, ശത്രൂൻ പ്രസഹന്തേ

ദ്യുമ്നി-തമം യശഃ തസ്യ — ദീപ്തിമത്തമാകീർത്തിശ്ചതസ്യ ഭവതി
(അപിച) ദേവ-കൃതം
അംഹഃ — ദേവൈഃകൃതം പാപം
കുതഃ ചന തം ന നശൽ - കസ്മാദപിതന്ന പ്രാപ്നോതി
ന മർത്ത്യ-കൃതം — മർത്ത്യൈഃ കൃതഞ്ച പാപം ന പ്രാപ്നോതി

അർത്ഥം—അവന്റെ വ്യാപനശീലമുററ കുതിരകൾ കുതിക്കുന്നു, ശത്രുക്കളെ കീഴടക്കുന്നു. ഏററവും മിന്നുന്ന കീർത്തി അവനുണ്ടാവുന്നു. കൂടാതെ ദേവന്മാരാൽ ഏല്പിക്കപ്പെട്ട (ആധിദൈവികമായ) പാപം എങ്ങുനിന്നും അവനെ പ്രാപിക്കുന്നില്ല. മനുഷ്യനാൽ ഏല്പിക്കപ്പെട്ട (ആധിഭൌതികമായ) പാപവും പ്രാപിക്കുന്നില്ല. (യുഗ്മകം)

7 സ്വ॒ഗ്നയോ॑വോഅ॒ഗ്നിഭി॒

സ്യാമ॑സൂനോസഹസഊർജ്ജാംപതേ

സു॒വീര॒സ്ത്വമ॑സ്മ॒യുഃ

അന്വയം:—

ഹേ സഹസഃ സൂനോ,
ഊർജ്ജാം പതേ — ബലസ്യപുത്ര, ഹവിരന്നാനാം സ്വാമിൻ,
വഃ അഗ്നി-ഭിഃ — തവാവയവഭൂതൈർഗ്ഗാർഹപത്യാദിഭിഃ (വചനവ്യത്യയഃ)
(വയം) സു-അഗ്നയഃ
സ്യാമ — ശോഭനാഗ്നികാ ഭവേമ
സു-വീരഃ ത്വം അസ്മ-യുഃ - സുവീരൈരിതരൈരഗ്നിഭിരുപേതസ്ത്വം അസ്മാൻ കാമയമാനോഭവ

അർത്ഥം—ബലത്തിന്റെ പുത്രനും ഹവിരന്നത്തിന്നു് സ്വാമിയുമായ അഗ്നേ, അവിടേയ്ക്കു് അവയവഭൂതങ്ങളായ ഗാർഹപത്യാദികളായ മററഗ്നികളോടുചേർന്നു്, ഞങ്ങൾ ശോഭനാ

ഗ്നിയുക്തന്മാരാകാവൂ. സുവീരന്മാരായ മററഗ്നികളോടുകൂടിയ അവിടുന്ന് ഞങ്ങളെ ഇഷ്ടപ്പെടുന്നവനായാലും.

8 പ്രശംസമാനോഅതിഥിർന്നമിത്രിയോ

ഗ്നീരഥോനവേദ്യഃ

ത്വേക്ഷേമാസോഅപിസന്തിസാധവ

സ്ത്വംരാജാരയീണാം

അന്വയം:—

| | |
|---|---|
| പ്ര–ശംസമാനഃ | — പ്രശസ്യമാനഃ |
| അഗ്നിഃ അതിഥിഃ ന | |
| മിത്രിയഃ | — അതിഥിരിവമിത്രാണാം,<br>സ്തോതൄണാം ഹിതോ ഭവതി |
| രഥഃ ന വേദ്യഃ | — രഥ ഇവാഭീഷ്ട ഫലസാധനേന<br>ലംഭനീയഃ, ജ്ഞാതവ്യഃ |
| (ഹേ അഗ്നേ,) ത്വേ | |
| സാധവഃ | — ത്വയിസാധകാഃ, സമീചീനാഃ |
| ക്ഷേമാസഃ അപി സന്തി | — ക്ഷേമാ അപി ഭവന്തി |
| (തഥാ) ത്വം രയീണാം | |
| രാജാ | — ഈശ്വരോ ഭവസി |

അർത്ഥം–പുകഴ്ത്തപ്പെടുന്ന അഗ്നി അതിഥിപോലെ, മിത്രങ്ങളായ സ്തോതാക്കൾക്ക് ഹിതനത്രെ, തേർ പോലെ അഭീഷ്ടഫലസാധനം കൊണ്ട് നേടാവുന്നവനുമത്രെ. അല്ലയോ അഗ്നേ, അവിടുന്നിലാണ് ഫലസാധകങ്ങളായ, സമർഹങ്ങളായ ക്ഷേമങ്ങൾ നിലകൊള്ളുന്നത്. അതുപോലെ അവിടുന്ന് സമ്പത്തുകൾക്ക് ഈശ്വരനാകുന്നു.

9 സോഅദ്ധാദാശ്വധ്വരോ

ഗ്നേമർത്തസ്സുഭഗസപ്രശംസ്യഃ

സധീഭിരസ്തുസനിതാ

അന്വയം:—
ഹേ സു-ഭഗ, അഗ്നേ,
(യഃ) മർത്ത്ഃ — ശോഭനധനാഗ്നേ, യോ മനുഷ്യഃ
ദാശു-അധ്വരഃ — ദത്തയജ്ഞോ ഭവതി
സഃ അദ്ധാ, സഃ
പ്ര-ശംസ്യഃ — സത്യഫലഃ, പ്രശംസനീയഃ,
ശ്ലാഘനീയോ ഭവതു
(തഥാ) സഃ ധീഭിഃ
സനിതാ അസ്തു — കർമ്മഭിസ്സംഭജനശീലോ ഭവതു

അർത്ഥം—അല്ലയോ ശോഭനധനനായ അഗ്നേ, ഏതു മനുഷ്യൻ യജ്ഞമേകിയവനാണോ, അവൻ സത്യമായ ഫലം നേടുന്നവനും ഏവരാലും ശ്ലാഘനീയവനുമാവട്ടെ. പിന്നെ, അവൻ കർമ്മങ്ങളാൽ അവിടുത്തെ പ്രാപിക്കുന്നവനാവട്ടെ.

10 യസ്യത്വമൂർധ്വോഅധ്വരായതിഷ്ഠസി

ക്ഷയദ്വീരസ്സസാധതേ

സോഅർവ്വദ്ഭിസ്സനിതാസവിപന്യുഭി

സ്സശൂരൈസ്സനിതാകൃതം വ. 30

അന്വയം:--
(ഹേ അഗ്നേ,) യസ്യ
അധ്വരായ — യാഗനിഷ്പാദനായ
ത്വം ഊർധ്വഃ തിഷ്ഠസി — ഉദ്യുക്തസ്സന്നവതിഷ്ഠസേ
സഃ ക്ഷയൽ-വീരഃ
സാധതേ — നിവസദ്ഭിർവ്വീരൈഃ
പുത്രാദിഭിരുപേതസ്സൻ; സർവ്വം
കർത്തവ്യം സാധയതി
സഃ അർവ്വൽ-ഭിഃ കൃതം — അശ്വൈർന്നിഷ്പാദിതം ജയം
സനിതാ — സംഭജനശീലാ ഭവേതി
സഃ വിപന്യ-ഭിഃ — മേധാവിഭിസ്സനിതാ
സഃ ശൂരൈഃ സനിതാ — ച ഭവതി

അൎത്ഥം—അല്ലയോ അഗ്നേ, ഏതവന്റെ യാഗനിൎവ്വഹണത്തിന്നു് അവിടുന്നു് ഉദ്യുക്തനായി സ്ഥിതിചെയ്യുന്നുവോ, ആ യജമാനൻ സഹവസിക്കുന്ന പുത്രന്മാരോടു കൂടിയവനായി കൎത്തവ്യം മുഴുവൻ സാധിക്കുന്നു. അവൻ കുതിരകളാൽ നേടപ്പെടുന്ന വിജയം പ്രാപിക്കുന്നു. ആ യജമാനൻ മേധാവികളോടു് ചേരുന്നു. അവൻ ശൂരന്മാരോടു ചേൎന്നു് ജയം നേടുന്നു.

11 യസ്യാഗ്നിൎവ്വപുർഗൃഹേ

സ്തോമഞ്ചനോദധീതവിശ്വവാര്യഃ

ഹവ്യാവാവേവിഷദ്വിഷഃ

അന്വയം:—
യസ്യ ഗൃഹേ
വിശ്വ—വാര്യഃ — വിശ്വൈഃ സൎവ്വൈൎവ്വരണീയഃ
വപുഃ അഗ്നിഃ — രൂപവാനഗ്നിഃ
സ്തോമം ചനഃ ദധീത — സ്തോത്രം ഹവിരന്നഞ്ച ധാരയേൽ
(യസ്യ) ഹവ്യാ വാ — ഹവീംഷി ച (വാശബ്ദശ്ചാൎത്ഥേ)
വിഷഃ വേവിഷൽ — വ്യാപ്താൻ ദേവാൻ പ്രാപയേൽ (സ യജമാനഃ സനിതാ)

അൎത്ഥം—ഏതവന്റെ ഗൃഹത്തിൽ ഏവരാലും വരണീയനായി ആകൃതിപൂണ്ട അഗ്നി സ്തോത്രവും ഹവിരന്നവും ധരിക്കുമോ, ഏതവന്റെ ഹവിസ്സുകളും അങ്ങിങ്ങു വ്യാപിച്ച ദേവന്മാരെ പ്രാപിക്കുമോ, ആ യജമാനൻ ഫലത്തെ പ്രാപിക്കുന്നു.

12 വിപ്രസ്യവാസ്തുവതസ്സഹസോയഹോ

മക്ഷൂതമസ്യരാതിഷു

അവോദേവമുപരിമൎത്ത്യംകൃധി

വസോവിവിദുഷോവചഃ

അന്വയം:--

ഹേ വസോ, സഹസഃ
യഹോ — വാസയിതഃ, ബലസ്യ പുത്രാഗ്നേ,
വിപ്രസ്യ സ്തുവതഃ വാ
രാതിഷു — മേധാവിനഃ സ്തോതുർവ്വാ ഹവിർദ്ദാനേഷു
മക്ഷു-തമസ്യ വിവിദുഷഃ -- ശീഘ്രതമസ്യാഭിജ്ഞസ്യ
വചഃ അവഃ_ദേവം — വചനം ദേവാനാമവസ്താൽ
ഉപരി—മർത്യം കൃധി — മർത്യാനാമുപരിഷ്ടാച്ച കുരു

അർത്ഥം—ഏവരെയും അതാതിടത്തു് വസിപ്പിക്കുന്നവനും ബലത്തിൻെറ മകനുമായ അഗ്നേ, മേധാവിയുടെയോ, സ്തോതാവിൻെറയോ ഹവിർദ്ദാനങ്ങളിൽ അത്യന്തം വേഗവാനും ജ്ഞാനവാനുമായവൻെറ വാക്കു് (സ്തുതി) ദേവന്മാർക്കു താഴേയും മനുഷ്യർക്കു മുകളിലുമാക്കിയാലും. (ശിരസ്സിന്നു മുകളിൽ അഞ്ജലികളോടുകൂടിയ സ്തുതികൾ ദേവന്മാരുടെ പാദങ്ങളിൽ ചെന്നു ചേരുമാറാകണമെന്നു ഭാവം.)

13 യോഅഗ്നിംഹവ്യദാതിഭി

ന്നമോഭിർവ്വാസുദക്ഷമാവിവാസതി

ഗിരാവാജിരശോചിഷം

അന്വയം:—

യഃ ഹവ്യദാതി-ഭിഃ — ഹവിഷാം ദാനൈഃ
നമഃ-ഭിഃ വാ — നമസ്കാരൈർവ്വാ
ഗിരാ വാ — സ്തുത്യാവാ
സു-ദക്ഷം,
അജിര-ശോചിഷം — ശോഭനബലം, ക്ഷിപ്രഗാമിതേജസ്കം
അഗ്നിം ആ—വിവാസതി - പരിചരതി (സ സമൃദ്ധോ ഭവതി)

അർത്ഥം—ഏവൻ ഹവിർദ്ദാനങ്ങളാലോ, നമസ്കാരങ്ങളാലോ, സ്തോത്രങ്ങളാലോ, ശോഭനബലമുററവനും വേഗത്തിൽ പരക്കുന്ന പ്രകാശമുള്ളവനുമായ അഗ്നിയെ പരിചരിക്കുന്നുവോ, ആ യജമാനൻ സമൃദ്ധനായി ഭവിക്കുന്നു.

14 സമിധായോനിശിതീദാശദദിതിം
ധാമഭിരസ്യമർത്ത്യഃ
വിശ്വേൽസധീഭിസ്സുഭഗോജനാഁഅതി
ദ്യുമ്നൈരുദ്‌നഇവതാരിഷൽ

അന്വയം:—

| | | |
|---|---|---|
| യഃ മർത്ത്യഃ അസ്യ | | |
| ധാമ—ഭിഃ | — | അഗ്നേശ്ശരീരൈഃ, ഗാർഹപത്യാദിരൂപേണവിഭജ്യ വർത്തമാനൈസ്സാർദ്ധം |
| അദിതിം | — | അഖണ്ഡനീയം തമേവാഗ്നിം |
| നി—ശിതീ | — | നിശീത്യാ, നിശാനസാധനയാ, പ്രജ്വലനഹേതുഭൂതയാ |
| സം—ഇധാ ദാശൽ | — | പരിചരേൽ |
| സഃ ധീഭിഃ സു—ഭഗഃ | — | കർമ്മഭിസ്സുശോഭനധനസ്സൻ |
| വിശ്വാ ഇൽ ജനാൻ | — | സർവ്വാനേവജനാൻ |
| ദ്യുമ്നൈഃ | — | ദ്യോതമാനൈര്യശോഭിഃ |
| ഉദ്‌നഃ—ഇവ അതി | | |
| താരിഷൽ | — | ഉദകാനീവാതിതരേൽ, അതിക്രാമേൽ |

അർത്ഥം—യാതൊരു മനുഷ്യൻ (യജമാനൻ) ഗാർഹപത്യം മുതലായ വിവിധ ശരീരങ്ങളോടുകൂടി അഖണ്ഡനീയനായ, പൂർണ്ണനായ അഗ്നിയെത്തന്നെ കത്തിക്കാളാൻ പററിയ ചമതയാൽ (ചമതഹോമിച്ച്) പരിചരിക്കുമോ, അവൻ കർമ്മങ്ങളാൽ ശോഭനധനനായി എല്ലാ ജനങ്ങളെയും, മിന്നിത്തിളങ്ങുന്ന കീർത്തിയാൽ, വെള്ളങ്ങൾപോലെ അതിക്രമിക്കുന്നു, കടന്നുനില്ക്കുന്നു.

15 തദഗ്നേദ്യുമ്നമാഭര

യൽസാസഹൽസദനേകഞ്ചിദത്രിണം

മന്യുഞ്ജനസ്യദൂഢ്യഃ വ. 31

അന്വയം:—

| | |
|---|---|
| ഹേ അഗ്നേ, യൽ സദനേ | — ഗൃഹേവർത്തമാനം |
| കം ചിൽ അത്രിണം | — കമപ്യത്താരം, രാക്ഷസാദികം |
| സസഹൽ | — അത്യർത്ഥമഭിഭവേൽ |
| (തഥാ) ദുഃ–ധ്യഃ ജനസ്യ മന്യും | — ദുർദ്ധിയഃ, പാപബുദ്ധേഃ ക്രോധം യൽസസഹൽ |
| തൽ ദ്യുമ്നം ആ ഭര | — സാമർത്ഥ്യമസ്മഭ്യമാഹര |

അർത്ഥം—അല്ലയോ അഗ്നേ, യാതൊന്ന് ഗൃഹത്തിലുള്ള ഏതെങ്കിലുമൊരു രാക്ഷസനെ തികച്ചും ജയിക്കുമോ, പാപബുദ്ധിയായ ജനത്തിന്റെ ക്രോധത്തെ കീഴടക്കുമോ, അതു് ആ സാമർത്ഥ്യം ഞങ്ങൾക്കുണ്ടാക്കിത്തന്നാലും.

16 യേനചഷ്ടേവരുണോമിത്രോഅര്യമാ

യേനനാസത്യാഭഗഃ

വയന്തത്തേശവസാഗാതുവിത്തമാ

ഇന്ദ്രത്വോതാവിധേമഹി

അന്വയം:—

| | |
|---|---|
| യേന | — യേനാഗ്നേയേന തേജസാ |
| വരുണഃ ചഷ്ടേ | — പ്രകാശയതി |
| (യേന) മിത്രഃ (ചഷ്ടേ) | |
| അര്യമാ (ചഷ്ടേ) | — പ്രകാശയതി |
| യേന നാസത്യാ | — അശ്വിനൌ ചക്ഷാതേ |
| ഭഗഃ | — ചഷ്ടേ |

| | |
|---|---|
| ശവസാ<br>ഗാതുവിൽ-തമാഃ | — ബലേന ഗാതവ്യസ്യ സ്തോത്രസ്യ ജ്ഞാതൃതമാഃ |
| ഇന്ദ്രത്വാ–ഊതാഃ വയം | — ഇന്ദ്രേണ, ഈശ്വരേണ ത്വയാ രക്ഷിതാവയം |
| (ഹേ അഗ്നേ,) തേ തൽ<br>വിധേമഹി | — തേജഃ പരിചരേമഹി |

അർത്ഥം-യാതൊരു ആഗ്നേയതേജസ്സാൽ വരുണൻ പ്രകാശിപ്പിക്കുന്നുവോ, യാതൊന്നിനാൽ മിത്രനും അര്യമാവും പ്രകാശമിയറ്റുന്നുവോ, യാതൊന്നിനാൽ അശ്വികളും ഭഗനും പ്രകാശമുണ്ടാക്കുന്നുവോ, അല്ലയോ അഗ്നേ, ആ തേജസ്സിനെ, ബലത്തോടുകൂടി ഗാനംചെയ്യപ്പെടേണ്ടും സ്തോത്രമറിയുന്നവരും, ഈശ്വരനായ അവിടുന്നാൽ രക്ഷിതരുമായ ഞങ്ങൾ പരിചരിക്കുന്നു.

17 തേഘേദഗ്നേസ്വാധ്യോ∫∫
യേത്വാവിപ്രനിദധിരേനൃചക്ഷസം
വിപ്രാസോദേവസുക്രതും

അന്വയം:–

| | |
|---|---|
| ഹേ വിപ്ര, അഗ്നേ, | — മേധാവിൻ, ദ്യോതമാനാഗ്നേ, |
| യേ വിപ്രാസഃ | — വിപ്രാഃ, മേധാവിനഃ, ഋത്വിജഃ |
| നൃ–ചക്ഷസം<br>സു–ക്രതും ത്വാ | — നൃണാം ചഷ്ടാരം, സുകർമ്മാണം ത്വാം |
| നി-ദധിരേ | — നിദധതി, യാഗാർത്ഥം ഗാർഹപത്യാദിസ്ഥാനേഷു സ്ഥാപയന്തി |
| തേ ഘ ഇൽ സു–ആധ്യഃ | — ത ഏവ ശോഭനധ്യാനാ ഭവന്തി |

അർത്ഥം–മേധാവിയും ശോഭമാനനുമായ അഗ്നേ, വിദ്വാന്മാരായ ഋത്വിക്കുകളേവർ, മനുഷ്യരെ പ്രകാശിപ്പിക്കുന്നവനും സൽകർമ്മവാനുമായ അവിടുത്തെ യാഗത്തിന്നുവേണ്ടി ഗാർഹ

പത്യം മുതലായ സ്ഥാനങ്ങളിൽ സ്ഥാപിക്കുന്നുവോ, അവർ തന്നെയാണല്ലൊ ശോഭനധ്യാനന്മാരായി ഭവിക്കുന്നതു്.

18 തഇദ്വേദിംസുഭഗതആഹുതിം

തേസോതുംചക്രിരേദിവി

തഇദ്വാജേഭിർജ്ജിഗ്യുർമ്മഹദ്ധനം

യേത്വേകാമംന്യേരിരേ

അന്വയം:-

| | |
|---|---|
| ഹേ സു–ഭഗ, യേ ത്വേ | — ശോഭനധനാഗ്നേ, യേ ത്വയി |
| കാമം നി–ഏരിരേ | — അഭിലാഷം നിതരാം പ്രേരയന്തി, ത്വാമാദരാതിശയേന സ്തുവന്തി |
| തേ ഇൽ വേദിം ചക്രിരേ | . ത ഏവ യജമാനാസ്ത്വദ്യാഗായ വേദിം കുർവ്വന്തി |
| തേ ആ–ഹുതിം | — ചരുപുരോഡാശാദീനി ത്വയി പ്രക്ഷിപന്തി |
| (തതഃ) തേ ദിവി | |
| സോതും | — സൌത്യേഹനി സോമമഭിഷോതുമുദ്യോഗം കുർവ്വന്തി |
| (അനുഷ്ഠിതയജ്ഞാഃ) തേ | |
| ഇൽ വാജേഭിഃ | — ത ഏവ ബലൈഃ |
| മഹൽ ധനം ജിഗ്യുഃ | — പ്രഭൂതം ധനം ജയന്തി ശത്രുഭ്യോ ലഭന്തേ |

**അർത്ഥം**–ശോഭനധനനായ അഗ്നേ, ഏവർ അവിടുന്നിൽ തങ്ങളുടെ അഭീഷ്ടങ്ങളെത്തിക്കുന്നുവോ, അഭിമതാർത്ഥനകളോടുകൂടി, അത്യാദരപൂർവ്വം അവിടുത്തെ സ്തുതിക്കുന്നുവോ, ആ യജമാനന്മാർ മാത്രമാണു് അവിടുത്തെ ഉദ്ദേശിച്ച യാഗത്തിന്നു് വേദിയുണ്ടാക്കുന്നതു്. അവർ ചരുപുരോഡാശാദി ഹവിസ്സുകൾ അവിടുന്നിൽ ഹോമിക്കുന്നു. പിന്നെ അവർ സൌത്യദിവസത്തിൽ സോമം സംസ്കരിക്കാൻ മുതിരുന്നു. യാഗമനു

ഷിച്ചവരായി, അവർ തന്നെയാണ് ബലങ്ങളാൽ (ശത്രുക്കളെ ജയിച്ച്) മഹത്തായ ധനം നേടുന്നത്. (ആദ്യം മനസ്സിൽ ഭക്തിയും അതനുസരിച്ച സമൎപ്പണപരമായ സ്തുതിയും വരണം. തുടൎന്ന് കൎമ്മവും കൎമ്മഫലമായ ഐശ്വൎയ്യവും വരും.)

19 ഭദ്രോനോഅഗ്നിരാഹുതോ
ഭദ്രാരാതിസ്സുഭഗഭദ്രോഅധ്വരഃ
ഭദ്രാഉതപ്രശസ്തയഃ

അന്വയം:—

ഹേ സു-ഭഗ, — ശോഭനധനാഗ്നേ,
ആ—ഹുതഃ അഗ്നിഃ — ഹവിൎഭിസ്തൎപ്പിതോഗ്നിഃ
നഃ ഭദ്രഃ — അസ്മാകം കല്യാണോ ഭവതു
ഭദ്രാ രാതിഃ — കല്യാണം ദാനമസ്മാകം ഭവതു
ഭദ്രഃ അധ്വരഃ — കല്യാണോ യാഗശ്ച ഭവതു
ഉത ഭദ്രാഃ പ്ര-ശസ്തയഃ — കല്യാണാ സ്തുതയോ ഭവന്തു

അൎത്ഥം—അല്ലയോ ശോഭനധനനായ അഗ്നേ, ഹവിസ്സുകളൎപ്പിക്കപ്പെട്ട അഗ്നി ഞങ്ങൾക്ക് മംഗളകരനാവട്ടെ. മംഗളകരമായ ദാനം (അവിടുന്നിൽ നിന്ന്) ഞങ്ങൾക്കുണ്ടാവട്ടെ. (അവിടുത്തെ ഉദ്ദേശിച്ച്) മംഗളകരമായ യാഗം ഭവിക്കട്ടെ. മംഗളകരങ്ങളായ സ്തുതികൾ ഉയരട്ടെ.

20 ഭദ്രംമനഃകൃണുഷ്വവൃത്രതൂൎയ്യേ
യേനാസമൽസുസാസഹഃ
അവസ്ഥിരാതനുഹിഭൂരിശൎദ്ധതാം
വനേമാതേഅഭിഷ്ടിഭിഃ വ. 32

അന്വയം:—

(ഹേ അഗ്നേ,) യേന
സമൽ—സു സസഹഃ — യേന മനസാ ത്വം
സങ്ഗ്രാമേഷുഭൃശം
ശത്രൂ[illegible]

വൃത്ര–തൂര്യേ ഭദ്രം മനഃ
കൃണുഷ്വ — സങ്ഗ്രാമേ തച്ഛോഭനം മനഃ അസ്മാകം കുരു
(അപിച) ശർദ്ധതാം ഭൂരി
സ്ഥിരാ — അഭിഭവതാം ശത്രൂണാം ഭൂരീണി, ബഹൂന്യപി ദൃഢാന്യപി
അവ തനുഹി — അവാഞ്ചികുരു, പരാജിതാനി കുരു
(വയഞ്ച) അഭിഷ്ടി–ഭിഃ — അഭ്യേഷണസമർത്ഥൈഃ ഹവിർഭിസ്തോത്രൈശ്ച
തേ വനേമ — ത്വാം സംഭജേമഹി

അർത്ഥം–അല്ലയോ അഗ്നേ, യാതൊരു മനസ്സോടുകൂടിയാണോ അവിടുന്നു്, യുദ്ധങ്ങളിൽ ശത്രുക്കളെ ജയിക്കുന്നതു്, (ഞങ്ങളേപ്പെട്ട) യുദ്ധത്തിൽ ആ ശോഭനമനസ്സു് ഞങ്ങൾക്കുണ്ടാക്കിയാലും. (അവിടുത്തെ ഉൾക്കരുത്തു് ഞങ്ങളിലുൾക്കൊള്ളിച്ചാലും.) കൂടാതെ, ജയിക്കുന്ന ശത്രുക്കളുടെ സംഖ്യ അധികമായാലും, അവർ ഉറപ്പുററവരായാലും അവരെ മുക്കുകുത്തിച്ചാലും, തോൽപ്പിച്ചാലും. ഞങ്ങളാവട്ടെ അവിടേക്കെത്തുന്ന ഹവിസ്സുകളാലും സ്തോത്രങ്ങളാലും അവിടുത്തെ ഭജിക്കുന്നു.

21 ഈളേഗിരാമനുർഹിതം

യന്ദേവാദൂതമരതിന്ന്യേരിരേ

യജിഷ്ഠംഹവ്യവാഹനം

അന്വയം:–

മനുഃ–ഹിതം — മനുനാ, പ്രജാപതിനാ ഹിതം
യജിഷ്ഠം,
ഹവ്യ–വാഹനം — യഷ്ടൃതമം, ഹവിഷാം വോഢാരം
അരതിം, ദൂതം — അര്യം, ദേവാനാം ദൂത്യേ വർത്തമാനം
യം ദേവാഃ നി–ഏരിരേ — പ്രേരയന്തി
(തമഗ്നിം) ഗിരാ ഈളേ — സ്തുതിരൂപയാ വാചാ സ്തൗമി

അൎത്ഥം—മനുപ്രജാപതിയാൽ ആധാനം ചെയ്യപ്പെട്ടവനും (സ്ഥാപിക്കപ്പെട്ടവനും) ഏറ്റവും യജിക്കുന്നവനും ഹവിസ്സു വഹിക്കുന്നവനും ഈശ്വരനും ദേവന്മാരുടെ ദൂതനുമായ ഏവനെ ദേവന്മാർ കൎമ്മത്തിൽ പ്രേരിപ്പിക്കുന്നുവോ, ആ അഗ്നിയെ ഞാൻ സ്തുതിവാക്കുകൊണ്ടു പുകഴ്ത്തുന്നു.

22 തിഗ്മജംഭായതരുണായരാജതേ
പ്രയോഗായസ്യഗ്നയേ
യഃപിംശതേസൂനൃതാഭിസ്സുവീൎയ്യ
മഗ്നിൎഘൃതേഭിരാഹുതഃ

അന്വയം:—

| | |
|---|---|
| (ഹേ സ്തോതഃ,) യഃ | |
| അഗ്നിഃ സൂനൃതാഭിഃ | — പ്രിയസത്യാത്മികാഭിൎവ്വാഗ്ഭിസ്തുതഃ |
| ഘൃതേഭിഃ ആ-ഹുതഃ | — ഘൃതൈഃ, ആജ്യൈരഭിഹുതസ്സൻ |
| സു-വീൎയ്യം പിംശതേ | — ആശ്ലേഷയതി, സ്തോതൃഭിസ്സംയോജയതി |
| തിഗ്മ-ജംഭായ,<br>തരുണായ | — തീക്ഷ്ണജ്വാലായ, നിത്യയൂനേ, ജരാമരണരഹിതായ |
| രാജതേ | — രാജമാനായ |
| (തസ്മൈ) അഗ്നയേ പ്രയഃ<br>ഗായസി | — ഹവിരന്നം പ്രവൃദ്ധിഞ്ച പ്രയച്ഛ |

അൎത്ഥം—അല്ലയോ സ്തോതാവേ, യാതൊരഗ്നി പ്രിയസത്യരൂപങ്ങളായ വചനങ്ങളാൽ സ്തുതിക്കപ്പെട്ടവനായും നൈകളാൽ ഹോമിക്കപ്പെട്ടവനായും നല്ല വീൎയ്യത്തെ സ്തോതാക്കൾക്കു ചേൎക്കുന്നുവോ, (സ്തോതാക്കൾക്കുണ്ടാക്കുന്നുവോ,) തീക്ഷ്ണജ്വാലകളൊത്തവനും ജരാമരണങ്ങൾ ബാധിക്കാത്ത നിത്യയുവാവും ശോഭമാനനുമായ ആ അഗ്നിക്കായി ഹവിരന്നവും (ചമത മുതലായവകൊണ്ടു്) പുഷ്ടിയും കൊടുക്കുക, ഉണ്ടാക്കുക.

23 യദീഘൃതേഭിരാഹുതോ
വാശീമഗ്നിർഭരതഉച്ചാവച
അസുരഇവനിർണ്ണിജം

അന്വയം:—

| | |
|---|---|
| ഘൃതേഭിഃ ആ—ഹുതഃ | — ആജ്യൈരഭിഹുതഃ |
| (അയം) അഗ്നിഃ യദി | |
| വാശീം | — വാശനശീലാം ജ്വാലാം |
| ഉൽ ച അവ ച ഭരതേ | — ഊർധ്വം അവാക് ച സംപാദയതി, ഉദ്ധരതി, ഉൽഗമയതി, അവാങ്മുഖഞ്ച ഹരതി, ഉപസംഹരതി |
| അസുരഃ—ഇവ | — രശ്മീനാംക്ഷേപ്താസൂര്യഇവ |
| നിഃ–നിജം | — ആത്മീയം രൂപം ഉപരിതനേഷുലോകേഷൂൽഗമയതി, അധസ്തനേഷ്വവാങ്മുഖം ഗമയതി, തംസ്തുമഃ |

അർത്ഥം—നൈകളാൽ ഹോമിക്കപ്പെട്ട ഈ അഗ്നി ഒച്ചപ്പെട്ട ജ്വാലയെ എപ്പോൾ മേൽപ്പോട്ടുയർത്തുകയും കീഴോട്ടു താഴ്ത്തുകയും ചെയ്യുന്നുവോ, അപ്പോൾ രശ്മിചിതറുന്ന സൂര്യൻ പോലെ സ്വന്തം രൂപം മേൽതട്ടിലുയർത്തുകയും കീഴ്ത്തട്ടിൽ താഴ്ത്തുകയും ചെയ്യുന്നു. ആ അഗ്നിയെ സ്തുതിക്കുന്നു.

24 യോഹവ്യാന്യൈരയതാമനുർഹിതോ
ദേവആസാസുഗന്ധിനാ
വിവാസതേവാര്യാണിസ്വധ്വരോ
ഹോതാദേവോഅമർത്യഃ

അന്വയം:—

| | |
|---|---|
| മനുഃ-ഹിതഃ യഃ ദേവഃ | — മനുനാ. പ്രജാപതിനാഹിതഃ, ദ്യോതമാനോഗ്നിഃ |
| സു_ഗന്ധിനാ ആസാ | — ശോഭനഗന്ധയുക്തേനാസ്യേന |
| ഹവ്യാനി ഐരയത | — അസ്മദീയാനി ഹവീംഷി ദേവാൻ പ്രതിപ്രേരയതി |
| സു-അധ്വരഃ, ഹോതാ | — ശോഭനയജ്ഞഃ, ദേവാനാമാഹ്വാതാ |
| ദേവഃ, അമർത്ത്യഃ | — ദീപ്യമാനഃ മരണരഹിതസ്സോഗ്നിഃ |
| വാര്യാണി വി വാസതേ | — വരണീയാനിധനാനി യജമാനായ പരിചരതി, പ്രയച്ഛതി |

അർത്ഥം—മനുപ്രജാപതിയാൽ ആധാനം ചെയ്യപ്പെട്ട യായൊരു പ്രകാശമാനനായ അഗ്നി, നല്ല ഗന്ധമുററ വായകൊണ്ടു് നമ്മുടെ ഹവിസ്സുകളെ ദേവന്മാർക്കെത്തിക്കുന്നുവോ, നല്ല യജ്ഞമൊത്തവനും ദേവന്മാരെ വിളിക്കുന്നവനും ശോഭമാനനും അമരനുമായ ആ അഗ്നി ശ്രേഷ്ഠങ്ങളായ ധനങ്ങൾ യജമാനന്നായി ഒരുക്കുന്നു, കൊടുക്കുന്നു.

25 യദഗ്നേമർത്ത്യസ്ത്വം
സ്യാമഹംമിത്രമഹോഅമർത്ത്യഃ
സഹസസ്സൂനവാഹുത
വ 33

അന്വയം:—

| | |
|---|---|
| ഹേ സഹസഃ, സൂനോ, | |
| ആ—ഹുത | — ബലസ്യപുത്ര, ഘൃതൈരഭിഹുത |
| മിത്ര_മഹഃ അഗ്നേ | — അനുകൂലദീപ്തിമന്നഗ്നേ |
| മർത്ത്യഃ അഹം യൽ ത്വം സ്യാം | — യദാത്വദുപാസനയാ ത്വദ്രൂപമാപന്നോഭവേയം |
| (തർഹ്യഹം) അമർത്ത്യഃ | — മരണരഹിതശ്ചഭവേയം |

അൎത്ഥം–അല്ലയോ ബലപുത്ര, നൈകളാൽ ഹോമിക്കപ്പെട്ടു് അനുകൂലപ്രകാശനായ അഗ്നേ, മരണധൎമ്മിയായ ഞാൻ ഉപാസനയാൽ അവിടുത്തെ രൂപം, സാരൂപ്യം പ്രാപിക്കുമ്പോൾ ഞാനും മരണരഹിതനായി ഭവിക്കും. (''യേയഥാ യഥോപാസതേതേതദേവഭവന്തി'' ഏവർ എപ്രകാരമൊന്നിനെ ഉപാസിക്കുന്നുവോ, അതായി ഭവിക്കുമെന്നു് ശ്രുതി. ആ സാരൂപ്യത്തിന്നാണിവിടെ പ്രാൎത്ഥിക്കുന്നതു്.)

26 നത്വാരാസീയാഭിശസ്തയേവസോ
നപാപത്വായസന്ത്യ
നമേസ്തോതാമതീവാനദുൎഹിത
സ്യാദഗ്നേനപാപയാ

അന്വയം:–

| | |
|---|---|
| ഹേ വസോ, സന്ത്യ,<br>അഗ്നേ | — വാസക, സംഭജനീയാഗ്നേ, |
| അഭി–ശസ്തയേ ത്വാ ന<br>രാസീയ | — അഭിശംസനായ, ഹിംസായൈ നാക്രോശയേയം |
| പാപ–ത്വായ ന | — ത്വാം ന രാസീയ |
| മേ സ്തോതാ ന | — അനഭിമതവചനേന ത്വാം ന ആക്രോശയതു |
| (അതഏവ) അമതി–വാ | — അശോഭനബുദ്ധിയുക്തോപി |
| ദുഃ–ഹിതഃ ന സ്യാൽ | — അസ്മാകം ശത്രുൎഭവതു |
| (അതഃ) പാപയാ ന | — അശോഭനയാബുദ്ധ്യാസ്മാൻ ന ബാധതാം |

അൎത്ഥം–ഏവരേയും വസിപ്പിക്കുന്നവനും ഭജനീയനുമായ അഗ്നേ, (മറ്റൊരാളുടെ) ഹിംസയ്ക്കായി ഞാൻ ആക്രോശിക്കുകയില്ല, വിളിച്ചു ലഹളക്കൂട്ടുകയില്ല. പാപകൎമ്മത്തിന്നായി വിളിച്ചു പറയുകയില്ല. എന്റെ സ്തോതാവു് അനഭിമതവചനങ്ങളാൽ അവിടുത്തെ വിളിച്ചലട്ടാതിരിക്കട്ടെ. അക്കാരണ

ത്താൽത്തന്നെ ദുർബ്ബുദ്ധിയായവൻകൂടി എനിക്ക് ശത്രുവാകാതിരിക്കട്ടെ. പാപബുദ്ധികൊണ്ട് എന്നെ ബാധിക്കാതിരിക്കട്ടെ.

27 പിതുർന്നപുത്രസ്സുഭൃതോദുരോണആ
ദേവാഁഏതുപ്രണോഹവിഃ

അന്വയം:—

പിതുഃ ന പുത്രഃ — പിത്രാപുത്രഇവാസ്മാഭിഃ
സു—ഭൃതഃ — സമ്യൿഭൃതഃ ഹവിർഭിഃ
പോഷിതോയമഗ്നിഃ
ദുരോണേ ദേവാൻ ആ — യജ്ഞഗൃഹേദേവാനഭിലക്ഷ്യ
നഃ ഹവിഃ പ്ര ഏതു — അസ്മദീയം ഹവിസ്താൻ
പ്രാപയതു

അർത്ഥം—അച്ഛനാൽ മകനെന്നപോലെ നമ്മളാൽ വേണ്ടപോലെ ഭജിക്കപ്പെട്ട, ഹവിസ്സുകളാൽ പോഷിപ്പിക്കപ്പെട്ട, ഈ അഗ്നി, യജ്ഞഗൃഹത്തിൽ ദേവന്മാരെ ഉദ്ദേശിച്ചുള്ള നമ്മുടെ ഹവിസ്സ്, അവർക്കെത്തിക്കട്ടെ.

28 തവാഹമഗ്നഊതിഭി
ന്നേദിഷ്ഠാഭിസ്സചേയജോഷമാവസോ
സദാദേവസ്യമർത്ത്യഃ

അന്വയം:—

ഹേ വസോ, അഗ്നേ — വാസകാഗ്നേ
ദേവസ്യ തവ നേദിഷ്ഠാഭിഃ
ഊതി- -ഭിഃ — അന്തികതമാഭീരക്ഷാഭിഃ
മർത്ത്യഃ അഹം — മനുഷ്യസ്തോതാഹം
സദാ ജോഷം ആ
സചേയ — പ്രീതിമഭിസേവേയ
—

അർത്ഥം—ഏവരെയും വസിപ്പിക്കുന്ന അഗ്നേ, ദേവനായ അവിടുത്തെ ഏറ്റവും സമീപസ്ഥങ്ങളായ രക്ഷണങ്ങളാൽ മനുഷ്യസ്തോതാവായ ഞാൻ മനഃപ്രീതിയേന്താവൂ.

29 തവക്രത്വാസനേയംതവരാതിഭി

രഗ്നേതവപ്രശസ്തിഭിഃ

ത്വാമിദാഹുഃപ്രമതിംവസോമമാ

ഗ്നേഹർഷസ്വദാതവേ

അന്വയം:—
ഹേ അഗ്നേ, തവ ക്രത്വാ
സനേയം — ത്വദീയേന പരിചരണരൂപേണ കർമ്മണാ ത്വാം സംഭജേയം
തവ രാതി–ഭിഃ — ത്വദീയൈർഹവിർദ്ദാനൈസ്സനേയം
(തഥാ) തവ പ്രശസ്തി–ഭിഃ — പ്രശംസനൈഃ, സ്തോത്രൈശ്ച ത്വാം സനേയം
ഹേ വസോ, അഗ്നേ,
മമ, പ്ര–മതിം — വാസകാഗ്നേ, സ്തോതുർമ്മമ പ്രകൃഷ്ടബുദ്ധിം രക്ഷകം
ത്വാം ഇൽ ആഹുഃ — ബ്രഹ്മവാദിനഃ കഥയന്തി
(അതഃ) ദാതവേ ഹർഷസ്വ — ദാതും ഹൃഷ്ടോഭവ, ഹർഷയുക്തസ്സൻ ബഹുധനം പ്രയച്ഛ

അർത്ഥം—അല്ലയോ അഗ്നേ, അവിടുത്തെ പരിചരിക്കുന്ന കർമ്മത്താൽ ഞാൻ ഭജിക്കുമാറാകണം. അവിടേയ്ക്കു ഹവിരർപ്പണങ്ങളാൽ അവിടുത്തെ പ്രാപിക്കുമാറാകണം. അതുപോലെ അവിടുത്തെക്കുറിച്ച സ്തോത്രങ്ങളാൽ അവിടുത്തോടണയുമാറാകണം. ഏവരെയും വസിപ്പിക്കുന്ന അഗ്നേ, സ്തോതാവായ എന്റെ ഉൽകൃഷ്ടബുദ്ധിയുടെ രക്ഷകനായി അവിടുത്തെത്തന്നെയാണു് ബ്രഹ്മവാദികൾ പറയുന്നതു്. (സ്തോതാക്കളുടെ

ബുദ്ധിയെ ഏകാഗ്രമായി നിർത്തുന്നതവിടുന്നാണെന്ന്,) അതിനാൽ എനിക്കഭീഷ്ടം തരുവാൻ സന്തോഷിച്ചാലും, സന്തുഷ്ടനായി ധാരാളം ധനം തന്നാലും.

30 പ്രസോഅഗ്നേതവോതിഭി
സ്സുവീരാഭിസ്തിരതേവാജഭർമ്മഭിഃ
യസ്യത്വംസഖ്യമാവരഃ വ. 34

അന്വയം:–

ഹേ അഗ്നേ, ത്വം യസ്യ
സഖ്യം ആ–വരഃ — അഭിവൃണോഷി
സഃ സു–വീരാഭിഃ — യജമാനഃ ശോഭനപുത്രയുക്താഭിഃ
വാജഭർമ്മ–ഭിഃ — ബലാനാം ഭർമ്മ, ഭരണം യാസു, താദൃശീഭിഃ
തവ ഊതി–ഭിഃ പ്ര
തിരതേ — രക്ഷാഭിഃ പ്രവർദ്ധതേ

അർത്ഥം—അല്ലയോ അഗ്നേ, അവിടുന്ന് ഏവന്റെ ചങ്ങാതം വരിക്കുന്നുവോ, കൈക്കൊള്ളുന്നുവോ, ആ യജമാനൻ സൽപുത്രന്മാരോടുകൂടിയവയും ബലങ്ങളാൽ പാലിക്കപ്പെടുന്നവയുമായ അവിടുത്തെ രക്ഷകളാൽ വർദ്ധിക്കുന്നു.

31 തവദ്രഫ്സോനീലവാൻവാശഋത്വിയ
ഇന്ധാനസ്സിഷ്ണവാദദേ
ത്വംമഹീനാമുഷസാമസിപ്രിയഃ
ക്ഷപോവസ്തുഷുരാജസി

അന്വയം:–

ഹേ സിഷ്ണോ, — സോമേനാ സിച്യമാനാഗ്നേ,
ദ്രഫ്സഃ, നീല–വാൻ — ദ്രവണശിലഃ, ശകടനീഡേവ സ്ഥാനാൽ തദ്വാൻ

വാശഃ, ഋത്വിയഃ — കാന്തഃ, ഋതൌ, വസന്താദി
കാലവിശേഷേ ഭവഃ
ഇന്ധാനഃ തവ ആ ദദേ — സന്ദീപയൻ സോമഃ തുഭ്യം
ഹോമായാധ്വര്യുണാദീയതേ
(അപി ച) ത്വം മഹീനാം – മഹതീനാം
ഉഷസാം പ്രിയഃ അസി — മിത്രഭൂതോ ഭവസി
(ഉഷസിഹ്യഗ്നയോ ഹോമായ പ്രജ്വാല്യന്തേ)
(തഥാ) ക്ഷപഃ വസ്തുഷു
രാജസി — രാത്രേസ്സംബന്ധിഷുപദാർത്ഥ
ജാതേഷു പ്രകാശസേ

അർത്ഥം—സോമത്താൽ മുററും നനയ്ക്കപ്പെടുന്ന അഗ്നേ, (കൊണ്ടുവരുമ്പോൾ) ഒഴുകുന്നതും വണ്ടിക്കുടോടുകൂടിയതും (അതിൽ വെയ്ക്കപ്പെട്ടതും) കാമ്യവും വസന്താദിവിശേഷകാലങ്ങളിലുളവായതും, (ചുററുമുള്ള വസ്തുക്കളെ) പ്രകാശിപ്പിക്കുന്നതുമായ സോമം അവിടേയ്ക്ക് ഹോമിക്കാനായി അധ്വര്യുവിനാൽ നല്കപ്പെടുന്നു. കൂടാതെ, അവിടുന്ന് മഹതികളായ ഉഷസ്സുകൾക്ക് പ്രിയപ്പെട്ടവനാകുന്നു. (ഉഷസ്സിലാണല്ലൊ അഗ്നികൾ ഹോമത്തിന്നായി പ്രോജ്വലിപ്പിക്കപ്പെടുന്നത്) അതുപോലെ രാവിനെസ്സംബന്ധിച്ച വസ്തുക്കളിലും അവിടുന്ന് പ്രകാശിക്കുന്നു.

32 തമാഗന്മസോഭരയ

സ്സഹസ്രമുഷ്കംസ്വഭിഷ്ടിമവസേ

സമ്രാജംത്രാസദസ്യവം

അന്വയം:—

സഹസ്ര–മുഷ്കം — മുഷ്കാണി തേജാംസി,
ബഹുതേജസ്കം
സു–അഭിഷ്ടിം,
സം–രാജം — ശോഭനാഭ്യേഷണം, സമ്യൿ
രാജാനം

ത്രാസദസ്യവം തം — ത്രസദസ്യോഃ രാജർഷേ സ്തോതവ്യത്വേന സംബന്ധിനമഗ്നിം
സോഭരയഃ അവസേ
ആ അഗന്മ — ഋഷയോവയം ഹവിർഭിസ്തുതിഭിശ്ച രക്ഷണായ പ്രാപ്താ അഭൂമ

അർത്ഥം—ആയിരം തേജസ്സുകളൊത്തവനും (ഉപാസകരിൽ) സൽപ്രേരണയോടുകൂടിയവനും നന്നായി ശോഭിക്കുന്നവനും ത്രസദസ്യു എന്ന രാജർഷിയുടെ സ്തോത്രത്തിന്ന് പാത്രവുമായ ആ അഗ്നിയെ സോഭരികളെന്ന ഋഷികളായ ഞങ്ങൾ ഹവിസ്സുകളോടും സ്തുതികളോടും കൂടി രക്ഷയ്ക്കായി പ്രാപിയ്ക്കാവൂ.

33 യസ്യതേഅഗ്നേഅന്യേഅഗ്നയ
ഉപക്ഷിതോവയാഇവ
വിപോനദ്യുമ്നാനിയുവേജനാനാം
തവക്ഷത്രാണിവർദ്ധയൻ

അന്വയം:—

ഹേ അഗ്നേ, യസ്യ തേ
അന്യേ അഗ്നയഃ — തവാവയവഭൂതാ അപരാ അഗ്നയഃ
വയാഃ-ഇവ ഉപ-ക്ഷിതഃ — വൃക്ഷസ്യ ശാഖാ ഇവ, സമീപേ നിവസന്തോ ഭവന്തി
ജനാനാം — മനുഷ്യാണാം മദ്ധ്യേഹം തസ്യ
തവ ക്ഷത്രാണി വർദ്ധയൻ — ബലാനിസ്തുത്യാ പ്രവർദ്ധയൻ
വിപഃ ന — അന്യേസ്തോതാര ഇവ
ദ്യുമ്നാ നി യുവേ — യശാംസി നിതരാം പ്രാപ്നോമി

അർത്ഥം—അല്ലയോ അഗ്നേ, യാതൊരവിടുത്തേയ്ക്കു ചേർന്ന അവയവഭൂതങ്ങളായ മററഗ്നികൾ മരത്തിന്ന് കൊമ്പുകൾ പോലെ സമീപത്തിൽ സ്ഥിതിചെയ്യുന്നുവോ മനുഷ്യരിൽ പെട്ട ഞാൻ ആ അവിടുത്തെ ബലങ്ങളെ സ്തുതിയാൽ വളർത്തി

കൊണ്ടു്, മററു സ്തോതാക്കൾപോലെ യശസ്സുകളെ നന്നായി പ്രാപിക്കുന്നു, അവിടുത്തെ പ്രസാദത്താൽ നേടുന്നു.

34 യമാദിത്യാസോ.അദ്രുഹഃ
പാരംനയഥമർത്യം
മഘോനാംവിശ്വേഷാംസുദാനവഃ

അന്വയം:-

ഹേ അദ്രുഹഃ, സു-ദാനവഃ,
ആദിത്യാസഃ — അദ്രോഗ്ധാരഃ, ശോഭന ദാനാഅദിതേഃ പുത്രാഃ
മഘോനാം വിശ്വേഷാം — ഹവിഷ്മതാം സർവ്വേഷാം മദ്ധ്യേ
(യൂയം) യം മർത്യം
പാരം നയഥ — ആരബ്ധസ്യകർമ്മണസ്സമാപ്തിം പ്രാപയഥ (സ ഏവതൽഫലം ലഭതേ)

അർത്ഥം—ദ്രോഹിക്കാത്തവരും ശോഭന ദാനന്മാരുമായ അദിതിപുത്രന്മാരേ, ഹവിര്യുക്തന്മാരായ എല്ലാവർക്കുമിടയിൽ നിങ്ങൾ യാതൊരു മനുഷ്യന്നു് തുടങ്ങിവെച്ച കർമ്മത്തിന്റെ സമാപ്തിയെത്തിക്കുന്നുവോ, അവൻ മാത്രമാണു് ഫലം നേടുന്നതു്.

35 യൂയംരാജാനഃകഞ്ചിച്ചർഷണീസഹഃ
ക്ഷയന്തംമാനുഷാഅനു
വയംതേവോവരുണമിത്രാര്യമ
ന്ത്സ്യാമേദൃതസ്യരഥ്യഃ

അന്വയം:—

ഹേ രാജാനഃ,
ചർഷണി—സഹഃ — രാജമാനാഃ, ശത്രുഭൂതാനാമഭി
ഭവിതാര ആദിത്യാഃ
യൂയം മാനുഷാൻ അനു — മനുഷ്യാൻ, യജമാനാനനുലക്ഷ്യ
ക്ഷയന്തം കം ചിൽ — ക്ഷപയന്തം കമപിശത്രും,
സർവ്വമപിശത്രുമഭിഭവഥ
ഹേ വരുണ, മിത്ര, അര്യമൻ, തേ വയം
വഃ ഋതസ്യ രഥ്യഃ
സ്യാമ ഇൽ — യജ്ഞസ്യനേതാര ഏവഭവേമ

അർത്ഥം—ശോഭമാനന്മാരും ശത്രുജേതാക്കളുമായ അദിതി പുത്രന്മാരേ, നിങ്ങൾ മനുഷ്യനായ യജമാനനെ ദ്രോഹിക്കുന്ന ഏതൊരു ശത്രുവിനെയും, എല്ലാ ശത്രുക്കളെയും കീഴടക്കുന്നു. അല്ലയോ വരുണ, മിത്ര, അര്യമൻ, ആ ഞങ്ങൾ നിങ്ങളെസ്സംബന്ധിച്ച യജ്ഞത്തിന്റെ നേതാക്കളാകാവൂ.

36 അദാന്മേപൌരുകുത്സ്യഃ
പഞ്ചാശതംത്രസദസ്യുർവ്വധൂനാം
മംഹിഷ്ഠോഅര്യസ്സൽപതിഃ

അന്വയം:—

(ത്രസദസ്യോർദ്ദാനമൃഷിഃ പ്രശംസതി)
മംഹിഷ്ഠഃ, അര്യഃ,
സൽ—പതിഃ — ദാതൃതമഃ, അഭിഗന്തവ്യസ്വാമീ,
സതാംപാലയിതാ
പൌരു-കുത്സ്യഃ
ത്രസദസ്യുഃ — പുരുകുത്സപുത്രസ്സഃ
മേ വധൂനാം പഞ്ചാശതം
അദാൽ — ദത്തവാൻ

അർത്ഥം—(ത്രസദസ്യുവിന്റെ ദാനത്തെ ഋഷി പ്രശംസിക്കുന്നു.)

ഏററവും ദാനശീലനും അടുത്തണയാവുന്ന പ്രഭുവും സത്തുക്കൾക്ക രക്ഷകനുമായ പുരുകുത്സൻെറ മകൻ ത്രസദസ്യു അഞ്ഞൂറ് വധുക്കളെ (പെൺകിടാങ്ങളെ) എനിക്ക തന്നു.

37 ഉതമേപ്രയിയോർവ്വയിയോ
സ്സുവാസ്ത്വാഅധിതുഗ്വനി
തിസൃണാംസപ്തതീനാം
ശ്യാവഃപ്രണേതാഭുവദ്വസുർദ്ദിയാനാംപതിഃ വ. 35

അന്വയം:-

| | | |
|---|---|---|
| ഉത പ്രയിയോഃ | — | കൂലം യാ പ്രയൈതിസാ പ്രയിയുഃ, തസ്യാഃ |
| വയിയോഃ | — | കഷണ്ഡീകൂലം യാ അവയൈതി സാ വയിയുഃ, തസ്യാഃ, കൂലങ്ങ്കഷായാഃ |
| സു-വാസ്ത്വാഃ | — | സുവാസ്തുഃ നദീ, തസ്യാഃ |
| അധി തുഗ്വനി | — | തുഗ്വതീർത്ഥം, തീർത്ഥേ |
| വസുഃ | — | ദേവാനാം വാസയിതാ |
| ദിയാനാം മേ പ്ര-ണേതാ | - | മമ ദാനയോഗ്യാനാം സാധനാനാം പ്രണയനശീലഃ പൌരുകുത്സ്യഃ ഭവതി |
| തിസൃണാം സപ്തതീനാം | — | ത്രിസംഖ്യാകാനാം സപ്തതീനാം ഗവാം |
| ശ്യാവഃ പതിഃ ഭുവൽ | — | ശ്യാമളവർണ്ണ ഋഷഭോ ഭവൽ |

അർത്ഥം-(സായണഭാഷ്യത്തിൽ ഈ ഋക്കിന്ന് വ്യാഖ്യാനം കാണുന്നില്ല. ത്രസദസ്യുവിൻെറ ദാനംതന്നെയാണിതിലും പരാമർശിക്കപ്പെടുന്നത്.) കരകളെ കടന്നുചെല്ലുന്ന, കുത്തിയിടിച്ചു താഴ്ത്തുന്ന സുവാസ്തു എന്ന നദിയുടെ കരയിൽ (യാഗാദികർമ്മങ്ങളെക്കൊണ്ടു്) ദേവന്മാരെ വസിപ്പിക്കുന്നവനും, എനിക്ക ദാനം ചെയ്യപ്പെടേണ്ടും സാധനങ്ങളെ കൊണ്ടുവരുത്തുന്നവനുമായി ത്രസദസ്യു ഭവിക്കുന്നു. ഇരുനൂററി

പ്പത്തു് പശുക്കൾക്കുചേർന്ന കറുത്ത കാളയെയും (പശുക്കളെയും കാളയെയും) എനിക്കു് തരുന്നവനായി ഭവിച്ചു.

വർഗ്ഗം – 36-37–38–39–40 – കാണ്വഃ സോഭരിരൃഷിഃ അയുജഃ കകുഭഃ, യുജസ്സതോബൃഹത്യഃ ഛന്ദാംസി, മരുതോ ദേവതാ.

1 ആഗ॑ന്താ॒മാരി॑ഷണ്യത॒
പ്രസ്ഥാ॑വാനോമാ॒പ॑സ്ഥാതാസമന്യവഃ
സ്ഥി॒രാചി॑ന്നമയിഷ്ണവഃ

അന്വയം:–

ഹേ പ്ര–സ്ഥാവാനഃ,
സ–മന്യവഃ, — പ്രസ്ഥാതാരഃ, പ്രഗന്താരഃ, സമാനതേജസ്കാമരുതഃ,
ആ ഗന്ത — അസ്മാനാഗച്ഛത
മാ രിഷണ്യത — അനാഗമനേനാസ്മാൻ മാ ഹിംസ്ത
സ്ഥിരാ ചിൽ
നമയിഷ്ണവഃ, — ദൃഢാന്യപിപർവ്വതാദീനി നമന ശീലാഃ, കമ്പയിതാരഃ (യൂയം)
മാ അപ സ്ഥാത — അസ്മത്തോപേത്യാന്യത്ര മാ തിഷ്ഠത, അസ്മാസ്വേവ തിഷ്ഠത

അർത്ഥം–അത്യന്തം ഗമനശീലരും തുല്ല്യ തേജസ്സുററവരുമായ മരുത്തുക്കളേ, ഞങ്ങളെ പ്രാപിച്ചാലും. വരാതെ ഞങ്ങളെ വിഷമിപ്പിക്കരുത്തു്. ഉറപ്പുററ മലകൾ മുതലായവയെപ്പോലും കുനിപ്പിക്കുന്ന നിങ്ങൾ ഞങ്ങളിൽ നിന്നു വിട്ടുനില്ക്കരുത്തു്, ഞങ്ങളിൽത്തന്നെ വർത്തിച്ചാലും.

2 വീളുപവിഭിർമ്മരുതഋഭുക്ഷണ
ആരുദ്രാസസ്സുദീതിഭിഃ
ഇഷാനോഅദ്യാഗതാപുരുസ്പൃഹോ
യജ്ഞമാസോഭരീയവഃ

അന്വയം:—

| | |
|---|---|
| ഹേ ഋഭുക്ഷണഃ, രുദ്രാസഃ, | |
| മരുതഃ, | — മഹാന്തോ രുദ്രപുത്രാ മരുതഃ, |
| സുദീതി–ഭിഃ, | |
| വീളുപവി–ഭിഃ | — ശോഭനദീപ്തികൈഃ,<br>ദൃഢനേമികൈരഥൈഃ |
| ആ ആ ഗത | — ആസമന്താദാഗച്ഛത |
| ഹേ പുരു–സ്പൃഹഃ | — ബഹുഭിസ്പൃഹണീയാഃ,<br>ഈഫ്സിതവ്യാഃ |
| സോഭരീ–യവഃ | — സോഭരിം മാം കാമയമാനാഃ |
| നഃ യജ്ഞം അദ്യ | |
| ഇഷാ ആ | — ഇദാനീമന്നേന സഹാഗച്ഛത |

അർത്ഥം:—മഹാന്മാരും രുദ്രപുത്രന്മാരുമായ മരുത്തുക്കളേ, ശോഭനദീപ്തിയുററവയും ഉറപ്പുള്ള ചക്രവളയങ്ങളിയന്നവയുമായ തേരുകളിൽ നിറഞ്ഞു വന്നാലും. ഏവർക്കുമിഷ്ടപ്പെട്ടവരേ, നിങ്ങൾ സോഭരിയായ എന്നെ ഇഷ്ടപ്പെടുന്നവരായി, ഞങ്ങളുടെ യജ്ഞത്തെ ഇപ്പോൾ അന്നത്തോടുകൂടി പ്രാപിച്ചാലും.

3 വിദ്മാഹിരുദ്രിയാണാം
ശുഷ്മമുഗ്രംമരുതാംശിമീവതാം
വിഷ്ണോരേഷസ്യമീള്ഹുഷാം

അന്വയം:-

രുദ്രിയാണാം,
ശിമീ_വതാം — രുദ്രപുത്രാണാം, കർമ്മവതാം
വിഷ്ണോഃ ഏഷസ്യ
മീള്ഹുഷാം — വ്യാപ്തസ്യ, ഏഷണീയസ്യ
വൃഷ്ട്യുദകസ്യ സേക്തൄണാം
മരുതാം ഉഗ്രം ശുഷ്മം
വിദ്മ ഹി — ഉൽഗൂർണ്ണം ബലം ജാനീമഃ ഖലു

അർത്ഥം—രുദ്രപുത്രന്മാരും കർമ്മവാന്മാരും വ്യാപിച്ച മഴ വെള്ളത്തിന്റെ വർഷിതാക്കളുമായ മരുത്തുക്കളുടെ ഊക്കേറ്റ ബലം നാമറിയുന്നുണ്ടല്ലൊ.

4 വിദ്വീ॒പാനിപാ॒പ॑ത॒ന്തിഷ്ഠ॒॑ദ്ദുച്ഛുനോ॒
ഭേ॒യു॑ജ॒ന്തരോ॑ദസീ
പ്രധ॑ന്വാന്യൈരതശുഭ്രഖാദയോ॒
യ॑ദേജഥസ്വഭാനവഃ

അന്വയം:—

ഹേ ശുഭ്ര_ഖാദയഃ,
സ്വ_ഭാനവഃ, — ശോഭനായുധാഃ, സ്വായത്ത
ദീപ്തയഃ,
(യൂയം) യൽ ഏജഥ — യദാ കമ്പയഥ തദാ
ദ്വീപാനി വി പാപതൻ — ഉദകമദ്ധ്യസ്ഥലാന്യത്യന്തം
വിപതന്തി
തിഷ്ഠൽ ദുച്ഛുനാ — സ്ഥാവരം വൃക്ഷജാതം
ദുഃഖേനയുജ്യതേ
ഉഭേ രോദസീ യുജന്ത — ദ്യാവാപൃഥിവ്യാവപ്യാഗമന
ജനിതേന കമ്പനേന
യോജയന്തി
ധന്വാനി പ്ര ഐരത — ഗമനശീലാന്യുദകാനിച
പ്രഗച്ഛന്തി

അർത്ഥം—ശോഭനായുധന്മാരും സ്വയം പ്രകാശിക്കുന്നവരുമായ മരുത്തുക്കളേ, നിങ്ങൾ കുലുക്കുമ്പോൾ ദ്വീപുകൾ കൂടി മറിയുന്നു; ഉറച്ചുനില്ക്കുന്ന മരക്കൂട്ടം കഷ്ടത്തിൽ പെടുന്നു; ദ്യാവാപൃഥിവികൾ ഇരുപേരെയും നിങ്ങളുടെ വരവുകൊണ്ടുണ്ടാകുന്ന കുലുക്കത്താൽ നിങ്ങൾ ഒന്നാക്കുന്നു. ഒഴുകുന്ന ജലങ്ങൾ (കൂടുതൽ) ഒഴുകിപോകുന്നു.

5 അച്യുതാചിദ്വോഅജ്മന്നാ

നാനദതിപർവ്വതാസോവനസ്പതിഃ

ഭൂമിര്യാമേഷുരേജതേ വ 36

അന്വയം:—

(ഹേ മരുതഃ) വഃ അജ്മൻ— യുഷ്മാകമജ്മനി, ആഗമനേസതി

അച്യുതാ ചിൽ

പർവ്വതാസഃ — ച്യാവയിതുമശക്യാ അപി പർവ്വതാഃ, ഗിരയഃ

വനസ്പതിഃ — വനസ്പതയഃ, വൃക്ഷാഃ (ജാത്യേകവചനം)

ആ നാനദതി — അഭിതോഭൃശം ശബ്ദയന്തേ

(അപിച) യാമേഷു — യുഷ്മദീയേഷുഗമനേഷു

ഭൂമിഃ രേജതേ — കമ്പതേ

അർത്ഥം—അല്ലയോ മരുത്തുക്കളേ, നിങ്ങളുടെ വരവിൽ മറിച്ചിടപ്പെടാൻ കഴിയാത്ത മലകളും, മരങ്ങളും ഉറക്കെശ്ശബ്ദിക്കുന്നു. മാത്രമല്ല, നിങ്ങളുടെ പോക്കുകളിൽ ഭൂമി കുലുങ്ങുന്നു.

6 അമായവോമരുതോയാതവേദ്യൗ

ർജ്ജിഹീതഉത്തരാബൃഹൽ

യത്രാനരോദേദിശതേതനൂഷ്വാ

ത്വക്ഷാംസിബാഹ്വോജസഃ

അന്വയം:—

| | |
|---|---|
| ഹേ മരുതഃ, യത്ര | — യസ്മിന്നന്തരീക്ഷേ |
| ബാഹു_ഓജസഃ നരഃ | — ബാഹ്വോഃ ഓജഃ ബലം യേഷാം താദൃശാനേതാരോ മരുതഃ |
| ത്വക്ഷാംസി തനൂഷു | — ദീപ്താന്യാഭരണാന്യാത്മീയേഷു ശരീരേഷു |
| ആ ദേദിശതേ | — ആ ദൃഷ്ടാനി, ധൃതാനികുർവ്വന്തി |
| വഃ അമായ യാതവേ | — ബലായയാതും |
| ബൃഹൽ | — അന്തരിക്ഷം വിസൃജ്യ |
| ദ്യൌഃ ഉൽ-തരാ | — ദ്യുലോകമുൽഗതതരം |
| ജിഹീതേ | — ഗച്ഛതി |

(യുഷ്മദാഗമനാൽ ഭീതാസതീ ആന്തരിക്ഷം സ്ഥാനംപരിത്യജ്യ ഊർദ്ധ്വം പാലയതേ)

അർത്ഥം—അല്ലയോ മരുത്തുക്കളേ, യാതൊരന്തരിക്ഷത്തിൽ കയ്യൂക്കുള്ള നേതാക്കളായ മരുത്തുക്കൾ ഭാസമാനങ്ങളായ ആഭരണങ്ങൾ സ്വശരീരങ്ങളിൽ ധരിക്കുന്നുവോ, (ഇടിമിന്നൽ) നിങ്ങളുടെ ബലത്തിന്നവിടെ വിഹരിക്കാനായി ആ അന്തരിക്ഷം വിട്ടു് ദ്യുലോകം മേൽപോട്ടു പോകുന്നു. (നിങ്ങളുടെ വരവിൽ പേടികൊണ്ടു് അന്തരിക്ഷത്തിലുള്ള സ്ഥാനം വിട്ട ദ്യുലോകം മേൽപോട്ടോടുന്നു.)

7 സ്വധാമനുശ്രിയംനരോ
മഹിത്വേഷാഅമവന്തോവൃഷഫ്സവഃ
വഹന്തേഅഹ്രുതഫ്സവഃ

അന്വയം:—

| | |
|---|---|
| ത്വേഷാഃ, അമ—വന്തഃ | — ദീപ്താഃ, ബലവന്തഃ |
| വൃഷ_ഫ്സവഃ, | |
| അഹ്രുത-ഫ്സവഃ | — വർഷണരൂപാഃ, അകുടിലരൂപാഃ |
| നരഃ സ്വധാം അനു | — നേതാരോ മരുതോ ഹവിരന്ന മനുലക്ഷ്യ |
| മഹി ശ്രീയം വഹന്തേ | — മഹതീം ശോഭാം ധാരയന്തി |

അൎത്ഥം—പ്രകാശിക്കുന്നവരും ബലവാന്മാരും വൎണ്ണരൂപന്മാരും അകുടിലാകൃതികളുമായ നേതാക്കൾ, മരുത്തുക്കൾ ഹവിരന്നത്തെ ഉദ്ദേശിച്ചു്, അതു വന്നു് സ്വീകരിപ്പാനായി, മഹത്തായ കാന്തിയേന്തുന്നു.

8 ഗോഭിൎവ്വാണോഅജ്യതേസോഭരീണാം
രഥേകോശേഹിരണ്യയേ
ഗോബന്ധവസ്സുജാതാസഇഷേഭുജേ
മഹാന്തോനസ്സ്മരസേനു

അന്വയം:—

| | |
|---|---|
| ഹിരണ്യയേ രഥേ<br>കോശേ | — ഹിരൺമയേ രഥേ കോശവദ്വേഷ്ടിതേ മദ്ധ്യഭാഗേ |
| സോഭരീണാം ഗോഭിഃ | — ഋഷീണാം ശബ്ദൈഃ, സ്തുതിഭിഃ |
| വാണഃ അജ്യതേ | — മരുദ്വീണാവ്യജ്യതേ, പ്രകടീക്രിയതേ |
| (അപി ച) | |
| ഗോ-ബന്ധവഃ | — ഗോമാതൃകാഃ |
| സു—ജാതാസഃ, മഹാന്തഃ | — ശോഭനജന്മാനഃ, മഹാനുഭാവാ മരുതഃ |
| നഃ ഇഷേ, ഭുജേ | — അസ്മാകമന്നായ, ഭോഗായ |
| സ്മരസേ നു | — പ്രീത്യൈ ക്ഷിപ്രം ഭവന്തി |

അൎത്ഥം—സ്വൎണ്ണമയമായ തേരിൽ ഉറപോലെയുള്ള മദ്ധ്യഭാഗത്തു് മരുത്തുക്കളുടെ വീണ സോഭരികളെന്ന ഋഷികളുടെ സ്തുതിശബ്ദങ്ങളാൽ വ്യക്തീഭവിക്കുന്നു, പ്രകടമാക്കപ്പെടുന്നു. അതായതു് മരുത്തുക്കളുടെ വീണാധ്വനിയും ഋഷികളുടെ സ്തുതിശബ്ദങ്ങളും ഇണങ്ങുന്നു. പിന്നെ, പൃശ്നിയെന്ന പശുവിന്നു് പിറന്നവരും നല്ല ജന്മമൊത്തവരും മഹാനുഭാവന്മാരുമായ മരുത്തുക്കൾ നമുക്കന്നത്തിന്നും ഭോഗത്തിന്നും വേണ്ടി വേഗത്തിൽ പ്രീതിക്കായി ഭവിക്കുന്നു. (പ്രീതരായിത്തീരുന്നു.)

9 പ്രതിവോവൃഷദഞ്ജയോ
വൃഷ്ണേശൎദ്ധായമാരുതായഭരധ്വം
ഹവ്യാവൃഷപ്രയാവ്ണേ

അന്വയം:—

| | |
|---|---|
| ഹേ വൃഷൽ–അഞ്ജയഃ | — വൎഷകേണ സോമേനാഞ്ചതഃ, സിഞ്ചന്തോധ്വര്യവഃ |
| വൃഷ–പ്രയാവ്നേ | — വൃഷണഃ, സേക്താരഃ, പ്രയാവാനഃ, പ്രഗന്താരോ യസ്മിൻ തസ്മൈ |
| വഃ വൃഷ്ണേ മാരുതായ ശൎദ്ധായ | — യൂയം വൎഷിത്രേ മരുൽസങ്ഘരൂപായ ബലായ |
| ഹവ്യാ പ്രതി ഭരധ്വം | — ഹവ്യാനി, ഹവീംഷ്യാ ഹവനീയംപ്രതി ഹരത |

അൎത്ഥം—ഒഴുകുന്ന സോമത്താൽ അഗ്ന്യാദിദേവന്മാരെ നനയ്ക്കുന്ന അധ്വര്യുക്കളേ, നിങ്ങൾ, വൎഷണശീലമുററ് മരുൽസമൂഹരൂപമായ ബലത്തിന്നായി ഹവിസ്സുകൾ ആഹവനീയസ്ഥാനത്തെത്തിക്കുക.

10 വൃഷണശ്വേനമരുതോവൃഷഫ്സുനാ
രഥേനവൃഷനാഭിനാ
ആശ്യേനാസോനപക്ഷിണോവൃഥാനരോ
ഹവ്യാനോവീതയേഗത

വ. 37

അന്വയം:—

| | |
|---|---|
| ഹേ നരഃ, മരുതഃ, | — നേതാരോമരുതഃ, |
| വൃഷണശ്വേന | — വൃഷഭിഃ, സേചനസമൎത്ഥൈരശ്വൈരുപേതേന |
| വൃഷ–ഫ്സുനാ | — വൎഷകരൂപയുക്തേന |

വൃഷ-നാഭിനാ രഥേന — നാഭിശ്ചക്രച്ഛിദ്രം, വർഷകനാഭിയുക്തേന രഥേന
ശ്യേനാസഃ ന പക്ഷിണഃ — ശംസനീയഗതയഃ പക്ഷിണോ യഥാ ശീഘ്രമാഗച്ഛന്തി തദ്വൽ
വൃഥാ വീതയേ — അനായാസേന ഭക്ഷണാർത്ഥം
നഃ ഹവ്യാ ആ ഗത — അസ്മാകം ഹവീംഷ്യാഗച്ഛത

അർത്ഥം—അല്ലയോ നേതാക്കളായ മരുത്തുക്കളേ, യൌവനത്തിളപ്പുററ കുതിരകളോടുകൂടിയതും വർഷകരൂപമിയന്നതും വെള്ളമൊലിക്കുന്ന ചക്രത്തുളകൾ ഒത്തതുമായ തേരിൽ, ഭംഗിയിൽ പറക്കുന്ന പക്ഷികൾ വേഗത്തിൽ വരുന്നപോലെ, അനായാസമായി ഭക്ഷണത്തിന്നുവേണ്ടി ഞങ്ങളുടെ ഹവിസ്സുകളെ പ്രാപിച്ചാലും.

11 സ॒മാ॒നമ॒ഞ്ജ്യേ॑ഷാ॒ം
വിഭ്രാ॑ജന്തേരു॒ക്മാസോ॒അധി॑ബാ॒ഹുഷു॑
ദവി॑ദ്യുതത്യ॒ൃഷ്ടയ॑ഃ

അന്വയം:—

ഏഷാം അഞ്ജി സമാനം — മരുതാം രൂപാഭിവ്യഞ്ജകമാഭരണം ഏകവിധമേവ
രുക്മാസഃ വി ഭ്രാജന്തേ — ദീപ്യമാനാസ്സുവർണ്ണഹാരാ വക്ഷസി ദീപ്യന്തേ
(തഥാ) ബാഹുഷു അധി — അംസേഷു
ഋഷ്ടയഃ ദവിദ്യുതതി — ശക്ത്യാദീന്യായുധാന്യത്യർത്ഥം ദ്യോതന്തേ

അർത്ഥം—ഈ മരുത്തുക്കളുടെ ആഭരണം ഒരേവിധത്തിലുള്ളതത്രെ. മിന്നുന്ന കനകമാലകൾ മാറിൽ പ്രശോഭിക്കുന്നു. അതുപോലെ കൈകളിൽ ശക്തിമുതലായ ആയുധങ്ങൾ തിളങ്ങുന്നു.

12 തഉഗ്രാസോവൃഷണഉഗ്രബാഹവോ
നകിഷ്ടനൂഷുയേതിരേ
സ്ഥിരാധന്വാന്യായുധാരഥേഷുവോ
നീകേഷ്വധിശ്രിയഃ

അന്വയം:–

ഉഗ്രാസഃ — ഉൽഗൂർണ്ണാഃ, സർവ്വകാര്യേഷൂദ്യതാഃ
വൃഷണഃ, ഉഗ്ര–ബാഹവഃ — വർഷിതാരഃ ഉൻഗൂർണ്ണബാഹുകാഃ
തേ തനൂഷു — മരുത ആത്മീയേഷു ശരീരേഷു
നകിഃ യേതിരേ — രക്ഷണായ ന പ്രയതന്തേ
(നഹികശ്ചിത്തേഷാം ശരീരാണി ബാധിതും ശക്നോതി)
(ഹേ മരുതഃ,) വഃ
രഥേഷു ധന്വാനി
ആയുധാ — യുഷ്മാകം രഥേ ധനൂംഷി ബാണാദീനി ച
സ്ഥിരാ — സ്ഥിരാണി, ദൃഢതരാണി സന്തി
(അതഃ) അനീകേഷു
അധി ശ്രിയഃ — സേനാമുഖേഷു ജയസമ്പദോ ഭവന്തി

അർത്ഥം–ഊക്കുററവരും എല്ലാ കാര്യങ്ങളിലും ഉദ്യതന്മാരും വർഷണശീലമുററവരും ബാഹുബലമിയന്നവരുമായ ആ മരുത്തുക്കൾ സ്വന്തം ശരീരങ്ങളെ രക്ഷിക്കാനായി പ്രയത്നിക്കുന്നില്ല. (ആരും അവരുടെ ശരീരങ്ങളെ ഉപദ്രവിയ്ക്കാൻ ശക്തരല്ല). അല്ലയോ മരുത്തുക്കളേ, നിങ്ങളുടെ തേരുകളിൽ വില്ലമ്പുകൾ മുതലായ ആയുധങ്ങൾ ഉറപ്പുററവയായിരിക്കുന്നു. അതിനാൽ സേനാമുഖങ്ങളിൽ ജയശ്രീകൾ ഭവിക്കുന്നു.

13 യേഷാമർണ്ണോനസപ്രഥോ
നാമത്വേഷംശശ്വതാമേകമിദ്ഭുജേ
വയോനപിത്ര്യംസഹഃ

അന്വയം:—

| | | |
|---|---|---|
| അർണ്ണഃ ന സ—പ്രഥഃ | — | ഉദകമിവ സർവ്വതഃ പൃഥു, വിസ്തീർണ്ണം |
| ത്വേഷം ശശ്വതാം | | |
| യേഷാം | — | ദീപ്തം ബഹൂനാം മരുതാം |
| നാമ ഏകം ഇൽ | — | മരുത ഇതി നാമധേയമേകമേവ സൽ |
| സഹഃ | — | പ്രസഹനശീലം തൽ |
| പിത്ര്യം വയഃ ന ഭുജേ | — | തദ്യഥാ വിസ്രംഭേണ ഭോഗായ യഥാ തഥാ ഭവതി |

അർത്ഥം—വെള്ളംപോലെ എമ്പാടും പരന്നു്, വളരെപ്പേർ ചേന്ന്, മരുത്തുക്കളുടെ പ്രകാശമുററ നാമം, മരുത്തുക്കളെന്ന പേർ, ഒന്നായി ഭവിച്ചു് ജയശീലമുററ ആ പേർ, അച്ഛൻ സമ്പാദിച്ച അന്നം മകന്നു് വിശ്വാസത്തോടുകൂടി, തനിക്കുചേന്ന താണെന്ന ബോധത്തോടുകൂടി, അനുഭവത്തിന്നു് ഭവിക്കുന്ന പോലെ, ലോകത്തിന്നു മുഴുവൻ അനുഭവിക്കാനായി ഭവിക്കുന്നു.

14 താൻവന്ദസ്വമരുതസ്താഉപസ്തുഹി
തേഷാംഹിധുനീനാം
അരാണാംനചരമസ്തദേഷാം
ദാനാമഹ്നാതദേഷാം

അന്വയം:—

(ഹേ അന്തരാത്മൻ,) താൻ

| | | |
|---|---|---|
| മരുതഃ വന്ദസ്വ | — | പ്രണമ |
| താൻ ഉപ സ്തുഹി | — | ഉപേത്യ സ്തുതിം കുരു |

| | |
|---|---|
| ഹി ധുനീനാം തേഷാം | — കമ്പയിതൄണാം മരുതാം വയം |
| അരാണാം ചരമഃ ന | — അര്യാണാം, സ്വാമിനാം ഹീനഃ സേവക ഇവശേഷഭൃതാസ്മഃ |
| തൽ ഏഷാം; തൽ ഏഷാം | — തസ്മാൽ മരുതാമേവ (പുനരുക്തിരാദരാർത്ഥാ) |
| ദാനാ മഹ്നാ | — ദാനാനി മഹത്വേന ഭവന്തി |

അർത്ഥം–അല്പയോ അന്തരാത്മാവേ, ആ മരുത്തുക്കളെ വന്ദിയ്ക്കുക. അവരെ അണഞ്ഞ് സ്തുതിക്കുക. കാരണം, എല്ലാം ഇളക്കുന്നവരായ മരുത്തുക്കൾക്ക് നമ്മൾ, പ്രഭുക്കൾക്ക് മോശക്കാരനായ സേവകനെന്ന പോലെ ബാക്കിയായവരാകുന്നു. അതിനാൽ മരുത്തുക്കളുടെ തന്നെ ദാനം മഹത്വത്തോടുകൂടി ഭവിക്കുന്നു.

15 സു॒ഭഗ॒സ്സവ॑ഊ॒തി
ഷ്വാസ॒പൂ॑ർവ്വാസുമരുതോ॒വ്യു॑ഷ്ടിഷു
യോവാ॑ന്നൂ॒നമു॒താസ॑തി വ. 38

അന്വയം:–

| | |
|---|---|
| ഹേ മരുതഃ, ഉത യഃ | — അപിചയോ മനുഷ്യഃ, സ്തോതാ |
| നൂനം അസതി വാ | — അവശ്യം യുഷ്മാകം ഭവതി വാ |
| സഃ വഃ ഊതിഷു | — യുഷ്മാകം രക്ഷാസു |
| പൂർവ്വാസു വി–ഉഷ്ടിഷു | — ബഹ്വീഷ്വുഷസ്സു |
| സു–ഭഗഃ ആസ | — ശോഭനധനോ ഭവതി |

അർത്ഥം–അല്പയോ മരുത്തുക്കളേ, മുൻപറഞ്ഞതുകൂടാതെ ഏതു മനുഷ്യൻ, സ്തോതാവ്, തീർച്ചയായും അവിടുത്തേക്കു ചേർന്നവനാകുന്നുവോ, അവൻ നിങ്ങളുടെ രക്ഷകളിൽ വളരെ നാളുകളോളം ശോഭനധനനായി ഭവിക്കുന്നു.

16 യസ്യവായൂയംപ്രതിവാജിനോനര
ആഹവ്യാവീതയേഗഥ
അഭിഷദ്യുമ്നൈരുതവാജസാതിഭി
സ്സുമ്നാവോധൂതയോനശൽ

അന്വയം:—

| | |
|---|---|
| ഹേ നരഃ, ധൂതയഃ, | — നേതാരഃ കമ്പയിതാരോ മരുതഃ, |
| യൂയം യസ്യ വാ വാജിനഃ | — യസ്യ ച ഹവിഷ്മതോ യജമാനസ്യ |
| ഹവ്യാ പ്രതി വീതയേ | |
| ആ ഗഥ | — ഹവീംഷ്യഭിലക്ഷ്യഭക്ഷണായാഗച്ഛഥ |
| സഃ ദ്യുമ്നൈഃ | — ദ്യോതമാനൈര്യശോഭിഃ യജമാനഃ |
| ഉത വാജസാതി-ഭിഃ | — അപിച വാജാനാം, അന്നാനാം സംഭജനൈശ്ച |
| വഃ സുമ്നാ അഭി നശൽ | — യുഷ്മാകം സംബന്ധീനി സുഖാനി അഭിപ്രാപ്നോതി |

അൎത്ഥം—നേതാക്കളും എല്ലാമിളക്കുന്നവരുമായ മരുത്തുക്കളേ, നിങ്ങൾ യാതൊരു ഹവിര്യുക്തനായ യജമാനന്റെ ഹവിസ്സുകളെ ഉദ്ദേശിച്ച് ഉൾക്കൊള്ളാൻ വരുന്നുവോ, ആ യജമാനൻ ഭാസമാനങ്ങളായ യശസ്സുകളാലും അന്നലാഭങ്ങളാലും നിങ്ങൾക്കു ചേൎന്ന സുഖങ്ങളെ നേരെ പ്രാപിക്കുന്നു.

17 യഥാരുദ്രസ്യസൂനവോ
ദിവോവശന്ത്യസുരസ്യവേധസഃ
യുവാനസ്തഥേദസൽ

അന്വയം:–

രുദ്രസ്യ സൂനവഃ — പുത്രാഃ
അസുരസ്യ വേധസഃ — വൃഷ്ടേഃ കർത്താരഃ (അസൂൻ,
പ്രാണാൻ രാതി,
ദദാതീത്യസുരം വൃഷ്ടിജലം)
യുവാനഃ ദിവഃ — നിത്യതരുണാമരുതഃ
അന്തരിക്ഷാദാഗത്യ
യഥാ വശന്തി തഥാ
ഇൽ അസൽ — യേനപ്രകാരേണാസ്മാൻ
കാമയന്തേ, തേനപ്രകാരേണേ
ദം സ്തോത്രം ഭവതു

അർത്ഥം–രുദ്രപുത്രന്മാരും വൃഷ്ടികർത്താക്കളും നിത്യയുവാക്കളുമായ മരുത്തുക്കൾ അന്തരിക്ഷത്തിൽ നിന്നു വന്നു്, എപ്രകാരമായാൽ നമ്മളെ ഇഷ്ടപ്പെടുമോ അപ്രകാരം, അതിന്നുതക്കവണ്ണമാവട്ടേ ഈ സ്തോത്രം.

18 യേചാർഹന്തിമരുതസ്സുദാനവ
സ്മന്മീള്ഹുഷശ്ചരന്തിയേ ·
അതശ്ചിദാനഉപവസ്യസാഹൃദാ
യുവാനആവവൃധ്വം

അന്വയം:–

ഹേ യുവാനഃ, — നിത്യതരുണാമരുതഃ,
സു-ദാനവഃ യേ, മരുതഃ
വഃ അർഹന്തി — ശോഭനദാനാ, യുഷ്മാൻ പൂജയന്തി
യേ ച മീള്ഹുഷഃ — സേക്തൄൻ വഃ
സ്മൽ ചിൽ ചരന്തി — പ്രശസ്തം ഹവിർഭിഃ പ്രചരന്തി,
യജന്തി ച
(താനുഭയവിധാൻ) അതഃ
നഃ ആ — തസ്മാദസ്മാനഭിലക്ഷ്യ

| | | |
|---|---|---|
| വസ്യസാ ഹൃദാ | — | വസീയസാ, വസുമതാ ഹൃദയേന |
| ഉപ ആ വവൃധ്വം | — | ഉപേത്യാഭിസംഭജത |

അർത്ഥം-അല്ലയോ നിത്യയുവാക്കളായ മരുത്തുക്കളേ, ശോഭനദാനന്മാരായ ഏവർ ദേവന്മാരായ നിങ്ങളെ പൂജിക്കുന്നുവോ, ഏവർ വർഷിതാക്കളായ നിങ്ങളെ ഹവിസ്സുകളാൽ യജിക്കുകയും ചെയ്യുന്നുവോ, ആ രണ്ടുവിധത്തിലും ഉപാസകരായ ഞങ്ങളെ ഉദ്ദേശിച്ച് ഏററവും സമ്പന്നമായ ഹൃദയത്തോടുകൂടി സമീപം പ്രാപിച്ചാലും, അഭിവൃദ്ധരാക്കിയാലും.

19 യൂനഊഷുനവിഷ്ഠയാ

വൃഷ്ണഃപാവകാഅഭിസോഭരേഗിരാ

ഗായഗാഇവചർക്കൃഷൽ

അന്വയം:—

| | | |
|---|---|---|
| ഹേ സോഭരേ, യൂനഃ | — | നിത്യതരുണാൻ |
| വൃഷ്ണഃ, പാവകാൻ | — | വർഷിതൄൻ, ശോധകാൻ മരുതഃ |
| നവിഷ്ഠയാ ഗിരാ ഉ | — | അതിശയേനാഭിനവയാസ്തുതിരൂപയാ വാചാ ഏവ |
| ചർക്കൃഷൽ ഗാഃ-ഇവ | — | പുനഃ പുനഃ കൃഷൻ യഥാ ശക്താൻ അനഡുഹ ഇവ |
| സു അഭി ഗായ | — | ശോഭനമഭിഷ്ടുഹി |

അർത്ഥം-അല്ലയോ സോഭരേ, നിത്യതരുണന്മാരും വർഷിതാക്കളും എല്ലാം ശുദ്ധീകരിക്കുന്നവരുമായ മരുത്തുക്കളെ ഏററവും പുതിയ സ്തുതിവാക്കിനാൽ, കരുത്തുററ കാളകളെ കൃഷിക്കാരൻ പ്രശംസിക്കുന്നപോലെ, നന്നായി സ്തുതിക്കുക.

20 സാഹായേസന്തിമുഷ്ടിഹേവഹവ്യോ

വിശ്വാസുപൃൽസുഹോതൃഷു

വൃഷ്ണശ്ചന്ദ്രാന്നസുശ്രവസ്തമാൻഗിരാ

വന്ദസ്വമരുതോഅഹ

അന്വയം:–

(ഹേ സോഭരേ)
വിശ്വാസു പൃൽ–സു — സർവ്വാസുപൃതനാസു, യുദ്ധേഷു
ഹോതൃഷു — ആഹ്വാനശീലേഷുയോദ്ധൃഷു
യേ സഹാഃ സന്തി — അഭിഭവിതാരോ ഭവന്തി
ഹവ്യഃ മുഷ്ടിഹാ–ഇവ — ഹ്വാതവ്യഃ മല്ലഇവ
ന വൃഷ്ണഃ ചന്ദ്രാൻ — സംപ്രതിവർഷിതൄൻ,
ആഹ്ലാദകാൻ

സുശ്രവഃ–തമാൻ
മരുതഃ അഹ — ശോഭനയശസ്താംസ്താൻ ഏവ
ഗിരാ വന്ദസ്വ — വാചാസ്തുഹി

അർത്ഥം–അല്ലയോ സോഭരേ, എല്ലാ യുദ്ധങ്ങളിലും പോരിനുവിളിക്കുന്ന യോദ്ധാക്കളിൽ കൈമുട്ടിനാൽ ശത്രുക്കളെ തകർക്കുന്ന മല്ലനെന്നപോലെ ഏവർ വിജയികളാകുന്നുവോ, കാമവർഷിതാക്കളും ആഹ്ലാദപ്രദന്മാരും ഏററവും യശസ്സോത്തവരുമായ ആ മരുത്തുക്കളെത്തന്നെ സ്തുതിവചനത്താൽ വന്ദിക്കുക.

21 ഗാവശ്ചിദ്ഘാസമന്യവ
സ്സജാത്യേനമരുതസ്സബന്ധവഃ
രിഹതേകകുഭോമിഥഃ

അന്വയം:–

ഹേ സ–മന്യവഃ മരുതഃ — സമാനതേജസ്കാമരുതഃ
ഗാവഃ ചിൽ
സ–ജാത്യേന — ഗാവശ്ചയുഷ്മൻമാതൃഭൂതാഃ
സമാനജാതിത്വേന
സ–ബന്ധവഃ — സമാനബന്ധുകാസ്സത്യഃ
കകുഭഃ മിഥഃ രിഹതേ ഘ — പ്രാച്യാദിദിശഃ പ്രാപ്യ
പരസ്പരം ലിഹന്തിഹി

അർത്ഥം–സമാനതേജസ്കന്മാരായ മരുത്തുക്കളേ, നിങ്ങൾക്കമ്മമാരായ പശുക്കൾ സമാനജാതിത്വത്തോടുകൂടി സമാനബന്ധുത്വമുറ്റവരായി (അതായത് – നിങ്ങളോടൊരുപോലെ

യുള്ള ബന്ധമുററവരായി) കിഴക്കു മുതലായ ദിക്കുകളെ പ്രാപിച്ച് അന്യോന്യം നക്കുന്നുവല്ലോ. (ഇവിടെ മരുത്തുക്കളുടെ മാതാക്കളായ പശുക്കളെത്തന്നെ കിഴക്കു മുതലായ ദിക്കുകളായി രൂപണം ചെയ്തിരിക്കുകയാണ്. ആ ദിക്കുകൾ പരസ്പരം തൊട്ടുതൊട്ട് നില്ക്കുന്നതിനെയാണ് നക്കുന്നതായി സങ്കല്പിക്കുന്നത്.)

22 മർത്തശ്ചിദ്വോനൃതവോരുക്മവക്ഷസ
ഉപഭ്രാതൃത്വമായതി
അധീനോഗാതമരുതസ്സദാഹിവ
ആപിത്വമസ്തിനിധ്രുവി

അന്വയം:—

ഹേ നൃതവഃ,

| | |
|---|---|
| രുക്മ—വക്ഷസഃ മരുതഃ | നൃത്യന്തഃ, രോചമാനാഭരണം വക്ഷസി യേഷാം, തഥോക്താ മരുതഃ |
| മർത്തഃ ചിൽ വഃ | |
| ഭ്രാതൃ-ത്വം | മനുഷ്യോപിസ്തോതായുഷ്മാകം സഖിത്വം |
| ആ ഉപ അയതി | ആഭിമുഖ്യേനോപഗച്ഛതി |
| ഉത നഃ അധി ഗാത | അപിചാസ്മാൻ, മനുഷ്യാനധിബ്രൂത, അസ്മൽ പക്ഷപാതവചനാഭവത |
| ഹി വഃ ആപി-ത്വം | യസ്മാൽ യുഷ്മാകം ബന്ധുത്വം |
| നി-ധ്രുവി സദാ അസ്തി | നിതരാം ധാരയിതവ്യേ യജ്ഞേസർവ്വദാവിദ്യതേ |

അർത്ഥം—നൃത്തംവെയ്യുന്നവരും മിന്നുന്ന ആഭരണങ്ങൾ മാറിലണിഞ്ഞവരുമായ മരുത്തുക്കളേ, മനുഷ്യനാണെങ്കിലും സ്തോതാവ് നിങ്ങളുടെ ചങ്ങാതത്തെ നേരെ പ്രാപിക്കുന്നു. അതിനാൽ സ്തോതാക്കളായ ഞങ്ങളെക്കുറിച്ച് (ദേവന്മാരോട്) അധിവചിച്ചാലും, അനുകൂലപക്ഷപാതമായി പറഞ്ഞാലും.

കാരണം, നിങ്ങളുടെ ബന്ധുത്വം ഏററവും ധാരണാർഹമായ ഈ യജ്ഞത്തിലുണ്ടല്ലോ. (നിങ്ങളെ ഉദ്ദേശിച്ച ഈ യജ്ഞത്തിൽ നിങ്ങളും ഞങ്ങളുമായ ബന്ധുത്വം വന്നുചേരുന്നുണ്ടല്ലോ )

23 മരുതോമാരുതസ്യന

ആഭേഷജസ്യവഹതാസുദാനവഃ

യൂയംസഖായസ്സപ്തയഃ

അന്വയം:–

ഹേ സു–ദാനവഃ, സപ്തയഃ
സഖായഃ മരുതഃ — ശോഭനദാനാഃ, സർപ്പണശീലാഃ. സമാനഖ്യാനാമരുതഃ
നഃ മാരുതസ്യ ഭേഷജസ്യ — മരുൽസംബന്ധിഭേഷജം, ഔഷധം (കർമ്മണിഷഷ്ഠീ)
യൂയം ആ വഹത — ആനയത

അർത്ഥം–ശോഭനദാനന്മാരും ഗമനശീലമുററവരും ചങ്ങാതികളുമായ മരുത്തുക്കളേ, മരുത്തുക്കളെസ്സംബന്ധിച്ച മരുന്ന് ഞങ്ങൾക്ക് നിങ്ങളാനയിച്ചാലും, കൊണ്ടുവന്നാലും.

24 യാഭിസ്സിന്ധുമവഥ യാഭിസ്തൂർവ്വഥ

യാഭിർദ്ദശസ്യഥാക്രിവിം

മയോനോഭൂതോതിഭിർമ്മയോഭുവ

ശ്ശിവാഭിരസചദ്വിഷഃ

അന്വയം:–

ഹേ മയഃ–ഭുവഃ,
അസച–ദ്വിഷഃ, — സുഖസ്യ ഭാവയിതാരഃ, അസക്തശത്രവഃ, ശത്രുരഹിതാ മരുതഃ,
യാഭിഃ സിന്ധും അവഥ — യാഭിരൂതിഭിസ്സമുദ്രം രക്ഷഥ

യാഭിഃ തുൎവ്വഥ — സ്തോതൄണാം ശത്രൂൻ ഹിംസഥ
യാഭിഃ ക്രിവിം ദശസ്യഥ — കൂപം തൃഷ്ണാബാധിതായ ഗോത
മായ പ്രയച്ഛഥ
ശിവാഭിഃ — കല്യാണീഭിസ്താഭിസ്സൎവ്വാഭിഃ
ഊതി–ഭിഃ നഃ മയഃ ഭൃത — രക്ഷാഭിരസ്മാകം സുഖം ഭാവയത

അൎത്ഥം—സുഖപ്രദന്മാരും ശത്രുക്കളോടുചേരാത്തവരും (ശത്രുക്കളില്ലാത്തവരും) ആയ മരുത്തുക്കളേ, നിങ്ങളേവയാൽ സമുദ്രത്തെ രക്ഷിക്കുന്നുവോ, ഏവയാൽ സ്തോതാക്കളുടെ ശത്രുക്കളെ ഒടുക്കുന്നുവോ, ഏവയാൽ ദാഹിച്ചുവലഞ്ഞ ഗോതമന്നു് കിണർ (എടുത്തുമുഖത്തുകാണിച്ചു) വെള്ളം കൊടുക്കുന്നുവോ, മംഗളകരങ്ങളായ ആ എല്ലാരക്ഷണങ്ങളാലും ഞങ്ങൾക്കു് സുഖമുണ്ടാക്കിയാലും.

25 യൽസിന്ധൗ॒യദസി॑ക്॒ന്യാം

യൽസ॑മു॒ദ്രേ॑ഷുമരുതസ്സുബൎഹിഷഃ

യൽപൎവ്വ॑തേഷുഭേഷ॒ജം

അന്വയം:—

ഹേ സു–ബൎഹിഷഃ,
മരുതഃ, — ശോഭനയജ്ഞാമരുതഃ,
സിന്ധൗ യൽ ഭേഷജം — ഏതൽ സംജ്ഞേസ്യന്ദനശീലേ
നദേ യദൗഷധമസ്തി
യൽ അസിക്‌ന്യാം,
യൽ സമുദ്രേഷു — അസിക്‌നീനാമികായാം
നദ്യാം, ജലധിഷു
യൽ (ച) പൎവ്വതേഷു — ഭേഷജം വിദ്യതേ

അൎത്ഥം—ശോഭനയജ്ഞന്മാരായ മരുത്തുക്കളേ, ഒഴുകുന്ന സിന്ധു എന്ന നദത്തിൽ യാതൊരൌഷധമുണ്ടോ, അസിക്നി എന്ന നദിയിൽ യാതൊന്നുണ്ടോ, സമുദ്രങ്ങളിൽ യാതൊന്നുണ്ടോ, പൎവ്വതങ്ങളിൽ യാതൊന്നുണ്ടോ,

26 വിശ്വംപശ്യന്തോബിഭൃഥാതനൂഷ്വാ
തേനാനോഅധിവോചത
ക്ഷമാരപോമരുതആതുരസ്യന
ഇഷ്കർത്താവിഹ്രുതംപുനഃ വ 40

അന്വയം:-
ഹേ മരുതഃ, വിശ്വം
പശ്യന്തഃ — സർവ്വം പൂർവ്വോക്തം ഭേഷജം ജാനന്തോ യൂയം
തനൂഷു ആ ബിഭൃഥ — അസ്മദീയേഷു വിഷയേഷു ആ ഹരഥ
(ആഹൃതേന) തേന നഃ — അസ്മാൻ
അധി വോചത — അധിബ്രൂത, ചികിത്സത
(അപിച) നഃ ആതുരസ്യ
രപഃ — രോഗിണഃ രപസഃ, പാപഫലസ്യ രോഗസ്യ
ക്ഷമാ — ക്ഷാന്തിര്യഥാ ഭവതി തഥാ
വി–ഹ്രുതം പുനഃ
ഇഷ്കർത്ത -- വിബാധിതമംഗം പുനന്നി ശ്ലേഷേണ സമ്പൂർണ്ണം കുരുത.

അർത്ഥം - അല്ലയോ മരുത്തുക്കളേ, മുൻപറഞ്ഞ മരുന്നുകൾ മുഴുവൻ അറിയുന്ന നിങ്ങൾ ഞങ്ങളുടെ വിഷയങ്ങളിൽ അതു കൊണ്ടുവരുന്നു. കൊണ്ടുവന്ന ആ മരുന്നിനാൽ ഞങ്ങളെ ചികിത്സിച്ചാലും, ഞങ്ങളുടെ ഇടയിലുള്ള രോഗിക്കു്, പാപഫലമായ രോഗത്തിന്നു ശമനംകിട്ടുമാറു്, രോഗബാധിതമായ അംഗത്തെ വീണ്ടും തികച്ചും അരോഗം, സമ്പൂർണ്ണമാക്കിയാലും.—(യുഗ്മകം)

(ഒന്നാമധ്യായം സമാപ്തം)

# അദ്ധ്യായപീഠിക

## അഷ്ടകം—6 അദ്ധ്യായം—2

1 മുതൽ 4 കൂടി വർഗ്ഗങ്ങളിൽ ഇന്ദ്രൻ ദേവത. ഒടുവിൽ ചിത്രനെന്ന രാജാവിന്റെ ദാനം വർണ്ണിയ്ക്കുന്നു. 5 മുതൽ 8 കൂടി അശ്വികൾ. 9 മുതൽ 14 കൂടി അഗ്നി. 15 മുതൽ 20 കൂടി ഇന്ദ്രനും വരു എന്ന രാജാവിന്റെ ദാനവും ദേവത. 20—ാം ഋക്ക് സാരസ്വതത്തിൽ പെട്ടതാണ്. വാങ്മാധുര്യത്തിന്റെ പാരമ്യം പറയുന്നു. 21 മുതൽ 25 കൂടി വർഗ്ഗങ്ങൾ മിത്രവരുണന്മാരും വിശ്വദേവന്മാരും. 26 മുതൽ 30 കൂടി അശ്വികളും വായുവും. 31 മുതൽ 37 കൂടി വിശ്വദേവന്മാർ. അതിൽ 4_ാം ഋക്കിൽ ദേവഹിതമേ നടക്കൂ എന്നും ദേവന്മാർ ദുഷ്ടനെയും ശിഷ്ടനാക്കുന്നു എന്നും പറയുന്നു. 3—ാം ഋക്കിന്റെ മാറ്റൊലിയാണ് ശ്രീ കാളിദാസന്റെ ''രേഖാമാത്രമപിക്ഷുണ്ണാൽ'' എന്ന രഘുവംശ ശ്ലോകം. 38 മുതൽ 40 കൂടി യജ്ഞത്തിന്റെ യജമാനൻ, ദമ്പതികൾ, ദാമ്പത്യാശിസ്സുകൾ എന്നീ ദേവതകൾ.

അഷ്ടകം 6 അദ്ധ്യായം 2 വർഗ്ഗം 1_2—3_4—
കാണ്വഃ സോഭരിഃ ഋഷിഃ വിഷമാകകുപ്, സമാസതോ ബൃഹതീ, ഛന്ദസീ, ഇന്ദ്രോദേവതാ.

1 വയമുത്വാമപൂർവ്യ
സ്ഥൂരന്നകച്ചിദ്ഭരന്തോവസ്യവഃ
വാജേചിത്രംഹവാമഹേ

അന്വയം:—

ഹേ അപൂർവ്യ, — ത്രിഷു സവനേഷു പ്രാദുർഭൂതത്വാദഭിനവ, ഇന്ദ്ര
ഭരന്തഃ വയം — സോമാന്നൈസ്ത്വാം പോഷയന്തോവയം
വാജേ ചിത്രം ത്വാം ഉ — സങ്ഗ്രാമേ വിവിധരൂപം ത്വാമേവ

അവസ്യവഃ — രക്ഷണമാത്മന ഇച്ഛന്തഃ
സ്ഥൂരം ന കൽ ചിൽ
ഹവാമഹേ — യഥാഭരന്തോവ്രീഹ്യാദിഭിർ ഗൃഹം പൂരയന്തോ ജനാഃ വാജേ, അന്നവിഷയേസ്ഥൂലം ഗുണാധികം കംചിൻമാനവം യദാഹ്വയന്തി തദ്വദാഹ്വയാമഃ

അർത്ഥം—മൂന്നു സവനങ്ങളിൽ വരുന്നതുകൊണ്ടു് എപ്പോഴും പുതുമയുററ ഇന്ദ്ര, സോമാന്നങ്ങളാലവിടുത്തെ ഭരിക്കുന്ന, പോഷിപ്പിക്കുന്ന ഞങ്ങൾ, യുദ്ധത്തിൽ വിചിത്രരൂപനായ അവിടുത്തെത്തന്നെ, നെല്ലു കുന്നുകൂട്ടിയ ഗൃഹത്തിലുള്ള ജനങ്ങൾ അന്നദാനത്തിന്നു് വിശിഷ്ടനായ ആരെയെങ്കിലും വിളിക്കുന്നപോലെ, രക്ഷണമിച്ഛിക്കുന്നവരായി വിളിക്കുന്നു.

2 ഉപത്വാകർമ്മന്നൂതയേസനോയുവോ
ഗ്രശ്ചക്രാമയോധൃഷൽ
ത്വാമിദ്ധ്യവിതാരംവവൃമഹേ
സഖായഇന്ദ്രസാനസിം

അന്വയം:—
(പ്രഥമപാദഃ ഉത്തരോദ്ധ്ശ്ച പ്രത്യക്ഷകൃതഃ ദ്വിതീയഃ പാദഃ പരോക്ഷകൃതഃ)
യഃ ധൃഷൽ — യഃ ഇന്ദ്രഃ ധൃഷ്ണോതി, ശത്രൂനഭിഭവതി
യുവാ, ഉഗ്രഃ — തരുണഃ, ഉൽഗ്ഗൂർണ്ണബലഃ
സഃ നഃ ചക്രാമ — സഃ ഇന്ദ്രഃ അസ്മാൻ പ്രത്യാഗച്ഛതു
ഹേ ഇന്ദ്ര, കർമ്മൻ
ഊതയേ ത്വാ ഉപ — അഗ്നിഷ്ടോമാദികർമ്മണി ത്വാമുപഗച്ഛാമഃ
സഖായഃ സാനസിം — ബന്ധുഭൂതാവയം സംഭജനീയം
അവിതാരം ത്വാം ഇൽ — സർവ്വസ്യ രക്ഷിതാരം ത്വാമേവ
വവൃമഹേ ഹി — വൃണീമഹേ, സംഭജോമഹഏവ

അർത്ഥം—(ഒന്നാംപാദവും ഉത്തരാർദ്ധവും പ്രത്യക്ഷം, രണ്ടാം പാദം പരോക്ഷം).

യാതൊരിന്ദ്രൻ ശത്രുക്കളെ ജയിക്കുന്നവനും നിത്യയുവാവു, ഊക്കുററവനുമാണോ, ആ ഇന്ദ്രൻ ഞങ്ങളെ ഉദ്ദേശിച്ച് വന്നുചേരട്ടെ അല്ലയോ ഇന്ദ്ര, അഗ്നിഷ്ടോമാദികർമ്മത്തിൽ അവിടുത്തെ ഞങ്ങൾ അണഞ്ഞു പൂകാവൂ. ചങ്ങാതികളായ ഞങ്ങൾ ഭജനീയനും എല്ലാററിന്നും രക്ഷിതാവുമായ അവിടുത്തെത്തന്നെ വരിക്കുന്നു, ഭജിക്കുന്നു,

3 ആയാഹീമഇന്ദവോ
ശ്വപതേഗോപതഉർവ്വരാപതേ
സോമംസോമപതേപിബ

അന്വയം:–
ഹേ അശ്വ—പതേ,
ഗോ—പതേ, — പശുപതേ,
ഹേ ഉർവ്വരാ–പതേ,
സോമ–പതേ, — ഉർവ്വീപതേ, ഭൂമിപതേ,
സോമാനാം പതേ, ഇന്ദ്ര,
ഇമേ ഇന്ദവഃ — സോമാഭവദീയാഃ
ആ യാഹി, സോമം
പിബ — ആഗച്ഛ, പാനംകുരു

അർത്ഥം–കുതിരകൾക്ക് നാഥനും പശുക്കൾക്ക് പതിയും ഭൂമിക്കീശ്വരനും സോമങ്ങൾക്കു പാലകനുമായ ഇന്ദ്ര, ഈ സോമങ്ങൾ അവിടേക്കു ചേർന്നതാകുന്നു. വന്നാലും, സോമം കുടിച്ചാലും.

4 വയംഹിത്വാബന്ധുമന്തമബന്ധവോ
വിപ്രാസഇന്ദ്രയേമിമ
യാതേധാമാനിവൃഷഭതേഭിരാഗഹി
വിശ്വേഭിസ്സോമപീതയേ

അന്വയം:–

ഹേ വൃഷഭ, ഇന്ദ്ര,
അബന്ധവഃ — കാമാനാം വർഷിതരിന്ദ്ര, ബന്ധുരഹിതാഃ
വിപ്രാസഃ വയം — വിപ്രാഃ, മേധാവിനോ വയം
ബന്ധു–മന്തം ത്വാ ഹി യേമിമ — ബന്ധുഭിർദ്ദേവൈരുപേതം ത്വാം ബന്ധുത്വേന നിയച്ഛാമ
(തഥാസതി) തേ യാ ധാമാനി — തവയാനി തേജാംസി വിദ്യന്തേ
തേഭിഃ വിശ്വേഭിഃ — തൈസ്സർവ്വൈർദ്ധാമഭിസ്സഹ
സോമ–പീതയേ ആ ഗഹി — സോമപാനാർത്ഥമാഗച്ഛ

അർത്ഥം–അല്ലയോ കാമവർഷിതാവായ ഇന്ദ്ര, ബന്ധുക്കളില്ലാത്ത മേധാവികളായ ഞങ്ങൾ, ദേവന്മാരായ ബന്ധുക്കളോടു ചേർന്ന അവിടുത്തെ, ബന്ധുത്വത്തിന്നായി വരിക്കുന്നു. അപ്രകാരമിരിക്കേ, അവിടേയ്ക്കു എന്തെന്തു തേജസ്സുകളുണ്ടോ, ആ എല്ലാ തേജസ്സുകളോടുകൂടി സോമപാനത്തിന്നായി വന്നാലും.

5 സീദന്തസ്തേവയോയഥാ
ഗോശ്രീതേമധൗമദിരേവിവക്ഷണേ
അഭിത്വാമിന്ദ്രനോനമഃ വ. 1

അന്വയം:–

ഹേ ഇന്ദ്ര, ഗോ–ശ്രീതേ, — ഗോവികാരേണ ദധ്നാ പയസാശ്രീതേ, മിശ്രിതേ
മദിരേ, വിവക്ഷണേ തേ മധൗ — മദകരേ, സ്വർഗ്ഗപ്രാപണശീലേ ത്വദീയേ സോമേ
വയഃ യഥാ സീദന്തഃ — പക്ഷിണഃ യഥൈകത്ര സന്ധീഭൂയ തിഷ്ഠന്തി തദ്വന്നിഷദന്തോ വയം

ത്വാം അഭി നോനുമഃ — പുനഃപുനർഭൃശമാഭിമുഖ്യേന സ്തുമഃ

അർത്ഥം—അല്ലയോ ഇന്ദ്ര, പശുവിൻപാലും, തൈരും ചേർന്നതും ഹർഷകരവും സ്വർഗ്ഗത്തിലേയ്ക്കു് നയിക്കുന്നതുമായ അവിടേയ്ക്കുചേർന്ന സോമത്തിൽ, പക്ഷികൾ കൂട്ടംചേർന്നു് ഒരിടത്തിരിക്കുന്നപോലെ ഇരിക്കുന്ന ഞങ്ങൾ വീണ്ടും വീണ്ടും നേരെ അവിടുത്തെ ഉറക്കെ വിളിക്കുന്നു.

6 അച്ഛാചത്വൈനാനമസാവദാമസി

കിംമുഹുശ്ചിദ്വിദീധയഃ

സന്തികാമാസോഹരിവോദദിഷ്ട്വം

സ്മോവയംസന്തിനോധിയഃ

അന്വയം:—

ഹേ ഹരി_വഃ, — അശ്വവന്നിന്ദ്ര,
അച്ഛ ച ഏനാ നമസാ — ആഭിമുഖ്യേനാനേന സ്തോത്രേണ
ത്വാ വദാമസി — ത്വാമഭിവദാമഃ
(ത്വം തു) മുഹുഃ ചിൽ കിം വി ദീധയഃ? — മുഹുർമുഹുഃ കസ്മാദ്ധേതോഃ വിചിന്തയസി?
(അസ്മാകം) കാമാസഃ സന്തി — പുത്രപശ്വാദിവിഷയാഃ കാമാസ്സന്തു
('അഹം ന പ്രയച്ഛാമീ'തിചേൽ) ത്വം ദദിഃ — ധനാദിദാതാ ഖലു
(തസ്മാൽ) വയം സ്മഃ — ത്വൽസന്നിധൌ ഭവാമഃ
(കിംച) നഃ ധിയഃ സന്തി — അസ്മാകം കർമ്മാണി ച തവ സമീപേ തിഷ്ഠന്തി

അർത്ഥം—അല്ലയോ ഹരികളെന്ന കുതിരകളൊത്ത ഇന്ദ്ര, നേരിട്ടു് ഈ സ്തോത്രത്താൽ ഞങ്ങളവിടുത്തെ അഭിവാദനം ചെയ്യുന്നു. അവിടുന്നാകട്ടേ വീണ്ടും വീണ്ടും എന്തു കാരണത്താലാ

ണു് ചിന്തിച്ചുനില്ക്കുന്നതു്, സംശയിക്കുന്നതു്? പുത്രപശുവിഷയങ്ങളായ ഞങ്ങളുടെ കാമങ്ങൾ നിറവേറട്ടെ. ''ഞാൻ തരുന്നില്ല'' എന്നാണെങ്കിൽ, അവിടുന്നു് ധനാദികൾ കൊടുക്കുന്നവനാണല്ലോ. (അങ്ങിനെ പറയാൻ നിവൃത്തിയില്ല.) അതിനാലാണു് ഞങ്ങൾ അവിടത്തെ സന്നിധിയിൽ ഭവിക്കുന്നതു്. ഞങ്ങളുടെ കർമ്മങ്ങൾ അവിടത്തെ അടുക്കൽ നിലകൊള്ളുന്നു.

7 നൂത്നാഇദിന്ദ്രതേവയ

മൂതീഅഭ്രമനഹിനൂതേഅദ്രിവഃ

വിദ്മാപുരാപരീണസഃ

അന്വയം :–

| | |
|---|---|
| ഹേ അദ്രി–വഃ, ഇന്ദ്ര, | — വജ്രവന്നിന്ദ്ര, |
| പുരാ പരീണസഃ | |
| നഹി വിദ്മ | — പൂർവ്വം ത്വാം മഹാന്തം ന ജാനീമഃ |
| ന തേ ഊതീ | — സമ്പ്രത്യൂതീതവോത്യൈ, രക്ഷായൈ |
| വയം നൂത്നാഃ ഇത് അഭ്രമ | — നൂതനാ ഏവ ഭവാമഃ |
| തേ | — വയം ത്വാം മഹാന്തം ഇതി ജാനന്തഃ ഭവതാ രക്ഷ്യാഃ |

അർത്ഥം–അല്ലയോ വജ്രവാനായ ഇന്ദ്ര, പണ്ടു് ഞങ്ങൾ അവിടത്തെ മഹാനായി അറിഞ്ഞതില്ല. ഇപ്പോൾ അവിടത്തെ രക്ഷയ്ക്കായി ഞങ്ങൾ പുതിയവരായിത്തന്നെ ഭവിക്കുന്നു. ആ ഞങ്ങൾ അവിടത്തെ മഹാനെന്നറിയുന്നവരായി അവിടുന്നാൽ രക്ഷിക്കപ്പെടേണ്ടവരായിരിക്കുന്നു.

8 വിദ്മാസഖിത്വമുതശൂരഭോജ്യഽ

മാതേതാവജ്രിന്നീമഹേ

ഉതോസമസ്മിന്നാശിശീഹിനോവസോ

വാജേസുശിപ്രഗോമതി

അന്വയം:-

ഹേ വസോ, ശൂര,
വജ്രിൻ, സു-ശിപ്ര — വാസയിതഃ, ശത്രൂണാം
ശാതയിതഃ, വജ്രവൻ,
ശോഭനഹനോ, ഇന്ദ്ര
സഖി-ത്വം വിദ്മ — തവ സഖിഭാവം വയം ജാനീമഃ,
ഉത ഭോജ്യം — അഭ്യവഹാര്യം ധനം വിദ്മ
തേ താ ആ ഈമഹേ — ത്വദീയേസഖ്യേതാനി
ധനാനിയാചാമഹേ
ഉതോ ഗോ-മതി
സമസ്മിൻ വാജേ — ഗവാദിയുക്തേ സൎവ്വസ്മിന്നന്നേ
നഃ ആ ശിശീഹി — അസ്മാൻ തീക്ഷ്ണീകുരു,
പ്രദാനേനാസ്മാൻ പ്രസിദ്ധാൻ
കുരു

അൎത്ഥം—ഏവരെയും വസിപ്പിക്കുന്നവനും ശത്രുക്കളെ അമൎത്തുന്നവനും വജ്രവാനും നല്ല താടിയെല്ലൊത്തവനുമായ ഇന്ദ്ര, അവിടുത്തെ സഖ്യം ഞങ്ങളറിയുന്നു. അനുഭവയോഗ്യമായ ധനവുമറിയുന്നു. അവിടുത്തെ സഖ്യത്തിൽ ആ ധനങ്ങളും യാചിക്കുന്നു. പിന്നെ പശു മുതലായവയോടുകൂടിയ അന്നത്തിൻെറ വിഷയത്തിലെല്ലാം അവിടുത്തെ ദാനത്താൽ ഞങ്ങളെ പ്രവൃദ്ധന്മാർ, പ്രസിദ്ധന്മാരാക്കിയാലും.

9 യോനഇദമിദംപുരാ
പ്രവസ്യആനിനായതമുവസ്തുഷേ
സഖായഇന്ദ്രമൂതയേ

അന്വയം:—

ഹേ സഖായഃ, യഃ പുരാ
ഇദം-ഇദം — ഋത്വിഗ്യജമാനാഃ, യഃ ഇന്ദ്രഃ
പൂൎവ്വമിദം
വസ്യഃ നഃ പ്ര
ആ-നിനായ — പ്രശസ്തം വസു പ്രകൎഷേണാ
സ്ഥാനാനീതവാൻ

| | |
|---|---|
| തം ഉ ഇന്ദ്രം വഃ ഊതയേ | — തമേവേന്ദ്രം യുഷ്മാകം രക്ഷണായ |
| സ്തുഷേ | — സോഭരിരഹംസ്തൗമി |

അർത്ഥം–സഖാക്കളായ ഋത്വിഗ്യജമാനന്മാരേ, യാതൊരിന്ദ്രനാണോ മുമ്പ് ഇതേ പ്രശസ്തമായ ധനം നമുക്ക് വേണ്ടപോലെയെത്തിച്ചതു് ആ ഇന്ദ്രനെത്തന്നെ നിങ്ങളുടെ രക്ഷക്കായി സോഭരിയായ ഞാൻ സ്തുതിക്കുന്നു.

10 ഹര്യശ്വംസൽപതിഞ്ചർഷണീസഹം
സഹിഷ്മായോഅമന്ദത
ആതുനസ്സവയതിഗവ്യമശ്വ്യം
സ്തോതൃഭ്യോമഘവാശതം വ. 2

അന്വയം:–

| | |
|---|---|
| ഹരി–അശ്വം,<br>സൽ–പതിം | — ഹരിതവർണ്ണാശ്വോപേതം, സതാം പതിം |
| ചർഷണി–സഹം | — ശത്രുഭൂതാനാം മനുഷ്യാണാമഭിഭവിതാരമിന്ദ്രം |
| യഃ അമന്ദത | — സോമേനാഹർഷയത |
| സഃ ഹി സ്മ (ഏവംസതി) | — സഖലു ജനഃ ലബ്ധധനസ്തൗതി |
| മഘ–വാ സഃ | — ധനവാനിന്ദ്രഃ |
| ശതം ഗവ്യം അശ്വ്യം | — ബഹുഗവാശ്വസങ്ഘം |
| സ്തോതൃ–ഭ്യഃ നഃ തു ആ വയതി | — അസ്മഭ്യം ക്ഷിപ്രമാപ്രാപയതു |

അർത്ഥം–പച്ചക്കുതിരകളൊത്തവനും സത്തുക്കളായ ജനങ്ങൾക്കു നാഥനും ശത്രുമനുഷ്യരെ കീഴടക്കുന്നവനുമായ ഇന്ദ്രനെ ഏവൻ സോമത്താൽ ഹർഷിപ്പിച്ചുവോ അവനാണല്ലൊ പിന്നീട് ധനം ലഭിച്ചവനായി സ്തുതിക്കുന്നതു്. അപ്രകാരമിരിക്കേ ധനവാനായ ആ ഇന്ദ്രൻ നൂറുകണക്കിൽ പശുക്കളുടെയും കുതിരകളുടെയും കൂട്ടത്തെ സ്തോതാക്കളായ ഞങ്ങൾക്കു വേഗത്തിൽ നേരെയെത്തിക്കട്ടെ. (ഞങ്ങളും സ്തുതിക്കുന്നവരാണല്ലൊ.)

11 ത്വയാഹസ്വിദ്യുജാവയം

പ്രതിശ്വസന്തംവൃഷഭബ്രുവീമഹി

സംസ്ഥേജനസ്യഗോമതഃ

അന്വയം:—

| | |
|---|---|
| വൃഷഭ, | — കാമാനാം വർഷകേന്ദ്ര, |
| ഗോ-മതഃ ജനസ്യ | |
| സം-സ്ഥേ | — ഗവാദിധനയുക്തസ്യ ജനസ്യ യുദ്ധേ |
| ശ്വസന്തം | — അസ്മാൻ പ്രതിക്രോധാതിശയേന ശ്വാസകാരിണം ശത്രും |
| യുജാ ത്വയാ ഹ സ്വിൽ | — സഹായേന ത്വയൈവ ഖലു |
| വയം പ്രതി ബ്രുവീമഹി | — പ്രതിവചനം കുർമ്മഃ, നിരാകരിഷ്യാമഃ |

അർത്ഥം—അല്ലയോ കാമവർഷകനായ ഇന്ദ്ര, പശുക്കൾ മുതലായ ധനങ്ങളുള്ളവന്റെ യുദ്ധത്തിൽ ഞങ്ങളുടെ നേരെ അധികം കോപിച്ചു ചീറ്റുന്ന ശത്രുവിനോട്, സഹായനായ അവിടുത്തെക്കൊണ്ടാണല്ലൊ ഞങ്ങൾ മറുപടി പറയുന്നതു്, അവനെ നിരാകരിക്കുന്നതു്.

12 ജയേമകാരേപുരുഹൂതകാരിണോ

ഭിതിഷ്ഠേമദൂഢ്യഃ

നൃഭിർവൃത്രംഹന്യാമശൂശുയാമചാ

വേരിന്ദ്രപ്രണോധിയഃ

അന്വയം:—

| | |
|---|---|
| ഹേ പുരു-ഹൂത, ഇന്ദ്ര, | — ബഹുഭിരാഹൂതേന്ദ്ര, (അസ്മാകം വിവിധാശ്ശത്രവഃ ബാധാം മനസാസ്മരന്തഃ) |
| കാരിണഃ കാരേ ജയേമ | — ഹിംസാം കുർവ്വതശ്ശത്രൂൻ യുദ്ധേ ഭിഭവേമ |

ദുഃ–ധ്യഃ അഭി തിഷ്ഠേമ — പാപബുദ്ധീനപ്യഭിതസ്ഥാസ്യാമ
(കിംച) വൃത്രം നൃ–ഭിഃ ഹന്യാമ — ഗവാമാവരകം ശത്രും മരുത്ഭിസ്സഹഹിംസ്യാമ
(ഹത്വാ) ശൂശുയാമ ച — ശത്രുരാഹിത്യേന പുത്രപൌത്രൈരഗ്നിഷ്ടോമാദിഭിശ്ച വദ്ധയേമഹി
(തതസ്ത്വം) നഃ ധിയഃ പ്ര അവേഃ — അസ്മാകം കമ്മാണി പ്രകഷേണ രക്ഷ

അർത്ഥം–പലരാലും വിളിക്കപ്പെട്ട ഇന്ദ്ര, (ഞങ്ങൾക്ക് പല ശത്രുക്കളും ഉള്ളിൽ ബാധകരുതുന്നവരുണ്ട്. അവർ നില്ക്കട്ടെ.) ഹിംസചെയ്യുന്ന ശത്രുക്കളെ, ഞങ്ങൾ ജയിക്കാവൂ. പാപബുദ്ധികളെയും ചെറുത്തുനില്ക്കാവൂ. പിന്നെ, പശുക്കളെ ഒളിപ്പിക്കുന്ന ശത്രുവെ മരുത്തുക്കളോടുകൂടി ഹിംസിക്കാവൂ. അപ്രശാരം ഹനിച്ചിട്ട് ശത്രുക്കളില്ലാതെ പുത്രപൌത്രന്മാരോടും അഗ്നിഷ്ടോമാദികമ്മങ്ങളോടുംകൂടി അഭിവൃദ്ധരാകാവൂ. അതുകൊണ്ടവിടുന്ന് ഞങ്ങളുടെ കമ്മങ്ങളെ വേണ്ടപോലെ രക്ഷിച്ചാലും.

13 അഭ്രാതൃവ്യോഅനാത്വ

മനാപിരിന്ദ്രജനുഷാസനാദസി

യുധേദാപിത്വമിച്ഛസേ

അന്വയം:–

ഹേ ഇന്ദ്ര, ത്വം ജനുഷാ
അഭ്രാതൃവ്യഃ — ജന്മനൈവാസപത്നഃ
സനാൽ അനാ അനാപിഃ അസി — ചിരാദേവ അനിയന്തൃകഃ, ബന്ധുവജ്ജിതഃ ച ഭവസി

(യച്ച കശ്ചിൽ ത്വയാ)
ആപി–ത്വം ഇച്ഛസേ — ബന്ധുത്വമിച്ഛസി
(തത്ര) യുധാ ഇൽ — യുദ്ധേനൈവ. യുദ്ധങ്കുവ്വന്നേവ സ്തോതൄണാം സഖാ ഭവസി

അൎത്ഥം—അല്ലയോ ഇന്ദ്ര, അവിടുന്നു് ജനനത്താൽത്തന്നെ അസപത്നൻ, ശത്രുരഹിതനാകുന്നു. ചിരകാലമായി ഒരു നിയന്താവോടും കൂടാത്തവനും ബന്ധുക്കളില്ലാത്തവനുമാണു്. ആരെങ്കിലും അവിടുത്തെ ബന്ധുത്വമിച്ഛിക്കുന്നുവെങ്കിൽ (അവക്കുവേണ്ടി) യുദ്ധം ചെയ്തുകൊണ്ടുമാത്രം സഖാവായിത്തീരുന്നു. (സ്തോതാക്കളായാലും അവരെ സഹായിച്ചതിന്നു ശേഷം മാത്രമേ ബന്ധുത്വമേൽക്കുകയുള്ളു.)

14 നകീരേവന്തംസഖ്യായവിന്ദസേ

പീയന്തിതേസുരാശ്വഃ

യദാകൃണോഷിനദനുംസമൂഹ

സ്യാദിൽപിതേവഹൂയസേ

അന്വയം:–
(ഹേ ഇന്ദ്ര,) രേവന്തം — കേവലധനവന്തം, ദാനാദിരഹിതം, അയഷ്ടാരമാഢ്യം
സഖ്യായ നകിഃ വിന്ദസേ — സഖിഭാവായ ന ഭജസേ, നാശ്രയസി
സുരാശ്വഃ — സുരയാവൃദ്ധാഃ, തദ്വൽപ്രമത്താഃ, നാസ്തികാഃ
തേ പീയന്തി — ത്വാം ഹിംസന്തി
യദാ നദനും സം ഊഹസി - യദാ മേഘം ധാരയസി
കൃണോഷി — വൃഷ്ടിം കരോഷി
ആൽ ഇൽ പിതാ—ഇവ ഹൂയസേ — തദൈവപാലക ഇവ ഹൂയസേ

അർത്ഥം—അല്ലയോ ഇന്ദ്ര, ദാനാദികൾ ചെയ്യാത്ത, സൽകർമ്മങ്ങൾ അനുഷ്ഠിക്കാത്ത ധനാഢ്യനെ അവിടുന്നു് ചങ്ങാതത്തിന്നായി പ്രാപിയ്ക്കാറില്ല. കള്ളുകുടിച്ചാലെന്നപോലെ പ്രമത്തന്മാരായ ആ നാസ്തികന്മാർ അവിടുത്തെ ദ്രോഹിക്കുകയാണു് ചെയ്യുന്നതു്. അവിടുന്നു് മേഘം വഹിക്കുമ്പോൾ, മഴപൊഴിക്കുമ്പോൾ, അപ്പോൾ മാത്രമാണു് രക്ഷകനെപ്പോലെ വിളിയ്ക്കപ്പെടുന്നതു്.

15 മാതേ॑അമാ॒ജു॑രോയഥാ
മൂ॒രാസ॑ഇന്ദ്രസ॒ഖ്യേത്വാ॑വതഃ
നിഷ॑ദാമ॒സചാ॑സു॒തേ വ. 3

അന്വയം:—

ഹേ ഇന്ദ്ര, യഥാ ത്വാ—വതഃ
സഖ്യേ — ത്വൽസദൃശസ്യ ദേവസ്യ സഖ്യേ
മൂരാസഃ — തവമാഹാത്മ്യമജാനന്തഃ മൂരാഃ, മൂഢാഃ
അമാ—ജുരഃ — സോമാഭിഷവമകുർവ്വന്തസ്തേ ഗൃഹപുത്രപൌത്രധനാദിഭിസ്സഹ ജീർണ്ണാഭവന്തി
തേ (ത്വസ്വഭൂതാവയം)
(തഥാ) മാ — തഥാമാഭവാമ
സചാ സുതേ — ഋത്വിഗ്ഭിസ്സഹാഭിഷുതേ സോമേവയംതു
നി സദാമ — നിവസാമ

അർത്ഥം—അല്ലയോ ഇന്ദ്ര, എപ്രകാരം, അവിടുത്തോടു് സദൃശനായ ഒരു ദേവന്റെ സഖ്യത്തിൽ അവിടുത്തെ മഹത്വമറിയാതെ, സോമം സംസ്കരിയ്ക്കാതെ (യാഗാദികർമ്മമനുഷ്ഠിക്കാതെ) വർത്തിക്കുന്ന മൂഢന്മാർ, ഗൃഹം പുത്രപൌത്രന്മാർ ധനാദികൾ എന്നിവയോടുകൂടി നശിക്കുന്നുവോ, അവിടേയ്ക്കു സ്വന്തപ്പെട്ട ഞങ്ങൾ അപ്രകാരമാവരുതേ. ഋത്വിക്കുകളോടുകൂടി സംസ്കരിച്ച സോമത്തിൽ (സോമയാഗത്തിൽ) ഞങ്ങൾ വർത്തിക്കാവൂ.

16 മാതേഗോദത്രനിരരാമരാധസ
ഇന്ദ്രമാതേഗൃഹാമഹി
ദൃള്ഹാചിദര്യഃപ്രമൃശാഭ്യാഭര
നതേദാമാനആദഭേ

അന്വയം:-

| | |
|---|---|
| ഹേ ഗോ-ദത്ര, ഇന്ദ്ര, | ഗവാദി ദാനശീലേന്ദ്ര, |
| തേ രാധസഃ | തവസ്വഭൂതാവയം ധനാൻ |
| മാ നിഃ അരാമ | മാനിർഗ്ഗമയാമ, സർവ്വദാത്വത്തോ ധനാഢ്യാഭവാമ |
| തേ (വയം) മാ ഗൃഹാ മഹി | തവസ്വഭൂതാവയം കസ്മാച്ചിന്മാ ഗൃഹ്ണീമഃ, ത്വത്ത ഏവ ധനം ഗൃഹ്ണീമഃ |
| അര്യഃ ദൃള്ഹാ ചിൽ പ്ര മൃശ | സ്വാമീ ത്വം ദൃഢാന്യപി, വിനശ്വരാണി ധനാനി പ്രകർഷേണ സ്ഥാപയ |
| (കിംച) അഭി ആ ഭര | ആഭിമുഖ്യേന ധനാദിഭിരസ്മാൻ പോഷയ |
| തേ ദാമാനഃ ന ആ-ദഭേ | ദാനാനി ന കൈശ്ചിദാദംഭിതും ശക്യന്തേ |

അർത്ഥം-പശുക്കൾ മുതലായവയെ കൊടുത്തരുളുന്ന ഇന്ദ്ര, അവിടുത്തേക്കു സ്വന്തപ്പെട്ട ഞങ്ങൾ ധനങ്ങളെ നിർഗ്ഗമിക്കരുതു്. (അവക്കു പുറത്താവരുതു്) അവിടുന്നിൽ നിന്നുതന്നെ ധനാഢ്യരാകാവൂ. അവിടുത്തേക്കു ചേർന്ന ഞങ്ങൾ മററാരോടും ധനം കൈപ്പററരുതു്. അവിടുന്നിൽനിന്നുമാത്രം കൈപ്പററുമാറാകണം. സ്വാമിയായ അവിടുന്നു് ഉറച്ച, നശിക്കാത്ത ധനങ്ങളുണ്ടാക്കിയാലും. ആ ധനാദികളാൽ ഞങ്ങളെ നേരെ പോഷിപ്പിച്ചാലും. അവിടുത്തെ ദാനങ്ങൾ ആരാലും മുടക്കപ്പെടാൻ പററുകയില്ല.

17 ഇന്ദ്രോവാഘേദിയന്മഘം

സരസ്വതീവാസുഭഗാദദിർവ്വസു

ത്വംവാചിത്രദാശുഷേ

അന്വയം:—

(അത്രചിത്രനാമ്നഃ രാജ്ഞഃ ദാനം സ്തൗതി)

| | |
|---|---|
| ദാശുഷേ | — ഇന്ദ്രായ ഹവീംഷി ദത്തവതേ മഹ്യം |
| ഇന്ദ്രഃ വാ ഘ ഇൽ | — ഇന്ദ്ര ഏവ ഖലു |
| ഇയൽ മഘം ദദിഃ | — ഏതാവദ്ധനം പ്രായച്ഛൽ? |
| (യദ്വാ) സു–ഭഗാ | |
| സരസ്വതീ വാ വസു | — ശോഭനധനാ നദീ ദദിഃ, ധനം കിം പ്രായച്ഛൽ? |
| (അഥവാ) ഹേ ചിത്ര, | |
| ത്വം വാ | — ഏതന്നാമകരാജൻ, ത്വം ധനം മഹ്യം പ്രാദാഃ? |

അർത്ഥം–(ചിത്രനെന്ന പേരായ രാജാവു് സരസ്വതീനദീതീരത്തിൽ ഇന്ദ്രനുള്ള യാഗമനുഷ്ഠിച്ചു. അവിടെ ആരാണു് ദാനം തന്നതെന്നു് സൂക്തദ്രഷ്ടാവായ ഋഷി സംശയിക്കുന്നു.)

ഇന്ദ്രന്നു് ഹവിസ്സേകിയ എനിക്കു് ഇന്ദ്രൻ തന്നെയല്ലേ ഈ ധനം തന്നതു്? അതോ, ശോഭനധനയായ സരസ്വതീനദിയാണോ തന്നതു്? അല്ലങ്കിൽ ചിത്രനെന്ന രാജാവേ, നിങ്ങളാണോ എനിക്കു് ധനം തന്നതു്?

18 ചിത്രഇദ്രാജാരാജകാഇദന്യകേ

യകേസരസ്വതീമനു

പർജ്ജന്യഇവതതനദ്ധിവൃഷ്ട്യാ

സഹസ്രമയുതാദദൽ വ. 4

അന്വയം:-

(അനയാ ചിത്ര ഏവ പ്രാദാദിതിനിശ്ചയമകാഷീൽ)
ചിത്രഃ ഇൽ രാജാ — ചിത്രനാമൈവരാജാ
സഹസ്രം അയുതാ ദദൽ — സഹസ്രസംഖ്യാകം,
അയുതസംഖ്യാകം, ധനം
ദത്തവാൻ

അന്യകേ യകേ
രാജകാഃ ഇൽ — അല്പാ യേന്യേ രാജാന ഏവ
സരസ്വതീം അനു — സരസ്വതീ തീരേ വർത്തന്തേ
(താൻ സർവ്വാൻ യാചമാനാനയമേവചിത്രഃ രാജാ)
പർജ്ജന്യഃ-ഇവ വൃഷ്ട്യാ — യഥാ പർജ്ജന്യഃ പൃഥിവീം
വൃഷ്ട്യാ പ്രീണയതി തദ്വൽ
തതനൽ ഹി — ധനൈസ്തനോത്യേവ

അർത്ഥം-(ചിത്രനെന്ന രാജാവു തന്നെയാണ് ധനം തന്ന തെന്നു നിശ്ചയിക്കുന്നു).

ചിത്രനെന്ന രാജാവുതന്നെയാണ് ആയിരക്കണക്കിലും പതിനായിരക്കണക്കിലും ധനം കൊടുത്തതു്. ചെറുകിടക്കാരായ മററു രാജാക്കന്മാരേവർ സരസ്വതീനദീതീരത്തുണ്ടോ അവരോടെല്ലാം യാചിച്ചവരെ, ഈ ചിത്രനെന്ന രാജാവു മാത്രമാണ്, പർജ്ജന്യൻ മഴയാൽ ഭൂമിയെ പ്രീതിപ്പെടുത്തുന്നപോലെ, ധനങ്ങളെക്കൊണ്ടു് നിറച്ചതു്, സന്തോഷിപ്പിച്ചതു്.

വർഗ്ഗം - 5_6_7-8__ബൃഹതീസതോ ബൃഹത്യനുഷ്ടുപ്കകുമ്-മദ്ധ്യേജ്യോതീംഷിച്ഛന്ദാംസി, അശ്വിനൌ ദേവതാ.

1 ഓത്യമഹ്വആരഥ
മദ്യാദംസിഷ്ഠമൂതയേ
യമശ്വിനാസുഹവാരുദ്രവർത്തനീ
ആസൂര്യായൈതസ്ഥഥുഃ

അന്വയം:—

ഹേ സു_ഹവാ, രുദ്ര_വർത്തനീ,
അശ്വിനാ — ശോഭനാഹ്വാനൗ, സ്തൂയമാന ഗമനാവശ്വിനൗ
സൂര്യായൈ യം — സൂര്യായാ സ്വയംവരേ യുവാം യം രഥം
ആ തസ്ഥഥുഃ — ആശ്രയഥഃ
ദംസിഷ്ഠം ത്യം രഥം — അത്യന്തം ദർശനീയം തം യുവയോരഥം
ഊതയേ അദ്യ ഓ ആ അഹ്വേ — രക്ഷണായാസ്മിൻ യാഗദിനേ സോഭരിരഹമാഹ്വയാമ്യേവ

അർത്ഥം—സ്തുതികളാൽ നന്നായി വിളിയ്ക്കപ്പെടുന്നവരും സ്തുത്യർഹമായ ഗമനമൊത്തവരുമായ അശ്വികളേ, സൂര്യയുടെ സ്വയംവരത്തിൽ നിങ്ങൾ യാതൊരു തേരിൽ കയറിയോ, ഏററവും ദർശനീയമായ ആ തേരിനെ, രക്ഷയ്ക്കായി, യാഗദിവസമായ ഇന്നു് സോഭരിയായ ഞാൻ വിളിക്കുന്നു.

2 പൂർവ്വാപുഷംസുഹവംപുരുസ്പൃഹം
ഭുജ്യംവാജേഷുപൂർവ്യം
സചനാവന്തംസുമതിഭിസ്സോഭരേ
വിദ്വേഷസമനേഹസം.

അന്വയം:—

ഹേ സോഭരേ,
പൂർവ്വ—ആപുഷം — പൂർവ്വേഷാം സ്തോതൄണാം ധനാദി ദാനേന പോഷകം
സു—ഹവം — യജ്ഞേഷു ശോഭനാഹ്വാനം
പുരു—സ്പൃഹം, ഭുജ്യം — ബഹുഭിസ്പൃഹണീയം, സർവ്വസ്യ രക്ഷകം
വാജേഷു പൂർവ്യം — സങ്ഗ്രാമേഷ്വഗ്രതോഗന്താരം

| | |
|---|---|
| സചനാ–വന്തം | — സവ്വൈർഭജനവന്തം |
| വി–ദ്വേഷസം | — ശത്രൂണാം വിശേഷേണ ദ്വേഷ്ടാരം |
| അനേഹസം | — കൈശ്ചിദപ്യനുപദ്രുതമശ്വിനോരഥം |
| സുമതി–ഭിഃ | — കല്യാണീഭിസ്തുതിഭിസ്തുഹി |

അർത്ഥം–(തന്നോടുതന്നെ ഋഷി പറയുന്നു.)

അല്ലയോ സോഭരേ, പണ്ടത്തെ സ്തോതാക്കളെ ധനാദികളുടെ ദാനംകൊണ്ടു് പോഷിപ്പിച്ചതും യജ്ഞങ്ങളിൽ നന്നായി വിളിക്കപ്പെടുന്നതും ഏവർക്കും ആഗ്രഹിക്കത്തക്കതും എല്ലാററിനെയും രക്ഷിക്കുന്നതും യുദ്ധങ്ങളിൽ മുമ്പിലെത്തുന്നതും ഏവരും ഭജിക്കുന്നതും ശത്രുക്കളെ എതിർക്കുന്നതും ആരാലും ബാധിക്കപ്പെടാത്തതുമായ അശ്വികളുടെ തേരിനെ മംഗളസ്തവങ്ങളാൽ സ്തുതിക്കുക.

3 ഇഹത്യാപുരുഭൂതമാ
ദേവാനമോഭിരശ്വിനാ
അർവ്വാചീനാസ്വവസേകരാമഹേ
ഗന്താരാദാശുഷോഗൃഹം

അന്വയം:–

| | |
|---|---|
| പുരു–ഭൂതമാ, ദേവാ, | — ബഹൂനാം ശത്രൂണാം<br>അഭിഭാവയിതാരൌ,<br>ദ്യോതനശീലൌ, |
| ദാശുഷഃ ഗൃഹം ഗന്താരാ | — ഹവിർദ്ദത്തവതോ യജമാനസ്യ<br>ഗൃഹം പ്രഗമനശീലൌ |
| ത്യാ അശ്വിനാ ഇഹ അവസേ | — താവശ്വിനൌ യുവാമസ്മിൻ<br>കർമ്മണി രക്ഷണായ |
| നമഃ–ഭിഃ അർവ്വാചീനാ | — ഹവിർഭിരർവ്വാചീനൌ,<br>അഭിമുഖമാഗച്ഛന്തൌ |
| സു കരാമഹേ | – വയം സുഷ്ഠു കുർമ്മഃ . |

അർത്ഥം—വളരെ ശത്രുക്കളെ അടക്കുന്നവരും പ്രകാശശീലന്മാരും ഹവിസ്സേകിയ യജമാനന്റെ ഗൃഹത്തിൽ പോകുന്നവരുമായ ആ അശ്വികളായ നിങ്ങളെ ഈ യജ്ഞത്തിൽ രക്ഷണത്തിന്നായി ഹവിസ്സുകളാൽ ഞങ്ങൾ അഭിമുഖരാക്കിച്ചെയ്യുന്നു.

4 യുവോരഥസ്യപരിചക്രമീയത
ഈർമ്മാന്യദ്വാമിഷണ്യതി
അസ്മാഁഅച്ഛാസുമതിർവാംശുഭസ്പതീ
ആധേനുരിവധാവതു

അന്വയം:—

(ഹേ അശ്വിനൌ,)
യുവോഃ രഥസ്യ — യുവയോരഥസ്യ
(ഏകം) ചക്രം പരി
ഈയതേ — പരിതോദ്യാം ഗച്ഛതി
അന്യൽ ഈർമ്മാ വാം
ഇഷണ്യതി — ഈർമ്മൌ, ഉദകസ്യ പ്രേരയിതാരൌ യുവാം ഗച്ഛതി
ഹേ ശുഭഃ പതീ, — ഉദകസ്യ പാലയിതാരൌ,
വാം സു—മതിഃ — യുവയോരനുഗ്രഹാത്മികാ ബുദ്ധിഃ
ധേനുഃ—ഇവ — യഥാ നവസൂതികാ ഗൌഃ വത്സം പ്രതി ധാവതി തഥാ
അച്ഛ അസ്മാൻ ആ
ധാവതു — ആഗച്ഛതു

അർത്ഥം—അല്ലയോ അശ്വികളേ, നിങ്ങളുടെ തേരിന്റെ ഒരു ചക്രം ദ്യോവിനെച്ചുററിക്കറങ്ങുന്നു. മറേറതു്, ജലങ്ങളെ വിടുന്ന നിങ്ങളെ പ്രാപിക്കുന്നു. അല്ലയോ ജലപതികളേ,

നിങ്ങളുടെ അനുഗ്രഹബുദ്ധി, പുതുതായി പെററ തള്ളപ്പശു കുട്ടിയുടെ നേരെ ഓടുന്ന പോലെ ഞങ്ങൾക്ക നേരെ ഓടി വരട്ടെ.

5 രഥോയോവാംത്രിവന്ധുരോ
ഹിരണ്യാഭീശുരശ്വിനാ
പരിദ്യാവാപൃഥിവീഭൂഷതിശ്രുത
സ്തേനനാസത്യാഗതം
വ. 5

അന്വയം:—

ഹേ നാസത്യാ,
അശ്വിനാ, — സത്യശീലാവശ്വിനൌ,
ത്രി-വന്ധുരഃ — സാരഥിസ്ഥാനത്രയോപേതഃ
ഹിരണ്യ-അഭീശുഃ — ഹിരണ്മയാശ്വാദിരജ്ജുഃ
വാം യഃ രഥഃ ശ്രുതഃ — യുവയോ രഥസ്സർവ്വത്ര പ്രസിദ്ധസ്സൻ
ദ്യാവാപൃഥിവീ പരി ഭൂഷതി — ദ്യാവാപൃഥിവ്യൌ പരിതഃ പ്രകാശനേനാലങ്കരോതി
തേന ആ ഗതം — തേന രഥേനാഗച്ഛതം

അർത്ഥം—അല്ലയോ സത്യശീലരായ അശ്വികളേ, തേരാളിക്ക മൂന്നിരിപ്പിടങ്ങളോടുകൂടിയതും സ്വർണ്ണമയങ്ങളായ കടിഞ്ഞാണൊത്തതുമായ നിങ്ങളുടെ യാതൊരു തേർ എങ്ങും പ്രസിദ്ധമായി ദ്യാവാപൃഥിവികളെ ചുററും പടർന്ന പ്രകാശത്താൽ അലങ്കരിക്കുന്നുവോ, ആ തേരിൽ വന്നാലും.

6 ദശസ്യന്താമനവേപൂർവ്വ്യംദിവി
യവംവൃകേണകർഷഥഃ
താവാമദ്യസുമതിഭിശ്ശുഭസ്പതീ
അശ്വിനാപ്രസ്തുവീമഹി

അന്വയം:—

ഹേ ശുഭഃ പതീ,

| | |
|---|---|
| അശ്വിനാ, | — ഉദകസ്യ പാലയിതാരാവശ്വിനൌ, |
| പൂർവ്യം ദിവി | — പുരാതനം, ദ്യുലോകേ സ്ഥിതമുദകം |
| മനവേ ദശസ്യന്താ | — ഏതന്നാമകായ രാജ്ഞേ പ്രയച്ഛന്തൌ യുവാം |
| വൃകേണ യവം കർഷഥഃ | — ലാങ്ഗലേന യവധാന്യായ പുനഃ പുനർവ്വിലേഖനം കുരുഥഃ |
| താ വാം അദ്യ | — തൌ യുവാമസ്മിൻ യജ്ഞദിനേ |
| സുമതി–ഭിഃ പ്ര | |
| സ്തുവീമഹി | — ശോഭനാഭിസ്തുതിഭിസ്തുമഃ |

അർത്ഥം—ജലപതികളായ അശ്വികളേ, ദ്യുലോകത്തിലുള്ള പുരാതനമായ ജലത്തെ മനുവെന്ന രാജാവിന്ന് കൊടുത്ത നിങ്ങൾ കരികൊണ്ട്, യവധാന്യത്തിന്നായി വീണ്ടും വീണ്ടും നിലമുഴുന്നു. അപ്രകാരമുള്ള നിങ്ങളെ, ഈ യാഗദിനത്തിൽ ശോഭനസ്തോത്രങ്ങളാൽ സ്തുതിക്കുന്നു.

7 ഉപനോവാജിനീവസൂ

യാതമൃതസ്യപഥിഭിഃ

യേഭിസ്തൃക്ഷിംവൃഷണാത്രാസദസ്യവം

മഹേക്ഷത്രായജിന്വഥഃ

അന്വയം:—

ഹേ വാജിനീ–വസൂ,

| | |
|---|---|
| വൃഷണാ, | — യജ്ഞലബ്ധാന്നധനൌ, ധനാനാം സേക്താരാവശ്വിനൌ |
| ത്രാസദസ്യവം തൃക്ഷിം | — ത്രസദസ്യോഃ പുത്രമേതന്നാമകം |
| യേഭിഃ മഹേ ക്ഷത്രായ | |
| ജിന്വഥഃ | — യൈര്യജ്ഞമാർഗ്ഗൈഃ മഹതേ ധനായ പ്രീണയഥഃ |

ഋതസ്യ പഥി–ഭിഃ — സത്യഭൃതസ്യ യജ്ഞസ്യ
തൈൎമ്മാൎഗ്ഗൈഃ
നഃ ഉപ യാതം — അസ്മാനുപഗച്ഛതം

അൎത്ഥം–യജ്ഞത്തിൽ നിന്നു ലഭിച്ച അന്നമാകുന്ന ധനമൊത്തവരും ധനങ്ങൾ വൎഷിക്കുന്നവരുമായ അശ്വികളേ, ത്രസദസ്യുവിൻെറ മകൻ തൃക്ഷി എന്നവന്നു് യജ്ഞമാൎഗ്ഗങ്ങളേവയിൽക്കൂടെവന്നു് മഹത്തായ ധനത്തിന്നായി (ധനമേകി) സന്തോഷിപ്പിച്ചുവോ, സത്യഭൃതമായ യജ്ഞത്തിൻെറ ആ മാൎഗ്ഗങ്ങളിലൂടെ ഞങ്ങളെ പ്രാപിച്ചാലും.

8 അയംവാമദ്രിഭിസ്സുത
സ്സോമോനരാവൃഷണ്വസൂ
ആയാതംസോമപീതയേ
പിബതംദാശുഷോഗൃഹേ

അന്വയം:–

നരാ, വൃഷൺ–വസൂ, — നേതാരൌ, വൎഷണധനവന്താ
വശ്വിനൌ,
വാം അദ്രി–ഭിഃ അയം
സോമഃ സുതഃ — യുഷ്മദൎത്ഥം ഗ്രാവഭിരഭിഷുതഃ
(തസ്മാൽ) സോമ–
പീതയേ ആ യാതം — സോമപാനായാഗച്ഛതം
(ആഗത്യ) ദാശുഷഃ ഗൃഹേ
പിബതം — ഹവിൎദ്ദത്തവതോ യജമാനസ്യ
യജ്ഞഗൃഹേ സോമം പിബതം

അൎത്ഥം–നേതാക്കളും വൎഷണധനന്മാരുമായ അശ്വികളേ, നിങ്ങൾക്കുവേണ്ടിയാണു് ഈ സോമം പിടിക്കല്ലാൽ സംസ്കരിക്കപ്പെട്ടതു്. അതിനാൽ സോമപാനത്തിന്നായി വന്നാലും. വന്നിട്ടു്, ഹവിസ്സേകിയ യജമാനൻെറ യാഗശാലയിൽ സോമം കുടിച്ചാലും.

9 ആഹിരുഹതമശ്വിനാ
രഥേകോശേഹിരണ്യയേവൃഷണ്വസൂ
യുഞ്ജാഥാംപീവരീരിഷഃ

അന്വയം:–

| | |
|---|---|
| ഹേ വൃഷൺ–വസൂ,<br>അശ്വിനാ, | — വർഷ്ണധനാവശ്വിനൌ, |
| ഹിരണ്യയേ കോശേ<br>രഥേ | — ഹിരൺമയേ ആയുധാദീനാം കോശസ്ഥാനേ രഥേ |
| ആ രുഹതം ഹി | — ആരോഹണം കുരുതമേവ |
| (തതഃ) പീവരീഃ ഇഷഃ<br>യുഞ്ജാഥാം | — സ്ഥൂലാന്യന്നാന്യസ്മാസു യോജയതം |

അർത്ഥം–അല്ലയോ വർഷ്ണധനരായ അശ്വികളേ, ആയുധാദികൾക്കു സ്വർണ്ണമയമായ ഇരിപ്പിടമൊത്ത തേരിൽ കയറുക തന്നെ ചെയ്താലും. ധാരാളമന്നങ്ങൾ ഞങ്ങൾക്ക് ചേർത്താലും, ഉണ്ടാക്കിയാലും.

10 യാഭിഃപക്ഥമവഥോയാഭിരധ്രിഗും
യാഭിർബ്ബഭ്രുംവിജോഷസം
താഭിർന്നോമക്ഷൂതൂയമശ്വിനാഗതം
ഭിഷജ്യതംയദാതുരം വ. 6

അന്വയം:–

| | |
|---|---|
| ഹേ അശ്വിനാ, യാഭിഃ<br>പക്ഥം അവഥഃ | — യാഭിരൂതിഭിരേതന്നാമകം രാജാനം രക്ഷഥഃ |
| യാഭിഃ അധ്രിഗും | — തം രാജാനമവഥഃ |

| | |
|---|---|
| യാഭിഃ വി-ജോഷസം ബഭ്രും | — സോമേന പ്രീണയന്തം തന്നാമകമവഥഃ |
| താഭിഃ മക്ഷു തൂയം | — തൈരക്ഷണൈഃ ക്ഷിപ്രം തൂൎണ്ണം |
| നഃ ആ ഗതം | — അസ്മാനാഗച്ഛതം |
| (കിച) യൽ ആതുരം | — രോഗിണമസ്മാകം പുത്രാദികം പ്രതി |
| ഭിഷജ്യതം | — ഭൈഷജ്യം കുരുതം |

അൎത്ഥം—അല്ലയോ അശ്വികളേ, നിങ്ങൾ രക്ഷകളേവയാൽ പക്ഥനെന്ന രാജാവിനെ കാത്തുവോ, അധ്രിഗു എന്ന രാജാവിനെ പാലിച്ചുവോ, സോമത്താൽ സന്തോഷിപ്പിക്കുന്ന ബഭ്രു എന്ന രാജാവിനെ രക്ഷിച്ചുവോ ആ രക്ഷകളോടു കൂടി വേഗത്തിൽ തീൎച്ചയായും ഞങ്ങളെ പ്രാപിച്ചാലും. കൂടാതെ, രോഗംബാധിച്ച ഞങ്ങളുടെ പുത്രാദിയ്ക്കു് ചികിത്സ ചെയ്യാലും.

11 യദധ്രിഗാവോഅധ്രിഗൂ
ഇദാചിദഹ്നോഅശ്വിനാഹവാമഹേ
വയങ്ഗീൎഭിൎവ്വിപന്യവഃ

അന്വയം:—

| | |
|---|---|
| അധ്രി-ഗാവഃ | — അധൃതഗമനാഃ, കൎമ്മസു ത്വരമാണാഃ |
| വിപന്യവഃ വയം | — മേധാവിനോ വയം |
| അധ്രി-ഗൂ അശ്വിനാ | — സങ്ഗ്രാമേ ശത്രുവധാൎത്ഥമധൃതഗമനാവശ്വിനൌ യുവാം |
| അഹ്നഃ ഇദാ ചിൽ | — ദിവസസ്യ ഇദാനീമേവപ്രാതഃകാലേ |
| ഗീഃ-ഭിഃ യൽ ഹവാമഹേ | – സ്തുതിഭിൎയ്യദാ യുവാമാഹ്വയാമഃ |

അൎത്ഥം—കൎമ്മങ്ങളിൽ ത്വരപൂണ്ടവരും മേധാവികളുമായ ഞങ്ങൾ യുദ്ധത്തിൽ ശത്രുവധത്തിൽ ത്വരപൂണ്ട അശ്വികളായ നിങ്ങളെ ദിവസത്തിന്റെ ഈ സമയമായ പ്രഭാതത്തിൽ സ്തുതികളാലെപ്പോൾ വിളിക്കുന്നുവോ,

12 താഭിരായാതംവൃഷണോപമേഹവം
വിശ്വഫ്സുംവിശ്വവാര്യം
ഇഷാമംഹിഷ്ഠാപുരുഭ്രതമാനരാ
യാഭിഃക്രിവിംവാവൃധുസ്താഭിരാഗതം

അന്വയം:—

ഹേ വൃഷണാ,

വിശ്വ_ഫ്സും — വർഷണശീലാവശ്വിനൌ സ്തോത്രശസ്ത്രാത്മകേന നാനാരൂപം

വിശ്വ–വാര്യം — സർവ്വൈർദ്ദേവൈർവ്വരണീയം

മേ ഹവം — മദീയം യുഷ്മദ്വിഷയമാഹ്വാനം പ്രതി

താഭിഃ ഉപ ആ യാതം — ഊതിഭിരുപാഗച്ഛതം

(യാഭിഃ) നരാ ഇഷാ — സർവ്വസ്യനേതാരാവശ്വിനൌ ഹവീംഷീച്ഛന്തൌ

മംഹിഷ്ഠാ — അതിശയേന ദാതൃതമൌ

പുരു_ഭ്രതമാ — പുരുഭ്രതമൌ, ബഹൂനാം ശത്രൂണാമഭിഭവിതാരൌ ഭവന്തൌ

യാഭിഃ ക്രിവിം വവൃധുഃ — കൂപം പ്രതി ഉദകാനി വവൃധുഃ, കൂപപതിതോ വന്ദനഃ മായാഭിഃ കൂപം പൂരയിത്വാ യുവാഭ്യാമുത്ഥാപിതഃ

താഭിഃ ആ ഗതം — താഭിരൂതിഭിരസ്മദ്രക്ഷണാർത്ഥമാഗച്ഛതം

അർത്ഥം—അല്ലയോ വർഷണശീലരായ അശ്വികളേ, സ്തോത്രശസ്ത്രരൂപമായി പലമട്ടുള്ളതും എല്ലാ ദേവന്മാരാലും വരണീയവുമായ അവിടുത്തെക്കുറിച്ചുള്ള എന്റെ വിളിയെ ഉദ്ദേശിച്ച്, രക്ഷകളോടുകൂടി വന്നാലും. രക്ഷകളേവയോടുകൂടി നേതാക്കളായ അശ്വികൾ ഹവിസ്സുകളിച്ഛിക്കുന്നവരും ധാരാളം കൊടുക്കുന്നവരും വളരെ ശത്രുക്കളെ ജയിക്കുന്നവരുമായോ,

ഏവയാൽ കിണററിൽവീണ വന്ദനനെന്ന ഋഷിയെ അതിൽ മായകളാൽ വെള്ളം നിറച്ചുദ്ധരിച്ചുവോ, ആ രക്ഷകളോടു കൂടി ഞങ്ങളെ പ്രാപിച്ചാലും. (യുഗ്മകം)

13 തൗവിദാചിദഹാനാം

താവശ്വിനാവന്ദമാന ഉപബ്രുവേ

താഊനമോഭിരീമഹേ

അന്വയം:-

| | |
|---|---|
| തൗ അഹാനം ഇദാ ചിൽ | — അഹ്നാമിദാനീമേവ പ്രാതഃ കാലേ തൗ ഹവാമഹേ |
| തൌ അശ്വിനാ വന്ദമാനഃ | — അഭിവാദനം കുർവ്വൻ സൻ |
| ഉപ ബ്രുവേ | — സ്തൌമി |
| (തതഃ) തൌ ഉ നമഃ-ഭിഃ<br>ഈമഹേ | — ഹവിർഭിർദ്ധനാദികം യാചാമഹേ |

അർത്ഥം-ഈ പ്രാതഃകാലത്തിൽ ആ അശ്വികളെ ഞാൻ വിളിക്കുന്നു. അഭിവാദ്യം ചെയ്തു് ആ അശ്വികളെ സ്തുതിക്കുന്നു. പിന്നെ, ഹവിസ്സുകളോടുകൂടി അവരോടുതന്നെ ധനം മുതലായതു് യാചിക്കുന്നു.

14 താവിദ്ദോഷാതാഉഷസിശുഭസ്പതീ

തായാമന്രുദ്രവർത്തനീ

മാനോമർത്തായരിപവേവാജിനീവസൂ

പരോരുദ്രാവതിഖ്യതം

അന്വയം:-

| | |
|---|---|
| ഹേ ശുഭഃ പതീ, രുദ്ര-<br>വർത്തനീ,<br>വാജിനീ-വസൂ, | — ഉദകസ്യ പാലയിതാരൌ സ്തൂയമാനമാർഗ്ഗൌ, യജ്ഞലബ്ധാന്ന ധനാവശ്വിനൌ, |

തൗ (യുവാം) ഇൽ
ദോഷാ — ദോഷായാം, രാത്രൗ
തൗ ഉഷസി — താവേവോഷഃകാലേ
താ യാമൻ — തൗയാമന്യഹനിച, സർവ്വേഷു കാലേഷു വയമാഹ്വയാമഃ

(ഏവംസതി) ഹേ രുദ്രൗ,
മർത്തായ രിപവേ — സ്തൂയമാനൗ, മനുഷ്യായ ശത്രവേ
നഃ പരഃ മാ അതി ഖ്യതം - അസ്മാൻ പരസ്മാൽ മാ ബ്ര്യൂതം, അസ്മാൻ മാ കുരുതം

അർത്ഥം—അല്ലയോ ജലപതികളേ, സ്തുത്യഗമനന്മാരേ, യജ്ഞത്തിൽനിന്നു കിട്ടിയ ഹവിർദ്ധനമൊത്തവരേ, അശ്വികളേ, ആ നിങ്ങളെ രാത്രിയിലും, ആ നിങ്ങളെ ഉഷസ്സിലും ആ നിങ്ങളെ മുന്നോട്ടുപോകുന്ന പകൽ നേരത്തും എല്ലാ കാലങ്ങളിലും ഞങ്ങൾ വിളിക്കുന്നു. സ്തുത്യരായ അശ്വികളേ, അപ്രകാരമിരിക്കേ, ശത്രുമനുഷ്യന്നു് ഞങ്ങളെ ചൂണ്ടിക്കൊടുക്കരുതേ, അവർക്കധീനരാക്കരുതേ.

15 ആസുഗ്മ്യായസുഗ്മ്യം
പ്രാതാരഥേനാശ്വിനാവാസക്ഷണീ
ഹുവേപിതേവസോഭരീ വ. 7

അന്വയം:—
വാ സക്ഷണീ അശ്വിനാ — അപിച സേവനീയശീലാവശ്വിനൗ, യുവാം
സുഗ്മ്യായ സുഗ്മ്യം — സുഖാർഹായമഹ്യം സുഖം
രഥേന പ്രാതഃ ആ — പ്രാതഃകാലേ ആവഹതം
(തതഃ) പിതാ—ഇവ
സോഭരീ ഹുവേ — യഥാ മമ പിതാ ആ ജുഹാവ, തഥാ സോഭരിരഹമാഹ്വയാമി

അർത്ഥം—സേവ്യമായ ശീലമൊത്ത അശ്വികളായ നിങ്ങൾ സുഖാർഹനായ എനിക്കു് സുഖം ഈ പ്രഭാതത്തിൽ തേരിൽ കൊണ്ടുവന്നാലും. (നിങ്ങൾ തേരിൽ വന്നാൽ സുഖമായി. അ

പ്പോൾ തേരിൽ നിങ്ങൾ വന്നു് സുഖമേകിയാലും.) അച്ഛൻ വിളിച്ചപോലെ, സോഭരിയായ ഞാനും നിങ്ങളെ വിളിക്കുന്നു.

16 മനോജവസാവൃഷണാമദച്യുതാ
മക്ഷുങ്ഗമാഭിരൂതിഭിഃ
ആരാത്താച്ചിദ്ഭൂതമസ്മേഅവസേ
പൂർവ്വീഭിഃപുരുഭോജസാ

അന്വയം:—
ഹേ മനഃ_ജവസാ,
വൃഷണാ, പുരു-ഭോജസാ, — മനോവച്ഛീഘ്രങ്ഗച്ഛന്തൗ, വർഷിതാരൗ, ബഹൂനാം രക്ഷകൗ,
ഹേ മദ-ച്യുതാ, — ശത്രൂണാം ച്യാവയിതാരാ-വശ്വിനൗ, (മാദ്യന്തീതിമദാഃ ശത്രവഃ)
മക്ഷും-ഗമാഭിഃ പൂർവ്വീഭിഃ - ശീഘ്രങ്ഗച്ഛന്തീഭിഃ ബഹ്വീഭിഃ
ഊതി_ഭിഃ അസ്മേ
അവസേ — രക്ഷാഭിരസ്മാകം രക്ഷണായ
ആരാത്താൽ ചിൽ ഭൂതം — അന്തിക ഏവ ഭവതം

അർത്ഥം-മനസ്സിൻെറ വേഗത്തോടുകൂടി ഗമിക്കുന്നവരും കാമവർഷിതാക്കളും വളരെ പേർക്കു് രക്ഷിതാക്കളും ശത്രുക്കളെ വീഴ്ത്തുന്നവരുമായ അശ്വികളേ, നിങ്ങൾ വേഗമെത്തുന്ന രക്ഷകളാൽ ഞങ്ങളുടെ പാലനത്തിന്നായി അടുക്കൽത്തന്നെ വർത്തിച്ചാലും.

17 ആനോഅശ്വാവദശ്വിനാ
വർത്തിർയ്യാസിഷ്ടംമധുപാതമാനരാ
ഗോമദ്ദസ്രാഹിരണ്യവൽ

അന്വയം:—

ഹേ മധു–പാതമാ, നരാ,
ദസ്രാ, അശ്വിനാ, — അതിശയേന മധോഃ, സോമസ്യപാതാരൌ, നേതാരൌ, ദശ്നീയാ വശ്വിനൌ,

നഃ വത്തിഃ അശ്വ–വൽ
ഗോ–മൽ — അസ്മാകം ഗൃഹമശ്വയുക്തം, ഗവാദിയുക്തം
ഹിരണ്യ–വൽ — സുവണ്ണയുക്തഞ്ചകൃത്വാ
ആ യാസിഷ്ടം — ആഗച്ഛതം

അത്ഥം–ഏററവും സോമം പാനം ചെയ്യുന്നവരും നേതാക്കളും ദശ്നീയരുമായ അശ്വികളേ, ഞങ്ങളുടെ ഗൃഹത്തെ കുതിരകളുററതും പശു മുതലായവയോടുകൂടിയതും സ്വണ്ണമൊത്തതുമാക്കിക്കൊണ്ടു് വന്നാലും.

18 സുപ്രാവഗ്ഗംസുവീര്യംസുഷ്ഠുവാര്യ
മനാധൃഷ്ടംരക്ഷസ്വിനാ
അസ്മിന്നാവാമായാനേവാജിനീവസൂ
വിശ്വാവാമാനിധീമഹി വ. 8

അന്വയം:—

സു–പ്രാവഗ്ഗം — ശോഭനം പ്രവജ്ജനം യസ്യ, സ്തോതൃഭ്യ സ്വയമേവപ്രയച്ഛതി, ഏവം വിധം
സു–വീര്യം, സുഷ്ഠു വാര്യം – ശോഭനവീര്യം, ശോഭനം സവ്വൈവ്വരണീയം
രക്ഷസ്വിനാ അനാധൃഷ്ടം — ബലവതാപി അനഭിഭവനീയം ധനം
ആ ധീമഹി — ത്വത്തോവയം ധാരയാമഃ
ഹേ വാജിനീ–വസൂ, — യജ്ഞലബ്ധാന്നധനാ വശ്വിനൌ,

| | |
|---|---|
| വാം അസ്മിൻ ആ–യാനേ | — അസ്മൽഗൃഹം പ്രതി യുവയോരാഗമനേ |
| വിശ്വാ വാമാനി | — ദിവ്യഭൗമാദീനി സർവ്വാണി ധനാനി ധീമഹി |

അർത്ഥം—സ്തോതാക്കൾക്കു് സ്വയം കൊടുത്തരുളുന്നതും ശോഭനവീര്യമുററതും ഏവരാലും നന്നായി വരണീയവും ബലവാനാൽക്കൂടി അപഹരിക്കപ്പെടാൻ കഴിയാത്തതുമായ ധനത്തെ ഞങ്ങൾ നിങ്ങളിൽനിന്നു് നേടാവൂ. യജ്ഞത്തിൽനിന്നു് കിട്ടിയ ഹവിസ്സാകുന്ന ധനമൊത്ത അശ്വികളേ, ഞങ്ങളുടെ ഗൃഹത്തിലേക്കുള്ള നിങ്ങളുടെ വരവിൽ ദിവ്യങ്ങളും ഭൗമങ്ങളുമായ എല്ലാ ഐശ്വര്യങ്ങളും ഞങ്ങൾ നേടാവൂ.

വർഗ്ഗം 9-മുതൽ 14 കൂടി—വൈയശ്വഃ വിശ്വമനാഃ ഋഷിഃ ഉഷ്ണിക്ഛന്ദഃ അഗ്നിർദ്ദേവതാ

1 ഈളിഷ്വാഹിപ്രതീവ്യംഽ

യജസ്വജാതവേദസം

ചരിഷ്ണുധൂമമഗൃഭീതശോചിഷം

അന്വയം:—

(ഹേ ഋത്വിഗ്യജമാനാഃ,)

| | |
|---|---|
| പ്രതീവ്യം ഹി | — ശത്രും പ്രതി ഗമനശീലമഗ്നിമേവ |
| ഈളിഷ്വ | — സ്തോത്രൈസ്തുഹി |
| (കിംച) ചരിഷ്ണു–ധൂമം | — സർവ്വതശ്ചരണശീലധൂമജാലോപേതം |
| അഗൃഭീത–ശോചിഷം | — രക്ഷോഭിരഗൃഹ്യമാണദീപ്തിം |
| ജാത–വേദസം യജസ്വ | — ജാതപ്രജ്ഞമഗ്നിം ഹവിർഭിഃ പൂജയ |

അർത്ഥം—അല്ലയോ ഋത്വിഗ്യജമാനന്മാരേ, ശത്രുക്കൾക്കു നേരെ ചെല്ലുന്ന അഗ്നിയെത്തന്നെ സ്തോത്രങ്ങളാൽ സ്തുതിക്കുക. എങ്ങും ചരിക്കുന്ന പുകയോടുകൂടിയവനും രക്ഷസ്സുകൾ

ക്കു് പിടിക്കാൻ പററാത്ത പ്രകാശമുററവനുമായ ജാതവേദസ്സിനെ (സൎവ്വജ്ഞനായ അഗ്നിയെ) ഹവിസ്സുകളാൽ യജിക്കുക.

2 ദാമാനംവിശ്വചൎഷണേ
ഗ്നിംവിശ്വമനോഗിരാ
ഉതസ്തുഷേവിഷ്പൎദ്ധസോരഥാനാം

അന്വയം:–

| | |
|---|---|
| ഉത ഹേ വിശ്വ–ചൎഷണേ, | |
| വിശ്വ–മനഃ | — സൎവ്വസ്യ ദ്രഷ്ടഃ ഏതന്നാമക ഋഷേ, |
| വി–സ്പർധസഃ | — വിഗതമാത്സര്യസ്യ യജമാനസ്യ |
| രഥാനാം ദാമാനം | — രഥാദീനാം ദാതാരം |
| അഗ്നിം ഗിരാ സ്തുഷേ | — സ്തുതിവാചാ സ്തോത്രം കുരു |

അൎത്ഥം:–(ഋഷി തന്നോടുതന്നെ പറയുന്നു)

എല്ലാം കാണുന്ന വിശ്വമനസ്സെന്ന ഋഷേ, മാത്സര്യബുദ്ധി വിട്ട യജമാനന്നു് തേർ മുതലായവ കൊടുത്തരുളുന്ന അഗ്നിയെ സ്തുതിവചനത്താൽ പുകഴ്ത്തുക.

3 യേഷാമാബാധഋഗ്മിയ
ഇഷഃപൃക്ഷശ്ചനിഗ്രഭേ
ഉപവിദാവഹ്നിൎവ്വിന്ദതേവസു

അന്വയം:–

| | |
|---|---|
| ആ–ബാധഃ | — ശത്രൂണാമാഭിമുഖ്യേന ബാധകഃ |
| ഋഗ്മിയഃ | — ഋഗ്ഭിരൎച്ചനീയോഗ്നിഃ |
| യേഷാം ഇഷഃ, പൃക്ഷഃ | |
| ച നി–ഗ്രഭേ | — അയജമാനാനാമന്നാനി,<br>അന്നാദിരസാംശ്ചനി<br>ഗൃഹ്ണീതേ |

| | |
|---|---|
| (നിഗൃഹ്യ ച) വഹ്നിഃ | — ഹവിഷാം വോഢാസ ഏവാഗ്നിഃ |
| ഉപ_വിദാ | — ഉപവേദനേനഹവീംഷി ദേവാർത്ഥം ന പ്രയച്ഛതി, തേഷാമേവ |
| വസു വിന്ദതേ | — ധനം ലഭതേ |

അർത്ഥം-ശത്രുക്കളെ നേരെ ബാധിയ്ക്കുന്നവനും ഋക്കുകളാൽ അർച്ചിക്കപ്പെടേണ്ടവനുമായ അഗ്നി, യാഗമനുഷ്ഠിക്കാത്ത ഏവരുടെ അന്നങ്ങളും അന്നരസാദികളും ബലാൽകാരമായി ഗ്രഹിക്കുന്നുവോ, ഗ്രഹിച്ചിട്ട് ഹവിസ്സുകളേന്തുന്നവനായി, ആ അഗ്നിതന്നെ ദേവന്മാർക്കു കൊടുക്കാതെ അവരുടെ ധനം നേടുന്നു. (യാഗമനുഷ്ഠിക്കാത്തവരുടെ ഹവിസ്സല്ലാത്ത അന്നങ്ങളുമന്നരസങ്ങളും അഗ്നി പിടിച്ചെടുക്കുന്നു. അവ ദേവന്മാർക്കെത്തിക്കുന്നില്ല. അവരുടെ ധനം അഗ്നി കയ്യേറുന്നു.)

4 ഉദസ്യശോചിരസ്ഥാ

ദ്ദീദിയുഷോവ്യ ഽജരം

തപുർജ്ജംഭസ്യസുദ്യുതോഗണശ്രിയഃ

അന്വയം:—

| | |
|---|---|
| ദീദിയുഷഃ | — സന്ദീപ്യമാനസ്യ |
| തപുഃ—ജംഭസ്യ | — താപയിതൃദംഷ്ട്രസ്യ |
| സു—ദ്യുതഃ, ഗണ—ശ്രിയഃ | — സുദീപ്തേഃ, യജമാനഗണം ശ്രയതഃ |
| അസ്യ അജരം ശോചിഃ | — അഗ്നേർജ്ജരാരഹിതം തേജഃ |
| വി ഉൽ അസ്ഥാൽ | — വിശേഷേണ ഉൽഗതമഭൂൽ |

അർത്ഥം—നന്നായി ഭാസിക്കുന്നവനും ചൂടിയററുന്ന ദംഷ്ട്രങ്ങളോടുകൂടിയവനും സുപ്രകാശനും യജമാനന്മാരുടെ ഗണത്തെ പ്രാപിക്കുന്നവനുമായ അഗ്നിയുടെ ക്ഷീണിക്കാത്ത തേജസ്സ്, വിശേഷമായി മേൽപ്പോട്ടുയർന്നിരിക്കുന്നു.

5 ഉദ്ദതിഷ്ഠസ്വധ്വര
സ്തവാനോദേവ്യാകൃപാ
അഭിഖ്യാഭാസാബൃഹതാശുശുക്വനിഃ വ 9

അന്വയം:—

ഹേ സു—അധ്വര — ശോഭനയജ്ഞാഗ്നേ
അഭി–ഖ്യാ, ബൃഹതാ — അഭിമുഖങ്ഗച്ഛന്ത്യാ, ബൃഹത്യാ
ഭാസാ ശുശുക്വനിഃ — ദീപ്ത്യാ ദീപനശീലസ്ത്വം
സ്തവാനഃ ഉ — സ്തൂയമാന ഏവസൻ
ദേവ്യാ കൃപാ ഉൽ തിഷ്ഠ — ദ്യോതമാനയാ ജ്വാലയാ തമഃ പരിഹാരാർത്ഥമുൽഗച്ഛ

അർത്ഥം—അല്ലയോ ശോഭനയജ്ഞനായ അഗ്നേ, നേരെ വരുന്നതും മഹത്തുമായ തേജസ്സിനാൽ എല്ലാം പ്രകാശിപ്പിക്കുന്ന അവിടുന്ന് ഞങ്ങളാൽ സ്തുതിക്കപ്പെടുന്നവനായി, തിളങ്ങുന്ന ജ്വാലയാൽ ഇരുട്ടകററാനായി ഉയർന്നുവന്നാലും.

6 അഗ്നേയാഹിസുശസ്തിഭി
ഹവ്യാജുഹ്വാനആനുഷക്
യഥാദൂതോബഭൂഥഹവ്യവാഹനഃ

അന്വയം:—

ഹേ അഗ്നേ, യഥാ (ത്വം)
ഹവ്യ—വാഹനഃ — ഹവിഷാം വോഢാ
(ദേവാനാം) ദൂതഃ ബഭൂഥ — ഭവസി തഥാ
ആനുഷക് — യഥാനുഷക്തം ഭവതി തഥാ
ഹവ്യാ ജുഹ്വാനഃ — ഹവനയോഗ്യാന്യന്നാനി ജുഹ്വൻ ദേവേഭ്യഃ പ്രയച്ഛംസ്ത്വം
സുശസ്തി--ഭിഃ യാഹി — ശോഭനൈസ്തോത്രൈസ്സഹഗച്ഛ

അർത്ഥം—അല്ലയോ അഗ്നേ, ഹവിസ്സേന്തുന്നവനായി, ദേവന്മാരുടെ ദൂതനായി ഭവിച്ചിട്ടുള്ള നിലയിൽ, ചേർച്ചയൊത്ത

വിധം ഹോമാൎഹമായ ഹവിരന്നമേന്തി ദേവന്മാൎക്ക് കൊടുക്കുന്ന അവിടുന്ന് ശോഭനസ്തുതികൾക്കൊപ്പം (ദേവലോകത്തേയ്ക്ക്) പോയാലും.

7 അഗ്നിംവഃപൂൎവ്യംഹുവേ

ഹോതാരംചൎഷണീനാം

തമയാവാചാഗൃണേതമുവസ്തുഷേ

അന്വയം:—

(ഹേ ഋത്വിജഃ)

ചൎഷണീനാം ഹോതാരം — മനുഷ്യാണാം ഹോമനിഷ്പാദകം

പൂൎവ്യം, വഃ അഗ്നിം

ഹുവേ — പുരാതനം, യുഷ്മൽസംബന്ധിനമഗ്നിമാഹ്വയാമി

(ആഹൂയ) തം അയാ

വാചാ ഗൃണേ — അനയാസ്തുതിരൂപയാഗിരാ ശംസാമി

(കിംച) വഃ തം ഉ സ്തുഷേ— യുഷ്മൽസംബന്ധിനം തമേവസ്തൌമി

അൎത്ഥം–അല്ലയോ ഋത്വിക്കുകളേ, മനുഷ്യൎക്ക് ഹോമനിൎവ്വാഹകനും പുരാതനനും നിങ്ങൾക്ക് ചേൎന്നവനുമായ അഗ്നിയെ ഞാൻ വിളിക്കുന്നു. വിളിച്ചിട്ട്, ഈ സ്തുതിരൂപമായ വാക്കിനാൽ പുകഴ്ത്തുന്നു. നിങ്ങൾക്ക് ചേൎന്ന അവിടുത്തെത്തന്നെ സ്തുതിക്കുന്നു.

8 യജ്ഞേഭിരദ്ഭുതക്രതും

യങ്കൃപാസൂദയന്തഇൽ

മിത്രംനജനേസുധിതമൃതാവനി

അന്വയം:—

| | |
|---|---|
| അദ്ഭുത–ക്രതും | — അത്ഭുതകർമ്മാണം |
| മിത്രം ന സു–ധിതം | — യജമാനാനാം മിത്രമിവ സ്ഥിതം, സന്തർപ്പിതം |
| യം ഋത–വനി ജനേ | — യമഗ്നിംയജ്ഞവതിജനേ |
| കൃപാ യജ്ഞേഭിഃ | |
| സൂദയന്തേ ഇൽ | — സ്വസാമർത്ഥ്യേനയജ്ഞൈഃ അധ്വര്യ്വാദയഃ കാമാൻ ക്ഷാരന്ത്യേവ, യജമാനസ്യ കാമാൻ പ്രാപയന്ത്യേവ |

അർത്ഥം–അത്ഭുതകർമ്മാവും യജമാനന്മാക്ക് ചങ്ങാതിപോലെ നിന്ന് തൃപ്തനാക്കപ്പെട്ടവനുമായ യാതൊരഗ്നിയെ യജ്ഞാനുഷ്ഠാതാവായ യജമാനങ്കൽ അധ്വര്യു മുതലായവർ സ്വസാമർത്ഥ്യത്താലെത്തിച്ച കാമങ്ങൾ വഷിക്കുന്നുവോ, അപ്രകാരം യജമാനന്റെ അഭീഷ്ടങ്ങൾ നിറവേററുന്നുവോ,

9 ഋ॒താവാ॑നമൃതായവോ

യ॒ജ്ഞസ്യ॒സാധന॑ങ്ഗി॒രാ

ഉപോ॑ഏനഞ്ജുജുഷു॒ർന്നമ॑സസ്പ॒ദേ

അന്വയം:—

| | |
|---|---|
| ഹേ ഋത–യവഃ, | — യജ്ഞകാമായജമാനാഃ, |
| ഋത–വാനം, യജ്ഞസ്യ | |
| സാധനം ഏനം | — യജ്ഞവന്തം, യജ്ഞസ്യ സാധനഭൂതമഗ്നിം |
| നമസഃ പദേ ഗിരാ | — ഹവിഷസ്ഥാനേ സ്തുതിവാചാ |
| ഉപോ ജുജുഷുഃ | — ഉപാസേവധ്വം |

അർത്ഥം–അല്ലയോ യജ്ഞമിഷ്ടപ്പെടുന്ന യജമാനന്മാരേ, യജ്ഞത്തോടുകൂടിയവനും യജ്ഞം സാധിപ്പിക്കുന്നവനുമായ ഈ അഗ്നിയെ ഹവിസ്ഥാനത്തു പോയി സ്തുതിവചനത്താൽ ഉപാസിക്കുക. (യുഗ്മകം)

10 അച്ഛാനോഅങ്ഗിരസ്തമം
യജ്ഞാസോയന്തുസംയതഃ
ഹോതായോഅസ്തിവിക്ഷ്വായശസ്തമഃ വ. 10

അന്വയം:_

യഃ വിക്ഷു ഹോതാ — മനുഷ്യേഷു ഹോമനിഷ്പാദകസ്സൻ
ആ യശഃ_തമഃ അസ്തി — സർവ്വതോ യശസ്വിതമോ ഭവതി
(തം) അങ്ഗിരഃ-തമം — അങ്ഗിരസാം വിശിഷ്ടമഗ്നിം
സം_യതഃ നഃ യജ്ഞാസഃ — സ്രുഗാദിഭിർന്നിയമിതാഃ അസ്മാകം യജ്ഞാഃ
അച്ഛ യന്തു — ആഭിമുഖ്യേന ഗച്ഛന്തു

അർത്ഥം—ഏവൻ മനുഷ്യർക്കിടയിൽ ഹോമനിർവ്വാഹകനായി എമ്പാടുമുയർന്ന യശസ്സുറ്റവനാണോ, അംഗിരസ്സുകളിൽ വിശിഷ്ടനായ ആ അഗ്നിയെ സ്രുക്ക മുതലായ ഹോമോപകരണങ്ങളിലൊതുങ്ങിയ യജ്ഞങ്ങൾ, യജ്ഞഹവിസ്സുകൾ നേരെ പ്രാപിക്കട്ടെ.

11 അഗ്നേതവത്യേഅജരേ
ന്ധാനാസോബൃഹദ്ഭാഃ
അശ്വാഇവവൃഷണസ്തവിഷീയവഃ

അന്വയം:_

ഹേ അജര, അഗ്നേ, — ജരാരഹിതാഗ്നേ,
ഇന്ധാനാസഃ — ദീപ്യമാനാഃ
ബൃഹൽ ത്യേ തവ ഭാഃ — ബൃഹന്തഃ, സർവ്വഗതാഃ ത്വദീയാഃ കിരണാഃ,
വൃഷണഃ — കാമാനാം വർഷിതാരഃ
അശ്വാഃ_ഇവ
തവിഷീ–യവഃ — ബലമാചരന്തോ ഭവന്തി

അർത്ഥം—അല്ലയോ അക്ഷീണനായ അഗ്നേ, പ്രകാശമാനങ്ങളും മഹത്തുക്കളും എങ്ങും വ്യാപിച്ചവയുമായ അവിടുത്തെ രശ്മികൾ കാമവർഷകങ്ങളായി, കുതിരകൾ പോലെ, ഊക്കു കാട്ടുന്നവയായി ഭവിക്കുന്നു.

12 സത്വംനഊർജ്ജാംപതേ
രയിംരാസ്വസുവീര്യം
പ്രാവനസ്തോകേതനയേസമൽസ്വാ

അന്വയം:—

| | |
|---|---|
| ഹേ ഊർജ്ജാം പതേ, | — അന്നാനാം പതേഗ്നേ, |
| സഃ ത്വം നഃ സു–വീര്യം | |
| രയിം രാസ്വ | — അസ്മഭ്യം ശോഭനവീര്യം ധനം ദേഹി |
| നഃ തോകേ തനയേ | — പുത്രപൗത്രേഷു ധനം പ്രയച്ഛ |
| സമൽ–സു പ്ര ആ അവ | — സങ്ഗ്രാമേഷു പ്രകർഷേണാഭിമുഖ്യേന രക്ഷ |

അർത്ഥം—അല്ലയോ അന്നപതേ, അപ്രകാരമെല്ലാമുള്ള അവിടുന്നു് ശോഭനവീര്യമുററ ധനം ഞങ്ങൾക്കു തന്നാലും. ഞങ്ങളുടെ മകന്നും മകന്റെ മകന്നും ധനം കൊടുത്താലും. യുദ്ധങ്ങളിൽ വേണ്ടപോലെ നേരെ രക്ഷിച്ചാലും.

13 യദ്വാഉവിശ്പതിശ്ശിത
സ്സുപ്രീതോമനുഷോവിശി
വിശ്വേദഗ്നിഃപ്രതിരക്ഷാംസിസേധതി

അന്വയം:—

| | |
|---|---|
| വിശ്പതിഃ, ശിതഃ | — വിശാംപതിഃ, ഹവിർഭിസ്തീക്ഷ്ണീകൃതോഗ്നിഃ |
| സു–പ്രീതഃ മനുഷഃ വിശി | — സുഷ്ഠുപ്രീതസ്സൻ മനുഷ്യസ്യ നിവേശനേ, ഗൃഹേ |

| | |
|---|---|
| യൽ വൈ | — യദാഖലു വൎത്തതേ, തദാനീം |
| അഗ്നിഃ വിശ്വാ | |
| ഇൽ രക്ഷാംസി | — വിശ്വാനി, സൎവ്വാണ്യേവ ബാധകാനി രക്ഷാംസി |
| പ്രതി സേധതി ഉ | — ഹിനസ്തി ഏവ |

അൎത്ഥം—പ്രജകൾക്ക് നാഥനും ഹവിസ്സുകളാൽ കത്തി മൂപ്പുററവനുമായ അഗ്നി വളരെ സന്തുഷ്ടനായി മനുഷ്യഗൃഹത്തിൽ എപ്പോൾ വൎത്തിക്കുന്നുവോ അപ്പോൾ, ബാധിക്കുന്ന എല്ലാ രക്ഷസ്സുകളെയും അഗ്നി ഹനിക്കുകതന്നെ ചെയ്യുന്നു.

14 ശ്രുഷ്ട്യഗ്നേനവസ്യമേ
സ്തോമസ്യവീരവിശ്പതേ
നിമായിനസ്തപുഷാരക്ഷസോദഹ

അന്വയം:—

| | |
|---|---|
| ഹേ വീര, വിശ്പതേ, അഗ്നേ, | — വീര്യവൻ, വിശാം പാലയിതരഗ്നേ, |
| നവസ്യ മേ സ്തോമസ്യ ശ്രുഷ്ടീ | — നൂതനം മദീയം സ്തോത്രശസ്ത്രാദികം ശ്രുത്വാ (കൎമ്മണി ഷഷ്ഠീ) |
| മായിനഃ, രക്ഷസഃ | — മായാവിനഃ, കൎമ്മവിഘ്നകാരിണോ രാക്ഷസാൻ |
| തപുഷാ നി ദഹ | — താപകേന തേജസാ നിതരാം ഭസ്മീകുരു |

അൎത്ഥം—വീര്യവാനും പ്രജാപാലകനുമായ അഗ്നേ, പുതുതായ എൻെറ സ്തോത്രശസ്ത്രാദിയെ കേട്ട് മായാവികളായ, കൎമ്മവിഘ്നകാരികളായ രാക്ഷസരെ ചുട്ടുററ തേജസ്സാൽ എരിച്ചാലും, ചാമ്പലാക്കിയാലും.

15 നതസ്യമായയാചന
രിപുരീശീതമർത്ത്യഃ
യോഅഗ്നയേദദാശഹവ്യദാതിഭിഃ വ. 11

അന്വയം:—

| | |
|---|---|
| യഃ ഹവ്യദാതി-ഭിഃ | — ഹവിഷാം ദാതൃഭിരൃത്വിഗ്ഭിഃ |
| അഗ്നയേ ദദാശ | — ഹവീംഷി പ്രയച്ഛതി |
| മർത്ത്യഃ രിപുഃ മായയാ | |
| ചന | — മായയാപി |
| തസ്യ ന ഈശീത | — തസ്യ ജനസ്യേശ്വരോ ന ഭവതി |

അർത്ഥം—ഏവൻ ഹവിസ്സേകുന്ന ഋത്വിക്കുകളോടു ചേർന്ന് അഗ്നിക്കു് ഹവിസ്സുകളേകുന്നുവോ അവനെ ശത്രുമനുഷ്യൻ മായ കൊണ്ടുകൂടി കീഴടക്കുന്നില്ല, അധീശനാകുന്നില്ല.

16 വ്യശ്വസ്ത്വാവസുവിദ
മുക്ഷണ്യുരപ്രീണാദൃഷിഃ
മഹോരായേതമുത്വാസമിധീമഹി

അന്വയം:—

| | |
|---|---|
| ഉക്ഷണ്യുഃ | — ധനാനാം സേക്താരമിച്ഛൻ |
| വി-അശ്വഃ ഋഷിഃ | |
| വസു-വിദം ത്വാ | — ഏതന്നാമക ഋഷിഃ മമ പിതാ ധനാനാം ലംഭകം ത്വാം |
| അപ്രീണാൽ | — ഹവിർഭിരതോഷയൽ |
| (തഥാവയമപി) മഹഃ | |
| രായേ | — മഹതേ ധനായ |
| തം ഉ ത്വാ സം ഇധീമഹി | — തമേവ ത്വാം സമ്യക് ഹവിർഭിർദ്ദീപയേമ |

അർത്ഥം—ധനം വർഷിക്കുന്നവനെ ഇഷ്ടപ്പെട്ട എന്റെ അച്ഛനായ വ്യശ്വൻ എന്ന ഋഷി ധനദാതാവായ അവിടുത്തെ ഹവി

സ്സുകളാൽ സന്തോഷിപ്പിച്ചു. അതുപോലെ ഞങ്ങളും മഹത്തായ ധനത്തിന്നുവേണ്ടി അവിടത്തെ ഹവിസ്സുകൾ കൊണ്ട് ഉജ്വലിപ്പിക്കാവു.

17 ഉശനാകാവ്യസ്ത്വാ

നിഹോതാരമസാദയൽ

ആയജിന്ത്വാമനവേജാതവേദസം

അന്വയം:–

(ഹേ അഗ്നേ,) കാവ്യഃ
ഉശനാ — കവിപുത്ര ഏതന്നാമക ഋഷിഃ
മനവേ — രാജ്ഞേ തസ്യഗൃഹേ
ജാത–വേദസം ത്വാ — ജാതപ്രജ്ഞം ത്വാം
ആ–യജിം — ആഭിമുഖ്യേന യഷ്ടാരം
ത്വാ ഹോതാരം നി
അസാദയൽ — ത്വാമേവ ഹോമനിഷ്പാദകം നിതരാമുപാവേശയൽ (പുനസ്ത്വാ ശബ്ദ ആദരാർത്ഥഃ)

അർത്ഥം– അല്ലയോ അഗ്നേ, കവിപുത്രനായ ഉശനസ്സെന്ന ഋഷി (ശുക്രൻ) മനു എന്ന രാജാവിന്നുവേണ്ടി അദ്ദേഹത്തിന്റെ ഗൃഹത്തിൽ സർവ്വജ്ഞനായ അവിടത്തെ, അവിടത്തെത്തന്നെ നേരെ യജിക്കുന്നവനായി, ഹോമനിർവ്വാഹകനായിരുത്തി.

18 വിശ്വേഹിത്വാസജോഷസോ

ദേവാസോദൂതമക്രത

ശ്രുഷ്ടീദേവപ്രഥമോയജ്ഞിയോഭുവഃ

അന്വയം:–

(ഹേ അഗ്നേ,) വിശ്വേ
ദേവാസഃ — സർവ്വേ ദേവാഃ
സ–ജോഷസഃ ത്വാ ഹി — സങ്ഗതാഃ, ഹവീംഷ്യാനയനാർത്ഥം ത്വാമേവ

ദൂതം അക്രത — ഹവിഷാം വോഢാരമകാർഷുഃ
(തതഃ) ഹേ ദേവ, പ്രഥമഃ — ദേവ, മുഖ്യഭൂതസ്ത്വം
ശ്രുഷ്ടീ യജ്ഞിയഃ ഭുവഃ — ക്ഷിപ്രം ദേവാനാം ഹവിർദ്ദാതൃത്വേനയജ്ഞാർഹോഭൂയാഃ

അർത്ഥം—അല്ലയോ അഗ്നേ, എല്ലാ ദേവന്മാരുമൊത്തുചേർന്നു് ഹവിസ്സുകൾ കൊണ്ടുവരാനായി അവിടുത്തെത്തന്നെ ദൂതനാക്കി. പിന്നെ, അല്ലയോ ദേവ, ദേവന്മാർക്കു് മുഖ്യനായിത്തീർന്ന അവിടുന്നു്, വേഗത്തിൽ, അവർക്കു് ഹവിസ്സെത്തിക്കൽകൊണ്ടു് യജ്ഞാർഹനായി.

19 ഇമങ്ഘാവീരോഅമൃതം
ദൂതങ്കൃണ്വീതമർത്ത്യഃ
പാവകംകൃഷ്ണവർത്മനിംവിഹായസം

അന്വയം:—
വീരഃ മർത്ത്യഃ — കർമ്മണി സമർത്ഥോമനുഷ്യഃ, യജമാനഃ
അമൃതം, പാവകം — അമരണം, പാപാനാം ശോധകം
കൃഷ്ണ-വർത്മനിം
വി-ഹായസം — കൃഷ്ണമാർഗ്ഗം, തേജോധികത്വേന മഹാന്തം
ഇമം ഘ ദൂതം കൃണ്വീത — ഇമമേവാഗ്നിം ദൂതമകാർഷീൽ

അർത്ഥം—(ദേവന്മാർക്കുശേഷം യജമാനന്മാരും അഗ്നിയെ ദൂതനാക്കി എന്നു് പറയുന്നു.) കർമ്മത്തിൽ സാമർത്ഥ്യമുറ്റ മനുഷ്യൻ, യജമാനൻ, അമരനും, പാപികളെ ശുദ്ധീകരിക്കുന്നവനും പുകയാകുന്ന കറുത്ത മാർഗ്ഗമുറ്റവനും തേജസ്സിന്റെ ആധിക്യംകൊണ്ടു മഹാനുമായ ഈ അഗ്നിയെത്തന്നെ ദൂതനാക്കി.

20 തംഹുവേമയതസ്രുച
സ്സുഭാസംശുക്രശോചിഷം
വിശാമഗ്നിമജരംപ്രത്നമീഡ്യം വ 12

അന്വയം:-

യത-സ്രുചഃ — ഗൃഹീതസ്രുചോവയം
സു-ഭാസം,
ശുക്ര-ശോചിഷം — ശോഭനദീപ്തിം, ദീപനശീല
തേജസ്കം
വിശാം ഈഡ്യം — മനുഷ്യാണാം സ്തോതവ്യം
അജരം, പ്രത്നം — ജരാരഹിതം, പുരാതനം
തം അഗ്നിം ഹുവേമ — സ്തോത്രശസ്ത്രാദിഭിരാഹ്വയാമഃ

അൎത്ഥം—സ്രുവം കയ്യിലേന്തിയ നമ്മൾ സുപ്രകാശനും ശോഭനതേജസ്സിയന്നവനും മനുഷ്യക്ക് സ്തുത്യനും ജരബാധിക്കാത്തവനും പുരാതനനുമായ ആ അഗ്നിയെ സ്തോത്രശസ്ത്രങ്ങളാൽ വിളിക്കുന്നു.

21 യോഅ॑സ്മൈഹ॒വ്യദാ॑തിഭി॒
രാഹു॑തി॒മ്മൎത്തോവി॑ധൽ
ഭൂ॒രിപോഷ॒ംസധ॑ത്തേവീ॒രവ॒ദ്യശ॑ഃ

അന്വയം:-

യഃ മൎത്തഃ
ഹവ്യദാതി-ഭിഃ — യോമനുഷ്യോ
ഹവിൎദ്ദാതൃഭിരൃത്വിഗ്ഭിഃ
അസ്മൈ ആ-ഹുതിം
അവിധൽ — അഗ്നയേവിദധാതി
സഃ ഭൂരി പോഷം — ബഹുധനാദിഭിഃ പോഷണം
വീര-വൽ യശഃ ധത്തേ — പുത്രപൌത്രൈര്യുക്താം
കീൎത്തിഞ്ചധാരയതി

അൎത്ഥം-ഏതുമനുഷ്യൻ ഹവിൎദ്ദാതാക്കളായ ഋത്വിക്കുകളോടുകൂടി ഈ അഗ്നിയ്ക്കു ആഹുതി ചെയ്യുന്നുവോ, അവൻ ധാരാളം ധനാദികളാൽ പുഷ്ടിയും പുത്രപൌത്രന്മാരോടുകൂടിയ കീൎത്തിയും നേടുന്നു.

22 പ്രഥമഞ്ജാതവേദസ
മഗ്നിംയജ്ഞേഷുപൂർവ്യം
പ്രതിസ്രുഗേതിനമസാഹവിഷ്മതീ

അന്വയം:—

പ്രഥമം, ജാത-വേദസം — ദേവാനാം മുഖ്യം, സർവ്വപ്രജ്ഞം
പൂർവ്യം അഗ്നിം — പുരാതനം തം
യജ്ഞേഷു ഹവിഷ്മതീ — സോമാദിഹവിര്യുക്താ
സ്രുക് നമസാ പ്രതി
ഏതി — സ്തോത്രേണാഗ്നിം പ്രതിഗച്ഛതി

അർത്ഥം—ദേവന്മാർക്കു് മുമ്പനും സർവ്വജ്ഞനും പുരാതനനുമായ അഗ്നിയെ യജ്ഞങ്ങളിൽ സോമാദി ഹവിസ്സോടുകൂടിയ സ്രുക്കു് (ഹോമോപകരണം) നേരെ പ്രാപിക്കുന്നു.

23 ആഭിർവ്വിധേമാഗ്നയേ
ജ്യേഷ്ഠാഭിർവ്യശ്വവൽ
മംഹിഷ്ഠാഭിർമ്മതിഭിശ്ശുക്രശോചിഷേ

അന്വയം:—

(വിശ്വമനോനാമകാ
വയം) ജ്യേഷ്ഠാഭിഃ — പ്രശസ്താഭിഃ
മംഹിഷ്ഠാഭിഃ — പൂജ്യതമാഭിഃ
ആഭിഃ മതി—ഭിഃ — സൂക്തരൂപാഭിസ്തുതിഭിഃ
ശുക്ര-ശോചിഷേ
അഗ്നയേ — ജ്വലത്തേജസേ തസ്മൈ
വ്യശ്വ—വൽ വിധേമ — യഥാവ്യശ്വഃ, അസ്മാകം
പിതാ തം പര്യചരത്തഥാ
പരിചരേമ

അർത്ഥം-വിശ്വമനസ്സെന്ന പേരായ ഞാൻ ഏററവും പ്രശസ്തങ്ങളും അത്യന്തം പൂജ്യങ്ങളുമായ ഈ സൂക്തരൂപസ്തോത്രങ്ങളാൽ ജ്വലിക്കുന്ന തേജസ്സാർന്ന അഗ്നിക്കായി എന്റെ അച്ഛൻ വ്യശ്വൻ അവിടുത്തെ പരിചരിച്ച പോലെ പരിചരിക്കാവൂ.

24 നൂനമൎച്ചവിഹായസേ

സ്തോമേഭിസ്ഥൂരയൂപവൽ

ഋഷേവൈയശ്വദാമ്യായാഗ്നയേ

അന്വയം:—

| | |
|---|---|
| ഹേ വൈയശ്വ, ഋഷേ, | — വ്യശ്വസ്യപുത്ര, ഋഷേ, |
| വി—ഹായസേ, ദാമ്യായ | — മഹതേ, ദമേ, ഗൃഹേ<br>അരണിഭിൎമ്മഥ്യമാനത്വേന<br>ഭവായ |
| അഗ്നയേ സ്ഥൂരയൂപ—<br>വൽ | — തന്നാമകഃ ഋഷിരിവ |
| നൂനം സ്തോമേഭിഃ അൎച്ച | — സമ്പ്രതിസ്തോത്രൈസ്തുഹി |

അൎത്ഥം—(ഋഷി തന്നോടു തന്നെ പറയുന്നു) അല്ലയോ വ്യശ്വന്റെ മകനായ ഋഷേ, മഹാനും യജ്ഞഗൃഹത്തിൽ അരണികടഞ്ഞുളവായവനുമായ അഗ്നിക്കായി സ്ഥൂരയൂപൻ എന്ന ഋഷി പോലെ ഇപ്പോൾ സ്തോത്രങ്ങളാൽ അൎച്ചിക്കുക.

25 അതിഥിമ്മാനുഷാണാം

സൂനുംവനസ്പതീനാം

വിപ്രാഅഗ്നിമവസേപ്രത്നമീളതേ

വ. 13

അന്വയം:—

| | |
|---|---|
| വിപ്രാഃ മാനുഷാണാം<br>അതിഥിം | — മേധാവിനോ യജമാനാഃ<br>മനുഷ്യാണാമതിഥിവൽപൂജ്യം |
| വനസ്പതീനാം സൂനും | — വനസ്പതിരൂപാഭിരരണി<br>ഭിൎജ്ജായമാനത്വാത്തേഷാം<br>പുത്രം |
| പ്രത്നം അഗ്നിം അവസേ<br>ഈളതേ | — പുരാതനം തം കൎമ്മരക്ഷണായ<br>സ്തുവന്തി |

അർത്ഥം—മേധാവികളായ യജമാനന്മാർ, മനുഷ്യർക്ക് അതിഥിപോലെ പൂജ്യനും, വൃക്ഷരൂപങ്ങളായ അരണികളിൽ നിന്നുളവായതുകൊണ്ട് വൃക്ഷങ്ങളുടെ പുത്രനും പുരാതനനുമായ അഗ്നിയെ സ്വകർമ്മങ്ങളുടെ രക്ഷയ്ക്കായി സ്തുതിക്കുന്നു.

26 മഹോവിശ്വാഁഅഭിഷതോഽഽ
ഭിഹവ്യാനിമാനുഷാ
അഗ്നേനിഷഥ്സിനമസാധിബർഹിഷി

അന്വയം:—

| | | |
|---|---|---|
| ഹേ അഗ്നേ, മഹഃ | — | കർമ്മകർത്തൃത്വേന മഹതഃ |
| വിശ്വാൻ സതഃ | — | സർവ്വാൻ സ്തോതൄൻ |
| അഭി നമസാ | — | അഭിതസ്ത്വം സ്തുത്യതയാ |
| ബർഹിഷി അധി നി<br>സഥ്സി | — | നിഷീദ |
| (തഥാ) മാനുഷാ<br>ഹവ്യാനി അഭി | — | മനുഷ്യസംബന്ധീനി ഹവീംഷി സ്വീകർത്തുമഭിതോ നിഷീദ |

അർത്ഥം—അല്ലയോ അഗ്നേ, കർമ്മാനുഷ്ഠാനംകൊണ്ട് മഹാന്മാരായ എല്ലാ സ്തോതാക്കൾക്കും നേരെ അവിടുന്ന് വന്ദനീയനായി ദർഭയിലിരുന്നാലും. അതുപോലെ മനുഷ്യസംബന്ധികളായ ഹവിസ്സുകൾ സ്വീകരിപ്പാൻ നേരെ ഇരുന്നാലും.

27 വംസ്വാനോവാര്യാപുരു
വംസ്വരായഃപുരുസ്പൃഹഃ
സുവീര്യസ്യപ്രജാവതോയശസ്വതഃ

അന്വയം:—

| | | |
|---|---|---|
| (ഹേ അഗ്നേ,) വാര്യാ<br>പുരു നഃ വംസ്വ | — | വാര്യാണി, വരണീയാനി, പുരൂണി, ബഹൂനി ഗവാദീനി പ്രയച്ഛ |

(തഥാ) പുരു–സ്‌പൃഹഃ — പുരുഭിഃ, ബഹുഭിസ്സ്പൃഹണീയം
സു–വീര്യസ്യ,
പ്രജാ–വതഃ — ശോഭനവീര്യോപേതം, പുത്രപൌത്രാദിസഹിതം
യശസ്വതഃ രായഃ വംസ്വ — കീർത്തിമച്ഛധനമസ്മഭ്യം പ്രയച്ഛ (കർമ്മണി ഷഷ്ഠീ)

അർത്ഥം–അല്ലയോ അഗ്നേ, വരണീയങ്ങളായ ധാരാളം പശു മുതലായവയെ ഞങ്ങൾക്കു തന്നാലും. അതുപോലെ ഏവർക്കുമാശിക്കത്തക്കതും ശോഭനവീര്യമുററതും പുത്രപൌത്രാദികളോടു ചേർന്നതും കീർത്തിമത്തുമായ ധനം ഞങ്ങൾക്കു തന്നാലും.

28 ത്വംവരോസുഷാമ്ണേ
ഗ്നേജനായചോദയ
സദാവസോരാതിംയവിഷ്ഠശശ്വതേ

അന്വയം:–

ഹേ വരോ, വസോ,
യവിഷ്ഠ, അഗ്നേ, — സർവ്വൈർവ്വരണീയ, ശത്രൂണാം വാസയിതഃ, യുവതമാഗ്നേ,
ത്വം സു–സാമ്നേ ശശ്വതേ ജനായ — ശോഭനസാമവതേ ബഹവേ ജനായ
സദാ രാതിം ചോദയ — സർവ്വദാധനാദികം പ്രേരയ

അർത്ഥം–ഏവർക്കും വരണീയനും ശത്രുക്കളെ അകററി വസിപ്പിക്കുന്നവനും വീണ്ടും വീണ്ടും പിറവികൊണ്ടു് നിത്യയുവാവുമായ അഗ്നേ, അവിടന്നു് നല്ല സാമ (ഗാന)ത്തോടുകൂടിയ ജനത്തിന്നെല്ലാം എപ്പോഴും ധനാദികളെത്തിച്ചാലും.

29 ത്വംഹിസുപ്രതൂരസി
ത്വന്നോഗോമതീരിഷഃ
മഹോരായസ്സാതിമഗ്നേഅപാവൃധി

അന്വയം:-

ഹേ അഗ്നേ, ത്വം ഹി
സു-പ്രതൂഃ അസി — ത്വമേവ സ്തോതൃണാം ധനാദികം സുഷ്ഠുപ്രദാതാ ഭവസി
(അത ഏവ) ഗോ-മതീഃ
ഇഷഃ — പശ്വാദിയുക്താന്യന്നാനി
മഹഃ രായഃ സാതിം — മഹതോധനസ്യ പ്രാപ്തിഞ്ച
ത്വം നഃ അപ വൃധി — ആവവൃണു, പ്രയച്ഛ

അർത്ഥം-അല്ലയോ അഗ്നേ, അവിടുന്നുതന്നെയാണ് സ്തോതാക്കൾക്ക് ധനാദിയെ നന്നായിക്കൊടുക്കുന്നവൻ. അതിനാൽ പശുക്കൾ മുതലായവയോടുകൂടി അന്നങ്ങളും മഹത്തായ ധനത്തിന്റെ പ്രാപ്തിയും ഞങ്ങൾക്ക് തുറന്നുതന്നാലും, തന്നരുളിയാലും.

30 അഗ്നേത്വംയശാഅ
സ്യാമിത്രാവരുണാവഹ
ഋതാവാനാസമ്രാജാപൂതദക്ഷസാ വ. 14

അന്വയം:-

ഹേ അഗ്നേ, ത്വം
യശാഃ അസി — ദേവാനാം മദ്ധ്യേ യശസ്വീ ഭവസി
(അത ഏവത്വം)
ഋത-വാനാ — ഋതവന്തൌ, സത്യവന്തൌ
സം-രാജാ,
പൂത--ദക്ഷസാ — സമ്യഗ്രാജമാനൌ, ശുദ്ധബലൌ
മിത്രാവരുണാ ആ വഹ — മിത്രാവരുണാവസ്മിൻ കർമ്മണ്യാനയ

അർത്ഥം-അല്ലയോ അഗ്നേ, അവിടുന്ന് ദേവന്മാർക്കിടയിൽ യശസ്വിയാകുന്നു. അതിനാലവിടുന്ന്, സത്യവാന്മാരും നന്നായി ശോഭിക്കുന്നവരും ശുദ്ധബലമുററവരുമായ മിത്രവരുണന്മാരെ ഈ യജ്ഞത്തിലാനയിച്ചാലും.

വഗ്ഗം—15 മുതൽ 20കൂടി—ഉഷ്ണിഗനുഷ്ടുഭൌ ഛന്ദസീ ഇന്ദ്രഃ, വരുനാമകസ്യ രാജ്ഞഃ ദാനഞ്ച ദേവതാ.

1 സഖായആശിഷാമഹി

ബ്രഹ്മേന്ദ്രായവജ്രിണേ

സ്തുഷഊഷുവോനൃതമായധൃഷ്ണവേ

അന്വയം:—

| | | |
|---|---|---|
| ഹേ സഖായഃ, | — | മിത്രഭൂതാ ഋത്വിജഃ, |
| വജ്രിണേ ഇന്ദ്രായ | — | വജ്രഹസ്തായേന്ദ്രായ |
| ബ്രഹ്മ ആ ശിഷാമഹി | — | ഏതൽ സൂക്തരൂപം സ്തോത്രം വയമാശാസ്മഃ |
| (തത്ര) വഃ | — | സവ്വേഷാം യുഷ്മാകമത്ഥായ |
| നൃ-തമായ, ധൃഷ്ണവേ | — | സർവ്വേഷാം നേതൃതമായ, ശത്രൂണാം ധഷ്ണശീലായ |
| (തസ്മൈ അഹം) സു സ്തുഷേ ഉ | — | സ്തൌമ്യേവ |

അത്ഥം—അല്ലയോ ചങ്ങാതികളായ ഋത്വിക്കുകളേ, വജ്രായുധനായ ഇന്ദ്രന്നായി സൂക്തരൂപമായ ഈ സ്തോത്രം നമുക്കാശംസിക്കുക. നിങ്ങൾക്കെല്ലാം വേണ്ടി, ഏവക്കുമേററവും നേതാവും ശത്രുക്കളെ അമത്ത്തുന്നവനുമായ അവിടേയ്ക്കായി ഞാൻ നന്നായിത്തന്നെ സ്തുതി ചൊല്ലുന്നു.

2 ശവസാഹ്യസിശ്രുതോ

വൃത്രഹത്യേനവൃത്രഹാ

മഘൈർമ്മഘോനോഅതിശൂരദാശസി

അന്വയം:—

| | | |
|---|---|---|
| (ഹേ ഇന്ദ്ര,) ശവസാ ശ്രുതഃ അസി ഹി | — | ബലേന പ്രസിദ്ധോ ഭവസി ഖലു |
| വൃത്ര-ഹത്യേന വൃത്ര-ഹാ | — | വൃത്രാസുര ഹനനേന വൃത്രഹാ ഇതി പ്രസിദ്ധഃ |

| | |
|---|---|
| ഹേ ശൂര, മഘോനഃ | |
| മഘൈഃ | — ധനവതഃ പുരുഷാൻ ത്വദീയൈർദ്ധനൈഃ |
| അതി ദാശസി | — അതിക്രമ്യ സ്തോതൃഭ്യഃ പ്രയച്ഛസി |

അർത്ഥം–അല്ലയോ ഇന്ദ്ര, അവിടുന്നു് ബലം കൊണ്ടു് പ്രസിദ്ധനാണല്ലോ. വൃത്രാസുരവധം കൊണ്ടു് വൃത്രഹന്താവെന്നും കേൾവിപ്പെട്ടു. അല്ലയോ ശൂര, ധനവാന്മാരെയും ധനങ്ങളാൽ കടത്തിവെച്ചു് അവിടുന്നു് സ്തോതാക്കൾക്കു് കൊടുക്കുന്നു.

3 സനസ്തവാനആഭര
രയിഞ്ചിത്രശ്രവസ്തമം
നിരേകേചിദ്യോഹരിവോവസുർദ്ദദിഃ

അന്വയം:–

| | |
|---|---|
| ഹേ ഹരി–വഃ, സഃ | |
| സ്തവാനഃ | — ഹര്യശ്വേന്ദ്ര, തഥാവിധ സ്തൂയമാനസ്സൻ |
| ചിത്രശ്രവഃ–തമം | — അതിശയേന നാനാവിധാന്നോപേതം |
| രയിം നഃ ആ ഭര | — ധനം സമ്പാദയ, ദേഹി |
| യഃ നിരേകേ ചിൽ | — യസ്ത്വം നിർഗ്ഗമനേ ഏവ |
| വസുഃ | — ശത്രൂണാം വാസയിതാ ഭവസി, തവായുധനിർഗ്ഗമനാദേവശത്രവഃ പലായന്തേ ഖലു |
| (സഃ ത്വം) ദദിഃ | — ധനാനാം ദാതാഭവസി |

അർത്ഥം–ഹരികളെന്ന കുതിരകളോത്ത ഇന്ദ്ര, അപ്രകാരമെല്ലാമുള്ള അവിടുന്നു് ഞങ്ങളാൽ സ്തുതിയ്ക്കപ്പെടുന്നവനായി, നാനാവിധാന്നങ്ങളോടുകൂടിയ ധനം തന്നരുളിയാലും. യാതൊരവിടുന്നു് പുറത്തുവരവേതന്നെ ശത്രുക്കളെ അകററുന്നുവോ, അവിടുത്തെ ആയുധങ്ങൾ പുറത്തെടുക്കുമ്പോഴെ ശത്രുക്കൾ

പേടിച്ചോടുമോ, ആ അവിടുന്ന് (സ്തോതാക്കൾക്ക്) ധനദാതാവായി ഭവിക്കുന്നു.

4 ആനിരേകമുതപ്രിയ
മിന്ദ്രദർഷിജനാനാം
ധൃഷതാധൃഷ്ണോസ്തവമാനആഭര

അന്വയം:-

| | |
|---|---|
| ഹേ ധൃഷ്ണോ, ഇന്ദ്ര, | — ധർഷണശീലേന്ദ്ര, |
| ഉത പ്രിയം നിരേകം | — അപിച പ്രീണനാൽ പ്രിയതമം ധനം നിർഗ്ഗതം ഭവതി |
| (തദ്ധനം) ജനാനാം ആ ദർഷി | — സ്തോതൄണാമസ്മാകം വിവൃതം കുരു |
| (വിവൃത്യച) സ്തവമാനഃ | — സ്തൂയമാനസ്സൻ |
| ധൃഷതാ ആ ഭര | — ധൃഷ്ടേന മനസാ തദ്ധനമസ്മഭ്യം ദേഹി |

അർത്ഥം—ശത്രുക്കളെ കൂസലറ്റെതുർക്കുന്ന ഇന്ദ്ര, അവിടുത്തെ സന്തോഷിപ്പിക്കുന്നതിനാൽ ധനം പുറത്തുവരുന്നു. ആ ധനം സ്തോതാക്കളായ ഞങ്ങൾക്കുമുമ്പിൽ തുറന്നാലും. തുറന്നിട്ട്, സ്തുതിക്കപ്പെടുന്നവനായി, ധീരമായ മനസ്സോടുകൂടി ആ ധനം ഞങ്ങൾക്കു തന്നാലും.

5 നതേസഖ്യംനദക്ഷിണം
ഹസ്തംവരന്തആമുരഃ
നപരിബാധോഹരിവോഗവിഷ്ടിഷു വ. 15

അന്വയം:-

| | |
|---|---|
| ഹേ ഹരി–വഃ, ആ–മുരഃ | — ഹര്യശ്വേന്ദ്ര, സങ്ഗ്രാമകർത്താരഃ, പ്രതിയോദ്ധാരഃ |
| ഗോ–ഇഷ്ടിഷു | — പണിഭിരപഹൃതാനാം അങ്ഗിരസാം ഗവാമന്വേഷണേഷു |

തേ സവ്യം ഹസ്തം ന
വരന്തേ — ന നിവാരയന്തി
(തഥാ) ദക്ഷിണം ന — ഹസ്തം ന നിവാരയന്തി
(കിംച) പരി–ബാധഃ — പരിതോ ബാധമാനാ അന്യേ അസുരാശ്ച
(തവസവ്യദക്ഷിണ
ഹസ്തൌ) ന — നിവാരയന്തി

അർത്ഥം–ഹരികളെന്ന കുതിരകളൊത്ത ഇന്ദ്ര, അവിടുത്തെ എതിർത്ത പടയാളികളും, പണികളാൽ അപഹരിക്കപ്പെട്ട അംഗിരസ്സുകളുടെ പശുക്കളെക്കുറിച്ച അന്വേഷണങ്ങളിൽ, അവിടുത്തെ ഇടങ്കയ്യിനെ തടയുന്നില്ല; അതുപോലെ വലങ്കയ്യിനെയും തടയുന്നില്ല. പിന്നെ, എമ്പാടും ബാധിക്കുന്ന മററസുരന്മാരും അവിടുത്തെ ഇടംവലം കൈകളെ തടയുന്നില്ല. (അവിടുത്തെ അസ്ത്രപ്രയോഗാദികളെ ചെറുക്കാൻ അവർ ശക്തരല്ല.)

6 ആത്വാഗോഭിരിവവ്രജം
ഗീർഭിർഋണോമ്യദ്രിവഃ
ആസ്മാകാമഞ്ജരിതുരാമനഃപൃണ

അന്വയം:–
ഹേ അദ്രി–വഃ,
ഗീഃ–ഭിഃ, ത്വാ — വജ്രവന്നിന്ദ്ര, സ്തുതിവാഗ്ഭിസ്ത്വാം
ഗോഭിഃ–ഇവ വ്രജം — യഥാ ഗോപാലഃ ഗോഭിഃ ഗ്ഗോഷ്ഠം ഗച്ഛതി തദ്വൽ
ആ ഋണോമി സ്മ — പ്രാപ്നോമി (സ്തുതിഭിഃ)
(തതസ്ത്വം) ജരിതുഃ
കാമം ആ പൃണ — സ്തോതുർമ്മമാഭീഷ്ടമാപൂരയ
(തഥാ) മനഃ ആ - മദീയം മാനസം ധനാദി പ്രദാനേനാപൂരയ

അർത്ഥം–അല്ലയോ വജ്രവാനായ ഇന്ദ്ര, പൈമേപ്പുകാരൻ പൈക്കളോടുകൂടി തൊഴുത്തിലേയ്ക്കെന്നപോലെ, അവിടുത്തെ

സ്തുതിവചനങ്ങളോടുകൂടി ഞാൻ പ്രാപിക്കുന്നു. അതുകൊണ്ടവിടുന്നു് സ്തോതാവായ എന്റെ അഭീഷ്ടം പൂരിപ്പിച്ചാലും. അതുപോലെ എന്റെ മനസ്സിനെ ധനാദിദാനം കൊണ്ടും നിറച്ചാലും.

7 വിശ്വാനിവിശ്വമനസോ

ധിയാനോവൃത്രഹന്തമ

ഉഗ്രപ്രണേതരധിഷൂവസോഗഹി

അന്വയം:—

ഹേ വൃത്രഹൻ—തമ, ഉഗ്ര
പ്ര-നേതഃ, വസോ — വൃത്രസ്യ അതിശയേനഹന്തഃ ഉൽഗൂർണ്ണബല, സ്തോതൄണാം പ്രകർഷേണധനാദിനേതഃ, ശത്രൂണാം വാസയിതരിന്ദ്ര,
വിശ്വ—മനസഃ നഃ — ഏതന്നാമ്നോമമ (പൂജായാം ബഹുവചനം)
വിശ്വാനി — സർവ്വാണി കർമ്മാണി
ധിയാ സു അധി ഗഹി — മനസാസുഷ്ഠ്വധിഗച്ഛ

അർത്ഥം—വൃത്രനെ എനി ഉയരാത്തവിധം ഹനിച്ചവനും ഊക്കേറ്റവനും സ്തോതാക്കൾക്കു് ധനാദികൾ നന്നായെത്തിക്കുന്നവനും ശത്രുക്കളെ അകറ്റി വസിപ്പിക്കുന്നവനുമായ ഇന്ദ്ര, വിശ്വമനസ്സായ എന്റെ എല്ലാ കർമ്മങ്ങളെയും അവിടുന്നു് മനസ്സാൽ നന്നായി പ്രാപിച്ചാലും, അറിഞ്ഞാലും.

8 വയന്തേഅസ്യവൃത്രഹൻ

വിദ്യാമശ്ശൂരനവ്യസഃ

വസോസ്സ്പാർഹസ്യപുരുഹൂതരാധസഃ

അന്വയം:–

ഹേ വൃത്ര–ഹൻ, ശൂര,
പുരു-ഹൂത — വൃത്രഹന്തഃ, ബലവൻ, ബഹുഭിരാഹൂതേന്ദ്ര
നവ്യസഃ, സ്പാർഹസ്യ — നവതരം, സ്പൃഹണീയം
രാധസഃ തേ അസ്യ
വസോഃ — സംസാധകം തവപരിദൃശ്യമാനം ധനം (കർമ്മണിഷഷ്ഠീ)
വയം വിദ്യാമ — ലഭേമഹി

അർത്ഥം—വൃത്രഹന്താവും, ശൂരനും, പലരാലും വിളിക്കപ്പെട്ടവനുമായ ഇന്ദ്ര, വളരെ പുതുതും ഏവർക്കും ആശിക്കത്തക്കതും കർമ്മാദികളെ സാധിപ്പിക്കുന്നതുമായ അവിടുത്തെ ഇക്കണ്ട ധനം ഞങ്ങൾ നേടാവൂ.

9 ഇന്ദ്രയഥാഹ്യസ്തിതേ
പരീതന്നൃതോശവഃ
അമൃക്താരാതിഃപുരുഹൂതദാശുഷേ

അന്വയം:–

ഹേ നൃതോ, പുരു–ഹൂത.
ഇന്ദ്ര — സർവ്വസ്യാന്തര്യാമിതയാ നർത്തയിതഃ, ബഹുഭിരാഹൂതേന്ദ്ര
തേ ശവഃ യഥാ
അപരി–ഇതം അസ്തി ഹി— തവബലം യഥാശത്രുഭിരപരിഗതം ഭവതിഖലു
(തഥാ) ദാശുഷേ രാതിഃ — ഹവിർദ്ദത്തവതേ യജമാനായ ധനാദിദാനം
അമൃക്താ — ശത്രുഭിരഹിംസിതംഭവതി
(ത്വദത്തോലബ്ധംധനം ശത്രവോനഹിംസന്തി. ബലസ്യരക്ഷകസ്ത്വം ത്വദീയസ്യധനസ്യാപിരക്ഷകഃ)

അർത്ഥം–സർവ്വപ്രാണികളിലും അന്തര്യാമിയായി വർത്തിക്കുക കാരണം എങ്ങും നൃത്തംവക്കുന്നവനും പലരാലും വിളിക്കപ്പെട്ടവനുമായ ഇന്ദ്ര, അവിടുത്തെ ബലം ശത്രുക്കളാൽ

അപ്രതിഗതം, എതൃക്കപ്പെടാത്തതാണല്ലൊ. അതുപോലെ ഹവിസ്സേകിയ യജമാനന്നുള്ള അവിടുത്തെ ധനം മുതലായ ദാനവും ശത്രുക്കളാൽ ബാധിയ്ക്കപ്പെടുന്നില്ല. (അവിടുന്നരുളിയ ധനത്തെ ശത്രുക്കൾ ബാധിക്കുന്നില്ല. അവിടുത്തെസ്സംബന്ധിച്ച ബലത്തിന്നെന്നപോലെ ധനത്തിന്നും അവിടുന്നു രക്ഷകനാകുന്നു.)

10 ആവൃഷസ്വമഹാമഹ
മഹേനൃതമരാധസേ
ദൃള്ഹശ്ചിദ്ദൃഹ്യമഘവന്മഘത്തയേ വ. 16

അന്വയം:—

ഹേ മഹാ—മഹ, നൃ—തമ,
മഘ—വൻ, — അതിശയേന സർവ്വൈഃ പൂജനീയ, നേതൃതമ, ധനവന്നിന്ദ്ര,
മഹേ രാധസേ — മഹതേ ശത്രുധനാനാം സംസാധകായ ബലായ
ആ വൃഷസ്വ — സോമപാനേന സ്വോദരമാസിഞ്ച
(സോമപാനേനമത്തസ്സൻ)
ദൃള്ഹഃ ചിൽ — ദൃഢമപി ശത്രുപുരം
മഘത്തയേ ദൃഹ്യ — മഘാനാം, ധനാനാം ലാഭായ, വിദാരയ

അർത്ഥം—ഏവരാലും ഏററവും പൂജനീയനും അത്യന്തം നേതാവും ധനവാനുമായ ഇന്ദ്ര, ശത്രുധനം നേടാനുള്ള മഹത്തായ ബലത്തിന്നു വേണ്ടി, സോമത്താൽ സ്വന്തം വയറു നനച്ചാലും. സോമപാനഹൃഷ്ടനായി, ഉറപ്പുററതെങ്കിലും ശത്രുപുരത്തെ ധനലാഭത്തിന്നായി തകർത്താലും.

11 നൂഅന്യത്രാചിദദ്രിവ
സ്ത്വന്നോജഗ്മുരാശസഃ
മഘവഞ്ഛഗ്ധിതവതന്നഊതിഭിഃ

അന്വയം:—
ഹേ അദ്രി–വഃ, — വജ്രവന്നിന്ദ്ര, ത്വന്മാഹാത്മ്യമവിജ്ഞായ
നഃ ആ–ശസഃ — അസ്മാകമാശംസനാനി, അഭിലാഷാഃ
ത്വൽ അന്യത്ര ന ചിൽ
ജഗ്മുഃ — പുരാ അഗച്ഛൻ (തത്രഫലമലഭന്തഃ ഇദാനീന്ത്വാമഭിജ്ഞായ)
ഹേ മഘ–വൻ,
തവ തൽ — ധനവന്നിന്ദ്ര, തവ ധനം
ഊതി–ഭിഃ നഃ ശഗ്ധി — രക്ഷാഭിരസ്മഭ്യം ദേഹി

അർത്ഥം—അല്ലയോ വജ്രിയായ ഇന്ദ്ര, അവിടുത്തെ മാഹാത്മ്യമറിയാതെ ഞങ്ങളുടെ അഭിലാഷങ്ങൾ, പ്രാർത്ഥനകൾ മുമ്പ് അവിടുന്നിൽ നിന്നു വിട്ട് മറ്റൊരിടത്തു പോയി. അവിടെ ഫലം ലഭിക്കാതെ ഇപ്പോഴവിടുത്തെ അറിഞ്ഞ ഞങ്ങൾക്ക്, അല്ലയോ ധനവാനായ ഇന്ദ്ര, അവിടുത്തെ ധനം തന്നരുളിയാലും.

12 ന॒ഹ്യ॑൧ങ്॒ഗ്നൃതോ॑ത്വ॒
ദ॒ന്യംവി॒ന്ദാമി॒രാധ॑സേ
രാ॒യേദ്യു॒മ്നായശ॒വ॑സേചഗിർവ്വണഃ

അന്വയം:—
ഹേ അങ്ഗ, നൃതോ,
ഗിർവ്വണഃ, — നർത്തയിതഃ, ഗീർഭിർഭജനീയേന്ദ്ര,
രാധസേ രായേ — ബലസംസാധകായ ധനായ
ദ്യുമ്നായ, ശവസേ ച — യശസേ, വർദ്ധകായ ബലായ ച
ത്വൽ അന്യം നഹി
വിന്ദാമി — ത്വത്തോന്യം ന ലഭേ

അർത്ഥം—അഭിമുഖനും നൃത്തം വെയ്ക്കുന്നവനും, സ്തുതികളാൽ പ്രാപ്യനുമായ ഇന്ദ്ര, ബലം നേടാനുതകുന്ന ധനത്തിനും

യശസ്സിന്നും പോഷകമായ ബലത്തിന്നും വേണ്ടി അവിടുന്നല്ലാതെ അന്യനെ ഞങ്ങൾ തേടുന്നില്ല.

13 ഏന്ദുമിന്ദ്രായസിഞ്ചത
പിബാതിസോമ്യംമധു
പ്രരാധസാചോദയാതേമഹിത്വനാ

അന്വയം:–

| | |
|---|---|
| (ഹേ ഋത്വിജഃ,) ഇന്ദും | |
| ഇന്ദ്രായ | — സ്യന്ദനശീലം സോമം തസ്മൈ |
| ആ സിഞ്ചത | — ആശ്രയണദ്രവ്യേണ സേചനം കുരുത, അഭിഷ്ണുത |
| (തതഃ) സോമ്യം മധു | |
| പിബാതി | — മദകരം സോമം പിബതു |
| (പീത്വാ സ ഇന്ദ്രഃ) മഹി– | |
| ത്വനാ രാധസാ | — മഹത്വയുക്തേനാന്നേന സഹ |
| പ്ര ചോദയാതേ | — ധനാദികം സ്തോതൃഭ്യശ്ചോദയതി |

അത്ഥം—അല്ലയോ ഋത്വിക്കുകളേ, ഇന്ദ്രന്നായി ഒഴുകുന്ന സോമത്തെ പാൽ മുതലായവ ചേർത്തു സംസ്കരിക്കുക. പിന്നെ ഹഷ്കരമായ സോമരസം അവിടുന്ന് കുടിക്കട്ടെ. കുടിച്ചിട്ട്, ഇന്ദ്രൻ മഹിമയുററ അന്നത്തോടുകൂടി സ്തോതാക്കൾക്ക് ധനാദികളെത്തിക്കുന്നു. (ഇവിടെ പ്രചോദയാതേ എന്ന പദം കൊണ്ട് പ്രചോദിപ്പിക്കുന്നു എന്നത്ഥത്തിൽ ധനാദികൾ ഭൌതികങ്ങളല്ലെന്നും ആത്മീയ വിഭുത്വങ്ങളാണെന്നും വരുന്നു.)

14 ഉപോഹരീണാംപതിം
ദക്ഷംപൃഞ്ചന്തമബ്രവം
നൂനംശ്രുധിസ്തുവതോഅശ്വ്യസ്യ

അന്വയം:–

(ഹേ ഇന്ദ്ര,) ഹരീണാം
പതിം — ഹരിതാശ്വാനാം പാലയിതാരം
ദക്ഷം, പൃഞ്ചന്തം — സ്വബലം, ശത്രൂഷു ആയുധാദിഭിസ്സമ്പൃച്ഛന്തന്ത്വാം
ഉപോ അബ്രവം — വിശ്വമനാ അഹം സ്തോത്രം കരവാണി
സ്തുവതഃ അശ്വ്യസ്യ
നൂനം ശ്രുധി — അശ്വപുത്രസ്യമേ സ്തുതിം സമ്പ്രതി ശൃണു

അർത്ഥം–അല്ലയോ ഇന്ദ്ര, പച്ചക്കുതിരകളുടെ പാലകനും സ്വയം ബലവാനും ശത്രുക്കളെ ആയുധങ്ങളാൽ തൊടുന്നവനുമായ അവിടുത്തേക്കു്, വിശ്വമനസ്സായ ഞാൻ സ്തോത്രം ചൊല്ലുന്നു. സ്തുതിക്കുന്ന അശ്വപുത്രനായ എൻെറ സ്തുതി ഇപ്പോൾ കേട്ടാലും.

15 നഹ്യ∫ങ്ഗ്പുരാചന
ജജ്ഞേവീരതരസ്ത്വൽ
നകീരായാനൈവഥാനഭന്ദനാ വ. 17

അന്വയം:–

ഹേ അങ്ഗ, (ഇന്ദ്ര,)
പുരാ ത്വൽ വീര–തരഃ — ത്വത്തോധികോ വീരഃ
നഹി ജജ്ഞേ — ന ജാതഃ ഖലു
(കിഞ്ചത്വത്തോപി) രായാ
നകിഃ ചന — ധനേനയുക്തഃ ന കശ്ചിജ്ജാതഃ
(തഥാ) ഏവ–ഥാ ന — സ്തോതൄണാമവനേ ത്വത്തോധികോ ന ജാതഃ
(കിഞ്ച) ഭന്ദനാ ന — സ്തുത്യാ ച ത്വദധികോ ന ജാതഃ
(വീര്യവാൻ, ധനവാൻ, രക്ഷകഃ, സ്തുത്യശ്ച ത്വത്തോധികോ ന ജജ്ഞേ)

അൎത്ഥം—അല്ലയോ പ്രസിദ്ധനായ ഇന്ദ്ര, മുമ്പ് അവിടത്തേക്കാൾ കൂടുതൽ വീര്യവാൻ ജനിച്ചിട്ടേ ഇല്ല. അവിടത്തോളം ധനവാനുമുണ്ടായിട്ടില്ല. സ്തോതാക്കളുടെ രക്ഷണത്തിലും അവിടുന്നല്ലാതെ മററാരുമുണ്ടായിട്ടില്ല. സ്തുതികൊണ്ടും മററാരും അവിടത്തേക്കാൾ മീതെ ഉൽപന്നനായിട്ടില്ല. (വീര്യം, ധനം, രക്ഷകത്വം, സ്തുത്യൎഹത്വം ഇവ നാലിലും ആരും അവിടുത്തെക്കാൾ മീതെയില്ല.)

16 ഏദുമധ്വോമദിന്തരം
സിഞ്ചവാധ്വര്യോഅന്ധസഃ
ഏവാഹിവീരസ്തവതേസദാവൃധഃ

അന്വയം:—

ഹേ അധ്വര്യോ, മധ്വഃ

അന്ധസഃ — മദകരസ്യ സോമാന്നസ്യ

മദിൻ—തരം ഇൽ ഉ — അത്യൎത്ഥം മാദയിതൃതമം സോമരസമേവ

ആ സിഞ്ച — ഇന്ദ്രാൎത്ഥമഭിഷുണു

വീരഃ സദാ—വൃധഃ വാ

ഏവ — സമൎത്ഥഃ സൎവ്വദാ ഹവിൎഭി-വൎദ്ധനീയശ്ചൈവേന്ദ്രഃ

സ്തവതേ ഹി — സ്തോത്രശസ്ത്രാദിഭിസ്തൂയതേ ഖലു

അൎത്ഥം—അല്ലയോ അധ്വര്യോ, ഏററവും ഹൎഷകരമായ സോമരസം തന്നെ ഇന്ദ്രനുവേണ്ടി സംസ്കരിക്കുക. സമൎത്ഥനും എപ്പോഴും ഹവിസ്സുകളാൽ വൎദ്ധിക്കുന്നവനുമായ ഇന്ദ്രൻ മാത്രമാണ് സ്തോത്രശസ്ത്രാദികളാൽ സ്തുതിക്കപ്പെടുന്നത്. (അതിന്നു യോഗ്യൻ)

17 ഇന്ദ്രസ്ഥാതൎഹരീണാം
നകിഷ്ടേപൂൎവ്യസ്തുതിം
ഉദാനംശശവസാനഭന്ദനാ

**അന്വയം:—**

**ഹേ ഹരീണാം സ്ഥാതഃ,**
**ഇന്ദ്ര,** — അശ്വാനാമധിഷ്ഠാതരിന്ദ്ര,
**തേ പൂർവ്വ്യ–സ്തുതിം** — പൂർവ്വൈരൃഷിഭിഃ കൃതാം സ്തുതിം ഉപലക്ഷണമേതൽ ഇദാനീന്തനൈഃ ക്രിയമാണാമപി സ്തുതിം
**നകിഃ ശവസാ ഉൽ ആനംശ** — ന കശ്ചിൽ ബലേന വ്യാപ്നോതി കശ്ചിന്നാതിക്രാമതി
**(കിംച) ഭന്ദനാ ന** — സർവ്വൈഃ പ്രാർത്ഥനീയത്വാൽ ധനേന സ്തുത്യാവാ, ന അതിക്രാമതി

അർത്ഥം—കുതിരകളുടെ പുറത്തിരിക്കുന്ന ഇന്ദ്ര, അവിടുത്തെസ്സംബന്ധിച്ച്, പണ്ടത്തെ ഋഷികളാൽ ചെയ്യപ്പെട്ട സ്തുതിയെ ആരും അതിക്രമിച്ചിട്ടില്ല. ഇന്നത്തെ സ്തുതിയെയും ആരും അതിക്രമിച്ചിട്ടില്ല. സർവ്വരാലും പ്രാർത്ഥ്യനാകകൊണ്ട് സ്തുതികൊണ്ടോ, സ്തുതിഫലമായ ധനംകൊണ്ടോ ആരും അതിക്രമിച്ചിട്ടില്ല. (അത്ര മഹത്വമുററവയും ക്ഷിപ്രഫലങ്ങളുമാണ് ഋഷികളുടെ സ്തോത്രങ്ങൾ).

18 തംവോവാജാനാംപതി
മഹൂമഹിശ്രവസ്യവഃ
അപ്രായുഭിര്യജ്ഞേഭിർവ്വാവൃധേന്യം

**അന്വയം:—**

**(ഹേ ഋത്വിജഃ,)**
**അപ്രായു–ഭിഃ** — കർമ്മസു അപ്രമാദ്യന്മനുഷ്യയുക്തൈഃ
**യജ്ഞേഭിഃ വവൃധേന്യം** — യജ്ഞൈർവ്വർദ്ധനീയം
**വാജാനാം പതിം** — അന്നാനാം സ്വാമിനം

വഃ തം — യഷ്ടൃയഷ്ടവ്യസംബന്ധേന യുഷ്മദീയമിന്ദ്രം
ശ്രവസ്യവഃ അഹ്വമഹി — വയമന്നകാമാസ്സന്തഃ ആഹ്വയാമഃ

അർത്ഥം—അല്ലയോ ഋത്വിക്കുകളേ, കർമ്മങ്ങളിൽ പിഴ പററാത്ത പങ്കാളികളൊത്ത യജ്ഞങ്ങളാൽ വർദ്ധിപ്പിക്കപ്പെടുന്നവനും, അന്നങ്ങൾക്ക് സ്വാമിയും യജിക്കുന്നവനും യജിക്കപ്പെടുന്നവനുമായ ബന്ധംകൊണ്ട് നിങ്ങൾക്ക ചേർന്നവനുമായ ആ ഇന്ദ്രനെ നാം അന്നേച്ഛുക്കളായി വിളിക്കുന്നു.

19 ഏതോന്വിന്ദ്രംസ്തവാമ
സഖായസ്സ്തോമ്യന്നരം
കൃഷ്ടീര്യോവിശ്വാഅഭ്യസ്ത്യേകഇൽ

അന്വയം:—

ഹേ സഖായഃ, — മിത്രഭൂതാ ഋത്വിജഃ,
നു ഏതോ — ക്ഷിപ്രമാഗച്ഛതൈവ
യഃ ഏകഃ ഇൽ — അസഹായഏവസൻ
വിശ്വാഃ കൃഷ്ടീഃ അഭി അസ്തി — ശത്രുസേനാ അഭിഭവതി
(തം) സ്തോമ്യം നരം ഇന്ദ്രം സ്തവാമ — സ്തോമാർഹം നേതാരമിന്ദ്രം സ്തോത്രം കരവാമ

അർത്ഥം—അല്ലയോ ചങ്ങാതികളായ ഋത്വിക്കുകളേ, വേഗംതന്നെ വരുവിൻ. ഏവൻ ഒററയ്ക്ക് അസഹായനായിത്തന്നെ എല്ലാ ശത്രുസേനകളെയും കീഴടക്കുന്നുവോ, സ്തുത്യനും നേതാവുമായ ആ ഇന്ദ്രനെ നമുക്ക് സ്തുതിക്കാം.

20 അഗോരുധായഗവിഷേ
ദ്യുക്ഷായദസ്മ്യംവചഃ
ഘൃതാൽസ്വാദീയോമധുനശ്ചവോചത വ. 18

അന്വയം:—

(ഹേ ഋത്വിജഃ,)

അഗോ-രുധായ — ഗാഃ സ്തുതീഃ രുണദ്ധീതി ഗോരുധഃ, ന ഗോരുധഃ, അഗോരുധഃ ആദരേണ താ ശൃണ്വതേ

ഗോ-ഇഷേ — സ്തോത്രാണീച്ഛതേ

ദ്യുക്ഷായ ദസ്മ്യം — ദീപ്യമാനായേന്ദ്രായ അത്യന്തം ദർശനീയം

ഘൃതാൽ മധുനഃ ച സ്വാദീയഃ — സ്വാദുതരാദാജ്യാന്മധുനശ്ച അതിശയേന സ്വാദു

വചഃ വോചത — സ്തോത്രരൂപവാക്യം ബ്രൂത

അർത്ഥം—അല്ലയോ ഋത്വിക്കുകളേ, സ്തുതികൾ ആദരത്തോടുകൂടി കേൾക്കുന്നവനും അവയിഷ്ടപ്പെടുന്നവനും പ്രകാശമാനനുമായ ഇന്ദ്രന്നായി ഏററവും ദർശനീയവും നെയ്യിനേക്കാളും തേനിനേക്കാളും മധുരതരവുമായ സ്തോത്രരൂപമായ വാക്യം ചൊല്ലുക. (ദർശനീയമായ വാക്യം എന്നതുകൊണ്ടു് കാണത്തക്കവണ്ണം മിഴിവും മികവുററതുമെന്നർത്ഥം—ഋത്വിക്കുകളാൽ ചെയ്യപ്പെടുന്നതു് യജമാനന്നുവേണ്ടിയാകയാൽ ഋത്വിക്കുകളുടെ വാക്യം എന്റെ കൂടിയാണു്.)

21 യസ്യാമിതാനിവീര്യാഽഽ
നരാധഃപര്യേതവേ
ജ്യോതിർന്നവിശ്വമഭ്യസ്തിദക്ഷിണാ

അന്വയം:—

യസ്യ വീര്യാ അമിതാനി — യസ്യേന്ദ്രസ്യവൃത്രവധാദീനി വീര്യാണ്യപരിമിതാനി

(തഥായസ്യ) രാധഃ

പരി-ഏതവേ ന — ധനം ശത്രുഭിഃ പരിഗന്തും ശക്യം ന ഭവതി

(യസ്യ) ദക്ഷിണാ — ധനദാനം

ജ്യോതിഃ ന — യഥാന്തരിക്ഷം സർവ്വംലോകം പിധായ തിഷ്ഠതി തഥാ
വിശ്വം അഭി അസ്തി — സർവ്വം സ്തോതൃജനമഭിഭവതി

അർത്ഥം—(ഋഷി തന്നെത്താൻ പറയുന്നു.) യാതൊരിന്ദ്രന്റെ വൃത്രവധം മുതലായ വീരകർമ്മങ്ങൾ എണ്ണമററവയാണോ, അതുപോലെ ഏവന്റെ ധനം ശത്രുക്കൾക്കു പ്രാപിക്കുവാൻ കഴിവററതാണോ, ഏവന്റെ ധനദാനം, ആകാശം ലോകത്തെ മുഴുവൻ മൂടിനില്ക്കുന്നപോലെ, സ്തോതൃജനത്തെ മുഴുവൻ നേരെ പ്രാപിക്കുന്നതാണോ,

22 സ്തുഹീന്ദ്രംവ്യശ്വവ
ദനൂർമ്മിംവാജിനംയമം
അര്യോഗയംമംഹമാനംവിദാശുഷേ

അന്വയം: –

(ഹേ വിശ്വമനഃ)
അനൂർമ്മിം — കൈശ്ചിദപ്യഹിംസ്യം
വാജിനം, യമം — ബലവന്തം, സ്തോതൃഭിസ്സു നിയതം
(തം) ഇന്ദ്രം വ്യശ്വ–വൽ സ്തുഹി — യഥാവ്യശ്വഃ തവപിതാസ്തൌൽ തദ്വൽസ്തുഹി
(സ്തുതശ്ചേൽ) അര്യഃ — സ്വാമീന്ദ്രഃ
ദാശുഷേ മംഹമാനം ഗയം വി — ഹവിർദ്ദത്തവതേ യജമാനായ പൂജ്യമാനം ധനം വിതരതി

അർത്ഥം–അല്ലയോ വിശ്വമനസ്സേ, ആരാലും ഹിംസിക്കപ്പെടാൻ കഴിയാത്തവനും ബലവാനും (എന്നാൽ) സ്തോതാക്കളാൽ നിയന്ത്രിക്കപ്പെട്ടവനുമായ (സ്തോതാക്കൾക്കധീനനുമായ) ആ ഇന്ദ്രനെ, നിന്റെ അച്ഛനായ വ്യശ്വൻ സ്തുതിച്ചപോലെ

സ്തുതിക്കുക. സ്തുതിക്കപ്പെട്ടാൽ സ്വാമിയായ അവിടുന്നു് ഹവിസ്സേകിയ യജമാനന്നു് സമ്പൂജ്യമായ ധനം കൊടുക്കുന്നു. (യുഗ്മകം)

23 ഏവാന്നൂനമുപസ്തുഹി
വൈയശ്വദശമംനവം
സുവിദ്വാംസംചർകൃത്യഞ്ചരണീനാം

അന്വയം:—

ഹേ വൈയശ്വ — വ്യശ്വസ്യപുത്ര,
ചരണീനാം ദശമം — മനുഷ്യേഷു വർത്തമാനാനാം നവപ്രാണാനാം ഇന്ദ്രഃ ദശധാ ഭവതി തഥാ ദശധാചരന്തം പ്രാണം
നവം, സു–വിദ്വാംസം — സ്തുത്യം, അന്തര്യാമിത്വാൽ സർവ്വം സുഷ്ഠു ജാനന്തം
ചർകൃത്യം ഏവ — ഭൂയോഭൂയസ്സർവ്വൈർന്നമസ്കൃത്യമിന്ദ്രമേവ
നൂനം ഉപ സ്തുഹി — ഇദാനീം സമീപേ സ്തുഹി

അർത്ഥം—അല്ലയോ വ്യശ്വപുത്ര, മനുഷ്യരിൽ വർത്തിക്കുന്ന ഒമ്പതു പ്രാണന്മാർക്കു പുറമേ പത്താമത്തെ പ്രാണനും, സ്തുത്യനും അന്തര്യാമിയായി എല്ലാം നന്നായറിയുന്നവനും, ഏവരാലും വിണ്ടും വീണ്ടും നമസ്കരിക്കപ്പെടേണ്ടവനുമായ ഇന്ദ്രനെത്തന്നെ ഇപ്പോൾ അണഞ്ഞു സ്തുതിക്കുക.

24 വേത്ഥാഹിനിരൃതീനാം
വജ്രഹസ്തപരിവൃജം
അഹരഹശ്ശുന്ധ്യുഃപരിപദാമിവ

അന്വയം:-

| | |
|---|---|
| ഹേ വജ്ര–ഹസ്ത, | — വജ്രപാണേ, ഇന്ദ്ര, |
| അഹഃ–അഹഃ ശുന്ധ്യുഃ | — ദിവസം പ്രത്യാദിത്യ ഉദിതേ (ശോധനഹേതുത്വാൽ ശുന്ധ്യുഃ) |
| പരിപദാം–ഇവ | — പരിതഃ പതതാം പക്ഷിണാം വർജ്ജനം, സ്വസ്ഥാനത്യാഗം യഥാവേത്ഥി തഥാ |
| നിഃ–ഋതീനാം | |
| പരി–വൃജം | — ഉപദ്രവകാരിണാം രക്ഷസാം പരിവർജ്ജനം |
| (ത്വം) വേത്ഥ ഹി | — ത്വമേവ ജാനീഷേ |

അർത്ഥം—അല്ലയോ വജ്രം കയ്യിലേന്തിയ ഇന്ദ്ര, ദിവസം പ്രതി എല്ലാം ശുദ്ധീകരിക്കുന്ന ആദിത്യൻ, തന്റെ ഉദയത്തിൽ എമ്പാടും പറക്കുന്ന പക്ഷികൾ സ്വന്തംസ്വന്തം കൂടുകൾ വിടുന്നതറിയുന്നപോലെ, (അവിടുത്തെ വരവിൽ) ദ്രോഹികളായ രക്ഷസ്സുകളുടെ നിർഗ്ഗമനം, വിട്ടുമാറൽ, അവിടുന്നു മാത്രം അറിയുന്നു.

25 തദിന്ദ്രാവആഭര

യേനാദംസിഷ്ഠകൃത്വനേ

ദ്വിതാകുത്സായശിശ്നഥോനിചോദയ വ. 19

അന്വയം:—

| | |
|---|---|
| ഹേ ദംസിഷ്ഠ, ഇന്ദ്ര, | — അത്യന്തം ദർശനീയേന്ദ്ര, |
| കൃത്വനേ യേന | — കർമ്മകുർവ്വതേ യജമാനായ യേന രക്ഷണേന പാലനമകൃഥാഃ |
| തൽ അവഃ ആ ഭര | — തദ്രക്ഷണമസ്മഭ്യം പ്രയച്ഛ |
| (കിം ച) കുത്സായ ദ്വിതാ ശിശ്നഥഃ | — തന്നാമകായ ഋഷയേ ദ്വിപ്രകാരേണ ത്വം ശത്രൂനവധീഃ |
| (തദ്രക്ഷണമസ്മഭ്യം) നി ചോദയ | — നിതരാം പ്രേരയ |

അർത്ഥം–അത്യന്തം ദർശനീയനായ ഇന്ദ്ര, കർമ്മാനുഷ്ഠാതാവായ യജമാനനെ ഏതു രക്ഷണത്താൽ കാക്കുന്നുവോ, ആ രക്ഷണം ഞങ്ങൾക്കും തന്നരുളിയാലും. പിന്നെ, കുത്സൻ എന്ന ഋഷിക്കുവേണ്ടി രണ്ടുപ്രകാരത്തിൽ ശത്രുക്കളെ വധിച്ചുവല്ലോ. ആ രക്ഷയും ഞങ്ങൾക്കെത്തിച്ചാലും.

26 തമുത്വാന്നൂനമീമഹേ
നവ്യംദംസിഷ്ഠസന്യസേ
സത്വന്നോവിശ്വാഅഭിമാതീസ്സക്ഷണിഃ

അന്വയം:–

| | | |
|---|---|---|
| ഹേ ദംസിഷ്ഠ, | — | അത്യന്തദർശനീയേന്ദ്ര, |
| നവ്യം തം ഉ ത്വാ | — | സ്തോതവ്യം താദൃശമേവ ത്വാം |
| സന്യസേ | — | സന്യാസാർത്ഥം, ശത്രൂണാമായുധാനാം സന്യസനാർത്ഥം വാ |
| നൂനം ഈമഹേ | — | ഇദാനീം യാചാമഹേ |
| സഃ ത്വം നഃ വിശ്വാഃ | | |
| അഭി–മാതീഃ | — | രാഗദ്വേഷാദീഞ്ഛത്രൂൻ, സർവ്വാശ്ശത്രുസേനാ വാ |
| സക്ഷണിഃ | — | അഭിഭവനശീലോ ഭവസി |

അർത്ഥം–ഏററവും ദർശനീയനായ ഇന്ദ്ര, സ്തോതവ്യനായ അവിടുത്തോടു ഞങ്ങൾ ഇപ്പോൾ സന്യാസത്തിന്നായി യാചിക്കുന്നു. (അല്ലങ്കിൽ ശത്രുക്കളുടെ ആയുധം വെപ്പിക്കാൻ യാചിക്കുന്നു.) ആ അവിടുന്നു് ഞങ്ങളുടെ രാഗദ്വേഷാദികളായ എല്ലാ ശത്രുക്കളെയും (അല്ലങ്കിൽ എല്ലാ ശത്രുസേനകളെയും) കീഴടക്കുന്നവനാണു്.

27 യഋക്ഷാദംഹസോമുച
ദ്യോവാര്യാൽസപ്തസിന്ധുഷു
വധർദ്ദാസസ്യതുവിനൃമ്ണനീനമഃ

അന്വയം:–

യഃ ഋക്ഷാൽ — രക്ഷസോ ജാതാൽ
അംഹസഃ മുചൽ — ഉപദ്രവാൽ മനുഷ്യാൻ മുഞ്ചതി
യഃ വാ സപ്ത സിന്ധുഷു — യശ്ച ഗംഗാദ്യാസുനദീഷു
വൎത്തമാനാനാം സ്തോതൄണാം
ആര്യാൽ — ധനാദികം പ്രേരയേൽ
ഹേ തുവി–നൃമ്ണ — ബഹുധനേന്ദ്ര, സത്വം
ദാസസ്യ വധഃ നീനമഃ — ഉപക്ഷയിതുരസുരസ്യ ഹനന
സാധനമായുധം നമയ

അൎത്ഥം–ഏവൻ രക്ഷസ്സുകളിൽ നിന്നുണ്ടാവുന്ന ഉപദ്രവത്തിൽ നിന്നു് മനുഷ്യരെ മോചിപ്പിക്കുന്നുവോ, ഏവൻ ഗംഗാദികളായ ഏഴു നദികളിൽ വൎത്തിക്കുന്ന സ്തോതാക്കൾക്കു് ധനം മുതലായവയെത്തിക്കുകയും ചെയ്യുന്നുവോ, അല്ലയോ ബഹുധനനായ ഇന്ദ്ര, ആ അവിടുന്നു് ദ്രോഹിയായ അസുരനെ കൊല്ലാനുള്ള ആയുധം കുനിച്ചാലും.

28 യഥാ॑വരോസുഷാ॒മ്ണേ॑
സ॒നിഭ്യ॒ആവ॑ഹോര॒യിം
വ്യ॑ശ്വേഭ്യസ്സുഭഗേവാജിനീവതി

അന്വയം:–

(അനേനതൃചേന വരുനാമകസ്യ രാജ്ഞോദാനം സൂച്യതേ)
ഹേ വരോ, — വരുനാമക, രാജൻ
സു–സാമ്നേ — സുഷാമാഖ്യം രാജാനം
സ്വപിതരമുദ്ദിശ്യ തസ്യോത്തമ
ലോകപ്രാപ്ത്യൎത്ഥം
സനി–ഭ്യഃ ആ — ഭിക്ഷമാണേഭ്യഃ കോശാദാഹൃത്യ
രയിം യഥാ അവഹഃ — യഥാ പുരാധനം പ്രാപിത
വാനസി തഥാ
വി–അശ്വേഭ്യഃ — വ്യശ്വപുത്രേഭ്യോസ്മഭ്യം
ധനമാവഹ

ഹേ സു-ഭഗേ,
വാജനീ-വതി — ശോഭനധനയുക്തേ,
അന്നവതി ഹേ ഉഷഃ
ത്വഞ്ചാസ്മഭ്യം ധനം പ്രയച്ഛ

അർത്ഥം-(വരുന്ന മൂന്ന് ഋക്കുകളാൽ വരുവെന്ന രാജാവിൻെറ ദാനത്തെ സ്തുതിക്കുന്നു.)-അല്ലയോ വരോ, രാജാവേ, സുഷാമാവെന്ന തൻെറ അച്ഛനായ രാജാവിനെ ഉദ്ദേശിച്ച്, അദ്ദേഹത്തിന്ന് ഉത്തമലോകപ്രാപ്തിക്കായി, അർത്ഥികൾക്ക് പെട്ടിയിൽ നിന്നെടുത്ത് ധനമെപ്രകാരം വിതരണം ചെയ്തുവോ, അപ്രകാരം വ്യശ്വപുത്രന്മാരായ ഞങ്ങൾക്കും ധനം കൊണ്ടുതന്നാലും. അല്ലയോ ശോഭനധനേ, അന്നവതി, ഉഷസ്സേ, അവിടുന്നും ഞങ്ങൾക്ക് ധനം തന്നാലും. (സുദിനത്വത്തിന്നുവേണ്ടി ഉഷസ്സിനോടും പ്രാർത്ഥിക്കുന്നു,)

29 ആനാര്യസ്യദക്ഷിണാ
വ്യശ്വാഁഏതുസോമിനഃ
സ്ഥൂരഞ്ചരാധശ്ശതവൽസഹസ്രവൽ

അന്വയം:-

നാര്യസ്യ — നരഹിതസ്യാപത്യസ്യ, വരോഃ
ദക്ഷിണാ — ദാനം
സോമിനഃ വി-അശ്വാൻ
ആ ഏതു — സോമവതോവ്യശ്വ
പുത്രാനസ്മാനാഗച്ഛതു
സ്ഥൂരം ശത-വൽ
സഹസ്ര-വൽ — സ്ഥൂലം ശതസഹസ്രധനയുക്തം
രാധഃ ച — അന്നഞ്ചാസ്മാനാഗച്ഛതു

അർത്ഥം-മനുഷ്യഹിതനായ സുഷാമാവിൻെറ പുത്രനായ വരുവിൻെറ ദാനം, സോമത്തോടുകൂടിയ (യാഗാനുഷ്ഠാതാക്കളായ) വ്യശ്വപുത്രന്മാരായ ഞങ്ങളെ പ്രാപിക്കട്ടെ. സ്ഥൂലവും, നൂറും ആയിരവും ധനത്തോടുകൂടിയതുമായ അന്നവും ഞങ്ങളെ പ്രാപിക്കട്ടെ.

30 യത്ത്വാപൃച്ഛാദീജാനഃ
കുഹയാകുഹയാകൃതേ
ഏഷോഅപശ്രിതോവലോ
ഗോമതീമവതിഷ്ഠതി

വ 20

അന്വയം:–

| | |
|---|---|
| ഹേ കുഹയാ–കൃതേ | — സവരുഃ കുഹ, കുത്രതിഷ്ഠതീ ത്യേതദിച്ഛയാഭിരക്ഷണൈ ർജ്ജിജ്ഞാസുഭിഃ പുരസ്കൃതേ, ഉഷഃ |
| ത്വാ യൽ പൃച്ഛാൽ | — ത്വാം യദാകശ്ചിൽപൃച്ഛതി |
| ''ഈജാനഃ കുഹയാ?'' | — ഇഷ്ടവാൻ വരുഃ ക്വതിഷ്ഠതീതി |
| (തദാനീം) ''അപ–ശ്രിതഃ | — വിവൃതദ്വാരഃ |
| വലഃ | — വരഃ, ഭിക്ഷൂണാം ധനാദി പ്രദാനേനാവരിതാ |
| ഏഷഃ ഗോ–മതീം | — ഏഷവരുഃ ഗോമതീനദീതീരേ |
| അവ തിഷ്ഠതി'' | — ഇതിത്വം കഥയസി |

അർത്ഥം–ആ വരുവെന്ന രാജാവു് എവിടെ ഇരിക്കുന്നു എന്നറിവാനാഗ്രഹത്താൽ അന്വേഷിക്കുന്നവരുടെ മുമ്പിൽ നില്ക്കുന്ന ഉഷസ്സേ, ''ദാനയജ്ഞത്തോടുകൂടിയ വരു എവിടെ?'' എന്നു് അവിടുത്തോടു ചോദിക്കുമ്പോൾ, ''വാതിൽ തുറന്നു പുറത്തുവന്ന ശ്രേഷ്ഠനും ധനദാനംകൊണ്ടു് അർത്ഥികളെ മൂടുന്നവനുമായ ആ വരു ഗോമതീനദീതീരത്തിലിരിക്കുന്നു'' എന്നു് അവിടുന്നു പറയുന്നു, അല്ലേ?

വർഗ്ഗം —21 മുതൽ 25 കൂടി–ഉഷ്ണിഗുഷ്ണിഗ്ഗർഭേച്ഛന്ദസീ, മിത്രാ–വരുണൗ വിശ്വേദേവാദേവതാ

1 ത്വാവാംവിശ്വസ്യഗോപാ
ദേവാദേവേഷുയജ്ഞിയാ
ഋതാവാനായജസേപൂതദക്ഷസാ

അന്വയം:—(വിശ്വമനസോവാക്യം)

| | |
|---|---|
| (ഹേ മിത്രാവരുണൌ,) | |
| വിശ്വസ്യ ഗോപാ | — ലോകസ്യ ഗോപയിതാരൌ |
| ദേവാ, ദേവേഷു യജ്ഞിയാ, | — ദേവൌ, ദേവേഷു മദ്ധ്യേ യജ്ഞാർഹൌ, |
| താ വാം | — തൌ യുവാം ഹവിസ്വീകരണാർത്ഥം യജമാനം ഭജഥഃ |
| (മിത്രാവരുണയോർവാക്യം) | |
| (ഹേ വിശ്വമനഃ) | |
| ഋത—വാനാ | — സത്യവന്തൌ |
| പൂത-ദക്ഷസാ | — ശുദ്ധബലാവാവാം, ബലവന്താവിതിവചനമാത്രേണ ബലവന്തൌ ന ഭവഥഃ, കിം തു യഥാർത്ഥത്വേന യജ്ഞേനൈവ |
| (മിത്രാവരുണൌ) യജസേ | — ത്വം ഹവിർഭിഃ പൂജയസി |

അർത്ഥം—വിശ്വമനസ്സിന്റെ വാക്യം—അല്ലയോ മിത്രവരുണന്മാരേ, ലോകപാലകന്മാരും ദേവന്മാരും ദേവന്മാർക്കിടയിൽ യജ്ഞാർഹന്മാരുമായ ആ നിങ്ങൾ ഹവിസ്സു കൈക്കൊള്ളാനായി യജമാനനെ പ്രാപിക്കുന്നു. (എനി മിത്രവരുണന്മാരുടെ വാക്യം) – അല്ലയോ വിശ്വമനസ്സേ, സത്യവാന്മാരും ശുദ്ധബലന്മാരുമായ ഞങ്ങൾ ബലവാന്മാരെന്നു് വാക്കുകൊണ്ടുമാത്രം പറഞ്ഞാൽ ബലവാന്മാരാകയില്ല. അതിനാലാണല്ലോ മിത്രവരുണന്മാരായ ഞങ്ങളെ അങ്ങു് ഹവിസ്സുകൾകൊണ്ടു് യജിക്കുന്നതു്.

2 മിത്രാതനാനരത്ഥ്യാʃʃ

വരുണോയശ്ചസുക്രതുഃ

സനാൽസുജാതാതനയാധൃതവ്രതാ

അന്വയം:—

| | |
|---|---|
| സു-ക്രതുഃ യഃ വരുണഃ | — ശോഭനകർമ്മാസഃ |
| (സുകർമ്മാ) മിത്രാ ച | — മിത്രാവരുണൌ |
| രഥ്യാ | — രഥവന്തൌ |

| | |
|---|---|
| സനാൽ സു–ജാതാ | — ചിരാദേവശോഭനജന്മാനൗ |
| തനയാ, | — അദിതേഃ പുത്രൗ |
| ധൃത–വ്രതാ തനാ ന | — ധൃതകൎമ്മാണൗ ധനാനി ച പ്രയച്ഛതഃ (നശ്ചാൎത്ഥേ) |

അൎത്ഥം–ശോഭനകൎമ്മാവായ വരുണനും അപ്രകാരമുള്ള മിത്രനും (മിത്രവരുണന്മാർ) തേരുററവരത്രെ. സനാതനന്മാരായി സുജാതന്മാരായ അവർ അദിതിയുടെ പുത്രരത്രെ. സ്വയം ധരിച്ച കൎമ്മങ്ങളോടുകൂടിയ അവർ ധനങ്ങളെയും തന്നരുളുന്നു.

3 താമാതാവിശ്വവേദസാ
സുര്യായപ്രമഹസാ
മഹീജജാനാദിതിരൃതാവരീ

അന്വയം:–

| | |
|---|---|
| വിശ്വ–വേദസാ | — സൎവ്വധനൗ |
| പ്ര–മഹസാ താ | — പ്രകൃഷ്ടതേജസ്സൗ തൗ മിത്രാവരുണൗ |
| മഹീ, ഋത–വരീ | — മഹതീ, സത്യവതീ |
| മാതാ അദിതിഃ | |
| അസുര്യായ | — ദേവമാതാ അസുരാണാം ഹന്ത്രേ ബലായ |
| ജജാന | — ജനയാമാസ |

അൎത്ഥം_സൎവ്വധനന്മാരും ഉൽകൃഷ്ടതേജസ്സുററവരുമായ ആ മിത്രവരുണന്മാരെ മഹതിയും സത്യവതിയുമായ ദേവമാതാവു്, അദിതി, അസുരന്മാരെ ഹനിയ്ക്കാനുള്ള ബലത്തിന്നു വേണ്ടിയാണു് പെററതു്.

4 മഹാന്താമിത്രാവരുണാ
സമ്രാജാദേവാവസുരാ
ഋതാവാനാവൃതമാഘോഷതോബൃഹൽ

**അന്വയം:—**

മഹാന്താ, സം—രാജാ — ഗുണാധികൌ, സമ്യക് ദീപ്യമാനൌ
അസുരാ — അസുരൌ, ബലവന്തൌ
ഋത—വാനൌ
മിത്രാവരുണാ — സത്യവന്തൌ മിത്രാവരുണൌ
ദേവൌ ബൃഹൽ ഋതം — മഹാന്തം യജ്ഞം
ആ ഘോഷതഃ — സ്വദീപ്ത്യാപ്രകാശയതഃ

അർത്ഥം—ഗുണങ്ങളാൽ പെരിയവരും നന്നായി പ്രകാശിക്കുന്നവരും ശക്തന്മാരും സത്യവാന്മാരുമായ മിത്രവരുണന്മാരെന്ന ദേവന്മാർ മഹത്തായ യജ്ഞത്തെ സ്വശോഭയാൽ വിളക്കുന്നു.

5 നപാതാശവസോമഹ
സൂനൂദക്ഷസ്യസുക്രതൂ
സൃപ്രദാനൂഇഷോവാസ്ത്വധിക്ഷിതഃ വ. 21

**അന്വയം:—**

മഹഃ ശവസഃ നപാതാ — മഹതഃ ബലസ്യ നപാതൌ പൌത്രൌ
ദക്ഷസ്യ സൂനൂ — വേഗസ്യ പുത്രൌ (ബലാദ്വേഗ ഇതി പുത്രപൌത്രത്വം)
സു—ക്രതൂ, സൃപ്ര—ദാനൂ — ശോഭനകർമ്മാണൌ, സുഷ്ഠു പ്രകർഷേണ ധനാദിദാനൌ, മിത്രാവരുണൌ
ഇഷഃ വാസ്തു അധി ക്ഷിതഃ — അന്നസ്യ നിവാസസ്ഥാനേ—ധിവസതഃ

അർത്ഥം—മഹത്തായ ബലത്തിന്റെ പൌത്രന്മാരും വേഗത്തിന്റെ പുത്രന്മാരും (ബലത്താൽ വേഗമുണ്ടാവുന്നതുകൊണ്ട് പുത്രപൌത്രത്വം കല്പിതം) ശോഭനകർമ്മാക്കളും നന്നായി വേണ്ടപോലെ ദാനംചെയ്യുന്നവരുമായ മിത്രവരുണന്മാർ അന്നത്തിന്റെ ഇരിപ്പിടത്തിലാണധിവസിക്കുന്നതു്.

6 സംയാദാനൂനിയേമഥു

ർദ്ദിവ്യാഃപാൎത്ഥിവീരിഷഃ

നഭസ്വതീരാവാഞ്ചരന്തുവൃഷ്ടയഃ

അന്വയം:—

(ഹേ മിത്രാവരുണൌ,
യൌയുവാം) യാ ദാനൂനി — ദേയാനി യാനി ധനാനി
സം യേമഥുഃ — അസ്മാസു സംയച്ഛതം
(തഥാ) ദിവ്യാഃ,
പാൎത്ഥിവീഃ ഇഷഃ — ദിവിഭവാനി, പൃഥിവ്യാ
മുൽപ്പന്നാന്യന്നാനി സംയച്ഛതം
(തൌ വാം വൃഷ്ട്യഭാവേ)
നഭസ്വതീഃ — ഉദകവത്യഃ
വൃഷ്ടയഃ വാം ആ ചരന്തു — യുവാമുപതിഷ്ഠന്തു
(യദാ വൃഷ്ട്യവേലാ തദാ വൎഷതം)

അൎത്ഥം—അല്ലയോ മിത്രവരുണന്മാരേ, നിങ്ങളേവർ, തരേണ്ടും ധനങ്ങളേവ ഞങ്ങൾക്കു് തരണമോ, അതുപോലെ ദ്യോവിലുണ്ടായവയും ഭൂവിലുളവായവയുമായ അന്നങ്ങൾ തരണമോ, ആ നിങ്ങളെ മഴയില്ലാത്ത കാലത്തു് ജലവതികളായ മഴകൾ പ്രാപിച്ചു വൎത്തിക്കട്ടെ. (മഴയില്ലാത്തപ്പോൾ മഴ നിങ്ങളെ പ്രാപിച്ചു നിങ്ങൾ വൎഷിച്ചാലും.)

7 അധിയാബ്ബൃഹതോദിവോഽഽ

ഭിയൂഥേവപശ്യതഃ

ഋതാവാനാസമ്രാജാനമസേഹിതാ

അന്വയം:—

യാ ബൃഹതഃ ദിവഃ — യൌ മഹതോ ദേവാൻ
യൂഥാ–ഇവ അഭി — വൃഷഭഃ ഗോയൂഥാനി
രന്തുമഭിമുഖം പശ്യതി തദ്വൽ
(സ്വവീൎയ്യേണാസുരാൻ ഹത്വാ താൻ ദേവാൻ മോദയിതും)

അധി പശ്യതഃ — അധീക്ഷതഃ
(തൌ) ഋത—വാനാ,
സം—രാജാ — സത്യവന്തൌ, സമ്യക്
രാജാനൌ മിത്രാവരുണൌ
നമസേ ഹിതാ — ഹവിഷേ ഹിതൌ,
പ്രിയൌ ഭവതഃ

അർത്ഥം—കാള, പശുക്കുട്ടത്തെ രമിപ്പാൻ വേണ്ടി നോക്കുന്ന പോലെ, ഏവർ സ്വവീര്യത്താൽ അസുരന്മാരെ ഹനിച്ച് മഹാന്മാരായ ദേവന്മാരെ സന്തോഷിപ്പിക്കുവാൻ നോക്കിക്കാണുന്നുവോ, ആ സത്യവാന്മാരും സുഭാസന്മാരുമായ മിത്രവരുണന്മാർ ഹവിസ്സിന്നു് ഹിതന്മാർ, പ്രിയന്മാരായി ഭവിക്കുന്നു. (അതായതു് ദേവന്മാരെ സന്തോഷിപ്പിക്കുന്ന മഹത്വമുററ മിത്രവരുണന്മാർ മനുഷ്യരൊരുക്കുന്ന ഹവിസ്സിൽ പ്രിയമുള്ളവരത്രെ.)

8 ഋതാവാനാനിഷേദതു
സ്സാമ്രാജ്യായസുക്രതൂ
ധൃതവ്രതാക്ഷത്രിയാക്ഷത്രമാശതുഃ

അന്വയം:—
ഋത—വാനാ, സു—ക്രതൂ — സത്യവന്തൌ,
ശോഭനകർമ്മാണൌ
മിത്രാവരുണൌ
സാം—രാജ്യായ
നി സേദതുഃ — സമ്രാജ്യായ ന്യസീദതാം
ധൃത-വ്രതാ, ക്ഷത്രിയാ — ധൃതകർമ്മാണൌ,
ബലവന്തൌ തൌ
ക്ഷത്രം ആശതുഃ — അനാശാതേ, വ്യാപ്നുതഃ

അർത്ഥം—സത്യവാന്മാരും സൽകർമ്മാക്കളുമായ മിത്രവരുണന്മാർ സാർവ്വഭൌമത്വത്തിന്നായി വർത്തിക്കട്ടെ. കർമ്മികളും ബലവാന്മാരുമായ അവർ ശക്തിയെ പ്രാപിക്കുന്നു.

9 അക്ഷ്ണശ്ചിദ്ഗാതുവിത്തരാ
നുല്ബണേനചക്ഷസാ
നിചിന്മിഷന്താനിചിരാനിചിക്യതുഃ

അന്വയം:—

| | |
|---|---|
| അക്ഷ്ണഃ ചിൽ<br>ഗാതുവിൽ—തരാ | — ചക്ഷുഷോപി പൂവ്വമതിശയേന മാഗ്ഗവേത്താരൌ |
| നി മിഷന്താ | — നിമിഷന്തൌ, സ്വസ്യകമ്മണി സവ്വമുന്മിഷയന്തൌ |
| നി-ചിരാ | — നിതരാം ചിരന്തനൌ മിത്രാവരുണൌ |
| അനുല്ബണേന<br>ചക്ഷസാ | — അദുസ്സഹേന തേജസാ |
| നി ചിക്യതുഃ ചിൽ | — പൂജിതൌ ബഭൂവതുരേവ |

അത്ഥം-കണ്ണിനേക്കാൾ മുമ്പ് (കണ്ണുനോക്കി കാണും മുമ്പ്) വെട്ടപ്പായി വഴിയറിയുന്നവരും, സ്വന്തം കമ്മങ്ങളിലെല്ലാററിനെയും ഇമപൂട്ടാതെ നോക്കുന്നവരും, ഏററവും പുരാതനന്മാരുമായ മിത്രവരുണന്മാർ സുസഹ്യമായ, സുഖകരമായ തേജസ്സുകൊണ്ടു് പൂജിതന്മാരായിത്തന്നെ ഭവിച്ചു.

10 ഉതനോദേവ്യദിതി
രുരുഷ്യതാന്നാസത്യാ
ഉരുഷ്യന്തുമരുതോവൃദ്ധശവസഃ
വ. 22

അന്വയം:—

| | |
|---|---|
| ഉത ദേവീ അദിതിഃ നഃ | — ദ്യോതനശീലാ സാ മിത്രവരുണയോമ്മാതാസ്മാൻ രക്ഷതു |
| നാസത്യാ ഉരുഷ്യതാം | — സത്യശീലാവശ്വിനൌ രക്ഷതാം |
| വൃദ്ധ—ശവസഃ മരുതഃ<br>ഉരുഷ്യന്തു | — പ്രവൃദ്ധവേഗാസ്തേസ്മാൻ പാലയന്തു |

അർത്ഥം—പിന്നെ, മിത്രവരുണന്മാരുടെ അമ്മയായ അദിതീദേവി നമ്മളെ രക്ഷിക്കട്ടെ. സത്യശീലരായ അശ്വികൾ കാക്കട്ടെ. അതീവേഗവാന്മാരായ മരുത്തുക്കൾ നമ്മളെ പാലിക്കട്ടെ.

11 തേനോ॑നാ॒വമു॑രുഷ്യത॒
ദിവാ॒നക്ത॑ംസുദാനവഃ
അരി॑ഷ്യന്തോ॒നിപാ॒യുഭി॑സ്സചേമഹി

അന്വയം:—

ഹേ സു—ദാനവഃ, — ശോഭനദാനാമരുതഃ,
അരിഷ്യന്തഃ തേ — കേനാപ്യഹിംസിതാസ്തേ യൂയം
നഃ നാവം — അസ്മദീയം യജ്ഞിയാം നാവം
ദിവാ നക്തം ഉരുഷ്യത — പാലയത
(തതോവയം) പായു—ഭിഃ — യുഷ്മദീയൈഃ പാലനൈഃ
നി സചേമഹി — നിതരാം സമവേതാഭവേമ

അർത്ഥം—ശോഭനദാനന്മാരായ മരുത്തുക്കളേ, ആരാലും ഹിംസിക്കപ്പെടാത്ത ആ നിങ്ങൾ ഞങ്ങളുടെ യജ്ഞമാകുന്ന തോണിയെ (പാപത്തിന്റെ അക്കരകടക്കാനുള്ള സൽകർമ്മത്തെ) രാവും പകലും രക്ഷിച്ചാലും. പിന്നെ, ഞങ്ങൾ നിങ്ങളുടെ രക്ഷണങ്ങളോട് കൂടിചേർന്നവരാകാവൂ.

12 അഘ്ന॑തേ॒വിഷ്ണ॑വേവ॒യ
മരി॑ഷ്യന്തസ്സു॒ദാന॑വേ
ശ്രു॒ധിസ്വ॑യാവന്ത്സിന്ധോ॒പൂർവ്വ॑ചിത്തയേ

അന്വയം:—

അരിഷ്യന്തഃ വയം — പാലനവത്വാൽ കേനാപ്യ ബാധിതാവയം
അഘ്നതേ, സു—ദാനവേ — സ്തോതൄണാം യഷ്ടൄണാഞ്ചാ ഹിംസകായ, ശോഭനദാനായ
വിഷ്ണവേ — സ്വമഹത്വേന സർവ്വവ്യാപകായ ദേവായ സ്തുതിം കുർമ്മഃ

ഹേ സ്വ–യാവൻ, — സ്വയമേവ, അസഹായസ്സൻ
ദിവി യാതീതി സഃ, താദൃശ,
ഹേ സിന്ധോ, — സ്തോതൄൻ പ്രതിധനാനാം
സ്യന്ദനശീല, വിഷ്ണോ
പൂൎവ്വ–ചിത്തയേ — പ്രാരബ്ധകൎമ്മണേ യജമാനായ,
തദൎത്ഥം
ശ്രുധി — അസ്മാഭിഃ ക്രിയമാണാം സ്തുതിം
ശൃണു

അൎത്ഥം—(ദേവന്മാരാൽ) രക്ഷിക്കപ്പെടുന്നതുകൊണ്ടു് ആരാലും ദ്രോഹിക്കപ്പെടാത്ത ഞങ്ങൾ, സ്തോതാക്കളെയും യഷ്ടാക്കളെയും ഒരിക്കലും ക്ലേശിപ്പിക്കാത്തവനും, ശോഭനദാനനുമായ വിഷ്ണുവിന്നായി, സ്വമഹത്വംകൊണ്ടു് എങ്ങും വ്യാപിച്ച ദേവന്നായി, സ്തുതി ചൊല്ലുന്നു. സ്വയം ദ്യോവിൽ ഗമിക്കുന്നവനും സ്തോതാക്കൾക്കു് ധനമൊഴുക്കുന്നവനുമായ വിഷ്ണോ, പ്രാരബ്ധകൎമ്മങ്ങളേറ്റുന്നവനായ യജമാനന്നുവേണ്ടി ഞങ്ങളാൽ ചൊല്ലപ്പെടുന്ന സ്തുതി കേട്ടാലും.

13 തദ്വാര്യംവൃണീമഹേ

വരിഷ്ഠങ്ഗോപയത്യം

മിത്രോയൽപാന്തിവരുണോയദര്യമാ

അന്വയം:—

യൽ (ധനം) മിത്രഃ,
വരുണഃ, അര്യമാ,
പാന്തി — പാലയന്തി
യൽ വരിഷ്ഠം,
ഗോപയത്യം — ശ്രേഷ്ഠം, സൎവ്വേഷാം രക്ഷകം
വാര്യം തൽ വൃണീമഹേ — സൎവ്വൈൎവ്വനനീയം തദ്ധനം
സംഭജാമഹേ

അൎത്ഥം—യാതൊരു ധനത്തെ മിത്രനും വരുണനുമര്യമാവും കാത്തുപോരുന്നുവോ, യാതൊന്നു് ശ്രേഷ്ഠവും ഏവൎക്കും രക്ഷക

വും എല്ലാവർക്കും കാമ്യവുമാണോ, ആ ധനത്തെ ഞങ്ങൾ വരിക്കുന്നു, ഭജിക്കുന്നു.

14 ഉതനസ്സിന്ധുരപാം
തന്മരുതസ്തദശ്വിനാ
ഇന്ദ്രോവിഷ്ണുർമ്മീഢ്വാംസസ്സജോഷസഃ

അന്വയം:—

| | |
|---|---|
| ഉത അപാം സിന്ധുഃ | — ഉദകാനാം സ്യന്ദനശീലഃ പർജ്ജന്യഃ |
| നഃ തൽ | — അസ്മദീയം തദ്ധനം രക്ഷതു |
| തൽ മരുതഃ | — പാലയന്തു |
| അശ്വിനാ | — അശ്വിനൌ പാലയതാം |
| (തഥാ) ഇന്ദ്രഃ വിഷ്ണുഃ | — പാലയതാം |
| മീഢ്വാംസഃ | |
| സ–ജോഷസഃ | — കാമാനാം സേക്താര ഏതേ സർവ്വേ ദേവാസ്സങ്ഗതാസ്സന്തോ രക്ഷന്തു |

അർത്ഥം–കൂടാതെ ജലം പൊഴിക്കുന്ന പർജ്ജന്യൻ നമ്മുടെ ആ ധനം രക്ഷിക്കട്ടെ, അതിനെ മരുത്തുകളും രക്ഷിക്കട്ടെ. അശ്വികൾ രക്ഷിക്കട്ടെ. ഇന്ദ്രനും വിഷ്ണുവും രക്ഷിക്കട്ടെ. അഭീഷ്ടവർഷകന്മാരായ അഖിലദേവന്മാരുമൊത്തുചേർന്ന് രക്ഷിക്കട്ടെ.

15 തേഹിഷ്മാവനുഷോനരോ
ഭിമാതിങ്കയസ്യചിൽ
തിഗ്മംനക്ഷോദഃപ്രതിഘ്നന്തിഭൂർണ്ണയഃ വ. 23

അന്വയം:—

| | |
|---|---|
| വനുഷഃ നരഃ തേ ഹി സ്മ | — സംഭജനീയനേതാരസ്തേ ഖലു ദേവാഃ |
| ഭൂർണ്ണയഃ കയസ്യ ചിൽ | — ക്ഷിപ്രഗമനാഃ കസ്യ ചിച്ഛത്രോഃ |

| | |
|---|---|
| തിഗ്മം ന ക്ഷോദഃ | — തീക്ഷ്ണം ജവേന ഗച്ഛൽ ഉദകമഗ്രതസ്ഥിതം വൃക്ഷമുന്മൂലയതി തദ്വൽ |
| അഭി—മാതിം | |
| പ്രതി—ഘ്നന്തി | — പ്രതികൂലം യഥാഭവതി തഥാ തസ്യാഭിമാനം ഘ്നന്തി |

അർത്ഥം—ഭജനീയരും നേതാക്കളുമായ ആ ദേവന്മാർ തന്നെയല്ലൊ ഗതിവേഗമുററവരായി, ഊക്കുററ ജലം മുമ്പിൽ നില്ക്കുന്ന വൃക്ഷത്തെ വേരറുത്തു പുഴക്കുന്നപോലെ, ഏതെങ്കിലും ശത്രു വന്നാൽ പ്രതികൂലമാംവണ്ണം അവന്റെയഭിമാനത്തെ ഹനിക്കുന്നതു്.

16 അ॒യമേക॑ഇ॒ത്ഥാപു॒രു
രുച॑ഷ്ടേ॒വിവി॒ശ്പതി॑ഃ
തസ്യ॑വ്ര॒താന്യനു॑വശ്ചരാമസി

അന്വയം:—

(ഹേ ഋത്വിജഃ,)

| | |
|---|---|
| വിശ്പതിഃ ഏകഃ അയം | — വിശാം പതിഃ, മിത്രാവരുണയോരേകഃ, മിത്രഃ |
| പുരു ഉരു | — പുരൂണി, ബഹൂനി ഉരൂണി ദ്രവ്യാണി |
| ഇത്ഥാ വി ചഷ്ടേ | — ഇത്ഥം സ്വ തേജസാപശ്യം |
| തസ്യ വ്രതാനി | — മിത്രസ്യ കർമ്മാണി |
| വഃ അനു ചരാമസി | — യുഷ്മദർത്ഥമനുചരാമഃ, കർമ്മഃ |

അർത്ഥം—അല്ലയോ ഋത്വിക്കുകളേ, പ്രജാപാലകനും മിത്രവരുണന്മാരിൽ ഏകനുമായ മിത്രൻ ധാരാളം പെരിയ ദ്രവ്യങ്ങളെ, ഈ ലോകത്തിലെ ചരാചരങ്ങളെ, ഇപ്രകാരം സ്വതേജസ്സോടുകൂടി നോക്കുന്നു. അവിടുത്തെ ഉദ്ദേശിച്ച കർമ്മങ്ങളാണു് നിങ്ങൾക്കുവേണ്ടി ഇവിടെ ചെയ്യുന്നതു്.

17 അനുപൂർവ്വാണ്യോക്യാ
സാമ്രാജ്യസ്യസശ്ചിമ
മിത്രസ്യവ്രതാവരുണസ്യദീർഘശ്രുൽ

അന്വയം:—

| | |
|---|---|
| സാം-രാജ്യസ്യ | — സമ്രാജോ ഭാവായ |
| ദീർഘ-ശ്രുൽ വരുണസ്യ | — അതിശയേന പ്രസിദ്ധസ്യ തസ്യ |
| പൂർവ്വാണി ഓക്യാ അനു സശ്ചിമ | — പുരാതനാന്യോകഹിതാനി, ഗൃഹഹിതാനി കർമ്മാണി ആനുപൂർവ്യേണ ഗച്ഛാമ |
| മിത്രസ്യ വ്രതാ | — തസ്യകർമ്മാണി ച സശ്ചിമ |

അർത്ഥം—സാമ്രാജ്യത്തിന്നായി, ആത്മപ്രകാശമുള്ള അവസ്ഥയ്ക്കായി, ഏററവും പ്രസിദ്ധനായ വരുണനെസ്സംബന്ധിച്ച പുരാതനങ്ങളും ഗൃഹക്ഷേമകരങ്ങളുമായ കർമ്മങ്ങളെ നാം ക്രമപ്രകാരമനുഷ്ഠിച്ചു. മിത്രനെസ്സംബന്ധിച്ച കർമ്മങ്ങളെയുമനുഷ്ഠിച്ചു.

18 പരിയോരശ്മിനാദിവോ
ന്താൻമമേപൃഥിവ്യാഃ
ഉഭേആപപ്രൌരോദസീമഹിത്വാ

അന്വയം:—

| | |
|---|---|
| യഃ ദിവഃ പൃഥിവ്യാഃ | — ദ്യാവാപൃഥിവ്യോഃ |
| അന്താൻ രശ്മിനാ പരി മമേ | — പര്യന്താൻ സ്വതേജസാ പരിമിനോതി പര്യന്താൻ സ്വരശ്മിനാഭാസയതി |

(സഃ മിത്രഏവ) ഉഭേ
രോദസീ — ദ്യാവാപൃഥിവ്യൗ
മഹി–ത്വാ ആ പപ്രൗ — മഹത്വേന പൂരയതി

അൎത്ഥം–ഏവൻ ദ്യോവിന്റെയും ഭുവിന്റെയും അററങ്ങളെ സ്വതേജസ്സുകൊണ്ടളക്കുന്നുവോ പ്രകാശിപ്പിക്കുന്നുവോ ആ മിത്രൻ തന്നെയാണു് ദ്യാവാപൃഥിവികളിരുവരേയും സ്വമഹത്വംകൊണ്ടു് നിറഞ്ഞു നില്ക്കുന്നതു്.

19 ഉദുഷ്യശരണേദിവോ

ജ്യോതിരയംസ്തസൂര്യഃ

അഗ്നിന്നശുക്രസ്സമിധാനആഹുതഃ

അന്വയം:–
സൂര്യഃ സ്യഃ — സുവീര്യഃ, സൎവ്വസ്യപ്രേരകസ്സ മിത്രഃ
ദിവഃ ശരണേ ഉ — സ്ഥാനേ, നഭസ്യേവ
ജ്യോതിഃ ഉൽ അയംസ്ത — തേജഉദ്യച്ഛതി, സൎവ്വത്ര വിസ്താരയതി
(തതസ്സഃ) അഗ്നിഃ ന
ശുക്രഃ — അഗ്നിരിവ ദീപ്യമാനഃ
സം–ഇധാനഃ, ആ–ഹുതഃ — ഹവിൎഭിസ്സമിദ്ധ്യമാനഃ, ആഹുതസ്തിഷ്ഠതി

അൎത്ഥം–സുവീര്യമൊത്തവനും സൎവ്വപ്രേരകനുമായ മിത്രൻ ആകാശസ്ഥാനത്തിൽത്തന്നെ തേജസ്സുയൎത്തുന്നു, എങ്ങും പരത്തുന്നു. പിന്നെ, അവിടുന്നു് അഗ്നിപോലെ തേജസ്വിയായി ഹവിസ്സുകൾ ഹോമിക്കപ്പെട്ടവനായി ഭവിക്കുന്നു.

20 വചോദീൎഘപ്രസദ്മനീ

ശേവാജസ്യഗോമതഃ

ഈശേഹിപിത്വോവിഷസ്യദാവനേ വ 24

അന്വയം:-

(ഹേ സ്തോതഃ)
ദീർഘ-പ്രസദ്മനി — വിസ്തൃതയജ്ഞഗൃഹേ
വചഃ — മിത്രം വരുണഞ്ചസ്തുഹി
(സവരുണഃ) ഗോ-മതഃ
വാജസ്യ ഈശേ ഹി — പശുമതോന്നസ്യേശ്വരോ
ഭവതി ഹി
(കേവലം സ്വാമീ ന ഭവതി
കിന്തു) അവിഷസ്യ — മഹതഃ
പിത്വഃ ദാവനേ ഈശേ — അന്നസ്യദാനായ സമർത്ഥോ
ഭവതി

അർത്ഥം-അല്ലയോ സ്തോതാവേ, വിസ്തൃതമായ യാഗശാലയിൽ മിത്രനെയും വരുണനെയും സ്തുതിക്കുക. ആ വരുണൻ പശുക്കളോടുകൂടിയ അന്നത്തിന്ന് (പുഷ്ടിയ്ക്ക്) ഈശനാണല്ലോ. അന്നത്തിന്നീശൻ മാത്രമല്ല, അന്നത്തിന്റെ ദാനത്തിൽ സമർത്ഥനുമാകുന്നു.

21 തൽസൂര്യംരോദസീഉഭേ

ദോഷാവസ്തോരുപബ്രുവേ

ഭോജേഷ്വസ്മാഁഅഭ്യുച്ചരാസദാ

അന്വയം:-

സൂര്യം തൽ — സുവീര്യം വാരുണം മൈത്രഞ്ച
തേജഃ
ഉഭേ രോദസീ — ദ്യാവാപൃഥിവ്യൗ ച
ദോഷാ വസ്തോഃ ഉപ
ബ്രുവേ — രാത്രാവഹനിചാഹമുപസ്തൗമി
(ഹേ വരുണ, ത്വം)
ഭോജേഷു — ദാതൃഷു
അസ്മാൻ സദാ അഭി
ഉൽ ചര — സർവ്വദാഭിമുഖം പ്രേരയ,
പുരോഭാവിനഃ കുരു

അർത്ഥം–ശോഭനവീര്യമുററ വരുണന്റെയും മിത്രന്റെയും ആ തേജസ്സിനെയും ദ്യാവാപൃഥിവികളിരുവരെയും രാവും പകലും ഞാൻ സ്തുതിക്കുന്നു. അല്ലയോ വരുണ, അവിടുന്ന് ദാതാക്കളുടെ മുമ്പിൽ എപ്പോഴും ഞങ്ങളെ മുൻനില്ക്കുന്നവരാക്കിയാലും.

22 ഋജ്രമുക്ഷണ്യായനേ
രജതംഹരയാണേ
രഥംയുക്തമസനാമസുഷാമണി

അന്വയം:–

(സുഷാമ്ണഃ പുത്രസ്യ വരോരാജ്ഞോദാനം സ്തൂയതേ)

| | | |
|---|---|---|
| ഉക്ഷണ്യായനേ | — | ഉക്ഷനാമാകശ്ചിദ്വരോഃ പൂർവ്വജഃ തസ്യ ഗോത്രാപത്യേ |
| ഹരയാണേ | — | ശത്രുജീവിതൈശ്വര്യാദി ഹരണശീലേ |
| സു–സാമനി | — | സുഷാമ്ണപുത്രേവരൗ ദദതി സതി (പിതൃശബ്ദേന പുത്രോഭിധീയതേ) |
| ഋജ്രം, രജതം, യുക്തം, രഥം | — | ഋജുഗാമിനം, രജതമയം, അശ്വാഭ്യാം യുക്തം രഥം |
| അസനാമ | — | വയം മിത്രാദീനാം പ്രസാദാൽ സംഭക്തവന്തഃ ലബ്ധവന്തഃ |

അർത്ഥം–ഉക്ഷൻ എന്ന, വരുവിന്റെ പൂർവ്വജന്റെ ഗോത്രത്തിൽ പിറന്നവനും ശത്രുക്കളുടെ ജീവിതൈശ്വര്യങ്ങളെ ഹരിച്ചുവന്നവനുമായ സുഷാമാവിന്റെ മകൻ വരു, ദാനത്തിലേർപ്പെടവെ, ഗതിവേഗമുററതും മുഴുവൻ വെള്ളികൊണ്ടുള്ളതും കുതിരകളെ പൂട്ടിയതുമായ തേർ മിത്രാദിദേവന്മാരുടെ പ്രസാദത്താൽ ഞങ്ങൾക്ക് ലഭിച്ചു.

23 താമേഅശ്വ്യാനാം

ഹരീണാന്നിതോശനാ

ഉതോനകൃത്വ്യാനാന്നൃവാഹസാ

അന്വയം:–

| | | |
|---|---|---|
| ഹരീണാം അശ്വ്യാനാം | — | ഹരിതവർണ്ണാനാമശ്വസങ്ഘാനാം മദ്ധ്യേ |
| നി–തോശനാ | — | ശത്രൂണാമത്യന്തം ബാധകൗ |
| ഉതോ കൃത്വ്യാനാം | — | അപിച യുദ്ധകർമ്മാണി കുശലാനാം |
| നൃ-വാഹസാ | — | നൃവാഹസൗ, ആയുധനേതൄണാം, മനുഷ്യാണാം വോഢാരൗ |
| താ മേ ന | — | താവശ്വൗ മഹ്യം ക്ഷിപ്രം വരുണാദത്തൗ |

അർത്ഥം–പച്ചനിറമുററ കുതിരക്കൂട്ടങ്ങളിൽ നിന്നു ശത്രുക്കളെ ആക്രമിക്കാൻ ഏററവും സാമർത്ഥ്യമുററവയും പോരിൽ പോരിമ പൂണ്ടവയും ആയുധം നയിക്കുന്ന മനുഷ്യരെ വഹിക്കുന്നവയുമായ രണ്ടു കുതിരകൾ എനിക്കായി വേഗം വരുവിനാൽ നല്ലപ്പെട്ടു.

24 സ്വദഭീശുകശാവന്താ

വിപ്രാനവിഷ്ഠയാമതീ

മഹോവാജിനാവർവ്വന്താസചാസനം വ.25

അന്വയം:—

| | | |
|---|---|---|
| സ്വൽ—അഭീശു | — | ശോഭനരജ്ജുവന്തൗ |
| കശാ–വന്താ, വിപ്രാ | — | കശായുക്തൗ, മേധാവിനാമുചിതൗ |
| മഹഃ വാജിനൗ | | |
| അർവ്വന്താ | — | മഹതഃ വരോസ്സംബന്ധിനൗ വേഗവന്താവശ്വൗ |

സചാ നവിഷ്ഠയാ മതീ — യുഗപദേവ നവതരയാ സ്തുത്യാ,
മിത്രാദീൻ സ്തുവൻ
(വിശ്വമനാ അഹം)
അസനം — സമഭജം

അർത്ഥം—നല്ല കടിഞ്ഞാണുററവയും ചമ്മട്ടിയോടുക്കൂടിയവയും മേധാവികൾക്ക് യോജിച്ചവയും വരുവിന്നു ചേർന്നവയുമായ ഗതിവേഗമുററ രണ്ടു കുതിരകളെ, പുതുതായ സ്തുതിയോടുകൂടി മിത്രാദി ദേവന്മാരെ സ്തുതിച്ചു കൊണ്ടു് വിശ്വമനസ്സായ ഞാൻ (ദാനം) വാങ്ങി.

വർഗ്ഗം—26–മുതൽ 30–കൂടി–ഉഷ്ണിക്ഗായത്ര്യനുഷ്ടുഭശ്ഛന്ദാംസി അശ്വിനൌ വായുർദ്ദേവതാ.

1 യുവോരുഷൂരഥംഹുവേ

സധസ്തുത്യായസൂരിഷു

അതൂർത്തദക്ഷാവൃഷണാവൃഷണ്വസൂ

അന്വയം:–

ഹേ അതൂർത്ത–ദക്ഷാ,
വൃഷണാ, വൃഷൺ–വസൂ, — പരൈരഹിംസിതബലൌ,
കാമാനാം വർഷിതാരൌ,
ധനവർഷണശീലാവശ്വിനൌ,
യുവോഃ രഥം ഉ സൂരിഷു — യുവയോരഥമേവ പ്രാജ്ഞേഷു
സ്തോതൃഷു മദ്ധ്യേ
സധ–സ്തുത്യായ സു ഹുവേ — സഹഭവന്തസ്തോത്രങ്കർത്തും
സുഷ്ഠ്വാഹ്വയാമി

അർത്ഥം–ശത്രുക്കളാൽ എതിർക്കപ്പെടാത്ത ബലമുററവരും കാമവർഷകരും ധനവർഷണശീലന്മാരുമായ അശ്വികളേ, നിങ്ങളുടെ തേരിനെത്തന്നെ പണ്ഡിതരായ സ്തോതാക്കളുടെ മദ്ധ്യത്തിൽ സ്തുതിക്കാനായി ഞാൻ നന്നായി വിളിക്കുന്നു.

2 യുവംവരോസുഷാമ്ണേ

മഹേതനേനാസത്യാ

അവോഭിര്യാഥോവൃഷണാവൃഷണ്വസൂ

അന്വയം:—

(ഋഷിർവ്വരും രാജാനം സംബോധ്യാഹ)

നാസത്യാ, വൃഷണാ,
വൃഷൺ–വസൂ, — സത്യശീലൌ, കാമവർഷിതാരൌ, വർഷണശീലാവശ്വിനൌ
'യുവം സു–സാമ്നേ — സുഷാമാഖ്യായ രാജ്ഞേ മമപിത്രേ
മഹേ തനേ — മഹതേ ധനായ, ധനം ദാതും പുരാ യഥാ ഗച്ഛതം തഥാ മഹ്യമപിധനം ദാതും
അവഃ–ഭിഃ യാഥഃ' — പാലനൈസ്സഹ യുവാമായാതം ഇതി
ഹേ വരോ, — വരുനാമക, രാജൻ ബ്രൂഹീതി ഋഷിർവ്വദതി

അർത്ഥം—(ഋഷി 'വരു' എന്ന രാജാവിനോടു പറയുന്നു)— സത്യശീലന്മാരും കാമവർഷിതാക്കളും വർഷണശീലന്മാരുമായ അശ്വികളോടു്, 'നിങ്ങൾ സുഷാമാവെന്ന എൻെറ അച്ഛനായ രാജാവിന്നു് മഹത്തായ ധനം കൊടുപ്പാൻ മുമ്പു് എപ്രകാരം വന്നുവോ, അതുപോലെ എനിക്കു ധനം തരുവാൻ രക്ഷകളോടു കൂടി വന്നാലും' എന്നു്, അല്ലയോ വരോ, രാജൻ, അശ്വികളോടു പറയുക എന്നു് ഋഷി പറയുന്നു.

3 താവാമദ്യഹവാമഹേ
ഹവ്യേഭിർവ്വാജിനീവസൂ
പൂർവ്വീരിഷഇഷയന്താവതിക്ഷപഃ

അന്വയം:—

ഹേ വാജിനീ–വസൂ, — അന്നധനാവശ്വിനൌ,
പൂർവ്വീഃ ഇഷഃ ഇഷയന്തൌ— ബഹൂന്യന്നാനീച്ഛന്തൌ
താ വാം അദ്യ — തൌ യുവാമസ്മിൻ യജ്ഞേ

അതി ക്ഷപഃ — ക്ഷപായാഃ അതിക്രമേ,
ഉഷഃകാലേ
ഹവ്യേഭിഃ ഹവാമഹേ — ഹവിരന്നൈസ്സഹാഹ്വയാമഃ
(അശ്വിനോശ്ശസ്ത്രം ശസ്യമാനമുഷഃകാലേ)

അർത്ഥം—അന്നധനന്മാരായ അശ്വികളേ, ധാരാളമന്നമിച്ഛിക്കുന്ന ആ നിങ്ങളെ ഈ യജ്ഞത്തിൽ രാത്ര്യന്തത്തിൽ, പ്രഭാതത്തിൽ, ഹവിരന്നങ്ങളോടുകൂടി ഞങ്ങൾ വിളിക്കുന്നു. (അശ്വികൾക്കുള്ള ശസ്ത്രം ചൊല്ലേണ്ടതു് പ്രഭാതത്തിൽ.)

4 ആവാ॒ംവാഹി॑ഷ്ഠോഅശ്വിനാ॒
രഥോ॑യാതുശ്രു॒തോന॑രാ
ഉപ॒സ്തോമാ॑ന്തു॒രസ്യ॑ദർശഥശ്രി॒യേ

അന്വയം:—

ഹേ നരാ, അശ്വിനാ, — സർവ്വസ്യനേതാരാവശ്വിനൌ,
വാം വാഹിഷ്ഠഃ ശ്രുതഃ
രഥഃ — യുവയോർവ്വോഢൃതമഃ
പ്രസിദ്ധോരഥഃ
ആ യാതു — അസ്മദീയം യജ്ഞം പ്രത്യാ
ഗച്ഛതു
(തേന രഥേനാഗത്യ)
തുരസ്യ — ക്ഷിപ്രം സ്തോത്രം കുർവ്വതസ്തസ്യ
സ്തോമാൻ ശ്രിയേ — സ്തോത്രാണിതസ്യൈശ്വര്യ
പ്രദാനായ
ഉപ ദർശഥഃ — ജാനീതം. (പശ്യതിജ്ഞാന
കർമ്മാ)

അർത്ഥം—എല്ലാവർക്കും നേതാക്കളായ അശ്വികളേ, ഏററവും ഭാരം ചുമക്കുന്നതും പ്രസിദ്ധവുമായ നിങ്ങളുടെ തേർ ഞങ്ങളുടെ യജ്ഞത്തെ പ്രാപിക്കട്ടെ. ആ തേരിലേറിവന്നിട്ടു്, വേഗതയോടെ സ്തോത്രം ചൊല്ലുന്ന ഈ സ്തോതാവിന്റെ സ്തവങ്ങളെ, അദ്ദേഹത്തിന്നൈശ്വര്യമേകാനായുൾക്കൊണ്ടാലും.

5 ജൂഹുരാണാചിദശ്വിനാ

മന്യേഥാംവൃഷണ്വസൂ

യുവംഹിരുദ്രാപൎഷഥോഅതിദ്വിഷഃ വ. 26

അന്വയം:–

ഹേ വൃഷൺ–വസൂ,
അശ്വിനാ, — വൎഷണധനാവശ്വിനൌ,
ജൂഹുരാണാ ചിൽ — കുടിലാൻ, കൎമ്മവിഘ്നകാരിണോമായാവിനോപി ശത്രൂൻ
ആ മന്യേഥാം — ആഭിമുഖ്യേന ജാനീതം
(തതഃ) ഹേ രുദ്രാ, — സങ്ഗ്രാമേ രുവന്തൌ
യുവം ഹി ദ്വിഷഃ അതി പൎഷഥഃ — യുവാമേവ ദ്വേഷകാരിണസ്താൻ അതീത്യ സങ്ക്ലേശയതം, ഹതം

അൎത്ഥം–വൎഷണധനന്മാരായ അശ്വികളേ, കുടിലന്മാരും കൎമ്മവിഘ്നകാരികളും മായാവികളുമായ ശത്രുക്കളെക്കൂടി നിങ്ങളറിഞ്ഞാലും. എന്നിട്ട്, യുദ്ധത്തിലട്ടഹസിക്കുന്നവരേ, നിങ്ങരും ദ്വേഷകാരികളായ അവരെ അതിക്രമിച്ച് ക്ലേശിപ്പിച്ചാലും, കൊന്നാലും.

6 ദസ്രാഹിവിശ്വമാനുഷങ്

മക്ഷൂഭിഃപരിദീയഥഃ

ധിയഞ്ജിന്വാമധുവൎണ്ണാശുഭസ്പതീ

അന്വയം:–

ഹേ ദസ്രാ,
ധിയം–ജിന്വാ — ദൎശനീയൌ, കൎമ്മാണി പ്രീണയന്തൌ

| | |
|---|---|
| ഹേ മധു–വർണ്ണാ, ശുഭഃ<br>പതീ, | — സർവ്വേഷാം മാദകശരീരകാന്തി യുക്തൌ, ഉദകസ്യ പാലയിതാരാവശ്വിനൌ, |
| (യുവാം) മക്ഷു–ഭിഃ | — ശീഘ്രഗമനൈരശ്വൈഃ |
| വിശ്വം ഹി | — ഋത്വിഗ്ഭിർഹവിർഭിശ്ചവ്യാപ്ത മസ്മദീയം യജ്ഞമേവ |
| ആനുഷക് പരി-ദീയഥഃ | — അനുഷക്തം യഥാ തഥാ പരിത ആഗച്ഛത |

അർത്ഥം—ദർശനീയന്മാരും കർമ്മങ്ങളെ പ്രീണിപ്പിക്കുന്നവരും ഏവർക്കും ഹർഷമേകുന്ന (നോക്കിനില്ക്കാൻ തോന്നുന്ന) ശരീരശോഭയുററവരും ജലപതികളുമായ അശ്വികളേ, നിങ്ങൾ ഗതിവേഗമുള്ള കുതിരകളോടുകൂടി, ഋത്വിക്കുകളെക്കൊണ്ടും ഹവിസ്സുകളെക്കൊണ്ടും നിറഞ്ഞ ഞങ്ങളുടെ യജ്ഞത്തെത്തന്നെ നേരെ പ്രാപിച്ചാലും.

7 ഉപനോയാതമശ്വിനാ

രായവിശ്വപുഷാസഹ

മഘവാനാസുവീരാവനപച്യുതാ

അന്വയം:—

| | |
|---|---|
| ഹേ മഘ–വാനാ,<br>സു–വീരൌ, അനപ–<br>ച്യുതാ, അശ്വിനാ | — മംഹനീയധനവന്തൌ, ശോഭനസാമർത്ഥ്യോപേതൌ, ശത്രുഭിരപച്യാവനീയാവശ്വിനൌ |
| വിശ്വ–പുഷാ<br>രായാ സഹ | — വിശ്വസ്യ സർവ്വസ്യ പോഷകേണ ധനേന സഹ |
| നഃ ഉപ യാതം | — അസ്മദീയം യജ്ഞമുപഗച്ഛതം |

അർത്ഥം—മഹത്തായ ധനമുററവരും ശോഭനവീര്യമാർന്നവരും ശത്രുക്കളാൽ വീഴ്ത്തപ്പെടാൻ കഴിയാത്തവരുമായ അശ്വിക

ളേ, നിങ്ങൾ എല്ലാവരെയും (ലോകത്തെ മുഴുവൻ) പുഷ്ടിപ്പെടുത്തുന്ന ധനത്തോടുകൂടി ഞങ്ങളുടെ യജ്ഞത്തെ ഉപഗമിച്ചാലും.

8 ആമേഅസ്യപ്രതീവ്യ∫

മിന്ദ്രനാസത്യാഗതം

ദേവാദേവേഭിരദ്യസചനസ്തമാ

അന്വയം:—

ഹേ ഇന്ദ്രനാസത്യാ,

ദേവാ — ഇന്ദ്രാശ്വിനൌ, ദേവൌ,

സചനഃ-തമാ — സമവേതവ്യൌ, സേവ്യമാനൌ

അസ്യ മേ — പുരോവർത്തിനോ മമ സംബന്ധിനം

പ്രതീവ്യം അദ്യ — യജ്ഞമസ്മിൻ ദിനേ

ദേവേഭിഃ ആ ഗതം — ദേവൈസ്സാർദ്ധമാഗച്ഛതം

അർത്ഥം—അല്ലയോ ദേവന്മാരായ ഇന്ദ്രാശ്വികളേ, സേവ്യന്മാരായ നിങ്ങൾ മുമ്പിൽ നില്ക്കുന്ന എന്നെസ്സംബന്ധിച്ച യജ്ഞത്തെ ഇന്നു് ദേവന്മാരോടുകൂടി പ്രാപിച്ചാലും.

9 വയംഹിവാംഹവാമഹ

ഉക്ഷണ്യന്തോവ്യശ്വവൽ

സുമതിഭിരുപവിപ്രാവിഹാഗതം

അന്വയം:—

ഉക്ഷണ്യന്തഃ — ധനാദിസേക്താരാവാത്മന ഇച്ഛന്തഃ

വയം വാം ഹി

ഹവാമഹേ — യുവാമേവാഹ്വയാമഃ

വ്യശ്വ—വൽ — യഥാസ്മാകം പിതാ യുവാമേവ സ്തുത്വാ ധനമലഭത, തദ്വൽ

ഹേ വിപ്രൌ,
സുമതി_ഭിഃ — മേധാവിനാവശ്വിനൌ, അസ്മാഭിഃ ക്രിയമാണൈഃ കല്യാണൈസ്തോത്രൈസ്സഹ
ഇഹ ഉപ ആ ഗതം — അസ്മിൻ യജ്ഞേ ഉപാഗച്ഛതം

അർത്ഥം_ധനാദികൾ വർഷിയ്ക്കുന്നവരെ ഇഷ്ടപ്പെടുന്ന ഞങ്ങൾ നിങ്ങളെത്തന്നെ വിളിയ്ക്കുന്നു. ഞങ്ങളുടെ അച്ഛൻ നിങ്ങളെ സ്തുതിച്ച് ധനം നേടിയപോലെ, മേധാവികളായ അശ്വികളേ, ഞങ്ങളാൽ ചൊല്ലപ്പെടുന്ന മംഗളസ്തോത്രങ്ങളുടെ കൂടെ ഈ യാഗത്തിൽ വന്നുചേർന്നാലും. (എന്നിട്ടഭീഷ്ടം തന്നരുളിയാലും.)

10 അശ്വിനാസ്വൃഷേസ്തുഹി
കുവിത്തേശ്രവതോഹവം
നേദീയസഃകൂളയാതഃപണീ̐രുത വ. 27

അന്വയം:—

(ഋഷിരാത്മാനം ബ്രൂതേ)
ഹേ ഋഷേ, അശ്വിനാ
സു സ്തുഹി — വിശ്വമനഃ, അശ്വിനൌ സുഷ്ഠു സ്തുഹി
തേ ഹവം കുവിൽ
ശ്രവതഃ — താവശ്വിനൌ തവാഹ്വാനം ബഹുവാരം ശൃണുതാം
(ഏവം തൌ) നേദീയസഃ
കൂളയാതഃ — അന്തികതമാഞ്ഛത്രൂൻ ഹിംസ്താം
ഉത പണീൻ — അപിചാങ്ഗിരോഗവാമപനേതൄൻ അസുരാൻ ഹിംസ്താം

അർത്ഥം—(ഋഷി തന്നോടുതന്നെ പറയുന്നു)

അല്ലയോ ഋഷേ, വിശ്വമനസ്സേ, അശ്വികളെ നന്നായി സ്തുതിയ്ക്കുക. നിന്റെ വിളി ആ അശ്വികൾ പലവട്ടം കേൾ

ക്കട്ടെ. അപ്രകാരമവർ സമീപസ്ഥരായ ശത്രുക്കളെ ഹിംസിക്കട്ടെ. അംഗിരസ്സുകളുടെ പശുക്കളെ അപഹരിച്ച പണികളെന്ന അസുരന്മാരെ ഹനിക്കട്ടെ.

11 വൈയശ്വസ്യശ്രുതംനരോ
തോമേഅസ്യവേദഥഃ
സജോഷസാവരുണോമിത്രോഅര്യമാ

അന്വയം:—

| | | |
|---|---|---|
| ഹേ നരാ, | — | നേതാരാവശ്വിനൌ, |
| വൈയശ്വസ്യ ശ്രുതം | — | വ്യശ്വപുത്രസ്യ വിശ്വമനസോ മമാഹ്വാനം ശൃണുതം |
| ഉതോ മേ അസ്യ വേദഥഃ | — | അപിച തദാഹ്വാനമാത്മീയതയാ ജാനീഥഃ |
| (അഥ) വരുണഃ, മിത്രഃ, അര്യമാ, സ-ജോഷസാ | — | സങ്ഗതൌ സന്തൌ മദീയമാഹ്വാനം ശ്രുത്വാ സുഖം പ്രയച്ഛന്തു |

അർത്ഥം—അല്ലയോ നേതാക്കളായ അശ്വികളേ, വ്യശ്വപുത്രനായ വിശ്വമനസ്സെന്ന എന്റെ വിളികേട്ടാലും. ആ വിളി സ്വന്തം ആത്മാവിലുൾക്കൊണ്ടാലും. പിന്നെ, വരുണനും, മിത്രനും, അര്യമാവും കൂടിച്ചേർന്നു് എന്റെ വിളികേട്ടു് സുഖം തന്നരുളട്ടെ.

12 യുവാദത്തസ്യധിഷ്ണ്യാ
യുവാനീതസ്യസൂരിഭിഃ
അഹരഹർവൃഷണാമഹ്യംശിക്ഷതം

അന്വയം:—

| | | |
|---|---|---|
| ഹേ ധിഷ്ണ്യാ വൃഷണാ, | — | ധിഷ്ണ്യൌ, ധിഷണാർഹൌ, കാമാനാം വർഷിതാരാവശ്വിനൌ, |

| | | |
|---|---|---|
| സൂരി–ഭിഃ | — | സൂരിഭ്യഃ (ചതുൎത്ഥ്യൎത്ഥേ തൃതീയാ) |
| യുവാ–ദത്തസ്യ | — | യുവാഭ്യാം സ്തോതൃഭ്യോയദ്ദീയതേ |
| (തഥാ) യുവാ–നീതസ്യ | — | യുവാഭ്യാം യൽ സ്തോതൃഭ്യോ നീയതേ |
| (തച്ച) അഹഃ–അഹഃ<br>മഹ്യം ശിക്ഷതം | — | പ്രതിദിനം വിശ്വമനസം പ്രയച്ഛതം. |

അൎത്ഥം–സ്തുത്യന്മാരും കാമവൎഷകന്മാരുമായ അശ്വികളേ, സ്തോതാക്കൾക്കുവേണ്ടി നിങ്ങളാൽ യാതൊന്നു നല്കപ്പെടുന്നുവോ, യാതൊന്നാനയിക്കപ്പെടുന്നുവോ, അതു് ദിവസംതോറും വിശ്വമനസ്സായ എനിക്കുതന്നരുളിയാലും.

13 യോവാംയജ്ഞേഭിരാവൃതോ
ധിവസ്ത്രാവധൂരിവ
സപൎയ്യന്താശുഭേചക്രാതേഅശ്വിനാ

അന്വയം:–

| | | |
|---|---|---|
| യഃ വാം യജ്ഞേഭിഃ | — | യുവാം യുഷ്മദ്വിഷയൈൎയ്യജ്ഞൈഃ |
| അധി–വസ്ത്രാ വധൂഃ–ഇവ<br>ആ–വൃതഃ | — | ഉപരിനിഹിതവസ്ത്രാ, അന്യേന വസ്ത്രേണാച്ഛാദിതാതഥാവൃതഃ |
| സപൎയ്യന്താ | — | അഭീഷ്ടപ്രദാനേന തം പരിചരന്തൌ |
| അശ്വിനാ ശുഭേ ചക്രാതേ | – | അശ്വിനൌ തം മനുഷ്യം മങ്ഗളേ ധനേ കൃതവന്തൌ |

അൎത്ഥം–യാതൊരുവൻ നിങ്ങളെസ്സംബന്ധിച്ച യജ്ഞങ്ങളാൽ, വസ്ത്രംകൊണ്ടു തലമൂടിയ വധുവെന്നപോലെ, സ്വയം മൂടപ്പെട്ടവനാണോ, അഭീഷ്ടപ്രദാനംകൊണ്ടു് അവനെ സന്തോഷിപ്പിക്കുന്ന അശ്വികൾ അവന്നു് മംഗളമായ ഐശ്വൎയ്യമുണ്ടാക്കുന്നു.

14 യോവാമുരുവ്യചസ്തമം

ചികേതതിനൃപായ്യം

വർത്തിരശ്വിനാപരിയാതമസ്മയൂ

അന്വയം:—

ഹേ അശ്വിനാ

ഉരുവ്യചഃ—തമം — അതിശയേന ഗ്രഹേഷു ഭൃതം, വ്യാപ്തം

നൃ—പായ്യം — നേതൃഭ്യാം യുവാഭ്യാം പാതവ്യം സോമം

യഃ വാം (ദാതും)

ചികേതതി — ഭൃശഞ്ജാനാതി

(തസ്യ) വർത്തിഃ — ഗൃഹം

അസ്മ—യൂ പരി യാതം — അസ്മാൻ, വിശ്വമനസം മാം (പൂജാർത്ഥം ബഹുവചനം) കാമയമാനൌ യുവാം സോമപാനാർത്ഥമായാതം

അർത്ഥം—അല്ലയോ അശ്വികളേ, മരികകളിൽ തികച്ചും നിറഞ്ഞതും നേതാക്കളായ നിങ്ങൾക്ക് കുടിക്കാനുള്ളതുമായ സോമം നിങ്ങൾക്ക് തരാൻ ഏവൻ തികച്ചുമറിയുന്നുവോ, (ഉദ്ദേശിക്കുന്നുവോ) അവന്റെ (ആ എന്റെ) ഗൃഹത്തിൽ, വിശ്വമനസ്സായ എന്നെ ഇഷ്ടപ്പെടുന്ന നിങ്ങൾ, സോമപാനത്തിന്നായി നേരേ വന്നാലും.

15 അസ്മഭ്യംസുവൃഷണ്വസൂ

യാതംവർത്തിർനൃപായ്യം

വിഷുദ്രുഹേവയജ്ഞമൂഹഥുർഗ്ഗിരാ വ. 28

അന്വയം:–

ഹേ വൃഷൺ_വസൂ, — വൃഷണധനാവശ്വിനൌ
അസ്മഭ്യം നൃ–പായ്യം — അസ്മദർത്ഥം നേതൃഭ്യഃ പാതവ്യം സോമം പ്രതി
വർത്തിഃ സു യാതം — അസ്മദീയം ഗൃഹം പ്രതി സുഷ്ഠ്വായാതം
ഗിരാ യജ്ഞം — സ്തുതിവാചാ യുവാം മനുഷ്യേഷു യജ്ഞസമാപ്തിം
വിഷുദ്രുഹാ-ഇവ — വിഷുദ്രുഹഃ ശരഃ, തേന യഥാ വ്യാധഃ മൃഗമഭിലഷിതദേശം പ്രാപയതി തഥാ
ഊഹഥുഃ — പ്രാപയഥഃ

അർത്ഥം_അല്ലയോ വഷ്ണധനന്മാരായ അശ്വികളേ, ഞങ്ങൾക്കുവേണ്ടി, നേതാക്കളായ നിങ്ങൾക്കു് കുടിക്കാനുള്ള സോമത്തെ ഉദ്ദേശിച്ചു് ഞങ്ങളുടെ ഗൃഹത്തിൽ നന്നായി വന്നാലും. സ്തുതിവചനത്താൽ നിങ്ങൾ ഒരു വേടൻ ശരത്താൽ മൃഗത്തെ വേണ്ടിടത്തെത്തിയ്ക്കുന്ന പോലെ, യജ്ഞത്തെ നിർവ്വിഘ്ന സമാപ്തിയിലെത്തിക്കുന്നു.

16 വാഹി॑ഷ്ഠോവാം॒ഹവാ॑നാം॒
സ്തോമോ॑ദൂ॒തോഹു॑വന്നരാ
യു॒വാ॑ഭ്യാംഭൂത്വശ്വിനാ

അന്വയം:–

ഹേ നരാ, അശ്വിനാ,
ഹവാനാം സ്തോമഃ — നേതാരാവശ്വിനൌ, സ്തോതൄണാം സ്തോത്രാണാം മദ്ധ്യേ അയം സ്തോമം
വാഹിഷ്ഠഃ ദൂതഃ വാം ഹുവൽ — യുവാമതിശയേന വ്യാപ്നുവൻ ദൂതഭൂതസ്സൻ യുവാമാഹ്വയതു
(സോയം സ്തോമഃ) യുവാഭ്യാം ഭൂതു — പ്രിയകരോ ഭവതു

അൎത്ഥം—അല്ലയോ നേതാക്കളായ അശ്വികളേ, സ്തോതാക്കളുടെ സ്തോത്രങ്ങൾക്കിടയിൽ ഈ സ്തോത്രം അടുത്തുവരുന്ന ദൂതനായി നിങ്ങളെ വിളിക്കട്ടെ. ഈ സ്തോത്രം നിങ്ങൾക്കു് പ്രിയകരമാവട്ടെ.

17 യദദോദിവോഅൎണ്ണവ

ഇഷോവാമദഥോഗൃഹേ

ശ്രുതമിന്മേഅമൎത്യാ

അന്വയം:—

| | | |
|---|---|---|
| ഹേ അമൎത്യാ, | — | മരണധൎമ്മരഹിതാവശ്വിനൌ, |
| ദിവഃ അദഃ | — | ദ്യുലോകസ്യാമുഷ്മിൻ സ്ഥാനേ |
| അൎണ്ണവേ യൽ മദഥഃ | — | അപാം സ്ഥാനേ യദിമാദ്യഥഃ |
| വാ ഇഷഃ ഗൃഹേ | — | അഥവാ യുവാമിച്ഛതോ<br>യജമാനസ്യ ഗൃഹേ യദി |
| (ഏവഞ്ചേൽ) മേ ശ്രുതം<br>ഇൽ | — | മദീയസ്തോത്രം ശൃണുതമേവ,<br>മമൈവ സ്തോത്രം ശ്രുത്വാ<br>മാദയതം |

അൎത്ഥം—അല്ലയോ അമരന്മാരായ അശ്വികളേ, നിങ്ങൾ ദ്യുലോകത്തിലെ ആസ്ഥാനത്തോ ജലസ്ഥാനമായ സമുദ്രത്തിലോ, ഹൎഷിക്കുന്നു എങ്കിൽ, നിങ്ങളെ ഇച്ഛിക്കുന്ന യജമാനന്റെ ഗൃഹത്തിലാണെങ്കിൽ (എവിടെയാണെങ്കിലും) എന്റെ സ്തോത്രം കേൾക്കുകതന്നെ ചെയ്താലും. എന്റെ തന്നെ സ്തോത്രത്താൽ ഹൎഷിച്ചാലും.

18 ഉതസ്യാശ്വേതയാവരീ

വാഹിഷ്ഠാവാന്നദീനാം

സിന്ധുൎഹിരണ്യവൎത്തനിഃ

അന്വയം:–

(ഋഷിഃ ശ്വേതയാവരീനാമ്ന്യാഃ നദ്യാസ്തീരേ അശ്വിനൗ സ്തൗതി.)

ഉത സിന്ധുഃ ഹിരണ്യ–
വർത്തനിഃ — സ്യന്ദനശീലാ, ഹിരൺമയോ
ഭയകൂലാ
സ്യാ ശ്വേത–യാവരീ — സാ ശ്വേതജലാനദീ
നദീനാം വാം — അന്യാസാം നദീനാം
മദ്ധ്യേയുവാം
വാഹിഷ്ഠാ — സ്തുത്യാതിശയേനാഗന്ത്രീ
ഭവതി
(തസ്മാദഹമസ്യാസ്തീരേ യുവാമസ്തവം)

അർത്ഥം—(ഋഷി ശ്വേതയാവരി എന്ന നദിയുടെ തീരത്തിൽ അശ്വികളെ സ്തുതിക്കുന്നു.) ഒഴുകുന്ന ശീലമുററ, സ്വർണ്ണവർണ്ണങ്ങളായ ഇരുകരകളുള്ള ആ വെൺനീരിയന്ന ശ്വേതയാവരി എന്ന നദി നിങ്ങളെ (നിങ്ങളുടെ തേരിനെ) ഏററവും സ്തുതിച്ചുകൊണ്ടു വഹിക്കുന്നു. (അതിനാൽ ഞാൻ ആ നദീതീരത്തിൽ അശ്വികളെ സ്തുതിക്കുന്നു.)

19 സ്മദേതയാസുകീർത്ത്യാ
അശ്വിനാശ്വേതയാധിയാ
വഹേഥേശുഭ്രയാവാനാ

അന്വയം:–

ഹേ ശുഭ്ര–യാവാനാ,
അശ്വിനാ, — ശോഭനഗമനവന്താവശ്വിനൗ,
സു–കീർത്ത്യാ, ശ്വേതയാ
ധിയാ — ശോഭനേസ്തുത്യാ, ശ്വേതജലയാ
ധാരയിത്ര്യാ (കൂലസ്ഥിതാൻ
പ്രാണിനഃ സുഖയിതാരൗ
സന്തൗ)
ഏതയാ സ്മൽ വഹേഥേ — നദ്യാ സുശോഭനം സ്തോത്രം
യുവാം പ്രാപ്നുഥഃ

അർത്ഥം—ശോഭന ഗമനത്തോടുകൂടിയ അശ്വികളേ, നല്ല സ്തുതിയോടുകൂടി വെൺനീർ ധരിച്ചുകൊണ്ടൊഴുകുന്ന ഈ നദിയാൽ ഉച്ചരിക്കപ്പെടുന്ന സ്തോത്രത്തെ, ഇരുകരകളിലുള്ള പ്രാണികൾക്ക് സുഖമിയറ്റുന്നവരായി നിങ്ങൾ പ്രാപിക്കുന്നു.

20 യുക്ഷ്വാഹിത്വംരഥാസഹാ
യുവസ്വപോഷ്യാവസോ
ആന്നോവായോമധുപിബാ
സ്മാകംസവനാഗഹി
വ. 29

അന്വയം:—

| | | |
|---|---|---|
| ഹേ വസോ, വായോ, | — | ശത്രൂണാം വാസയിതഃ വായോ, |
| രഥ–സഹാ | — | രഥവഹൌ, രഥവഹന സമർത്ഥാവശ്വൌ |
| ത്വം ഹി യുക്ഷ്വ | — | ത്വമേവ സംയോജയ |
| പോഷ്യാ | — | കണ്ഠേഷു പൊഷ്യൌ, കരതലാസ്ഫാലനൈരാശ്വാസ്യ പോഷണീയൌ |
| യുവസ്വ | — | സങ്ഗ്രാമേഷു ശത്രുവധാർത്ഥം മിശ്രയ |
| ആൽ നഃ മധു പിബ | — | അനന്തരമസ്മദീയം മദകരം സോമം പിബ |
| (അത ഏവ) അസ്മാകം സവനാ ആ ഗഹി | — | ത്രിഷു സവനേഷു സോമപാനാർത്ഥമാഗച്ഛ |

അർത്ഥം—ശത്രുക്കളെ അകറ്റുന്ന വായോ, തേർ വലിക്കാൻ കരുത്തുള്ള കുതിരകളെ അവിടുന്നുതന്നെ തേരിൽ പൂട്ടിയാലും. കഴുത്തിൽ കൈകൊണ്ടു തടവി, താലോലിച്ചു തലോടേണ്ടുന്ന അവയെ, യുദ്ധങ്ങളിൽ ശത്രുജയത്തിന്നുവേണ്ടി ചേർത്താലും. അനന്തരം ഞങ്ങളുടെ ഹർഷകരമായ സോമം കുടിച്ചാലും.

അതുകൊണ്ടുതന്നെ ഞങ്ങളുടെ മൂന്നു സവനങ്ങളിലും സോമപാനത്തിന്നായി വന്നാലും.

21 തവവായവൃതസ്പതേ
ത്വഷ്ടുർജ്ജാമാതരദ്ഭുത
അവാംസ്യാവൃണീമഹേ

അന്വയം:–
ഹേ ഋതഃ പതേ,
ത്വഷ്ടുഃ ജാമാതഃ, — **ഋതപതേ, യജ്ഞപതേ, ത്വഷ്ടുർജ്ജാമാതഃ,**
ഹേ അദ്ഭുത, വായോ — **മഹൻ, വായോ,**
തവ അവാംസി ആ
വൃണീമഹേ — **സംഭജാമഹേ**

അർത്ഥം–അല്ലയോ യജ്ഞപതേ, ത്വഷ്ടാവിൻെറ ജാമാതാവേ, മഹാനായ വായോ, അവിടത്തെ രക്ഷണങ്ങളെ ഞങ്ങൾ ഭജിക്കുന്നു, വരിക്കുന്നു.

22 ത്വഷ്ടുർജ്ജാമാതരംവയ
മീശാനംരായഈമഹേ
സുതാവന്തോവായുംദ്യുമ്നാജനാസഃ

അന്വയം:–
(ഇമേ,) ജനാസഃ
സുത–വന്തഃ വയം — **ജനാഃ അഭിഷുത സോമം വയം**
ത്വഷ്ടുഃ ജാമാതരം — **ബ്രഹ്മണഃ ജാമാതരം**
ഈശാനം വായും — **സർവ്വസ്യേശ്വരം തം**
രായഃ ഈമഹേ — **ധനം യാചാമഹേ**
(തേന വയം) ദ്യുമ്നാ — **ധനവന്തസ്യാമ**

അർത്ഥം–സംസ്കരിച്ച സോമത്തോടുകൂടിയ ഈ ജനങ്ങളായ നമ്മൾ ബ്രഹ്മാവിൻെറ ജാമാതാവും എല്ലാററിന്നും ഈ

ശരണമായ വായുവിനോടു ധനം യാചിക്കുന്നു. ആ ദാനത്താൽ നമ്മൾ ധനവാന്മാരാകാവൂ.

23 വായോ॑യാ॒ഹിശി॒വാദി॒വോ

വഹ॑സ്വാ॒സുസ്വശ്വ്॑യം

വഹ॑സ്വമ॒ഹഃപൃ॑ഥു॒പക്ഷ॑സാ॒രഥേ॑

അന്വയം:–

| | |
|---|---|
| ഹേ വായോ, ദിവഃ ശിവ | |
| ആ യാഹി | — ദ്യുലോകസ്യ ശീലം കല്യാണമാപ്രാപയ |
| (തതസ്ത്വം) സു–അശ്വ്യം | — ശോഭനോശ്വസങ്ഘം രഥം |
| സു വഹസ്വ | — സർവ്വതോവിക്ഷുപ്രാപയ |
| മഹഃ പൃഥു–പക്ഷസാ | |
| രഥേ വഹസ്വ | — മഹാംസ്ത്വം പൃഥുപാശ്വദ്വയാവശൌ രഥേ വഹസ്വ |

അർത്ഥം–അല്ലയോ വായോ, അവിടുന്ന് സ്വർഗ്ഗത്തിന്റെ മംഗളം പ്രാപിപ്പിച്ചാലും, സ്ഥാപിച്ചാലും. പിന്നെ, നല്ല കുതിരക്കൂട്ടമൊത്ത തേർ എമ്പാടും പ്രജകൾക്കെത്തിച്ചാലും. മഹാനായ അവിടുന്ന് രണ്ടുഭാഗവും തടിച്ച കുതിരകളെ അവിടത്തെ തേരിൽ പൂട്ടിയാലും.

24 ത്വാംഹിസു॒ഫ്സർ॑സ്തമം

നൃ॒ഷ॑ദനേഷുഹൂ॒മഹേ॑

ഗ്രാവാ॑ണ॒ന്നാശ്വ॑പൃഷ്ഠംമം॒ഹനാ॑

അന്വയം:–

| | |
|---|---|
| (ഹേ വായോ,) | |
| സുഫ്സരഃ–തമം | — അതിശയേന ശോഭനരൂപവന്തം |
| മംഹനാ അശ്വ–പൃഷ്ഠം | — മഹത്വേന സർവ്വതോ വ്യാപ്തപൃഷ്ഠം, വ്യാപ്തകൃത്സ്നാങ്ഗം |

ത്വാം നൃ–സദനേഷു ഹി — യജ്ഞേഷു ഖലു
ഗ്രാവാണം ന ഹൂമഹേ — സോമാഭിഷവാർത്ഥം ഗ്രാവാണം
സ്തുതിഭിരാഹ്വയന്തി
തദ്വദാഹ്വയാമഃ

അർത്ഥം—അല്ലയോ വായോ, ഏററവും നല്ല രൂപമൊത്തവനും മഹത്വംകൊണ്ടു് എങ്ങും വ്യാപിച്ച സർവ്വാംഗങ്ങളോടു കൂടിയവനുമായ അവിടത്തെ യജ്ഞങ്ങളിലാണല്ലൊ, ഞങ്ങൾ സോമം ചതക്കുന്ന കല്ലിനെ സ്തുതികളാൽ വിളിക്കുന്നപോലെ, വിളിക്കുന്നതു്.

25 സത്വന്നോ॑ദേവ॒മന॑സാ॒
വായോ॑മ॒ന്ദാനോഅ॑ഗ്രി॒യഃ
കൃ॒ധിവാ॑ജാँഅ॒പോധി॑യഃ
വ. 30

അന്വയം:—

ഹേ ദേവ, വായോ,
അഗ്രിയഃ — ദേവാനാം മദ്ധ്യേ മുഖ്യഃ
സഃ ത്വം മനസാ മന്ദാനഃ — സ്വയമേവ മോദമാനസ്സൻ
നഃ വാജാൻ അപഃ
ധിയഃ കൃധി — അന്നാനി മേഘഭേദേ
നോദകാനി ച പ്രദത്തേസതി
അഗ്നിഹോത്രാദികർമ്മാണി
കുരു

അർത്ഥം—അല്ലയോ ദേവനായ വായോ, ദേവന്മാരിൽ മുഖ്യനായ അവിടുന്നു് സ്വയം ഹർഷവാനായി ഞങ്ങൾക്കു് അന്നങ്ങളും മുകിൽ പിളർന്നു് വെള്ളങ്ങളും തന്നു് അഗ്നിഹോത്രാദി കർമ്മങ്ങളുണ്ടാക്കിയാലും, സാധിപ്പിച്ചാലും.

ശ്വരനുമായ വായുവിനോടു ധനം യാചിക്കുന്നു. ആ ദാനത്താൽ നമ്മൾ ധനവാന്മാരാകാവൂ.

23 വായോയാഹിശിവാദിവോ
വഹസ്വാസുസ്വശ്വ്യം
വഹസ്വമഹഃപൃഥുപക്ഷസാരഥേ

അന്വയം:-

ഹേ വായോ, ദിവഃ ശിവ
ആ യാഹി — ദ്യുലോകസ്യ ശീലം കല്യാണമാപ്രാപയ
(തതസ്ത്വം) സു-അശ്വ്യം — ശോഭനാശ്വസങ്ഘം രഥം
സു വഹസ്വ — സർവ്വതോവിക്ഷുപ്രാപയ
മഹഃ പൃഥു-പക്ഷസാ
രഥേ വഹസ്വ — മഹാംസ്ത്വം പൃഥുപാർശ്വദ്വയാവശ്വൌ രഥേ വഹസ്വ

അർത്ഥം-അല്ലയോ വായോ, അവിടുന്നു് സ്വർഗ്ഗത്തിന്റെ മംഗളം പ്രാപിപ്പിച്ചാലും, സ്ഥാപിച്ചാലും. പിന്നെ, നല്ല കുതിരക്കൂട്ടമൊത്ത തേർ എമ്പാടും പ്രജകൾക്കെത്തിച്ചാലും. മഹാനായ അവിടുന്നു് രണ്ടുഭാഗവും തടിച്ച കുതിരകളെ അവിടുത്തെ തേരിൽ പൂട്ടിയാലും.

24 ത്വാംഹിസുഫ്സരസ്തമം
നൃഷദനേഷുഹൂമഹേ
ഗ്രാവാണന്നാശ്വപൃഷ്ഠംമംഹനാ

അന്വയം:-

(ഹേ വായോ,)
സുഫ്സരഃ-തമം — അതിശയേന ശോഭനരൂപവന്തം
മംഹനാ അശ്വ-പൃഷ്ഠം — മഹത്വേന സർവ്വതോ വ്യാപ്തപൃഷ്ഠം, വ്യാപ്തകൃത്സ്നാങ്ഗം

ത്വം നൃ-സദനേഷു ഹി — യജ്ഞേഷു ഖലു
ഗ്രാവാണം ന ഹ്വമഹേ — സോമാഭിഷവാർത്ഥം ഗ്രാവാണം
സ്തുതിഭിരാഹ്വയന്തി
തദ്വദാഹ്വയാമഃ

അർത്ഥം—അല്ലയോ വായോ, ഏററവും നല്ല രൂപമൊത്തവനും മഹത്വംകൊണ്ട് എങ്ങും വ്യാപിച്ച സർവ്വാംഗങ്ങളോടു കൂടിയവനുമായ അവിടുത്തെ യജ്ഞങ്ങളിലാണല്ലൊ, ഞങ്ങൾ സോമം ചതക്കുന്ന കല്ലിനെ സ്തുതികളാൽ വിളിക്കുന്നപോലെ, വിളിക്കുന്നത്.

25 സത്വന്നോദേവമനസാ
വായോമന്ദാനോഅഗ്രിയഃ
കൃധിവാജാഁഅപോധിയഃ
വ. 30

അന്വയം:—

ഹേ ദേവ, വായോ,
അഗ്രിയഃ — ദേവാനാം മദ്ധ്യേ മുഖ്യഃ
സഃ ത്വം മനസാ മന്ദാനഃ — സ്വയമേവ മോദമാനസ്സൻ
നഃ വാജാൻ അപഃ
ധിയഃ കൃധി — അന്നാനി മേഘഭേദേ
നോദകാനി ച പ്രദത്തേസതി
അഗ്നിഹോത്രാദികർമ്മാണി
കുരു

അർത്ഥം—അല്ലയോ ദേവനായ വായോ, ദേവന്മാരിൽ മുഖ്യനായ അവിടുന്ന് സ്വയം ഹർഷവാനായി ഞങ്ങൾക്ക് അന്നങ്ങളും മുകിൽ പിളർന്ന് വെള്ളങ്ങളും തന്ന് അഗ്നിഹോത്രാദി കർമ്മങ്ങളുണ്ടാക്കിയാലും, സാധിപ്പിച്ചാലും.

വർഗ്ഗം–31 മുതൽ 34 കൂടി വൈവസ്വതഃ മനുഃ ഋഷിഃ വിഷമാ ബൃഹതീ സമാ സതോ ബൃഹതീച ഛന്ദസീ വിശ്വേദേവാ ദേവതാ.

1 അഗ്നിരുക്‌ഥേപുരോഹിതോ
ഗ്രാവാണോബർഹിരധ്വരേ
ഋചായാമിമരുതോബ്രഹ്മണസ്പതിം
ദേവാഁഅവോവരേണ്യം

അന്വയം:—
(മനുഃ പ്രാർത്ഥയതേ)
ഉക്‌ഥേ അധ്വരേ — സ്തോത്രശസ്ത്രാത്മകേ ഹിംസാ രഹിതേസ്മിൻ യജ്ഞേ
അഗ്നിഃ പുരഃ-ഹിതഃ — യജ്ഞാർത്ഥം പുരതഃ ഉത്തരവേദ്യാ മൃത്വിഗ്ഭിർന്നിഹിതഃ
(തഥാ) ഗ്രാവാണഃ — സോമാഭിഷവാർത്ഥം പുരതോ നിഹിതാഃ
ബർഹിഃ — ച പുരതോനിഹിതം
(ഏവം സാമഗ്ര്യാം സത്യാം) മരുതഃ — താൻ
ബ്രഹ്മണഃ പതിം — മന്ത്രപാലയിതാരന്ദേവം
ദേവാൻ വരേണ്യം അവഃ — ഇന്ദ്രാദീൻ സർവ്വാൻ ദേവാൻ വരണീയം രക്ഷണം
ഋചാ യാമി — സൂക്തരൂപയാ സ്തുത്യാമനുരഹം യാചാമി

അർത്ഥം—മനു പ്രാർത്ഥിക്കുന്നു—സ്തോത്രശസ്‌ത്രാത്മകവും ഹിംസാ രഹിതവുമായ യാഗത്തിൽ അഗ്നി, യജ്ഞത്തിന്നു വേണ്ടി മുമ്പിൽ, ഉത്തരവേദിയിൽ, ഋത്വിക്കുകളാൽ സ്ഥാപിതനായിരിക്കുന്നു. സോമം സംസ്കരിക്കുന്നതിന്നു പിടിക്കല്ലുകളും മുമ്പിൽ വയ്ക്കപ്പെട്ടിരിക്കുന്നു. ദർഭയും മുമ്പിൽ വിരിക്കപ്പെട്ടിരിക്കുന്നു. ഇപ്രകാരം സാമഗ്രികളൊരുങ്ങവേ, മരു

ത്തുക്കളോടും മന്ത്രപാലകനായ ബ്രഹ്മണസ്പതിയോടും ഇന്ദ്രാദികളായ എല്ലാ ദേവന്മാരോടും മനുവായ ഞാൻ വരണീയമായ രക്ഷണം യാചിക്കുന്നു.

2 ആപശ്ശുങ്ഗാസിപൃഥിവീംവനസ്പതീ
നുഷാസാനക്തമോഷധീഃ
വിശ്വേചനോവസവോവിശ്വവേദസോ
ധീനാംഭൂതപ്രാവിതാരഃ

അന്വയം:—

| | |
|---|---|
| (ഹേ സ്തോതഃ) പശ്ശും ആ ഗാസി | — അഗ്നീഷോമീയം പശ്ശും സമന്താൽ സ്തുഹി |
| (തഥാ) പൃഥിവീം | — ദേവസദനഭൂതാം, യജ്ഞവേദിം പ്രതി സ്തുഹി |
| (കിംച) വനസ്പതീൻ | — മഥനസാധനാനരണിരൂപാൻ സ്തുഹി |
| (തഥാ) ഉഷസാ നക്തം | — ഹോതവ്യതയാ ഉഷഃകാലം യഷ്ടവ്യതയാ രാത്രിഞ്ച പ്രതിസ്തുഹി |
| (കിംച) ഓഷധീഃ ച | — ഫലപാകാന്താസ്സോമലതാശ്ച സ്തുഹി |
| (തതഃ) ഹേ വസവഃ,<br>വിശ്വ—വേദസഃ,<br>വിശ്വേ, | — വാസയിതാരഃ, സവ്വജ്ഞാനാഃ സവ്വേപിദേവാഃ |
| നഃ ധീനാം പ്ര—അവിതാരഃ ഭൂത | — അസ്മദീയാനാം കമ്മണാം രക്ഷിതാരഃ അനേനാഗ്നിനാ സഹ യൂയം ഭവത |

അത്ഥം—അല്ലയോ സ്തോതാവേ, അഗ്നീഷോമത്തിന്നുള്ള പശ്ശുവിനെ മികച്ചും സ്തുതിക്കുക. ദേവസദനമായി ഭവിച്ച യജ്ഞവേദിയെ സ്തുതിക്കുക. തീ കടയുന്നതിന്നു് ഉപകരണമായ അരണിരൂപത്തിലുള്ള മരങ്ങളെ സ്തുതിക്കുക. അതുപോ

ലെ വിളിക്കപ്പെടേണ്ടും ഉഷഃകാലത്തെയും യജിക്കപ്പെടേണ്ടും രാത്രിയെയും സ്തുതിക്കുക. മൂത്തു പാകംവന്ന സോമലതകളെയും സ്തുതിക്കുക. ഏവരെയും വസിപ്പിക്കുന്നവരും സർവ്വജ്ഞന്മാരുമായ സർവ്വമാന ദേവന്മാരേ, ഈ അഗ്നിയോടുകൂടി നിങ്ങൾ ഞങ്ങളുടെ കർമ്മങ്ങൾക്കു് രക്ഷിതാക്കളായി ഭവിച്ചാലും.

3 പ്രസൂനഏത്വധ്വരോഽഽ

ഗ്നാദേവേഷുപൂർവ്യഃ

ആദിത്യേഷുപ്രവരുണേധൃതവ്രതേ

മരുൽസുവിശ്വഭാനുഷു

അന്വയം:—

പൂർവ്യഃ നഃ അധ്വരഃ — മുഖ്യോസ്മദീയോയജ്ഞഃ
അഗ്നാ, ദേവേഷു സു പ്ര
ഏതു — ദേവാനാം മുഖ്യേഗ്നൗ,
സർവ്വേഷ്വന്യേഷു ദേവേഷു ച
പ്രകർഷേണ ഗച്ഛതു
ആദിത്യേഷു — അദിതേഃ പുത്രേഷ്വിന്ദ്രാദിഷു
ധൃത—വ്രതേ വരുണേ — ധൃതകർമ്മണി തസ്മിൻ
വിശ്വ—ഭാനുഷു
മരുൽ—സു പ്ര — സർവ്വതോ വ്യാപ്തതേജസ്സ്വേഷു
തേഷു ച പ്രൈതു

അർത്ഥം—മുഖ്യമായ നമ്മളുടെ യജ്ഞം ദേവന്മാരിൽ മുമ്പനായ അഗ്നിയിലും മറെറല്ലാ ദേവന്മാരിലും നന്നായെത്തട്ടെ. അദിതിപുത്രന്മാരായ ഇന്ദ്രൻ മുതലായവരിലും ധൃതകർമ്മാവായ വരുണനിലും, എങ്ങും വ്യാപിച്ച തേജസ്സോടുകൂടിയ മരുത്തുക്കളിലും നന്നായെത്തട്ടെ.

4 വിശ്വേഹിഷ്മാമനവേവിശ്വവേദസോ

ഭുവന്ന്വൃധേരിശാദസഃ

അരിഷ്ടേഭിഃപായുഭിർവ്വിശ്വവേദസോ

യന്താനോവൃകഞ്ഛർദ്ദിഃ

അന്വയം:—

വിശ്വ-വേദസഃ — സർവ്വതോ വ്യാപ്തധനാഃ
രിശാദസഃ വിശ്വേ
ഹി സ്ഥ — ശത്രൂണാമുപക്ഷയിതാരസ്സർവ്വേ ഖലു ദേവാഃ
മനവേ വൃധേ ഭവൻ — മനോർവൃദ്ധ്നായ ഭവന്തു (ഷഷ്ഠ്യർത്ഥേ ചതുർത്ഥീ)
ഹേ വിശ്വ-വേദസഃ, — സർവ്വജ്ഞാദേവാഃ യൂയം
അരിഷ്ടേഭിഃ പായു-ഭിഃ — പരൈരഹിംസിതൈഃ പാലനൈസ്സഹ
നഃ അവൃകം ഛർദിഃ
യന്ത — അസ്മാകം ബാധാരഹിതങ്ഗൃഹം പ്രയച്ഛത

അർത്ഥം—എങ്ങും വ്യാപിച്ച ധനങ്ങളോടുകൂടിയവരും ശത്രുഹന്താക്കളുമായ ദേവന്മാരുണ്ടല്ലോ, അവരെല്ലാം മനുവിൻെറ അഭിവൃദ്ധിക്കായി ഭവിക്കട്ടെ. സർവ്വജ്ഞന്മാരായ ദേവന്മാർ ശത്രുക്കളാൽ തകരാറാക്കപ്പെടാത്ത രക്ഷണങ്ങളോടുകൂടി, നമുക്കു കേടററ ഗൃഹം തന്നരുളുമാറാകണം.

5 ആനോഅദ്യസമനസോ
ഗന്താവിശ്വേസജോഷസഃ
ഋചാഗിരാമരുതോദേവ്യദിതേ
സദനേപസ്ത്യേമഹി
വ. 31

അന്വയം:—

സ-മനസഃ വിശ്വേ — സർവ്വേഷു സ്തോത്രേഷു സമാനമനസ്കാസ്സർവ്വേ ദേവാ യൂയം
സ-ജോഷസഃ — പരസ്പരം സങ്ഗതാസ്സന്തഃ
ഗിരാ ഋചാ അദ്യ — ശുശ്രൂഷിതയാ പ്രാപ്തവ്യേന സൂക്തേന സഹാസ്മിൻ യാഗദിനേ
നഃ ആ ഗന്ത — യഷ്ടൄനസ്മാനാഗച്ഛത

(അനന്തരം) ഹേ മരുതഃ,
ദേവി, മഹി അദിതേ, — മഹതി ദേവാനാം മാതൃഭൂതേ,
സദനേ പസ്ത്യേ — നിഷദനസ്ഥാനേ ഗൃഹേ സ്തോത
വ്യതയോപവിശത

അർത്ഥം—എല്ലാ സ്തോതാക്കളിലും തുല്യമനസ്സരായ ദേവന്മാരായ നിങ്ങളൊക്കെ അന്യോന്യമൊത്തുചേർന്ന്, കേൾക്കാനിച്ഛയോടുകൂടി പ്രാപിക്കേണ്ടും സൂക്തത്തോടു ചേർന്ന്, ഈ യാഗദിവസത്തിൽ ഞങ്ങളെ പ്രാപിച്ചാലും. പിന്നെ അല്ലയോ മരുത്തുക്കളേ, മഹതിയായ അദിതേ, ദേവമാതാവേ, നിങ്ങൾ ഇരിപ്പിടത്തിൽ, ഞങ്ങളുടെ ഗൃഹത്തിൽ സ്തുത്യതയോടുകൂടി വന്നിരുന്നാലും.

6 അഭിപ്രിയാമരുതോയാവോഅശ്വ്യാ
ഹവ്യാമിത്രപ്രയാഥന
ആബർഹിരിന്ദ്രോവരുണസ്തുരാനര
ആദിത്യാസസ്സദന്തുനഃ

അന്വയം:—
ഹേ മരുതഃ, പ്രിയാ
യാ വഃ — യുവയോഃ പ്രിയാണി യാനി
സന്തി
(താനി) അശ്വ്യാ — അശ്വ്യാനി, അശ്വസങ്ഘാൻ
അഭി പ്ര—യാഥന — അസ്മദ്യജ്ഞം പ്രതി പ്രാപയത
(യൂയമൈശ്വര്യക്താസ്സന്ത ആഗച്ഛത.)
(അതഃ) ഹേ മിത്ര, — മിത്രശബ്ദേനാന്യേ വരുണാ
ദയോപ്യുച്യന്തേ, ഹേ മിത്രാ
ദയോ ദേവാഃ
ഹവ്യാ — ഹവ്യാനി, ഹവീംഷി സ്വീക
ർത്തുമാഗച്ഛത
(ആഗത്യച) ഇന്ദ്രഃ,
വരുണഃ, തുരാഃ — സങ്ഗ്രാമേ
ശത്രുവധാർത്ഥന്ത്വരമാണാഃ

നരഃ ആദിത്യാസഃ — നേതാരഃ അന്യേഅദിതി
പുത്രാശ്ച
നഃ ബൎഹിഃ ആ സദന്തു — ബൎഹിഷ്യാസീദന്തു

അൎത്ഥം—അല്ലയോ മരുത്തുക്കളേ, പ്രിയങ്ങളായി നിങ്ങൾക്കെന്തെന്തുണ്ടോ, ആ കുതിരക്കൂട്ടങ്ങളെ ഞങ്ങളുടെ യജ്ഞം പ്രാപിപ്പിച്ചാലും. (നിങ്ങൾ കുതിരകളോടുകൂടി വന്നാലും.) പിന്നെ, അല്ലയോ മിത്രാദിദേവന്മാരേ, ഹവിസ്സുകൾ കൈക്കൊള്ളാനായി വന്നാലും. വന്നിട്ടു് ഇന്ദ്രനും വരുണനും, യുദ്ധത്തിൽ ശത്രുക്കളെ അമൎത്തുന്നതിന്നു് ബദ്ധപ്പെടുന്ന നേതാക്കളായ മറ്റദിതിപുത്രന്മാരും ഞങ്ങളുടെ ദൎഭയിൽ ഇരിക്കട്ടെ.

7 വയംവോവൃക്തബൎഹിഷോ

ഹിതപ്രയസആനുഷൿ

സുതസോമാസോവരുണഹവാമഹേ

മനുഷ്വദിദ്ധാഗ്നയഃ

അന്വയം:—

ഹേ വരുണ, — വരുണാദയോദേവാഃ,
സുത—സോമാസഃ — അഭിഷുതസോമാഃ
ഇദ്ധ—അഗ്നയഃ — ആഹുതിഭിസ്സമിദ്ധാഗ്നയഃ
വൃക്ത—ബൎഹിഷഃ വയം — ആസ്തീൎണ്ണദൎഭാ ഋത്വിജോവയം
മനുഷ്വൽ — മനുര്യഥായജ്ഞേ യുഷ്മാനാ
ജുഹാവ തഥാ
ആനുഷൿ — സ്രുഗാദിഷ്വനുഷക്തം
ഹിത—പ്രയസഃ വഃ
ഹവാമഹേ — നിഹിത ഹവിഷ്കാ
യുഷ്മാനാഹ്വയാമഃ

അൎത്ഥം—അല്ലയോ വരുണാദി ദേവന്മാരേ, സംസ്കരിച്ച സോമത്തോടുകൂടിയവരും ആഹുതികളാൽ ആളികത്തിക്കപ്പെട്ട അഗ്നിയൊത്തവരും വിരിക്കപ്പെട്ട ദൎഭകളുറ്റവരുമായ ഞങ്ങൾ, ഋത്വിക്കുകൾ, പൂൎവ്വനായ മനു നിങ്ങളെ വിളിച്ചപോ

ലെ, സ്രുക്കു മുതലായ ഉപകരണങ്ങളിൽ നിറച്ച ഹവിസ്സുകളോടുകൂടി വിളിക്കുന്നു.

8 ആപ്രയാതമരുതോവിഷ്ണോഅശ്വിനാ
പൂഷന്മാകീനയാധിയാ
ഇന്ദ്രആയാതുപ്രഥമസ്സനിഷ്യുഭിർ
വൃഷായോവൃത്രഹാഗൃണേ

അന്വയം:–

ഹേ മരുതഃ, ഹേ വിഷ്ണോ, ഹേ അശ്വിനാ, ഹേ പൂഷൻ,–
മാകീനയാ ധിയാ — മമക്രിയമാണയാ സ്തുത്യാസഹ
പ്ര ആ യാത — പ്രകർഷേണാസ്മദീയകർമ്മാണ്യാ ഗച്ഛത
(കിംച) വൃഷാ യഃ — കാമാനാം വർഷകോയഇന്ദ്രഃ
സനിഷ്യു-ഭിഃ — സംഭജനമാത്മനഇച്ഛത്ഭി സ്തോതൃഭിഃ
വൃത്ര-ഹാ (ഇതി) ഗൃണേ — വൃത്രാസുരസ്യ ഹന്തേതി സ്തൂയതേ
പ്രഥമഃ സഃ ഇന്ദ്രഃ ആ യാതു — ദേവാനാം മുഖ്യസ്സചായാതു

അർത്ഥം–അല്ലയോ മരുത്തുക്കളേ, അല്ലയോ വിഷ്ണോ, അല്ലയോ അശ്വികളേ, അല്ലയോ പൂഷാവേ, നിങ്ങൾ എന്നാൽ ചെയ്യപ്പെടുന്ന സ്തുതിയോടൊപ്പം ഞങ്ങളുടെ കർമ്മങ്ങളെ നന്നായി പ്രാപിച്ചാലും. കൂടാതെ കാമവർഷിതാവായ ഏവൻ തന്നെ പ്രാപിക്കാനിച്ഛിക്കുന്ന സ്തോതാക്കളാൽ വൃത്രഹന്താവെന്നു സ്തുതിക്കപ്പെടുന്നുവോ, ദേവന്മാരിൽ മുമ്പനായ ആ ഇന്ദ്രനും വന്നുചേരട്ടെ.

9 വിനോദേവാസോഅദ്രുഹോ

ച്ഛിദ്രംശർമ്മയച്ഛത

നയദ്ദൂരാദ്വസവോനൂചിദന്തിതോ

വരൂഥമാദധർഷതി

അന്വയം:—

ഹേ വസവഃ, അദ്രുഹഃ,
ദേവാസഃ, — വാസയിതാരഃ, അദ്രോഗ്ധാരഃ, മരുദാദയോ ദേവാഃ,
ദൂരാൽ അന്തിതഃ ന ചിൽ— ദൂരദേശാദന്തികാദ്വാ കശ്ചിദാഗത്യകദാചിദപി
വരൂഥം യൽ ന
ആ-ദധർഷതി — വരണീയം യൽ ഗൃഹമാധർഷണം ഹിംസനം ന കരോതി
അച്ഛിദ്രം — ബാധകരഹിതന്താദൃശം
ശർമ്മ നഃ വി യച്ഛത — ഗൃഹമസ്മഭ്യം പ്രയച്ഛത

അർത്ഥം—ഏവരെയും വസിപ്പിക്കുന്നവരും ആരെയും ദ്രോഹിക്കാത്തവരുമായ മരുത്തുക്കൾ തൊട്ട ദേവന്മാരേ, അകലെ നിന്നോ അടുക്കൽ നിന്നോ ആരെങ്കിലുമെപ്പോഴെങ്കിലും യാതൊരു ഗൃഹത്തിന്നു് കേടേല്പിക്കുകയില്ലയോ, അപ്രകാരം ബാധാരഹിതമായ (ബാധകർ തീണ്ടാത്ത) ഗൃഹം ഞങ്ങൾക്കു തന്നരുളിയാലും.

10 അസ്തിഹിവസ്സജാത്യംരിശാദസോ

ദേവാസോഅസ്ത്യാപ്യം

പ്രണഃപൂർവ്വസ്മൈസുവിതായവോചത

മക്ഷൂസുമ്നായനവ്യസേ

വ. 32

അന്വയം:—

| | |
|---|---|
| ഹേ രിശാദസഃ ദേവാസഃ, | ഹിംസതാമസിതാരോ ദേവാഃ, |
| വഃ സ–ജാത്യം അസ്തി | യുഷ്മാകം മമ ച സമാന ജാതിത്വമസ്തി |
| ആപ്യം ഹി അസ്തി | ബന്ധുത്വഞ്ചാസ്തി |
| (തതഃ) പൂർവ്വസ്യൈ സുവിതായ | പ്രഥമഭാവിനേഭ്യുദയായ, ക്ഷേമായ |
| നവ്യസേ സുമ്നായ | നവതരായ സുഖായ ച |
| മക്ഷു നഃ പ്ര വോചത | ക്ഷിപ്രം പ്രകർഷേണ ബ്രൂത |

അർത്ഥം—ഹിംസകരെ അകററുന്നവരായ ദേവന്മാരേ, നിങ്ങളോടെനിക്കു സമാനജന്മത്വമുണ്ട്, ബന്ധുത്വമുണ്ട്. (വിവസ്വാൻെറ പുത്രനാണല്ലൊ മനു.) അപ്പോൾ മുമ്പുണ്ടാവേണ്ടും അഭ്യുദയ (ക്ഷേമ)ത്തിന്നായും, പുതുതായ സുഖത്തിന്നായും വേഗത്തിൽ അനുഗ്രഹവചസ്സുകളുരച്ചാലും.

11 ഇ॒ദാഹിവഉ॒പ॑സ്തുതി

മി॒ദാവാ॒മസ്യ॑ഭ॒ക്തയേ॑

ഉപ॑വോവിശ്വവേദസോന॒മസ്യുരാ

അ॒സൃക്ഷ്॑യന്യാമിവ

അന്വയം:—

| | |
|---|---|
| ഹേ വിശ്വ–വേദസഃ, | സർവ്വധനാദേവാഃ, |
| വഃ വാമസ്യ ഇദാ ഭക്തയേ | യുഷ്മൽ സംബന്ധിനഃ വനനീയസ്യ ധനസ്യ ഇദാനീമേവ സംഭജനായ |
| നമസ്യുഃ വഃ ഉപ–സ്തുതിം | അന്നമിച്ഛൻ മനുരഹം യുഷ്മദ്വിഷയാം സ്തുതിം |
| അന്യാം–ഇവ | അദൃഷ്ടപൂർവ്വാം, കൈശ്ചിദപ്യകൃതാമിവ |

| | |
|---|---|
| ഇദാ ഹി ഉപ ആ<br>അസൃക്ഷി | — ഇദാനീമേവോപസൃജാമി,<br>കരോമി. |

അർത്ഥം—അല്ലയോ സർവ്വധനന്മാരായ ദേവന്മാരേ, നിങ്ങളെസ്സംബന്ധിച്ച കാമ്യമായ ധനം ഇപ്പോൾത്തന്നെ ലഭിക്കാനായി അന്നമിച്ഛിക്കുന്ന മനുവായ ഞാൻ നിങ്ങളെസ്സംബന്ധിച്ച സ്തുതി, മററാരാലും ഇതുവരെ ചെയ്യപ്പെടാത്തവിധം ഇപ്പോൾത്തന്നെ രചിച്ചു ചൊല്ലുന്നു.

12 ഉദു॒ഷ്യവ॑സ്സവി॒താസു॑പ്രണീത॒യോ

സ്ഥാ॑ദൂ॒ർധ്വോവരേ॑ണ്യഃ

നിദ്വി॒പാദ॒ശ്ചതു॑ഷ്പാദോ॒അർത്ഥിനോ

വി॑ശ്രൻപതയി॒ഷ്ണവ॑ഃ

അന്വയം:—

| | |
|---|---|
| ഹേ സു- പ്രനീതയഃ, | — ശോഭനസ്തുതയോ മരുതഃ, |
| വഃ ഊർധ്വഃ, വരേണ്യഃ | — യുഷ്മാകം മദ്ധ്യേ<br>ഊർധ്വങ്ഗന്താ, സർവ്വൈ<br>വ്‌രണീയഃ, സംഭജനീയഃ |
| സ്യഃ സവിതാ | — സർവ്വസ്യപ്രേരക ദേവോയദാ |
| ഉൽ അസ്ഥാൽ ഉ | — സ്വതേജസാ ഏവോൽ<br>ഗതോഭൂൽ, തദാ |
| അർത്ഥിനഃ ദ്വി—പാദഃ | — പാദദ്വയയുക്താ മനുഷ്യാഃ,<br>അഗ്നിഹോത്രാദികം കുർവ്വന്തഃ |
| ചതുഃ—പാദഃ | — പാദചതുഷ്ടയയുക്താ<br>അശ്വാദയഃ തൃണാദി<br>ഭക്ഷണാർത്ഥം സഞ്ചരന്തഃ |
| പതയിഷ്ണവഃ | — പതനശീലാഃ പക്ഷിണഃ<br>നീഡാൽബഹിർഗ്ഗച്ഛന്തഃ |
| നി അവിശ്രൻ | — സ്വസ്വകാര്യേഷു നിവിശന്തേ |

അർത്ഥം—ശോഭനസ്തുതിമാന്മാരായ മരുത്തുക്കളേ, നിങ്ങളുടെ ഇടയിൽ നിന്നു് മേൽപ്പോട്ടുപോയി ഏവരാലും ഭജനീയ

നും സർവ്വപ്രേരകനുമായ ആ സവിതാവ് സ്വന്തം തേജസ്സാൽ തന്നെ ഉയർന്നപ്പോൾ, അഭീഷ്ടം കാമിക്കുന്ന ഇരുകാലികളായ മനുഷ്യർ അഗ്നിഹോത്രാദികർമ്മം ചെയ്യുന്നവരായും, നാല്ക്കാലികളായ കുതിര മുതലായവ ഭക്ഷണാർത്ഥം പുല്ല് മുതലായവയ്ക്കുവേണ്ടി നടക്കുന്നവയായും പറക്കുന്ന പക്ഷികൾ കൂടുവിട്ടു പുറത്തുപോകുന്നവയായും സ്വസ്വകാര്യങ്ങളിൽ പ്രവേശിക്കുന്നു.

13 ദേവന്ദേവംവോവസേ
ദേവന്ദേവമഭിഷ്ടയേ
ദേവന്ദേവംഹുവേമവാജസാതയേ
ഗൃണന്തോദേവ്യാധിയാ

അന്വയം:-

(വയം) ദേവ്യാ ധിയാ
ഗൃണന്തഃ വഃ — ദ്യോതമാനയാസ്തുത്യാ സ്തുവന്തോ യുഷ്മാകം മദ്ധ്യേ
ദേവം-ദേവം അവസേ — ദ്യോതമാനം ദേവം രക്ഷണായാഹ്വയാമ
അഭിഷ്ടയേ ദേവം-ദേവം — അഭിലഷിത പ്രാപ്തയേ സർവ്വം ദേവം ആഹ്വയാമ
വാജ—സാതയേ ദേവം—
ദേവം ഹുവേമ — ഏകമേകം ദേവം ഹ്വയാമ

അർത്ഥം—ഞങ്ങൾ തിളങ്ങുന്ന സ്തുതിയാൽ പുകഴ്ത്തുന്നവരായി നിങ്ങളുടെ ഇടയിൽ ഭാസമാനനായ ദേവനെ രക്ഷണത്തിന്നായി വിളിക്കുന്നു. അഭിലാഷപൂർത്തിക്കായി എല്ലാ ദേവന്മാരെയും വിളിക്കുന്നു. അന്നലാഭത്തിന്നായി ഓരോ ദേവനെയും വിളിക്കുന്നു.

14 ദേവാസോഹിഷ്മാമനവേസമന്യവോ
വിശ്വേസാകംസരാതയഃ
തേനോഅദ്യതേഅപരന്തുചേതുനോ
ഭവന്തുവരിവോവിദഃ

അന്വയം:—

| | | |
|---|---|---|
| സ—മന്യവഃ വിശ്വേ<br>ദേവാസഃ ഹി സ്മ | — | സമാനമനസഃ സർവ്വേ ദേവാഃ ഖലു |
| മനവേ സാകം<br>സ_രാതയഃ | — | മനവേ മഹ്യം യുഗപദേവ ധനാനി ദാനേന സഹിതാ ഭവന്തു |
| തേ നഃ അദ്യ അപരം | — | തേ ദേവാഃ അസ്മാകമസ്മിൻ ദിനേ, അപരേഷു സർവ്വേഷു ദിവസേഷു ധനദാതാരോ ഭവന്തു |
| (ന കേവലമസ്മാകമേവ,<br>കിംതു) തേ നഃ തുചേ തു | — | അസ്മാകം പുത്രായ ച |
| വരിവഃ—വിദഃ ഭവന്തു | — | വരണീയസ്യ ധനസ്യ ലംഭയിതാരോ ഭവന്തു |

അർത്ഥം—തുല്യമനസ്കരായ ദേവന്മാരുണ്ടല്ലോ, അവരെല്ലാവരും മനുവായ എനിക്കു് ഒപ്പം ധനദാനത്തോടുകൂടിയവരാവട്ടെ. അവർ ഇന്നുമെന്നും ധനദാതാക്കളാവട്ടെ. എനിക്കു മാത്രമല്ല, എന്റെ പുത്രന്നും അവർ ശ്രേഷ്ഠമായ ധനം കൊടുക്കുന്നവരാവട്ടെ.

15 പ്രവശ്ശംസാമ്യദ്രുഹ
സ്സംസ്ഥഉപസ്തുതീനാം
നതന്ധൂർത്തിർവ്വരുണമിത്രമർത്ത്യം
യോവോധാമഭ്യോവിധൽ

അന്വയം:—

ഹേ അദ്രുഹഃ; — അദ്രോഗ്ധാരോദേവാഃ,
ഉപ-സ്തുതീനാം സം-സ്ഥേ — താസാം യജ്ഞേ ക്രിയമാണ
ത്വാദസ്മിൻ യജ്ഞേ
വഃ പ്ര ശംസാമി — യുഷ്മാൻ പ്രകർഷേണ സ്തൌമി
ഹേ വരുണ, ഹേ മിത്ര, — മിത്രാവരുണൌ
യഃ വഃ ധാമ- ഭ്യഃ — യോ മനുഷ്യഃ യുഷ്മാകം
ശരീരേഭ്യഃ
അവിധൽ — ഹവീംഷി പ്രയച്ഛതി, ഹവിർഭിഃ
പരിചരതി
തം മർത്യം ധൂർത്തിഃ ന — ശത്രുഭ്യോഹിംസാ ന ബാധതേ

അർത്ഥം—ദ്രോഹിക്കാത്ത ദേവന്മാരേ, സ്തുതികൾ ചൊല്ലപ്പെടുന്ന ഈ യജ്ഞത്തിൽ നിങ്ങളെ ഞാൻ നന്നായി സ്തുതിക്കുന്നു. അല്ലയോ മിത്രവരുണന്മാരേ, ഏവൻ നിങ്ങളുടെ ശരീരങ്ങൾക്കായി ഹവിസ്സുകളേകുന്നുവോ, ഹവിസ്സുകളാൽ നിങ്ങളെ പരിചരിക്കുന്നുവോ, ആ മനുഷ്യനെ ശത്രുക്കളിൽ നിന്നുള്ള ദ്രോഹം ബാധിക്കുന്നില്ല.

16 പ്രസക്ഷയന്തിരതേവിമഹീരിഷോ

യോവോവരായദാശതി

പ്രപ്രജാഭിർജ്ജായതേധർമ്മണസ്പ

ര്യരിഷ്ടസ്സർവ്വഏധതേ വ. 33

അന്വയം:—

(ഹേ ദേവാഃ) യഃ വരായ — വരണീയായ ധനായ, തദർത്ഥം
വഃ ദാശതി — യുഷ്മഭ്യം ഹവീംഷി പ്രയച്ഛതി
സഃ ക്ഷയം പ്ര തിരതേ — ഗൃഹം പ്രകർഷേണ വർദ്ധയതി
(സ ഏവ) മഹീഃ
ഇഷഃ വി — മഹാന്ത്യന്നാനി വിവർദ്ധയതി
(കിംച) ധർമ്മണഃ — കർമ്മണസ്സകാശാൽ സഃ
പ്ര—ജാഭിഃ പരി പ്ര
ജായതേ — സർവ്വതഃ പ്രകർഷേണാവിർഭവതി

(തതഃ) അരിഷ്ടഃ സർവ്വഃ
ഏധതേ — അന്യൈരഹിംസിതഃ യുഷ്മാകം ഹവിഷ്പ്രദാനാൽ സർവ്വോജനഃ ധനാദിഭിർവ്വർദ്ധതേ

അർത്ഥം—അല്ലയോ ദേവന്മാരേ, ശ്രേഷ്ഠമായ ധനത്തിന്നു വേണ്ടി ആർ നിങ്ങൾക്ക ഹവിസ്സുകളേകുന്നുവോ അവൻ ഗൃഹത്തെ വളർത്തുന്നു. അവൻ മാത്രം മഹത്തുക്കളായ അന്നങ്ങൾ വർദ്ധിപ്പിക്കുന്നു. പിന്നെ, കർമ്മങ്ങളിൽ നിന്നു് പ്രജകളെ, സന്താനങ്ങളെക്കൊണ്ടു് വീണ്ടും ജനിക്കുന്നു. (''ആത്മാവൈ പുത്രനാമാസി'' എന്ന ശ്രുതിവാക്യപ്രകാരം ആത്മാവുതന്നെയാണു്, അവനവൻ തന്നെയാണു് മകനായി പിറക്കുന്നതു്.) മാത്രമല്ല. നിങ്ങൾക്കു് ഹവിസ്സേകുന്ന ജനം മുഴുവൻ ശത്രുഹിംസയേല്ക്കാതെ ധനാദികളാൽ വർദ്ധിക്കുന്നു.

17 ഋതേസവിന്ദതേയുധ
സ്സുഗേഭിര്യാത്യധ്വനഃ
അര്യമാമിത്രോവരുണസ്സരാതയോ
യന്ത്രായന്തേസജോഷസഃ

അന്വയം:—

യം അര്യമാ, മിത്രഃ,
വരുണഃ — ഏതേ ദേവാഃ
സ–രാതയഃ,
സ–ജോഷസഃ ത്രായന്തേ — സമാനദാനാസ്സംഗതാസ്സന്തഃ പാലയന്തി
സഃ യുധഃ ഋതേ വിന്ദതേ — യുദ്ധാദ്വിനാപി ധനാനി ലഭതേ
സു–ഗേഭിഃ അധ്വനഃ
യാതി — ശോഭനഗമനൈസ്സഹ മാർഗ്ഗാൻ, ഗന്തവ്യാൻ ദേശാൻ ഗച്ഛതി

അർത്ഥം—ഏതവനെ അര്യമാവും വരുണനും മിത്രനും സമാനദാനങ്ങളോടു്, തുല്യാനുഗ്രഹങ്ങളോടുകൂടി ഒത്തുചേർന്നു രക്ഷിക്കുന്നുവോ, അവൻ യുദ്ധം കൂടാതെതന്നെ ധനാദികൾ നേടുന്നു. സന്മാർഗ്ഗചാരികളോടൊത്തു് വഴികൾ താണ്ടി, പ്രാപ്യസ്ഥാനങ്ങളിലെത്തുന്നു.

18 അജ്രേചിദസ്മൈകൃണുഥാന്യഞ്ചനം
ദുർഗ്ഗേചിദാസുസരണം
ഏഷാചിദസ്മാദശനിഃപരോനു
സാസ്രേധന്തീവിനശ്യതു

അന്വയം:—

(ഹേ ദേവാഃ,) അജ്രേ
ചിൽ — ഋജുഗമനേ ഏവ
അസ്മൈ നി—അഞ്ചനം
കൃണുഥ — അസ്മൈമനവേമഹ്യം യൂയം ഗമനം കുരുത
(തഥാ) ദുഃ—ഗേ ചിൽ — അഗന്തവ്യേപി സ്ഥലേ
സു-സരണം ആ — ശോഭനഗമനം സമന്താൽ കുരുത
(ഏവംസതി) ഏഷാ
അശനിഃ — ശത്രൂണാം തദേതദായുധം
അസ്മാൽ നു പരഃ ചിൽ — സർവ്വതോഗന്തുർമ്മനോഃ പരസ്താൽ ഭവേൽ
(പശ്ചാൽ) സാ
അസ്രേധന്തീ വി നശ്യതു — കാംശ്ചിദപ്യഹിംസതീ വിനഷ്ടാഭവേൽ

അർത്ഥം—അല്ലയോ ദേവന്മാരേ, നേരായ മാർഗ്ഗത്തിൽ ഈ മനുവായ എനിക്കു് ഗമനമുണ്ടാക്കിയാലും, നടത്തിച്ചാലും. ദുർഗ്ഗമമായ മാർഗ്ഗത്തിലാണെങ്കിൽ അവിടെയും ശോഭനഗമനം, ധർമ്മാനുസാരമായ ചരണം പൂർണ്ണമായുണ്ടാക്കിയാലും. ഇപ്രകാരമിരിക്കേ, ശത്രുക്കളുടെ ആയുധം, എങ്ങും ഗമിക്കുന്ന എന്റെ അപ്പുറത്താവട്ടെ. പിന്നെ ആ ആയുധം ആരെയും ഹിംസിക്കാതെ നശിക്കട്ടെ.

19 യദദ്യസൂര്യഉദ്യതി
പ്രിയക്ഷത്രാഋതന്ദധ
യന്നിമ്രുചിപ്രബുധിവിശ്വവേദസോ
യദ്വാമധ്യന്ദിനേദിവഃ

അന്വയം:—
ഹേ വിശ്വ-വേദസഃ,
പ്രിയ-ക്ഷത്രാഃ — സർവ്വധനാഃ, പ്രീണയിതൃ ബലാദേവാഃ,
അദ്യ സൂര്യേ പ്ര-ബുധി — അസ്മിന്ദിനേ, സർവ്വസ്യപ്രേരകേ സവിതരി പ്രബോധനേ, പ്രാതഃ കാലേ
ഉൽ-യതി — ഉൽഗച്ഛതി സതി വാ
യൽ വാ ദിവഃ
മധ്യന്ദിനേ — യദിവാ തേജസാ ദീപ്യമാനസ്യ മദ്ധ്യേ
യൽ നി-മ്രുചി — യദിനിമ്രോചനേ, നിതരാങ്‌ഗമനേ, സായങ്‌കാലേ
യൽ ഋതം ദധ — യദാ കല്യാണഭൃതം ഗൃഹം ധാരയത

അർത്ഥം—സർവ്വധനന്മാരും സ്തോതാക്കളെ പ്രീണിപ്പിക്കുന്ന ബലത്തോടുകൂടിയവരുമായ ദേവന്മാരേ, ഇന്ന് ഏവർക്കും പ്രേരകനായ സവിതാവുണരുന്ന പ്രാതഃകാലത്തിൽ, ഉദിച്ചു പൊങ്ങുമ്പോഴോ, തേജസ്സാൽ കത്തിശ്ശോഭിക്കുന്ന മദ്ധ്യാഹ്നത്തിലോ, തീരെ അടങ്ങുന്ന, അസ്തമിക്കുന്ന സായങ്കാലത്തിലോ ഞങ്ങൾക്കുവേണ്ടി നിങ്ങൾ മംഗളാത്മകമായ ഗൃഹം ഭരിക്കുന്നതു്, തന്നരുളുന്നതു്,

20 യദ്വാ॑ഭിപി॒ത്വേഅ॑സുരാഋ॒തംയ॒തേ

ഛ॒ർദ്ദിര്യേമ॒വിദാ॒ശുഷേ॑

വ॒യന്തദ്വോ॑വസവോവിശ്വവേദസ॒

ഉ॑പസ്ഥേയാമ॒മ॒ദ്ധ്യആ

അന്വയം:—
ഹേ അസുരാഃ, വസവഃ,
വിശ്വ-വേദസഃ — ബലവന്തഃ, ശത്രൂണാം വിവാസയിതാരഃ

യൽ വാ അഭി-പിത്വേ — യദാ വാ അസ്മദ്യജ്ഞം
പ്രതിയുഷ്മാകമഭിപ്രാപ്തൌ
ഋതം യതേ ദാശുഷേ — യജ്ഞങ്ഗച്ഛതേ,
ഹവീംഷിദത്തവതേ
യജമാനായ
(തൽ) ഛർദ്ദിഃ വി യേമ — ഗൃഹം പ്രയച്ഛഥ
വഃ തൽ — ഗൃഹം ഭവദ്ഭിഃ പ്രത്തസ്യ
ഗൃഹസ്യ (ഷഷ്ഠ്യർത്ഥേ ദ്വിതീയാ)

മദ്ധ്യേ വയം ആ
ഉപ സ്ഥേയാമ, — സമന്താൽ ഉപതിഷ്ഠേമ,
യുഷ്മാൻ ഹവിർഭിഃ പൂജയേമ

അർത്ഥം—ബലവാന്മാരും ശത്രുക്കളെ അകററുന്നവരും സർവ്വധനന്മാരുമായ ദേവന്മാരേ, ഞങ്ങളുടെ യജ്ഞത്തെ ഉദ്ദേശിച്ച നിങ്ങളുടെ വരവിലൊ, യജ്ഞത്തെ ഭജിച്ച് ഹവിസ്സുകളേകുന്ന യജമാനന്നായി ആ ഗൃഹം തന്നാലും. നിങ്ങളരുളിയ ആഗൃഹത്തിൻെറ മദ്ധ്യത്തിൽ നിങ്ങളെ ഞങ്ങൾ പൂർണ്ണമായുപാസിച്ചിരിയ്ക്കാവൂ, ഹവിസ്സുകളാൽ പൂജിയ്ക്കാവൂ. (പ്രഭാതത്തിലൊ പൂർവ്വാഹ്നത്തിലൊ മദ്ധ്യാഹ്നത്തിലൊ അസ്തമയത്തിലൊ എന്നിങ്ങനെ സമയഭേദം പറഞ്ഞശേഷം യജ്ഞാഗമനത്തിലോ എന്നും കൂടി വികല്പം സൂചിപ്പിച്ചിരിക്കുന്നു.) (യുഗ്മകം)

21 യദദ്യസൂരഉദിതേ

യന്മധ്യന്ദിനആതുചി

വാമംധത്ഥമനവേവിശ്വവേദസോ

ജുഹ്വാനായപ്രചേതസേ

അന്വയം:—
ഹേ വിശ്വ-വേദസഃ, — സർവ്വധനാ ദേവാഃ,
യൽ അദ്യ സൂരേ
ഉൽ-ഇതേ — ഇദാനീം സൂര്യേ ഉദിതേ സതി
യൽ മദ്ധ്യന്ദിനേ — യദി ദിവസസ്യമദ്ധ്യേ
ആ-തുചി — സൂര്യസ്യ നിമ്രോചനേ, സായം

ജുഹ്വാനായ
പ്ര–ചേതസേ — അഗ്നൌ ഹവീംഷി ജുഹ്വതേ, പ്രകൃഷ്ടജ്ഞാനായ
മനവേ വാമം ധത്ഥ — മഹ്യം വനനീയം ധനം ദത്ഥ

അർത്ഥം—അല്ലയോ സർവ്വധനന്മാരായ ദേവന്മാരേ, ഇപ്പോൾ സൂര്യനുദിക്കവേയോ, മദ്ധ്യാഹ്നത്തിലോ, സൂര്യാസ്തമയത്തിലോ, അഗ്നിയിൽ ഹവിസ്സുകൾ ഹോമിക്കുന്ന ഉൽകൃഷ്ടജ്ഞാനമുററ മനുവായ എനിക്ക് വരണീയധനം തന്നരുളിയാലും.

22 വ॒യന്തദ്വ॑സ്സമ്രാജ॒ആവൃ॑ണീമഹേ
പു॒ത്രോന॑ബഹു॒പായ്യം॑
അ॒ശ്യാമ॒തദാ॑ദിത്യാജ്ജു॒ഹ്വതോ॑ഹ॒വി
ര്യേന॒വസ്യോ॒നശാ॑മഹൈ
വ. 34

അന്വയം:—
സം—രാജഃ,
ഹേ ആദിത്യാഃ — സമ്യക് ദീപ്യമാനാ ദേവാഃ,
പുത്രഃ ന — (ഏകവചനം ഛാന്ദസം) പുത്രാ ഇവ, പുത്രായഥാ പിതൃഭിഃ പോഷ്യാസ്തദ്വ ദ്യുഷ്മാഭിഃ പോഷ്യാഃ
വയം യേന വസ്യഃ — അതിശയേന വസുമത്വം
അനശാമഹൈ — അശ്നവാമഹൈ, പ്രാപ്നുമഃ
ബഹു–പായ്യം വഃ തൽ അശ്യാമ — ബഹുഭിർഭോജ്യം യുഷ്മൽ സംബന്ധിനം തം ധനം പ്രാപ്നുയാമ
ഹവിഃ ജുഹ്വതഃ (മേ) തൽ — അഗ്നാവാഹുതിം കുർവ്വതോമമ തദ്ദേഹി
(തൽ) ആ വൃണീമഹേ — സംഭജാമഹേ

അർത്ഥം—നന്നായി പ്രകാശിക്കുന്ന അദിതിപുത്രന്മാരായ ദേവൻമാരേ, പുത്രൻമാർ അച്ഛൻമാരാൽ പോഷിപ്പിക്കപ്പെടേണ്ടവരെന്നപോലെ, നിങ്ങളാൽ പോഷിപ്പിക്കപ്പെടേണ്ടും ഞങ്ങൾ, യാതൊന്നാലാണോ വസുമത്വം, ധനവത്വം തികച്ചും നേടുക, ഏവർക്കും ഭോജ്യമായ, നിങ്ങളെസ്സംബന്ധിച്ച ആ ധനത്തെ പ്രാപിക്കാവൂ. അഗ്നിയിൽ ഹവിസ്സു ഹോമിക്കുന്ന എനിക്കു അതു തന്നരുളിയാലും. അതിനെ ഞാൻ വരിക്കുന്നു, ഭരിക്കുന്നു.

വർഗ്ഗം—35_ഗായത്രീപുരഉഷ്ണിഹൌഛന്ദസീ, വിശ്വേദേവാ ദേവതാ.

1 യേത്രിംശതിത്രയസ്പരോ
ദേവാസോബർഹിരാസദൻ
വിദന്നഹദ്വിതാസനൻ

അന്വയം:—

ത്രിംശതി പരഃ ത്രയഃ — ത്രയസ്ത്രിംശൽസംഖ്യാകാഃ
യേ ദേവാസഃ — ദേവാ ഭവന്തി, തേ സർവ്വേ
ബർഹിഃ ആ അസദൻ — അസ്മദ്യജ്ഞേ ബർഹിഷ്യാസീദന്തു
(അഥ) വിദൻ — അസ്മാൻ ഹവിഷാം പ്രദാതൄനിതി ജാനന്തു
(തതഃ) ദ്വിതാ അസനൻ അഹ — ദ്വിപ്രകാരേണ ധനം പശ്വാദികഞ്ച പ്രയച്ഛന്തു ഹി

അർത്ഥം—മുപ്പത്തിമൂന്നു ദേവന്മാരേവരോ അവരെല്ലാം നമ്മുടെ യജ്ഞത്തിൽ ദർഭയിലിരുന്നരുളട്ടെ. പിന്നെ നമ്മളെ ഹവിർദ്ദാതാക്കളെന്നറിയട്ടെ. ധനവും പശുമുതലായവയും രണ്ടും തന്നരുളട്ടെ.

2 വരുണോമിത്രോഅര്യമാ
സ്വദ്രാതിഷാചോഅഗ്നയഃ
പത്നീവന്തോവഷട്കൃതാഃ

അന്വയം:–

വരുണഃ മിത്രഃ അര്യമാ — ഏതേദേവാഃ
സ്വദ്രാതി–സാചഃ — സുമച്ഛോഭനോരാതിഃ, ഹവിഷ്പ്രദാനം യേഷാം താൻ സചന്തേ, സേവന്തേ,
പത്നീ–വന്തഃ — ദേവപത്നീസഹിതാസ്തേ
അഗ്നയഃ (ച)
വഷട്–കൃതാഃ — സ്വാഹാകൃതാഃ

അൎത്ഥം–വരുണനും മിത്രനും അര്യമാവും നന്നായി ഹവിസ്സേകുന്ന യജമാനന്മാരെ കൈക്കൊള്ളുന്നവരാകുന്നു. ദേവപത്നികളോടുകൂടിയ അവരും ഗാൎഹപത്യാദികളായ അഗ്നികളും സ്വാഹാശബ്ദത്തോടുകൂടി ഹോമിക്കപ്പെട്ടവരായിരിക്കുന്നു.

3 തേനോഗോപാഅപാച്യാ
സ്തഉദൿതഇത്ഥാന്യൿ
പുരസ്താൽസൎവ്വയാവിശാ

അന്വയം:–

തേ സൎവ്വയാ വിശാ — തേ ദേവാഃ സൎവ്വേണാനുചരവൎഗ്ഗേണ സഹ
അപാച്യാഃ നഃ ഗോപാഃ — പ്രതീച്യാസ്ത്രാതാരോ ഭവന്തു
തേ ഉദൿ — ഉദീച്യാസ്ത്രാതാരോ ഭവന്തു
ഇത്ഥാ — ഊർധ്വായാഃ ദക്ഷിണസ്യാശ്ച ദിശസ്ത്രാതാരോ ഭവന്തു
തേ പുരസ്താൽ — പ്രാച്യാദിശശ്ചത്രാതാരോ ഭവന്തു
(തഥാ) ന്യൿ — അധസ്താത്ത്രാതാരോ ഭവന്തു

അൎത്ഥം—ആ ദേവന്മാർ അനുചരവൎഗ്ഗത്തോടു മുഴവൻ ചേൎന്നു് പടിഞ്ഞാറുനിന്നു് നമുക്കു് രക്ഷിതാക്കളാവട്ടെ. അവർ വടക്കുനിന്നു് രക്ഷിതാക്കളാവട്ടെ. മുകളിൽനിന്നും തെക്കുനിന്നും രക്ഷിതാക്കളാവട്ടെ. കിഴക്കുനിന്നും രക്ഷിതാക്കളാവട്ടെ. ചുവട്ടിൽ നിന്നും രക്ഷിതാക്കളാവട്ടെ.

4 യഥാവശന്തിദേവാസ്തഥേദസ
ത്തദേഷാന്നകിരാമിനൽ
അരാവാചനമൎത്യഃ

അന്വയം:—

| | |
|---|---|
| ദേവാഃ യഥാ ആ വശന്തി | — യഥാ സമന്താൽ കാമയന്തേ |
| തഥാ ഇൽ അസൽ | — തഥൈവ ഭവതി |
| ഏഷാം തൽ നകിഃ<br>മിനൽ | — തേഷാം കാമനം ന കശ്ചിദപി ഹിനസ്തി |
| അരാവാ ചന | — അദാതാപി, യദിദേവാഃ കസ്യചിദപ്യ ദാതാരം മനുഷ്യം കാമയേരൻ, സ അദാതാപി |
| മൎത്യഃ | — മനുഷ്യോ ദേവേഭ്യോ ഹവീംഷി പ്രയച്ഛതി |

അൎത്ഥം—ദേവന്മാർ ഏതുപ്രകാരത്തിൽ ഇഷ്ടപ്പെടുന്നുവോ, അപ്രകാരംതന്നെയാണു് മുഴവൻ ഭവിക്കുന്നതു്. അവരുടെ ആ ഇഷ്ടത്തെ ഒരുത്തനും തടയുന്നില്ല. ദാനംകൊടുക്കാത്ത ഒരാളെ ദേവന്മാർ ഇഷ്ടപ്പെട്ടുവെങ്കിൽ, ആ കൊടുക്കാത്ത മനുഷ്യനും ദേവന്മാൎക്കു ഹവിസ്സുകളേകുന്നു.

5 സപ്താനാംസപ്തഋഷ്ടയ
സ്സപ്തദ്യുമ്നാന്യേഷാം
സപ്തോഅധിശ്രീയോധിരേ വ. 35

അന്വയം:—

സപ്താനാം — സപ്തസംഖ്യാകാനാം മരുതാം ഗണാനാം
സപ്ത ഋഷ്ടയഃ — സപ്തസംഖ്യകാ ആയുധവിശേഷാസ്സന്തി
(തഥാ) സപ്ത ദ്യുമ്നാനി — സപ്തസംഖ്യാകാനി കുണ്ഡലാദീന്യാഭരണാനി
ഏഷാം — ഗണാനാം വിഭിന്നാനി സന്തി
സപ്തോ ശ്രിയഃ അധിധിരേ — സപ്തസംഖ്യാകാദീപ്തീർദ്ധിരേ

അർത്ഥം—ഏഴ് മരുൽഗണങ്ങൾക്കു് ആയുധവിശേഷങ്ങൾ ഏഴെണ്ണമുണ്ടു്. അതുപോലെ കുണ്ഡലം മുതലായ ആഭരണങ്ങൾ ഏഴെണ്ണം അവക്കു് വെവ്വേറെയുണ്ടു്. ഏഴ് പ്രകാശങ്ങളും അവർ ധരിച്ചിരിക്കുന്നു.

വർഗ്ഗം—36 – ദ്വിപദാവിരാട്ഛന്ദഃ

1 ബഭ്രുരേകോവിഷുണസ്സൂനരോയുവാ
ഞ്ജ്യങ്ക്തേഹിരണ്യയം

അന്വയം:—

ബഭ്രുഃ — ബഭ്രുവർണ്ണസ്സോമഃ
വിഷുണഃ സൂനരഃ — വിഷ്വഗഞ്ചനഃ, സുഷ്ഠുരാത്രീണാന്നേതാ (രാത്രയശ്ചന്ദ്രനേതൃകാഃ ഖലു)
യുവാ — പ്രതിദിവസമാവിർഭൂതത്വാത്തരുണഃ
ഏകഃ ഹിരണ്യയം
അഞ്ജി അങ്ക്തേ — സോമഃ ഹിരൺമയമാഭരണമഭിവ്യഞ്ജതി

അർത്ഥം—തവിട്ടുവർണ്ണമുററ സോമൻ എങ്ങും വ്യാപിക്കുന്നവനായി രാത്രികളുടെ നാഥനായി, ദിവസന്തോറുമാവിർഭവിക്കുന്നതുകൊണ്ടു് നിത്യതരുണനായി, ഒററക്കു് സ്വർണ്ണമയമായ ആഭരണം ശരീരത്തിലണിയുന്നു.

2 യോനിമേകആസസാദദ്യോതനോ
ന്തർദ്ദേവേഷുമേധിരഃ

അന്വയം:—

ദേവേഷു അന്തഃ ദ്യോതനഃ — ദേവാനാം മദ്ധ്യേ സ്വതേജസാ ദീപ്യമാനഃ
മേധിരഃ ഏകഃ — മേധാവ്യഗ്നിരേകഃ
യോനിം ആ സസാദ — സ്ഥാനഭൃതമാഹവനീയാദികം ഹവിസ്വീകരണാർത്ഥമാസീദതി

അർത്ഥം—ദേവന്മാർക്കിടയിൽ സ്വന്തം തേജസ്സുകൊണ്ടു് ഭാസമാനനും മേധാവിയുമായ ഏകൻ, അഗ്നി ആഹവനീയം മുതലായ തന്റെ സ്ഥാനത്തു് ഹവിസ്വീകാരത്തിന്നായിരിക്കുന്നു.

3 വാശീമേകോബിഭർത്തിഹസ്തആയസീ
മന്തർദ്ദേവേഷുനിധ്രുവിഃ

അന്വയം:—.

ദേവേഷു അന്തഃ
നി-ധ്രുവിഃ — ദേവാനാം മദ്ധ്യേ നിശ്ചലേ സ്ഥാനേ വർത്തമാനഃ
ഏകഃ — ത്വഷ്ടൃനാമകോ ദേവഃ
ആയസീം വാശീം ഹസ്തേ
ബിഭർത്തി — അയോമയധാരം കഠാരം ധാരയതി

അർത്ഥം—ദേവന്മാർക്കിടയിൽ ഇളകാതെ ഒരേ സ്ഥാനത്തു് വർത്തിക്കുന്ന ഏകൻ, ത്വഷ്ടാവെന്ന ദേവൻ, ഇരുമ്പുമുനയുററ കഠാരമെന്ന ആയുധം (കോടാലി) കയ്യിലേന്തുന്നു.

4 വജ്രമേകോബിഭർത്തിഹസ്തആഹിതം
തേനവൃത്രാണിജിഘ്നതേ

അന്വയം:—

ഏകഃ ഹസ്തേ ആ–ഹിതം — ഇന്ദ്രഃ സ്വഹസ്തേനിഹിതം
വജ്രം ബിഭർത്തി — വജ്രായുധം ധാരയതി
തേന വൃത്രാണി ജിഘ്നതേ — തേനായുധേനാവരകാണി
രക്ഷാംസി ഭൃശംഹന്തി

അർത്ഥം–ഏകൻ, ഇന്ദ്രൻ സ്വന്തം കയ്യിൽവെയ്ക്കപ്പെട്ട വജ്രായുധം ധരിക്കുന്നു. അതുകൊണ്ടു് ജലാദികളെ മറയ്ക്കുന്ന രക്ഷസ്സുകളെ ഹനിക്കുന്നു.

5 തിഗ്മമേകോബിഭർത്തിഹസ്തആയുധം
ശുചിരുഗ്രോജലാഷഭേഷജഃ

അന്വയം:—

ശുചിഃ ഉഗ്രഃ — സ്വതേജസാ ദീപ്യമാനഃ,
ഉൽഗൂർണ്ണബലഃ,
ജലാഷ–ഭേഷജഃ — രോഗാപനയനേന സുഖകരഭൈഷജ്യവാൻ
ഏകഃ തിഗ്മം ആയുധം — രുദ്രഃ തീക്ഷ്ണധാരം പിനാകം
ഹസ്തേ ബിഭർത്തി — ധാരയതി

അർത്ഥം–സ്വതേജസ്സുകൊണ്ടു പ്രകാശിക്കുന്നവനും ഊക്കുററവനും രോഗമകററാനുള്ള നല്ല മരുന്നോടു കൂടിയവനുമായ ഏകൻ, രുദ്രൻ പിനാകമെന്ന വില്ലു് (ശൂലം) കയ്യിലേന്തുന്നു.

6 പഥഏകഃപീപായതസ്കരോയഥാ
ഏഷവേദനിധീനാം

അന്വയം:—

ഏകഃ — പൂഷനാമകോദേവഃ
പഥഃ പീപായ — മാർഗ്ഗാൻ പ്യായതി, അഗ്നിഹോത്രാദികർമ്മ കുർവ്വതഃ
സ്വർഗ്ഗമാർഗ്ഗേ വിപര്യയഃ യഥാ
ന ഭവതി തഥാ പാലയതി

ഏഷഃ തസ്കരഃ യഥാ — യഥാ ചോരഃ പൃഥിവ്യാന്നിഹിതാനി ധനാനി വേത്തി തഥാ

നി–ധീനാം വേദ — പൃഥിവ്യാന്നിഹിതാനാം ധനാനാം സ്ഥാനം വേത്തി

അർത്ഥം—ഏകൻ, പൂഷാവ് വഴികൾ വളർത്തുന്ന, തെളിയിക്കുന്ന, അഗ്നിഹോത്രാദികർമ്മങ്ങൾ ചെയ്തവരുടെ സ്വർഗ്ഗത്തിലേക്കുള്ള മാർഗ്ഗത്തിൽ തെറ്റുപറ്റാതെ അവരെ രക്ഷിക്കുന്നു. അവിടുന്ന് ഒരു കള്ളനെന്നപോലെ ഭൂമിയിൽ കുഴിച്ചിട്ട നിധികളുടെ സ്ഥാനമറിയുന്നു.

7 ത്രീണ്യേകഉരുഗായോവിചക്രമേ
യത്രദേവാസോമദന്തി

അന്വയം:-

ഉരു–ഗായഃ — ഉരുഭിഃ, ബഹുഭിർഗ്ഗാതവ്യഃ

ഏകഃ ത്രീണി വി ചക്രമേ — വിഷ്ണുസ്ത്രീണിപദാനി വിക്രാന്തവാൻ

യത്ര ദേവാസഃ മദന്തി — അത്രദേവാഃ യജമാന ദത്തൈർ ഹവിർഭിർഹർഷന്തി

അർത്ഥം—വളരെ ജനങ്ങളാൽ പാടിപുകഴ്ത്തപ്പെടുന്ന ഏകൻ, വിഷ്ണു, മൂന്ന് കാല്പാടുകൾ അകത്തിവെച്ചു. (അങ്ങനെ മൂന്നു ലോകങ്ങൾ സൃഷ്ടിച്ചു.) അതിലൊന്നായ ദ്യോവിലാണ് ദേവന്മാർ യജമാനന്മാരാൽ നല്കപ്പെട്ട ഹവിസ്സുകൾ കൊണ്ട് ഹർഷിക്കുന്നത്.

8 വിഭിദ്വാചരതഏകയാസഹ
പ്രപ്രവാസേവവസതഃ

അന്വയം:–

| | |
|---|---|
| ദ്വാ | — ദ്വാവശ്വിനൌ |
| വി–ഭിഃ ചരതഃ | — ഗമനസാധനൈരശ്വൈ സ്സഞ്ചരേതേ |
| (കിംച ഇമാവശ്വിനൌ) ഏകയാ | — സൂര്യാഖ്യയാതാഭ്യാം സ്വയം വൃതയാ സ്ത്രിയാ |
| പ്രവാസാ–ഇവ | — യഥാ പ്രവാസിനൌ ദ്വൌ പുരുഷൌ ഏകയാ സ്ത്രിയാ സഹപ്രവസതസ്തഥാ |
| സഹ പ്ര വസതഃ | — പ്രവാസം, സൎവ്വത്ര ഗമനങ് കുരുതഃ |

അൎത്ഥം–ഇരുവർ, അശ്വികൾ യാത്രാസാധനങ്ങളായ കുതിരകളോടുകൂടി സഞ്ചരിക്കുന്നു. പിന്നേ ഈ അശ്വികൾ അവരാൽ സ്വയംവരിക്കപ്പെട്ട സൂര്യ എന്ന ഒററ സ്ത്രായോടുകൂടി, നാടുവിട്ട് ഒരു സ്ത്രീയോടുകൂടി സഞ്ചരിക്കുന്ന രണ്ടു പുരുഷന്മാർപോലെ, എവിടെയും യാത്രചെയ്യുന്നു.

9 സദോദ്വാചക്രാതേഉപമാദിവി
സമ്രാജാസൎപ്പിരാസുതീ

അന്വയം:–

| | |
|---|---|
| ഉപ–മാ | — പരസ്പരം സ്വകാന്ത്യോപമാനഭൂതൌ |
| സം–രാജ | — സമ്രാജൌ, സമ്യക് ദീപ്യമാനൌ |
| സൎപ്പിഃ–ആസുതീ | — സൎപ്പിഃ, ഘൃതമാഭ്യാമാസൂയത ഇതി ഘൃത ഹവിഷ്കൌ |
| ദ്വാ ദിവി സദഃ ചക്രാതേ | – ദ്വൌ, മിത്രാവരുണൌ ദ്യുലോകേ സ്ഥാനമാകാൎഷ്ടാം. |

അൎത്ഥം–അന്യോന്യം കാന്തികൊണ്ടു് ഉപമിക്കാവുന്നവരും നന്നായി ശോഭിക്കുന്നവരും നെയ്യാകുന്ന ഹവിസ്സോടു

കൂടിയവരുമായ ഇരുവർ, മീത്രവരുണന്മാർ, ദ്യുലോകത്തിൽ സ്വന്തം സ്ഥാനമുണ്ടാക്കിയിരിക്കുന്നു.

10 അർച്ചന്തഏകേമഹിസാമമന്വത
തേനസൂര്യമരോചയൻ വ. 36

അന്വയം:—

ഏകേ മഹി സാമ മന്വത — അത്രയഃ മഹൽ സാമാമന്വത
അർച്ചന്തഃ — പൂജയന്തസ്തേ ഋഷയഃ
തേന സൂര്യം അരോചയൻ— ഉക്തേനസാമ്നാ സൂര്യമദീപയൻ

അർത്ഥം—ചിലർ, അത്രികൾ എന്ന ഋഷികൾ മഹത്തായ സാമം ചൊല്ലി. അതുതന്നെ ചൊല്ലിക്കൊണ്ടു് പൂജിക്കുന്നവരായി. അതിനാൽ സൂര്യനെ പ്രകാശിപ്പിച്ചു.

വർഗ്ഗം—37 ഗായത്രീപുരഉഷ്ണിഗ്ബൃഹത്യനുഷ്ടുഭശ്ഛന്ദാംസി

1 നഹിവോഅസ്ത്യർഭകോ
ദേവാസോനകുമാരകഃ
വിശ്വേസതോമഹാന്തഇൽ

അന്വയം:—

ഹേ ദേവാസഃ, വഃ — ദേവാഃ, യുഷ്മാകം മദ്ധ്യേ
അർഭകഃ നഹി അസ്തി — ശിശുർന്നാസ്തി
കുമാരകഃ ന — കുമാരോപി നാസ്തി, സർവ്വേ യൂയം സവയസോ നിത്യതരുണാഃ
വിശ്വേ സതഃ—മഹാന്തഃ ഇൽ — സർവ്വസ്മാദ്വിദ്യമാനാൽ, പൃഥിവ്യാമപിമഹാന്തസ്തേ സതോ മഹാന്ത ഉച്യതേ

അർത്ഥം—അല്ലയോ ദേവന്മാരേ, നിങ്ങൾക്കിടയിൽ ശിശുവില്ല, കൊച്ചുകുമാരനില്ല. നിങ്ങളെല്ലാം തുല്യവയസ്സന്മാരും

നിത്യയുവാക്കളുമാണ്. എല്ലാ വിധത്തിലും അറിയപ്പെടുന്നതിനാൽ ഭൂമിക്കും മഹാന്മാരാകുന്നു.

2 ഇതിസ്തുതാസോഅസഥാരിശാദസോ

യേസ്ഥത്രയശ്ചത്രിംശച്ച

മനോർദ്ദേവായജ്ഞിയാസഃ

അന്വയം:—

ഹേ രിശാദസഃ, മനോഃ
യജ്ഞിയാസഃ, ദേവാഃ — ഹിംസതാമസിതാരഃ, മനോർമ്മ
മയജ്ഞാർഹാദേവാഃ
യേ ത്രയഃ ച ത്രിംശൽ
ച സ്ഥ — ത്രയസ്ത്രിംശൽ സംഖ്യാകാ
ഭവഥ
(തേ യൂയം) ഇതി
സ്തുതാസഃ അസഥ — അനേനപ്രകാരേണമനുനാ
സ്തുതാ ഭവഥ

അർത്ഥം—ഹിംസകന്മാരെ അകററുന്നവരും മനുവായ എനിക്ക് യജ്ഞാർഹന്മാരുമായ ദേവന്മാരേ, നിങ്ങളേവർ മുപ്പത്തിമൂന്നെണ്ണമുററവരാണോ, ആ നിങ്ങൾ ഇപ്രകാരം മനുവിനാൽ സ്തുതിക്കപ്പെട്ടവരാകുന്നു.

3 തേനസ്ത്രാധ്വംതേവത

തഉനോഅധിവോചത

മാനഃപഥഃപിത്ര്യാന്മാനവാദധി

ദൂരന്നൈഷ്ടപരാവതഃ

അന്വയം:—

(ഹേ ദേവാഃ) തേ നഃ
ത്രാധ്വം — തേ യൂയമസ്മാൻ ബാധകേഭ്യ
സ്ത്രായധ്വം

തേ അവത ഉ — തേ യൂയം ധനാദിപ്രദാനൈരസ്മാൻ രക്ഷത ച
തേ നഃ അധി വോചത — 'കൎമ്മകാരിണഃ ധനവന്തഃ ഭവന്തു' ഇതിതേ യൂയം ബ്രൂത
മാനവാൽ പിത്ര്യാൽ — പിതാമനുര്യം മാർഗ്ഗം ചക്രേ തസ്മാൽ
പഥഃ നഃ മാ നൈഷ്ട — മാൎഗ്ഗാദസ്മാൻ മാ നയത, അവനയനം മാ കുരുത, സൎവ്വദാ ബ്രഹ്മചര്യാഗ്നിഹോത്രാദീനി യേന മാൎഗ്ഗേണ ഭവന്തി തമേവാസ്മാൻ നയത
(കിംതു) പരാ–വതഃ ദൂരം അധി — യ ഏതദ്വ്യതിരിക്തോ വിപ്രകൃഷ്ടമാൎഗ്ഗോസ്തി, തസ്മാദധികമപനയത

അൎത്ഥം–അല്ലയോ ദേവന്മാരേ, ആ നിങ്ങൾ ഞങ്ങളെ, ദ്രോഹകാരികളിൽ നിന്നു് രക്ഷിച്ചാലും. ആ നിങ്ങൾ ധനാദിപ്രദാനംകൊണ്ടു ഞങ്ങളെ രക്ഷിച്ചാലും ''കൎമ്മകാരികളും ധനവാന്മാരുമാകട്ടേ'' എന്നു് ആ നിങ്ങൾ (അനുഗ്രഹിച്ചു്) പറഞ്ഞാലും. പിതാവായ മനു (അതായതു് വിവസ്വാൻ) ഏതു മാൎഗ്ഗത്തിലൂടെ നടന്നുവോ, ആ മാൎഗ്ഗത്തിൽ നിന്നു് ഞങ്ങളെ വഴിതെററിക്കരുതു്. എപ്പോഴും ബ്രഹ്മചര്യാഗ്നിഹോത്രാദികൾ ഏതു മാൎഗ്ഗത്തിലൂടെയുണ്ടാവുമോ ആ വഴിക്കു് നയിച്ചാലും. അതിൽനിന്നു് വ്യത്യസ്തമായ, അകന്ന മാൎഗ്ഗത്തിൽ നിന്നകററിയാലും. (''രേഖാമാത്രമതിക്ഷുണ്ണാൽ'' എന്ന കാളിദാസന്റെ രഘുവംശശ്ലോകം സ്മൎത്തവ്യം.)

4 യേദേവാസഇഹസ്ഥന
വിശ്വേവൈശ്വാനരാഉത
അസ്മഭ്യംശൎമ്മസപ്രഥോ
ഗവേശ്വായയച്ഛത വ. 37

അന്വയം:–
ഉത ഹേ ദേവാസഃ — അപിച ദേവാഃ,
ഹേ വൈശ്വാനരാഃ,
വിശ്വേ യേ — സൎവ്വേ യേ യൂയം
ഇഹ സ്ഥന — അസ്മിൻ യജ്ഞേ ഭവഥ
(തതഃ) ഗവേ അശ്വായ
സ–പ്രഥഃ ശൎമ്മ — സൎവ്വത്ര പ്രസിദ്ധം സുഖം.
അസ്മഭ്യം (ച) യച്ഛത — പ്രയച്ഛത

അൎത്ഥം–പിന്നെ, അല്ലയോ ദേവന്മാരേ, അഗ്നികളേ, യാവരായ ദേവന്മാരെല്ലാമുണ്ടല്ലോ, ആ നിങ്ങൾ ഈ യജ്ഞത്തിലുണ്ടായാലും. സൎവ്വത്ര പ്രസിദ്ധമായ സുഖം ഞങ്ങളുടെ പശുവിന്നും കുതിരയ്ക്കും ഞങ്ങൾക്കും തന്നരുളിയാലും.

വൎഗ്ഗം–38-39-40—ഗായത്ര്യനുഷ്ടുപ്‌പാദനിചൃൽപങ്ക്‌തയശ്‌ഛന്ദാംസി, യജ്ഞഃ യജമാനശ്ച ദംപതീദംപത്യാശിഷശ്ചദേവതാ.

1 യോയജാതിയജാതഇൽ

സുനവച്ചപചാതിച

ബ്രഹ്മേദിന്ദ്രസ്യചാകനൽ

അന്വയം:–
യഃ യജാതി — യാഗം കരോതി, ഹവിൎഭിൎദ്ദേവാൻ പൂജയതി
(സദേവേഭ്യോ ലബ്ധധനാ
ദികസ്സൻ) യജാതേ ഇൽ — പുനരഭീഷ്ടപ്രാപ്തയേ ദേവേഭ്യോ ഹവീംഷി പ്രയച്ഛത്യേവ
(തഥാസഏവയജമാനഃ)
സുനവൽ ച — സോമാഭിഷവങ്‌കരോതി
(സ ഏവ) പചാതി ച — പുരോഡാശാദികം പചതി ച
(സ യജമാനഃ) ഇന്ദ്രസ്യ
ബ്രഹ്മാ ഇൽ ചാകനൽ — ഇന്ദ്രസംബന്ധീനി സ്തോത്രാണ്യേവ പുനഃപുനഃ കാമയതേ

അൎത്ഥം—ഏവൻ യജിക്കുന്നുവോ, ഹവിസ്സുകളാൽ ദേവന്മാരെ പൂജിക്കുന്നുവോ, അവൻ ദേവന്മാരിൽ നിന്നു് ലഭിച്ച ധനമൊത്തവനായി വീണ്ടും അഭീഷ്ടപ്രാപ്തിക്കായി ദേവന്മാൎക്കു് ഹവിസ്സുകളേകുന്നു. അതുപോലെ ആ യജമാനൻ സോമം സംസ്കരിക്കുന്നു. പുരോഡാശാദികൾ വേവിക്കുന്നു. ആ യജമാനൻ ഇന്ദ്രസംബന്ധികളായ സ്തോത്രങ്ങളെത്തന്നെ വീണ്ടും വീണ്ടുമിഷ്ടപ്പെടുന്നു.

2 പുരോളാശംയോഅസ്മൈ
സോമംരരതആശിരം
പാദിത്തംശക്രോഅംഹസഃ

അന്വയം:—

യഃ അസ്മൈ പുരോളാശം — യോയജമാനഃ ഇന്ദ്രായ
പുരോഡാശം തഥാ
ആ–ശിരം സോമം രരതേ — തൃതീയസവനേ ഗോക്ഷീരേണ
മിശ്രിതം സോമം പ്രയച്ഛതി
ശക്രഃ തം — സമൎത്ഥ ഇന്ദ്രസ്തം യഷ്ടാരം
അംഹസഃ പാൽ ഇൽ — പാപാദപാദേവ, രക്ഷത്യേവ

അൎത്ഥം—ഏതു യജമാനൻ ഈ ഇന്ദ്രന്നായി പുരോഡാശവും മൂന്നാം സവനത്തിൽ പശുവിൻപാൽ ചേൎത്ത സോമവും കൊടുക്കുന്നുവോ, ശക്തനായ ഇന്ദ്രൻ ആ യഷ്ടാവിനെ പാപത്തിൽ നിന്നു് പാലിക്കുക തന്നെ ചെയ്യുന്നു.

3 തസ്യദ്യുമാँഅസദ്രഥോ
ദേവജൂതസ്സശൂശുവൽ
വിശ്വാവന്വന്നമിത്രിയാ

അന്വയം:—

തസ്യ — ദേവാൻ പൂജയതോ യജമാനസ്യ
ദേവ–ജൂതഃ ദ്യു–മാൻ രഥഃ — ഇന്ദ്രാദിഭിഃ പ്രേരിതഃ,
ദീപ്തിമാൻ സ്യന്ദനഃ

(ഹവിഷ്പ്രദാനരൂപേണ
യജ്ഞേന) അസൽ — ഭവതി
(തതസ്തേന രഥേന,)
അമിത്രിയാ — ശത്രുഭിഃ കൃതാൻ
വിശ്വാ വന്വൻ — സവ്വാൻ ബാധാൻ, ഹിംസൻ
സഃ ശൂശുവൽ — പുത്രാദിഭിദ്ധനൈശ്ച
വദ്ധതേ

അത്ഥം—ദേവന്മാരെ പൂജിക്കുന്ന യജമാനന്നു് ഇന്ദ്രാദിദേവന്മാരാൽ അയയ്ക്കപ്പെട്ടതും പ്രകാശമുററതുമായ തേർ, ഹവിദ്ദാനരൂപമായ യജ്ഞംകൊണ്ടുണ്ടാവുന്നു, ലഭിക്കുന്നു. ആ തേർകൊണ്ടു് ശത്രുക്കളാൽ ഏല്പിക്കപ്പെട്ട ബാധകളെ അമത്തി അവൻ പുത്രാദികളാലും ധനങ്ങളാലും വദ്ധിക്കുന്നു.

4 അസ്യപ്രജാവതീഗൃഹേ
സശ്ചന്തീദിവേദിവേ
ഇളാധേനുമതീദുഹേ

അന്വയം:—
പ്രജാ–വതീ — പുത്രാദിയുക്താ, പുത്രാദി ദാത്രീ
അസശ്ചന്തീ, ധേനു–മതീ — അഗമനശീലാ, ഗോമതീ
ഇളാ — ഗവാന്ദേവതാ, ഗോദേവതാ
(ദേവൈഃ പ്രേരിതാസതീ)
അസ്യ ഗൃഹേ
ദിവേ–ദിവേ — അസ്യ യജമാനസ്യ ഗൃഹേ
ദിവസം പ്രതി
ദുഹേ — ദേവൈദ്ദുഹ്യതേ

അത്ഥം—പുത്രാദികളോടുകൂടിയവളും (പുത്രാദികളെ കൊടുക്കുന്നവളും) എങ്ങും പോകാത്തവളും കറവപ്പയ്യിനോടു് ചേന്നവളുമായ ഇളാ എന്ന പശുദേവത, ദേവന്മാരാൽ പ്രേരിതയായി, ആ യജമാനന്റെ ഗൃഹത്തിൽ ദിവസന്തോറും ദേവന്മാരാൽ പാൽ ചുരത്തിക്കപ്പെടുന്നു.

5 യാദംപതീസമനസാ
സുനുതആചധാവതഃ
ദേവാസോനിത്യയാശിരാ വ. 38

അന്വയം:—

| | | |
|---|---|---|
| ഹേ ദേവാസഃ, | | |
| സ_മനസാ | — | ദേവാഃ, സമനസൌ, കർമ്മണി സമാനമനസ്സൌ |
| യാ ദം_പതീ സുനുതഃ | — | യൌ യജ്ഞകാരിണൌജായാ പതീസോമാഭിഷവം കുരുതഃ |
| (യൌചാഭിഷുതം സോമം) ആ ധാവതഃ ച | — | ദശാപവിത്രേണ ശോധയതശ്ച |
| (തഥാ) നിത്യയാ | | |
| ആ-ശിരാ | — | തൃതീയ സവനേഗോക്ഷീരേണ സംയുതം സോമംയൌ പ്രയച്ഛതഃ |

അർത്ഥം_അല്ലയോ ദേവന്മാരേ, കർമ്മത്തിൽ സമാനശ്രദ്ധയുററവരായി തുല്യമനസ്സരായ ദമ്പതികളേവർ സോമം സംസ്കരിക്കുന്നുവോ, ഏവർ സംസ്കരിച്ച സോമം ദശാപവിത്രത്താൽ ശുദ്ധീകരിക്കുന്നുവോ അതുപോലെ മൂന്നാം സവനത്തിൽ പശുവിൻ പാൽചേർത്ത സോമം നിങ്ങൾക്കു് തന്നുവോ,

6 പ്രതിപ്രാശവ്യാഁഇത
സ്സമ്യഞ്ചാബർഹിരാശാതേ
നതാവാജേഷുവായതഃ

അന്വയം:—

| | | |
|---|---|---|
| (തൌ ദംപതീ) | | |
| പ്രാശവ്യാൻ പ്രതി ഇതഃ | — | അന്നാദീൻ പ്രതീഗച്ഛതഃ |
| സമ്യഞ്ചാ | — | സമ്യഞ്ചൌ, സമീചീനൌ സങ്ഗതൌ |

ബർഹിഃ ആശാതേ — യജ്ഞമനാശാതേ
താ വാജേഷു — തൌ ദേവൈർദ്ദത്തേഷ്വന്നേഷു
ന വായതഃ — നഗച്ഛതഃ, സർവ്വദാന്നസഹിതൌ തിഷ്ഠതാം.

അർത്ഥം—ആ ദംപതികൾ അന്നാദികളെ നിത്യമായി പ്രാപിക്കുന്നു. അവർ വേണ്ടപോലെ കൂടിച്ചേർന്നു യജ്ഞത്തെ പ്രാപിക്കുന്നു. ആ ജായാപതികൾ ദേവന്മാരാൽ നല്കപ്പെട്ട അന്നങ്ങളിലല്ലാ ചെന്നെത്തുന്നതു്. സ്വയം അന്നമൊത്തവരായി സ്ഥിതിചെയ്യുന്നു.

7 നദേവാനാമപിഹ്നുത

സ്സുമതിംനജൂഘുക്ഷതഃ

ശ്രവോബൃഹദ്വിവാസതഃ

അന്വയം:—

(ഏതൌ ദംപതീ) ദേവാനാം
ന അപി ഹ്നുതഃ — അപലാപം ന കുരുതഃ (പ്രദാസ്യാമീതി പ്രതിജ്ഞായ പുനരദാനമപലാപഃ)
(ഹേ ദേവാഃ) സു–മതിം — യുഷ്മദീയം ശോഭനാം ബുദ്ധിം
ന ജൂഘുക്ഷതഃ — ജൂഘുക്ഷതഃ, നസംവരിതും, ആച്ഛാദയതുമിച്ഛതഃ
(കിംച) ബൃഹൽ ശ്രവഃ — ദേവേഭ്യോദീയമനത്വാൽ മഹദന്നം
വിവാസതഃ — പരിചരതഃ, ദേവൈർദ്ദത്തമന്നം ഘൃതാദിഭിർമ്മിശ്രീകൃത്യ പുനഃ പുനര്യജേതേ

അർത്ഥം—ഈ ദംപതികൾ ദേവന്മാർക്കു് അപലാപം ചെയ്യാത്തവരായി (കൊടുക്കാമെന്നു് നേർന്നു കൊടുക്കാതിരിക്കുകയാണപലാപം) അല്ലയോ ദേവന്മാരേ, നിങ്ങളുടെ അനുഗ്രഹബുദ്ധിക്കു മുമ്പിൽ ഒന്നും മറച്ചുവെയ്ക്കുന്നില്ല. ദേവന്മാർക്കു

കൊടുക്കാനുള്ളതാകയാൽ മഹത്വമുററ അന്നം (അല്ലെങ്കിൽ ദേവാനുഗ്രഹംകൊണ്ട് ലഭിച്ച അന്നം) നെയ് മുതലായവ ചേർത്തു വീണ്ടുംവീണ്ടും നിങ്ങൾക്കു തന്നു പരിചരിക്കുന്നു, യജിക്കുന്നു.

8 പുത്രിണാതാകുമാരിണാ
വിശ്വമായുർവ്യശ്നുതഃ
ഉഭാഹിരണ്യപേശസാ

അന്വയം:—

| | |
|---|---|
| പുത്രിണാ | — പുത്രിണൌ, പുത്രവന്തൌ |
| കുമാരിണാ | — ഷോഡശവർഷപുത്രവന്തൌ |
| ഹിരണ്യ–പേശസാ | — ഹിരൺമയൈരാഭരണൈരലങ്കൃതരൂപൌ |
| ഉഭാ താ | — ഉഭൌ തൌ ദംപതീ |
| വിശ്വം ആയുഃ വി<br>അശ്നുതഃ | — സർവ്വം, പൂർണ്ണമായുഷ്യം വ്യാപ്നുതഃ |

(യജ്ഞേന തയോഃ പുത്രാദികം ധനമായുശ്ച സംഭവന്തി)

അർത്ഥം—ബലപുത്രന്മാരോടും യുവത്വത്തിലെത്തിയ കുമാരന്മാരോടുംകൂടി സ്വർണ്ണാഭരണഭൂഷിതരായി ആ ദംപതികൾ രണ്ടുപേർ പൂർണ്ണമായ ആയുസ്സ് പ്രാപിക്കുന്നു. (യജ്ഞംകൊണ്ടാണവർക്ക് പുത്രനും ധനവുമായുസ്സുമുണ്ടാവുന്നതു്.)

9 വീതിഹോത്രാകൃതദ്വസൂ
ദശസ്യന്താമൃതായകം
സമൂധോരോമശംഹതോ
ദേവേഷ്വകൃണുതോദുവഃ

അന്വയം:—

വീതി–ഹോത്രാ — ഹോത്രാ വാക്, സ്തുതിഃ പ്രിയാ സ്തുതിഃ അസ്മദ്വിഷയാം സ്തുതിം കുരുതമിതി പൃഥക് പൃഥക് ദേവൈഃ കാമ്യമാനസ്തുതീ
കം ദശസ്യന്താ — സുഖപ്രദം ഹവീരൂപമന്നം ദേവേഭ്യഃ പ്രയച്ഛന്തൌ
കൃതൽ–വസൂ — യാചമാനകൃതധനൌ ദംപതീ
അമൃതായ — അമരണായ, സന്താനവൃദ്ധയേ
രോമശം ഊധഃ — രോമവന്തം വൃഷണം യോനിഞ്ച
സം ഹതഃ — സംയോജയതഃ
(തതഃ സപുത്രാദികൌ
തൌ) ദേവേഷു ദുവഃ
കൃണുതഃ — പരിചര്യാം കുരുതഃ

അൎത്ഥം—''ഞങ്ങളെക്കുറിച്ച് സ്തുതിചൊല്ലൂ'' എന്ന് ദേവന്മാരോരോരുത്തരാൽ കാമിക്കപ്പെടുന്ന പ്രിയസ്തുതികളോട് കൂടിയവരും, സുഖപ്രദമായ ഹവിരന്നം ദേവന്മാൎക്കേകുന്നവരും, അൎത്ഥികൾ കൊടുക്കപ്പെട്ട ധനങ്ങളോടുകൂടിയവരുമായ ദംപതികൾ അമൃതത്തിന്നായി അവിനാശധാരയായി സന്തതീവൃദ്ധിയ്ക്കായി രോമമുറ്റ വൃഷണത്തെയും യോനിയെയും യോജിപ്പിക്കുന്നു. പിന്നെ, പുത്രാദികളോടുകൂടിയ അവർ ദേവന്മാരെ പരിചരിക്കുന്നു. (സന്തത്യൎത്ഥം മാത്രമാണ്, അവരുടെ ദാംപത്യം പ്രവൎത്തിച്ചതു്, സുഖഭോഗത്തിന്നല്ല.)

10 ആശൎമ്മപൎവ്വതാനാം
വൃണീമഹേനദീനാം
ആവിഷ്ണോസ്സചാഭുവഃ വ. 39

അന്വയം:—

(യഷ്ടാരോവയം)
പൎവ്വതാനാം ശൎമ്മ — ഫലപുഷ്പസഹിത ലതാഭിര്യുക്താനാം യൽ സുഖം

നദീനാം — ഉഭയകൂലവാസിഭിർമ്മു
നിഭിർജ്ജപാദ്യനുഷ്ഠാനേ
കൃതേ യൽ സുഖം ഭവതി തൽ
സുഖമേകത്രസ്ഥിത്വാ
ആ വൃണീമഹേ — സംഭജാമഹേ
സചാ–ഭുവഃ വിഷ്ണോഃ ആ — ദേവസഹിതസ്യ തസ്യാപി
ശത്രുഹനന ലക്ഷണം സുഖമാ
വൃണീമഹേ

അർത്ഥം—പൂവും കായുമുററ വള്ളികളോടുകൂടിയ മാമലകളുടെ സുഖമെന്തോ അതും, നദികൾക്കിരുകരകളിലുമിരുന്നു് മുനികളനുഷ്ഠിക്കുന്ന ജപത്തിന്നു് യാതൊരു സുഖമുണ്ടോ അതും യഷ്ടാക്കളായ ഞങ്ങൾ വരിക്കുന്നു, ഭജിക്കുന്നു. ദേവന്മാരോടുകൂടിയ വിഷ്ണുവിൻെറ ശത്രുവിനാശനകരമായ സുഖത്തെയും ഭജിക്കുന്നു –(അതായതു് സൌന്ദര്യമുററ പരിസരം, യമനിയമാദികൾ കൊണ്ടുള്ള മനഃശ്ശാന്തി, ദൈവാനുഗ്രഹം കൊണ്ടുള്ള ശത്രുരാഹിത്യം ഇതു് മൂന്നും പ്രാർത്ഥിക്കുന്നു.)

11 ഐതുപൂഷാരയിർഭഗ
സ്വസ്തിസർവ്വധാതമഃ
ഉരുരധ്വാസ്വസ്തയേ

അന്വയം:–
രയിഃ ഭഗഃ — ധനാനാം ദാതാദേവഃ,
സർവ്വ–ധാതമഃ പൂഷാ
സ്വസ്തി ആ ഏതു — സർവ്വേഷാം ധനാദിഭിഃ
പോഷയിതൃതമഃ
ക്ഷേമേണാസ്മാൻ പ്രത്യാഗച്ഛതു
(മാർഗ്ഗരക്ഷകേ പൂഷണ്യാ
ഗതേ സതി) ഉരുഃ അധ്വാ
സ്വസ്തയേ — വിസ്തീർണ്ണോ മാർഗ്ഗോസ്മാക
മവിനാശായ ഭവതു

അർത്ഥം—ധനദാതാവായ ഭഗനും, ഏവരെയും ധനാദികളാൽ ഏററവും പോഷിപ്പിക്കുന്ന പൂഷാവും ക്ഷേമത്തോടുകൂടി

നമ്മളെ പ്രാപിക്കട്ടെ. മാർഗ്ഗരക്ഷകനായ പൂഷാവു് വരുമ്പോഴും വിസ്തീർണ്ണമായ മാർഗ്ഗം നമുക്കു വിനാശരഹിതമാവട്ടെ.

12 അരമതിരനർവ്വണോ

വിശ്വോദേവസ്യമനസാ

ആദിത്യാനാമനേഹഇൽ

അന്വയം:—

അനർവ്വണഃ ദേവസ്യ — ശത്രുഭിരഗന്തവ്യസ്യ പൂഷ്ണഃ
വിശ്വഃ — സർവ്വസ്തോതൃജനഃ
മനസാ അരമതിഃ — ശ്രദ്ധയാ, ഭക്ത്യാഅലംമതിഃ പര്യാപ്തസ്തുതിർഭവതി
(തഥാഹി) ആദിത്യാനാം — അദിതേഃ പുത്രാണാം മദ്ധ്യേ
അനേഹഃ ഇൽ — അപാപമേവഹി സ്തോതൃജനസ്തം സ്തൌതി

അർത്ഥം—ശത്രുക്കളെതിരിടാത്ത പൂഷാവിന്നു് സ്തോതാക്കളെല്ലാം ശ്രദ്ധാഭക്തികളോടുകൂടി മതിയാവോളം സ്തുതിചൊല്ലുന്നവരാകുന്നു. പിന്നെ, അദിതിപുത്രന്മാരിൽ വെച്ചു് അവിടുത്തെ അപാപനായിത്തന്നെ സ്തോതൃജനം സ്തുതിക്കുന്നു.

13 യഥാനോമിത്രോഅര്യമാ

വരുണസ്സന്തിഗോപാഃ

സുഗാഋതസ്യപന്ഥാഃ

അന്വയം:—

മിത്രഃ, അര്യമാ, വരുണഃ, — ഏതേദേവാഃ
നഃ ഗോപാഃ യഥാ സന്തി — അസ്മാകം രക്ഷിതാരോ യഥാ ഭവന്തി തഥാ
(തേ) ഋതസ്യ പന്ഥാഃ — യജ്ഞസ്യ പന്ഥാനഃ
സു–ഗാഃ — സുഗമനാ ഭവന്തു

അർത്ഥം—മിത്രനമര്യമാവും വരുണനും നമുക്ക് രക്ഷിതാക്കളാകുന്നവണ്ണം യജ്ഞത്തിന്റെ മാർഗ്ഗങ്ങൾ സുഗമങ്ങളാവട്ടെ. (അവരാൽ യജ്ഞമാർഗ്ഗത്തിലൂടെ നമ്മൾ നയിക്കപ്പെടട്ടെ).

14 അഗ്നിംവഃപൂർവ്യ്ങ്ഗിരാ

ദേവമീളേവസൂനാം

സപര്യന്തഃപുരുപ്രിയം

മിത്രംനക്ഷേത്രസാധസം

അന്വയം:—

(ഹേ ദേവാഃ) വഃ പൂർവ്യം

ദേവം അഗ്നിം — യുഷ്മാകം മുഖ്യം ദീപ്യമാനം തം

വസൂനാം ഗിരാ ഈളേ — ധനാനാം പ്രാപ്തയേ
സ്തുതിവാചാ സ്തൗമി

(കിംച) സപര്യന്തഃ — യുഷ്മാൻ പരിചരന്തോ മനുഷ്യാഃ

പുരു–പ്രിയം

ക്ഷേത്ര–സാധസം — ബഹുവിധപ്രിയം ക്ഷേത്രസ്യ,
യജ്ഞസ്യ സാധകമഗ്നിം

മിത്രം ന — യഥാ മിത്രം, സുഹൃൽ, അന്യസ്യ
ക്ഷേത്രം, കേദാരാദികം
സാധയതി തദ്വൽ
വസുപ്രാപ്തയേ സ്തുവന്തി

അർത്ഥം—അല്ലയോ ദേവന്മാരേ, നിങ്ങൾക്ക് മുഖ്യനും പ്രകാശമാനനുമായ അഗ്നിയെ ധനപ്രാപ്തിക്കായി സ്തുതിവചനത്താൽ വന്ദിക്കുന്നു. നിങ്ങളെ പരിചരിക്കുന്ന മനുഷ്യർ, യജമാനന്മാർ, പലമട്ടിൽ പ്രിയനും യജ്ഞം സാധിപ്പിക്കുന്നവനുമായ അഗ്നിയെ, ഒരു സുഹൃത്ത് അന്യന്ന് വയൽ മുതലായവ നേടിക്കൊടുക്കുന്ന പോലെ, ധനം നേടിത്തരാനായി സ്തുതിക്കുന്നു.

15 മക്ഷൂദേവവതോരഥ
ശ്ശൂരോവാപൃൽസുകാസുചിൽ
ദേവാനാംയഇന്മനോ
യജമാനഇയക്ഷ
ത്യഭീദയജ്വനോഭുവൽ

അന്വയം:-

| | |
|---|---|
| ദേവ-വതഃ രഥഃ | — യഷ്ടവ്യതയാ യസ്യ ദേവാസ്സന്തി തസ്യദേവൈൎഭൎത്തോരഥഃ |
| മക്ഷു | — ശീഘ്രം ദുൎഗ്ഗമം മാൎഗ്ഗം |
| വാ ശൂരഃ | — (വാശബ്ദ ഇവാൎത്ഥഃ) യഥാ ശൂരഃ യോദ്ധാ |
| കാസു ചിൽ പൃൽ-സു | — പൃതനാസു പ്രാപ്നോതി |
| യഃ ദേവാനാം ഇൽ മനഃ ഇയക്ഷതി | — ദേവേഷ്വേവസ്തുതിഭിഃ പൂജയിതുമിച്ഛതി |
| (സഃ) യജമാനഃ ഇൽ അയജ്വനഃ | — യാഗമകുൎവ്വതോജനാൻ |
| അഭി ഭുവൽ | — സ്വസാമൎത്ഥ്യേനാഭിഭവതി |

അൎത്ഥം—തനിക്കു് പൂജ്യരായ ദേവന്മാരോടുകൂടിയവന്നു്, ദേവന്മാരാൽ നല്ലപ്പെട്ട തേർ ദുൎഗ്ഗമമായ മാൎഗ്ഗത്തെ വേഗത്തിൽ, ശൌര്യമുററ യോദ്ധാവു് ഒരു പടക്കളത്തിലെന്നപോലെ, ചെന്നെത്തുന്നു. ഏവൻ, ദേവന്മാരിൽ മനസ്സു് സ്തുതികളാലിണക്കാനിച്ഛിക്കുന്നുവോ, ആ യജമാനൻ തന്നെ അയജ്വാക്കളെ, കൎമ്മവിരോധികളെ, സ്വസാമൎത്ഥ്യത്താൽ കീഴടക്കുന്നു.

*18

16 നയജമാനരിഷ്യസി

നസ്സുന്വാനനദേവയോ

ദേവാനാംയഇന്മനോ

യജമാനഇയക്ഷ

ത്യഭീദയജ്വനോഭുവൽ

**അന്വയം:—**

| | |
|---|---|
| യജമാനഃ യഃ | — യോഭവാൻ |
| ദേവാനാം മനഃ ഇൽ | |
| ഇയക്ഷതി | — പൂജയിതുമിച്ഛതി |
| (സഃ ത്വം) ന രിഷ്യസി | — വിനഷ്ടോ ന ഭവസി, പുത്ര പൌത്രാദിഭിർവ്വർദ്ധസേ |
| ഹേ ദേവ—യോ, | |
| സുന്വാന, ന | — ദേവാൻ കാമയമാന, സോമ മഭിഷുണ്വാന, ത്വം ന രിഷ്യസി |
| (സഃ ത്വം) ന | — നരിഷ്യസി |
| ഹേ യജമാന, (സ ഭവാൻ) ഇൽ അയജ്വനഃ | |
| അഭി ഭുവൽ | — യാഗമകുർവ്വതോ ജനാനഭി ഭവതി |

അർത്ഥം—യജമാനനായ യാതൊരങ്ങ് ദേവന്മാരുടെ മനസ്സിനെ യജിച്ചിണക്കാനിച്ഛിക്കുന്നുവോ, ആ അങ്ങ് നശിക്കുകയില്ല. പുത്രപൌത്രാദികളോടുകൂടി വർദ്ധിക്കുന്നു. അല്ലയോ ദേവകാമ, സോമസംസ്കർത്താവേ, അങ്ങ് നശിക്കുകയില്ല. അല്ലയോ യജമാന, അപ്രകാരമെല്ലാമുള്ള അങ്ങ്തന്നെ നശിക്കുകയില്ല. അയജ്വാക്കളെ, (കർമ്മവിരോധികളെ) കീഴടക്കുന്നു.

17 നകിഷ്ടങ്കർമ്മണാനശ
ന്നപ്രയോഷന്നയോഷതി
ദേവാനാംയഇന്മനോ
യജമാന ഇയക്ഷ
ത്യഭീദയജ്വനോഭുവൽ

അന്വയം:—

യഃ യജമാനഃ ദേവാനാം മനഃ
ഇൽ ഇയക്ഷതി — യഷ്ടുമിച്ഛതി
തം കർമ്മണാ നകിഃ
നശൽ — നകശ്ചിദപി സ്വകീയേന കർമ്മണാ വ്യാപ്നോതി
(കിംച സയഷ്ടാ) ന പ്ര യോഷൽ — സ്വസ്മാൽ സ്ഥാനാൽ പൃഥക്കൃതോന ഭവതി,
(കിംച) ന യോഷതി — പുത്രധനാദിഭിർന വിയുക്തോ ഭവതി
(സഃ) ഇൽ അയജ്വനഃ
അഭി ഭുവൽ — യാഗമകുർവ്വതോഭിഭവതി

അർത്ഥം—ഏതു യജമാനൻ ദേവന്മാരുടെ മനസ്സിനെ, യജിച്ചിണക്കാനിച്ഛിക്കുന്നുവോ, അവനെ ആരും സ്വന്തം കർമ്മം കൊണ്ട് വ്യാപിക്കുന്നില്ല, അടുത്തെത്തുന്നില്ല. പിന്നെ ആ യാഗകർത്താവ് സ്വസ്ഥാനത്തിൽ നിന്ന് വേർപെടുത്തപ്പെടുന്നില്ല. പുത്രൻ ധനം മുതലായവയിൽ നിന്ന് വേർപെടുന്നില്ല. അവൻതന്നെ അയജ്വാക്കളെ (കർമ്മവിരോധികളെ) കീഴടക്കുന്നു.

18 അസ॒ദത്ര॑സു॒വീ॑ര്യ
മു॒തത്യദാ॒ശ്വ॑ശ്വ്യം
ദേ॒വാനാ॒ംയഇന്മനോ॒
യജ॑മാന॒ഇയ॑ക്ഷ
ത്യ॒ഭീദ॑യജ്വനോഭുവൽ വ. 40

അന്വയം:–

യഃ യജമാനഃ ദേവാനാം
മനഃ ഇൽ ഇയക്ഷതി — യഷ്ടുമിച്ഛതി
അത്ര സു–വീര്യം അസൽ— ശോഭനവീര്യോപേതം പുത്രാദികം ഭവത്യേവ
ഉത ആശു–അശ്വ്യം — ആശുഗമനാശ്വസങ്ഘയുക്തം
ത്യൽ — തദ്ധനാദികം തസ്മിൻ ഭവതി
(സഃ) ഇൽ അയജ്വനഃ
അഭി ഭുവൽ — യാഗമകുർവ്വതോഭിഭവതി

അർത്ഥം-ഏതൊരു യജമാനൻ ദേവന്മാരുടെ മനസ്സിനെത്തന്നെ യജിച്ചിണക്കാനിച്ഛിക്കുന്നുവോ, അവങ്കൽ ശോഭനവീര്യമുററ സന്തതി ഭവിക്കുന്നു. അവങ്കൽ ഗതിവേഗമുററ കുതിരക്കൂട്ടത്തോടുകൂടിയ ധനാദികളും ഭവിക്കുന്നു. അവൻ തന്നെ അയജ്വാക്കളെ കർമ്മവിരോധികളെ, കീഴടക്കുന്നു.

രണ്ടാമധ്യായം സമാപ്തം

# അദ്ധ്യായപീഠിക

## അഷ്ടകം–6 അദ്ധ്യായം–3

1 മുതൽ 10 കൂടി വർഗ്ഗങ്ങളിൽ ഇന്ദ്രൻ ദേവത. 11–12–13 ആയിരം വസുരോചിസ്സുകളെന്ന ആംഗിരസന്മാരുമിന്ദ്രനും ദേവത. 14 മുതൽ 17 കൂടി അശ്വികൾ. 18–ഉം, 19–ഉം, ഇന്ദ്രൻ. 20–21–ഇന്ദ്രാഗ്നികൾ. 22–23 അഗ്നി. 24–25 വീണ്ടും ഇന്ദ്രാഗ്നികൾ. 26–27 വരുണൻ. 28 വരുണനും അശ്വികളും. 3–ാം ഋക്ക് ശ്രദ്ധേയമാണ്. 29 മുതൽ 41 കൂടി അഗ്നി. അതിൽ 17–ാം ഋക്ക് ചൊവ്വക്ക് (അംഗാരകന്ന്) മന്ത്രമായുപയോഗിക്കപ്പെടുന്നു. 23–ാം ഋക്കിന്ന് ഒരു വിശേഷമുണ്ട്. അഗ്നിയോട് ഋഷി താനഗ്നിയും അഗ്നി താനുമായെങ്കിൽ ധാരാളമഭീഷ്ടങ്ങൾ നല്കുമായിരുന്നു എന്ന് സമത്വത്തോടുകൂടി പറയുന്നു. 42 മുതൽ 49 കൂടി ഇന്ദ്രൻ. 35–ാം മന്ത്രം സർവ്വാപരാധ (പാപ) ക്ഷമ നമസ്കാരമാണ്. ഏതുപാസനക്കുമന്ത്യത്തിൽ ഈ അപരാധക്ഷമസ്തുതി ഋഗ്വേദികൾ ചൊല്ലുന്നു. ഇന്ദ്രനോട് പറയുന്നതാണെങ്കിലും എല്ലാ ദേവീദേവന്മാരോടും ഇത് പ്രയോജ്യമാണ്. 36–ാം മന്ത്രം നിഷ്കാമ ഭക്തിയെ ഉദാഹരിക്കുന്നു.

അ. 6 അ. 3 വ.—1 മുതൽ 6 കൂടി—കാണ്വോ മേദ്ധ്യാതിഥിഃ ഋഷിഃ ഗായത്രീച്ഛന്ദഃ ഇന്ദ്രോദേവതാ.

1 പ്രകൃതാന്യൃജീഷിണഃ  
കണ്വാഇന്ദ്രസ്യഗാഥയാ  
മദേസോമസ്യവോചത

അന്വയം:—

ഹേ കണ്വാഃ,  
ഋജീഷിണഃ — കാണ്വാഃ, ഋജീഷവതഃ  
സോമസ്യ കൃതാനി — കർമ്മാണി  
ഇന്ദ്രസ്യ ഗാഥയാ — ഇന്ദ്രസ്യ സ്തുത്യാസഹ  
മദേ പ്ര വോചത — അസ്യമദേ സതിപ്രബ്രൂത

അത്ഥം.—അല്ലയോ കണ്വഗോത്രക്കാരേ, ചണ്ടിയോടു കൂടിയ സോമം സംബന്ധിച്ച കമ്മങ്ങൾ ഇന്ദ്രസ്തുതിയോടുകൂടി സോമത്തിന്റെ ഹഷ്ത്തിൽ നന്നായിച്ചൊല്ലുക.

2 യസ്സൃബിന്ദമനശ്നിം
പിപ്രുന്ദാസമഹീശുവം
വധീദുഗ്രോരിണന്നപഃ

അന്വയം:—

യഃ ഉഗ്രഃ അപഃ രിണൻ — യ ഉൽഗൂണ്ണ ഇന്ദ്രഃ ഉദകാനി പ്രേരയൻ
സൃബിന്ദം, അനശ്നിം,
പിപ്രും, ദാസം,
അഹീശുവം, വധീൽ — ഏതാൻ സവ്വാനവധീൽ

അത്ഥം—യാതൊരുക്കിയന്ന ഇന്ദ്രൻ, വെള്ളങ്ങൾ വിട്ടു്, സൃബിന്ദൻ, അനശ്നി, പിപ്രു, ദ്രോഹിയായ അഹീശുവൻ എന്നീ അസുരന്മാരെ കൊന്നുവോ,

3 ന്യബ്ബുദസ്യവിഷ്ടപം
വർഷ്മാണംബൃഹതസ്തിര
കൃഷേതദിന്ദ്രപൌംസ്യം

അന്വയം:—

(താദൃശ) ഹേ ഇന്ദ്ര,
ബൃഹതഃ അർബ്ബുദസ്യ — മഹതോ മേഘസ്യ
വർഷ്മാണം വിഷ്ടപം
നി തിര — ഉദകസ്യ വാരകം സ്ഥാനം വിധ്യ
തൽ പൌംസ്യം കൃഷേ — പ്രസിദ്ധം വ്രതം കുരു

അൎത്ഥം—അപ്രകാരമുള്ള ഇന്ദ്ര, പെരിയ മേഘത്തിന്റെ വെള്ളം തടയുന്ന സ്ഥാനം പിളൎന്നാലും. ആ പ്രസിദ്ധമായ പൌരുഷകൎമ്മം ചെയ്താലും.—(യുഗ്മകം)

4 പ്രതിശ്രുതായവോധൃഷ
തൂൎണ്ണാശനഗിരേരധി
ഹുവേസുശിപ്രമൂതയേ

അന്വയം:—

| | |
|---|---|
| (ഹേ സ്തോതാരഃ,) വഃ<br>ശ്രുതായ ഊതയേ | — യുഷ്മാകം സ്തുതീനാം ശ്രവണായ, രക്ഷണായച |
| ഗിരേഃ അധി<br>തൂൎണ്ണാശം ന | — യഥാഘൎമ്മേഭിതപ്തഃ ഉദകം മേഘം പ്രതിഹ്വയതി, തദ്വൽ |
| ധൃഷൽ സു—ശിപ്രം പ്രതി<br>ഹുവേ | — ശത്രൂൻ ധൃഷന്തം സുഹനുമിന്ദ്ര മാഹ്വയാമി |

അൎത്ഥം—അല്ലയോ സ്തോതാക്കളേ, വേനലിൽ ദാഹിച്ചു പൊരിഞ്ഞവൻ വെള്ളത്തിന്നുവേണ്ടി മേഘത്തിന്നുനേരെ നോക്കി വിളിക്കുന്നപോലെ, ശത്രുക്കളെ അമൎത്തുന്നവനും നല്ല താടിയെല്ലൊത്തവനുമായ ഇന്ദ്രനെ നിങ്ങളുടെ സ്തോത്രങ്ങൾ കേൾക്കാനും രക്ഷിക്കാനുമായി ഞാൻ വിളിക്കുന്നു.

5 സഗോരശ്വസ്യവിവ്രജം
മന്ദാനസ്സോമ്യേഭ്യഃ
പുരന്നശൂരദൎഷസി വ. 1

അന്വയം:—

| | |
|---|---|
| ഹേ ശൂര, സഃ മന്ദാനഃ | — ഇന്ദ്രഃ, സത്വൎമ്മോദമാനഃ |
| ഗോഃ അശ്വസ്യ (ച)<br>വ്രജം | — നിവാസസ്ഥാനം |

സോമ്യേഭ്യഃ — സോമാർഹേഭ്യോദേവേഭ്യസ്സഹ
പുരം ന വി ദർഷസി — ശത്രൂണാന്നഗരീം വിവൃതദ്വാരം കരോഷി

അർത്ഥം—അല്ലയോ ശൂരനായ ഇന്ദ്ര, അപ്രകാരമുള്ള അവിടുന്നു് (സോമത്താൽ) ഹൃഷ്ടനായി, സോമാർഹന്മാരായ ദേവന്മാരോടുകൂടി, (ഒളിപ്പിക്കപ്പെട്ട) പൈക്കളുടെ നിവാസസ്ഥാനങ്ങളെ ശത്രുനഗരത്തെയെന്നപോലെ തുറക്കുന്നു.

6 യദീമേരാരണസ്സുത
ഉക്ഥേവാദധസേചനഃ
ആരാദുപസ്വധാഗഹി

അന്വയം:—
(ഹേ ഇന്ദ്ര,) മേ സുതേ — മമാഭിഷുതേ സോമേ
ഉക്ഥേ വാ യദി രരണഃ — ശസ്ത്രേ വാ രമസേ
ചനഃ ദധസേ — യദ്യന്നം മഹ്യം പ്രയച്ഛസി, തർഹി
ആരാൽ സ്വധാ ഉപ
ആ ഗഹി — ദൂരാദന്നേനോപാഗച്ഛ

അർത്ഥം—അല്ലയോ ഇന്ദ്ര, എന്റെ സംസ്കരിച്ച സോമത്തിലോ, ശസ്ത്രത്തിലോ അവിടുന്നു് രമിക്കുന്നുവെങ്കിൽ, എനിക്കന്നം തരുന്നുവെങ്കിൽ, ദൂരത്തുനിന്നു് അന്നത്തോടുകൂടിവന്നു ചേർന്നാലും.

7 വയങ്ഘാതേഅപിഷ്മസി
സ്തോതാരഇന്ദ്രഗിർവ്വണഃ
ത്വന്നോജിന്വസോമപാഃ

അന്വയം:—
ഹേ ഗിർവ്വണഃ, ഇന്ദ്ര, — ഗീർഭിർവ്വനനീയ, സംഭജനീയേന്ദ്ര,

തേ അപി വയം ഘ — തവാപി ഖലു വയം
സ്തോതാരഃ സ്മസി — ഭവാമഃ
ഹേ സോമ–പാഃ ത്വം
നഃ ജിന്വ — സോമസ്യ പാതരിന്ദ്ര, ത്വമ
സ്മാൻ പ്രീണയസി

അർത്ഥം–സ്തുതികളാൽ പ്രാപ്യനായ ഇന്ദ്ര, അവിടേയ്ക്കു തന്നെ ചേൎന്നവരായ ഞങ്ങൾ അവിടുത്തെ സ്തോതാക്കളാണു്. അല്ലയോ സോമപാതാവേ, അവിടുന്നാണു് ഞങ്ങളെ സന്തോഷിപ്പിക്കുന്നതു്.

8 ഉതനഃപിതുമാഭര
സംരരാണോഅവിക്ഷിതം
മഘവൻഭൂരിതേവസു

അന്വയം:–
ഉത ഹേ മഘ–വൻ,
സം–രരാണഃ — ധനവൻ ഇന്ദ്ര, സമ്യഗ്രമ
മാണസ്ത്വം
അവി–ക്ഷിതം പിതും
നഃ ആ ഭര — അവിക്ഷീണമന്നമസ്മഭ്യമാഹര
തേ വസു ഭൂരി — തവധനം പ്രഭൂതം ഹി

അർത്ഥം—പിന്നെ, അല്ലയോ ധനവാനായ ഇന്ദ്ര, സന്തുഷ്ടനായ അവിടുന്നു് കേടുവരാത്ത അന്നം, ക്ഷയിക്കാത്ത ഐശ്വര്യം, ഞങ്ങൾക്കുണ്ടാക്കിത്തന്നാലും. അവിടേയ്ക്കു ധനം ധാരാളമാണല്ലൊ.

9 ഉതനോഗോമതസ്കൃധി
ഹിരണ്യവതോഅശ്വിനഃ
ഇളാഭിസ്സംരഭേമഹി

അന്വയം:—
(ഹേ ഇന്ദ്ര,) ഉത നഃ
ഗോ–മതഃ കൃധി — ഗോമിനഃ കുരു
അശ്വിനഃ
ഹിരണ്യ–വതഃ — അശ്വയുക്താൻ ധനവതശ്ച കുരു
ഇളാഭിഃ സം രഭേമഹി — അന്നൈശ്ച വയം രബ്ധാഭവേമ

അർത്ഥം—അല്ലയോ ഇന്ദ്ര, അതിന്നുപുറമെ, ഞങ്ങളെ പൈക്കളൊത്തവരും കുതിരകളുററവരും ധനവാന്മാരുമാക്കിയാലും. അന്നങ്ങളാലും ഞങ്ങൾ ഉത്സാഹം പൂണ്ടവരാകാവൂ.

10 ബൃബദുക്ഥംഹവാമഹേ

സുപ്രകരസ്നമൂതയേ

സാധുകൃണ്വന്തമവസേ വ. 2

അന്വയം:—
സുപ്ര–കരസ്നം, — ലോകസ്യ രക്ഷണായ പ്രസൃത
ബാഹും
അവസേ ഊതയേ സാധു
കൃണ്വന്തം — ലോകസ്യ പാലനായ അസ്മാകം
രക്ഷണായ ച സാധു കുർവ്വന്തം
ബൃബൽ–ഉക്ഥം
ഹവാമഹേ — മഹദുക്ഥമിന്ദ്രം ഹ്വയാമഃ

അർത്ഥം—ലോകത്തിൻെറ രക്ഷക്കായി നീട്ടിയ കൈകളോടുകൂടിയവനും ലോകരക്ഷയ്ക്കും നമ്മുടെ രക്ഷയ്ക്കും നന്നായി പ്രവർത്തിക്കുന്നവനും മഹത്തായ ശസ്ത്രത്താൽ സ്തുത്യനുമായ ഇന്ദ്രനെ നാം വിളിക്കുന്നു.

11 യസ്സംസ്ഥേചിച്ഛതക്രതു

രാദീങ്കൃണോതിവൃത്രഹാ

ജരിതൃഭ്യഃപുരൂവസുഃ

അന്വയം:–
യഃ സം–സ്ഥേ
ശത–ക്രതുഃ — സങ്ഗ്രാമേ ബഹുകർമ്മാ ഭവതി
ആൽ ഈം കൃണോതി — അനന്തമിദം ശത്രുവധാദികം കരോതി
ചിൽ വൃത്ര–ഹാ — ഏവായമിന്ദ്രോ വൃത്രഹന്താ ഭവതി
(കിംച) ജരിതൃ–ഭ്യഃ
പുരു–വസുഃ — ബഹുധനഃ അസ്മഭ്യം ബഹുധനാനി ദാതാ ഭവതി

അർത്ഥം–ആർ യുദ്ധത്തിൽ വിവിധ വീരകർമ്മങ്ങളൊത്തവനാണോ, ശത്രുവധം മുതലായവ ചെയ്യുന്നുവോ, ആ ഇന്ദ്രൻ തന്നെയാണ് വൃത്രഹന്താവായി ഭവിക്കുന്നത്. കൂടാതെ സ്തോതാക്കൾക്ക് ധാരാളം ധനം കൊടുക്കുന്നവനായും ഭവിക്കുന്നു.

12 സനശ്ശക്രശ്ചിദാശക
ദ്ദാനവാഁഅന്തരാഭരഃ
ഇന്ദ്രോവിശ്വാഭിരൂതിഭിഃ

അന്വയം:–
ശക്രഃ സഃ നഃ ചിൽ — ഇന്ദ്രഃ അസ്മാനപി
ആ ശകൽ — ശക്താൻ കരോതു
(അപിച) ഇന്ദ്രഃ ദാന–വാൻ — ദാനശീലസ്സൻ
വിശ്വാഭിഃ ഊതി–ഭിഃ — സർവ്വൈഃ പാലനൈഃ
അന്തര–ആഭരഃ — അന്തരാഹരഃ, ഛിദ്രാണാമാപൂരകഃ, ഛിദ്രാപിധായീ ഭവതി

അർത്ഥം-- ശക്തനായ ഇന്ദ്രൻ നമ്മളെയും ശക്തന്മാരാക്കട്ടെ. ഇന്ദ്രൻ ദാനശീലനായി എല്ലാ രക്ഷണങ്ങളോടുംകൂടി ഉള്ളിലുള്ള ഛിദ്രങ്ങൾ തുളകൾ അടക്കുന്നവനായി പോരായ്മകൾ തീർക്കുന്നവനായി ഭവിക്കുന്നു. (ശക്തനാക്കട്ടെ എന്നതിന്ന്

അന്തരംഗത്തിലുള്ള ചാപല്യാദികളം നീക്കി ആത്മശക്തി യുണ്ടാക്കട്ടേ എന്നർത്ഥം)

13 യോരായോഽഽവനീർമ്മഹാ
ന്ഥ്സുപാരസ്സുന്വതസ്സഖാ
തമിന്ദ്രമഭിഗായത

അന്വയം:—

യഃ രായഃ അവനിഃ — ധനസ്യ പാലകഃ
മഹാൻ, സു—പാരഃ — സർവ്വോത്തമഃ, ശോഭന
പാരണശ്ച ഭവതി
(യശ്ച) സുന്വതഃ സഖാ — സോമാഭിഷവം കുർവ്വതോ
യജമാനസ്യ പ്രിയോ ഭവതി
തം ഇന്ദ്രം അഭി ഗായത — അഭിസ്തുഹി

അർത്ഥം—അല്ലയോ സ്തോതാക്കളേ, ആർ ധനത്തിൻെറ രക്ഷകനും സർവ്വോത്തമനും, (ഉപാസകരെ പാപത്തിൻെറ) അക്കരെയെത്തിക്കുന്നവനുമാണോ, ആർ സോമം സംസ്കരിക്കുന്ന യജമാനന്നു് ചങ്ങാതിയാണോ, ആ ഇന്ദ്രനെ പാടിപ്പുകഴ്ത്തുക.

14 ആയന്താരമ്മഹിസ്ഥിരം
പൃതനാസുശ്രവോജിതം
ഭൂരേരീശാനമോജസാ

അന്വയം:—

(ഹേ സ്തോതാരഃ,) ആ-
യന്താരം — ആഭിമുഖ്യേന സർവ്വതോ
നേതാരം
മഹി, പൃതനാസു സ്ഥിരം — മഹാൻ, സങ്ഗ്രാമേഷ്വചലം
ശ്രവഃ—ജിതം — ശ്രവസോജേതാരം
ഓജസാ ഭൂരേഃ ഈശാനം — ബലേന ബഹോർദ്ധനസ്യേശ്വര
മിന്ദ്രമഭിഗായത

അർത്ഥം—അല്ലയോ സ്തോതാക്കളേ, നേരിട്ടെല്ലാം നയിക്കുന്നവനും മഹാനും യുദ്ധങ്ങളിൽ ചലിക്കാത്തവനും യശസ്സ്, ജയിച്ചു നേടുന്നവനും ബലത്താൽ ധാരാളം ധനത്തിന്നു് നാഥനുമായ ഇന്ദ്രനെ പാടിപ്പുകഴ്ത്തുക.

15 നകിരസ്യശചീനാം
നിയന്താസൂനൃതാനാം
നകിർവ്വക്താനദാദിതി വ. 3

അന്വയം:—
അസ്യ സൂനൃതാനാം
ശചീനാം — ഇന്ദ്രസ്യ ശോഭനാനാം കർമ്മണാം
നകഃ നി—യന്താ — ന കശ്ചിന്നിയാമകഃ
(അയമിന്ദ്രഃ) ന ദാൽ
ഇതി — ന പ്രയച്ഛതീതി
നകിഃ വക്താ — ന കശ്ചിദ്വദതി, സപ്രദാതേതി സർവ്വോജനോബ്രവീതി

അർത്ഥം—ഇന്ദ്രന്റെ ശോഭനകർമ്മങ്ങൾ ഇന്നവിധം വേണമെന്നു് നിയന്ത്രിക്കുന്നവനായാരുമില്ല. ഈ ഇന്ദ്രൻ കൊടുക്കുന്നില്ലെന്നാരും പറയുകയില്ല. അവിടുന്നു് നല്ല ദാതാവാണെന്നാണു് എല്ലാവരും പറയുന്നതു്.

16 നനൂനംബ്രഹ്മണാമൃണം
പ്രാശൂനാമസ്തിസുന്വതാം
നസോമോഅപ്രതാപപേ

അന്വയം:—
സുന്വതാം പ്രാശൂനാം
ബ്രഹ്മണാം — അഭിഷവം കുർവ്വതാം, പ്രാശുവതാം, ബ്രാഹ്മണാനാം

ഋണം ന നൂനം അസ്തി — ദേവൎണ്ണം ന ഖലു വിദ്യതേ
(കിംച) സോമഃ അപ്രതാ
ന പപേ — അവിസ്തീൎണ്ണധനേന ന
പീയതേ

അൎത്ഥം—സോമം സംസ്കരിക്കുന്നവരും പ്രാശിക്കുന്നവരുമായ ബ്രാഹ്മണൎക്കു് ദേവന്മാരോടുള്ള കടമുണ്ടാവുന്നില്ല. പിന്നെ, കുറഞ്ഞ ധനമുള്ളവനാൽ സോമം കുടിക്കപ്പെടുന്നില്ല. (അതായതു് പെരുത്ത ചിലവുണ്ടു് യാഗം ചെയ്‌വാൻ.)

17 പന്യഇദുപഗായത
പന്യഉക്‌ഥാനിശംസത
ബ്രഹ്മാകൃണോതപന്യഇൽ

അന്വയം:—

(ഹേ സ്തോതാരഃ,) പന്യേ
ഇൽ — സ്തുത്യഏവേന്ദ്രേ,
ഉപ ഗായത — സാമാന്യുപഗാനം കുരുത
(ഹേ ഹോതാരഃ,) പന്യേ
ഉക്ഥാനി ശംസത — സ്തുത്യേസ്മിൻ ശസ്ത്രാണി കുരുത
(ഹേ അധ്വര്യവഃ,) പന്യേ
ഇൽ ബ്രഹ്മ കൃണോത — സ്തുത്യ ഏവാസ്മിൻ ബ്രഹ്മാണി,
അന്യാനി സ്തോത്രാണി കുരുത

അൎത്ഥം—അല്ലയോ സ്തോതാക്കളേ, സ്തുത്യൻ തന്നെയായ ഇന്ദ്രങ്കൽ സാമങ്ങൾ പാടുക. ഹോതാക്കളേ, സ്തുത്യനായ അവിടുന്നിൽത്തന്നെ ശസ്ത്രങ്ങൾ ചൊല്ലി അൎപ്പിക്കുക. അധ്വര്യുക്കളേ, സ്തുത്യനായ അവിടുന്നിൽത്തന്നെ മററു സ്തോത്രങ്ങളും ചൊല്ലുക.

18 പന്യആദൎദ്ദിരച്ഛതാ
സഹസ്രാവാജ്യവൃതഃ
ഇന്ദ്രോയോയജ്വനോവൃധഃ

അന്വയം:—

യഃ വാജീ, — ബലവാൻ,
ശതാ സഹസ്രാ ആദർദിരൽ — ശതാനി സഹസ്രാണി ച ശത്രുജാതാന്യാഭിമുഖ്യേന ദാരയതി
(സോയം) ഇന്ദ്രഃ അവൃതഃ പന്യഃ — ശത്രുഭിരപരിവൃതഃ, സ്തുത്യോ ഭവതി
യജ്വനഃ വൃധഃ — ഇഷ്ടവതോ യജമാനസ്യ വർദ്ധയിതാ ഭവതി

അർത്ഥം—ആർ ബലവാനായി നൂറുമായിരവും കണക്കിൽ എതിരാളി കൂട്ടങ്ങളെ നേരെ തകർക്കുന്നുവോ, ആ ഇന്ദ്രൻ ശത്രുക്കളാൽ ചുററപ്പെടാതെ, സ്തുത്യനായി ഭവിക്കുന്നു. യാഗാനുഷ്ഠാതാവിന്നു് അഭിവൃദ്ധികരനായി ഭവിക്കുന്നു.

19 വിഷുചരസ്വധാഅനു
കൃഷ്ടീനാമന്വാഹ്വഃ
ഇന്ദ്രപിബസുതാനാം

അന്വയം:—

ഹേ ഇന്ദ്ര, അനു ആ—ഹ്വഃ — അനുക്രമേണാഹ്വാതവ്യസ്ത്വം
കൃഷ്ടീനാം സ്വധാഃ — മനുഷ്യാണാം ഹവീംഷി
അനു സു വി ചര — അനുക്രമേണ സുഷ്ഠു ഗച്ഛ
സുതാനാം പിബ — അഭിഷുതാൻ സോമാൻ പാനം കുരു

അർത്ഥം—അല്ലയോ ഇന്ദ്ര, ക്രമമനുസരിച്ച് വിളിക്കപ്പെടേണ്ടുമവിടുന്നു് മനുഷ്യരുടെ ഹവിസ്സുകളെ ക്രമപ്രകാരം നന്നായി പ്രാപിച്ചാലും. സംസ്കരിച്ച സോമങ്ങളെ കുടിച്ചാലും.

20 പിബസ്വധൈനവാനാ
മുതയസ്തുഗ്ര്യേസചാ
ഉതായമിന്ദ്രയസ്തവ് വ. 4

അന്വയം:—
ഹേ ഇന്ദ്ര,
സ്വ—ധൈനവാനാം — സ്വഭൃതപയസോ ധേനോസ്സംബ
ന്ധിനസ്സോമാൻ ധേന്വാ
ക്രീതാൻ, പിബ
ഉത യഃ തുഗ്ര്യേ സചാ
പിബ — ഉദകേ സംസൃഷ്ടഃ, തമപി
സോമം പിബ
ഉത യഃ തവ — അപി ച യസ്സോമസ്ത്വദീയഃ,
ത്വാമുദ്ദിശ്യഗൃഹീതഃ
(അയം സോമസ്ത്വയാപാതവ്യഃ)

അർത്ഥം—അല്ലയോ ഇന്ദ്ര, സ്വന്തം പശുവിനെ കൊടുത്തു വാങ്ങിയ സോമം കുടിച്ചാലും. പിന്നെ, ജലത്തിൽ കൂട്ടിച്ചേർത്ത സോമം കുടിച്ചാലും. അവിടുത്തെ ഉദ്ദേശിച്ച് കൊണ്ടുവന്ന ഈ സോമം അവിടേയ്ക്കു കുടിയ്ക്കാനുള്ളതാകുന്നു.

21 അതീഹിമന്യുഷാവിണം
സുഷുവാംസമുപാരണേ
ഇമംരാതംസുതംപിബ

അന്വയം:—
(ഹേ ഇന്ദ്ര,) മന്യു—
സാവിനം അതി ഇഹി — ക്രോധേന സോമം സുന്വന്തമതി
ഗച്ഛ
(തഥാ) ഉപ—അരണേ — ബ്രാഹ്മണാഃ ഉപേത്യയസ്മിൻ
ദേശേന രമന്തേ, തസ്മിൻ ദേശേ
സുസു—വാംസം — സുന്വന്തമതീഹി
ഇമം രാതം സുതം പിബ — ബ്രാഹ്മണോപദ്രവരഹിതേ
ദേശേ അസ്മാഭിർദ്ദത്തമിമം
സോമം പിബ

അർത്ഥം—അല്ലയോ ഇന്ദ്ര, ക്രോധത്തോടുകൂടി സോമം സംസ്കരിക്കുന്നവനെ കടന്നുപോന്നാലും, വിട്ടുപോന്നാലും. അതു

പോലെ ബ്രാഹ്മണർ ഏതു ദേശത്തിൽ ഒത്തുകൂടി സന്തോഷിക്കുന്നില്ലയോ, ആ ദേശത്തിലെ സോമം സംസ്കരിക്കുന്നവനെയും കടന്നുപോന്നാലും. അപ്രകാരമൊന്നുമല്ലാത്ത, ഞങ്ങളാൽ നല്കപ്പെട്ട സോമം കുടിച്ചാലും. (ഇവിടെ ബ്രാഹ്മണർ എന്നു പറഞ്ഞതിന്നു് സജ്ജനങ്ങൾ എന്നേ അൎത്ഥമുള്ളു. മൂലത്തിൽ ബ്രാഹ്മണശബ്ദമില്ലതാനും.)

22 ഇഹിതിസ്രഃപരാവത
ഇഹിപഞ്ചജനാ്അതി
ധേനാഇന്ദ്രാവചാകശൽ

അന്വയം:—

ഹേ ഇന്ദ്ര, ധേനാഃ അവ–
ചാകശൽ — അസ്മദീയാ സ്തുതീര്യോപശ്യൽ
(സത്വം) പരാ–വതഃ
തിസ്രഃ ഇഹി — ദൂരദേശാദഗ്രതഃ, പൃഷ്ഠതഃ,
പാൎശ്വതശ്ചഗച്ഛ
പഞ്ച ജനാൻ അതി
ഇഹി — ഗന്ധൎവ്വാഃ പിതരോദേവാഃ
അസുരാ രക്ഷാംസി
ഇത്യേതാനതിഗച്ഛ

അൎത്ഥം–അല്ലയോ ഇന്ദ്ര, ഞങ്ങളുടെ സ്തുതികളെ ഉള്ളുകൊണ്ടു് കാണുന്ന, അറിയുന്ന അവിടുന്നു് ദൂരദേശത്തിൽനിന്നു് മുമ്പിലും പിമ്പിലും ഇരുപാൎശ്വങ്ങളിലും വന്നാലും. ഗന്ധൎവ്വപിതൃദേവാസുരരക്ഷസ്സുകളെ കടന്നുവന്നാലും.

23 സൂര്യോരശ്മിംയഥാസൃ
ജാത്വായച്ഛുത്തുമേഗിരഃ
നിമ്നമാപോനസധ്ര്യക്

*19

അന്വയം:—

(ഹേ ഇന്ദ്ര,) സൂര്യഃ യഥാ
രശ്മിം — രശ്മീൻ, കിരണാൻ വിസൃജതി
(തഥാ മഹ്യം ധനം) സൃജ — വിസൃജ
(അപിച) മേ ഗിരഃ — മദീയാ സ്തുതയഃ
നിമ്നം ആപഃ ന — യഥാ നിമ്നദേശമാപസ്തഥാ
സധ്ര്യക് ത്വാ ആ യച്ഛന്തു — സഹത്വാമാഗച്ഛന്തു

അർത്ഥം—അല്ലയോ ഇന്ദ്ര, സൂര്യൻ രശ്മികളെ വിസർജ്ജിക്കുന്നപോലെ, എനിക്കു ധനം ചൊരിഞ്ഞാലും. പിന്നെ, എന്റെ സ്തുതികൾ, വെള്ളങ്ങൾ താഴ്ന്ന പ്രദേശത്തെയെന്നപോലെ, അവിടുത്തോടുകൂടെ എത്തട്ടെ.

24 അധ്വര്യവാതുഹിഷിഞ്ച
സോമംവീരായശിപ്രിണേ
ഭരാസുതസ്യപീതയേ

അന്വയം:—

ഹേ അധ്വര്യോ,
ശിപ്രിണേ വീരായ — ഹനുമതേ ശൂരായേന്ദ്രായ
സോമം തു ഹി ആ
സിഞ്ച — ക്ഷിപ്രമേവ നിഷിഞ്ച
സുതസ്യ പീതയേ ഭര — സുതം സോമം പാനായാഹര ച

അർത്ഥം—അല്ലയോ അധ്വര്യോ, നല്ല താടിയെല്ലൊത്തവനും ശൂരനുമായ ഇന്ദ്രന്നായി സോമം വേഗത്തിലൊഴിച്ചുകൊടുക്കുക. സംസ്കരിച്ച സോമം അവിടേക്കു് കുടിക്കാനൊരുക്കുക.

25 യഉദ്‌നഃഫലിഗംഭിന
ന്യൿസിന്ധൂരവാസൃജൽ
യോഗോഷുപക്വന്ധാരയൽ വ. 5

അന്വയം:-

യഃ ഉദ്നഃ ഫലി–ഗം
ഭിനൽ — ഉദകാർത്ഥം മേഘമഭിനൽ
സിന്ധൂൻ ന്യക്
അവ–അസൃജൽ — അപഃ അന്തരിക്ഷാദവ്വാക്
പ്രൈരയൽ
യഃ ഗോഷു പക്വം
ധാരയൽ — പയോധാരയൽ

അർത്ഥം- ആർ ജലത്തിന്നുവേണ്ടി മേഘത്തെ പിളർന്നുവോ, ജലങ്ങളെ അന്തരിക്ഷത്തിൽനിന്നു താഴോട്ടൊഴുക്കിയോ, ആർ പശുക്കളിൽ പാകംചെന്ന പാൽ ധരിക്കുന്നുവോ,

26 അഹന്വൃത്രമൃചീഷമ

ഔർണ്ണവാഭമഹീശുവം

ഹിമേനാവിധ്യദർബ്ബുദം

അന്വയം:-

ഋചീഷമഃ — ഋചാ, ദീപ്ത്യാസമസ്സ ഇന്ദ്രഃ
വൃത്രം അഹൻ — ജഘാന
ഔർണ്ണ–വാഭം, അഹീശുവം — തൌ ശത്രൂൻ ജഘാന
ഹിമേന അർബ്ബുദം
അവിധ്യൽ — തുഷാരേണ മേഘം ഹതവാൻ

അർത്ഥം- പ്രകാശത്തോടു തുല്യനായ ആ ഇന്ദ്രനാണ് വൃത്രനെ കൊന്നതു്; ശത്രുക്കളായ ഔർണ്ണവാഭനെയും അഹീശുവനെയും കൊന്നതു്; മഞ്ഞിനാൽ മേഘത്തെ പിളർന്നതു്. (യുഗ്മകം)

27 പ്രവ ഉഗ്രായനിഷ്ടുരേ

ഷാള്ഹായപ്രസക്ഷിണേ

ദേവത്തംബ്രഹ്മഗായത

അന്വയം:—

| | |
|---|---|
| (ഹേ ഉൽഗാതാരഃ) വഃ | — യൂയം |
| ഉഗ്രായ നിഃ—തുരേ | — ഉൽഗൂൎണ്ണായ, ശത്രൂൻ നിസ്തരതേ |
| അഷാള്ഹായ, പ്ര—സക്ഷിണേ | — ശത്രൂണാമഭിഭവിത്രേ, പ്രസഹനശീലായേന്ദ്രായ |
| ദേവത്തം ബ്രഹ്മ പ്ര ഗായത | — ദേവപ്രസാദലബ്ധം സ്തോത്രം പ്രകൎഷേണ ഗായത |

അൎത്ഥം—അല്ലയോ ഉൽഗാതാക്കളേ, നിങ്ങൾ ഊക്കേററവനും ശത്രുക്കളെ പിന്തിരിപ്പിക്കുന്നവനും ജയശീലനുമായ ഇന്ദ്രന്നായി, ദേവപ്രസാദത്താൽ ലഭിച്ച, സ്തോത്രം നന്നായിച്ചൊല്ലുക.

28 യോവിശ്വാന്യഭിവ്രതാ
സോമസ്യമദേഅന്ധസഃ
ഇന്ദ്രോദേവേഷുചേതതി

അന്വയം:—

| | |
|---|---|
| അന്ധസഃ സോമസ്യ മദേ | — ഹൎഷേസഞ്ജാതേ |
| വിശ്വാനി വ്രതാ യഃ ഇന്ദ്രഃ | — സൎവ്വാണി കൎമ്മാണിയസ്സഃ |
| ദേവേഷു അഭി ചേതതി | — ജ്ഞാപയതി, (തസ്മാ ഇന്ദ്രായ ഗായത) |

അൎത്ഥം—അന്നാത്മകമായ സോമത്തിൻെറ ഹൎഷമുണ്ടായപ്പോൾ എല്ലാ കൎമ്മങ്ങളെയും യാതൊരിന്ദ്രൻ (മററു) ദേവന്മാരെ അറിയിക്കുന്നുവോ, ആ ഇന്ദ്രന്നായി സ്തുതി ചൊല്ലുക.

29 ഇഹത്യാസധമാദ്യാ
ഹരീഹിരണ്യകേശ്യാ
വോള്ഹാമഭിപ്രയോഹിതം

അന്വയം:–

ഇഹ ത്യാ സധ–മാദ്യാ — അസ്മിൻ യജ്ഞേതൌ സഹമാദ്യന്തൌ
ഹിരണ്യ–കേശ്യാ ഹരീ — ഹിരൺമയകേശ്യാവശ്വൌ
ഹിതം പ്രയഃ — ഹിതകരം സോമാന്നം
അഭി വോള്ഹാം — അഭിലക്ഷ്യേന്ദ്രം വഹതാം, പ്രാപയതാം

അർത്ഥം—ഈ യജ്ഞത്തിൽ പ്രസിദ്ധങ്ങളും ഒപ്പം മദിക്കുന്നവയും സ്വർണ്ണക്കുഞ്ചിരോമങ്ങളുററവയുമായ ഹരികളെന്ന ഇരുകുതിരകൾ, ഹിതകരമായ സോമാന്നത്തെ ഉദ്ദേശിച്ച് ഇന്ദ്രനെ കൊണ്ടുവരട്ടെ.

30 അവ്വാഞ്ചന്ത്വാപുരുഷ്ടുത
പ്രിയമേധസ്തുതാഹരീ
സോമപേയായവക്ഷതഃ

വ. 6

അന്വയം:–

ഹേ പുരു–സ്തുത, ത്വാ — ബഹുഭിസ്തുതേന്ദ്ര, ത്വാം
പ്രിയമേധ–സ്തുതാ ഹരീ — പ്രിയമേധൈസ്തുതാവശ്വൌ
സോമ–പേയായ — സോമപാനായ
അവ്വാഞ്ചം വക്ഷതഃ — അസ്മദഭിമുഖം വഹതഃ

അർത്ഥം–പലരാലും സ്തുതിക്കപ്പെട്ട ഇന്ദ്ര, പ്രിയമേധന്മാരാൽ സ്തുതിക്കപ്പെട്ട ഹരികളെന്ന ഈ കുതിരകൾ സോമപാനത്തിന്നായി ഞങ്ങളുടെ നേരെ അവിടുത്തെ കൊണ്ടുവരട്ടെ.

വർഗ്ഗം—7 മുതൽ 10 കൂടി—ബൃഹതീഗായത്ര്യനുഷ്ടുഭശ്ഛന്ദാംസി ഇന്ദ്രോ ദേവതാ.

1 വയംഘത്വാസുതാവന്ത
ആപോനവൃക്തബർഹിഷഃ
പവിത്രസ്യപ്രസ്രവണേഷുവൃത്രഹൻ
പരിസ്തോതാരആസതേ

അന്വയം:—

| | |
|---|---|
| ഹേ വൃത്ര–ഹൻ, ത്വാ | |
| വയം ഘ | — വൃത്രഹന്തരിന്ദ്ര, ത്വാം വയം ഖലു |
| സുത–വന്തഃ | — സോമമഭിഷുതവന്തഃ |
| ആപഃ ന | — ആപഃ പ്രവണദേശമിവാഭിഗച്ഛാമഃ |
| പവിത്രസ്യ പ്ര–സ്രവണേഷു | — ദശാപവിത്രേണ ശോധിതാനാം സോമാനാം ധാരാസു |
| വൃക്ത–ബർഹിഷഃ | |
| സ്തോതാരഃ | — സ്തീർണ്ണബർഹിഷസ്തോത്വാം |
| പരി ആസതേ | — പര്യുപാസതേ |

അർത്ഥം—അല്ലയോ വൃത്രഹന്താവായ ഇന്ദ്ര, അവിടത്തെ നേരെ ഞങ്ങൾ സോമം സംസ്കരിച്ചവരായി, ജലങ്ങൾ താഴ്ന്നിടങ്ങളിലേയ്ക്കെന്നപോലെ, വരുന്നു. ദശാപവിത്രം കൊണ്ടു് അരിച്ചു് ശുദ്ധിചെയ്ത സോമങ്ങളുടെ ധാരകളിലൂടെ, വിരിച്ച ദർഭയോടുകൂടിയ സ്തോതാക്കൾ അവിടത്തെ പരിചരിക്കുന്നു.

2 സ്വരന്തിത്വാസുതേനരോ
വസോനിരേകഉക്ഥിനഃ
കദാസുതന്തൃഷാണഓകആഗമ
ഇന്ദ്രസ്വബ്ദീവവംസഗഃ

അന്വയം:—

| | |
|---|---|
| ഹേ വസോ, ഇന്ദ്ര, | — വാസയിതരിന്ദ്ര, |
| ത്വാ സുതേ നിരേകേ | — ത്വാം അഭിഷുതേ സോമേ നിർഗ്ഗമനേ |
| ഉക്ഥിനഃ നരഃ സ്വരന്തി | — ശസ്ത്രിണോനേതാരശ്ശബ്ദായന്തേ |
| (അപിചേന്ദ്രഃ) സുതം തൃഷാണഃ | — അഭിഷുതം സോമം പ്രതിതൃഷ്യൻ |
| സ്വബ്ദീ-ഇവ വംസഗഃ | — സ്വഭൃതശബ്ദോവൃഷഭ ഇവ (ശബ്ദം കുർവ്വൻ) |
| കദാ ഓകഃ ആ ഗമഃ? | — കദാസ്ഥാനമാഗമൽ? |

അർത്ഥം—എല്ലാവരെയും വസിപ്പിക്കുന്ന ഇന്ദ്ര, സംസ്കരിച്ച സോമം അവിടത്തെത്തേടി പുറത്തുവരുമ്പോൾ, ശസ്ത്രവാന്മാരായ നേതാക്കൾ ശബ്ദമുണ്ടാക്കുന്നു. സംസ്കരിച്ച സോമത്തിന്ന് പിപാസുവായി, ദാഹിക്കുന്നവനായി, സ്വന്തം ശബ്ദത്തോടുക്കൂടിയ കാളപോലെ ശബ്ദിച്ചുകൊണ്ട്, എപ്പോഴാണവിടുന്ന് സ്ഥാനത്തു വരുക?

3 കണ്വേഭിർദ്ധൃഷ്ണവാധൃഷ

ദ്വാജന്ദർഷിസഹസ്രിണം

പിശങ്ഗ്രൂപംമഘവൻവിചർഷണേ

മക്ഷൂഗോമന്തമീമഹേ

അന്വയം:—

| | |
|---|---|
| ഹേ മഘ-വൻ, വി-ചർഷണേ, ധൃഷ്ണോ, | — ധനവൻ, വിദ്രഷ്ടഃ, ധർഷകേന്ദ്ര, |
| കണ്വേഭിഃ | — കാണ്വാനുദ്ദിശ്യ (വിഭക്തി വ്യത്യയഃ) |
| സഹസ്രിണം വാജം ആ ദർഷി | — സഹസ്രസംഖ്യാകമന്നന്ദേഹി |

| | |
|---|---|
| ധൃഷൽ, പിശങ്ഗ-രൂപം ഗോ-മന്തം | ബലകരം, പത്മപരാഗരൂപം, പശുയുക്തമന്നം |
| മക്ഷു ഈമഹേ | ത്വാം യാചാമഹേ |

അർത്ഥം-ധനവാനും എല്ലാം കാണുന്നവനും കൂസലററവനുമായ ഇന്ദ്ര, കാണ്വന്മാരെ ഉദ്ദേശിച്ച് അതിധാരാളമന്നം തന്നാലും. ബലകരവും താമരപ്പൂംപൊടിക്കൊത്തതും പശുക്കളോടു കൂടിയതുമായ അന്നം ഇപ്പോൾത്തന്നെ അവിടുത്തോടു യാചിക്കുന്നു.

4 പാഹിഗായാന്ധസോമദ
ഇന്ദ്രായമേധ്യാതിഥേ
യസ്സമ്മിശ്ലോഹര്യോര്യസ്സുതേസചാ
വജ്രീരഥോഹിരണ്യയഃ

അന്വയം:-

| | |
|---|---|
| (ഋഷിരാത്മാനം ബ്രൂതേ) | |
| ഹേ മേധ്യ-അതിഥേ, | |
| പാഹി | സോമം പിബ |
| അന്ധസഃ (പീതസ്യ) | |
| മദേ | ഹർഷേ |
| യഃ ഹര്യോഃ സം-മിശ്ലഃ | യ ഇന്ദ്രഃ അശ്വയോസ്വരഥേ സംമിശ്ലയിതാ |
| യഃ സുതേ സചാ | അഭിഷുതേ സോമേ സതി സഹായഃ |
| (യഃ) വജ്രീ | വജ്രവാൻ |
| (യസ്യ) രഥഃ ഹിരണ്യയഃ | ഹിരണ്മയഃ |
| (തസ്മൈ) ഇന്ദ്രായ ഗായ | സ്തോത്രംപഠ |

അർത്ഥം-(ഋഷി തന്നോടുതന്നെ പറയുന്നു.) അല്ലയോ മേധ്യാതിഥേ, സോമം കുടിച്ചാലും. സോമാന്നം കുടിച്ച ഹർഷത്തിൽ താനൊരിന്ദ്രൻ ഹരികളെന്ന കുതിരകളെ തേരിൽ

പൂട്ടുന്നവനാണോ, ഏവൻ സംസ്കരിച്ച സോമം കൊടുക്കപ്പെടവേ, സഹായഭൂതനാണോ, ഏവൻ വജ്രായുധനാണോ, ഏവന്റെ തേർ സ്വൎണ്ണമയമാണോ, ആ ഇന്ദ്രന്നായി സ്തോത്രം ചൊല്ലുക.

5 യസ്സുഷവ്യസ്സുദക്ഷിണ

ഇനോയസ്സുക്രതുൎഗൃണേ

യആകരസ്സഹസ്രായശ്ശതാമഘ

ഇന്ദ്രോയഃപൂൎഭിദാരിതഃ വ. 7

അന്വയം:—

| | |
|---|---|
| യഃ സു–സവ്യഃ | — ശോഭനസവ്യഹസ്തഃ |
| (യശ്ച) സു-ദക്ഷിണഃ | — ശോഭന ദക്ഷിണഹസ്തഃ |
| (യശ്ച) ഇനഃ, യഃ സു–ക്രതുഃ | — ഈശ്വരഃ, സുപ്രജ്ഞഃ |
| സഹസ്രാ യഃ ആ–കരഃ | — സഹസ്രാണാം, ബഹൂനാം കൎമ്മണാം കൎത്താ |
| യഃ ശത–മഘഃ, യഃ പൂഃ–ഭിൽ | — ബഹുധനഃ, ശത്രൂണാം പുരാംഭേത്താ |
| (യശ്ച) ആരിതഃ | — കൎമ്മണി കൎമ്മണിസ്ഥിതഃ |
| (സഃ) ഇന്ദ്രഃ ഗൃണേ | — അസ്മാഭിസ്തൂയതേ |

അൎത്ഥം—ആർ നല്ല ഇടംകയ്യൊത്തവനും നല്ല വലംകയ്യുററവനും, ആർ ഈശ്വരനും, ആർ സുപ്രജ്ഞനും, ആർ ആയിരക്കണക്കിൽ കൎമ്മങ്ങൾക്കു കൎത്താവും, ആർ ബഹുധനനും, ആർ ശത്രുപുരങ്ങൾ പിളൎക്കുന്നവനും ഓരോ കൎമ്മത്തിലും വൎത്തിക്കുന്നവനുമാണോ, ആ ഇന്ദ്രൻ നമ്മളാൽ സ്തുതിക്കപ്പെടുന്നു.

6 യോധൃഷിതോയോവൃതോ

യോഅസ്തിശ്മശ്രുഷുശ്രിതഃ

വിഭൃതദ്യുമ്നശ്ച്യവനഃപുരുഷ്ടുതഃ

ക്രത്വാഗൗരിവശാകിനഃ

**അന്വയം:-**

യഃ ധൃഷിതഃ — ശത്രൂണാം ധർഷയിതാ
യഃ അവൃതഃ — ശത്രുഭിരപരിവൃതഃ
ശ്മശ്രുഷു ശ്രിതഃ അസ്തി — യുദ്ധേഷു പ്രാപ്തോഭവതി
യഃ വിഭൃത-ദ്യുമ്നഃ — പ്രഭൃതധനഃ
(യശ്ച) ച്യവനഃ — സോമാനാം ച്യാവയിതാ
(യശ്ചാപി) പുരു-സ്തുതഃ — ബഹുഭിസ്തുതസ്സ ഇന്ദ്രഃ
ക്രത്വാ ശാകിനഃ — കർമ്മണാ ശക്തസ്യ യജമാനസ്യ
ഗൌഃ-ഇവ — യഥാഗൌഃ പയസാദോഗ്ധ്രീ
തഥാ കാമാനാം ദോഗ്ധാ
ഭവതി

അർത്ഥം—ആർ ശത്രുക്കളെ അമർത്തുന്നവനും ആർ ശത്രുക്കളാൽ ചുററപ്പെടാത്തവനും യുദ്ധങ്ങളിലെത്തുന്നവനുമാണോ, ആർ മികച്ച ധനമുററവനാണോ, സോമം വീഴ്ത്തുന്നവനാണോ പലരാലും സ്തുതിക്കപ്പെട്ട ആ ഇന്ദ്രൻ കർമ്മംകൊണ്ട് ശക്തനായ യജമാനന്ന് പശു പാൽ ചുരത്തിക്കൊടുക്കുന്നപോലെ, കാമങ്ങളും കറന്നുകൊടുക്കുന്നു.

7 കഈംവേദസുതേസചാ
പിബന്തംകദ്വയോദധേ
അയംയഃപുരോവിഭിനത്ത്യോജസാ
മന്ദാനശ്ശിപ്ര്യന്ധസഃ

**അന്വയം:-**

**സുതേ സചാ പിബന്തം**
**ഈം — അഭിഷുതേ സോമേ ഋത്വിജാ**
**സഹ പിബന്തമേനമിന്ദ്രം**
**കഃ വേദ? — കോവേത്തി?,**
**നകോപിവേത്തി**
**യഃ അയം ശിപ്രീ — ഹനുമാൻ**
**അന്ധസഃ മന്ദാനഃ — സോമേന മന്ദമാനഃ**

ഓജസാ പുരഃ വി–
ഭിനത്തി — ശത്രുപുരാണി ഭിന്ദതി
കൽ വയഃ ദധേ — കിംവാന്നം ധാരയതി?

അർത്ഥം–സോമം സംസ്കരിക്കവേ, ഋത്വിക്കിനോടുകൂടി അതു കുടിക്കുന്ന ഈ ഇന്ദ്രനെ ആരറിയുന്നു?, ആരുമറിയുന്നില്ല. യാതൊരിന്ദ്രൻ നല്ല താടിയെല്ലൊത്തവനും സോമത്താൽ ഹർഷിക്കുന്നവനുമായി ബലത്താൽ ശത്രുനഗരങ്ങൾ പിളർക്കുന്നുവോ, ആ ഇന്ദ്രൻ അന്നം ധരിക്കുന്നുണ്ടോ?

8 ദാ॒നാമൃ॒ഗോനവാ॑ര॒ണഃ
പു॑രു॒ത്രാച॒രഥ॑ന്ദധേ
നകി॑ഷ്ട്വാ॒നിയ॑മ॒ദാസു॒തേഗ॑മോ
മ॒ഹാഁശ്ച॑ര॒സ്യോജ॑സാ

അന്വയം:—
മൃഗഃ വാരണഃ ദാനാ ന — ശത്രൂണാമന്വേഷകോഗജഃ
മദജലാനീവ
പുരു–ത്രാ ചരഥം ദധേ — ബഹുഷു യജ്ഞേഷു ചരണശീലം
മദം ഇന്ദ്രോധാരയതി
(ഹേ ഇന്ദ്ര,) ത്വാ നകിഃ
നി യമൽ — നകശ്ചിന്നിയച്ഛതി
സുതേ ആ ഗമഃ — അഭിഷുതേ സോമേ ആഗച്ഛ
മഹാൻ ഓജസാ ചരസി — സർവ്വോത്തമസ്ത്വം ബലേന
സർവ്വതസ്സഞ്ചരസി

അർത്ഥം—ശത്രുക്കളെ അന്വേഷിക്കുന്ന ആന മദജലങ്ങളെയെന്നപോലെ, പല പല യജ്ഞങ്ങളിലും ചരിക്കുന്ന സോമപാനജന്യമായ ഹർഷം ഇന്ദ്രനേന്തുന്നു. അല്ലയോ ഇന്ദ്ര, അവിടത്തെ ആരും നിയന്ത്രിക്കുന്നില്ല. സോമം സംസ്കരിക്കവേ വന്നാലും. സർവ്വോത്തമനായ അവിടുന്ന് സ്വന്തം ബലത്താൽ എമ്പാടും സഞ്ചരിക്കുന്നു.

9 യഉഗ്രസ്സന്നനിഷ്ടൃത
സ്ഥിരോരണായസംസ്കൃതഃ
യദിസ്തോതുർമ്മഘവാശൃണവദ്ധവ
ന്നേന്ദ്രോയോഷത്യാഗമൽ

അന്വയം:—

| | |
|---|---|
| യഃ ഉഗ്രഃ സൻ | — ഉൽഗൂർണ്ണസ്സൻ |
| അനിഃ—സ്തൃതഃ, സ്ഥിരഃ | — ശത്രുഭിരനിസ്തീർണ്ണഃ, അചലഃ |
| രണായ സംസ്കൃതഃ | — യുദ്ധായ ശസ്ത്രൈരലങ്ക്കൃതഃ |
| (സഃ) മഘ–വാ ഇന്ദ്രഃ | — ധനവാൻ സഃ |
| യദി സ്തോതുഃ ഹവം | |
| ശൃണവൽ | — ആഹ്വാനം യദി ശൃണോതി |
| (തർഹ്യന്യത്ര) ന | |
| യോഷതി | — ന ഗച്ഛതി |
| (കിന്തു) ആ ഗമൽ | — തത്രൈവാഗച്ഛതി |

അർത്ഥം—ആർ ഊക്കേററവനായി ശത്രുക്കളാൽ ഒടുക്കപ്പെടാത്തവനായി, ഇളക്കമെററവനായി, യുദ്ധത്തിന്നായി ആയുധങ്ങളെക്കൊണ്ട് അലംകൃതനാണോ, ആ ധനവാനായ ഇന്ദ്രൻ സ്തോതാവിൻെറ വിളി കേൾക്കുന്നുവെങ്കിൽ പിന്നെ മററൊരിടത്തു പോകയില്ല. (ഇവിടെത്തന്നെ) വരുകയേയുള്ളൂ.

10 സത്യമിത്ഥാവൃഷേദസി
വൃഷജ്ജൂതിർന്നോവൃതഃ
വൃഷാഹ്യുഗ്രശൃണ്വിഷേപരാവതി
വൃഷോഅർവ്വാവതിശ്രുതഃ വ. 8

അന്വയം:—

| | |
|---|---|
| ഹേ ഉഗ്ര, സത്യം ഇത്ഥാ | — ത്വം യാഥാർത്ഥ്യേനേത്ഥം |
| നഃ വൃഷാ ഇൽ അസി | — അസ്മാകം കാമാനാം വർഷക<br>ഏവ ഭവസി |

വൃഷ–ജൂതിഃ — വൃഷഭിശ്ചാകൃഷ്ടഃ
അവൃതഃ — ശത്രുഭിരപരിവൃതശ്ചാസി
വൃഷാ ഹി ശൃണ്വിഷേ — സേചക ഇതി ശ്രൂയസേ
പരാ–വതി, അർവ്വാ–വതി
വൃഷോ (ഇതി) ശ്രുതഃ — ദൂരേ സമീപേപി വൃഷാ ഏവ ശ്രുതഃ

അർത്ഥം—അല്ലയോ ഊക്കേററ ഇന്ദ്ര, അവിടുന്ന് സത്യമായും ഇപ്രകാരം ഞങ്ങൾക്ക് കാമവർഷകനായി ഭവിക്കുന്നു. വർഷകങ്ങളായ സോമങ്ങളാൽ ആകൃഷ്ടനായ അവിടുന്ന് ശത്രുക്കളാൽ ചുററപ്പെടാത്തവനാകുന്നു. വർഷകനെന്ന് അവിടുത്തെക്കുറിച്ച് പറഞ്ഞുകേൾക്കുന്നു. ദൂരെനിന്നും അടുത്തുനിന്നും അവിടുന്ന് കാമവർഷകനെന്ന് പ്രസിദ്ധനാകുന്നു.

11 വൃഷണസ്തേഅഭീശവോ
വൃഷാകശാഹിരണ്യയീ
വൃഷാരഥോമഘവന്വൃഷണാഹരീ
വൃഷാത്വംശതക്രതോ

അന്വയം:—
ഹേ മഘ–വൻ,
ശത–ക്രതോ — ധനവൻ, ബഹുകർമ്മന്നിന്ദ്ര,
തേ അഭീശവഃ വൃഷണഃ — രശ്മയഃ, അശ്വരശനാവർഷിതാരഃ
ഹരണ്യയീ കശാ വൃഷാ — വർഷണശീലാ
രഥഃ വൃഷാ — വർഷണശീലഃ
ഹരീ വൃഷണാ — അശ്വൗ വർഷിതാരൗ
ത്വം വൃഷാ — ത്വമേവവർഷിതാ

അർത്ഥം—ധനവാനും ബഹുകർമ്മാവുമായ ഇന്ദ്ര, അവിടുത്തെ കുതിരക്കടിഞ്ഞാണുകൾ കാമങ്ങൾ വർഷിക്കുന്നവയത്രെ. സ്വർണ്ണമയമായ ചമ്മട്ടി വർഷണശീലമുററതത്രെ. തേർ കാമവർഷകമത്രെ. ഹരികളെന്ന കുതിരകൾ വർഷിക്കുന്നവയത്രെ. അവിടുന്നുതന്നെ കാമവർഷകനല്ലോ.

12 വൃ॒ഷാസോതാ॑സുനോതുതേ॒
വൃ॑ഷന്നൃജീപി॒ന്നാഭ॑ര
വൃ॑ഷാദധന്വേ॒വൃഷ॑ണന്ന॒ദീഷ്വാ
തു॑ഭ്യംസ്ഥാതൎഹരീണാം

അന്വയം:—

| | |
|---|---|
| ഹേ വൃഷൻ, | — വൎഷിതരിന്ദ്ര |
| തേ സോതാ വൃഷാ | — തവാഭിഷവകൎത്താ<br>വൎഷിതാസൻ |
| സുനോതു | — സോമമഭിഷുണോതു |
| ഹേ ഋജീപിൻ, ആ ഭര | — ഋജുഗമന, ധനമസ്മഭ്യമാഹര |
| ഹേ ഹരീണാം ആ<br>സ്ഥാതഃ, | — ആഭിമുഖ്യേനാശ്വാനാം<br>സ്ഥാതരിന്ദ്ര, |
| തുഭ്യം നദീഷു വൃഷണം | — ഉദകേഷു വൎഷിതാരം സോമം |
| വൃഷാ ദധന്വേ | — അഭിഷവാൎത്ഥം ധാരിതവാൻ, |

അൎത്ഥം—അല്ലയോ കാമവൎഷകനായ ഇന്ദ്ര, അവിടേക്കു് സോമം സംസ്കരിക്കുന്നവൻ, വൎഷകനായതു സംസ്കരിക്കട്ടെ. അല്ലയോ നേരെ നടക്കുന്ന ഇന്ദ്ര, ഞങ്ങൾക്കു് ധനം കൊണ്ടു തന്നാലും. ഹരികളെന്ന കുതിരകളിൽ (അവയെപ്പൂട്ടിയ തേരിൽ) ആസ്ഥാനം ചെയ്യുന്ന ഇന്ദ്ര, അവിടേക്കുവേണ്ടി ജലങ്ങളിൽ ഒഴുകിക്കഴുകിയ സോമത്തെ സംസ്കരിക്കാനാണു് ഞാൻ എടുത്തിരിക്കുന്നതു്.

13 ഐന്ദ്ര॑യാഹിപീ॒തയേ॒
മ॑ധുശവിഷ്ഠസോ॒മ്യം
നായമച്ഛാ॑മ॒ഘവാ॑ശൃ॒ണവ॒ദ്ഗിരോ॒
ബ്രഹ്മോക്ഥാച॑സു॒ക്രതു॑ഃ

അന്വയം:—

ഹേ ശവിഷ്ഠ, ഇന്ദ്ര,
സോമ്യം മധു — സോമാത്മകമമൃതം
പീതയേ ആ യാഹി — പാനായാഗച്ഛ
(യത ആഗമനമന്തരേണ)
മഘ—വാ, സു—ക്രതുഃ
അയം — ധനവാൻ സുകർമ്മായമിന്ദ്രഃ
ഗിരഃ, ബ്രഹ്മ ഉക്ഥാ ച — ആഹ്വാനാനി സ്തുതീഃ, ഉക്ഥാനി ച
ന അച്ഛ ശൃണവൽ — നാഭിശൃണോതി ഹി

അർത്ഥം—ഏററവും ബലമുററ ഇന്ദ്ര, സോമമയമായ അമൃതം കുടിയ്ക്കാനായി വന്നാലും. വരാതെ, ധനവാനും സൽകർമ്മവാനുമായ ഈ ഇന്ദ്രൻ ഞങ്ങളുടെ വിളികളും സ്തുതികളും ശസ്ത്രങ്ങളും നേരെ കേൾക്കുകയില്ലല്ലൊ.

14 വഹന്തുത്വാരഥേഷ്ഠാ
മാഹരയോരഥയുജഃ
തിരശ്ചിദര്യംസവനാനിവൃത്രഹ
ന്നന്യേഷാംയാശതക്രതോ

അന്വയം:—

ഹേ വൃത്ര—ഹൻ, ശത—
ക്രതോ, — വൃത്രഹന്തഃ ബഹുകർമ്മന്നിന്ദ്ര,
രഥേ—സ്ഥാം അര്യം ത്വാ — രഥസ്ഥമീശ്വരം ത്വാം
രഥ—യുജഃ ഹരയഃ — രഥേയുക്താ അശ്വാഃ
അന്യേഷാം യാ ചിൽ — യാനി സവനാനി സന്തി താനി
തിരഃ സവനാനി ആ
വഹന്തു — തിരസ്കുർവ്വന്തഃ അസ്മദീയാനി സവനാന്യാനയന്തു

അർത്ഥം—വൃത്രഹന്താവും ബഹുകർമ്മാവുമായ ഇന്ദ്ര, തേരിലിരിക്കുന്ന ഈശ്വരനായ അവിടുത്തെ (തേരിൽ പൂട്ടിയ)

കുതിരകൾ, മററുള്ളവരുടെ സവനങ്ങളേവയോ അവയെ പിൻതള്ളി, നമ്മുടെ സവനങ്ങൾക്കാനയിക്കട്ടെ.

15 അസ്മാകമദ്യാന്തമം
സ്തോമന്ധിഷ്വമഹാമഹ
അസ്മാകന്തേസവനാസന്തുശന്തമാ
മദായദ്യുക്ഷസോമപാഃ വ. 9

അന്വയം:–

| | |
|---|---|
| ഹേ മഹാ—മഹ, ദ്യുക്ഷ, സോമ—പാഃ | — മഹതാംമഹൻ, ദീപ്ത, സോമസ്യപാതരിന്ദ്ര, |
| അദ്യ അസ്മാകം അന്തമം സ്തോമം ധിഷ്വ | — അസ്മിൻ ദിവസേ അന്തികതമം മേധ്യാതിഥീനാം സ്തോത്രം ധാരയ |
| സവനാ തേ മദായ | — സവനാനി തവ മദാർത്ഥം |
| അസ്മാകം ശം–തമാ സന്തു | — ശന്തമാനി, സുഖതമാനി ച ഭവന്തു |

അർത്ഥം—മഹാന്മാരിൽവെച്ച് മഹാനും ഭാസമാനനും സോമപാതാവുമായ ഇന്ദ്ര, ഇന്നു സമീപസ്ഥമായ മേധ്യതിഥികളായ ഞങ്ങളുടെ സ്തോത്രമുൾക്കൊണ്ടാലും. ഞങ്ങളുടെ സവനങ്ങൾ അവിടേയ്ക്കു ഹർഷത്തിന്നായും ഞങ്ങൾക്കേററവും സുഖപ്രദങ്ങളായും ഭവിക്കട്ടെ.

16 നഹിഷസ്തവനോമമ
ശാസ്ത്രേഅന്യസ്യരണ്യതി
യോഅസ്മാൻവീരആനയൽ

അന്വയം:—

(ഹേ സ്തോതഃ,) യഃ വീരഃ— ശൂരഃ ഇന്ദ്രഃ
അസ്മാൻ ആ അനയൽ — സന്മാർഗ്ഗേ നയതിസ്മ
സഃ തവ ശാസ്ത്രേ
ന ഹി രണ്യതി — സഃ ഇന്ദ്രഃ തവശാസനേ ന രമതേ
മമ നോ — മമാപിശാസനേ നരമതേ
അന്യസ്യ — അപിശാസനേ ന രമതേ (കിംതു രക്ഷണേ ഏവ രമതേ)

അർത്ഥം—അല്ലയോ സ്തോതാവേ, യാതൊരു വീരകർമ്മാവ്, നമ്മളെ നല്ലവഴിയ്ക്കു നടത്തിയോ ആ ഇന്ദ്രൻ അങ്ങയെ ശാസിക്കുന്നതിൽ സന്തോഷിക്കുന്നില്ല. എന്നെ ശാസിക്കുന്നതിലും സന്തോഷിക്കുന്നില്ല. മറ്റൊരാളെ ശാസിക്കുന്നതിലും സന്തോഷിക്കുന്നില്ല. രക്ഷണത്തിൽ മാത്രമേ സന്തോഷിക്കുന്നുള്ളു.

17 ഇന്ദ്രശ്ചിദ്ഘാതദബ്രവീൽ
സ്ത്രിയാഅശാസ്യംമനഃ
ഉതോഅഹക്രതുംരഘും

അന്വയം:—

(പ്ലായോഗിരാസങ്ഗഃ യസ്ത്രീഭൂത്വാമേധ്യാതിഥയേ ദാനം ദത്വാ പുമാനഭൂൽ, തദാ യദിന്ദ്ര ഉവാച, തദിദം.)
ഇന്ദ്രഃ ചിൽ ഘ തൽ
അബ്രവീൽ — ഇന്ദ്രഃ ഖലു തദുവാച
‘സ്ത്രിയാഃ മനഃ
അശാസ്യം — ചിത്തം, പ്രബലത്വാൽ പുരുഷേണ ശാസിതുമശക്യം
ഉതോ ക്രതും അഹ രഘും’ — അപിച സ്ത്രിയാഃ പ്രജ്ഞാനം ലഘുമാഹ

അർത്ഥം—(പ്ലായോഗിയായ ആസംഗൻ സ്ത്രീയായിത്തീർന്നു് മേധ്യാതിഥിക്കു് ദാനംകൊടുത്തു് വീണ്ടും പുരുഷനായി. അ

പ്പോൾ ഇന്ദ്രൻ പറഞ്ഞതാണിതു്)—ഇന്ദ്രൻ ഇതാണല്ലോ പറഞ്ഞതു് 'സ്ത്രീയുടെ മനസ്സ്, അതിന്റെ ബലംകൊണ്ടു് പുരുഷനാൽ ശാസിക്കപ്പെടുവാൻ പററാത്തതത്രെ. എന്നാൽ സ്ത്രീയുടെ പ്രജ്ഞാനത്തെ, വിവേകത്തെ ലഘുവെന്നു പറയുന്നു'

18 സപ്തീചിദ്ഘാമദച്യുതാ

മിഥുനാവഹതോരഥം

ഏവേദ്ധൂർവൃഷ്ണഉത്തരാ

അന്വയം:–

സപ്തീ ചിൽ ഘ — ഇന്ദ്രസ്യാശ്വാവപി
മദ-ച്യുതാ — സോമം പ്രതിഗന്താരൌ, (ഇന്ദ്രസ്യേവ)
രഥം മിഥുനാ വഹതഃ — മിഥുനൌ വഹതഃ
ഏവ ഇൽ വൃഷ്ണഃ ധൂഃ — ഏവമേവ ഇന്ദ്രസ്യ രഥസ്യ ധൂഃ
ഉൽ-തരാ — അശ്വയോരുത്തരാ ഭവതി

അർത്ഥം—ഇന്ദ്രന്റെ കുതിരകളും സോമത്തെ ഉദ്ദേശിച്ച് പോകുന്നു. ഇന്ദ്രന്റെ തേരിനെ ഇണകളായി വഹിക്കുന്നു. അതുപോലെ ഇന്ദ്രന്റെ തേരിന്റെ അഗ്രം കുതിരകൾക്കും മുകളിലത്രെ.

19 അധഃപശ്യസ്വമോപരി

സന്തരാംപാദകൌഹര

മാതേകശപ്ലകൌദൃശ

ന്ത്സ്ത്രീഹിബ്രഹ്മാബഭൂവിഥ വ. 10

അന്വയം:–

(അന്തരിക്ഷാദാഗച്ഛൻ രഥസ്ഥ ഇന്ദ്രഃ സ്ത്രീയം സന്തം, പുംസ്ത്വമിച്ഛന്തം പ്ലായോഗിം യദുവാച തദാഹ)
('ഹേ പ്ലായോഗേ, ത്വം സ്ത്രീസതീ')
അധഃ പശ്യസ്വ — (ഏഷ സ്ത്രീണാം ധർമ്മഃ,)
ഉപരി മാ — മാ പശ്യസ്വ, ഉപരിദർശനം സ്ത്രീണാം ധർമ്മോന ഭവതി

പാദകൌ സം-തരാം ഹര— സംശ്ലിഷ്ടൌ യഥാ ഭവത
സ്തഥാഭര

(യഥാ പുരുഷോ വിശ്ലിഷ്ടപാദനിധാനഃ ഭവതി തഥാ ത്വയാ ന കൎത്തവ്യം.)

(അപിച) തേ കശ—
പ്ലകൌ — കശശ്ച പ്ലകശ്ച ഉഭേ അങ്ഗേ
മാ ദൃശൻ — പുരുഷാ ന പശ്യന്തു (തൌ സുഷ്ഠു
വാസസാ പരിധാനം കുരു)

ഹി ബ്രഹ്മാ സ്ത്രീ
ബഭൂവിഥ — യസ്മാൽ ബ്രഹ്മാസൻ
സ്ത്രീ ബഭൂവിഥ

അൎത്ഥം—(അന്തരിക്ഷത്തിൽനിന്നു് വന്നു് തേരിലിരുന്നുകൊണ്ടു് ഇന്ദ്രൻ സ്ത്രീയായിത്തീൎന്നവനും പുരുഷത്വമിച്ഛിക്കുന്നവനുമായ പ്ലായോഗിയോടു് പറഞ്ഞതു്. മേധ്യാതിഥിയുടെ അനുഗ്രഹം കൊണ്ടു് വീണ്ടും പുരുഷനാകും. മുമ്പു് പറഞ്ഞതാണിതു്.) 'അല്ലയോ പ്ലായോഗേ, സ്ത്രീയായിത്തീൎന്ന നീ കീഴ്പോട്ടു നോക്കുക. (സ്ത്രീകളുടെ ധൎമ്മമാണതു്.) മേൽപ്പോട്ടു നോക്കരുതു്. (മേൽപ്പോട്ടു നോക്കൽ സ്ത്രീകൾക്കു് ധൎമ്മമല്ല.) കാലുകൾ കൂട്ടി അണച്ചു വെക്കുക. (പുരുഷന്മാർ കാലകത്തി വെക്കുന്നു. അതുപോലെയല്ലാ നീ ചെയ്യേണ്ടതു്.) പുരുഷന്മാർ നിന്റെ കാൽമുട്ടും നെരിയാണിയും കാണാതിരിക്കട്ടെ (അമ്മട്ടിൽ നന്നായി വസ്ത്രധാരണം ചെയ്യുക.) നീ ഒരു ബ്രാഹ്മണനായിട്ടു്, സ്ത്രീയായി തീൎന്നുവല്ലോ.

വൎഗ്ഗം–11–12–13–കാണ്വഃ നീപാതിഥിഃ ആംഗിരസാസ്സഹസ്രവസുരോചിഷഃ ഋഷയഃ അനുഷ്ടുബ്ഗായത്ര്യൌ ഛന്ദസീ ഇന്ദ്രഃ ദേവതാ.

1 ഏന്ദ്രയാഹിഹരിഭി
രുപകണ്വസ്യസുഷ്ടുതിം
ദിവോഅമുഷ്യശാസതോ
ദിവംയയദിവാവസോ

അന്വയം:—

| | |
|---|---|
| ഹേ ഇന്ദ്ര, കണ്വസ്യ | |
| സു-സ്തുതിം | — ശോഭനസ്തുതിം |
| ഹരി-ഭിഃ ഉപ ആ യാഹി | — അശ്വൈരുപാഗച്ഛ |
| ഹേ ദിവാ-വസോ, | — ദീപ്തഹവിഷ്കേന്ദ്ര, |
| ദിവഃ അമുഷ്യ ശാസതഃ | — ദ്യുലോകം ശാസനം കുർവന്തഃ യൂയം (ബഹുവചനം പൂജാർത്ഥം) |
| ദിവം യയ | — സ്വർഗ്ഗങ്ഗച്ഛത |

അർത്ഥം—അല്ലയോ ഇന്ദ്ര, കണ്വന്റെ നല്ല സ്തുതിയെ, കുതിരകളിലേറിവന്നു പ്രാപിച്ചാലും. അല്ലയോ ശോഭനഹവിസ്സോടുകൂടിയ ഇന്ദ്ര, ദ്യുലോകം ഭരിക്കുന്ന അവിടുന്ന് സ്വർഗ്ഗം പൂകിയാലും.

2 ആത്വാഗ്രാവാവദന്നിഹ
സോമീഘോഷേണയച്ഛതു
ദിവോഅമുഷ്യശാസതോ
ദിവംയയദിവാവസോ

അന്വയം:—

| | |
|---|---|
| (ഹേ ഇന്ദ്ര,) ത്വാ ഇഹ | — ത്വാമസ്മിൻ യജ്ഞേ |
| ഗ്രാവാ സോമീ വദൻ | — അഭിഷവപാഷാണസ്സോമവാൻ ശബ്ദം കുർവൻ |
| ഘോഷേണ ആ യച്ഛതു | — ധ്വനിനാ സഹാഗച്ഛതു |
| ഹേ ദിവാ-വസോ | — ദീപ്തഹവിഷ്കേന്ദ്ര, |
| ദിവഃ അമുഷ്യ ശാസതഃ | — ദ്യുലോകം ശാസനം കുർവന്തോ യൂയം |
| ദിവം യയ | — സ്വർഗ്ഗങ്ഗച്ഛത |

അർത്ഥം—അല്ലയോ ഇന്ദ്ര, ഈ യജ്ഞത്തിൽ സോമം സംസ്കരിക്കുന്ന പിടിക്കല്ല് സോമമൊത്തു ശബ്ദിച്ചുകൊണ്ട്. ഘോഷത്തോടുകൂടി അവിടത്തെ പ്രാപിക്കട്ടെ. അല്ലയോ ശോഭനഹവിസ്സോടുകൂടിയ ഇന്ദ്ര, ദ്യുലോകം ഭരിക്കുന്ന അവിടുന്ന് സ്വർഗ്ഗം പൂകിയാലും,

3 അത്രാവിനേമിരേഷാ
മുരാന്നധൂനുതേവൃകഃ
ദിവോഅമുഷ്യശാസ്തോ
ദിവംയയദിവാവസോ

അന്വയം:—

അത്ര ഏഷാം — അസ്മിൻ യജ്ഞേ അഭിഷവ ഗ്രാവ്ണാം
നേമിഃ ഉരാം വൃകഃ ന — മേഷീം വൃക ഇവ
വി ധൂനുതേ — കമ്പയതി
ഹേ ദിവാ–വസോ, — ദീപ്തഹവിഷ്കേന്ദ്ര,
ദിവഃ അമുഷ്യ ശാസതഃ — ദ്യുലോകം ശാസനങ്ങ് കുർവ്വന്തോ യൂയം
ദിവം യയ — സ്വർഗ്ഗം ഗച്ഛത

അർത്ഥം–ഈ യജ്ഞത്തിൽ പിടിക്കല്ലുകളുടെ ഉരുളിച്ച പെണ്ണാടിനെ ചെന്നായപോലെ, സോമലതയെ വിറപ്പിയ്ക്കുന്നു. അല്ലയോ ശോഭനഹവിസ്സോടുകൂടിയ ഇന്ദ്ര, ദ്യുലോകത്തെ ഭരിക്കുന്ന അവിടുന്ന് സ്വർഗ്ഗം പൂകിയാലും.

4 ആത്വാകണ്വാഇഹാവസേ
ഹവന്തേവാജസാതയേ
ദിവോഅമുഷ്യശാസ്തോ
ദിവംയയദിവാവസോ

അന്വയം:—

(ഹേ ഇന്ദ്ര,) ത്വാ ഇഹ — ത്വാമസ്മിൻ യജ്ഞേ
കണ്വാഃ അവസേ,
വാജ–സാതയേ — രക്ഷണായ, അന്നപ്രാപ്ത്യർത്ഥഞ്ച
ആ ഹവന്തേ — ആഭിമുഖ്യേനാഹ്വയന്തി

ഹേ ദിവാ–വസോ, — ദീപ്തഹവിഷ്കേന്ദ്ര,
ദിവഃ അമുഷ്യ ശാസതഃ — ദ്യുലോകം ശാസനങ്‌കുർവ്വതോ യൂയം
ദിവം യയ — സ്വർഗ്ഗങ്‌ഗച്ഛത

അർത്ഥം—അല്ലയോ ഇന്ദ്ര, അവിടുത്തെ ഈ യജ്ഞത്തിൽ കണ്വന്മാർ രക്ഷയ്ക്കുമന്നപ്രാപ്തിയ്ക്കുമായി വിളിക്കുന്നു—ശോഭനഹവിസ്സോടുകൂടിയ ഇന്ദ്ര, ദ്യുലോകത്തെ ഭരിക്കുന്ന അവിടുന്ന് സ്വർഗ്ഗം പൂകിയാലും.

5 ദധാമിതേസുതാനാം
വൃഷ്ണേനപൂർവ്വപായ്യം
ദിവോഅമുഷ്യശാസതോ
ദിവംയയദിവാവസോ വ. 11

അന്വയം:—
(ഹേ ഇന്ദ്ര,) തേ
സുതാനാം ദധാമി — തുഭ്യമഭിഷുതാൻ സോമാൻ പ്രയച്ഛാമി (ദ്വിതീയാർത്ഥേ ഷഷ്ഠീ)
വൃഷ്ണേ ന പൂർവ്വ–പായ്യം — യഥാ വായവേയജ്ഞമുഖേ പേയം പ്രയച്ഛന്തി തഥാ പ്രയച്ഛാമി
ഹേ ദിവാ–വസോ — ദീപ്തഹവിഷ്കേന്ദ്ര,
ദിവഃ അമുഷ്യ ശാസതഃ — ദ്യുലോകം ശാസനങ്‌കുർവ്വതോ യൂയം
ദിവം യയ — സ്വർഗ്ഗങ്‌ഗച്ഛത

അർത്ഥം—അല്ലയോ ഇന്ദ്ര, വായുവിന്നു യജ്ഞമുഖത്തിൽ കുടിക്കാനുള്ളത് കൊടുക്കുന്നപോലെ, അവിടേയ്ക്കു സംസ്കരിച്ച സോമങ്ങൾ തന്നുകൊള്ളുന്നു. അല്ലയോ ശോഭനഹവിസ്സോടുകൂടിയ ഇന്ദ്ര, ദ്യുലോകത്തെ ഭരിക്കുന്ന അവിടുന്ന് സ്വർഗ്ഗം പൂകിയാലും.

6 സ്വൽപുരന്ധിൎന്നആഗഹി
വിശ്വതോധീൎന്നഊതയേ
ദിവോഅമുഷ്യശാസതോ
ദിവംയയദിവാവസോ

അന്വയം:—

| | |
|---|---|
| (ഹേ ഇന്ദ്ര,) | |
| സ്വൽ–പുരന്ധിഃ | — സ്വൎഗ്ഗകുടുംബീ ത്വം |
| നഃ ആ ഗഹി | — അസ്മാനാഗച്ഛ |
| (തഥാ) വിശ്വതഃ–ധീഃ | — സൎവ്വജഗതോ ധാരകസ്ത്വം |
| നഃ ഊതയേ | — രക്ഷണാൎത്ഥമാഗച്ഛ |
| ഹേ ദിവാ–വസോ, | — ദീപ്തഹവിഷ്കേന്ദ്ര, |
| ദിവഃ അമുഷ്യ ശാസതഃ | — ദ്യുലോകം ശാസനങ്കുൎവ്വന്തോ സ്യയം |
| ദിവം യയ | — സ്വൎഗ്ഗങ്ഗച്ഛത |

അൎത്ഥം—അല്ലയോ ഇന്ദ്ര, സ്വൎഗ്ഗമാകുന്ന കുടുംബത്തോടു കൂടി അവിടുന്നു് ഞങ്ങളെ പ്രാപിച്ചാലും. സൎവ്വജഗത്തും ധരിക്കുന്ന അവിടുന്നു് രക്ഷയ്ക്കായി ഞങ്ങളെ പ്രാപിച്ചാലും. ശോഭനഹവിസ്സോടുകൂടിയ ഇന്ദ്ര, ദ്യുലോകം ഭരിക്കുന്ന അവിടുന്നു് സ്വൎഗ്ഗം പൂകിയാലും.

7 ആനോയാഹിമഹേമതേ
സഹസ്രോതേശതാമഘ
ദിവോഅമുഷ്യശാസതോ
ദിവംയയദിവാവസോ

അന്വയം:—

| | |
|---|---|
| ഹേ മഹേ–മതേ, സഹസ്ര–ഊതേ, ശത–മഘ | — മഹാബുദ്ധേ, സഹസ്രരക്ഷണ, ബഹുധനേന്ദ്ര |

(ത്വം) നഃ ആ യാഹി — അസ്മാനാഗച്ഛ
ഹേ ദിവാ–വസോ — ദീപ്തഹവിഷ്കേന്ദ്ര,
ദിവഃ അമുഷ്യ ശാസതഃ — ദ്യുലോകം ശാസനങ്കുർവ്വന്തോ
യൂയം
ദിവം യയ — സ്വർഗ്ഗങ്ഗച്ഛത

അർത്ഥം—മഹാ ബുദ്ധിമാനും ആയിരം രക്ഷകളൊത്തവനും ബഹുധനനുമായ ഇന്ദ്ര, ഞങ്ങളെ പ്രാപിച്ചാലും. ശോഭന ഹവിസ്സോടുകൂടിയ ഇന്ദ്ര, ദ്യുലോകം ഭരിക്കുന്ന അവിടുന്ന് സ്വർഗ്ഗം പൂകിയാലും.

8 ആത്വാ॒ഹോതാ॒മനു॑ർഹിതോ
ദേവത്രാ॒വ॑ക്ഷ॒ദീഡ്യ॑ഃ
ദി॒വോഅ॒മുഷ്യ॒ശാസ॑തോ॒
ദിവം॑യ॒യദി॑വാവസോ

അന്വയം:—
(ഹേ ഇന്ദ്ര,) ത്വാ ദേവ–
ത്രാ, ഈഡ്യഃ, — ദേവേഷു മദ്ധ്യേസ്തുത്യഃ
ഹോതാ — ദേവാനാമാഹ്വാതാ
മനുഃ–ഹിതഃ — മനുഷ്യൈർഗൃഹേഷു
നിഹിതോഗ്നിഃ
ആ വക്ഷൽ — ആവഹതു
ഹേ ദിവാ–വസോ, — ദീപ്ത ഹവിഷ്കേന്ദ്ര,
ദിവഃ അമുഷ്യ ശാസതഃ — ദ്യുലോകം ശാസനങ്കുർവ്വന്തോ
യൂയം
ദിവം യയ — സ്വർഗ്ഗങ്ഗച്ഛത

**അർത്ഥം**—അല്ലയോ ഇന്ദ്ര, ദേവന്മാർക്കിടയിൽ സ്തുത്യനും ദേവന്മാരെ വിളിക്കുന്നവനും മനുഷ്യരാൽ ഗൃഹങ്ങളിലാധാനം ചെയ്യപ്പെട്ടവനുമായ അഗ്നി അവിടുത്തെ ആനയിക്കട്ടെ. അല്ലയോ ശോഭന ഹവിസ്സോടുകൂടിയ ഇന്ദ്ര, ദ്യുലോകത്തെ ഭരിക്കുന്ന അവിടുന്ന് സ്വർഗ്ഗം പൂകിയാലും.

9 ആത്വാമദച്യുതാഹരീ
ശ്യേനംപക്ഷേവവക്ഷതഃ
ദിവോഅമുഷ്യശാസതോ
ദിവംയയദിവാവസോ

അന്വയം:—

| | |
|---|---|
| (ഹേ ഇന്ദ്ര,) ത്വാ മദച്യുതാ ഹരീ | — മദച്യുതൗ, ശത്രൂണാം മദസ്യച്യാവയിതാരാവശ്വൗ |
| ശ്യേനം പക്ഷാ–ഇവ | — ശ്യേനാഖ്യം പക്ഷിണം ആത്മീയപക്ഷാവിവ |
| ആ വക്ഷതഃ | — ആ വഹതാം |
| ദിവഃ അമുഷ്യ ശാസതഃ | |
| ഹേ ദിവാ–വസോ | |
| ദിവം യയ | — ദ്യുലോകം ശാസനം കുർവ്വന്തോ യൂയം സ്വർഗ്ഗം ഗച്ഛത |

അർത്ഥം—അല്ലയോ ഇന്ദ്ര, ശത്രുക്കളുടെ ഗർവ്വിനെ വീഴ്ത്തുന്ന ഹരികളെന്ന കുതിരകൾ, പരുന്തിനെ അതിന്റെ ചിറകുകളെന്നപോലെ (വേഗത്തിൽ) ആനയിക്കട്ടെ. അല്ലയോ ശോഭന ഹവിസ്സോടുകൂടിയ ഇന്ദ്ര, ദ്യുലോകത്തെ ശാസിക്കുന്ന അവിടുന്നു് സ്വർഗ്ഗം പൂകിയാലും.

10 ആയാഹ്യര്യആപരി
സ്വാഹാസോമസ്യപീതയേ
ദിവോഅമുഷ്യശാസതോ
ദിവംയയദിവാവസോ വ. 12

അന്വയം:—

| | |
|---|---|
| ഹേ അര്യഃ ആ പരി | — ഈശ്വര, ത്വം സർവ്വതഃ |
| ആ യാഹി | — ആഗച്ഛ |

പീതയേ സോമസ്യ
സ്വാഹാ — പാനാർത്ഥം സോമം സ്വാഹാ കരോമി
ദിവഃ അമുഷ്യ ശാസതഃ — ദ്യുലോകം ശാസനം കുർവ്വന്തോ യൂയം
ഹേ ദിവാ–വസോ
ദിവം യയ — സ്വർഗ്ഗം ഗച്ഛത

അർത്ഥം—അല്ലയോ ഈശ്വര, അവിടുന്ന് എല്ലാ ഭാഗത്തിലൂടെയും വന്നാലും. കുടിയ്ക്കാനായി സോമത്തെ ഇതാ ഹോമിക്കുന്നു. ദ്യുലോകം ശാസിക്കുന്ന അവിടുന്ന്, ശോഭനഹവിസ്സോടുകൂടിയ ഇന്ദ്ര, സ്വർഗ്ഗം പൂകിയാലും.

11 ആനോയാഹ്യുപശ്രു
ത്യുക്ഥേഷുരണയാഇഹ
ദിവോഅമുഷ്യശാസതോ
ദിവംയയദിവാവസോ

അന്വയം:—

(ഹേ ഇന്ദ്ര, ത്വം) നഃ ഇഹ — യജ്ഞേ
ഉക്ഥേഷു — ശസ്ത്രേഷു പഠ്യമാനേഷു
ഉപ–ശ്രുതി ആ യാഹി — ഉപശ്രുതൗ, സമീപമാഗച്ഛ
(അസ്മാൻ) രണയ — രമയ ച
ദിവഃ അമുഷ്യ ശാസതഃ — ദ്യുലോകം ശാസനം കുർവ്വന്തോ യൂയം
ഹേ ദിവാ–വസോ,
ദിവം യയ — സ്വർഗ്ഗം ഗച്ഛത

അർത്ഥം—അല്ലയോ ഇന്ദ്ര, ഞങ്ങളുടെ ഈ യജ്ഞത്തിൽ ശസ്ത്രങ്ങൾ ചൊല്ലപ്പെടവേ, ഞങ്ങളുടെ സമീപം (ആ ശസ്ത്രങ്ങൾ കേൾക്കത്തക്കവിധമടുക്കൽ) വന്നാലും. ഞങ്ങളെ സന്തോഷിപ്പിച്ചാലും. ദ്യുലോകം ശാസിക്കുന്ന അവിടുന്ന്, ശോഭനഹവിസ്സോടുകൂടിയ ഇന്ദ്ര, സ്വർഗ്ഗം പൂകിയാലും.

12 സരൂപൈരാസുനോഗഹി
സംഭൃതൈസ്സംഭൃതാശ്വഃ
ദിവോഅമുഷ്യശാസതോ
ദിവംയയദിവാവസോ

അന്വയം:—

| | |
|---|---|
| (ഹേ ഇന്ദ്ര,) | |
| സംഭൃത–അശ്വഃ | — പുഷ്ടാശ്വസ്ത്വം |
| സു സം–ഭൃതൈഃ | |
| സ–രൂപൈഃ | — സുഷ്ഠു സമാനരൂപൈരശ്വൈഃ |
| നഃ ആ ഗഹി | — അസ്മാനാഗച്ഛ |
| ദിവഃ അമുഷ്യ ശാസതഃ | — ദ്യുലോകം ശാസനം കുർവ്വന്തോ യൂയം |
| ഹേ ദിവാ–വസോ, | |
| ദിവം യയ | — സ്വർഗ്ഗം ഗച്ഛത |

അർത്ഥം—അല്ലയോ ഇന്ദ്ര, തടിച്ചുകൊഴുത്ത കുതിരകളൊത്ത അവിടുന്ന് സംഭരിക്കപ്പെട്ടവയും തുല്യരൂപങ്ങളുമായ കുതിരകളോടുകൂടി ഞങ്ങളെ പ്രാപിച്ചാലും. ദ്യുലോകത്തെ ശാസിക്കുന്ന അവിടുന്ന്, ശോഭനഹവിസ്സോടുകൂടിയ ഇന്ദ്ര, സ്വർഗ്ഗം പൂകിയാലും.

13 ആയാഹിപർവ്വതേഭ്യ
സ്സമുദ്രസ്യാധിവിഷ്ടപഃ
ദിവോഅമുഷ്യശാസതോ
ദിവംയയദിവാവസോ

അന്വയം:—

| | |
|---|---|
| (ഹേ ഇന്ദ്ര, ത്വം) | |
| പർവ്വതേഭ്യഃ ആ യാഹി | — ഗിരിഭ്യ ആഗച്ഛ |
| സമുദ്രസ്യ വിഷ്ടപഃ അധി | — അന്തരിക്ഷസ്യവിഷ്ടപാച്ചായാഹി |

ദിവഃ അമുഷ്യ ശാസതഃ — ദ്യുലോകം ശാസനം കുർവ്വന്തോ യൂയം
ഹേ ദിവാ–വസോ,
ദിവം യയ — സ്വർഗ്ഗം ഗച്ഛത

അർത്ഥം–അല്ലയോ ഇന്ദ്ര, അവിടുന്ന് മലകളിൽ നിന്നു വന്നാലും. അന്തരിക്ഷത്തിലെ ഇരിപ്പിടത്തിൽ നിന്നുവന്നാലും. ദ്യുലോകത്തെ ശാസിയ്ക്കുന്ന അവിടുന്ന്, ശോഭനഹവിസ്സോടുകൂടിയ ഇന്ദ്ര, സ്വർഗ്ഗം പൂകിയാലും.

14 ആനോഗവ്യാന്യശ്വ്യാ

സഹസ്രാശൂരദർദൃഹി

ദിവോഅമുഷ്യശാസതോ

ദിവംയയദിവാവസോ

അന്വയം:–

ഹേ ശൂര, നഃ സഹസ്രാ — വീരേന്ദ്ര, ത്വമസ്മഭ്യം സഹസ്രാണി
ഗവ്യാനി അശ്വ്യാ — ഗോരൂപാണി, അശ്വാത്മകാനി ധനാനി
ആ ദർദൃഹി — ആ വിവൃണു
ദിവഃ അമുഷ്യ ശാസതഃ — ദ്യുലോകം ശാസനം കുർവ്വന്തോ യൂയം
ഹേ ദിവാ–വസോ,
ദിവം യയ — സ്വർഗ്ഗം ഗച്ഛത

അർത്ഥം–അല്ലയോ ശൂരനായ ഇന്ദ്ര, അവിടുന്ന് ഞങ്ങൾക്ക് പശുക്കളും കുതിരകളുമായി ആയിരക്കണക്കിൽ ധനം തുറന്നു തെളിയിച്ചാലും. ദ്യുലോകം ശാസിക്കുന്ന അവിടുന്ന്, ശോഭനഹവിസ്സോടുകൂടിയ ഇന്ദ്ര, സ്വർഗ്ഗം പൂകിയാലും.

15 ആനസ്സഹസ്രശോഭ
രായുതാനിശതാനിച
ദിവോഅമുഷ്യശാസതോ
ദിവംയയദിവാവസോ

അന്വയം:—

(ഹേ ഇന്ദ്ര,) നഃ

| | |
|---|---|
| സഹസ്ര–ശഃ | — അസ്മഭ്യം സഹസ്രധാ |
| അയുതാനി ശതാനി ച | — അസംഖ്യേയാന്യഭീഷ്ടാനി വസൂനി |
| ആ ഭര | — ആഹര |
| ദിവഃ അമുഷ്യ ശാസതഃ | — ദ്യുലോകം ശാസനം കുർവ്വന്തോ യൂയം |
| ഹേ ദിവാ–വസോ, | |
| ദിവം യയ | — സ്വർഗ്ഗം ഗച്ഛത |

അർത്ഥം—അല്ലയോ ഇന്ദ്ര, ഞങ്ങൾക്കായിരം പ്രകാരത്തിൽ കണക്കററ അഭീഷ്ടധനങ്ങൾ കൊണ്ടുതന്നാലും. ദ്യുലോകം ശാസിക്കുന്ന അവിടുന്ന് ശോഭന ഹവിസ്സോടുകൂടിയ ഇന്ദ്ര, സ്വർഗ്ഗം പൂകിയാലും.

16 ആയദിന്ദ്രശ്ചദദ്വഹേ
സഹസ്രംവസുരോചിഷഃ
ഓജിഷ്ഠമശ്വ്യംപശും

അന്വയം:—

| | |
|---|---|
| വസു–രോചിഷഃ | — വസുദീപ്തയോ വയം |
| സഹസ്രം | — സഹസ്രസംഖ്യാകാഃ |
| (അസ്മാകം നേതാ) | |
| ഇന്ദ്രഃ ച | — |

| | |
|---|---|
| ഓജിഷ്ഠം അശ്വ്യം പശും — | ബലവത്തരമശ്വാത്മകം പശും ച |
| യൽ ആ ദദ്വഹേ — | യദാ പാരാവതാദാദദ്മഹേ |

അർത്ഥം—ധനംകൊണ്ടു് പ്രകാശമാനന്മാരായ ഞങ്ങളായിരം പേരും ഞങ്ങളുടെ നേതാവായ ഇന്ദ്രനും ഊക്കിയന്ന കുതിരകളാകുന്ന മൃഗസമൂഹത്തെ എപ്പോൾ പാരാവതനോടു് കൈപററിയോ,

17 യ॒ഋജ്രാവാത॑രംഹസോ

രു॒ഷാസോ॑രഘു॒ഷ്യ॑ദഃ

ഭ്രാജ॑ന്തേ॒സൂര്യാ॑ഇവ

അന്വയം:—

| | |
|---|---|
| യേ ഋജ്രാഃ — | ഋജുഗാമിനഃ |
| വാത–രംഹസഃ — | വായുസദൃശവേഗാഃ |
| അരുഷാസഃ, രഘു–സ്യദഃ — | ആരോചമാനാഃ ലഘു സ്യന്ദമാനാ അശ്വാഃ |
| സൂര്യാഃ–ഇവ ഭ്രാജന്തേ — | ദീപ്യന്തേ |

അർത്ഥം—അപ്പോൾ നേരെ പോകുന്നവയും വായുവേഗമുററവയും പ്രകാശം ചേർന്നവയും എളുപ്പത്തോടുകൂടി ഓടുന്നവയുമായ കുതിരകൾ സൂര്യന്മാരെന്നപോലെ പ്രശോഭിയ്ക്കുന്നു. (യുഗ്മകം)

18 പാര॑ാവതസ്യ॒രാതിഷു॑

ദ്ര॒വച്ച॑ക്രേ॒ഷ്വാശു॑ഷു

തിഷ്ഠം॒വന॑സ്യ॒മധ്യ॒ആ വ. 13

അന്വയം:—

| | |
|---|---|
| (തേഷു) പാരാവതസ്യ | |
| രാതിഷു — | ദേയേഷു |
| ദ്രവൽ–ചക്രേഷു ആശുഷു — | ദ്രവദ്രഥചക്രേഷ്വശ്വേഷു |

വനസ്യ മദ്ധ്യേ ആ
തിഷ്ഠം — ഇതി സസുരോചിഷാം പ്രതി
ഗൃഹീതേഷു സൽസു സഹസ്രം
പദതി

അർത്ഥം–പാരാവതന്റെ ആ ദാനങ്ങളിൽ, വേഗമുരുളുന്ന തേർച്ചക്രങ്ങളിൽ പൂട്ടപ്പെട്ട വേഗവത്തുക്കളായ കുതിരകൾ സ്വീകരിക്കപ്പെട്ട സമയത്തു് ഞങ്ങൾ കാടിന്റെ നടുവിൽ സ്ഥിതിചെയ്തു.

വർഗ്ഗം–14–15–16–17 ആത്രേയഃ ശ്യാവാശ്വഃ ഋഷിഃ, ഉപരിഷ്ടാജ്യോതിഃ പങ്ക്തിമഹാബൃഹതീപങ്ക്തയശ്ഛന്ദാംസി, അശ്വിനൗ ദേവതാ.

1 അഗ്നിനേന്ദ്രേണവരുണേനവിഷ്ണുനാ

ദിത്യൈരുദ്രൈർവ്വസുഭിസ്സചാഭുവാ

സജോഷസാഉഷസാസൂര്യേണച

സോമംപിബതമശ്വിനാ

അന്വയം:–

ഹേ അശ്വിനാ, — അശ്വിനൗ,
അഗ്നിനാ, ഇന്ദ്രേണ, വരുണേന, വിഷ്ണുനാ,
ആദിത്യൈഃ, രുദ്രൈഃ,
വസു–ഭിഃ സചാ–ഭുവാ — തൈശ്ചസഹഭൂതൗ
ഉഷസാ സൂര്യേണ ച
സ–ജോഷസൗ — സങ്ഗതൗ
സോമം പിബതം — പാനം കുരുതം

അർത്ഥം–അല്ലയോ അശ്വികളേ, അഗ്നിയോടും ഇന്ദ്രനോടും വരുണനോടും വിഷ്ണുവിനോടും പന്ത്രണ്ടാദിത്യന്മാരോടും പതിനൊന്നു രുദ്രന്മാരോടും എട്ടു വസുക്കളോടും ചേർന്നു്, ഉഷസ്സിനോടും സൂര്യനോടുമൊരുമിച്ച്, സോമം കുടിച്ചാലും.

2 വിശ്വാഭിധീഭിഭുവനേനവാജിനാ
ദിവാപൃഥിവ്യാദ്രിഭിസ്സചാഭുവാ
സജോഷസാഉഷസാസൂര്യേണച
സോമംപിബതമശ്വിനാ

അന്വയം:–

ഹേ വാജിനാ, അശ്വിനാ, — ബലിനാവശ്വിനൗ,
വിശ്വാഭിഃ ധീഭിഃ — സർവ്വാഭിഃ പ്രജ്ഞാഭിഃ
ഭുവനേന ദിവാ പൃഥിവ്യാ — അഖിലേന ഭൂതജാതേന
ദ്യുലോകേന ഭുവാ ച
അദ്രി–ഭിഃ സചാ–ഭുവാ — പർവ്വതേഭിസ്സഹഭൂതൗ
ഉഷസാ സൂര്യേണ ച
സ–ജോഷസൗ — സങ്ഗതൗ
സോമം പിബതം — പാനം കുരുതം

അർത്ഥം–അല്ലയോ ബലവാന്മാരായ അശ്വികളേ, എല്ലാ പ്രജ്ഞകളോടും സകല ഭൂതജാതത്തോടും ദ്യോവിനോടും ഭുവിനോടും മലകളോടും ചേർന്ന് ഉഷസ്സിനോടും സൂര്യനോടുമൊരുമിച്ച് സോമം കുടിച്ചാലും.

3 വിശ്വൈദ്ദേവൈസ്ത്രിഭിരേകാദശൈരിഹാ
ദ്ഭിർമ്മരുദ്ഭിർഭൃഗുഭിസ്സചാഭുവാ
സാജോഷസാഉഷസാസൂര്യേണച
സോമംപിബതമശ്വിനാ

അന്വയം:–

ഹേ അശ്വിനാ; ത്രി–ഭിഃ
ഏകാദശൈഃ — ത്രയസ്ത്രിംശൈഃ
വിശ്വൈഃ ദേവൈഃ — സർവ്വൈർദ്ദേവൈഃ
അൽ–ഭിഃ, മരുൽ–ഭിഃ, ഭൃഗു–ഭിഃ (ച)

ഇഹ സചാ-ഭുവാ — യജ്ഞേ സഹഭൂതൗ
ഉഷസാ സൂര്യേണ ച
സ-ജോഷസൗ — സങ്ഗതൗ
സോമം പിബതം — പാനം കുരുതം

അൎത്ഥം—അല്ലയോ അശ്വികളേ, മുപ്പത്തിമൂന്നു ദേവന്മാരെല്ലാവരോടും കൂടിയും ജലങ്ങളോടും മരുത്തുക്കളോടും ഭൃഗുക്കളെന്ന മഹൎഷികളോടും കൂടിയും ഈ യജ്ഞത്തിൽ ചേൎന്ന് ഉഷസ്സിനോടും സൂര്യനോടുമൊരുമിച്ച് സോമം കുടിച്ചാലും.

4 ജുഷേഥാംയജ്ഞംബോധതംഹവസ്യമേ .
വിശ്വേഹദേവൗസവനാവഗച്ഛതം
സജോഷസാഉഷസാസൂര്യേണ
ചേഷന്നോവോള്ഹമശ്വിനാ

അന്വയം:—

ഹേ ദേവൗ, അശ്വിനാ,
യജ്ഞം ജുഷേഥാം — ദീപ്തൗ, അശ്വിനൗ, അസ്മദീയം യജ്ഞം സേവേഥാം
മേ ഹവസ്യ ബോധതം — മമഹവം ജാനീതം (കൎമ്മണി ഷഷ്ഠീ,)
ഇഹ വിശ്വാ സവനാ
അവ ഗച്ഛതം — സൎവ്വാണി സവനാനി പ്രാപ്നുതം
ഉഷസാ സൂര്യേണ ച
സ-ജോഷസൗ — സങ്ഗതൗ
ഇഷം നഃ ആ വോള്ഹം — അന്നമസ്മഭ്യം പ്രാപയതം

അൎത്ഥം—അല്ലയോ പ്രകാശവാന്മാരായ അശ്വികളേ, ഞങ്ങളുടെ യജ്ഞം കൈക്കൊണ്ടാലും. എന്റെ വിളി ഉൾക്കൊണ്ടാലും. ഈ യജ്ഞത്തിൽ എല്ലാ സവനങ്ങളെയും പ്രാപിച്ചാലും. ഉഷസ്സിനോടും സൂര്യനോടുമൊരുമിച്ച് ഞങ്ങൾക്കന്നമെത്തിച്ചാലും.

5 സ്തോമംജുഷേഥാംയുവശേവകന്യനാം
വിശ്വേഹദേവൗസവനാവഗച്ഛതം
സജോഷസാഉഷസാസൂര്യേണ
ചേഷന്നോവോള്ഹമശ്വിനാ

അന്വയം:—

ഹേ ദേവൗ, അശ്വിനാ — ദേവാവശ്വിനൗ
യുവശാ—ഇവ കന്യനാം — യഥാ യുവാനൗ കന്യാനാമാഹ്വാനം സേവേതേ തഥാ
സ്തോമം ജുഷേഥാം — സ്തോത്രം സേവേഥാം
ഇഹ വിശ്വാ സവനാ
അവ ഗച്ഛതം — സർവ്വാണി സവനാനി പ്രാപ്നുതം
ഉഷസാ സൂര്യേണ ച
സ-ജോഷസൗ — സങ്ഗതൗ
ഇഷം നഃ ആ വോള്ഹം — അന്നമസ്മഭ്യം പ്രാപയതം

അർത്ഥം—അല്ലയോ ദേവന്മാരായ അശ്വികളേ, ഇരുയുവാക്കൾ കന്യകമാരുടെ വിളി സ്വീകരിക്കുന്നപോലെ, ഞങ്ങളുടെ സ്തോത്രം കൈക്കൊണ്ടാലും. ഈ യജ്ഞത്തിൽ എല്ലാ സവനങ്ങളെയും പ്രാപിച്ചാലും. ഉഷസ്സിനോടും സൂര്യനോടുമൊരുമിച്ച് അന്നം ഞങ്ങൾക്കെത്തിച്ചാലും.

6 ഗിരോജുഷേഥാമധ്വരഞ്ജുഷേഥാം
വിശ്വേഹദേവൗസവനാവഗച്ഛതം
സജോഷസാഉഷസാസൂര്യേണ
ചേഷന്നോവോള്ഹമശ്വിനാ വ. 14

അന്വയം:—

ഹേ ദേവൗ, അശ്വിനാ — ദേവാവശ്വിനൗ,
ഗിരഃ ജുഷേഥാം — സ്തുതീഃ സേവേഥാം

(തഥാ) അധ്വരം
ജുഷേഥാം — യജ്ഞം സേവേഥാം
ഇഹ വിശ്വാ സവനാ
അവ ഗച്ഛതം — സവ്വാണി സവനാനി
പ്രാപ്നുതം

ഉഷസാ സൂര്യേണ ച
സ–ജോഷസൗ — സങ്ഗതൗ
ഇഷം നഃ ആ വോള്ഹം — അന്നമസ്മഭ്യം പ്രാപയതം

അത്ഥം–അല്ലയോ ദേവന്മാരായ അശ്വികളേ, ഞങ്ങളുടെ സ്തുതികൾ ചെവിക്കൊണ്ടാലും. അതുപോലെ ഞങ്ങളുടെ യജ്ഞം കൈക്കൊണ്ടാലും. ഈ യജ്ഞത്തിൽ എല്ലാ സവനങ്ങളെയും പ്രാപിച്ചാലും. ഉഷസ്സിനോടും സൂര്യനോടുമൊരുമിച്ച് ഞങ്ങൾക്കന്നമെത്തിച്ചാലും.

7 ഹാ॒രി॒ദ്ര॒വേവ॑പതഥോ॒വനേദുപ॒
സോമം॑സു॒തംമ॑ഹി॒ഷേവാവ॑ഗച്ഛഥഃ
സ॒ജോഷ॑സാഉ॒ഷസാ॒സൂര്യേ॑ണച॒
ത്രിവ്വ്॒ത്തിര്യാ॑തമശ്വിനാ

അന്വയം:–
ഹേ അശ്വിനാ, — അശ്വിനൗ, യുവാം
ഹാരിദ്രവാ–ഇവ വനാ — ഹാരിദ്രവൗ, പക്ഷിണൗ
വനാനി, ഉദകാനീവ
സുതം സോമം ഇൽ ഉപ
പതഥഃ — അഭിഷുതം സോമമേവോപ
ഗച്ഛഥഃ
മഹിഷാ–ഇവ അവ
ഗച്ഛഥഃ — മഹിഷാവിവപിപാസിതൗ
ഉദകാനി പ്രാപ്നുഥഃ
ഉഷസാ സൂര്യേണ ച
സ–ജോഷസൗ — സങ്ഗതൗ
ത്രിഃ വത്തിഃ യാതം — ത്രിമ്മാഗ്ഗമാഗച്ഛതം

അർത്ഥം—അല്ലയോ അശ്വികളേ, ഹാരിദ്രവങ്ങളെന്ന പക്ഷികൾ ജലങ്ങളെ എന്നപോലെ സംസ്കരിച്ച സോമത്തെത്തന്നെ ഉദ്ദേശിച്ച് നിങ്ങൾ പറന്നെത്തുന്നു. ദാഹിച്ച പോത്തുകൾ ജലങ്ങളെ അണയുന്ന പോലെ, സംസ്കരിച്ച സോമത്തെ പ്രാപിക്കുന്നു. ഉഷസ്സിനോടും സൂര്യനോടും ഒരുമിച്ച് മൂന്നു വഴിയായി നിങ്ങൾ വന്നാലും.

8 ഹംസാവിവപതഥോഅധ്വഗാവിവ

സോമംസുതംമഹിഷേവാവഗച്ഛഥഃ

സജോഷസാഉഷസാസൂര്യേണച

ത്രിവ്വർത്തിര്യാതമശ്വിനാ

അന്വയം:—

ഹേ അശ്വിനാ, — അശ്വിനൗ, യുവാം
ഹംസൗ-ഇവ അധ്വഗൗ-ഇവ — ഹംസൗ പഥികൗ ച യഥാ ഉദകം ഗച്ഛതസ്തഥാ
(വേഗേന) സുതം സോമം പതഥഃ — ഗച്ഛഥഃ
മഹിഷാ-ഇവ അവ ഗച്ഛഥഃ — പിപാസിതൗ മഹിഷാവിവ ഗച്ഛഥഃ.
ഉഷസാ സൂര്യേണ ച സ-ജോഷസൗ — സങ്ഗതൗ
ത്രിഃ വർത്തിഃ യാതം — ത്രിർമ്മാർഗ്ഗമാഗച്ഛതം .

അത്ഥം—അല്ലയോ അശ്വികളേ, രണ്ടരയന്നങ്ങളും ഇരുവഴിപോക്കരും വെള്ളം തേടിപ്പോകുന്നപോലെ, നിങ്ങൾ വേഗത്തിൽ സംസ്കരിച്ച സോമത്തെ ഉദ്ദേശിച്ച പറന്നെത്തുന്നു. ദാഹിച്ച പോത്തുകൾ ജലങ്ങളെ അണയുന്ന പോലെ, സംസ്കരിച്ച സോമത്തെ പ്രാപിക്കുന്നു. ഉഷസ്സിനോടും സൂര്യനോടൊരുമിച്ച് മൂന്നു വഴിയായി വന്നാലും.

9 ശ്യേനാവിവപതഥോഹവ്യദാതയേ
സോമംസുതംമഹിഷേവാവഗച്ഛഥഃ
സജോഷസാഉഷസാസൂര്യേണച
ത്രിർവ്വർത്തിര്യാതമശ്വിനാ

അന്വയം:—

| | |
|---|---|
| ഹേ അശ്വിനാ, | — അശ്വിനൗ, യുവാം |
| ശ്യേനൗ—ഇവ | — യഥാശ്യേനൗ ഗഗനം ഗച്ഛത സ്തഥാ വേഗേന |
| ഹവ്യ–ദാതയേ | — ഹവിർദ്ദാത്രേ യജമാനായ |
| സുതം സോമം പതഥഃ | — അഭിഷുതം സോമം ഗച്ഛഥഃ |
| മഹിഷൗ–ഇവ അവ ഗച്ഛഥഃ | — പിപാസിതൗ മഹിഷാവിവ ഗച്ഛഥഃ |
| മഹിഷാ–ഇവ അവ ഗച്ഛഥഃ | — പിപാസിതൗ മഹിഷാ വിവഗച്ഛഥഃ |
| ഉഷസാ സൂര്യേണ ച സ–ജോഷസൗ | — സങ്ഗതൗ |
| ത്രിഃ വർത്തിഃ യാതം | — ത്രിമ്മാർഗ്ഗമാഗച്ഛതം |

അർത്ഥം- അല്ലയോ അശ്വികളേ, ഇരുപരുന്തുകൾ ആകാശത്തിലെത്തുന്ന പോലെ, വേഗത്തിൽ ഹവിസ്സേകുന്ന യജമാനനുവേണ്ടി നിങ്ങൾ സംസ്കരിച്ച സോമത്തെ ഉദ്ദേശിച്ച് പറന്നെത്തുന്നു. ദാഹിച്ച പോത്തുകൾ ജലങ്ങളെ അണയുന്നപോലെ, സംസ്കരിച്ച സോമത്തെ പ്രാപിക്കുന്നു. ഉഷസ്സിനോടും സൂര്യനോടുമൊരുമിച്ച് നിങ്ങൾ മൂന്നുവഴിയായി വന്നാലും.

10 പിബതഞ്ചതൃപ്ണുതഞ്ചാചഗച്ഛതം
പ്രജാഞ്ചധത്തന്ദ്രവിണഞ്ചധത്തം
സജോഷസാഉഷസാസൂര്യേണ
ചോർജ്ജന്നോധത്തമശ്വിനാ

അന്വയം:—

ഹേ അശ്വിനാ, പിബതം — സോമം പാനം കുരുതം
തൃപ്ണുതം ച — തൃപ്യതഞ്ച
(തൃപ്ത്യർത്ഥം) ആ
ഗച്ഛതം ച — ആയാതഞ്ച
(സോമം പീത്വാ തൃപ്തൌ സന്തൌ യുവാമസ്മഭ്യം)
പ്ര-ജാം ച ധത്തം — ധാരയതം
ദ്രവിണം ച ധത്തം — ധനം ച ധാരയതം
ഉഷസാ സൂര്യേണ ച
സ-ജോഷസൌ — സങ്ഗതൌ
നഃ ഊർജ്ജം ച ധത്തം — ബലഞ്ചദത്തം

അർത്ഥം—അല്ലയോ അശ്വികളേ, നിങ്ങൾ സോമം കുടിച്ചാലും, തൃപ്തരായാലും. തൃപ്തിക്കായി വന്നാലും. സോമപാനം ചെയ്ത്, ഞങ്ങൾക്ക നിങ്ങൾ സന്തതി തന്നരുളിയാലും. ധനം തന്നരുളിയാലും. ഉഷസ്സിനോടും സൂര്യനോടുമൊരുമിച്ച് ഞങ്ങൾക്ക ബലം തന്നാലും.

11 ജയതഞ്ചപ്രസ്തുതഞ്ചപ്രചാവതം

പ്രജാഞ്ചധത്തന്ദ്രവിണഞ്ചധത്തം

സജോഷസാഉഷസാസൂര്യേണ

ചോർജ്ജന്നോധത്തമശ്വിനാ

അന്വയം:—

ഹേ അശ്വിനാ, — അശ്വിനൌ, യുവാം
ജയതം ച — ശത്രൂനഭിഭവതം
പ്ര സ്തുതം ച പ്ര അവതം — സ്തോതൃജനാനസ്മാൻ പ്രരക്ഷതം
പ്ര—ജാം ച ധത്തം — ധാരയതം
ദ്രവിണം ച ധത്തം — ധാരയതം
ഉഷസാ സൂര്യേണ ച
സ—ജോഷസൌ — സങ്ഗതൌ
നഃ ഊർജ്ജം ച ധത്തം — ബലഞ്ചദത്തം

അൎത്ഥം—അല്ലയോ അശ്വികളേ, ശത്രുക്കളെ കീഴടക്കിയാലും. സ്തോതാക്കളായ ഞങ്ങളെ വേണ്ടപോലെ രക്ഷിച്ചാലും. ഞങ്ങൾക്ക സന്താനത്തെയും ധനത്തെയും തന്നരുളിയാലും. ഉഷസ്സിനോടും സൂര്യനോടുമൊരുമിച്ച് ഞങ്ങൾക്ക ബലം തന്നാലും.

12 ഹതഞ്ചശത്രൂൻയതതഞ്ചമിത്രിണഃ
പ്രജാഞ്ചധത്തന്ദ്രവിണഞ്ചധത്തം
സജോഷസാഉഷസാസൂര്യേണ
ചോൎജ്ജന്നോധത്തമശ്വിനാ വ. 15

അന്വയം:—

ഹേ അശ്വിനാ, — അശ്വിനൗ, യുവാം
ശത്രൂൻ ച ഹതം,
യതതം — ഹിംസ്തം, തദൎത്ഥം യത്നം കുരുതം
മിത്രിണഃ ച — മൈത്രീഭൂതാൻ കുരുതം
പ്ര-ജാം ച ധത്തം — ധാരയതം
ദ്രവിണം ച ധത്തം — ധാരയതം
ഉഷസാ സൂര്യേണ
സ-ജോഷസൗ — സങ്ഗതൗ
ഊൎജ്ജം ച നഃ ധത്തം — ബലഞ്ചദത്തം

അൎത്ഥം—അല്ലയോ അശ്വികളേ, നിങ്ങൾ ശത്രുക്കളെ ഹനിച്ചാലും, അതിന്നായി യത്നിച്ചാലും. ഞങ്ങളെ മിത്രങ്ങളോടുകൂടിയവരാക്കിയാലും. സന്താനത്തെയും ധനത്തെയും തന്നരുളിയാലും. ഉഷസ്സിനോടും സൂര്യനോടുമൊരുമിച്ച് ഞങ്ങൾക്ക ബലം തന്നാലും.

13 മിത്രാവരുണവന്താഉതധൎമ്മവന്താ
മരുത്വന്താജരിതുൎഗ്ഗച്ഛഥോഹവം
സജോഷസാഉഷസാസൂര്യേണ
ചാദിത്യൈര്യാതമശ്വിനാ

അന്വയം:—

ഹേ അശ്വിനാ, — അശ്വിനൗ, യുവാം
ഉത മിത്രാവരുണ-വന്തൗ – അപിച മിത്രാവരുണയുക്തൗ
ധർമ്മ-വന്താ, മരുത്വന്താ — ധർമ്മയുക്തൗ മരുത്ഭിര്യുക്തൗ ച
ജരിതുഃ ഹവം ഗച്ഛഥഃ — സ്തോതുരാഹ്വാനമാഗച്ഛതം
ഉഷസാ സൂര്യേണ
ആദിത്യൈഃ ച —
സ-ജോഷസൗ ആ യാതം — ആഗച്ഛതം

അർത്ഥം-അല്ലയോ അശ്വികളേ, നിങ്ങൾ മിത്രവരുണന്മാരോടുകൂടിയവരായും ധർമ്മത്തോട് (ധർമ്മദേവനോട്) ചേർന്നവരായും മരുത്തുക്കളോടൊത്തവരായും സ്തോതാവിന്റെ വിളിയെ പ്രാപിച്ചാലും. ഉഷസ്സിനോടും സൂര്യനോടും പന്ത്രണ്ടാദിത്യന്മാരോടുമൊരുമിച്ച് വന്നാലും.

14 അങ്ഗിരസ്വന്താഉതവിഷ്ണുവന്താ
മരുത്വന്താജരിതുർഗ്ഗച്ഛഥോഹവം
സജോഷസാഉഷസാസൂര്യേണ
ചാദിത്യൈര്യാതമശ്വിനാ

അന്വയം:—

ഹേ അശ്വിനാ, — അശ്വിനൗ, യുവാം
ഉത അങ്ഗിരസ്വന്തൗ — അപിചാങ്ഗിരോഭിര്യുക്തൗ
വിഷ്ണു-വന്താ, മരുത്വന്താ - വിഷ്ണുനാസഹിതൗ, മരുത്ഭിര്യുക്തൗ ച
ജരിതുഃ ഹവം ഗച്ഛഥഃ — സ്തോതുരാഹ്വാനം ഗച്ഛതം
ഉഷസാ സൂര്യേണ
ആദിത്യൈഃ ച
സ-ജോഷസൗ ആ യാതം - ആഗച്ഛതം

അർത്ഥം-അല്ലയോ അശ്വികളേ, അതിന്നുപുറമേ, നിങ്ങൾ അങ്ഗിരസ്സുകളോടൊത്തവരായും വിഷ്ണുവിനോടു ചേർന്നവരായും മരുത്തുക്കളോടു കൂടിയവരായും സ്തോതാവിന്റെ

വിളിയെ പ്രാപിച്ചാലും. ഉഷസ്സിനോടും സൂര്യനോടും പന്ത്രണ്ടാദിത്യന്മാരോടുംകൂടി വന്നാലും.

15 ഋഭുമന്താവൃഷണാവാജവന്താ

മരുത്വന്താജരിതുർഗ്ഗച്ഛഥോഹവം

സജോഷസാഉഷസാസൂര്യേണ

ചാദിത്യൈര്യാതമശ്വിനാ

അന്വയം:—

ഹേ അശ്വിനാ, — അശ്വിനൗ, യുവാം

ഋഭു–മന്താ — ഋഭുസഹിതൗ

വാജ--വന്താ, മരുത്വന്താ – വാജസഹിതൗ, മരുദ്ഭിര്യുക്തൗ ച

വൃഷണാ — കാമാനാം വർഷിതാരൗ

ജരിതുഃ ഹവം ഗച്ഛഥഃ — സ്തോതുരാഹ്വാനം ഗച്ഛതം

ഉഷസാ സൂര്യേണ

ആദിത്യൈഃ ച

സ–ജോഷസൗ ആ യാതം — ആഗച്ഛതം

അർത്ഥം—അല്ലയോ അശ്വികളേ, നിങ്ങൾ ഋഭുക്കൾ മൂവരിൽ ഋഭുവിനോടുകൂടിയവരും ഇളയവനായ വാജനോടു ചേർന്നവരും മരുത്തുക്കളോടൊത്തവരും കാമവർഷകരുമായി സ്തോതാവിന്റെ വിളിയെ പ്രാപിച്ചാലും. ഉഷസ്സിനോടും സൂര്യനോടും പന്ത്രണ്ടാദിത്യന്മാരോടുമൊരുമിച്ചു വന്നാലും.

16 ബ്രഹ്മജിന്വതമുതജിന്വതന്ധിയോ

ഹതംരക്ഷാംസിസേധതമമീവാഃ

സജോഷസാഉഷസാസൂര്യേണച

സോമംസുന്വതോഅശ്വിനാ

അന്വയം:–

ഹേ അശ്വിനാ — അശ്വിനൗ, യുവാം
ബ്രഹ്മ ജിന്വതം — ബ്രാഹ്മണം പ്രീണയതം
ഉത ധിയഃ ജിന്വതം — കർമ്മാണി പ്രീണയതം
രക്ഷാംസി ഹതം — ഹിംസ്തം
അമീവാഃ സേധതം — രോഗാംശ്ച ഹിംസ്തം
ഉഷസാ സൂര്യേണ ച
സ–ജോഷസൗ — സങ്ഗതൗ
സുന്വതഃ സോമം — അഭിഷുണ്വതോ യജമാനസ്യ
സോമം പിബതം

അർത്ഥം—അല്ലയോ അശ്വികളേ, നിങ്ങൾ കർമ്മാനുഷ്ഠാതാവായ ബ്രാഹ്മണനെ പ്രീതിപ്പെടുത്തിയാലും. അവന്റെ കർമ്മങ്ങളെ കൊണ്ടാടിയാലും. (ആദരിച്ചാലും) രക്ഷസ്സുകളെ ഹനിച്ചാലും. രോഗങ്ങളെ അകററിയാലും. ഉഷസ്സിനോടും സൂര്യനോടുമൊരുമിച്ച് സോമം സംസ്കരിക്കുന്ന യജമാനന്റെ സോമം കുടിച്ചാലും.

17 ക്ഷത്രഞ്ജിന്വതമുതജിന്വതന്നൄ
ന്ഹതംരക്ഷാംസിസേധതമമീവാഃ
സജോഷസാഉഷസാസൂര്യേണച
സോമംസുന്വതോഅശ്വിനാ

അന്വയം:–

ഹേ അശ്വിനാ, — അശ്വിനൗ, യുവാം
ക്ഷത്രം ജിന്വതം — ക്ഷത്രിയം പ്രീണയതം
ഉത നൄൻ ജിന്വതം — അപീചയോദ്ധൄൻ പ്രീണയതം
രക്ഷാംസി ഹതം — ഹിംസ്തം
അമീവാഃ സേധതം — രോഗാംശ്ച ഹിംസ്തം
ഉഷസാ സൂര്യേണ ച
സ–ജോഷസൗ — സങ്ഗതൗ
സുന്വതഃ സോമം — അഭിഷുണ്വതോയജമാനസ്യ
സോമം പിബതം

അത്ഥം–അല്ലയോ അശ്വികളേ, ക്ഷത്രിയനെ സന്തോഷിപ്പിച്ചാലും. യോദ്ധാക്കളെ പ്രീതിപ്പെടുത്തിയാലും. രക്ഷസ്സുകളെ ഹനിച്ചാലും. രോഗങ്ങളെ അകററിയാലും. ഉഷസ്സിനോടും സൂര്യനോടുമൊരുമിച്ച സോമം സംസ്കരിക്കുന്ന യജമാനന്റെ സോമം കുടിച്ചാലും.

18 ധേനൂജ്ജിന്വതമുതജിന്വതംവിശോ
ഹതംരക്ഷാംസിസേധതമമീവാഃ
സജോഷസാഉഷസാസൂര്യേണച
സോമംസുന്വതോഅശ്വിനാ
വ. 16

അന്വയം:–

| | | |
|---|---|---|
| ഹേ അശ്വിനൗ, | — | അശ്വിനൗ, യുവാം |
| ധേനൂഃ ജിന്വതം | — | പ്രീണയതം |
| ഉത വിശഃ ജിന്വതം | — | വൈശ്യാംശ്ച പ്രീണയതം |
| രക്ഷാംസി ഹതം | — | ഹിംസ്തം |
| അമീവാഃ സേധതം | — | രോഗാംശ്ച ഹിംസ്തം |
| ഉഷസാ സൂര്യേണ ച | | |
| സ–ജോഷസൗ | — | സങ്ഗതൗ |
| സുന്വതഃ സോമം | — | അഭിഷുണ്വതോ യജമാനസ്യ സോമം പിബതം |

അത്ഥം–അല്ലയോ അശ്വികളേ, നിങ്ങൾ കറവപ്പശുക്കൾക്ക് സന്തുഷ്ടി ചേത്താലും. പിന്നെ വൈശ്യന്മാരെ പ്രീതിപ്പെടുത്തിയാലും. രക്ഷസ്സുകളെ ഹനിച്ചാലും. രോഗങ്ങളെ അകററിയാലും. ഉഷസ്സിനോടും സൂര്യനോടുമൊരുമിച്ച് സോമം സംസ്കരിക്കുന്ന യജമാനന്റെ സോമം കുടിച്ചാലും.

19 അത്രേരിവശൃണുതംപൂവ്വ്യസ്തുതിം
ശ്യാവാശ്വസ്യസുന്വതോമദച്യുതാ
സജോഷസാഉഷസാസൂര്യേണ
ചാശ്വിനാതിരോഅഹ്ന്യം

അന്വയം:—

ഹേ അശ്വിനാ, — അശ്വിനൗ
മദ—ച്യുതാ — ശത്രൂണാം മദസ്യ
ച്യാവയിതാരൗ യുവാം
സുന്വതഃ ശ്യാവ—
അശ്വസ്യ — സോമാഭിഷവം കുൎവ്വതോമമ
അത്രേഃ—ഇവ പൂൎവ്യ—
സ്തുതിം ശൃണുതം — പിതാമഹസ്യേവ മുഖ്യാം
സ്തുതിം ശൃണുതം
ഉഷസാ സൂര്യേണ ച
സ—ജോഷസൗ — സങ്ഗതൗ
തിരഃ—അഹ്ന്യം — പൂൎവ്വസ്മിന്നഹനിഹിതം സോമം
പിബതം

അൎത്ഥ—അല്ലയോ അശ്വികളേ, ശത്രുക്കളുടെ ഗൎവ്വത്തെ വീഴ്ത്തുന്ന നിങ്ങൾ സോമം സംസ്കരിക്കുന്ന ശ്യാവാശ്വനായ എൻെറ മുഖ്യസ്തുതിയെ, മുത്തശ്ശൻ അത്രിയുടെ എന്നപോലെ, കേട്ടാലും. ഉഷസ്സിനോടും സൂര്യനോടുമൊരുമിച്ച് ഇന്നലത്തെ സോമം കുടിച്ചാലും.

20 സൎഗ്ഗാഁഇവസൃജതംസുഷ്ടുതീരുപ്

ശ്യാവാശ്വസ്യസുന്വതോമദച്യുതാ

സജോഷസാഉഷസാസൂര്യേണ

ചാശ്വിനാതിരോഅഹ്ന്യം

അന്വയം:—

ഹേ അശ്വിനാ, — അശ്വിനൗ
മദ—ച്യുതാ — ശത്രൂണാം മദം ച്യാവയിതാരൗ
യുവാം
സുന്വതഃ ശ്യാവ-അശ്വസ്യ
സു—സ്തുതീഃ — മമ ശോഭനാസ്തുതീഃ
സൎഗ്ഗാൻ—ഇവ ഉപ സൃജതം — ഹവീംഷി യഥാ തഥാത്മന്യുപ
ഹിതം കുരുതം

ഉഷസാ സൂര്യേണ ച
സ—ജോഷസൗ — സങ്ഗതൗ
തിരഃ—അഹ്ന്യം — പൂൎവ്വസ്മിന്നഹനിഹിതം സോമം പിബതം

അൎത്ഥം—അല്പയോ അശ്വികളേ, ശത്രുക്കളുടെ ഗൎവ്വം വീഴ്ത്തുന്ന നിങ്ങൾ സോമം സംസ്കരിക്കുന്ന ശ്യാവാശ്വനായ എന്റെ നല്ല സ്തുതികളെ, ഹവിസ്സുകളെയെന്നവണ്ണം, ആത്മാവിൽവെച്ചുകൊണ്ടാലും. ഉഷസ്സിനോടും സൂര്യനോടുമൊരുമിച്ച് ഇന്നലത്തെ സോമം കുടിച്ചാലും.

21 രശ്മീഁരിവയച്ഛതമധ്വരാഁഉപ
ശ്യാവാശ്വസ്യസുന്വതോമദച്യുതാ
സജോഷസാഉഷസാസൂര്യേണ
ചാശ്വിനാതിരോഅഹ്ന്യം

അന്വയം:—

ഹേ അശ്വിനാ, — അശ്വിനൗ,
മദ—ച്യുതാ — ശത്രൂണാം മദം ച്യാവയിതാരൗ യുവാം
സുന്വതഃ
ശ്യാവ-അശ്വസ്യ — അഭിഷവം കൎവ്വതോ മമ
അധ്വരാൻ രശ്മീൻ-ഇവ — യഥാ അശ്വപ്രഗ്രഹാൻ തദ്വൽ
ഉപ യച്ഛതം — ഉപഗച്ഛതം ,
ഉഷസാ സൂര്യേണ ച
സ—ജോഷസൗ — സങ്ഗതൗ
തിരഃ—അഹ്ന്യം — പൂൎവ്വസ്മിന്നഹനിഹിതം സോമം പിബതം

അൎത്ഥം—അല്പയോ അശ്വികളേ, ശത്രുക്കളുടെ ഗൎവ്വം മറിച്ചിടുന്ന നിങ്ങൾ സോമം സംസ്കരിക്കുന്ന ശ്യാവാശ്വനായ എന്റെ യജ്ഞങ്ങളെ, കുതിരക്കടിഞ്ഞാണുകളെയെന്നപോലെ പ്രാപിച്ചാലും. ഉഷസ്സിനോടും സൂര്യനോടുമൊരുമിച്ച് ഇന്നലത്തെ സോമം കുടിച്ചാലും.

22 അവ്വാഗ്രഥന്നിയച്ഛതം
പിബതംസോമ്യംമധു
ആയാതമശ്വിനാഗത
മവസ്യുവ്വാമഹംഹുവേ
ധത്തംരത്നാനിദാശുഷേ

അന്വയം:—

| | |
|---|---|
| ഹേ അശ്വിനാ, | — അശ്വിനൌ, യുവയോഃ |
| രഥം അവ്വാക് നി യച്ഛതം | — അസ്മദഭിമുഖം നയതം |
| (സോമം പ്രതി) ആ ഗതം | — ആഗച്ഛതം |
| (യജ്ഞം) ആ യാതം | — ആഗച്ഛതം |
| സോമ്യം മധു പിബതം | — സോമമയമമൃതം പിബതം |
| അവസ്യുഃ അഹം വാം | |
| ഹുവേ | — രക്ഷണകാമശ്യാവാശ്വോഹം യുവാം ഹ്വയാമി |
| ദാശുഷേ രത്നാനി ധത്തം | — ഹവീംഷി പ്രയച്ഛതേ മഹ്യമുത്തമാനി ധനാനി ദത്തം |

അർത്ഥം—അല്ലയോ അശ്വികളേ, നിങ്ങളുടെ തേർ ഞങ്ങൾക്കുനേരെ തിരിച്ചാലും. സോമത്തെ ഉദ്ദേശിച്ചു വന്നാലും. അതിന്നുവേണ്ടി ഞങ്ങളുടെ യജ്ഞത്തെ പ്രാപിച്ചാലും. സോമമയമായ അമൃതം കുടിച്ചാലും. രക്ഷണമാഗ്രഹിക്കുന്ന ശ്യാവാശ്വനായ ഞാൻ നിങ്ങളെ വിളിക്കുന്നു. ഹവിസ്സുകളേകുന്ന എനിക്കു് ഉത്തമധനങ്ങൾ തന്നാലും.

23 നമോവാകേപ്രസ്ഥിതേഅധ്വരേനരാ
വിവക്ഷണസ്യപീതയേ
ആയാതമശ്വിനാഗത
മവസ്യുവ്വാമഹംഹുവേ
ധത്തംരത്നാനിദാശുഷേ

അന്വയം:—

ഹേ നരാ, അശ്വിനാ, — നേതാരാവശ്വിനൗ, യുവാം
വിവക്ഷണസ്യ
പ്ര–സ്ഥിതേ — ഹവനശീലസ്യ മമാരബ്ധേ
നമഃ–വാകേ അധ്വരേ — നമസ്കാരവചനയുക്തേ യാഗേ
പീതയേ ആ യാതം — സോമപാനായാഗച്ഛതം
(സ്തോത്രം പ്രതി) ആ
ഗതം — ആഗച്ഛതം
അവസ്യുഃ അഹം
വാം ഹുവേ — രക്ഷണകാമശ്യാവാശ്വോഹം
യുവാംഹ്വയാമി
ദാശുഷേ രത്നാനി ധത്തം — ഹവീംഷി പ്രയച്ഛതേ മഹ്യ
മുത്തമാനി ധനാനി ദത്തം

അർത്ഥം—അല്ലയോ നേതാക്കളായ അശ്വികളേ, വിളിക്കുക ശീലമായിട്ടുള്ള എന്റെ, തുടങ്ങിവെച്ച ഈ നമസ്കാരവചനമുറ്റ, യജ്ഞത്തിൽ സോമപാനത്തിന്നു വേണ്ടിവന്നാലും. സ്തോത്രത്തിന്നായി വന്നാലും. രക്ഷണമാഗ്രഹിക്കുന്ന ശ്യാവാശ്വനായ ഞാൻ നിങ്ങളെ വിളിക്കുന്നു. ഹവിസ്സുകളേകുന്ന എനിക്കു് ഉത്തമധനങ്ങൾ തന്നാലും.

24 സ്വാഹാ॑കൃതസ്യതൃമ്പതം

സു॒തസ്യ॑ദേവാ॒വന്ധ॑സഃ

ആയാ॑തമശ്വി॒നാഗ॑ത

മവ॒സ്യു॑ർവ്വാമ॒ഹംഹ്വേ॑

ധ॒ത്തംരത്നാ॑നിദാ॒ശുഷേ॑

വ. 17

അന്വയം:—

ഹേ ദേവൗ, അശ്വിനാ, — ദേവാവശ്വിനൗ, യുവാം
സുതസ്യ,
സ്വാഹാ–കൃതസ്യ — അഭിഷുതസ്യ, അഗ്നൗ ഹുതസ്യ

| | |
|---|---|
| അന്ധസഃ തൃമ്പതം | — സോമസ്യ, സോമേന തൃപ്യതം |
| (യജ്ഞം) ആ യാതം | — ആഗച്ഛതം |
| (സ്തോത്രം പ്രതി) ആ ഗതം | — ആ ഗച്ഛതം |
| അവസ്യുഃ അഹം വാം ഹുവേ | — രക്ഷണകാമശ്യാവാശ്വോഹം യുവാംഹ്വയാമി |
| ദാശുഷേ രത്നാനി ധത്തം | — ഹവീംഷി പ്രയച്ഛതേ മഹ്യമുത്തമാനി ധനാനി ദത്തം |

അൎത്ഥം—അല്ലയോ ദേവന്മാരായ അശ്വികളേ, സംസ്കരിച്ചതും അഗ്നിയിൽ ഹോമിച്ചതുമായ സോമത്താൽ തൃപ്തരായാലും. യജ്ഞത്തെ പ്രാപിച്ചാലും. സ്തോത്രമുദ്ദേശിച്ചുവന്നാലും. രക്ഷണമിച്ഛിക്കുന്ന ശ്യാവാശ്വനായ ഞാൻ നിങ്ങളെ വിളിക്കുന്നു. ഹവിസ്സുകളേകുന്ന എനിക്കു് ഉത്തമധനങ്ങൾ തന്നാലും.

വൎഗ്ഗം–18 ശക്വരീമഹാപങ്ക്തീച്ഛന്ദസീ, ഇന്ദ്രോദേവതാ.

1 അവിതാസിസുന്വതോവൃക്തബൎഹിഷഃ

പിബാസോമംമദായകംശതക്രതോ

യന്തേഭാഗമധാരയൻ

വിശ്വാസ്സേഹാനഃപൃതനാ

ഉരുജ്രയസ്സമഫ്സുജി

ന്മരുത്വാഁഇന്ദ്രസൽപതേ

അന്വയം:—

| | |
|---|---|
| ഹേ സൽ—പതേ, | |
| ശത—ക്രതോ ഇന്ദ്ര, | — സതാംപതേ, ബഹുകൎമ്മന്നിന്ദ്ര, ത്വം |
| സുന്വതഃ, | |
| വൃക്ത—ബൎഹിഷഃ | — സോമാഭിഷവം കുൎവ്വതഃ, സ്തീൎണ്ണബൎഹിഷോ യജമാനസ്യ |

അവിതാ അസി — രക്ഷിതാ ഭവസി
മദായ കം സോമം പിബ — ഹർഷാർത്ഥം സുഖകരം സോമം പിബ
തേ യം ഭാഗം അധാരയൻ — സോമസ്യ യം ഭാഗം ദേവാഃ അകല്പയൻ, തം ഭാഗം പിബ
വിശ്വാഃ പൃതനാഃ — ശത്രൂണാം സർവ്വാസ്സേനാഃ
ഉരു ജ്രയഃ സം സേഹാനഃ — ബഹുവേഗം ച സമ്യഗഭിഭവൻ
മരുത്വാൻ,
അഫ്സു-ജിൽ — മരുത്ഭിസ്സഹിതഃ അഫ്സു ജേതാ ച സൻ പിബ

അർത്ഥം–സത്തുക്കളുടെ പാലകനും ബഹുകർമ്മാവുമായ ഇന്ദ്ര, അവിടുന്നു് സോമം സംസ്കരിക്കുന്നവനും വിരിച്ച ദർഭയോടുകൂടിയവനുമായ യജമാനനു രക്ഷിതാവാകുന്നു. ഹർഷത്തിന്നുവേണ്ടി സുഖകരമായ സോമം കുടിച്ചാലും. സോമത്തിൻെറ യാതൊരു ഭാഗം ദേവന്മാരവിടേയ്ക്കായി നീക്കിവെച്ചുവോ, ആ ഭാഗം കുടിച്ചാലും. ശത്രുക്കളുടെ എല്ലാ സേനകളെയും (ആ സേനകളുടെ) ബഹുവേഗത്തെയും വേണ്ടപോലെ കീഴടക്കുന്നവനായി, മരുത്തുക്കളൊത്തവനായി, വൃത്രാദികളെ ജലങ്ങളിൽ ജയിക്കുന്നവനായി, ആ സോമം കുടിച്ചാലും.

2 പ്രാവസ്തോതാരമ്മഘവന്നവത്വാം
പിബാസോമംമദായകംശതക്രതോ
യന്തേഭാഗമധാരയൻ
വിശ്വാസ്സേഹാനഃപൃതനാ
ഉരുജ്രയസ്സമഫ്സുജി
ന്മരുത്വാംഇന്ദ്രസൽപതേ

അന്വയം:–
ഹേ മഘ-വൻ,
ശത-ക്രതോ, സൽ-പതേ
ഇന്ദ്ര, — ധനവൻ, ബഹുകർമ്മൻ, സതാം പാലകേന്ദ്ര, ത്വം

സ്തോതാരം പ്ര അവ — പ്ര രക്ഷ
ത്വാം അവ — ത്വാമപിസോമപാനേന രക്ഷ
മദായ കം സോമം പിബ — ഹർഷാർത്ഥം സുഖകരം സോമം പിബ
തേ യം ഭാഗം അധാരയൻ — സോമസ്യ യം ഭാഗം ദേവാഃ അകല്പയൻ, തം ഭാഗം പിബ
വിശ്വാഃ പൃതനാഃ — ശത്രൂണാം സർവ്വാസ്സേനാഃ
ഉരു ജ്രയഃ സം സേഹാനഃ — ബഹുവേഗം ച സമ്യഗഭിഭവൻ
മരുത്വാൻ,
അഫ്സു-ജിൽ — മരുത്ഭിസ്സഹിതഃ, അഫ്സു ജേതാ ച സൻ പിബ

അർത്ഥം—ധനവാനും ബഹുകർമ്മാവും സത്തുക്കളുടെ പാലകനുമായ ഇന്ദ്ര, അവിടുന്നു് സ്തോതാവിനെ വേണ്ടപോലെ രക്ഷിച്ചാലും. സോമപാനംകൊണ്ടു് അവിടുത്തെയും രക്ഷിച്ചാലും. ഹർഷത്തിന്നുവേണ്ടി സോമം കുടിച്ചാലും. സോമത്തിൻെറ യാതൊരു ഭാഗം ദേവന്മാരവിടേയ്ക്കായി നീക്കിവെച്ചുവോ ആ ഭാഗം കുടിച്ചാലും. ശത്രുക്കളുടെ എല്ലാ സേനകളെയും (ആ സേനകളുടെ) ബഹുവേഗത്തെയും വേണ്ടപോലെ കീഴടക്കുന്നവനായി, മരുത്തുക്കളൊത്തവനായി, വൃത്രാദികളെ ജലങ്ങളിൽ ജയിക്കുന്നവനായി, ആ സോമം കുടിച്ചാലും.

3 ഊർജ്ജാദേവാഁഅവസ്യോജസാത്വാം

പിബാസോമംമദായകംശതക്രതോ

യന്തേഭാഗമധാരയൻ

വിശ്വാസ്സേഹാനഃപൃതനാ

ഉരുജ്രയസ്സമഫ്സുജി

ന്മരുത്വാഁഇന്ദ്രസൽപതേ

അന്വയം:—

ഹേ ശത–ക്രതോ.
സൽ–പതേ, ഇന്ദ്ര — ബഹുകർമ്മൻ, സതാം പാലകേന്ദ്ര, ത്വം
ദേവാൻ ഊർജ്ജാ അവസി — അന്നേന, ഹവിഷാരക്ഷസി
ത്വാം ഓജസാ — ത്വാമപി ബലേന രക്ഷസി
മദായ കം സോമം പിബ — ഹർഷായ സുഖകരം സോമം പിബ
തേ യം ഭാഗം അധാരയൻ— സോമസ്യ യം ഭാഗം ദേവാഃ അകല്പയൻ, തം ഭാഗം പിബ
വിശ്വാഃ പൃതനാഃ — ശത്രൂണാം സർവ്വാസ്സേനാഃ
ഉരു ജ്രയഃ സം സേഹാനഃ — ഉരുവേഗം ച സമ്യഗഭിഭവൻ
മരുത്വാൻ,
അപ്സു–ജിൽ — മരുത്ഭിസ്സഹിതഃ, അപ്സു ജേതാ ച സൻ പിബ

അർത്ഥം–അല്ലയോ ബഹുകർമ്മാവും സത്തുക്കളുടെ പാലകനമായ ഇന്ദ്ര, അവിടന്ന് ഹവിരന്നത്താൽ ദേവന്മാരെ രക്ഷിക്കുന്നു. സ്വബലത്താൽ അവിടുത്തെയും രക്ഷിക്കുന്നു. ഹർഷത്തിന്നുവേണ്ടി സുഖകരമായ സോമം കുടിച്ചാലും. സോമത്തിൻെറ യാതൊരു ഭാഗം ദേവന്മാരവിടേയ്ക്കായി നീക്കിവെച്ചുവോ, ആ ഭാഗം കുടിച്ചാലും. ശത്രുക്കളുടെ എല്ലാ സേനകളെയും (ആ സേനകളുടെ) ബഹുവേഗത്തെയും വേണ്ടപോലെ കീഴടക്കുന്നവനായി, മരുത്തുക്കളൊത്തവനായി, വൃത്രാദികളെ ജലങ്ങളിൽ ജയിക്കുന്നവനായി ആ സോമം കുടിച്ചാലും.

4 ജനിതാദിവോജനിതാപൃഥിവ്യാഃ
പിബാസോമംമദായകംശതക്രതോ
യന്തേഭാഗമധാരയൻ
വിശ്വാസ്സേഹാനഃപൃതനാ
ഉരുജ്രയസ്സമപ്സുജി
ന്മരുത്വാഇന്ദ്രസൽപതേ

അന്വയം:—

ഹേ ശത-ക്രതോ,
സൽ-പതേ, ഇന്ദ്ര, — ബഹുകർമ്മൻ, സതാം പാലകേന്ദ്ര, ത്വം
ദിവഃ ജനിതാ — ദ്യുലോകസ്യ ജനകോസി
പൃഥിവ്യാഃ ജനിതാ — ഭൂമ്യാശ്ച ജനകോസി
മദായ കം സോമം പിബ — ഹർഷായ സുഖകരം സോമം പിബ
തേ യം ഭാഗം അധാരയൻ— സോമസ്യയം ഭാഗം ദേവാഃ അകല്പയൻ, തം ഭാഗം പിബ
വിശ്വാഃ പൃതനാഃ — ശത്രൂണാം സർവ്വാസ്സേനാഃ
ഉരു ജ്രയഃ സം സേഹാനഃ— ബഹുവേഗം ച സമ്യഗഭിഭവൻ
മരുത്വാൻ,
അഫ്സു-ജിൽ — മരുത്ഭിസ്സഹിതഃ, അഫ്സു ജേതാ ച സൻ പിബ

അർത്ഥം—ബഹുകർമ്മാവും ശത്രുക്കളുടെ പാലകനുമായ ഇന്ദ്ര, അവിടന്നു് ദ്യോവിൻെറ അച്ഛനാകുന്നു; ഭൂവിന്നും അച്ഛനാകുന്നു. ഹർഷത്തിന്നുവേണ്ടി സുഖകരമായ സോമം കുടിച്ചാലും. സോമത്തിൻെറ യാതൊരുഭാഗം ദേവന്മാരവിടേക്കായി നീക്കിവെച്ചുവോ, ആ ഭാഗം കുടിച്ചാലു. ശത്രുക്കളുടെ എല്ലാ സേനകളെയും (ആ സേനകളുടെ) ബഹുവേഗത്തെയും വേണ്ടപോലെ കീഴടക്കുന്നവനായി, മരുത്തുക്കളൊത്തവനായി, വൃത്രാദികളെ ജലങ്ങളിൽ ജയിക്കുന്നവനായി ആ സോമം കുടിച്ചാലും.

5 ജനിതാശ്വാനാഞ്ജനിതാഗവാമസി

പിബാസോമംമദായകംശതക്രതോ

യന്തേഭാഗമധാരയൻ

വിശ്വാസ്സേഹാനഃപൃതനാ

ഉരുജ്രയസ്സമഫ്സുജി

ന്മരുത്വാഇന്ദ്രസൽപതേ

അന്വയം:-

ഹേ ശത–ക്രതോ,
സൽ–പതേ, ഇന്ദ്ര, — ബഹുകർമ്മൻ, സതാം പാല
കേന്ദ്ര, ത്വം

അശ്വാനാം ജനിതാ
അസി — ജനകോസി
ഗവാം ജനിതാ — ചാസി
മദായ കം സോമം പിബ — ഹർഷാർത്ഥം സുഖകരം സോമം
പിബ
തേ യം ഭാഗം അധാരയൻ – സോമസ്യ യം ഭാഗം ദേവാ
അകല്പയൻ, തം ഭാഗം പിബ
വിശ്വാഃ പൃതനാഃ — ശത്രൂണാം സർവ്വാസ്സേനാഃ
ഉരു ജ്രയഃ സം സേഹാനഃ — ബഹുവേഗം ച സമ്യഗഭിഭവൻ
മരുത്വാൻ
അഫ്സു–ജിൽ — മരുത്ഭിസ്സഹിതഃ അഫ്സു
ജേതാച സൻ പിബ

അർത്ഥം—അല്ലയോ ബഹുകർമ്മാവും സത്തുക്കളുടെ പാലകനുമായ ഇന്ദ്ര, അവിടുന്ന് കുതിരകളെ ജനിപ്പിച്ചവനാകുന്നു; പശുക്കളെയും ജനിപ്പിച്ചവനാകുന്നു. ഹർഷത്തിന്നുവേണ്ടി സുഖകരമായ സോമം കുടിച്ചാലും. സോമത്തിന്റെ യാതൊരു ഭാഗം ദേവന്മാരവിടേയ്ക്കായി നീക്കിവെച്ചുവോ, ആ ഭാഗം കുടിച്ചാലും. ശത്രുക്കളുടെ എല്ലാ സേനകളെയും (ആ സേനകളുടെ) ബഹുവേഗത്തെയും കീഴടക്കുന്നവനായി, മരുത്തുക്കളൊത്തവനായി, വൃത്രാദികളെ ജലങ്ങളിൽ ജയിക്കുന്നവനായി ആ സോമം കുടിച്ചാലും.

6 അത്രീണാംസ്തോമമദ്രിവോമഹസ്കൃധി

പിബാസോമംമദായകംശതക്രതോ

യന്തേഭാഗമധാരയൻ

വിശ്വാസ്സേഹാനഃപൃതനാ

ഉരുജ്രയസ്സമഫ്സുജി

ന്മരുത്വാഇന്ദ്രസൽപതേ

അന്വയം:—

ഹേ അദ്രി–വഃ,
ശത–ക്രതോ, സൽ–പതേ,

| | |
|---|---|
| ഇന്ദ്ര | — വജ്രവൻ, ബഹുകർമ്മൻ, സതാംപാലകേന്ദ്ര, ത്വം |
| അത്രീണാം സ്തോമം | — അത്രിഗോത്രജാനാം സ്തോത്രം |
| മഹഃ കൃധി | — പൂജിതം കുരു |
| മദായ കം സോമം പിബ | — ഹർഷാർത്ഥം സുഖകരം സോമം പിബ |
| തേ യം ഭാഗം അധാരയൻ | — സോമസ്യ യം ഭാഗം ദേവാഃ അകല്പയൻ, തം ഭാഗം പിബ |
| വിശ്വാഃ പൃതനാഃ | — ശത്രൂണാം സർവ്വാസ്സേനാഃ |
| ഉരു ജ്രയഃ സം സേഹാനഃ | – ബഹുവേഗം ച സമ്യഗഭിഭവൻ |
| മരുത്വാൻ, | |
| അഫ്സു--ജിൽ | – മരുത്ഭിസ്സഹിതഃ, അഫ്സു ജേതാ ച സൻ പിബ |

അർത്ഥം—വജ്രായുധനും ബഹുകർമ്മാവും സത്തുക്കളുടെ പാലകനുമായ ഇന്ദ്ര, അവിടന്നു് അത്രിഗോത്രക്കാരായ ഞങ്ങളുടെ സ്തോത്രത്തെ പൂജിതം, ആദൃതമാക്കിയാലും. ഹർഷത്തിന്നുവേണ്ടി സോമം കുടിച്ചാലും. സോമത്തിന്റെ യാതൊരു ഭാഗം ദേവന്മാരവിടേയ്ക്കായി നീക്കിവെച്ചുവോ ആ ഭാഗം കുടിച്ചാലും. ശത്രുക്കളുടെ എല്ലാ സേനകളേയും (ആ സേനകളുടെ) ബഹുവേഗത്തെയും വേണ്ടപോലെ കീഴടക്കുന്നവനായി, മരുത്തുക്കളൊത്തവനായി, വൃത്രാദികളെ ജലങ്ങളിൽ ജയിക്കുന്നവനായി ആ സോമം കുടിച്ചാലും.

7 ശ്യാവാശ്വസ്യസുന്വത
സ്തഥാശൃണുയഥാശൃണോ
രത്രേഃകർമ്മാണികൃണ്വതഃ
പ്രത്രസദസ്യുമാവിഥ
ത്വമേകഇന്നൃഷാഹ്യ
ഇന്ദ്രബ്രഹ്മാണിവർദ്ധയൻ വ 18

അന്വയം:—
ഹേ ഇന്ദ്ര, സുന്വതഃ
ശ്യാവ-അശ്വസ്യ — അഭിഷവം കുർവ്വതോമമസ്തുതിം
കർമ്മാണി കൃണ്വതഃ — കുർവ്വതഃ
അത്രേഃ യഥാ അശൃണോഃ — അശ്രൗഷീഃ
തഥാ ശൃണു — ആകർണ്ണയ
(അപിച) ത്വം ഏകഃ
ഇൽ നൃ-സഹ്യേ — ഏക ഏവയുദ്ധേ
ബ്രഹ്മാണി വർദ്ധയൻ — സ്തോത്രാണി കാമൈർവ്വർദ്ധയൻ
ത്രസദസ്യും പ്ര ആവിഥ — പ്രരക്ഷിതവാൻ

അർത്ഥം—അല്ലയോ ഇന്ദ്ര, അവിടുന്നു് സോമം സംസ്കരിക്കുന്ന ശ്യാവാശ്വനായ എന്റെ സ്തുതിയെ, കർമ്മങ്ങൾ ചെയ്ത അത്രിയുടെ സ്തോത്രത്തെ എപ്രകാരം കേട്ടുവോ, അപ്രകാരം കേട്ടാലും. അവിടുന്നേകനാണു് യുദ്ധത്തിൽ സ്തോത്രങ്ങളെ വളർത്തിക്കൊണ്ടു് ത്രസദസ്യുവിനെ രക്ഷിച്ചതു്.

വർഗ്ഗം—19 മഹാപങ്ക്ത്യതിജഗത്യൗഛന്ദസീ.

1 പ്രേദംബ്രഹ്മവൃത്രതൂര്യേഷ്വാവിഥ
പ്രസുന്വതശ്ശചീപത
ഇന്ദ്രവിശ്വാഭിരൂതിഭിഃ
മാധ്യന്ദിനസ്യസവനസ്യ
വൃത്രഹന്നനേദ്യ
പിബാസോമസ്യവജ്രിവഃ

അന്വയം:—
ഹേ ശചീ-പതേ, ഇന്ദ്ര — കർമ്മണഃ പാലകേന്ദ്ര, ത്വം
വൃത്ര-തൂര്യേഷു ഇദം ബ്രഹ്മ — സങ്ഗ്രാമേഷ്വീമാൻ
ബ്രാഹ്മണാൻ
വിശ്വാഭിഃ ഊതി-ഭിഃ
പ്ര ആവിഥ — സർവ്വാഭീരക്ഷാഭിഃ പ്രരക്ഷ

സുന്വതഃ പ്ര — സോമാഭിഷവം കുർവ്വതോ
യജമാനാംശ്ച പ്രരക്ഷ
(അപി ച) ഹേ അനേദ്യ,
വജ്രി–വഃ, വൃത്ര–ഹൻ, — അനിന്ദ്യ, വജ്രവൻ,
വൃത്രഹന്തരിന്ദ്ര,
മാധ്യന്ദിനസ്യ സവനസ്യ - സംബന്ധിനം
സോമസ്യ പിബ — സോമം പിബ (കർമ്മണിഷഷ്ഠീ)

അർത്ഥം—കർമ്മപാലകനായ ഇന്ദ്ര, അവിടുന്നു് യുദ്ധങ്ങളിൽ ഈ കർമ്മവാന്മാരായ ബ്രാഹ്മണരെ എല്ലാ രക്ഷകളോടുംകൂടി വേണ്ടപോലെ കാത്താലും. സോമം സംസ്കരിക്കുന്ന യജമാനന്മാരെയും വഴിപോലെ രക്ഷിച്ചാലും. പിന്നെ, അനിന്ദ്യനും (പൂജ്യനും) വജ്രവാനും വൃത്രഹന്താവുമായ ഇന്ദ്ര, മാധ്യന്ദിന സവനത്തിന്റെ സോമം കുടിച്ചാലും.

2 സേ॒ഹാ॒നഉ॑ഗ്ര॒പൃത॑നാ

അ॒ഭിദ്രുഹ॑ശ്ശചീപത॒

ഇന്ദ്ര॒വിശ്വാ॑ഭിരൂ॒തിഭി॑ഃ

മാധ്യ॑ന്ദിനസ്യസ॒വ॑നസ്യ

വൃത്രഹന്നനേദ്യ॒

പിബാ॒സോമ॑സ്യവജ്രിവഃ

**അന്വയം:—**

**ഹേ ശചീ–പതേ, ഉഗ്ര,**
**ഇന്ദ്ര** — **കർമ്മണഃ പാലക, ഉൽഗൂർണ്ണേന്ദ്ര, ത്വം**
**ദ്രുഹഃ പൃതനാഃ** — **ദ്രോഗ്ധ്രീഃ ശത്രുസേനാഃ**
**അഭി സേഹാനഃ** — **അഭിഭവൻ**
**വിശ്വാഭിഃ ഊതി–ഭിഃ** — **സർവ്വൈഃ പാലനൈഃ ബ്രാഹ്മണാൻ പ്രാവീഥ**
**(അപിച) ഹേ അനേദ്യ,**
**വജ്രി–വഃ, വൃത്ര––ഹൻ** — **അനിന്ദ്യ, വജ്രവൻ, വൃത്രഹന്തരിന്ദ്ര**

മാധ്യന്ദിനസ്യ സവനസ്യ - സംബന്ധിനം
സോമസ്യ പിബ — സോമം പിബ

അൎത്ഥം—കൎമ്മപാലകനും ഊക്കററവനുമായ ഇന്ദ്ര, അവിടുന്നു് ദ്രോഹിക്കുന്ന ശത്രുസേനകളെ കീഴടക്കുന്നവനായി, എല്ലാ രക്ഷകളോടും കൂടി ഈ ബ്രാഹ്മണരെ കാത്താലും. പിന്നെ, അനിന്ദ്യനും വജ്രവാനും വൃത്രഹന്താവുമായ ഇന്ദ്ര, മാധ്യന്ദിന സവനത്തിൻെറ സോമം കുടിച്ചാലും.

3 ഏകരാളസ്യഭുവനസ്യ

രാജസിശചീപത

ഇന്ദ്രവിശ്വാഭിരൂതിഭിഃ

മാധ്യന്ദിനസ്യസവനസ്യ

വൃത്രഹന്നനേദ്യ

പിബാസോമസ്യവജ്രിവഃ

അന്വയം:—

ഹേ ശചീ_പതേ, ഇന്ദ്ര, — കൎമ്മണഃ പാലകേന്ദ്ര, ത്വം
അസ്യ ഭുവനസ്യ — ഭൂതജാതസ്യ
ഏക—രാട് രാജസി — ഏക ഏവരാജാസൻ ഭ്രാജസേ
വിശ്വാഭിഃ ഊതി—ഭിഃ — സൎവ്വാഭീരക്ഷാഭിരിമാൻ ബ്രാഹ്മണാൻ പ്രരക്ഷ
(അപിച) ഹേ അനേദ്യ,
വജ്രി—വഃ, വൃത്ര—ഹൻ, — അനിന്ദ്യ, വജ്രവൻ, വൃത്രഹന്തരിന്ദ്ര,
മാധ്യന്ദിനസ്യ സവനസ്യ — സംബന്ധിനം
സോമസ്യ പിബ — സോമം പിബ (കൎമ്മണി ഷഷ്ഠീ)

അൎത്ഥം--അല്ലയോ കൎമ്മപാലകനായ ഇന്ദ്ര, ഇക്കണ്ട ചരാചരസമൂഹത്തിന്നു് അവിടുന്നു് ഒററ രാജാവായി പ്രശോഭിക്കുന്നു. എല്ലാ രക്ഷകളോടുംകൂടി ഈ ബ്രാഹ്മണരെ വേണ്ട

പോലെ കാത്താലും. പിന്നെ അനിന്ദ്യനും വജ്രവാനും വൃത്രഹന്താവുമായ ഇന്ദ്ര, മാധ്യന്ദിനസവനത്തിന്റെ സോമം കുടിച്ചാലും.

4 സസ്ഥാവാനായവയസി
ത്വമേകഇച്ഛചീപത
ഇന്ദ്രവിശ്വാഭിരൂതിഭിഃ
മാധ്യന്ദിനസ്യസവനസ്യ
വൃത്രഹന്നനേദ്യ
പിബാസോമസ്യവജ്രീവഃ

അന്വയം:—

| | |
|---|---|
| ഹേ ശചീ–പതേ, ഇന്ദ്ര<br>ത്വം ഏകഃ ഇൽ | കൎമ്മണഃ പാലകേന്ദ്ര, ത്വമേക ഏവ |
| സ–സ്ഥാവാനാ യവയസി | സമാനം തിഷ്ഠന്താവിമൗലോകൗ പൃഥക്കരോഷി |
| വിശ്വാഭിഃ ഊതി–ഭിഃ | സൎവ്വാഭീരക്ഷാഭിരിമാൻ ബ്രാഹ്മണാൻ പ്രരക്ഷ |
| (അപിച) ഹേ അനേദ്യ,<br>വജ്രി–വഃ, വൃത്ര–ഹൻ, | അനിന്ദ്യ, വജ്രവൻ, വൃത്രഹന്തരിന്ദ്ര, |
| മാധ്യന്ദിനസ്യ സവനസ്യ | സംബന്ധിനം |
| സോമസ്യ പിബ | സോമം പിബ |

അൎത്ഥം–അല്ലയോ കൎമ്മപാലകനായ ഇന്ദ്ര, അവിടുന്ന് ഒററയ്ക്കുതന്നെയാണ് ഒരുപോലെ നിൽക്കുന്ന ഈ രണ്ടു ലോകങ്ങളെ, ദ്യോവിനെയും ഭൂവിനെയും, വേർതിരിക്കുന്നത്. എല്ലാ രക്ഷകളോടുംകൂടി ഈ ബ്രാഹ്മണരെ വേണ്ടപോലെ കാത്താലും. പിന്നെ, അനിന്ദ്യനും വജ്രവാനും വൃത്രഹന്താവുമായ ഇന്ദ്ര, മാധ്യന്ദിനസവനത്തിന്റെ സോമം കുടിച്ചാലും.

5 ക്ഷേമസ്യചപ്രയുജശ്ച
ത്വമീശിഷേശചീപത
ഇന്ദ്രവിശ്വാഭിരൂതിഭിഃ
മാധ്യന്ദിനസ്യസവനസ്യ
വൃത്രഹന്നനേദ്യ
പിബാസോമസ്യവജ്രിവഃ

അന്വയം:—

| | | |
|---|---|---|
| ഹേ ശചീ–പതേ, ഇന്ദ്ര | — | കൎമ്മണഃ പാലകേന്ദ്ര, |
| (സർവ്വസ്യ ജഗതഃ) | | |
| ക്ഷേമസ്യ ച | — | അവിനാശസ്യ |
| പ്ര–യുജഃ ച | — | പ്രയോഗസ്യ ച, യോഗക്ഷേമയോഃ |
| ത്വം ഈശിഷേ | — | ഈശ്വരോ ഭവസി |
| വിശ്വാഭിഃ ഊതി–ഭിഃ | — | സൎവ്വാഭീരക്ഷാഭിരിമാൻ ബ്രാഹ്മണാൻ പ്രരക്ഷ |
| (അപിച) ഹേ അനേദ്യ, | | |
| വജ്രി-വഃ, വൃത്ര–ഹൻ, | — | അനിന്ദ്യ, വജ്രവൻ, വൃത്രഹന്തരിന്ദ്ര, |
| മാധ്യന്ദിനസ്യ സവനസ്യ | — | സംബന്ധിനം |
| സോമസ്യ പിബ | — | സോമം പിബ |

അൎത്ഥം—അല്ലയോ കൎമ്മപാലകനായ ഇന്ദ്ര, ജഗത്തിന്നു മുഴുവൻ ക്ഷേമത്തിന്നും പ്രയോഗത്തിന്നും (യോഗക്ഷേമങ്ങൾക്കു്, അതായതു് ഇല്ലാത്തതിൻെറ സിദ്ധിക്കും ഉള്ളതിൻെറ രക്ഷയ്ക്കും) അവിടുന്നു് ഈശ്വരനാകുന്നു. എല്ലാ രക്ഷകളോടും കൂടി ഈ ബ്രാഹ്മണരെ വേണ്ടപോലെ കാത്താലും. പിന്നെ, അനിന്ദ്യനും വജ്രവാനും വൃത്രഹന്താവുമായ ഇന്ദ്ര, മാധ്യന്ദിന സവനത്തിൻെറ സോമം കുടിച്ചാലും.

6 ക്ഷത്രായത്വമവസി
നത്വമാവിഥശചീപത
ഇന്ദ്രവിശ്വാഭിരൂതിഭിഃ
മാധ്യന്ദിനസ്യസവനസ്യ
വൃത്രഹന്നനേദ്യ
പിബാസോമസ്യവജ്രിവഃ

അന്വയം:-

| | |
|---|---|
| ഹേ ശചീ-പതേ ഇന്ദ്ര, | — കർമ്മപാലകേന്ദ്ര, |
| ത്വം ക്ഷത്രായ | — ജഗതോ ബലായ ഭവസി |
| അവസി | — ആശ്രിതാൻ രക്ഷസി |
| ത്വം ന ആവിഥ | — കേനാപി ന രക്ഷ്യസേ |
| വിശ്വാഭിഃ ഊതി-ഭിഃ | — സർവ്വാഭീരക്ഷാഭിരിമാൻ ബ്രാഹ്മണാൻ പ്രരക്ഷ |
| (അപിച) ഹേ അനേദ്യ, | |
| വജ്രി-വഃ, വൃത്ര-ഹൻ, | — അനിന്ദ്യ, വജ്രവൻ, വൃത്രഹന്തരിന്ദ്ര, |
| മാധ്യന്ദിനസ്യ സവനസ്യ | — സംബന്ധിനം |
| സോമസ്യ പിബ | — സോമം പിബ |

അർത്ഥം- അല്ലയോ കർമ്മപാലകനായ ഇന്ദ്ര, അവിടുന്ന് ജഗത്തിന്റെ രക്ഷണത്തിന്നായി ഭവിക്കുന്നു. ആശ്രിതന്മാരെ രക്ഷിക്കുന്നു. അവിടുന്ന് ആരാലും രക്ഷിക്കപ്പെടുന്നില്ല. എല്ലാ രക്ഷകളോടും കൂടി ഈ ബ്രാഹ്മണരെ വേണ്ടപോലെ കാത്താലും. പിന്നെ, അനിന്ദ്യനും വജ്രവാനും വൃത്രഹന്താവുമായ ഇന്ദ്ര, മാധ്യന്ദിനസവനത്തിന്റെ സോമം കുടിച്ചാലും.

7 ശ്യാവാശ്വസ്യരേഭത
സ്തഥാശൃണുയഥാശൃണോ
രത്രേഃകർമ്മാണികൃണ്വതഃ
പ്രത്രസദസ്യുമാവിഥ
ത്വമേകഇന്നൃഷാഹ്യ
ഇന്ദ്രക്ഷത്രാണിവർദ്ധയൻ വ 19

അന്വയം:–
ഹേ ഇന്ദ്ര, രേഭതഃ
ശ്യാവ–അശ്വസ്യ — സ്തുവതോമമസ്തുതിം
കർമ്മാണി കൃണ്വതഃ
അത്രേഃ — സ്തോത്രം
യഥാ അശൃണോഃ തഥാ
ശൃണു — ആകർണ്ണയ
(അപിച) നൃ-സഹ്യേ
ക്ഷത്രാണി വർദ്ധയൻ — യുദ്ധേബലാനികാമൈർവ്വർദ്ധയൻ
ത്വം ഏകഃ ഇൽ
ത്രസദസ്യും പ്ര ആവിഥ — പ്രരക്ഷിതവാൻ

അർത്ഥം—അല്ലയോ ഇന്ദ്ര, സ്തുതിക്കുന്ന ശ്യാവാശ്വനായ എൻെറ സ്തോത്രത്തെ, കർമ്മങ്ങൾ ചെയ്ത അത്രിയുടെ സ്തുതിയെ എപ്രകാരം കേട്ടുവോ, അപ്രകാരം കേട്ടാലും. യുദ്ധത്തിൽ കാമങ്ങളാൽ ബലങ്ങൾ വളർത്തിക്കൊണ്ടു്, അവിടുന്നു തനിച്ചാണല്ലോ ത്രസദസ്യുവിനെ രക്ഷിച്ചതു്.

വർഗ്ഗം 20_21 ഗായത്രീച്ഛന്ദഃ, ഇന്ദ്രാഗ്നീദേവതാ

1 യജ്ഞസ്യഹിസ്ഥഋത്വിജാ
സസ്നീവാജേഷുകർമ്മസു
ഇന്ദ്രാഗ്നീതസ്യബോധതം

അന്വയം:-

ഹേ ഇന്ദ്രാഗ്നീ, സസ്നീ — ശുദ്ധൗ യുവാം
യജ്ഞസ്യ ഋത്വിജാ
സ്ഥഃ ഹി — ഋത്വിജൗഭവഥഃ ഖലു
വാജേഷു കര്‍മ്മ-സു — യുദ്ധേഷുയാഗാദികര്‍മ്മ
സൂപതിഷ്ഠന്തൗ തൗ
തസ്യ ബോധതം — തം മാം ജാനീതം

അര്‍ത്ഥം-അല്ലയോ ഇന്ദ്രാഗ്നികളേ, വിശുദ്ധന്മാരായ നിങ്ങള്‍ യജ്ഞത്തിന്ന് ഋത്വിക്കുകളാണല്ലോ. യുദ്ധങ്ങളിലും യാഗാദി കര്‍മ്മങ്ങളിലും വര്‍ത്തിക്കുന്ന ആ നിങ്ങള്‍ എന്നെ അറിഞ്ഞാലും.

2 തോശാസാരഥയാവാനാ

വൃത്രഹണാപരാജിതാ

ഇന്ദ്രാഗ്നീതസ്യബോധതം

അന്വയം:-

ഹേ ഇന്ദ്രാഗ്നീ,
തോശാസാ — ശത്രൂന്‍ ഹിംസന്തൗ
രഥ-യാവാനാ — രഥേനാഗച്ഛന്തൗ
വൃത്ര-ഹനാ — വൃത്രഹന്താരൗ
അപരാ-ജിതാ — കേനാപ്യപരാജിതൗയുവാം
തസ്യ ബോധതം — തം മാം ജാനീതം

അര്‍ത്ഥം-അല്ലയോ ഇന്ദ്രാഗ്നികളേ, ശത്രുഹിംസകരും തേരേറിവരുന്നവരും വൃത്രഹന്താക്കളും ആരാലും തോല്പിക്കപ്പെടാത്തവരുമായ നിങ്ങള്‍ ആ എന്നെ അറിഞ്ഞാലും.

3 ഇദംവാംമദിരംമ

ധ്വധുക്ഷന്നദ്രിഭിര്‍ന്നരഃ

ഇന്ദ്രാഗ്നീതസ്യബോധതം

അന്വയം:—
ഹേ ഇന്ദ്രാഗ്നീ, വാം നരഃ — യുവാമുദ്ദിശ്യനേതാരഃ
അദ്രി-ഭിഃ മദിരം ഇദം
മധു — ഗ്രാവഭിർമ്മദകരം സോമാത്മകമമൃതം
അധുക്ഷൻ — അപൂരയൻ
തസ്യ ബോധതം — തം മാം ജാനീതം

അർത്ഥം—അല്ലയോ ഇന്ദ്രാഗ്നികളേ, നിങ്ങളെ ഉദ്ദേശിച്ച് എൻെറ യജ്ഞത്തിൻെറ നേതാക്കളായ ഋത്വിക്കുകൾ ഹർഷകരമായ ഈ സോമാമൃതം നിറച്ചുവെച്ചിരിക്കുന്നു. ആ എന്നെ അറിഞ്ഞാലും.

4 ജുഷേഥാംയജ്ഞമിഷ്ടയേ
സുതംസോമംസധസ്തുതീ
ഇന്ദ്രാഗ്നീആഗതന്നരാ

അന്വയം:—
ഹേ സധ-സ്തുതീ, നരാ,
ഇന്ദ്രാഗ്നീ, — സഹഭ്രതസ്തുതീ.
നേതാരാവിന്ദ്രാഗ്നീ,
യജ്ഞം ജുഷേഥാം — സേവേഥാം
ഇഷ്ടയേ സുതം സോമം
ആ ഗതം — ആഗച്ഛതം ച

അർത്ഥം—ഒപ്പം ചൊല്ലപ്പെടുന്ന സ്തുതികളോടുകൂടിയവരും നേതാക്കളുമായ ഇന്ദ്രാഗ്നികളേ, ഞങ്ങളുടെ യജ്ഞം കൈക്കൊണ്ടാലും. യാഗത്തിന്നായി സംസ്കരിക്കപ്പെട്ട സോമത്തെ പ്രാപിച്ചാലും.

5 ഇമാജ്ജുഷേഥാംസവനാ
യേഭിർഹവ്യാന്യൂഹഥുഃ
ഇന്ദ്രാഗ്നീആഗതന്നരാ

അന്വയം:—

ഹേ ഇന്ദ്രാഗ്നീ. നരാ — നേതാരൗ, യുവാം
യേഭിഃ ഹവ്യാനി
ഊഹഥുഃ — യൈസ്സവനൈർഹവീംഷി വഹഥഃ
ഇമാ സവനാ ജുഷേഥാം — താനീമാനി സവനാനി സേവേഥാം
ആ ഗതം — ആഗച്ഛതം ച

അർത്ഥം—അല്ലയോ ഇന്ദ്രാഗ്നികളേ, നേതാക്കളായ നിങ്ങൾ സവനങ്ങളേവയാൽ ഹവിസ്സുകൾ വഹിക്കുന്നുവോ, ആ ഈ സവനങ്ങളെ സ്വീകരിച്ചാലും. വന്നാലും.

6 ഇമാങ്ഗായത്രവർത്തനി
ഞ്ജുഷേഥാംസുഷ്ടുതിംമമ
ഇന്ദ്രാഗ്നീആഗതന്നരാ വ. 20

അന്വയം:—

ഹേ നരാ ഇന്ദ്രാഗ്നീ, മമ
ഗായത്ര–വർത്തനിം — ഗായത്രമാർഗ്ഗാം
ഇമാം സു–സ്തുതിം — ശോഭനാം സ്തുതിം
ജുഷേഥാം — യുവാം സേവേഥാം
ആ ഗതം — ആഗച്ഛതം

അർത്ഥം—അല്ലയോ നേതാക്കളായ ഇന്ദ്രാഗ്നികളേ, ഗായത്രച്ഛന്ദസ്സിലുള്ള ഈ നല്ല സ്തുതിയെ നിങ്ങൾ കൈക്കൊണ്ടാലും, വന്നാലും.

7 പ്രാതര്യാവഭിരാഗത
ന്ദേവേഭിർജേന്യാവസൂ
ഇന്ദ്രാഗ്നീസോമപീതയേ

അന്വയം:—

ഹേ ജേന്യാവസൂ,
ഇന്ദ്രാഗ്നീ, — ജേതവ്യശത്രുധനാവിന്ദ്രാഗ്നീ,
പ്രാതര്യാവ–ഭിഃ
ദേവേഭിഃ — പ്രാതഃകാലേ യാഗം ഗന്തൃഭിർദ്ദേവൈസ്സഹ
സോമ–പീതയേ
ആ ഗതം — സോമപാനായാഗച്ഛതം

അർത്ഥം—ശത്രുക്കളെ ജയിച്ചു നേടാവുന്ന ധനത്തോടുകൂടിയ ഇന്ദ്രാഗ്നികളേ, പ്രഭാതത്തിൽ യാഗം പ്രാപിക്കുന്ന ദേവന്മാരോടുകൂടി സോമപാനത്തിന്നായി വന്നാലും.

8 ശ്യാവാശ്വസ്യസുന്വ

തോത്രീണാംശൃണുതംഹവം

ഇന്ദ്രാഗ്നീസോമപീതയേ

അന്വയം:—

ഹേ ഇന്ദ്രാഗ്നീ, സുന്വതഃ — സോമാഭിഷവം കുർവ്വതോ യജമാനസ്യ
ശ്യാവ–അശ്വസ്യ
അത്രീണാം — മമ ഋത്വിജാം
ഹവം സോമ--പീതയേ
ശൃണുതം — ആഹ്വാനം സോമപാനായ ശൃണുതം

അർത്ഥം—അല്ലയോ ഇന്ദ്രാഗ്നികളേ, സോമം സംസ്കരിക്കുന്ന യജമാനനായ ശ്യാവാശ്വന്റെ, എന്റെ, ഋത്വിക്കുകളുടെ വിളി നിങ്ങൾ സോമപാനത്തിന്നായി കേട്ടാലും.

9 ഏവാവാമഹ്വഊതയേ

യഥാഹ്ഹുവന്തമേധിരാഃ

ഇന്ദ്രാഗ്നീസോമപീതയേ

അന്വയം:

ഹേ ഇന്ദ്രാഗ്നീ, വാം
യഥാ മേധിരാഃ — യുവാം യഥാ പ്രാജ്ഞാഃ

| | |
|---|---|
| അഹ്വവന്ത ഏവ | — ആഹൂതവന്തഃ, ഏവമഹം |
| ഊതയേ, സോമ-<br>പീതയേ | — രക്ഷണായ, സോമപാനായ ച |
| അഹ്വേ | — ഹ്വയാമി |

അത്ഥം.—അല്ലയോ ഇന്ദ്രാഗ്നികളേ, നിങ്ങളെ വിദ്വാന്മാർ വിളിച്ചതുപോലെ ഞാനും രക്ഷയ്ക്കും സോമപാനത്തിന്നുമായി വിളിക്കുന്നു.

10 ആഹംസരസ്വതീവതോ
രിന്ദ്രാഗ്ന്യോരവോവൃണേ
യാഭ്യാങ്ഗായത്രമൃച്യതേ വ. 21

അന്വയം:—

| | |
|---|---|
| യാഭ്യാം | — യയോരിന്ദ്രാഗ്ന്യോരത്ഥം |
| ഗായത്രം ഋച്യതേ | — സാമസ്തൂയതേ |
| സരസ്വതീ-വതോഃ | — സ്തുതിമതോസ്തയോഃ |
| ഇന്ദ്രാഗ്ന്യോഃ അവഃ | — രക്ഷണം |
| അഹം ആ വൃണേ | — സംഭജാമി |

അത്ഥം-ഇന്ദ്രാഗ്നികളേവക്കായി സാമസ്തുതി ചൊല്ലപ്പെടുന്നുവോ, ആ സ്തുതിമാന്മാരായ (സ്തുതിവിഷയന്മാരായ) ഇന്ദ്രാഗ്നികളുടെ രക്ഷണത്തെ ഞാൻ ഭജിക്കുന്നു, പ്രാത്ഥിക്കുന്നു.

വഗ്ഗം 22_23 കാണ്വഃ നാഭാകഃ ഋഷിഃ, മഹാപങ്ക്തി-ശ്ഛന്ദഃ, അഗ്നിദ്ദേവതാ.

1 അഗ്നിമസ്തോഷ്യൃഗ്മിയ
മഗ്നിമീളായജധ്യൈ
അഗ്നിദ്ദേവാँഅനക്തുന
ഉഭേഹിവിദഥേകവി
രന്തശ്ചരതിദൂത്യം
നഭന്താമന്യകേസമേ

അന്വയം:—

| | |
|---|---|
| ഋഗ്മിയം അഗ്നിം | |
| അസ്തോഷി | — ഋഗഹം തംസ്തൗമി |
| അഗ്നിം യജധ്യൈ ഈളാ | — യഷ്ടും സ്തുത്യാസ്തൗമി |
| അഗ്നിഃ നഃ വിദഥേ | |
| ദേവാൻ അനക്ത്തു | — അസ്മാകം യജ്ഞേദേവാനാ നയത്തു |
| കവിഃ ഉഭേ അന്തഃ ഹി | — ക്രാന്തദശ്യഗ്നിഃ ദ്യാവാപൃഥി വ്യോമ്മദ്ധ്യഏവ |
| ദൂത്യം ചരതി | — ഹവിർവ്വഹനകർമ്മകരോതി |
| അന്യകേ സമേ നഭന്താം | — ശത്രവസ്സർവ്വേ (അഗ്നിനാ) ഹിംസ്യന്താം |

അർത്ഥം—ഋങ്മന്ത്രങ്ങളാൽ സേവ്യനായ അഗ്നിയെ ഞാൻ സ്തുതിക്കുന്നു. അഗ്നിയെ യജിപ്പാനായി സ്തുതിയാൽ വാഴ്ത്തുന്നു. അഗ്നി നമ്മുടെ യാഗത്തിൽ ദേവന്മാരെക്കൊണ്ടുവരട്ടെ. എല്ലാററിന്നുമപ്പുറം കാണുന്ന അഗ്നി, ദ്യാവാപൃഥിവികൾക്കിടയിൽ തന്നെ ഹവിസ്സേന്തുന്ന കർമ്മം ചെയ്യുന്നു. ശത്രുക്കളെല്ലാം (അഗ്നിയാൽ) ഹിംസിക്കപ്പെടട്ടെ.

2 ന്യഗ്നേനവ്യസാവച

സ്തനൂഷുശംസമേഷാം

ന്യരാതീരരാവ്ണാം

വിശ്വാഅര്യോഅരാതീ

രിതോയുച്ഛന്ത്വാമുരോ

നഭന്താമന്യകേസമേ

അന്വയം:—

| | |
|---|---|
| ഹേ അഗ്നേ, തനൂഷു | — അസ്മാകമങ്ഗേഷു |
| നവ്യസാ വചഃ | — നവതരേണ വചസാ, സ്തോത്രേണ |

ഏഷാം ശംസം നി — ശത്രൂണാം ശംസനം നിദഹ
രരാവ്ണാം അരാതീഃ നി — ഹവിഃ പ്രയച്ഛതാം ശത്രൂംശ്ച നിദഹ
(അപിച) വിശ്വാഃ അര്യഃ
ആ–മുരഃ — സർവ്വേ അഭിഗച്ഛന്ത ആമൂഢാഃ
അരാതീഃ ഇതഃ യുച്ഛന്തു — ശത്രവഇതോഗച്ഛന്തു
അന്യകേ സമേ നഭന്താം — ശത്രവസ്സർവ്വേ ഹിംസ്യന്താം

അർത്ഥം–അല്ലയോ അഗ്നേ, ഞങ്ങളുടെ അങ്ഗങ്ങളിലെ (കണ്ഠം മുതലായ അങ്ഗങ്ങളിൽ നിന്നു പുറപ്പെടുന്ന) പുതിയ സ്തോത്രവചനംകൊണ്ടു് (പ്രീതനായി) ശത്രുക്കളുടെ അധിക്ഷേപത്തെ ദഹിപ്പിച്ചാലും, (അല്ലെങ്കിൽ സ്തോത്രവചനംകൊണ്ടു് അധിക്ഷേപവചനത്തെ ദഹിപ്പിച്ചാലും.) അവിടേക്കു് ഹവിസ്സേകുന്ന (എല്ലാ)വരുടെ ശത്രുക്കളെയും ദഹിപ്പിച്ചാലും. കൂടാതെ നേരെ വരുന്ന മഹാ മൂഢന്മാരായ എല്ലാ ശത്രുക്കളും ഇവിടെനിന്നു പോകട്ടേ. ശത്രുക്കളെല്ലാം ഹിംസിക്കപ്പെടട്ടേ.

3 അഗ്നേമന്മാനിതുഭ്യംകം

ഘൃതന്നജുഹ്വആസനി

സദേവേഷുപ്രചികിദ്ധി

ത്വംഹ്യസിപൂർവ്യ

ശിവോദൂതോവിവസ്വതോ

നഭന്താമന്യകേസമേ

അന്വയം:–
ഹേ അഗ്നേ, തുഭ്യം
ആസനി — ത്വദർത്ഥമാസ്യേ
കം ഘൃതം ന — യഥാ സുഖകരം ഘൃതം അന്യേ ജുഹ്വതി തദ്വദഹമപി
മന്മാനി ജുഹ്വേ — മനനീയാനി സ്തോത്രാണി ജുഹോമി

(ത്വം) ദേവേഷു പ്ര
ചികിദ്ധി — ദേവാനാം മദ്ധ്യേ അസ്മദീയാ
സ്തുതീർജ്ജാനീഹി

(അപിച) സഃ ത്വം
പൂർവ്വ്യഃ ഹി അസി — പ്രത്ന ഏവ ഭവസി
ശിവഃ, വിവസ്വതഃ ദൂതഃ — സുഖകരഃ, ആദിത്യസ്യ
ദൂതോസി
അന്യകേ സമേ നഭന്താം — ശത്രവസ്സൎവ്വേ ഹിംസ്യന്താം

അർത്ഥം—അല്ലയോ അഗ്നേ, അവിടേയ്ക്കു്, വായിൽ സുഖകരമായ നൈ അന്യർ ഹോമിക്കുന്നപോലെ, ആലോചനീയാർത്ഥമായ സ്തോത്രം ഞാൻ ഹോമിക്കുന്നു. ആ അവിടുന്നു് ദേവന്മാർക്കിടയിൽ ഞങ്ങളുടെ സ്തുതിയെ അറിയിച്ചാലും. ആ അവിടുന്നു് പുരാതനൻതന്നെയാകുന്നു. സുഖകരനും ആദിത്യന്റെ ദൂതനുമാകുന്നു. ശത്രുക്കളെല്ലാം ഹിംസിക്കപ്പെടട്ടേ.

4 തത്തദഗ്നിർവ്വയോദധേ
യഥായഥാകൃപണ്യതി
ഊർജ്ജാഹുതിർവ്വസൂനാം
ശഞ്ചയോശ്ചമയോദധേ
വിശ്വസ്യൈദേവഹൂത്യൈ
നഭന്താമന്യകേസമേ

അന്വയം:—
യഥാ—യഥാ കൃപണ്യതി — യദ്യദന്നം സ്തോതൃഭിര്യാച്യതേ
തൽ—തൽ വയഃ അഗ്നിഃ
ദധേ — തത്തദന്നം സ്തോതൃഭ്യഃ പ്രയച്ഛതി
(അപിച)
ഊർജ്ജാ—ആഹുതിഃ — അന്നേനാഹൂയമാനോഗ്നിഃ
വസൂനാം — ഹവിഷാം വാസകാനാം
യജമാനാനാം

ശം യോഃ ച — ശാന്തിനിമിത്തം, വിഷയ
യോഗജനിതഞ്ച
മയഃ ച ദധേ — സുഖം ച കരോതി
വിശ്വസ്യൈ ദേവ-
ഹൂത്യൈ — സർവ്വേഷാം ദേവാനാ
മാഹ്വാനായ ഭവതി
(യഃ കശ്ചനാപി ദേവോയദി ഹൂയതേ, അഗ്നിരേവ സർവ്വം കരോതി)
അന്യകേ സമേ നഭന്താം — ശത്രവസ്സർവ്വേ ഹിംസ്യന്താം

അർത്ഥം—ഏതേതന്നം സ്തോതാക്കളാൽ യാചിക്കപ്പെടുന്നുവോ, അതാതന്നം അഗ്നി സ്തോതാക്കൾക്കു കൊടുക്കുന്നു. ഹവിരന്നത്താൽ വിളിക്കപ്പെടുന്ന അഗ്നി ഹവിസ്സു സൂക്ഷിക്കുന്ന യജമാനന്മാർക്കു് ഉപദ്രവശാന്തികരവും അഭീഷ്ടസിദ്ധിപ്രദവുമായ സുഖവുമുണ്ടാക്കുന്നു. സർവ്വ ദേവന്മാരെയും വിളിക്കാനായി അവിടുന്നാണു് ഭവിക്കുന്നതു്. അതായതു് ഏതെങ്കിലും ദേവൻ വിളിക്കപ്പെടുന്നുവെങ്കിൽ അഗ്നിതന്നെയാണെല്ലാം ചെയ്യുന്നതു്. ശത്രുക്കളെല്ലാം ഹിംസിക്കപ്പെടട്ടെ.

5 സചികേതസഹീയ
സാഗ്നിശ്ചിത്രേണകർമ്മണാ
സഹോതാശശ്വതീനാം
ദക്ഷിണാഭിരഭീവൃത
ഇനോതിചപ്രതീവ്യഽ
ന്നഭന്താമന്യകേസമേ വ. 22

അന്വയം:—
സഃ അഗ്നിഃ സഹീയസാ — അഭിഭാവുകേന
ചിത്രേണ കർമ്മണാ
ചികേത — നാനാവിധേന വ്യാപാരേണ
ജ്ഞായതേ

സഃ ശശ്വതീനാം ഹോതാ— ബഹ്വീനാം ദേവതാനാം ഹ്വാതാ
ദക്ഷിണാഭിഃ അഭി-വൃതഃ — പശുഭിഃ പരിവൃതഃ
പ്രതീവ്യം ഇനോതി ച — പ്രത്യേതവ്യം ശത്രും ഗച്ഛതി ച
അന്യകേ സമേ നഭന്താം — ശത്രവസ്സർവ്വേ ഹിംസ്യന്താം

അർത്ഥം—ആ അഗ്നി, കീഴടക്കുന്നതും നാനാവിധവുമായ വ്യാപാരത്താൽ അറിയപ്പെടുന്നു. അവിടുന്ന് സംഖ്യയററ ദേവതമാരെ വിളിക്കുന്നവനാകുന്നു. പശുക്കളാൽ ചുററപ്പെട്ടവനാകുന്നു. എതിർക്കപ്പെടേണ്ടും ശത്രുക്കളെ പ്രാപിക്കുന്നു. ശത്രുക്കളെല്ലാം ഹിംസിക്കപ്പെടട്ടെ.

6 അഗ്നിർജ്ജാതാദേവാനാ
മഗ്നിർവ്വേദമർത്താനാമപീച്യം
അഗ്നിസ്സ്ദ്രവിണോദാ
അഗ്നിർദ്വാരാവ്യൂർണ്ണുതേ
സ്വാഹുതോനവീയസാ
നഭന്താമന്യകേസമേ

അന്വയം:—

ദേവാനാം ജാതാ അഗ്നിഃ — ജന്മാന്യഗ്നിർവ്വേത്തി
മർത്താനാം (ച)
അപീച്യം — മനുഷ്യാണാം ഗുഹ്യം
അഗ്നിഃ വേദ — വേത്തി
സഃ അഗ്നിഃ
ദ്രവിണഃ-ദാഃ — ധനസ്യ ദാതാ
നവീയസാ സു-ആഹുതഃ — നവതരേണ ഹവിഷാ സമ്യഗ്ഘുതഃ
അഗ്നിഃ ദ്വാരാ വി
ഊർണ്ണുതേ — ധനസ്യ ദ്വാരാണി വിവൃണോതി
അന്യകേ സമേ നഭന്താം — ശത്രവസ്സർവ്വേ ഹിംസ്യന്താം

അൎത്ഥം—ദേവന്മാരുടെ ജന്മങ്ങൾ അഗ്നി അറിയുന്നു. മനുഷ്യരുടെ ഗുഹ്യങ്ങൾ (ഹൃദയത്തിലുള്ള ഗൂഢവിചാരങ്ങൾ പോലും) അഗ്നി അറിയുന്നു. ആ അഗ്നി ധനദാതാവാകുന്നു. പുതിയ ഹവിസ്സാൽ നന്നായി ഹോമിക്കപ്പെടുന്നവനാകുന്നു. അഗ്നിയാണു് ധനത്തിന്റെ കവാടങ്ങൾ തുറക്കുന്നതു്. ശത്രുക്കളെല്ലാം ഹിംസിക്കപ്പെടട്ടേ.

7 അഗ്നിൎദ്ദേവേഷുസംവസു

സ്സവിക്ഷുയജ്ഞിയാസ്വാ

സമുദാകാവ്യാപുരു

വിശ്വംഭൂമേവപുഷ്യതി

ദേവോദേവേഷുയജ്ഞിയോ

നഭന്താമന്യകേസമേ

അന്വയം:—

അഗ്നിഃ ദേവേഷു
സം—വസുഃ — ദേവേഷു മദ്ധ്യേ സംവസതി
സഃ യജ്ഞിയാസു വിക്ഷു — യജ്ഞാൎഹാസു പ്രജാസ്വപി സംവസുഃ
(കിഞ്ച) സഃ ഭൂമ—ഇവ
വിശ്വം പുരു കാവ്യാ — യഥാഭൂമിഃ സൎവ്വം പുരൂണി, ബഹൂനി കൎമ്മാണി
മുദാ ആ പുഷ്യതി — മോദേന ആസമന്താൽ പോഷയതി
ദേവേഷു ദേവഃ യജ്ഞിയഃ — ദേവേഷു മദ്ധ്യേ ദേവഃ, യജ്ഞാൎഹശ്ച ഭവതി
അന്യകേ സമേ നഭന്താം — ശത്രവസ്സൎവ്വേ ഹിംസ്യന്താം

അൎത്ഥം—അഗ്നി, ദേവന്മാൎക്കിടയിൽ നന്നായി വസിക്കുന്നു. യജ്ഞകൎമ്മത്തിന്നൎഹതയുള്ള പ്രജകളിലും വസിക്കുന്നു. അവിടുന്നു് ഭൂമി വിശ്വത്തെ എന്നപോലെ എല്ലാ കൎമ്മങ്ങളെയും സന്തോഷത്തോടുകൂടി പൂൎണ്ണമായി പോഷിപ്പിക്കുന്നു. അവിടു

ന്ന് ദേവന്മാർക്കിടയിൽ ദേവനും യജ്ഞാർഹനുമാകുന്നു. ശത്രുക്കളെല്ലാം ഹിംസിക്കപ്പെടട്ടേ.

4 യോഅഗ്നിസ്സപ്തമാനുഷ

ശ്രിതോവിശ്വേഷുസിന്ധുഷു

തമാഗന്മത്രിപസ്ത്യം

മന്ധാതുർദ്ദസ്യുഹന്തമ

മഗ്നിംയജ്ഞേഷുപൂർവ്വ്യ

ന്നഭന്താമന്യകേസമേ

അന്വയം:—

| | | |
|---|---|---|
| യഃ അഗ്നിഃ | | |
| സപ്ത-മാനുഷഃ | — | സപ്തഹോതാ |
| വിശ്വേഷു സിന്ധുഷു | | |
| ശ്രിതഃ | — | സർവ്വാസുനദീഷു സ്ഥിതോ ഭവതി |
| മന്ധാതുഃ ദസ്യുഹൻ-തമം | | യൗവനാശ്വസ്യമാന്ധാതുർദ്ദസ്യൂനാം ഹന്താരം |
| ത്രി-പസ്ത്യം, യജ്ഞേഷു | | |
| പൂർവ്വ്യം | — | ത്രിസ്ഥാനം, യാഗേഷു മുഖ്യം |
| തം അഗ്നിം ആ അഗന്മ | — | പ്രാപ്നുവാമ |
| അന്യകേ സമേ നഭന്താം | — | ശത്രവസ്സർവ്വേ ഹിംസ്യന്താം |

അർത്ഥം-യാതൊരഗ്നി സപ്തഹോതാവാണോ, എല്ലാ നദികളിലും സ്ഥിതനാണോ, യുവനാശ്വന്റെ മകനായ മാന്ധാതാവിന്റെ ശത്രുക്കളുടെ ഹന്താവായും, ഭൂമി, അന്തരിക്ഷം, ദ്യോവ് (ആഹവനീയം, ഗാർഹപത്യം, ദാക്ഷിണാത്യം) എന്നീ മൂന്നു സ്ഥാനങ്ങളുള്ളവനും യജ്ഞങ്ങളിൽ മുഖ്യനുമായ ആ അഗ്നിയെ നമ്മൾ പ്രാപിക്കുന്നു. ശത്രുക്കളെല്ലാം ഹിംസിക്കപ്പെടട്ടേ.

9 അഗ്നിസ്ത്രീണിത്രിധാതൂ
ന്യാക്ഷേതിവിദഥാകവിഃ
സത്രീഁരേകാദശാഁഇഹ
യക്ഷച്ചപിപ്രയച്ചനോ
വിപ്രോദൂതഃപരിഷ്കൃതോ
നഭന്താമന്യകേസമേ

അന്വയം:—

കവിഃ അഗ്നിഃ — ക്രാന്തദർശ്യഗ്നിഃ
ത്രീണി ത്രി-ധാതൂനി — ത്രിബന്ധനാദീനി, പൃഥിവ്യാദീനി
വിദഥാ ആ ക്ഷേതി — വേദനീയാനി സ്ഥാനാന്യാവസതി
(അപിച) സഃ ദൂതഃ — ദേവാനാം ദൂതഃ
വിപ്രഃ പരി—കൃതഃ — പ്രാജ്ഞഃ അലങ്കൃതഃ
ഇഹ ത്രീൻ ഏകാദശാൻ
യക്ഷൽ ച — ത്രയസ്ത്രിംശദ്ദേവാൻ യജതു ച
നഃ പിപ്രയൽ ച — കാമൈഃ പൂരയതു ച
അന്യകേ സമേ നഭന്താം — ശത്രവസ്സർവ്വേ ഹിംസ്യന്താം

അർത്ഥം—കവിഞ്ഞുകാണുന്ന അഗ്നി, ഭൂമി, ആകാശം, ദ്യോവു് എന്നിവിടങ്ങളിൽ ഉള്ള അറിയപ്പെടേണ്ടും സ്ഥാനങ്ങളിൽ വസിക്കുന്നു. അവിടന്നു് ദേവന്മാരുടെ ദൂതനാകുന്നു. പ്രാജ്ഞനും അലങ്കൃതനുമായി ഈ യജ്ഞത്തിൽ മൂന്നു പതിനൊന്നു് (മുപ്പത്തിമൂന്നു്) ദേവന്മാരെയും യജിക്കട്ടേ. നമ്മെ കാമങ്ങളാൽ നിറവിയറ്റട്ടേ. ശത്രുക്കളെല്ലാം ഹിംസിക്കപ്പെടട്ടേ.

10 ത്വന്നോഅഗ്നആയുഷു
ത്വന്ദേവേഷുപൂർവ്വ്യ
വസ്വഏകഇരജ്യസി
ത്വാമാപഃപരിസ്രുതഃ
പരിയന്തിസ്വസേതവോ
നഭന്താമന്യകേസമേ വ. 23

അന്വയം:–

| | |
|---|---|
| ഹേ പൂർവ്വ്യ, അഗ്നേ, ത്വം | |
| ഏകഃ | — ദേവേഷു മുഖ്യാഗ്നേ, ത്വമേവ |
| ആയുഷു നഃ | — മനുഷ്യേഷു മദ്ധ്യേസ്മാകം |
| വസ്വഃ ഇരജ്യസി | — ധനസ്യേശിഷേ |
| ദേവേഷു ത്വം | — തേഷു മധ്യേപി വസ്വഃ ഇരജ്യസി |
| (അപിച) ത്വാം | |
| സ്വ–സേതവഃ | — സ്വഭൃതസേതവഃ |
| പരി–സ്രുതഃ ആപഃ പരി യന്തി | — പരിസ്രവന്ത്യഃ പരിഗച്ഛന്തി |
| അന്യകേ സമേ നഭന്താം | — ശത്രവസ്സർവ്വേ ഹിംസ്യന്താം |

**അർത്ഥം**–ദേവന്മാരിൽ മുമ്പനായ അഗ്നേ, അവിടുന്നു മാത്രമാണു് മനുഷ്യരുടെ ഇടയിൽ ഞങ്ങൾക്കു് ധനത്തിന്നീശനാകുന്നതു്. ദേവന്മാർക്കിടയിലും ധനത്തിന്നീശനാകുന്നതു്. പിന്നെ അവിടുന്നിൽ നിന്നൊഴുകുന്ന സേതുക്കളാണു് ഒഴുകുന്ന ജലങ്ങളായി ചുററും ചരിക്കുന്നതു്. ശത്രുക്കളെല്ലാം ഹിംസിക്കപ്പെടട്ടേ.

വർഗ്ഗം 4–25. മഹാപങ്ക്തിശക്വരീത്രിഷ്ടുഭശ്ഛന്ദാംസി, ഇന്ദ്രാഗ്നീദേവതാ.

1 ഇന്ദ്രാഗ്നീയുവംസുന്

സ്സഹന്താദാസഥോരയിം

യേനദൃള്ഹാസമൽസ്വാ

വീളുചിൽസാഹിഷീമ

ഹ്യഗ്നിർവ്വനേവവാതഇ

ന്നഭന്താമന്യകേസമേ

അന്വയം:–

| | |
|---|---|
| ഹേ ഇന്ദ്രാഗ്നീ, സഹന്താ | |
| യുവം | — ശത്രൂനഭിഭവന്തൗയുവാം |
| യേന സമൽ–സു | — യേനരയിണാ സങ്ഗ്രാമേഷു |
| ദൃള്ഹാ ചിൽ വീളു | — ദൃഢാന്യപിശത്രുബലാനി |
| അഗ്നിഃ വനാ–ഇവ | — യഥാഗ്നിർവ്വനാനി |
| വാതേ ഇൽ | — വാതേനൈവാഭിഭവതി തഥാ |
| ആ സഹിഷീമഹി | — സമന്താദഭിഭവാമ |
| (തം) രയിം നഃ സു | |
| ദാസഥഃ | — ധനമസ്മാകം സുഷ്ഠുദത്തം |
| അന്യകേ സമേ നഭന്താം | — ശത്രവസ്സർവ്വേഹിംസ്യന്താം |

അർത്ഥം--അല്ലയോ ഇന്ദ്രാഗ്നികളേ, ശത്രുക്കളെ കീഴടക്കുന്ന നിങ്ങൾ യാതൊരു ധനത്താൽ, അഗ്നി വായുവിനോടുകൂടി വനങ്ങളെ കീഴടക്കുന്നപോലെ, ഉറച്ച ശത്രുബലങ്ങളെപ്പോലും തികച്ചും ജയിക്കുന്നുവോ, ആ ധനം ഞങ്ങൾക്ക നന്നായി തന്നരുളിയാലും. ശത്രുക്കളെല്ലാം ഹിംസിക്കപ്പെടട്ടേ.

2 നഹിവാംവവ്രയാമ
ഹേഥേന്ദ്രമിദ്യജാമഹേ
ശവിഷ്ഠന്നൃണാന്നരം
സനഃകദാചിദർവ്വതാ
ഗമദാവാജസാതയേ
ഗമദാമേധസാതയേ
നഭന്താമന്യകേസമേ

അന്വയം:—

| | |
|---|---|
| (ഹേ ഇന്ദ്രാഗ്നീ,) വാം നഹി വവ്രയാമഹേ | — യുവാം ധനം ന യാചാമഹേ |
| അഥ ശവിഷ്ഠം | — അപിതർഹ്യതിശയേന ബലവന്തം |
| നൄണാം നരം ഇന്ദ്രം ഇൽ യജാമഹേ | — നേതൄണാമപിനേതാരമിന്ദ്രമേവ പൂജയാമഹേ |
| സഃ നഃ അർവ്വതാ കദാ ചിൽ | — സഃ ഇന്ദ്രഃ അസ്മാൻ അശ്വേന കസ്മിൻ കാലേ |
| വാജ–സാതയേ ആ ഗമൽ? | — അന്നലാഭായാഗച്ഛതി? |
| (കദാ ചിൽ) മേധ–സാതയേ ആ ഗമൽ? | — യജ്ഞഭജനായാഗച്ഛതി? |
| അന്യകേ സമേ നഭന്താം | — ശത്രവസ്സർവ്വേ ഹിംസ്യന്താം |

അർത്ഥം—അല്ലയോ ഇന്ദ്രാഗ്നികളേ, നിങ്ങളോടു ഞങ്ങളും ധനം യാചിക്കുന്നില്ല. എന്നാൽ ഏററവും ബലവാനും നേതാക്കൾക്കും നേതാവുമായ ഇന്ദ്രനെത്തന്നെ യജിക്കുന്നു. ആ ഇന്ദ്രൻ കുതിരയോടുകൂടി എപ്പോഴാണു് അന്നപ്രാപ്തിക്കായി ഞങ്ങളെ പ്രാപിക്കുക? എപ്പോഴാണു് യജ്ഞപ്രാപ്തിക്കായി വന്നുചേരുക? ശത്രുക്കളെല്ലാം ഹിംസിക്കപ്പെടട്ടെ.

3 താഹിമദ്ധ്യംഭരാണാ
മിന്ദ്രാഗ്നീഅധിക്ഷിതഃ
താഉകവിത്വനാകവീ
പൃച്ഛ്യമാനാസഖീയതേ
സന്ധീതമശ്നുതന്നരാ
നഭന്താമന്യകേസമേ

അന്വയം:—

| | |
|---|---|
| താ ഇന്ദ്രാഗ്നീ ഭരാണാം | — തൗസങ്ഗ്രാമാണാം |
| മദ്ധ്യം അധി- | |
| ക്ഷിതഃ ഹി | — അധിനിവസതഃ ഖലു |
| (അഥ പ്രത്യക്ഷസ്തുതിഃ) | |
| ഹേ നരാ, | — നേതാരാവിന്ദ്രാഗ്നീ, |
| കവി-ത്വനാ കവീ | — കവിത്വേന ക്രാന്തകർമ്മാണൗ |
| പൃച്ഛ്യമാനാ തൗ ഉ | — കവിജനൈഃ പൃച്ഛ്യമാനൗതാവേവയുവാം |
| സഖി-യതേ | — സഖിത്വമിച്ഛതേ യജമാനായ |
| ധീതം സം അശ്നുതം | — തൽകൃതം കർമ്മ സം പ്രാപ്നുതം |
| അന്യകേ സമേ നഭന്താം | — ശത്രവസ്സർവ്വേ ഹിംസ്യന്താം |

അർത്ഥം—ആ ഇന്ദ്രാഗ്നികൾ പോർക്കളങ്ങളുടെ നടുവിലാണല്ലോ വസിക്കുന്നത്. (എനി നേരിട്ട്) അല്ലയോ നേതാക്കളേ, കവിത്വംകൊണ്ട് കവിഞ്ഞ കർമ്മങ്ങളുററവരും, മേധാവികളാൽ സംശയം ചോദിക്കപ്പെടുന്നവരുമായ ആ നിങ്ങൾ തന്നെ, ചങ്ങാതമിച്ഛിക്കുന്ന യജമാനനുവേണ്ടി, അദ്ദേഹം ചെയ്ത കർമ്മത്തെ പ്രാപിച്ചാലും, സ്വീകരിച്ചാലും. ശത്രുക്കളെല്ലാം ഹിംസിക്കപ്പെടട്ടേ.

4 അഭ്യർച്ചനഭാകവ
ദിന്ദ്രാഗ്നീയജസാഗിരാ
യയോർവ്വിശ്വമിദഞ്ജഗ
ദിയന്ദ്യൗഃപൃഥിവീമ
ഹ്യുപസ്ഥേബിഭൃതോവസു
നഭന്താമന്യകേസമേ

അന്വയം:—

(ഋഷിരാത്മാനം ബ്രൂതേ, ഹേ നാഭാക,)
യയോഃ വിശ്വം ഇദം
ജഗൽ — യയോരിന്ദ്രാഗ്ന്യോസ്സർവ്വം ജഗത്തിഷ്ഠതി
(യയോശ്ച) ഇയം ദ്യൗഃ
മഹീ പൃഥിവീ — ദ്യാവാപൃഥിവ്യാവുഭേ
ഉപ-സ്ഥേ വസു
ബിഭൃതഃ — അങ്കേ ധനം ധാരയതഃ
(തൗ) ഇന്ദ്രാഗ്നീ
നഭാക-വൽ — യഥാനഭാകഃ പൂരാകൃതവാൻ തഥാ
യജസാ ഗിരാ അഭി അർച്ച — യാഗേനസ്തുത്യാചാഭിപൂജയ
അന്യകേ സമേ നഭന്താം — ശത്രവസ്സർവ്വേഹിംസ്യന്താം

അർത്ഥം:_(ഋഷി തന്നോടുതന്നെ പറയുന്നു.)

അല്ലയോ നാഭാക, ഏവരിരുവരിൽ ഇക്കണ്ട ജഗത്തു മുഴുവൻ നിലകൊള്ളുന്നുവോ. ഈ ദ്യോവും മഹതിയായ ഭൂമിയും ഏവരിരുവരുടെ മടിയിൽ സർവ്വധനവും ധരിക്കുന്നുവോ, ആ ഇന്ദ്രാഗ്നികളെ, അച്ഛനായ നഭാകൻ ചെയ്തപോലെ, യാഗത്താലും സ്തോത്രത്താലും നേരെ പൃജിക്കുക. ശത്രുക്കൾ ഹിംസിക്കപ്പെടട്ടേ.

5 പ്രബ്രഹ്മാണിനഭാകവ
ദിന്ദ്രാഗ്നിഭ്യാമിരജ്യത
യാസപ്തബുധ്‌നമർണ്ണവ
ഞ്ജിഹ്മബാരമപോർണ്ണുത
ഇന്ദ്രഈശാനഓജസാ
നഭന്താമന്യകേസമേ

അന്വയം:—

| | |
|---|---|
| യാ സപ്ത—ബുധ്‌നം | — യാവിന്ദ്രാഗ്നീ സപ്തമൂലം |
| ജിഹ്മ-ബാരം അർണ്ണവം | — പിഹിതദ്വാരം സമുദ്രം |
| അപ-ഊർണ്ണുതഃ | — തേജോഭിരാച്ഛാദയതഃ |
| (താഭ്യാം) ഇന്ദ്രാഗ്നി-ഭ്യാം | |
| നഭാക-വൽ | — യഥാനഭാകസ്തഥാ |
| ബ്രഹ്മാണി പ്ര ഇരജ്യത | — സ്തോത്രാണിനാഭാകഃ പ്രേരയതേ |
| (തയോർമ്മദ്ധ്യേ) ഓജസാ | |
| ഇന്ദ്രഃ ഈശാനഃ | — ബലേനേശ്വരോ ഭവതി |
| അന്യകേ സമേ നഭന്താം | — ശത്രവസ്സർവ്വേഹിംസ്യന്താം |

അർത്ഥം—ഇന്ദ്രാഗ്നികളേവർ കീഴേഴലോകങ്ങളാകുന്ന മൂലങ്ങളോടുകൂടിയ, മുകളടഞ്ഞ സമുദ്രത്തെ, തേജസ്സുകളാൽ മൂടിയോ, തെളിയിച്ചുവോ, ആ ഇന്ദ്രാഗ്നികൾക്കായി അച്ഛൻ നഭാകനെന്നപോലെ നാഭാകൻ സ്തോത്രങ്ങളെത്തിക്കുന്നു. അവരിരുവരിൽ ബലംകൊണ്ടു് ഇന്ദ്രനാകുന്നു ഈശ്വരൻ. ശത്രുക്കളെല്ലാം ഹിംസിക്കപ്പെടട്ടേ.

6 അപിവൃശ്ചപുരാണവ
വ്രതതേരിവഗുഷ്പിത
മോജോദാസസ്യദംഭയ
വയന്തദസ്യസംഭൃതംവ
സ്വിന്ദ്രേണവിഭജേമഹി
നഭന്താമന്യകേസമേ വ 24

അന്വയം:—

(ഹേ ഇന്ദ്ര) പുരാണ_വൽ — പ്രത്നോയഥാ
വ്രതതേഃ-ഇവ ഗുഷ്പിതം — യഥാ വല്യാനിഗ്ഗ്താം ശാഖാം വൃശ്ചതി തഥാ
(ശത്രൂണാം അങ്‌ഗാനി)
വൃശ്ച — ഛേദയ
ദാസസ്യ ഓജഃ അപി
ദംഭയ — ശത്രോബ്ബലമപിവിനാശയ
വയം അസ്യ സം-ഭൃതം
തൽ വസു — ദാസസ്യ സംഭൃതം തദ്ധനം
ഇന്ദ്രേണ വി ഭജേമഹി — തേന ഹേതുനാ ലഭേമഹി
അന്യകേ സമേ നഭന്താം — ശത്രവസ്സവ്വേ ഹിംസ്യന്താം

അത്ഥം—അല്ലയോ ഇന്ദ്ര, പഴകി ജീണ്ണിച്ച വള്ളികളുടെ ഒടിഞ്ഞു തൂങ്ങിയ ഭാഗം മുറിക്കുന്ന പോലെ, ശത്രുക്കളുടെ അങ്‌ഗങ്ങളെ ഛേദിച്ചാലും. ശത്രുക്കളുടെ ശക്തിയെയും നശിപ്പിച്ചാലും. ആ ശത്രുവിന്റെ, സംഭരിച്ചു വെച്ച മുതൽ ഇന്ദ്രൻ കാരണമായി ഞങ്ങൾ നേടുന്നുണ്ട്. ശത്രുക്കളെല്ലാം ഹിംസിക്കപ്പെടട്ടെ.

7 യദിന്ദ്രാഗ്നീജനാഇമേ
വിഹ്വയന്തേതനാഗിരാ
അസ്മാകേഭിർന്നൃഭിവ്വയം

സാസഹ്യാമപൃതന്യതോ

വനുയാമവനുഷ്യതോ

നഭന്താമന്യകേസമേ

അന്വയം:—

| | |
|---|---|
| യൽ ഇമേ ജനാഃ | — യേ ഇമേ ജനാഃ |
| തനാ, ഗിരാ | — ഹവിർദ്ധനേന, സ്തുത്യാ ച |
| ഇന്ദ്രാഗ്നീ വി–ഹ്വയന്തേ | — വിശേഷേണ ഹ്വയന്തി |
| (തേഷു മദ്ധ്യേ) വയം | — നാഭാകാഃ |
| പൃതന്യതഃ | — പൃതനാമിച്ഛന്തശ്ശത്രൂൻ |
| അസ്മാകേഭിഃ നൃ–ഭിഃ | |
| സസഹ്യാമ | — അസ്മാകീനൈർഭടൈരഭിഭവേമ |
| വനുഷ്യതഃ വനുയാമ | — തൽ സ്തുതിമിച്ഛന്ത സ്തുമഃ |
| അന്യകേ സമേ നഭന്താം | — ശത്രവസ്സർവ്വേ ഹിംസ്യന്താം |

അർത്ഥം:—ഈ ജനങ്ങളേവർ ഹവിസ്സാകുന്ന ധനം കൊണ്ടും സ്തുതിയാലും ഇന്ദ്രാഗ്നികളെ വിശേഷിച്ചും വിളിക്കുന്നുവോ, അവരിൽപ്പെട്ട നാഭാകരായ ഞങ്ങൾ പോരിച്ഛിക്കുന്ന ശത്രുക്കളെ, ഞങ്ങളുടെ ഭടന്മാരെക്കൊണ്ടു ജയിക്കാവൂ. അവിടത്തെക്കുറിച്ച സ്തുതി ഇച്ഛിക്കുന്നവരായി സ്തുതിക്കാവൂ. ശത്രുക്കളെല്ലാം ഹിംസിക്കപ്പെടട്ടേ.

8 യാനുശ്വേതാവവോദിവ

ഉച്ചരാതഉപദ്യുഭിഃ

ഇന്ദ്രാഗ്ന്യോരനുവ്രത

ഉഹാനായന്തിസിന്ധവോ

യാന്ത്സീംബന്ധാദമുഞ്ചതാം

നഭന്താമന്യകേസമേ

അന്വയം:-

| | |
|---|---|
| യാ നു ശ്വേതൗ | — യാവിന്ദ്രാഗ്നീ ശ്വേതവൎണ്ണൗ, സത്വഗുണോപേതൗ |
| അവഃ ദ്യു-ഭിഃ | — അധസ്താൽ ദീപ്തിഭിഃ |
| ദിവഃ ഉപ ഉൽ-ചരാതഃ | — ദ്യുലോകാദുപൎയ്യുച്ചരതഃ |
| (തയോരേവ) | |
| ഇന്ദ്രാഗ്ന്യോഃ ഉഹാനാഃ | — ഹവിൎവ്വഹന്തോ യജമാനാഃ |
| വ്രതം അനു യന്തി | — കൎമ്മാനുതിഷ്ഠന്തി |
| സീം യാൻ സിന്ധവഃ | — ഇമാവിന്ദ്രാഗ്നീ പ്രസിദ്ധാൻ സിന്ധൂൻ · |
| ബന്ധാൽ അമുഞ്ചതാം | — ബന്ധനാദ്വിമോചയതാം |
| അന്യകേ സമേ നഭന്താം | — ശത്രവസ്സൎവ്വേ ഹിംസ്യന്താം |

അൎത്ഥം—ഇന്ദ്രാഗ്നികളേവർതന്നെയാണോ, സത്വഗുണലക്ഷണമായ വെൺനിറമുററവരായി താഴത്തു പ്രകാശങ്ങളിയററി ദ്യുലോകത്തിനും മുകളിൽ ചരിക്കുന്നതു്, ആ ഇന്ദ്രാഗ്നികൾക്കു്, ഹവിസ്സുകളേന്തുന്ന യജമാനന്മാർ കൎമ്മമനുഷ്ഠിക്കുന്നു. ആ ഇന്ദ്രാഗ്നികൾ പ്രസിദ്ധിപെററ നദികളെ (വൃത്രാദികളുടെ) ബന്ധനത്തിൽ നിന്നു് മോചിപ്പിക്കട്ടെ ശത്രുക്കളെല്ലാം ഹിംസിക്കപ്പെടട്ടെ.

9 പൂൎവ്വീഷ്ടഇന്ദ്രോപമാതയഃ

പൂൎവ്വീരുതപ്രശസ്തയ

സ്സൂനോഹിന്വസ്യഹരിവഃ

വസ്വോവീരസ്യാപൃചോ

യാനുസാധന്തനോധിയോ

നഭന്താമന്യകേസമേ

അന്വയം:–

ഹേ ഹരി–വഃ,
സൂനോ, ഇന്ദ്ര, — വജ്രിൻ, പ്രേരയിതഃ, ഇന്ദ്ര,
ഹിന്വസ്യ വസ്വഃ — പ്രീണയിതുഃ, ദീപകസ്യ
ആ–വൃചഃ വീരസ്യ തേ — ധനാന്യുപയച്ഛതോ വീരസ്യ തവ
(താഃ) ഉപ–മാതയഃ
പൂർവ്വീഃ — ഉപമാനാനി ബഹൂനി
ഉത യാഃ നഃ ധിയഃ ന
സാധന്ത — പ്രജ്ഞാം ക്ഷിപ്രമസാധയൻ
(താഃ) പ്ര–ശസ്തയഃ പൂർവ്വീഃ— ബഹ്വീഃ
അന്യകേ സമേ നഭന്താം — ശത്രവസ്സർവ്വേ ഹിംസ്യന്താം

അർത്ഥം–വജ്രിയും, ഏവരെയും ഉള്ളിലിരുന്നുകൊണ്ടു് പ്രേരിപ്പിക്കുന്നവനുമായ ഇന്ദ്ര, സന്തോഷിപ്പിക്കുന്നവനും പ്രകാശിപ്പിക്കുന്നവനും ഉപാസകർക്കു് ധനങ്ങൾ കൊടുത്തരുളുന്നവനുമായ വീരനായ അവിടുത്തെ വീര്യത്തിന്റെ ഉദാഹരണങ്ങൾ, വളരെയത്രേ. ഏവയാണോ ഞങ്ങൾക്കു വേഗത്തിൽ പ്രജ്ഞ നേടിത്തന്നതു്, ആ പ്രശംസകളും (സ്തുതികളും) അസംഖ്യങ്ങളത്രേ. ശത്രുക്കളെല്ലാം ഹിംസിക്കപ്പെടട്ടേ.

10 തംശിശീതാസുവൃക്തിഭി

സ്ത്വേഷംസത്വാനമൃഗ്മിയം

ഉതോനുചിദ്യഓജസാ

ശുഷ്ണസ്യാണ്ഡാനിഭേദതി

ജേഷൽസ്വർവ്വതീരപോ

നഭന്താമന്യകേസമേ

അന്വയം:–

(ഹേ സ്തോതാരഃ,)
ത്വേഷം, സത്വാനം — ദീപ്തം, ധനാനാം സംഭക്താരം
ഋഗ്മിയം തം — ഋഗർഹം, ഋഗ്ഭിസ്തോതവ്യമിന്ദ്രം

| | |
|---|---|
| സുവൃക്തി-ഭിഃ ശിശീത | — സ്തുതിഭിസ്സംസ്കുരുത |
| ഉതോ ന ചിൽ യഃ ഓജസാ | — അപിച യ ഇന്ദ്രോ ബലേന |
| ശുഷ്ണസ്യ ആണ്ഡാനി ഭേദതി | — താന്നാമകസ്യാസുരസ്യാണ്ഡജാതാന്യപത്യാന്യഭിനൽ |
| (സഃ ഇന്ദ്രഃ) സ്വഃ-വതീഃ അപഃ ജേഷൽ | — ദിവ്യാനി സലിലാനി ജയതു |
| അന്യകേ സമേ നഭന്താം | — ശത്രവസ്സർവ്വേ ഹിംസ്യന്താം |

അർത്ഥം—അല്ലയോ സ്തോതാക്കളേ, ഭാസമാനനും ധനദാതാവും ഋക്കുകളാൽ സ്തുതിക്കപ്പെടേണ്ടവനുമായ ആ ഇന്ദ്രനെ നല്ല സ്തുതികളാൽ തീക്ഷ്ണനാക്കിയാലും, സംസ്കരിച്ചാലും. പിന്നെ, ആർ ബലംകൊണ്ട് ശുഷ്ണനെന്ന അസുരന്റെ സന്താനങ്ങളെ തകർത്തുവോ, ആ ഇന്ദ്രൻ ദിവ്യങ്ങളായ ജലങ്ങളെ (വൃത്രാദികളുടെ മുടക്കം വിടുർത്തുന്നതിൽ) ജയിക്കട്ടെ. ശത്രുക്കളെല്ലാം ഹിംസിക്കപ്പെടട്ടേ.

11 തംശിശീതാസ്വധ്വരം

സത്യംസത്വാനമൃത്വിയം

ഉതോനുചിദ്യഓഹത

ആണ്ഡാശുഷ്ണസ്യഭേദ

ത്യജൈസ്സ്വർവ്വതീരപോ

നഭന്താമന്യകേസമേ

അന്വയം:—

(ഹേ സ്തോതാരഃ)

| | |
|---|---|
| സു-അധ്വരം, സത്യം | — സുയജ്ഞം, അവിനാശം |
| സത്വാനം, ഋത്വിയം | — ധനാനാം സംഭക്താരം, ഋതൗ യഷ്ടവ്യം |
| തം ശിശീത | — ഇന്ദ്രം സംസ്കുരുത |

(പ്രത്യക്ഷസ്തുതിഃ) ഉതോ
ന ചിൽ യഃ ഓഹതേ — യജ്ഞം പ്രതി ഗച്ഛതി
ശുഷ്ണസ്യ ആണ്ഡാ
ഭേദതി — അണ്ഡജാതാന്യപത്യാനി
ഭിനത്തി, ഹേ ഇന്ദ്ര, സത്വം
സ്വഃ–വതീഃ അപഃ
അജൈഃ — ദിവ്യാനി സലിലാന്യജൈഷീഃ
അന്യകേ സമേ നഭന്താം — ശത്രവസ്സർവ്വേ ഹിംസ്യന്താം

അർത്ഥം–അല്ലയോ സ്തോതാക്കളേ, നല്ല യജ്ഞമൊത്തവനും നാശമില്ലാത്തവനും ധനദാതാവും യജ്ഞയോഗ്യനുമായി ഋതുവിൽ യജിക്കപ്പെടേണ്ട ആ ഇന്ദ്രനെ സ്തുതിയാൽ സംസ്കരിക്കുക. (എന്നി നേരിട്ട്) കൂടാതെ, ആർ ഓരോ യജ്ഞത്തിന്നുമെത്തുന്നുവോ, ആർ ശുഷ്ണൻെറ സന്തതികളെ പിളക്കുന്നുവോ, അല്ലയോ ഇന്ദ്ര, ആ അവിടുന്ന് ദിവ്യങ്ങളായ ജലങ്ങളെ, (വൃത്രാദികളുടെ മുടക്കം വിടുർത്തി) ജയിച്ചുനേടി. ശത്രുക്കളെല്ലാം ഹിംസിക്കപ്പെടട്ടേ.

12 ഏവേന്ദ്രാഗ്നിഭ്യാംപിതൃവന്നവീയോ

മന്ധാതൃവദങ്ഗിരസ്വദവാചി

ത്രിധാതുനാശർമ്മണാപാതമസ്മാൻ

വയംസ്യാമപതയോരയീണാം വ. 25

അന്വയം:–
ഏവ ഇന്ദ്രാഗ്നി--ഭ്യാം — ഏവം യാഭ്യാമിന്ദ്രാഗ്നിഭ്യാം
പിതൃ–വൽ,
മന്ധാതൃ–വൽ — നഭാകവൽ, യൗവ്വനാശ്വ
മാന്ധാതൃവൽ
അങ്ഗിരസ്വൽ — അങ്ഗിരോവച്ച
നവീയഃ അവാചി — നാഭാകേനമയാ പാഠിതാ
വിന്ദ്രാഗ്നീ
ത്രി–ധാതുനാ ശർമ്മണാ — ത്രിപർവ്വണാ ഗൃഹേണ
അസ്മാൻ പാതം — നാഭാകാൻ രക്ഷതം
വയം രയീണാം പതയഃ
സ്യാമ — ധനാനാം സ്വാമിനോഭവേമ

അർത്ഥം—ഇപ്രകാരം ഇന്ദ്രാഗ്നികളേവർ, അച്ഛൻ നഭാകനെന്നപോലെയും യുവനാശ്വപുത്രനായ മാന്ധാതാവെന്നപോലെയും അങ്ഗിരസ്സെന്നപോലെയും പുതിയ സ്തുതികളാൽ നാഭാകനായ എന്നാൽ പുകഴ്ത്തപ്പെട്ടുവോ, ആ ഇന്ദ്രാഗ്നികൾ മൂന്നുനിലയുള്ള ഗൃഹത്താൽ നാഭാകരായ ഞങ്ങളെ രക്ഷിക്കട്ടെ. ഞങ്ങൾ ധനങ്ങൾക്ക് സ്വാമികളാകാവൂ.

വർഗ്ഗം: 26—27 മഹാപംക്തിശ്ഛന്ദഃ, വരുണോ ദേവതാ.

1 അസ്മാഊഷുപ്രഭൃതയേ
വരുണായമരുദ്ഭ്യോ
ച്ചാവിദുഷ്ടരേഭ്യഃ
യോധീതാമാനുഷാണാം
പശ്വോഗാഇവരക്ഷതി
നഭന്താമന്യകേസമേ

അന്വയം:—
(ഹേ സ്തോതഃ,)
യഃ ധീതാ ഉ — കർമ്മണൈവ
മാനുഷാണാം പശ്വഃ
ഗാഃ—ഇവ രക്ഷതി — മനുഷ്യാണാം പശൂൻ
ഗോപാലോ ഗാ ഇവ രക്ഷതി
പ്ര—ഭൃതയേ അസ്മൈ
വരുണായ — പ്രകൃഷ്ടധനായ തസ്മൈ
വിദുഃ—തരേഭ്യഃ
മരുൽ—ഭ്യഃ — വിദ്വത്തരേഭ്യസ്തേഭ്യശ്ച
സുഅർച്ച — സുഷ്ഠു സ്തുതിം കുരു
അന്യകേ സമേ നഭന്താം — ശത്രവസ്സർവ്വേ ഹിംസ്യന്താം

അർത്ഥം—അല്ലയോ സ്തോതാവേ, ആർ കർമ്മത്താൽത്തന്നെ മനുഷ്യർക്കു ചേർന്ന വളർത്തുമൃഗങ്ങളെ മേപ്പുകാരൻ എന്നപോലെ രക്ഷിക്കുന്നുവോ, ആ ഉൽകൃഷ്ടധനനായ വരുണനും ഏററവുമ

റിവുററ മരുത്തുക്കൾക്കും നന്നായി സ്തുതിചൊല്ലുക. ശത്രുക്കളെല്ലാം ഹിംസിക്കപ്പെടട്ടേ.

2 തമൂഷുസമനാഗിരാ
പിതൃണാഞ്ചമന്മഭിഃ
നാഭാകസ്യപ്രശസ്തിഭി
ര്യസ്സിന്ധുനാമുപോദയേ
സപ്തസ്വസാസമദ്ധ്യമോ
നഭന്താമന്യകേസമേ

അന്വയം:-

തം ഉ സമനാ ഗിരാ സു — തമേവ വരുണം സമാനയാ സ്തുത്യാ സ്തൗമി
പിതൃണാം മന്മ-ഭിഃ ച — തേഷാം സ്തോത്രൈരഭിഷ്ടൗമി
നാഭാകസ്യ പ്രശസ്തി-ഭിഃ — ഋഷേർമ്മമസ്തോത്രൈശ്ചാഭിഷ്ടൗമി
സിന്ധൂനാം ഉപ യഃ
ഉൽ-അയേ — നദീനാം സമീപേ യഃ ഉൽഗച്ഛതി
(യശ്ച) സപ്ത-സ്വസാ — സപ്തസ്വസാരോനദ്യഃ യസ്യ
സഃ മദ്ധ്യമഃ — മദ്ധ്യേ സ്ഥിതോഭവതി
അന്യകേ സമേ നഭന്താം — ശത്രവസ്സർവ്വേ ഹിംസ്യന്താം

അർത്ഥം-ആ വരുണനെത്തന്നെ ഒരേപോലെയുള്ള സ്തുതിയാൽ സ്തുതിക്കുന്നു. കാരണവന്മാരുടെ സ്തോത്രങ്ങളാൽ സ്തുതിക്കുന്നു. നാഭാകനായ എൻെറ സ്തവങ്ങളാലും സ്തുതിക്കുന്നു. ആർ നദീതീരത്തുദിച്ചുയരുന്നുവോ, ഏഴ സഹോദരികളായ നദികളോടുകൂടിയവനാണോ, ആ അവിടുന്നു് അവരുടെ മദ്ധ്യത്തിലാണു് സ്ഥിതിചെയ്യുന്നതു്. ശത്രുക്കളെല്ലാം ഹിംസിക്കപ്പെടട്ടേ.

3 സക്ഷപഃപരിഷസ്വജേ
ന്യുഽസ്രോമായയാദധേ
സവിശ്വംപരിദൎശതഃ
തസ്യവേനീരനുവ്രത
മുഷസ്തിസ്രോഅവൎദ്ധയ
ന്നഭന്താമന്യകേസമേ

അന്വയം:—

സഃ ക്ഷപഃ പരി
സസ്വജേ — വരുണോ രാത്രീഃ പരിഷ്വജതേ
ദൎശതഃ സഃ ഉസ്രഃ — ദൎശനീയശീലഃ സഃ ഉത്സരണശീലസ്സൻ
വിശ്വം മായയാ പരി
നി ദധേ — ജഗൽ കൎമ്മണാ പരിതോ നിദധാതി
(കിഞ്ച) തസ്യ വ്രതം
വേനീഃ — കാമയമാനാഃ പ്രജാഃ
തിസ്രഃ ഉഷഃ അനു
അവൎദ്ധയൻ — ത്രിഷു, പ്രാതൎമ്മാദ്ധ്യന്ദിന സായഞ്ചാനുവൎദ്ധയന്തി
അന്യകേ സമേ നഭന്താം — ശത്രവസ്സർവ്വേ ഹിംസ്യന്താം

അൎത്ഥം–വരുണൻ രാത്രികളെ ആലിങ്ഗനം ചെയ്യുന്നു. ദൎശനീയനായ അവിടുന്ന് മേല്പോട്ടു പൊങ്ങുന്നവനായി മുഴുവൻ ജഗത്തും കർമ്മത്താൽ മുററും ധരിക്കുന്നു. അവിടുത്തെ ഇഷ്ടപ്പെടുന്ന പ്രജകൾ അവിടേയ്ക്കുള്ള കർമ്മം രാവിലെയുമുച്ചയ്ക്കും ഉച്ചതിരിഞ്ഞും മൂന്നു സവനങ്ങളിൽ ക്രമത്തിൽ വളൎത്തുന്നു. ശത്രുക്കളെല്ലാം ഹിംസിക്കപ്പെടട്ടേ.

4 യഃകകുഭോനിധാരയഃ

പൃഥിവ്യാമധിദൎശതഃ

സമാതാപൂർവ്വ്യംപദ

ന്തദ്വരുണസ്യസപ്ത്യം

സഹിഗോപാഇവേര്യോ

നഭന്താമന്യകേസമേ

അന്വയം:—

| | |
|---|---|
| യഃ പൃഥിവ്യാം അധി<br>ദൎശതഃ | — പൃഥിവ്യാ ഉപരി ദൎശനീയസ്സൻ |
| കകുഭഃ നി–ധാരയഃ | — ദിശോ നിധാരയതി |
| സഃ മാതാ | — വരുണഃ സൎവ്വസ്യ നിൎമ്മാതാ |
| പൂൎവ്വ്യം പദം സപ്ത്യം | — പ്രത്നം സ്വൎഗ്ഗാഖ്യം<br>സ്ഥാനമസ്മാഭിശ്ച സൎപ്പണീയം |
| തൽ വരുണസ്യ | — തസ്യ സ്വകൃതം സ്വഭൃതം |
| (അപിച) സഃ ഹി | |
| ഗോപാഃ_ഇവ ഇര്യഃ | — ഗോപാലഃ പശൂനാമിവ<br>അസ്മാകമര്യഃ, ഈശ്വരഃ,<br>രക്ഷിതാ |
| അന്യകേ സമേ നഭന്താം | — ശത്രവസ്സൎവ്വേ ഹിംസ്യന്താം |

അൎത്ഥം—ആർ ഭൂമിക്കു മുകളിൽ ദൎശനീയനായി ദിക്കുകളെ സ്വയം ധരിക്കുന്നുവോ, ആ വരുണൻ എല്ലാം നിൎമ്മിക്കുന്നവനാകുന്നു. പുരാതനമായ സ്വൎഗ്ഗസ്ഥാനം, നമുക്കു് പ്രാപണീയമായത്തു്, അവിടുത്തെ സ്വന്തമാകുന്നു. കൂടാതെ, മേപ്പുകാരൻ പശുക്കൾക്കെന്നെപോലെ, അവിടുന്നുതന്നെയാണു് നമുക്കു് സ്വാമി, ഈശ്വരൻ, രക്ഷകൻ. ശത്രുക്കളെല്ലാം ഹിംസിക്കപ്പെടട്ടേ.

5 യോധർത്താഭുവനാനാം
യഉസ്രാണാമപീച്ച്യാഽഽ
വേദനാമാനിഗുഹ്യാ
സകവിഃകാവ്യാപുരു
രൂപംദ്യൗരിവപുഷ്യതി
നഭന്താമന്യകേസമേ വ. 26

അന്വയം:—

യഃ ഭുവനാനാം ധർത്താ — ഭൂതജാതാനാം ധാരയിതാ
യഃ ഉസ്രാണാം — ദേവാധിഷ്ഠാനഭൂതാനാം രശ്മീനാം
അപീച്ച്യാ, ഗുഹ്യാ
നാമാനി വേദ — അപീച്ച്യാനി, അന്തർഹിതാനി ഗുഹായം നിഹിതാനി നാമാനി ജാനാതി
സഃ കവിഃ പുരു കാവ്യാ — സ വരുണഃ പ്രാജ്ഞസ്സൻ കാവ്യാനി ബഹൂനി കവികർമ്മാണി
രൂപം ദ്യൗഃ—ഇവ
പുഷ്യതി — വർദ്ധയതി
അന്യകേ സമേ നഭന്താം — ശത്രവസ്സർവ്വേ ഹിംസ്യന്താം

അർത്ഥം— ആർ ഭൂതജാതങ്ങളെ ധരിക്കുന്നുവോ, താങ്ങിനിർത്തുന്നുവോ, ആർ ദേവന്മാരെ ആശ്രയിക്കുന്ന രശ്മികളുടെ, ഉംപുക്കവെയും ഒളിഞ്ഞിരിപ്പവയുമായ പേരുകളറിയുന്നുവോ, (ഓരോ ദേവനും ഓരോ വിധം രശ്മി, ഓരോന്നിന്നും ഓരോ പേർ, ആ പേരുകളറിയുന്നുവോ,) ആ വരുണൻ പ്രാജ്ഞനായി, ദ്യോവ്‌രൂപത്തെയെന്നപോലെ, (ദ്യോവിന്റെ വെളിച്ചം ഓരോന്നു തെളിയിച്ച് ആകൃതിപ്പെടുത്തുന്നപോലെ) വളരെ കവികർമ്മങ്ങളെ (മേധാവികളുടെ കർമ്മങ്ങളെ) പോഷിപ്പിക്കുന്നു. ശത്രുക്കളെല്ലാം ഹിംസിക്കപ്പെടട്ടെ.

6 യസ്മിൻവിശ്വാനികാവ്യാ
ചക്രേനാഭിരിവശ്രിതാ
ത്രിതഞ്ജൂതീസപര്യത
വ്രജേഗാവോനസംയുജേ
യുജേഅശ്വാഁഅയുക്ഷത
നഭന്താമന്യകേസമേ

അന്വയം:—

| | |
|---|---|
| യസ്മിൻ വിശ്വാനി | |
| കാവ്യാ ചക്രേ | — കവികർമ്മാണി കൃതാനി |
| നാഭിഃ—ഇവ ശ്രിതാ | — യഥാ രഥസ്യചക്രേ നാഭിസ്തഥാശ്രിതാനി |
| (തം) ത്രിതം | — ത്രിസ്ഥാനം (ഭൂർഭുവസ്വഃ) വരുണം |
| (ഹേ മദീയാ ജനാഃ) | |
| ജൂതീ സപര്യത | — ജൂത്യാ, ക്ഷിപ്രം പരിചരത |
| വ്രജേ ഗാവഃ ന | |
| സം—യുജേ | — ഗോഷ്ഠേ യഥാ ഗാഃ സംയോഗാർത്ഥം |
| യുജേ | — യുഞ്ജന്തി, തഥാസ്മാകമഭിയോഗായ |
| അശ്വാൻ അയുക്ഷത | — സപത്നായുഞ്ജന്തി |
| (അതഃ തദുപദ്രവപരിഹാരായ പരിചരത) | |
| അന്യകേ സമേ നഭന്താം | — ശത്രവസ്സർവ്വേ ഹിംസ്യന്താം |

അർത്ഥം—ആരിൽ എല്ലാ കവികർമ്മങ്ങളും (മേധാവികളുടെ മനോവാക്കായ വൃത്തികളും) ചക്രത്തിന്റെ നടുവട്ടിൽച്ചെന്ന പോലെ, ആശ്രയിച്ചുനിൽക്കുന്നുവോ, ഭൂലോകം, ഭുവർല്ലോകം, സ്വർഗ്ഗലോകം എന്നീ മൂന്നു സ്ഥാനങ്ങളുറ്റ ആ വരുണനെ, എന്റെ കൂട്ടരേ, നിങ്ങൾ വേഗം പരിചരിക്കുക. തൊഴുത്തിൽ പശുക്കളെ മുളയ്ക്കാൻ കൂട്ടുന്നപോലെ, ശത്രുക്കൾ അവരുടെ കുതി

രകളെ നമുക്കെതിരായി അണിനിരത്തുന്നു. ആ ഉപദ്രവത്തിന്റെ പരിഹാരത്തിന്നായി വരുണനെ പരിചരിക്കുക. ശത്രുക്കളെല്ലാം ഹിംസിക്കപ്പെടട്ടേ.

7 യആസ്വൽക്കആശയേ
വിശ്വാജാതാന്യേഷാം
പരിധാമാനിമർമ്മൃശ
ദ്വരുണസ്യപുരോഗയേ
വിശ്വേദേവാഅനുവ്രതം
നഭന്താമന്യകേസമേ

അന്വയം:—

| | |
|---|---|
| യഃ ആസു | ഭുവനസ്ഥാസുദിക്ഷു |
| അൽകഃ ആ–ശയേ | വൃക്ഷവിശേഷ ഇവാശ്രയതേ |
| വിശ്വാ ജാതാനി | സർവ്വാണി ഭൂതജാതാനി |
| ഏഷാം ധാമാനി പരി | |
| മർമ്മൃശൽ | പരിമൃശതഃ |
| വരുണസ്യ പുരഃ ഗയേ | രഥസ്യ പുരസ്താൽ |
| വിശ്വേ ദേവാഃ വ്രതം | |
| അനു | കർമ്മാനുഗച്ഛന്തി |
| അന്യകേ സമേ നഭന്താം | ശത്രവസ്സർവ്വേ ഹിംസ്യന്താം |

അർത്ഥം—ആർ ഭുവനത്തിലുള്ള ദിക്കുകളിൽ ഒരു മരമെന്നപോകെ ആശ്രയഭൂതനായി നിൽക്കുന്നുവോ, എല്ലാ ഭൂതജാതങ്ങളെയും അവയുടെ നില്പിടങ്ങളെയും തൊട്ടുനിൽക്കുന്ന ആ വരുണന്റെ തേരിന്നു മുമ്പിൽ എല്ലാ ദേവന്മാരും അവിടുത്തെ അനുസരിച്ച് കർമ്മത്തെ പ്രാപിക്കുന്നു, ചെയ്യുന്നു. ശത്രുക്കളെല്ലാം ഹിംസിക്കപ്പെടട്ടെ.

8 സസ്മുദ്രോഅപീച്യ
സ്തുരോദ്യാമിവരോഹതി
നിയദാസുയജ്ജുർദ്ധേ
സമായാഅർച്ചിനാപ
ദാസ്തൃണാന്നാകമാരുഹ
ന്നഭന്താമന്യകേസമേ

അന്വയം:-

(യസ്മാദാപസ്സമുദ്രവന്തി)

| | | |
|---|---|---|
| സഃ സമുദ്രഃ | — | വരുണസ്സമുദ്രഃ |
| അപീച്യഃ, തുരഃ | — | അന്തർഹിതഃ, ക്ഷിപ്രഃ |
| ദ്യാം—ഇവ രോഹതി | — | സൂര്യോദ്യാമിവനാകം രോഹതി |
| (അപി ച) യൽ ആസു | — | യഃ വരുണോ ഭുവനസ്ഥാ സുദിക്ഷു |
| യജുഃ നി ദധേ | — | പ്രജാഭ്യോ ദാനം നിദധാതി |
| സഃ മായാഃ | — | വരുണഃ അസുരാണാം മായാഃ |
| അർച്ചിനാ പദാ | — | അർച്ചിഷ്മതാ സ്ഥാനേന, തേജസാ |
| അസ്തൃണാൽ | — | ഹിനസ്തി |
| നാകം ആ അരുഹൽ | — | സ്വർഗ്ഗമാരോഹതി |
| അന്യകേ സമേ നഭന്താം | — | ശത്രവസ്സർവ്വേ ഹിംസ്യന്താം |

അർത്ഥം—യാതൊന്നിൽനിന്നു് ജലങ്ങൾ മേല്പോട്ടുയരുന്നുവോ, ആ സമുദ്രമാകുന്ന വരുണൻ. അവിടുന്നു് ഉൾപ്പുക്കവനായി, വേഗവാനായി, സൂര്യൻ ദ്യോവിനെയെന്നപോലെ, സ്വർഗ്ഗത്തെ ആരോഹണം ചെയ്യുന്നു. കൂടാതെ ആർ എല്ലാ ദിക്കുകളിലും പ്രജകൾക്കു് അഭീഷ്ടദാനം ചെയ്യുന്നുവോ, ആ വരുണൻ അസുരന്മാരുടെ മായകളെ സ്വന്തം തേജസ്സിനാൽ ഹനിക്കുന്നു. സ്വർഗ്ഗത്തിൽ കയറുന്നു. ശത്രുക്കളെല്ലാം ഹിംസിക്കപ്പെടട്ടേ.

9 യസ്യശ്വേതാവിചക്ഷണാ
തിസ്രോഭൂമീരധിക്ഷിതഃ
ത്രിരുത്തരാണിപപ്രു
ർവ്വരുണസ്യധ്രുവംസദ
സ്സസപ്താനാമിരജ്യതി
നഭന്താമന്യകേസമേ

അന്വയം:—

യസ്യ അധി-ക്ഷിതഃ —അന്തരിക്ഷേധിവസതഃ
ശ്വേതാ വി–ചക്ഷണാ — ശ്വേതാനി തേജാംസി
തിസ്രഃ ഭൂമീഃ — ഭൂമ്യാദിത്രിലോകാൻ
ത്രിഃ ഉൽ–തരാണി
പപ്രുഃ — തിസൃണാമധിക്ഷിതാനി
ഭുവനാനി പ്രാപയന്തി
(തസ്യ) വരുണസ്യ സദഃ
ധ്രുവം — സ്ഥാനമചലം
(കിഞ്ച) സഃ സപ്താനാം
ഇരജ്യതി — സപ്തസിന്ധൂനാമീശ്വരോ
ഭവതി
അന്യകേ സമേ നഭന്താം — ശത്രവസ്സർവ്വേ ഹിംസ്യന്താം

അർത്ഥം—അന്തരിക്ഷത്തിൽ വർത്തിക്കുന്ന ആരുടെ വെണ്മപൂണ്ട തേജസ്സുകൾ ഭൂമിമുതൽ മൂന്നു ലോകങ്ങളെയും, മൂന്നിലുമധിവസിക്കുന്ന ഭൂതജാതങ്ങളെയുമെത്തുന്നുവോ, ആ വരുണന്റെ സ്ഥാനം സ്ഥിരമത്രേ, അവിചലമത്രേ. പിന്നെ, അവിടുന്നു് ഗംഗാദികളായ ഏഴു നദികൾക്കും ഈശ്വരനത്രേ. ശത്രുക്കളെല്ലാം ഹിംസിക്കപ്പെടട്ടേ.

10 യശ്വേതാഁഅധിനിർണ്ണിജ

ശ്ചക്രേ കൃഷ്ണാഁഅനുവ്രതാ

സധാമപൂർവ്വ്യംമമേ

യസ്കംഭേനവിരോദസീ

അജോനദ്യാമധാരയ

ന്നഭന്താമന്യകേസമേ വ. 27

അന്വയം:–

| | | |
|---|---|---|
| യഃ അധി–നിർണ്ണിജഃ | — | ആത്മീയാൻ രശ്മീൻ |
| (ദിവാ) ശ്വേതാൻ ചക്രേ | — | കരോതി |
| (തഥാ രാത്രൗ) കൃഷ്ണാൻ | — | കൃഷ്ണവർണ്ണാൻ ചക്രേ |
| സഃ അനു വ്രതാ | — | സവരുണഃ കർമ്മാണി ലക്ഷീകൃത്യ ഉഭയവിധ കർമ്മാനുഗുണം |
| പൂർവ്വ്യം ധാമ മമേ | — | അന്തരിക്ഷം നിർമ്മമേ |
| (അപിച) യഃ സ്കംഭേന | — | അന്തരിക്ഷേണ |
| അജഃ ന ദ്യാം | — | യഥാദിത്യോദ്യാം ധാരയതി തദ്വൽ |
| രോദസീ വി അധാരയൽ | — | ദ്യാവാപൃഥിവ്യൗ ധാരയതി |
| അന്യകേ സമേ നഭന്താം | — | ശത്രവസ്സർവ്വേ ഹിംസ്യന്താം |

**അർത്ഥം**—ആർ തന്റെ രശ്മികളെ പകലിൽ വെളുത്തവയും രാത്രിയിൽ കറുത്തവയുമാക്കുന്നുവോ, ആ വരുണൻ രണ്ടുവിധം വൃത്തികൾക്കുമനുഗുണമായി, സനാതനമായ ആകാശത്തെ നിർമ്മിച്ചിരിക്കുന്നു. പിന്നെ സൂര്യൻ ദ്യോവിനെ ധരിക്കുന്ന പോലെ, അദ്ദേഹം അന്തരിക്ഷംകൊണ്ടു് ദ്യാവാപൃഥിവികളെ ധരിക്കുന്നു. ശത്രുക്കളെല്ലാം ഹിംസിക്കപ്പെടട്ടേ.

വൎഗ്ഗം:—28 അൎച്ചനാനാഃ ഋഷിഃ, ത്രിഷ്ടുബനുഷ്ടുഭൗഛന്ദസീ, വരുണഃ അശ്വിനൗ ച ദേവതാ.

1 അസ്തഭ്നാദ്യാമസുരോവിശ്വവേദാ
അമിമീതവരിമാണംപൃഥിവ്യാഃ
ആസീദദ്വിശ്വാഭുവനാനിസമ്രാ
ഡ്വിശ്വേത്താനിവരുണസ്യവ്രതാനി

അന്വയം:—

| | |
|---|---|
| വിശ്വ-വേദാഃ അസുരഃ | — വിശ്വധനോ ബലവാൻ വരുണഃ |
| ദ്യാം അസ്തഭ്നാൽ | — ദ്യുലോകം സ്തംഭിതവാൻ |
| (തഥാ) പൃഥിവ്യാഃ | |
| വരിമാണം അമിമീത | — പരിമാണഞ്ചക്രേ |
| (ഏവം നിൎമ്മിതാനി) | |
| വിശ്വാ ഭുവനാനി | — സൎവ്വാണി ഭൂതജാതാനി |
| സം-രാട്ട് ആ അസീദൽ | — അധീശോഭൂത്വാധ്യതിഷ്ഠച്ച |
| വരുണസ്യ താനി | |
| വ്രതാനി | — ഏതാനി കൎമ്മാണി |
| വിശ്വാ ഇൽ | — വിശ്വാന്യേവ, ബാഹൂന്യേവ, വൎണ്ണിതുമശക്യാനി |

അൎത്ഥം—സൎവ്വൈശ്വൎയ്യവാനും ബലവാനുമായ വരുണൻ ദ്യോവിനെ സ്തംഭിപ്പിച്ചുനിൎത്തി. അതുപോലെ ഭൂമിയുടെ അതിരുകൾ അളന്നു ശരിയാക്കി. ഇപ്രകാരം നിൎമ്മിക്കപ്പെട്ട എല്ലാ ഭുവനങ്ങളെയും വേണ്ടപോലെ ഭരിച്ചുകൊണ്ട് വൎത്തിച്ചു. വരുണന്റെ ആ കൎമ്മങ്ങൾ വ്യാപ്തങ്ങളാണ്, അസംഖ്യേയങ്ങളാണ്, വൎണ്ണിപ്പാനെളുതല്ല.

2 ഏവാവന്ദസ്വവരുണംബൃഹന്തം
നമസ്യാധീരമമൃതസ്യഗോപാം
സനശ്ശൎമ്മത്രിവരൂഥംവിയംസൽ
പാതന്നോദ്യാവാപൃഥിവീഉപസ്ഥേ

അന്വയം:—

(ഹേ സ്തോതഃ) ബൃഹന്തം
വരുണം — മഹാന്തം തം
ഏവ വന്ദസ്വ — ഏവം സ്തുഹി
അമൃതസ്യ ഗോപാം — നിത്യത്വസ്യ ഗോപയിതാരം
ധീരം നമസ്യ — പ്രാജ്ഞം വരുണം നമസ്കുരു
സഃ നഃ ത്രി-വരൂഥം — അസ്മാകം ത്രിസ്ഥാനം
ശർമ്മ വി യംസൽ — ഗൃഹം വിശേഷേണ പ്രയച്ഛതു
ഉപ-സ്ഥേ നഃ — ഉപസ്ഥാനേസ്മാൻ
ദ്യാവാപൃഥിവീ പാതം — ദ്യാവാപൃഥിവ്യൌ രക്ഷതം

അർത്ഥം—അല്ലയോ സ്തോതാവേ, മഹാനായ വരുണനെ മുൻപറഞ്ഞ വിധം വന്ദിക്കുക. നിത്യത്വത്തിൻെറ പാലകനും പ്രാജ്ഞനുമായ അവിടുത്തെ നമസ്കരിക്കുക. അവിടുന്നു് നമുക്കു് മൂന്നു നിലയുള്ള ഗൃഹം വിശേഷിച്ചും തന്നരുളട്ടേ. ദ്യാവാപൃഥിവികൾ നമ്മെ അടുത്തു രക്ഷിക്കട്ടെ.

3 ഇമാന്ധിയംശിക്ഷമാണസ്യദേവ
ക്രതുംദക്ഷംവരുണസംശിശാധി
യയാതിവിശ്വാദുരിതാതരേമ
സുതർമ്മാണമധിനാവംരുഹേമ

അന്വയം:—

ഹേ ദേവ, വരുണ,
ഇമാം ധിയം — ഇദം കർമ്മ
ശിക്ഷമാണസ്യ ക്രതും — അനുതിഷ്ഠതോ മമ പ്രജ്ഞാനം
ദക്ഷം സം ശിശാധി — ബലഞ്ചതീക്ഷ്ണീകുരു
യയാ വിശ്വാ ദുഃ-ഇതാ — യയാ യജ്ഞരൂപയാ നാവാ സർവ്വാണി ദുരിതാനി
അതി തരേമ — അതി പാരയേമ
(താം) സു-തർമ്മാണം — സുഷ്ഠുതാരയിത്രീം
നാവം അധി രുഹേമ — വയമാരുഹേമ
(ദുഃഖസാഗരതരണേ ഹേതുത്വാദ്യജ്ഞഃ നൗരിത്യുവ്യപദിശ്യതേ)

അൎത്ഥം–അല്ലയോ ദേവനായ വരുണ, ഈ കൎമ്മമനുഷ്ഠിക്കുന്ന എന്റെ പ്രജ്ഞാനത്തിന്നും ബലത്തിന്നും മൂർച്ചകൂട്ടിയാലും. യജ്ഞരൂപമായ യാതൊരു തോണിയാൽ എല്ലാ ദുരിതങ്ങൾക്കും അക്കരെപററുമോ, ആ നല്ല കടത്തുവഞ്ചിയിൽ ഞങ്ങൾ കയറാവൂ. (സംസാരദുഃഖസമുദ്രം കടന്നു കരപററാനുള്ള കഴിവു കാരണമായി യജ്ഞത്തെ തോണിയായി രൂപണം ചെയ്തിരിയ്ക്കുന്നു. യാഗം ഐഹികസുഖത്തിന്നെന്നപോലെ മോക്ഷത്തിന്നുമുതകുമെന്ന് വ്യക്തമാക്കിയിരിക്കുന്നു.)

4 ആവാങ്ഗ്രാവാണോഅശ്വിനാ
ധീഭിൎവ്വിപ്രാഅചുച്യവുഃ
നാസത്യാസോമപീതയേ
നഭന്താമന്യകേസമേ

അന്വയം:–

ഹേ നാസത്യാ,
അശ്വിനാ, — സത്യശീലാവശ്വിനൗ,
വാം സോമ–പീതയേ — യുവാം സോമപാനായ
വിപ്രാഃ ഗ്രാവാണഃ — പ്രാജ്ഞാ ഋത്വിജഃ
സോമാഭിഷവപാഷാണാഃ
ധീഭിഃ ആ അചുച്യവുഃ — കൎമ്മഭിഃ, സ്വൈസ്വ
വ്യാപാരൈരഭിഗച്ഛന്തി
അന്യകേ സമേ നഭന്താം — ശത്രവസ്സൎവ്വേ ഹിംസ്യന്താം

അൎത്ഥം–അല്ലയോ സത്യശീലരായ അശ്വികളേ, സോമപാനത്തിന്നായി നിങ്ങളെ വിദ്വാന്മാരായ ഋത്വിക്കുകളും സോമം ചതയ്ക്കുന്ന കല്ലുകളും സ്വസ്വവ്യാപാരങ്ങളാൽ നേരിടുന്നു. ശത്രുക്കളെല്ലാം ഹിംസിക്കപ്പെടട്ടേ.

5 യഥാവാമത്രിരശ്വിനാ
ഗീൎഭിൎവ്വിപ്രോഅജോഹവീൽ
നാസത്യാസോമപീതയേ
നഭന്താമന്യകേസമേ

അന്വയം:—
ഹേ നാസത്യാ,
അശ്വിനാ, — സത്യശീലാവശ്വിനൗ,
വിപ്രഃ അത്രിഃ യഥാ
വാം — മേധാവ്യത്രിരിവ യുവാം
ഗീഃ-ഭിഃ സോമ-
പീതയേ — സ്തുതിഭിഃ സോമപാനായ
അജോഹവീൽ — തഥാഹമപിജോഹവീമി
അന്യകേ സമേ നഭന്താം – ശത്രവസ്സർവ്വേ ഹിംസ്യന്താം

അർത്ഥം-അല്ലയോ സത്യശീലരായ അശ്വികളേ, നിങ്ങളെ പ്രാജ്ഞനായ അത്രി എന്നപോലെ സ്തുതികളോടുകൂടി സോമപാനത്തിന്നായി ഞാനും വിളിക്കുന്നു. ശത്രുക്കളെല്ലാം ഹിംസിക്കപ്പെടട്ടേ.

6 ഏവാവാമഹ്വ ഊതയേ
യഥാഹ്വന്തമേധിരാഃ
നാസത്യാസോമപീതയേ
നഭന്താമന്യകേസമേ വ. 28

അന്വയം:—
ഹേ നാസത്യാ, ഏവ
വാം — സത്യശീലാവശ്വിനൗ,
ഏവം യുവാം
യഥാ മേധിരാഃ
അഹ്വന്ത — യഥാ മേധാവിന ആഹ്വയന്തി
തഥാ
ഊതയേ സോമ-പീതയേ
അഹ്വേ — രക്ഷണായ സോമപാനാ
യാഹ്വയാമി
അന്യകേ സമേ നഭന്താം — ശത്രവസ്സർവ്വേ ഹിംസ്യന്താം

അർത്ഥം-അല്ലയോ സത്യശീലരായ അശ്വികളേ, ഇപ്രകാരം നിങ്ങളെ മേധാവികളെന്നപോലെ രക്ഷയ്ക്കുവേണ്ടി സോമ

പാനത്തിന്നായി ഞാൻ വിളിക്കുന്നു. ശത്രുക്കളെല്ലാം ഹിംസിക്കപ്പെടട്ടേ.

വർഗ്ഗം—29 മുതൽ 35 കൂടി ആങ്ഗിരസോവിരൂപഃ ഋഷിഃ, ഗായത്രീച്ഛന്ദഃ, അഗ്നിർദ്ദേവതാ

1 ഇമേവിപ്രസ്യവേധ
സോഗ്നേരസ്തൃതയജ്വനഃ
ഗിരസ്തോമാസഈരതേ

അന്വയം:—

| | |
|---|---|
| ഇമേ സ്തോമാസഃ | — അസ്മദീയാ സ്തോതാരഃ |
| വിപ്രസ്യ, വേധസഃ | — മേധാവിനഃ, വിധാതുഃ |
| അസ്തൃത—യജ്വനഃ | |
| അഗ്നേഃ | — അഹിംസിതയജമാനസ്യാഗ്നേഃ |
| ഗിരഃ ഈരതേ | — സ്തുതീഃ പ്രേരയന്തി |

അർത്ഥം—എന്നെസ്സംബന്ധിച്ച ഈ സ്തോതാക്കൾ മേധാവിയും വിധാതാവും ഹിംസിക്കപ്പെടാത്ത യജമാനനോടുകൂടിയവനുമായ അഗ്നിക്ക് സ്തുതികളെത്തിയ്ക്കുന്നു.

2 അസ്മൈതേപ്രതിഹര്യതേ
ജാതവേദോവിചർഷണേ
അഗ്നേജനാമിസുഷ്ടുതിം

അന്വയം:—

| | |
|---|---|
| ഹേ ജാത—വേദഃ, വി- | |
| ചർഷണേ, അഗ്നേ, | — സർവ്വജ്ഞ, വിദ്രഷ്ടരഗ്നേ, |
| അസ്മൈ പ്രതി—ഹര്യതേ | |
| തേ | — പ്രയച്ഛതേതുഭ്യം |
| സു—സ്തുതിം ജനാമി | — ജനയാമി |

അർത്ഥം—എല്ലാമറിയുന്നവനും എല്ലാം കാണുന്നവനുമായ അഗ്നേ, അഭീഷ്ടദാതാവായ അവിടേയ്ക്കായി ഞാൻ നല്ല സ്തുതി നിർമ്മിക്കുന്നു.

3 ആരോകാഇവഘേദഹ
തിഗ്മാഅഗ്നേതവത്വിഷഃ
ദദ്ഭിർവ്വനാനിബപ്സതി·

അന്വയം:_

| | |
|---|---|
| ഹേ അഗ്നേ, തവ തിഗ്മാഃ | |
| ത്വിഷഃ | — തീക്ഷ്ണാ ദീപ്തയഃ |
| ആരോകാഃ_ഇവ | — ആരോചമാനാഃ പശവ ഇവ |
| ദൽ–ഭിഃ വനാനി | |
| ബപ്സതി ഘ ഇൽ | |
| അഹ | — ദന്തൈരരണ്യാനി ഭക്ഷയന്തി ഖലു |

അർത്ഥം—അല്ലയോ അഗ്നേ, അവിടുത്തെ കടുത്ത തേജസ്സുകൾ, പ്രകാശമുററ ജന്തുക്കൾ പല്ലുകളാലെന്നപോലെ, കാടുകളെ കടിച്ചുതിന്നുകയല്ലോ ചെയ്യുന്നു.

4 ഹരയോധൂമകേതവോ
വാതജൂതാഉപദ്യവി
യതന്തേവൃഥഗഗ്നയഃ

അന്വയം:_

| | |
|---|---|
| ഹരയഃ, വാത–ജൂതാഃ | — ഹരണശീലാഃ, വാതപ്രേരിതാഃ |
| ധൂമ_കേതവഃ അഗ്നയഃ | — ധൂമജ്വാലാസ്തേ |
| ഉപ ദ്യവി വൃഥക് | |
| യതന്തേ | — അന്തരിക്ഷേ വൃഥക് ഗച്ഛന്തി |

അർത്ഥം—വലിച്ചെടുക്കുന്നവയും വായുവിനാൽ ഓട്ടപ്പെടുന്നവയും പുകപൂണ്ട ജ്വാലകളൊത്തവയുമായ അഗ്നികൾ അന്തരിക്ഷത്തിൽ പ്രത്യേകം പ്രത്യേകമെത്തുന്നു.

5 ഏതേത്യേവൃഥഗഗ്നയ
ഇദ്ധാസസ്സമദൃക്ഷത
ഉഷസാമിവകേതവഃ വ. 29

അന്വയം:—

ഏതേ ത്യേ അഗ്നയഃ — തേ അഗ്നയഃ
വൃഥക് ഇദ്ധാസഃ — വൃഥക് സമിദ്ധാസ്സന്തഃ
ഉഷസാം—ഇവ കേതവഃ — ഉഷസാം പ്രജ്ഞാപകാ ഇവ
സം അദൃക്ഷത — സമ്യക് ദൃശ്യന്തേ

അർത്ഥം—ആ അഗ്നികൾ വെവ്വേറെ യജമാനന്മാരാൽ ആളിക്കത്തിക്കപ്പെട്ട്, ഉഷസ്സിൻെറ കൊടികൾപോലെ നന്നായി കാണപ്പെടുന്നു.

6 കൃഷ്ണാരജാംസിപത്ഥ്സുതഃ
പ്രയാണേജാതവേദസഃ
അഗ്നിര്യദ്രോധതിക്ഷമി

അന്വയം:—

ക്ഷമി യൽ അഗ്നിഃ
രോധതി — ക്ഷമായാം ഭൂമ്യാം യദാഗ്നി
ശ്ശുഷ്കാൻ വനസ്പതീൻ
നിരുണദ്ധി
(തദാ) ജാത—വേദസഃ
പ്ര—യാണേ — അഗ്നേഃ പ്രഗമനേ
പത്ഥ്സുതഃ രജാംസി — പത്തഃ പാംസവഃ
കൃഷ്ണാഃ — കൃഷ്ണാനി ഭവന്തി

അർത്ഥം—ഭൂമിയിൽ ഉണങ്ങിയ മരങ്ങളെ ചെന്നു നേരിടുമ്പോൾ സർവ്വജ്ഞനായ അഗ്നിയുടെ പോക്കിൽ എമ്പാടും പടന്ന പൊരികൾ കറുത്തവയായി ഭവിക്കുന്നു.

7 ധാസിങ്കൃണ്വാനഓഷധീ

ബബ്ഫ്സദഗ്നിർന്നവായതി

പുനര്യന്തരുണീരപി

അന്വയം:–

| | |
|---|---|
| അഗ്നിഃ ഓഷധീഃ | — സസ്യാദീനി |
| ധാസിം കൃണ്വാനഃ | — അന്നം കുർവ്വൻ |
| ബഫ്സൽ ന വായതി | — ഭക്ഷയൻ ന ശാമ്യതി |
| പുനഃ തരുണീഃ അപി<br>യൻ | അശുഷ്ക്കാ ഓഷധീർപിഗച്ഛൻ ഭവതി |

അർത്ഥം-അഗ്നി സസ്യാദികളെ (ഉണങ്ങിയവയെ) അന്നമാക്കിക്കൊണ്ട് ഭക്ഷിച്ചിട്ട്, അടങ്ങുന്നില്ല. വീണ്ടും ഉണങ്ങാത്ത സസ്യാദികളെ ചെന്നു പിടിക്കുന്നവനായി ഭവിക്കുന്നു.

8 ജിഹ്വാഭിരഹനന്നമ

ദർച്ചിഷാജഞ്ജണാഭവൻ

അഗ്നിർവ്വനേഷുരോചതേ

**അന്വയം:–**

| | |
|---|---|
| **അഗ്നിഃ ജിഹ്വാഭിഃ അഹ** | — **ജ്വാലാഭിരേവ** |
| **നന്നമൽ** | — **വനസ്പതീരത്യന്തം നമയൻ** |
| **അർച്ചിഷാ ജഞ്ജണാ–<br>ഭവൻ** | — **തേജസാ ജ്വാലാഭൃതോ ഭവൻ** |
| **വനേഷു രോചതേ** | — **പ്രകാശതേ** |

**അർത്ഥം–അഗ്നി നാവുകളാൽ (ജ്വാലകളാൽ) തന്നെ വൃക്ഷാദികളെ കുനിയിച്ച് സ്വതേജസ്സാൽ ജ്വാലാഭൃതനായി കാടുകളിൽ പ്രകാശിക്കുന്നു.**

9 അപ്സ്വഗ്നേസധിഷ്ടവ
സൌഷധീരനുരുധ്യസേ
ഗർഭേസഞ്ജായസേപുനഃ

അന്വയം:—

ഹേ അഗ്നേ, തവ — യസ്യ തവ
അപ്--സു സധിഃ — ജലേഷു പ്രവേശനം സ്ഥാനം
സഃ (ത്വം) ഓഷധീഃ — സസ്യാദീൻ
അനു രുധ്യസേ — അനുരുണത്സി
പുനഃ ഗർഭേ സൻ ജായസേ — താസാം ഭൂമിഷ്ഠാനാം
ഗർഭേ സൻ ഭവൻ പുനഃ
പ്രാദുർഭവസി

അർത്ഥം—അല്ലയോ അഗ്നേ, യാതൊരു അവിടേയ്ക്കു് ജലങ്ങളിൽ പ്രവേശസ്ഥാനമുണ്ടോ, ആ അവിടുന്നു്, സസ്യാദികളെ മുററും ചുററുന്നു. പിന്നെ വീണ്ടും ഭൂമിയിലുള്ള അവയിൽ (വിത്തുവീണു്) ഗർഭം പ്രാപിച്ചു് മുളക്കുന്നു.

10 ഉദഗ്നേതവതദ്ഘൃതാ
ദർച്ചീരോചതആഹുതം
നിംസാനഞ്ജുഹ്വോ∫∫മുഖേ വ. 30

അന്വയം:—

ഹേ അഗ്നേ, തവ
ഘൃതാൽ — ആജ്യാൽ
ആ-ഹുതം ജുഹ്വഃ മുഖേ — ഹോമസാധനഭൂതായാ
സ്രുചോമുഖേ
നിംസാനം തൽ അർച്ചിഃ — നിലിഹാനം തത്തേജഃ
ഉൽ രോചതേ — ഉൽഗതം പ്രകാശതേ

അർത്ഥം—അല്ലയോ അഗ്നേ, അവിടേക്കു നൈ ഹോമിച്ച ഹോമസാധനമായ സ്രുവത്തിന്റെ മുഖത്തെ, തലപ്പിനെ നക്കുന്ന ആ ജ്വാല മേല്പോട്ടുപോയി പ്രകാശിക്കുന്നു.

11 ഉക്ഷാന്നായവശാന്നായ
സോമപൃഷ്ഠായവേധസേ
സ്തോമൈർവ്വിധേമാഗ്നയേ

അന്വയം:—

| | |
|---|---|
| ഉക്ഷ–അന്നായ, വശാ–അന്നായ | — ഉക്ഷാന്ന മദനീയം യസ്യ തസ്മൈ, വശാന്നം യസ്യ തസ്മൈ |
| സോമ–പൃഷ്ഠായ, വേധസേ | — സോമഘൃതപൃഷ്ഠായ, കാമാനാം വിധാത്രേ |
| അഗ്നയേ സ്തോമൈഃ വിധേമ | — സ്തോത്രൈഃ പരിചരേമ |

അർത്ഥം-വെള്ളം തളിയ്ക്കപ്പെട്ട ഹവിസ്സോടുകൂടിയവനും യാഗപശുവിന്റെ വസയാകുന്ന ഹവിസ്സൊത്തവനും സോമം ചേർന്ന നൈ മുതുകിലാണ്ടവനും അഭീഷ്ടങ്ങൾ നിറവേററുന്നവനുമായ അഗ്നിയ്ക്കായി സ്തോത്രങ്ങളെ കൊണ്ടു പരിചരിയ്ക്കാവൂ.

12 ഉതത്വാനമസാവയം
ഹോതർവ്വരേണ്യക്രതോ
അഗ്നേസമിദ്ഭിരീമഹേ

അന്വയം:—

| | |
|---|---|
| ഉത ഹേ ഹോതഃ, വരേണ്യ–ക്രതോ | — ദേവാനാം ഹ്വാതഃ, വരണീയ പ്രജ്ഞ, |
| ഹേ അഗ്നേ, ത്വാ വയം | — ത്വാമങ്ഗിരസാഃ |
| നമസാ സമിൽ–ഭിഃ (ച) | |
| ഈമഹേ | — യാചാമഹേ |

അർത്ഥം—പിന്നെ, ദേവന്മാരെ വിളിയ്ക്കുന്നവനും ഉൽകൃഷ്ട പ്രജ്ഞയോടുകൂടിയവനുമായ അഗ്നേ, അവിടുത്തോട് അങ്ഗി

രസന്മാരായ ഞങ്ങൾ ഹവിസ്സാലും ചമതകളാലുമഭീഷ്ടം യാചിക്കുന്നു.

13 ഉതത്വാഭൃഗുവച്ഛുചേ
മനുഷ്വദഗ്ന ആഹുത
അങ്ഗിരസ്വദ്ധവാമഹേ

അന്വയം:—

| | |
|---|---|
| ഉത ഹേ ശുചേ, | |
| ആ–ഹുത, അഗ്നേ, | — സ്വഭാവതശ്ശുദ്ധ, ഹവിഃ<br>പ്രക്ഷിപ്താഗ്നേ, |
| ത്വാ ഭൃഗു–വൽ മനുഷ്വൽ, | |
| അങ്ഗിരസ്വൽ | — യഥാ ഭൃഗുഃ, യഥാമനുഃ,<br>യഥാങ്ഗിരാസ്തഥാ |
| ഹവാമഹേ | — ആഹ്വയാമഹേ |

അർത്ഥം—കൂടാതെ, പ്രകൃതികൊണ്ടുതന്നെ ശുദ്ധനും പരിശുദ്ധദ്രവ്യങ്ങൾ ഹോമിക്കപ്പെട്ടവനുമായ അഗ്നേ, അവിടുത്തെ ഞങ്ങൾ ഭൃഗുവെന്നപോലെ, മനുവെന്നപോലെ, അങ്ഗിരസ്സെന്നപോലെ വിളിക്കുന്നു.

14 ത്വംഹ്യഗ്നേഅഗ്നിനാ
വിപ്രോവിപ്രേണസന്ത്സതാ
സഖാസഖ്യാസമിധ്യസേ

അന്വയം:—

| | |
|---|---|
| ഹേ അഗ്നേ, വിപ്രഃ സൻ | – മേധാവീസൻ |
| സഖാ (ച) ത്വം | |
| വിപ്രേണ സതാ | — ഇതരേണ സാധുനാ |
| സഖ്യാ അഗ്നിനാ, | |
| സം–ഇധ്യസേ ഹി | — സഖീഭൂതേനേതരേണാഗ്നിനാ<br>പ്രകാശസേ ഹി |

അർത്ഥം—അല്ലയോ അഗ്നേ, മേധാവിയായി സഖാവായ അവിടുന്നു് മറ്റൊരു മേധാവിയായ സുകൃതിയും ചങ്ങാതിയുമായ അഗ്നിയോടുകൂടി പ്രകാശിക്കുന്നു. (അതായതു് ഒരു പണ്ഡിതൻ മറ്റൊരു പണ്ഡിതനോടു ചേർന്നു ശോഭിക്കുന്ന പോലെ അവിടുന്നു് വേറെ അഗ്നിയോടു ചേർന്നു ശോഭിക്കുന്നു.)

15 സത്വംവിപ്രായദാശുഷേ
രയിന്ദേഹിസഹസ്രിണം
അഗ്നേവീരവതീമിഷം വ. 31

അന്വയം:—

| | |
|---|---|
| ഹേ അഗ്നേ, സഃ ത്വം | — പ്രസിദ്ധസ്ത്വം |
| വിപ്രായ ദാശുഷേ | — മേധാവിനേ ഹവിർദ്ദാത്രേ യജമാനായ |
| സഹസ്രിണം രയിം | — സഹസ്രസംഖ്യാകം, അപരിമിതം ധനം |
| വീര-വതീം ഇഷം ദേഹി | — പുത്രപൗത്രാദിസഹിതമന്നഞ്ച പ്രയച്ഛ |

അർത്ഥം—അല്ലയോ അഗ്നേ, പ്രസിദ്ധനായ അവിടുന്നു് മേധാവിയായ, ഹവിസ്സേകുന്ന യജമാനന്നു് അളവറ്റ ധനവും പുത്രപൗത്രാദികളോടുകൂടിയ അന്നവും നൽകിയാലും.

16 അഗ്നേഭ്രാതസ്സഹസ്കൃത
രോഹിദശ്വശുചിവ്രത
ഇമംസ്തോമഞ്ജുഷസ്വമേ

അന്വയം:—

| | |
|---|---|
| ഹേ ഭ്രാതഃ, സഹഃ-കൃത, | — ഭ്രാതൃവന്മിത്രഭൂത, സഹസാ, ബലേന കൃത |

രോഹിൽ–അശ്വ, ശുചി–
വ്രത, അഗ്നേ, — ലോഹിതവർണ്ണാശ്വ,
ശുദ്ധകർമ്മന്നഗ്നേ,

മേ ഇമം സ്തോമം
ജുഷസ്വ — മമസ്തോത്രം സേവസ്വ

അർത്ഥം–സഹോദരൻ പോലെ ഹിതകാരിയും ബലത്താൽ (അരണി കടഞ്ഞ്) ഉണ്ടായവനും ചുകന്ന കുതിരകളൊത്തവനും ശുദ്ധകർമ്മാവുമായ അഗ്നേ, എന്റെ ഈ സ്തോത്രം കൈക്കൊണ്ടാലും.

17 ഉതത്വാഗ്നേമമസ്തുതോ

വാശ്രായപ്രതിഹര്യതേ

ഗോഷ്ഠങ്ഗാവഇവാശത

അന്വയം:–
ഉത ഹേ അഗ്നേ, ത്വാ
മമ സ്തുതഃ — ത്വാം മമസ്തുതയഃ
വാശ്രായ പ്രതി–ഹര്യതേ - വത്സായ പയോദോഗ്ധും
ഗോ–സ്ഥം ഗാവഃ–ഇവ — യഥാഗാവഃ പ്രവിശന്തി തദ്വൽ
ആശത — പ്രാപ്നുവന്തി

അർത്ഥം–പിന്നെ അഗ്നേ, എന്റെ സ്തുതികൾ കുട്ടിക്കു മുലചുരത്താനായി തൊഴുത്തിൽ പശുക്കളെത്തുന്നപോലെ അവിടുത്തെ അടുക്കലെത്തുന്നു.

18 തുഭ്യന്താഅങ്ഗിരസ്തമ

വിശ്വാസ്സുക്ഷിതയഃപൃഥക്

അഗ്നേകാമായയേമിരേ

അന്വയം:–
ഹേ അങ്ഗിരഃ–തമ,
അഗ്നേ, — അങ്ഗിരസാം ശ്രേഷ്ഠാഗ്നേ,

| | | |
|---|---|---|
| തുഭ്യം താഃ വിശ്വാഃ | | |
| സു-ക്ഷിതയഃ | — | സർവ്വാഃ പ്രസിദ്ധാഃ പ്രജാഃ |
| കാമായ പൃഥൿ യേമിരേ | — | ആത്മനഃ കാമസിദ്ധ്യർത്ഥം<br>പ്രത്യേകം നിയച്ഛന്തി |

അർത്ഥം—അങ്‌ഗിരസ്സുകളിൽ ശ്രേഷ്ഠനായ അഗ്നേ, എല്ലാ നല്ല ആളുകളും തന്റെ തന്റെ അഭീഷ്ടസിദ്ധിക്കായി അവിടേക്ക് ഹവിസ്സ്തോത്രങ്ങൾ ഒററയ്ക്കൊററക്കു സമർപ്പിക്കുന്നു.

19 അഗ്നിന്ധീഭിർമ്മനീഷിണോ
മേധിരാസോവിപശ്ചിതഃ
അദ്‌മസദ്യായഹിന്വിരേ

അന്വയം:—

| | | |
|---|---|---|
| മനീഷിണഃ | — | മനസ ഈശ്വരാഃ |
| മേധിരാസഃ വിപഃ-<br>ചിതഃ | — | മേധാവിനഃ, പ്രാജ്ഞാ<br>യജമാനാഃ |
| ധീഭിഃ അദ്‌മ-സദ്യായ | — | കർമ്മഭിരന്നസ്യ ഭജനായ |
| അഗ്നിം ഹിന്വിരേ | — | പ്രീണയന്തി |

അർത്ഥം—മനസ്സടക്കമുള്ളവരും ബുദ്ധിമാന്മാരും വിദ്വാന്മാരുമായ യജമാനന്മാർ കർമ്മങ്ങളാൽ അന്നപ്രാപ്തിക്കായി അഗ്നിയെ പ്രീതിപ്പെടുത്തുന്നു.

20 തന്ത്വാമജ്‌മേഷുവാജിനം
തന്വാനാഅഗ്നേഅധ്വരം
വഹ്നിംഹോതാരമീളതേ വ. 32

അന്വയം:—

| | | |
|---|---|---|
| ഹേ അഗ്നേ, വാജിനം | — | ബലിനം |
| വഹ്നിം, ഹോതാരം | — | ഹവിഷാം വോഢാരം,<br>ദേവാനാമാഹ്വാതാരം |

തം ത്വാം അജ്മേഷു — ഗൃഹേഷു
അധ്വരം തന്വാനാഃ
ഈളതേ — യജ്ഞം വിസ്താരയന്തോ
യജമാനാ സ്തുവന്തി

അർത്ഥം—അല്ലയോ അഗ്നേ, ബലവാനും ഹവിസ്സേന്തുന്നവനും ദേവന്മാരെ വിളിക്കുന്നവനുമായ ആ അവിടുത്തെ, ഗൃഹങ്ങളിൽ (അഗ്നിഹോത്രാദിനിത്യ) യജ്ഞമനുഷ്ഠിക്കുന്ന യജമാനന്മാർ സ്തുതിക്കുന്നു.

21 പുരുത്രാഹിസദൃങ്ങസി
വിശോവിശ്വാഅനുപ്രഭുഃ
സമത്സുത്വാഹവാമഹേ

അന്വയം:—5_8—36 ൽ വ്യാഖ്യാനിച്ചിട്ടുണ്ട്.

22 തമീളിഷ്വയആഹു
തോഗ്നിർവ്വിഭ്രാജതേഘൃതൈഃ
ഇമന്നശ്ശൃണവദ്ധവം

അന്വയം:—
യഃ അഗ്നിഃ ഘൃതൈഃ — സഹ
ആ-ഹുതഃ വി-ഭ്രാജതേ — പ്രകാശതേ
(യശ്ച) നഃ ഇമം ഹവം
ശൃണവൽ — ആഹ്വാനം ശൃണോതി
(ഹേ സ്തോതഃ,) തം
ഈളിഷ്വ — തമഗ്നിം സ്തുഹി

അർത്ഥം—യാതൊരഗ്നി നൈകളോടുകൂടി ഹോമിക്കപ്പെട്ടവനായി പ്രകാശിക്കുന്നുവോ, യാതൊരഗ്നി നമ്മുടെ വിളികേൾക്കുന്നുവോ, അല്ലയോ സ്തോതാവേ, ആ അഗ്നിയെ സ്തുതിക്കുക.

23 തന്ത്വാവയംഹവാമഹേ
ശൃണ്വന്തഞ്ജാതവേദസം
അഗ്നേഘ്നന്തമപദ്വിഷഃ

അന്വയം:–

| | |
|---|---|
| ഹേ അഗ്നേ, | |
| ജാത–വേദസം | — ജാതപ്രജ്ഞം |
| ദ്വിഷഃ അപ ഘ്നന്തം | — ശത്രൂൻ ഹിംസന്തം |
| ശൃണ്വന്തം | — അസ്മദീയമാഹ്വാനം ശൃണ്വന്തം |
| തം ത്വാ വയം ഹവാമഹേ | — ത്വാമങ്ഗിരസാഃ ഹ്വയാമഃ |

അർത്ഥം–അല്ലയോ അഗ്നേ, സർവ്വജ്ഞനും ശത്രുക്കളെ സംഹരിക്കുന്നവനും ഞങ്ങളുടെ വിളി കേൾക്കുന്നവനുമായ ആ അവിടുത്തെ അങ്ഗിരസന്മാരായ ഞങ്ങൾ വിളിക്കുന്നു.

24 വിശാംരാജാനമദ്ഭുത
മധ്യക്ഷന്ധർമ്മണാമിമം
അഗ്നിമീളേസഉശ്രുവൽ

അന്വയം:–

| | |
|---|---|
| വിശാം രാജാനം | — പ്രജാനാമീശ്വരം |
| അത്ഭുതം, ധർമ്മണാം | |
| അധി–അക്ഷം | — മഹാന്തം, കർമ്മണാമനു സന്ധാതാരം |
| (യം) ഇമം അഗ്നിം ഈളേ | – സ്തൗമി |
| സഃ ഉ ശ്രുവൽ | — സ ഏവാഗ്നിരസ്മദീയാം സ്തുതിം ശൃണോതു |

അർത്ഥം–പ്രജകൾക്കു നാഥനും മഹാനും കർമ്മങ്ങളെ കൂട്ടിയിണക്കുന്നവനുമായ യാതൊരഗ്നിയെ ഞാൻ സ്തുതിക്കുന്നുവോ, ആ അഗ്നി തന്നെ എന്റെ സ്തുതി കേൾക്കട്ടെ.

25 അഗ്നിംവിശ്വായുവേപസം

മര്യന്നവാജിനംഹിതം

സപ്തിന്നവാജയാമസി വ. 33

അന്വയം:—

വിശ്വായു-വേപസം
അഗ്നിം — സർവ്വഗതബലമഗ്നിം
സപ്തിം ന വാജിനം,
മര്യം ന ഹിതം — അശ്വമിവ ബലിനം, മനുഷ്യമിവ മിത്രഭൃതം
വാജയാമസി — സ്തുതിഭിർഹവിർഭിശ്ച കുർമ്മഃ

അർത്ഥം—എങ്ങും വ്യാപിച്ച ബലമുററ അഗ്നിയെ ഞങ്ങൾ കുതിരയെപ്പോലെ ശക്തിയുള്ളവനും മനുഷ്യനെപ്പോലെ ഹിതകാരിയുമാക്കുന്നു.

26 ഘ്നൻമൃധ്രാണ്യപദ്വിഷോ

ദഹന്രക്ഷാംസിവിശ്വഹാ

അഗ്നേതിഗ്മേനദീദിഹി

അന്വയം:—

ഹേ അഗ്നേ, (ത്വം)
മൃധ്രാണി — ഹിംസകാൻ
ദ്വിഷഃ അപ ഘ്നൻ — ദ്വേഷ്ടൄൻ ഹിംസൻ
വിശ്വഹാ രക്ഷാംസി
ദഹൻ — സർവ്വദാ രാക്ഷസാൻ ദഹംശ്ച
തിഗ്മേന ദീദിഹി — തീക്ഷ്ണേന തേജസാ ദീപ്യസ്വ

അർത്ഥം—അല്ലയോ അഗ്നേ, അവിടുന്നു് ഹിംസകന്മാരെയും ശത്രുക്കളെയുമൊടുക്കിക്കൊണ്ടും എപ്പോഴും രാക്ഷസന്മാരെ ദഹിപ്പിച്ചുകൊണ്ടും കാളുന്ന തേജസ്സാൽ പ്രകാശിച്ചാലും.

27 യന്ത്വാജനാസഇന്ധതേ

മനുഷ്വദങ്ഗിരസ്തമ

അഗ്നേസബോധിമേവചഃ

അന്വയം:—

| | |
|---|---|
| ഹേ അഗ്നേ, അങ്ഗിരഃ – | |
| തമ, യം ത്വാ | അങ്ഗിരസാം ശ്രേഷ്ഠാഗ്നേ,<br>യം ത്വാം |
| ജനാസഃ മനുഷ്വൽ | |
| ഇന്ധതേ | ജനാമനുരിവ ദീപയന്തി |
| സഃ (ത്വം) മേ വചഃ | |
| ബോധി | സ്തുതിം ബുധ്യസ്വ |

അർത്ഥം—അല്ലയോ അങ്ഗിരസ്സുകളിൽ ശ്രേഷ്ഠനായ അഗ്നേ, യാതൊരവിടുത്തെ ജനങ്ങൾ മനുവെന്നപോലെ തെളിയിക്കുന്നുവോ ആ അവിടുന്ന് എന്റെ സ്തുതി ഉൾക്കൊണ്ടാലും.

28 യദഗ്നേദിവിജാഅ

സ്യഫ്സുജാവാസഹസ്കൃത

തന്ത്വാഗീർഭിർഹവാമഹേ

അന്വയം:—

| | |
|---|---|
| ഹേ അഗ്നേ, യൽ | യസ്ത്വം |
| ദിവി–ജാഃ അസി | ദിവിഭവോ ഭവസി |
| അഫ്സു–ജാഃ വാ | അന്തരിക്ഷജാതോവാ ഭവസി |
| ഹേ സഹഃ–കൃത, | സഹസാ, ബലേന കൃതാഗ്നേ, |
| തം ത്വാ ഗീ–ർഭിഃ | |
| ഹവാമഹേ | സ്തുതിഭിർഹ്വയാമഃ |

അർത്ഥം—അല്ലയോ അഗ്നേ, യാതൊരവിടുന്ന് ദ്യോവിൽ ഭവിച്ചവനോ, അന്തരിക്ഷത്തിലുളവായവനോ ആണോ,

ബലത്താൽ (അരണിയാൽ) ഉണ്ടാക്കപ്പെട്ട അഗ്നേ, ആ അവിട്ടത്തെ സ്തുതികളാൽ ഞങ്ങൾ വിളിക്കുന്നു.

29 തുഭ്യംഘേത്തേജനാഇമേ
വിശ്വാസ്സുക്ഷിതയഃപൃഥക്
ധാസിംഹിന്വന്ത്യത്തവേ

അന്വയം;–

(ഹേ അഗ്നേ,) തുഭ്യം ഘ — ത്വദർത്ഥമേവ
ഇമേ തേ ജനാഃ — ദൃശ്യമാനാജനാഃ
വിശ്വാഃ സു–ക്ഷിതയഃ — സർവ്വേസുജനാഃ
ധാസിം അത്തവേ — അന്നം, ഹവിഃ അദനായ
പൃഥക് ഇൽ
ഹിന്വന്തി — പ്രത്യേകമേവ പ്രേരയന്തി

അർത്ഥം–അല്ലയോ അഗ്നേ, അവിടേക്കു വേണ്ടിത്തന്നെയാണ് ഇക്കണ്ട ജനങ്ങൾ, എല്ലാ സജ്ജനങ്ങളും, ഭക്ഷണത്തിന്നായി ഹവിരന്നം പ്രത്യേകമായിത്തന്നെ എത്തിക്കുന്നത്.

30 തേഘേദഗ്നേസ്വാ
ധ്യോഹാവിശ്വാനൃചക്ഷസഃ
തരന്തസ്യാമദുർഗ്ഗഹാഃ വ. 34

അന്വയം:

ഹേ അഗ്നേ, തേ ഘ ഇൽ — ത്വദർത്ഥമേവ ഖലു വയം
സു–ആധ്യഃ — സുകർമ്മാണസ്സന്തഃ
വിശ്വാ അഹാ .... അഹാനി, സർവ്വദാ
നൃ–ചക്ഷസഃ — ദ്രഷ്ടാരശ്ച സന്തഃ
ദുഃ–ഗഹാ തരന്തഃ സ്യാമ — ദുഃഖേന ഗാഹയിതവ്യാനി
പാരംഗച്ഛന്തോ ഭവേമ

അർത്ഥം–അല്ലയോ അഗ്നേ, അവിടേയ്ക്കുതന്നെ വേണ്ടിയാണല്ലോ ഞങ്ങൾ സൽകർമ്മാനുഷ്ഠാതാക്കളും എപ്പോഴും ഉൾകാഴ്ച

യുററവരുമായി, കടക്കാൻ പ്രയാസമുള്ള ആപൽഘട്ടങ്ങളെ കടന്നു കരപററുന്നവരാകുന്നതു്. (അങ്ങിനെ ഞങ്ങൾ രക്ഷപ്പെടുന്നതിന്റെ പ്രശസ്തി അവിടേയ്ക്കാണു്.)

31 അഗ്നിംമന്ദ്രംപുരുപ്രിയം
ശീരംപാവകശോചിഷം
ഹൃത്ഭിമ്മന്ദ്രേഭിരീമഹേ

അന്വയം:–

മന്ദ്രം, പുരു–പ്രിയം — മാദനം, ബഹുപ്രിയം
ശീരം — യജ്ഞേഷു ശയനശീലം
പാവക–ശോചിഷം
അഗ്നിം — ശുദ്ധീകരണസമത്ഥ
തേജസ്കമഗ്നിം
ഹൃൽ–ഭിഃ മന്ദ്രേഭിഃ
ഈമഹേ — മാദകൈസ്തോത്രൈര്യാചാമഹേ

അത്ഥം–ഹർഷണശീലനും ഏവക്കും പ്രിയപ്പെട്ടവനും യജ്ഞങ്ങളിൽ കിടക്കുക ശീലമായവനും എല്ലാം ശുദ്ധീകരിക്കുന്ന തേജസ്സോത്തവനുമായ അഗ്നിയോടു്, ഹൃദയങ്ങളോടുകൂടി ഹഷ്മിയററുന്ന സ്തോത്രങ്ങളാൽ അഭീഷ്ടങ്ങൾ യാചിക്കുന്നു.

32 സത്വമഗ്നേവിഭാവസു
സ്സൃ ജന്ത്സൂര്യോനരശ്മിഭിഃ
ശദ്ധന്തമാംസിജിഘ്നസേ

അന്വയം:–

ഹേ അഗ്നേ, വിഭാ–വസുഃ — ദീപ്തിധനഃ
സഃ ത്വം സൃജൻ സൂര്യഃ ന — ഉദ്യൻ സൂര്യ ഇവ
രശ്മി--ഭിഃ ശദ്ധൻ — ബലങ്കുവ്വൻ
തമാംസി ജിഘ്നസേ — നാശയസി

അർത്ഥം—അല്ലയോ അഗ്നേ, തേജസ്സാകുന്ന ധനമൊത്ത ആ അവിടുന്ന് ഉദിച്ചുയരുന്ന സൂര്യനെന്ന പോലെ, രശ്മികളാൽ ബലമിയററി ഇരുട്ടുകളെ (ഉപാസകരുടെ അജ്ഞാനങ്ങളെ) നശിപ്പിക്കുന്നു.

33 തത്തേസഹസ്വഈമഹേ
ദാത്രംയന്നോപദസ്യതി
ത്വദഗ്നേവാര്യംവസു വ. 35

അന്വയം:—

ഹേ സഹസ്വഃ, അഗ്നേ, — ബലവന്നഗ്നേ,
തേ യൽ ന ഉപ-ദസ്യതി — യദ്വസുനോപക്ഷീയതേ
ദാത്രം, വാര്യം തൽ വസു — ദാതവ്യം, ശ്രേഷ്ഠം തദ്ധനം
ത്വൽ ഈമഹേ — ത്വത്തോ യാചാമഹേ

അർത്ഥം—അല്ലയോ ബലവാനായ അഗ്നേ, അവിടുത്തെ യാതൊരു ധനം നശിക്കാത്തതാണോ, നൽകാവുന്നതും ശ്രേഷ്ഠവുമായ ആ ധനം അവിടുന്നിൽനിന്നു ഞങ്ങൾ യാചിക്കുന്നു. (നശിക്കാത്ത ധനം സുകൃതം തന്നെ.)

വർഗ്ഗം—36 മുതൽ 41 കൂടി.

1 സമിധാഗ്നിന്ദുവസ്യത
ഘൃതൈർബ്ബോധയതാതിഥിം
ആസ്മിന്ഹവ്യാജ്ജുഹോതന

അന്വയം:—

(ഹേ ഋത്വിജഃ)
അതിഥിം അഗ്നിം — അതിഥിവൽ പൂജ്യം തം
സം-ഇധാ ദുവസ്യത — പരിചരത
ഘൃതൈഃ ബോധയത — ദീപ്തിസാധനൈരാജ്യൈ പ്രബോധയത ച

യുററവരുമായി, കടക്കാൻ പ്രയാസമുള്ള ആപൽഘട്ടങ്ങളെ കടന്നു കരപററുന്നവരാകുന്നതു്. (അങ്ങിനെ ഞങ്ങൾ രക്ഷപ്പെടുന്നതിൻെറ പ്രശസ്തി അവിടേയ്ക്കാണു്.)

31 അഗ്നിംമന്ദ്രംപുരുപ്രിയം
ശീരംപാവകശോചിഷം
ഹൃത്ഭിർമ്മന്ദ്രേഭിരീമഹേ

അന്വയം:—

| | |
|---|---|
| മന്ദ്രം, പുരു–പ്രിയം | — മാദനം, ബഹുപ്രിയം |
| ശീരം | — യജ്ഞേഷു ശയനശീലം |
| പാവക–ശോചിഷം | |
| അഗ്നിം | — ശുദ്ധീകരണസമർത്ഥ<br>തേജസ്കമഗ്നിം |
| ഹൃൽ–ഭിഃ മന്ദ്രേഭിഃ | |
| ഈമഹേ | — മാദകൈസ്തോത്രൈര്യാചാമഹേ |

അർത്ഥം—ഹർഷണശീലനും ഏവർക്കും പ്രിയപ്പെട്ടവനും യജ്ഞങ്ങളിൽ കിടക്കുക ശീലമായവനും എല്ലാം ശുദ്ധീകരിക്കുന്ന തേജസ്സൊത്തവനുമായ അഗ്നിയോടു്, ഹൃദയങ്ങളോടുകൂടി ഹർഷമിയററുന്ന സ്തോത്രങ്ങളാൽ അഭീഷ്ടങ്ങൾ യാചിക്കുന്നു.

32 സത്വമഗ്നേവിഭാവസു
സ്സൃജന്ത്സൂര്യോനരശ്മിഭിഃ
ശർദ്ധന്തമാംസിജിഘ്നസേ

അന്വയം:—

| | |
|---|---|
| ഹേ അഗ്നേ, വിഭാ–വസുഃ | — ദീപ്തിധനഃ |
| സഃ ത്വം സൃജൻ സൂര്യഃ ന | — ഉദ്യൻ സൂര്യ ഇവ |
| രശ്മി--ഭിഃ ശർദ്ധൻ | — ബലങ്കുർവ്വൻ |
| തമാംസി ജിഘ്നസേ | — നാശയസി |

അർത്ഥം–അല്ലയോ അഗ്നേ, തേജസ്സാകുന്ന ധനമൊത്ത ആ അവിടുന്നു് ഉദിച്ചുയരുന്ന സൂര്യനെന്ന പോലെ, രശ്മികളാൽ ബലമിയററി ഇരുട്ടുകളെ (ഉപാസകരുടെ അജ്ഞാനങ്ങളെ) നശിപ്പിക്കുന്നു.

33 തത്തേസഹസ്വഈമഹേ

ദാത്രംയന്നോപദസ്യതി

ത്വദഗ്നേവാര്യംവസു വ. 35

അന്വയം:–

ഹേ സഹസ്വഃ, അഗ്നേ, — ബലവന്നഗ്നേ,
തേ യൽ ന ഉപ–ദസ്യതി — യദ്വസുനോപക്ഷീയതേ
ദാത്രം, വാര്യം തൽ വസു — ദാതവ്യം, ശ്രേഷ്ഠം തദ്ധനം
ത്വൽ ഈമഹേ — ത്വത്തോ യാചാമഹേ

അർത്ഥം–അല്ലയോ ബലവാനായ അഗ്നേ, അവിടത്തെ യാതൊരു ധനം നശിക്കാത്തതാണോ, നൽകാവുന്നതും ശ്രേഷ്ഠവുമായ ആ ധനം അവിടുന്നിൽനിന്നു ഞങ്ങൾ യാചിക്കുന്നു. (നശിക്കാത്ത ധനം സുകൃതം തന്നെ.)

വർഗ്ഗം–36 മുതൽ 41 കൂടി.

1 സമിധാഗ്നിന്ദുവസ്യത

ഘൃതൈർബ്ബോധയതാതിഥിം

ആസ്മിന്ഹവ്യാജ്ജുഹോതന

അന്വയം:–

(ഹേ ഋത്വിജഃ)
അതിഥിം അഗ്നിം — അതിഥിവൽ പൂജ്യം തം
സം–ഇധാ ദുവസ്യത — പരിചരത
ഘൃതൈഃ ബോധയത — ദീപ്തിസാധനൈരാജ്യൈ
പ്രബോധയത ച

അസ്മിൻ ഹവ്യാ — സമിദ്ധേഗ്നൗ ഹവീംഷി
ആ ജുഹോതന — ആജുഹുത ച

അർത്ഥം-അല്ലയോ ഋത്വിക്കുകളേ, അതിഥിപോലെ പൂജ്യനായ അഗ്നിയെ ചമതയാൽ പരിചരിക്കുക. ജ്വാലയുയർത്തുന്ന നൈകളാൽ ഉണർത്തുക. ആളിക്കത്തിയ അവിടുന്നിൽ ഹവിസ്സുകൾ നിറച്ചും ഹോമിക്കുക.

2 അ॒ഗ്നേസ്തോമ॑ഞ്ജുഷസ്വമേ॒
വർദ്ധ॑സ്വാ॒നേന॒മന്മ॑നാ
പ്രതി॑സൂ॒ക്താനി॑ഹര്യനഃ

അന്വയം:—
ഹേ അഗ്നേ, മേ സ്തോമം
ജുഷസ്വ — മമസ്തോത്രം സേവസ്വ
അനേന മന്മനാ വർദ്ധസ്വ — ഏനേന സ്തോത്രേണ വർദ്ധയ ച
നഃ സു-ഉക്താനി പ്രതി
ഹര്യ — കാമയ ച

അർത്ഥം-അല്ലയോ അഗ്നേ, എന്റെ സ്തോത്രം കൈക്കൊണ്ടാലും. ആ സ്തോത്രത്താൽ വർദ്ധിച്ചാലും. ഞങ്ങളുടെ സൂക്തങ്ങളെ ഇഷ്ടപ്പെട്ടാലും.

3 അ॒ഗ്നിന്ദൂ॒തംപു॒രോദ॑ധേ
ഹവ്യ॒വാഹ॒മുപ॑ബ്രുവേ
ദേ॒വാഁആസാ॑ദയാദി॒ഹ

അന്വയം:—
ദൂതം ഹവ്യ-വാഹം — ദേവാനാം ഹവിഷാം
വോഢാരം
അഗ്നിം പുരഃ ദധേ — പുരസ്കരോമി
ഉപ ബ്രുവേ — ഉപസ്തൗമി ച
ഇഹ ദേവാൻ ആ
സാദയാൽ — യജ്ഞേ താനാസാദയതു

അൎത്ഥം—ദേവന്മാരുടെ ദൂതനും അവൎക്ക ഹവിസ്സെത്തുന്നവനുമായ അഗ്നിയെ ഞാൻ മുൻനിൎത്തുന്നു. അണഞ്ഞു സ്തുതിക്കുന്നു. ഈ യജ്ഞത്തിൽ അവിടന്നു് ദേവന്മാരെ ഇരുത്തട്ടേ.

4 ഉത്തേബൃഹന്തോഅൎച്ചയ
സ്സമിധാനസ്യദീദിവഃ
അഗ്നേശുക്രാസഈരതേ

അന്വയം:—
ഹേ ദീദി–വഃ അഗ്നേ, — ദീപ്താഗ്നേ,
സം–ഇധാനസ്യ തേ — സമിധ്യമാനസ്യ തവ
ബൃഹന്തഃ, ശുക്രാസഃ
അൎച്ചയഃ — മഹാന്തഃ ജ്വലന്തോ ദീപ്തയഃ
ഉൽ ഈരതേ — ഉൽഗച്ഛതി

അൎത്ഥം—അല്ലയോ പ്രകാശമാനനായ അഗ്നേ, ആളിക്കത്തുന്ന അവിടത്തെ മഹത്തുക്കളും ജ്വലത്തുക്കളുമായ തേജസ്സുകൾ ഉയൎന്നുവരുന്നു.

5 ഉപത്വാജുഹ്വോഽഽമമ
ഘൃതാചീര്യന്തുഹര്യത
അഗ്നേഹവ്യാജുഷസ്വനഃ വ. 36

അന്വയം:—
ഹേ ഹര്യത, അഗ്നേ, — ഹവിഷ്കാമയമാനാഗ്നേ,
മമ ഘൃതാചീഃ ജുഹ്വഃ — ഘൃതമഞ്ജന്ത്യസ്രുചഃ
ത്വാ ഉപ യന്തു — ത്വാമുപഗച്ഛന്തു
നഃ ഹവ്യാ ജുഷസ്വ — ഹവീംഷി സേവസ്വ

അൎത്ഥം—ഹവിസ്സിഷ്ടപ്പെടുന്ന അഗ്നേ, എന്റെ നൈ പുരണ്ട സ്രുവങ്ങൾ അവിടത്തെ പ്രാപിക്കട്ടെ. ഞങ്ങളുടെ ഹവിസ്സുകൾ കൈകൊണ്ടാലും.

6 മന്ദ്രംഹോതാരമൃത്വിജ
ഞ്ചിത്രഭാനുംവിഭാവസും
അഗ്നിമീളേസഉശ്രവൽ

അന്വയം:—

മന്ദ്രം, ഹോതാരം — മാദനം, ദേവാനാമാഹ്വാതാരം
ഋത്വിജം, ചിത്ര–ഭാനും — ഋതൗ യഷ്ടവ്യം, ചിത്രദീപ്തിം
വിഭാ–വസും അഗ്നിം
ഈളേ — ദീപ്തിധനമഗ്നിം സ്തൗമി
സഃ ശ്രവൽ ഉ — അസ്മദീയാം സ്തുതിം
ശൃണോതേവ

അൎത്ഥം–ഹൎഷണശീലനും ദേവന്മാരെ വിളിക്കുന്നവനും യാഗയോഗ്യമായ ഋതുവിൽ യജിക്കപ്പെടേണ്ടവനും വിവിധ ശോഭകളുററവനും പ്രകാശമാകുന്ന ധനമൊത്തവനുമായ അഗ്നിയെ ഞാൻ സ്തുതിക്കുന്നു. അവിടുന്ന് എൻെറ സ്തുതി കേൾക്കുക തന്നെ ചെയ്യട്ടെ.

7 പ്രത്നംഹോതാരമീഡ്യ
ഞ്ജുഷ്ടമഗ്നിങ്കവിക്രതും
അധ്വരാണാമഭിശ്രിയം

അന്വയം:—

പ്രത്നം, ഹോതാരം — പുരാണം, ദേവാനാമാഹ്വാതാരം
ഈഡ്യം, ജുഷ്ടം,
കവി-ക്രതും — സ്തുത്യം, സേവിതം,
ക്രാന്തകൎമ്മാണം
അധ്വരാണാം
അഭി–ശ്രിയം അഗ്നിം — യജ്ഞാനാമഭിശ്രയിതാര
മഗ്നിമീളേ

അൎത്ഥം–പുരാതനനും ദേവന്മാരെ വിളിക്കുന്നവനും സ്തുത്യനും ഋത്വിഗ്യജമാനന്മാരാൽ സേവിതനും ഏവരേക്കാളും കടന്ന

കർമ്മമൊത്തവനും യജ്ഞങ്ങളെ നേരിട്ടാശ്രയിക്കുന്നവനുമായ അഗ്നിയെ ഞാൻ സ്തുതിക്കുന്നു.

8 ജുഷാണോഽങ്ഗിരസ്ത
മേമാഹവ്യാന്യാനുഷക്
അഗ്നേയജ്ഞന്നയഋതുഥാ

അന്വയം:—

ഹേ അങ്ഗിരഃ—തമ,
അഗ്നേ, — അങ്ഗിരസാം ശ്രേഷ്ഠാഗ്നേ,
ഇമാ ഹവ്യാനി
ആനുഷക് — അസ്മദീയാനി
ഹവീംഷ്യനുഷക്തം
ജുഷാണഃ — സേവമാനോ ഭവ
ഋതു-ഥാ യജ്ഞം നയ — കാലേ കാലേ യജ്ഞം നയ ച

അർത്ഥം—അങ്ഗിരസ്സുകളിൽ ശ്രേഷ്ഠനായ അഗ്നേ, ഞങ്ങളുടെ ഈ ഹവിസ്സുകൾ താല്പര്യത്തോടുകൂടി കൈക്കൊള്ളുന്നവനായാലും. കാലത്തിൽ കാലത്തിൽ യജ്ഞത്തെ നയിച്ചാലും.

9 സമിധാനഉസന്ത്യ
ശുക്രശോചഇഹാവഹ
ചികിത്വാന്ദൈവ്യഞ്ജനം

അന്വയം:—

ഹേ സന്ത്യ, ശുക്ര-
ശോചേ, — ഭജനശീല, ജ്വലദ്ദീപ്തേഗ്നേ,
(ത്വം) സം-ഇധാനഃ ഉ — സമിദ്ധ്യമാന ഏവ
ദൈവ്യം ജനം
ചികിത്വാൻ — ദേവസംബന്ധിനം ജനം
ജാനൻ
ഇഹ ആ വഹ — അസ്മിൻ യജ്ഞേ ആനയ

അൎത്ഥം_യാഗഗമനശീലനും ജ്വലത്തായ പ്രകാശമുററവനുമായ അഗ്നേ, അവിടുന്ന് ആളിക്കത്തുന്നവനായിത്തന്നെ, ദേവജനങ്ങളെ അറിയുന്നവനായി, ഈ യജ്ഞത്തിൽ അവരെ ആനയിച്ചാലും.

10 വിപ്രംഹോതാരമദ്രുഹ
ധൂമകേതുംവിഭാവസും
യജ്ഞാനാംകേതുമീമഹേ വ. 37

അന്വയം:—

| | |
|---|---|
| വിപ്രം, ഹോതാരം | — മേധാവിനം, ദേവാനാമാഹ്വാതാരം |
| അദ്രുഹം, ധൂമ-കേതും,<br>വിഭാ-വസും | — അദ്രോഗ്ധാരം, ധൂമധ്വജം,<br>ദീപ്തിധനം |
| യജ്ഞാനാം കേതും<br>ഈമഹേ | — പതാകാസ്ഥാനീയമഗ്നിം<br>യാചാമഹേ |

അൎത്ഥം—മേധാവിയും ദേവന്മാരെ വിളിക്കുന്നവനും ദ്രോഹിക്കാത്തവനും പുകയാകുന്ന കൊടിമരത്തോടുകൂടിയവനും തേജസ്സാകുന്ന ധനമൊത്തവനും യജ്ഞങ്ങൾക്ക് സ്വയം കൊടിയുമായ അഗ്നിയോട്ട് അഭീഷ്ടം യാചിക്കുന്നു.

11 അഗ്നേനിപാഹിനസ്ത്വം
പ്രതിഷ്മദേവരീഷതഃ
ഭിന്ധിദ്വേഷസ്സഹസ്കൃത

അന്വയം:—

| | |
|---|---|
| ഹേ സഹഃ-കൃത ദേവ,<br>അഗ്നേ, ത്വം | — ബലേനകൃത, ദീപ്യമാനാഗ്നേ,<br>ത്വം |

രിഷതഃ നഃ പ്രതി നി
പാഹി — ഹിംസകാദസ്മാൻ പ്രതി രക്ഷ
ദ്വേഷഃ ഭിന്ധി സ്മ — ശത്രൂൻ വിദാരയ ഹി

അൎത്ഥം—ബലത്താൽ (അരണിയാൽ) ഉണ്ടായവനും ഭാസമാനനുമായ അഗ്നേ, അവിടുന്നു് ഞങ്ങളെ ദ്രോഹിയിൽനിന്നു വേണ്ടപോലെ രക്ഷിച്ചാലും. ശത്രുക്കളെ പിളൎന്നാലും.

12 അഗ്നിഃപ്രത്നേനമന്മനാ
ശുംഭാനസ്തന്വംʃസ്വാം
കവിൎവ്വിപ്രേണവാവൃധേ

അന്വയം:—
കവിഃ അഗ്നിഃ — ക്രാന്തകൎമ്മാഗ്നിഃ
പ്രത്നേന മന്മനാ — പുരാണേന സ്തോത്രേണ
സ്വാം തന്വം ശുംഭാനഃ — സ്വകീയാം തനും ശോഭയൻ
വിപ്രേണ വവൃധേ — സ്തോത്രാ പ്രവൃദ്ധോ ഭവതി

അൎത്ഥം—കടന്ന കൎമ്മങ്ങളോടുകൂടിയ അഗ്നി, പുരാതനമായ സ്തോത്രത്താൽ സ്വന്തം ശരീരം പ്രകാശിപ്പിച്ചുകൊണ്ടു്, സ്തോതാവിനാൽ പ്രവൃദ്ധനാക്കപ്പെടുന്നു.

13 ഊൎജ്ജോനപാതമാഹു
വേഗ്നിംപാവകശോചിഷം
അസ്മിൻയജ്ഞേസ്വധ്വരേ

അന്വയം:—
ഊൎജ്ജഃ നപാതം — അന്നസ്യ പുത്രം
പാവക-ശോചിഷം
അഗ്നിം — ശുദ്ധീകരണതേജസ്കം തം
സു-അധ്വരേ അസ്മിൻ
യജ്ഞേ ആ ഹുവേ — അസുരൈരഹിംസ്യേ യജ്ഞേ ആഹ്വയാമി

അൎത്ഥം—അന്നത്തിൻെറ, ഹവിസ്സിൻെറ, മകനും ശുദ്ധീകരിയ്ക്കുന്ന തേജസ്സിയന്നവനുമായ അഗ്നിയെ, അസുരന്മാരാൽ ഹിംസിക്കപ്പെടാൻ പററാത്ത ഈ യജ്ഞത്തിൽ, ഞാൻ വിളിക്കുന്നു.

14 സനോമിത്രമഹസ്ത്വ

മഗ്നേശുക്രേണശോചിഷാ

ദേവൈരാസത്സിബൎഹിഷി

അന്വയം:—

ഹേ മിത്ര–മഹഃ അഗ്നേ — മിത്രാണാം പൂജനീയാഗ്നേ,
സഃ ത്വം ശുക്രേണ
ശോചിഷാ – ജ്വലതാ തേജസാ
ദേവൈഃ നഃ ബൎഹിഷി
ആ സത്സി — തൈസ്സഹ അസ്മാകം യജ്ഞേ ആസീദ

അൎത്ഥം—മിത്രങ്ങൾക്ക് പൂജ്യനായ അഗ്നേ, ആ അവിടുന്ന് ജ്വലിക്കുന്ന തേജസ്സോടുകൂടി ദേവന്മാരോടൊപ്പം ഞങ്ങളുടെ യജ്ഞത്തിൽ വന്നിരുന്നാലും,

15 യോഅഗ്നിന്തന്വോ ഽഽ ദമേ

ദേവംമൎത്തസ്സപര്യതി

തസ്മാഇദ്ദീദയദ്വസു വ. 38

അന്വയം:—

യഃ മൎത്തഃ ദമേ — മനുഷ്യഃ ഗൃഹേ
അഗ്നിം ദേവം തന്വഃ
സപര്യതി — ധനപ്രാപ്ത്യൎത്ഥം പരിചരതി

തസ്മൈ ഇൽ വസു
ദീദയൽ — തസ്മാ ഏവാഗ്നിർധനം
പ്രയച്ഛതി

അർത്ഥം—ഏതു മനുഷ്യൻ ധനപ്രാപ്തിക്കായി ദേവനായ അഗ്നിയെ പരിചരിക്കുന്നുവോ, അവനുതന്നെയാണ് അഗ്നി ധനം കൊടുക്കുന്നതു്.

16 അഗ്നിർമൂർധാദിവഃകകുൽ
പതിഃപൃഥിവ്യാഅയം
അപാംരേതാംസിജിന്വതി

അന്വയം:—

മൂർധാ — ദേവാനാം ശ്രേഷ്ഠഃ
ദിവഃ കകുൽ — ദ്യുലോകസ്യാപ്യുച്ഛ്രിതഃ
പൃഥിവ്യാഃ പതിഃ — ഭൂമേരീശ്വരശ്ച
അയം അഗ്നിഃ അപാം
രേതാംസി ജിന്വതി — സ്ഥാവരജങ്ഗമാൽമകാനി
ഭൂതാനി പ്രീണയതി

അർത്ഥം—ദേവന്മാരുടെ തലവനും ദ്യുലോകത്തേക്കാളുമുയർന്നവനും ഭൂമിക്കു നാഥനുമായ അഗ്നി ചരാചരാത്മകമായ ഭൂതപ്രപഞ്ചത്തെ പ്രീതിപ്പെടുത്തുന്നു.

17 ഉദഗ്നേശുചയസ്തവ
ശുക്രാഭ്രാജന്തഈരതേ
തവജ്യോതീംഷ്യർച്ചയഃ

അന്വയം:—

ഹേ അഗ്നേ, തവ — തേ
ശുചയഃ ശുക്രാഃ ഭ്രാജന്തഃ — നിർമ്മലാഃ ശുക്രവർണ്ണഃ,
ദീപ്യമാനാഃ

| | |
|---|---|
| അച്ചയഃ തവ<br>ജ്യോതീംഷി ഉൽ<br>ഈരതേ | — പ്രഭാഃ തേജാംസ്യുൽഗതാനി പ്രേരയന്തി |

അത്ഥം—അല്ലയോ അഗ്നേ, അവിടുത്തെ ശുദ്ധങ്ങളും ശുഭ്രവണ്ണങ്ങളും പ്രകാശമാനങ്ങളുമായ രശ്മികൾ അവിടുത്തെ തേജസ്സുകളുയത്തുന്നു.

18 ഈശിഷേവാര്യസ്യഹി

ദാത്രസ്യാഗ്നേസ്വപ്പതിഃ

സ്തോതാസ്യാന്തവശമ്മണി

അന്വയം:—

| | |
|---|---|
| ഹേ അഗ്നേ, സ്വഃ—പതിഃ | — സ്വഗ്ഗസ്യ സ്വാമീത്വം |
| വാര്യസ്യ ദാത്രസ്യ<br>ഈശിഷേ ഹി | — വരണീയസ്യ ദാതവ്യസ്യ ധനസ്യേശ്വര ഏവ ഭവസി |
| തവ സ്തോതാ ശമ്മണി<br>സ്യാം | — സുഖേ ഭവേയം |

അത്ഥം—അല്ലയോ അഗ്നേ, സ്വഗ്ഗനാഥനായ അവിടുന്ന് വരണീയവും ഉപാസകക്ക് തരുവാനുള്ളതുമായ ധനത്തിന്ന് ഈശൻ തന്നെയാകുന്നു. അവിടുത്തെ സ്തുതിക്കുന്നവൻ സുഖത്തിൽ മേവാവൂ.

19 ത്വാമഗ്നേമനീഷിണ

സ്ത്വാംഹിന്വന്തിചിത്തിഭിഃ

ത്വാംവദ്ധന്തുനോഗിരഃ

അന്വയം:—

ഹേ അഗ്നേ, ത്വാം
മനീഷിണഃ — മനസ ഈശ്വരാ സ്തോതാര സ്തുവന്തി

(കിഞ്ച) ത്വാം
ചിത്തി-ഭിഃ ഹിന്വന്തി — ത്വാമേവ കർമ്മഭിഃ പ്രീണയന്തി
നഃ ഗിരഃ ത്വാം വർദ്ധന്തു — സ്തുതയോ വർദ്ധയന്തു

അർത്ഥം—അല്ലയോ അഗ്നേ, മനസ്സടക്കം വന്ന സ്തോതാക്കൾ അവിടത്തെ സ്തുതിക്കുന്നു. അവിടത്തെത്തന്നെ കർമ്മങ്ങളാൽ പ്രീതപ്പെടുത്തുന്നു. ഞങ്ങളുടെ സ്തുതികൾ അവിടത്തെ വർദ്ധിപ്പിക്കട്ടെ.

20 അദബ്ധസ്യസ്വധാവതോ

ദൂതസ്യരേഭതസ്സദാ

അഗ്നേസ്സഖ്യംവൃണീമഹേ വ. 39

അന്വയം:—
അദബ്ധസ്യ — കേനാപ്യഹിംസിതസ്യ
സ്വധാ-വതഃ — ബലവതഃ (ഹവിഷ്മതഃ)
(ദേവാനാം) ദൂതസ്യ
രേഭതഃ — ദേവാൻ സ്തുവതഃ
അഗ്നേഃ സഖ്യം സദാ
വൃണീമഹേ — സർവ്വദാ സംഭജാമഹേ

അർത്ഥം—ആരാലും ഹിംസിക്കപ്പെടാത്തവനും ബലവാനും (ഹവിഷ്മാനും) ദേവന്മാർക്ക് ദൂതനും ദേവന്മാരെ സ്തുതിക്കുന്നവനുമായ അഗ്നിയുടെ ചങ്ങാത്തം ഞങ്ങളെപ്പോഴും വരിക്കുന്നു, ഭജിക്കുന്നു.

21 അഗ്നിശ്ശുചിവ്രതതമ

ശ്ശുചിർവ്വിപ്രശ്ശുചിഃകവിഃ

ശുചീരോചതആഹുതഃ

അന്വയം:—

| | | |
|---|---|---|
| ശുചിവ്രത–തമഃ | — | അതിശയേന ശുദ്ധകർമ്മാ |
| ശുചിഃ വിപ്രഃ | — | ശുദ്ധ ഏവ മേധാവീ |
| ശുചിഃ കവിഃ | — | ശുദ്ധസ്സന്നേവ ക്രാന്തകർമ്മാ |
| ശുചിഃ ആ–ഹുതഃ | — | ശുചിരേവാഹുതഃ |
| അഗ്നിഃ രോചതേ | — | പ്രകാശതേ |

അർത്ഥം—ഏറ്റവും ശുദ്ധമായ കർമ്മമുറ്റവനും ശുദ്ധൻതന്നെയായ മേധാവിയും ശുദ്ധനായിത്തന്നെ കടന്ന കർമ്മങ്ങൾ ചെയ്യുന്നവനും ശുദ്ധനായിത്തന്നെ ഹോമിയ്ക്കപ്പെടുന്നവനുമായ അഗ്നി, തിളങ്ങുന്നു.

22 ഉതത്വാധീതയോമമ
ഗിരോവർദ്ധന്തുവിശ്വഹാ
അഗ്നേസഖ്യസ്യബോധിനഃ

അന്വയം:—

| | | |
|---|---|---|
| ഉത ഹേ അഗ്നേ, ത്വാ | — | ത്വാം |
| മമ ധീതയഃ ഗിരഃ | — | കർമ്മാണി സ്തുതയശ്ച |
| വിശ്വഹാ വർദ്ധന്തു | — | സർവ്വദാ വർദ്ധയന്തു |
| നഃ സഖ്യസ്യ ബോധി | — | അസ്മാകം സഖ്യം, സ്തുത്യാദികം ബുദ്ധ്യസ്വ |

അർത്ഥം—പിന്നെ, അല്ലയോ അഗ്നേ, എന്റെ കർമ്മങ്ങളും സ്തോത്രങ്ങളും അവിടുത്തെ എപ്പോഴും വർദ്ധിപ്പിയ്ക്കട്ടെ. സ്തുതി മുതലായവയുടെ രൂപത്തിലുള്ള ഞങ്ങളുടെ സഖ്യത്തെ ഉൾകൊണ്ടാലും.

23 യദഗ്നേസ്യാമഹന്ത്വ
ത്വംവാഘാസ്യാഅഹം
സ്യുഷ്ടേസത്യാഇഹാശിഷഃ

അന്വയം:—

| | | |
|---|---|---|
| ഹേ അഗ്നേ, യൽ അഹം | — | യദ്യഹം |
| ത്വം സ്യാം | — | ബഹുധനസ്ത്വം ഭവേയം |
| ത്വം വാ ഘ അഹം സ്യാഃ | — | ത്വം വാഖല്വഹം ദരിദ്രസ്തോതാ ഭവേഃ |

(തതഃ) തേ ആ–ശിഷഃ
ഇഹ സത്യാഃ സ്യുഃ — തവാശസനാനി സത്യാ ഭവേയുഃ

അത്ഥം–അല്പയോ അഗ്നേ, ഞാൻ ധനവാനായ അവിടുന്നും അവിടുന്നാകട്ടേ ദരിദ്രസ്തോതാവായ ഞാനുമായിത്തീരുന്നുവെങ്കിൽ, അപ്പോഠ ഈ യജ്ഞത്തിൽ അവിടുത്തെ ആഗ്രഹങ്ങഠ ഭവിച്ചേനേ, സാധിച്ചേനേ.

24 വസുർവ്വസുപതിർഹി ക
മസ്യഗ്നേവിഭാവസുഃ
സ്യാമതേസുമതാവപി

അന്വയം:–
ഹേ അഗ്നേ, (ത്വം)
വിഭാ–വസുഃ — ദീപ്തിധനഃ
വസു–പതിഃ, വസുഃ
അസി — ധനപതിഃ വാസയിതാസി
ഹി അപി തേ — യസ്മാദതോ വയം തവ
സു–മതൗ കം സ്യാമ — അനുഗ്രഹബുദ്ധൗ സുഖേന ഭവേമ

അത്ഥം–അല്പയോ അഗ്നേ, അവിടുന്ന് പ്രകാശധനനും ധനപതിയും എല്ലവരെയും അതാതിടത്ത് വസിപ്പിക്കുന്നവനുമാകുന്നു. അതിനാൽ അവിടുത്തെ അനുഗ്രഹബുദ്ധിയിൽ ഞങ്ങഠ സുഖത്തോടുകൂടി ഭവിക്കുമാറാവൂ.

25 അഗ്നേധൃതവ്രതായതേ
സമുദ്രായേവസിന്ധവഃ
ഗിരോവാശ്രാസഈരതേ വ. 40

അന്വയം;–
ഹേ അഗ്നേ, ധൃത–
വ്രതായ തേ — ധൃതകർമ്മണേ തുഭ്യം
വാശ്രാസഃ ഗിരഃ — വാശനശീലാ മമസ്തുതയഃ

സിന്ധവഃ സമുദ്രായ-ഇവ— നദ്യഃ സമുദ്രായ യഥാ തഥാ
ഈരതേ — പ്രവർത്തന്തേ

അർത്ഥം—അല്ലയോ അഗ്നേ, സ്വയം കർമ്മം ധരിച്ച അവിടേക്കായി, കുട്ടിയുടെ നേരെ പശുവിന്റെ ഭാവമുററ എന്റെ സ്തുതികൾ, നദികൾ സമുദ്രത്തിന്നായിക്കൊണ്ടെന്ന പോലെ (സമുദ്രത്തിലേക്കൊഴുകുന്ന പോലെ അവിടത്തെ നേരെ ഒഴുകി) പ്രവർത്തിക്കുന്നു.

26 യുവാ॑നം വി॒ശ്പതി॑ങ്ക॒വിം
വി॒ശ്വാദം॑പുരു॒വേപ॑സം
അ॒ഗ്നിംശും॑ഭാമി॒മന്മ॑ഭിഃ

അന്വയം:—
യുവാനം, വിശ്പതിം — നിത്യതരുണം, വിശാംപതിം
വിശ്വ—അദം, പുരു—
വേപസം — സർവ്വസ്യ ഹവിഷോത്താരം,
ബഹുകർമ്മാണം
കവിം അഗ്നിം മന്മ-ഭിഃ
ശുംഭാമി — ക്രാന്തകർമ്മാണം തം
സ്തോത്രൈശ്ശോഭയാമി

അർത്ഥം—നിത്യയുവാവും പ്രജാനാഥനും എല്ലാ ഹവിസ്സും ഭക്ഷിക്കുന്നവനും വളരെ കർമ്മങ്ങളൊത്തവനും കടന്ന കർമ്മമുററവനുമായ അഗ്നിയെ സ്തോത്രങ്ങളാൽ ഞാൻ പ്രകാശിപ്പിക്കുന്നു.

27 യ॒ജ്ഞാനാം॑ര॒ഥ്യേ॑വ॒യ
ന്തി॒ഗ്മജം॑ഭായവീ॒ളവേ॑
സ്തോമൈ॑രിഷേമാ॒ഗ്നയേ॑

അന്വയം:—
യജ്ഞാനാം രഥ്യേ — നേത്രേ
തിഗ്മ—ജംഭായ, വീളവേ — തിഗ്മജ്വാലായ, ബലവതേ

അഗ്നയേ വയം — അങ്ഗിരസാഃ
സ്തോമൈഃ ഇഷേമ — സ്തോത്രൈസ്തോതുമിച്ഛേമ

അർത്ഥം–യജ്ഞത്തിന്നു നേതാവും കടുത്ത ജ്വാലകളാർന്നവനും ബലവാനുമായ അഗ്നിയ്ക്കായി, അഗ്നിയെ ഉദ്ദേശിച്ച്, അങ്ഗിരസന്മാരായ ഞങ്ങൾ സ്തോത്രങ്ങളാൽ പുകഴ്ത്തുവാനിച്ഛിയ്ക്കാവൂ.

28 അയമഗ്നേത്വേഅപി
ജരിതാഭൂതുസന്ത്യ
തസ്മൈപാവകമൃളയ

അന്വയം:–

ഹേ പാവക, സന്ത്യ,
അഗ്നേ, — ശോധക, ഭജനീയശീലാഗ്നേ,
ത്വേ അപി — ത്വയ്യപി, ത്വയ്യേവ
അയം ജരിതാ ഭൂതു — അസ്മദീയസ്തോതാ ഭവതു
തസ്മൈ മൃളയ — സുഖമുല്പാദയ, തം സുഖയ

അർത്ഥം–ശുദ്ധികരനും യാഗത്തിന്നെത്തുന്ന ശീലത്തോടു കൂടിയവനുമായ അഗ്നേ, ഞങ്ങളുടെ ഈ സ്തോതാവ് അവിടുന്നിൽത്തന്നെ ഭവിയ്ക്കട്ടേ. അവനു സുഖമുണ്ടാക്കിയാലും, അവനെ സുഖിപ്പിച്ചാലും.

29 ധീരോഹ്യസ്യദ്മസ
ദ്വിപ്രോനജാഗൃവിസ്സദാ
അഗ്നേദീദയസിദ്യവി

അന്വയം:–

ഹേ അഗ്നേ, (ത്വം)
ധീരഃ അസി ഹി — ഭവസി ഖലു
അദ്മ–സൽ വിപ്രഃ ന — ഹവിഷി സീദൻ മേധാവീവ

ജാഗൃവിഃ — പ്രജാനാം ഹിതകരണേ
ജാഗരൂകോസി
സദാ ദ്യവി ദീദയസി — അന്തരിക്ഷേ ദീപ്യസി

അർത്ഥം—അല്പയോ അഗ്നേ, അവിടുന്ന് ധീരനാണല്ലോ. ഹവിസ്സിലിരിക്കുന്ന മേധാവിപോലെ പ്രജകളുടെ ഹിതത്തിൽ ഉണർവ്വുററവനാണ്. അവിടുന്നെപ്പോഴും അന്തരിക്ഷത്തിൽ പ്രകാശിക്കുന്നു.

30 പുരാഗ്നേദുരിതേഭ്യഃ
പുരാമൃധ്രേഭ്യഃകവേ
പ്രണആയുർവ്വസോതിര വ. 41

അന്വയം:—

ഹേ വസോ, കവേ,
അഗ്നേ, — വാസയിതഃ, ക്രാന്തകർമ്മന്നഗ്നേ,
ദുഃ_ഇതേഭ്യഃ പുരാ — പാപേഭ്യഃ
മൃധ്രേഭ്യഃ പുരാ — ഹിംസകേഭ്യഃ
(യദാദുരിതാനി ശത്രവശ്ചാസ്മാൻ ഹിംസിതുമുദ്യുഞ്ജതേതതഃ പ്രാഗേവ)
നഃ ആയുഃ പ്ര തിര — അസ്മാകമായുർവ്വർദ്ധയ

അർത്ഥം—എവരെയും അതാതിടത്തു വസിപ്പിക്കുന്നവനും കടന്ന കർമ്മമുററവനുമായ അഗ്നേ, പാപങ്ങളിൽനിന്നും ദ്രോഹികളിൽ നിന്നും, അവർ ഞങ്ങളെ ബാധിക്കുന്നതിന്നുമുമ്പുതന്നെ, ഞങ്ങളുടെ ആയുസ്സു വർദ്ധിപ്പിച്ചാലും. (ദ്രോഹികളെപ്പോലെത്തന്നെ പാപകർമ്മങ്ങളും ആയുഃക്ഷയകരങ്ങളാണ്. അവ വരുംമുമ്പുതന്നെ ആയുസ്സു വർദ്ധിപ്പിച്ചനുഗ്രഹിക്കണമെന്ന്.)

വർഗ്ഗം—42 മുതൽ 49 കൂടി കാണ്വസ്ത്രിശോകഃ ഋഷിഃ, ഇന്ദ്രോ ദേവതാ,

1 ആഘായേഅഗ്നിമിന്ധതേ
സ്തൃണന്തിബർഹിരാനുഷക്
യേഷാമിന്ദ്രോയുവാസഖാ

അന്വയം:-

യേ ആ ഘ അഗ്നിം
ഇന്ധതേ — യേ ഋഷയഃ ആഭിമുഖ്യേന
ഖല്വഗ്നിം ദീപയന്തി,

യേഷാം യുവാ ഇന്ദ്രഃ
സഖാ — നിത്യതരുണസ്സമിത്രഭൂതഃ
(തേ) ആനുഷക് ബർഹിഃ
സ്തൃണന്തി — യജ്ഞമനുതിഷ്ഠന്തി

അർത്ഥം—ഋഷികളേവർ നേരെത്തന്നെ അഗ്നിയെ പ്രജ്വലിപ്പിക്കുന്നുവോ, ഏവർക്ക് നിത്യയുവാവായ ഇന്ദ്രൻ ചങ്ങാതിയോ, അവർ പ്രതിപത്തിയോടുകൂടി, യജ്ഞവേദിയിൽ ദർഭ വിരിക്കുന്നു, യജ്ഞമനുഷ്ഠിക്കുന്നു. (അതായത് അഗ്നിയെ സ്ഥിരമായി സേവിക്കുന്നവർക്കും ഇന്ദ്രന്റെ സഖ്യമുള്ളവർക്കും മാത്രമേ യാഗയോഗ്യതയുള്ളൂ.)

2 ബൃഹന്നിദിധ്മഏഷാം
ഭൂരിശസ്തംപൃഥുസ്വരുഃ
യേഷാമിന്ദ്രോയുവാസഖാ

അന്വയം:-

യേഷാം യുവാ ഇന്ദ്രഃ
സഖാ — നിത്യതരുണ ഇന്ദ്രോ മിത്രഭൂതഃ
ഏഷാം ഇധ്മഃ ബൃഹൻ
ഇൽ — മഹാൻ ഖലു
ഭൂരി ശസ്തം — ബഹുസ്തോത്രം
സ്വരുഃ പൃഥുഃ — യൂപോ മഹാൻ

അർത്ഥം—ഏവർക്ക് നിത്യയുവാവായ ഇന്ദ്രൻ ചങ്ങാതിയാണോ ആ ഋഷികൾക്ക് ചമതക്കൂട്ടം പെരുതാണല്ലോ. സ്തോത്രം എണ്ണമറ്റതും യൂപം വലിപ്പമേറിയതുമാകുന്നു. (യാഗസാമഗ്രികൾ എളുപ്പം നേടുന്നു.)

3 അയുദ്ധഇദ്യുധാവൃതം
ശൂരആജതിസത്വഭിഃ
യേഷാമിന്ദ്രോയുവാസഖാ

അന്വയം:-

| | |
|---|---|
| യേഷാം യുവാ ഇന്ദ്രഃ<br>സഖാ | — നിത്യതരുണ ഇന്ദ്രോ മിത്രഭൂതഃ |
| (തേഷു കശ്ചിൽ) അയുദ്ധഃ<br>ഇൽ | — പ്രാഗയോദ്ധൈവസൻ |
| യുധാ വൃതം | — യോദ്ധൃഭിർഭടൈരാവൃതം ശത്രും |
| ശൂരഃ സത്വ-ഭിഃ ആ<br>അജതി | — ശൗര്യോപേതസ്സൻ ആത്മീയൈർബ്ബലൈർന്നമയതി |

അർത്ഥം-നിത്യയുവാവായ ഇന്ദ്രൻ ഏവർക്കു ചങ്ങാതിയാണോ, അവരിലൊരുത്തൻ പടവെട്ടാതെ തന്നെ ശൂരനായി ആത്മീയ ബലങ്ങളാൽ യോദ്ധാക്കളായ ഭടന്മാരാൽ ചുററപ്പെട്ട ശത്രുവിനെ കുനിയിക്കുന്നു, കുമ്പിടുവിക്കുന്നു.

4 ആബുന്ദംവൃത്രഹാദദേ
ജാതഃപൃച്ഛദ്വിമാതരം
കഉഗ്രാഃകേഹശൃണ്വിരേ

അന്വയം:—

| | |
|---|---|
| ജാതഃ വൃത്ര—ഹാ | — ഉൽപന്നോ വൃത്രഹാ ഇന്ദ്രഃ |
| ബുന്ദം ആ ദദേ | — ഇഷുമാദത്തവാൻ |
| (ആദായചേഷ്ടം) | |
| 'ഉഗ്രാഃ കേ? | — 'ഉൽഗൂർണ്ണബലാഃ കേ? |
| കേ ശൃണ്വിരേ ഹ'? | — വീര്യേണ വിശ്രുതാ'ഃ? ഇതി |
| മാതരം വി പൃച്ഛൽ | — അപ്രാക്ഷീൽ |

അർത്ഥം–ജനിച്ച (ഉടനെ) ഇന്ദ്രൻ അമ്പെടുത്ത് 'ഉഗ്രന്മാരാരെല്ലാം? ആരെല്ലാം കേൾവിപ്പെട്ടവർ?' എന്നിപ്രകാരം അമ്മയോടു ചോദിച്ചു.

5 പ്രതിത്വാശവസീവദ

ദ്ഗിരാവഫ്സോനയോധിഷൽ

യസ്തേശത്രുത്വമാചകേ വ. 42

അന്വയം:–

(ഹേ ഇന്ദ്ര,) ത്വാ ശവസീ — ത്വാം ബലവതീ മാതാ
പ്രതി വദൽ — പ്രത്യവോചൽ
'യഃ തേ ശത്രു–ത്വം
ആ–ചകേ — 'തവ ശത്രുതാം കാമയതേ
(സഃ) ഗിരൗ അഫ്സഃ ന – പർവ്വതേ ദർശനീയോഗജ ഇവ
യോധിഷൽ' — യോധയതി'

അർത്ഥം–അല്ലയോ ഇന്ദ്ര, അവിടുത്തോട് ബലവതിയായ അമ്മ മറുപടി പറഞ്ഞു. 'ഏവൻ നിൻെറ ശത്രുത്വമിച്ഛിക്കുന്നുവോ, അവൻ ദർശനീയനായ കാട്ടാനപോലെ പൊരുതുന്നു'. (അവനോടു നിനക്ക് പൊരുതേണ്ടി വരും.)

6 ഉതത്വംമഘവഞ്ഛൃണു

യസ്തേവഷ്ടിവവക്ഷിതൽ

യദ്വീളയാസിവീളുതൽ

അന്വയം:–

ഉത, മഘ–വൻ, ത്വം
ശൃണു — അപിചാസ്മദീയാം വാചം ശൃണു
തേ യഃ വഷ്ടി — ത്വത്തസ്തോതായൽ കാമയതേ
തൽ വവക്ഷി — ത്വത്തസ്യൈ തദ്വഹസി

(കിഞ്ചത്വം) യൽ
വീളയാസി — ദൃഢീകരോഷി
തൽ വീളു — ദൃഢമേവ സർവ്വത്ര ഭവതി

അർത്ഥം—പിന്നെ, അല്ലയോ ധനവാനായ ഇന്ദ്ര, അവിടുന്നു ഞങ്ങളുടെ വാക്കു് (സ്തുതി) കേട്ടാലും. അവിടുന്നിൽനിന്നു സ്തോതാവു് യാതൊന്നാശിക്കുന്നുവോ, അതവന്നു വേണ്ടി അവിടുന്നു വഹിക്കുന്നു, എത്തിക്കുന്നു. മാത്രമല്ല, യാതൊന്നിനെ അവിടുന്നു് ഉറപ്പിക്കുന്നുവോ, അതെങ്ങുമുറപ്പുററതായിത്തന്നെ ഭവിക്കുന്നു.

7 യദാജിംയാത്യാജികൃ

ദിന്ദ്രസ്വശ്വയുരുപ

രഥീതമോരഥീനാം

അന്വയം:—

യൽ ആജി-കൃൽ — യദായുദ്ധകൃൽ
ഇന്ദ്രഃ സ്വശ്വ-യുഃ — കല്യാണമശ്വമിച്ഛൻ
ആജിം ഉപ യാതി — യുദ്ധമുപഗച്ഛതി
(തദാ) രഥീനാം
രഥീ—തമഃ — അതിശയേന രഥീ

അർത്ഥം—യുദ്ധത്തിന്നു പുറപ്പെടുമ്പോഴും ഇന്ദ്രൻ നല്ല കുതിരയെ ഇച്ഛിക്കുന്നവനായിട്ടാണു് പോർക്കളത്തിലേക്കു പോകുന്നതു്. അപ്പോളവിടുന്നു് തേരാളികളിൽ വെച്ചു് മികച്ച തേരാളിയാകുന്നു.

8 വിഷുവിശ്വാഅഭിയുജോ

വജ്രിൻവിഷ്വഗ്യഥാവൃഹ

ഭവാനസ്സുശ്രവസ്തമഃ

അന്വയം:—

ഹേ വജ്രിൻ (ത്വം)
വിശ്വാഃ അഭി—യുജഃ — അഭിയോക്ത്രീഃ പ്രജാഃ

യഥാ വിഷ്വക് സു വി
വൃഹ — ഇതസ്തതശ്ചരിന്നഭിന്നാ
ഭവന്തി തഥാ കുരു
നഃ സുശ്രുവഃ_തമഃ ഭവ — ശോഭനാന്നവത്തമോ ഭവ

അൎത്ഥം—അല്ലയോ വജ്രവാനായ ഇന്ദ്ര, നേരിട്ടെതിൎത്തു വരുന്ന ജനങ്ങൾ എപ്രകാരമായാലങ്ങുമിങ്ങും ചിന്നിച്ചിതറുമോ, അപ്രകാരമാക്കിയാലും. ഞങ്ങൾക്കു് നല്ല അന്നമേകുന്നവരിൽ മികച്ചവനായാലും.

9 അസ്മാകംസുരഥംപുര

ഇന്ദ്രഃകൃണോതുസാതയേ

നയന്ധൂൎവ്വന്തിധൂൎത്തയഃ

അന്വയം:—

യം ധൂൎത്തയഃ ന ധൂൎവ്വന്തി — ഹിംസകാനഹിംസന്തി
(സഃ) ഇന്ദ്രഃ അസ്മാകം
സാതയേ — അഭീഷ്ടലാഭായ
സു രഥം പുരഃ കൃണോതു — കല്യാണം രഥം പുരസ്കരോതു

അർത്ഥം—ആരെ ദ്രോഹികൾ ഉപദ്രവിക്കുന്നില്ലയോ, ആ ഇന്ദ്രൻ നമുക്കു് അഭീഷ്ടസിദ്ധിയ്ക്കായി നല്ല തേർ മുമ്പിൽ കൊണ്ടുനിൎത്തട്ടെ. (തേരിൽ കയറി വരട്ടെ.)

10 വൃജ്യാമതേപരിദ്വി

ഷോരന്തേശക്രദാവനേ

ഗമേമേദിന്ദ്രഗോമതഃ

വ. 43

അന്വയം:—

ഹേ ശക്ര, ഇന്ദ്ര, തേ
ദ്വിഷഃ — ശക്രേന്ദ്ര, തവദ്വേഷ്ടൄൻ.
പരി വൃജ്യാമ — നോപഗച്ഛേമ

(കിന്തു) ഗോ-മതഃ തേ — പശുമതസ്തേ
ദാവനേ അരം ഗമേമ ഇൽ - അഭീഷ്ടദാനായ പര്യാപ്തം ഗച്ഛേമൈവ

അർത്ഥം—അല്ലയോ ശക്തനായ ഇന്ദ്ര, അവിടത്തെ ദ്വേഷിക്കുന്നവരെ ഞാൻ വർജ്ജിക്കാവൂ, പ്രാപിക്കാതിരിക്കാവൂ. പിന്നെയോ, പശുവോടുകൂടിയ അവിടത്തെ അഭീഷ്ടദാനത്തിന്നു് പററിയവനായി വരാവൂ.

11 ശനൈശ്ചിദ്യന്തോഅദ്രി
വോശ്വാവന്തശ്ശതഗ്വിനഃ
വിവക്ഷണാഅനേഹസഃ

അന്വയം:—
ഹേ അദ്രി-വഃ, — വജ്രവന്നിന്ദ്ര, വയം
ശനൈഃ ചിൽ യന്തഃ — മന്ദം മന്ദമേവഗച്ഛന്തഃ
അശ്വ-വന്തഃ ശത-
ഗ്വിനഃ — അശ്വവന്തോ ബഹുധനാഃ
വിവക്ഷണാഃ — വോഢവ്യം വഹന്തഃ
അനേഹസഃ — ഉപദ്രവരഹിതാസ്സന്തോ ഗമേമ ഇൽ

അർത്ഥം—അല്ലയോ വജ്രവാനായ ഇന്ദ്ര, ഞങ്ങൾ പതുക്കെപ്പതുക്കെമാത്രം പോകുന്നവരും (ഓരോ പുണ്യസ്ഥലത്തിലും നദിയിലും തങ്ങിത്തങ്ങി) കുതിരകളൊത്തവരും ധാരാളം ധനമൊത്തവരും നിത്യവൃത്തിക്കും നിത്യകർമ്മത്തിന്നും കൊണ്ടു നടക്കേണ്ടതേന്തിയവരും ഉപദ്രവം ബാധിക്കാത്തവരുമായി വരാവൂ.

12 ഊർദ്ധ്വാഹിതേദിവേദിവേ
സഹസ്രാസൂനൃതാശതാ
ജരിതൃഭ്യോവിമംഹതേ

അന്വയം:–

(ഹേ ഇന്ദ്ര,) തേ
ജരിതൃ–ഭ്യഃ — സ്തോതൃഭ്യഃ
സഹസ്രാ, ശതാ ഹി — സഹസ്രാണി ശതാനി ച
ഊർദ്ധ്വാ — ഊർദ്ധ്വാനി, മുഖ്യാനി
സൂനൃതാ — പ്രിയസത്യാനി വാക്യാനി, സൂക്താനി
ദിവേ–ദിവേ വി–
മംഹതേ — അന്വഹം യജമാനഃ പ്രയച്ഛതി

അർത്ഥം–അല്ലയോ ഇന്ദ്ര, അവിടുത്തെ സ്തോതാക്കൾക്കു് ആയിരവും നൂറും കണക്കിൽ പ്രധാനപ്പെട്ട, പ്രിയസത്യവചനാത്മകങ്ങളായ സൂക്തങ്ങൾ ദിവസം തോറും യജമാനൻ പറഞ്ഞു കൊടുക്കുന്നു. (ചൊല്ലാൻ ഏല്പിക്കുന്നു.)

13 വിദ്മാഹിത്വാധനഞ്ജയ

മിന്ദ്രദൃള്ഹാചിദാരുജം

ആദാരിണംയഥാഗയം

അന്വയം:–

ഹേ ഇന്ദ്ര, ത്വാ ധനം–
ജയം — ധനാനാം ജേതാരം
ദൃള്ഹാ ചിൽ ആ–രുജം — ദൃഢാനാമപി ശത്രൂണാ
മാഭിമുഖ്യേന ഭക്താരം
ആ–ദാരിണം — ആദാതാരം
യഥാ ഗയം വിദ്മ ഹി — യഥാഗൃഹമിവോപദ്രവേഭ്യോ
രക്ഷകഞ്ച ജാനീമ ഖലു

അർത്ഥം–അല്ലയോ ഇന്ദ്ര, ധനം നേടുന്നവനായും കരുത്തുററ ശത്രുക്കളെ പിളക്കുന്നവനായും പ്രബലരായ അവരുടെ മുതലുകൾ കയ്യടക്കുന്നവനായും ഒരു ഗൃഹമെന്ന പോലെ ബാഹ്യബാധകളിൽനിന്നു രക്ഷിക്കുന്നവനായും അവിടുത്തെ ഞങ്ങളറിയുന്നുവല്ലോ.

14 കകുഹഞ്ചിത്വാകവേ
മന്ദന്തുധൃഷ്ണവിന്ദവഃ
ആത്വാപണിംയദീമഹേ

അന്വയം:—

| | |
|---|---|
| ഹേ കവേ, ധൃഷ്ണോ, | — ക്രാന്തകർമ്മൻ, ധർഷകേന്ദ്ര, |
| യൽ പണിം ത്വാ | — യദാപണമാനന്ത്വാം |
| ആ ഈമഹേ | — ആഭിമുഖ്യേനാഭീഷ്ടം യാചാമഹേ |
| (തദാ) കകുഹം ത്വാ | — ഉച്ഛ്രിതം ത്വാം |
| ഇന്ദവഃ ചിൽ മന്ദന്തു | — സോമാ അപി മാദയന്തു |

അർത്ഥം—കടന്ന കർമ്മമൊത്തവനും ആരെയും കൂസാത്തവനുമായ ഇന്ദ്ര, എപ്പോൾ പണയപ്പെടുന്ന അവിടുത്തോട് നേരെ അഭീഷ്ടങ്ങൾ യാചിക്കുന്നുവോ, അപ്പോൾ ഉന്നതനായ അവിടുത്തെ സോമങ്ങളും ഹർഷിപ്പിക്കട്ടെ. (ഇന്ദ്രൻ ഉപാസകന്മാർക്ക് പണയപ്പെട്ടവൻ, കടപ്പെട്ടവൻ, അധീനനാണെന്ന്.)

15 യസ്തേരേവാഅദാശുരിഃ
പ്രമമർഷമഘത്തയേ
തസ്യനോവേദആഭര വ. 44

അന്വയം:—

| | |
|---|---|
| (ഹേ ഇന്ദ്ര,) മഘത്തയേ | |
| തേ | — ധനദാനായ തുഭ്യം |
| യഃ രേവാൻ അദാശുരിഃ | — ധനവാൻ സന്നദാനശീലഃ |
| പ്ര-മമർഷ | — അഭ്യസൂയതി |
| തസ്യ വേദഃ നഃ ആ ഭര | — തസ്യപുംസോധനമസ്മഭ്യമാഹര |

അർത്ഥം—അല്ലയോ ഇന്ദ്ര, ധനവാനായിട്ടും അദാനശീലനായ യാതൊരുവൻ അവിടേക്കു ധനം നൽകാതെ ശഠിക്കുന്നുവോ, ആ പുരുഷന്റെ ധനം ഞങ്ങൾക്കു കൊണ്ടുതന്നാലും.

16 ഇമഉത്വാവിചക്ഷതേ
സഖായഇന്ദ്രസോമിനഃ
പുഷ്ടാവന്തോയഥാപശും

അന്വയം:–

ഹേ ഇന്ദ്ര, ത്വാ സോമിനഃ — ത്വാമഭിഷുത സോമാഃ
സഖായഃ ഇമേ ഉ — ഇമേ ഏവഖലുസ്മദീയാജനാഃ
പുഷ്ട–വന്തഃ — സംഭൃതഘാസാഃ
യഥാ പശും വി ചക്ഷതേ – പശുമിവ വിപശ്യന്തി

അർത്ഥം–അല്ലയോ ഇന്ദ്ര, സംസ്കരിച്ച സോമത്തോടുകൂടിയ ചങ്ങാതികളായ ഈയുള്ളവർ പുല്ലുണ്ടകളേന്തി, പശുക്കളെ കാണുന്നപോലെ, അവിടുത്തെ കാണുന്നു.

17 ഉതത്വാബധിരംവയം
ശ്രുൽകർണ്ണംസന്തമൂതയേ
ദൂരാദിഹഹവാമഹേ

അന്വയം:–

ഉത (ഹേ ഇന്ദ്ര,)
അബധിരം — അനുപഹതശ്രോത്രേന്ദ്രിയം,
അത ഏവ
ശ്രുൽ–കർണ്ണം സന്തം ത്വാ — ശ്രവണപരകർണ്ണം സന്തന്ത്വാം
വയം ഇഹ ഊതയേ — യജ്ഞേ രക്ഷണായ ത്രിശോകാഃ
ദൂരാൽ ഹവാമഹേ — ഹ്വയാമ

അർത്ഥം–അല്ലയോ ഇന്ദ്ര, ചെവികൾ കേടില്ലാത്തവനും ചെവി കേൾക്കുന്നവനുമായ അവിടുത്തെ മൂന്നുവിധം ശോകങ്ങളോടുകൂടിയ ഞങ്ങൾ (കായിക വാചിക മാനസങ്ങൾ, അല്ലെങ്കിൽ ആധിഭൗതികാധിദൈവികാദ്ധ്യാത്മികദുഃഖങ്ങൾ ഉററവരായി) ഈ യജ്ഞത്തിൽ രക്ഷണത്തിന്നായി ദൂരത്തിൽ നിന്നു വിളിക്കുന്നു. (സൂക്തദ്രഷ്ടാവും ത്രിശോകനാണ്.)

18 യച്ഛുശ്രൂയാഇമംഹവ
ന്ദുർമ്മർഷഞ്ചക്രിയാഉത
ഭവേരാപിർന്നോഅന്തമഃ

അന്വയം:—

| | |
|---|---|
| (ഹേ ഇന്ദ്ര,) യൽ ഇമം ഹവം | — യദ്യസ്മദീയമാഹ്വാനം |
| ശുശ്രൂയാഃ | — ശൃണുയാഃ, തർഹി |
| ദുഃ-മർഷം ചക്രിയാഃ | — ശത്രൂണാം ദുസ്സഹം ബലം കുര്യാഃ |
| ഉത നഃ അന്തമഃ ആപിഃ ഭവേഃ | — അന്തികതമോ ബന്ധുർഭവ |

അർത്ഥം—അല്ലയോ ഇന്ദ്ര, ഞങ്ങളുടെ ഈ വിളി കേൾക്കുന്നുവെങ്കിൽ ശത്രുക്കൾക്കു താങ്ങാനാവാത്ത ബലം ഞങ്ങൾക്കുണ്ടാക്കിയാലും. പിന്നെ, അവിടുന്നു ഞങ്ങൾക്ക് ഏററവുമടുത്ത ബന്ധുവായാലും.

19 യച്ചിദ്ധിതേഅപിവ്യഥി
ർജ്ജഗന്വാംസോഅമന്മഹി
ഗോദാഇദിന്ദ്രബോധിനഃ

അന്വയം:—

| | |
|---|---|
| അപി ചിൽ ഹേ ഇന്ദ്ര, | — അപിചേന്ദ്ര, |
| തേ യൽ ഹി വ്യഥിഃ | — യദാ ദാരിദ്ര്യേണ വ്യഥിതാഃ |
| ജഗന്വാംസഃ അമന്മഹി | — ഗന്താരോ വയം വിഷ്ടുമഃ, തദാ |
| നഃ 'ഗോ-ദാഃ ഇൽ' ബോധി | — 'ഗവാന്ദാതൈവ ഭവാമീ'തി ബുധ്യസ്വ |

അർത്ഥം—കൂടാതെ, അല്ലയോ ഇന്ദ്ര, എപ്പോൾ ദാരിദ്ര്യബാധകൊണ്ടു ദുഃഖിതരായി അവിടുത്തെ പ്രാപിച്ച ഞങ്ങൾ സ്തുതിക്കുന്നുവോ, അപ്പോൾ ഞങ്ങൾക്ക് 'പശുക്കളെ കൊടു

ക്കുന്നുണ്ടു്'' എന്നു് അവിടുന്നു വിചാരിച്ചാലും, അവിടേക്കു തോന്നിയാലും.

20 ആത്വാരംഭന്നജിവ്രയോ
രരഭ്മാശവസസ്പതേ
ഉശ്മസിത്വാസധസ്ഥആ വ. 45

അന്വയം:—

ഹേ ശവസഃ പതേ — ബലസ്യ സ്വാമിന്നിന്ദ്ര,
ജിവ്രയഃ ത്വാ — ക്ഷീണാഃ, വൃദ്ധാവയം ത്വാം
രംഭം ന ആ രരഭ്മ — ദണ്ഡമിവാരഭാമഹേ
(അപിച) സധ—സ്ഥേ
ത്വാ ആ ഉശ്മസി — യജ്ഞേത്വാം ആഭിമുഖ്യേന കാമയാമഹേ

അർത്ഥം—അല്ലയോ ബലത്തിന്നു സ്വാമിയായ ഇന്ദ്ര, ക്ഷീണിതരും വൃദ്ധരുമായ ഞങ്ങൾ വടിയെയെന്നപോലെ അവിടുത്തെ ആശ്രയിക്കുന്നു. അവിടുത്തെ സഹസ്ഥാനമായ യജ്ഞത്തിൽ (വന്നുകാണാൻ) ഇച്ഛിക്കുന്നു.

21 സ്തോത്രമിന്ദ്രായഗായത
പുരുനൃമ്ണായസത്വനേ
നകിര്യംവൃണ്വതേയുധി

അന്വയം:—

യം യുധി നകിഃ വൃണ്വതേ — കേപിനവാരയന്തി
(തസ്മൈ) സത്വനേ — ദാനശീലായ
പുരു—നൃമ്ണായ ഇന്ദ്രായ — ബഹുധനായേന്ദ്രായ
(ഹേ സ്തോതാരഃ)
സ്തോത്രം ഗായത — പഠത

അർത്ഥം—ആരെ യുദ്ധത്തിൽ ആരും മടക്കുന്നില്ലയോ, ആ ദാനശീലനും ബഹുധനനുമായ ഇന്ദ്രനായി, അല്ലയോ സ്തോതാക്കളേ, സ്തോത്രം ചൊല്ലുക.

22 അഭിത്വാവൃഷഭാസുതേ
സുതംസൃജാമിപീതയേ
തൃമ്പാവ്യശ്നുഹീമദം

അന്വയം:—

| | |
|---|---|
| ഹേ വൃഷഭ, ത്വാ | — വർഷകേന്ദ്ര, ത്വാം |
| സുതേ സുതം | — സോമേഭിഷുതേ സത്യഭിഷുതം സോമം |
| പീതയേ അഭി സൃജാമി | — പാനായാഭ്യർപ്പയാമി |
| തൃമ്പ, മദം വി അശ്നുഹി | — തൃപ്യ, ഹർഷം പ്രാപ്നുഹി |

അർത്ഥം—അല്ലയോ വർഷകരനായ ഇന്ദ്ര, സോമം സംസ്കരിക്കുവേ, ആ സംസ്കരിക്കപ്പെട്ട സോമം അവിടേക്കു നേരെ അർപ്പിക്കുന്നു. തൃപ്തിപ്പെട്ടാലും, ഹർഷം പ്രാപിച്ചാലും.

23 മാത്വാമൂരാഅവിഷ്യവോ
മോപഹസ്വാനആദഭൻ
മാകീംബ്രഹ്മദ്വിഷോവനഃ

അന്വയം:—

| | |
|---|---|
| (ഹേ ഇന്ദ്ര,) ത്വാ മൂരാഃ | — ത്വാം മൂഢാ മനുഷ്യാഃ |
| അവിഷ്യവഃ മാ ആ ദഭൻ | — പാലനകാമാ മാഹിംസന്തു |
| ഉപ–ഹസ്വാനഃ മാ | — ഉപഹസന പരാശ്ചമാ ഹിംസന്തു |
| ബ്രഹ്മ–ദ്വിഷഃ മാകീം വനഃ | — ബ്രാഹ്മണാനാം ദ്വേഷ്ടൄൻ മാഭജേഥാഃ |

അർത്ഥം—അല്ലയോ ഇന്ദ്ര, മൂഢരായ മനുഷ്യർ രക്ഷാകാംക്ഷികളായി അവിടുത്തെ ദ്രോഹിക്കാതിരിക്കട്ടെ. (അലട്ടാതിരിക്കട്ടെ.) പരിഹസിക്കുന്നവർ, നിന്ദിക്കുന്നവർ അവിടുത്തെ ഉപദ്രവിക്കാതിരിക്കട്ടെ. ബ്രഹ്മദ്വേഷികളെ അവിടുന്നു് പ്രാപിക്കരുതു്.

24 ഇഹത്വാഗോപരീണസാ

മഹേമന്ദന്തുരാധസേ

സരോഗൗരോയഥാപിബ

അന്വയം:–

| | |
|---|---|
| (ഹേ ഇന്ദ്ര,) ത്വാ ഇഹ | — ത്വാമസ്മിൻ യജ്ഞേ |
| ഗോ–പരീണസാ | — ഗവ്യേന പയസാ സമ്മിശ്രിതേന സോമേന |
| മഹേ രാധസേ മന്ദന്തു | — മഹതേ ധനായ ഋത്വിജോ മാദയന്തു |
| (ത്വഞ്ച തം സോമം) | |
| യഥാ ഗൗരഃ സരഃ പിബ | — മൃഗഃ യഥാ സരസിജലം പിബതി തഥാ പിബ |

അർത്ഥം–അല്ലയോ ഇന്ദ്ര, ഈ യജ്ഞത്തിൽ പശുവിൻ പാൽ ചേർത്ത സോമത്താൽ മഹത്തായ ഐശ്വര്യത്തിന്നു വേണ്ടി ഋത്വിക്കുകളവിടത്തെ ഹർഷിപ്പിക്കട്ടെ. ഗൗരമൃഗം സരസ്സിലെ ജലം കുടിക്കുന്ന പോലെ, അവിടുന്നും ആ സോമം കുടിച്ചാലും.

25 യാവൃത്രഹാപരാവതി

സനാനവാചചുച്യുവേ

താസംസത്സുപ്രവോചത വ. 46

അന്വയം:–

| | |
|---|---|
| വൃത്ര–ഹാ പരാ–വതി | — ഇന്ദ്രഃ ദൂരേ |
| യാ സനാ നവാ ച | — യാനി സനാതനാനി നവാനി ച ധനാനി |
| ചുച്യുവേ | — പ്രേരിതവാൻ |
| താ സംസൽ–സു | — താനി യജ്ഞേഷു, സഭാസു വാ |
| പ്ര വോചത | — വിദ്വജ്ജനഃ പ്രബ്രൂതേ |

അർത്ഥം–വൃത്രഹന്താവായ ഇന്ദ്രൻ ദൂരെനിന്നു് പഴയവയും പുതിയവയുമായ ധനങ്ങളേവ എത്തിക്കുന്നുവോ, ആ ധനങ്ങളെ യജ്ഞങ്ങളിൽ, അല്ലെങ്കിൽ സദസ്സുകളിൽ, വിദ്വാൻ എടുത്തു പറയുന്നു.

26 അപിബൽകദ്രുവസ്സുത
മിന്ദ്രസ്സഹസ്രബാഹ്വേ
അത്രാദേദിഷ്ടപൗംസ്യം

അന്വയം:–

| | | |
|---|---|---|
| ഇന്ദ്രഃ കദ്രുവഃ | — | കദ്രുനാമകസ്യർഷേസ്സംബന്ധിനം |
| സുതം അപിബൽ | — | അഭിഷുതം സോമം പീതവാൻ |
| സഹസ്ര–ബാഹ്വേ | — | സഹസ്രബാഹോശ്ശത്രൂനഹൻ |
| അത്ര പൗംസ്യം അദേദിഷ്ട | — | അസ്മിന്നവസരേ ഇന്ദ്രസ്യ വീര്യമദീപ്യത |

അർത്ഥം–ഇന്ദ്രൻ കദ്രു എന്ന ഋഷിക്കു ചേർന്ന സംസ്കരിച്ച സോമം കുടിച്ചു. സഹസ്രബാഹു എന്ന ഉപാസകൻെറ ശത്രുക്കളെ മുടിച്ചു. ആ സന്ദർഭത്തിൽ ഇന്ദ്രൻെറ വീര്യം തെളിഞ്ഞു.

27 സത്യന്തത്തുർവ്വശേയദൗ
വിദാനോഅഹ്നവായ്യം
വ്യാനട്തുർവ്വണേശമി

അന്വയം:–

| | | |
|---|---|---|
| തുർവ്വശേ യദൗ | — | തുർവ്വശയദുനാമകയോരാജ്ഞോഃ |
| തൽ ശമി | — | പ്രസിദ്ധം യാഗാദിലക്ഷണം കർമ്മ |
| സത്യം വിദാനഃ | — | പരമാർത്ഥം ജാനംസ്തയോഃ പ്രീത്യർത്ഥം |
| അഹ്നവായ്യം | — | തന്നാമകം ശത്രും |
| തുർവ്വണേ വി ആനട് | — | സങ്ഗ്രാമേ വ്യാപ്തവാൻ |

അൎത്ഥം—തുൎവ്വശൻ, യദു എന്നീ രാജാക്കന്മാരിലുള്ള (അവരുടെ) പ്രസിദ്ധമായ യാഗാദി കൎമ്മത്തെ പരമാൎത്ഥമെന്നറിഞ്ഞു്, അവരുടെ പ്രീതിക്കായി, ശത്രുവായ അഹനവാര്യൻ എന്നവനെ ഇന്ദ്രൻ യുദ്ധത്തിലാക്രമിച്ചു.

28 തരണിംവോജനാനാ

ന്ത്രദംവാജസ്യഗോമതഃ

സമാനമുപ്രശംസിഷം

അന്വയം:—

| | | |
|---|---|---|
| (ഹേ അസ്മദീയാഃ<br>പുരുഷാഃ) വഃ ജനാനാം | — | യുവയോഃ പുത്രപൗത്രാദീനാം |
| തരണിം, ത്രദം | — | താരകം, ശത്രൂണാം<br>തൎദ്ദയിതാരം |
| ഗോ–മതഃ വാജസ്യ | — | പശുമതോന്നസ്യ ദാതാരമിന്ദ്രം |
| സമാനം ഉ പ്ര ശംസിഷം | — | സാധാരണമേവ സ്തൗമി |

അൎത്ഥം—അല്ലയോ എന്റെ കൂട്ടരേ, നിങ്ങളുടെ പുത്രപൗത്രാദികൾക്കു രക്ഷകനും ശത്രുക്കളെ അമൎത്തുന്നവനും പശുവോടു കൂടിയ അന്നം തരുന്നവനുമായ ഇന്ദ്രനെ സാധാരണയായിത്തന്നെ ഞാൻ സ്തുതിക്കുന്നു.

29 ഋഭുക്ഷണന്നവൎത്തവ

ഉക്ഥേഷുതുഗ്ര്യാവൃധം

ഇന്ദ്രംസോമേസചാസുതേ

അന്വയം:—

| | | |
|---|---|---|
| ഋഭുക്ഷണം തുഗ്ര്യ–വൃധം | — | മഹാന്തം, ഉദകസ്യ<br>വൎദ്ധയിതാരം |
| ഇന്ദ്രം സോമേ സചാ<br>സുതേ | — | സോമേഭിഷുതേസതി |
| ഉക്ഥേഷു വൎത്തവേ ന | — | ധനം വരിതും സമ്പ്രതി<br>പ്രശംസാമി (ന സമ്പ്രത്യൎത്ഥേ) |

അർത്ഥം—മഹാനും ജലവർദ്ധകനുമായ ഇന്ദ്രനെ സോമം സംസ്കരിക്കവേ, ശസ്ത്രങ്ങളിലൂടെ ധനം വരിക്കാനായി ഇപ്പോളിതാ സ്തുതിക്കുന്നു.

30 യഃകൃന്തദിദ്വിയോന്യ
ന്ത്രിശോകായഗിരിംപൃഥും
ഗോഭ്യോഗാതുന്നിരേതവേ വ. 47

അന്വയം:—

യഃ ഇൽ യോന്യം — യ ഏവേന്ദ്രഃ ഉദകനിർഗ്ഗമനദ്വാരം
പൃഥും ഗിരിം — വിസ്തീർണ്ണം മേഘം
ത്രി-ശോകായ — തന്നാമകസ്യർഷേരർത്ഥം
വി കൃന്തൽ — വ്യച്ഛിനൽ
(സഃ) ഗോഭ്യഃ — ഗമനവദ്ഭ്യ ഉദകേഭ്യഃ
നിഃ—ഏതവേ ഗാതും — നിർഗ്ഗമനായ മാർഗ്ഗം കരോതി

അർത്ഥം—ആർ തന്നെയാണോ, ജലം പുറത്തുവരുന്ന ദ്വാരത്തോടുകൂടിയ പെരിയ മേഘത്തെ ത്രിശോകനെന്ന ഋഷിക്കുവേണ്ടി പിളർന്നു്, ആ ഇന്ദ്രൻ വെള്ളങ്ങൾക്കു പുറത്തുപോകാൻ വഴിയുണ്ടാക്കുന്നു.

31 യദ്ദധിഷേമനസ്യസി
മന്ദാനഃപ്രേദിയക്ഷസി
മാതൽകരിന്ദ്രമൃളയ

അന്വയം:—

ഹേ ഇന്ദ്ര, മന്ദാനഃ — മോദമാനസ്ത്വം
യൽ ദധിഷേ — യച്ഛുഭം വസ്തുധാരയസി
(യച്ച) മനസ്യസി — പൂജയസി, തദപിച
പ്ര ഇൽ ഇയക്ഷസി — പ്രയച്ഛസി
തൽ മാ കഃ — തൽ സർവ്വം കിംമാകാർഷീഃ?,
അസ്മാകം കൃതവാനേവ
(കിഞ്ചാസ്മാൻ) മൃളയ — സുഖയ

അർത്ഥം-അല്ലയോ ഇന്ദ്ര, ഹർഷംപൂണ്ട അവിടുന്ന് യാതൊരു ശുഭവസ്തു ധരിക്കുന്നുവോ, യാതൊന്നിനെ ആദരിക്കുന്നുവോ, അതിനെത്തന്നെയാണ് ഉപാസകർക്കു കൊടുക്കുന്നതു്. അതെല്ലാം എന്തിന്നുവേണ്ടിയുണ്ടാക്കി? ഞങ്ങൾക്കുവേണ്ടിത്തന്നെ. പിന്നെ, ഞങ്ങളെ സുഖിപ്പിച്ചാലും.

32 ദഭ്രഞ്ചിദ്ധിത്വാവതഃ

കൃതംശൃണ്വേഅധിക്ഷമി

ജിഗാത്വിന്ദ്രതേമനഃ

അന്വയം:-

ഹേ ഇന്ദ്ര, ത്വാ–വതഃ — ത്വത്സദൃശസ്യ
ദഭ്രം ചിൽ കൃതം — അല്പമപികർമ്മ
അധി ക്ഷമി ശൃണ്വേ ഹി — ക്ഷമായാം ശ്രൂയതേ, വിശ്രുതം ഭവതി ഹി
(തഥാ) തേ മനഃ ജിഗാതു — മയി ഗച്ഛതു

അർത്ഥം—അല്ലയോ ഇന്ദ്ര, അവിടുത്തെപ്പോലുള്ളവന്റെ അല്പമായ കർമ്മവും ഭൂമിയിൽ പ്രസിദ്ധമായിത്തന്നെ കേൾവിപ്പെടുന്നു. അവിടുത്തെ മനസ്സ് എന്നിലെത്തട്ടെ.

33 തവേദുതാസ്സുകീർത്ത

യോസന്നുതപ്രശസ്തയഃ

യദിന്ദ്രമൃളയാസിനഃ

അന്വയം:-

ഹേ ഇന്ദ്ര, (ത്വം) നഃ — അസ്മാൻ
യൽ മൃളയാസി — യാഭിസ്സുഖയസി
താഃ സു–കീർത്തയഃ — ശോഭനാഃ ഖ്യാതയഃ
തവ ഇൽ ഉ അസൻ — തവൈവ ഭവേയുഃ
ഉത പ്ര–ശസ്തയഃ — സ്തുതയശ്ച തവൈവ ഭവേയുഃ

അർത്ഥം-അല്ലയോ ഇന്ദ്ര, അവിടുന്നു ഞങ്ങളെ ആനുഗ്രഹങ്ങളേവയാൽ സുഖിപ്പിക്കുന്നുവോ, ആ സൽകീർത്തികൾ അ

വിടേക്കുതന്നെ ഭവിക്കും. അതുമല്ല, സ്തുതികളും അവിടേക്കുതന്നെ ഭവിക്കും.

34 മാനഏകസ്മിന്നാഗസി

മാദ്വയോരുതത്രിഷു

വധീർമ്മാശ്ശൂരഭൂരിഷു

അന്വയം:—

| | |
|---|---|
| ഹേ ശൂര, നഃ | — വിക്രാന്തേന്ദ്ര, അസ്മാൻ |
| ഏകസ്മിൻ ആഗസി മാ വധീഃ | — ഏകേപരാധേ പാപേ വാ മാ ഹിംസീഃ |
| ദ്വയോഃ മാ | — ആഗസോരപിമാവധീഃ |
| ഉത ത്രിഷു മാ | — ആഗസ്സ്വപിമാവധീഃ |
| ഭൂരിഷു | — അസംഖ്യാതേഷ്വാഗസ്സുമാവധീഃ |

അർത്ഥം—അല്ലയോ വിക്രമിയായ ഇന്ദ്ര, ഒരപരാധത്തിൽ, പാപത്തിൽ ഞങ്ങളെ വധിക്കരുതേ, ക്ലേശിപ്പിക്കരുതേ. രണ്ടപരാധങ്ങളിലും ക്ലേശിപ്പിക്കരുതേ. മൂന്നപരാധങ്ങളിലും ക്ലേശിപ്പിക്കരുതേ. കണക്കററ അപരാധങ്ങളിലും ക്ലേശിപ്പിക്കരുതേ. (ഈ മന്ത്രം ഋഗ്വേദികൾ എല്ലാ ദേവസപര്യയുടെയുമന്ത്യത്തിൽ ചൊല്ലാറുള്ളതാണു്. ഇവിടെ വധിക്കരുതു് എന്നതിന്നു് ഹിംസിക്കരുതു്, ക്ലേശിപ്പിക്കരുതു്, കൊല്ലരുതു് എന്നർത്ഥമെടുത്താൽ പോരാ. ഋഷികൾക്കു് അതൊന്നും സാരമില്ല. ആത്മനാശം വരുത്തരുതേ എന്നർത്ഥം പറഞ്ഞാലേ കഷ്ടിച്ചു മതിയാകൂ.)

35 ബിഭയാഹിത്വാവത

ഉഗ്രാദഭിപ്രഭങ്ഗിണഃ

ദസ്മാദഹമൃതീഷഹഃ

അന്വയം:–

| | |
|---|---|
| (ഹേ ഇന്ദ്ര,) ത്വാ–വതഃ ഉഗ്രാൽ | — ത്വത്സദൃശാൽ ഉൽഗൂർണ്ണ ബലാൽ |
| അഭി–പ്രഭംഗിനഃ | — ശത്രൂണാമഭിപ്രഹർത്തുഃ |
| ദസ്മാൽ | — പാപാനാമുപക്ഷപയിതുഃ |
| ഋതി–സഹഃ അഹം ബിഭയ ഹി | — ശത്രുകൃതാം ഹിംസാം സഹതോഹം ഭീതഃ ഹി |

അർത്ഥം–അല്ലയോ ഇന്ദ്ര, അവിടത്തെപ്പോലെ ഊക്കുറ്റവനും ശത്രുക്കളെ നേരെ ആക്രമിക്കുന്നവനും പാപന്മാരെ ഒടുക്കുന്നവനും, ശത്രു വരുത്തുന്ന ദ്രോഹം ക്ഷസാത്തവനുമായ അവിടുന്നിൽ നിന്നു ഞാൻ പേടിപൂണ്ടവനാണ്, ഭയപ്പെടുന്നു. (കാരണം ഞാൻ പാപങ്ങൾ ചെയ്തിരിക്കാം.)

36 മാസഖ്യുശ്ശൂനമാവിദേ
മാപുത്രസ്യപ്രഭൂവസോ
ആവൃത്വദ്ഭൂതുതേമനഃ

അന്വയം:–

| | |
|---|---|
| ഹേ പ്രഭൂ–വസോ, | — പ്രഭൂതധനേന്ദ്ര. |
| തേ സഖ്യുഃ ശൂനം മാ ആ വിദേ | — സുഖം, പുഷ്ടിം മാ ആവേദയാമി. |
| പുത്രസ്യ മാ | — പുത്രസ്യാപി ശൂനം മാവിദേ |
| (തവ) മനഃ ആ–വൃത്വൽ ഭൂതു | — ആവർത്തനവൽ പുനഃ പുനരസ്മാസു സുഖം കരോതു |

അർത്ഥം–അമിതധനനായ ഇന്ദ്ര, അവിടത്തോട് സഖാവായ എനിക്ക് പുഷ്ടി ഞാൻ യാചിക്കുന്നില്ല. പുത്രന്നു വൃദ്ധിയും യാചിക്കുന്നില്ല. അവിടത്തെ അനുഗ്രഹാത്മകമായ മനസ്സ് ആവർത്തിച്ചുകൊണ്ട്, വീണ്ടുംവീണ്ടും ഞങ്ങളിൽ ഭവിക്കട്ടെ. ഞങ്ങൾക്കു സുഖമുണ്ടാക്കട്ടെ. അതു മതി.

37 കോനുമര്യാഅമിഥിത
സ്സഖാസഖായമബ്രവീൽ
ജഹാകോഅസ്മദീഷതേ

അന്വയം:–

ഹേ മര്യാഃ കഃ നു — മനുഷ്യാഃ കഃ ഖലു
അമിഥിതഃ — അനാക്രുഷ്ടഃ
(ഇന്ദ്രാദന്യഃ) സഖാ
സഖായം — സഖായം പ്രതി
''ജഹാ? — ''അഹം കം ജഘാന?
കഃ അസ്മൽ — കോവാ അസ്മത്തോഭീതഃ
ഈഷതേ''? (ഇതി)
അബ്രവീൽ — പലായതേ'' ഇതിവദതി
(ഇന്ദ്ര ഏവൈതാദൃശസ്യ വചനസ്യ വക്താ ഇത്യഭിപ്രായഃ)

അർത്ഥം—അല്ലയോ മനുഷ്യരേ, ഇന്ദ്രനല്ലാതെ ആർ തന്നെ നിലവിളി കൂട്ടാതെ ഒരു ചങ്ങാതി മറെറാരു ചങ്ങാതിയോടു് ''ഞാനാരെ കൊന്നു? എന്നിൽനിന്നു പേടിപൂണ്ടേവൻ ഓടിപ്പോകുന്നു? എന്നുപറയുന്നുവോ, ആ വാക്കു പറയുന്നതു് ഇന്ദ്രൻ തന്നെയാകുന്നു. (ഇന്ദ്രന്നാരെയും കൊല്ലേണ്ടിവരുന്നില്ല. ശത്രുക്കൾ അവിടത്തെപ്പേടിച്ചോടുന്നു. ഞാനാരെ കൊന്നു എന്നതിന്നു് ആരെയും കൊന്നിട്ടില്ലാ എന്നർത്ഥം.)

38 ഏവാരേവൃഷഭാസു
തേസിന്വൻഭൂര്യാവയഃ
ശ്വഘ്നീവനിവതാചരൻ

അന്വയം:–

ഹേ വൃഷഭ, ഏവാരേ — കാമാനാം വർഷകേന്ദ്ര, ഏതന്നാമകേകസ്മിംശ്ചിൽ
സുതേ — സോമേഭിഷുതേ സതി
ഭൂരി അസിന്വൻ — ബഹൂനി ധനാന്യബധ്നൻ

| | |
|---|---|
| ശ്വഘ്നീ–ഇവ | — കിതവ ഇവ സസോമഃ<br>ത്വാമേവ പ്രാപ്താഃ |
| ആവയഃ നി–വന്താ<br>ചരൻ | — ദൃശ്യമാനാസ്സർവ്വേ ദേവാഃ<br>അധോമുഖാസ്സന്തോ നിർഗ്ഗതാഃ |

അർത്ഥം—അല്ലയോ കാമവർഷകനായ ഇന്ദ്ര, ഏവാരനെന്ന യജമാനൻ സോമം സംസ്ക്കരിച്ചപ്പോൾ അവിടുന്നു ധാരാളം ധനം കൊടുത്തുവല്ലോ. ആ സോമം അവിടുത്തെത്തന്നെ, ഒരു ചൂതുകളിക്കാരനെയെന്നപോലെ (ചൂതുകളിയിൽ ജയം മുഴുവൻ ഒരാൾക്കു വന്നുചേരുന്നപോലെ) പ്രാപിച്ചു. അവിടെ കാണപ്പെട്ട ദേവന്മാരെല്ലാം തലതാഴ്ത്തി പുറത്തുപോയി. (സോമം മുഴുവൻ ഇന്ദ്രങ്കലെത്തി. തങ്ങൾക്കൊട്ടും കിട്ടാത്തതുകൊണ്ടു്.)

39 ആതഏതാവചോയുജാ
ഹരീഗൃഭ്ണേസുമദ്രഥാ
യദീംബ്രഹ്മഭ്യഇദ്ദഃ

അന്വയം:—

(ഹേ ഇന്ദ്ര,) തേ

| | |
|---|---|
| സുമൽ_രഥാ | — കല്യാണരഥൗ |
| വചഃ–യുജാ ഏതാ ഹരീ | — മന്ത്രേണ യുജ്യമാനാ<br>വേതാവശ്വൗ |
| ആ ഗൃഭ്ണേ | — അസ്മദഭിമുഖം യാതും ഹസ്താഭ്യാ<br>മാകർഷാമി |
| യൽ (ത്വം) ബ്രഹ്മ–ഭ്യഃ<br>ഇൽ | — യസ്മാൽ ബ്രാഹ്മണേഭ്യ ഏവ |
| ഈം ദദഃ | — ഇമം ധനം ദദാസി |

അർത്ഥം—അല്ലയോ ഇന്ദ്ര, നല്ല തേരോടുകൂടിയവയും മന്ത്രത്താൽ പൂട്ടപ്പെടുന്നവയുമായ അവിടുത്തെ ഈ ഇരുകുതിരകളെ ഞങ്ങൾക്കു നേരെ വരാനായി കൈകളാൽ ഞാനിതാ ആകർഷിക്കുന്നു, പിടിച്ചുവലിക്കുന്നു. കാരണം, അവിടുന്നു് ബ്രാഹ്മണർക്കു മാത്രമാണല്ലോ ഈ ധനം കൊടുക്കുന്നതു്.

40 ഭിന്ധിവിശ്വാഅപദ്വിഷഃ

പരിബാധോജഹീമൃധഃ

വസുസ്പാൎഹന്തദാഭര

അന്വയം:—

(ഹേ ഇന്ദ്ര, ത്വം)
വിശ്വാഃ ദ്വിഷഃ — സൎവ്വാശ്ശത്രുസേനാഃ
അപ ഭിന്ധി — വിദാരയ
ബാധഃ മൃധഃ പരി ജഹി — ഹിംസാശീലാൻ സങ്ഗ്രാമാൻ ഹിന്ധി
(അതസ്താസാം) സ്പാൎഹം
തൽ വസു — സ്പൃഹണീയം ധനം
ആ ഭര — അസ്മഭ്യമാഹര

അൎത്ഥം—അല്ലയോ ഇന്ദ്ര, അവിടന്ന് എല്ലാ ശത്രുസേനകളെയും പിളൎന്നാലും. ഹിംസാശീലമുററ പോൎക്കളങ്ങളെ തകൎത്താലും. എന്നിട്ട് ആശാൎഹമായ ആ ധനം ഞങ്ങൾക്കു കൊണ്ടുതന്നാലും.

41 യദ്വീളാവിന്ദ്രയൽസ്ഥിരേ

യൽപൎശാനേപരാഭൃതം

വസുസ്പാൎഹന്തദാഭര

അന്വയം:—

ഹേ ഇന്ദ്ര, വീളൗ — ദൃഢേ, പരൈഃ കമ്പിതുമശക്യേ
യൽ പരാ—ഭൃതം — യദ്ധനം വിന്യസ്തം
യൽ (ച) സ്ഥിരേ — സ്വയമചലേ പരാഭൃതം
യൽ പൎശാനേ — വിമൎശനക്ഷമേ പരാഭൃതം
തൽ സ്പാൎഹം വസു ആ ഭര — സ്പൃഹണീയം ധനമസ്മഭ്യമാഹര

അൎത്ഥം—അല്ലയോ ഇന്ദ്ര, യാതൊരു ധനം അന്യരാലിളക്കാൻ കഴിയാത്തവിധം ഉറപ്പുററിടത്തു് വെയ്ക്കപ്പെട്ടിട്ടുണ്ടോ,

യാതൊന്നു സ്വയം ചലിക്കാത്ത മലമുതലായിടത്ത് വയ്ക്കപ്പെട്ടിട്ടുണ്ടോ, യാതൊന്ന് തൊടാവുന്നിടത്ത് വയ്ക്കപ്പെട്ടിട്ടുണ്ടോ, ആ ആശാർഹമായ ധനം ഞങ്ങൾക്കു കൊണ്ടുതന്നാലും.

42 യസ്യതേവിശ്വമാനുഷോ
ഭൂരേർദ്ദത്തസ്യവേദതി
വസുസ്പാർഹന്തദാഭര വ. 49

അന്വയം:–

(ഹേ ഇന്ദ്ര,) തേ ദത്തസ്യ — ത്വയാദത്തം (വിഭക്തി വ്യത്യയഃ)
ഭൂരേഃ യസ്യ — ബഹുയദ്ധനം (കർമ്മണിഷഷ്ഠീ)
വിശ്വ–മാനുഷഃ വേദതി — സർവ്വോ മനുഷ്യോ ജാനാതി
തൽ സ്പാർഹം വസു ആ ഭര— സ്പൃഹണീയം ധനമസ്മഭ്യമാഹര

അർത്ഥം–അല്ലയോ ഇന്ദ്ര, അവിടുന്നരുളിയ സമൃദ്ധമായ യാതൊരു ധനത്തെ എല്ലാ മനുഷ്യരുമറിയുന്നുവോ, ആ ആശാർഹമായ ധനം ഞങ്ങൾക്കു കൊണ്ടുതന്നാലും.

മൂന്നാം അധ്യായം സമാപ്തം

# അദ്ധ്യായപീഠിക

## അഷ്ടകം–6 അദ്ധ്യായം_4

1 മുതൽ 6 കൂടി ഇന്ദ്രനും കനീത (കന്യാപുത്രനായ) പുത്രനായ പൃഥുശ്രവസ്സിന്റെ ദാനവും വായുവും ദേവതാ. 7 മുതൽ 10 കൂടി വൎഗ്ഗം ആദിത്യനും ഉഷസ്സും. ഈ സൂക്തം മുഴുവൻ പാപം, പാപവിചാരാചാരണജന്യമായ ദുസ്വപ്നം എന്നിവയകററാനുള്ള, മാനുഷാനുഭൂതികരമായ അൎത്ഥനയടങ്ങിയതാണ്. നിത്യവും ഇതുകൊണ്ടുപാസിയ്ക്കാം. 11_12—13 സോമൻ. 14 മുതൽ 17 കൂടി അഗ്നിദേവതാ. 18 മുതൽ 21 കൂടി ഇന്ദ്രൻ. 13_ാം മന്ത്രം ഭയഹരമാണ്. 16—ഉം, 17–ഉം മന്ത്രങ്ങൾ പ്രധാന ഹോമങ്ങളിൽ ആഹുതികൾക്കുപയോഗിക്കുന്നു. 22_23 ഇന്ദ്രൻ. 24-25 ഇന്ദ്രനും ദേവന്മാരും. 9--ാം മന്ത്രത്തിൽ ഇന്ദ്രന്റെ പരമാത്മരൂപം പ്രസ്താവിക്കുന്നു. 26_27 ഇന്ദ്രൻ. 28_29 ഇന്ദ്രനും ദേവന്മാരും. 30 മുതൽ 32 കൂടി വീണ്ടും ഇന്ദ്രൻ. 33 മുതൽ 36 കൂടിയ സൂക്തത്തിന്റെ ഋഷികൾ വലയിൽ പെട്ട മത്സ്യങ്ങളാണ്. ആദിത്യന്മാരും അദിതിയും ദേവതാ. മത്സ്യങ്ങളുടെ മോചന പ്രാൎത്ഥനകളിൽ മാനുഷികവികാരങ്ങൾ സ്ഫുരിക്കുന്നു.

1മുതൽ 6 കൂടി: അശ്വ്യോവശഃ ഋഷിഃ പാദനിചൃദ്ഗായത്രീ, ഗായത്രീ, ദ്വിപദാഗായത്രീ, ദ്വീപദാവിരാട്, കകുപ്പ്, കകുമ്ന്യങ്കുശിരാ, വിരാട്, ഉഷ്ണിൿ. അനുഷ്ടുപ്, ബൃഹതീ, പിപീലികമദ്ധ്യാബൃഹതീ, ഉപരിഷ്ടാദ്ബൃഹതീ, വിഷമപദാബൃഹതീ, സതോബൃഹതീ, വിപരീതാസതോബൃഹതീ, പങ്ക്തിഃ സംസ്താരപങ്ക്തിഃ, ജഗതീ ച ഛന്ദാംസി ഇന്ദ്രഃ, കാനീതഃ പൃഥുശ്രവാഃ വായുശ്ചദേവതാ.

1 ത്വാവതഃപുരൂവസോ

വയമിന്ദ്രപ്രണേതഃ

സ്മസിസ്ഥാതൎഹരീണാം

അന്വയം:—

ഹേ പുരു—വസോ,
പ്ര—നേതഃ, ഇന്ദ്ര, — ബഹുധന, കൎമ്മണാം പാരം
പ്രാപയിതരിന്ദ്ര,
ഹേ ഹരീണാം സ്ഥാതഃ — അശ്വാനാമധിഷ്ഠാതഃ
ത്വാ—വതഃ വയം സ്മസി — വയന്ത്വവസ്വഭൃതാസ്മഃ

അൎത്ഥം—ബഹുധനനും കൎമ്മങ്ങൾക്ക് അററമെത്തിയ്ക്കുന്നവനും ഹരികളെന്ന കുതിരകളിൽ കയറിയിരിക്കുന്നവനുമായ ഇന്ദ്ര, ഞങ്ങളവിടേയ്ക്കു ചേൎന്നവരത്രേ.

2 ത്വാംഹിസത്യമദ്രിവോ

വിദ്മദാതാരമിഷാം

വിദ്മദാതാരംരയീണാം

അന്വയം:—

ഹേ അദ്രി—വഃ,
ത്വാം ഹി — വജ്രവന്നിന്ദ്ര, ത്വാമേവ
സത്യം ഇഷാം ദാതാരം
വിദ്മ — നിശ്ചയമന്നാനാം ദാതാരം
ജാനാമി
രയീണാം ദാതാരം
വിദ്മ — ധനാനാം ദാതാരം ജാനാമി

അൎത്ഥം—അല്ലയോ വജ്രവാനായ ഇന്ദ്ര, അവിടുത്തെത്തന്നെ ഞാൻ സത്യമായും അന്നദാതാവായറിയുന്നു, ധനദാതാവായറിയുന്നു.

3 ആയസ്യതേമഹിമാനം

ശതമൂതേശതക്രതോ

ഗീൎഭിൎഗൃണന്തികാരവഃ

അന്വയം:—

ഹേ ശതം-ഊതേ,
ശത്ര-ക്രതോ, — അപരിമിതരക്ഷണ,
ബഹുകർമ്മന്നിന്ദ്ര,
തേ മഹിമാനം — തവമാഹാത്മ്യം
യസ്യ കാരവഃ ഗീഃ-ഭിഃ
ആ ഗൃണന്തി — യസ്യ യജമാനസ്യ സ്തോതാരഃ
സ്വാഭീഷ്ടായ സ്തുതിഭിരഭി
സ്തുവന്തി

അർത്ഥം-കണക്കറ്റ രക്ഷണങ്ങളോടും അളവറ്റ കർമ്മങ്ങളോടും കൂടിയ ഇന്ദ്ര, അവിടുത്തെ മാഹാത്മ്യത്തെ ഏതു യജമാനന്റെ സ്തോതാക്കൾ സ്വാഭീഷ്ടപൂർത്തിയ്ക്കായി സ്തോത്രങ്ങളാൽ നേരെ സ്തുതിക്കുന്നുവോ,

4 സുനീഥോഘാസമർത്ത്യോ

യംമരുതോയമര്യമാ

മിത്രഃപാന്ത്യദ്രുഹഃ

അന്വയം:—

യം അദ്രുഹഃ മരുതഃ
പാന്തി — അദ്രോഗ്ധാരോ മരുതോ
രക്ഷന്തി
(തഥാ) യം അര്യമാ — പാതി രക്ഷതി
(യം) മിത്രഃ — രക്ഷതി
സഃ മർത്ത്യഃ
സു-നീഥഃ ഘ — യജമാനഃ സുയജ്ഞ ഏവ ഭവതി

അർത്ഥം-ദ്രോഹിയ്ക്കാത്ത മരുത്തുക്കൾ രക്ഷിക്കുന്നവനും അതുപോലെ അര്യമാവു രക്ഷിക്കുന്നവനും മിത്രൻ രക്ഷിക്കുന്നവനുമായ ആ യജമാനൻ നല്ല യജ്ഞമൊത്തവനായിത്തന്നെ ഭവിക്കുന്നു. (ഇന്ദ്രനെ സ്തുതിച്ചാൽ മരുത്തുക്കളുമര്യമാവും മിത്രനും കൂടി പ്രസാദിച്ചു രക്ഷിക്കുമെന്നു് യുഗ്മകം.).

5 ദധാനോഗോമദശ്വവൽ
സുവീര്യമാദിത്യജൂതഏധതേ
സദാരായാപുരുസ്പൃഹാ വ. 1

അന്വയം:–

| | | |
|---|---|---|
| ആദിത്യ–ജൂതഃ | — | ആദിത്യ പ്രേരിതഃ, തേനാനുഗൃഹീതോ യജമാനഃ |
| ഗോ–മൽ, അശ്വ–വൽ | — | ഗോഭിരുപേതം, അശ്വൈര്യുക്തം |
| സു–വീര്യം ദധാനഃ | — | ശോഭനവീര്യവന്തം പുത്രം ധാരയൻ |
| സദാ ഏധതേ | — | സർവ്വദാ വർദ്ധതേ |
| (കിഞ്ച) പുരു–സ്പൃഹാ രായാ | — | ബഹുഭിസ്പൃഹണീയേന ധനേന വർദ്ധതേ |

അർത്ഥം–ആദിത്യനാൽ പ്രേരിതനായ, അനുഗൃഹീതനായ യജമാനൻ പശുക്കളോടൊത്തവനും കുതിരകളോടുകൂടിയവനുമായി നല്ല വീര്യമുററ പുത്രനെ നേടുന്നവനായി എപ്പോഴും തഴക്കുന്നു. മാത്രമല്ല, ഏവരാലും ആഗ്രഹിക്കത്തക്ക ധനത്താൽ വർദ്ധിക്കുന്നു.

6 തമിന്ദ്രന്ദാനമീമഹേ
ശവസാനമഭീർവ്വം
ഈശാനംരായഈമഹേ

അന്വയം:–

| | | |
|---|---|---|
| ശവസാനം, അഭീർവ്വം | — | ബലമാചരന്തം, അഭീരും |
| തം ഇന്ദ്രം ദാനം ഈമഹേ | – | അഭീഷ്ടസ്യ ദാനം യാചാമഹേ |
| ഈശാനം (തം) രായഃ ഈമഹേ | — | ധനം യാചാമഹേ |

അർത്ഥം—ബലം കാട്ടുന്നവനും നിർഭയനുമായ ഇന്ദ്രനോടു് ഞങ്ങളഭീഷ്ടദാനം യാചിക്കുന്നു. ഈശ്വരനായ അവിടുത്തോടു് ഐശ്വര്യം യാചിക്കുന്നു.

7 തസ്മിന്ഹിസന്ത്യൂതയോ
വിശ്വാഅഭീരവസ്സചാ
തമാവഹന്തുസപ്തയഃപുരുവസും
മദായഹരയസ്സുതം

അന്വയം:—

തഷ്മിൻ ഹി ഊതയഃ,
വിശ്വാഃ — ഇന്ദ്രേ ഏവ ഗന്ത്ര്യസ്സർവ്വാ രക്ഷാഃ
അഭീരവഃ സചാ സന്തി — അകാതരാഃ സഹസംഭവന്തി
പുരു—വസും തം സപ്തയഃ
ഹരയഃ — ബഹുധനം തം സർപ്പണശീലാ അശ്വാഃ
മദായ സുതം ആ വഹന്തു — ഹർഷായാഭിഷുതം സോമം പ്രത്യാഗമയന്തു

അർത്ഥം—ആ ഇന്ദ്രങ്കൽ എങ്ങുമെത്തുന്ന രക്ഷകളെല്ലാം നിർഭയങ്ങളായി ഒപ്പം നിലനിൽക്കുന്നു. ഓട്ടമിടുക്കുള്ള ഹരികളെന്ന കുതിരകൾ ഹർഷത്തിന്നായി ബഹുധനനായ അവിടുത്തെ, സംസ്കരിച്ച സോമത്തിലേക്കാനയിക്കട്ടെ.

8 യസ്തേമദോവരേണ്യോ
യഇന്ദ്രവൃത്രഹന്തമഃ
യആദദിസ്സ്വർന്നൃഭി
ര്യഃപൃതനാസുദുഷ്ടരഃ

അന്വയം:—

ഹേ ഇന്ദ്ര, തേ യഃ മദഃ
വരേണ്യഃ — തവ യോ ഹർഷഃ വരണീയഃ
യഃ വൃത്രഹൻ—തമഃ — യശ്ച സംഗ്രാമേ
ശത്രൂണാമതിശയേന ഹന്താ

യഃ സ്വഃ നൃ—ഭിഃ
ആ—ദദിഃ — യശ്ചധനം നൃഭ്യഃ, ശത്രുഭ്യഃ
ആദാതാ
യഃ പൃതനാസു ദുസ്തരഃ — സങ്ഗ്രാമേഷ്വനഭിഭാവ്യഃ,
തസ്മൈ മദായ ഹരയ ആവഹന്തു

അർത്ഥം—അല്ലയോ ഇന്ദ്ര, അവിടുത്തെ (സോമപാനജനിതമായ) ഏതു ഹർഷം ശ്രേഷ്ഠമാണോ, ഏതു ഹർഷം ഏററവും ശത്രുഹനനപരമാണോ, (അതിന്നു പ്രോത്സാഹകമാണോ), ഏതു ഹർഷം ശത്രുക്കളിൽനിന്ന് ധനം കയ്യടക്കുന്നുവോ, ഏതു ഹർഷം യുദ്ധങ്ങളിൽ അജയ്യമാണോ, ആ ഹർഷത്തിന്നായി സംസ്കരിച്ച സോമത്തെ ഉദ്ദേശിച്ച് .ഹരികളെന്ന കുതിരകൾ അവിടുത്തെ ആനയിക്കട്ടെ.

9 യോദുഷ്ടരോവിശ്വവാരശ്രവായ്യോ

വാജേഷ്വസ്തിതരുതാ

സനശ്ശവിഷ്ഠസവനാവസോഗഹി

ഗമേമഗോമതിവ്രജേ

അന്വയം:—

ഹേ വിശ്വ—വാര,
വസോ, ശവിഷ്ഠ, — വിശ്വൈഃ, സർവ്വൈർവ്വരണീയ,
വാസക, ബലവത്തമേന്ദ്ര,
(യഃ) ശ്രവായ്യഃ — ശ്രവണീയഃ, വിശ്രുതഃ
യഃ വാജേഷു ദുസ്തരഃ — യുദ്ധേഷു യോ ദുഃഖേന തരീതും
ശക്യഃ

തരുതാ അസ്തി — താരകോ ഭവതി
സഃ (ത്വം) നഃ സവനാ
ആ ഗഹി — അസ്മാകം സവനാന്യാഗച്ഛ
(വയഞ്ച) ഗോ_മതി
വ്രജേ ഗമേമ — ഗോമന്തം വ്രജം ഗച്ഛേമ

അർത്ഥം–സർവ്വർക്കും വരണീയനും ഏവരെയും വസിപ്പിക്കുന്നവനും ഏററവും ബലവാനുമായ ഇന്ദ്ര, ഏവൻ കീർത്തിമാനാണോ, ഏവൻ യുദ്ധങ്ങളിൽ അതിക്രമിക്കപ്പെടാൻ കഴിയാത്തവനും ദുർഘടങ്ങളിൽനിന്നു കരകടത്തുന്നവനുമാണോ, ആ അവിടുന്ന് ഞങ്ങളുടെ സവനങ്ങൾക്കു വന്നുചേർന്നാലും. ഞങ്ങൾ പശുക്കളാൽ നിറഞ്ഞ തൊഴുത്തിനെ പ്രാപിക്കാവൂ, നേടാവൂ.

10 ഗവ്യോഷുണോയഥാപു
രാശ്വയോതരഥയാ
വരിവസ്യമഹാമഹ വ. 2

അന്വയം:–

ഹേ മഹാ–മഹ, — മഹാധനേന്ദ്ര,
ഗവ്യോ യഥാ പുരാ നഃ — ഗാംദാതുമിച്ഛയാ യഥാ പൂർവ്വമസ്മാകം വരിവസ്യസി
(തദ്വദദ്യാപി) സു
വരിവസ്യ — സുഷ്ഠുപരിചര, ആഗച്ഛ
(ന കേവലം ഗവേച്ഛയാ,
കിന്തു) അശ്വ–യാ — അശ്വദാനേച്ഛയാ
ഉത രഥ–യാ — രഥദാനേച്ഛയാ ച വരിവസ്യ

അർത്ഥം–അല്ലയോ മഹാധനനായ ഇന്ദ്ര, പശുവിനെ തരുവാനുള്ള ഇച്ഛയോടുകൂടി മുമ്പു ഞങ്ങളെ അവിടുന്ന് കൊണ്ടാടിയപോലെ ഇപ്പോഴും നന്നായി കൊണ്ടാടിയാലും, വന്നുചേർന്നാലും. പശുവിനെ തരാനുള്ള ഇച്ഛയോടുകൂടി മാത്രമല്ല, കുതിരയും തേരും തരാനുള്ള ഇച്ഛയോടുംകൂടി (അനുഗ്രഹബുദ്ധിയോടുംകൂടി) കൊണ്ടാടിയാലും.

11 നഹിതേശൂരരാധ
സോന്തംവിന്ദാമിസത്രാ
ദശസ്യാനോമഘവന്നൂചിദദ്രിവോ
ധിയോവാജേഭിരാവിഥ

അന്വയം:—
ഹേ ശൂര, അദ്രി–വഃ
തേ രാധസഃ അന്തം — വിക്രാന്ത, വജ്രവന്നിന്ദ്ര, ധനസ്യ ഇയത്താം
സത്രാ നഹി വിന്ദാമി — ന ലഭേ ഖലു
(യസ്മാദേവം തസ്മാൽ)
ഹേ മഘ–വൻ, — ധനവന്നിന്ദ്ര,
നഃ നു ചിൽ ദശസ്യ — ക്ഷിപ്രമേവ തദ്ധനം ദേഹി
(കിഞ്ച) വാജേഭിഃ ധിയഃ
ആവിഥ — വാജൈഃ, അന്നൈഃ കർമ്മാണി രരക്ഷിഥ, രക്ഷ

അർത്ഥം—അല്ലയോ വിക്രമിയും വജ്രിയുമായ ഇന്ദ്ര, അവിടുത്തെ ധനം ഇത്രയെന്ന സംഗതി, അതിന്റെ അററം, സത്യമായും ഞങ്ങൾക്ക പിടികിട്ടുന്നില്ല. അപ്രകാരമാകയാൽ, അല്ലയോ ധനവൻ, വേഗത്തിൽ ഞങ്ങൾക്ക് ആ ധനം തന്നാലും. പിന്നെ, അന്നങ്ങളാൽ ഞങ്ങളുടെ കർമ്മങ്ങൾ രക്ഷിച്ചാലും.

12 യല്ലൂഷ്വശ്രാവയൽസഖാ
വിശ്വേൽസവേദജനിമാപുരുഷ്ടുതഃ
തംവിശ്വേമാനുഷായു
ഗേന്ദ്രംഹവന്തേതവിഷംയതസ്രുചഃ

അന്വയം:-

യഃ ഋഷ്വഃ, ശ്രവയൽ-
സഖാ — ദർശനീയഃ, ശ്രാവയന്ത ഋത്വിജഃ യസ്യ, സഃ
പുരു-സ്തുതഃ — ബഹുഭിര്യജമാനൈ സ്തുതഃ
സഃ വിശ്വാ ഇൽ — ഇന്ദ്രസ്സർവ്വാണ്യപി
ജനിമ വേദ — പ്രാണിനാം ജന്മാനി ജാനാതി
തം തവിഷം ഇന്ദ്രം — ബലവന്തം തം
വിശ്വേ യത-സ്രുചഃ — സർവ്വേ അധ്വര്യ്വാദയഃ, സ്വീകൃത ഹവിഷ്കാസ്സന്തഃ
മാനുഷാ യുഗാ ഹവന്തേ — മനുഷ്യ സംബന്ധീനി യുഗാനി, സർവ്വേഷു കാലേഷ്വാഹ്വയന്തി, സ്തുവന്തി

അർത്ഥം-ആർ ദർശനീയനും സ്തോത്രങ്ങൾ കേൾപ്പിക്കുന്ന ഋത്വിക്കുകളാകുന്ന ചങ്ങാതികളോടുകൂടിയവനും പല യജമാനന്മാരാൽ സ്തുതിക്കപ്പെട്ടവനുമാണോ, ആ ഇന്ദ്രൻ പ്രാണികളുടെ ജന്മത്തെ (ഉല്പത്തിയെ) അറിയുന്നു. ആ ബലവാനായ ഇന്ദ്രനെ അധ്വര്യു മുതലായ എല്ലാവരും ഹവിസ്സേന്തിയവരായി, എല്ലാ മാനുഷികയുഗങ്ങളിലും, കാലങ്ങളിലും, വിളിക്കുന്നു, സ്തുതിക്കുന്നു.

13 സനോവാജേഷ്വവിതാപുരുവസുഃ
പുരസ്ഥാതാമഘവാവൃത്രഹാഭുവൽ

അന്വയം:-

(ദ്വിപദാഗായത്രീ,) സഃ
പുരു-വസുഃ — ബഹുധനഃ
മഘ-വാ, വൃത്ര-ഹാ — ധനവാൻ, ശത്രൂണാം ഹന്തേന്ദ്രഃ
നഃ വാജേഷു അവിതാ — യുദ്ധേഷ്വസ്മാകം രക്ഷിതാ
പുരഃ-സ്ഥാതാ ഭുവൽ — തദർത്ഥം പുരതോ വർത്തമാനോ ഭവതു

അർത്ഥം-(ഇരുപാദങ്ങൾ മാത്രമുള്ള ഗായത്രീ) ബഹുധനനും ശത്രുഹന്താവുമായ ഇന്ദ്രൻ യുദ്ധങ്ങളിൽ നമുക്കു രക്ഷിതാവായി, ആ രക്ഷയ്ക്കുവേണ്ടി മുൻനിൽക്കുന്നവനാവട്ടേ.

14 അഭിവോവീരമന്ധസോമദേഷുഗായ
ഗിരാമഹാവിചേതസം
ഇന്ദ്രന്നാമശ്രുത്യംശാകിനംവചോയഥാ

അന്വയം:-

| | |
|---|---|
| (ഹേ ഉദ്ഗാത്രാദയഃ,) | |
| വഃ അന്ധസഃ മദേഷു | യൂയം സോമസ്യോൽപാദ്യമാനേഷു സത്സു |
| വീരം, നാമ | — ശത്രൂണാമീരയിതാരം, നാമകം |
| വി-ചേതസം, ശ്രുത്യം | — വിശിഷ്ടപ്രജ്ഞം, സർവ്വത്ര ശ്രോതവ്യം |
| ശാകിനം ഇന്ദ്രം മഹാ ഗിരാ | — ശക്തം തം മഹത്യാ സ്തുത്യാ |
| വചഃ യഥാ (തഥാ) അഭി ഗായ | — യുഷ്മദീയാവാഗ്യഥാ, യേന പ്രകാരേണ, ഗായത്ര്യാ ത്രിഷ്ടുഭാ വാ പ്രവർത്തതേ, തഥാഭിഗായത, സ്തുതിം കുരുത |

അർത്ഥം-ഉൽഗാതാക്കൾ മുതലായവരേ, നിങ്ങൾ സോമമുൽപാദിപ്പിക്കവേ, ശത്രുക്കളെ അകററുന്നവനും കുനിയിപ്പിക്കുന്നവനും ഉൽകൃഷ്ടജ്ഞാനമൊത്തവനും എങ്ങും കേൾവിയുററവനും ശക്തനുമായ ഇന്ദ്രനെ മഹത്തായ സ്തോത്രത്താൽ, നിങ്ങളുടെ വാക്ക് എപ്രകാരം, ഗായത്രിയായിട്ടോ, ത്രിഷ്ടുപ്പായിട്ടോ, നന്നായി പ്രവർത്തിക്കുമോ, അപ്രകാരം ഗാനം ചെയ്യുക, നേരെ സ്തുതിചൊല്ലുക.

15 ദദീരേക്ണസ്തന്വേദദിർവ്വസു
ദദിർവ്വാജേഷുപുരുഹൂതവാജിനം വ. 3
നൂനമഥ

അന്വയം:—

ഹേ പുരു-ഹൂത, — ബഹുഭിരാഹൂതേന്ദ്ര, ത്വം
തന്വേ രേക്ണഃ നൂനം
ദദിഃ — മഹ്യം ശരീരായ ധനം ക്ഷിപ്രം ദാതാ ഭവ
(തഥാ) വസു ദദിഃ — പുത്രാദിഭ്യോ ധനം ദാതാ ഭവ
അഥ വാജേഷു വാജിനം
ദദിഃ — സങ്ഗ്രാമേഷ്വന്നവന്തം രയിം ദാതാഭവ

അർത്ഥം—വളരെപ്പേരാൽ വിളിക്കപ്പെട്ട ഇന്ദ്ര, അവിടുന്ന് എന്റെ ശരീരത്തിന്നു ധനം (ധർമ്മസാധനമായ ആരോഗ്യം) വേഗം തന്നരുളിയാലും. പുത്രാദികൾക്കു ധനം കൊടുക്കുന്നവനായാലും. പിന്നെ യുദ്ധങ്ങളിൽ അന്നമൊത്ത ധനമരുളുന്നവനായാലും.

16 വിശ്വേഷാമിരജ്യന്തംവസൂനാം
സാസഹ്വാംസഞ്ചിദസ്യവർപ്പസഃ
കൃപയതോന്നൂനമത്യഥ

അന്വയം:—

(ഹേ ഇന്ദ്ര, ത്വം)
വിശ്വേഷാം വസൂനാം
ഇരജ്യന്തം — സർവ്വേഷാം ധനാനാമീശാനം
അസ്യ വർപ്പസഃ
കൃപ-യതഃ ചിൽ — വാരകസ്യ യുദ്ധം കല്പയതഃ അപി ശത്രോഃ
അതി സസഹ്വാംസം — അതീത്യാഭിഭവിതാരം യജമാനസ്തുവതേ
(ത്വം) അഥ നൂനം — ക്ഷിപ്രമദ്യേദാനീമേവ ധനം പ്രയച്ഛ

അർത്ഥം—അല്ലയോ ഇന്ദ്ര, എല്ലാ ധനങ്ങൾക്കുമീശനും, തടഞ്ഞു യുദ്ധത്തിന്നൊരുമ്പെടുന്ന ഈ ശത്രുവിനെ കടന്നുകീഴടക്കു

ന്നവനുമായ അവിടുത്തെ, യജമാനൻ സ്തുതിക്കുന്നു. അപ്രകാരമുള്ള അവിടുന്ന് ഉടനെ, ഇപ്പോൾ തന്നെ, (ആ യജമാനന്ന്) ധനം നൽകിയാലും.

17 മഹസ്സുവോഅരമിഷേസ്തവാമഹേ
മീള്ഹുഷേഅരംഗമായജഗ്മയേ
യജ്ഞേഭിൎഗ്ഗീൎഭിൎവ്വിശ്വമനുഷാംമരുതാ
മിയക്ഷസിഗായേത്വാനമസാഗിരാ

അന്വയം:-

| | |
|---|---|
| (ഹേ ഇന്ദ്ര,) മഹഃ വഃ | — മഹതസ്തവ |
| സു ഇഷേ അരം | — ശോഭനാന്നായ അസ്മദ്വിഷയ<br>മരം ഗമനമിച്ഛാമി |
| (തദൎത്ഥം) മീള്ഹുഷേ | — സേക്ത്രേ |
| അരം-ഗമായ | — അരംഗമനായ,<br>സമ്പൂൎണ്ണഗമനായ |
| ജഗ്മയേ | — യജ്ഞം പ്രതിഗമനശീലായ |
| യജ്ഞേഭിഃ ഗീ-ഭിഃ<br>സ്തവാമഹേ | — യജനസാധനൈൎഹവിൎഭിഃ<br>സ്തുതിഭിശ്ചസ്തുമഃ |
| വിശ്വ-മനുഷാം | — വിശ്വേഷാം, സൎവ്വേഷാം<br>മനുഷ്യാണാം, യഷ്ടൄണാം |
| മരുതാം ഇയക്ഷസി | — മരുതാം സംബന്ധി ത്വം<br>ഏതൈരിജ്യസേ |
| (കിഞ്ച) ത്വാ നമസാ<br>ഗിരാ ഗായേ | — നമസ്കാരേണ സ്തുത്യാ ച സ്തുവേ |

അൎത്ഥം-അല്ലയോ ഇന്ദ്ര, നല്ല അന്നത്തിനുവേണ്ടി അവിടുത്തെ നികവുററ വരവിനെ ഞാൻ ഇച്ഛിക്കുന്നു. അതിന്നായി ഫലവൎഷകനും നികവുററു വരുന്നവനും യജ്ഞമുദ്ദേശിച്ച് പോക്കുശീലമായവനുമായ അവിടുത്തെ യാഗസാധനങ്ങളായ ഹവിസ്സുകളാലും സ്തോത്രങ്ങളാലുമാരാധിക്കുന്നു. മനുഷ്യരായ എല്ലാ യജ്വാക്കൾക്കും മരുത്തുക്കൾക്കും ചേൎന്ന അവിടുന്ന്, ഹവിസ്സ്തോ

ത്രങ്ങളാൽ യജിക്കപ്പെടുന്നു. പിന്നെ അവിടുത്തെ നമസ്കാരത്താലും സ്തുതിയാലും കൊണ്ടാടുന്നു.

18 യേപാതയന്തേഅജ്മഭി
ർഗ്ഗിരീണാംസ്നുഭിരേഷാം
യജ്ഞംമഹിഷ്വണീനാം
സുമ്നന്തുവിഷ്വണീനാംപ്രാധ്വരേ

അന്വയം:–

| | | |
|---|---|---|
| യേ ഗിരീണാം സ്നു-ഭിഃ | — | മേഘാനാം പ്രസ്നുവത്ഭിഃ |
| അജ്മ-ഭിഃ പാതയന്തേ | — | ബലൈഃ, ബലകരൈരുദകൈസ്സഹപതന്തി, ഗച്ഛന്തി |
| ഏഷാം, മഹി-സ്വനീനാം യജ്ഞം | — | മരുതാം, പ്രഭൂതധ്വനീനാം യജ്ഞം കർമ്മഃ |
| (കൃത്വാച) തുവി-സ്വനീനാം സുമ്നം | — | ബഹുധ്വനീനാം സുഖം, തൈഃകൃതം സുഖം |
| അധ്വരേ പ്ര | — | യജ്ഞേ പ്രാപ്നുയാമ |

അർത്ഥം—ഏവർ മേഘങ്ങളുടെ പെയ്യുന്ന ബലങ്ങളോടുകൂടി, ഊക്കേററ ജലങ്ങളോടുകൂടി, ഗമിക്കുന്നുവോ, മഹാശബ്ദകാരികളായ ആ മരുത്തുക്കൾക്ക് യജ്ഞമനുഷ്ഠിക്കുന്നു, അവരെ യജിയ്ക്കുന്നു. അപ്രകാരം ചെയ്തിട്ട്, ബഹുശബ്ദകാരികളായ അവരുടെ സുഖം, അവരുണ്ടാക്കിയ സുഖം, അവരുണ്ടാക്കുന്ന മഴയുടെ സുഖം, യജ്ഞത്തിൽ പ്രാപിക്കാവൂ.

19 പ്രഭങ്ഗന്ദുർമ്മതീനാ
മിന്ദ്രശവിഷ്ഠാഭരേ
രയിമസ്മഭ്യംയുജ്യഞ്ചോദയന്മതേ
ജ്യേഷ്ഠഞ്ചോദയന്മതേ

അന്വയം:—

| | |
|---|---|
| ഹേ ചോദയൽ-മതേ, ഇന്ദ്ര, | ചോദയന്തീ, ധനം പ്രേരയന്തീ മതിര്യസ്യ, താദൃശേന്ദ്ര, |
| ദുഃ--മതീനാം പ്ര--ഭങ്ഗം | ദുഷ്ടമനസ്സാനാം വൃത്രാദീനാം പ്രഭഞ്ജകം ത്വാം യാചാമഹേ |
| ഹേ ചോദയൽ-മതേ, | ധനപ്രേരകബുദ്ധേ, |
| ശവിഷ്ഠ | അതിശയേന ബലവൻ, സ്തുതസ്ത്വം |
| അസ്മഭ്യം ജ്യേഷ്ഠം യുജ്യം രയിം ആ ഭര | അസ്മാകം യോഗ്യം, ഉചിതം ശ്രേഷ്ഠം ധനമാഹര |

അർത്ഥം—ഉപാസകർക്ക് ധനമെത്തിക്കുന്ന മനസ്സോടുകൂടിയ ഇന്ദ്ര, ദുഷ്ടബുദ്ധികളായ വൃത്രാദികളെ പിളക്കുന്ന അവിടുത്തോടു യാചിക്കുന്നു: ഉപാസകർക്കു ധനമെത്തിക്കുന്ന മനസ്സോടുകൂടിയവനും മഹാബലനുമായ ഇന്ദ്ര, സ്തുതിക്കപ്പെട്ട അവിടുന്ന് ഞങ്ങൾക്ക് യോഗ്യവും (ഉചിതവും) ശ്രേഷ്ഠവുമായ ധനം കൊണ്ടുതന്നാലും.

20 സനിതസ്സുസനിതരുഗ്ര

ചിത്രചേതിഷ്ഠസൂനൃത

പ്രാസഹാസമ്രാട്ട്ത്സഹുരിംസഹന്തം

ഭുജ്യംവാജേഷുപൂർവ്വ്യം വ. 4

അന്വയം:—

| | |
|---|---|
| ഹേ സനിതഃ, സു-സനിതഃ, | ദാതഃ, സുഷ്ഠുദാതഃ, |
| ഉഗ്ര, ചിത്ര, ചേതിഷ്ഠ, | ഉൽഗൂർണ്ണബല, ചായനീയ, അത്യന്തം ചേതയിതഃ, |
| സൂനൃത, പ്ര-സഹാ, സം-രാട്ട് | സുസത്യ, പ്രസഹ്യ, സർവ്വസ്യ സ്വാമിൻ, ത്വം |

സഹുരിം, സഹന്തം ഭുജ്യം — സഹനശീലം പുത്രാദിയുക്തം ഭോജയിതാരം
പൂർവ്വ്യം വാജേഷു — മുഖ്യം ധനം സങ്ഗ്രാമേഷ്വാഭര

അർത്ഥം—ദാനശീലനും ശോഭനദാനവാനും ഉഗ്രനും വിവിധരൂപനും ഏററവും ബോധനശീലനും നല്ല സത്യശീലമുററവനും ബലവാനും എല്ലാററിന്നുമീശ്വരനുമായ ഇന്ദ്ര, അവിടുന്നു്, പുത്രാദികളോടു ചേർന്നു് കൂട്ടായനുഭവിപ്പാൻ പററിയ മുഖ്യമായ ധനം യുദ്ധങ്ങളിൽ കൊണ്ടുതന്നാലും.

21 ആസഏതുയഈവദാഁ
അദേവഃപൂർത്തമാദദേ
യഥാചിദ്വശോഅശ്വ്യഃ
പൃഥുശ്രവസികാനീതേ ഽ ഽ
സ്യാവ്യുഷ്യാദദേ

അന്വയം:—
യഥാ ചിൽ — യേന പ്രകാരേണ, യസ്മാൽ
അശ്വ്യഃ, വശഃ — അശ്വപുത്രഃ, വശസംജ്ഞകഃ
കാനീതേ പൃഥു-ശ്രവസി — കന്യായാഃ പുത്രേ, ഏതന്നാമകേ രാജ്ഞി
അസ്യാഃ ആ വി—ഉഷി — ഉഷസഃ സമന്താദ്വ്യുഷ്ടൗ
ഈവൽ പൂർത്തം — ഗമനവൽ ഗവാദികം പൂർണ്ണം
ആ-ദദേ — പ്രഭൃതം ധനമാദത്തേ
യഃ അദേവഃ (തഥാ)
ആ—ദദേ — ധനമാദത്തേ
സഃ ആ ഏതു — ദേവാദന്യോ മനുഷ്യഃ, സവശഃ ആഗച്ഛതു

അർത്ഥം—അശ്വപുത്രനായ വശനെന്ന ഋഷി കന്യാപുത്രനായ പൃഥുശ്രവസ്സെന്ന രാജാവിങ്കൽനിന്നു് ഈ പ്രഭാതത്തിന്റെ തെളിവിൽ പശുമുതലായ ഇളകുന്ന മുതലുകൾ നിറവോ

ടെ ദാനമായി സ്വീകരിച്ചുവല്ലോ അതിനാൽ ദേവനൊന്നുമല്ലാത്ത മനുഷ്യനായ ഏവൻ അപ്രകാരം വാങ്ങിയോ, ആ വശൻ വന്നുചേരട്ടേ. (വശൻെറ ബന്ധുക്കൾ പറയുന്നതു്. പൃഥുശ്രവസ്സിൻെറ ദാനത്തിന്നു സ്തുതി.)

22 ഷഷ്ടിംസഹസ്രാശ്വ്യസ്യായുതാസന
മുഷ്ട്രാനാംവിംശതിംശതാ
ദശശ്യാവീനാംശതാദശത്ര്യരുഷീണാം
ദശഗവാംസഹസ്രാ

അന്വയം:—

(സവശഃ ആഗത്യ ബ്രൂതേ)

| | | |
|---|---|---|
| അശ്വ്യസ്യ | — | അശ്വസംബന്ധിനഃ |
| ഷഷ്ടിം സഹസ്രാ | — | സഹസ്രാണി. |
| അയുതാ അസനം | — | അയുതാന്യഭജം |
| ഉഷ്ട്രാനാം വിംശതിം | | |
| ശതാ | — | ശതാന്യസനം |
| ശ്യാവീനാം ദശ ശതാ | — | ശ്യാവവർണ്ണാനാം ബഡവാനാം ദശ ശതാന്യസനം |
| ദശ ത്രി_അരുഷീണാം | — | ത്രീണ്യാരോചമാനാനി, ശുഭ്രാണി കകുപ്പൃഷ്ഠപാശ്വസ്ഥാനാനി യാസാം, താസാം |
| ഗവാം ദശ സഹസ്രാ | — | സഹസ്രാണ്യസനം |

അർത്ഥം—(വശൻ മടങ്ങിവന്നു് പറയുന്നു.) കുതിരകൾ അറുപതിനായിരവും പല പതിനായിരങ്ങളും, ഒട്ടകങ്ങൾ രണ്ടായിരവും കറുത്ത പെൺകുതിരകൾ ആയിരവും, മൂഞ്ഞ, മുതുകു് വാരിപ്പുറം എന്നിവ മിന്നുന്ന പശുക്കൾ പതിനായിരവും (പൃഥുശ്രവസ്സിങ്കൽ നിന്നു്) ഞാൻ ദാനംവാങ്ങി.

23 ദശശ്യാവാഋധദ്രയോ
വീതവാരാസആശവഃ
മഥ്രാനേമിന്നിവാവൃതുഃ

അന്വയം:–

| | | |
|---|---|---|
| ദശ ശ്യാവാഃ ആശവഃ | — | ശ്യാവവർണ്ണാ വേഗവന്തോശ്വാഃ |
| നേമിം നി വവൃതുഃ | — | രഥനേമിം നിവർത്തയന്തി, രഥം വഹന്തി |
| (തേ) ഋധൽ–രയഃ | | |
| വീത–വാരാസഃ | — | പ്രവൃദ്ധവേഗാഃ, ക്രാന്തബലാഃ |
| മഥ്രാഃ | — | മഥനശീലാഃ |

അർത്ഥം–പത്തു കറുത്ത കുതിരകൾ തേർചക്രം വലിക്കുന്നു. അവ മികച്ച വേഗമുററ് കടന്ന ബലമിയന്നവയായി തേരിനെ ഇട്ടുകടയുന്നു, കടയുന്നപോലെ ഉരുട്ടുന്നു.

24 ദാനാസഃപൃഥുശ്രവസഃ

കാനീതസ്യസുരാധസഃ

രഥംഹിരണ്യയന്ദദ

ന്മംഹിഷ്ഠസ്സൂരിരഭൂ

ദ്വർഷിഷ്ഠമകൃതശ്രവഃ

അന്വയം:–

(താനി ധനാനി ബന്ധൂനാം പുരസ്താന്നിർദ്ദിശന്നാശാസ്തേ.)

| | | |
|---|---|---|
| കാനീതസ്യ | | |
| പൃഥു–ശ്രവസഃ | — | കന്യാപുത്രസ്യ തസ്യ |
| സു–രാധസഃ ദാനാസഃ | — | ശോഭനധനസ്യ ദത്താനി ധനാനീമാനി |
| (സഃ) ഹിരണ്യയം രഥം | | |
| ദദൽ | — | ഹിരണ്മയം രഥഞ്ച പ്രായച്ഛൽ |
| (ഇത്ഥം) മംഹിഷ്ഠഃ | | |
| സൂരിഃ അഭൂൽ | — | അതിശയേന ദാതാ പ്രാജ്ഞശ്ച ഭവതി |
| വർഷിഷ്ഠം ശ്രവഃ അകൃത | — | അതിശയേന പ്രവൃദ്ധാം കീർത്തിം കരോതി |

അർത്ഥം:–(ആ ധനങ്ങൾ ബന്ധുക്കൾക്കുമുമ്പിൽ നിരത്തിച്ചൂണ്ടിക്കാണിച്ച് വശൻ പ്രശംസിക്കുന്നു) കന്യാപുത്രനായ പൃഥുശ്രവസ്സിന്റെ ദാനങ്ങളായ ശോഭനധനങ്ങളാണിവ. അദ്ദേഹം സ്വർണ്ണമയമായ തേരും തന്നു. ഇപ്രകാരം ഏററവും ദാനശീലനും പ്രാജ്ഞനുമായി ഭവിക്കുന്നു. ഏററവും പെരിയ കീർത്തി സ്വയമുണ്ടാക്കുന്നു.

25 ആനോവായോമഹേതനേ

യാഹിമഖായപാജസേ

വയംഹിതേചകൃമാഭൂരിദാവനേ

സദ്യശ്ചിന്മഹിദാവനേ വ. 5

അന്വയം:–

ഹേ വായോ (ത്വം) നഃ — അസ്മാൻ പ്രതി
മഹേ തനേ മഖായ
പാജസേ ആ യാഹി — മഹതേ ധനായ ബൃഹതേ ബലായചാഗച്ഛ
വയം ഹി തേ ഭൂരി
ദാവനേ — വയം ഖലു തുഭ്യം പ്രഭൃതധന ദാത്രേ
ചകൃമ — സ്തുതിം കുർമ്മ
സദ്യഃ ചിൽ മഹി
ദാവനേ — തവാഗമനാനന്തരമേവ മഹതേ ദാനായ സ്തുതിം ചകൃമ

അർത്ഥം–അല്ലയോ വായോ, ഞങ്ങൾക്കു മഹത്തായ ധനത്തിന്നും പെരുത്ത ബലത്തിന്നും വേണ്ടി (രണ്ടും തന്നരുളാൻ) വന്നാലും. ഞങ്ങൾ തന്നെ, സമൃദ്ധിമത്തായ ധനദാനം ചെയ്യുന്ന അവിടുത്തേയ്ക്കു് സ്തുതി ചൊല്ലുന്നു. അവിടുന്നുവന്നാലുടനെത്തന്നെ മഹത്തായ ദാനത്തിന്നായി സ്തുതി ചൊല്ലുന്നു.

26 യോഅശ്വേഭിർവ്വഹതേവസ്തഉസ്രാ

സ്ത്രിസ്സപ്തസപ്തതീനാം

ഏഭിസ്സോമേഭിസ്സോമസുദ്ഭിസ്സോമപാ

ദാനായശുക്രപൂതപാഃ

അന്വയം:—

| | |
|---|---|
| ഹേ സോമ—പാഃ | |
| ശുക്രപൂത—പാഃ | — സോമസ്യപാതഃ, ദീപ്തസ്യ പൂതസ്യ തസ്യപാതർവ്വായോ, |
| യഃ അശ്വേഭിഃ വഹതേ | — യഃ പൃഥുശ്ശ്രവാ അശ്വൈർവ്വഹതേ |
| (ഗൃഹം) വസ്തേ | — ഗൃഹേ വസതി ച |
| ഉസ്രാഃ ത്രിഃ സപ്ത സപ്തതീനാം | — ഉക്തസംഖ്യാകാഭിർഗ്ഗോഭിർഗ്ഗച്ഛതി |
| ഏഭിഃ സോമേഭിഃ | — സോമൈഃ |
| സോമസുൽ—ഭിഃ | — സോമമഭിഷുണ്വത്ഭിശ്ച |
| ദാനായ | — തുഭ്യം സോമം ദാതും സ ഉദ്യതഃ |

അർത്ഥം—അല്ലയോ സോമപായിൻ, തെളിവുററ ശുദ്ധി പൂണ്ട സോമം കുടിയ്ക്കുന്ന വായോ, ഏതു പൃഥുശ്ശ്രവസ്സു് കുതിരകളോടുകൂടി പോകുന്നുവോ, ഏവൻ സ്വഗൃഹത്തിൽ താമസിക്കുന്നുവോ, അദ്ദേഹം ആയിരത്തി നാന്നൂററി എഴപത്തു് പശുക്കളോടുകൂടിയാണു് സഞ്ചരിക്കുന്നതു്. ഈ സോമങ്ങളോടും സോമസംസ്കർത്താക്കളോടുംകൂടി അവിടേക്കു് സോമം തരുവാൻ അദ്ദേഹം പുറപ്പെട്ടിരിക്കുന്നു.

27 യോമഇമഞ്ചിദുത്മ

നാമന്ദച്ചിത്രന്ദാവനേ

അരട്വേഅക്ഷേനഹുഷേസുകൃത്വനി

സുകൃത്തരായസുക്രതുഃ

അന്വയം:—

യഃ മേ ഇമം ചിത്രം
ചില്‍ ഉ — മഹ്യം ചായനീയം ഗവാദികമപ്യേവ
ദാവനേ ത്മനാ അമന്ദല്‍ — ദാനായാത്മനാമന്ദത, അമാദ്യത
(സഃ) സു—ക്രതുഃ — ശോഭനകര്‍മ്മാ രാജാ
സുകൃല്‍—തരായ — സുകൃതകര്‍ത്തൃത്വായ
സു—കൃത്വനി, അരടേ്വ,
അക്ഷേ, നഹുഷേ — അരട്വാദയഃ, രാജ്ഞശ്ശുഭശീലാ അധ്യക്ഷാഃ; തേഷു അന്വശാല്‍ 'അസ്മൈ ഗവാദികാന്‍ സംയോജയത' ഇതി

അര്‍ത്ഥം—ആര്‍ എനിക്ക് ഈ മനോഹരമായ പശു മുതലായ ധനത്തിന്റെ തന്നെ ദാനത്തിന്നായി സ്വയം സന്തോഷം പൂകിയോ, ആ പൃഥുശ്രവസ്സെന്ന സല്‍കര്‍മ്മവാനായ രാജാവ് സല്‍കര്‍മ്മകര്‍ത്തൃത്വത്തിന്നായി, നല്ലവരായ അരട്വന്‍, അക്ഷന്‍, നഹുഷന്‍ എന്നീ കോശാധ്യക്ഷന്മാരായ മന്ത്രിമാരോട് 'ഇദ്ദേഹത്തിന്ന് പശു മുതലായതെത്തിക്കുക' എന്നനുശാസിച്ചു.

28 ഉചഥ്യേ വപുഷീയസ്വരാ
ളുതവായോഘൃതസ്നാഃ
അശ്വേഷിതംരജേഷിതംശുനേഷിതം
പ്രാജ്മതദിദന്നുതല്‍

അന്വയം:—

ഹേ വായോ, ഉചഥ്യേ
വപുഷി — സ്തുത്യേ ശരീരേ
യഃ സ്വ—രാട് — യസ്സ്വയം രാജതേ
(യശ്ച) ഘൃത—സ്നാഃ — ഘൃതവച്ഛുദ്ധഃ

(സഃ പൃഥുശ്രവാഃ)
അശ്വ–ഇഷിതം — അശ്വൈഃ പ്രാപിതം
രജഃ–ഇഷിതം — ഉഷ്ട്രൈഃ പ്രാപിതം
ശുനാ–ഇഷിതം — ശുനകൈഃ പ്രാപിതം
ഉത അജ്മ പ്ര — അപി ച അന്നം പ്രാദാൽ
തൽ ഇദം — പുരതോദൃശ്യതേ
തൽ ന — തവൈവാനുഗ്രഹാല്ലബ്ധം

അർത്ഥം—അല്പ്യയോ വായോ, പുകഴ്ത്തത്തക്ക മെയ്യിൽ ആർ സ്വയം ശോഭിക്കുന്നുവോ, ആർ നൈ പോലെ ശുദ്ധനാണോ, ആ പൃഥുശ്രവസ്സ് കുതിരകളാലും ഒട്ടകങ്ങളാലും നായ്ക്കളാലും കൊണ്ടുവരപ്പെട്ട അന്നം തന്നു. അതായത് അന്നംതന്ന് കുതിരകൾ മുതലായവയെകൊണ്ട് ഇവിടെ എത്തിച്ചു. അതിതാ മുമ്പിൽ കാണപ്പെടുന്നു. (അതവിടുത്തെത്തന്നെ അനുഗ്രഹംകൊണ്ടത്രേ കിട്ടിയത്).

29 അധപ്രിയമിഷിരായ
ഷഷ്ടിംസഹസ്രാസനം
അശ്വാനാമിന്നവൃഷ്ണാം

അന്വയം:—
അധ ഇഷിരായ — അധുനാ ധനാദി പ്രേരയിത്രേ രാജ്ഞേ
അശ്വാനാം ഇൽ — അശ്വസമൂഹമിവ
പ്രിയം വൃഷ്ണാം
സഹസ്രാ ഷഷ്ടിം — പ്രിയഭൂതം സേക്തൄണാം ഗവാം ഷഷ്ടിസഹസ്രാത്മകം
ന അസനം — സമ്പ്രത്യഭജം (ന സമ്പ്രത്യർത്ഥേ)

അർത്ഥം—ഇപ്പോഴാണ്, ധനങ്ങളർത്ഥികൾക്കെത്തിക്കുന്ന രാജാവിന്നു പ്രിയപ്പെട്ട അറുപതിനായിരം കൂററൻമൂരികളെ ഞാൻ മുറക്ക് ദാനം വാങ്ങിയത്

30 ഗാവോനയൂഥമുപയന്തിവധ്രയ
ഉപമായന്തിവധ്രയഃ

അന്വയം:—

ഗാവഃ ന യൂഥം ഉപ യന്തി — വൃഷഭോ യഥാ ഗവാം യൂഥമുപ ഗച്ഛന്തി തദ്വൽ
വധ്രയഃ — പൃഥുശ്രവസാ ദത്താഃ ഛിന്നമുഷ്കാ വൃഷഭാഃ
മാ ഉപ ആ യന്തി — മമസമീപം പ്രാപ്നുവന്തി
വധ്രയഃ — ഉപായന്തി (പുനരുക്തിരാദരാർത്ഥാ)

അർത്ഥം—കാളകൾ പശുക്കൂട്ടത്തെ പ്രാപിക്കുന്നപോലെ പൃഥുശ്രവസ്സിനാൽ നൽകപ്പെട്ട ഉടച്ച മൂരികൾ എൻെറ അടുക്കലെത്തുന്നു. മൂരികൾ എൻെറ അടുക്കലെത്തുന്നു. (പുനരുക്തി ആദരത്തിന്നുവേണ്ടി.)

31 അധ॒യച്ചാര॑ഥേഗ॒ണേ
ശ॒തമു॒ഷ്ട്രാँഅചി॑ക്രദൽ
അധ॒ശ്വിത്നേ॑ഷുവിം॒ശതിം॒ശതാ

അന്വയം:—

അധ യൽ ചാരഥേ — അധ യഥാചര്യമാണേ, വനേ പ്രേര്യമാണേ
ഗണേ ഉഷ്ട്രാൻ ശതം — ഉഷ്ട്രാണാം ശതം
അചിക്രദൽ — അസ്മഭ്യം പ്രദാനായാജുഹാവ
അധ ശ്വിത്നേഷു — അപിച ശ്വേതവർണ്ണേഷു ഗോയൂഥേഷു
വിംശതിം ശതാ — ശതാനാം വിംശതിമചിക്രദൽ

അർത്ഥം-പിന്നെ, കാട്ടിൽ മേയ്ക്കപ്പെട്ടിരുന്ന നൂറു് ഒട്ടകങ്ങളെ എനിക്കുതരാനായി വിളിപ്പിച്ചു. വെളുത്ത രണ്ടായിരം പശുക്കളെയും വിളിപ്പിച്ചു.

32 ശതന്ദാസേബല്ബൂഥേ

വിപ്രസ്തരുക്ഷആദദേ

തേതേവായവിമേജനാ

മദന്തീന്ദ്രഗോപാ

മദന്തിദേവഗോപാഃ

അന്വയം:—

(അയം) വിപ്രഃ — മേധാവീവശോഹം

ബല്ബൂഥേ ദാസേ

തരുക്ഷേ — ബല്ബൂഥനാമകേ ദാസേ ഗവാശ്വാദീനാമധികൃതേ

(ഗവാശ്വാദീനാം) ശതം

ആ ദദേ — ആദത്തവാൻ

ഹേ വായോ, തേ തേ — തവസ്വഭൃതാഃ, തവസ്തോതാരഃ

ഇമേ ജനാഃ

ഇന്ദ്ര—ഗോപാഃ മദന്തി — ഇന്ദ്രേണ രക്ഷിതാ ഹഷ്ന്തി

ദേവ—ഗോപാഃ മദന്തി — ദേവൈരക്ഷിതാ മോദന്തി

അത്ഥം-ഈ മേധാവിയായ വശനെന്ന ഞാൻ പൃഥുശ്രവസ്സിൻെറ കീഴിൽ പശു, കുതിര മുതലായവയുടെ അധികൃതനായ ബല്ബൂഥനെന്ന ദാസങ്കൽ നിന്നു് കണക്കററ പശു കുതിരകളെ നേടി. അല്ലയോ വായോ, അവിടുത്തേയ്ക്കു ചേന്നവരും അവിടുത്തെ സ്തോതാക്കളുമായ ഈയുള്ളവർ ഇന്ദ്രനാൽ രക്ഷിതരായി സന്തോഷിക്കുന്നു. ദേവന്മാരാൽ രക്ഷിതരായി മോദിക്കുന്നു.

33 അധസ്യായോഷണാമഹീ

പ്രതീചീവശമശ്വ്യം

അധീരുക്മാവിനീയതേ വ. 6

അന്വയം:–

അധ സ്യാ യോഷണാ — അധുനാ സാ യോഷാ രാജ്ഞാ പ്രദത്താ

മഹീ പ്രതീചീ — മഹതീ അസ്മദഭിമുഖീ

അശ്വ്യം വശം

അധി–രുക്മാ — അശ്വപുത്രം മാം പ്രതി സാഭരണാസതീ

വി നീയതേ — പ്രേര്യതേ

അർത്ഥം–ഇപ്പോഴിതാ രാജാവിനാൽ നൽകപ്പെട്ട പൂജ്യയായ സ്ത്രീ അശ്വപുത്രനായ വശന്റെ (എന്റെ) നേരെ ആഭരണഭൂഷിതയായി നയിക്കപ്പെടുന്നു. (പണ്ടു രാജാക്കന്മാർ വധൂപദത്തിന്നോ ദാസീപദത്തിന്നോ ആയി സ്ത്രീകളെ കൊടുത്തിരുന്നു. അടിമവ്യവസ്ഥയുടെ ഒരു ഭാഗമായിട്ടുവേണം ഇതിനെ കരുതാൻ.)

വർഗ്ഗം–7 മുതൽ 10 കൂടി. ആപ്ത്യഃ ത്രിതഃ ഋഷിഃ,
മഹാപങ്ക്തിശ്ഛന്ദഃ, ആദിത്യോഷസൗദേവതാ

1 മഹിവോമഹതാമവോ
വരുണമിത്രദാശുഷേ
യമാദിത്യാഅഭിദ്രുഹോ
രക്ഷഥാനേമഘന്നശ
ദനേഹസോവഊതയ
സ്സുഊതയോവഊതയഃ

അന്വയം:–

ഹേ വരുണ, ഹേ മിത്ര — (ഏതദ്വയം അര്യമ്ണോപ്യുപലക്ഷണം)

മഹതാം വഃ അവഃ — യുഷ്മാകം രക്ഷണം

ദാശുഷേ മഹി — ഹവിർദ്ദാത്രേ യജമാനായ മഹൽ

(കിഞ്ച) ഹേ ആദിത്യാഃ,
യം ദ്രുഹഃ അഭി രക്ഷഥ — യം യജമാനം ദ്രോഗ്ധുസ്സകാശാൽ പാലയഥ
ഈം അഘം ന നശൽ — ഏനം യജമാനം പാപം ന പ്രാപ്നോതി
വഃ ഊതയഃ അനേഹസഃ — യുഷ്മാകം രക്ഷണാനി അനുപദ്രവാണി
വഃ ഊതയഃ സു–ഊതയഃ — യുഷ്മാകം രക്ഷണാനി ശോഭനരക്ഷണാനി

അർത്ഥം—അല്ലയോ വരുണ, മിത്ര, (ഈ രണ്ടു ദേവന്മാരോടൊപ്പം അര്യമാവും ഉപലക്ഷണമായുൾപ്പെടുന്നു). മഹത്തുക്കളായ നിങ്ങളുടെ രക്ഷണം ഹവിസ്സേകുന്ന യജമാനന്ന് പെരിയതത്രേ. പിന്നെ ആദിത്യന്മാരേ, നിങ്ങളേവനെ ദ്രോഹികളിൽ നിന്നു രക്ഷിയ്ക്കുന്നുവോ, ആ യജമാനനെ പാപം തീണ്ടുന്നില്ല. നിങ്ങളുടെ രക്ഷണങ്ങൾ നിരുപദ്രവങ്ങളത്രേ. നിങ്ങളുടെ രക്ഷണങ്ങൾ ശോഭനരക്ഷണങ്ങളത്രേ.

2 വിദാദേവാഅഘാനാ

മാദിത്യാസോഅപാകൃതിം

പക്ഷാവയോയഥോപരി

വ്യ൧സ്മേശർമ്മയച്ഛ

താനേഹസോവഊതയ

സ്സുഊതയോവഊതയഃ

അന്വയം:-

ഹേ ദേവാഃ, ആദിത്യാസഃ — ആദിത്യായൂയം
അഘാനാം അപ–
ആകൃതിം വിദ — ദുഃഖാനാമപാകരണം, പരിഹാരപ്രകാരം ജാനീഥ
(തസ്മാൽ) വയഃ യഥാ
പക്ഷാ — പക്ഷിണഃ പക്ഷൗ

| | |
|---|---|
| ഉപരി | — സ്വശിശുകാനാം സുഖായോ പരികുർവ്വന്തി തദ്വൽ |
| അസ്മേ ശർമ്മ വി യച്ഛത | — അസ്മാസു സുഖം കുരുത |
| വഃ ഊതയഃ അനേഹസഃ | — രക്ഷണാനി അനുപദ്രവാണി |
| വഃ ഊതയഃ സു-ഊതയഃ | — രക്ഷണാനി ശോഭനരക്ഷണാനി |

അർത്ഥം--അല്ലയോ ദേവന്മാരേ, ആദിത്യന്മാരേ, നിങ്ങൾ ദുഃഖത്തിന്റെ (ദുഃഖകാരണമായ പാപത്തിന്റെ) വിനാശനം, പരിഹാരമാർഗ്ഗമറിയുന്നു. അതിനാൽ പക്ഷികൾ സുഖത്തിന്നായി ചിറകുകൾ കുഞ്ഞുങ്ങൾക്കു മുകളിൽ വയ്ക്കുന്നപോലെ, ഞങ്ങൾക്ക് (മുകളിൽ രക്ഷാപക്ഷങ്ങൾ പരത്തി) സുഖമുണ്ടാക്കിയാലും. നിങ്ങളുടെ രക്ഷണങ്ങൾ നിരുപദ്രവങ്ങളത്രേ. നിങ്ങളുടെ രക്ഷണങ്ങൾ ശോഭന രക്ഷണങ്ങളത്രേ.

3 വ്യ∫സ്മേഅധിശർമ്മതൽ

പക്ഷാവയോനയന്തന

വിശ്വാനിവിശ്വവേദസോ

വരൂഥ്യാമനാമ

ഹേനേഹസോവഊതയ

സ്സുഊതയോവഊതയഃ

അന്വയം:—

(ഹേ ആദിത്യാഃ, യൂയം)

| | |
|---|---|
| അസ്മേ അധി | — അസ്മാസു |
| വയഃ ന പക്ഷാ | — യഥാ പക്ഷിണഃ പക്ഷൗ തച്ഛിശുകാനാമുപരി നിക്ഷേപന്തി തദ്വൽ |
| തൽ ശർമ്മ വി യന്തന | — വിശേഷേണ പ്രാപയത |
| ഹേ വിശ്വ-വേദസഃ, | — സർവ്വധനാഃ, യുഷ്മാൻ |
| വിശ്വാനി വരൂഥ്യാ | — വരൂഥം ഗൃഹം, തദുചിതാനി സർവ്വാണി ധനാനി, സുഖാനി |

മനാമഹേ — യാചാമഹേ
വഃ ഊതയഃ അനേഹസഃ — രക്ഷണാനി അനുപദ്രവാണി
വഃ ഊതയഃ സു_ഊതയഃ — രക്ഷണാനി ശോഭനരക്ഷണാനി

അൎത്ഥം_അല്ലയോ ആദിത്യന്മാരേ, പക്ഷികൾ കുഞ്ഞുങ്ങളുടെ മുകളിൽ ചിറകുകൾ വെച്ചു സുഖിപ്പിക്കുന്നപോലെ, ആ സുഖം ഞങ്ങളിൽ നന്നായി പ്രാപിപ്പിച്ചാലും. അല്ലയോ സർവ്വധനന്മാരേ, ഒരു ഗൃഹത്തിന്നു വേണ്ടും എല്ലാ ധനങ്ങളും (സുഖങ്ങളും) തന്നരുളുവാൻ നിങ്ങളോടു യാചിക്കുന്നു. നിങ്ങളുടെ രക്ഷണങ്ങൾ നിരുപദ്രവങ്ങളത്രേ. നിങ്ങളുടെ രക്ഷണങ്ങൾ ശോഭനരക്ഷണങ്ങളത്രേ.

4 യസ്മാഅരാസതക്ഷയ

ഞ്ജീവാതുഞ്ചപ്രചേതസഃ

മനോൎവ്വിശ്വസ്യഘേദിമ

ആദിത്യാരായഈശ

തേനേഹസോവഊതയ

സ്സുഊതയോവഊതയഃ

അന്വയം:—

യസ്മൈ ക്ഷയം — യസ്മൈ മനുഷ്യായ നിവാസം
ജീവാതും ച — ജീവനസാധനമന്നഞ്ച
പ്ര—ചേതസഃ അരാസത — പ്രകൃഷ്ടമതയഃ പ്രയച്ഛന്തി
(തസ്മൈ യജമാനായ,
തദൎത്ഥം) ഇമേ ആദിത്യാഃ — ദേവാഃ
വിശ്വസ്യ ഘ
ഇൽ മനോഃ — സൎവ്വസ്യാപ്യയഷ്ടുൎദ്ധനികസ്യ മനുഷ്യസ്യ
രായഃ ഈശതേ — സ്വാമിനോ ഭവന്തി (അപഹൃത്യ യജമാനായ പ്രദാതും)
വഃ ഊതയഃ അനേഹസഃ — രക്ഷണാനി അനുപദ്രവാണി
വഃ ഊതയഃ സു—ഊതയഃ — രക്ഷണാനി ശോഭനരക്ഷണാനി

അർത്ഥം–ഏതു മനുഷ്യന്നു ഗൃഹവും ജീവനസാധനമായ അന്നവും സൽബുദ്ധികളായവർ കൊടുക്കുന്നുവോ, ആ യജമാനന്നുവേണ്ടി ഈ ആദിത്യന്മാർ യാഗംചെയ്യാത്ത (യാഗവിരോധിയായ) മനുഷ്യന്റെ എല്ലാ ധനത്തിന്നും ഉടയവരായി, അവരിൽനിന്നു് എടുത്തുകൊടുപ്പാനീശന്മാരാകുന്നു. നിങ്ങളുടെ രക്ഷണങ്ങൾ നിരുപദ്രവങ്ങളത്രേ. ശോഭനരക്ഷണങ്ങളത്രേ.

5 പരിണോവൃണജന്നഘാ

ദുർഗ്ഗാണിരഥ്യോയഥാ

സ്യാമേദിന്ദ്രസ്യശർമ്മ

ണ്യാദിത്യാനാമുതാവ

സ്യനേഹസോവഊതയ

സ്സുഊതയോവഊതയഃ വ. 7

അന്വയം:–

ദുഃ–ഗാനി രഥ്യഃ യഥാ — ദുർഗ്ഗമനാൻ പ്രദേശാൻ, അവടധിഷ്ണ്യാദികാംസ്തഥാ

നഃ അഘാ പരി വൃണജൻ — അസ്മാകം പാപാനി പരിവർജ്ജയന്തു

ഇന്ദ്രസ്യ ശർമ്മണി ഇൽ സ്യാമ — വയം തസ്യ സുഖേ ഏവ ഭവേമ

ഉത ആദിത്യാനാം അവസി — രക്ഷണേസ്യാമ

വഃ ഊതയഃ അനേഹസഃ — രക്ഷണാനി നിരുപദ്രവാണി

വഃ ഊതയഃ സു–ഊതയഃ — രക്ഷാണാനി ശോഭനേ രക്ഷണാനി

അർത്ഥം–തേർ കുതിരകൾ കുണ്ടുള്ളവയും കാട്ടുതിയ്യുള്ളവയുമായ പ്രദേശങ്ങളൊഴിച്ചു പോകുന്നപോലെ, ഞങ്ങൾ പാപങ്ങളെ വർജ്ജിക്കട്ടേ, വിട്ടുപോകട്ടേ. ഞങ്ങൾ ഇന്ദ്രന്റെ സുഖ

ത്തിൽത്തന്നെ മേവാവൂ. ആദിത്യന്മാരുടെ രക്ഷണത്തിൽ വർത്തിക്കാവൂ. നിങ്ങളുടെ രക്ഷണങ്ങൾ നിരുപദ്രവങ്ങളത്രേ. നിങ്ങളുടെ രക്ഷണങ്ങൾ ശോഭനരക്ഷണങ്ങളത്രേ.

6 പ॒രി॒ഹ്വൃ॒തേദനാ॒ജനോ॑

യു॒ഷ്മാദ॑ത്തസ്യവായതി

ദേവാ॒അദ॑ഭ്രമാശവോ॒

യമാ॑ദിത്യാ॒അഹേ॑ത

നാനേ॒ഹസോ॑വഊ॒തയ॑

സ്സുഊ॒തയോ॑വഊ॒തയഃ॑

അന്വയം:-

ഹേ ദേവാഃ ആദിത്യാഃ

പരി-ഹ്വൃതാ ഇൽ — തപോനിയമാദിനാ പരിപീഡിതേനൈവ

അനാ ജനഃ — പ്രാണേന യുക്തോ ജനഃ

യുഷ്മാ-ദത്തസ്യ — യുഷ്മാഭിർദ്ദത്തം ധനം (കർമ്മണി ഷഷ്ഠീ)

വായതി — ഗച്ഛതി

വഃ യം ആശ, അഹേതന – യൂയം യം ജനം ഗച്ഛഥ, പ്രാപ്നുഥ

(സജനഃ) അദഭ്രം — അനല്പം ധനം വായതി .

വഃ ഊതയഃ അനേഹസഃ – യുഷ്മാകം രക്ഷണാനി നിരുപദ്രവാണി

വഃ ഊതയഃ സു-ഊതയഃ — രക്ഷണാനി ശോഭനരക്ഷണാനി

അർത്ഥം-അല്ലയോ ദേവന്മാരേ, ആദിത്യന്മാരേ, തപസ്വിന്റെ യമനിയമാദികളാൽ പീഡിതനായ പ്രാണനോടുകൂടിയ ഈയുള്ളവൻ, നിങ്ങളാൽ നൽകപ്പെട്ട ധനത്തെയാണു് പ്രാപിക്കുന്നതു്. നിങ്ങൾ ഏതു യജമാനനെ പ്രാപിക്കുന്നുവോ, ആ യജമാനൻ അനല്പമായ ധനം നേടുന്നു. നിങ്ങളുടെ രക്ഷണ

ങ്ങൾ അനുപദ്രവങ്ങളത്രേ. നിങ്ങളുടെ രക്ഷണങ്ങൾ ശോഭനരക്ഷണങ്ങളത്രേ. (ആശ വ: എന്ന് സായണഭാഷ്യത്തിൽ പദം മുറിച്ച് കാണിച്ചിട്ടുണ്ടെങ്കിലും ആശവ: എന്ന സംബോധനയായിട്ടാണ് വ്യാഖ്യാനത്തിൽ. അപ്പോൾ ദേവന്മാരുടെ വിശേഷണമായി വേഗവാന്മാരായ ദേവന്മാരെ എന്നർത്ഥം വരും. പദപാഠമനുസരിച്ചാണ് ഇവിടെ വ്യാഖ്യാനിച്ചിട്ടുള്ളത്. 'ശുനശ്ചി।ച്ഛേപം' എന്നതിൽ ശുനശ്ശേപം, ചിൽ എന്ന് പദം വേർതിരിച്ചിട്ടുണ്ടല്ലോ. ഓഹിവർത്തന്തേ എന്നതിൽ ഓ എന്ന പദത്തെ ഭാഷ്യകാരൻ ആ ഉ എന്ന് വേർതിരിച്ച് അർത്ഥം പറഞ്ഞുകാണുന്നു. അതുപോലെ ആശ വ: എന്ന രണ്ടു പദത്തെ ആശവഃ എന്ന് ഒററപ്പദമാക്കിയതും ന്യായീകരിയ്ക്കാം)

7 നതന്തിഗ്മഞ്ചനത്യജോ
നദ്രാസദഭിതംഗുരു
യസ്മാഉശർമ്മസപ്രഥ
ആദിത്യാസോഅരാധ്വ
മനേഹസോവഊതയ
സ്സുഊതയോവഊതയഃ

അന്വയം:—

| | |
|---|---|
| തം തിഗ്മം ചന | — തീക്ഷ്ണമേവസന്തം തം മനുഷ്യം |
| ത്യജഃ ന അഭി ദ്രാസൽ | — ത്യജഃ, ക്രോധനാമൈതൽ, ക്രോധാൽ പ്രയുജ്യമാനമായുധം ന ഹിനസ്തി |
| (തഥാ) തം ഗുരു ന | — തം മനുഷ്യം അപരിഹാര്യം ദുഃഖം ന ഹിനസ്തി |
| ഹേ ആദിത്യാസഃ,<br>സ-പ്രഥഃ | — ആദിത്യാഃ, സമാനപ്രഥനാസ്സ്വയം |

യസ്മൈ ഉ ശർമ്മ അരാധ്വം – യസ്മാ ഏവസുഖമദത്തം, തം
ന ഹിനസ്തി
വഃ ഊതയഃ അനേവാസഃ – രക്ഷണാന്യനുപദ്രവാണി
വഃ ഊതയഃ സു–ഊതയഃ — രക്ഷണാനി ശോഭനരക്ഷണാനി

അർത്ഥം—തപശ്ചര്യകളാൽ അപ്രകാരം തീക്ഷ്ണനായ ആ മനുഷ്യനെ ക്രോധത്താൽ പ്രയോഗിയ്ക്കപ്പെടുന്ന ആയുധം ഹനിയ്ക്കുന്നില്ല. അതുപോലെ അവനെ പരിഹാരമില്ലാത്ത ദുഃഖം കഷ്ടപ്പെടുത്തുന്നില്ല. അല്ലയോ ആദിത്യന്മാരേ, ഒരുപോലെ എങ്ങും വ്യാപിച്ച നിങ്ങൾ ആർക്കാണോ സുഖമേകിയതു്, അവനെയും ആ ദുഃഖം ബാധിക്കുന്നില്ല. നിങ്ങളുടെ രക്ഷണങ്ങൾ അനുപദ്രവങ്ങളത്രേ. ശോഭനരക്ഷണങ്ങളത്രേ.

8 യു॒ഷ്മേദേ॑വാ॒അപി॑ഷ്മസി॒
യുധ്യ॑ന്തഇവ॒വർമ്മ॑സു
യൂ॒യം മ॒ഹോന॒ഏന॑സോ
യൂ॒യമർഭാ॑ദുരുഷ്യ
താനേഹ॒സോ॑വഊ॒തയ॑
സ്സുഊ॒തയോ॑വഊ॒തയ॑ഃ

അന്വയം:—

ഹേ ദേവാഃ, യുഷ്മേ — യുഷ്മാസു വയം
വർമ്മ–സു യുധ്യന്തഃ_ഇവ — കവചേഷു യഥാശ്ശൂരാഃ
അപി സ്മസി — അപിഭവേമ, യുഷ്മാഭി
രപിഹിതാസ്യാമ
യൂയം നഃ മഹഃ ഏനസഃ
ഉരുഷ്യത — അസ്മാൻ മഹതഃ പാപാദ്രക്ഷത
യൂയം അർഭാൽ — അല്പാദപ്യേനസ ഉരുഷ്യത
വഃ ഊതയഃ അനേഹസഃ – രക്ഷണാന്യനുപദ്രവാണി
വഃ ഊതയഃ സു_ഊതയഃ – രക്ഷണാനി ശോഭനരക്ഷണാനി

അർത്ഥം—അല്ലയോ ദേവന്മാരേ, കവചങ്ങളിൽ ശൂരയോദ്ധാക്കൾ പോലെ, ഞങ്ങൾ നിങ്ങളിൽ, നിങ്ങളുടെ രക്ഷകളിൽ, ഭവിശ്ശാവൂ. നിങ്ങൾ ഞങ്ങളെ പെരിയ പാപത്തിൽനിന്നു രക്ഷിച്ചാലും; നിങ്ങൾ ചെറിയ പാപത്തിൽനിന്നും രക്ഷിച്ചാലും. നിങ്ങളുടെ രക്ഷണങ്ങൾ അനപദ്രവങ്ങളത്രേ. രക്ഷണങ്ങൾ ശോഭന രക്ഷണങ്ങളത്രേ.

9 അദി॑തിർന്നഉരു॒ഷ്യ

ത്വദി॑തി॒ശ്ശർ॑മ്മയച്ഛതു

മാ॒താമി॒ത്ര॑സ്യരേ॒വ

തോ॑ര്യ॒മ്ണോവരു॑ണസ്യ

ചാനേ॒ഹസോ॑വഊ॒തയ॑

സ്സൂഊ॒തയോ॑വഊ॒തയ॑ഃ

അന്വയം:—
മിത്രസ്യ രേവതഃ
അര്യമ്ണഃ — ധനവതസ്തസ്യ
വരുണസ്യ ച മാതാ — നിർമ്മാത്രീ, ജനനീ
അദിതിഃ നഃ ഉരുഷ്യതു — അസ്മാന്രക്ഷതു
അദിതിഃ ശർമ്മ യച്ഛതു — സുഖം പ്രയച്ഛതു
(ഹേ ആദിത്യാഃ) വഃ
ഊതയഃ അനേഹസഃ — യുഷ്മാകം രക്ഷണാന്യ
നപദ്രവാണി
വഃ ഊതയഃ സു—ഊതയഃ — രക്ഷണാനി ശോഭനരക്ഷണാനി

അർത്ഥം—മിത്രന്റെയും ധനവാനായ അര്യമാവിന്റെയും വരുണന്റെയുമമ്മയായ അദിതി നമ്മളെ രക്ഷിക്കട്ടേ. അദിതി നമ്മൾക്കു സുഖം നൽകട്ടേ. അല്ലയോ അദിതിപുത്രന്മാരേ, നിങ്ങളുടെ രക്ഷണങ്ങൾ അനപദ്രവങ്ങളത്രേ. രക്ഷണങ്ങൾ ശോഭനരക്ഷണങ്ങളത്രേ.

10 യദ്ദേവാശ്ശർമ്മശരണം
യദ്ഭദ്രംയദനാതുരം
ത്രിധാതുയദ്വരൂഥ്യ ഽ
ന്തദസ്മാസുവിയന്ത
നാനേഹസോവഊതയ
സ്സുഊതയോവഊതയഃ വ. 8

അന്വയം:–

| | |
|---|---|
| ഹേ ദേവാഃ യൽ | |
| ശർമ്മ ശരണം | — സുഖം ശരണീയം |
| യൽ ഭദ്രം. യൽ | |
| അനാതുരം | — സർവ്വൈർഭജനീയം, രോഗരഹിതം |
| യൽ ത്രി–ധാതു | — ത്രിഗുണം |
| (യൽ) വരൂഥ്യം | — വരൂഥം ഗൃഹം, തദർഹം |
| തൽ അസ്മാസു വി യന്തന | - തൽ ശർമ്മവിയച്ഛത |
| വഃ ഊതയഃ അനേഹസഃ | — യുഷ്മാകം രക്ഷണാന്യനുപദ്രവാണി |
| വഃ ഊതയഃ സു–ഊതയഃ | — രക്ഷണാനി ശോഭനരക്ഷണാനി |

അർത്ഥം–അല്ലയോ ദേവന്മാരേ, യാതൊരു സുഖം ശരണം പ്രാപിക്കാവുന്നതോ, യാതൊന്നു് ഏവരാലും ഭജനീയമോ, യാതൊന്നു് രോഗരഹിതമോ, യാതൊന്നു് ഐഹികാമുഷ്മികാധ്യാത്മികങ്ങളായ മൂന്നു ഗുണങ്ങൾ ചേർന്നതോ, യാതൊന്നു് (സുഖകരവും ശാന്തവുമായ) ഗൃഹത്തിന്നു് (ഗൃഹസ്ഥാശ്രമത്തിന്നു്) യോജിച്ചതോ, ആ സുഖം ഞങ്ങളിലിയറ്റിയാലും. നിങ്ങളുടെ രക്ഷണങ്ങൾ അനുപദ്രവങ്ങളത്രേ. രക്ഷണങ്ങൾ ശോഭനരക്ഷണങ്ങളത്രേ.

11 ആദിത്യാഅവഹിഖ്യ
താധികൂലാദിവസ്പശഃ
സുതീൎത്ഥമൎവ്വതോയ
ഥാനുനോനേഷഥാസുഗ
മനേഹസോവഊതയ
സ്സുഊതയോവഊതയഃ

അന്വയം:–

| | |
|---|---|
| ഹേ ആദിത്യാഃ | |
| കൂലാൽ–ഇവ അധി സ്പശഃ | കൂലേസ്പൃഷ്ടാഃ സ്ഥിതാ ഇവ, യഥാ കൂലസ്ഥാഃ പുരുഷാഃ അധോഗതമുദകം ജിജ്ഞാസവോ വിലോകയന്തി തദ്വൽ |
| (യൂയമസ്മാൻ) അവ ഹി ഖ്യത | അവ ഹി പശ്യത, അധസ്ഥിതാനസ്മാൻ പശ്യത |
| (തഥാകൃത്വാ യഥാശ്വരക്ഷകാഃ) അൎവ്വതഃ | അശ്വാൻ |
| യഥാ സു–തീൎത്ഥം | ശോഭനാവതാരപ്രദേശം പ്രാപയന്തി തദ്വൽ |
| നഃ സു–ഗം അനു നേഷഥ | അസ്മാൻ സന്മാൎഗ്ഗമനുനയഥ, ആനുകൂല്യേന പ്രാപയഥ |
| വഃ ഊതയഃ അനേഹസഃ | യുഷ്മാകം രക്ഷണാന്യനുപദ്രവാണി |
| വഃ ഊതയഃ സു–ഊതയഃ | രക്ഷണാനി ശോഭനരക്ഷണാനി |

അൎത്ഥം–അല്ലയോ ആദിത്യന്മാരേ, കരയിൽ നിൽക്കുന്നവർ താഴെയുള്ള വെള്ളത്തെ ജിജ്ഞാസുക്കളായി നോക്കുന്നപോലെ, താഴത്തുള്ള ഞങ്ങളെ (മുകളിലുള്ള) നിങ്ങൾ നോക്കുക തന്നെ ചെയ്യാലും. അപ്രകാരം ചെയ്തിട്ട് കുതിരക്കാർ കുതിരകളെ ഇറക്കാൻ സൗകര്യമുള്ളിടത്തേക്കു് കൊണ്ടുപോകുന്ന പോ

ലെ, ഞങ്ങളെ സന്മാർഗ്ഗത്തിലേയ്ക്കുനനയിച്ചാലും, അനുകൂലമായെത്തിച്ചാലും. നിങ്ങളുടെ രക്ഷണങ്ങൾ അനുപദ്രവങ്ങളത്രേ. രക്ഷണങ്ങൾ ശോഭനരക്ഷണങ്ങളത്രേ.

12 നേഹഭദ്രംരക്ഷസ്വിനേ

നാവയൈനോപയാഉത

ഗവേചഭദ്രന്ധേനവേ

വീരായചശ്രവസ്യ

തേനേഹസോവഊതയ

സ്സുഊതയോവഊതയഃ

അന്വയം:—

(ഹേ ആദിത്യാഃ) ഇഹ

രക്ഷസ്വിനേ — രക്ഷഃബലം, ബലവതേ സ്മദ്വേഷ്ട്രേ

ഭദ്രം ന — കല്യാണം ന ഭവതു

അവ—യൈ ന — ഹിംസിതുമവഗച്ഛതേ ഭദ്രം ന ഭവതു

ഉത ഉപ—യൈ ന — ഉപഗച്ഛതേ ന ഭദ്രം ഭവതു

(തർഹി) ഗവേ ച ധേനവേ

(ച) ഭദ്രം — നവപ്രസൂതികായൈ ച ഭദ്രം ഭവതു

ശ്രവസ്യതേ വീരായ ച — അന്നമിച്ഛതേസ്മൽ പുത്രാദികായ ച ഭദ്രം ഭവതു

വഃ ഊതയഃ അനേഹസഃ — യുഷ്മാകം രക്ഷണാന്യനുപദ്രവാണി

വഃ ഊതയഃ സു—ഊതയഃ — രക്ഷണാനി ശോഭനരക്ഷണാനി

അർത്ഥം—അല്ലയോ ആദിത്യന്മാരേ, ഈ ഭൂമിയിൽ ഹിംസിയ്ക്കാനൊരുങ്ങിവരുന്ന ശക്തനായ (ഞങ്ങളുടെ) ശത്രുവിന്നും ദ്രോഹിയ്ക്കും നന്മയുണ്ടാവാതിരിക്കട്ടേ. അതുപോലെ അടുത്ത

ണയുന്ന ശത്രുവിനും നന്മയുണ്ടാകാതിരിക്കട്ടെ. എന്നാൽ പശുവിന്നും കറവപ്പശുവിന്നും നന്മയുണ്ടാവട്ടെ. അന്നമിച്ഛിക്കുന്ന ഞങ്ങളുടെ പുത്രാദിജനത്തിന്നും നന്മയുണ്ടാവട്ടെ. നിങ്ങളുടെ രക്ഷണങ്ങൾ അനുപദ്രവങ്ങളത്രേ. രക്ഷണങ്ങൾ ശോഭനരക്ഷണങ്ങളത്രേ.

13 യ॒ദാവിര്യദ॑പീ॒ച്യ॑ꣳ॒
ന്ദേവാ॑സോ॒അസ്തി॑ദുഷ്കൃ॒തം
ത്രി॒തേതദ്വിശ്വ॑മാ॒പ്ത്യ
ആ॒രേഅ॒സ്മ॑ദ്ദധാത
നാനേ॒ഹസോ॑വഊ॒തയ॑
സ്സുഊ॒തയോ॑വഊ॒തയ॑ഃ

അന്വയം:—

| | |
|---|---|
| ഹേ ദേവാസഃ, യൽ | |
| ആവിഃ അസ്തി | — ദേവാഃ, യൽ പാപമാവിർഭൂതമസ്തി |
| ദുഃ–കൃതം യൽ അപീച്യം | - അന്തർഹിതമസ്തി |
| തൽ വിശ്വം ആപ്ത്യേ | |
| ത്രിതേ | — തദുഭയമപാം പുത്രേമയിമാഽഭൂൽ |
| (കിന്തു) അസ്മൽ ആരേ | |
| ദധാതന | — അസ്മത്തോദൂരേ സ്ഥാപയത |
| വഃ ഊതയഃ അനേഹസഃ | — യുഷ്മാകം രക്ഷണാന്യനപദ്രവാണി |
| വഃ ഊതയഃ സു–ഊതയഃ | — ശോഭനരക്ഷണാനി |

അർത്ഥം—അല്ലയോ ദേവന്മാരേ, യാതൊരു പാപം പുറത്തു ഭവിക്കുന്നുവോ, യാതൊരു ദുഷ്കൃതമുള്ളിൽ ഒതുങ്ങിയിരിക്കുന്നുവോ, അതു രണ്ടും ജലപുത്രനായ എനിക്കുണ്ടാകരുതേ. അവയെ എങ്കൽനിന്നു് അകലെ നിർത്തിയാലും. നിങ്ങളുടെ രക്ഷണങ്ങൾ അനുപദ്രവങ്ങളത്രേ, ശോഭനരക്ഷണങ്ങളത്രേ.

14 യച്ചഗോഷുദുഷ്വപ്ന്യം
യച്ചാസ്മേദുഹിതർദ്ദിവഃ
ത്രിതായതദ്വിഭാവ
ര്യാപ്ത്യായപരാവ
ഹാനേഹസോവഊത്യ
സ്സുഊതയോവഊതയഃ

അന്വയം:—

| | |
|---|---|
| ഹേ ദിവഃ ദുഹിതഃ, | — ഉഷഃ |
| യൽ ച ഗോഷു ദുഃ- സ്വപ്ന്യം | — അസ്മദീയാസു ഗോഷു പീഡാനിമിത്തകം |
| യൽ ച അസ്മേ | — അസ്മാസു പീഡാനിമിത്തകം |
| ഹേ വിഭാ-വരി, തൽ ആപ്ത്യായ ത്രിതായ | — ഉഷഃ, തൽ സർവ്വം |
| പരാ വഹ | — ദൂരേപരിഹര |
| വഃ ഊതയഃ അനേഹസഃ | — തവ രക്ഷണാന്യനുപദ്രവാണി |
| വഃ ഊതയഃ സു-ഊതയഃ | — ശോഭനരക്ഷണാനി |

അർത്ഥം—അല്ലയോ സ്വർഗ്ഗപുത്രിയായ ഉഷസ്സേ, യാതൊന്നു പശുക്കളിൽ ഉപദ്രവഹേതുകമോ, യാതൊന്നു ഞങ്ങളിൽ ക്ലേശകരമോ, അതെല്ലാം അല്ലയോ തെളിയുന്ന ഉഷസ്സേ, ജലപുത്രനായ ത്രിതന്നുവേണ്ടി ദൂരേക്കകററിയാലും. അവിടത്തെ രക്ഷണങ്ങൾ അനുപദ്രവങ്ങളത്രേ, ശോഭനരക്ഷണങ്ങളത്രേ.

15 നിഷ്കംവാഘാകൃണവതേ
സ്രജംവാദുഹിതർദ്ദിവഃ
ത്രിതേദുഷ്വപ്ന്യംസർവ്വം

മാപ്ത്യേപരിദദ്മ

സ്യനേഹസോവഊതയ്

സ്സുഊതയോവഊതയഃ വ. 9

അന്വയം:—

| | |
|---|---|
| ഹേ ദിവഃ ദുഹിതഃ, | — സ്വർഗ്ഗപുത്രി, |
| നിഷ്കം വാ ഘ കൃണവതേ | – ആഭരണവിശേഷം കുർവ്വതേ സ്വർണ്ണകാരായ ച (വാശബ്ദശ്ചാർത്ഥ) |
| (യൽ) ദുഃ-സ്വപ്ന്യം | — സ്വർണ്ണകാരേണ നിർമ്മാണ സമയേ യൽ ദൃഷ്ടം |
| വാ സ്രജം | — അഥവാമാല്യം കുർവ്വതേ, കുർവ്വാണേ യൽ ദുസ്വപ്ന്യം |
| സർവ്വം ആപ്ത്യേ ത്രിതേ | — അപാം പുത്രേമയി |
| പരി ദദ്മസി | — ഉപരി ദദ്മഃ, വയന്ത്രിതാഃ തൽ സർവ്വം പരിത്യജാമ |
| വഃ ഊതയഃ അനേഹസഃ | — തവരക്ഷണാന്യനപദ്രവാണി |
| വഃ ഊതയഃ സു–ഊതയഃ | — ശോഭനരക്ഷണാനി |

അർത്ഥം_അല്ലയോ സ്വർഗ്ഗപുത്രിയായ ഉഷസ്സേ, ആഭരണങ്ങളുണ്ടാക്കുന്ന തട്ടാന്നു് യാതൊരു പീഡ, ക്ലേശമുണ്ടാകുന്നുവോ, അല്ലെങ്കിൽ മാലാകാരന്നു് യാതൊരു ക്ലേശം വരുന്നുവോ, ആ ക്ലേശത്തെയെല്ലാം ജലപുത്രനായ ത്രിതന്റെ മുകളിൽ കൂടി പോകട്ടേ; ത്രിതന്മാരായ ഞങ്ങളവയെ ഒഴിവാക്കാവൂ. (തീയിന്നടുത്തിരുന്നു് ഊതിപ്പണിയെടുക്കുന്ന തട്ടാന്റെ ക്ലേശവും വെയിലത്തും മഴയത്തും നടന്നു പൂതേടുന്ന മാലാകാരന്റെ കഷ്ടപ്പാടും എനിക്കുണ്ടാകരുതു്.) അവിടുത്തെ രക്ഷണങ്ങൾ അനുപദ്രവങ്ങളത്രേ, ശോഭനരക്ഷണങ്ങളത്രേ.

16 തദന്നായതദപസേ

തംഭാഗമുപസേദുഷേ

ത്രിതായചദ്വിതായ

ചോഷോദുഷ്വപ്ന്യംവ
ഹാനേഹസോവഊതയ
സ്സൂഊതയോവഊതയഃ

അന്വയം:—

ഹേ ഉഷഃ, തൽ–അന്നായ – യദേവ ജാഗ്രദവസ്ഥായാംഭോജ്യ
ത്വേന സ്വപ്നേപി തദേവാന്നം
യസ്യ, താദൃശായ; പ്രത്യക്ഷ
ഭോജനവൽ സ്വപ്നേപി
ഭോക്ത്രേ
(തഥാ) തൽ–അപസേ — യദേവാപഃ, കർമ്മനിന്ദിതം
ജാഗ്രദവസ്ഥായാം ക്രിയതേ
തദേവ കർമ്മ സ്വപ്നേയസ്യ,
താദൃശായ
തം ഭാഗം ഉപ–സേദുഷേ — ദുസ്വപ്നസ്യാംശം പ്രാപ്നവതേ
ത്രിതായ ച ദ്വിതായ ച — ഭ്രാത്രേ ദ്വിതായ ച
ദുഃ–സ്വപ്ന്യം വഹ — അന്നകർമ്മവിഷയം ദുസ്വപ്ന്യമന്യ
ത്ര പ്രാപയ
വഃ ഊതയഃ അനേഹസഃ — തവരക്ഷണാന്യനുപദ്രവാണി
വഃ ഊതയഃ സു–ഊതയഃ — ശോഭനരക്ഷണാനി

അർത്ഥം—അല്ലയോ ഉഷസ്സേ, ഉണർവ്വിലനുഭവിക്കുന്ന, ഭവിക്കുന്ന, ഭക്ഷിക്കുന്ന അന്നംതന്നെ സ്വപ്നത്തിലുമനുഭവിക്കുന്നവനും, അതുപോലെ ഉണർവ്വിൽ യാതൊരു ഹീനകർമ്മം ചെയ്യുന്നുവോ, അതു സ്വപ്നത്തിലും ചെയ്യുന്നവനും, ആ ദുസ്വപ്നത്തിന്റെ അംശം പ്രാപിക്കുന്നവനുമായ ത്രിതന്റെയും ഭ്രാതാവായ ദ്വിതന്റെയും അന്നവിഷയകവും കർമ്മവിഷയകവുമായ പീഡനം മറ്റൊരിടത്തേക്കു മാറ്റിയാലും: ഞങ്ങളിൽനിന്നകറ്റിയാലും. അവിടുത്തെ രക്ഷണങ്ങൾ അനുപദ്രവങ്ങളത്രേ, ശോഭനരക്ഷണങ്ങളത്രേ.

17 യഥാകലാംയഥാശഫം

യഥഋണംസന്നയാമസി

ഏവാദുഷ്ഷ്വപ്ന്യംസർവ്വ

മാപ്ത്യേസന്നയാമ

സ്യനേഹസോവഊതയ

സ്സുഊതയോവഊതയഃ

അന്വയം:—

യഥാ കലാം, യഥാ ശഫം — യേന പ്രകാരേണ സംജ്ഞാപിതസ്യപശോഃ ഹൃദയശഫാദ്യവയവാൻ

യഥാ ഋണം സം–നയാമസി — കസ്യചിൽ പുരുഷസ്യ ഋണഞ്ച സന്നയന്തി

ഏവ ദുഃ–സ്വപ്ന്യം സർവ്വം — ഏവം ദുസ്വപ്ന്യം സർവ്വം

ആപ്ത്യേ (വർത്തമാനം)

സം നയാമസി — ജലപുത്രേത്രിതേ അപസാരയാമഃ

വഃ ഊതയഃ അനേഹസഃ — തവ രക്ഷണാന്യനുപദ്രവാണി

വഃ ഊതയഃ സു–ഊതയഃ — ശോഭനരക്ഷണാനി

അർത്ഥം—യാഗത്തിന്നായി കൊല്ലപ്പെട്ട പശുവിൻെറ കരളും, കുളമ്പു മുവലായ അവയവങ്ങളെ എപ്രകാരം അകലെക്കളയുന്നുവോ, എപ്രകാരം ഒരാളുടെ കടം വീട്ടിയില്ലാതാക്കുന്നുവോ, അതു്പോലെ, എല്ലാ ദുസ്വപ്നവും ജലപുത്രനായ ത്രിതകലുള്ളതു് ഞങ്ങളകററികളയുന്നു. അവിടുത്തെ രക്ഷണങ്ങളും അനുപദ്രവങ്ങളത്രേ, ശോഭനരക്ഷണങ്ങളത്രേ.

18 അജൈഷ്മാദ്യാസനാമ
ചാഭൂമാനാഗസോവയം
ഉഷോയസ്മാദ്ദുഷ്വപ്ന്യാ
ദഭൈഷ്മാപതദുച്ഛതു
ത്വനേഹസോവഊതയ
സ്സുഊതയോവഊതയഃ
വ. 10

അന്വയം:—

വയം അദ്യ അജൈഷ്മ — ത്രിതാവയഞ്ജയേമ
അസനാമ ച — സുസ്വപ്നം സംഭജേമ ച
അനാഗസഃ അഭൂമ — അപാപാ ഭവേമ
ഹേ ഉഷഃ യസ്മാൽ ദുഃ—
സ്വപ്ന്യാൽ അഭൈഷ്മ — ഭീതാസ്മ
തൽ അപ ഉച്ഛതു — തൽ പാപമപ ഗച്ഛതു
വഃ ഊതയഃ അനേഹസഃ — തവ രക്ഷണാന്യനുപദ്രവാണി
വഃ ഊതയഃ സു—ഊതയഃ — ശോഭന രക്ഷണാനി

അത്ഥം—ത്രിതന്മാരായ ഞങ്ങൾ ഇപ്പോൾ ജയിയ്ക്കാവൂ. നല്ല സ്വപ്നത്തെ പ്രാപിയ്ക്കാവൂ. അപാപന്മാരാകാവൂ. അല്ലയോ ഉഷസ്സേ, യാതൊരു ദുസ്വപ്നത്തിൽ നിന്നു ഞങ്ങൾ പേടിക്കുന്നുവോ, അതിന്നു കാരണമായ പാപം അകന്നുപോകട്ടേ. അവിടുത്തെ രക്ഷണങ്ങളനുപദ്രവങ്ങളത്രേ, ശോഭനരക്ഷണങ്ങളത്രേ.

വർഗ്ഗം—11_12-13 കാണ്വഃ പ്രഗാഥഃ ഋഷിഃ, ത്രിഷ്ടുബ്ജഗത്യൗഛന്ദസീ, സോമോദേവതാ

1 സ്വാദോരഭക്ഷിവയസസ്സുമേധാ
സ്വാധ്യോവരിവോവിത്തരസ്യ
വിശ്വേയന്ദേവാഉതമർത്ത്യാസോ
മധുബ്രുവന്തോഅഭിസഞ്ചരന്തി

അന്വയം:—

| | |
|---|---|
| യം വിശ്വേ ദേവാഃ | — യമന്നമിന്ദ്രാദയസ്സർവ്വേ ദേവാഃ |
| ഉത മർത്ത്യാസഃ | — അപിച മനുഷ്യാഃ |
| മധു ബ്രുവന്തഃ | — മനോഹരമേതദിതി ശബ്ദയന്തഃ |
| അഭി സം-ചരന്തി | — അഭിസങ്ഗച്ഛന്തേ, പ്രാപ്നുവന്തി |
| വരിവോവിൽ-തരസ്യ | — അതിശയേന പൂജാം ലഭമാനസ്യ |
| സ്വാദോഃ വയസഃ | — സുഷ്ഠ്വദനീയസ്യാന്നസ്യ (കർമ്മണി ഷഷ്ഠ്യഃ) സോമാഖ്യമന്നം |
| സു-മേധാഃ, സു-ആധ്യഃ | — ശോഭനപ്രജ്ഞഃ, സ്വാധ്യയനഃ, സുകർമ്മാഹം പ്രഗാഥഃ |
| അഭക്ഷി | — ഭക്ഷയേയ |

അർത്ഥം—യാതൊരന്നത്തെ ഇന്ദ്രാദികളായ എല്ലാ ദേവന്മാരും മനുഷ്യരും മനോഹരമെന്നു പറഞ്ഞുകൊണ്ട് നേരെ പ്രാപിക്കുന്നുവോ, ഏററവും പൂജാർഹവും സ്വാദുള്ളതുമായ ആ സോമാന്നം സുപ്രജ്ഞനും സൽകർമ്മവാനുമായ ഞാൻ (പ്രഗാഥൻ) ഉൺ കൊണ്ടാവൂ.

2 അന്തശ്ചപ്രാഗാഅദിതിർഭവാ
സ്യവയാതാഹരസോദൈവ്യസ്യ
ഇന്ദവിന്ദ്രസ്യസഖ്യഞ്ജുഷാണ
ശ്രൗഷ്ടീവധുരമനുരായഋധ്യാഃ

അന്വയം:—

| | |
|---|---|
| ഹേ ഇന്ദോ, അന്തഃ ച പ്ര അഗാഃ | — സോമ, ത്വം യാഗാഗാരസ്യാന്തർഗ്ഗച്ഛതി |
| (ഗത്വാച) അദിതിഃ | |
| ദൈവ്യസ്യ ഹരസഃ | — അദീനസ്ത്വം ദേവസംബന്ധിനഃ ക്രോധസ്യ |
| അവ-യാതാ ഭവാസി | — പൃഥക്കർത്താ ഭവസി |

| | |
|---|---|
| ഇന്ദ്രസ്യ സഖ്യം ജുഷാണഃ | — സേവമാനസ്ത്വം |
| ശ്രൗഷ്ടീ_ഇവ ധുരം | — ക്ഷിപ്രഗാമ്യശ്വഃ ധുരമിവ |
| രായേ അനു ഋധ്യാഃ | — അസ്മാകം ധനലാഭായാനുഗച്ഛസി |

അർത്ഥം—അല്ലയോ സോമ, അവിടുന്നു യാഗശാലക്കുള്ളിൽ പോകുന്നു. പോയിട്ട്, പോരിമയുള്ള അവിടുന്ന് ദേവന്മാരുടെ കോപത്തെ അകററുന്നവനായി ഭവിക്കുന്നു. ഇന്ദ്രന്റെ ചങ്ങാതം പൂണ്ട അവിടുന്ന് ഗതിവേഗമുററ കുതിര ഭാരത്തെയെന്നപോലെ ഞങ്ങൾക്കു ധനസിദ്ധിക്കായി (ധനമേന്തിക്കൊണ്ട്) അനുകൂലമായി വരുന്നു.

3 അപാമസോമമമൃതാഅഭൂ
മാഗന്മജ്യോതിരവിദാമദേവാൻ
കിന്നൂനമസ്മാൻകൃണവദരാതിഃ
കിമുധൂർത്തിരമൃതമർത്ത്യസ്യ

അന്വയം:—

| | |
|---|---|
| ഹേ അമൃത, സോമം | |
| അപാമ | — അമരണ, സോമം ത്വാം പാനം കരവാമ |
| (തതഃ) അമൃതാഃ അഭൂമ | — അമരണാഭവേമ |
| (പശ്ചാൽ) ജ്യോതിഃ | |
| അഗന്മ | — ദ്യോതമാനം സ്വർഗ്ഗം പ്രാപ്നുയാമ |
| ദേവാൻ അവിദാമ | — ജ്ഞാതവന്തോഭവേമ |
| അസ്മാൻ നൂനം അരാതിഃ | — ഇദാനീം ശത്രുഃ |
| കിം കൃണവൽ? | — കിം കുര്യാൽ? |
| കിം ഉ മർത്ത്യസ്യ | — മനുഷ്യഭൃതസ്യ മമ |
| ധൂർത്തിഃ? | — ഹിംസകഃ കിം കുര്യാൽ? |

അർത്ഥം—അല്ലയോ നിത്യ, സോമനായ അവിടുത്തെ ഞങ്ങൾ കുടിക്കാവൂ. അതുകൊണ്ട് അമരണന്മാരാകാവൂ. പിന്നെ,

പ്രകാശമാനമായ സ്വർഗ്ഗം പ്രാപിക്കാവൂ. ദേവന്മാരെ അറിയാവൂ. അപ്പോൾ ഞങ്ങളെ ശത്രുക്കളെന്തുചെയ്യും? മനുഷ്യനായ എന്നോട് ദ്രോഹി എന്തുചെയ്യും? (പിന്നെ അവക്കൊന്നും ചെയ്‌വാനാവില്ല.)

4 ശന്നോഭവഹൃദആപീതഇന്ദോ
പിതേവസോമസൂനവേസുശേവഃ
സഖേവസഖ്യഉരുശംസധീരഃ
പ്രണ ആയുർജ്ജീവസേസോമതാരീഃ

അന്വയം:—

ഹേ ഇന്ദോ, സോമ,
പീതഃ — അസ്മാഭിഃ പീതസ്ത്വം
പിതാ–ഇവ സൂനവേ — സ്വാത്മജായ യഥാ സുഖായ ഭവതി
സഖാ—ഇവ സഖ്യേ — യഥാസഖാ അഹിതാന്നിവർത്ത്യ ഹിതേ നീത്വാ സ്വസഖ്യേ
സു–ശേവഃ — സുസുഖോ ഭവതി തദ്വൽ
നഃ ഹൃദേ ശം ആ ഭവ — ഹൃദയായ സുഖം, സുഖകരോ ഭവ
(കിഞ്ച) ഹേ ഉരു–ശംസ,
സോമ, — ഉരുകീർത്തേ, സോമ
ധീരഃ നഃ ജീവസേ — ധീമാംസ്ത്വം അസ്മാകം ജീവനായ
ആയുഃ പ്ര താരീഃ — ആയുഷ്യം പ്രവർദ്ധയ

അർത്ഥം–അല്ലയോ കുളിരിയന്ന സോമ, ഞങ്ങളാൽ കുടിക്കപ്പെട്ട അവിടുന്ന്, അച്ഛൻ മകന്ന് സുഖയിതാവാകുന്നപോലെ, അഹിതത്തിൽനിന്നു പിന്തിരിപ്പിച്ച് ഹിതത്തിൽ നയിച്ച് തനിക്കു സുഖയിതാവാകുന്ന ചങ്ങാതിപോലെ, ഞങ്ങൾക്കു ഹൃദയത്തിന്നു സുഖകരനായാലും. പിന്നെ, അതിയശസ്വിയായ സോമ, ധീമാനായ അവിടുന്ന് ഞങ്ങൾക്കു ജീവനത്തിന്നായി ആയുസ്സു വർദ്ധിപ്പിച്ചാലും.

5 ഇമേമാപീതായശസഉരുഷ്യവോ
രഥന്നഗാവസ്സമനാഹപർവ്വസു
തേമാരക്ഷന്തുവിസ്രസശ്ചരിത്രാ
ഉതമാസ്രാമാദ്യവയന്ത്വിന്ദവഃ
വ. 11

അന്വയം:—

പീതാഃ, യശസഃ
ഉരുഷ്യവഃ — യശസ്ക്കരാഃ അസ്മാകം രക്ഷാകാമാഃ
ഇമേ ഗാവഃ രഥം ന — ഇമേസോമാഃ ഗോവികാരഭ്രൂതാ വദ്ധ്ര്യഃ രഥമിവ, താ യഥാരഥം വിസ്രസ്തം
പർവ്വ–സു മാ സം അനാഹ — സന്ദധതേ തദ്വൽ മാം പർവ്വസു സന്നഹ്യന്തു
(കിഞ്ച) തേ മാ — തേ സോമാ മാം
വി–സ്രസഃ ചരിത്രാൽ
രക്ഷന്തു — വിസ്രസ്താച്ചരണാൽ, അനുഷ്ഠാനാൽ പാലയന്തു
(സോമഃ പീതശ്ചേൽ കർമ്മഹ്യവിസ്രസ്തം ഭവതി)
ഉത മാ സ്രാമാൽ — മാം വ്യാധേസ്സകാശാൽ
ഇന്ദവഃ യവയന്തു — സോമാഃ പൃഥക്കുർവ്വന്തു

അർത്ഥം—കുടിക്കപ്പെട്ടാൽ യശസ്സിയററുന്നവയും, നമ്മെ രക്ഷിക്കാനിച്ഛിക്കുന്നവയുമായ ഈ സോമങ്ങൾ, ഉടച്ച കാളകൾ മാർഗ്ഗസന്ധികളിൽ തേരിനെ വീഴാതെതാങ്ങുന്നപോലെ, എന്നെ അംഗസന്ധികളിൽ താങ്ങി രക്ഷിക്കട്ടേ. പിന്നെ, ആ സോമങ്ങൾ എന്നെ വീഴ്ചക്കൂടാത്ത, ലോപംവരാത്ത കർമ്മാനുഷ്ഠാനത്താൽ രക്ഷിക്കട്ടേ. (സോമം കുടിച്ചാൽ മാത്രമേ കർമ്മം വീഴ്ചയററതാവൂ.) കൂടാതെ, എന്നെ രോഗത്തിൽ നിന്നു് സോമങ്ങൾ വേർപെടുത്തട്ടേ.

6 അഗ്നിന്നമാമഥിതംസന്ദിദീപഃ
പ്രചക്ഷയകൃണുഹിവസ്യസോനഃ
അഥാ.ഹിതേമദആസോമമന്യേ
രേവാഁഇവപ്രചരാപുഷ്ടിമച്ഛ

അന്വയം:—

ഹേ സോമ, മഥിതം
അഗ്നിം ന — അരണ്യോർമ്മഥിതമഗ്നിമിവ
മാ സം ദിദീപഃ — മാം സന്ദീപയ
പ്ര ചക്ഷയ — ചക്ഷുഷസ്സംധുക്ഷണേന
നഃ വസ്യസഃ കൃണുഹി — അതിശയേന വസുമതഃ കുരു
അഥ ഹി തേ മദേ ആ
മന്യേ — അധുനാ ഖലുത്വാം മദായ ആഭിമുഖ്യേന സ്തൗമി

(തഥാ സതി)
രേവാൻ—ഇവ — ധനവാൻ സമ്പ്രതി (ഇവേതി സമ്പ്രത്യർത്ഥേ)
പുഷ്ടിം അച്ഛ പ്ര ചര — അസ്മൽ പോഷമഭിഗച്ഛ

അർത്ഥം—അല്ലയോ സോമ, അരണികളിൽ കടഞ്ഞ അഗ്നിയെപ്പോലെ എന്നെ പ്രകാശിപ്പിച്ചാലും. കണ്ണിന്റെ തെളിവോടെ പ്രകാശിപ്പിച്ചാലും. ഞങ്ങളെ ഏററവും ധനവാന്മാരാക്കിയാലും. ഇപ്പോൾത്തന്നെ അവിടുത്തെ, ഹർഷത്തിന്നുവേണ്ടി നേരെ സ്തുതിക്കുന്നു. അപ്രകാരമിരിക്കേ, ധനവാനായ അവിടുന്ന് ഇപ്പോൾ ഞങ്ങൾക്ക പുഷ്ടിയണച്ചാലും.

7 ഇഷിരേണതേമനസാസുതസ്യ
ഭക്ഷീമംഹിപിത്ര്യസ്യേവരായഃ
സോമരാജൻപ്രണ.ആയൂംഷിതാരീ
രഹാനീവസൂര്യോവാസരാണി

അന്വയം:—

ഹേ സോമ, രാജൻ — സ്വാമിൻ
ഇഷിരേണ മനസാ — ഇച്ഛാവതാ ചിത്തേന
പിത്ര്യസ്യ–ഇവ രായഃ — പിതൃസംബന്ധിനോ ധനസ്യ, ധനമിവ
സുതസ്യ തേ ഭക്ഷീമഹി — അഭിഷുതം ത്വാം ഭക്ഷീമഹി
സൂര്യഃ വാസരാണി
അഹാനി–ഇവ — ജഗദ്വാസകാനി ദിനാനീവ
നഃ ആയൂംഷി പ്ര താരീഃ — പ്രവർദ്ധയ

അർത്ഥം--അല്ലയോ സോമ, സ്വാമിൻ, ഇച്ഛയൊത്ത മനസ്സാൽ അച്ഛൻെറ മുതലിനെയനുഭവിക്കുന്നപോലെ, സംസ്കരിക്കപ്പെട്ട അവിടുത്തെ ഭക്ഷിക്കുന്നു. ജഗത്തിനെ വസിപ്പിക്കുന്ന പകലുകളെ സൂര്യനെന്നപോലെ, ഞങ്ങളുടെ ആയുസ്സുകളെ വർദ്ധിപ്പിച്ചാലും.

8 സോമരാജന്മൃളയാനസ്വസ്തി
തവസ്മസിവ്രത്യാ∫ ∫സ്തസ്യവിദ്ധി
അലർത്തിദക്ഷഉതമന്യുരിന്ദോ
മാനോഅര്യോഅനുകാമംപരാദാഃ

അന്വയം:—

ഹേ സോമ, രാജൻ, നഃ
സ്വസ്തി മൃളയ — അസ്മാനവിനാശായ സുഖയ
വ്രത്യാഃ തവ സ്മസി — വ്രതിനോവയം തവസ്വഭൃതാസ്മഃ
തസ്യ വിദ്ധി — തസ്യ, തം, ത്വം ജാനീഹി
(കിഞ്ച) ഹേ ഇന്ദോ,
ദക്ഷഃ അലർത്തി — പ്രവൃദ്ധോസ്മച്ഛത്രുർഗ്ഗച്ഛതി
ഉത മന്യുഃ — ക്രുദ്ധഃ അലർത്തി
(താദൃശസ്യ) അര്യഃ
അനു–കാമം — അരേഃ യഥാ കാമം
നഃ മാ പരാ ദാഃ — അസ്മാൻ മാ പരാദേഹി

അർത്ഥം–അല്ലയോ സോമ, സ്വാമിൻ, ഞങ്ങളെ ക്ഷേമത്തിന്നായി സുഖിപ്പിച്ചാലും. വ്രതികളായ ഞങ്ങൾ അവിടേക്കു ചേർന്നവരാകുന്നു. അതവിടുന്നറിയുന്നു. പിന്നെ, അല്ലയോ സോമ, തഴച്ച ഞങ്ങളുടെ ശത്രു, കോപമേന്തിവരുന്നു. അപ്രകാരമുള്ള ശത്രുവിന്നിഷ്ടംപോലെ ഞങ്ങളെ വിട്ടുകൊടുക്കരുതേ.

9 ത്വംഹിനസ്തന്വസ്സോമഗോപാ

ഗാത്രേഗാത്രേനിഷസത്ഥാനൃചക്ഷാഃ

യത്തേവയംപ്രമിനാമവ്രതാനി

സനോമൃളസുഷഖാദേവവസ്യഃ

അന്വയം:–

| | |
|---|---|
| ഹേ സോമ, ത്വം നഃ | |
| തന്വഃ ഗോപാഃ ഹി | — തന്വോഃ അങ്ഗസ്യ രക്ഷിതാ |
| നൃ–ചക്ഷാഃ | — നൃണാം, കർമ്മനേതൄണാം ദ്രഷ്ടാത്വം |
| ഗാത്രേ–ഗാത്രേ നി–സസത്ഥ | — സർവ്വേഷ്വങ്ഗേഷു നിഷീദസി |
| യൽ തേ വ്രതാനി | — യദ്യപിതവ കർമ്മാണി |
| വയം പ്ര–മിനാമ | — ഹിംസ്മഃ, തഥാപി |
| ഹേ ദേവ സഃ (ത്വം) | |
| വസ്യഃ നഃ | — ശ്രേഷ്ഠാനസ്മാൻ |
| സു–സഖാ മൃള | — ശോഭനസഖാസൻ സുഖയ |

അർത്ഥം–അല്ലയോ സോമ, സ്വാമിൻ, അവിടുന്നു ഞങ്ങളുടെ ശരീരത്തിന്റെ രക്ഷിതാവാണല്ലോ. കർമ്മനേതാക്കളെക്കാണുന്ന അവിടുന്ന് എല്ലാ അങ്ഗങ്ങളിലുമിരിക്കുന്നു. ഞങ്ങളവിടുത്തെ കർമ്മങ്ങളെ മുടക്കുന്നുവെങ്കിൽക്കൂടി, അല്ലയോ ദേവ, അവിടുന്ന് ശ്രേഷ്ഠരായ ഞങ്ങളെ ഹിതകാരിയായി സുഖിപ്പിച്ചാലും.

10 ഋദൂദരേണസഖ്യാസചേയ
യോമാനരിഷ്യേദ്ധര്യശ്വപീതഃ
അയംയസ്സോമോന്യധായ്യസ്മേ
തസ്മാഇന്ദ്രംപ്രതിരമേമ്യായുഃ
വ. 12

അന്വയം:—
(അഹം പ്രഗാഥഃ)
ഋദൂദരേണ — ഉദരാബാധകേന സോമേന
സഖ്യാ സചേയ — സങ്ഗച്ഛേയ, സങ്ഗതോ ഭവാമ
ഹേ ഹരി—അശ്വ, യഃ
പീതഃ മാ ന രിഷ്യേൽ — നഹിംസ്യേൽ
യഃ അയം സോമഃ അസ്മേ
നി അധായി — അസ്മാസു നിഹിതോഭൂൽ
തസ്മൈ പ്ര-തിരം ആയുഃ
ഇന്ദ്രം ഏമി — ജഠരേ ചിരകാലാവസ്ഥാനാൽ തം യാചേ

അർത്ഥം—പ്രഗാഥനായ ഞാൻ വയററിന്നു സുഖമായ ഋദൂദരമായ സോമത്തോടുകൂടിച്ചേരാവൂ. അല്ലയോ ഹരികളെന്ന കുതിരകളൊത്ത ഇന്ദ്ര, യാതൊരു ഈ സോമം ഞങ്ങളിൽ, ഞങ്ങളുടെ വയററിൽ ചെന്നുവോ, അതിന്നു് (അവിടെ) ദീർഘായുസ്സുണ്ടാവാൻ ഇന്ദ്രനോടു യാചിക്കുന്നു.

11 അപത്യാഅസ്ഥുരനിരാഅമീവാ
നിരത്രസന്തമിഷീചീരഭൈഷുഃ
ആസോമോഅസ്മാഁഅരുഹദ്വിഹായാ
അഗന്മയത്രപ്രതിരന്തആയുഃ

അന്വയം:–

(യാഃ) തമിഷീചീഃ — ബലവത്യഃ പീഡാഃ അസ്മാൻ
നിഃ അത്രസൻ — നിതരാം കമ്പയന്തി
(തഥാ) അഭൈഷ്ഃ — ഭയങ്കുർവ്വന്തി
ത്യാഃ അനിരാഃ — താഃ പ്രേരയിതുമശക്യാഃ
അമീവാഃ അപ അസ്ഥുഃ — പീഡാ അവഗച്ഛന്തു
(യസ്മാൽ) സോമഃ
വി–ഹായയാഃ — മഹാൻ സൻ
അസ്മാൻ ആ അരുഹൽ — ആഗമൽ, പ്രാപ്തവാൻ
യത്ര ആയുഃ പ്ര–തിരന്തേ — യസ്മിൻ സോമേപീതേ ആയുഃ പ്രവർദ്ധയന്തി

(മനുഷ്യസ്തം സോമം)
അഗന്മ — പ്രാപ്തവാൻ

അർത്ഥം–ഏതു ബലവതികളായ വേദനകൾ നമ്മളെ ഏററവും ഇളക്കിവിടുന്നുവോ, പേടിപ്പിക്കുന്നുവോ, അകററാൻ പററാത്ത ആ പീഡകൾ അകന്നുപോകട്ടെ. കാരണം സോമം മഹത്വമുററു് നമ്മളെ ആവേശിച്ചിരിക്കുന്നു. യാതൊരു സോമം കുടിച്ചാൽ, ആയുസ്സു വർദ്ധിപ്പിയ്ക്കുന്നുവോ അതിനെ മനുഷ്യൻ പ്രാപിച്ചിരിക്കുന്നു.

12 യോനഇന്ദുഃപിതരോഹൃത്സുപീ

തോമർത്ത്യോമർത്ത്യാആവിവേശ

തസ്മൈസോമായഹവിഷാവിധേമ

മൃളീകേഅസ്യസുമതൗസ്യാമ

അന്വയം:–

ഹേ പിതരഃ, — പാലയിതാരോ ദേവാഃ
യഃ ഇന്ദുഃ ഹൃൽ–സു പീതഃ – പീതസ്സൻ
അമർത്ത്യഃ മർത്ത്യാൻ നഃ
ആ–വിവേശ — മൃതിരഹിതസ്സന്നാവിഷ്ടവാൻ
തസ്മൈ സോമായ
ഹവിഷാ വിധേമ — പരിചരേമ
അസ്യ മൃളീകേ,
സു--മതൗ സ്യാമ — സുഖേ, അനുഗ്രഹബുദ്ധൌ ഭവേമ

അർത്ഥം—രക്ഷിതാക്കളായ ദേവന്മാരേ, യാതൊരു സോമൻ ഹൃദയത്തിലുംകൊണ്ടു് അമരണനായി, മരണവിധേയരായ നമ്മളെ ആവേശിച്ചുവോ, ആ സോമന്നായി ഹവിസ്സാൽ പരിചരിക്കാവൂ. അവിടുത്തെ സുഖത്തിൽ, അനുഗ്രഹബുദ്ധിയിൽ, ഭവിയ്ക്കാവൂ.

13 ത്വംസോമപിതൃഭിസ്സംവിദാ

നോനുദ്യാവാപൃഥിവീആതതന്ഥ

തസ്മൈതഇന്ദോഹവിഷാവിധേമ

വയംസ്യാമപതയോരയീണാം

അന്വയം:—

ഹേ സോമ, ത്വം
പിതൃ—ഭിഃ — പാലയിതൃഭിർദ്ദേവൈസ്സഹ
സം—വിദാനഃ — സങ്ഗച്ഛമാനഃ,
ദ്യാവാപൃഥിവീ അനു ആ
തതന്ഥ — ദ്യാവാപൃഥിവ്യാവനുക്രമേണ
വിസ്താരയസി
ഹേ ഇന്ദോ, തസ്മൈ തേ
ഹവിഷാ വിധേമ — തുഭ്യം പരിചരേമ
വയം രയീണാം പതയഃ
സ്യാമ — ധനാനാമധിപതയോ ഭവേമ

അർത്ഥം—അല്ലയോ സോമ, അവിടുന്നു് രക്ഷിതാക്കളായ ദേവന്മാരോടു കൂടിച്ചേർന്നവനായി ദ്യാവാപൃഥിവികളെ ക്രമത്തിൽ പരത്തുന്നു, നിറഞ്ഞു നിൽക്കുന്നു. അല്ലയോ സോമ, ആ അവിടേയ്ക്കായി ഞങ്ങൾ പരിചരണം ആചരിയ്ക്കാവൂ. ഞങ്ങൾ ധനങ്ങൾക്കു സ്വാമികളാകാവൂ.

14 ത്രാതാരോദേവാഅധിവോചതാനോ

മാനോനിദ്രാഈശതമോതജല്പിഃ

വയംസോമസ്യവിശ്വഹപ്രിയാസ

സ്സുവീരാസോവിദഥമാവദേമ

അന്വയം:–

ഹേ ത്രാതാരഃ, ദേവാഃ, — രക്ഷിതാരോ ദേവാഃ,
നഃ അധി വോചത — അസ്മാൻ പ്രത്യധിവചനം കുരുത

(കിഞ്ച) നഃ നി–ദ്രാ മാ ഈശത — ബാധിതുമീശ്വരാമാഭൂവൻ
ഉത ജല്പിഃ മാ — നിന്ദകോമാ നിന്ദതു
വയം വിശ്വഹ സോമസ്യ പ്രിയാസഃ — സർവ്വേഷ്വഹസ്സു പ്രിയാസ്യാമ
സു_വീരാസഃ വിദഥം ആ വദേമ — ശോഭനപുത്രാസ്സന്ത സ്തോത്രമാഭിമുഖ്യേന വദേമ

അർത്ഥം–അല്ലയോ രക്ഷിതാക്കളായ ദേവന്മാരേ, ഞങ്ങളെ കുറിച്ച് അധിവചിച്ചാലും. (അനുകൂല പക്ഷപാതമായി, പ്രശംസാപരമായി പറഞ്ഞാലും.) പിന്നെ, ഞങ്ങളെ ഉറക്കം (ആലസ്യം) കീഴടക്കരുത്. (എന്നും ഞങ്ങൾ കർമ്മനിരതരാകണം.) കൂടാതെ വിടുവായൻ ഞങ്ങളെ നിന്ദിക്കരുത്. ഞങ്ങൾ സോമന്ന് എന്നും പ്രിയപ്പെട്ടവരാകാവൂ. സൽപുത്രന്മാരൊത്തവരായി സ്തോത്രം ചൊല്ലാവൂ.

15 ത്വന്നസ്സോമവിശ്വതോവയോധാ
സ്ത്വംസ്വർവ്വിദാവിശാനൃചക്ഷാഃ
ത്വന്നഇന്ദഊതിഭിസ്സജോഷാഃ
പാഹിപശ്ചാതാദുതവാപുരസ്താൽ വ. 13

അന്വയം:–

ഹേ സോമ, ത്വം നഃ — അസ്മാകം
വിശ്വതഃ വയഃ–ധാഃ — സർവ്വേഭ്യോദിഗ്ഭ്യോന്നദാതാ
(തഥാ) ത്വം സ്വഃ_വിൽ — സ്വർഗ്ഗലംഭകഃ
നൃ–ചക്ഷാഃ ആ വിശ — സർവ്വമനുഷ്യദ്രഷ്ടാ ത്വമാഭിമുഖ്യേനോപവിശ

| | |
|---|---|
| ഹേ ഇന്ദോ, ത്വം | |
| സ–ജോഷാഃ | — സഹപ്രീയമാണസ്സൻ |
| ഊതി–ഭിഃ | — മരുദ്ഭിസ്സഹിതസ്സൻ, രക്ഷാഭിർവ്വാ |
| പശ്ചാതാൽ ഉത വാ | |
| പുരസ്താൽ നഃ പാഹി | — പശ്ചാൽ പുരതശ്ച രക്ഷ |

അർത്ഥം–അല്ലയോ സോമ, അവിടുന്ന ഞങ്ങൾക്കു് എല്ലാടങ്ങളിൽനിന്നും അന്നദാതാവാകുന്ന. അതുപോലെ അവിടുന്നു് സ്വർഗ്ഗം നേടിത്തരുന്നവനാകുന്ന. മനുഷ്യരെ മുഴുവൻ കാണുന്ന അവിടുന്നു് നേരെവന്നിരുന്നാലും. അല്ലയോ സോമ, മരുത്തുക്കളോടുകൂടി (രക്ഷകളോടുകൂടി) പിമ്പിലും മുമ്പിലും ഞങ്ങളെ കാത്താലും.

വർഗ്ഗം 14 മുതൽ 17 കൂടി പ്രാഗാഥഃ ഭർഗ്ഗഃ ഋഷിഃ വിഷമാബൃഹതീ സമാസതോബൃഹതീ ച ഛന്ദസീ, അഗ്നിർദ്ദേവതാ

1 അഗ്നആയാഹ്യഗ്നിഭി
ർഹോതാരന്ത്വാവൃണീമഹേ
ആത്വാമനക്തുപ്രയതാഹവിഷ്മതീ
യജിഷ്ഠംബർഹിരാസദേ

അന്വയം:–

| | |
|---|---|
| ഹേ അഗ്നേ, അഗ്നി–ഭിഃ | |
| ആ യാഹി | — യഷ്ടവ്യൈരിതരൈരഗ്നിഭിസ്സഹാഗച്ഛ |
| (തദർത്ഥം) ഹോതാരം | |
| ത്വാ വൃണീമഹേ | — ദേവാനാമാഹ്വാതാരം ത്വാം സംഭജാമഹേ |
| പ്ര–യതാ ഹവിഷ്മതീ | — അധ്വര്യുഹസ്താഭ്യാം നിയതാ, ഹവിർഭിര്യുക്താസ്രുക് |
| യജിഷ്ഠം ത്വാം | — യഷ്ടൃതമംത്വാം |
| ബർഹിഃ ആ–സദേ | — ബർഹിഷ്യാസാദ്യ |
| ആ അനക്തു | — സർവ്വതോ ഭക്ഷയതു |

അത്ഥം—അല്ലയോ അഗ്നേ, യജിക്കപ്പെടേണ്ടും മററഗ്നികളോടുകൂടി വന്നരുളിയാലും. ദേവന്മാരെ വിളിക്കുന്ന അവിടുത്തെ അതിന്നായി ഞങ്ങൾ വരിക്കുന്നു. അധ്വര്യുവിൻെറ കയ്യിൽനിന്നു നീളുന്ന ഹവിസ്സുററ സ്രുക് (ഹോമോപകരണം) ഏററവും യജ്വാവായ അവിടുത്തെ ദംഷ്ട്രയിലിരുത്തി നികവോടെ ഭക്ഷിപ്പിക്കട്ടെ. (അവിടുന്നിൽ ഹവിസ്സു ഹോമിക്കട്ടെ.)

2 അച്ഛാഹിത്വാസഹസസ്സൂനോഅംഗിര

സ്രുചശ്ചരന്ത്യധ്വരേ

ഊർജ്ജോനപാതങ്ഘൃതകേശമീമ

ഹേഗ്നിംയജ്ഞേഷുപൂർവ്വ്യം

അന്വയം:—

| | |
|---|---|
| ഹേ അങ്ഗിരഃ, | |
| സഹസഃ സൂനോ, | — അങ്ഗിരസാം മദ്ധ്യേ ഭവ,<br>ബലസ്യ പുത്രാഗ്നേ, |
| ത്വാ ഹി അധ്വരേ അച്ഛ | — ത്വാം ഏവ യാഗേഭിപ്രാപ്തും |
| സ്രുചഃ ചരന്തി | — ഗച്ഛന്തി |
| (അതഃ) ഊർജ്ജഃ നപാതം | — ബലസ്യ നപ്താരം |
| ഘൃത-കേശം | — പ്രദീപ്ത കേശ സ്ഥാനീയ ജ്വാലം |
| പൂർവ്വ്യം അഗ്നിം | |
| യജ്ഞേഷു ഈമഹേ | — പുരാതനം തമസ്മദീയേഷു<br>യാഗേഷു സ്തൗമി |

അത്ഥം:—അങ്ഗിരസ്സുകളിൽ പെട്ടവനും ബലത്തിൻെറ മകനുമായ അഗ്നേ, യാഗത്തിൽ അവിടുത്തെത്തന്നെ പ്രാപിക്കാനാണു് സ്രുക്കുകൾ വരുന്നതു്. അതിനാൽ ബലപൗത്രനും തലമുടിയുടെ സ്ഥാനത്തു മിന്നുന്ന ജ്വാലകളൊത്തവനും പുരാതനനുമായ അഗ്നിയെ ഞങ്ങളുടെ യജ്ഞങ്ങളിൽ സ്തുതിക്കുന്നു.

3 അഗ്നേകവിർവ്വേധാഅസി

ഹോതാപാവകയക്ഷ്യഃ

മന്ദ്രോയജിഷ്ഠോഅധ്വരേഷ്വീഡ്യോ

വിപ്രേഭിശ്ശുക്രമന്മഭിഃ

അന്വയം—

ഹേ അഗ്നേ, കവിഃ, — മേധാവീത്വം

വേധാഃ അസി — ഫലാനാം വിധാതാ ഭവസി

ഹേ പാവക, ഹോതാ — ശോധക, ദേവാനാ മാഹ്വാതാത്വം

യക്ഷ്യഃ — യഷ്ടവ്യോസി

ഹേ ശുക്ര, മന്ദ്രഃ യജിഷ്ഠഃ — ദീപ്ത, മോദനീയഃ, യഷ്ടൃതമസ്ത്വം

അധ്വരേ വിപ്രേഭിഃ — മേധാവിഭിഃ ഋത്വിഗ്ഭിഃ

മന്മ—ഭിഃ ഈഡ്യഃ — സ്തോത്രൈസ്തുത്യോസി

അർത്ഥം—അല്ലയോ അഗ്നേ, മേധാവിയായ അവിടുന്ന് (കർമ്മങ്ങൾക്ക്) ഫലവിധാതാവാകുന്നു, പാപം കഴുകിക്കളയുന്ന അഗ്നേ, ദേവന്മാരെ വിളിക്കുന്ന അവിടുന്ന് യജിക്കപ്പെടേണ്ടവനാകുന്നു. അല്ലയോ ഭാസമാന, ഹർഷണീയനും സ്വയമേററവും യജ്വാവുമായ അവിടുന്ന്, യജ്ഞങ്ങളിൽ മേധാവികളായ ഋത്വിക്കുകളാൽ സ്തോത്രങ്ങളാൽ പുകഴ്ത്തപ്പെടേണ്ടവനാകുന്നു.

4 അദ്രോഘമാവഹോശതോയവിഷ്ഠ്യ

ദേവാഁഅജസ്രവീതയേ

അഭിപ്രയാംസിസുധിതാവസോഗഹി

മന്ദസ്വധീതിഭിർഹിതഃ

അന്വയം:-

| | |
|---|---|
| ഹേ യവിഷ്ഠ്യ, അജസ്ര, | — യുവതമ, നിത്യാഗ്നേ; |
| അദ്രോഘം | — അദ്രോഗ്ധാരം മാം പ്രതി |
| വീതയേ ഉശതഃ ദേവാൻ | — ഹവിർഭക്ഷണായ, തൽ കാമയമാനാൻ ദേവാൻ |
| ആ വഹ | — ആ നയ |
| ഹേ വസോ സു-ധിതാ പ്രയാംസി | — വാസക, സുനിഹിതാന്യന്നാനി |
| അഭി ആ ഗഹി | — അഭ്യാഗച്ഛ |
| (ആഗത്യ ച) ധീതി-ഭിഃ ഹിതഃ മന്ദസ്വ | — സ്തുതിഭിർന്നിഹിതസ്സൻ ഹർഷം പ്രാപ |

അൎത്ഥം—ഏററവും യുവാവും സനാതനനുമായ അഗ്നേ, (ആരെയും) ദ്രോഹിക്കാത്ത എനിക്കുവേണ്ടി ഹവിസ്സുകൾക്കൊള്ളാൻ അതിഷ്ടപ്പെടുന്ന ദേവന്മാരെ ആനയിച്ചാലും. ഏവരെയും അതാതിടത്തു വസിപ്പിക്കുന്ന അഗ്നേ, വേണ്ടപോലെ വെക്കപ്പെട്ട ഹവിരന്നങ്ങളെ പ്രാപിച്ചാലും. വന്നിട്ട്, സ്തുതികളോടുകൂടി ഇരുത്തപ്പെട്ടവനായി ഹർഷിച്ചാലും.

5 ത്വമിൽസപ്രഥാഅ

സ്യഗ്നേത്രാതരൃതസ്കവിഃ

ത്വാംവിപ്രാസസ്സമിധാനദീദിവ

ആവിവാസന്തിവേധസഃ

വ. 14

അന്വയം:-

| | |
|---|---|
| ഹേ ത്രാതഃ അഗ്നേ, | — രക്ഷകാഗ്നേ, |
| ഋതഃ കവിഃ ത്വം ഇൽ | — സത്യഭൃതഃ ക്രാന്തപ്രജ്ഞസ്ത്വമേവ |
| സ-പ്രഥാഃ അസി | — സർവ്വതഃ പൃഥുർഭവസി |
| ഹേ സം-ഇധാന, ദീദി-വഃ, | — സമിദ്ധ്യമാന, ദീപ്താഗ്നേ, |

ത്വം വിപ്രാസഃ
വേധസഃ — മേധാവിനോ വിധാതാരഃ, സ്തോതാരഃ
ആ വിവാസന്തി — ആഭിമുഖ്യേന പരിചരന്തി

അർത്ഥം—രക്ഷകനായ അഗ്നേ, സത്യഭ്രതനും കടന്ന ജ്ഞാനമുററവനുമായ അവിടുന്നുതന്നെയാണ് എമ്പാടും മഹാനായിരിക്കുന്നത്. നന്നായി കത്തിജ്വലിച്ച് ശോഭിക്കുന്ന അഗ്നേ, അവിടുത്തെ, മേധാവികളായ സ്തോതാക്കൾ നേരെ പരിചരിക്കുന്നു.

6 ശോചാശോചിഷ്ഠദീദിഹിവിശേമയോ
രാസ്വസ്തോത്രേമഹാഁഅസി
ദേവാനാംശർമ്മന്മമസന്തുസൂരയ
ശത്രൂഷാഹസ്വഗ്നയഃ

അന്വയം:—
ഹേ ശോചിഷ്ഠ, ശോച, — അതിശയേന ശോചയിതരഗ്നേ, ദീപ്യസ്വ
ദീദിഹി — അസ്മാൻ ദീപയ
വിശേ സ്തോത്രേ മയഃ
രാസ്വ — സുഖം ദേഹി
(ത്വം) മഹാൻ അസി — സർവ്വോധികോ ഭവസി
ദേവാനാം ശർമ്മൻ മമ
സൂരയഃ സന്തു — ശർമ്മണി സ്തോതാരോ ഭവന്തു
ശത്രു–സഹഃ, സു–അഗ്നയഃ — ശത്രൂണാമഭിഭവിതാരഃ, ശോഭനാഗ്നയശ്ച ഭവന്തു

അർത്ഥം—അത്യന്തം ഭാസമാനായ അഗ്നേ, ശോഭിച്ചാലും. ഞങ്ങളെ പ്രകാശിപ്പിച്ചാലും. പ്രജയായ സ്തോതാവിന്ന് സുഖം കൊടുത്താലും. അവിടുന്ന് ഏവരേക്കാളും മഹാനാകുന്നു. എനിക്കു ചേർന്ന സ്തോതാക്കൾ ദേവന്മാരുടെ മംഗളാനുഗ്രഹത്തിൽ ഭവിക്കട്ടേ. അവർ ശത്രുക്കളെ ജയിക്കുന്നവരും നല്ല അഗ്നികളോടുകൂടിയവരുമാവട്ടേ.

7 യഥാചിദ്‌വൃദ്ധമതസ
മഗ്നേസഞ്ജൂൎവ്വസിക്ഷമി
ഏവാദഹമിത്രമഹോയോഅസ്മധ്രു
ഗ്ദുൎമ്മന്മാകശ്ചവേനതി

അന്വയം:—

| | |
|---|---|
| ഹേ മിത്ര—മഹഃ അഗ്നേ, | — മിത്രാണാമസ്മാകം പൂജകാഗ്നേ, |
| ക്ഷമി വൃദ്ധം ചിൽ | |
| അതസം | — ക്ഷമായാം വൎത്തമാനം ശുഷ്കം കാഷ്ഠം |
| യഥാ സം—ജൂൎവ്വസി | — സമ്യക് ദഹസി |
| ഏവ യഃ അസ്മ—ധ്രുക് | — ഏവം യഃ അസ്മാകം ദ്രോഗ്ധാ |
| കഃ ച ദുഃ--മന്മാ വേനതി | — കശ്ചിദ്ദുൎമ്മതിരസ്മാൻ ദ്രോഗ്ധും കാമയതേ. |
| (തം) ദഹ | — ഭസ്മീകുരു |

അൎത്ഥം—മിത്രങ്ങളായ ഞങ്ങളെക്കൊണ്ടാടുന്ന അഗ്നേ, ഭൂമിയിൽ ഉണങ്ങിയ വല്ല വിറകും എപ്രകാരമവിടുന്നു ദഹിപ്പിക്കുന്നുവോ, അപ്രകാരം ഞങ്ങളെ ഉപദ്രവിപ്പാൻ ഏതെങ്കിലും ദുൎബ്ബുദ്ധി ആഗ്രഹിക്കുന്നുവെങ്കിൽ അവനെ ദഹിപ്പിച്ചാലും.

8 മാനോമൎത്തായരിപവേരക്ഷസ്വിനേ
മാഘശംസായരീരധഃ
അസ്രേധദ്‌ഭിസ്തരണിഭിര്യവിഷ്ഠ്യ
ശിവേഭിഃപാഹിപായുഭിഃ

അന്വയം:—

| | |
|---|---|
| നഃ മൎത്തായ രക്ഷസ്വിനേ<br>രിപവേ | — മരണധൎമ്മായ ബലവതേ ശത്രവേ |

മാ രീരധഃ — മാവശമാനയ
(തഥാ)
അഘ-ശംസായ മാ — പാപശംസകായ വശം മാനയ
ഹേ യവിഷ്ഠ്യ,
അസ്രേധൽ-ഭിഃ — യുവതമ, അഹിംസകൈഃ
തരണി-ഭിഃ ശിവേഭിഃ — താരകൈഃ സുഖകരൈഃ
പായു-ഭിഃ പാഹി — പാലനൈരക്ഷ

അൎത്ഥം—ഞങ്ങളെ മരണധൎമ്മിയും ബലവാനുമായ ശത്രുവിന്നു് കീഴ്പെടുത്തരുതേ. അതുപോലെ ദോഷം ചൊല്ലുന്നവൎക്കും കീഴ്പെടുത്തരുതേ. അല്ലയോ നിത്യയുവാവേ, അഹിംസകങ്ങളും ആപത്തുകളിൽനിന്നു കരകയററുന്നവയും മംഗളങ്ങളുമായ രക്ഷണങ്ങളാൽ ഞങ്ങളെ കാത്താലും.

9 പാഹിനോഅഗ്നഏകയാ
പാഹ്യുഽതദ്വിതീയയാ
പാഹിഗീൎഭിസ്തിസൃഭിരൂൎജ്ജാംപതേ
പാഹിചതസൃഭിൎവ്വസോ

അന്വയം:—

ഹേ വസോ, അഗ്നേ, — വാസയിതരഗ്നേ,
നഃ ഏകയാ (ഗിരാ)
പാഹി — ഏകയാ സ്തുത്യാ രക്ഷ
ഉത ദ്വിതീയയാ പാഹി — ഗിരാ പാലയ
ഹേ ഊൎജ്ജാം പതേ, — അന്നാനാം, ഹവിഷാം സ്വാമിൻ,
തിസൃ-ഭിഃ ഗീഃ-ഭിഃ
പാഹി — പാലയ
(തഥാ) ചതസൃ-ഭിഃ
പാഹി — ഗീൎഭിഃ പാലയ

അർത്ഥം—ഏവരെയും അതാതിടത്തു വസിപ്പിക്കുന്ന അഗ്നേ, ആദ്യത്തെ സ്തുതികൊണ്ടു്, ഒററസ്തുതികൊണ്ടു്, ഞങ്ങളെ രക്ഷിച്ചാലും. രണ്ടാമത്തെ സ്തുതികൊണ്ടു് പാലിച്ചാലും. ഹവിരന്നങ്ങൾക്കു സ്വാമിയായ അഗ്നേ, മൂന്നു സ്തുതികൾകൊണ്ടു് പാലിച്ചാലും. നാലു സ്തുതികൾകൊണ്ടു പാലിച്ചാലും.

10 പാഹിവിശ്വസ്മാദ്രക്ഷസോഅരാവ്ണഃ
പ്രസ്മവാജേഷ്വനോവ
ത്വാമിദ്ധിനേദിഷ്ഠന്ദേവതാതയ
ആപിന്നക്ഷാമഹേവൃധേ വ. 15

അന്വയം:—

(ഹേ അഗ്നേ,) വിശ്വസ്മാൽ
അരാവ്ണഃ — സർവ്വസ്മാദദാതുഃ
രക്ഷസഃ പാഹി — രാക്ഷസാൽ പാലയ
വാജേഷു നഃ പ്ര അവ സ്മ — യുദ്ധേഷ്വസ്മാൻ പ്ര രക്ഷ ഹി
ഹി നേദിഷ്ഠം ആപിം
ത്വാം ഇൽ — ആസന്നം ബന്ധുഭൂതം ത്വാമേവ
ദേവ-താതയേ, വൃധേ — യജ്ഞായ, വർദ്ധനായ ച
നക്ഷാമഹേ — വ്യാപ്നുമഃ

അത്ഥം—അല്ലയോ അഗ്നേ, (ദാനം) കൊടുക്കാത്ത രാക്ഷസങ്കൽ നിന്നെല്ലാം ഞങ്ങളെ രക്ഷിച്ചാലും. യുദ്ധങ്ങളിൽ ഞങ്ങളെ വേണ്ടപോലെ രക്ഷിക്കുകതന്നെ ചെയ്താലും. കാരണം, ഏററവും സമീപസ്ഥനായ ബന്ധുവായി അവിടുത്തെ മാത്രമാണു് യജ്ഞത്തിന്നുമഭിവൃദ്ധിക്കും വേണ്ടി ഞങ്ങൾ പ്രാപിക്കുന്നതു്, ആശ്രയിക്കുന്നതു്.

11 ആനോഅഗ്നേവയോവൃധം

രയിംപാവകശംസ്യം

രാസ്വാചനഉപമാതേപുരുസ്പൃഹം

സുനീതീസ്വയശസ്തരം

അന്വയം:–

ഹേ പാവക, ഉപ–മാതേ,
അഗ്നേ, — ശോധക, ഉപ, അസ്മൽ സമീപേ നഃ ധനം മാതീതി, താദൃശാഗ്നേ,
വയഃ–വൃധം, ശംസ്യം — അന്നവർദ്ധകം, ശംസനീയം
രയിം നഃ ആ — ധനമസ്മഭ്യമാഹര
നഃ സു–നീതീ — അസ്മാൻ സുനീത്യാ, ശോഭനനയനേന
പുരു–സ്പൃഹം — ബഹുഭിസ്സ്പൃഹണീയം
സ്വയശഃ–തരം രാസ്വ ച – അത്യന്തം സ്വഭൃതകീർത്തിം ധനം ദേഹി ച

അർത്ഥം–പാപമകററി ശുദ്ധീകരിക്കുന്നവനും ഞങ്ങൾക്കരികിൽ ധനമെണ്ണിത്തരുന്നവനുമായ അഗ്നേ, അന്നപുഷ്ടികരവും സ്തുത്യവുമായ (ധർമ്മായത്തവുമായ) ധനം ഞങ്ങൾക്ക കൊണ്ടുതന്നാലും. ഞങ്ങളെ നന്നായി നയിച്ച്, ഏവരാലും ആശിക്കത്തക്കതും സ്വന്തം കീർത്തി ഏററവുമിയററുന്നതുമായ ധനം തന്നാലും.

12 യേനവംസാമപൃതനാസുശർദ്ധത

സ്തരന്തോഅര്യആദിശഃ

സത്വന്നോവർദ്ധപ്രയസാശചീവസോ

ജിന്വാധിയോവസുവിദഃ

അന്വയം:—

| | |
|---|---|
| യേന പൃതനാസു | — യേന ധനേന യുദ്ധേഷു |
| ശദ്ധതഃ, ആ–ദിശഃ<br>അര്യഃ | — വേഗം കുവ്വതഃ, ആദേഷ്ടൄൻ, ശസ്ത്രപ്രക്ഷേപ്തൄനരീൻ, ശത്രൂൻ |
| തരന്തഃ വംസാമ | — അതിക്രമന്തഃ ഹിംസാമ, തദ്ധനന്ദേഹി |
| ഹേ ശചീ–വസോ, സഃ<br>ത്വം നഃ | — കമ്മധന, ത്വമസ്മാൻ |
| പ്രയസാ വദ്ധ | — അന്നേന വദ്ധയ |
| വസു–വിദഃ ധിയഃ ജിന്വ | — വസൂനാം ലംഭകാന്യസ്മദീയാനി കമ്മാണി പ്രീണയ |

അത്ഥം–യുദ്ധങ്ങളിൽ ഏതു ധനംകൊണ്ട് (അവിടത്തെ ഏതനുഗ്രഹധനംകൊണ്ട്) വേഗവാന്മാരും ആയുധമേല്പിക്കുന്നവരുമായി ഞങ്ങൾ ശത്രുക്കളെ ജയിക്കുമോ, ആ ധനം ഞങ്ങൾക്കു തന്നാലും. അല്ലയോ കമ്മധന, ആ അവിടുന്ന് ഞങ്ങളെ കമ്മത്താൽ വളത്തിയാലും. (ഞങ്ങളുടെ ഹവിസ്സു കൈക്കൊണ്ട്) ധനങ്ങൾ നേടുന്ന ഞങ്ങളുടെ കമ്മങ്ങളെ പ്രീണിപ്പിച്ചാലും, കൊണ്ടാടിയാലും.

13 ശിശാനോവൃഷഭോയ
ഥാഗ്നിശ്ശൃങ്ഗേദവിധ്വൽ
തിഗ്മാഅസ്യഹനവോനപ്രതിധൃഷേ
സുജംഭസ്സഹസോയഹുഃ

അന്വയം:—

| | |
|---|---|
| (അയം) അഗ്നിഃ ശൃങ്ഗേ<br>ശിശാനഃ | — ശൃങ്ഗസ്ഥാനാ ജ്വാലാസ്തീക്ഷ്ണീകുവ്വൻ |
| വൃഷഭഃ യഥാ ദവിധ്വൽ | — ശിരഃ കമ്പയതി |

(യഃ അഗ്നിഃ) സു–ജംഭഃ,
സഹസഃ യഹുഃ — സുദംഷ്ട്രഃ, ബലസ്യപുത്രഃ
അസ്യ ഹനവഃ തിഗ്മാഃ – ഹനുസ്ഥാനീയാ ജ്വാലാസ്തീക്ഷ്ണാഃ
ന പ്രതി–ധൃഷേ — പ്രതിധർഷിതുമശക്യാശ്ച

അർത്ഥം–ഈ അഗ്നി കൊമ്പുകളുടെ സ്ഥാനത്തുള്ള ജ്വാലകളെ കടുത്തതാക്കി, ഒരു കാളപോലെ തല കുലുക്കുന്നു. ഏതഗ്നി നല്ല ദംഷ്ട്രമൊത്തവനും ബലത്തിന്റെ മകനുമാണോ, അവിടുത്തെ താടിയെല്ലിൻസ്ഥാനത്തുള്ള ജ്വാലകൾ മൂർച്ചയുറ്റവയും എതിരിടാൻ പറ്റാത്തവയുമത്രേ.

14 ന॒ഹിതേ॑അഗ്നേവൃഷഭപ്രതി॒ധൃഷേ॒
ജംഭാ॑സോ॒യദ്വി॒തിഷ്ഠ॑സേ
സത്വന്നോ॑ഹോത॒സ്സുഹു॑തംഹ॒വിഷ്കൃ॑ധി॒
വംസ്വാ॑നോ॒വാര്യാ॑പു॒രു

അന്വയം:–

ഹേ വൃഷഭ അഗ്നേ, യൽ
വി–തിഷ്ഠസേ — വർഷകാഗ്നേ, യസ്മാൽ ത്വം വിവിധം ഗച്ഛസി
(തസ്മാൽ) തേ ജംഭാസഃ — ദന്തസ്ഥാനീയാ ജ്വാലാഃ
നഹി പ്രതി–ധൃഷേ — പ്രതിധർഷിതുമശക്യാഃ
ഹേ ഹോതഃ, സഃ ത്വം — ഹോമനിഷ്പാദക, ത്വം
നഃ ഹവിഃ സു–ഹുതം
കൃധി — അസ്മദ്ദത്തം ഹവിഃ സുഷ്ഠുഹുതം കുരു
നഃ വാര്യാ പുരു വംസ്വ — അസ്മഭ്യം വരണീയാനി ബഹൂനി ധനാനിദേഹി

അർത്ഥം–അഭീഷ്ടവർഷകനായ അഗ്നേ, അവിടുന്നു പല പാടും പടരുന്നതുകൊണ്ടു് പല്ലുകളുടെ സ്ഥാനത്തുള്ള ജ്വാലകൾ എതിരിടാൻ പറ്റാത്തവയാകുന്നു. അല്ലയോ ഹോമനിഷ്പാ

ഹക, ആ അവിടുന്നു് ഞങ്ങളാൽ നൽകപ്പെട്ട ഹവിസ്സിനെ നന്നായി ഹോമിക്കപ്പെട്ടതാക്കിയാലും. ഞങ്ങൾക്ക ശ്രേഷ്ഠങ്ങളായ ധനങ്ങൾ ധാരാളം തന്നാലും.

15 ശേഷേവനേഷുമാത്രോ
സ്സന്ത്വാമർത്താസഇന്ധതേ
അതന്ദ്രോഹവ്യാവഹസിഹവിഷ്കൃത
ആദിദ്ദേവേഷുരാജസി വ. 16

അന്വയം:—

(ഹേ അഗ്നേ,)

| | |
|---|---|
| വനേഷു മാത്രോഃ | — അരണ്യേഷു വർത്തമാനയോഃ, അരണ്യോഃ |
| ശേഷേ | — സ്വപിഷി, വർത്തസേ |
| ത്വാ മർത്താസഃ സം ഇന്ധതേ | — തഥാഭൂതം ത്വാം മനുഷ്യാഃ മഥനാദുൽപാദ്യതേ |
| (പശ്ചാൽ) അതന്ദ്രഃ | — അനലസസ്സൻ |
| ഹവിഃ_കൃതഃ ഹവ്യാ വഹസി | — യജമാനസ്യ ഹവീംഷി ദേവാൻ പ്രതി നയസി |
| ആൽ ഇൽ ദേവേഷു രാജസി | — അനന്തരമേവ ദേവേഷു മധ്യേ ദീപ്യസേ |

അർത്ഥം-അല്ലയോ അഗ്നേ, കാടുകളിലുള്ള അരണികളിൽ അവിടുന്നുറങ്ങുന്നു. അപ്രകാരമുള്ള അവിടുത്തെ മനുഷ്യരായ അധ്വര്യു മുതലായവർ കടച്ചിൽകൊണ്ടു് പുറത്തുകൊണ്ടുവരുന്നു. അതിനുശേഷം അവിടുന്നുത്സാഹിയായി യജമാനന്റെ ഹവിസ്സു ദേവന്മാർക്കുവേണ്ടി എത്തിക്കുന്നു. അതിൽ പിന്നീടു മാത്രമാണു് അവിടുന്നു് ദേവന്മാർക്കിടയിൽ ശോഭിക്കുന്നതു്.

16 സപ്തഹോതാരസ്തമിദീളതേ
ത്വാഗ്നേസുത്യജമഹ്രയം
ഭിനത്ഥ്സ്യദ്രിന്തപസാവിശോചിഷാ
പ്രാഗ്നേതിഷ്ഠജനാഁഅതി

അന്വയം:—

| | |
|---|---|
| ഹേ അഗ്നേ, സു–ത്യജം | — സുത്യാഗം, അഭീഷ്ടപ്രദം |
| അഹ്രയം തം ഇൽ ത്വാ | — അക്ഷീണംതമേവത്വാം |
| സപ്ത ഹോതാരഃ ഈളതേ | — സപ്തഹോതൃകാസ്തുവന്തി |
| (കിഞ്ച) തപസാ | |
| ശോചിഷാ | — താപകേന തേജസാ |
| അദ്രിം വി ഭിനത്ഥ്സി | — മേഘം ഭിനത്സി |
| ഹേ അഗ്നേ, ജനാൻ | |
| അതി പ്ര തിഷ്ഠ | — അസ്മദ്വിരോധിജനാനതിക്രമ്യ ഹവിരാദായ ദേവാൻ പ്രതി പ്രഗച്ഛ |

അർത്ഥം—അല്ലയോ അഗ്നേ, നല്ല അഭീഷ്ടമേകുന്നവനും ക്ഷീണിക്കാത്തവനുമായ അവിടുത്തെത്തന്നെയാണ് ഏഴ് ഹോത്രകന്മാരും സ്തുതിക്കുന്നത്. ചൂടിയററുന്ന തേജസ്സാൽ അവിടുന്നു മേഘത്തെ പിളക്കുന്നു. ഞങ്ങളുടെ വിരോധികളെ അതിക്രമിച്ച്, ഹവിസ്സേന്തി ദേവന്മാരെ പ്രാപിച്ചാലും.

17 അഗ്നിമഗ്നിംവോഅധ്രിഗും
ഹുവേമവൃക്തബർഹിഷഃ
അഗ്നിംഹിതപ്രയസശ്ശശ്വതീ
ഷ്വാഹോതാരഞ്ചർഷണീനാം

അന്വയം:—

| | |
|---|---|
| (ഹേ യജമാനാഃ) വഃ | — യുഷ്മദർത്ഥം |
| അഗ്നിം—അഗ്നിം ഹുവേമ | — അഗ്നിമേവാഹ്വയാമി |
| വൃക്ത—ബർഹിഷഃ<br>ഹിത—പ്രയസഃ | — ഛിന്നദർഭാഃ നിഹിത ഹവിഷ്കാവയം |
| അധ്രി—ഗും | — അധൃതഗമനം, സർവ്വദാഗൃഹേ വർത്തമാനം |
| ശശ്വതീഷു | — ബഹ്വീഷു യാഗഭൂമിഷു വർത്തമാനം |
| ഹോതാരം അഗ്നിം | — ഹോമനിഷ്പാദകം തം |
| ചർഷണീനാം ആ | — മനുഷ്യാണാമർത്ഥായാഹ്വയാമി |

അർത്ഥം—അല്ലയോ യജമാനന്മാരേ, നിങ്ങൾക്കുവേണ്ടി അഗ്നിയെ, അഗ്നിയെത്തന്നെ, വിളിക്കുന്നു. ദർഭവിരിച്ചവരും ഒരുക്കിവെയ്ക്കപ്പെട്ട ഹവിസ്സോത്തവരുമായ ഞങ്ങൾ, പോകാതെ ഗൃഹത്തിൽ വർത്തിക്കുന്നവനും, വളരെ യാഗഭൂമികളിൽ ഒപ്പം സ്ഥിതിചെയ്യുന്ന ഹോമനിർവ്വാഹകനുമായ അഗ്നിയെ മനുഷ്യഹിതത്തിന്നായി വിളിക്കുന്നു. (അഗ്നി പ്രസാദിച്ചാൽ മഴപെയ്യുന്നു. സമൃദ്ധികളുളവാകുന്നു. അതുകൊണ്ടുള്ള ഗുണഫലം യാഗാനുഷ്ഠാതാക്കൾക്കു മാത്രമല്ല മനുഷ്യർക്കു പൊതുവേയാണ്. അതുകൊണ്ട് അഗ്നിതോഷണം മനുഷ്യഹിതാർത്ഥം.)

18 കേതേനശർമ്മന്സചതേസുഷാമ
ണ്യഗ്നേതുഭ്യംചികിത്വനാ
ഇഷണ്യയാനഃപുരുരൂപമാഭര
വാജന്നേദിഷ്ഠമൂതയേ

അന്വയം:—

| | |
|---|---|
| ഹേ അഗ്നേ, തുഭ്യം | |
| ചികിത്വനാ | — ചികിതുഷാ ഹോത്രാദിനാ ജനേന |

കേതേന സചതേ — പ്രജ്ഞാപകേന സ്തോത്രേണ യുജ്യതേ
സു_സാമനി ശർമ്മൻ — ശോഭനരഥന്തരാണി സാമോപേതേ ശർമ്മണി, സുഖാസനേ യജ്ഞേ യജമാനോ യജതേ
(അതഃ) ഇഷണ്യയാ — സ്വീയയേച്ഛയാ
പുരു–രൂപം നേദിഷ്ഠം
വാജം — നാനാരൂപം അന്തികേ ഭവമന്നം
ഊതയേ നഃ ആ ഭര — രക്ഷണായാഹര

അർത്ഥം—അല്ലയോ അഗ്നേ, അവിടേയ്ക്കുവേണ്ടി അറിവുററ ഹോതാവു മുതൽ പേരാൽ യാഗം, വിളിച്ചറിയിക്കുന്ന സ്തോത്രത്തോട്ട് യോജിപ്പിക്കപ്പെടുന്നു. കേൾവിക്കു നല്ല രഥന്തര സാമത്തോടുകൂടിയ സുഖാസനമായ യജ്ഞത്തിൽ യജമാനൻ യജിക്കുന്നു. അതുകൊണ്ട് സ്വേച്ഛയാൽ പലമട്ടുള്ളതും സമീപസ്ഥവുമായ അന്നം ഞങ്ങളുടെ രക്ഷയ്ക്കായി കൊണ്ടുതന്നാലും.

19 അഗ്നേജരിതർവ്വിശ്പതി

സ്തേപാനോദേവരക്ഷസഃ

അപ്രോഷിവാൻഗൃഹപതിർമ്മഹാഁഅസി

ദിവസ്പായുർദ്ദുരോണയുഃ

അന്വയം:—

ഹേ അഗ്നേ, ദേവ,
ജരിതഃ — സ്തുത്യ
(ത്വം) വിശ്പതിഃ
രക്ഷസഃ തേപാനഃ — പ്രജാപാലകഃ, രാക്ഷസാനാം താപകോസി
അപ്രേഷി-വാൻ — യജമാനഗൃഹമത്യജൻ

ഗൃഹ–പതിഃ — യജമാനഗൃഹസ്യ
പാലകശ്ചത്വം
മഹാൻ അസി — അതിശയേന പൂജ്യോ ഭവസി
ദിവഃ പായുഃ — ദ്യുലോകസ്യ പാതാ
ദുരോണ–യുഃ — യജമാനഗൃഹസ്യ മിശ്രയിതാ,
സവ്വ്ദാ തത്ര വത്ത്മാനഃ

അത്ഥം–അല്ലയോ അഗ്നേ, ദേവ, സ്തുത്യ, അവിടുന്നു് പ്രജകൾക്കു പാലകനും രാക്ഷസന്മാരെ ചുടുന്നവനുമാകുന്നു. യജമാനഗൃഹം വിട്ടു പോകാത്തവനും ആ ഗൃഹത്തിന്നു രക്ഷകനുമായ അവിടുന്നു് ഏറ്റവും പൂജ്യനാകുന്നു. അവിടുന്നു് ദ്യുലോകം കാക്കുന്നവനും യജമാനഗൃഹത്തിൽത്തന്നെ എപ്പോഴും വർത്തിക്കുന്നവനുമാകുന്നു.

20 മാനോരക്ഷ ആവേശീദാഘൃണീവസോ
മായാതുര്യാതുമാവതാം
പരോഗവ്യൂത്യനിരാമപക്ഷുധ
മഗ്നേസേധരക്ഷസ്വിനഃ വ. 17

അന്വയം:–

ഹേ ആഘൃണി–വസോ,
അഗ്നേ, — ദീപ്തധനാഗ്നേ,
നഃ രക്ഷഃ മാ ആ വേശീൽ — രാക്ഷസാദിർമ്മാ പ്രവിശതു
(തഥാ) യാതു–മാവതാം
യാതുഃ മാ — യാതുധാനാനാം
പീഡാമാവേശീൽ
അനിരാം, ക്ഷുധം,
രക്ഷസ്വിനഃ — അന്നാഭാവം ദാരിദ്ര്യം,
ക്ഷുൽപീഡാം, രക്ഷാംസി ച

പരഃ—ഗവ്യൂതി — ക്രോശദ്വയാദ്ദേശാൽ പരസ്താൽ, അത്യന്തം ദൂരദേശേ
അപ സേധ — പരിഹര

അർത്ഥം—അല്പ്രയോ ശോഭനധനനായ അഗ്നേ, ഞങ്ങളുടെ അടുക്കൽ രാക്ഷസാദികൾ പ്രവേശിക്കരുതേ. അതുപോലെ പീഡാശീലരായ രാക്ഷസരുടെ ദ്രോഹം വരരുതേ. ഉണ്ണാനില്ലാത്ത ദാരിദ്ര്യത്തെയും വിശപ്പിനെയും രക്ഷസ്സുകളെയും രണ്ടു നാഴിക അകലെ വെച്ച് (ഞങ്ങൾക്കടുത്തെത്താതെ) പരിഹരിച്ചാലും.

വർഗ്ഗഃ—18 മുതൽ 21 കൂടി ഇന്ദ്രോദേവതാ.

1 ഉഭയംശൃണവച്ചന
ഇന്ദ്രോഅർവ്വാഗിദംവചഃ
സത്രാച്യാമഘവാസോമപീതയേ
ധിയാശവിഷ്ഠആഗമൽ

അന്വയം:—

നഃ ഉഭയം ച — അസ്മാകം സ്തോത്രാത്മകം ശസ്ത്രാത്മകഞ്ച
ഇദം വചഃ ഇന്ദ്രഃ അർവ്വാക്
ശൃണവൽ — അഭിമുഖശ്ശൃണോതു
(ശ്രുത്വാച) സത്രാച്യാ
ധിയാ — അസ്മാകം സഹാഞ്ചത്യാബുദ്ധ്യാ യുക്തസ്സൻ
ശവിഷ്ഠഃ മഘ—വാ — ബലവത്തമോധനവാനിന്ദ്രഃ
സോമ—പീതയേ ആ
ഗമൽ — സോമപാനാർത്ഥമാഗച്ഛതു

അൎത്ഥം—സ്തോത്രരൂപവും ശസ്ത്രരൂപവുമായി രണ്ടുവിധത്തിലുള്ള ഈ വചസ്സും (സ്തുതിയും) ഇന്ദ്രൻ നേരെ കേൾക്കട്ടേ. കേട്ടിട്ട്, നമ്മോടിണങ്ങിയ ബുദ്ധിപൂണ്ടവനായി, ഏററവും ബലവാനും ധനവാനുമായ അവിടുന്ന് സോമപാനത്തിന്നായി വന്നുചേരട്ടേ.

2 തംഹിസ്വരാജംവൃഷഭന്തമോജസേ
ധിഷണേനിഷ്ടതക്ഷതുഃ
ഉതോപമാനാംപ്രഥമോനിഷീദസി
സോമകാമംഹിതേമനഃ

അന്വയം:—

| | |
|---|---|
| വൃഷഭം തം ഹി | |
| സ്വ–രാജം | — വൎഷകം തമേവേന്ദ്രം സ്വയമേവ രാജമാനം |
| ധിഷണേ ഓജസേ | — ദ്യാവാപൃഥിവ്യൗ ബലായ |
| തം നിഃ–തതക്ഷതുഃ | — സഞ്ചസ്കരതുഃ |
| (അഥ പ്രത്യക്ഷഃ, ഹേ | |
| ഇന്ദ്ര,) ഉത ഉപ–മാനാം | — ഉപമാനഭൂതാനാമന്യേഷാം ദേവാനാം മധ്യേ |
| പ്രഥമഃ നി സീദസി | — വേദ്യാമുപവിശസി |
| തേ മനഃ | |
| സോമ–കാമം ഹി | — സോമകാംക്ഷ്യേവ |

അൎത്ഥം—വൎഷകനായ ആ ഇന്ദ്രനെത്തന്നെയാണ്, സ്വയം പ്രകാശനായ ആ ഇന്ദ്രനെത്തന്നെയാണ്, ദ്യാവാപൃഥിവികൾ ബലത്തിന്നായി സംസ്കരിച്ചതു്. (ഇനി നേരിട്ട്) അല്ലയോ ഇന്ദ്ര, അവിടേയ്ക്കു തുല്യന്മാരായ ദേവന്മാൎക്കിടയിൽ അവിടുന്ന് ഒന്നാമനായി വേദിയിലിരിക്കുന്നു. അവിടുത്തെ മനസ്സ് സോമകാംക്ഷിയാണല്ലോ.

3 ആവൃഷസ്വപുരൂവസോ

സുതസ്യേന്ദ്രാന്ധസഃ

വിദ്മാഹിത്വാഹരിവഃപൃത്സുസാസഹി

മധൃഷ്ടഞ്ചിദ്ദധൃഷ്വണിം

അന്വയം:–

| | |
|---|---|
| ഹേ പുരു–വസോ, ഇന്ദ്ര, | — ബഹുധനേന്ദ്ര, ത്വം |
| സുതസ്യ അന്ധസഃ ആ വൃഷസ്വ | — അഭിഷുതം സോമം ജഠരേ ആസിഞ്ചസ്വ |
| ഹേ ഹരി–വഃ, | — ഹരിഭ്യാം യുക്തേന്ദ്ര, |
| പൃൽ–സു സസഹിം | — സംഗ്രാമേഷു ശത്രൂണാമഭിഭവിതാരം |
| അധൃഷ്ടം ചിൽ ദധൃഷ്വണിം | — കൈരപ്യധർഷണീയം, അന്യേഷാം ധർഷകം |
| ത്വാ വിദ്മ ഹി | — ജാനീമഃ ഖലു |

അർത്ഥം—അല്ലയോ ബഹുധനനായ ഇന്ദ്ര, സംസ്കരിച്ച സോമത്തെ വയററിൽ നിറച്ചൊഴിച്ചാലും. ഹരികളെന്നു കുതിരകളൊത്ത ഇന്ദ്ര, യുദ്ധങ്ങളിൽ ശത്രുക്കളെ കീഴടക്കുന്നവനും ആരാലുമടക്കപ്പെടാത്തവനെങ്കിലും സ്വയം മററുള്ളവരെ അതിക്രമിയ്ക്കുന്നവനുമായ അവിടുത്തെ ഞങ്ങളറിയുമല്ലോ.

4 അപ്രാമിസത്യമഘവന്തഥേദസ

ദിന്ദ്രക്രത്വായഥാവശഃ

സനേമവാജന്തവശിപ്രിന്നവസാ

മക്ഷൂചിദ്യന്തോഅദ്രിവഃ

അന്വയം:—

ഹേ അപ്രാമി–സത്യ,
മഘ–വൻ, ഇന്ദ്ര, — അഹിംസിതസത്യ, ധനവന്നിന്ദ്ര,
ക്രത്വാ യഥാ വശഃ — കർമ്മണാ യേന പ്രകാരേണ കാമയേ
തഥാ ഇൽ അസൽ — തഥൈവ ഭവതി
ഹേ ശിപ്രിൻ, അദ്രി–വഃ, — സുശിപ്രിൻ, വജ്രവന്നിന്ദ്ര,
(വയം) മക്ഷു ചിൽ യന്തഃ — ശീഘ്രമേവ ശത്രൂൻ ഗച്ഛന്തഃ, അഭിഭവന്തഃ
തവ അവസാ വാജം സനേമ — തവരക്ഷണേനാന്നം സംഭജേമ

അർത്ഥം–ലംഘിക്കാത്ത സത്യത്തോടുകൂടിയവനും ധനവാനുമായ ഇന്ദ്ര, കർമ്മംകൊണ്ട് എപ്രകാരം വരണമെന്ന് അവിടുന്ന് ആഗ്രഹിക്കുന്നുവോ, അപ്രകാരം തന്നെ ഭവിക്കുന്നു. നല്ല താടിയെല്ലോത്തവനും വജ്രായുധനുമായ ഇന്ദ്ര, ഞങ്ങൾ വേഗത്തിൽത്തന്നെ ശത്രുക്കളെ ജയിക്കുന്നവരായി, അവിടുത്തെ രക്ഷണത്താൽ അന്നത്തെ (പുഷ്ടിയെ) പ്രാപിക്കാവൂ.

5 ശഗ്ധ്യൂʃʃഷുശചീപത

ഇന്ദ്രവിശ്വാഭിരൂതിഭിഃ

ഭഗന്നഹിത്വായശസംവസുവിദ

മനുശൂരചരാമസി

വ. 18

അന്വയം:—

ഹേ ശചീ–പതേ, ഇന്ദ്ര,
വിശ്വാഭിഃ ഊതി–ഭിഃ — സർവ്വൈർമ്മരുദ്ഭിസ്സഹ
സു ശഗ്ധി ഉ — അസ്മാകം സുഷ്ഠ്വഭിമതം ദേഹ്യേവ
ഹേ ശൂര, ഭഗം ന യശസം — ഭാഗ്യമിവ യശസ്വിനം
വസു–വിദം ത്വാ ഹി — ധനസ്യ ലംഭകം ത്വാമേവ
അനു ചരാമസി — പരിചരാമ

അർത്ഥം—അല്ലയോ ശചീപതിയായ (കർമ്മനാഥനായ) ഇന്ദ്ര, എല്ലാ മരുത്തുക്കളോടുംകൂടി ഞങ്ങൾക്ക് അഭിമതം നന്നായിത്തന്നരുളുകതന്നെ ചെയ്താലും. അല്ലയോ വിക്രമിയായ ഇന്ദ്ര, ഭാഗ്യമെന്നപോലെ കീർത്തിയുററവനും ധനം നേടിത്തരുന്നവനുമായ അവിടത്തെ ഞങ്ങൾ അനുക്രമത്തിൽ പരിചരിക്കാവൂ.

6 പൗരോഅശ്വസ്യപുരുകൃദ്ഗവാമ

സ്യുത്ഥ്സോദേവഹിരണ്യയഃ

നകിർഹിദാനംപരിമർധിഷത്ത്വേ

യദ്യദ്യാമിതദാഭര

അന്വയം:—
(ഹേ ഇന്ദ്ര, ത്വം)
അശ്വസ്യ പൗരഃ — പൂരയിതാ
ഗവാം പുരു–കൃൽ അസി — ബഹുകർത്താസി
ഹേ ദേവ, ഹിരണ്യയഃ,
ഉത്ഥ്സഃ — ഹിരണ്മയശരീരസ്ത്വം ഉത്സസദൃശോസി
ത്വേ ദാനം — ത്വയിവർത്തമാനമസ്മദ്വിഷയം ദേയം
നകിഃ പരി–മർധിഷൽ
ഹി —ന കശ്ചിദ്ധിനസ്ത്യേവ
(അതഃ) യൽ–യൽ യാമി — അഹം യാചേ
തൽ ആ ഭര — തന്മഹ്യമാഹര

അർത്ഥം—അല്ലയോ ഇന്ദ്ര, അവിടുന്ന് കുതിരകൾക്ക് തികവുണ്ടാക്കുന്നവനാകുന്നു. പശുക്കളെ പെരുപ്പിക്കുന്നവനാകുന്നു. അല്ലയോ ദേവ, സ്വർണ്ണമയശരീരനായ അവിടുന്ന് ഒരു നീരുറവുപോലെയാകുന്നു. (വററാത്ത ദാനധാരയൊത്തവനാകുന്നു.) അവിടുന്നിലിരിക്കുന്ന, ഞങ്ങൾക്കു തരാനുള്ള ദാനധനത്തെ ആരും മുടക്കുന്നില്ല തന്നെ. അതിനാൽ യാതൊന്നു യാതൊന്നു ഞാൻ യാചിക്കുന്നുവോ, അതെനിക്കു കൊണ്ടുതന്നാലും.

7 ത്വംഹ്യേഹിചേരവേ

വിദാഭഗംവസുത്തയേ

ഉദ്വാവൃഷസ്വമഘവൻഗവിഷ്ടയ

ഉദിന്ദ്രാശ്വമിഷ്ടയേ

അന്വയം:—

ഹേ മഘ–വൻ, ഇന്ദ്ര, ത്വം
ഹി — ദാതാഖലു
(അതഃ) ആ ഇഹി — ആഗച്ഛ
(ആഗത്യാസ്മഭ്യം)
വസുത്തയേ ഭഗം വിദാഃ — വസുദാനായ ഭജനീയം ധനം ദത്സ്വ
ചേരവേ — അനുചരതേ, ദാത്രേ
ഗോ–ഇഷ്ടയേ ഉൽ
വവൃഷസ്വ — ഗാമിച്ഛതേ മഹ്യം ഗാമുത്സിഞ്ചസ്വ, ദേഹി
(തഥാ) അശ്വം–ഇഷ്ടയേ
ഉൽ — അശ്വൈഷണവതേ മഹ്യമശ്വാനുദ്വൃഷസ്വ

അർത്ഥം–അല്ലയോ ധനവാനായ ഇന്ദ്ര, അവിടുന്നു ദാതാവാണല്ലോ. അതുകൊണ്ടു വന്നാലും. വന്നിട്ട്, എനിക്കു ധനദാനത്തിന്നായി ഭജനീയമായ ധനം നേടിത്തന്നാലും. അവിടുത്തെ അനുചരനും (ഹവിർദ്ദാതാവും) പശുവിനെ ഇച്ഛിക്കുന്നവനുമായ എനിക്ക് പശുവിനെ വർഷിച്ചുതന്നാലും. അതുപോലെ കുതിരയെ ഇച്ഛിക്കുന്ന എനിക്ക് കുതിരയെ വർഷിച്ചുതന്നാലും.

8 ത്വംപുരൂസഹസ്രാണിശതാനിച

യൂഥാദാനായമംഹസേ

ആപുരന്ദരഞ്ചകൃമവിപ്രവചസ

ഇന്ദ്രംഗായന്തോവസേ

അന്വയം:–

(ഹേ ഇന്ദ്ര,) ത്വം പുരു
സഹസ്രാണി — ബഹൂനി
ശതാനി യൂഥാ — ഗവാദീനാം യൂഥാനി
ദാനായ മംഹസേ — ദാത്രേ യജമാനായ പ്രയച്ഛസി
പുരം-ദരം ഇന്ദ്രം — ശത്രുപുരാണാം ദാരയിതാരം തം
അവസേ ഗായന്തഃ — രക്ഷണായ സ്തുവന്തഃ
വിപ്ര-വചസഃ — വിവിധപ്രകൃഷ്ടവചനാവയം
ആ ചകൃമ — ആഗന്താരം കുർമ്മഃ

അർത്ഥം-അല്ലയോ ഇന്ദ്ര, അവിടുന്ന് വളരെ ആയിരങ്ങളും നൂറുകളും കണക്കിൽ പശുമുതലായവയുടെ കൂട്ടങ്ങളെ ഹവിർദ്ദാതാവായ യജമാനന്നു കൊടുക്കുന്നു. (ഇനി പരോക്ഷം) ശത്രുപുരങ്ങൾ പിളക്കുന്ന ഇന്ദ്രനെ, രക്ഷയ്ക്കായി സ്തുതിച്ചുകൊണ്ട് നാനാവിധങ്ങളായ ഉൽകൃഷ്ടവചസ്സുകളൊത്ത ഞങ്ങൾ അവിടുത്തെ ഇങ്ങോട്ടു വരുത്തുന്നു. (വരുന്നവനാക്കുന്നു.)

9 അവിപ്രോവായദവിധ
ദ്വിപ്രോവേന്ദ്രതേവചഃ
സപ്രമമന്ദത്വായാശതക്രതോ
പ്രാചാമന്യോഅഹംസന

അന്വയം:–

ശത-ക്രതോ,
പ്രാചാ-മന്യോ, ഇന്ദ്ര, — ബഹുകർമ്മൻ, പ്രാചീന ക്രോധ,
അപ്രതിഹതക്രോധ, ഇന്ദ്ര,
ഹേ അഹം–സന, — സംഗ്രാമേഹമിത്യാത്മനഃ
മഹത്വം പ്രകാശയൻ ശത്രും
സംഭജതേ, താദൃശ,
തേ വചഃ — തവസ്തോത്രം
യൽ അവിപ്രഃ വാ — അമേധാവീ, അസ്തുതി
കുശലോവാ

യഃ വിപ്രഃ വാ അവിധൽ — മേധാവീ, സ്തുതികുശലോവാ
ത്വാം സ്തൗതി
സഃ ത്വാ-യാ പ്ര മമന്ദൽ — ത്വയീച്ഛയാ സാധനേന
പ്രകർഷേണ മോദതേ

അർത്ഥം—ബഹുകർമ്മാവും ആരും എതിരിടാത്ത കോപത്തോടുകൂടിയവനും യുദ്ധത്തിൽ തനിയ്ക്കാംപോരിത്തത്തോടുകൂടി ശത്രുവിനെ നേരിടുന്നവനുമായ ഇന്ദ്ര, അവിടുത്തെ സ്തോത്രം മേധാവിയല്ലാത്ത, സ്തുതികുശലനല്ലാത്ത ഒരുവനോ, മേധാവിയും സ്തുതിസമർത്ഥനുമായ ഒരുവനോ ചൊല്ലിയാലും അവൻ അവിടുന്നിൽ ഇച്ഛയർപ്പിക്കുന്നതുകൊണ്ട് നന്നായി സന്തോഷം പ്രാപിക്കുന്നു. (ഇവിടെ വിപ്രപദത്തിന്ന് ബ്രാഹ്മണനെന്നും അർത്ഥമെടുക്കാം. അബ്രാഹ്മണനായാലും ബ്രാഹ്മണനായാലും, ഏതു ജാതിയിൽ പെട്ടവനായാലും അവിടുത്തെ സ്തോതാവ് ആത്മതുഷ്ടി പ്രാപിക്കുന്നു.)

10 ഉഗ്രബാഹുർമ്രക്ഷകൃത്വാപുരന്ദരോ

യദിമേശൃണവദ്ധവം

വസൂയവോവസുപതിംശതക്രതും

സ്തോമൈരിന്ദ്രംഹവാമഹേ വ. 19

അന്വയം:—

ഉഗ്ര-ബാഹുഃ — ഉൽഗൂർണ്ണഭുജഃ
മ്രക്ഷ-കൃത്വാ — ശത്രൂണാം വധകർത്താ
പുരം-ദരഃ — ശത്രുപുരാണാം ദാരയിതേന്ദ്രഃ
യദി മേ ഹവം ശൃണവൽ — ശൃണുയാൽ
(തർഹി) വസു-യവഃ — വസുകാമാവയം
വസു-പതിം, ശത-ക്രതും — ബഹുധനസ്വാമിനം,
ബഹുപ്രജ്ഞം
ഇന്ദ്രം സ്തോമൈഃ
ഹവാമഹേ — ആഹ്വയാമഃ

അർത്ഥം—കയ്യൂക്കേറ്റവനും ശത്രുവധം ചെയ്യുന്നവനും ശത്രുപുരങ്ങളെ [illegible] ഇന്ദ്രൻ [illegible] വിളി കേൾക്ക

മെങ്കിൽ ധനേച്ഛുവായ ഞാൻ ബഹുധനങ്ങൾക്കു സ്വാമിയും ബഹുപ്രജ്ഞനുമായ ഇന്ദ്രനെ സ്തോത്രങ്ങളാൽ വിളിക്കുന്നു.

11 നപാപാസോമനാമഹേ

നാരായാസോനജല്ഹവഃ

യദിന്വിന്ദ്രംവൃഷണംസചാസുതേ

സഖായങ്കൃണവാമഹൈ

അന്വയം:—

| | |
|---|---|
| യൽ ഇൽ നു | യസ്മാദേവ കാരണാദിദാനീം |
| വൃഷണം ഇന്ദ്രം | അഭീഷ്ടവർഷകം തം |
| സുതേ സചാ | സോമേഭിഷുതേ സഹിതാസ്സന്തഃ |
| സഖായം കൃണവാമഹൈ | മിത്രഭൂതം കുർമ്മഃ |
| (തസ്മാൽ തം വയം) | |
| പാപാസഃ | പാപാഃ, അകൃതപുണ്യാഃ,<br>ബ്രഹ്മചര്യവ്രതാദിരഹിതാഃ |
| ന മനാമഹേ | ന മന്യാമഹേ |
| (തഥാ) അരായാസഃ ന | അഹവിർദ്ധനാഃ ന മനാമഹേ |
| ജല്ഹവഃ ന | അജ്വലനാഃ, അനഗ്നയോ ന മനാമഹേ |

(കൃതവ്രതനിയമാദിപുണ്യാഃ ഭാനവന്തോഗ്നീസഹിതാസ്തം സ്തുമഃ)

അർത്ഥം—യാതൊരു കാരണത്താൽ അഭീഷ്ടവർഷകനായ ഇന്ദ്രനെ നമ്മളിപ്പോൾ സംസ്കരിച്ച സോമത്തോടുകൂടി ചങ്ങാതിയാക്കുന്നുവോ, അക്കാരണത്താൽ നമ്മൾ പാപന്മാരായി, പുണ്യം, ബ്രഹ്മചര്യം മുതലായ വ്രതങ്ങൾ അനുഷ്ഠിയ്ക്കാത്തവരായി അവിടുത്തെ ധ്യാനിയ്ക്കാറില്ല. ഹവിസ്സാകുന്ന ധനം നിവേദിക്കാതെ ധ്യാനിയ്ക്കാറില്ല. അനഗ്നികളായി, ഔപാസനാഗ്നിഹോത്രാദികളെ സൂക്ഷിക്കാത്തവരായി ധ്യാനിക്കാറില്ല. (വ്രതികളും ദാതാക്കളും കർമ്മികളുമായിട്ടാണു് അവിടുത്തെ സ്തുതിക്കുന്നതു്.)

12 ഉഗ്രംയുയുജ്മപൃതനാസുസാസഹി
ഋണകാതിമദാഭ്യം
വേദാഭൂമഞ്ചിൽസനിതാരഥീതമോ
വാജിനംയമിദൂനശൽ

അന്വയം :—

| | |
|---|---|
| പൃതനാസു സസഹിം | — സംഗ്രാമേഷു ശത്രൂണാമഭി ഭവിതാരം |
| ഋണ–കാതിം | — ഋണഭൃതസ്തുതിം, യസ്മൈ സ്തുതി രൃണവദവശ്യം ക്രിയതേ, തം |
| അദാഭ്യം, ഉഗ്രം യുയുജ്മ | — കേനാപ്യഹിംസിതം, ഉൽഗൂർണ്ണ ബലമിന്ദ്രം യോജയാമഃ |
| (യഃ ഇന്ദ്രഃ) ഭൂമം ചിൽ വാജിനം | — ബഹുഷ്വശ്വേഷു ഭ്രമണശീല മേവ, ബലവന്തമശ്വം |
| രഥി_തമഃ വേദ | — രഥസ്വാമീവേത്തി, ഗൃഹ്ണാതി തദ്വൽ |
| സനിതാ (ഇന്ദ്രഃ) യം ഇൽ | — യമേവ ജനം ബഹൂനാം യജമാനാനാം മദ്ധ്യേ |
| നശൽ ഉ | — വ്യാപ്നോത്യേവ തമിന്ദ്രം യുയുജ്മ |

അർത്ഥം-ശത്രുസേനകളെ ജയിക്കുന്നവനും, ഒരുകടമെന്നപോലെ ഒഴിച്ചുകൂടാതെ സ്തുതിയർപ്പിക്കപ്പെടുന്നവനും ആരാലും ഹിംസിക്കപ്പെടാത്തവനും ഊക്കേറ്റവനുമായ ഇന്ദ്രനോടു നമ്മൾ ചേരാവൂ. പല കുതിരകൾക്കിടയിൽനിന്നു് കുതിരനോട്ടക്കാരനായ തേരാളി, ശക്തിയുള്ള കുതിരയെ തിരഞ്ഞെടുക്കുന്നപോലെ, യാതൊരു ദാതാവായ ഇന്ദ്രൻ പലപല യജമാനന്മാർക്കിടയിൽനിന്നു് ഒരാളെ പ്രാപിക്കുന്നുവോ, ആ ഇന്ദ്രനോടു ചേരാവൂ.

13 യതഇന്ദ്രഭയാമഹേ

തതോനോഅഭയങ്കൃധി

മഘവഞ്ഛഗ്ധിതവതന്നഊതിഭി

വ്വിദ്വിഷോവിമൃധോജഹി

അന്വയം:–

ഹേ ഇന്ദ്ര, യതഃ ഭയാമഹേ — യതഃ ഹിംസകാൽ വയം ഭയം ഗതാഃ
തതഃ നഃ അഭയം കൃധി — അസ്മഭ്യമഭയം കുരു
ഹേ മഘ–വൻ, തവ തൽ — അസ്മഭ്യമഭയങ്കർത്തും തൈഃ
ഊതി–ഭിഃ ശഗ്ധി — ശക്തോഭവസി
(കിഞ്ച) നഃ ദ്വിഷഃ വി
ജഹി — അസ്മദ്വേഷ്ടൄൻ വിശേഷേണ ജഹി
മൃധഃ വി — ഹിംസകാൻ വിനാശയ

അർത്ഥം–അല്ലയോ ഇന്ദ്ര, എവിടെനിന്നു ഞങ്ങൾ ഭയപ്പെടുന്നുവോ, അവിടെനിന്നു ഞങ്ങൾക്ക് അഭയമുണ്ടാക്കിയാലും. അല്ലയോ ധനവൻ, ഞങ്ങൾക്ക് അഭയമുണ്ടാക്കാൻ ആ രക്ഷകളോടുകൂടി അവിടുന്നു ശക്തനാണല്ലോ. പിന്നെ ഞങ്ങളുടെ ശത്രുക്കളെ വിഹനിച്ചാലും. ദ്രോഹികൾക്ക് വിനാശമേല്പിച്ചാലും.

14 ത്വംഹിരാധസ്പതേരാധസോമഹഃ

ക്ഷയസ്യാസിവിധതഃ

തന്ത്വാവയമ്മഘവന്നിന്ദ്രഗിർവ്വണ

സ്സുതാവന്തോഹവാമഹേ

അന്വയം:—

| | |
|---|---|
| ഹേ രാധഃപതേ, മഘ-വൻ,<br>ഗിർവ്വണഃ ഇന്ദ്ര, | ധനസ്വാമിൻ. ധനവൻ,<br>ഗീർഭിർവ്വനനീയേന്ദ്ര, |
| ത്വം വിധതഃ മഹഃ<br>രാധസഃ | പരിചരതോമഹതോ ധനസ്യ |
| ക്ഷയസ്യ അസി ഹി | ഗൃഹസ്യ ച വർദ്ധയിതാസി ഖലു |
| തം ത്വാ വയം | ത്വാം വയം |
| സുത-വന്തഃ ഹവാമഹേ | അഭിഷുതസോമവന്തഃ<br>ആഹ്വയാമഃ |

അർത്ഥം—ധനസ്വാമിയും ധനവാനും സ്തുതിയാൽ ഭജനീയനുമായ ഇന്ദ്ര, പരിചരിക്കുന്നവന്നു്, അവിടുന്നു് മഹത്തായ ധനവും ഗൃഹവും വളർത്തുന്നവനാണല്ലോ. അപ്രകാരമുള്ള അവിടുത്തെ ഞങ്ങൾ സംസ്കരിച്ച സോമത്തോടുകൂടി വിളിക്കുന്നു.

15 ഇന്ദ്രസ്പളുതവൃത്രഹാ

പരസ്പാനോവരേണ്യഃ

സനോരക്ഷിഷച്ചരമംസമധ്യമം

സപശ്ചാൽപാതുനഃപുരഃ॥ വ. 20

അന്വയം:—

| | |
|---|---|
| (അയം) ഇന്ദ്രഃ സ്പട് | സർവ്വസ്യ ജ്ഞാതാ |
| ഉത വൃത്ര-ഹാ | വൃത്രഹന്താ |
| പരഃ-പാഃ | പരപാലയിതാ |
| വരേണ്യഃ സഃ | അസ്മാകം വരണീയസ്സഇന്ദ്രഃ |
| നഃ രക്ഷിഷൽ | അസ്മാകം പ്രഥമം പുത്രം രക്ഷതു |
| ചരമം, മധ്യമം പാതു | അന്ത്യം പുത്രം, മധ്യമം പുത്രഞ്ച<br>രക്ഷതു |
| സഃ നഃ പശ്ചാൽ | അസ്മാൻ പശ്ചാദ്രക്ഷതു |
| സഃ നഃ പുരഃ | പുരസ്താദ്രക്ഷതു |

അർത്ഥം—ഈ ഇന്ദ്രൻ എല്ലാമറിയുന്നവനാകുന്നു. പിന്നെ, ശത്രുഹന്താവാകുന്നു. പരന്മാരെ രക്ഷിക്കുന്നവനാകുന്നു. നമുക്കു വരണീയനായ ആ ഇന്ദ്രൻ നമ്മുടെ ആദ്യത്തെ പുത്രനെ രക്ഷിക്കട്ടെ. ഒടുക്കത്തെ മകനെ രക്ഷിക്കട്ടെ. നടുവിലുള്ള മകനെ

രക്ഷിക്കട്ടേ. നമ്മളെ അവിടുന്നു് പിന്നിൽ കാക്കട്ടേ; മുന്നിൽ കാക്കട്ടേ.

16 ത്വന്നഃപശ്ചാദധരാദുത്തരാൽപുര
ഇന്ദ്രനിപാഹിവിശ്വതഃ
ആരേഅസ്മൽകൃണുഹിദൈവ്യംഭയ
മാരേഹേതീരദേവീഃ

അന്വയം:—

| | |
|---|---|
| ഹേ ഇന്ദ്ര, ത്വം നഃ | — അസ്മാൻ |
| പശ്ചാൽ പുരഃ അധരാൽ ഉത്തരാൽ | — പശ്ചാൽ ഭാഗാൽ, പൂർവ്വഭാഗാൽ അധോഭാഗാൽ ഉത്തര (ദക്ഷിണ) ഭാഗാച്ച |
| വിശ്വതഃ നി പാഹി | — സർവ്വസ്മാൽ പ്രദേശാന്നിതരാം രക്ഷ |
| ദൈവ്യം ഭയം അസ്മൽ | — അസ്മത്തഃ |
| ആരേ കൃണുഹി | — ദൂരേ കുരു |
| (തഥാ) അദേവീഃ ഹേതീഃ ആരേ | — ആസുരാണ്യായുധാനി ദൂരേ കുരു |

അർത്ഥം—അല്ലയോ ഇന്ദ്ര, അവിടുന്നു ഞങ്ങളെ പിന്നിൽ നിന്നും മുന്നിൽ നിന്നും മുകളിൽ നിന്നും, എല്ലായിടത്തുനിന്നും നന്നായി രക്ഷിച്ചാലും. ദേവന്മാർ വരുത്തുന്ന (ആധിദൈവികമായ) ഭയം ഞങ്ങളിൽ നിന്നു ദൂരേ അകററിയാലും. അതുപോലെ ആസുരങ്ങളായ ആയുധങ്ങളെ ദൂരേ അകററിയാലും.

17 അദ്യാദ്യാശ്വശ്വ
ഇന്ദ്രത്രാസ്വപരേചനഃ
വിശ്വാചനോജരിതൄന്ഥ്സൽപതേഅഹാ
ദിവാനക്തഞ്ചരക്ഷിഷഃ

അന്വയം:—
ഹേ സൽ-പതേ, ഇന്ദ്ര, — സതാം പാലകേന്ദ്ര,
അദ്യ-അദ്യ ശ്വഃ-ശ്വഃ — സർവ്വസ്മിന്നസ്മിൻദിനേ,
സർവ്വസ്മിന്നപരേദിനേ
നഃ ത്രാസ്വ — അസ്മാൻ രക്ഷ
(തഥാ) പരേ ച — പരസ്മിൻ തൃതീയേ ദിനേ ച
രക്ഷ,
വിശ്വാ അഹാ ച — സർവ്വാണ്യഹാനി,
സർവ്വേഷ്വഹസ്സു ച രക്ഷ
(തഥാ) ജരിതൄൻ നഃ — സ്തോതൄനസ്മാൻ
ദിവാ നക്തം ച രക്ഷിഷഃ — രക്ഷസി, രക്ഷ

അർത്ഥം—സത്തുക്കളുടെ രക്ഷകനായ ഇന്ദ്ര, എല്ലാ ഇന്നുകളിലും എല്ലാ നാളെകളിലും ഞങ്ങളെ രക്ഷിച്ചാലും. മററന്നാളും ഞങ്ങളെ രക്ഷിച്ചാലും. എല്ലാദിവസങ്ങളിലും രക്ഷിച്ചാലും. സ്തോതാക്കളായ ഞങ്ങളെ രാവും പകലും രക്ഷിച്ചാലും.

18 പ്രഭംഗീശൂരോമഘവാതുവീമഘ
സ്സമ്മിശ്ലോവീര്യായകം
ഉഭാതേബാഹൂവൃഷണാശതക്രതോ
നിയാവജ്രംമിമിക്ഷതുഃ വ. 21

അന്വയം:—
(അയം) മഘ-വാ പ്ര-
ഭംഗീ — ധനവാൻ പ്രഭഞ്ജനശീലഃ
ശൂരഃ, തുവി-മഘഃ — വീരഃ, പ്രഭൂതധനഃ
വീര്യായ കം സം-മിശ്ലഃ — ശത്രൂണാം വീര്യകരണായ
സുഖേന മിശ്രയിതാ
(തതഃ പ്രത്യക്ഷകൃതഃ)
ഹേ ശത-ക്രതോ, തേ
ഉഭാ — ബഹുപ്രജ്ഞ, ഉഭൗ
യാ ബാഹൂ വജ്രം — യൗ ബാഹൂ വജ്രായുധം

നി മിമിക്ഷതുഃ — പരിഗൃഹ്ണീതഃ
(തൗ) വൃഷണാ — കാമാനാം വർഷകൗ

അർത്ഥം—ഈ ഇന്ദ്രൻ ശത്രുപുരങ്ങളെ പിളക്കുന്നവനാകുന്നു. ശൗര്യമുററവനാകുന്നു. ധാരാളം ധനമൊത്തവനാകുന്നു. ശത്രുക്കളുടെ വീര്യത്തെ വളർത്താൻ പോരിൽ ചേരുന്നവനാകുന്നു. (എനി നേരിട്ട്) അല്ലയോ ബഹുപ്രജ്ഞ, വജ്രായുധമേന്തുന്ന അവിടുത്തെ രണ്ടു കൈകൾ കാമവർഷകങ്ങളാകുന്നു.

വർഗ്ഗം:—22—23. പഞ്ചപദാപങ്ക്തിർബൃഹത്യൗഛന്ദസീ

1 പ്രോഅസ്മാഉപസ്തുതിം

ഭരതായജ്ജുജോഷതി

ഉക്ഥൈരിന്ദ്രസ്യമാഹിനം

വയോവർദ്ധന്തിസോമിനോ

ഭദ്രാഇന്ദ്രസ്യരാതയഃ

അന്വയം:—

(ഹേ ഋത്വിജഃ,) യൽ
ജുജോഷതി — യദീന്ദ്രസ്സേവതേ
അസ്മൈ ഉപ—സ്തുതിം
പ്രോ ഭരത — ഉപേത്യക്രിയമാണാം സ്തുതിം പ്രകർഷേണ സമ്പാദയത
സോമിനഃ ഇന്ദ്രസ്യ
മാഹിനം വയഃ — സോമപ്രിയസ്യ തസ്യ സോമലക്ഷണം മഹദ്ധവിഃ
ഉക്ഥൈഃ വർദ്ധന്തി — ശസ്ത്രൈർവ്വർദ്ധയന്തി
ഇന്ദ്രസ്യ രാതയഃ ഭദ്രാഃ — ഇന്ദ്രസ്യ ദാനാനി സ്തുത്യാനി

അർത്ഥം—അല്ലയോ ഋത്വിക്കുകളേ, ഇന്ദ്രൻ കൈക്കൊള്ളുമെങ്കിൽ അടുത്തുചെന്ന് അവിടേയ്ക്കു സ്തുതിചൊല്ലുക. സോമപ്രിയനായ ഇന്ദ്രന്നു ചേർന്ന മഹത്തായ സോമാന്നത്തെ ശസ്ത്രങ്ങളാലാണ് വർദ്ധിപ്പിക്കുന്നത്. ഇന്ദ്രന്റെ ദാനങ്ങൾ സ്തുത്യങ്ങളത്രേ.

2 അയുജോഅസമോനൃഭി
രേകഃകൃഷ്ടീരയാസ്യഃ
പൂർവ്വീരതിപ്രവാവൃധേ
വിശ്വാജാതാന്യോജസാ
ഭദ്രാഇന്ദ്രസ്യരാതയഃ

അന്വയം:—

| | | |
|---|---|---|
| അയുജഃ അസമഃ | — | അസഹായഃ അന്യൈരസദൃശഃ |
| നൃ–ഭിഃ ഏകഃ | — | നേതൃഭിർദ്ദേവൈർമ്മുഖ്യഃ |
| അയാസ്യഃ | — | ഉപക്ഷയിതുമശക്യ ഇന്ദ്രഃ |
| പൂർവ്വീഃ കൃഷ്ടീഃ അതി പ്ര വവൃധേ | — | പൂർവ്വതന്യഃ പ്രജാഃ അതി പ്രവർദ്ധതേ |
| (കിഞ്ച) വിശ്വാ ജാതാനി | — | സർവ്വാണ്യുൽപന്നാനി |
| ഓജസാ | — | ബലേനാതിപ്രവവൃധേ |
| ഇന്ദ്രസ്യ രാതയഃ ഭദ്രാഃ | — | ദാനാനി സ്തുത്യാനി |

അർത്ഥം--ഒററയ്ക്കു് അതുല്യനായി, നേതാക്കളായ ദേവന്മാരാൽ മുഖ്യനാക്കപ്പെട്ടവനായി, അജയ്യനായ ഇന്ദ്രൻ ഇതുവരെയുണ്ടായ പ്രജകളെയെല്ലാം കവിഞ്ഞു വർദ്ധിക്കുന്നു. പിന്നെ, ഭുവനത്തിലുൽപന്നമായ എല്ലാററിനെയും ബലത്താൽ കവിഞ്ഞു വളരുന്നു. ഇന്ദ്രൻെറ ദാനങ്ങളും സ്തുത്യങ്ങളത്രേ.

3 അഹിതേനചിദർവ്വതാ
ജീരദാനുസ്സിഷാസതി
പ്രവാച്യമിന്ദ്രതത്തവ
വീര്യാണികരിഷ്യതോ
ഭദ്രാഇന്ദ്രസ്യരാതയഃ

അന്വയം:—

(അയം) ജീര–ദാനുഃ — ക്ഷിപ്രപ്രദാന ഇന്ദ്രഃ
അഹിതേന ചിൽ
അർവ്വതാ — അയോജിതേനാപ്യശ്വേന
സിസാസതി — സംഭക്തുമിച്ഛതി
(അഥ പ്രത്യക്ഷകൃതഃ)
ഹേ ഇന്ദ്ര, വീര്യാണി
കരിഷ്യതഃ — സാമർത്ഥ്യാനി കുർവ്വതഃ
തവ തൽ പ്ര–വാച്യം — മഹത്വം സ്തുത്യം
ഇന്ദ്രസ്യ രാതയഃ ഭദ്രാഃ — ദാനാനി സ്തുത്യാനി

അർത്ഥം—വേഗത്തിൽ പ്രസാദിച്ചഭീഷ്ടം കൊടുക്കുന്ന ഈ ഇന്ദ്രൻ തേരിൽ കുതിരകളെ പൂട്ടാതെതന്നെ ശത്രുക്കളെ നേരിടാനിച്ഛിക്കുന്നു, ഒരുങ്ങുന്നു. (ഇനി നേരിട്ട്) അല്ലയോ ഇന്ദ്ര, വീരകർമ്മങ്ങൾ ചെയ്യുന്ന അവിടുത്തെ ആ മഹത്വം പ്രശംസനീയമാകുന്നു. ഇന്ദ്രന്റെ ദാനങ്ങൾ സ്തുത്യങ്ങളത്രേ.

4 ആയാഹികൃണവാമത
ഇന്ദ്രബ്രഹ്മാണിവർദ്ധനാ
യേഭിശ്ശവിഷ്ഠചാകനോ
ഭദ്രമിഹശ്രവസ്യതേ
ഭദ്രാഇന്ദ്രസ്യരാതയഃ

അന്വയം:—

ഹേ ശവിഷ്ഠ, ഇന്ദ്ര, — അതിശയേന ബലവന്നിന്ദ്ര,
യേഭിഃ ശ്രവസ്യതേ — യൈഃ കർമ്മഭിരന്നമിച്ഛതേ
സ്തോത്രേ
ഭദ്രം ചാകനഃ — മംഗളം കർത്തും കാമയസേ
(താനി) വർദ്ധനാ
ബ്രഹ്മാണി — ഉത്സാഹവർദ്ധകാനി
പരിവൃദ്ധാനി സ്തോത്രാണി
തേ കൃണവാമ — കരവാമ

ഇഹ ആ യാഹി — ഇഹാസ്മിൻ യജ്ഞേ ആഗച്ഛ
ഇന്ദ്രസ്യ രാതയഃ ഭദ്രാഃ — ദാനാനി സ്തുത്യാനി

അത്ഥം—ഏററവും ബലവാനായ ഇന്ദ്ര, കമ്മങ്ങളേവയാല വിടേസ്സു് അന്നമിച്ഛിയ്ക്കുന്ന, സ്തോതാവിന്നു് മംഗളമണക്കാൻ കഴിയുമോ, അപ്രകാരമുള്ള ഉത്സാഹവദ്ധകങ്ങളായ മികച്ച സ്തോത്രങ്ങൾ ഞങ്ങൾ ചൊല്ലുന്നു. ഇവിടെ ഞങ്ങളുടെ യജ്ഞത്തിൽ വന്നാലും. ഇന്ദ്രൻെറ ദാനങ്ങൾ സ്തുത്യങ്ങളത്രെ.

5 ധൃഷതശ്ചിദ്ധൃഷന്മനഃ

കൃണോഷീന്ദ്രയത്വം

തീവ്രൈസ്സോമൈസ്സപര്യതോ

നമോഭിഃപ്രതിഭൂഷതോ

ഭദ്രാഇന്ദ്രസ്യരാതയഃ

അന്വയം:—

ഹേ ഇന്ദ്ര, ധൃഷതഃ
ചിൽ ധൃഷൽ — ധൃഷ്ടാദപിധൃഷ്ടം
മനഃ കൃണോഷി — കരോഷി
യൽ ത്വം തീവ്രൈഃ
സോമൈഃ സപര്യതഃ — മദകരൈഃ സോമൈഃ പൂജയതഃ
നമഃ—ഭിഃ പ്രതി—ഭൂഷതഃ — അലങ്കുവ്വതശ്ച യജമാന
സ്യാഭിമതം ദിത്സതി
ഇന്ദ്രസ്യ രാതയഃ ഭദ്രാഃ — ദാനാനി സ്തുത്യാനി

അത്ഥം—അല്ലയോ ഇന്ദ്ര, അവിടുന്നു മനസ്സിനെ ധീരത്തിലുംവെച്ച് ധീരമാക്കുന്നു. അതിനാൽ കടുത്ത ഹഷ്മുളവാക്കുന്ന സോമങ്ങളാൽ പൂജിക്കുന്നവനും സ്തോത്രങ്ങളാലവിടുത്തെ അലങ്കരിക്കുന്നവനുമായ യജമാനന്നു് അഭീഷ്ടങ്ങളേകുന്നു. ഇന്ദ്രൻെറ ദാനങ്ങൾ സ്തുത്യങ്ങളത്രേ.

6 അവചഷ്ടഋചീഷ
മോവതാഁഇവമാനുഷഃ
ജുഷ്ട്വീദക്ഷസ്യസോമിന
സ്സഖായങ്കൃണുതേയുജം
ഭദ്രാഇന്ദ്രസ്യരാതയഃ വ. 22

അന്വയം:—

(അയമിന്ദ്രഃ) ഋചീഷമഃ — ഋചാ സ്തുത്യാ സമസ്തയാ പരിച്ഛിന്നസ്സൻ
മാനുഷഃ അവതാൻ-ഇവ — അവതാൻ, തൃഷിതോ മനുഷ്യഃ ജലപൂർണ്ണാൻ കൂപാദീനിവ
അവ ചഷ്ടേ — അസ്മാനനുഗ്രഹേണ പശ്യതി
(ദൃഷ്ട്വാ ച) ജുഷ്ട്വീ — പ്രീതോയം
ദക്ഷസ്യ സോമിനഃ — പ്രവൃദ്ധസ്യ യജമാനസ്യ
യുജം സഖായം കൃണുതേ — യുജ്യമാനം സഖായം കരോതി, തസ്യാഭിമതം സാധയതി
ഇന്ദ്രസ്യ രാതയഃ ഭദ്രാഃ — ദാനാനി സ്തുത്യാനി

അർത്ഥം—ഈ ഇന്ദ്രൻ സ്തുതികളാലെല്ലാം അളക്കപ്പെട്ടവനായി, സ്തുതികളുടെ അളവുകളിലൊതുങ്ങിയവനായി, ദാഹിച്ച ഒരു മനുഷ്യൻ കിണർ മുതലായ ജലാശയങ്ങളെയെന്നപോലെ, സോമപാനേച്ഛയാൽ നമ്മെ അനുഗ്രഹത്തോടുകൂടി നോക്കുന്നു. നോക്കിയിട്ടു് പ്രീതിപൂണ്ടു്, പ്രവൃദ്ധനും സോമമേന്തുന്നവനുമായ യജമാനനെ തനിക്കുയോജിച്ച ചങ്ങാതിയാക്കുന്നു. അവന്റെ അഭിമതങ്ങളും സാധിപ്പിക്കുന്നു. ഇന്ദ്രന്റെ ദാനങ്ങളും സ്തുത്യങ്ങളത്രേ.

7 വിശ്വേതഇന്ദ്രവീര്യ
ന്ദേവാഅനുക്രതുന്ദദുഃ
ഭുവോവിശ്വസ്യഗോപതിഃപുരുഷ്ടുത
ഭദ്രാഇന്ദ്രസ്യരാതയഃ

അന്വയം:–

ഹേ പുരു–സ്തുത, ഇന്ദ്ര, — ബഹുസ്തുതേന്ദ്ര,
തേ വീര്യം ക്രതും അനു — സാമർത്ഥ്യം പ്രജ്ഞാഞ്ചാനുസൃത്യ
വിശ്വേ ദേവാഃ ദക്ഷഃ — ദധുഃ, ധാരയന്തി, തവബലേന പ്രജ്ഞയാചതേ ബലിനഃ പ്രജ്ഞാവന്തഃ

(താദൃശസ്ത്വം) വിശ്വസ്യ
ഗോ–പതിഃ ഭുവഃ — ഗവാം, ഉദകാനാം പതിർഭവസി
ഇന്ദ്രസ്യ രാതയഃ ഭദ്രാഃ — ദാനാനി സ്തുത്യാനി

അർത്ഥം_വളരെപ്പേരാൽ സ്തുതിയ്ക്കപ്പെട്ട ഇന്ദ്ര, അവിടുത്തെ വീര്യവും ജ്ഞാനവുമനുസരിച്ചാണ് എല്ലാ ദേവന്മാരും ബലവും പ്രജ്ഞയും ധരിക്കുന്നത്. അപ്രകാരമുള്ള അവിടുന്ന് ഭുവനത്തിലുള്ള ജലങ്ങൾക്ക സ്വാമിയാകുന്നു. ഇന്ദ്രന്റെ ദാനങ്ങൾ സ്തുത്യങ്ങളത്രേ.

8 ഗൃണേതദിന്ദ്രതേശവ

ഉപമന്ദേവതാതയേ

യദ്ധംസിവൃത്രമോജസാശചീപതേ

ഭദ്രാഇന്ദ്രസ്യരാതയഃ

അന്വയം:–

ഹേ ശചീ–പതേ, ഇന്ദ്ര, — കർമ്മനാഥേന്ദ്ര,
യൽ വൃത്രം ഓജസാ
ഹംസി — യസ്മാൽ ബലേന നാശയസി
തേ തൽ ഉപ_മം ശവഃ — അന്തികം ബലം
ദേവ–താതയേ ഗൃണേ — യജ്ഞാർത്ഥം സ്തുവേ,
ഇന്ദ്രസ്യ രാതയഃ ഭദ്രാഃ — ദാനാനി സ്തുത്യാനി

അർത്ഥം–അല്ലയോ കർമ്മനാഥനായ ഇന്ദ്ര. വൃത്രനെ അവിടുന്നു യാതൊരു ബലത്താൽ കൊല്ലുന്നുവോ അവിടേയ്ക്കു സമീപസ്ഥമായ ആ ബലത്തെ യജ്ഞത്തിന്നുവേണ്ടി ഞാൻ സ്തുതിക്കുന്നു. ഇന്ദ്രന്റെ ദാനങ്ങൾ സ്തുത്യങ്ങളത്രേ.

9 സമനേവവപുഷ്യതഃ
കൃണവന്മാനുഷായുഗാ
വിദേതദിന്ദ്രശ്ചേതനമധശ്രുതോ
ഭദ്രാഇന്ദ്രസ്യരാതയഃ

അന്വയം:—

| | |
|---|---|
| സമനാ—ഇവ | — സമാനമനസ്കായോഷിദിവ |
| (പുരുഷാൻ) വപുഷ്യതഃ | |
| കൃണവൽ | — ശരീരമിച്ഛതഃ സ്വവശാൻ കരോതി, ഏവമയമിന്ദ്രഃ |
| മാനുഷാ യുഗാ വിദേ | — മനുഷ്യാൻ യുഗാൻ, കാലാൻ ലംഭയതി |
| തൽ ഇന്ദ്രഃ ചേതനം | — യുഗനിർമ്മാണകർമ്മ സർവ്വസ്യ പ്രജ്ഞാപകം കൃതവാൻ |
| അധ ശ്രുതഃ | — സർവ്വത്രഖ്യാതോഭൂൽ |
| ഇന്ദ്രസ്യ രാതയഃ ഭദ്രാഃ | — ദാനാനി സ്തുത്യാനി |

അർത്ഥം—മനസ്സിണങ്ങിയ സ്ത്രീ, പുരുഷന്മാരെ തന്റെ ശരീരമിച്ഛിക്കുന്നവരായി സ്വവശന്മാരാക്കുന്നപോലെ, ഈ ഇന്ദ്രൻ മനുഷ്യക്കു കാലങ്ങളെ നേടുന്നു. ഇന്ദ്രൻ ആ കാലനിർമ്മാണകർമ്മം ഏവരെയുമറിയിക്കുകയും ചെയ്തു. പിന്നെ അവിടുന്നു് എങ്ങും പ്രഖ്യാതനായി. ഇന്ദ്രന്റെ ദാനങ്ങൾ സ്തുത്യങ്ങളത്രേ.

10 ഉജ്ജാതമിന്ദ്രതേശവ
ഉത്ത്വാമുത്തവക്രത്തും
ഭൂരിഗോഭൂരിവാവൃധു
ർമ്മഘവന്തവശർമ്മണി
ഭദ്രാഇന്ദ്രസ്യരാതയഃ

അന്വയം:—

ഹേ ഭൂരി—ഗോ, മഘ—
വൻ, ഇന്ദ്ര, — ബഹുപശോ, ധനവന്നിന്ദ്ര,
തവ ശർമ്മണി — സുഖേ അനുഗ്രഹേ യേ വർത്തന്തേ
(തേ സോമേന) തേ
ജാതം ശവഃ ഉൽ വവൃധുഃ — തവബലമുദ്വർദ്ധയന്തി
(ന കേവലം ബലം)
ത്വാം ഉൽ — ത്വാമേവ സ്തുത്യാദിനാ വർദ്ധയന്തി
തവക്രതും ഭൂരി ഉൽ — പ്രജ്ഞാമാധിക്യേന വർദ്ധയന്തി
ഇന്ദ്രസ്യ രാതയഃ ഭദ്രാഃ — ദാനാനി സ്തുത്യാനി

അർത്ഥം—ധാരാളം പശുക്കളൊത്തവനും ധനമുടയവനുമായ ഇന്ദ്ര, അവിടുത്തെ അനുഗ്രഹസുഖത്തിൽ മേവുന്നവർ സോമത്താലവിടുത്തെ സ്വതസ്സിദ്ധമായ ബലം മേൽക്കുമേൽ വളർത്തുന്നു. അത്രയല്ല, അവിടുത്തെത്തന്നെ സ്തുത്യാദിയാൽ മേന്മേൽ വർദ്ധിപ്പിയ്ക്കുന്നു. അവിടുത്തെ പ്രജ്ഞയെ അമിതമായി വർദ്ധിപ്പിക്കുന്നു. ഇന്ദ്രന്റെ ദാനങ്ങൾ സ്തുത്യങ്ങളത്രേ.

11 അഹഞ്ചത്വഞ്ചവൃത്രഹ

ന്ത്സംയുജ്യാവസനിഭ്യആ

അരാതീവാചിദദ്രി

വോനുനൗശൂരമംസതേ

ഭദ്രാഇന്ദ്രസ്യരാതയഃ

അന്വയം:—

ഹേ വൃത്ര—ഹൻ, ത്വം ച
അഹം ച —
സനി—ഭ്യഃ ആ — യാവതാ കാലേന ധനാനി
ലഭ്യന്തേ താവൽകാലം
സം യുജ്യാവ — സങ്ഗതൗ ഭവാവ
ഹേ ശൂര, അദ്രി—വഃ നൗ — ശൗര്യവൻ, വജ്രവൻ,
[illegible]വയോഃ

| | |
|---|---|
| അരാതി--വാ ചിൽ | അദാനോപിത്വദത്തധനസ്യ |
| അനു മംസതേ | അനുമതിങ്കരോതി |
| ഇന്ദ്രസ്യ രാതയഃ ഭദ്രാഃ | ദാനാനി സ്തുത്യാനി |

അർത്ഥം—അല്ലയോ വൃത്രഹന്താവേ, അവിടുന്നും ഞാനും ധനങ്ങൾ ലഭിക്കുന്നതുവരെ (സായൂജ്യധനം നേടുംവരെ) കൂടിച്ചേരാവൂ. അല്ലയോ ശൂര, വജ്രായുധ, അപ്രകാരം കൂടിച്ചേർന്ന് നമ്മുടെ, അവിടുന്നരുളിയ ധനത്തെ, ദാനം ചെയ്യാത്തവൻ പോലും കൊണ്ടാടുന്നു. ഇന്ദ്രന്റെ ദാനങ്ങൾ സ്തുത്യങ്ങളത്രേ.

12 സത്യമിദ്വാഉതംവയ
മിന്ദ്രംസ്തവാമനാനൃതം
മഹാഁഅസുന്വതോവധോ
ഭൂരിജ്യോതീംഷിസുന്വതോ
ഭദ്രാഇന്ദ്രസ്യരാതയഃ വ. 23

അന്വയം:—

| | |
|---|---|
| വയം ഉ തം ഇന്ദ്രം | പ്രഗാഥാസ്തം |
| സത്യം ഇൽ വൈ സ്തവാമ | |
| ന അനൃതം | അസത്യം ന സ്തവാമ, അസ്മാഭിരുക്താഗുണാസ്സത്യാഃ |
| (സ്തുത്യസ്യേന്ദ്രസ്യ) | |
| അസുന്വതഃ | അയജ്വുഃ |
| വധഃ മഹാൻ | ദണ്ഡഃ പ്രഭൂതോ ഭവതി |
| ഭൂരി ജ്യോതീംഷി | |
| സുന്വതഃ | ബഹൂൻ സോമാനഭിഷവം കുർവ്വതോ യജമാസ്യാനുഗ്രഹശ്ച മഹാൻ ഭവതി |
| ഇന്ദ്രസ്യ രാതയഃ ഭദ്രാഃ | ദാനാനി സ്തുത്യാനി |

അർത്ഥം—പ്രഗാഥന്മാരായ നമ്മളാവട്ടേ, ആ ഇന്ദ്രനെ സത്യമായിട്ടു തന്നെയാണ് സ്തുതിക്കുന്നത്, അസത്യമായിട്ടല്ല; നമ്മൾ പറഞ്ഞ ഗുണങ്ങൾ സത്യങ്ങളാണ്. അപ്രകാരം സ്തുതി

ക്കപ്പെട്ട ഇന്ദ്രന്റെ യജിക്കാത്തവന്നുള്ള ശിക്ഷ വലുതത്രേ. ജ്യോതിഷ്ഠരങ്ങളായ ധാരാളം സോമങ്ങൾ സംസ്കരിക്കുന്ന യജമാനന്നു് അവിടത്തെ അനുഗ്രഹവും മഹത്തത്രേ. ഇന്ദ്രന്റെ ദാനങ്ങൾ സ്തുത്യങ്ങളത്രേ.

വഗ്ഗം–24–25 അനുഷ്ടുബ്ഗ്ഗായത്രീത്രിഷ്ടുഭശ്ഛന്ദാംസി,
ഇന്ദ്രഃ ദേവാശ്ചദേവതാ

1 സപൂവ്വ്യോമഹാനാം

വേനഃക്രതുഭിരാനജേ

യസ്യദ്വാരാമനുഷ്പിതാ

ദേവേഷുധിയആനജേ

അന്വയം:—

യസ്യ ദ്വാരാ ധിയഃ — ഇന്ദ്രസ്യ പ്രാപ്ത്യുപായാനി കമ്മാണി
ദേവേഷു പിതാ മനുഃ
ആനജേ — തേഷുമദ്ധ്യേ സവ്വേഷാം പാലകഃ പ്രാപ
സഃ പൂവ്വ്യഃ മഹാനാം
ക്രതു–ഭിഃ — മുഖ്യ ഇന്ദ്രഃ യജമാനാനാം കമ്മഭിന്നിമിത്തഭൂതൈഃ
വേനഃ ആനജേ — ഹവിഃ കാമയമാന ആഗച്ഛതി

അത്ഥം–യാതൊരീന്ദ്രനെ പ്രാപിക്കാനുള്ള കവാടങ്ങളായ കമ്മങ്ങളെ ഏവക്കും അച്ഛനായ മനു കടന്നു്, ദേവന്മാക്കിടയിലെത്തിയോ, ആ മുഖ്യനായ ഇന്ദ്രൻ ആ യജമാനന്മാരുടെ കമ്മങ്ങളെ ഉദ്ദേശിച്ചു് ഹവിസ്സിച്ഛിച്ചുവന്നുചേരുന്നു.

2 ദിവോമാനന്നോൽസദ

ന്ഥ്സോമപൃഷ്ഠാസോഅദ്രയഃ

ഉക്ഥാബ്രഹ്മചശംസ്യാ

അന്വയം:—

സോമ_പൃഷ്ഠാസഃ അദ്രയഃ — സോമസ്പ്രഷ്ടാരഃ അഭിഷവ
കൎത്താരോ ഗ്രാവാണഃ
ദിവഃ മാനം ന ഉൽ സദൻ — ദ്യുലോകസ്യ നിൎമ്മാതാരം ന
ഉൽസൃജന്തു
(കിഞ്ച) ഉക്ഥാ ബ്രഹ്മ
ച ശംസ്യാ — ശസ്ത്രാണി സ്തോത്രാണി ച
ശംസനീയാനി ഭവന്തി

അൎത്ഥം—സോമത്തെ തൊടുന്ന, സംസ്കരിക്കുന്ന പിടിക്കല്ലുകൾ ദ്യുലോകനിൎമ്മാതാവായ ഇന്ദ്രനെ ഉപേക്ഷിക്കാതിരിക്കട്ടെ. പിന്നെ ശസ്ത്രങ്ങളും സ്തോത്രങ്ങളും ചൊല്ലപ്പെടേണ്ടവയാകുന്നു.

3 സവിദ്വാ̐അങ്ഗിരോഭ്യ

ഇന്ദ്രോഗാഅവൃണോദപ

സ്തുഷേതദസ്യപൗംസ്യം

അന്വയം:—

സഃ വിദ്വാൻ ഇന്ദ്രഃ — ഉപായജ്ഞസ്സഃ
അങ്ഗിരഃ—ഭ്യഃ ഗാഃ
അപ അവൃണോൽ — പണിഭിരപഹൃതാഃ പിഹി
താ ഗാ അപവാരിതവാൻ
തൽ അസ്യ പൗംസ്യം
സ്തുഷേ — പുംസ്ത്വം, സാമൎത്ഥ്യം സ്തൗമി

അൎത്ഥം-കാര്യം നേടാനുള്ള വഴികളറിയുന്ന ആ ഇന്ദ്രൻ അങ്ഗിരസ്സുകൾക്കുവേണ്ടി പണികളാലപഹരിക്കപ്പെട്ടു് ഒളിപ്പിക്കപ്പെട്ട പശുക്കളെ തുറന്നുകൊടുത്തു. അവിടുത്തെ ആ പൗരുഷത്തെ ഞാൻ സ്തുതിക്കുന്നു.

4 സപ്രത്നഥാകവിവൃധ

ഇന്ദ്രോവാകസ്യവക്ഷണിഃ

ശിവോഅൎക്കസ്യഹോമ

ന്യസ്മത്രാഗന്ത്വവസേ

അന്വയം:–

സഃ ഇന്ദ്രഃ പ്രത്ന–ഥാ — പ്രത്നവൽ, പൂർവ്വസ്മിൻകാലേ യഥാതഥാ
കവി–വൃധഃ — മേധാവിനാം, സ്തോതൄണാം വർദ്ധയിതാ

വാകസ്യ വക്ഷണിഃ ശിവഃ — സ്തോതുർവ്വോഢാ, സുഖകരഃ
അർക്കസ്യ ഹോമനി — അർച്ചനീയസ്യ സോമസ്യ ഹോമേ
അസ്മ–ത്രാ അവസേ ഗന്തു — അസ്മാസു നിമിത്തഭൂതേഷു രക്ഷണായ ഗച്ഛതു

അർത്ഥം—ആ ഇന്ദ്രൻ മുൻകാലത്തെന്നപോലെ മേധാവികളായ സ്തോതാക്കളെ വളർത്തുന്നവനും സ്തോതാവിനെ വഹിക്കുന്നവനും സുഖകരനുമായി, പൂജ്യമായ സോമത്തിൻെറ ഹോമത്തിൽ നമ്മളുടെ രക്ഷയ്ക്കായെത്തട്ടേ.

5 ആദൂനുതേഅനുക്രതും
സ്വാഹാവരസ്യയജ്യവഃ
ശ്വാത്രമർക്കാഅനൂഷ
തേന്ദ്രഗോത്രസ്യദാവനേ

അന്വയം:–

ആൽ ഉ നു ഹേ ഇന്ദ്ര, — അനന്തരമേവാദ്യ ഹേ ഇന്ദ്ര,
സ്വാഹാ വരസ്യ യജ്യവഃ — സ്വാഹാദേവ്യാഃ പതേരഗ്നേര്യഷ്ടാരഃ, ത്വദർത്ഥമഗ്നൗ യാഗം കുർവ്വന്തഃ
അർക്കാഃ ഗോത്രസ്യ ദാവനേ — സ്തോതാരോധനസ്യ ദാനായ
ശ്വാത്രം — ക്ഷിപ്രം, അതിശീഘ്രം, അതിദീർഘം
തേ ക്രതും അനു അനൂഷത — ത്വകർമ്മാനുക്രമേണ സ്തുവന്തി

അർത്ഥം—അതിന്നുശേഷം ഇപ്പോൾത്തന്നെ, അല്ലയോ ഇന്ദ്ര, സ്വാഹാപതിയായ അഗ്നിക്കു്, അവിടേയ്ക്കുവേണ്ടി അഗ്നിയിൽ യാഗംചെയ്യുന്ന സ്തോതാക്കൾ ധനദാനത്തിന്നായി വേഗത്തിലും ദീർഘമായും അവിടുത്തെ കർമ്മത്തെ ക്രമമായി സ്തുതിക്കുന്നു.

6 ഇന്ദ്രേവിശ്വാനിവീര്യാ

കൃതാനികർത്ത്വാനിച

യമർക്കാഅധ്വരംവിദുഃ വ. 24

അന്വയം:—

യം അർക്കാഃ അധ്വരം
വിദുഃ — സ്തോതാരഃ അഹിംസകം ജാനന്തി
(തസ്മിൻ) ഇന്ദ്രേ
വിശ്വാനി വീര്യാ — സർവ്വാണി സാമർത്ഥ്യാനി
കൃതാനി കർത്ത്വാനി ച — ചരിതാനി ചരിതവ്യാനി ച വർത്തന്തേ

അർത്ഥം—ആരെയാണോ സ്തോതാക്കൾ ഹിംസിക്കാത്തവനായറിയുന്നതു്, ആ ഇന്ദ്രങ്കൽ എല്ലാ വീരകർമ്മങ്ങളും ചെയ്യപ്പെട്ടവയായും ചെയ്യപ്പെടേണ്ടവയായും വർത്തിക്കുന്നു.

7 യൽപാഞ്ചജന്യയാവി

ശേന്ദ്രേഘോഷാഅസൃക്ഷത

അസ്തൃണാദ്ബർഹണാവിപോഽഽ

ര്യോമാനസ്യസക്ഷയഃ

അന്വയം:—

യൽ പാഞ്ച–ജന്യയാ
വിശാ — യദാ പഞ്ചജനഭവയാ പ്രജയാ
ഇന്ദ്രേ ഘോഷാഃ
അസൃക്ഷത — സ്തുതയഃ സൃജ്യന്തേ, തദാനീം

(അയമിന്ദ്രഃ)
അസ്തൃണാൽ — ശത്രൂൻ ഹിനസ്തി
ബഹ്ണാ സഃ അര്യഃ — സ്വമഹത്വേന സസ്സ്വാമീ
വിപഃ മാനസ്യ ക്ഷയഃ — മേധാവിനസ്തോതുമ്മമ
പൂജായാനിവാസോ ഭവതി

അത്ഥം—എപ്പോൾ നിഷാദന്മാരുൾപ്പെട്ട അഞ്ചുവണ്ണങ്ങളിലുള്ള (ഏതെങ്കിലും) ജനത്താൽ ഇന്ദ്രങ്കൽ സ്തുതികൾ ചെയ്യപ്പെടുന്നുവോ, അപ്പോൾ ആ ഇന്ദ്രൻ ശത്രുക്കളെ ഹിംസിക്കുന്നു. സ്വപ്രഭാവംകൊണ്ടു് സ്വാമിയായ അവിടുന്നു് മേധാവിയായ (സ്തോതാവായ) എൻെറ പൂജക്കു നിവാസഭൂതൻ, പാത്രഭൂതനാകുന്നു.

8 ഇയമൃതേഅനുഷ്ടുതി
ശ്ചകൃഷേതാനിപൗംസ്യാ
പ്രാവശ്ചക്രസ്യവത്തനിം

അന്വയം:—
ഇയം അനു–സ്തുതിഃ തേ — ത്വദത്ഥ(ക്രിയമാണാനുകൂലാ
സ്തുതിഃ തവ സ്വഭൂതാ
(യതഃ) താനി പൗംസ്യാ
ചകൃഷേ — പ്രസിദ്ധാനി വൃത്രവധാദീനി
വീരകമ്മാണി ത്വം
കൃതവാനസി
(തതഃ) ചക്രസ്യ
വത്തനിം — രഥാധാരസ്യമാഗ്ഗം
പ്ര ആവഃ ഉ — പ്രാരക്ഷ ഏവ, രക്ഷഃകൃതചക്ര
മാഗ്ഗബാധാ യഥാ ന ഭവതി
തഥാ രക്ഷസി

അത്ഥം—അവിടേയ്ക്കായി ചൊല്ലപ്പെടുന്ന ഈ അനുകൂല സ്തുതി അവിടേയ്ക്കു ചേന്നതാകുന്നു. അവിടുന്നു് പ്രസിദ്ധങ്ങളായ വൃത്രവധാദികളായ പൗരുഷകമ്മങ്ങൾ ചെയ്തവനാകയാൽ, (ഞങ്ങളുടെ യാഗത്തിന്നു വരവേ) തേരിൻെറ താങ്ങായ ചക്ര

ത്തിന്റെ ഗതിക്കു് രക്ഷസ്സുകളേല്പിച്ചേയ്ക്കാവുന്ന ബാധ വരാത്തവിധം അവിടുന്നു കാക്കുന്നു, കാത്താലും.

9 അസ്യവൃഷ്ണോവ്യോദന

ഉരുക്രമിഷ്ടജീവസേ

യവന്നപശ്വആദദേ

അന്വയം:—

അസ്യ വൃഷ്ണഃ വി–ഓദനേ – വർഷിതുരിന്ദ്രസ്യ വിവിധാന്നേ ലബ്ധേസതി

ജീവസേ ഉരു ക്രമിഷ്ട — ജീവനായ സർവ്വോലോകഃ വിസ്തീർണ്ണം പാദനിധാനം കരോതി

(തഥാ കൃത്വാ) പശ്വഃ

യവം ന ആ ദദേ — പശവോ യവമിവ സർവ്വോജനഃ ആദത്തേ

അർത്ഥം—ഈ വർഷകനായ ഇന്ദ്രന്റെ വിവിധങ്ങളായ അന്നങ്ങൾ (അനുഗ്രഹങ്ങൾ) ലഭിക്കുവേയാണു്, ജീവിതയാപനത്തിന്നായി ലോകം, വിരുത്തിയ കാൽവെപ്പു നടത്തുന്നതു്. (ഇന്ദ്രന്റെ അനുഗ്രഹംകൊണ്ടാണു് ജീവികൾ ഓരോ സ്വസ്വവ്യാപാരത്തിലേർപ്പെടുന്നതു്.) അപ്രകാരം ചെയ്തിട്ടു്, പശുക്കൾ യവധാന്യത്തെയെന്നപോലെ, സ്വന്തം ഭക്ഷണം, ഭോഗം, സ്വസ്വവ്യാപാരം എല്ലാ ജനങ്ങളും കൈക്കൊള്ളുന്നു. (പരമാത്മരൂപനായ പരമേശ്വരന്റെ ആന്തരാനുജ്ഞകൊണ്ടാണു് ജീവാത്മാക്കൾ ഓരോ പ്രകാരത്തിൽ ചലിക്കുന്നതും ചരിക്കുന്നതും.)

10 തദ്ദധാനാഅവസ്യവോ

യുഷ്മാഭിർദ്ദക്ഷപിതരഃ

സ്യാമമരുത്വതോവൃധേ

അന്വയം:–

(ഹേ ഋത്വിജഃ,) തൽ ദധാനാഃ — സ്തോത്രം ധാരയന്തഃ
അവസ്യവഃ യുഷ്മാഭിഃ — രക്ഷാകാമാവയം യുഷ്മാഭിസ്സഹിതാഃ
മരുത്വതഃ വൃധേ — മരുദ്ഭിര്യുക്തസ്യേന്ദ്രസ്യ വൎദ്ധനായ, തന്നിവേദനാൎത്ഥം
ദക്ഷ–പിതരഃ സ്യാമ — അന്നസ്യ പിതരഃ പാലകാഃ, സ്വാമിനോ ഭവേമ

അർത്ഥം—അല്ലയോ ഋത്വിക്കുകളേ, സ്തോത്രമേന്തുന്ന ഞങ്ങൾ രക്ഷേച്ഛുക്കളായി നിങ്ങളോടു ചേൎന്നു്, മരുത്തുക്കളൊത്ത ഇന്ദ്രന്റെ വൎദ്ധനത്തിന്നായി, അവിടേക്കു യാഗാദികൎമ്മങ്ങളൎപ്പിയ്ക്കാനായി, അന്നത്തിന്നു സ്വാമികൾ, ഉടയവരാകാവൂ. (അന്നം സ്വഭോഗത്തിന്നല്ല. യാഗാദി കൎമ്മനിൎവ്വഹണത്തിന്നത്രേ.)

11 ബളൃത്വിയായധാമ്ന
ഋക്വഭിശ്ശൂരനോനുമഃ
ജേഷാമേന്ദ്രത്വയായുജാ

അന്വയം:–

ഹേ ശൂര, ഇന്ദ്ര, — വിക്രാന്തേന്ദ്ര,
ഋത്വിയായ — ഋതൗ ഭവായ, യാഗകാലേ പ്രാദുർഭൂതായ
ബട് ധാമ്നേ — സത്യം കല്യാണതേജസേ തുഭ്യം
ഋക്വ–ഭിഃ നോനുമഃ — മന്ത്രൈരതിശയേന സ്തുമഃ
(സ്തുതേന) ത്വയാ യുജാ — സഹായഭൂതേന
ജേഷാമ — ശത്രൂൻ ജയേമ

അൎത്ഥം—അല്ലയോ വിക്രമിയായ ഇന്ദ്ര, ഋതുവിങ്കൽ; അതായതു് യാഗത്തിന്നു വിധിച്ച കാലത്തിൽ, പ്രത്യക്ഷപ്പെടുന്ന, സത്യമായും മംഗളതേജസ്സുറ്റ അവിടേയ്ക്കായി മന്ത്ര

ങ്ങളാൽ നന്നായി സ്തുതിചൊല്ലുന്നു. സ്തുതിക്കപ്പെട്ട അവിടത്തെ സാഹായ്യത്തോടുകൂടി ശത്രുക്കളെ ജയിക്കാവൂ.

12 അസ്മേരുദ്രാമേഹനാപർവ്വതാസോ
വൃത്രഹത്യേഭരഹൂതൗസജോഷാഃ
യശ്ശംസതേസ്തുവതേധായിപജ്ര
ഇന്ദ്രജ്യേഷ്ഠാഅസ്മാഁഅവന്തുദേവാഃ
വ. 25

അന്വയം:—

| | |
|---|---|
| രുദ്രാഃ, മേഹനാ പർവ്വതാസഃ | — ഏകാദശരുദ്രാഃ, ഉദകസേചകാ മേഘാഃ |
| അസ്മേ | — അസ്മാസു രക്ഷാം കുർവ്വന്തു |
| വൃത്ര–ഹത്യേ ഭരേ–ഹൂതൗ | — വൃത്രഹനനസാധനേ, സങ്ഗ്രാമാഹ്വാനേ |
| സ–ജോഷാഃ ശംസതേ, സ്തുവതേ | — സമാനപ്രീതിശ്ച ശസ്ത്രങ്കുർവ്വതേ, സ്തോത്രങ്കുർവ്വതേ |
| യഃ പജ്രഃ, ധായി | — ബലവാൻ, ബലദാതാസൻ ഗച്ഛതി |
| (സ ഇന്ദ്രശ്ച) ഇന്ദ്ര–ജ്യേഷ്ഠാഃ | — ഇന്ദ്രഃ ജ്യേഷ്ഠോയേഷാം, താദൃശാഃ |
| ദേവാഃ അസ്മാൻ അവന്തു | — രക്ഷന്തു |

അർത്ഥം–പതിനൊന്നു രുദ്രന്മാരും ജലം പൊഴിക്കുന്ന മേഘങ്ങളും നമ്മളിൽ രക്ഷ ചെയ്യട്ടേ. വൃത്രവധത്തിന്നുള്ള പോർവിളിയിൽ മററു ദേവന്മാരോടൊപ്പം പ്രീതനായി, ഏവൻ യജമാനനുവേണ്ടി, ശസ്ത്രം ചൊല്ലുന്നവനും സ്തുതിക്കുന്നവനും ബലമേകുന്നവനായി വരുന്നുവോ, ആ ഇന്ദ്രനും ഇന്ദ്രനാകുന്ന ജ്യേഷ്ഠനോട് (നേതാവിനോട്) കൂടി ദേവന്മാരും നമ്മളെ രക്ഷിക്കട്ടേ.

വർഗ്ഗം–26–27 ഗായത്രീച്ഛന്ദഃ, ഇന്ദ്രോദേവതാ.

1 ഉത്ത്വാമന്ദന്തുസ്തോമാഃ

കൃണുഷ്വരാധോഅദ്രിവഃ

അവബ്രഹ്മദ്വിഷോജഹി

അന്വയം:–

| | |
|---|---|
| ഹേ അദ്രി–വഃ | — വജ്രവന്നിന്ദ്ര, |
| ത്വാ സ്തോമാഃ ഉൽ മന്ദന്തു | — ത്വാം സ്തുതയഃ ഉൽകൃഷ്ടം മാദയന്തു |
| രാധഃ കൃണുഷ്വ | — അസ്മഭ്യം അന്നം കുരു |
| (കിം ച) ബ്രഹ്മ–ദ്വിഷഃ അവ ജഹി | — ബ്രാഹ്മണ ദ്വേഷ്ടൄൻ ജഹി |

അർത്ഥം–അല്ലയോ വജ്രായുധനായ ഇന്ദ്ര, ഞങ്ങളുടെ സ്തുതികളവിടത്തെ ഏററവും ഹർഷിപ്പിക്കട്ടേ. ഞങ്ങൾക്കന്നമുണ്ടാക്കിയാലും. ബ്രാഹ്മണരെ (കർമ്മികളെ) ദ്വേഷിക്കുന്നവരെ ഒടുക്കിയാലും.

2 പദാപണീഁരരാധസോ

നിബാധസ്വമഹാഁഅസി

നഹിത്വാകശ്ചനപ്രതി

അന്വയം:–

| | |
|---|---|
| പണീൻ അരാധസഃ | — ലുബ്ധാൻ, യഷ്ടവ്യധനരഹിതാൻ, കേവലധനാൻ |
| പദാ നി ബാധസ്വ | — പാദേനാതിക്രമ്യ നിതരാം ബാധസ്വ |
| (ത്വം) മഹാൻ അസി | — സർവ്വോൽകൃഷ്ടോഭവസി |

ത്വാ കഃ ചന — തവകശ്ചിദപി ദേവഃ, അസുരോമനുഷ്യോവാ
പ്രതി നഹി — പ്രതിനിധിഃ, സദൃശോനാസ്തി ഖലു

അർത്ഥം—പിശുക്കന്മാരും യാഗം ചെയ്‌വാൻ മാത്രം പണമില്ലാത്തവരും സ്വതവേ ധനവാന്മാരുമായവരെ കാലാൽ തട്ടി നീക്കിയാലും. അവിടുന്നു മഹാനാകുന്നു. ഒരു ദേവനോ അസുരനോ മനുഷ്യനോ അവിടേക്കു തുല്യനായി ഇല്ലല്ലോ.

3 ത്വമീശിഷേസുതാനാ

മിന്ദ്രത്വമസുതാനാം

ത്വംരാജാജനാനാം

അന്വയം:–

ഹേ ഇന്ദ്ര, ത്വം സുതാനാം — അഭിഷുതാനാം സോമാനാം
ഈശിഷേ — ഈശ്വരോഭവസി
(തഥാ) ത്വം അസുതാനാം — വല്യാകാരേ വർത്തമാനാനാം സോമാനാം ചേശിഷേ
ത്വം ജനാനാം രാജാ — സർവ്വേഷാം പ്രഭുരസി

അർത്ഥം—അല്ലയോ ഇന്ദ്ര, അവിടുന്നു സംസ്കരിച്ച സോമങ്ങൾക്കീശനാകുന്നു. സംസ്കരിക്കാത്ത സോമവള്ളികൾക്കും നാഥനാകുന്നു. അവിടുന്നു് സർവ്വജനങ്ങൾക്കും പ്രഭുവാകുന്നു.

4 ഏഹിപ്രേഹിക്ഷയോദി

വ്യാഽഽഘോഷഞ്ചർഷണീനാം

ഓഭേപൃണാസിരോദസീ

അന്വയം:–

(ഹേ ഇന്ദ്ര,) ദിവി
ആ ഇഹി — ദ്യുലോകാദാഗച്ഛ
ചർഷണീനാം ക്ഷയഃ പ്ര
ഇഹി — നിവാസം പ്രഗച്ഛ

(ത്വം) ആ-ഘോഷൻ — ശബ്ദങ്കുർവ്വൻ
ഉഭേ രോദസീ ആ
പൃണാസി — ദ്യാവാപൃഥിവ്യൗ തേജസാ ആപൂരയസി

അർത്ഥം—അല്ലയോ ഇന്ദ്ര, ദ്യോവിൽ നിന്നു വന്നുചേർന്നാലും. മനുഷ്യർക്കുവേണ്ടി നിവാസഗൃഹം പ്രാപിച്ചാലും. അവിടുന്നു് ശബ്ദിച്ചുകൊണ്ടു് ദ്യാവാപൃഥിവികളെ തേജസ്സാൽ മൂടുന്നു.

5 ത്യഞ്ചിൽപർവ്വതങ്ഗിരിം
ശതവന്തംസഹസ്രിണം
വിസ്തോതൃഭ്യോരുരോജിഥ

അന്വയം:—
(ഹേ ഇന്ദ്ര, ത്വം)
ശത-വന്തം, സഹസ്രിണം— ശതോദകവന്തം അപരിമിത വൃഷ്ടിം
ത്യം ചിൽ പർവ്വതം
ഗിരിം – തം പർവ്വവന്തം മേഘം
സ്തോതൃ-ഭ്യഃ
വി രുരോജിഥ — വജ്രേണ വിരുജ

അർത്ഥം—അല്ലയോ ഇന്ദ്ര, നൂറുകണക്കിൽ, ആയിരക്കണക്കിൽ ജലംവർഷിക്കുന്ന അടുക്കടുക്കായ മേഘത്തെ അവിടുന്നു് സ്തോതാക്കൾക്കുവേണ്ടി വജ്രത്താൽ പിളർന്നാലും. (മഴപെയ്യിച്ചാലും).

6 വയമുത്വാദിവാസുതേ
വയന്നക്തംഹവാമഹേ
അസ്മാകംകാമമാപൃണ വ. 26

അന്വയം:–

(ഹേ ഇന്ദ്ര,) വയം ത്വാ
ദിവാ — അഹനി
സുതേ ഹവാമഹേ ഉ — സോമേഭിഷുതേ സത്യാ
ഹ്വയാമ്യേവ
(തഥാ) വയം നക്തം — രാത്രൗ ഹവാമഹേ
(ആഹൂതഃ ആഗത്യ)
അസ്മാകം കാമം ആ പൃണ — സർവ്വമഭീഷ്ടമാപൂരയ

അർത്ഥം—അല്ലയോ ഇന്ദ്ര, പകൽ സോമം സംസ്കരിച്ചിരിക്കേ, അവിടുത്തെ ഞങ്ങൾ വിളിക്കുന്നു. അതുപോലെ രാവിലും വിളിക്കുന്നു. വിളിക്കപ്പെട്ടുവന്നിട്ട്, ഞങ്ങളുടെ എല്ലാ അഭീഷ്ടങ്ങളും നിറവേററിയാലും.

7 ക്വഽസ്യവൃഷഭോയുവാ
തുവിഗ്രീവോഅനാനതഃ
ബ്രഹ്മാകസ്തംസപര്യതി

അന്വയം:–

സ്യഃ വൃഷഭഃ, യുവാ — സ കാമവർഷിതാ, നിത്യതരുണഃ
തുവി–ഗ്രീവഃ - വിസ്തീർണ്ണകന്ധരഃ
അനാനതഃ — കദാചിദപ്യനവനത ഇന്ദ്രഃ
ക്വ? ക്വവർത്തതേ ഇതി കോ ജാനാതി?
കഃ ബ്രഹ്മാ തം
സപര്യതി? കസ്തോതാ തം പൂജയതി?

അർത്ഥം—ആ കാമവർഷകനും നിത്യയുവാവും പരന്ന കഴുത്തൊത്തവനും ഒരിക്കലും കുനിയാത്തവനുമായ ഇന്ദ്രൻ എവിടെയാണെന്ന് ആരറിയുന്നു? ഏതു സ്തോതാവ് അവിടുത്തെ പൂജിക്കുന്നു?

8 കസ്യസ്വിൽസവനംവൃഷാ
ജുജുഷ്വാ̐അവഗച്ഛതി
ഇന്ദ്രങ്കഉസ്വിദാചകേ

അന്വയം:—

| | |
|---|---|
| കസ്യ സ്വിൽ സവനം വൃഷാ ജുജുഷ്വാൻ അവ ഗച്ഛതി? | സ്വിദിതവിചികിത്സായാം<br>വർഷിതേന്ദ്രഃ പ്രീയമാണഃ പ്രാപ്നോതി? |
| കഃ സ്വിൽ ഉ ഇന്ദ്രം ആചകേ? | കോവാ യജമാനസ്തം സ്തോതും ജാനാതി? |

അർത്ഥം—ആരുടെ സവനത്തിന്നാണ് കാമവർഷിതാവായ ഇന്ദ്രൻ പ്രീതനായിച്ചെല്ലുന്നത്? ഏതു യജമാനനാണ് ഇന്ദ്രനെ സ്തുതിക്കാനറിയുന്നത്.?

9 കന്തേദാനാഅസക്ഷത
വൃത്രഹൻകംസുവീര്യാ
ഉക്ഥേകഉസ്വിദന്തമഃ

അന്വയം:—

| | |
|---|---|
| ഹേ വൃത്ര—ഹൻ, കം തേ ദാനാഃ അസക്ഷത | വൃത്രഹന്തരിന്ദ്ര, യജമാനൈർദ്ദത്താ ഹവിരാദികാഃ കം ത്വാം സേവന്തേ? |
| കം ഉക്ഥേ സു—വീര്യാ? | കീദൃശന്ത്വാം ശസ്ത്രാണി, ശോഭനവീര്യാണി സ്തോത്രാണി ച സേവന്തേ? |
| കഃ ഉ സ്വിൽ അന്തമഃ? | യുദ്ധേന്തികതമോ ഭവതി? |

അർത്ഥം—അല്ലയോ വൃത്രഹന്താവായ ഇന്ദ്ര, യജമാനന്മാരാൽ നൽകപ്പെട്ട ഹവിസ്സു മുതലായവ ഏതവിടത്തെ സേവിക്കുന്നു? എപ്രകാരമുള്ള അവിടത്തെയാണ് ശസ്ത്രങ്ങളും ശോഭനവീര്യമററ സ്തോത്രങ്ങളും സേവിക്കുന്നത്? എപ്രകാരമുള്ളവനാണ് യുദ്ധത്തിൽ (സഹായിയായി) സമീപത്തുണ്ടാകുന്നത്?

10 അയന്തേമാനുഷേജനേ
സോമഃപൂരുഷുസൂയതേ
തസ്യേഹിപ്രദ്രവാപിബ

അന്വയം:–

(ഹേ ഇന്ദ്ര,) അയം

| | |
|---|---|
| സോമഃ തേ | — ത്വദൎത്ഥം |
| പൂരുഷു | — മനുഷ്യേഷു മദ്ധ്യേ |
| മാനുഷേ ജനേ സൂയതേ | — മനുഷ്യജനേഷു മദ്ധ്യേ മയാ സൂയതേ |
| തസ്യ ആ ഇഹി | — തമാഗച്ഛ |
| പ്ര ദ്രവ, പിബ | ശീഘ്രമാഗച്ഛ, പാനങ്കുരു |

അൎത്ഥം—അല്ലയോ ഇന്ദ്ര, ഈ സോമം അവിടേയ്ക്കുവേണ്ടി വളരെ മനുഷ്യൎക്കിടയിൽ ഒരാളായ എന്നാൽ സംസ്കരിക്കപ്പെടുന്നു. അതിനെ പ്രാപിച്ചാലും, വേഗം വന്നാലും, കുടിച്ചാലും.

11 അയന്തേശര്യണാവതി
സുഷോമായാമധിപ്രിയഃ
ആൎജ്ജീകീയേമദിന്തമഃ

അന്വയം:–

| | |
|---|---|
| ആൎജ്ജീകീയേ | — ഏതന്നാമകേ ദേശേ |
| സു–സോമായാം | - ഏതന്നാമികായാം നദ്യാം, |
| ശര്യണാ_വതി | — കുരുക്ഷേത്രസ്യ ജഘനാൎദ്ധഭവേ, ശരതൃണോപേതേസരസി |
| അധി അയം തേ പ്രിയഃ | അധിശ്രിതോയം സോമ സ്തവപ്രിയഃ |
| മദിൻ–തമഃ | ത്വാം മാദയിതൃതമഃ (തം പിബേത്യുത്തരാത്രാന്വയഃ) |

അൎത്ഥം—ആൎജ്ജീകീയമെന്ന ദേശത്തിൽ സുഷോമയെന്ന നദിയിൽ, കുരുക്ഷേത്രത്തിന്റെ കീഴ്പകുതിയിലുള്ള ശരപ്പുല്ല്

നിറഞ്ഞ ജലാശയത്തിൽ നിന്നിരുന്ന ഈ സോമം അവിടേക്കു പ്രിയപ്പെട്ടതാകുന്നു, ഏററവും ഹർഷിപ്പിക്കുന്നതാകുന്നു. (അതു കുടിച്ചാലുമെന്നു് അടുത്ത ഋക്കിനോടന്വയം).

12 തമദ്യരാധസേമഹേ
ചാരുമ്മദായഘൃഷ്വയേ
ഏഹീമിന്ദ്രദ്രവാപിബ

വ. 27

അന്വയം:-

| | |
|---|---|
| ഹേ ഇന്ദ്ര, തം ചാരും | - പൂർവ്വമന്ത്രേ പ്രസ്തുതം ചരണശീലം സോമം |
| മഹേ രാധസേ | — അസ്മാകം മഹതേ ധനായ |
| (തവ) ഘൃഷ്വയേ മദായ | — ശത്രൂണാം ഘർഷണശീലായ ഹർഷായ |
| ദ്രവ പിബ | - ശീഘ്രം സോമപാത്രമാഗച്ഛ, പാനങ്കുരു |
| അദ്യ ഈം ആ ഇഹി | തദർത്ഥമിദാനീമാഗച്ഛ |

അർത്ഥം-അല്ലയോ ഇന്ദ്ര, മുൻപറഞ്ഞ ഒലിക്കുന്ന സോമത്തെ ഞങ്ങൾക്കു മഹത്തായ ഐശ്വര്യത്തിന്നുവേണ്ടിയും അവിടേക്കു ശത്രുക്കളെ കുഴക്കാനുള്ള ഹർഷത്തിന്നു വേണ്ടിയും (സോമപാത്രത്തെ) വേഗമണഞ്ഞാലും, കുടിച്ചാലും, അതിന്നായി ഇപ്പോൾ വന്നാലും.

വർഗ്ഗം-28-29

1 യദിന്ദ്രപ്രാഗപാഗുദ
ങ്ന്യഗ്വാഹൂയസേനൃഭിഃ
ആയാഹിതൂയമാശുഭിഃ

അന്വയം:-

| | |
|---|---|
| ഹേ ഇന്ദ്ര, (ത്വം) നൃ-ഭിഃ | കർമ്മനേതൃഭിരസ്മദീയൈരധ്വര്യ്വാദിഭിഃ |

(പ്രാക് വാ) അപാക്
ഉദക് (വാ) ന്യക് വാ — പൂർവ്വം, പശ്ചാൽ, ഉപരിസ്ഥലാൽ, അവസ്ഥലാദ്വാ
യൽ ഹ്വയസേ   യതഃ കുതശ്ചിദ്ധൂയസേ അതഃ
തൂയം ആശു–ഭിഃ ആ യാഹി — തൂർണ്ണം ആശുഗാമിഭിരശ്വൈരാഗച്ഛ

അർത്ഥം—അല്ലയോ ഇന്ദ്ര, അവിടുന്ന് കർമ്മനേതാക്കളായ ഞങ്ങളുടെ അധ്വര്യു മുതലായവരാൽ മുമ്പോ, പിമ്പോ, മുകളോ താഴത്തോ, എവിടെ നിന്നായാലും വിളിക്കപ്പെടുന്നു. അവിടെനിന്ന് ഗതിവേഗമുററ കുതിരകളാൽ വേഗത്തിൽ വന്നെത്തിയാലും.

2 യദ്വാപ്രസ്രവണേദിവോ
മാദയാസേസ്വർണ്ണരേ
യദ്വാസമുദ്രേഅന്ധസഃ

അന്വയം:—
യൽ വാ ദിവഃ
പ്ര–സ്രവണേ   അഥവാ ദ്യുലോകസ്യ അമൃതനിഷ്യന്ദനസ്ഥാനേ
മാദയാസേ — മാദ്യസി
(യദ്വാ) സ്വഃ–നരേ — സ്വർഗ്ഗനയനേ, ഭൂലോകേന്യസ്യ യാഗദേശേ മാദ്യസി
യൽ വാ അന്ധസഃ   അന്ധസാ, അന്നേന, തൽകാരണമുദകമഭിലക്ഷ്യ .
സമുദ്രേ — സമുന്ദനാപാദാനഭൂതേന്തരിക്ഷേ മാദ്യസി

അർത്ഥം—അല്ലെങ്കിൽ അവിടുന്ന് ദ്യുലോകത്തിൽ അമൃതമൊഴുകുന്ന സ്ഥാനത്തു ഹർഷിയ്ക്കുകയായാലും, ഭൂലോകത്തിൽ സ്വർഗ്ഗപ്രാപകമായ അന്യരാരുടെയെങ്കിലും യജ്ഞത്തിൽ മോദിക്കുകയായാലും അന്നകാരണമായ ജലത്തെ ഉദ്ദേശിച്ച് ജലം

പുളച്ചു മറിയുന്ന അന്തരിക്ഷത്തിൽ സന്തോഷിച്ചിരിക്കുകയായാലും.

3 ആത്വാഗീർഭിർമ്മഹാമുരും
ഹുവേഗാമിവഭോജസേ
ഇന്ദ്രസോമസ്യപീതയേ

അന്വയം:—

ഹേ ഇന്ദ്ര, മഹാം
ഉരും ത്വാ — മഹാന്തം പ്രഭൃതം ത്വാം
സോമസ്യ പീതയേ — സോമപാനായ
ഭോജസേ ഗാം—ഇവ — ഭോഗായ ഗാമിവ
ഗീഃ—ഭിഃ ആ ഹുവേ — സ്തുതിഭിഃ, യത്രയത്രത്വം തത്തൽ പ്രദേശാദാഹ്വയാമി

അർത്ഥം—അല്ലയോ ഇന്ദ്ര, മഹാനും ഗുണങ്ങളാൽ പ്രവൃദ്ധനുമായ അവിടുത്തെ സോമപാനത്തിന്നായി, തീററക്കു പശുവിനെ (സങ്കേതശബ്ദത്തോടുകൂടി) വിളിക്കുന്നപോലെ, സ്തുതികളാൽ അവിടുന്നെവിടെയാണോ, അവിടെനിന്നു് ഞാൻ വിളിക്കുന്നു. (യുഗ്മകം)

4 ആതഇന്ദ്രമഹിമാനം
ഹരയോദേവതേമഹഃ
രഥേവഹന്തുബിഭ്രതഃ

അന്വയം:—

ഹേ ദേവ, ഇന്ദ്ര,
മഹിമാനം ബിഭ്രതഃ തേ — ദ്യോതമാനേന്ദ്ര, മാഹാത്മ്യം ധാരയന്തം ത്വാം
ഹരയഃ രഥേ ആ വഹന്തു — അശ്വാഃ രഥേനാനയന്തു
മഹഃ തേ — തേജോബിഭ്രതം, ധാരയന്തം ത്വാം ആ വഹന്തു

അർത്ഥം—അല്ലയോ പ്രകാശമാനനായ ഇന്ദ്ര, മാഹാത്മ്യമുൾക്കൊള്ളുന്ന അവിടുത്തെ ഹരികളെന്ന കുതിരകൾ തേരിലാനയിക്കട്ടേ. തേജസ്സിയന്ന അവിടുത്തെ ആ കുതിരകളെത്തിക്കട്ടെ.

5 ഇന്ദ്രഗൃണീഷഉസ്തുഷേ
മഹാँഉഗ്രഈശാനകൃൽ
ഏഹിനസ്സുതംപിബ

അന്വയം:—

| | |
|---|---|
| ഹേ ഇന്ദ്ര, (ത്വം) | |
| ഗൃണീഷേ | — ഇദന്ദേഹീദന്ദേഹീതി പ്രാർത്ഥ്യസേ |
| (തഥാ) സ്തൂഷേ ഉ | — സ്തൂയസേ ച (ഉ ഇതി ചാർത്ഥേ) |
| മഹാൻ, ഉഗ്രഃ | — ഗുണൈഃ പ്രവൃദ്ധഃ, ഉൽഗൂർണ്ണബലഃ |
| ഈശാന—കൃൽ | — ഐശ്വര്യകർത്താ ത്വം |
| ആ ഇഹി, നഃ സുതം പിബ | — ആഗച്ഛ, അസ്മദീയമഭിഷുതം സോമം പിബ |

അർത്ഥം—അല്ലയോ ഇന്ദ്ര, അവിടുന്ന് ''ഇതുതരൂ, ഇതുതരൂ'' എന്ന് എപ്പോഴുമർത്ഥിക്കപ്പെടുന്നു. അതുപോലെ സ്തുതിക്കപ്പെടുകയും ചെയ്യുന്നു. ഗുണങ്ങളാൽ മികച്ചവനും ഊക്കിയന്നവനും ഐശ്വര്യകാരിയുമായ അവിടുന്ന് വന്നാലും, ഞങ്ങളുടെ സംസ്കരിച്ച സോമം കുടിച്ചാലും.

6 സുതാവന്തസ്ത്വാവയം
പ്രയസ്വന്തോഹവാമഹേ
ഇദന്നോബർഹിരാസദേ വ. 28

അന്വയം:—

സുത–വന്തഃ
പ്രയസ്വന്തഃ വയം – അഭിഷുതസോമവന്തഃ ചരുപുരോഡാശാദി ഹവിഷ്മന്തോവയം

ഇദം നഃ ബർഹിഃ
ആ–സദേ – അസ്മദീയം ബർഹിഃ, ബർഹിഷ്യാസദനായ

ത്വാ ഹവാമഹേ – ത്വാമാഹ്വയാമഃ

അർത്ഥം–സംസ്ക്കരിച്ച സോമമൊത്തവരും ചരുപുരോഡാശാദി ഹവിസ്സേന്തിയവരുമായ ഞങ്ങൾ, ഞങ്ങളുടെ ഈ ദർഭവിരിപ്പിൽ വന്നിരിപ്പാനായി അവിടുത്തെ വിളിക്കുന്നു.

7 യച്ചിദ്ധിശശ്വതാമ
സീന്ദ്രസാധാരണസ്ത്വം
തന്ത്വാവയംഹവാമഹേ

അന്വയം:–
3–6–29 ൽ വ്യാഖ്യാനിച്ചിട്ടുണ്ട്.

8 ഇദന്തേസോമ്യംമ
ധ്വധുക്ഷന്നദ്രിഭിർന്നരഃ
ജുഷാണഇന്ദ്രതൽപിബ

അന്വയം:—

ഹേ ഇന്ദ്ര, തേ ഇദം
സോമ്യഃ മധു — ത്വദർത്ഥം ഇദം സോമസംബന്ധി മധു

നരഃ അദ്രി–ഭിഃ
അധുക്ഷൻ — അസ്മദീയാഃ കർമ്മനേതാരഃ ഗ്രാവഭിരഭിഷവം കൃതവന്തഃ

തൽ ജുഷാണഃ പിബ — തന്മധുപ്രീയമാണഃ പിബ

അർത്ഥം–അല്ലയോ ഇന്ദ്ര, അവിടേയ്ക്കായി ഈ സോമസംബന്ധിയായ തേൻ ഞങ്ങളുടെ കർമ്മനേതാക്കളായ അധ്വര്യു മുതലായവർ പിടിക്കല്ലൊൽ സംസ്കരിച്ചിരിക്കുന്നു. അതു് പ്രീതനായി കുടിച്ചാലും.

9 വിശ്വാꣳ അര്യോവിപശ്ചി
തോതിഖ്യസ്തൂയമാഗഹി
അസ്മേധേഹിശ്രവോബൃഹൽ

അന്വയം:–

| | | |
|---|---|---|
| (ഹേ ഇന്ദ്ര,) അര്യഃ | — | സ്വാമീ ത്വം |
| വിശ്വാൻ വിപഃ_ചിതഃ | | സർവ്വാൻ സ്തോതൄൻ |
| അതി ഖ്യഃ | — | അതിക്രമ്യപശ്യ |
| (തദർത്ഥം) തൂയം ആ ഗഹി | — | ക്ഷിപ്രമാഗച്ഛ |
| (ആഗത്യച) അസ്മേ | | |
| ബൃഹൽ ശ്രവഃ ധേഹി | — | അസ്മാസു മഹദ്യശോ നിധേഹി, പ്രാപയ |

അർത്ഥം—അല്ലയോ ഇന്ദ്ര, സ്വാമിയായ അവിടുന്നു് മററു സ്തോതാക്കളെയെല്ലാം കവിച്ചു് ഞങ്ങളെ നോക്കിയാലും, കണ്ടാലും. അതിന്നായി വേഗം വന്നാലും വന്നിട്ടു്, ഞങ്ങളിൽ മഹത്തായ യശസ്സുണ്ടാക്കിയാലും, എത്തിച്ചാലും.

10 ദാതാമേപൃഷതീനാം
രാജാഹിരണ്യവീനാം
മാദേവാമഘവാരിഷൽ

അന്വയം:–

| | | |
|---|---|---|
| ഹിരണ്യ_വീനാം | | |
| പൃഷതീനാം | — | ഹിരണ്യവീതാനാം ഗവാം |
| രാജാ (ഇന്ദ്രഃ) മേ ദാതാ | | ഭവതു |
| ഹേ ദേവാഃ മഘ--വാ | | |
| മാ രിഷൽ | — | മാ രിഷ്ടോ ഭവതു |

അർത്ഥം–രാജാവായ ഇന്ദ്രൻ എനിയ്ക്കു് സ്വർണ്ണപ്രകാശമുററ പശുക്കളെ നൽകുന്നവനാവട്ടേ. അല്ലയോ ദേവന്മാരേ, ധനവാനായ ഇന്ദ്രൻ കേടേൽക്കാതിരിയ്ക്കട്ടേ.

11 സഹസ്രേപൃഷതീനാ
മധിശ്ചന്ദ്രംബൃഹൽപൃഥു
ശുക്രംഹിരണ്യമാദദേ

അന്വയം:–

(അഹം) പൃഷതീനാം
സഹസ്രേ അധി — ഉപരിധാരിതം
ബൃഹൽ, പൃഥു, ചന്ദ്രം — മഹൽ, വിസ്തൃതം
ആഹ്ളാദകം
ശുക്രം ഹിരണ്യം ആ ദദേ ഇന്ദ്രേണാനീതം നിർമ്മലം
സ്വർണ്ണം സ്വീകരോമി

അർത്ഥം—ആയിരം പശുക്കൾക്കു പുറമെ മഹത്തും പരപ്പുററതും ആഹ്ളാദകവും നിർമ്മലവുമായ സ്വർണ്ണം ഇന്ദ്രനാലെത്തിക്കപ്പെട്ടതു് ഞാൻ സ്വീകരിക്കുന്നു.

12 നപാതോദുർഗ്ഗഹസ്യമേ
സഹസ്രേണസുരാധസഃ
ശ്രവോദേവേഷ്വക്രത

വ. 29

അന്വയം:–

നപാതഃ, ദുഃ–ഗഹസ്യ മേ അരക്ഷിതസ്യ, ദുഃഖം
ഗാഹമാനസ്യ മമസംബന്ധിനോ
ജനാഃ
സഹസ്രേണ – അപരിമിതേനേന്ദ്രദത്തേന
ഗവാദി ധനേന
സു–രാധസഃ — സുധനാഃസന്തഃ

| | |
|---|---|
| ദേവേഷു | തേഷു പ്രീതേഷു, ഇന്ദ്രേ ച പ്രീതേ |
| ശ്രവഃ അക്രത | — യശോലഭന്ത |

അർത്ഥം–അരക്ഷിതനും ദുഃഖത്തിൽ മുങ്ങിയവനുമായ എന്നെ സംബന്ധിച്ചവർ, പുത്രപൗത്രാദി സ്വജനങ്ങൾ, ഇന്ദ്രനാൽ നൽകപ്പെട്ട പശു മുതലായ ധനത്താൽ സുസമ്പന്നന്മാരായി, ഇന്ദ്രനടക്കമുള്ള ദേവന്മാർ പ്രീതരാകവേ യശസ്സു നേടി.

വർഗ്ഗം–30_31_32 പ്രാഗാഥഃ കലിഃ ഋഷിഃ, വിഷമാബൃഹതീ, സമാസതോബൃഹതീ, അനുഷ്ടുപ് ച ഛന്ദാംസി

1 തരോ॑ഭിവ്വോവി॒ദദ്വ॑സു॒

മിന്ദ്രം॑സ॒ബാധ॑ഊ॒തയേ॑

ബൃ॒ഹദ്ഗായ॑ന്തസ്സു॒തസോ॑മേഅധ്വ॒രേ

ഹു॒വേഭര॒ന്നകാ॒രിണം॑

അന്വയം:–

(ഹേ ഋത്വിജഃ)

| | |
|---|---|
| സ–ബാധഃ വഃ | — ബാധാസഹിതായൂയം |
| തരഃ–ഭിഃ | -- വേഗൈരശ്വൈരുപേതം |
| വിദൽ–വസും ഇന്ദ്രം | — വേദയദ്വസും, ധനാവേദകം തം |
| സുത–സോമേ അധ്വരേ | — അഭിഷുതസോമകേ യജ്ഞേ |
| ഊതയേ ബൃഹൽ ഗായന്തഃ | — ബൃഹൽസാമഗായന്തസ്സന്തഃ, പരിചരത |
| (അഹഞ്ചതമിന്ദ്രം യുഷ്മദർത്ഥം) ഭരം ന കാരിണം | — കുടുംബഭർത്താരം ഹിതകരണശീലം പുത്രാദയ ഇവ |
| ഹുവേ | – ആഹ്വയാമി |

അർത്ഥം–അല്ലയോ ഋത്വിക്കുകളേ, കഷ്ടത ബാധിച്ച നിങ്ങൾ ഗതിവേഗമുററ കുതിരകളൊത്തവനും ഐശ്വര്യദാതാവുമായ ഇന്ദ്രനെ, സംസ്കരിച്ച സോമത്തോടുക്കൂടിയ യജ്ഞത്തിൽ,

ഈ സോമയാഗത്തിൽ രക്ഷക്കായി ബൃഹൽസാമം പാടി പരിചരിക്കുക. ഞാനും നിങ്ങൾക്കുവേണ്ടി ആ ഇന്ദ്രനെ, കുടുംബനാഥനായ ഹിതകാരിയെ പുത്രന്മാരെന്നപോലെ, വിളിക്കുന്നു.

2 നയന്ദുധ്രാവരന്തേനസ്ഥിരാമുരോ

മദേസുശിപ്രമന്ധസഃ

യആദൃത്യാശശമാനായസുന്വതേ

ദാതാജരിത്രഉക്ഥ്യം

അന്വയം:—

| | | |
|---|---|---|
| യം സു–ശിപ്രം | | ശോഭനഹനം |
| ദുധ്രാഃ ന വരന്തേ | | ദുധ്രാ അസുരാദയഃ ന വാരയന്തി |
| (തഥാ) സ്ഥിരാഃ ന | | ദേവാ ന വരന്തേ |
| മുരഃ | — | മരണസ്വഭാവാ മനുഷ്യാ ന വരന്തേ |
| അന്ധസഃ മദേ | | സോമാന്നസ്യ ഹർഷായ, തൽപാനജനിതായ ഹർഷായ |
| ആ–ദൃത്യ യഃ ശശമാനായ | | ശംസമാനായ |
| സുന്വതേ, ജരിത്രേ | — | സോമാഭിഷവങ്കുർവ്വതേ സ്തോത്രേ ച |
| ഉക്ഥ്യം ദാതാ | — | സ്തുത്യം ധനം പ്രദാതാ |

അർത്ഥം—നല്ല താടിയെല്ലൊത്ത യാവനെ, അടക്കാവതല്ലാത്ത അസുരന്മാരും ചിരഞ്ജീവികളായ ദേവന്മാരും മരണധർമ്മികളായ മനുഷ്യരും തടുക്കുന്നില്ലയോ, സോമപാനത്താലുള്ള ഹർഷത്തിന്നുവേണ്ടി ആദരിച്ചു സ്തോത്രംചൊല്ലുന്നവനും സോമം സംസ്കരിക്കുന്നവനുമായ സ്തോതാവിന്നു് പ്രശസ്യമായ ധനം കൊടുക്കുന്നവൻ യാവനാണോ,

3 യശ്ശക്രോമൃക്ഷോഅശ്വ്യോ
യോവാകീജോഹിരണ്യയഃ
സഊർവ്വസ്യരേജയത്യപാവൃതി
മിന്ദ്രോഗവ്യസ്യവൃത്രഹാ

അന്വയം:—

| | | |
|---|---|---|
| യഃ ശക്രഃ മൃക്ഷഃ | | ശക്തഃ സ്തോതൄണാം പരിചരണീയഃ |
| (യശ്ച) അശ്വ്യഃ | — | അശ്വകുശലഃ |
| യഃ വാ കീജഃ | — | അത്ഭുതജന്മാ |
| (യശ്ച) ഹിരണ്യയഃ | | ഹിരണ്മയശരീരഃ |
| സഃ വൃത്ര-ഹാ ഇന്ദ്രഃ | — | വൃത്രഹന്താസഃ |
| ഊർവ്വസ്യ ഗവ്യസ്യ | | ബഹുലസ്യ ഗോസമൂഹസ്യ |
| അപ–വൃതിം രേജയതി | — | അപവരണീയം കമ്പയതി |

അർത്ഥം_ശക്തനായ യാവൻ സ്തോതാക്കളാൽ ഉപാസ്യനാണോ, യാവൻ കുതിരകളെസ്സംബന്ധിച്ച വിദഗ്ധനാണോ, യാവൻ ആശ്ചര്യകരമായ ജന്മമുററവനാണോ. യാവൻ സ്വർണ്ണമയമായ ദേഹമുററവനാണോ, ആ വൃത്രഹന്താവായ ഇന്ദ്രൻ അസംഖ്യേയമായ പശുക്കൂട്ടത്തെ തുറന്നുവിട്ടിളക്കുന്നു. (യുഗ്മകം)

4 നിഖാതഞ്ചിദ്യഃപുരുസംഭൃതംവ
സൂദിദ്വപതിദാശുഷേ
വജ്രീസുശിപ്രോഹര്യശ്വഇൽകര
ദിന്ദ്രഃക്രത്വായഥാവശൽ

അന്വയം:—

| | | |
|---|---|---|
| നി–ഖാതം ചിൽ | — | ഭൂമൗഖാത്വാ സ്ഥാപിതമപി |
| പുരു_സംഭൃതം | | ബഹുയാഗദാനാദികം കൃത്വാ സംഗൃഹീതം |

| | |
|---|---|
| വസു യഃ ദാശുഷേ ഉൽ ഇൽ വപതി | — യജമാനായ ഉദ്വപത്യേവ |
| വജ്രീ, സു–ശിപ്രഃ | — വജ്രവാൻ, സുഹനുഃ |
| ഹരി–അശ്വഃ ഇന്ദ്രഃ ഇൽ ക്രത്വാ യഥാ വശൽ കരൽ | – ഹരിതാശ്വയുക്തസ്സ ഏവ കർമ്മണാ, യാഗേനോപാധിനാ യേന പ്രകാരേണ കാമയതേ തഥാ കരോതി |

അർത്ഥം–ഭൂമിയിൽ കുഴിച്ചിട്ടതെങ്കിലും യാഗദാനാദികൾ ചെയ്തു് കൂട്ടിവെച്ച ധനത്തെ ഏവൻ ഹവിസ്സേകുന്ന യജമാനന്നു് പകർന്നുകൊടുക്കുകതന്നെ ചെയ്യുമോ, വജ്രവാനും നല്ല താടിയെല്ലൊത്തവനും ഹരികളെന്ന കുതിരകളോടു കൂടിയവനുമായ ആ ഇന്ദ്രൻ മാത്രമേ യാഗമാകുന്ന അടിസ്ഥാനത്തോടു കൂടിയ കർമ്മംകൊണ്ടു് ആശിക്കുന്നപ്രകാരം ചെയ്തുകൊടുക്കുന്നുള്ളു. (യാഗദാനാദികൾ കൊണ്ടു്, കൂട്ടിവെച്ച ധനത്തെ ഹവിർദ്ദാതാവായ യജമാനന്നു് ആ ധനികന്മാരെക്കൊണ്ടു് ഇന്ദ്രൻ കൊടുപ്പിക്കുന്നു. ആ ഇന്ദ്രൻ യജമാനന്മാർക്കഭീഷ്ടം സാധിപ്പിച്ചും കൊടുക്കുന്നു )

5 യദ്വാവന്ഥപുരുഷ്ടുത

പുരാചിച്ഛൂരനൄണാം

വയന്തത്തഇന്ദ്രസംഭരാമസി

യജ്ഞമുക്ഥംതുരംവചഃ

വ. 30

അന്വയം:–

| | |
|---|---|
| ഹേ പുരു–സ്തുത, ശൂര, ഇന്ദ്ര, നൄണാം പുരാ ചിൽ | — ബഹുഭിസ്തുത, വിക്രാന്തേന്ദ്ര, നേതൄണാം, സ്തോതൄണാം പുരാ ഇവേദാനീമപി (ചിദിത്യുപമാർത്ഥേ) |
| യൽ വവന്ഥ, തൽ യജ്ഞം | — അചീകമഥാഃ, തദ്യാഗയോഗ്യം ഹവിഃ |

| | |
|---|---|
| വചഃ ഉക്ഥം | — വാച്യം ശസ്ത്രഞ്ച |
| വയം തൂരം തേ സം<br>ഭരാമസി | തൂർണ്ണം തുഭ്യം സംഭരാമഃ |

അർത്ഥം—വളരെപ്പേരാൽ സ്തുതിക്കപ്പെട്ടവനും വിക്രമിയുമായ ഇന്ദ്ര, യജ്ഞനേതാക്കളായ സ്തോതാക്കളിൽനിന്നു് പണ്ടെന്നപോലെ ഇന്നുമവിടുന്നു് യാതൊന്നു കാമിക്കുന്നുവോ, ആ യാഗയോഗ്യമായ ഹവിസ്സും ചൊല്ലപ്പെടേണ്ടും ശസ്ത്രവും ഞങ്ങളിപ്പോൾത്തന്നെ അവിടേക്കായി ഒരുക്കുന്നുണ്ടു്.

6 സചാ॒സോമേ॑ഷുപുരുഹൂതവജ്രിവോ॒
മ॑ദായദ്യുക്ഷസോമപാഃ
ത്വമിദ്ധിബ്ര॑ഹ്മ॒കൃതേ॒കാമ്യം॒വസു॒
ദേ॑ഷ്ഠസ്സുന്വ॒തേഭു॑വഃ

അന്വയം:—

| | |
|---|---|
| ഹേ പുരു–ഹൂത, | |
| വജ്രി–വഃ | – ബഹുഭിരാഹൂത, വജ്രവൻ |
| ദ്യുക്ഷ, സോമ–പാഃ | — ദ്യുമൻ, സോമപായിന്നിന്ദ്ര, ത്വം |
| സോമേഷു മദായ സചാ | – അഭിഷുത സോമേഷു മദായ സഹഭവ |
| ത്വം ഇൽ ബ്രഹ്മ–കൃതേ | – ത്വമേവ സ്തോത്രകർത്രേ |
| സുന്വതേ | – സോമാഭിഷവകുർവ്വതേ ച |
| കാമ്യം വസു ദേഷ്ഠഃ ഹി<br>ഭുവഃ | — കമനീയം ധനം ദാതൃതമ ഏവ ഭവസി |

അർത്ഥം—വളരെപ്പേരാൽ വിളിക്കപ്പെട്ടവനും വജ്രായുധനും പ്രകാശമാനനും സോമപായിയുമായ ഇന്ദ്ര, അവിടുന്നു് സംസ്കരിച്ച സോമങ്ങളിൽ ഹർഷിക്കാനായി പങ്കാളിയായി ഭവിച്ചാലും. അവിടുന്നുമാത്രമാണു് സ്തോതാവിന്നും സോമം സംസ്കരിക്കുന്നവന്നും കാമ്യമായ ധനം ഏററവും കൊടുക്കുന്നവൻ.

7 വയമേനമിദാ
ഹ്യോപീപേമേഹവജ്രിണം
തസ്മാഉഅദ്യസ്മനാസുതംഭരാ
നൂനംഭൂഷതശ്രുതേ

അന്വയം:—

| | |
|---|---|
| (ഹേ ഋത്വിജഃ) വയം | — ഋത്വിഗ്യജമാനാവയം |
| വജ്രിണം ഏനം ഇദാ | — ഇന്ദ്രമിദാനീം |
| ഹ്യഃ (ച) ഇഹ | — പരസ്മിൻ ദിനേ ചാത്ര |
| അപീപേമ | — സോമേനാപ്യായാമ |
| തസ്മൈ ഉ അദ്യ | — തസ്മാ ഏവാത്ര |
| സമനാ സുതം ഭര | — സങ്ഗ്രാമാർത്ഥമഭിഷുതം സോമം ഹരത |
| നൂനം ശ്രുതേ | — ഇദാനീം സ്തോത്രേ ശ്രുതേസതി |
| (സഃ) ആ ഭൂഷത | — ആ ഭവതു, ആഗച്ഛതു |

അർത്ഥം–അല്ലയോ ഋത്വിക്കുകളേ, ഋത്വിഗ്യജമാനന്മാരായ നമ്മൾ ഈ ഇന്ദ്രനെ ഇപ്പോഴും നാളെയും ഇവിടെ സോമത്താൽ വർദ്ധിപ്പിയ്ക്കാവൂ. അവിടേയ്ക്കുവേണ്ടിത്തന്നെ ഇവിടെ യുദ്ധജയത്തിന്നായി സംസ്കരിച്ച സോമം കൊണ്ടുവരുക. ഇപ്പോൾ, സ്തോത്രം കേൾക്കവേ, അവിടുന്ന് വന്നുചേരട്ടേ.

8 വൃകശ്ചിദസ്യവാരണഉരാമഥി
രാവയുനേഷുഭൂഷതി
സേമന്നസ്തോമഞ്ജുജുഷാണആഗ
ഹീന്ദ്രപ്രചിത്രയാധിയാ

അന്വയം:—

| | |
|---|---|
| ഹേ ഇന്ദ്ര, വൃകഃ ചിൽ<br>വാരണഃ | — സ്തേനോപി സർവ്വസ്യ വാരയിതാസൻ |

*36

ഉരാ-മഥിഃ — മാർഗ്ഗേണ ഗച്ഛതാം മഥിതാസന്നപി
അസ്യ വയുനേഷു — ഇന്ദ്രസ്യ മാർഗ്ഗേഷു
ആ ഭൂഷതി — ആനുകൂല്യമേവഭജതേ, അതീവ ഹിംസ്രോപീന്ദ്രാനുകൂലോ ഭവതി
സഃ (ത്വം) ഇമം നഃ
സ്തോമം — സ്തോത്രം
ജുജുഷാണഃ ആ ഗഹി — പ്രീയമാണ ആഗച്ഛ
ചിത്രയാ ധിയാ പ്ര — സ്തുതിലക്ഷണേന കർമ്മണാ നിമിത്തേന പ്രകർഷേണാഗച്ഛ

അർത്ഥം—അല്ലയോ ഇന്ദ്ര, കള്ളനായി എല്ലാവരെയും തടുക്കുന്നവനും, വഴിയിൽ പോകുന്നവരെ ദ്രോഹിക്കുന്നവനും (ചിലപ്പോൾ) ഇന്ദ്രന്റെ മാർഗ്ഗങ്ങളിൽ ആനുകൂല്യമാചരിക്കുന്നു. (അപ്പോൾ) ഏററവും ഹിംസാശീലനും ഇന്ദ്രന്ന് അനുകൂലനായി ഭവിക്കുന്നു. അപ്രകാരമുള്ള അവിടുന്ന് ഞങ്ങളുടെ ഈ സ്തോത്രത്തെ പ്രീതിപൂണ്ടു പ്രാപിച്ചാലും. സ്തുതിപരമായ കർമ്മം ഹേതുവായി നന്നായി പ്രാപിച്ചാലും.

9 കദ്ദൂന്വ൧സ്യാകൃത
മിന്ദ്രസ്യാസ്തിപൌംസ്യം
കേനോനുകംശ്രോമതേനനശുശ്രുവേ
ജനുഷഃപരിവൃത്രഹാ

അന്വയം:—

അസ്യ ഇന്ദ്രസ്യ കൽ ഉ നു — കിന്നു ഖലു
പൌംസ്യം അകൃതം
അസ്തി? — പൌരുഷമനാചരിതം ഭവതി?
കേനോ നു കം — കേന ഖലു
ശ്രോമതേന ന ശുശ്രുവേ? — ശ്രവണീയേന പുംസ്ത്വേന ന ശ്രൂയതേ?
(അയം) വൃത്ര—ഹാ
ജനുഷഃ പരി — ജന്മപ്രഭൃതിക്രിയമാണൈർവ്വീര്യൈശ്ശ്രൂയതേ

അൎത്ഥം—ഈ ഇന്ദ്രന്നു് എന്തു പൗരുഷം, വീരകൎമ്മമുണ്ടു് ചെയ്യപ്പെടാത്തതായി? (വൃത്രവധാദികളായ അസംഖ്യം കൎമ്മങ്ങളവിടുന്നു ചെയ്തിരിക്കുന്നു. എനി ഒരു വീരകൎമ്മം ചെയ്‌വാൻ ബാക്കിയില്ല.) കേൾവിപ്പെടേണ്ടും ഏതു പൗരുഷത്താലാണു് അവിടുന്നു കേൾവിപ്പെടാത്തതു്? ഈ വൃത്രഹന്താവു് ജനിച്ച മുതൽ ചെയ്ത വീര്യങ്ങളാൽ കേൾവിപ്പെടുന്നു.

10 കദ്ദുമഹീരധൃഷ്ടാ അസ്യതവിഷീഃ

കദ്ദുവൃത്രഘ്നോഅസ്തൃതം

ഇന്ദ്രോവിശ്വാൻബേകനാടാഁഅഹർദൃശ

ഉതക്രത്വാപണീഁരഭി വ. 31

അന്വയം:—

| | |
|---|---|
| കൽ ഉ അസ്യ തവിഷീഃ | — കദാഖല്വിന്ദ്രസ്യ ബലാനി |
| മഹീഃ, അധൃഷ്ടാഃ? | — മഹാന്തി, അധൃഷ്ടാന്യാസീൽ? |
| കൽ ഉ വൃത്ര–ഘ്നഃ | — വൃത്രഹന്തുരിന്ദ്രസ്യ ഹന്തവ്യം |
| അസ്തൃതം? | — അഹിംസിതമഭവൽ? |
| ഇന്ദ്രഃ വിശ്വാൻ ബേകനാടാൻ | — സൎവ്വാൻ കുസീദിനഃ, വാൎദ്ധൂഷികാൻ, നാസ്തികാൻ, അയഷ്ടൄൻ |
| പണീൻ അഹഃ–ദൃശഃ | — അഹശ്ശബ്ദേനാദിത്യ ഉച്യതേ, സൂൎയ്യദൎശനാൽ |
| ക്രത്വാ ഉത അഭി | — കൎമ്മണൈവാഭിഭവതി (ഉതശബ്ദഏവാൎത്ഥേ) |

(ലുബ്ധകാഃ, അയഷ്ടാരഃ അന്ധേതമസി മജ്ജന്തി)

അൎത്ഥം—എപ്പോഴെങ്കിലും അവിടുത്തെ ബലങ്ങൾ മഹത്തുക്കളും അടക്കാൻ കഴിയാത്തവയുമല്ലാതിരുന്നിട്ടുണ്ടോ? എപ്പോഴെങ്കിലും വൃത്രഹന്താവിനാൽ കൊല്ലപ്പെടേണ്ടവൻ കൊല്ലപ്പെടാതിരുന്നിട്ടുണ്ടോ? ഒരിക്കലുമില്ല. അപ്രകാരമുള്ള ഇന്ദ്രൻ (ഒന്നു കൊടുത്തു രണ്ടും മൂന്നും വാങ്ങുന്ന) എല്ലാ പണമിടവാടുകാരെയും നാസ്തികന്മാരായ അയഷ്ടാക്കളെയും സൂര്യ

ദർശനത്തിൽനിന്നുകൂടി ഒഴിച്ചു നിർത്തുന്നു. (പിശുക്കന്മാരായ അയഷ്ടാക്കൾ അന്ധതമസ്സിൽ മുങ്ങുന്നു.)

11 വയങ്°ഘതേഅപൂ

ർവ്വ്യേന്ദ്രബ്രഹ്മാണിവൃത്രഹൻ

പുരൂതമാസഃപുരുഹൂതവജ്രിവോ

ഭൃതിന്നപ്രഭരാമസി

അന്വയം:–

| | |
|---|---|
| ഹേ വൃത്ര–ഹൻ, പുരു–ഹൂത,<br>വജ്രി–വഃ, ഇന്ദ്ര, | — വൃത്രഹന്തഃ, ബഹുഭിരാഹൂത, വജ്രവന്നിന്ദ്ര, |
| പുരു–തമാസഃ വയം | |
| ഘ തേ | — ഋത്വിഗ്യജമാനരൂപേണ ബഹുതമാ വയം ഖലുതവ |
| അപൂർവ്വ്യാ ബ്രഹ്മാണി | — നൂതനാനി സ്തോത്രാണി |
| ഭൃതിം ന പ്ര ഭരാമസി | — ഭൃതിമിവ പ്രഭരാമഃ |

അർത്ഥം—വൃത്രഹന്താവും വളരെപ്പേരാൽ വിളിക്കപ്പെട്ടവനും വജ്രായുധനുമായ ഇന്ദ്ര, ഋത്വിഗ്യജമാനന്മാരായി വളരെപ്പേരൊത്ത ഞങ്ങൾ നൂതനങ്ങളായ സ്തോത്രങ്ങളെ ദിവസക്കൂലി പോലെ, അവിടേക്കു നന്നായി ഒരുക്കുന്നു.

12 പൂർവ്വീശ്ചിദ്ധിത്വേതുവികൂർമ്മിന്നാശസോ

ഹവന്തഇന്ദ്രോതയഃ

തിരശ്ചീദര്യസ്സവനാവസോഗഹി

ശവിഷ്ഠശ്രുധിമേഹവം

അന്വയം:—

ഹേ തുവി-കൂൎമ്മിൻ,
വസോ, ശവിഷ്ഠ, ഇന്ദ്ര, — ബഹുകൎമ്മൻ വാസക, ബലവത്തമേന്ദ്ര,

ത്വേ പൂൎവ്വീഃ ആ-ശസഃ ചിൽ — ത്വയിബഹൂന്യേവാശംസനാനി സ്ഥിതാനി

(ത്വയ്യവസ്ഥിതാഃ)
ഊതയഃ — രക്ഷാ ലബ്ധും
ഹവന്തേ — അന്യേസ്തോതാര ആഹ്വയന്തി
(അതഃ) അൎയ്യഃ സവനാ
തിരഃ ചിൽ ഹി — അരേസ്സവനാനി തിരസ്കൃത്യൈവ
ആ ഗഹി — ആഗച്ഛ
മേ ഹവം ശ്രുധി — മമാഹ്വാനം ശൃണു

അൎത്ഥം—ബഹുകൎമ്മാവും ഏവരെയും അതാതിടത്തു വസിപ്പിക്കുന്നവനും ഏററവും ബലവാനുമായ ഇന്ദ്ര, അവിടുന്നിലാണ് ഞങ്ങളുടെ വളരെ ആശകൾ നീലകൊള്ളുന്നതു്. അവിടുന്നിലുള്ള രക്ഷകൾ ലഭിക്കാൻ മററു സ്തോതാക്കൾ വിളിക്കുന്നു. അതിനാൽ ശത്രുവിൻെറ സവനങ്ങളെ തള്ളിക്കൊണ്ടു തന്നെ വന്നാലും, എൻെറ വിളി കേട്ടാലും.

13 വയങ്ഘാതേത്വേഇ

ദിന്ദ്രവിപ്രാഅപിഷ്മസി

നഹിത്വദന്യഃപുരുഹൂതകശ്ചന

മഘവന്നസ്തിമഡീതാ

അന്വയം:—

ഹേ പുരു-ഹൂത,
മഘ-വൻ, ഇന്ദ്ര, — ബഹുഭിരാഹൂത, ധനവന്നിന്ദ്ര,
വയം ഘ തേ ഉ — വയം ഖലു തവ സ്വഭൂതാ ഏവ

ത്വേ ഇൽ വിപ്രാഃ
അപി സ്മസി — ത്വയ്യേവ മേധാവിന
സ്തോതാരോപി ഭവന്തി,
തേ ത്വദധീനാഃ

ത്വൽ അന്യഃ കഃ ചന
മർഡിതാ നഹി അസ്തി — സുഖയിതാനാസ്തി

അർത്ഥം—വളരെപ്പേരാൽ വിളിക്കപ്പെട്ടവനും ധനവാനുമായ ഇന്ദ്ര, ഞങ്ങൾ അവിടേയ്ക്കു ചേർന്നവർ തന്നെയാണല്ലോ. അവിടുന്നിൽ മാത്രമാണ് മേധാവികളായ സ്തോതാക്കളും നിലക്കൊള്ളുന്നത്. അവർ അവിടേക്കു കീഴാളരത്രേ. അവിടുന്നല്ലാതെ സുഖയിതാവായി ആരുമില്ല.

14 ത്വന്നോഅസ്യാഅമതേരുതക്ഷു
ധോഽഽഭിശസ്തേരവസ്പൃധി
ത്വന്നഊതീതവചിത്രയാധിയാ
ശിക്ഷാശചിഷ്ഠഗാതുവിൽ

അന്വയം:—

ഹേ ശചിഷ്ഠ, അസ്യാഃ
അമതേഃ — കർമ്മവത്തമേന്ദ്ര,
ദാരിദ്ര്യാത്മകായാ ബാധായാഃ
ഉത ക്ഷുധഃ അഭി—ശസ്തേഃ — നിന്ദായാശ്ചസകാശാൽ
ത്വം നഃ അവ സ്പൃധി — അവമോചയ
(കിഞ്ച) ഗാതു—വിൽ
ത്വം നഃ തവ ഊതീ — മാർഗ്ഗജ്ഞസ്ത്വമസ്മഭ്യം
തവോത്യാ
ചിത്രയാ ധിയാ ശിക്ഷ — വിചിത്രേണ കർമ്മണാഭിമതം
ദേഹി

അർത്ഥം—ഏററവും കർമ്മവാനായ ഇന്ദ്ര, ഈ ദാരിദ്ര്യബാധയിൽനിന്നും വിശപ്പിൽനിന്നും നിന്ദയിൽനിന്നും ഞങ്ങളെ മോചിപ്പിച്ചാലും. പിന്നെ മാർഗ്ഗജ്ഞനായ അവിടുന്ന് ഞങ്ങൾക്ക് അവിടുത്തെ രക്ഷണത്താലും വിവിധ കർമ്മത്താലും അഭിമതമരുളിയാലും.

15 സോമഇദ്വസ്സുതോഅസ്തു
കലയോമാബിഭീതന
അപേദേഷധ്വസ്മായതി
സ്വയംഘൈഷോഅപായതി വ. 32

അന്വയം:—

ഹേ കലയഃ — കലിമഹർഷേർമ്മജ്ഞാതയഃ, പുത്രാഃ

സോമഃ സുതഃ വഃ അസ്തു ഇൽ — ഇന്ദ്രായാഭിഷുതഃ യുഷ്മാകമസ്ത്വേവ

(യൂയം) മാ ബിഭീതന ഇൽ — ഭീതാ മാ ഭവതൈവ

ഏഷഃ ധ്വസ്മാ അപ അയതി — ധ്വംസകഃ രാക്ഷസാദിഃ ഇന്ദ്രപ്രസാദാദപഗച്ഛതി

ഏഷഃ സ്വയം ഘ അപ അയതി — സ്വയമേവാപഗച്ഛതി

അർത്ഥം—അല്ലയോ കലിയായ എന്റെ ബന്ധുക്കളേ, പുത്രന്മാരേ, ഇന്ദ്രന്നു സമർപ്പിക്കാൻവേണ്ടി സോമം സംസ്കരിച്ചതു് നിങ്ങൾക്കുചേർന്നതാവട്ടേ. നിങ്ങൾ ഭയപ്പെടുകതന്നെ വേണ്ട. ഈ ഹിംസകനായ ദ്രോഹി, ഇന്ദ്രപ്രസാദത്താൽ പുറത്തു പോകുന്നു. അവൻ തന്നെത്താൻ അകന്നു പോകുന്നു.

വർഗ്ഗം: 33—34—35—36 ജാലനദ്ധാ മത്സ്യാ ഋഷയഃ, ഗായത്രീച്ഛന്ദഃ, ആദിത്യാ അദിതിശ്ച ദേവതാ.

1 ത്യാന്നുക്ഷത്രിയാഁഅവ
ആദിത്യാൻയാചിഷാമഹേ
സുമൃളീകാഁഅഭിഷ്ടയേ

അന്വയം:—

അഭിഷ്ടയേ — അഭിമതപ്രാപ്തയേ, ജാല നിൎഗ്ഗമനായ
സു-മൃളീകാൻ ത്യാൻ — സുഷ്ഠു സുഖയിതൄൻ താൻ
ക്ഷത്രിയാൻ ആദിത്യാൻ — ജാത്യാക്ഷത്രിയാനദിതിപുത്രാൻ
ന അവഃ യാചിഷാമഹേ — അദ്യ രക്ഷണം യാചാമഹേ

അൎത്ഥം—അഭീഷ്ടസിദ്ധിക്കായി, വലയിൽനിന്നു പുറത്തു കടക്കാനായി, നല്ലസുഖമേകുന്നവരും ജാതികൊണ്ടു് ക്ഷത്രിയരുമായ (സൎവ്വൎക്കും രക്ഷയ്ക്കു ബാദ്ധ്യസ്ഥരായ) അദിതിപുത്രന്മാരോടു ഇപ്പോൾ നമ്മൾ രക്ഷണം യാചിക്കുന്നു.

2 മിത്രേഃനോഅത്യംഹതിം

വരുണഃപൎഷദര്യമാ

ആദിത്യാസോയഥാവിദുഃ

അന്വയം:—

ആദിത്യാസഃ മിത്രഃ,
വരുണഃ, അര്യമാ നഃ — അസ്മാൻ
യഥാ വിദുഃ —. തേ യേന പ്രകാരേണ ദുസ്സഹ ഞ്ജാനന്തി തഥാ
അംഹതിം അതി പൎഷൽ — പാപമതിപാരയതു

അൎത്ഥം—അദിതിപുത്രന്മാരായ മിത്രനും വരുണനുമര്യമാവും, അവർ നമ്മളുടെ ദുഃഖമറിയുന്നപോലെ, നമ്മളെ കഷ്ടപ്പാടിനെ കവച്ചു കടത്തട്ടെ.

3 തേഷാംഹിചിത്രമുക്ഥ്യം ʃ

വരൂഥമസ്തിദാശുഷേ

ആദിത്യാനാമരങ്കൃതേ

അന്വയം:—

തേഷാം
ആദിത്യാനാം ഹി — ഖലു
ദാശുഷേ അരം--കൃതേ — ഹവിൎദ്ദാത്രേ, അലങ്കൎത്രേ
യജമാനായ ദാതവ്യം

ചിത്രം ഉക്ഥ്യം വരൂഥം
അസ്തി — വിചിത്രം സ്തുത്യം ധനം ഭവതി

അൎത്ഥം—ആ അദിതിപുത്രന്മാൎക്കാണല്ലോ ഹവിസ്സേകുന്നവനും സ്തോത്രങ്ങളാൽ അലങ്കരിക്കുന്നവനുമായ യജമാനനു കൊടുപ്പാനുള്ള വിവിധവും സ്തുത്യവുമായ ധനമുള്ളതു്.

4 മഹിവോമഹതാമവോ
വരുണമിത്രാര്യമൻ
അവാംസ്യാവൃണീമഹേ

അന്വയം:—

ഹേ മിത്ര, വരുണ,
അര്യമൻ മഹതാം വഃ — യുഷ്മാകം
മഹി അവഃ — മഹദ്രക്ഷണം കരണീയമസ്തി
(അതഃ) അവാംസി ആ
വൃണീമഹേ — രക്ഷണാനി പ്രാൎത്ഥയാമഃ

അൎത്ഥം—അല്ലയോ മിത്ര, വരുണ, അര്യമാവേ, മഹാന്മാരായ നിങ്ങൾക്കു മഹത്തായ രക്ഷണം കൎത്തവ്യമാകുന്നു. അതിനാൽ നിങ്ങളുടെ രക്ഷകൾ പ്രാൎത്ഥിക്കുന്നു.

5 ജീവാന്നോഅഭിധേത
നാദിത്യാസഃപുരാഹഥാൽ
കദ്ധസ്ഥഹവനശ്രുതഃ

അന്വയം:–

ഹേ ഹവന–ശ്രുതഃ,
ആദിത്യാസഃ, — ആഹ്വാനശ്രോതാരഃ, ആദിത്യാഃ,
(യൂയം) കൽ സ്ഥ? — ക്വ ഭവഥ,?
ജീവാൻ നഃ — ഇദാനീം ജീവതോസ്മാൻ
പുരാ ഹഥാൽ ഹ — ഹനനാൽ പൂർവ്വമേവ
അഭി ധേതന — അഭിധാവത

അർത്ഥം–വിളികേൾക്കുന്ന അദിതിപുത്രന്മാരേ, നിങ്ങളെവിടെയാണ്? ഇപ്പോൾ ജീവനോടുകൂടി ഞങ്ങളെ കൊല്ലും മുമ്പ് ഓടിവന്നാലും.

6 യദ്വശ്രാന്തായസുന്വതേ
വരൂഥമസ്തിയച്ഛർദ്ദിഃ
തേനാനോഅധിവോചത

അന്വയം:–

(കർമ്മണാ) ശ്രാന്തായ
സുന്വതേ — അഭിഷുണ്വതേ യജമാനായ
യൽ വരൂഥം വഃ അസ്തി — വരണീയം ധനം യുഷ്മാകമസ്തി
യൽ ഛർദ്ദിഃ — സുഖവാസയോഗ്യം ഗൃഹമസ്തി
തേന നഃ — തേനദ്വയേനാസ്മാൻ പ്രീണയിത്വാ
അധി വോചത — അധിവചനം കുരുത

അർത്ഥം–കർമ്മത്താൽ ക്ഷീണിച്ചവനും സോമം സംസ്കരിക്കുന്നവനുമായ യജമാനന്നു കൊടുക്കാനുള്ള യാതൊരു ധന്യമായ ധനം നിങ്ങൾക്കുണ്ടോ, സുഖവാസയോഗ്യമായ ഗൃഹമുണ്ടോ, അതുരണ്ടിനാലും ഞങ്ങളെ സന്തോഷിപ്പിച്ച്, (ഞങ്ങളെക്കുറിച്ചു മററു ദേവന്മാരോട്) അനുകൂലപക്ഷപാതമായ വാക്കുരച്ചാലും. (മത്സ്യങ്ങൾക്ക് ഈ അർത്ഥന യോജിപ്പിക്കുമ്പോൾ, യജമാനന്മാർക്കരുളുന്നപോലെയുള്ള അനുഗ്രഹവും, ഗൃഹംപോലെയുള്ള ജലാശയവും ഞങ്ങൾക്കു തരണമെന്ന് അ

ത്ഥമെട്ടക്കണം. മററു ദേവന്മാരോട്ട്, രുദ്രന്മാർ, വസുക്കഠം, മരുത്തുക്കഠം മുതലായവരോട്ട് ഞങ്ങളുടെ നിർദ്ദോഷത്വവും ദ്രസ്ഥിതിയും പറയണമെന്നും വിവക്ഷ.)

7 അസ്തിദേവാഅംഹോരു

വ്വസ്തിരത്നമനാഗസഃ

ആദിത്യാ അദ്ഭുതൈനസഃ

അന്വയം:—

ഹേ ദേവാഃ, ആദിത്യാഃ,

അദ്ഭുത—ഏനസഃ — അദ്ഭുതപാപാഃ

അംഹോഃ ഉരു അസ്തി — ഹന്തുഃ പാപശീലസ്യ മഹൽ പാപമസ്തി

അനാഗസഃ രത്നം അസ്തി – അപാപസ്യ രമണീയം ശ്രേയോസ്തി

(തതഃ അസ്മദഭിമതം കുരുത)

അത്ഥം—ദേവന്മാരും പാപം ഭവിക്കാത്തവരുമായ അദിതിപുത്രന്മാരേ, കൊല്ലുന്നവന്നു് പെരുതായ പാപമുണ്ടു്. പാപമില്ലാത്തവന്നത്രേ ശ്രേയസ്സ ഭവിക്കുന്നതു്. അതിനാൽ ഞങ്ങഠംക്കഭിമതമരുളിയാലും

8 മാനസ്സേതുസ്സിഷേദയം

മഹേവൃണക്തുനസ്പരി

ഇന്ദ്രഇദ്ധിശ്രുതോവശീ

അന്വയം:—

നഃ സേതുഃ മാ സിസേൽ — അസ്മാൻ ബന്ധകോ ജാലോമാ ബധ്നാതു

അയം (ഇന്ദ്രഃ) നഃ മഹോ പരി വൃണക്തു — മഹതേ കമ്മണേ ജാലാൽ പരിവജ്ജയതു

ഇന്ദ്രഃ ഇൽ ശ്രുതഃ വശീ ഹി – വിശ്രുതഃ സവ്വസ്യ വശീകത്താ ഹി

അർത്ഥം–കെട്ടിനിർത്തുന്ന വല നമ്മളെ ബന്ധിക്കാതിരിക്കട്ടേ. ഈ ഇന്ദ്രൻ മഹത്തായ കർമ്മത്തിന്നുവേണ്ടി നമ്മളെ വലയിൽ നിന്നു വിടട്ടേ. ഇന്ദ്രൻ തന്നെയാണു് വിശ്രുതൻ, അവിടുന്നുതന്നെയാണേവരെയും വശത്താക്കുന്നവൻ.

9 മാനോമൃചാരിപൂണാം

വൃജിനാനാമവിഷ്യവഃ

ദേവാഅഭിപ്രമൃക്ഷത

അന്വയം:–

ഹേ അവിഷ്യവഃ ദേവാഃ — രക്ഷിതുമിച്ഛന്തോ ദേവാഃ
നഃ വൃജിനാനാം
രിപൂണാം — ഹിംസകാനാം ശത്രൂണാം
മൃചാ മാ അഭി പ്ര മൃക്ഷത – ഹിംസകേന ജാലേന അഭിമർശനമുപരി മാ കുരുത

അർത്ഥം–അല്ലയോ രക്ഷേച്ഛുക്കളായ ദേവന്മാരേ, ഹിംസാശീലരായ ശത്രുക്കളുടെ ദ്രോഹകരമായ വലകൊണ്ടു് ഞങ്ങൾ മുകളിൽ സ്പർശിക്കപ്പെടാതിരിക്കട്ടേ, വല വീഴാതിരിക്കട്ടേ.

10 ഉതത്വാമദിതേമ

ഹ്യഹന്ദേവ്യുപബ്രുവേ

സുമൃളീകാമഭിഷ്ടയേ വ. 34

അന്വയം:–

ഹേ മഹി അദിതേ,
ദേവി, — മഹതി, ദേവമാതഃ, ദേവി,
ഉത സു–മൃളീകാം ത്വാം
അഹം — സുഷ്ഠുസുഖയിത്രീം ത്വാം
അഭിഷ്ടയേ ഉപ ബ്രുവേ — അഭിമതായോപേത്യ സ്തൗമി

അർത്ഥം–മഹതിയും ദേവമാതാവുമായ ദേവി, നല്ല സുഖമേകുന്ന അവിടുത്തെ, അഭീഷ്ടസിദ്ധിക്കായി ഞാൻ അണഞ്ഞു സ്തുതിക്കുന്നു. (ഇതു് മത്സ്യനേതാവിന്റെ വാക്കാണു്.)

11 പൎഷിദീനേഗഭീരആം
ഉഗ്രപുത്രേജിഘാംസതഃ
മാകിസ്തോകസ്യനോരിഷൽ

അന്വയം:—

| | |
|---|---|
| (ഹേ അദിതേ,) ആ പൎഷി | സൎവ്വതഃ പാലയസി |
| ദീനേ, ഉഗ്ര–പുത്രേ | ക്ഷീണേ, ഉൽഗൂൎണ്ണാഃ<br>പുത്രായസ്മിൻ, തസ്മിൻ |
| ഗഭീരേ ജിഘാംസതഃ നഃ | |
| തോകസ്യ | ഉദകേ അസ്മാകം പൗത്രം |
| മാകിഃ രിഷൽ | മൈവ ഹിംസാം കരോതു |
| (അഥവാ) ഹേ ഗഭീരേ, | |
| ഉഗ്ര–പുത്രേ | ഗംഭീരസ്വഭാവേ,<br>വീരപുത്രവത്യദിതേ, |
| ദീനേ | മയി ദയാം കുരു |
| ആ പൎഷി | സൎവ്വതഃ പാലയസി |
| ജിഘാംസതഃ | ഹിംസതോ ജാലം |
| നഃ തോകസ്യ മാകിഃ<br>രിഷൽ | അസ്മാകം തോകം, പൗത്രം<br>മൈവഹിംസാം കരോതു |

അൎത്ഥം—അദിതേ, അവിടുന്ന് എമ്പാടും രക്ഷിക്കുന്നു. ക്ഷീണനായി ഉഗ്രപുത്രന്മാരായ ക്രൂരയാദസ്സുകളൊത്ത ജലത്തിൽ (സമുദ്രത്തിൽ) ഹിംസകന്റെ വലയിൽ വീണ എന്റെ പൌത്രനെ ആ വല ഹിംസിക്കാതിരിക്കട്ടെ. (അല്ലെങ്കിൽ) ഗംഭീര സ്വഭാവയും വീരപുത്രന്മാരൊത്തവളുമായ അദിതേ, ദീനനായ എങ്കൽ ദയ ചെയ്താലും. എമ്പാടുമവിടുന്നു രക്ഷിക്കുന്നു. കൊല്ലുന്ന വല എന്റെ പൗത്രനെ ഹിംസിക്കാതിരിക്കട്ടെ. (മക്കളെക്കുറിച്ചുള്ളതിലധികം മക്കളുടെ മക്കളെക്കുറിച്ച് സ്നേഹവും ശുഷ്കാന്തിയും ഉണ്ടാകുന്ന ലോകസ്വഭാവം ഇവിടെ കാണിച്ചിരിക്കുന്നു.)

12 അനേഹോനഉരുവ്രജ
ഉരൂചിവിപ്രസ്ത്തവേ
കൃധിതോകായജീവസേ

അന്വയം:--

ഹേ ഉരു–വ്രജേ, ഉരൂചി, — വിസ്തീൎണ്ണഗമനേ, ധീരേ, ത്വം
അനേഹഃ നഃ — അപാപാനസ്മാൻ
വി പ്ര–സത്ത്വവേ കൃധി — അഭിസരണായ കുരു
തോകായ ജീവസേ — പൌത്രായ മത്സ്യായ, തസ്യ ജീവനായ, യഥാ ജീവേന രക്ഷിതും തഥാ ഉരുത്വം കുരു

അൎത്ഥം-പരന്നു ഗമിക്കുന്നവളും ധീരയുമായ അദിതേ, അവിടുന്നു് അപാപരായ ഞങ്ങൾക്കു് സ്വച്ഛന്ദസഞ്ചാരത്തിന്നു വേണ്ടതു ചെയ്താലും. പൌത്രനായ മത്സ്യത്തെ അതിന്റെ ജീവനത്തെ, രക്ഷിക്കാൻ തക്കവിധം ചെയ്താലും. (പൌത്രനെന്നതിന്നു് അദിതിയുടെ പൌത്രനെന്നും അൎത്ഥം പറയാം. ജലത്തിന്നു് (മഴക്കു്) ഇന്ദ്രപുത്രത്വമുണ്ടു്. മത്സ്യത്തിന്നു് ജലപുത്രത്വവുമുണ്ടു്. അപ്പോൾ അദിതിക്കു് മത്സ്യത്തെ സംബന്ധിച്ചു് പ്രപൌത്രത്വമായി. എങ്കിലും പൌത്രനെന്നുതന്നെ പറഞ്ഞിരിക്കുന്നു.)

13 യേമൂൎദ്ധാനഃക്ഷിതീനാ
മദബ്ധാസസ്വയശസഃ
വ്രതാരക്ഷന്തേഅദ്രുഹഃ

അന്വയം:–

യേ മൂൎദ്ധാനഃ — സൎവ്വേഷാം മൂൎദ്ധസ്ഥാനീയാഃ, ഉച്ഛ്രിതാഃ
ക്ഷിതീനാം അദബ്ധാസഃ — മനുഷ്യാണാമഹിംസകാഃ
സ്വ–യശസഃ, അദ്രുഹഃ — സ്വായത്തകീൎത്തയഃ, അദ്രോഗ്ധാരഃ
വ്രതാ രക്ഷന്തേ — അസ്മദീയാനി വ്രതാനി, കൎമ്മാണി പാലയന്തേ

അൎത്ഥം—ഏവർ എല്ലാവൎക്കും മീതെയുള്ള സ്ഥാനത്തുള്ളവരും മനുഷ്യരെ ഹിംസിക്കാത്തവരും സ്വയംനേടിയ കീൎത്തിയൊത്തവരും ദ്രോഹിക്കാത്തവരുമായി ഞങ്ങളുടെ കൎമ്മങ്ങളെ രക്ഷിക്കുന്നുവോ,

14 തേനആസ്നോവൃകാണാ
മാദിത്യാസോമുമോചത
സ്തേനംബദ്ധമിവാദിതേ

അന്വയം:—
ഹേ അദിതേ, ആദിത്യാസഃ,
തേ (യൂയം) നഃ — അസ്മാൻ
വൃകാണാം ആസ്നഃ — ഹിംസകാനാമാസ്യാൽ, സകാശാൽ
സ്തേനം ബദ്ധം-ഇവ
മുമോചത — വിമോചനം കുരുതഃ

അൎത്ഥം—അല്ലയോ അദിതേ, ആദിത്യന്മാരേ, ആ നിങ്ങൾ ഞങ്ങളെ ഹിംസകന്മാരുടെ അടുക്കൽനിന്നു്, കെട്ടിയിട്ട കള്ളനെ വിടുന്നപോലെ മോചിപ്പിച്ചാലും. (യുഗ്മകം)

15 അപോഷുണഇയംശരു
രാദിത്യാഅപദുൎമ്മതിഃ
അസ്മദേത്വജഘ്നുഷീ

വ. 35

അന്വയം:—
ഹേ ആദിത്യാഃ ഇയം
ശരുഃ — പ്രസിതിഃ
അജഘ്നുഷീ — അഹിംസന്തീ സതീ
അസ്മൽ അപോ ഏതു — അസ്മത്തോപഗച്ഛതു
(തഥാ) ദുഃ-മതിഃ — ദുഷ്ടാമതിഃ അജഘ്നുഷീ
നഃ സു അപ — അസ്മാൻ അപൈതു

അർത്ഥം—അല്ലയോ ആദിത്യന്മാരേ, ഈ കെട്ടുകയർ ഉപദ്രവിക്കാതെ ഞങ്ങളിൽ നിന്ന് അകന്നുപോകട്ടേ. അതുപോലെ (വലയിട്ട) ദുഷ്ടബുദ്ധിയും ദ്രോഹിക്കാതെ ഞങ്ങളെ വിട്ടകലട്ടേ.

16 ശശ്വദ്ധിവസ്സുദാനവ
ആദിത്യാഊതിഭിർവ്വയം
പുരാനൂനംബുഭുജ്മഹേ

അന്വയം:—

| | |
|---|---|
| ഹേ സു-ദാനവഃ, | |
| ആദിത്യാഃ | — സുദാനാ ആദിത്യാഃ |
| വഃ ഊതി-ഭിഃ ഹി വയം | — യുഷ്മാകം രക്ഷാഭിരേവവയം |
| പുരാ നൂനം ശശ്വൽ | — വധാൽ പൂർവ്വം ഇദാനീം ബഹ്വൻ ഭോഗാൻ |
| ബുഭുജ്മഹേ | — ഭുജ്മഹേ |

അർത്ഥം—അല്ലയോ ശോഭനദാനന്മാരായ അദിതിപുത്രന്മാരേ, നിങ്ങളുടെ രക്ഷകളാൽത്തന്നെ ഞങ്ങൾ കൊല്ലപ്പെടും മുമ്പ്, ഇപ്പോൾ, ധാരാളം ഭോഗങ്ങൾ അനുഭവിക്കാവൂ.

17 ശശ്വന്തംഹിപ്രചേതസഃ
പ്രതിയന്തഞ്ചിദേനസഃ
ദേവാഃകൃണുഥജീവസേ

അന്വയം:—

| | |
|---|---|
| ഹേ പ്ര-ചേതസഃ ദേവാഃ | — പ്രകൃഷ്ടമതയോ ദേവാഃ |
| ശശ്വന്തം, ചിൽ | |
| പ്രതി-യന്തം | — ബഹുമപിപ്രതിഗച്ഛന്തം ശത്രും |
| ഏനസഃ | — പാപസ്യകർത്താരം |
| ജീവസേ ഹി | — അസ്മാകം ജീവനായ ഏവ |
| (അസ്മത്തോ വിയുക്തം) | |
| കൃണുഥ | — കുരുത |

അർത്ഥം-ഉൽകൃഷ്ടബുദ്ധികളായ ദേവന്മാരേ, അസംഖ്യമായിട്ടാണെങ്കിലും എതിരെ വരുന്ന ശത്രുവായ പാപിയെ (ദ്രോഹിയെ) ഞങ്ങളുടെ ജീവനത്തിന്നായിതന്നെ ഞങ്ങളിൽ നിന്നു വിട്ടവനാക്കിയാലും. (ഇവിടെ അസംഖ്യമെന്ന പദം അനുചരന്മാരെ ഉദ്ദേശിക്കുന്നു).

18 തൽസുനോനവ്യംസന്യസ

ആദിത്യായന്മുമോചതി

ബന്ധാദ്‌ബദ്ധമിവാദിതേ

അന്വയം:—

ഹേ ആദിത്യാഃ അദിതേ, — ത്വദനുഗ്രഹാൽ
യൽ ബന്ധാൽ
ബദ്ധം—ഇവ മുമോചതി — യുഷ്മാകം യദ്രക്ഷണം ബദ്ധം ബന്ധനാദിവാസ്മാൻ മുഞ്ചതി
തൽ നഃ സു നവ്യം
സന്യസേ — സുഷ്ഠുസംഭജനായ ഭവതു

അർത്ഥം—അല്ലയോ ആദിത്യന്മാരേ, അദിതേ, നിങ്ങളുടെ അനുഗ്രഹത്താൽ യാതൊരു രക്ഷണം, ബന്ധനത്തിൽനിന്നു് തടവുകാരനെയെന്നപോലെ, ഞങ്ങളെ മോചിപ്പിക്കുമോ, ആ രക്ഷണം ഞങ്ങൾക്കു നന്നായി പ്രാപ്യമാകട്ടേ.

19 നാസ്മാകമസ്തിതത്തര

ആദിത്യാസോഅതിഷ്കദേ

യൂയമസ്മഭ്യംമൃളത

അന്വയം:—

ഹേ ആദിത്യാസഃ, — അദിതിപുത്രാഃ
(യോവേഗഃ) അതി-ഷ്കദേ — അസ്മാകം ബന്ധനാജ്ജാലാദതിഷ്കന്ദനായ പ്ര ഭവതി

തൽ തരഃ അസ്മാകം ന
അസ്തി — തദ്വേഗോ ന ഭവതി
(അതഃ) യൂയം അസ്മഭ്യം
മൃളത — തത്താദൃശം വേഗം കൃത്വാ സുഖയ

അർത്ഥം—അല്ലയോ അദിതിപുത്രന്മാരേ, ഏതു വേഗം, ശക്തി ഞങ്ങളുടെ വലത്തടവിൽ നിന്നു് പുറത്തുകടക്കാൻ സമർത്ഥമാകുമോ, ആ വേഗം, ശക്തി ഞങ്ങൾക്കില്ല. അതിനാൽ ആ ശക്തിയുണ്ടാക്കി ഞങ്ങളെ സുഖിപ്പിച്ചാലും.

20 മാനോഹേതിർവ്വിവസ്വത
ആദിത്യാഃ കൃത്രിമാശരുഃ
പുരാനുജരസോവധീൽ

അന്വയം:—
ഹേ ആദിത്യാഃ, നഃ
വിവസ്വതഃ — അസ്മാൻ വിവസ്വൽപുത്രസ്യ യമസ്യ (പുത്രേപിതൃശബ്ദഃ)
ഹേതിഃ കൃത്രിമാ ശരുഃ — ആയുധഭൂതാ, ക്രിയയാ നിഷ്പന്നാ ഹിംസകാ പ്രസിദ്ധിഃ
പുരാ നു ജരസഃ — ഇദാനീം ജീർണ്ണാനസ്മാൻ
മാ വധീൽ — മാ ഹിംസ്യാൽ

അർത്ഥം—അല്ലയോ ആദിത്യന്മാരേ, ഞങ്ങളെ വിവസ്വാന്റെ പുത്രൻ യമന്റെ (മകങ്കൽ അച്ഛന്റെ പേർ; വൈവസ്വതന്റെ എന്നു വേണ്ടതാണു്) ആയുധമായിത്തീർന്നിട്ടുള്ള പിരിച്ചുണ്ടാക്കിയ ഹിംസകമായ കെട്ടുകയർ, വല, ഇപ്പോൾത്തന്നെ ജീർണ്ണിച്ച ഞങ്ങളെക്കൊല്ലരുതേ.

21 വിഷുദ്വേഷോവ്യംഹതി
മാദിത്യാസോവിസംഹിതം
വിഷ്വഗ്വിവൃഹതാരപഃ വ. 36

അന്വയം:—

ഹേ ആദിത്യാസഃ ദ്വേഷഃ
സു വി വൃഹത — ദ്വേഷ്ടൄൻ സുഷ്ഠൂന്മൂലയത, വിനാശയത
(തഥാ) അംഹതിം വി — പാപം വിവൃഹത
സം—ഹിതം വി — ജാലം വിവൃഹത
(തഥാ) രപഃ വിഷ്വക് വി — പാപം വിഷ്വചീനം വിവൃഹത

അൎത്ഥം—അല്ലയോ ആദിത്യന്മാരേ, ഞങ്ങളുടെ ശത്രുക്കളെ ഉന്മൂലം നശിപ്പിച്ചാലും. അതുപോലെ പാപത്തെ നശിപ്പിച്ചാലും. (ഞങ്ങൾ വീണ) വലയെ നശിപ്പിച്ചാലും. പാപം പരന്നതു നശിപ്പിച്ചാലും.

നാലാം അദ്ധ്യായം സമാപ്തം

# അദ്ധ്യായപീഠിക

## അഷ്ടകം–6 അദ്ധ്യായം–5

1 മുതൽ 4 കൂടി വർഗ്ഗങ്ങൾ ഇന്ദ്രനും ഋക്ഷാശ്വമേധന്മാരുടെ ദാനവും ദേവത. 5–6–7 ഇന്ദ്രനും, വരുണനും, വിശ്വദേവന്മാരും. 8–9–10 ഇന്ദ്രൻ. 11 മുതൽ 17 കൂടി അഗ്നി. 18–19–20 അശ്വികൾ. 21 മുതൽ 26 കൂടി അഗ്നി തന്നെ. 27–28 ഇന്ദ്രൻ. 12–ാം ഋക്ക് സാരസ്വതത്തിലുള്ളതാണ്. 29 മുതൽ 32 കൂടി അഗ്നി. 33–34 സോമൻ. 35–36 ഇന്ദ്രനും ദേവന്മാരും. 37–38 ഇന്ദ്രൻ.

വർഗ്ഗം–1 മുതൽ 4 കൂടി ആങ്ഗിരസഃ പ്രിയമേധഃ ഋഷിഃ, അനുഷ്ടുബ് ഗായത്ര്യച്ഛന്ദസീ, ഇന്ദ്ര,ഋക്ഷാശ്വമേധൗ ച ദേവതാ.

1 ആത്വാരഥംയഥോതയേ
സുമ്നായവർത്തയാമസി
തുവികൂർമ്മിമൃതീഷഹ
മിന്ദ്രശവിഷ്ഠസൽപതേ

അന്വയം:–

| | |
|---|---|
| ഹേ ശവിഷ്ഠ, സൽപതേ, ഇന്ദ്ര, | — ബലവത്തമ, സതാംപാലയിതരിന്ദ്ര, |
| തുവി–കൂർമ്മിം ഋതീസഹം | — ബഹുകർമ്മാണം, ഹിംസകാനാമഭിഭവിതാരം |
| ത്വാ ഊതയേ, സുമ്നായ | — ത്വാം രക്ഷണായ സുഖായ ച |
| രഥം യഥാ ആ വർത്തയാമസി | — രഥമിവാവർത്തയാമ |

അർത്ഥം—ഏററവും ബലവാനും സത്തുക്കൾക്കു രക്ഷകനുമായ ഇന്ദ്ര, വളരെ കർമ്മങ്ങളൊത്തവനും ദ്രോഹികളെ കീഴമർത്തുന്നവനുമായ അവിടുത്തെ രക്ഷക്കായും സുഖത്തിന്നായും തേരിനെ എന്നപോലെ നേരെ വരുത്തുന്നു.

2 തുവിശുഷ്മതുവിക്രതോ
ശചീവോവിശ്വയാമതേ
ആപപ്രാഥമഹിത്വനാ

അന്വയം:—

| | |
|---|---|
| തുവി-ശുഷ്മ, തുവി-ക്രതോ,<br>ശചീ-വഃ, മതേ, | — ബഹുബല, ബഹുപ്രജ്ഞ, ബഹുകർമ്മൻ, പൂജനീയേന്ദ്ര, |
| വിശ്വയാ മഹി-ത്വനാ | — വിശ്വവ്യാപ്തേന മഹത്വേന |
| ആ പപ്രാഥ | — ആപൂരിതവാനസി |

അർത്ഥം—വളരെ ബലങ്ങളൊത്തവനും എത്രയോ പ്രജ്ഞകളുററവനും ധാരാളം കർമ്മങ്ങളിയന്നവനും പൂജനീയനുമായ ഇന്ദ്ര, സർവ്വത്ര വ്യാപിച്ച മഹത്വത്താലവിടുന്ന് അശേഷലോകവും നിറഞ്ഞിരിക്കുന്നു.

3 യസ്യതേമഹിനാമഹഃ
പരിജ്മായന്തമീയതുഃ
ഹസ്താവജ്രംഹിരണ്യയം

അന്വയം:—

| | |
|---|---|
| മഹഃ യസ്യ തേ മഹിനാ | — മഹതഃ പൂർവ്വോക്തസ്യ യസ്യ തവ മഹത്വേന |
| ഹസ്താ | — ഹസ്തൗ |
| പരി ജ്മായന്തം | — പൃഥിവ്യാം സർവ്വതോ വ്യാപ്നുവന്തം |
| ഹിരണ്യയം വജ്രം<br>ഈയതുഃ | — അസ്മാകം ഭയനിവാരണായ ഹിരണ്മയമായുധം പരിഗൃഹ്ണീതഃ |

അർത്ഥം—മുൻപറഞ്ഞവിധം മഹാനായ അവിടുത്തെ മഹത്വം കൊണ്ടു്, കൈകൾ, ഭൂമിയിൽ മുഴുവൻ വ്യാപിയ്ക്കുന്നതും സ്വർണ്ണമയവുമായ വജ്രായുധത്തെ ഞങ്ങൾക്കഭയത്തിന്നായേന്തുന്നു.

4 വിശ്വാനരസ്യവസ്പതി

മനാനതസ്യശവസഃ

ഏവൈശ്ചചർഷണീനാ

മൂതീഹുവേരഥാനാം

അന്വയം:—

(ഹേ യജമാനാഃ)

വിശ്വാനരസ്യ — വിശ്വാൻ, സർവ്വാൻ ശത്രൂൻ പ്രത്യൃതസ്യ

അനാനതസ്യ ച ശവസഃ — ശത്രൂണാമപ്രഹ്വസ്യ ച ബലസ്യ

പതിം ചർഷണീനാം

വഃ ഏവൈഃ — ഇന്ദ്രം സേനാരൂപാണാം യുഷ്മാകം ഗമനൈസ്സഹ

രഥാനാം ഊതീ ഹുവേ — ഊത്യൈ, രക്ഷണായാഹ്വയാമി

അർത്ഥം—അല്ലയോ യജമാനന്മാരേ, എല്ലാ ശത്രുക്കളെയും എതിരിടുന്നതും ശത്രുക്കൾക്കുമുമ്പിൽ (ഒരിക്കലും) കുനിയാത്തതുമായ ബലത്തിന്നീശനായ ഇന്ദ്രനെ, സേനാരൂപരായ നിങ്ങളുടെ നീക്കങ്ങളോടൊപ്പം, തേരുകളുടെ രക്ഷയ്ക്കായി ഞാൻ വിളിക്കുന്നു.

5 അഭിഷ്ടയേസദാവൃധം

സ്വർമ്മീള്ഹേഷുയന്നരഃ

നാനാഹവന്തഊതയേ വ. 1

അന്വയം:—

(ഹേ യജമാനാഃ,
യുഷ്മാകം) അഭിഷ്ടയേ — സാഹായ്യാർത്ഥമഭിഗമനായ
സദാ—വൃധം യം — സർവ്വദാ വർദ്ധയന്തം യം
സ്വഃ—മീള്ഹേഷു നരഃ — സങ്ഗ്രാമേഷു നേതാരോ മനുഷ്യാഃ
ഊതയേ നാനാ ഹവന്തേ — രക്ഷാർത്ഥം ബഹുപ്രകാരമാഹ്വയന്തി, തമിന്ദ്രം ഹുവേ

അർത്ഥം—അല്ലയോ യജമാനന്മാരേ, നിങ്ങളുടെ സാഹായ്യത്തിന്നായി നേരെ വരാനായി, എപ്പോഴും (ഉപാസകരെ) വളർത്തുന്ന ആരെ യുദ്ധങ്ങളിൽ നേതാക്കൾ പലപ്രകാരത്തിൽ വിളിക്കുന്നുവോ, ആ ഇന്ദ്രനെ ഞാൻ വിളിക്കുന്നു.

6 പരോമാത്രമൃചീഷമ
മിന്ദ്രമുഗ്രംസുരാധസം
ഈശാനഞ്ചിദ്വസൂനാം

അന്വയം:—

പരഃ—മാത്രം — പരാ മാത്രാ യസ്യ, താദൃശം, അപരിമിതസ്വരൂപം
(തഥാപി) ഋചീഷമം — യദ്യപ്യപരിച്ഛിന്നഃ സ്തുത്യാ സമം, സ്തുതിര്യാവന്മാത്രം വിഷയീകരോതി, തൽസമം
ഉഗ്രം സു—രാധസം ചിൽ — ഉൽഗൂർണ്ണബലം, ശോഭനധനം ച
വസൂനാം ഈശാനം — അസ്മഭ്യം പ്രദേയാനാം ഗവാദിധനാനാമീശ്വരം
ഇന്ദ്രം — പരമൈശ്വര്യയോഗാദിച്ഛാനുകൂലസ്വരൂപം തം ഹുവേ

അർത്ഥം—അളവററ, കണക്കററ, അളവിൽ സ്വരൂപമററവനെങ്കിലും, എത്രത്തോളം സ്തുതിക്കുന്നുവോ അതിലൊതുങ്ങിനിൽക്കുന്നവനും (സ്തുതിക്കുസമനും) ഊക്കാർന്നവനും നല്ല ധനമൊത്തവനും നമുക്ക തരുവാനുള്ള പശുമുതലായ ധനങ്ങൾക്കീ

ശനമായ ഇന്ദ്രനെ, പരമൈശ്വര്യയോഗംകൊണ്ടു് ഇച്ഛാനുകൂല സ്വരൂപനായ ഇന്ദ്രനെ, ഞാൻ വിളിക്കുന്നു.

7 തന്തമിദ്രാധസേമഹ
ഇന്ദ്രഞ്ചോദാമിപീതയേ
യഃപൂർവ്വ്യാമനുഷ്ടുതി
മീശേകൃഷ്ടീനാന്നൃതുഃ

അന്വയം:—

| | |
|---|---|
| മഹേ രാധസേ | — മഹതേ ധനായ, ധനലാഭാർത്ഥം |
| യഃ നൃതുഃ പൂർവ്വ്യാം | — യോനേതാദേവഃ പൂർവ്വേ ഭവാം |
| കൃഷ്ടീനാം അനു—സ്തുതിം | |
| ഈശേ | മനുഷ്യാണാം, ഋത്വിജാം<br>സംബന്ധിനീം അനുക്രമേണ<br>ക്രിയമാണാം സ്തുതിം ഈഷ്ടേ |
| തം—തം ഇൽ ഇന്ദ്രം | — തമേവേന്ദ്രം പ്രതി |
| പീതയേ ചോദാമി | — സോമപാനായ പ്രേരയാമി |

അർത്ഥം—മഹത്തായ ധനത്തിന്റെ ലാഭത്തിന്നായി, ഏതു നേതാവായ ദേവൻ, മുമ്പുള്ളതും ഋത്വിക്കുകളെസ്സംബന്ധിച്ചതുമായ സ്തോത്രത്തിന്നു്, ക്രമത്തിൽ ചൊല്ലപ്പെടുന്ന സ്തുതിക്കു്, അധീശനാണോ, ആ ഇന്ദ്രനെത്തന്നെ സോമപാനത്തിന്നായി ഞാൻ പ്രേരിപ്പിക്കുന്നു.

8 നയസ്യതേശവസാന
സഖ്യമാനംശമർത്ത്യഃ
നകിശ്ശവാംസീതേനശൽ

അന്വയം:—

| | |
|---|---|
| ഹേ ശവസാന | — ബലവന്നിന്ദ്ര, |
| യസ്യ തേ സഖ്യം മർത്ത്യഃ | — തവ സഖിത്വം മരണധർമ്മീ<br>മനുഷ്യഃ |

| | |
|---|---|
| ന ആനംശ | — നവ്യാപ്നോതി |
| (തസ്യ) തേ ശവാംസി | |
| നകിഃ നശൽ | — തവ ബലാന്യപി നൈവ വ്യാപ്നോതി |

അർത്ഥം—അല്ലയോ ബലവാനായ ഇന്ദ്ര, യാതൊരവിടുത്തെ ചങ്ങാതം മരണധർമ്മിയായ മനുഷ്യൻ നേടുന്നില്ലയോ ആ അവിടുത്തെ ബലങ്ങളെയും അവൻ പ്രാപിക്കുന്നില്ല. (അവിടുത്തെ അനുഗ്രഹത്തിൻെറ ബലം അവനു കിട്ടുന്നില്ല.)

9 ത്വോതാസസ്ത്വായു

ജാപ്സുസൂര്യേമഹദ്ധനം

ജയേമപൃത്സുവജ്രിവഃ

അന്വയം:—

| | |
|---|---|
| ഹേ വജ്രി-വഃ, | — വജ്രവന്നിന്ദ്ര, |
| ത്വാ—ഊതാസഃ | — ത്വയാ രക്ഷിതാഃ |
| ത്വാ യുജാ അപ്—സു | — ത്വയാ സഹായേന ജലേ സ്നാനാദിവ്യവഹാരം കർത്തും |
| സൂര്യേ | — ഉദിതേഗന്തും, തദർത്ഥം |
| പൃൽ—സു മഹൽ ധനം | |
| ജയേമ | — ശത്രൂൻ സംഗ്രാമേജിത്വാ തേഷാം ധനം ലഭേമ |

അർത്ഥം—അല്ലയോ വജ്രായുധനായ ഇന്ദ്ര, അവിടുന്നാൽ രക്ഷിയ്ക്കപ്പെട്ട ഞങ്ങൾ അവിടുത്തെ സഹായത്തോടുകൂടി സൂര്യോദയത്തിൽ കളിയ്ക്കാൻ പോകാനായി ശത്രുക്കളെ യുദ്ധത്തിൽ ജയിച്ച്, അവരുടെ മഹത്തായ ധനം നേടാവൂ. (കളിയ്ക്കാൻ പോകുംമുമ്പ് ശത്രുക്കളെ ജയിയ്ക്കുമല്ലോ.)

10 തന്ത്വായജ്ഞേഭിരീമഹേ
തങ്ഗീർഭിർഗ്ഗിർവ്വണസ്തമ
ഇന്ദ്രയഥാചിദാവിഥ
വാജേഷുപുരുമായ്യം
വ. 2

അന്വയം:—

ഹേ ഗിർവ്വണഃ–തമ, ഇന്ദ്ര,— സ്തുതിഭിർവ്വനനീയതമേന്ദ്ര,
(ത്വം) യഥാ ചിൽ
വാജേഷു — യേന പ്രകാരേണ
സങ്ഗ്രാമേഷു
പുരു–മായ്യം ആവിഥ — ബഹുപ്രജ്ഞം മാം രരക്ഷിഥ
തം ത്വാ യജ്ഞേഭിഃ
ഈമഹേ — താദൃശം ത്വാം യജ്ഞസാധനൈ
സ്സോമാദിഭിര്യാചാമഹേ
തം (ത്വാം) ഗീഃ–ഭിഃ — സ്തുതിഭിരീമഹേ

അർത്ഥം–സ്തുതികളാൽ ഏററവും ഭജനീയനായ ഇന്ദ്ര, അവിടന്നു് എപ്രകാരമാണോ യുദ്ധങ്ങളിൽ ബഹുപ്രജ്ഞനായ എന്നെ രക്ഷിച്ചതു്, അപ്രകാരം രക്ഷിച്ച ആ അവിടത്തോടു്, യജ്ഞസാധനങ്ങളായ സോമാദികളോടുകൂടി അഭീഷ്ടം യാചിക്കുന്നു. സ്തുതികളോടുകൂടി അഭീഷ്ടം യാചിക്കുന്നു.

11 യസ്യതേസ്വാദുസഖ്യം
സ്വാദ്വീപ്രണീതിരദ്രിവഃ
യജ്ഞോവിതന്തസായ്യഃ

അന്വയം:—

ഹേ അദ്രി–വഃ, — വജ്രവന്നിന്ദ്ര,
യസ്യ തേ സഖ്യം സ്വാദു — അതീവാനുഭവാർഹം

(കിഞ്ചതേ) പ്ര–നീതിഃ
സ്വാദ്വീ — ധനാദീനാം പ്രണയനം സ്വാദു, പ്രഹർഷകം

(തഥോഭയോർല്ലാഭായ)
യജ്ഞഃ വിതന്തസായ്യഃ — വിശേഷേണ തനനീയഃ

അർത്ഥം–അല്ലയോ വജ്രവാനായ ഇന്ദ്ര, യാതൊരവിടുത്തെ ചങ്ങാതം ഏററവും അനുഭവയോഗ്യമാണോ, അവിടുത്തെ ധനാദികളുടെ പ്രാപണം (എത്തിയ്ക്കൽ) പ്രഹർഷകരമാണോ, അതു രണ്ടും നേടാനായി അവിടുത്തെ ഉദ്ദേശിച്ച യജ്ഞം വിസ്തരിയ്ക്കേണ്ടതാകുന്നു, വിസ്തരിച്ചനുഷ്ഠേയമാകുന്നു.

12 ഉരുണസ്തന്വേഽഽതന
ഉരുക്ഷയായനസ്°കൃധി
ഉരുണോയന്ധിജീവസേ

അന്വയം:
(ഹേ ഇന്ദ്ര, ത്വം) നഃ
തന്വേ — അസ്മാകമാത്മജായ
ഉരു കൃധി — ധനം സുഖം വാ പ്രഭൂതങ്കുരു
(തഥാ) തനേ ഉരു — തൽപുത്രായ പ്രഭൂതം കുരു
നഃ ക്ഷയായ ഉരു — അസ്മാകം നിവാസായ, ഗൃഹായ പ്രഭൂതം കുരു
നഃ ജീവസേ യന്ധി — അസ്മാകം ജീവനായ പര്യാപ്തമഭിമതം പ്രയച്ഛ

അർത്ഥം–അല്ലയോ ഇന്ദ്ര, എന്റെ മകന്നു് ധാരാളം ഐശ്വര്യം, സുഖമുണ്ടാക്കിയാലും. അതുപോലെ മകന്റെ മകന്നും ധാരാളമുണ്ടാക്കിയാലും. ഞങ്ങളുടെ നിവാസഗൃഹത്തിന്നു മികച്ച ഐശ്വര്യം ഉണ്ടാക്കിയാലും. ഞങ്ങളുടെ ജീവിതത്തിന്നു മതിയാംവിധം അഭീഷ്ടമരുളിയാലും. (ജീവിതയാപനത്തിന്നു വേണ്ടുവോളം അഭീഷ്ടങ്ങളേ യാചിക്കുന്നുള്ളു. കൂട്ടിവെയ്ക്കാനും കരുതാനുമില്ല.)

13 ഉ॒രുന്നൃഭ്യ॑ഉ॒രുങ്ഗവ॑
ഉ॒രുംരഥാ॑യ॒പന്ഥാ॑ം
ദേ॒വവീ॑തിംമനാമഹേ

അന്വയം:-

(ഹേ ഇന്ദ്ര,) നൃ-ഭ്യഃ — അസ്മദീയേഭ്യോ ഭൃത്യേഭ്യഃ
ഉരും മനാമഹേ — ഹിതം യാചാമഹേ
(തഥാ) ഗവേ ഉരും — ഉപലക്ഷണമേതൽ, ഗവാശ്വാദികായ ഹിതം യാചാമഹേ
രഥായ ഉരും പന്ഥാം — ഹിതം പന്ഥാനം, മാർഗ്ഗം മനാമഹേ
(തഥാ) ദേവ-വീതിം — യജ്ഞം മനാമഹേ

അർത്ഥം—അല്ലയോ ഇന്ദ്ര, ഞങ്ങളുടെ പരിജനങ്ങൾക്ക് ഹിതം, സുഖം യാചിക്കുന്നു. അതുപോലെ പശു, കുതിര മുതലായവക്കും സുഖം യാചിക്കുന്നു. തേരിന്നു നല്ലവഴി യാചിക്കുന്നു. അതുപോലെ യജ്ഞം യാചിക്കുന്നു.

14 ഉപ॑മാ॒ഷഡ്ദ്വാദ്വാ॒
ന॒രസ്സോമ॑സ്യ॒ഹർഷ്യാ॑
തിഷ്ഠ॑ന്തിസ്വാദുരാ॒തയ॑ഃ

അന്വയം:-

മാ — പ്രിയമേധം മാം
(യജ്ഞേ പ്രസർപ്പന്തഃ)
ഷട് നരഃ — നേതാരഃ, രാജാനഃ
സോമസ്യ ഹർഷ്യാ — സോമപാനസ്യ ഹർഷേണ
സ്വാദു-രാതയഃ — സുഷ്ഠൂപഭോഗാർഹദാനാഃ
ദ്വാ-ദ്വാ ഉപ തിഷ്ഠന്തി — ദ്വൗ ദ്വൗ, പിതൃപുത്രേണ യുഗ്മൗ ഭൂത്വാ ഉപാസതേ

അർത്ഥം—(ഇവിടുന്നങ്ങോട്ട് ആറ് ഋക്കുകൾ ഋക്ഷൻ അശ്വമേധൻ എന്നിവരുടെ ദാനങ്ങൾക്കു സ്തുതിയാകുന്നു.)
യാഗാചരണത്തിലേർപ്പെട്ട പ്രിയമേധനായ എനിക്ക് ആറു നേതാക്കളും, രാജാക്കളും, സോമപാനഹർഷത്താൽ അനുഭവയോഗ്യങ്ങളായ ദാനങ്ങളൊത്തവരായി, അച്ഛനും മകനുമായി ഈരണ്ട് പേരായി ഉപവസിക്കുന്നു.

15 ഋജ്രാവിന്ദ്രോതആദദേ
ഹരീഋക്ഷസ്യസൂനവി
ആശ്വമേധസ്യരോഹിതാ വ. 3

അന്വയം:—

ഇന്ദ്രോതേ ഋജ്രൗ ആ ദദേ — അതിഥിഗ്വപുത്രേ തസ്മിൻ ഋജുഗാമിനാവശ്വൗ സ്വീകൃതവാനസ്മി
(തഥാ) ഋക്ഷസ്യ സൂനവി — ഋക്ഷനാമ്നഃ സൂനൗ, പുത്രേ
ഹരീ — ഹരിതവർണ്ണാവശ്വാവാദദേ
ആശ്വ—മേധസ്യ — അശ്വമേധപുത്രേ രാജനി
രോഹിതാ — രോഹിതവർണ്ണാവശ്വാവാദദേ

അർത്ഥം-(ഋക്ഷൻ, അശ്വമേധൻ എന്നിവരുടെ യാഗമാണ്. ആ യാഗത്തിന്നെത്തിച്ചേർന്ന അതിഥിഗ്വന്റെ പുത്രനായ ഇന്ദ്രോതനെന്ന രാജാവും സങ്ഗതിവശാൽ ദാനംചെയ്യുന്നു.)

ഇന്ദ്രോതങ്കൽനിന്നു് നേർപ്പോക്കുശീലമുള്ള രണ്ടു കുതിരകളെ ഞാൻ സ്വീകരിച്ചു. ഋക്ഷപുത്രങ്കൽ നിന്നു് രണ്ടു പച്ചക്കുതിരകളെ കൈക്കൊണ്ടു, അശ്വമേധപുത്രങ്കൽനിന്നു രണ്ടു ചെങ്കുതിരകളെ ദാനം വാങ്ങി.

16 സുരഥാഁആതിഥിഗ്വേ
സ്വഭീശൂഁരാർക്ഷേ
ആശ്വമേധേസുപേശസഃ

അന്വയം:—

ആതിഥി–ഗ്വേ
സു–രഥാൻ — ഇന്ദ്രോതേ ശോഭനരഥയുക്താനശ്വാനാദദേ
ആർക്ഷേ സു–അഭീശൂൻ — ഋക്ഷപുത്രേ സുപ്രഗ്രഹാനശ്വാനാദദേ
ആശ്വ–മേധേ
സു–പേശസഃ — അശ്വമേധപുത്രേ സുരൂപാൻ ശോഭനാലങ്കാരാനശ്വാനാദദേ

അർത്ഥം.—അതിഥിഗ്വന്റെ പുത്രനായ ഇന്ദ്രോതങ്കൽ നിന്നു് നല്ല തേരൊത്ത കുതിരകളെ ദാനം വാങ്ങി. ഋക്ഷന്റെ പുത്രങ്കൽ നിന്നു് നല്ല കടിഞ്ഞാണുററ കുതിരകളെ ദാനം മേടിച്ചു. അശ്വമേധന്റെ പുത്രങ്കൽനിന്നു് നന്മെയ്യുററ, കോപ്പണിഞ്ഞ കുതിരകളെ ദാനമായി കൈക്കൊണ്ടു.

17 ഷളശ്വാഁആതിഥിഗ്വ
ഇന്ദ്രോതേവധൂമതഃ
സചാപൂതക്രതൗസനം

അന്വയം:—

പൂത–ക്രതൗ ആതിഥി–
ഗ്വേ ഇന്ദ്രോതേ — ശുദ്ധകർമ്മോപേതേ അതിഥിഗ്വപുത്രേ തസ്മിൻ
വധൂ–മതഃ ഷട് അശ്വാൻ — ബഡവാഭിരുപേതാൻ ഷട്സംഖ്യാകാനശ്വാൻ
സചാ സനം — ഋക്ഷാശ്വമേധയോഃ പുത്രാഭ്യാം ദത്തേന സഹ ലബ്ധവാനസ്മി

അർത്ഥം.—വിശുദ്ധകർമ്മാവായ അതിഥിഗ്വപുത്രൻ ഇന്ദ്രോതങ്കൽ നിന്നു്, പെൺകുതിരകളോടുകൂടിയ ആറു് ആൺകുതിരകളെ, ഋക്ഷാശ്വമേധന്മാരുടെ പുത്രന്മാരിൽ നിന്നു് ലഭിച്ചതിനോടൊപ്പമെനിക്കു കിട്ടി.

18 ഐഷു॑ചേത॒ദ്വൃഷ॑ണ്വ
ത്യ॒ന്തരൃ॒ജ്രേഷ്വരു॑ഷീ
സ്വ॒ഭീ॒ശുഃകശാ॑വതീ

അന്വയം:—

ഏഷു ഋജ്രേഷു അന്തഃ — ഋജുഗാമിഷ്വശ്വേഷു മദ്ധ്യേ
വൃഷൺ-വതീ — വഷ്കൈഃ പുമശ്വൈരുപേതാ
അരുഷീ, സു-അഭീശുഃ — ആരോചമാനാ, ശോഭനേ പ്രഗ്രഹാ
കശാ-വതീ (ബഡവാ) ആ ചേതൽ — ആജ്ഞായതേ

അർത്ഥം—ഈ നേർപ്പോക്കററ കുതിരകളുടെ ഇടയിൽ കുതിരക്കുററന്മാരൊത്തു ശോഭചേർന്ന നല്ല കടിഞ്ഞാണോടുകൂടിയ (ചമ്മട്ടിയുററ) ഒരു പെൺകുതിരയും അറിയപ്പെടുന്നു.

19 നയു॒ഷ്മേവാ॑ജബന്ധവോ
നിനി॒ത്ഥ്സുശ്ച॒നമർത്ത്യ॑ഃ
അ॒വ॒ദ്യമധി॑ദീധരൽ — വ. 4

അന്വയം:—

ഹേ വാജ-ബന്ധവഃ, — അന്നബന്ധവഃ, അന്നപ്രദാഃ, രാജാനഃ
യുഷ്മേ നിനിത്ഥ്സുഃ ചന — യുഷ്മാസു നിന്ദകോപി
മർത്ത്യഃ അവദ്യം അധി ന ദീധരൽ — നിന്ദാം നാരോപയതി

അർത്ഥം—അല്ലയോ അന്നദാതാക്കളായ രാജാക്കന്മാരേ, നിങ്ങളിൽ നിന്ദാശീലമുററ മനുഷ്യൻ പോലും ദോഷം, നിന്ദ, ആരോപിക്കുകയില്ല.

വൎഗ്ഗം:–5–6–7. ഉഷ്ണിഗ്ഗായത്രീപങ്ക്ത്യനുഷ്ടുബ്ബൃഹത്യശ്ഛന്ദാംസി, ഇന്ദ്രോ വരുണോവിശ്വേദേവാശ്ച ദേവതാ.

1 പ്രപ്രവസ്ത്രിഷ്ടുഭമിഷം

മന്ദദ്വീരായേന്ദവേ

ധിയാവോമേധസാതയേ

പുരന്ധ്യാവിവാസതി

അന്വയം:–

| | |
|---|---|
| (ഹേ അധ്വര്യ്വാദയഃ,)വഃ — | യൂയം (പ്രഥമാൎത്ഥേ ദ്വിതീയാ) |
| ത്രി–സ്തുഭം ഇഷം — | സ്തോഭത്രയോപേതമന്നം |
| മന്ദൽ–വീരായ ഇന്ദവേ — | യഃ വീരാൻ ഹൎഷയതി തസ്മാ ഇന്ദ്രായ |
| പ്ര-പ്ര — | പ്രകൎഷേണ പ്രഭരത |
| (സചേന്ദ്രഃ) വഃ | |
| മേധ–സാതയേ — | യുഷ്മാൻ യജ്ഞസംഭജനായ |
| പുരം–ധ്യാ ധിയാ — | ബഹുപ്രജ്ഞോപേതേന കൎമ്മണാ |
| ആ വിവാസതി — | അഭിമതഫലയോജനേന സൽക്കരോതി |

അൎത്ഥം–അല്ലയോ അധ്വര്യു മുതലായവരേ, ദ്രവ്യശുദ്ധി, പാകശുദ്ധി, മന്ത്രശുദ്ധി എന്നീ മൂന്നു സ്തോഭങ്ങളുള്ള ഹവിരന്നം, വീരന്മാരെ സന്തോഷിപ്പിക്കുന്ന ഇന്ദ്രന്നായി നന്നായൊരുക്കുക, ആ ഇന്ദ്രൻ നിങ്ങളെ, യജ്ഞപ്രാപ്തിക്കായി ബഹുപ്രജ്ഞയോടൊത്ത കൎമ്മത്താൽ അഭീഷ്ടഫലമണച്ചുകൊണ്ടു സൽക്കരിക്കുന്നു.

2 നദംവഓദതീനാ

ന്നദംയോയുവതീനാം

പതിംവോഅഘ്ന്യാനാ

ന്ധേനൂനാമിഷുധ്യസി

അന്വയം:—

(ഹേ ഋത്വിജഃ,)
ഓദതീനാം നദം — ഉഷസാമുല്ലാദകമിന്ദ്രം (ഇന്ദ്രസ്യൈവസൂര്യത്വാൽ ദ്വാദശാദിത്യമധ്യേ ഇന്ദ്രഃ പഠിതഃ)
വഃ — യുഷ്മദർത്ഥമാഹ്വയാമി
(തഥാ) യോയുവതീനാം — സർവ്വത്രമിശ്രയന്തീനാം നദീനാം
നദം വഃ — ശബ്ദയിതാരം ദേവം യുഷ്മദർത്ഥമാഹ്വയാമി
അഘ്ന്യാനാം പതിം — അഹന്തവ്യാനാം ഗവാംപതിമാഹ്വയാമി
(ഹേ യജമാന, ത്വം)
ധേനൂനാം ഇഷുധ്യസി — ക്ഷീരാദിനാപ്രീണയിത്രീണാം ഗവാമന്നമിച്ഛസി

അർത്ഥം—അല്ലയോ ഋത്വിക്കുകളേ, ഉഷസ്സുകളുണ്ടാക്കുന്ന ഇന്ദ്രനെ (പന്ത്രണ്ടാദിത്യന്മാരിൽ പെടുന്നതുകൊണ്ടു് ഇന്ദ്രനു് സൂര്യത്വം) നിങ്ങൾക്കുവേണ്ടി ഞാൻ വിളിക്കുന്നു. അതുപോലെ എങ്ങും ചേർന്നൊഴുകുന്ന നദികളെ ശബ്ദിപ്പിക്കുന്ന ദേവനെ നിങ്ങൾക്കുവേണ്ടി വിളിക്കുന്നു. ഒരിക്കലും ഹനിക്കപ്പെടരുതാത്ത പശുക്കളുടെ പതിയെയും വിളിക്കുന്നു. (നദികളെ ശബ്ദിപ്പിക്കുന്നവനും പശുക്കളുടെ പതിയും ഇന്ദ്രൻതന്നെ.) അല്ലയോ യജമാന, പാൽ മുതലായവയേകുന്ന കറവപ്പശുക്കൾക്കു തീററ കൊടുക്കാനങ്ങു് ഇച്ഛിക്കുന്നുവല്ലോ.

3 താഅസ്യസൂദദോഹസ
സ്സോമംശ്രീണന്തിപൃശ്നയഃ
ജന്മന്ദേവാനാംവിശ
സ്ത്രിഷ്വാരോചനേദിവഃ

അന്വയം:-

താഃ സൂദ-ദോഹസഃ — സൂദ ഇതി കൂപനാമ, തൽ സദൃശ ദോഹനാഃ
പൃശ്നയഃ — പൃശ്നിവർണ്ണാഗാവഃ
ത്രിഷു — ത്രിഷ്വപി സവനേഷു
അസ്യ സോമം ശ്രീണന്തി – ഇന്ദ്രസ്യ സോമമാശിരേണ മിശ്രയന്തി
ദിവഃ ആ രോചനേ — ആദിത്യസ്യാരോചമാനേ
ദേവാനാം ജന്മൻ — ജന്മസ്ഥാനേ, ദിവി
വിശഃ — നിവിശന്ത്യഃ (യജ്ഞാർത്ഥേ ഉപയുക്താനാം ഗവാം ദ്യുപ്രാപ്തിഃ പ്രസിദ്ധാ)

അർത്ഥം-കിണർപോലെയുള്ള അകിടാൽ പാൽ ചുരത്തുന്ന, തവിട്ടുനിറമുററ പശുക്കൾ, മൂന്നു സവനങ്ങളിലും ഇന്ദ്രന്നു് ഗവ്യങ്ങൾ സോമത്തിൽ ചേർക്കുന്നു. ആ പശുക്കൾ ആദിത്യന്റെ പ്രകാശംകൊണ്ടു തെളിഞ്ഞ ദേവന്മാരുടെ ജന്മസ്ഥാനമായ ദ്യോവിൽ പ്രവേശിക്കുന്നവയാകുന്നു. (യജ്ഞത്തിലുപയോഗിക്കപ്പെട്ട പശുക്കൾ സ്വർഗ്ഗം പ്രാപിക്കുന്നു എന്നു പ്രസിദ്ധം.)

4 അ॒ഭിപ്രഗോപ॑തിങ്ഗി॒

രേന്ദ്ര॑മർച്ച॒യഥാ॑വി॒ദേ

സൂ॒നുംസ॒ത്യസ്യ॒സൽപ॑തിം

അന്വയം:-

(ഹേ ഋത്വിജഃ) സത്യസ്യ
സൂനും, സൽ-പതിം — പുത്രം, സതാം പാലയിതാരം
ഗോ-പതിം ഇന്ദ്രം — ഗവാം പതിം തം
യഥാ വിദേ — സയഥാ യാഗം പ്രതി ഗന്തവ്യം ഇതി ജാനാതി തഥാ
ഗിരാ അഭി പ്ര അർച്ച — പ്രകർഷേണ സ്തുത്യാ പൂജയ

അർത്ഥം—അല്ലയോ ഋത്വിക്കുകളേ, സത്യത്തിൻെറ പുത്രനും സത്തുക്കൾക്കു രക്ഷിതാവും പശുപതിയുമായ ഇന്ദ്രനെ യാഗത്തിന്നു പോകണമെന്നവിടേയ്ക്കു തോന്നുമാറു്, സ്തുതിയാൽ നന്നായി പൂജിക്കുക.

5 ആഹര്യസ്സസൃജ്രി
രേരുഷീരധിബർഹിഷി
യത്രാഭിസന്നവാമഹേ വ. 5

അന്വയം:

| | | |
|---|---|---|
| അരുഷീഃ ഹരയഃ | — | ആരോചമാനാ<br>ഹരിതവർണ്ണാശ്വാഃ |
| അധി ബർഹിഷി | — | ബർഹിഷ്യാസ്തൃതേ |
| ആ സസൃജ്രിരേ | — | ആ സൃജന്തു |
| യത്ര അഭി സം–<br>നവാമഹേ | — | തത്രസ്ഥിതമിന്ദ്രം അഭിസംസ്തുമഃ |

അർത്ഥം—മിന്നുന്ന (ഇന്ദ്രൻെറ) ഹരികളെന്ന പച്ചക്കുതിരകൾ ദർഭവിരിയിൽവന്നു നിൽക്കട്ടേ. അവിടെ ഇരിക്കുന്ന ഇന്ദ്രനെ നേരെ സ്തുതിക്കുന്നു.

6 ഇന്ദ്രായഗാവആശിര
ന്ദുദുഹ്രേവജ്രിണേമധു
യൽസീമുപഹ്വരേവിദൽ

അന്വയം:—

| | | |
|---|---|---|
| യൽ ഉപ–ഹ്വരേ | — | യദാ സമീപേ വർത്തമാനം<br>മധുരം സോമരസം |
| സീം വിദൽ | — | സർവ്വതോ ലഭതേ, തദാ |
| ഗാവഃ വജ്രിണേ ഇന്ദ്രായ | — | വജ്രവതേ തസ്മൈ |
| ആ–ശിരം മധു ദുദുഹ്രേ | — | ആശ്രയണസാധനം മദകരം<br>പയ ആദികം ദോഹതേ |

അർത്ഥം–എപ്പോൾ സമീപത്തിൽ മധുരമായ സോമച്ചാർ എമ്പാടുമെത്തുന്നുവോ, അപ്പോൾ പശുക്കൾ അതിൽ ചേർക്കേണ്ടും ഹർഷകരമായ പാൽ മുതലായവ ചുരത്തുന്നു.

7 ഉദ്യദ്ബ്രധ്നസ്യവിഷ്ടപ

ങ്ഗൃഹമിന്ദ്രശ്ചഗന്വഹി

മധ്വഃപീത്വാസചേവഹി

ത്രിസ്സപ്തസഖ്യുഃപദേ ।

അന്വയം:–

| | |
|---|---|
| യൽ ബ്രധ്നസ്യ<br>വിഷ്ടപം | — യദാ മഹത ആദിത്യസ്യ സ്ഥാനം |
| ഗൃഹം ഇന്ദ്രഃ ച ഉൽ<br>ഗന്വഹി | — ഇന്ദ്രശ്ചാഹഞ്ചോഭൗഗച്ഛാവഃ, തദാനീം |
| മധ്വഃ പീത്വാ | — മധുരം സോമരസം പീത്വാ |
| സഖ്യുഃ | — സർവ്വേഷാം സഖീഭൂതസ്യാദിത്യസ്യ |
| ത്രിഃ സപ്ത | — ദേവലോകാനാമുത്തമമേകവിംശം സ്ഥാനം |
| പദേ സചേവഹി | — സംസൃഷ്ടൗ ഭവേവ |

(ദ്വാദശമാസാഃ, പഞ്ചർത്തവഃ, ത്രയഇമേ ലോകാഃ അസൌ ആദിത്യഃ ഏകവിംശഃ)

അർത്ഥം–എപ്പോൾ മഹാനായ ആദിത്യന്റെ സ്ഥാനം, ഗൃഹം ഇന്ദ്രനും ഞാനും പ്രാപിക്കുന്നുവോ, അപ്പോൾ മധുരമായ സോമം കുടിച്ച് ആദിത്യന്റെ ഇരുപത്തൊന്നു സ്ഥാനങ്ങളിൽ കൂടി വിഹരിക്കും. (പന്ത്രണ്ടുമാസങ്ങൾ, അഞ്ച് ഋതുക്കൾ, മൂന്നു ലോകങ്ങൾ കൂടി ഇരുപത്. ഇരുപത്തൊന്നാമത്തേത് ആദിത്യന്റെ സ്ഥാനം.)

8 അർച്ചതപ്രാർച്ചത
പ്രിയമേധാസോഅർച്ചത
അർച്ചന്തുപുത്രകാഉത
പുരന്നധൃഷ്ണ്വർച്ചത

അന്വയം:–

| | |
|---|---|
| (ഹേ അധ്വര്യ്വാദയഃ, | |
| യൂയം) അർച്ചത | — ഇന്ദ്രം സ്തുത്യാപൂജയത |
| പ്ര അർച്ചത | — പ്രകർഷേണ പൂജയത |
| ഹേ പ്രിയ–മേധാസഃ, | |
| അർച്ചത | — പ്രിയമേധഗോത്രോല്പന്നാഃ, പൂജയത |
| പുത്രകാഃ അർച്ചന്തു | — പുത്രാഃ പൂജയന്തു |
| ഉത ധൃഷ്ണു പുരം ന അർച്ചത | — യഥാപുരം ധർഷണശീലമർച്ചന്തി, താദൃശമിന്ദ്രമർച്ചത |

അർത്ഥം—അല്ലയോ അധ്വര്യു മുതലായവരേ, നിങ്ങളിന്ദ്രനെ സ്തുതിയാൽ പൂജിക്കുക. നന്നായി വന്ദിക്കുക. അല്ലയോ പ്രിയമേധഗോത്രക്കാരേ, അവിടത്തെ വണങ്ങുക. പുത്രന്മാർ അവിടത്തെ ആരാധിക്കട്ടെ. ശത്രുക്കളെ തടുത്തു രക്ഷിക്കുന്ന നഗരത്തെയെന്നപോലെ (നമ്മെയെല്ലാം രക്ഷിക്കുന്ന) ഇന്ദ്രനെ അർച്ചിക്കുക.

9 അവസ്വരാതിഗർഗ്ഗരോ
ഗോധാപരിസനിഷ്വണൽ
പിങ്ഗാപരിചനിഷ്കദ
ദിന്ദ്രായബ്രഹ്മോദ്യതം

അന്വയം:–

| | |
|---|---|
| ഗർഗ്ഗരഃ അവ സ്വരാതി | — ധ്വനിയുക്തോവാദ്യവിശേഷോ [illegible] ശബ്ദയതി |

ഗോധാ പരി
സനിസ്വനൽ — ഹസ്തഘ്നഃ പരിതോഭൃശം
സ്വനതി

പിങ്ഗാ പരി
ചനിസ്കദൽ — പിങ്ഗവർണ്ണാജ്യാപി പരി
സ്കന്ദതേ

(യസ്മാദേവം തസ്മാൽ
സന്നദ്ധഃ അതഃ) ഇന്ദ്രായ
ബ്രഹ്മ ഉൽ_യതം — സ്തുതിലക്ഷണം കർമ്മ ഉദ്യതം
ഭവതു

അർത്ഥം—യുദ്ധത്തിൽ പെരുമ്പറവാദ്യം ഭയജനകമായി മുഴങ്ങുന്നു. ഇരുമ്പുകയ്യുറകൾ മുററും ശബ്ദിക്കുന്നു. ചെമ്മഞ്ഞനിറമുററ വിൽഞാണുകൾ ചുററുമൊച്ചപ്പെടുന്നു. ഇപ്രകാരം യുദ്ധമാസന്നമാകയാൽ ഇന്ദ്രനു സ്തുതികർമ്മം ഉയർന്നുവരട്ടേ.

10 ആയൽപതന്ത്യേന്യ
സുദുഘാഅനപസ്ഫുരഃ
അപസ്ഫുരംഗൃഭായത
സോമമിന്ദ്രായപാതവേ വ. 6

അന്വയം:—
(ഹേ ഋത്വിജഃ) യൽ
ഏന്യഃ — യദാ ഏതവർണ്ണാഃ,
ശുഭ്രവർണ്ണാനദ്യഃ
സു-ദുഘാഃ, അനപ-സ്ഫുരഃ — സുദോഹാഃ, പ്രവൃദ്ധാഃ
ആ പതന്തി — ആഗച്ഛന്തി തദാ
അപ-സ്ഫുരം സോമം — അത്യന്തം പ്രവൃദ്ധം സോമം
ഇന്ദ്രായ പാതവേ
ഗൃഭായത — പാതും സമ്പാദയത

അർത്ഥം—അല്ലയോ ഋത്വിക്കുകളേ, എപ്പോൾ വെൺനിറമൊത്ത നദികൾ ജലം ചുരത്തുന്നവയായി, നിറവുററവയായി

എത്തുന്നുവോ, അപ്പോൾ കവിഞ്ഞൊഴുകുന്ന സോമം ഇന്ദ്രന്നു കുടിപ്പാനായി ഒരുക്കുക.

11 അപാദിന്ദ്രോഅപാദഗ്നി
വ്വിശ്വേദേവാഅമത്ഥ്സത
വരുണഇദിഹക്ഷയ
ത്തമാപോഅഭ്യനൂഷത
വത്ഥ്സംസംശിശ്വരീരിവ

അന്വയം:—

| | |
|---|---|
| ഇന്ദ്രഃ അപാൽ | — സോമമപിബൽ |
| അഗ്നിഃ അപാൽ | — അപിബൽ |
| വിശ്വേ ദേവാഃ | |
| അമത്ഥ്സത | — സോമപാനേന തൃപ്താഅഭവൻ |
| വരുണഃ ഇൽ ഇഹ | |
| ക്ഷയൽ | — യാഗഗൃഹേ സോമപാനാർത്ഥം നിവസതു |
| (നിവസന്തം) തം ആപഃ | — ഉദകാനി |
| വത്ഥ്സം സംശിശ്വരീഃ— | |
| ഇവ | — സ്വീയംവത്സം സംശിശ്വര്യഃ,<br>സങ്ഗച്ഛമാനാ ഗാവ ഇവ |
| അഭി അനൂഷത | — അഭ്യഷ്ടുവൻ |

അർത്ഥം—ഇന്ദ്രൻ സോമം കുടിച്ചു. അഗ്നി സോമം കുടിച്ചു. എല്ലാ ദേവന്മാരും സോമപാനത്താൽ ഹർഷിച്ചു. വരുണനും യാഗശാലയിൽ സോമപാനത്തിന്നായി നിവസിയ്ക്കട്ടെ. അപ്രകാരം വസിയ്ക്കുന്ന അവിടുത്തെ, സ്വന്തം കിടാവിനെ തള്ളപ്പശു സമീപിച്ച് ഇമ്പാശബ്ദം പുറപ്പെടുവിക്കുന്നപോലെ, ജലങ്ങൾ പ്രവാഹശബ്ദത്താൽ നേരെ സ്തുതിച്ചു.

12 സുദേവോഅസിവരുണ
യസ്യതേസപ്തസിന്ധവഃ
അനുക്ഷരന്തികാകുദം
സൂർമ്യംസുഷിരാമിവ

അന്വയം:—

ഹേ വരുണ, — ജലാഭിമാനിൻ, ദേവ, ത്വം
സു-ദേവഃ അസി — സുതരാം ദീപ്യമാനോസി
യസ്യ തേ കാകുദം — തവസമുദ്രാഖ്യം താലും
സപ്ത സിന്ധവഃ — ഗങ്ഗാദ്യാസ്സപ്തനദ്യഃ
സൂർമ്യം സുഷിരാം-ഇവ — ലോഹപ്രതിമാം സുഷിരാമിവ, സായഥാ ജലപൂർണ്ണാസ്രവന്തി തദ്വൽ
അനു-ക്ഷരന്തി — ജിഹ്വായാം സർവ്വദാസ്രവന്തി

അർത്ഥം—അല്ലയോ ജലാഭിമാനിദേവനായ വരുണ, അവിടുന്ന് ഏററവും ശോഭമാനനാകുന്നു. അപ്രകാരമുള്ള അവിടുത്തെ അണ്ണാക്കായ സമുദ്രത്തിലേയ്ക്ക്, ഗംഗമുതലായ ഏഴ് നദികൾ ഓട്ടപ്പാത്രത്തിൽനിന്നു ജലമെന്നപോലെ നാവിലൂടെ ജലമൊഴുക്കുന്നു.

13 യോവ്യതീരഫാണയൽ
സുയുക്താഉപദാശുഷേ
തക്വോനേതാതദിദ്വപു
രുപമായോഅമുച്യത

അന്വയം:—

യഃ വ്യതീൻ,
സു-യുക്താൻ — വിവിധഗമനാൻ, രഥേ ബദ്ധാനശ്വാൻ

| | |
|---|---|
| ദാശുഷേ ഉപ<br>അഘാണയൽ | — ഹവിർദ്ദാത്രേ, ഹാവിർദ്ദാതാരം യജമാനം പ്രാപ്തുമുപഗമയതി |
| (യദൈവം കരോതി)<br>തൽ ഇൽ | — തദാനീമേവ |
| തകപാഃ നേതാ | — യജ്ഞഗമനശീലഃ, ഫലസ്യ നായക ഇന്ദ്രഃ |
| വപുഃ | — ഉദകമുല്പാദയതി |
| യഃ ഉപ–മാ അമുച്യത | — ഇന്ദ്രഃ ഉപമാനഭൃതഃ വൃഷ്ടിനിവാരകൈരസുരൈർമ്മുക്തോ ഭവതി |

അൎത്ഥം—ആർ വിവിധമായി ഗമിക്കുന്നവയും തേരിൽ പൂട്ടപ്പെട്ടവയുമായ കുതിരകളെ, ഹവിസ്സേകുന്ന യജമാനനെ പ്രാപിക്കാനായി ആട്ടുന്നുവോ, അപ്രകാരം ചെയ്യുമ്പോഴുതന്നെ യജ്ഞഗാമിയും കൎമ്മഫലമെത്തിക്കുന്നവനുമായ ഇന്ദ്രൻ ജലമുൽപാദിപ്പിക്കുന്നു. അദ്ദേഹം എന്തിന്നും സദൃശനായി മഴ മുടക്കുന്ന അസുരന്മാരിൽനിന്ന് സ്വയം മുക്തനായി ഭവിക്കുന്നു.

14 അതീദു॑ശ॒ക്രഓ॑ഹത॒
ഇന്ദ്രോ॒വിശ്വാ॒അതിദ്വി॒ഷഃ॑
ഭി॒നൽകനീ॒നഓ॑ദ॒നം
പ॒ച്യമാ॑നംപ॒രോഗി॒രാ

അന്വയം:—

| | |
|---|---|
| (അയം) ഇന്ദ്രഃ ശക്രഃ | — ശക്തസ്സൻ |
| അതി ഇൽ ഓഹതേ ഉ | — അതിക്രമ്യ സങ്ഗ്രാമേ ശത്രൂൻ ഗച്ഛത്യേവ |
| (സഃ) വിശ്വാഃ ദ്വിഷഃ<br>അതി | — സർവ്വാന്ദ്വേഷ്ടൄനതിക്രമ്യഗച്ഛതി |
| കനീനഃ പരഃ | — കമനീയഃ, മേധാനാം പരസ്താദ്വർത്തമാനഃ |

ഗിരാ പച്യമാനം — സ്തനിതലക്ഷണയാ
മാദ്ധ്യമികയാ വാചാ
നിർഘോഷേണ താഡ്യമാനം
ഓദനം ഭിനൽ — മേഘമഭിനൽ, ഭിനത്തി

അർത്ഥം–ഈ ഇന്ദ്രൻ ശക്തനായി യുദ്ധത്തിൽ ശത്രുക്കളെ അതിക്രമിച്ച് ചെല്ലുന്നു. എല്ലാ ശത്രുക്കളെയും അതിക്രമിച്ച് ചെല്ലുന്നു. കമനീയനും ബുദ്ധികൾക്ക് എത്താൻ കഴിയാത്തവനുമായ അവിടുന്ന് ഇടിവെട്ടാകുന്ന ശബ്ദത്താൽ, മാദ്ധ്യമിക വാക്കാൽ, ഘോഷത്തോടുകൂടി, പീഡിക്കപ്പെട്ട മേഘത്തെ പിളക്കുന്നു.

15 അർഭകോനകുമാര

കോധിതിഷ്ഠന്നവംരഥം

സപക്ഷന്മഹിഷംമൃഗം

പിത്രേമാത്രേവിഭുക്രതും

അന്വയം:—

(അയമിന്ദ്രഃ) അർഭകഃ
ന കുമാരകഃ — അല്പശരീരഃ കുമാര ഇവ
പിത്രേ മാത്രേ — സ യഥാധിതിഷ്ഠതി തദ്വൽ
നവം രഥം അധി തിഷ്ഠൻ — സ്തുത്യം രഥമധിതിഷ്ഠതി
സഃ മഹിഷം മൃഗം — മഹാന്തം മൃഗമിവ
ഇതസ്തതോധാവന്തം
വിഭു-ക്രതും പക്ഷൽ — ബഹുകർമ്മാണം മേഘം പചതി,
വൃഷ്ട്യഭിമുഖം കരോതി

അർത്ഥം–ഈ ഇന്ദ്രൻ ചെറുമെയ്യൊത്ത ബാലനെന്നപോലെ, അവൻ അച്ഛനമമ്മയ്ക്കും വേണ്ടി ഇരിക്കുന്നപോലെ, സ്തുത്യമായ തേരിലിരിക്കുന്നു. അവിടുന്ന് ഒരു വലിയ മൃഗം പോലെ അങ്ങിങ്ങോടുന്ന ബഹുകർമ്മമിയന്ന മേഘത്തെ വേവിക്കുന്നു, മഴയ്ക്കു പാകമാക്കുന്നു.

16 ആതുസുശിപ്രദമ്പതേ
രഥന്തിഷ്ഠാഹിരണ്യയം
അധദ്യുക്ഷംസചേവഹി
സഹസ്രപാദമരുഷം
സ്വസ്തിഗാമനേഹസം

അന്വയം:—

| | |
|---|---|
| ഹേ സു–ശിപ്ര, ദം–പതേ | സുഹനോ, ഗൃഹസ്വാമിൻ, (അത്രഗൃഹഃ രഥഃ, തസ്യ സ്വാമിൻ) |
| ദ്യുക്ഷം, സഹസ്ര–പാദം | ദീപ്തം, ബഹുപാദം |
| അരുഷം, സ്വസ്തി–ഗാം | ആരോചമാനം, കുശലഗമനം |
| അനേഹസം | അപാപം |
| ഹിരണ്യയം തു രഥം ആ തിഷ്ഠ | രഥമാരോഹ |
| അധ | തവ ഹവിസ്വീകരണാനന്തരം, തവാരോഹണാനന്തരം, അഹമപ്യാരുഹ്യ |
| (ഉഭൌ) സചേവഹി | സങ്ഗച്ഛേവഹി, സങ്ഗതൌ ഭവേവ |

**അർത്ഥം**—നൽത്താടിയെല്ലൊത്തവനും തേരാകുന്ന ഗൃഹത്തിന്നു് സ്വാമിയുമായ ഇന്ദ്ര, അവിടുന്നു് പ്രകാശയുക്തവും പല കാലുകളോടുകൂടിയതും തിളങ്ങുന്നതും മംഗളമായി പോകുന്നതും പാപം തീണ്ടാത്തതും സ്വർണ്ണമയവുമായ തേരിൽ കയറിയാലും. അവിടുന്നു് ഹവിസ്സു കൈക്കൊണ്ടശേഷം, തേരിൽ കയറിയ ശേഷം ഞാനും കയറി നമുക്കു രണ്ടുപേർക്കും ഒരുമിച്ചിരിക്കാം.

17 തങ്ഘേമിത്ഥാനമസ്വിന

ഉപസ്വരാജമാസതേ

അർത്ഥഞ്ചിദസ്യസുധിതംയദേതവ

ആവർത്തയന്തിദാവനേ

അന്വയം:—

| | | |
|---|---|---|
| തം ഘ ഈം സ്വ–രാജം | — | തം ഖല്വേനം സ്വയം രാജമാനമിന്ദ്രം |
| ഇത്ഥാ നമസ്വിനഃ | — | ഇത്ഥം, അനേന പ്രകാരേണാന്നവന്തഃ, അധ്വര്യ്വാദയഃ |
| ഉപ ആസതേ | — | സേവന്തേ |
| (തഥാകൃത്വാ) യൽ | | |
| എതവേ | — | യദാസ്യേന്ദ്രസ്യ ഗമനായ |
| ദാവനേ ആ–വർത്തയന്തി | — | ഹവിർദ്ദാനായ സ്തുതയഃ ആനയന്തി തദാ |
| അസ്യ അർത്ഥം ചിൽ | — | ഇന്ദ്രസ്യാരണീയം |
| സു–ധിതം | — | സുഷ്ഠുസ്ഥാപിതം ധനം പ്രാപ്നുവന്തി |

അർത്ഥം–ആ ആത്മപ്രകശനായ ഇന്ദ്രനെത്തന്നെയാണല്ലോ ഇപ്രകാരം ഹവിസ്സേന്തിയ അധ്വര്യു മുതലായവർ സേവിക്കുന്നതു്. ഇന്ദ്രന്റെ വരവിന്നായി, അവിടേക്കു ഹവിസ്സേകാനായി, സ്തുതികൾ ആനയിക്കുമ്പോൾ അവിടുത്തെ ശ്രേഷ്ഠവും സുസ്ഥാപിതവുമായ ധനത്തെ (ഉപാസകർ) പ്രാപിക്കുന്നു.

18 അനുപ്രത്നസ്യൗകസഃ

പ്രിയമേധാസഏഷാം

പൂർവ്വാമനുപ്രയതിംവൃക്തബർഹിഷോ

ഹിതപ്രയസആശത വ. 7

അന്വയം:–

| | |
|---|---|
| പൂർവ്വാം പ്ര–യതിം അനു | — മുഖ്യം പ്രദാനം ലക്ഷീകൃത്യ |
| വൃക്ത–ബർഹിഷഃ | — സ്തീർണ്ണദർഭാഃ |
| ഹിത–പ്രയസഃ | — ആസാദിത സോമാദി ഹവിഷ്കാഃ |
| പ്രിയ–മേധാസഃ ഏഷാം | — ദേവാനാം |
| പ്രത്നസ്യ ഓകസഃ അനു<br>ആശത | — പുരാണം സ്ഥാനമനുപ്രാപ്താഃ<br>(കർമ്മണിഷഷ്ഠീ) |

അർത്ഥം–അവിടത്തെ മുഖ്യമായ ദാനത്തെ ലക്ഷ്യമാക്കി വിരിച്ച ദർഭയുററവരും നിരത്തിവച്ച സോമാദിഹവിസ്സുകളിയന്നവരുമായ പ്രിയമേധന്മാർ ദേവന്മാരുടെ പുരാതനമായ സ്ഥാനം പ്രാപിച്ചവരായി.

വർഗ്ഗം–8–9–10–പുരുഹന്മാഋഷിഃ ബൃഹതീസതോബൃഹത്യുഷ്ണിഗനുഷ്ടുപ്‌പുരഉഷ്ണിഹശ്ഛന്ദാംസി–ഇന്ദ്രോദേവതാ.

1 യോരാജാചർഷണീനാം
യാതാരഥേഭിരധ്രിഗുഃ
വിശ്വാസാന്തരുതാപൃതനാനാം
ജ്യേഷ്ഠോയോവൃത്രഹാഗൃണേ

അന്വയം:–

| | |
|---|---|
| യഃ ചർഷണീനാം രാജാ | — മനുഷ്യാണാം സ്വാമീ |
| രഥേഭിഃ യാതാ,<br>അധ്രി–ഗുഃ | — രഥൈർഗ്ഗന്താ, അന്യൈരധൃത ഗമനഃ |
| വിശ്വാസാം പൃതനാനാം<br>തരുതാ | — സേനാനാം താരകഃ |
| യഃ ജ്യേഷ്ഠഃ, വൃത്ര–ഹാ | — ഗുണൈർജ്ജായാൻ, വൃത്രം ഹതവാൻ |
| (തമിന്ദ്രം) ഗൃണേ | — സ്തൌമി |

അർത്ഥം.—ആർ മനുഷ്യർക്കീശനാണോ, തേരുകളിൽ പോകുന്നവനാണോ, ആരാലും തടുക്കപ്പെടാത്ത പോക്കോടുകൂടിയവനാണോ തന്റെ എല്ലാ സേനകളെയും രക്ഷിക്കുന്നവനാണോ, (അല്ലെങ്കിൽ ശത്രുസേനകളെ ആക്രമിച്ചു കടക്കുന്നവനാണോ) ആർ നന്മകളാൽ മേന്മയുറ്റവനും വൃത്രഹന്താവുമാണോ, ആ ഇന്ദ്രനെ ഞാൻ സ്തുതിക്കുന്നു.

2 ഇന്ദ്രന്തംശുംഭപുരുഹന്മന്നവസേ
യസ്യദ്വിതാവിധർത്തരി
ഹസ്തായവജ്രഃപ്രതിധായിദർശതോ
മഹോദിവേനസൂര്യഃ

അന്വയം:—

ഹേ പുരു-ഹന്മൻ, — ഋഷേ, ത്വം (ആത്മാനം സംബോധ്യ ബ്രവീതി)
യസ്യ (തവ)
വി-ധർത്തരി — വിധാരകേ ഇന്ദ്രേ
ദ്വിതാ — ദ്വിത്വം, തസ്യ ഔഗ്ര്യമനൌഗ്ര്യഞ്ച, തവ ശത്രൂൻ ഹന്തുമൌഗ്ര്യം ത്വദനുഗ്രഹായാനൌഗ്ര്യഞ്ചദ്വൈതമസ്തി
ഹസ്തായ ദർശതഃ — ശത്രൂണാം ഹനനായ കരായ ദർശനീയഃ
ദിവേ ന സൂര്യഃ — പ്രകാശായ സൂര്യ ഇവ
മഹഃ വജ്രഃ പ്രതി ധായി — മഹാൻ വജ്രായുധഃ പ്രതി നിഹിതോ ഭവതി
തം ഇന്ദ്രം അവസേ — രക്ഷണായ
ശുംഭ — ഹവിഷ്പ്രദാനാദിനാലങ്കുരു

അർത്ഥം.—(ഋഷി തന്നോടുതന്നെ പറയുന്നു) അല്ലയോ പുരുഹന്മാവേ, ഋഷേ, നിന്റെ വിധാതാവായ ഇന്ദ്രങ്കൽ ഉഗ്രത്വവും അനുഗ്രത്വവും (നിന്റെ ശത്രുക്കളെ ഹനിക്കുന്നതിൽ ഉഗ്രത്വവും നിന്നെ അനുഗ്രഹിക്കുന്നതിൽ മൃദുത്വവും) ഉണ്ടല്ലോ. ശത്രുക്കളെ ഹനിക്കുന്നതിന്നു് കയ്യിന്നു് ദർശനീയവും മഹത്തു

മായ വജ്രായുധം ഒരുക്കിവെയ്ക്കപ്പെട്ടിരിക്കുന്നു. പ്രകാശത്തിന്നു് സൂര്യനെന്നപോലെ വർത്തിക്കുന്ന ആ ഇന്ദ്രനെ രക്ഷണത്തിന്നു് ഹവിസ്സേകി അലങ്കരിക്കുക, സന്തുഷ്ടനാക്കുക.

3 നകിഷ്ടങ്കർമ്മണാനശ

ദ്യശ്ചകാരസദാവൃധം

ഇന്ദ്രന്നയജ്ഞൈർവ്വിശ്വഗൂർത്തമൃഭ്വസ

മധൃഷ്ടന്ധൃഷ്ണ്വോജസം

അന്വയം:–

| | |
|---|---|
| യഃ സദാ–വൃധം | — സർവ്വദാവർദ്ധകം |
| വിശ്വ–ഗൂർത്തം | — സർവ്വൈസ്സ്തുത്യം |
| ഋഭ്വസം, അധൃഷ്ടം | — മഹാന്തം, അന്യൈരനഭിഗതം |
| ധൃഷ്ണു-ഓജസം | — ധർഷകബലം |
| ഇന്ദ്രം ന യജ്ഞൈഃ | |
| ചകാര | — സമ്പ്രതി യജ്ഞസാധനൈരനുകൂലമാചരിതവാൻ (ന സമ്പ്രത്യർത്ഥേ) |
| തം കർമ്മണാ | — ഹനനാദി വ്യാപാരേണ |
| നകിഃ നശൽ | — കോപിനൈവ വ്യാപ്നോതി |

അർത്ഥം—എപ്പോഴും വർദ്ധിക്കുന്നവനും എല്ലാവരാലും സ്തുത്യനും ശത്രുക്കളാൽ അടക്കപ്പെടാത്തവനും ശത്രുക്കളെ അമർക്കുന്ന ബലമുററവനുമായ ഇന്ദ്രന്നു് മുറയ്ക്കു് യജ്ഞസാധനങ്ങളാൽ ഏവൻ ഇഷ്ടമാചരിച്ചുവോ, അവനെ ദ്രോഹകർമ്മത്തോടുകൂടി ആരും പ്രാപിക്കുകതന്നെ ചെയ്യുന്നില്ല.

4 അഷാള്ഹമുഗ്രംപൃതനാസുസാസഹിം

യസ്മിന്മഹീരുരുജ്രയഃ

സന്ധേനവോജായമാനേഅനോനവു

ദ്യാവഃക്ഷാമോഅനോനവുഃ

അന്വയം:—

യസ്മിൻ ജായമാനേ — യസ്മിന്നിന്ദ്രേ ജാതേ
മഹീഃ, ഉരു—ജ്രയഃ — മഹത്യഃ, ബഹുവേഗാഃ
ധേനവഃ — ഹവിരാദിനാ പ്രീണയിത്ര്യഃ പ്രജാഃ
സം അനോനവുഃ — സമ്യഗസ്തുവൻ
(ന കേവലം താ ഏവ,
അപിതു) ദ്യാവഃ — ദ്യുലോകാഃ
ക്ഷാമഃ — പൃഥിവ്യഃ, (ത്രിവൃതോലോകാ ഇതി ബഹുവചനം)
അനോനവുഃ — അസ്തുവൻ
അഷാള്ഹം, ഉഗ്രം — അസോഢം, ഉൽഗൂർണ്ണബലം
പൃതനാസു സസഹിം — ശത്രുസേനാസ്വഭിഭവിതാരമിന്ദ്രം സ്തൌമി

അർത്ഥം—ആരെ ജനിച്ചപ്പോഴും മഹത്വമുററ, ഗതിവേഗമിയന്ന പ്രജകളും ഹവിസ്സു മുതലായവയാൽ പ്രീതിപ്പെടുത്തിക്കൊണ്ടു്, നന്നായി സ്തുതിച്ചുവോ, (കേവലമവർ മാത്രമല്ല) ദ്യുലോകങ്ങളും ഭൂലോകങ്ങളും സ്തുതിച്ചുവോ, ശത്രുക്കളെ പൊറുക്കാത്തവനും ഊക്കാർന്നവനും ശത്രുക്കളെ കീഴടക്കുന്നവനുമായ ആ ഇന്ദ്രനെ ഞാൻ സ്തുതിക്കുന്നു. (ദ്യോവും ഭൂവും ഉത്തമമദ്ധ്യമാധമങ്ങളായി മുമ്മൂന്നാകയാൽ ബഹുവചനം)

5 യദ്യാവഇന്ദ്രതേശതം

ശതംഭൂമീരുതസ്യുഃ

നത്വാവജ്രിന്ത്സഹസ്രംസൂര്യാഅനു

നജാതമഷ്ടരോദസീ വ. 8

അന്വയം:—

ഹേ വജ്രിൻ, ഇന്ദ്ര, തേ
യൽ ശതം ദ്യാവഃ സ്യുഃ — വജ്രവന്നിന്ദ്ര, ശതം ദ്യുലോകാഃ നാശ്നുവന്തി

| | |
|---|---|
| (തഥാപി) ഉത ഭൂമീഃ ശതം (സ്യുഃ) | — നാശ്നുവന്തി |
| ത്വാ സഹസ്രം സൂര്യാഃ ന അനു | — നാനുപ്രകാശയന്തി |
| ജാതം ന അഷ്ട | — പൂർവ്വമുൽപന്നം കിഞ്ചന നാശ്നുതേ |
| (തഥാ) രോദസീ | — ദ്യാവാപൃഥിവ്യൗ നാശ്നുവാതേ, ത്വം സർവ്വേഭ്യോതിരിച്യസേ |

(ജ്യായാൻ പൃഥിവ്യാഃ, ജ്യായാനന്തരിക്ഷാൽ, ജ്യായാൻ ദിവഃ, ''ജ്യായാൻ ഏഭ്യോ ലോകേഭ്യഃ'' (ഛാന്ദോഗ്യം)

അർത്ഥം—അല്ലയോ വജ്രവാനായ ഇന്ദ്ര, നൂറു ദ്യുലോകങ്ങളേവയോ അവ അവിടുത്തെ പ്രാപിക്കുന്നില്ലയോ, പിന്നെ നൂറു ഭൂലോകങ്ങൾ അപ്രകാരം പ്രാപിക്കുന്നില്ലയോ, ആയിരം സൂര്യന്മാർ അവിടുത്തെ പ്രകാശിപ്പിക്കുന്നില്ലയോ, അതുപോലെ ദ്യാവാപൃഥിവികൾ പ്രാപിക്കുന്നില്ലയോ, ആദ്യം ജന്മം പൂണ്ട ഒന്നുംതന്നെ അവിടുത്തെ പ്രാപിക്കുന്നില്ലയോ, ആ അവിടുന്ന് എല്ലാററിനേക്കാളും മീതെയാകുന്നു. (''ഭൂമിക്കുമീതെ അന്തരിക്ഷത്തിന്നുമീതെ, ദ്യോവിന്നുമീതെ, എല്ലാ ലോകങ്ങൾക്കുമീതെ'' എന്ന ഛാന്ദോഗ്യോപനിഷത്തിലെ വാക്യത്തിനൊത്ത അവിടുന്ന് പരമാത്മാവായ പരമേശ്വരനാകുന്നു. നൂറു ദ്യോവുകൾ, നൂറുഭൂമികൾ, ആയിരം ആദിത്യന്മാർ എന്നെല്ലാം പറഞ്ഞിട്ടുള്ളത് അതിശയം കാണിക്കാനാകുന്നു.)

6 ആപപ്രാഥമഹിനാവൃഷ്ണ്യാവൃഷൻ

വിശ്വാശവിഷ്ഠശവസാ

അസ്മാഁഅവമഘവൻഗോമതിവ്രജേ

വജ്രീഞ്ചിത്രാഭിരൂതിഭിഃ

അന്വയം:—

ഹേ വൃഷൻ, ശവിഷ്ഠ,
വജ്രിൻ, മഘ–വൻ — അഭിമതവർഷക, ബലവത്തമ, വജ്രവൻ, ധനവന്നിന്ദ്ര,
(ത്വം) മഹിനാ ശവസാ — മഹതാസ്വീയേന ബലേന
വിശ്വാ വൃഷ്ണ്യാ ആ
പപ്രാഥ — സർവ്വാണി ശത്രുസംബന്ധീനി വർഷകാണി ബലാന്യാ പൂരയസി
(തഥാ കൃത്വാ) അസ്മാൻ
ഗോ-മതി വ്രജേ — ബഹ്വീഭിർഗ്ഗോഭിര്യുക്തേഗോഷ്ഠേ
ചിത്രാഭിഃ ഊതി-ഭിഃ
അവ — നാനാവിധൈരക്ഷണൈഃ പാലയ

അർത്ഥം—കാമവർഷകനും അതിബലവാനും വജ്രവാനും ധനവാനുമായ ഇന്ദ്ര, അവിടുന്ന് പെരുത്ത കരുത്താൽ എല്ലാ ശത്രുബലങ്ങളെയും നിറഞ്ഞു ചെല്ലുന്നു. അപ്രകാരം ചെയ്തിട്ട്, ഞങ്ങളെ ധാരാളം പശുക്കളുള്ള തൊഴുത്തിൽ (തൊഴുത്തോട് കൂടി) പല മട്ടിലുള്ള രക്ഷകളാൽ പാലിച്ചാലും.

7 നസീമദേവആപ
ദിഷന്ദീർഘായോമർത്ത്യഃ
ഏതഗ്വാചിദ്യഏതശായുയോജതേ
ഹരീഇന്ദ്രോയുയോജതേ

അന്വയം:—

ഹേ ദീർഘ–ആയോ, — നിത്യേന്ദ്ര,
യഃ ഏതഗ്വാ ചിൽ — യസ്യ ഏതവർണ്ണാവേവാശ്വൗ ഭവതഃ, അഭിമതദേശഗമനായ
ഏതശാ യുയോജതേ — ഏതശാവശ്വൗയോജയതി
(യശ്ച) ഇന്ദ്രഃ ഹരീ
യുയോജതേ — യോജയതി

(തം ന യഃ സ്തൗതി സഃ)
അദേവഃ — ഇന്ദ്രാഖ്യദേവതാരഹിതഃ
മർത്യഃ സീം ഇഷം — മരണധർമ്മീ മനുഷ്യസ്സർവ്വമന്നം
ന ആപൽ — ന പ്രാപ്നോതി

അർത്ഥം—അല്ലയോ നിത്യനായ ഇന്ദ്ര, യാതൊരിന്ദ്രന്ന് പോകേണ്ടിടത്ത് പോകാൻ നാനാവർണ്ണങ്ങളായ ഇരുകുതിരകളുണ്ടോ, ഏവൻ ആ കുതിരകളെ തേരിൽ പൂട്ടുന്നുവോ, ഏവൻ ഹരികളെന്ന കുതിരകളെ പൂട്ടുന്നുവോ, ആ ഇന്ദ്രനെ സ്തുതിക്കാത്ത അദേവനായ (ഇന്ദ്രനെ ദേവനായി കണക്കാക്കാത്ത) മരണധർമ്മിയായ മനുഷ്യൻ യാതൊരന്നത്തെയും (പുഷ്ടിയെയും) പ്രാപിക്കുന്നില്ല.

8 തംവോമഹോമഹായ്യ
മിന്ദ്രന്ദാനായസക്ഷണിം
യോഗാധേഷുയആരണേഷുഹവ്യോ
വാജേഷ്വസ്തിഹവ്യഃ

അന്വയം:—

(ഹേ ഋത്വിജഃ,) യഃ
ഗാധേഷു ഹവ്യഃ അസ്തി — ഉദകേഷ്വാഹ്വാതവ്യോ ഭവതി
യഃ ആ—അരണേഷു
ഹവ്യഃ — ഗന്തവ്യേഷു നിമ്നസ്ഥലേഷ്വാഹ്വാതവ്യഃ
(തഥാ) വാജേഷു
(ഹവ്യഃ) — സങ്ഗ്രാമേഷ്വാഹ്വാതവ്യഃ
തം മഹായ്യം ഇന്ദ്രം — പൂജാർഹം തം
ദാനായ സക്ഷണിം — സചമാനം
മഹഃ വഃ — മഹാന്തോ യൂയം പരിചരത

അർത്ഥം—അല്ലയോ ഋത്വിക്കുകളേ, ആർ ജലങ്ങളിൽ വിളിക്കപ്പെടേണ്ടവനാണോ, പോകത്തക്ക താഴ്ന്ന പ്രദേശങ്ങളിൽ വിളിയ്ക്കത്തക്കവനാണോ, യുദ്ധങ്ങളിൽ വിളിക്കപ്പെടേ

ണ്ടവനാണോ, ആ പൂജാർഹനായ, ദാനസമേതനായ ഇന്ദ്രനെ മഹാന്മാരായ നിങ്ങൾ പരിചരിക്കുക.

9 ഉദൂഷുണോവസോമഹേ
മൃശസ്വശൂരരാധസേ
ഉദൂഷുമഹ്യൈമഘവന്മഘത്തയ
ഉദിന്ദ്രശ്രവസേമഹേ

അന്വയം:—

ഹേ വസോ, ശൂര,
മഘ—വൻ, ഇന്ദ്ര, — വാസയിതഃ, ശൌര്യയുക്ത, ധനവന്നിന്ദ്ര, ത്വം
മഹേ രാധസേ — മഹതേന്നായ
നഃ സു ഉൽ ഉ മൃശസ്വ — ഉന്മൃശസ്വ, ഉത്ഥാപയ
മഹ്യൈ മഘത്തയേ
ഉൽ സു ഉ — ധനദാനായോന്മൃശസ്വ
(തഥാ) മഹേ ശ്രവസേ
ഉൽ — മഹത്യൈ കീർത്യൈ ഉന്മൃശസ്വ

അർത്ഥം—ഏവരെയും അതാതിടത്ത് വസിപ്പിക്കുന്നവനും ശൌര്യമൊത്തവനും ധനവാനുമായ ഇന്ദ്ര, മഹത്തായ അന്നത്തിന്നായി ഞങ്ങളെ എഴുന്നേല്പിച്ചാലും. ധനദാനത്തിന്നായി ഞങ്ങളെ എഴുന്നേല്പിച്ചാലും. അതുപോലെ മഹത്തായ യശസ്സിന്നായി ഞങ്ങളെ എഴുന്നേല്പിച്ചാലും.

10 ത്വന്നഇന്ദ്രഋതയു
സ്ത്വാനിദോനിതൃമ്പസി
മധ്യേവസിഷ്വതുവിനൃമ്ണോർവ്വോ
ർന്നിദാസംശിശ്നഥോഹൈഃ വ. 9

അന്വയം:—

| | |
|---|---|
| ഹേ തുവി–നൃമ്ണ, ഇന്ദ്ര, | — പ്രഭൃതധനേന്ദ്ര, യജ്ഞകാമസ്ത്വം |
| ഉശത–യുഃ ത്വം | |
| ത്വാ–നിദഃ | — ത്വാം യോനിന്ദതി, തസ്മാൽ |
| നഃ നി തൂംപസി | – അസ്മാൻ പ്രീണയസി,<br>രക്ഷണേന പാരയസി |
| (ഏവം സന്തപ്പ്യ സത്വം<br>തവ) ഊർവ്വോഃ മധ്യേ<br>വസിഷ്വ | — ഊരുഭ്യാം മദ്ധ്യേ ആച്ഛാദയ |
| ദാസം ഹഥൈഃ നി<br>ശിശ്നഥഃ | — അസ്മദ്ദ്വേഷിണം<br>ഹനനൈർമ്മാരയസി |

അർത്ഥം—അല്ലയോ മഹാധനനായ ഇന്ദ്ര, യജ്ഞമിഷ്ടപ്പെടുന്ന അവിടുന്ന്, അവിടുത്തെ നിന്ദിക്കുന്നവരിൽ നിന്ന്, വന്ദിക്കാത്തവരിൽ നിന്ന്, യജിക്കാത്തവരിൽ നിന്ന്, ഞങ്ങളെ രക്ഷണത്താൽ കാക്കുന്നു. അപ്രകാരം ചെയ്തിട്ട്, അവിടുത്തെ തുടകൾക്കിടയിൽ അത്തരക്കാരിൽ നിന്ന് രക്ഷിക്കാനായി ഞങ്ങളെ മറച്ചാലും. ഞങ്ങളുടെ ശത്രുവെ ആയുധങ്ങളാൽ കൊന്നാലും.

11 അന്യവ്രതമമാനുഷ
മയജ്വാനമദേവയും
അവസ്വസ്സഖാദുധുവീതപർവ്വത
സ്സുഘ്നായദസ്യുംപർവ്വതഃ

അന്വയം:—

| | |
|---|---|
| (ഹേ ഇന്ദ്ര,) അന്യ–വ്രതം | — ഇന്ദ്രവ്യതിരിക്ത കർമ്മാണം |
| അമാനുഷം | — മാനുഷാണാമിന്ദ്രയാജിനാ<br>മപ്രിയം |
| അയജ്വാനം, അദേവ–യും | — അയഷ്ടാരം, അദേവകർമ്മിണം,<br>പാപിനം |
| സഖാ പർവ്വതഃ | — തവ സഖീഭൂതഃ പർവ്വതഃ |

സ്വഃ അവ ദുധുവീത — സ്വർഗ്ഗാൽ അവചാലയേൽ
പർവ്വതഃ സു--ഘ്നായ — സുഷ്ഠുഹന്ത്രേ മൃത്യവേ
ദസ്യും — പ്രേരയതി

അർത്ഥം—അല്ലയോ ഇന്ദ്ര, അവിടുന്നല്ലാതെ അന്യനെ കുറിച്ചു കർമ്മം ചെയ്യുന്നവനും ഇന്ദ്രയാഗമനുഷ്ഠിക്കുന്ന മനുഷ്യർക്കനിഷ്ടനും യാഗമനുഷ്ഠിക്കാത്തവനും ദേവകർമ്മം ചെയ്യാത്തവനുമായ പാപിയെ അവിടുത്തെ ചങ്ങാതിയായ പർവ്വതൻ സ്വർഗ്ഗത്തിൽനിന്നു് താഴെ തള്ളണം. പർവ്വതൻ ഹിംസകമായ മരണത്തിൽ ആ ദ്രോഹിയെ എത്തിക്കുന്നു. (ഇന്ദ്രനെത്തന്നെ യജിക്കണമെന്നു ഭാവം.)

12 ത്വന്നഇന്ദ്രാസാം

ഹസ്തേശവിഷ്ഠദാവനേ

ധാനാനാന്നസങ്ഗൃഭായാസ്മയു

ദ്വിസ്സങ്ഗൃഭായാസ്മയുഃ

അന്വയം:—

ഹേ ശവിഷ്ഠ, ഇന്ദ്ര, — ബലവത്തമേന്ദ്ര,
അസ്മ—യുഃ ത്വം നഃ
ദാവനേ — അസ്മൽ കാമസ്ത്വമസ്മഭ്യം ദാനായ
ആസാം — ഗവാം (കർമ്മണി ഷഷ്ഠീ)
ഏതാഗാഃ
ധാനാനാം ന — ധാനാഃ ഭൃഷ്ടയവാഃ, തേ ഇവ (കർമ്മണിഷഷ്ഠീ).
ഹസ്തേ സം ഗൃഭായ — ഗൃഹാണ
അസ്മ—യുഃ — അസ്മാൻ കാമയമാനസ്സൻ
ദ്വിഃ സം ഗൃഭായ — പുനർദ്വിവാരം സങ്ഗൃഹാണ

അർത്ഥം—അല്ലയോ അതിശക്തനായ ഇന്ദ്ര, ഞങ്ങളെ ഇഷ്ടപ്പെടുന്ന അവിടുന്നു് ഞങ്ങൾക്കു തരാനായി ഈ പശുക്കളെ, വറുത്ത അരിപോലെ കയ്യിൽ പിടിച്ചാലും. ഞങ്ങളെ ഇഷ്ടപ്പെടുന്നവനായി രണ്ടാംവട്ടവും കയ്യിൽ പിടിച്ചാലും.

13 സഖായഃക്രതുമിച്ഛത
കഥാരാധാമശരസ്യ
ഉപസ്തുതിംഭോജസ്സൂരിര്യോഅഹ്രയഃ

അന്വയം:—

| | |
|---|---|
| ഹേ സഖായഃ, | — അധ്വര്യ്വാദയ ഋത്വിജഃ, |
| യഃ ഭോജഃ | — ശത്രൂണാം ഭോജയിതാ |
| ശരസ്യ സൂരിഃ അഹ്രയഃ | — ബാണസ്യ പ്രേരകഃ,<br>അനവനതഃ |
| (തസ്യേന്ദ്രസ്യ) ക്രതും<br>ഇച്ഛത | — ഇന്ദ്രസംബന്ധിനം<br>കമ്മകത്തുമിച്ഛത |
| കഥാ ഉപ–സ്തുതിം<br>രാധാമ? | — കഥം താം സാധയാമ? |

അത്ഥം–അധ്വര്യു മുതലായ ഋത്വിക്കുകളേ, ആർ ശത്രുക്കളെ യുദ്ധംകൊണ്ടൂട്ടുന്നവനും അവക്കുനേരെ അമ്പയക്കുന്നവനും ആരുടെ മുമ്പിലും കുനിയാത്തവനുമാണോ, ആ ഇന്ദ്രന്നായി കമ്മംചെയ്‌വാനിച്ഛിക്കുക. ഏതു പ്രകാരമാണവിടുത്തെ സ്തുതി സാധിക്കേണ്ടൂ?

14 ഭൂരിഭിസ്സമഹഋഷിഭി
ർബ്ബ്ഹിഷ്മദ്‌ഭിസ്തവിഷ്യസേ
യദിത്ഥമേകമേകമി
ച്ഛരവത്‌സാൻപരാദദഃ

അന്വയം:—

| | |
|---|---|
| ഹേ സമഹ, ശര, | — സവ്വൈഃ പൂജ്യ, ശത്രൂണാം<br>ഹിംസകേന്ദ്ര, |
| യൽ ഇത്ഥം ഏകം–<br>ഏകം ഇൽ | — ഏകമേകമേവ ബഹൂൻ |

വഥ്സാൻ പരാ–ദദഃ — ഗാഃ വത്സാംശ്ച സ്തോതൃഭ്യഃ പ്രയച്ഛസി
ഭൂരി–ഭിഃ — സത്വം ബഹുഭിഃ
ഋഷി–ഭിഃ ബഹ്റിഷ്മൽ–ഭിഃ — അതീന്ദ്രിയജ്ഞൈഃ ഋത്വിഗ്ഭിഃ, യാഗവദ്ഭിഃ
സ്തവിഷ്യസേ — സ്തുയസേ

അർത്ഥം–ഏവരാലും പൂജിക്കപ്പെടുന്നവനും ശത്രുഹിംസകനുമായ ഇന്ദ്ര, യാതൊരവിടുന്നു് ഇപ്രകാരം ഓരോന്നോരോന്നായി വളരെ പശുക്കളെയും കുട്ടികളെയും സ്തോതാക്കൾക്കു് കൊടുക്കുന്നുവോ, ആ അവിടുന്നു് അതീന്ദ്രിയദ്രഷ്ടാക്കളായ ഋത്വിക്കുകളാൽ, യാഗാനുഷ്ഠാതാക്കളാൽ, സ്തുതിക്കപ്പെടുന്നു.

15 കർണ്ണഗൃഹ്യാമഘവാശൗരദേവ്യോ
വഥ്സന്നസ്ത്രിഭ്യആനയൽ
അജാംസൂരിന്നധാതവേ വ. 10

അന്വയം:–
(അയം) മഘ–വാ
ത്രി–ഭ്യഃ — ത്രിഭ്യോ ഹിംസകേഭ്യസ്സകാശാൽ
ശൗര–ദേവ്യഃ — ശൂരദേവാഃ യോദ്ധാരഃ, ശൗരദേവം യുദ്ധം, തൽ സംബന്ധിന്യഃ ഗാഃ യുദ്ധേ ശത്രൂൻ ജിത്വാ
വഥ്സം നഃ — വത്സഞ്ചാസ്മഭ്യം
സൂരിഃ ന ധാതവേ അജാം — പ്രേരകഃ പാനായാജാമിവ
കർണ്ണ–ഗൃഹ്യ ആ അനയൽ — കർണ്ണേ ഗൃഹീത്വാ നയതു

അർത്ഥം–ഈ ധനവാനായ ഇന്ദ്രൻ മൂന്നു ഹിംസകന്മാരായ ശത്രുക്കളിൽനിന്നു്, യുദ്ധത്തിലവരെ ജയിച്ചു്, പശുക്കളെയും (ഓരോന്നിനും) കുട്ടിയെയും പാലുകുടിപ്പാനായി പെണ്ണാടിനെ ആട്ടിക്കൊണ്ടുപോകുന്നവനെന്നപോലെ ചെവിയിൽ പിടിച്ചുകൊണ്ടു വരട്ടെ.

വൎഗ്ഗം–11–12–13 സുദീതിപുരുമീള്ഹാവൃഷീ, ഗായത്രീ ബൃഹതീസതോ ബൃഹത്യശ്ഛന്ദാംസി, അഗ്നിൎദ്ദേവതാ

1 ത്വന്നോഅഗ്നേമഹോഭിഃ
പാഹിവിശ്വസ്യാഅരാതേഃ
ഉതദ്വിഷോമൎത്ത്യസ്യ

അന്വയം:—

ഹേ അഗ്നേ, ത്വം നഃ — അസ്മാൻ
മഹഃ–ഭിഃ പാഹി — മഹത്ഭിൎദ്ധനൈരക്ഷണൈശ്ച രക്ഷ
വിശ്വസ്യാഃ അരാതേഃ — ബഹുവിധാദദാതുസ്സകാശാൽ പാഹി
ഉത ദ്വിഷഃ മൎത്ത്യസ്യ — ദ്വേഷ്ടുൎമ്മൎത്ത്യസ്യസകാശാൽ പാഹി

അൎത്ഥം—അല്ലയോ അഗ്നേ, അവിടുന്നു ഞങ്ങളെ മഹത്തുക്കളായ ധനങ്ങളാലും രക്ഷണങ്ങളാലും കാത്താലും. ദാനംകൊടുക്കാത്ത എല്ലാ തരക്കാരനിൽ നിന്നും രക്ഷിച്ചാലും. പിന്നെ, ദ്വേഷിയ്ക്കുന്ന മനുഷ്യങ്കൽ നിന്നു രക്ഷിച്ചാലും.

2 നഹിമന്യുഃപൌരുഷേയ
ഈശേഹിവഃപ്രിയജാത
ത്വമിദസിക്ഷപാവാൻ

അന്വയം:—

ഹേ പ്രിയ–ജാത, — സ്തോതൃഭ്യഃ പ്രിയായോല്പന്നാഗ്നേ,
വഃ പൌരുഷേയഃ മന്യുഃ — തവപുരുഷസംബന്ധി ക്രോധഃ
നഹി ഈശേ ഇൽ — അസ്മദാദിഭിരക്ഷിതത്വാൽ ബാധിതും നേഷ്ടേ ഏവ

ത്വം ഹി ക്ഷപാ—വാൻ
അസി — രാത്രിമാൻ ഭവസി, രാത്രൗ ഹ്യഗ്നിർവ്വിശേഷേണ തേജസ്വീ

അർത്ഥം—സ്തോതാക്കൾക്കു പ്രിയത്തിന്നായുളവായ അഗ്നേ, അവിടുത്തെ പൌരുഷത്തിൽ നിന്നുത്ഭവിക്കുന്ന ക്രോധം, ഞങ്ങളവിടുന്നാൽ രക്ഷിതരാകയാൽ ബാധിപ്പാൻ കരുത്തേ ഇല്ലാത്തതത്രേ.

(ഞങ്ങൾ പകൽ നടക്കുന്നവരാകയാൽ പകൽ കേടൊന്നും വരുന്നില്ല). അവിടുന്നു് രാത്രിനാഥനാണല്ലോ. (അപ്പോൾ രാത്രിയിലും കേടൊന്നും വരുന്നില്ല.)

3 സനോവിശ്വേഭിർദ്ദേവേഭി
രൂർജ്ജോനപാദ് ഭദ്രശോചേ
രയിന്ദേഹിവിശ്വവാരം

അന്വയം:—

ഹേ ഊർജ്ജഃ നപാൽ,
ഭദ്ര-ശോചേ — ബലസ്യനപ്തഃ, സ്തുത്യപ്രകാശാഗ്നേ,
സഃ നഃ വിശ്വേഭിഃ
ദേവേഭിഃ — സത്വമസ്മാൻ സർവ്വൈർദ്ദേവൈ സ്സഹാഗത്യ
വിശ്വ—വാരം രയിം
ദേഹി — സർവ്വൈർവ്വരണീയം ധനം പ്രയച്ഛ

അർത്ഥം—ബലപുത്രനും സ്തുത്യപ്രകാശനുമായ അഗ്നേ, ആ അവിടുന്നു് എല്ലാ ദേവന്മാരോടും കൂടി ഞങ്ങളെ പ്രാപിച്ചു് ഏവർക്കും വരണീയമായ ധനം തന്നരുളിയാലും.

4 നതമഗ്നേഅരാതയോ
മർത്തംയുവന്തരായഃ
യന്ത്രായസേദാശ്വാംസം

അന്വയം:—

ഹേ അഗ്നേ, (ത്വം) യം
ദാശ്വാംസം ത്രായസേ — ഹവിർദ്ദാതാരം പാലയസേ
മർത്തം തം രായഃ
അരാതയഃ — തം മനുഷ്യം രയിമന്തഃ,
ധനവന്തഃ അദാതാരഃ
ന യുവന്ത — ധനാൽ ന പൃഥക്കുർവ്വന്തി

അർത്ഥം.—അല്ലയോ അഗ്നേ, ഹവിസ്സേകുന്ന യാതൊരുവനെ അവിടുന്നു പാലിക്കുന്നുവോ, ദാനം കൊടുക്കാത്ത ധനികന്മാരായ ശത്രുക്കൾ അവങ്കൽനിന്നു ധനം വേർപെടുത്തുന്നില്ല (തട്ടിപ്പറിക്കുന്നില്ല.)

5 യന്ത്വംവിപ്രമേധസാതാ
വഗ്നേഹിനോഷിധനായ
സതവോതീഗോഷുഗന്താ

വ. 11

അന്വയം:—

ഹേ വിപ്ര, അഗ്നേ, — മേധാവിന്നഗ്നേ,
ത്വം യം മേധ—സാതൗ
ഹിനോഷി — യം യജ്ഞസ്യ സംഭജനേ
പ്രേരയസി
ധനായ സഃ തവ ഊതീ — ഗവാദി ധനായ സയജമാനഃ
തവോത്യാ, രക്ഷയാ
ഗോഷു ഗന്താ — ഗോമാൻ ഭവതി

അർത്ഥം—അല്ലയോ മേധാവിയായ അഗ്നേ, ഏവനെ അവിടുന്നു് യജ്ഞാനുഷ്ഠാനത്തിൽ പ്രേരിപ്പിക്കുന്നുവോ, ആ യജമാനൻ അവിടുത്തെ രക്ഷയാൽ ധനത്തിന്നായി പശുക്കളൊത്തവനായി ഭവിക്കുന്നു.

6 ത്വംരയിംപുരുവീര
മഗ്നേദാശുഷേമർത്തായ
പ്രണോനയവസ്യോഅച്ഛ

അന്വയം:—

ഹേ അഗ്നേ, ത്വം

ദാശുഷേ മർത്തായ — ഹവിർദ്ദത്തവതേ യജമാനായ

പുരു-വീരം രയിം — ബഹുഭിർവ്വീരൈഃ, പുത്രൈ
ര്യുക്തം ധനം പ്രയച്ഛസി

നഃ വസ്യഃ അച്ഛ പ്ര നയ — അസ്മാൻ ധനമഭിപ്രാപ്തും
പ്രാപയ

അർത്ഥം—അല്ലയോ അഗ്നേ, അവിടുന്ന് ഹവിസ്സേകുന്ന യജമാനന്ന് ധാളാരം പുത്രന്മാരോടുകൂടിയ ധനം കൊടുക്കുന്നു. ഞങ്ങളെയും ധനം നേടാൻ നേരെ നയിച്ചാലും.

7 ഉരുഷ്യാണോമാപരാദാ

അഘായതേജാതവേദഃ

ദുരാധ്യേഽഽമർത്തായ

അന്വയം:—

ഹേ ജാത-വേദഃ — ജാതപ്രജ്ഞാഗ്നേ,

നഃ ഉരുഷ്യ — അസ്മാൻ രക്ഷ

അഘ-യതേ — അഘം, പാപമിച്ഛതേ

ദുഃ-ആധ്യേ മർത്തായ — ദുരാദ്ധ്യാനായ, ദുർവ്വിചിന്ത
കായ, ഹിംസകായ മനുഷ്യായ

മാ പരാ ദാഃ — മാപരാദേഹ്യസ്മാൻ

അർത്ഥം—ഉണ്ടായതു മുഴുവനറിയുന്ന അഗ്നേ, ഞങ്ങളെ രക്ഷിച്ചാലും. പാപേച്ഛുവും ദുർവ്വിചാരനും ഹിംസകനുമായ മനുഷ്യന്ന് ഞങ്ങളെ വിട്ടുകൊടുക്കരുതേ, അധീനരാക്കരുതേ.

8 അഗ്നേമാകിഷ്ടേദേവസ്യ

രാതിമദേവോയുയോത

ത്വമീശിഷേവസൂനാം

അന്വയം:—

ഹേ അഗ്നേ, ദേവസ്യ
തേ രാതിം — ദ്യോതമാനസ്യ തവദാനം,
ത്വയാദത്തം ധനം
(നകശ്ചിൽ) അദേവഃ
മാകിഃ യുയോത — മൎത്ത്യാദിഃ മൈവ പൃഥക്കരോതു
ത്വം വസൂനാം ഈശിഷേ — ധനാനാമീശ്വരോഭവസി

അൎത്ഥം—അല്ലയോ അഗ്നേ, പ്രകാശമാനനായ അവിടുത്തെ ധനദാനത്തെ അവിടുന്ന തന്നരുളിയ ധനത്തെ, നാസ്തികനായ ആരും വേർപെടുത്തരുതേ. അവിടുന്ന് ധനങ്ങൾക്കീശനാകുന്നു.

9 സനോവസ്വഉപമാ
സ്യൂൎജ്ജോനപാന്മാഹിനസ്യ
സഖേവസോജരിതൃഭ്യഃ

അന്വയം:—

ഹേ ഊൎജ്ജഃ നപാൽ,
വസോ, സഖേ, — ബലസ്യ നപ്തഃ, വാസക,
സഖിവദ്ധിതകാരിന്നഗ്നേ,
സഃ (ത്വം) ജരിതൃ—ഭ്യഃ നഃ — സ്തോതൃഭ്യോസ്മഭ്യം
മാഹിനസ്യ വസ്വഃ — മഹദ്ധനം
ഉപ മാസി — സമീപേമാസി നിൎമ്മാസി
പ്രയച്ഛസി

അൎത്ഥം—ബലത്തിന്റെ മകനും ഏവരെയും അതാതിടത്തു വസിപ്പിക്കുന്നവനും ചങ്ങാതിപോലെ ക്ഷേമകാരിയുമായ അഗ്നേ, അപ്രകാരമെല്ലാമുള്ള അവിടുന്ന് സ്തോതാക്കളായ ഞങ്ങൾക്ക് മഹത്തായ ധനം സമീപമുണ്ടാക്കുന്നു, തന്നരുളുന്നു.

10 അച്ഛാനശ്ശീരശോചിഷ
ങ്ഗിരോയന്തുദൎശതം
അച്ഛായജ്ഞാസോനമസാപുരൂവസും
പുരുപ്രശസ്തമൂതയേ വ. 12

അന്വയം:—

നഃ ഗിരഃ — അസ്മാകം സ്തുതയഃ
ശീര–ശോചിഷം — അശനശീലജ്വാലം
ദർശതം അച്ഛ യന്തു — ദർശനീയമഗ്നിമഭിമുഖം ഗച്ഛന്തു
(തഥാ) യജ്ഞാസഃ
ഊതയേ — അസ്മദീയായജ്ഞാ അസ്മാകം രക്ഷണായ
പുരു–വസും
പുരു–പ്രശസ്തം — പ്രഭൂതധനം ബഹുപ്രശസ്തമഗ്നിം
നമസാ അച്ഛ — ആജ്യാദിനാ ഹവിഷാ അച്ഛ യന്തു

അർത്ഥം—നമ്മുടെ സ്തുതികൾ, ഭക്ഷിക്കുന്ന ജ്വാലകളോടുകൂടിയവനും ദർശനീയനുമായ അഗ്നിയെ നേരെ പ്രാപിക്കട്ടെ. അതുപോലെ നമ്മുടെ യജ്ഞങ്ങൾ നമ്മുടെ രക്ഷക്കായി നൈ മുതലായ ഹവിസ്സോടുകൂടി മഹാധനനും ഏവരാലും പുകഴ്ത്തപ്പെട്ടവനുമായ അഗ്നിയെ നേരെ പ്രാപിക്കട്ടെ.

11 അ॒ഗ്നിംസൂ॒നുംസഹ॑സോജാ॒തവേ॑ദസം

ദാ॒നായ॒വാര്യാ॑ണാം

ദ്വി॒തായോഭൂദ॒മൃതോ॒മർത്ത്യേ॒ഷ്വാ

ഹോതാ॑മ॒ന്ദ്രത॑മോവി॒ശി

അന്വയം:—

യഃ അമൃതഃ, മന്ദ്ര–തമഃ — അമരണധർമ്മാ, ഹർഷണശീലോ യോഗ്നിഃ
മർത്ത്യേഷു ആ — മനുഷ്യേഷു സാമാന്യേന ച (ആകാരശ്ചാർത്ഥേ)
ഹോതാ — ദാഹപാകാദി സാധനോഭവൽ
വിശി ദ്വിതാ ഭൂൽ — യജമാനരൂപാസു പ്രജാസു ഹോമനിഷ്പാദകഃ, ഇതിദ്വിപ്രകാരോ ഭൂൽ

| | |
|---|---|
| (തം) സഹസഃ സൂനും | — ബലസ്യ പുത്രം |
| ജാത-വേദസം അഗ്നീം | — ജാതപ്രജ്ഞമഗ്നിം |
| വാര്യാണാം ദാനായ | — വരണീയാനാം ഗവാദിധനാനാം ദാനാർത്ഥം ഗിരം അച്ഛ യന്തു |

അർത്ഥം—ആർ ശാശ്വതനും ഏററവും ഹർഷിപ്പിക്കുന്നവനുമായി മനുഷ്യരിൽ ദഹനപചനങ്ങൾക്ക് ഉപകർത്താവായും, യജമാനന്മാരായ പ്രജകളിൽ ഹോമനിർവ്വാഹകനായും രണ്ടു വിധം ഭവിച്ചുവോ, ബലപുത്രനും ഉണ്ടായതൊക്കെ അറിയുന്നവനുമായ ആ അഗ്നിയെ ശ്രേഷ്ഠങ്ങളായ ധനങ്ങളുടെ ദാനത്തിനുവേണ്ടി നമ്മുടെ സ്തുതികൾ നേരെ പ്രാപിക്കട്ടേ.

12 അഗ്നിംവോദേവയജ്യ
യാഗ്നിംപ്രയത്യധ്വരേ
അഗ്നിന്ധീഷുപ്രഥമമഗ്നിമർവ്വ
ത്യഗ്നിംക്ഷൈത്രായസാധസേ

അന്വയം:—

| | |
|---|---|
| വഃ ദേവ-യജ്യയാ അഗ്നിം | — യുഷ്മാകം ദേവയാഗേന നിമിത്തേന, ദേവയാഗാർത്ഥം തം സ്തൗമി |
| അധ്വരേ പ്ര-യതി അഗ്നിം | — യാഗേ പ്രകർഷേണ ഗച്ഛതി, പ്രവൃത്തേ സതി തം സ്തൗമി |
| ധീഷു പ്രഥമം അഗ്നിം | — സുബുദ്ധിഷു, ദേവേഷു മദ്ധ്യേ മുഖ്യമഗ്നിം സ്തൗമി |
| അർവ്വതി അഗ്നിം | — യജ്ഞവിഘ്നപരിഹാരാ യാഗതേ സതി തം സ്തൗമി |
| ക്ഷൈത്രായ സാധസേ അഗ്നിം | ക്ഷേത്രസംബന്ധിനേ സാധനായ, ക്ഷേത്രലാഭായ തം സ്തൗമി |

അർത്ഥം—നിങ്ങളുടെ ദേവയാഗത്തിന്നുവേണ്ടി അഗ്നിയെ സ്തുതിക്കുന്നു. യാഗം വേണ്ടപോലെ നടക്കവേ, അഗ്നിയെ സ്തുതിക്കുന്നു. ശോഭനബുദ്ധികളായ ദേവന്മാരിൽ മുമ്പനായ അഗ്നിയെ സ്തുതിക്കുന്നു. യജ്ഞവിഘ്നങ്ങൾ തീർക്കാനുള്ള വരവിൽ അഗ്നിയെ സ്തുതിക്കുന്നു. വയൽ കിട്ടാനായി അഗ്നിയെ സ്തുതിക്കുന്നു.

13 അഗ്നിരിഷാംസഖ്യേദദാതുന
ഈശേയോവാര്യാണാം
അഗ്നിന്തോകേതനയേശശ്വദീമഹേ
വസുംസന്തന്തനൂപാം

അന്വയം:—

| | | |
|---|---|---|
| യഃ വാര്യാണാം ഈശേ | — | ധനാനാമീഷ്ടേ |
| (സഃ) അഗ്നിഃ സഖ്യേ | — | സഖ്യുഃ കർമ്മണി |
| നഃ ഇഷാം ദദാതു | — | അസ്മഭ്യമിഷഃ, അന്നാനി പ്രയച്ഛതു |
| വസും സന്തം തനൂ-പാം | — | വാസകം, സർവ്വദാവർത്തമാനം, അങ്ഗാനാം പാലയിതാരം |
| അഗ്നിം തോകേ തനയേ | — | പുത്രാർത്ഥം തൽപുത്രാർത്ഥഞ്ച |
| ശശ്വൽ ഈമഹേ | — | ബഹുധനം യാചാമഹേ |

അർത്ഥം—ആർ വരണീയ ധനങ്ങൾക്കീശനോ, ആ അഗ്നി ചങ്ങാതത്തിൽ നമുക്കന്നങ്ങൾ തന്നരുളട്ടേ. ഏവരെയും അതാതിടത്തു വസിപ്പിക്കുന്നവനും എന്നുമുള്ളവനും അങ്ഗങ്ങൾക്കു രക്ഷകനുമായ അഗ്നിയോടു്, മകനും മകന്റെ മകനും വേണ്ടി ധാരാളം ധനം യാചിക്കുന്നു.

14 അഗ്നിമീളിഷ്വാവസേ
ഗാഥാഭിശ്ശീരശോചിഷം
അഗ്നിംരായേപുരുമീള്ഹശ്രുതന്ന
രോഗ്നിംസുദീതയേഛർദ്ദിഃ

അന്വയം:—

(സുദീതിഃ പുരുമീള്ഹം ബ്രൂതേ)
ഹേ പുരു_മീള്ഹ, (ത്വം)

| | |
|---|---|
| ശീര–ശോചിഷം | — ശയനസ്വഭാവരോചിഷ്കം |
| അഗ്നിം അവസേ | — രക്ഷണായ |
| ഗാഥാഭിഃ ഈളിഷ്വ | — വാഗ്ഭിസ്തുഹി |
| രായേ | — ധനായസ്തുഹി |
| നരഃ ശ്രുതം അഗ്നിം | — അന്യപി യജമാനാവിശ്രുതം തം സ്തുവന്തി |
| (തസ്മാൽ) സു–ദീതയേ | |
| അഗ്നിം | — മഹ്യം തം |
| ഛർദ്ദിഃ | — ഗൃഹം യാചസ്വ |

അർത്ഥം—(സൂക്തത്തിൻെറ ദ്രഷ്ടാക്കളിലൊരാളായ സുദീതി മറേറ സൂക്തദ്രഷ്ടാവായ പുരുമീഢനോടു പറയുന്നു.) അല്ലയോ പുരുമീഢ, കിടന്നു പ്രകാശിക്കുന്ന അഗ്നിയെ അങ്ങു വാക്കുകളാൽ സ്തുതിക്കുക. ധനത്തിന്നായി സ്തുതിക്കുക. മററു യജമാനന്മാരും യശസ്വിയായ അവിടുത്തെ സ്തുതിക്കുന്നു. അതിനാൽ സുദീതിയായ എനിക്കുവേണ്ടി അഗ്നിയോട് ഒരു ഗൃഹം യാചിക്കുക.

15 അഗ്നിന്ദ്വേഷോയോതവൈനോഗൃണീമ

സ്യഗ്നിംശംയോശ്ചദാതവേ

വിശ്വാസുവിക്ഷ്വവിതേവഹവ്യോ

ഭുവദ്വസ്തുരൃഷൂണാം

വ. 13

അന്വയം:—

| | |
|---|---|
| നഃ ദ്വേഷഃ യോതവൈ | — അസ്മാകം ദ്വേഷ്ടൄൻ പൃഥക്കർത്തും |
| അഗ്നിം ഗൃണീമസി | — ഗൃണീമഃ, സ്തുമഃ |
| (തഥാ) ശം യോഃ ച | — സുഖം, ഭയാനാം യാവനഞ്ച |
| ദാതവേ അഗ്നിം | — ദാതുമഗ്നിം ഗൃണീമഃ |

(സോഗ്നിഃ) വിശ്വാസു
വിക്ഷു — സർവ്വാസു പ്രജാസു
അവിതാ–ഇവ — രക്ഷിതാരാജേവ
ഋഷൂണാം വസ്തുഃ — ഋഷീണാമസ്മാകം വാസകഃ
ഹവ്യഃ ഭുവൽ — ആഹ്വാതവ്യോഭവതു

അർത്ഥം–നമ്മുടെ ശത്രുക്കളെ അകററുവാൻ അഗ്നിയെ സ്തുതിക്കുന്നു. അതുപോലെ സുഖവുമഭയവുമരുളാൻ അഗ്നിയെ സ്തുതിക്കുന്നു. ആ അഗ്നി എല്ലാ പ്രജകൾക്കും രക്ഷിതാവായ രാജാവുപോലെ, ഋഷികളായ നമ്മെയും വസിപ്പിക്കുന്നവനായി, നമുക്ക് വിളിക്കത്തക്കവനായി ഭവിക്കട്ടേ.

വർഗ്ഗം–14 മുതൽ 17 കൂടി. പ്രഗാഥപുത്രഃ ഹര്യതഃ ഋഷിഃ, ഗായത്രീച്ഛന്ദഃ

1 ഹവിഷ്കൃണുധ്വമാഗമ
ദധ്വര്യുർവ്വനതേപുനഃ
വിദ്വാँഅസ്യപ്രശാസനം

അന്വയം:–
(ഹേ അധ്വര്യ സംബന്ധിനോ ഹവിഷ്ക്കർത്താരഃ)
(യതഃ അഗ്നിഃ) ആ ഗമൽ — ആജഗാമ, അതഃ
(യൂയം) ഹവിഃ കൃണുധ്വം — ശീഘ്രം കുരുധ്വം
അസ്യ പ്ര–ശാസനം
വിദ്വാൻ — ഹവിഷഃ പ്രദാനം ജാനൻ
അധ്വര്യുഃ പുനഃ വനതേ — അധ്വരം സംഭജതേ

അർത്ഥം–അധ്വര്യുസംബന്ധികളായ ഹവിഷ്ക്കർത്താക്കളേ, അഗ്നി എത്തിയതുകൊണ്ട് നിങ്ങൾ വേഗത്തിൽ ഹവിസ്സുണ്ടാക്കുക. ഹവിർദ്ദാനക്രമമറിയുന്ന അധ്വര്യു വീണ്ടും യജ്ഞത്തെ പ്രാപിക്കുന്നു.

2 നിതിഗ്മമഭ്യം൧ശ്രും
സീദദ്ധോതാമനാവധി
ജ്ജുഷാണോഅസ്യസഖ്യം

അന്വയം:—
അസ്യ സഖ്യം മനൌ
അധി ജുഷാണഃ — അഗ്നേസ്സഖ്യം യജമാനേ
ജുഷാണഃ
ഹോതാ തിഗ്മം അംശ്രും — ഋത്വിക് തീക്ഷ്ണമഗ്നിം
അഭി നി സീദൽ — നിഷീദതി

അത്ഥം—അഗ്നിയുടെ സഖ്യം യജമാനങ്കലെത്തിക്കുന്ന ഹോതാവെന്ന ഋത്വിക്ക് തീക്ഷ്ണനായ അഗ്നിക്കുനേരെ ഇരിക്കുന്നു.

3 അന്തരിച്ഛന്തിതഞ്ജനേ
രുദ്രംപരോമനീഷയാ
ഗൃഭ്ണന്തിജിഹ്വയാസസം

അന്വയം:—
(ഋത്വിജഃ) തം രുദ്രം — ദുഃഖസ്യ ദ്രാവയിതാരമഗ്നിം
ജനേ മനീഷയാ — യജമാനാത്ഥം സ്വപ്രജ്ഞാനേന
പരഃ അന്തഃ ഇച്ഛന്തി — പരസ്താൽ, പുരോഭാഗേ,
ആയതനമധ്യേ സ്ഥാപിതും
കാമയന്തി
(ത ഏവ പശ്ചാൽ) സസം — സ്വപന്തമഗ്നിം
ജിഹ്വയാ ഗൃഭ്ണന്തി — ജിഹ്വാപ്രഭവയാ സ്തുത്യാ
(ജന്യേ ജനകശബ്ദഃ)
അങ്ഗുലീഭിർഗൃഹ്ണന്തി

അത്ഥം—ഋത്വിക്കുകൾ ദുഃഖമകററുന്ന അഗ്നിയെ യജമാനനുവേണ്ടി സ്വന്തം പ്രജ്ഞാനത്താൽ മുൻഭാഗത്തു്, കണ്ഡ

ത്തിൻ നടുവിൽ, സ്ഥാപിക്കാനാഗ്രഹിക്കുന്നു. അവർ തന്നെ പിന്നീടു്, ഉറങ്ങിക്കിടക്കുന്ന, കത്തിപ്പിടിക്കാത്ത, അഗ്നിയെ നാവിൽനിന്നുതിരുന്ന സ്തുതിയോടുകൂടി വിരലുകളാൽ തലോടുന്നു. (ആപ്യായിക്കുന്നു.)

4 ജാമ്യതീതപേധനു
ർവ്വയോധാഅരുഹദ്വനം
ദൃഷദഞ്ജിഹ്വയാവധീൽ

അന്വയം:—

| | |
|---|---|
| വയഃ-ധാഃ | — അന്നസ്യ ദാതാഗ്നിഃ |
| ജാമി ധനുഃ അതീതപേ | — പ്രവൃദ്ധം, സർവ്വമതിരിച്യ വർത്തമാനമന്തരിക്ഷം അതിതപതി |
| (സഃ) വനം അരുഹൽ | — വിമോകായോദകമാരോഹതി |
| ജിഹ്വയാ ദൃഷദം ആ അവധീൽ | — ജ്വാലയാ മേഘം ഹന്തി |

അർത്ഥം-അന്നദാതാവായ അഗ്നി എല്ലാററിനെയും കടന്നു നിൽക്കുന്ന അന്തരിക്ഷം ഏററവും ചൂടു പിടിപ്പിക്കുന്നു. അവിടുന്നു് വെള്ളത്തെ മേഘത്തിൽനിന്നു മോചിപ്പിക്കാനായി, മഴപെയ്യിക്കാനായി (വൈദ്യുതാഗ്നി രൂപത്തിൽ) മേല്പോട്ടു കയറിച്ചെല്ലുന്നു. തൻെറ ജ്വാലയാൽ മേഘത്തെ പിളക്കുന്നു.

5 ചരൻവഥ്സോരുശന്നിഹ
നിദാതാരന്നവിന്ദതേ
വേതിസ്തോതവഅംബ്യം വ. 14

അന്വയം:—

| | |
|---|---|
| (വൈദ്യുതോയം) രുശൻ, ചരൻ | — ശ്വേതോഭവൻ, സഞ്ചരൻ |

(അന്തരിക്ഷേ) വത്സഃ — വസന്നഗ്നിഃ, അഥവാ
വത്സവച്ചാപലേനധാവനാൽ
ഇഹ നി–ദാതാരം — അസ്മിൻ ലോകേ നിരോധകം
ന വിന്ദതേ — ന ലഭതേ
(കിന്തു) സ്തോതവേ
അംബ്യം വേതി — സ്തോത്തും സ്തോതാരം സ്വയം
കാമയതേ

അർത്ഥം—വൈദ്യുതാഗ്നിയായ അവിടുന്ന് വെൺനിറം പൂണ്ട്, സഞ്ചരിച്ചുകൊണ്ട് അന്തരിക്ഷത്തിൽ മേവുന്നവനായി (അല്ലെങ്കിൽ ഒരു കാളക്കുട്ടി പോലെ ഓടി) നടക്കുന്നു. ഈ ലോകത്തിൽ അവിടുത്തെ തടുക്കുന്നവനായി ആരെയും കാണുന്നില്ല. എന്നാൽ തന്നെ സ്തുതിക്കാൻ സ്തോതാവിനെ ഇഷ്ടപ്പെടുന്നു. സ്തോതാവിനെ കൊണ്ടാടുന്നു.

6 ഉതോന്വസ്യയന്മഹ
ദശ്വാവദ്യോജനംബൃഹൽ
ദാമാരഥസ്യദദൃശേ

അന്വയം:–

ഉതോ ന അസ്യ — അപിച ക്ഷിപ്രമാദിത്യസ്യ
യൽ മഹൽ അശ്വ–വൽ — യദാ മാഹാത്മ്യയുക്തം,
സംവൃദ്ധാശ്വമിവ
ബൃഹൽ യോജനം — സ്ഥൂലം ദൃശ്യതേ
രഥസ്യ ദാമാ ദദൃശേ — അന്തരിക്ഷേ രഥേശ്വാൻ
യോജയതി

അർത്ഥം—കൂടാതെ വേഗത്തിലാദിത്യന്ന് എപ്പോഴും വലിയ കുതിരപോലെ തേർ കാണപ്പെടുന്നുവോ, അന്തരിക്ഷത്തിൽ തേരിൽ കുതിരയെ പൂട്ടുന്നുവോ, (സൂര്യനുദിക്കുന്നുവോ),

7 ദുഹന്തിസപ്തൈകാ
മുപദ്വാപഞ്ചസൃജതഃ
തീർത്ഥേസിന്ധോരധിസ്വരേ

അന്വയം:—

സപ്ത ഏകാം ദുഹന്തി — സപ്തർത്വിജഃ സമാനം ഘർമ്മം ദുഹന്തി

(തേഷാം മദ്ധ്യേ) ദ്വാ — ദ്വേ, പ്രതിപ്രസ്ഥാതാധ്വര്യൂ

പഞ്ച ഉപ — അന്യാനൃത്വിജഃ, ഹോതാരം, അഗ്നീധ്രം, യജമാനം, ബ്രഹ്മാണം, പ്രസ്തോതാരമിതി പഞ്ചർത്വിജഃ

സിന്ധോഃ തീർത്ഥേ

സൃജതഃ — സരസ്വത്യാദിപ്രഖ്യാതായാ നദ്യാസ്തീർത്ഥേ' യത്രായമൃഷി രൃജതിതത്ര പ്രയോജയതി

സ്വരേ അധി — സ്വരോപേതേ ശബ്ദയതി, 'ഓശ്രാവയ' ഇത്യാദി ശബ്ദൈ ശ്ശബ്ദവത്ഭവതി

അർത്ഥം—ഏഴ് ഋത്വിക്കുകൾ ഒരേ വിധത്തിൽ വിയർപ്പൊഴുക്കുന്നു. അതായത്തു് വിയർത്തധ്വാനിക്കുന്നു. അവരിൽ രണ്ടു പേർ, പ്രതിപ്രസ്ഥാതാവും അധ്വര്യുവും മററഞ്ചുപേരെ, യജമാനൻ, ബ്രഹ്മൻ, ഹോതാവ്, അഗ്നീധ്രൻ, പ്രസ്തോതാവ് എന്നീ അഞ്ചുപേരെ, സരസ്വതി മുതലായ (ഏതെങ്കിലും) പ്രസിദ്ധ നദിയുടെ കരയിൽ, ഋഷി യാഗം നടത്തുന്നിടത്ത്, (അതാതു കർമ്മങ്ങളിൽ) നിയോഗിക്കുന്നു, ഏർപ്പെടുത്തുന്നു. അവിടെ 'ഓശ്രാവയ' ('അല്ലേ, കേൾപ്പിക്കുക') മുതലായ ശബ്ദം മുഴങ്ങുന്നു. (യുഗ്മകം)

8 ആദശഭിർവിവസ്വത

ഇന്ദ്രഃകോശമചുച്യവീൽ

ഖേദയാത്രിവൃതാദിവഃ

അന്വയം:—

വിവസ്വതഃ — പരിചരതോ യജമാനസ്യ

ദശ—ഭിഃ — ദശാങ്ഗുലീഭിര്യാചിതസ്സൻ

ഇന്ദ്രഃ കോശം ദിവഃ — ഉദകസേചകം മേഘമന്തരിക്ഷസകാശാൽ
ത്രി-വൃതാ ഖേദയാ — ത്രിപ്രകാരവൎത്തമാനവതാ രശ്മിനാ
ആ അചുച്യവീൽ — ആസമന്താദ്വ്യദാരയൽ

അൎത്ഥം—കൎമ്മാനുഷ്ഠാനം കൊണ്ടു പരിചരിക്കുന്ന യജമാനന്റെ പത്തുവിരലുകളാൽ (കൂപ്പുകയ്യോടുകൂടി) യാചിയ്ക്കപ്പെട്ടവനായി, ഇന്ദ്രൻ ജലം പൊഴിക്കുന്ന മേഘത്തെ മൂന്നുപ്രകാരത്തിലുള്ള (ലോഹിത, ശുക്ല, കൃഷ്ണവൎണ്ണങ്ങളിലുള്ള അല്ലെങ്കിൽ മിന്നുന്നതും വേഗമുററതും ചരിക്കുന്നതുമായ) രശ്മിയാൽ അന്തരിക്ഷത്തിൽ നിന്നുതിൎത്തുന്നു.

9 പരീ॑ത്രി॒ധാതു॑രധ്വ॒ര
ഞ്ജൂ॒ൎണ്ണീ॑രേതി॒നവീ॑യസീ
മധ്വാ॒ഹോതാ॑രോഅഞ്ജതേ

അന്വയം:-
(അയമഗ്നിഃ) ത്രി-ധാതുഃ — ലോഹിതശുക്ലകൃഷ്ണഭേദേന ത്രിവൎണ്ണഃ
ജൂൎണ്ണിഃ — വേഗവാൻ
നവീയസീ — നവീയസ്യാ, നവതരയാ ജ്വാലയാ
അധ്വരം ഏതി — പ്രവൎഗ്ഗ്യം ഗച്ഛതി
ഹോതാരഃ മധ്വാ — ഹോമനിഷ്പാദകാഃ അധ്വൎയ്വാദയ ആജ്യാദിനാ
പരി അഞ്ജതേ — പരിതോലങ്കുൎവ്വന്തി

അൎത്ഥം—ഈ അഗ്നി ചുകപ്പും വെളുപ്പും കറുപ്പും നിറങ്ങളൊത്തു് വേഗവാനായി, പുതുപുതു ജ്വാലയാൽ പ്രവൎഗ്ഗ്യത്തെ (നെയ്യൊഴിച്ചു് സോമവുംചേൎത്തു് മന്ത്രപൂൎവ്വം കത്തിക്കുന്ന പാത്രത്തെ) പ്രാപിക്കുന്നു. ഹോമനിൎവ്വാഹകരായ അധ്വൎയ്യു മുതലായവർ നൈ, സോമം മുതലായവയാൽ അവിടത്തെ മുററും അലങ്കരിക്കുന്നു.

10 സിഞ്ചന്തിനമസാവത
മുച്ചാചക്രംപരിജ്മാനം
നീചീനബാരമക്ഷിതം വ. 15

അന്വയം:—

| | |
|---|---|
| നമസാ അവതം | — നമനേന മഹാവീരം |
| ഉച്ചാ-ചക്രം<br>പരി-ജ്മാനം | — ഉപരിസ്ഥിതചക്രം, പരിതോ വ്യാപ്തം |
| നീചീന-ബാരം | — നീചീനദ്വാരം |
| അക്ഷിതം | — അക്ഷീണം, ക്ഷീരാദ്യവശേഷയുക്തമാഹവനീയസ്യ ഉപരി നമനേന |
| സിഞ്ചന്തി | — ജുഹ്വതി (മഹാവീരേണ ഹ്യാഹവനീയേഹ്വയതേ) |

അർത്ഥം—കുനിഞ്ഞു കണ്ടായതും മുകളിൽ ചക്രമുള്ളതും നാലു പുറവും വ്യാപിച്ചതും ചുവട്ടിൽ ദ്വാരമുള്ളതും കേടുപാടുകളററതും പാൽ മുതലായി ശേഷിച്ച ഹവിസ്സോത്തതുമായ മഹാവീരമെന്ന പാത്രത്താൽ (ഘർമ്മത്താൽ) ഋത്വിക്കുകൾ ആഹവനീയാഗ്നിയിൽ ഹോമിക്കുന്നു. (മഹാവീരംകൊണ്ടാണ് ആഹവനീയാഗ്നിയിൽ ഹോമിക്കുന്നതു്).

11 അഭ്യാരമിദദ്രയോ
നിഷിക്തംപുഷ്കരേമധു
അവതസ്യവിസർജ്ജനേ

അന്വയം:—

| | |
|---|---|
| അദ്രയഃ | — ആദ്രിയമാണാ അധ്വര്യാദയഃ |
| അഭി-ആരം ഇൽ നി-സിക്തം | — അഭിഗമ്യൈവാതിരിക്തം |

അവതസ്യ വി–സർജ്ജനേ— മഹാവീരസ്യ
വിസർജ്ജനസമയേ
മധു പുഷ്കരേ — വപുഷ്കരേ, പ്രവൃദ്ധേ ഉപയമനീ
പാത്രേ അഗ്നിഹോത്രാർത്ഥം
സിഞ്ചന്തി

അർത്ഥം—ആരത്തോടുകൂടിയ അധ്വര്യു മുതലായവർ നേരെ ചെന്നു് അഗ്നിഹോത്രത്തിന്നുവേണ്ടിയവശേഷിച്ച സോമഹവിസ്സ് മഹാവീരമെന്ന കണ്ടൻ പാത്രത്തിൽനിന്നു് ഒഴിക്കുമ്പോൾ ഉപയമനീയമെന്ന പാത്രത്തിൽ വീഴുന്നു.

12 ഗാവഉപാവതാവതം
മഹീയജ്ഞസ്യരഫ്സുദാ
ഉഭാകർണ്ണാഹിരണ്യയാ

അന്വയം:-
ഹേ ഗാവഃ, (യൂയം)
അവതം — മഹാവീരം പ്രതി
(ഗൌരജായാ അപ്യുപ
ലക്ഷണം)
ഉപ് അവത — ഉപാഗച്ഛത
യജ്ഞസ്യ രഫ്സുദാ — യാഗസ്യ സാധനഭൂതേ,
ആരിഫ്സോഃ ഫലപ്രദേ
മഹീ — മഹതീ, ബഹ്ഹലേ,
അപേക്ഷിതേ ഉപാവത
(അപിചാസ്യ
മഹാവീരസ്യ) ഉഭാ കർണ്ണാ — കർണ്ണസ്ഥാനീയൌ ദ്വൌ രുക്മൌ
ഹിരണ്യയാ — സുവർണ്ണരജതമയൌ

അർത്ഥം—പശുക്കളേ, ആടുകളേ, മഹാവീരമെന്ന പാത്രത്തിന്നടുക്കൽ വന്നാലും.. യാഗത്തിന്നു സാധനഭൂതമായി, ആഗ്രഹിക്കുന്നവന്നു ഫലപ്രദമായി, മഹത്തായിരിക്കുന്ന ആ പാത്രത്തിന്നടുക്കൽ വന്നാലും. ആ മഹാവീരത്തിന്നു് രണ്ടു കാതുകൾ സ്വർണ്ണം, വെള്ളി ഇവകൊണ്ടത്രേ. (മഹാവീരപാത്രത്തിൽ പശുവിൻപാലോടൊപ്പം ആട്ടിൻപാലും ചേർക്കുന്നു.)

13 ആസുതേസിഞ്ചതശ്രിയം
രോദസ്യോരഭിശ്രിയം
രസാദധീതവൃഷഭം

അന്വയം:—

(ഹേ അധ്വര്യവഃ) സുതേ — ദുഗ്ധേ ഗോപയസി
രോദസ്യോഃ അഭി-
ശ്രിയം — (കർമ്മണിഷഷ്ഠീ) ദ്യാവാപൃഥിവ്യാവഭിശ്രയന്തം
ശ്രിയം ആ സിഞ്ചത — ശ്രയണമാജം പയസ്സിഞ്ചത
(സേചനാനന്തരം) രസാ
ദധീത വൃഷഭം — രസേ, ആജേപയസി തത്രാഗ്നി സംയോഗാൽ കാമവർഷകം തം സ്ഥാപയത

അർത്ഥം—അല്ലയോ അധ്വര്യുക്കളേ, കറന്ന പശുവിൻ പാലിൽ ദ്യാവാപൃഥിവികളെ ആശ്രയിക്കുന്ന കൂട്ടുദ്രവ്യമായ ആട്ടിൻപാൽ വീഴ്ത്തുക. രസയുക്തമായ ആ ആട്ടിൻപാലിൽ അഭീഷ്ടവർഷകനായ അഗ്നിയെ സ്ഥാപിക്കുക.

14 തേജാനതസ്വമോക്യം ∫
സംവഥ്സാസോനമാതൃഭിഃ
മിഥോനസന്തജാമിഭിഃ

അന്വയം:—

തേ ജാനത — താഗാവഃ (സാമാന്യാകാരേണ പുന്നിർദ്ദേശഃ) ജ്ഞാതവത്യഃ
സ്വം ഓക്യം — സ്വകീയം നിവാസം മഹാവീരം ദോഗ്ധുമഗമൻ
വഥ്സാസഃ മാതൃ-ഭിഃ ന — വത്സാഃ ജനനീഭിസ്സഹിതാ യഥാ സംഗച്ഛന്തി, തദ്വൽ

| | |
|---|---|
| ജാമി–ഭിഃ | — ബന്ധുഭിസ്സഹിതാഗാവഃ |
| മിഥഃ സം നസന്ത | — മഹാവീരം പ്രത്യേകം സംഗച്ഛന്തേ |

അർത്ഥം—ആ പശുക്കളും ആടുകളും അറിവുററവയായി, സ്വന്തം വാസസ്ഥാനമായ മഹാവീരത്തിൽ (അതിന്നടുക്കൽ) കറക്കാൻ ചെന്നു. കന്നുകുട്ടികൾ തള്ളകളോടുകൂടിയെന്നപോലെ, അവ ബന്ധുക്കളൊത്ത് മഹാവീരത്തെ ഓരോന്നായി പ്രാപിക്കുന്നു.

15 ഉപസ്രക്വേഷ്വബഫ്സതഃ

കൃണ്വതേധരുണന്ദിവി

ഇന്ദ്രേഅഗ്നാനമസ്വഃ

വ. 16

അന്വയം:—

| | |
|---|---|
| സ്രക്വേഷു ബഫ്സതഃ | — ജ്വാലയാ ഭക്ഷയതോഗ്നേഃ |
| ഇന്ദ്രേ അഗ്നാ ധരുണം | |
| സ്വഃ നമഃ | — ഇന്ദ്രാഗ്ന്യോർദ്ധാരകം സർവ്വമന്നം |
| ദിവി ഉപ കൃണ്വതേ | — അധ്വര്യ്വാദയഃ അന്തരിക്ഷേ ഉപകുർവ്വതേ |

അർത്ഥം—ജ്വാലകൊണ്ടു ഭക്ഷിക്കുന്ന അഗ്നിക്കു ചേർന്നതും ഇന്ദ്രാഗ്നികളെ താങ്ങുന്നതുമായ എല്ലാ അന്നവും അധ്വര്യു മുതലായവർ അന്തരിക്ഷത്തിലുണ്ടാക്കുന്നു. (അഗ്നിമഹാവീരത്തിലെ ഹവിസ്സു ദഹിപ്പിക്കുമ്പോൾ അതു മുകളിൽ രണ്ടുവിധത്തിൽ, പശുവിൻപാലും ആട്ടിൻപാലും തൂകുന്നു. പശുവിൻ പാൽ ഇന്ദ്രന്നും ആട്ടിൻപാലഗ്നിക്കും).

16 അധുക്ഷൽപിപ്യുഷീമിഷ

മൂർജ്ജംസപ്തപദീമരിഃ

സൂര്യസ്യസപ്തരശ്മിഭിഃ

അന്വയം:—

| | | |
|---|---|---|
| അരിഃ സൂര്യസ്യ സപ്ത രശ്മി—ഭിഃ | — | അരണശീലഃ വായുരശ്മിഭിസ്സാധനൈഃ |
| സപ്ത—പദീം | — | സർപ്പണസ്വഭാവപാദാം മാധ്യമികാം വാചം |
| പിപ്യുഷീം ഇഷം ഊർജ്ജം | — | ആപ്യായയദന്നം രസഞ്ച |
| അധുക്ഷൽ | — | ദുഗ്ധവാൻ |

അർത്ഥം—ഗമനശീലനായ വായു, സൂര്യന്റെ ഏഴു രശ്മികളിലൂടെ പ്രസരിച്ചുകൊണ്ടിരിക്കുന്ന മാധ്യമികവാക്കിനെ വളർത്തുന്ന അന്നത്തെയും രസത്തെയും കറന്നുകൊടുത്തു.

17 സോമസ്യമിത്രാവരു
ണോദിതാസൂരആദദേ
തദാതുരസ്യഭേഷജം

അന്വയം:—

| | | |
|---|---|---|
| ഹേ മിത്രാവരുണാ, | — | മീത്രാവരുണൗ, |
| സൂരേ ഉൽ—ഇതാ | — | സൂര്യേ ഉദിതേ |
| (യജമാനഃ) സോമസ്യ ആ ദദേ | — | സോമം സ്വീകരോതി (കർമ്മണിഷഷ്ഠീ) |
| തൽ ആതുരസ്യ ഭേഷജം | — | തൽസ്വീകാരരൂപം കർമ്മ അസ്മദാദേരൗഷധം ഹിതകരം ഭവതി |

അർത്ഥം— അല്ലയോ മീത്രവരുണന്മാരേ, സൂര്യനുദിക്കുമ്പോഴാണ് യജമാനൻ സോമം സ്വീകരിക്കുന്നത്. അത് നമ്മളെപ്പോലുള്ള രോഗിക്ക് ഹിതകരമായ മരുന്നത്രേ. (ഇരുപത്തിനാലുതരം സോമലതകൾ ആയുർവ്വേദത്തിൽ ഔഷധമായിപ്പറയപ്പെടുന്നുണ്ട്.)

18 ഉതോന്വസ്യയൽപദം

ഹര്യതസ്യനിധാന്യം

പരിദ്യാംജിഹ്വയാതനൽ വ. 17

അന്വയം:–

| | |
|---|---|
| ഉതോ അസ്യ | — അപിച സോമസ്യ |
| ഹര്യതസ്യ യൽ പദം | — പ്രദാനങ്കാമയമാനസ്യ മമയൽപദം |
| നി–ധാന്യം | — ഹവിഷാം നീധാനാർഹം, ഉത്തരവേദിസ്ഥിതാഗ്നിഃ |
| ദ്യാം ജിഹ്വയാ പരി ന അതനൽ | — ജ്വാലയാ പരിതഃ, ശീഘ്രം വ്യാപ്നോതു |

അർത്ഥം–പിന്നെ, സോമത്തിന്റെ ദാനമിച്ഛിക്കുന്ന എന്റെ ഏതു സ്ഥാനം ഹവിസ്സുവെയ്ക്കാനർഹമാണോ, ആ ഉത്തരവേദിയിൽ ഇരിക്കുന്ന അഗ്നി ദ്യോവിനെ മുഴുവൻ വേഗത്തിൽ വ്യാപിക്കട്ടേ.

വർഗ്ഗം–18_19_20 സപ്തവധ്രിഃ ഋഷിഃ, അശ്വിനൗ ദേവതാ

1 ഉദീരാഥാമൃതായതേ

യുഞ്ജാഥാമശ്വിനാരഥം

അന്തിഷദ്ഭൂതുവാമവഃ

അന്വയം:–

| | |
|---|---|
| ഹേ അശ്വിനാ, ഋതയതേ | — അശ്വിനൗ യജ്ഞമിച്ഛതേ മഹ്യം, മദർത്ഥം |
| ഉൽ ഈരാഥാം | — ഉൽഗച്ഛതം |
| (തദർത്ഥം) രഥം യുഞ്ജാഥാം | — അശ്വൈര്യോജയതം |

വാം അവഃ അന്തി
സൽ ഭൂതു — യുവയോരക്ഷണം അസ്മദന്തികേ
വർത്തമാനം ഭവതു

അർത്ഥം—അല്ലയോ അശ്വികളേ, യജ്ഞേച്ഛുവായ എനിക്കുവേണ്ടി എഴുന്നേററു വന്നാലും. അതിന്നായി കുതിരകളെ തേരിൽ പൂട്ടിയാലും. നിങ്ങളുളുടെ രക്ഷണം ഞങ്ങളുടെ അരികിലുണ്ടാവട്ടേ.

2 നിമിഷശ്ചിജ്ജവീയസാ
രഥേനായാതമശ്വിനാ
അന്തിഷദ്ഭൂതുവാമവഃ

അന്വയം:—
ഹേ അശ്വിനാ,
നി–മിഷഃ ചിൽ — അശ്വിനൗ, നിമേഷാദപി
ജവീയസാ രഥേന — അതിശയേന വേഗവതാ രഥേന
ആ യാതം — ആഗച്ഛതം
വാം അവഃ അന്തി സൽ
ഭൂതു — യുവയോരക്ഷണം അസ്മദന്തികേ
വർത്തമാനം ഭവതു

അർത്ഥം–അല്ലയോ അശ്വികളേ, കണ്ണിമയേക്കാൾ വേഗതക്കൂടിയ തേരിൽ വന്നാലും. നിങ്ങളുടെ രക്ഷണം ഞങ്ങൾക്കരികിലുണ്ടാവട്ടേ.

3 ഉപസ്തൃണീതമത്രയേ
ഹിമേനഘർമ്മമശ്വിനാ
അന്തിഷദ്ഭൂതുവാമവഃ

അന്വയം:—
അശ്വിനാ, അത്രയേ — അശ്വിനൗ, അസുരൈരഗ്നൗ
പ്രക്ഷിപ്തായ മഹർഷയേ

ഘർമ്മം ഹിമേന — അഗ്നിദാഹകമുഷ്ണകന

| | |
|---|---|
| ഉപ സ്തൃണീതം | — ഉപസ്തീർണ്ണവന്തൌ |
| വാം അവഃ അന്തി<br>സൽ ഭൂതു | — യുവയോ രക്ഷണമസ്മദന്തികേ വർത്തമാനം ഭവതു |

അർത്ഥം—അസുരന്മാരാൽ തീയിലെറിയപ്പെട്ട അത്രി മഹർഷിയെ മഞ്ഞുനീരിനാൽ അതിൽനിന്നു നിങ്ങൾ രക്ഷിച്ചു. നിങ്ങളുടെ രക്ഷണം ഞങ്ങൾക്കരികിലുണ്ടാവട്ടേ.

4 കുഹസ്ഥഃകുഹജഗ്മഥുഃ
കുഹശ്യേനേവപേതഥുഃ
അന്തിഷദ്ഭൂതുവാമവഃ

അന്വയം:-

(ഹേ അശ്വിനൌ, യുവാം)

| | |
|---|---|
| കുഹ സ്ഥഃ? | — ഭവഥഃ? |
| (ഇദാനീം) കുഹ ജഗ്മഥുഃ | — ക്വ ഗച്ഛഥഃ? |
| കുഹ ശ്യേനാ-ഇവ<br>പേതഥുഃ? | — ശ്യേനാവിവ ശീഘ്രപതനൌ പതഥഃ? |

(ഏവമചിന്ത്യസ്വഭാവൌ കൃപയാ സന്നിഹിതൌ ഭവതം)

| | |
|---|---|
| വാം അവഃ അന്തി സൽ<br>ഭൂതു | — യുവയോരക്ഷണമസ്മദന്തികേ വർത്തമാനം ഭവതു. |

അർത്ഥം—അല്ലയോ അശ്വികളേ, നിങ്ങളെവിടെയാണ്? ഇപ്പോൾ എവിടെപ്പോകുന്നു? പരുന്തുകൾപോലെ എവിടെ വേഗം പറന്നെത്തുന്നു? (ഊഹിക്കാൻ പററാത്ത സ്വഭാവത്തോടുകൂടിയ നിങ്ങൾ കൃപയാൽ ഇവിടെ സന്നിഹിതരായാലും.) നിങ്ങളുടെ രക്ഷണം ഞങ്ങൾക്കരികിൽ ഭവിക്കട്ടേ.

5 യദദ്യകർഹികർഹിചി
ച്ഛുശ്രൂയാതമിമംഹവം
അന്തിഷദ്ഭൂതുവാമവഃ

അന്വയം:—

| | | |
|---|---|---|
| യൽ | — | യസ്മാന്നനിദ്ധാര്യതേ, അതഃ |
| അദ്യ കർഹി കർഹി ചിൽ | — | കസ്മിന്നപി ദേശേ,<br>കസ്മിന്നപി കാലേ |
| ഇമം ഹവം ശുശ്രൂയാതം? | — | അസ്മദീയമാഹ്വാനം<br>ശൃണുയാതം? |
| വാം അവഃ അന്തി സൽ<br>ഭൂതു | — | യുവയോരക്ഷണമസ്മദന്തികേ<br>വർത്തമാനം ഭവതു |

അർത്ഥം—അറിയാത്തതുകൊണ്ടു പറയുന്നു: ഏതിടത്ത്, ഏതുസമയത്താണ് ഞങ്ങളുടെ വിളി നിങ്ങൾ കേൾക്കുക? നിങ്ങളുടെ രക്ഷണം ഞങ്ങൾക്കരികിലുണ്ടാവട്ടേ.

6 അശ്വിനായാമഹൂതമാ
നേദിഷ്ഠംയാമ്യാപ്യം
അന്തിഷദ്ഭൂതുവാമവഃ

അന്വയം:—

| | | |
|---|---|---|
| ഹേ യാമ-ഹൂതമാ, | — | അതിശയേന കാലേ<br>ആഹ്വാതവ്യൗ |
| അശ്വിനാ, (യുവയോഃ) | | |
| നേദിഷ്ഠം | — | അശ്വിനൗ, അന്തികതമം |
| ആപ്യം യാമി | — | ബാന്ധവം ഗച്ഛാമി |
| വാം അവഃ അന്തി<br>സൽ ഭൂതു | — | യുവയോരക്ഷണമസ്മദന്തികേ<br>വർത്തമാനം ഭവതു |

അർത്ഥം—കാലത്തിലേററവും വിളിക്കപ്പെടേണ്ടുമശ്വികളേ, നിങ്ങളുടെ ഏററവുമടുത്ത ബന്ധുത്വത്തെ ഞാൻ കാമിക്കുന്നു, പ്രാർത്ഥിക്കുന്നു. നിങ്ങളുടെ രക്ഷണം ഞങ്ങൾക്കരികിലുണ്ടാവട്ടേ.

7 അവന്തമത്രയേഗൃഹം

കൃണുതംയുവമശ്വിനാ

അന്തിഷദ്ഭൂതുവാമവഃ

അന്വയം:–

| | |
|---|---|
| ഹേ അശ്വിനാ, യുവം | — അശ്വിനൌ, യുവാം |
| അത്രയേ | — അഗ്ന്യാഗാരേദഹ്യമാനായ തസ്മൈ |
| അവന്തം ഗൃഹം കൃണുതം | — രക്ഷന്തം ഗൃഹം കൃതവന്തൌ (അവന്തം വ്യത്യയേന പുല്ലിംഗഃ) |
| വാം അവഃ അന്തി സൽ ഭൂതു | — യുവയോരക്ഷണമസ്മദന്തികേ വർത്തമാനം ഭവതു |

അർത്ഥം-അല്ലയോ അശ്വികളേ, നിങ്ങൾ തീക്കുണ്ഡത്തിൽപ്പെട്ട അത്രിമഹർഷിക്ക്, രക്ഷകമായ ഗൃഹമുണ്ടാക്കിയല്ലോ. നിങ്ങളുടെ രക്ഷണം ഞങ്ങൾക്കരികിലുണ്ടാവട്ടേ.

8 വരേഥേഅഗ്നിമാതപോ

വദതേവല്ഗ്വത്രയേ

അന്തിഷദ്ഭൂതുവാമവഃ

അന്വയം:–

(ഹേ അശ്വിനൌ,)

| | |
|---|---|
| വല്ഗു വദതേ അത്രയേ | — മനോഹരം സ്തുവതേ ഋഷയേ |
| ആ–തപഃ | — ആതപാൽ, ഔഷ്ണ്യാൽ |
| അഗ്നിം വരേഥേ | — ആവാരയതം |
| വാം അവഃ അന്തി സൽ ഭൂതു | — യുവയോരക്ഷണമസ്മദന്തികേ വർത്തമാനം ഭവതു |

അർത്ഥം—അല്ലയോ അശ്വികളേ, മനോഹരമായി സ്തുതിക്കുന്ന (സ്തുതിച്ച) അത്രിമഹർഷിയെ ആ തീച്ചൂടിൽ നിന്നു് നിങ്ങൾ നിവാരണം ചെയ്തു. നിങ്ങളുടെ രക്ഷണം ഞങ്ങൾക്കരികിലുണ്ടാവട്ടേ.

9 പ്രസപ്തവധ്രിരാശസാ
ധാരാമഗ്നേരശായത
അന്തിഷദ്ഭൂതുവാമവഃ

അന്വയം:—
(ഹേ അശ്വിനൌ,)
സപ്ത-വധ്രിഃ — മഹർഷിഃ
(യുവയോഃ) ആ-ശസാ — ആശംസനേന, സ്തുത്യാ മഞ്ജൂഷായാ നിർഗ്ഗത്യ
അഗ്നേഃ ധാരാം പ്ര അശായത — ആശായയൽ, താം ദഗ്ധവാൻ
വാം അവഃ അന്തി സൽ ഭൂതു — യുവയോരക്ഷണമസ്മദന്തികേ വർത്തമാനം ഭവതു

അർത്ഥം—അല്ലയോ അശ്വികളേ, (സഹോദരപുത്രന്മാരായ ശത്രുക്കളാൽ ഒരു പെട്ടിയിലടയ്ക്കപ്പെട്ട) സപ്തവധ്രി എന്ന മഹർഷി നിങ്ങളെ കുറിച്ചു സ്തുതികൊണ്ടു് പെട്ടിയിൽനിന്നു പുറത്തുവന്നു് തീപ്പടർപ്പിയററി, അതിനെ ദഹിപ്പിച്ചു. നിങ്ങളുടെ രക്ഷണം ഞങ്ങൾക്കരികിലുണ്ടാവട്ടേ. (ഈ കഥ 4–4–19ൽ കൂടുതൽ വിസ്തരിച്ചിട്ടുണ്ടു്.)

10 ഇഹാഗതം വൃഷണ്വസൂ
ശൃണുതമ്മഇമംഹവം
അന്തിഷദ്ഭൂതുവാമവഃ വ. 19

അന്വയം:—
ഹേ വൃഷൺ-വസൂ, — വർഷണധനാവശ്വിനൌ,
ഇഹ ആ ഗതം — അസ്മിൻ യജ്ഞേ ആഗച്ഛതം

മേ ഇമം ഹവം ശൃണുതം — ആഹ്വാനമാകർണ്ണയതം
വാം അവഃ അന്തി സൽ
ഭൃതു — യുവയോരക്ഷണമസ്മദന്തികേ വർത്തമാനം ഭവതു

അർത്ഥം–വർഷിക്കുന്ന ധനത്തോടുകൂടിയ അശ്വികളേ, ഈ യജ്ഞത്തിൽ വന്നാലും. എന്റെ ഈ വിളി കേട്ടാലും. നിങ്ങളുടെ രക്ഷണം ഞങ്ങൾക്കരികിലുണ്ടാവട്ടേ.

11 കിമിദംവാംപുരാണവ
ജ്ജരതോരിവശസ്യതേ
അന്തിഷദ്ഭൃതുവാമവഃ

അന്വയം:–

(ഹേ അശ്വിനൌ,) വാം — യുവയോരാഗമനായ
പുരാണ–വൽ, ജരതോഃ–
ഇവ — അതിവൃദ്ധയോഃ, ജരാബാധിതയോരിവ
ശസ്യതേ — പുനഃ പുനരാഗച്ഛതമിതി ശസ്യതേ
(യഥാ ലോകേ വൃദ്ധഃ, ജീർണ്ണഃ ബഹുവാരമാഹൂതോപിനാഗച്ഛതി, തദ്വൽ)
കിം ഇദം? — കിമിത്ഥം നാഗച്ഛഥഃ?
വാം അവഃ അന്തി സൽ
ഭൃതു — യുവയോരക്ഷണമസ്മദന്തികേ വർത്തമാനം ഭവതു

അർത്ഥം–അല്ലയോ അശ്വികളേ, നിങ്ങളുടെ വരവിന്നായി വയസ്സന്മാരുടെ, ജരബാധിച്ചവരുടെ വരവിന്നായെന്നപോലെ വീണ്ടും വീണ്ടും വന്നാലും, വന്നാലുമെന്ന് നിങ്ങൾ വിളിക്കപ്പെടുന്നു. ഇതെന്താണിങ്ങിനെ? നിങ്ങളുടെ രക്ഷണം ഞങ്ങൾക്കരികിലുണ്ടാവട്ടേ.

12 സമാനംവാംസജാത്യം
സമാനോബന്ധുരശ്വിനാ
അന്തിഷദ്ഭൂതുവാമവഃ

അന്വയം:—

ഹേ അശ്വിനാ, വാം — അശ്വിനൗ, യുവയോഃ പരസ്പരം

സ—ജാത്യം സമാനം — സമാനജാതത്വം ഏകമേവ, സമം

(ഉഭയോരപ്യശ്വരൂപായാസ്സൂര്യപത്ന്യാഃ ഉൽപത്തേസ്സജാതത്വം)

(തഥാ യുവയോഃ) ബന്ധുഃ — ബന്ധകഃ, സ്രുവഃ

സമാനഃ — ഏകഏവ അഥവാ ഋഷിരഹം സമാനഏകഏവ ബന്ധുഃ

വാം അവഃ അന്തി സൽ ഭൂതു — യുവയോരക്ഷണമസ്മദന്തികേ വർത്തമാനം ഭവതു

അർത്ഥം—അല്ലയോ അശ്വികളേ, നിങ്ങൾക്ക് പരസ്പരം സഹോദരത്വം സമമാണ്. (രണ്ടുപേരും കതിരമെയ് പൂണ്ട സൂര്യപത്നിയിൽ നിന്നു ജനിച്ചവർ.) അതുപോലെ നിങ്ങളെ ബന്ധിക്കുന്ന സ്രുവം (ഹോമോപകരണം) ഒന്നാണ്. (ഒരു സ്രുവാഹുതിയാണ് നിങ്ങൾക്കിരുവർക്കും കൂടി). അല്ലെങ്കിൽ ഋഷിയായ ഞാൻ നിങ്ങൾക്കിരുവർക്കും ഒരുപോലെ ബന്ധുവാണ്. നീങ്ങളുടെ രക്ഷണം ഞങ്ങൾക്കരികിലുണ്ടാവട്ടെ.

13 യോവാംരജാംസ്യശ്വിനാ
രഥോവിയാതിരോദസീ
അന്തിഷദ്ഭൂതുവാമവഃ

അന്വയം:—

ഹേ അശ്വിനാ വാം യഃ

രഥഃ — അശ്വിനൗ, അസ്മി, സരഥഃ

| | |
|---|---|
| രജാംസി, രോദസീ | — ലോകാൻ ദ്യാവാപൃഥിവ്യൌ ച |
| വി–യാതി | — വിശേഷേണ ഗച്ഛതി (അതസ്തേനാഗച്ഛതം) |
| വാം അവഃ അന്തി സൽ ഭൂതു | — യുവയോരക്ഷണമസ്മദന്തികേ വൎത്തമാനം ഭവതു |

അൎത്ഥം—നിങ്ങളുടെ തേരുണ്ടല്ലോ, അതു ലോകങ്ങളെയും ദ്യാവാപൃഥിവികളെയും ചുററുന്നു. (ആ തേരിൽ വന്നാലും.) നിങ്ങളുടെ രക്ഷണം ഞങ്ങൾക്കരികിലുണ്ടാവട്ടെ.

14 ആനോഗവ്യേഭിരശ്വ്യൈ

സ്സഹസ്രൈരുപഗച്ഛതം

അന്തിഷദ്ഭൂതുവാമവഃ

അന്വയം:—

(ഹേ അശ്വിനൌ,)

| | |
|---|---|
| സഹസ്രൈഃ | — അപരിമിതൈഃ |
| ഗവ്യേഭിഃ അശ്വ്യൈഃ | — ഗോസമൂഹൈരശ്വസമൂഹൈശ്ച |
| നഃ ഉപ ആ ഗച്ഛതം | — അസ്മാനുപാഗച്ഛതം |
| വാം അവഃ അന്തി സൽ ഭൂതു | — യുവയോരക്ഷണമസ്മദന്തികേ വൎത്തമാനം ഭവതു |

അൎത്ഥം—അല്ലയോ അശ്വികളേ, കണക്കററ പശുക്കൂട്ടങ്ങളോടും കുതിരക്കൂട്ടങ്ങളോടും കൂടി ഞങ്ങളെ പ്രാപിച്ചാലും. നിങ്ങളുടെ രക്ഷണം ഞങ്ങൾക്കരികിലുണ്ടാവട്ടെ.

15 മാനോഗവ്യേഭിരശ്വ്യൈ

സ്സഹസ്രേഭിരതിഖ്യതം

അന്തിഷദ്ഭൂതുവാമവഃ

അന്വയം:—

(ഹേ അശ്വിനൌ,)

| | |
|---|---|
| ഗവ്യേഭിഃ | — ഗോസമൂഹൈഃ |

അശ്വ്യൈഃ സഹസ്രേഭിഃ — അശ്വസമൂഹൈസ്സഹസ്ര
സംഖ്യാകൈഃ
മാ നഃ അതി ഖ്യതം — അസ്മാൻ പ്രതി മാ നിവാരയതം
(അതിപ്രതീത്യർത്ഥേ)
വാം അവഃ അന്തി സൽ
ഭൂതു — യുവയോരക്ഷണമസ്മദന്തികേ
വർത്തമാനം ഭവതു

അർത്ഥം—പശുക്കൂട്ടങ്ങളെയും കുതിരക്കൂട്ടങ്ങളെയും ആയിരക്കണക്കിൽ, ഞങ്ങളെസ്സംബന്ധിച്ചിടത്തോളം (തരുന്നതു്) മുടക്കരുതേ. നിങ്ങളുടെ രക്ഷണം ഞങ്ങൾക്കരികിലുണ്ടാവട്ടേ.

16 അരുണഫ്സുരുഷാഅഭൂ
ദകജ്ജ്യോതിരൃതാവരീ
അന്തിഷദ്ഭൂതുവാമവഃ

അന്വയം:—
(ഹേ അശ്വിനൌ,)
ഋതാ–വരീ ഉഷാഃ — ഋതവത്യുഷാഃ
അരുണ–ഫ്സുഃ അഭൂൽ — ശുഭ്രവർണ്ണാ ഭവതി
ജ്യോതിഃ അകഃ — തേജഃ കരോതി
വാം അവഃ അന്തി
സൽ ഭൂതു — യുവയോരക്ഷണമസ്മദന്തികേ
വർത്തമാനം ഭവതു

അർത്ഥം—അല്ലയോ അശ്വികളേ, സത്യവതിയായ ഉഷസ്സു തെളിയുന്നു. തേജസ്സിയറ്റുന്നു. നിങ്ങളുടെ രക്ഷണം ഞങ്ങൾക്കരികിലുണ്ടാവട്ടേ. (ഉഷസ്സിങ്കലാണശ്വികൾക്ക സ്തുതി.)

17 അശ്വിനാസുവിചാകശ
ദ്വൃക്ഷംപരശുമാഇവ
അന്തിഷദ്ഭൂതുവാമവഃ

അന്വയം:—

സൂ വി–ചാകശൽ — അത്യന്തം ദീപ്യമാനസ്സൂര്യഃ
വൃക്ഷം പരശുമാൻ–ഇവ — സയഥാ ശകലയതി തദ്വൽ
തമോനിവാരയതി

(യസ്മാദേവം തസ്മാൽ
ഹേ ഋത്വിജഃ)
അശ്വിനാ, — അശ്വിനാവാഹ്വയത
(ഹേ അശ്വിനൌ,) വാം
അവഃ അന്തി സൽ ഭൂതു — യുവയോരക്ഷണമസ്മദന്തികേ
വത്തമാനം ഭവതു

അത്ഥം—അത്യന്തം പ്രകാശമാനനായ സൂര്യൻ, കോടാലിക്കാരൻ മരത്തെ കഷണംകഷണമാക്കുന്നപോലെ, ഇരുട്ടിനെ അകററുന്നു. അതിനാൽ ഋത്വിക്കുകളേ, അശ്വികളെ വിളിക്കുക. അല്ലയോ അശ്വികളേ, നിങ്ങളുടെ രക്ഷണം ഞങ്ങൾക്കരികിലുണ്ടാവട്ടേ. (ഉഷസ്സിങ്കലാണ് അശ്വികൾക്കു സ്തുതിയെന്നു വീണ്ടും സൂചിപ്പിക്കുന്നു.)

18 പുരന്നധൃഷ്ണവാരുജ

കൃഷ്ണയാബാധിതോവിശാ

അന്തിഷദ്ഭൂതുവാമവഃ വ. 20

അന്വയം:—

ഹേ ധൃഷ്ണോ, — ധഷ്ക, സപ്ലവധ്രേ, ത്വം
കൃഷ്ണയാ വിശാ — ആകഷ്യാ, പ്രവേശയന്ത്യാ
പേടികയാ ശത്രുപുരം ന
ബാധിതഃ പുരം ന
ആ രുജ — തതോനിഗ്ഗത്യ താമേവാശ്വിനോരനുഗ്രഹാൽ പീഡയ, ഹേ
(ഹേ അശ്വിനൌ,) വാം
അവഃ അന്തി സൽ ഭൂതു — യുവയോരക്ഷണമസ്മദന്തികേ
വത്തമാനം ഭവതു

അൎത്ഥം—(ഋഷി തന്നോടു തന്നെ പറയുന്നു). കുസലററ സപ്തവധ്രേ, നീ, പിടിച്ചുനിൎത്തുന്ന, ഉള്ളിലൊതുക്കുന്ന പെട്ടിയാൽ ബാധിതനായി, പെട്ടിയ്ക്കുള്ളിൽ പെട്ടു്, അശ്വികളുടെ അനുഗ്രഹത്താൽ പുറത്തുവന്നു് ആ പെട്ടിയെ, ശത്രുപുരത്തെയെന്നപോലെ, നശിപ്പിക്കുക, തീക്കൊളുത്തുക. (ഇവിടെ പൂൎവ്വപീഡാസ്മരണകൊണ്ടു് ഋഷി പറയുകയാണു്). അല്ലയോ അശ്വികളേ, നിങ്ങളുടെ രക്ഷണം ഞങ്ങൾക്കരികിലുണ്ടാവട്ടെ.

വൎഗ്ഗം 21_22—23 ആത്രേയോഗോപവനഃ ഋഷിഃ,
അനുഷ്ടുബ്ഗായത്ര്യൗച്ഛന്ദസീ, അഗ്നിശ്രുതൎവ്വാ ച ദേവതാ

1 വിശോവിശോവോഅതിഥിം

വാജയന്തഃപുരുപ്രിയം

അഗ്നിംവോദുൎയ്യംവചഃ

സ്തുഷേശൂഷസ്യമന്മഭിഃ

അന്വയം:—

(ഹേ ഋത്വിഗ്യജമാനാഃ)

| | | |
|---|---|---|
| വഃ വാജ_യന്തഃ | — | യൂയമന്നമിച്ഛന്തഃ |
| വിശഃ_വിശഃ അതിഥിം | — | സൎവ്വസ്യാഃ പ്രജായാ അതിഥിവൽ പൂജ്യം |
| പുരു—പ്രിയം അഗ്നിം | — | ബഹുപ്രിയം തം സ്തുത്യാ പരിചരത |
| (അഹഞ്ച) വഃ ശൂഷസ്യ | — | യുഷ്മദൎത്ഥം സുഖസ്യ ലാഭായ |
| ദുൎയ്യം വചഃ | — | ഗൂഹാഹിതം വചഃ |
| മന്മ—ഭിഃ സ്തുഷേ | — | മനനീയൈഃസ്തോത്രൈസ്തൌമി |

അൎത്ഥം—അല്ലയോ ഋത്വിഗ്യജമാനന്മാരേ, നിങ്ങൾ അന്നമിച്ഛിക്കുന്നവരായി, എല്ലാ പ്രജകൾക്കും അതിഥിപോലെ ആദരണീയനും ഏററവും പ്രിയനുമായ അഗ്നിയെ സ്തുതിയാൽ പരിചരിക്കുക. ഞാനും നിങ്ങൾക്കു സുഖത്തിന്നായി ഹൃദയത്തിലൊളിഞ്ഞിരിക്കുന്ന വാക്കു ചൊല്ലി, ആലോചനീയാൎത്ഥങ്ങളായ സ്തോത്രങ്ങളാൽ അവിടുത്തെ സ്തുതിക്കുന്നു.

2 യഞ്ജനാസോഹവിഷ്മന്തോ
മിത്രന്നസർപ്പിരാസുതിം
പ്രശംസന്തിപ്രശസ്തിഭിഃ

അന്വയം:—

സർപ്പിഃ–ആസുതിം — യസ്മിൻ സർപ്പിരാസൂയതേ, ഹൂയതേ താദൃശം

യം ജനാസഃ ഹവിഷ്മന്തഃ

മിത്രം ന — ജനാഃ, യജമാനാഃ ഹവിര്യുക്താസ്സന്തസ്സഖായമിവ

പ്ര–ശംസന്തി — സ്തുവന്തി

(തം) പ്രശസ്തി–ഭിഃ — സ്തുതിഭിസ്തുവേ,

അർത്ഥം–നൈ ഹോമിക്കപ്പെടുന്ന ആരെ യജമാനന്മാർ ഹവിസ്സേന്തി ചങ്ങാതിയെപ്പോലെ സ്തുതിക്കുന്നുവേ, ആ അഗ്നിയെ ഞാൻ സ്തോത്രങ്ങളാൽ പുകഴ്ത്തുന്നു.

3 പന്യാംസഞ്ജാതവേദസം
യോദേവതാത്യുദ്യതാ
ഹവ്യാന്യൈരയദ്ദിവി

അന്വയം:—

യഃ ദേവ–താതി — ദേവതാതൗ, യജ്ഞേ

ഉൽ–യതാ ഹവ്യാനി — ഉദ്ധൃതാനി ഹവീംഷി

ദിവി ഐരയൽ — ദിവിദേവേഭ്യഃ പ്രേരയതി

പന്യാംസം — അതിശയേന സ്തോതാരം സാധുകൃതമിതി പ്രശംസന്തം

ജാത–വേദസം — ജാതപ്രജ്ഞം തമഗ്നിം സ്തുവേ

അർത്ഥം–ആർ ദേവയജ്ഞത്തിലുയരുന്ന ഹവിസ്സുകളെ ദ്യോവിൽ ദേവന്മാർക്കെത്തിക്കുന്നുവോ, സ്തോതാവിനെ "നന്നായി" എന്നുപറഞ്ഞുകൊണ്ടാടുന്നവനും ഉണ്ടായതെല്ലാമറിയുന്നവനുമായ ആ അഗ്നിയെ ഞാൻ സ്തുതിക്കുന്നു.

4 ആഗന്മവൃത്രഹന്തമം
ജ്യേഷ്ഠമഗ്നിമാനവം
യസ്യശ്രുതർവ്വാബൃഹ
ന്നാർക്ഷോഅനീകഏധതേ

അന്വയം:—

| | | |
|---|---|---|
| യസ്യ അനീകേ | — | യസ്യാഗ്നേർജ്ജ്വാലാസംഘേ |
| ബൃഹൻ ആർക്ഷഃ ശ്രുതർവ്വാ | — | മഹാൻ ഋക്ഷപുത്രഃ ശ്രുതർവ്വാനാമ രാജാ |
| ഏധതേ | — | വർദ്ധതേ, കർമ്മകരോതി |
| വൃത്രഹൻ–തമം | — | പാപാനാമതിശയേന ഹന്താരം |
| ജ്യേഷ്ഠം, ആനവം | — | പ്രശസ്യം, മനുഷ്യ സംബന്ധിനം, തേഷാം ഹിതകരം |
| (തം) അഗ്നിം ആ അഗന്മ | — | വയമാഗതാഃ (പൂജാർത്ഥം ബഹുവചനം) |

അർത്ഥം—ഏതഗ്നിയുടെ ജ്വാലാസമൂഹത്തിൽ മഹാനും ഋക്ഷന്റെ മകനുമായ ശ്രുതർവ്വാവ് വർദ്ധിക്കുന്നുവോ, കർമ്മം ചെയ്യുന്നുവോ, പാപങ്ങൾ പാടേ പോക്കുന്നവനും പ്രശസ്യനും മനുഷ്യഹിതകാരിയുമായ ആ അഗ്നിയെ ഞാൻ പ്രാപിച്ചവനായി. (ശ്രുതർവ്വാവിന്റെ അടുക്കൽ അർത്ഥിയായി ചെന്ന ഋഷി അദ്ദേഹത്തിന്റെ അഗ്നിയെ സ്തുതിക്കുന്നു.)

5 അമൃതഞ്ജാതവേദസ
ന്തിരസ്തമാംസിദർശതം
ഘൃതാഹവനമീഡ്യം വ. 21

അന്വയം:—

| | | |
|---|---|---|
| അമൃതം ജാത–വേദസം | — | അമരണം, ജാതതേജസം |
| തമാംസി തിരഃ ദർശതം | — | അന്ധകാരം നാശയന്തം |

ഘൃത–ആഹവനം — ഘൃതമാഹൂയതേ യസ്മിൻ താദൃശം

ഈഡ്യം — സ്തുത്യമഗ്നിമാഗന്മ

അത്ഥം–നിത്യനും ഉൽപന്നതേജസ്സും ഇരുട്ടുതള്ളിനീക്കി നശിപ്പിക്കുന്നവനും നൈ ഹോമിക്കപ്പെടുന്നവനും സ്തുത്യനുമായ അഗ്നിയെ ഞാൻ പ്രാപിച്ചവനായി.

6 സബാധോയഞ്ജനാഇ
മേഽഽഗ്നിംഹവ്യേഭിരീളതേ
ജുഹ്വാനാസോയതസ്രുചഃ

അന്വയം:—

ജുഹ്വാനാസഃ — യാഗം കുർവ്വാണാഃ
യത–സ്രുചഃ — തദർത്ഥം ധൃതസ്രുഗ്ദണ്ഡാഃ
ഇമേ സ–ബാധഃ ജനാഃ — ബാധാസഹിതാഃ അധര്വ്വാദയോജനാഃ
യം ഹവ്യേഭിഃ ഈളതേ — ഹവിർഭിസ്സ്തുവന്തി, പരിചരന്തി,
(തം) അഗ്നിം — ആഗന്മ

അത്ഥം–യാഗാനുഷ്ഠാതാക്കളും അതിന്നുവേണ്ടി സ്രുക്ക്, (ഹോമോപകരണം) കയ്യിലേന്തിയവരും ദ്രോഹബാധിതരുമായ ഈ ജനങ്ങൾ (അധ്വര്യ മുതലായവർ) ആരെ ഹവിസ്സുകളോടുകൂടി സ്തുതിക്കുന്നുവോ. പരിചരിക്കുന്നുവോ ആ അഗ്നിയെ ഞാൻ പ്രാപിച്ചവനായി.

7 ഇയന്തേനവ്യസീമതി
രഗ്നേഅധായ്യസ്മദാ
മന്ദ്രസുജാതസുക്ര
തോമൂരദസ്മാതിഥേ

അന്വയം:—

| | |
|---|---|
| ഹേ മന്ദ്ര, സു—ജാത, | മോദമാന, ശോഭനജനന |
| സു—ക്രതോ, അമൂര, | ശോഭനകർമ്മൻ, അമൂഢ, പ്രാജ്ഞ |
| ദസ്മ, അതിഥേ, അഗ്നേ, | ദർശനീയ, അതിഥിവൽ പൂജ്യാഗ്നേ, |
| ഇയം നവ്യസീ മതിഃ, തേ | ഇദാനീം ക്രിയമാണാനവതരാ സ്തുതിസ്തവസ്വഭൃതാ |
| അസ്മൽ ആ അധായി | ധൃതാഭൂൽ, വയം തവ സ്തുതിം കുർമ്മഃ |

അർത്ഥം—ഹർഷിക്കുന്നവനും നൽപ്പിറവിയൊത്തവനും സൽകർമ്മവാനും പ്രാജ്ഞനും ദർശനീയനും അതിഥിപോലെ പൂജ്യനുമായ അഗ്നേ, ഇപ്പോൾ ചൊല്ലപ്പെടുന്ന പുതിയ സ്തുതി അവിടേയ്ക്കു ചേർന്നതായി ഞങ്ങളാലുള്ളിൽ ധരിക്കപ്പെട്ടവയാകുന്നു. ഹൃദിസ്ഥമായ അതാണ് പുറത്തുവരുന്നത്.

8 സാതേഅഗ്നേശന്തമാ

ചനിഷ്ഠാഭവതുപ്രിയാ

തയാവർദ്ധസ്വസുഷ്ടുതഃ

അന്വയം:—

| | |
|---|---|
| ഹേ അഗ്നേ, സാ | |
| ശം—തമാ | അസ്മാഭിഃ ക്രിയമാണാ സ്തുതിരതിശയേന സുഖകരീ |
| ചനിഷ്ഠാ, തേ പ്രിയാ | |
| ഭവതു | അതിശയേനാന്നവതീ, തവ പ്രീതികരീ ഭവതു |
| തയാ സു—സ്തുതഃ വർദ്ധസ്വ | തയാ സ്തുത്യാസുഷ്ഠുസ്തുതഃ പ്രവൃദ്ധോഭവ |

അർത്ഥം—അല്ലയോ അഗ്നേ, ഞങ്ങളാൽ ചൊല്ലപ്പെടുന്ന ആ സ്തുതി മികച്ച സുഖമുളവാക്കി ഏററവും അന്നവതിയായി അവിടേയ്ക്കു പ്രീതികരിയായി ഭവിക്കട്ടേ. ആ സ്തുതിയാൽ നന്നായിപ്പുകഴ്ത്തപ്പെട്ടവനായി അവിടുന്നു വർദ്ധിച്ചാലും.

9 സാദ്യുമ്നൈർദ്ദ്യുമ്നിനീബൃഹ
ദുപോപശ്രവസിശ്രവഃ
ദധീതവൃത്രതൂര്യേ

അന്വയം:—

സാ ദ്യുമ്നൈഃ ദ്യുമ്നിനീ — അസ്മാഭിഃ ക്രിയമാണാ സ്തുതിഃ, അസ്മഭ്യം പ്രദേയൈർദ്യോത_മാനൈരന്നൈരുക്താ

ശ്രവസി ബൃഹൽ ശ്രവഃ — പൂർവ്വസ്മിൻ വിദ്യമാനേന്നേ പുനരപിമഹദന്നം

വൃത്ര—തൂര്യേ — സങ്ഗ്രാമേ ശത്രോസ്സംബന്ധ്യന്നം

ഉപ_ഉപ ദധീത — പുനരപി ധാരയതു

അർത്ഥം_ഞങ്ങളാൽ ചൊല്ലപ്പെടുന്ന ആ സ്തുതി ഞങ്ങൾക്കു നൽകാനുള്ള തെളിവുററ അന്നങ്ങളോടുകൂടിയതായി, മുമ്പുണ്ടായിരുന്നതിലും മേലെ മഹത്തായി, ശത്രുക്കൾക്കു ചേർന്ന അന്നം യുദ്ധത്തിൽ വീണ്ടും ധരിക്കട്ടേ. (മുമ്പുള്ള അന്നത്തോടു് ശത്രുക്കളെ ജയിച്ചു ലഭിക്കുന്ന അന്നവും കൂടിച്ചേരട്ടെ).

10 അശ്വമിദ്ഗാംരഥപ്രാ
ന്ത്വേഷമിന്ദ്രന്നസൽപതിം
യസ്യശ്രവാംസിതൂർവ്വഥ
പന്യംപന്യഞ്ചകൃഷ്ടയഃ വ. 22

അന്വയം:—

യസ്യ ശ്രവാംസി തൂർവ്വഥ — അഗ്നേർബ്ബലേന ശത്രുസംബന്ധീന്യന്നാനിഹിംസഥ

പന്യം—പന്യം ച — യദ്യൽ സ്തുത്യം ധനമസ്തിതച്ച

ഗാം അശ്വം ഇൽ — ഗന്താരമശ്വമിവ (ഇച്ഛബ്ദ ഇവാർത്ഥേ)

രഥ-പ്രാം — അസ്മദീയാനാം രഥാനാം ധനൈഃ പൂരയിതാരം
ത്വേഷം സൽ-പതിം — ദീപ്തം സതാം പാലയിതാരമഗ്നിം
ഹേ കൃഷ്ടയഃ, ഇന്ദ്രം ന — മനുഷ്യാഃ ഇന്ദ്രമിവ പരിചരത

അർത്ഥം—ഏതഗ്നിയുടെ ബലത്താൽ ശത്രുക്കളുടെ അന്നങ്ങളെ നിങ്ങൾ ഹിംസിക്കുന്നുവോ സ്തുത്യമായ അന്നമേതോ അതും ഹിംസിക്കുന്നുവോ, ഗമനശീലമുററ കുതിരയെ എന്നപോലെ നമ്മുടെ തേരുകളിൽ ധനം നിറയ്ക്കുന്നുവോ, പ്രകാശമാനനും സത്തുക്കളുടെ പാലകനുമായ ആ അഗ്നിയെ, അല്ലയോ മനുഷ്യരേ, ഇന്ദ്രനെ എന്നപോലെ പരിചരിക്കുക.

11 യന്ത്വാഗോപവനോഗിരാ

ചനിഷ്ഠദഗ്നേഅങ്ഗിരഃ

സപാവകശ്രുധീഹവം

അന്വയം:—

ഹേ പാവക, അങ്ഗിരഃ,
അഗ്നേ, — ശോധക, അങ്ഗിരസാമേകാഗ്നേ,
യം ത്വാ ഗോപവനഃ — ത്വാമൃഷിഃ
ഗിരാ ചനിഷ്ഠൽ — സ്തുത്യാതിശയേനാന്നപ്രദാതാരമകരോൽ
സഃ (ത്വം) ഹവം ശ്രുധി — ഗോപവനസ്യ മമാഹ്വാനം ശൃണു

അർത്ഥം—പാപം കഴുകിക്കളയുന്നവനും അങ്ഗിരസ്സുകളിലൊരുവനുമായ അഗ്നേ, യാതൊരവിടത്തെ ഗോപവനനെന്ന ഋഷി സ്തോത്രത്താൽ ധാരാളമന്നമേകുന്നവനാക്കിയോ, ആ അവിടുന്ന് എൻെറ വിളി കേട്ടാലും.

12 യന്ത്വാജനാസഈളതേ
സബാധോവാജസാതയേ
സബോധീവൃത്രതൂര്യേ

അന്വയം:—

| | |
|---|---|
| (ഹേ അഗ്നേ,) യം ത്വാ | |
| ജനാസഃ | — ത്വാം ജനാഃ |
| വാജ_സാതയേ | — അന്നലാഭായ |
| സ_ബാധഃ ഈളതേ | — ബാധോപേതാ സ്തുവന്തി |
| സഃ (ത്വം) വൃത്ര-തൂര്യേ | |
| ബോധി | — വൈരിനാശനായ (പാപക്ഷയായ) ബുധ്യസ്വ |

അർത്ഥം_അല്ലയോ അഗ്നേ, യാതൊരവിടുത്തെ, ജനങ്ങൾ അന്നലാഭത്തിന്നായി, ദ്രോഹബാധിതരായി സ്തുതിക്കുന്നുവോ, ആ അവിടുന്ന് വൈരിനാശത്തിന്നായി (പാപനാശത്തിന്നായി) തെളിഞ്ഞാലും.

13 അഹംഹുവാനആർക്ഷേ
ശ്രുതർവ്വണിമദച്യുതി
ശർദ്ധാംസീവസ്തുകാവിനാം
മൃക്ഷാശീർഷാചതുർണ്ണാം

അന്വയം:—

| | |
|---|---|
| അഹം ഹുവാനഃ | — ഋഷിരഹം യജ്ഞദീക്ഷാർത്ഥം ഹൂയമാനഃ |
| മദ-ച്യുതി ആർക്ഷേ<br>ശ്രുതർവ്വണി | — ശത്രൂണാം മദസ്യ ച്യാവയിതരി ഋക്ഷപുത്രേ രാജനി |
| സ്തുകാ-വിനാം | — സ്തുകഃ കേശസംഘാതഃ തദ്വതാം |
| ശർദ്ധാംസി_ഇവ | — ഉച്ഛ്രിതാനി ലോമാനീവ |

| | |
|---|---|
| ചതുർണ്ണാം | — ശ്രുതർവ്വണാ പ്രദത്താനാമശ്വാനാം |
| മൃക്ഷാ ശീർഷാ | — മൃശ്ച്യതേ ഇതി മൃക്ഷാഃ കേശാഃ, തദ്വന്തി ശീർഷാണി, ശിരാംസ്യുന്മൃജാമി |

അർത്ഥം—ഋഷിയായ ഞാൻ യജ്ഞദീക്ഷയ്ക്കു വിളിക്കപ്പെട്ടവനായി, ശത്രുക്കളുടെ ഗർവ്വം തെറിപ്പിക്കുന്ന ഋക്ഷപുത്രനായ ശ്രുതർവ്വാവെന്ന രാജാവിങ്കൽ, രാജസമീപത്തിൽ, ശ്രുതർവ്വാവിനാൽ നൽകപ്പെട്ട നാലു കുതിരകളുടെ കുഞ്ചിരോമങ്ങളും, തലമുടിയുള്ളവരുടെ എടുത്തുപിടിച്ച രോമങ്ങളെ മാടി ഒതുക്കുന്നപോലെ, തലോടുന്നു.

14 മാഞ്ചത്വാരആശവ
ശ്ശവിഷ്ഠസ്യദ്രവിത്നവഃ
സുരഥാസോഅഭിപ്രയോ
വക്ഷൻവയോനതുഗ്ര്യം

അന്വയം:—

| | |
|---|---|
| മാം ശവിഷ്ഠസ്യ | — അതിശയേനാന്നവതശ്ശ്രുതർവ്വണോ രാജ്ഞസ്സംബന്ധിനഃ |
| ചത്വാരഃ വയഃ ന തുഗ്ര്യം | — യഥാശ്വിഭ്യാം പ്രേരിതാശ്ചതസ്രോനാവഃതുഗ്രപുത്രം സ്വഗൃഹം പ്രാപയൻ, തദ്വൽ |
| ആശവഃ ദ്രവിത്നവഃ | — അശ്വാ ഗമനശീലാസ്സന്തഃ |
| സു—രഥാസഃ പ്രയഃ അഭി വക്ഷൻ | — ശോഭനരഥാ അന്നമഭിവഹന്തി |

അർത്ഥം—ധാരാളമന്നമൊത്ത ശ്രുതർവ്വാവിന്റെ ഓട്ടമിടുക്കുള്ള നല്ല തേരോട്ടുകൂടിയ കുതിരകൾ, അശ്വികളാൽ അയയ്ക്കപ്പെട്ട നാലു തോണികൾ തുഗ്രപുത്രനായ ഭുജ്യുവിനെ വഹിച്ച് സ്വഗൃഹത്തിലെത്തിച്ച പോലെ, എനിയ്ക്കന്നം വഹിക്കുന്നു, ഏററുന്നു.

15 സത്യമിത്വാമഹേനദി
പരുഷ്ണ്യവദേദിശം
നേമാപോഅശ്വദാതര
ശ്ശവിഷ്ഠാദസ്തിമത്യഃ വ. 23

അന്വയം:—

ഹേ മഹേ—നദി, പരുഷ്ണി — മഹാനദി, തന്നാമികേ
ത്വാ സത്യം ഇൽ അവ
ദേദിശം — ത്വാം സത്യമേവാദിശാമി, വദാമി
(നദ്യാകാരേണ സംബോധ്യാപസ്സംബോധയതി)
ഹേ ആപഃ ഈം
ശവിഷ്ഠാൽ — അസ്മാൽ ബലവത്തമാച്ഛ്രുതവ്വണഃ അധികഃ കശ്ചിൽ
അശ്വ–ദാതരഃ മത്യഃ ന
അസ്തി — അശ്വാനാം ദാതൃതമോനാസ്തി
(പരുഷ്ണ്യാസ്തീരേ രാജ്ഞോശ്വമേധപ്രതിഗ്രഹാത്താസ്സംബോധ്യബ്രൂതേ).

അത്ഥം—അല്ലേ, മഹാനദിയായ പരുഷ്ണി, നിന്നോട്ട സത്യംതന്നെ ഞാൻ പറയുന്നു. (നദീരൂപത്തിൽ സംബോധനചെയ്തിട്ട്, ജലങ്ങളെ ഇനി സംബോധന ചെയ്യുന്നു.) അല്ലയോ ജലങ്ങളേ, ഈ മഹാബലനായ ശ്രുതവ്വാവിനേക്കാരം അധികം കുതിരകളെ കൊടുക്കുന്നവനാരുമില്ല. (പരുഷ്ണീനദീതീരത്തിൽ, രാജാവിന്റെ അശ്വമേധത്തിൽ പ്രതിഗ്രഹമായി കിട്ടിയതിനാലാണ് ഋഷി ജലങ്ങളോട്ട പറയുന്നത്.)

വർഗ്ഗം—24—25—26 ആങ്ഗിരസോവിരൂപഃ ഋഷിഃ, ഗായത്രീച്ഛന്ദഃ

1 യുക്ഷ്വാഹിദേവഹൂതമാം
അശ്വാഅഗ്നേരഥീരിവ
നിഹോതാപൂർവ്യസ്സദഃ

അന്വയം:—

ഹേ അഗ്നേ,
ദേവ–ഹൂതമാൻ — ദേവാനാമാഹ്വാതൃതമാൻ
അശ്വാൻ രഥീഃ—
ഇവ യുക്ഷ്വ ഹി — യഥാ രഥീ സ്വാശ്വാനിഷ്ട
ദേശഗമനായ യോജയതി,
തദ്വദ്രഥേ യോജയൈവ
(തഥാ കൃത്വാ) ഹോതാ
(ത്വം) പൂർവ്വ്യഃ നി സദഃ — മുഖ്യസ്സന്നുപവിശ ച

അർത്ഥം—അല്ലയോ അഗ്നേ, ദേവന്മാരെ വിളിക്കുന്നതിൽ മികവുററ കുതിരകളെ, തേരാളി സ്വന്തം കുതിരകളെ ഇഷ്ടമുള്ളിടത്തേക്കു പോകാൻ തേരിൽ പൂട്ടുന്നപോലെ, അവിടുത്തെ തേരിൽ പൂട്ടുകതന്നെ ചെയ്താലും. അപ്രകാരം ചെയ്തിട്ട്, ദേവന്മാരെ വിളിക്കുന്ന അവിടുന്ന് മുഖ്യനായി ഇവിടെ വന്നിരുന്നാലും.

2 ഉ॒തനോ॑ദേവദേ॒വാँ

അച്ഛാ॑വോചോവി॒ദു॑ഷ്ടരഃ

ശ്രദ്വി॒ശ്വാവാ॑ര്യാകൃധി

അന്വയം:—

ഹേ ദേവ, ഉത നഃ — അഗ്നേ, അപി ചാസ്മാൻ
ദേവാൻ അച്ഛ വോചഃ — അഭിബ്രൂയാഃ സമ്യഗനുഷ്ഠിത
വന്ത ഇതി
(തഥാ) വിദുഃ—തരഃ — വിദ്വത്തമാൻ വോചഃ
(തഥാ കൃത്വാ) വിശ്വാ
വാര്യാ — സർവ്വാണി വരണീയാനി
ദേവസംബന്ധീനി
ഹവിർദ്ധനാനി
ശ്രൽ കൃധി — സത്യാനികുരു, ദേവാൻ പ്രാപയ

അർത്ഥം—അല്ലയോ ദേവനായ അഗ്നേ, വേണ്ടപോലെ കർമ്മമനുഷ്ഠിച്ചവരെന്ന് ഞങ്ങളെ 'ദേവന്മാരോട്ട് അനുകൂലപക്ഷപാതമായി പറഞ്ഞാലും. ഏററവും വിദ്വാന്മാരെന്നും പറഞ്ഞാ

ലും. അപ്രകാരം ചെയ്തിട്ട്, ഹവിസ്സുകളാകുന്ന എല്ലാ ശ്രേഷ്ഠധനങ്ങളെയും സത്യഫലങ്ങളാക്കിയാലും, ദേവന്മാർക്കെത്തിച്ചാലും.

3 ത്വംഹയദ്യവിഷ്ഠ്യ
സഹസസ്സൂനവാഹുത
ഋതാവായജ്ഞിയോഭുവഃ

അന്വയം:—

| | |
|---|---|
| ഹേ യവിഷ്ഠ്യ, സഹസഃ<br>സൂനോ, ആ-ഹുത, | — യുവതമ, ബലപുത്ര, സർവ്വത<br>ആഹൂതാഗ്നേ, |
| ത്വം യൽ ഹ ഋത-വാ,<br>യജ്ഞിയഃ ഭുവഃ | — യദാ ഖലു സത്യവാൻ,<br>യജ്ഞാർഹോ ഭവതി,<br>തദാവാര്യാണി ശ്രൽ കുരു |

അർത്ഥം—നിത്യയുവാവും ബലപുത്രനും എമ്പാടും വിളിക്കപ്പെട്ടവനുമായ അഗ്നേ, അവിടുന്നെപ്പോൾ സത്യവാനായി യജ്ഞാർഹനാകുന്നുവോ, അപ്പോൾ ഞങ്ങളുടെ ഹവിർദ്ധനങ്ങൾ സത്യഫലങ്ങളാക്കിയാലും.

4 അയമഗ്നിസ്സഹസ്രിണോ
വാജസ്യശതിനസ്പതിഃ
മൂർദ്ധാകവീരയീണാം

അന്വയം:—

| | |
|---|---|
| അയം അഗ്നിഃ ശതിനഃ<br>സഹസ്രിണഃ | — ഉക്തസംഖ്യോപേതസ്യ |
| വാജസ്യ പതിഃ | — അന്നസ്യ സ്വാമീ |
| മൂർദ്ധാ കവിഃ | — ശിരോവദുന്നതോ മേധാവീ |
| രയീണാം | — അധിപതിഃ (മേധാം ധനഞ്ച<br>പ്രയച്ഛതി) |

അൎത്ഥം—ഈ അഗ്നി നൂറുമായിരവും കണക്കിൽ അന്നത്തിന്നു സ്വാമിയാകുന്നു. ശിരസ്സുപോലെ ഉയൎന്ന മേധ (ബുദ്ധി)യോടുകൂടിയവനാകുന്നു. ധനങ്ങൾക്കധിപതിയാകുന്നു. (ബുദ്ധിയും ധനവും കൊടുക്കുന്നവനാകുന്നു.)

5 തന്നേമിമൃഭവോയ
ഥാനമസ്വസഹൂതിഭിഃ
നേദീയോയജ്ഞമങ്ഗിരഃ

വ. 24

അന്വയം:—

| | |
|---|---|
| ഹേ അങ്ഗിരഃ, (ത്വം) | |
| സഹൂതി–ഭിഃ | — സമാനാഹ്വാനൈരന്യൈൎദ്ദേവൈസ്സഹ |
| നേദീയഃ തം യജ്ഞം | — അന്തികതമം യാഗം |
| ഋഭവഃ നേമിം യഥാ ആ<br>നമസ്വ | — നേമിമിവാനമയ |

അൎത്ഥം—അല്ലയോ അങ്ഗിരസ്സേ, അഗ്നേ, അവിടുന്ന് ഒരുപോലെ വിളിക്കപ്പെടുന്ന മററു ദേവന്മാരോടൊത്ത് ഏററവും സമീപസ്ഥമായ, പ്രസിദ്ധമായ യാഗത്തെ, ഋഭുക്കൾ തേൎച്ചക്രവലയത്തെ എന്നപോലെ, വളച്ചാലും, കുനിപ്പിച്ചാലും, ഇഷ്ടംപോലെ കൊണ്ടുനടത്തിയാലും.

6 തസ്മൈനൂനമഭിദ്യവേ
വാചാവിരൂപനിത്യയാ
വൃഷ്ണേചോദസ്വസുഷ്ടുതിം

അന്വയം:—

| | |
|---|---|
| (ഋഷിരാത്മാനം ബ്രൂതേ) | |
| ഹേ വി–രൂപ, | — മഹൎഷേ ത്വം |
| തസ്മൈ അഭി–ദ്യവേ, | |
| വൃഷ്ണേ | — അഭിഗമനദീപ്തയേ, വൎഷകായാഗ്നയേ |

നിത്യയാ വാചാ — ഉൽപത്തിരഹിതയാ, വേദരൂപയാ മന്ത്രരൂപയാ വാചാ

സു–സ്തുതിം നൂനം ചോദസ്വ — ഇദാനീം പ്രേരയ

അർത്ഥം–(ഋഷി തന്നോടുതന്നെ പറയുന്നു.) അല്ലയോ വിരൂപ, നീ, നേരെവരുന്ന പ്രകാശമുററവനും അഭീഷ്ടവർഷകനമായ അഗ്നിക്കായി അനാദിയായ, വേദരൂപമായ വചസ്സാൽ നല്ല സ്തുതി എത്തിക്കുക.

7 കമൂഷ്വിദസ്യസേന

യാഗ്നേരപാകചക്ഷസഃ

പണിംഗോഷ്ഠുസ്തരാമഹേ

അന്വയം:–

അസ്യ അപാക–ചക്ഷസഃ

അഗ്നേഃ — അനല്പതേജസോഗ്നേഃ

സേനയാ ഗോഷ്വ കം ഉ സ്വിൽ — ജ്വാലാരൂപയാ കം ഖലു

പണിം സ്തരാമഹേ — സ്തരണം ഹിംസനം, തൽകരാമഹേ (ഇദാനീം ബലിനമഭിഭവേമ)

അർത്ഥം–ഈ മഹാതേജസ്സായ അഗ്നിയുടെ ജ്വാലാരൂപമായ സേനയാൽ നമ്മുടെ പശുക്കളിൽ ചാടിവീഴുന്ന ഏതു പണിയെയും (ശത്രുവിനെയും) ഞങ്ങൾ ഹിംസിക്കുന്നുണ്ട്.

8 മാനോദേവാനാംവിശഃ

പ്രസ്നാതീരിവോസ്രാഃ

കൃശന്നഹാസുരഘ്ന്യാഃ

അന്വയം:–

ദേവാനാം വിശഃ നഃ — പ്രജാഭൃതാനസ്മാൻ

പ്രസ്നാതീഃ–ഇവ ഉസ്രാഃ — പയഃ ക്ഷരന്തീഃ [illegible] ഇവ

| | |
|---|---|
| അഘ്ന്യാഃ കൃശം | — അല്പം, സ്വവത്സം |
| (യഥാ) ന ഹാസുഃ | — യഥാ ന പരിത്യജന്തി തഥാ |
| (അഗ്നിഃ) മാ (ഹാസീൽ) | — മാ പരിത്യജതു |

അർത്ഥം—ദേവന്മാരുടെ പ്രജകളായ നമ്മളെ, പാൽ ചുരത്തുന്ന പൈക്കൾ ചെറുകിടാങ്ങളെ വിട്ടുപിരിയാത്തതുപോലെ, അഗ്നി വിട്ടുപോകാതിരിക്കട്ടെ.

9 മാനസ്സമസ്യദൂഢ്യഃ ഽ
പരിദ്വേഷസോഅംഹതിഃ
ഊർമ്മിർന്നനാവമാവധീൽ

അന്വയം:—

| | |
|---|---|
| സമസ്യ പരി—ദ്വേഷസഃ | — സർവ്വസ്യ പരിതോ ദ്വിഷതഃ |
| ദൂഃ—ധ്യഃ അംഹതിഃ | — പാപബുദ്ധേർഹനനം |
| ഊർമ്മിഃ നാവം ന | — സമുദ്രതരങ്ഗോനാവമിവ |
| നഃ മാ ആ വധീൽ | — അസ്മാൻ മാ ഹിംസ്യാൽ |

അർത്ഥം—എല്ലാവരോടും ദ്വേഷമുള്ള ദുർബ്ബുദ്ധിയുടെ ദ്രോഹം, പീഡനം, കടലിലെ തിര തോണിയെ പീഡിപ്പിക്കുന്നപോലെ, നമ്മെ ഹിംസിക്കരുത്, പീഡിപ്പിക്കരുത്.

10 നമസ്തേഅഗ്നഓജസേ
ഗൃണന്തിദേവകൃഷ്ടയഃ വ. 25
അമൈരമിത്രമർദ്ദയ

അന്വയം:—

| | |
|---|---|
| ഹേ അഗ്നേ, ദേവ, | |
| കൃഷ്ടയഃ | മനുഷ്യാഃ |
| ഓജസേ തേ നമഃ ഗൃണന്തി | — ബലായ തുഭ്യം നമസ്കാരശബ്ദമുച്ചാരയന്തി |
| (തഥാ) അമൈഃ അമിത്രം അർദ്ദയ | — ബലൈശ്ശത്രും നാശയ |

അർത്ഥം—അല്ലയോ അഗ്നേ, ദേവ, മനുഷ്യർ (കൂട്ടത്തിൽ ഞാനും) ബലത്തിനുവേണ്ടി അവിടേക്കു് നമസ്കാരശബ്ദമുച്ചരിക്കുന്നു. അതുകൊണ്ടവിടുന്നു ബലങ്ങളാൽ ശത്രുവിനെ നശിപ്പിച്ചാലും.

11 കുവിൽസുനോഗവിഷ്ട

യേഗ്നേസംവേഷിഷോരയിം

ഉരുകൃദ്ദുരുണസ്കൃധി

അന്വയം:—

ഹേ അഗ്നേ, നഃ
ഗോ—ഇഷ്ടയേ — ത്വമസ്മാകം ഗവാമേഷണായ
കുവിൽ രയിം
സു സം-വേവിഷഃ — ബഹുധനം സുഷ്ഠു സമ്പ്രാപയ
ഉരു-കൃൽ (ത്വം) നഃ
ഉരു കൃധി — അസ്മാൻ മഹതഃ കുരു

അർത്ഥം—അല്ലയോ അഗ്നേ, ഞങ്ങളുടെ പശുക്കളെ കൊണ്ടുവരാനായി അവിടുന്നു ധാരാളം ധനം നന്നായെത്തിച്ചാലും. മഹൽകർമ്മാവായ അവിടുന്നു് ഞങ്ങളെ മഹാന്മാരാക്കിയാലും.

12 മാനോഅസ്മിൻമഹാധനേ

പരാവർഗ്ഭാരഭൃദ്യഥാ

സംവർഗ്ഗംസംരയിഞ്ജയ

അന്വയം:—

(ഹേ അഗ്നേ) ഭാര- ഭൃൽ
യഥാ
— ഭാരവാഹീയഥാന്തേ ഭാരം
പരിത്യജതി, തദ്വൽ
നഃ അസ്മിൻ മഹാ-ധനേ — അസ്മാനസ്മിൻ സങ്ഗ്രാമേ

മാ പരാ വർക് — മാ പരിത്യാക്ഷീഃ
സം-വർഗ്ഗം രയിം സം
ജയ — ശത്രുഭ്യസ്സഹാച്ഛിദ്യമാനം ധനം അസ്മദർത്ഥമാഹര

അർത്ഥം—അല്ലയോ അഗ്നേ, ചുമടേററുന്നവൻ ഒട്ടകം അതിറക്കിവിടുന്നപോലെ, ഞങ്ങളെ ഈ യുദ്ധത്തിൽ ഇട്ടേച്ചു, വിട്ടുപോകരുതേ, ഉപേക്ഷിക്കരുതേ. ശത്രുക്കളോടൊപ്പം മുടിയാത്ത ധനം ഞങ്ങൾക്കുവേണ്ടി നേടിയാലും.

13 അന്യമസ്മദ്ഭിയാഇയ
മഗ്നേസിഷക്തുദുച്ഛുനാ
വർദ്ധാനോഅമവച്ഛവഃ

അന്വയം:-
ഹേ അഗ്നേ, ഇയം
ദുച്ഛുനാ — ബാധകസംഹതിഃ
അസ്മൽ അന്യം — അസ്മദ്വ്യതിരിക്തമന്യം
ഭിയൈ സിസക്തു — ഭയായ സേവതാം
(ത്വഞ്ച) നഃ അമ_വൽ
ശവഃ വർദ്ധ് — സങ്ഗ്രാമേ ബലോപേതം വേഗം വർദ്ധയ

അർത്ഥം—അല്ലയോ അഗ്നേ, ദ്രോഹികളുടെ കൂട്ടം ഞങ്ങളെ വിട്ട് അന്യനെ പേടിപ്പിച്ചുകൊള്ളട്ടെ. യുദ്ധത്തിലവിടുന്ന് ഞങ്ങൾക്ക് ഊക്കോടുകൂടിയ വേഗം വർദ്ധിപ്പിച്ചാലും.

14 യസ്യാജുഷന്നമസ്വിന
ശ്ശമീമദുർമ്മഖസ്യവാ
തങ്ഘേദഗ്നിർവ്വൃധാവതി

അന്വയം:-
യസ്യ നമസ്വിനഃ — നമസ്കാരവതഃ
അദുഃ-മഖസ്യ — അദുഷ്ടയജ്ഞസ്യ

ശമീം വാ അജ്ജുഷൽ — കർമ്മവാസേവത
തം ഘ ഇൽ — തമേവ യജമാനം സങ്ഗ്രാമേ
അഗ്നിഃ വൃധാ അവതി — വൃദ്ധ്യാ രക്ഷതി
(അതോവയം നമോയുക്താ അദുർമ്മഖാ ഭവേമ)

അർത്ഥം—നമസ്കരിക്കുന്നവനും അദൂഷിതമായ (മന്ത്രദോഷം, ക്രിയാദോഷം, ശുദ്ധിദോഷം മുതലായവ കൂടാതെ പൂർണ്ണമായ) യജ്ഞമനുഷ്ഠിക്കുന്നവനുമായ ആരുടെ കർമ്മത്തെ താൻ കൈക്കൊണ്ടുവോ, ആ യജമാനനെത്തന്നെയാണ് അഗ്നിപുഷ്ടിയോടുകൂടി രക്ഷിക്കുന്നതു്. (അതുകൊണ്ടു നാം നമസ്കാരപരന്മാരും ശുദ്ധയജ്ഞന്മാരുമാകാവൂ.)

15 പരസ്യാഅധിസംവ
തോവ്വരാഅഭ്യാതര
യത്രാഹമസ്മിതാഅവ

അന്വയം:—

(ഹേ അഗ്നേ,) പരസ്യാഃ
സം–വതഃ അധി — അന്യസ്യാസ്സേനായാഃ അധി
അവരാൻ അഭി ആ തര — അന്യാനസ്മദീയാനഭിമുഖം
സർവ്വതസ്താരയ
(വൈരിസേനാ അസ്മദ്ഭടൈഃ പരാഭാവയ)
യത്ര അഹം അസ്മി — യേഷ്വസ്മദീയേഷു പരിജനേഷു
മദ്ധ്യേഹം സ്വാമീ
താൻ അവ — രക്ഷ

അർത്ഥം—അല്ലയോ അഗ്നേ, ശത്രുസേനയുടെ നേരിൽ നിൽക്കുന്ന ഞങ്ങളുടെ ജനങ്ങളെ നേരെ എമ്പാടും രക്ഷിച്ചാലും. (ശത്രുസേനകളെ ഞങ്ങളുടെ ഭടന്മാരെക്കൊണ്ടു് പരാജയപ്പെടുത്തിയാലും.) പരിജനങ്ങളേവർക്കു ഞാൻ നായകനാണോ, അവരെ രക്ഷിച്ചാലും.

16 വിദ്മാഹിതേപുരാവയ
മഗ്നേപിതുര്യഥാവസഃ
അധാതേസുമ്നമീമഹേ

വ. 26

അന്വയം:—

| | | |
|---|---|---|
| ഹേ അഗ്നേ, പിതുഃ തേ | — | പാലകസ്യ തവ |
| അവസഃ പുരാ യഥാ വിദ്മ | — | അവഃ പൂർവ്വകാലേ ഇവ ഇദാനീമപീതി ജാനാമി |
| അധ വയം തേ സുമ്നം ഈമഹേ ഹി | — | അധുനാപി തവസുഖം യാചാമഹ ഏവ |

അർത്ഥം—അല്ലയോ അഗ്നേ. പാലകനായ അവിടുത്തെ രക്ഷണം മുമ്പെന്നപോലെയാണിന്നുമെന്ന് ഞാനറിയുന്നു. ഇപ്പോഴുമവിടുത്തെ (അവിടുന്നരുളുന്ന) സുഖം യാചിക്കുക തന്നെ ചെയ്യുന്നു.

വർഗ്ഗം:_27–28 കാണ്വഃ കുരുസുതിഃ ഋഷിഃ, ഇന്ദ്രോദേവതാ.

1 ഇമന്നുമായിനംഹുവ
ഇന്ദ്രമീശാനമോജസാ
മരുത്വന്തന്നവൃഞ്ജസേ

അന്വയം:—

| | | |
|---|---|---|
| ഇമം മായിനം | — | പ്രജ്ഞാവന്തം |
| ഓജസാ ഈശാനം | — | സ്വബലേന സർവ്വസ്യ സ്വാമിനം |
| മരുത്വന്തം ഇന്ദ്രം | — | മരുദ്ഭിര്യുക്തമിന്ദ്രം |
| ന നു വൃഞ്ജസേ ഹുവേ | — | (ന സമ്പ്രത്യർത്ഥേ) ഇദാനീം ശത്രൂണാം ഛേദനായാഹ്വയാമി |

അൎത്ഥം—ഈ പ്രജ്ഞായുക്തനും സ്വബലംകൊണ്ടേവൎക്കും സ്വാമിയും മരുത്തുക്കളോടു കൂടിയവനുമായ ഇന്ദ്രനെ ഇപ്പോൾ ശത്രുവധത്തിന്നായി ഞാൻ വിളിക്കുന്നു.

2 അയമിന്ദ്രോമരുത്സഖാ
വിവൃത്രസ്യാഭിനച്ഛിരഃ
വജ്രേണശതപൎവ്വണാ

അന്വയം:—

അയം ഇന്ദ്രഃ മരുൽ–സഖാ — മരുത്ഭിര്യുക്തഃ
ശത–പൎവ്വണാ വജ്രേണ — ശതസന്ധിനാ വജ്രായുധേന
വൃത്രസ്യ ശിരഃ വി
അഭിനൽ — വ്യച്ഛിനൽ

അൎത്ഥം—ഈ ഇന്ദ്രൻ മരുത്തുക്കളായ ചങ്ങാതികളൊത്തു് നൂറു മടക്കുള്ള വജ്രായുധത്താൽ വൃത്രാസുരന്റെ തല കൊയ്തു.

3 വാവൃധാനോമരുത്സ
ഖേന്ദ്രോവിവൃത്രമൈരയൽ
സൃജന്ത്സമുദ്രിയാഅപഃ

അന്വയം:—

(അയം) ഇന്ദ്രഃ മരുൽ–
സഖാ — മരുൽ സഹായസ്സൻ
വവൃധാനഃ വൃത്രം വി
ഐരയൽ — വൎദ്ധമാനോ വൃത്രം
വിദാരിതവാൻ
സമുദ്രിയാഃ അപഃ സൃജൻ — അന്തരിക്ഷസംബന്ധീ
ന്യുദകാനി വ്യസൃജൻ

അൎത്ഥം—ഈ ഇന്ദ്രൻ മരുത്തുക്കളാകുന്ന സഹായികളൊത്തവനായി, വൎദ്ധമാനനായി വൃത്രനെ പിളൎന്നു. അന്തരിക്ഷത്തിലെ ജലങ്ങളെ (മഴ വഴി) വിടുന്നവനായി. (ഇവിടെ വൃത്രശബ്ദത്തിന്നു് മേഘം എന്നൎത്ഥം).

4 അയംഹയേനവാഇദം
സ്വമ്മരുത്വതാജിതം
ഇന്ദ്രേണസോമപീതയേ

അന്വയം:–

അയം ഹ യേന വൈ — ഖല്വിന്ദ്രോയേന ഖലു
മരുത്വതാ ഇന്ദ്രേണ — മരുത്ഭിര്യുക്തേന തേന
ഇദം സ്വഃ — സ്വൎഗ്ഗാഖ്യം സ്ഥാനം
സോമ–പീതയേ ജിതം — സോമപാനായാഭിഭൃതം

അൎത്ഥം–ഈ ഇന്ദ്രനാണല്ലോ, മരുത്തുക്കളോടൊത്ത ഇന്ദ്രനെക്കൊണ്ടാണല്ലോ ഈ സ്വൎഗ്ഗസ്ഥാനം സോമപാനത്തിന്നായി ജയിയ്ക്കപ്പെട്ടതു്.

5 മരുത്വന്തമൃജീഷിണ
മോജസ്വന്തംവിരഫ്ശിനം
ഇന്ദ്രങ്ഗീൎഭിൎഹവാമഹേ

അന്വയം:–

മരുത്വന്തം — മരുത്ഭിര്യുക്തം
ഋജീഷിണം — അഭിഷുതശേഷഃ ഋജീഷഃ സചതൃതീയസവനേ പുനസ്സൂയതേ, തദ്വന്തം
ഓജസ്വന്തം,
വി–രഫ്ശിനം — ശരീരവൃദ്ധ്യുപേതം, മഹാന്തം
ഇന്ദ്രം ഗീഃ–ഭിഃ
ഹവാമഹേ — സ്തുതിഭിരാഹ്വയാമഃ

അൎത്ഥം—മരുത്തുക്കളൊത്തവനും (സംസ്കരിച്ച സോമത്തിന്റെ ബാക്കിയും മൂന്നാംസവനത്തിലുപയോഗിക്കുന്നതുമായ) സോമത്തോടു കൂടിയവനും വാസ്സിയന്നമെയ്യോത്തവനും മഹാന്തമായ ഇന്ദ്രനെ സ്തുതികളാൽ നാം വിളിക്കുന്നു.

6 ഇന്ദ്രംപ്രത്നേനമന്മനാ
മരുത്വന്തംഹവാമഹേ
അസ്യസോമസ്യപീതയേ വ. 27

അന്വയം:—

| | |
|---|---|
| മരുത്വന്തം ഇന്ദ്രം | — മരുദ്ഭിര്യുക്തം തം |
| പ്രത്നേന മന്മനാ | — പുരാണേന നമനീയേന സ്തോത്രേണ |
| അസ്യ സോമസ്യ പീതയേ ഹവാമഹേ | — പാനായാഹ്വയാമഃ |

അർത്ഥം—മരുത്തുക്കളോടു ചേർന്ന ഇന്ദ്രനെ പുരാതനവും ആലോചനാർത്ഥവുമായ സ്തോത്രത്താൽ ഈ സോമം കുടിക്കാനായി നാം വിളിക്കുന്നു.

7 മരുത്വാഇന്ദ്രമീഢ്വഃ
പിബാസോമംശതക്രതോ
അസ്മിൻയജ്ഞേപുരുഷ്ടുത

അന്വയം:—

| | |
|---|---|
| ഹേ മീഢ്വഃ, ശത-ക്രതോ, പുരു-സ്തുത, ഇന്ദ്ര, | — ഫലസ്യസേക്തഃ ബഹുകർമ്മൻ, ബഹുഭിരാഹൂതേന്ദ്ര, ത്വം |
| മരുത്വാൻ | — മരുദ്ഭിര്യുക്തസ്സൻ |
| അസ്മിൻ യജ്ഞേ സോമം പിബ | — പാനം കുരു |

അർത്ഥം—കർമ്മഫലം വർഷിക്കുന്നവനും സ്വയം വളരെ കർമ്മങ്ങളൊത്തവനും ഏവരാലും വിളിക്കപ്പെട്ടവനുമായ ഇന്ദ്ര, അവിടുന്നു മരുത്തുക്കളൊത്തവനായി ഈ യജ്ഞത്തിൽ സോമം കുടിച്ചാലും.

8 തുഭ്യേദിന്ദ്രമരുത്വതേ
സുതാസ്സോമാസോഅദ്രിവഃ
ഹൃദാഹൂയന്തഉക്ഥിനഃ

അന്വയം:—

ഹേ അദ്രി–വഃ, ഇന്ദ്ര, — വജ്രവന്നിന്ദ്ര,
മരുത്വതേ തുഭ്യ ഇൽ — മരുത്ഭിര്യുക്തായ തുഭ്യമേവ
സോമാസഃ സുതാഃ — സോമാ അഭിഷുതാഃ
(അപിച) ഉക്ഥിനഃ
ഹൃദാ ഹൂയന്തേ — ശസ്ത്രവന്തഃ മനസാ,
ഭക്ത്യാതാ നഗ്നൌ
പ്രക്ഷിപന്തി

അർത്ഥം_വജ്രായുധനായ ഇന്ദ്ര, മരുത്തുക്കളൊത്ത അവിടേയ്ക്കുതന്നെയാണ് സോമങ്ങൾ സംസ്കരിക്കപ്പെട്ടിരിക്കുന്നത്. മാത്രമല്ല, ശസ്ത്രകാരന്മാർ ഹൃദയപൂർവ്വമായ ഭക്തിയാലവയെ അവിടേയ്ക്കു ഹോമിക്കുന്നു.

9 പിബേദിന്ദ്രമരുത്സഖാ
സുതംസോമന്ദിവിഷ്ടിഷു
വജ്രംശിശാനഓജസാ

അന്വയം:—

ഹേ ഇന്ദ്ര, മരുൽ_സഖാ — മരുത്സഹായസ്ത്വം
ദിവിഷ്ടിഷു സുതം
സോമം പിബ — അഹ്നാമഭിഗമനേഷു, ദിവഃ
സ്വർഗ്ഗസ്യൈഷണേഷു
നിമിത്തേഷു
അഭിഷുതം സോമം പിബ
(പീത്വാച) ഓജസാ ഇൽ— സോമപാന ജനിതേന
ബലേനൈവ
വജ്രം ശിശാനഃ — തീക്ഷ്ണീകുർവ്വൻ ശത്രൂഞ്ജഹി

അർത്ഥം—അല്ലയോ ഇന്ദ്ര, മരുത്തുക്കളാകുന്ന ചങ്ങാതികളൊത്ത അവിടുന്നു് ദിവസം പുലരാൻ സ്വർഗ്ഗത്തെ പ്രേരിപ്പിക്കുന്നതിനുവേണ്ടി, സംസ്കരിച്ച സോമം കുടിച്ചാലും. കുടിച്ചിട്ടു്, അതുകൊണ്ടുണ്ടായ ബലത്താൽ വജ്രം മൂർച്ചകൂട്ടി ശത്രുക്കളെക്കൊന്നാലും.

10 ഉത്തിഷ്ഠന്നോജസാസഹ

പീത്വീശിപ്രേഅവേപയഃ

സോമമിന്ദ്രചമൂസുതം

അന്വയം:—

| | |
|---|---|
| ഹേ ഇന്ദ്ര, (ത്വം) ചമൂ | |
| സുതം സോമം | — ചമ്വോഃ, അധിഷവണ ഫലകയോരഭിഷുതം സോമം |
| പീത്വീ ഓജസാ സഹ | — പീത്വാ ബലേന സഹ |
| ഉൽ-തിഷ്ഠൻ ശിപ്രേ | |
| അവേപയഃ | — മദാവേശാദ്ധനൂ അകമ്പയഃ |

അർത്ഥം—അല്ലയോ ഇന്ദ്ര, അവിടുന്നു് രണ്ടരിപ്പു തോലുകളിൽ സംസ്കരിക്കപ്പെട്ട സോമം കുടിച്ചു് ബലത്തോടുകൂടി എഴുന്നേററു് ഹർഷാവേശത്താൽ താടിയെല്ലു കുലുക്കിയാലും, ഇളക്കിയാലും.

11 അനുത്വാരോദസീഉഭേ

ക്രക്ഷമാണമകൃപേതാം

ഇന്ദ്രയദ്ദസ്യുഹാഭവഃ

അന്വയം:—

| | |
|---|---|
| ഹേ ഇന്ദ്ര, യൽ | |
| ദസ്യു-ഹാ അഭവഃ | — യദാ ശത്രുഹന്താ ഭവസി തദാ |
| ക്രക്ഷമാണം | — ശത്രൂൻ വിലിഖന്തം |
| ത്വാ ഉഭേ രോദസീ | — ഉഭേ അപി ദ്യാവാപൃഥിവ്യൗ |
| അനു അകൃപേതാം | — അനുകല്പയേതാം |

അർത്ഥം—അല്ലയോ ഇന്ദ്ര, അവിടുന്നു ശത്രുഹന്താവാകുമ്പോൾ ശത്രുക്കളെക്കൊന്നു കഴിച്ചുമൂടുന്ന അവിടുത്തേയ്ക്കു് ദ്യാവാപൃഥിവീകൾ പ്രത്യുപചാരം ചെയ്യുന്നു.

12 വാചമഷ്ടാപദീമഹം
നവസ്രക്തിമൃതസ്പൃശം
ഇന്ദ്രാൽപരിതന്വംമമേ

വ. 28

അന്വയം:—

| | |
|---|---|
| അഷ്ടാ-പദീം | — അഷ്ടാഭിർദ്ദിഗ്ഭിർവ്വിദിഗ്ഭിഃ |
| നവ-സ്രക്തിം | — ഉപരിസ്ഥിതേനാദിത്യേന വ്യാപ്താം |
| ഋത-സ്പൃശം വാചം | — യജ്ഞസ്പൃശം വാചം |
| ഇന്ദ്രാൽ തന്വം അഹം | |
| പരി മമേ | — തനും ന്യൂനാം കരോമി |

(കാർത്സ്യേനസ്വരൂപം വിഷയീകർത്തുമശക്യത്വാൽ)

അർത്ഥം-എട്ടു ദിക്കുകളാലും വിദിക്കുകളാലും മുകളിൽ ആദിത്യനാലും വ്യാപ്തവും യജ്ഞം (സത്യം) സ്പർശിക്കുന്നതുമായ വാക്കു്, (സ്തുതി) പരിപൂർണ്ണനായ ഇന്ദ്രനേക്കാൾ എത്രയോ ചെറുതെന്നു്, പരിമിതമെന്നു ഞാൻ കരുതുന്നു, പരിമിതമാക്കുന്നു. (അവിടുത്തെ സ്വരൂപം സമഗ്രമായി വിഷയീകരിക്കാൻ ഏതു മാഹാത്മ്യമുററ വാക്കിന്നും ശക്തിയില്ല. സാരസ്വതത്തിലുള്ള ഈ ഋക്ക് വാക്കിന്റെ ന്യൂനതയെയല്ല, പരമാത്മസ്വരൂപനായ പരമേശ്വരനായി തട്ടിച്ചുനോക്കുമ്പോഴുള്ള താഴ്മയെ മാത്രമാണു സൂചിപ്പിക്കുന്നതു്).

വർഗ്ഗം—29-30 ഗായത്രീബൃഹതീസതോബൃഹത്യശ്ഛന്ദാംസി

1 ജജ്ഞാനോനുശതക്രതു
ർവ്വിപൃച്ഛദിതിമാതരം
കഉഗ്രാഃകേഹശൃണ്വിരേ

അന്വയം:—
ജജ്ഞാനഃ ന ശത–ക്രതുഃ — ജായമാനഏവേന്ദ്രഃ
മാതരം ഇതി വി പൃച്ഛൽ — സ്വജനനീമിത്ഥം പൃഷ്ടവാൻ
‘‘കേ ഉഗ്രാഃ? കേ ഹ
ശൃണ്വിരേ?’’ — ‘‘കേ ഉഗ്രബലാഃ? കേ ഗുണൈഃ
ശ്രൂയന്തേ?’’

അർത്ഥം–ജനിച്ചു ഉടനെ ബഹുകർമ്മാവായ ഇന്ദ്രൻ സ്വന്തമമ്മയോടിപ്രകാരം ചോദിച്ചു. 'ഏവരാണ് ഉഗ്രബലമുററവർ? ഏവരാണ് ഗുണങ്ങളാൽ കേൾവിപ്പെട്ടുന്നവർ?’’

2 ആദീംശവസ്യബ്രവീ

ദൌർണ്ണവാഭമഹീശുവം

തേപുത്രസന്തുനിഷ്ടുരഃ

അന്വയം:—
(ഇന്ദ്രേണ പൃഷ്ടാ) ശവസീ — ബലവതീമാതാ
ആൽ ഈം അബ്രവീൽ — അനന്തരമേനം കഥിതവതീ
‘ഔർണ്ണ–വാഭം അഹീശുവം — ‘ഏതന്നാമാനാവസുരൌ
തിഷ്ഠതഃ
ഹേ പുത്ര, (ഉക്തൌ തൌ
അന്യേ ച താദൃശാഃ)
തേ നിഃ–തുരഃ സന്തു’ — നിസ്താരണീയാ ഭവന്തു’

അർത്ഥം–ഇന്ദ്രനാൽ ചോദിക്കപ്പെട്ട ബലവതിയായ അമ്മ ഉടനെ അവിടുത്തോടു പറഞ്ഞു. ‘ഔർണ്ണവാഭൻ അഹീശുവൻ എന്നീ അസുരന്മാർ നില്ക്കുന്നു. അല്ലയോ മകനേ, ഇപ്പറഞ്ഞവരും തത്തുല്യരായ മററുള്ളവരും നിനക്കു തോല്പിക്കത്തക്കവരാവട്ടേ.’

3 സമീത്താന്വൃത്രഹാഖിദൽ

ഖേഅരാഇവഖേദയാ

പ്രവൃദ്ധോദസ്യുഹാഭവൽ

അന്വയം:–

വൃത്ര–ഹാ സം ഇൽ — വൃത്രഹന്തേന്ദ്രഃ സഹൈവ
ഖേ അരാൻ–ഇവ ഖേദയാ - രഥചക്രാങ്ഗഭൂതാൻ താൻ
ശങ്കൂൻ രജ്വാ ഇവ
താൻ അവിദൽ — വേദനം നാമ്വകൎഷണം
കൃതവാൻ
(തതസ്സഃ)പ്ര–വൃദ്ധഃ
ദസ്യു–ഹാ അഭവൽ — ദസ്യുഹന്താഭൂൽ.

അൎത്ഥം–വൃത്രഹന്താവായ ഇന്ദ്രൻ, തേർചക്രത്തിന്റെ നടുവിൽ നിന്നു് പുറംവലയത്തെ ബന്ധിക്കുന്ന ആണിക്കാലുകളെ കയറിനാലെന്നപോലെ, ആ ഇരുവരെ (ഔൎണ്ണവാഭാഹീശ്രുവന്മാരെ) ഒപ്പം പിടിച്ചുകെട്ടി. അതോടുകൂടി അവിടുന്നു് ശത്രുവിനാശകനായി.

4 ഏകയാപ്രതിധാപിബൽ

സാകംസരാംസിത്രിംശതം

ഇന്ദ്രസ്സോമസ്യകാണുകാ

അന്വയം:–

(അയം) ഇന്ദ്രഃ ഏകയാ
പ്രതി–ധാ സാകം — ഏകേന പ്രതിധാനേന,
ഏകദൈവ
ത്രിംശതം സോമസ്യ
കാണുകാ — സോമേന കൃതാനി
സരാംസി അപിബൽ — സരസ്സദൃശപാത്രാണി
പീതവാൻ

അൎത്ഥം–ഈ ഇന്ദ്രൻ ഒരിറക്കിൽ ഒന്നിച്ചു് സോമച്ചാറു നിറച്ചു, ജലതടാകം പോലെയുള്ള, മുപ്പതു പാത്രങ്ങളും കുടിച്ചു.

5 അഭിഗന്ധൎവ്വമതൃണ

ദബുധ്നേഷുരജസ്വാ വ. 29

ഇന്ദ്രോബ്രഹ്മഭ്യഇദ്വൃധേ

അന്വയം:—

| | | |
|---|---|---|
| (അയം) ഇന്ദ്രഃ ഗന്ധർവ്വം | — | ഗാം ഉദകം ധാരയതീതി ഗന്ധർവ്വഃ മേഘഃ തം |
| അബുധ്നേഷു രജഃ-സു | — | പദനിധാനസ്ഥാനരഹിതേഷു ലോകേഷു, അന്തരിക്ഷദേശേഷു |
| ബ്രഹ്മ-ഭ്യഃ ഇൽ വൃധേ | — | ബ്രാഹ്മണേഭ്യഃ, ബ്രഹ്മജ്ഞാനിഭ്യോ വർദ്ധനായ |
| ആ അഭി അതൃണൽ | — | സർവ്വതോ ഹിംസിതവാൻ |

അർത്ഥം—ഈ ഇന്ദ്രൻ ജലധാരിയായ മേഘത്തെ ബ്രഹ്മജ്ഞാനികളായ ബ്രാഹ്മണർക്കുവേണ്ടി കാൽകുത്താൻ വയ്യാത്ത അന്തരിക്ഷപ്രദേശങ്ങളിലെമ്പാടും ഉടച്ചു. (മഴ പെയ്യിച്ചു )

6 നിരാവിധ്യദ്ഗിരിഭ്യ ആ

ധാരയൽപക്വമോദനം

ഇന്ദ്രോബുന്ദംസ്വാതതം

അന്വയം:—

| | | |
|---|---|---|
| (അയം) ഇന്ദ്രഃ പക്വം | | |
| ഓദനം ആ ധാരയൽ | — | പരിപക്വമന്നം മനുഷ്യാണാമർത്ഥമാസമന്താദ്ധൃതവാൻ |
| സു-ആതതം ബുന്ദം | — | സർവ്വതോ വിസ്തൃതമിഷുമാദായ |
| ഗിരി-ഭ്യഃ നിഃ | | |
| അവിധ്യൽ | — | മേഘേഭ്യസ്സകാശാന്നിർഗ്ഗമയിതും സംപ്രാഹരൽ |

അർത്ഥം—ഈ ഇന്ദ്രൻ പാകംവന്ന അന്നം മനുഷ്യർക്കുവേണ്ടി തികച്ചും ധരിക്കുന്നവനായി എങ്ങും നിരന്ന അമ്പെടുത്ത് മേഘങ്ങളിൽനിന്നു ജലം പുറത്തുവരുത്താൻ അവയെ എയ്തുടച്ചു.

7 ശതബ്രധ്നഇഷുസ്തവ

സഹസ്രപർണ്ണഏകഇൽ

യമിന്ദ്രചകൃഷേയുജം

അന്വയം:—

ഹേ ഇന്ദ്ര, (ത്വം) ഏകഃ

| | |
|---|---|
| ഇൽ യം യുജം ചകൃഷേ | — അസഹായ ഇദ്യമിഷും യുദ്ധായ സഹായങ്കരോഷി |
| (സഃ) തവ ഇഷുഃ ശത— | |
| ബ്രധ്നഃ | — ശതാഗ്രഃ |
| സഹസ്ര—പർണ്ണഃ | — ശീഘ്രഗമനായ സഹസ്രസംഖ്യാകൈഃ പത്രൈസ്സംവൃതഃ |

അർത്ഥം—അല്ലയോ ഇന്ദ്ര, അവിടുന്നു് ഏകനായിത്തന്നെ യാതൊന്നിനെ യുദ്ധത്തിന്നു സഹായകമാക്കുന്നുവോ, ആ അവിടുത്തെ ശരം നൂറു മുനകളൊത്തതും വേഗത്തിന്നുവേണ്ടി ആയിരം തൂവലുകൾ പിടിപ്പിച്ചതുമത്രേ.

8 തേന॑സ്തോ॒തൃഭ്യ॒ആഭ॑ര॒

നൃഭ്യോ॒നാരി॑ഭ്യോ॒അത്ത॑വേ

സ॒ദ്യോജാ॒തഋ॑ഭുഷ്ഠിര

അന്വയം:—

| | |
|---|---|
| ഹേ ഋഭു—സ്ഥിര, | — സങ്ഗ്രാമേസ്ഥിരേന്ദ്ര, |
| സ്തോതൃ—ഭ്യഃ നൃ—ഭ്യഃ | — അസ്മഭ്യം പുത്രേഭ്യഃ |
| നാരി—ഭ്യഃ അത്തവേ | — അദനായ പര്യാപ്തം ധനം |
| സദ്യഃ ജാതഃ | — അസ്മാഭിർദ്ദത്തേന സോമേന പ്രവൃദ്ധസ്സൻ |
| തേന ആ ഭര | — തേനേഷുണാഹര |

അർത്ഥം—യുദ്ധത്തിലുറച്ചു നിൽക്കുന്ന ഇന്ദ്ര, സ്തോതാക്കളായ ഞങ്ങൾക്കും മക്കൾക്കും സ്ത്രീകൾക്കും ഭക്ഷണത്തിന്നു മതിയായ ധനം, ഞങ്ങളാൽ നൽകപ്പെട്ട സോമത്താൽ വർദ്ധിച്ചവനായി, ആ അമ്പുകൊണ്ടു് ഞങ്ങൾക്കണച്ചാലും. (അമ്പുകൊണ്ടു് മേഘം പിളർന്നു മഴ പെയ്യിച്ചാലും.)

9 ഏതാച്യൗത്നാനിതേകൃതാ

വർഷിഷ്ഠാനിപരീണസാ

ഹൃദാവീഡ്വധാരയഃ

അന്വയം:—

(ഹേ ഇന്ദ്ര,) തേ (യാനി)

| | |
|---|---|
| ഹൃദാ | — ത്വയാ ബുദ്ധ്യാ |
| വീളു അധാരയഃ | — സ്ഥിരാണി കർത്തവ്യാനീത്യധാരയഃ |
| ഏതാ വർഷിഷ്ഠാനി | — പുരതസ്സർവ്വൈർദൃശ്യമാനാന്യതിശയേന പ്രവൃദ്ധാനി |
| പരീണസാ | — പരിതോനതാനി |
| ച്യൗത്നാനി കൃതാ | — അത്യുൽകൃഷ്ടാനി തവബലാനി കീലവദ്ധാരണായ കൃതാനി, പർവ്വതാസ്ത്വയാകൃതാഃ |

അർത്ഥം—അല്ലയോ ഇന്ദ്ര, അവിടുന്ന ബുദ്ധികൊണ്ടു് സ്ഥിരങ്ങളായ കർത്തവ്യങ്ങളായി ഏവയെ ധരിച്ചിട്ടുണ്ടോ, മുമ്പിൽ കാണാവുന്നവയും അത്യന്തം പ്രവൃദ്ധങ്ങളും നാലുപാടും കുനിഞ്ഞുനിൽക്കുന്നവയും തൂണുപോലെ ഭൂമിക്കു താങ്ങായവയുമായ പർവ്വതങ്ങൾ അവിടുന്നാൽ ഉണ്ടാക്കപ്പെട്ടവയത്രേ.

10 വിശ്വേത്താവിഷ്ണുരാഭര

ഉരുക്രമസ്ത്വേഷിതഃ

ശതമ്മഹിഷാൻക്ഷീരപാകമോദനം

വരാഹമിന്ദ്രഏമുഷം

അന്വയം:—

(ഹേ ഇന്ദ്ര,) വിശ്വാ

| | |
|---|---|
| ഇൽ താ | — യാനി ത്വയാ സ്രഷ്ടവ്യാന്യുദകാനി സന്തി, താനി [illegible] |

| | |
|---|---|
| ഉരു–ക്രമഃ ത്വാ–ഇഷിതഃ | — ബഹുഗതിഃ, ത്വയാ പ്രേരിതഃ |
| വിഷ്ണുഃ ആ അഭരൽ | — വ്യാപനശീല ആദിത്യോ ലോകായ പ്രയച്ഛതി |
| (ന കേവലമുദകാന്യേവ, കിന്തു) ശതം മഹിഷാൻ | — ശതസംഖ്യാകാൻ മഹതോ യജ്ഞാൻ യജമാനേഭ്യഃ പ്രയച്ഛതി |
| (കിഞ്ച) ക്ഷീര–പാകം ഓദനം | — പായസം, ചരുപുരോഡാശാദികം വൃഷ്ടിപ്രദാനദ്വാരാ പ്രാഹരൽ |
| (കിഞ്ച) ഇന്ദ്രഃ ഏമുഷം വരാഹം ഹന്തി | — ആമുഷം, മോഷകം മേഘം വിദാരയതി |

അൎത്ഥം–അല്ലയോ ഇന്ദ്ര, ജലങ്ങളേവ അവിടുന്നാൽ സൃഷ്ടിക്കപ്പെടേണ്ടവയായുണ്ടോ, അവയെയെല്ലാംതന്നെ ബഹുഗതിയും അവിടുന്നാൽ പ്രേരിതനുമായ ആദിത്യൻ ലോകത്തിന്നു വേണ്ടി കൊടുക്കുന്നു. വെള്ളം മാത്രമല്ല, കണക്കററ യജ്ഞങ്ങളെ യജമാനന്മാൎക്കു സാധിപ്പിച്ചു കൊടുക്കുന്നു. പിന്നെ, ചരുപുരോഡാശാദി, പായസം (അതുണ്ടാക്കാനുള്ള സസ്യാദികൾ) മഴവഴി കൊടുത്തരുളി. കൂടാതെ. ജലത്തെ ഒളിച്ചു വെച്ച മേഘത്തെ ഇന്ദ്രൻ പിളൎക്കുന്നു.

11 തുവിക്ഷന്തേസുകൃതംസൂമയന്ധനു

സ്സാധുർബ്ബുന്ദോഹിരണ്യയഃ

ഉഭാതേബാഹൂരണ്യാസുസംസ്കൃത

ഋദൂപേചിദൃദൂവൃധാ വ. 30

അന്വയം:—

(ഹേ ഇന്ദ്ര,) തേ

| | |
|---|---|
| തുവി–ക്ഷം ധനുഃ | — തവബഹുവിക്ഷേപം, മഹാവിക്ഷേപം, ധനുഃ |
| സു–കൃതം സു–മയം | — സുഷ്ഠ്വലങ്കൃതം, സുസുഖഞ്ച |

(തേ) ബ്വന്ദഃ സാധുഃ, — തവേഷുസ്സുപ്രയുക്തഃ,
ഹിരണ്യയഃ ഹിരണ്മയഃ
ഉഭാ തേ ബാഹൂ രണ്യാ — ഉഭൌ തവ ബാഹൂരമണീയൌ
സു–സംസ്കൃതാ — സ്വലങ്കൃതൌ
ഋദൂ–പേ ചിൽ — സങ്ഗ്രാമേഭ്യനപാതിനൌ
ഋദൂ-വൃധാ — ഹനനവർദ്ധനൌ

അർത്ഥം—അല്ലയോ ഇന്ദ്ര, വളരെവേക്കം നേരേ കലക്കപ്പെടുന്ന അവിടുത്തെ വില്ല് നന്നായലങ്കരിക്കപ്പെട്ടതത്രേ, നല്ല സുഖമുളവാക്കുന്നതത്രേ. അവിടുത്തെ അമ്പ് നന്നായി പ്രയോഗിക്കപ്പെട്ടതും (ശത്രുവിങ്കൽ നേരേ ചെന്നതും) സ്വർണ്ണം കെട്ടിച്ചതുമാണ്. അവിടുത്തെ രണ്ടു കൈകളും മോടിപിടിപ്പിക്കപ്പെട്ടവയും യുദ്ധത്തിൽ ശത്രുക്കളെ വീഴ്ത്തുന്നവയും അവരുടെ മേൽ പ്രഹാരം ഏല്പിക്കുന്നവയുമത്രേ.

വർഗ്ഗം–31–32 ഗായത്രീബൃഹത്യൌച്ഛന്ദസീ

1 പുരോളാശന്നോഅന്ധസ
ഇന്ദ്രസഹസ്രമാഭര
ശതാചശൂരഗോനാം

അന്വയം:—
ഹേ ശൂര, ഇന്ദ്ര,
പുരോളാശം — പുരോഡീയമാനമേതൽ
സംജ്ഞകം
അന്ധസഃ — അന്നം, സോമം സ്വീകൃത്യ
ഗോനാം സഹസ്രം ശതാ
ച നഃ ആ ഭര — ആഹര

അർത്ഥം—അല്ലയോ വിക്രമിയായ ഇന്ദ്ര, അവിടേയ്ക്കു തരാനുള്ള, മുമ്പിലിരിക്കുന്ന ഈ സോമഹവിസ്സ് കൈക്കൊണ്ട്, ആയിരവും നൂറ [illegible] ളെ [illegible] കൊണ്ടുതന്നാലും.

2 ആനോഭരവ്യഞ്ജനം

ഗാമശ്വമഭ്യഞ്ജനം

സചാമനാഹിരണ്യയാ

അന്വയം:—

(ഹേ ഇന്ദ്ര, ത്വം) നഃ

വി-അഞ്ജനം — അർത്ഥസൂചകം ശബ്ദം,
ഉപദംശാദിവാ

ഗാം, അശ്വം,

അഭി-അഞ്ജനം, — തൈലം

മനാ, ഹിരണ്യയാ,

സചാ ആ ഭര — മനനീയാനി, ഹീരണ്മയാന്യുപ
കരണാനി സഹാഭര

അർത്ഥം—അല്ലയോ ഇന്ദ്ര, അവിടുന്നു ഞങ്ങൾക്കു് അർത്ഥസൂചകമായ ശബ്ദവും (ജ്ഞാനോപകരണമായ വേദവാക്കും) അല്ലെങ്കിൽ കറി, ഉപ്പേരി മുതലായവയും പശുവും കുതിരയും എണ്ണയും കൊണ്ടുതന്നാലും. ഗണ്യങ്ങളായ സ്വർണ്ണോപകരണങ്ങളും കൂടി കൊണ്ടുതന്നാലും.

3 ഉതനഃകർണ്ണശോഭനാ

പുരൂണിധൃഷ്ണവാഭര

ത്വംഹിശൃണ്വിഷേവസോ

അന്വയം:—

ഹേ ധൃഷ്ണോ, വസോ, — ധർഷക, വാസയിതരിന്ദ്ര,

ഉത നഃ കർണ്ണ-ശോഭനാ — അപിചാസ്മഭ്യം കർണ്ണാഭരണാനി

പുരൂണി ആ ഭര — ബഹൂന്യാഹര

ത്വം ഹി ശൃണ്വിഷേ — ഉദാരഇതി ശ്രൂയസേ ഖലു

അർത്ഥം-ധൈര്യശാലിയും ഏവരെയും അതാതിടത്തു വസിപ്പിക്കുന്നവനുമായ ഇന്ദ്ര, ഞങ്ങൾക്കു് കർണ്ണാഭരണങ്ങൾ ധാരാളം കൊണ്ടുതന്നാലും. അവിടുന്നു് ഔദാര്യശീലനാണെ

ന്നാണല്ലോ കേൾക്കപ്പെടുന്നതു്. (കണ്ണുശോഭനങ്ങൾ എന്നതിന്നു് ചെവിക്കിമ്പമായിട്ടുള്ളവ, സൽകഥകൾ എന്നുമർത്ഥം പറയാം.)

4 നകീംവൃധീകഇന്ദ്രതേ

നസുഷാനസുദാഉത

നാന്യസ്ത്വച്ഛൂരവാഘതഃ

അന്വയം:—

| | |
|---|---|
| ഹേ ശൂര, ഇന്ദ്ര, തേ | — വിക്രാന്തേന്ദ്ര, ത്വത്തോന്യഃ കശ്ചിൽ |
| വൃധീകഃ നകീം | — വർദ്ധയിതാനൈവ |
| (തഥാ) സു—സാഃ ന | — സങ്ഗ്രാമാദൌ സുഷ്ഠു സംഭക്താ ത്വത്തോന്യോന |
| ഉത സു—ദാഃ ന | — അപിച സുദാതാ ന |
| ത്വൽ വാഘതഃ ന അന്യഃ | — ത്വത്തോന്യഃ ഋത്വിഗ്യജമാനാനാം നേതാന |

അർത്ഥം—അല്ലയോ വിക്രമിയായ ഇന്ദ്ര, അവിടുന്നല്ലാതെ (ഉപാസകരെ) വർദ്ധിപ്പിക്കുന്നവനാരുമില്ല. അതുപോലെ യുദ്ധാദികൾക്കു് (സഹായത്തിന്നു്) എത്തുന്നവനാരുമില്ല. നന്നായി (കർമ്മഫലം) കൊടുക്കുന്നവനുമില്ല. ഋത്വിഗ്യജമാനന്മാർക്കു് അവിടുന്നൊഴിച്ച നേതാവുമില്ല.

5 നകീമിന്ദ്രോനികർത്തവേ

നശക്രഃപരിശക്തവേ

വിശ്വംശൃണോതിപശ്യതി

വ. 31

അന്വയം:—

| | |
|---|---|
| (അയം) ഇന്ദ്രഃ നി—കർത്തവേ നകീം | — നികർത്തും നൈവശക്യഃ |
| (തഥാ) ശക്രഃ പരി—ശക്തവേ ന | — ശക്തഃ പരിഭാവായ നശക്യതേ |
| (സതു) വിശ്വം ശൃണോതി, പശ്യതി | — ആകർണ്ണയതി, ഈക്ഷതേ |

അൎത്ഥം-ഈ ഇന്ദ്രൻ ആരാലും നിരാകരിക്കപ്പെടുവാൻ പററിയവനല്ല. ശക്തനായ അവിടുന്ന് തോല്പിക്കപ്പെടാവുന്നവനല്ല. അദ്ദേഹമാകട്ടേ, എല്ലാം കേൾക്കുന്നു, കാണുന്നു.

6 സമന്യുംമത്ത്യാനാ

മദബ്ധോനിചികീഷതേ

പുരാനിദശ്ചികീഷതേ

അന്വയം:—

| | | |
|---|---|---|
| സഃ മത്ത്യാനാം മന്യും | — | ഇന്ദ്രസ്തേഷാം ക്രോധം |
| അദബ്ധഃ നി ചികീഷതേ | — | കേനാപ്യഹിംസിതസ്സൻ നികരോതി |
| നിദഃ പുരാ ചികീഷതേ | — | നിന്ദായാഃ പൂർവ്വമേവ, യദാകശ്ചിത്തം നിന്ദിതുമിച്ഛതി, തതഃപൂർവ്വമേവ നികരോതി |

അർത്ഥം-ഇന്ദ്രൻ മനുഷ്യരുടെ കോപത്തെ സ്വയമാരാലും കേടേല്പിയ്ക്കപ്പെടാത്തവനായടക്കുന്നു. ആരെങ്കിലുമവിടുത്തെ നിന്ദിക്കാനിച്ഛിക്കുന്നുവെങ്കിൽ അതിനു മുമ്പുതന്നെ ആ നിന്ദകനെ അടക്കുന്നു.

7 ക്രത്വാഇൽപൂൎണ്ണമുദര

തുരസ്യാസ്തിവിധതഃ

വൃത്രഘ്നസ്സോമപാവ്നഃ

അന്വയം:—

| | | |
|---|---|---|
| തുരസ്യ, വൃത്ര-ഘ്നഃ | — | ത്വരമാണസ്യ, വൃത്രം ഹതവതഃ |
| സോമ-പാവ്നഃ | — | സോമപാതുരിന്ദ്രസ്യ |
| ഉദരം വിധതഃ ക്രത്വാ | | |
| ഇൽ | — | പരിചരതോ യജമാനസ്യ കൎമ്മണൈവ |
| പൂൎണ്ണം അസ്തി | — | പൂരിതം ഭവതി |

(യതഃ പരിചരണാഭാവേ തസ്യ കക്ഷിപൂൎത്ത്യഭാവഃ, അതസ്തൽ പൂൎത്തയേ പരിചരതി.)

അൎത്ഥം–വേഗവാനും വൃത്രഹന്താവും സോമം കുടിക്കുന്നവനമായ ഇന്ദ്രൻെറ വയർ പരിചരിക്കുന്ന യജമാനൻെറ കൎമ്മത്താൽ മാത്രം നിറയുന്നു. (എപ്പോഠം വയറൊഴിയുന്നുവോ, അപ്പോഠം നിറയ്ക്കുവാൻ യജമാനൻ സോമാദി ഹവിസ്സുകളാൽ പരിചരിക്കുന്നു,)

8 ത്വേവസൂനിസങ്ഗതാ

വിശ്വാചസോമസൌഭഗാ

സുദാത്വപരിഹ്വൃതാ

അന്വയം:–

| | |
|---|---|
| ഹേ സോമ, | — സോമവന്നിന്ദ്ര, |
| ത്വേ വസൂനി സം-ഗതാ | — അസ്മദിഷ്ടാനി ധനാനി സങ്ഗതാനി |
| (തഥാ) വിശ്വാ സൌഭഗാ ച | — സൎവ്വാണി സൌഭാഗ്യാനി ച സങ്ഗതാനി |
| സു–ദാതു അപരി–ഹ്വൃതാ | — സുദാനാന്യ കുടിലാനി (അതസ്താനി കുരു) |

അത്ഥം–അല്ലയോ സോമമൊത്ത ഇന്ദ്ര, അവിടുന്നിലാണു് ഞങ്ങളിഷ്ടപ്പെട്ട ധനങ്ങഠം കൂടി നിൽക്കുന്നതു്. അതുപോലെ എല്ലാ സൌഭാഗ്യങ്ങളും കൂടിനിൽക്കുന്നതു്. അവിടുത്തെ ശോഭനദാനങ്ങഠം വളവും തിരിവുമില്ലാതെ വരുന്നവയത്രേ. അതിനാൽ അവ തന്നരുളിയാലും.

9 ത്വാമിദ്യവയുൎമ്മമ

കാമോഗവ്യുൎഹിരണ്യയുഃ

ത്വാമശ്വയുരേഷതേ

അന്വയം:–

| | |
|---|---|
| മമ കാമഃ യവ–യുഃ ത്വാം | — യവേച്ഛുസ്സൻ ത്വാം പ്രാപ്നോതി |
| ഗവ്യുഃ ഹിരണ്യ-യുഃ | — ഗാമിച്ഛുഃ, ഹിരണ്യമിച്ഛുസ്സൻ |

അശ്വ–യുഃ — അശ്വമിച്ഛുസ്സംശ്ച
ത്വാം ഇൽ ആ ഈഷതേ — ത്വാമേവ സമ്പ്രാപ്നോതി

അർത്ഥം—എന്റെ അഭീഷ്ടം അന്നമിച്ഛിക്കുന്നതായവിടത്തെ പ്രാപിക്കുന്നു. പശുവിനെ ഇച്ഛിക്കുന്നതായും സ്വർണ്ണമിച്ഛിക്കുന്നതായും കുതിരയെ ഇച്ഛിക്കുന്നതായും അവിടത്തെത്തന്നെ നേരെ പ്രാപിക്കുന്നു.

10 തവേദിന്ദ്രാഹമാശസാ
ഹസ്തേദാത്രഞ്ചനാദദേ
ദിനസ്യവാമഘവന്ത്സംഭൃതസ്യവാ
പൂർദ്ധിയവസ്യകാശിനാ വ. 32

അന്വയം:—
ഹേ മഘ–വൻ, ഇന്ദ്ര,
തവ ഇൽ ആ–ശസാ — ധനവന്നീന്ദ്ര, ത്വമേവാസ്മദീയം ക്ഷേത്രം യവസമൃദ്ധം കരോഷീത്യാശംസനേന
അഹം ഹസ്തേ ദാത്രം ചന
ആ ദദേ — ലവനസാധനം ദാത്രം, ആയുധം സ്വീകരോമി
ദിനസ്യ വാ — പൂർവ്വമേവ ഛിന്നസ്യ വാ യവസ്യ
സം–ഭൃതസ്യ വാ — പൂർവ്വമേവ ഛിത്വാരാശീകൃതസ്യ വാ
യവസ്യ കാശിനാ പൂർദ്ധി — മുഷ്ടീനാ പൂരയ (ആശംസനം ദേഹി ച)

അർത്ഥം—അല്ലയോ ഇന്ദ്ര, അവിടന്നുതന്നെ ഞങ്ങളുടെ വയൽ, ധാന്യസമൃദ്ധമാക്കുമെന്ന ആശയാലാണ് ഞാൻ കയ്യിൽ അരിവാളെടുക്കുന്നതു്. മുമ്പെ കൊഴിഞ്ഞുവീണതോ കൊയ്തു കൂട്ടിയതോ ആയ ധാന്യത്തിന്റെ ചുരുട്ടിനാൽ എന്റെ കൈ നിറച്ചാലും. (അതിന്നനുഗ്രഹിച്ചാലും.)

വർഗ്ഗം—33-34 ഭാർഗ്ഗവഃ കൃത്നുഃ ഋഷിഃ, ഗായത്ര്യനുഷ്ടുഭൌ ച്ഛന്ദസീ, സോമോ ദേവതാ.

1 അയങ്കൃത്നുരഗൃഭീതോ

വിശ്വജിദുദ്ഭിദിൽസോമഃ

ഋഷിർവ്വിപ്രഃകാവ്യേന

അന്വയം:—

അയം സോമഃ കൃത്നു — സർവ്വസ്യ കർത്താ

അഗൃഭീതഃ — അന്യൈരഗൃഹീതഃ

വിശ്വ-ജിൽ, ഉൽ-ഭിൽ

ഇൽ — സർവ്വസ്യജേതാ,
ഫലസ്യോൽഭേദക ഏവ

ഋഷിഃ, വിപ്രഃ — ജ്ഞാനവാൻ, വിപ്രവൽ
പൂജ്യസ്സസോമഃ

കാവ്യേന — സ്തോത്രേണ സ്തുത്യഃ

അർത്ഥം—ഈ സോമൻ എല്ലാററിന്റെയും കർത്താവും അന്യരാൽ പിടികിട്ടാത്തവനുമാകുന്നു. എല്ലാററിനെയും ജയിക്കുന്നവനും കർമ്മഫലം പൊളിച്ചു പുറത്തുകൊണ്ടുവരുന്നവനും ജ്ഞാനവാനും ബ്രാഹ്മണനെന്നപോലെ പൂജ്യനുമായ ആ സോമൻ സ്തോത്രത്താൽ സ്തുത്യനാകുന്നു.

2 അഭ്യൂർണ്ണോതിയന്നഗ്നം

ഭിഷക്തിവിശ്വംയത്തുരം

പ്രേമന്ധഃഖ്യന്നിശ്ശ്രോണോഭൂൽ

അന്വയം:—

(അയം സോമഃ) യൽ
നഗ്നം
— യൽ നഗ്നമിവ വിഫലം
തൽഫലേന

അഭി ഊർണ്ണോതി — ആച്ഛാദയതി

യൽ തുരം — ആതുരം.

വിശ്വം (തൽ) ഭിഷക്തി — സർവ്വം തൽ ഭിഷജ്യതി,
യജ്ഞദ്വാരാ സ്വർഗ്ഗസാധനേ
നൌഷധ രൂപേണ
അന്ധഃ ഈം പ്ര ഖ്യൽ — അന്ധോപിപശ്യതി
ശ്രോണഃ നിഃ ഭൂൽ — പങ്കുരപി നിർഭവതി, നിർഗ്ഗച്ഛതി

അർത്ഥം—ഈ സോമൻ നഗ്നമായതിനെ അതായതു് ഫലമില്ലാത്തതിനെ ഫലംകൊണ്ടു മൂടുന്നു, ഫലവത്താക്കുന്നു. രോഗബാധിതമായ എല്ലാററിനെയും യജ്ഞംവഴി സ്വർഗ്ഗം നേടുന്ന ഔഷധംകൊണ്ടു് ചികിത്സിക്കുന്നു. (എല്ലാ സാംസാരിക ക്ലേശങ്ങളും തീർത്തു് സ്വർഗ്ഗസുഖമേകുന്നു.) അവിടുന്നു് കണ്ണില്ലാത്തവനെങ്കിലും കാണുന്നു. നടക്കാൻ വയ്യാത്തവനെങ്കിലും നടക്കുന്നു.

3 ത്വംസോമതനൂകൃദ്ഭ്യോ

ദ്വേഷോഭ്യോന്യകൃതേഭ്യഃ

ഉരുയന്താസിവരൂഥം

അന്വയം:—

ഹേ സോമ, ത്വം
തനൂ കൃൽ—ഭ്യഃ — കൃശീകുർവ്വത്ഭ്യഃ, അങ്ഗാനാം
വിച്ഛേദകേഭ്യഃ
അന്യ—കൃതേഭ്യഃ
ദ്വേഷഃ—ഭ്യഃ — ശത്രുകൃതേഭ്യോ പ്രിയേഭ്യഃ
വരൂഥം ഉരു യന്താ അസി— വാരകം, രക്ഷണം സ്തോതൄണാം
ബഹുകൃൽഭവസി

അർത്ഥം—അല്ലയോ സോമ, അംഗവിച്ഛേദികളായ ശത്രുക്കളുടെ ദ്രോഹങ്ങൾക്കു് നിവാരകമായ രക്ഷണം അവിടുന്നു സ്തോതാക്കൾക്കു ധാരാളം ചെയ്യുന്നവനാകുന്നു.

4 ത്വംചിത്തീതവദക്ഷൈ

ർദ്ദിവആപൃഥിവ്യാഋജീഷിൻ

യാവീരഘസ്യചിദ്വേഷഃ

അന്വയം:—

ഹേ ഋജീഷിൻ, — തൃതീയസവനഗതേന ഋജീഷേണ യുക്ത, സോമ,

ത്വം തവ ചിത്തീ — ചിത്ത്യാ, പ്രജ്ഞയാ

ദക്ഷൈഃ ദിവഃ ആ പൃഥിവ്യാഃ — ബലൈഃ ദിവശ്ചഭൂമേശ്ച സകാശാൽ (ആ ഇതിചാർത്ഥേ)

അഘസ്യ ചിൽ ദ്വേഷഃ യാവീഃ — അസ്മാകമാഹന്തുരപിശത്രോഃ കൃത്യാം പൃഥക്കുരു

അർത്ഥം—മൂന്നാം സവനത്തിലെ സോമത്തോടു കൂടിയ സോമ, അവിടുത്തെ പ്രജ്ഞയാലും ബലങ്ങളാലും അവിടുന്ന് ദ്യോവിൽനിന്നും ഭൂവിൽനിന്നും ഞങ്ങളുടെ ശത്രുവിന്റെ ചെയ്തിയെ അകററിയാലും.

5 അർത്ഥിനോയന്തിചേദർത്ഥ
ങ്ഗച്ഛാനിദ്ദദുഷോരാതിം
വവൃജ്യുസ്തൃഷ്യതഃകാമം വ. 33

അന്വയം:—

അർത്ഥിനഃ — ധനാനി കാമയമാനാഃ

അർത്ഥം (പ്രതി) യന്തി ച ഇൽ — യന്തിചൈവ

(ഗത്വാച) ദദുഷഃ രാതിം ഗച്ഛാൻ ഇൽ — ദാതുർദ്ദാനം ഗച്ഛന്തി ച

(ഗതേഷു മധ്യേ ഹേ സോമ, യം ത്വമനുഗൃഹ്ണാസി)

(തസ്യ) തൃഷ്യതഃ — ഭിക്ഷമാണസ്യ

കാമം വവൃജ്യുഃ — പുനഃ കാമാനാവർജ്ജയന്തി, താവൽപര്യന്തം പൂരയന്തി

അർത്ഥം—ധനകാംക്ഷികൾ ധനത്തിന്നുവേണ്ടി പോവുകയും ദാതാവിൽനിന്നു ദാനം നേടുകയും ചെയ്യുന്നു. അപ്രകാരം പോയവരിൽ അല്ലയോ സോമ, ആരെ അവിടുന്ന് അനുഗ്ര

ഹിക്കുന്നുവോ, ആ യാചകനെ കാമങ്ങളും, ധനകാംക്ഷകളും വിട്ടുപിരിയുന്നു. അയാളുടെ അഭിലാഷം അത്രമാത്രം, എനി യാചിക്കേണ്ടാത്തവിധം പൂർത്തിയാവുന്നു.

6 വിദദ്യൽപൂർവ്വ്യന്നഷ്ട

മുദീമൃതായുമീരയൽ

പ്രേമായുസ്താരീദതീർണ്ണം

അന്വയം:—

യൽ പൂർവ്വ്യം നഷ്ടം വിദൽ— യദാപൂർവ്വം നഷ്ടം ധനം, നഷ്ടധനോലഭതേ
ഈം ഋത-യും — നഷ്ടധനലാഭാർത്ഥം യജ്ഞകാമം
ഉൽ ഈരയൽ — പ്രേരയതി, ക്രതും സാധയതി
ഈം ആയുഃ അതീർണ്ണം പ്ര താരീൽ — അപാരം വർദ്ധയതി

അർത്ഥം—എപ്പോൾ പോയ മുതൽ ഉടമസ്ഥന്നു തിരിച്ചു കിട്ടുന്നുവോ, അപ്പോൾ പോയതു കിട്ടാനായുള്ള യജ്ഞവാഞ്ഛ അവനെ പ്രേരിപ്പിക്കുന്നു, യാഗം സാധിപ്പിക്കുന്നു. യജ്ഞം അവന്നായുസ്സ് കടത്തി വർദ്ധിപ്പിക്കുന്നു.

7 സുശേവോനോമൃളയാകു

രദൃപ്തക്രതുരവാതഃ

ഭവാനസ്സോമശംഹൃദേ

അന്വയം:—

ഹേ സോമ, നഃ ഹൃദേ — പീതസ്ത്വമസ്മാകം ഹൃദയേ
സു-ശേവഃ, മൃളയാകുഃ — സുസുഖഃ, സുഖയിതാ
അദൃപ്ത-ക്രതുഃ — അപ്രമത്തപ്രജ്ഞഃ
അവാതഃ നഃ ശം ഭവ — അഗമനോസ്മാകം ശന്തമോ ഭവ

അർത്ഥം—അല്ലയോ സോമ, കുടിക്കപ്പെട്ട അവിടുന്നു് ഞങ്ങളുടെ ഹൃദയത്തിൽ നൽസുഖമിയററുന്നവനും, സുഖകരനും പിഴയ്ക്കാത്ത പ്രജ്ഞയൊത്തവനും, വിട്ടുപിരിയാതെ ഏററവും സുഖമുണ്ടാക്കുന്നവനുമായാലും.

8 മാനസ്സോമസംവീവിജോ
മാവിബീഭിഷഥാരാജൻ
മാനോഹാർദ്ദിത്വിഷാവധീഃ

അന്വയം:—

| | |
|---|---|
| ഹേ സോമ, നഃ | പീതസ്ത്വമസ്മാൻ |
| മാ സം വീവിജഃ | ചലിതാംഗാൻ മാ കാർഷീഃ |
| ഹേ രാജൻ, മാ വി ബീഭിഷഥാഃ | ഭീതാൻ മാ കുരു |
| നഃ ഹാർദ്ദി ത്വിഷാ മാ വധീഃ | അസ്മാകം ഹൃദയം മാ ഹിംസീഃ |

അർത്ഥം—അല്ലയോ സോമ, കുടിക്കപ്പെട്ട അവിടുന്നു ഞങ്ങളെ ചലിതാംഗരാക്കരുതെ, പേടിപ്പിക്കരുതേ.

9 അവയൽസ്വേസധസ്ഥേ
ദേവാനാന്ദുർമ്മതീരീക്ഷേ
രാജന്നപദ്വിഷസ്സേധ
മീഢ്വോഅപസ്രിധസ്സേധ

വ. 34

അന്വയം:—

| | |
|---|---|
| സ്വേ സധ—സ്ഥേ | സ്വകീയേ സഹസ്ഥാനേ, ഗൃഹേ |
| ദേവാനാം ദുഃ—മതീഃ | ദുർമ്മതയഃ ന പ്രവിശന്തു |
| യൽ അവ ഈക്ഷേ | യദാഹന്ത്വം വാ ഈക്ഷസേ, തദാ |
| ഹേ രാജൻ, ദ്വിഷഃ അപ സേധ | അസ്മദ്ദ്വേഷ്ടൄൻ ഹിന്ധി |
| ഹേ മീഢ്വഃ, | സോമരസസ്യസേക്തഃ |
| സ്രിധഃ അപ സേധ | ഹിംസകാൻ ഹിന്ധി |

അർത്ഥം—സ്വന്തം വാസസ്ഥലത്തു്, ഗൃഹത്തിൽ, ദേവന്മാരിൽ ദുർബ്ബുദ്ധി ഏന്തിയവർ പ്രവേശിയ്ക്കാതിരിയ്ക്കട്ടേ. അല്ലയോ രാജൻ, അവിടുന്നോ ഞാനോ കണ്ടിരിയ്ക്കുമ്പോഴും ഞങ്ങളുടെ ശത്രുക്കളെ ഹനിച്ചാലും. ചാർ ത്തുകുന്ന സോമ, ദ്രോഹികളെ ഹനിച്ചാലും.

വർഗ്ഗഃ—35-36 നോധസഃ പുത്രഃ ഏകദ്യൂഃ ഋഷിഃ, ഗായത്രീ ത്രിഷ്ടുഭൌച്ഛന്ദസീ, ഇന്ദ്രോ ദേവാശ്ച ദേവതാ.

1 നഹ്യഽന്യംബളാകരം

മഡീതാരംശതക്രതോ

ത്വന്നഇന്ദ്രമൃളയ

അന്വയം:—

| | |
|---|---|
| ഹേ ശത—ക്രതോ, ഇന്ദ്ര, | |
| അന്ന്യം മഡിതാരം | — സുഖയിതാരം |
| ബളാ നഹി അകരം | — ബട്, സത്യം ന കരോമി, പ്രാപ്നോമി |
| (തസ്മാൽ) ത്വം നഃ മൃളയ | — അസ്മാൻ സുഖയ |

അർത്ഥം-അല്ലയോ ബഹുകർമ്മാവായ ഇന്ദ്ര, മറെറാരു സുഖദാതാവിനെ ഞാൻ പ്രാപിയ്ക്കുന്നില്ല. അതിനാൽ ഞങ്ങളെ സുഖിപ്പിച്ചാലും.

2 യോനശ്ശശ്വൽപുരാവി

ഥാമൃധ്രോവാജസാതയേ

സത്വന്നഇന്ദ്രമൃളയ

അന്വയം:—

| | |
|---|---|
| ഹേ ഇന്ദ്ര, യഃ (ത്വം) | |
| അമൃധ്രഃ | — അഹിംസകഃ, സത്വം |
| നഃ വാജ—സാതയേ | — അസ്മാകമന്ന ലാഭായ |
| പുരാ ആവിഥ | — പൂർവ്വം രക്ഷിതവാൻ, |
| സഃ ത്വം നഃ ശശ്വൽ | |
| മൃളയ | — അസ്മാൻ സദാ സുഖയ |

അത്ഥം—അല്ലയോ ഇന്ദ്ര, യാതൊരവിടുന്നു് ഹിംസിയ്ക്കാത്തവനായി ഞങ്ങൾക്കന്നലാഭത്തിന്നുവേണ്ടി മുമ്പു രക്ഷിച്ചുവോ, ആ അവിടുന്നു് എപ്പോഴും ഞങ്ങളെ സുഖിപ്പിച്ചാലും.

3 കിമംഗരധ്രചോദന

സ്സുന്വാനസ്യാവിതേദസി

കുവിൽസ്വിന്ദ്രണശ്ശകഃ

അന്വയം:—

ഹേ അംഗ, ഇന്ദ്ര, (ത്വം)
രധ്ര–ചോദനഃ — അഭിമുഖേന്ദ്ര, രാധകം ചോദയതീതി സഃ, താദൃശസ്ത്വം

സുന്വാനസ്യ അവിതാ
ഇൽ കിം അസി — സോമമഭിഷുണ്വതോരക്ഷിതാ ഹി കിമസി?

(അതഃ) നഃ കുവിൽ സു
ശകഃ — അസ്മാകം ബഹു, സുഷ്ഠുശക്തോ ഭവ, ബഹുധനം കുരു

അത്ഥം-അല്ലയോ അഭിമുഖനായ ഇന്ദ്ര, അവിടുന്നു് ആരാധകന്നു് ധനമെത്തിക്കുന്നവനാകുന്നു. അപ്രകാരമുള്ള അവിടുന്നു് സോമം സംസ്ക്കരിക്കുന്നവന്നു രക്ഷകൻതന്നെയല്ലേ?. അതിനാൽ ഞങ്ങൾക്കു് ശക്തനായി ഭവിച്ചാലും, ശക്തിപ്രദനായി ധനമുണ്ടാക്കിയാലും.

4 ഇന്ദ്രപ്രണോരഥമവ

പശ്ചാച്ചിൽസന്തമദ്രിവഃ

പുരസ്താദേനംമേകൃധി

അന്വയം:—

ഹേ അദ്രി–വഃ, ഇന്ദ്ര, — വജ്രവന്നിന്ദ്ര,
നഃ രഥം പശ്ചാൽ ചിൽ
സന്തം
— (ചിദപ്യത്ഥേ) അസ്മൽ സമാന രഥാനാം പശ്ചാൽ ഭൂതമപി

പ്ര അവ — പ്രരക്ഷ
മേ ഏനം പുരസ്താൽ കൃധി — മമരഥം പുരസ്താദ്വർത്തമാനം കുരു

അർത്ഥം—അല്ലയോ വജ്രവാനായ ഇന്ദ്ര, ഞങ്ങളുടെ തേർ ഒപ്പമുള്ള തേരുകൾക്കു പിന്നിൽപ്പെട്ടാലും, അവിടുന്നു നന്നായി രക്ഷിച്ചാലും. എന്റെ ആ തേരിനെ മുന്നിലാക്കിയാലും.

5 ഹന്തോനുകിമാസസേ
പ്രഥമന്നോരഥങ്കൃധി
ഉപമംവാജയുശ്രവഃ വ. 35

അന്വയം:—
ഹന്തോ (ഹേ ഇന്ദ്ര,) നു — ഇദാനീം
കിം ആസസേ? — കിം തൂഷ്ണീം സ്ഥിതോസി?
നഃ രഥം പ്രഥമം കൃധി — സർവ്വേഷാം മുഖ്യം കുരു
വാജ—യു ശ്രവഃ — അസ്മാകം ഹവിരന്നമിച്ഛന്തം ഹവിരന്നം
ഉപ—മം — തവാന്തികഭൃതം വർത്തതേ

അർത്ഥം—അല്ലയോ ഇന്ദ്ര, ഇപ്പോഴെന്താണു് മിണ്ടാതിരിക്കുന്നതു്.? ഞങ്ങളുടെ തേർ മുഖ്യമാക്കിയാലും. ഞങ്ങൾക്കന്നമിച്ഛിക്കുന്ന ഹവിരന്നം അവിടേയ്ക്കരികിൽത്തന്നെ ഇരിക്കുന്നു.

6 അവാനോവാജയുംരഥം
സുകരന്തേകിമിൽപരി
അസ്മാന്ഥ്സുജിഗ്യുഷസ്കൃധി

അന്വയം:—
(ഹേ ഇന്ദ്ര,) നഃ വാജ—യും
രഥം അവ — അസ്മാകമന്നേച്ഛും രഥം സങ്ഗ്രാമേരക്ഷ

തേ കിം ഇൽ പരി
സു–കരം? — കിമപി കൎത്തവ്യജാതം പരീത
സ്സുഖേന കൎത്തവ്യം?

(തവ കൎത്തുമശക്യം ന കിഞ്ചിദപി)
(തസ്മാൽ) അസ്മാൻ സു
ജിഗ്യുഷഃ കൃധി — സുഷ്ഠുജേതൄൻ കുരു

അൎത്ഥം—അല്ലയോ ഇന്ദ്ര. അന്നമിച്ഛിക്കുന്ന ഞങ്ങളുടെ തേരിനെ യുദ്ധത്തിൽ രക്ഷിച്ചാലും. അവിടേയ്ക്കു് ഏതു കൎത്തവ്യവും സുഖമായി നിൎവ്വഹിക്കത്തക്കതല്ലേ? (അവിടേയ്ക്കു ചെയ്യാൻ വയ്യാത്തതായൊന്നുമില്ല.) അതിനാൽ ഞങ്ങളെ ജേതാക്കളാക്കിയാലും.

7 ഇന്ദ്രദൃഹ്യസ്വപൂരസി

ഭദ്രാതഏതിനിഷ്കൃതം

ഇയന്ധീരൃത്വിയാവതീ

അന്വയം:—

ഹേ ഇന്ദ്ര. ദൃഹ്യസ്വ — സംഗ്രാമേ ദൃഢോ ഭവ
(ത്വം) പൂഃ അസി — കാമാനാം പൂരയിതാസി
ഭദ്രാ ഇയം ധീഃ — കല്യാണീയം സ്തുതിഃ
തേ നിഃ—കൃതം — തുഭ്യം നിഷ്കൃതം, സംസ്കൃതം
ഋത്വിയ—വതീ ഏതി — സ്വകാലോപേതാസതീ തവ
സ്ഥാനം ഗച്ഛതി

അൎത്ഥം—അല്ലയോ ഇന്ദ്ര, യുദ്ധത്തിലുറച്ചുനിന്നാലും. അവിടുന്നു് അഭീഷ്ടപൂരകനാകുന്നു. മംഗളകാരിയായ ഈ സ്തുതി അവിടേക്കുവേണ്ടി സംസ്കരിക്കപ്പെട്ടതത്രേ. കാലമൊത്തവിധം അതവിടുത്തെ സ്ഥാനത്തെ പ്രാപിക്കുന്നു.

8 മാസീമവദ്യആഭാഗ്

ഉൎവ്വീകാഷ്ഠാഹിതന്ധനം

അപാവൃക്താഅരത്നയഃ

അന്വയം:-

മാ (അസ്മാൻ) സീം — സർവ്വതഃ
അവദ്യേ ആ ഭാക് — നിന്ദാ മാ ഭജതു, പ്രാപ്നോതു
(പാപരഹിതാൻ കുരു)
(കിഞ്ച) ഉർവ്വീ കാഷ്ഠാ — ബഹ്വന്തരാള ആജ്യന്തഃ
(തത്ര) ഹിതം ധനം — ശത്രുസംബന്ധിധമസ്മാകം ഭവതു
അരതായഃ അപ-
ആവൃക്താഃ — അരമമാണാശ്ശത്രവഃ
അപാവൃക്താസ്സന്തു

അർത്ഥം–ഞങ്ങളെ നിന്ദ, നിന്ദയ്ക്കു കാരണമായ പാപം, പ്രാപിയ്ക്കരുതേ. പിന്നെ, യുദ്ധഭൂമിയുടെ വളരെ ഉള്ളിലായി ശത്രുക്കളുടെ ധനം വെയ്ക്കപ്പെട്ടിട്ടുണ്ട്. അതു ഞങ്ങൾക്കാവട്ടേ. ഇണങ്ങാത്ത ശത്രുക്കൾ അകന്നവരാവട്ടേ.

9 തുരീയന്നാമയജ്ഞിയം

യദാകരസ്തദുശ്മസി

ആദിൽപതിർന്നഓഹസേ

അന്വയം:-

(ഹേ ഇന്ദ്ര, ത്വം)
യജ്ഞിയം — യജ്ഞസംബന്ധി
തുരീയം നാമ യദാ കരഃ — സോമയാജീതിനാമ യദാ
കരോഷി
തൽ ഉശ്മസി — കാമയാമഹേ
ആൽ ഇൽ — അനന്തരമേവ
പതിഃ നഃ ഓഹസേ — പാലകസ്ത്വമസ്മാൻ വഹസി

അർത്ഥം–അല്ലയോ ഇന്ദ്ര, യജ്ഞസംബന്ധിയായ നാലാമത്തെ പേർ, സോമയാജി എന്ന പേർ, അവിടുന്നെപ്പോൾ വിളിക്കുമോ, അതിനെ കാംക്ഷിക്കുന്നു. അതിന്നുശേഷം മാത്രമാണ് രക്ഷകനായ അവിടുന്ന് എന്നെ വഹിക്കുന്നതു്. (നക്ഷത്രനാമം, ഗുഹ്യനാമം (ഇട്ടപേർ), പ്രകാശനാമം (വിളിക്കുന്ന പേർ) എന്നിവയാണ് മൂന്നു പേരുകൾ. നാലാമത്തേതു സോമയാജി എന്നതും. ഉദാ: രോഹിണി നക്ഷത്രം നാരായണൻ എന്ന കുട്ടൻ സോമയാജിപ്പാട്.)

10 അവീവൃധദ്വോഅമൃതാഅമന്ദീ
ദേകദ്യൂർദ്ദേവാഉതയാശ്ചദേവീഃ
തസ്മാഉരാധഃകൃണുതപ്രശസ്തം
പ്രാതർമ്മക്ഷൂധിയാവസുർജ്ജഗമ്യാൽ വ. 36

അന്വയം:–

| | |
|---|---|
| ഹേ അമൃതാഃ, ദേവാഃ, വഃ | — യുഷ്മാനയം |
| അവീവൃധൽ | — സ്തുത്യാവർദ്ധയതി |
| അമന്ദീൽ | — സോമേന തർപ്പയതി |
| (അയം) ഏക–ദ്യൂഃ | — ഋഷിരഹം |
| ഉത ഹേ ദേവീഃ, യാഃ ച | — അപിച ദേവപത്ന്യഃ യാശ്ചതാ യൂയം |
| തസ്മൈ ഉ രാധഃ<br>പ്ര–ശസ്തം കൃണുത | — തസ്മൈ മഹ്യമേവധനം പ്രവൃദ്ധം കുരുത |
| പ്രാതഃ മക്ഷു<br>ധിയാ_വസുഃ | — പ്രാതരേവ ക്ഷിപ്രം കർമ്മധനഃ ഇന്ദ്രഃ |
| ജഗമ്യാൽ | — ആഗച്ഛതു |

അർത്ഥം—അല്ലയോ അമരന്മാരായ ദേവന്മാരേ, നിങ്ങളെ ഈയുള്ളവൻ സ്തുതിയാൽ വളർത്തുന്നു. സോമംകൊണ്ടു തൃപ്തിപ്പെടുത്തുന്നു. ഈയുള്ളവൻ ഏകദ്യ എന്ന ഋഷിയായ ഞാനാകുന്നു. ദേവപത്നിമാരാരോ, ആ ദേവിമാരേ, ആ എനിക്കുതന്നെ ധനം പ്രവൃദ്ധമാക്കിയാലും. പ്രഭാതത്തിൽ തന്നെ വേഗം കർമ്മധനനായ ഇന്ദ്രൻ വന്നരുളട്ടേ.

വർഗ്ഗം—37_38 കണ്വപുത്രഃ കുസീദ്യൃഷിഃ, ഗായത്രീച്ഛന്ദഃ, ഇന്ദ്രോദേവതാ.

1 ആതൂനഇന്ദ്രക്ഷുമന്ത
ഞ്ചിത്രങ്ഗ്രാഭംസങ്ഗൃഭായ
മഹാഹസ്തീദക്ഷിണേന

അന്വയം:—

ഹേ ഇന്ദ്ര,
മഹാ—ഹസ്തീ നഃ — മഹാഹസ്തവാംസ്ത്വമസ്മഭ്യം ദാതും
ക്ഷു—മന്തം, ചിത്രം, ഗ്രാഭം — ശബ്ദവന്തം, സ്തുത്യം,
ചായനീയം, ഗ്രഹണാർഹം
ദക്ഷിണേന ആ തു
സം ഗൃഭായ — ദക്ഷിണേന ഹസ്തേനാഭി
മുഖ്യേന ക്ഷിപ്രം സംഗൃഹാണ

അർത്ഥം—അല്ലയോ ഇന്ദ്ര, (ദാനംകൊണ്ടു്) മഹത്തായ കയ്യോടുകൂടിയ അവിടുന്നു് ഞങ്ങൾക്കു തരാനായി പ്രശസ്തവും കാമ്യവും വാങ്ങാൻ പററിയതുമായ ധനം അവിടുത്തെ വലം കയ്യുകൊണ്ടു് നേരേ എടുത്തുപിടിച്ചാലും.

2 വിദ്മാഹിത്വാതുവികൂർമ്മി

ന്തുവിദേഷ്ണന്തുവീമഘം

തുവിമാത്രമവോഭിഃ

അന്വയം:—

(ഹേ ഇന്ദ്ര,)
തുവി—കൂർമ്മിം — ബഹുകർമ്മാണം
തുവി—ദേഷ്ണം — ബഹുപ്രദേയ ധനം
തുവി—മഘം,
തുവി—മാത്രം — ബഹുധനം, ബഹുപ്രമാണം
അവഃ—ഭിഃ ത്വാ
വിദ്മ ഹി — രക്ഷാഭിര്യുക്തന്ത്വാം ജാനീമഃ
ഖലു

അർത്ഥം—അല്ലയോ ഇന്ദ്ര, വളരെ കർമ്മങ്ങളൊത്തവനും കൊടുക്കാനുള്ള വളരെ ധനങ്ങളുള്ളവനും അധികം ധനമുററവനും പെരിയ മെയ്യോടുകൂടിയവനും സകല രക്ഷണങ്ങളുമേന്തുന്നവനുമായ അവിടുത്തെ ഞങ്ങളറിയുമല്ലോ.

3 നഹിത്വാശൂരദേവാ
നമർത്താസോദിഥ്സന്തം
ഭീമന്നഗാംവാരയന്തേ

അന്വയം:—

| | |
|---|---|
| ഹേ ശൂര,<br>ദിഥ്സന്തം ത്വാ | — വിക്രാന്തേന്ദ്ര, ദാതുമിച്ഛന്തം ത്വാം |
| ഭീമം ന ഗാം | — ഭയജനകം വൃഷഭമിവ, യവസേ പ്രവൃത്തം തം യഥാ വാരയിതും ന ശക്നുവന്തി, തദ്വൽ |
| ദേവാഃ നഹി വാരയന്തേ | — ന നിവാരയന്തി |
| മർത്താസഃ ന | — മനുഷ്യാ ന നിവാരയന്തി |

അർത്ഥം:—അല്ലയോ വിക്രമിയായ ഇന്ദ്ര, (ഉപാസകർക്ക്) കൊടുക്കാനിച്ഛിക്കുന്ന അവിടുത്തെ, ഭയങ്കരനായ ഒരു കാള പുല്ലുതിന്നു നടക്കുമ്പോഴും അതിനെ തടുക്കാൻ ആരും ശക്തരല്ലാത്തതുപോലെ, ദേവന്മാർ തടുക്കുന്നില്ല, മനുഷ്യരും തടുക്കുന്നില്ല.

4 ഏതോന്വിന്ദ്രംസ്തവാ
മേശാനംവസ്വസ്വരാജം
നരാധസാമർദ്ധിഷന്നഃ

അന്വയം:—

| | |
|---|---|
| (ഹേ അസ്മദീയാഃ) ഏതോ | — ആഗച്ഛതൈവ |
| വസ്വഃ ഈശാനം | — ധനസ്യ സ്വാമിനം |
| സ്വ–രാജം ഇന്ദ്രം നു<br>സ്തവാമ | — സ്വയമേവ രാജമാനം ക്ഷിപ്രം സ്തവാമ |
| നഃ | — ഇന്ദ്രേണാനുഗൃഹീതാനസ്മാൻ |
| രാധസാ ന മർദ്ധിഷൽ | — ധനേനാന്യോധനീനബാധതാം |

അർത്ഥം—എന്റെ കൂട്ടരേ, വരൂ. ഐശ്വര്യത്തിന്നധീശനും സ്വയം പ്രകാശിക്കുന്നവനുമായ ഇന്ദ്രനെ വേഗത്തിൽ നമുക്കു സ്തുതിക്കുക. ഇന്ദ്രനാൽ അനുഗൃഹീതരായ നമ്മളെ മറെറാരു ധനികൻ തന്റെ ധനത്താൽ ഉപദ്രവിക്കാതിരിക്കട്ടേ.

5 പ്രസ്തോഷദുപഗാസിഷ

ച്ഛ്രവൽസാമഗീയമാനം

അഭിരാധസാജുഗുരൽ വ. 37

അന്വയം:—

പ്ര സ്തോഷൽ — സ്തോതാ ഇന്ദ്രം പ്രസ്തൌതു
ഉപ ഗാസിഷൽ — ഉപഗമനം ച കരോതു
ഗീയമാനം സാമ ശ്രവൽ — ശൃണോതു
രാധസാ — ധനേന യുക്തഃ അസ്മാൻ
അഭി ജുഗുരൽ — അഭിഗൃണാതു, സ്വീകരോതു

അർത്ഥം—സോമം സംസ്കരിക്കുന്നവൻ ഇന്ദ്രനെ നന്നായി സ്തുതിക്കട്ടേ. അവിടുന്നണയട്ടെ. പാടപ്പെടുന്ന സാമം കേൾക്കട്ടേ. ധനമൊത്തവനായ് നമ്മെ അവിടുന്നു് സ്വീകരിക്കട്ടേ.

6 ആനോഭരദക്ഷിണേ

നാഭിസവ്യേനപ്രമൃശ

ഇന്ദ്രമാനോവസോർന്നിർഭാൿ

അന്വയം:—

ഹേ ഇന്ദ്ര, നഃ ആ ഭര — അസ്മഭ്യം ധനമാഹര
(ആഹൃത്യ) ദക്ഷിണേന
സവ്യേന — ഉഭാഭ്യാം ഹസ്താഭ്യാം
അഭി പ്ര മൃശ — പ്രയച്ഛ
നഃ വസോഃ മാ നിഃ ഭാൿ — ധനാൽ മാനിർഭാക്ഷീഃ

അർത്ഥം—അല്ലയോ ഇന്ദ്ര, ഞങ്ങൾക്കു ധനം കൊണ്ടു വന്നാലും. കൊണ്ടുവന്നിട്ടു്, ഇടം വലം കൈകളാൽ തന്നരുളിയാലും. ഞങ്ങളെ ധനത്തിൽനിന്നകററരുതേ.

7 ഉപക്രമസ്വാഭര

ധൃഷതാധൃഷ്ണോജനാനാം

അദാശുഷ്ടരസ്യവേദഃ

അന്വയം:—

(ഹേ ഇന്ദ്ര, ത്വം) ഉപ
ക്രമസ്വ — ധനം ദാതും പ്രവൃത്തോ ഭവ
ഹേ ധൃഷ്ണോ, ധൃഷതാ — ധർഷക, ധൃഷ്ടേന ചേതസാ യുക്തസ്സൻ
ജനാനാം അദാശുഃ-
തരസ്യ — തേഷാം മദ്ധ്യേ അത്യന്തമദാതൃതമസ്യ
വേദഃ ആ ഭര — ധനമാഹര

അർത്ഥം—അല്ലയോ ഇന്ദ്ര, അവിടുന്നു ധനമേകാനായി മുതിർന്നാലും. കൂസലററ ഇന്ദ്ര, കരുത്തുററ മനസ്സൊത്തവനായി, ജനങ്ങൾക്കിടയിൽ ഒട്ടും കൊടുക്കാത്തവൻെറ ധനം ഞങ്ങൾക്കു കൊണ്ടുതന്നാലും.

8 ഇന്ദ്രയഉനുതേഅസ്തി

വാജോവിപ്രേഭിസ്സനിത്വഃ

അസ്മാഭിസ്സുതംസനുഹി

അന്വയം:—

ഹേ ഇന്ദ്ര, യഃ വാജഃ — അന്നം
വിപ്രേഭിഃ സനിത്വഃ
തേ അസ്തി — മേധാവിഭിസ്സംഭജനീയം തവാസ്തി
തം അസ്മാഭിഃ — തമന്നമസ്മാഭിര്യാചിതസ്സൻ
നു ഉ സു സനുഹി — അദ്യൈവാസ്മഭ്യം സുഷ്ഠു ദേഹി

അർത്ഥം—അല്ലയോ ഇന്ദ്ര, യാതൊരന്നം മേധാവികളാൽ പ്രാപ്യമായി അവിടേക്കുണ്ടോ, അതു ഞങ്ങളാൽ പ്രാർത്ഥിക്കപ്പെട്ടവനായി, ഞങ്ങൾക്കിപ്പോൾത്തന്നെ തന്നരുളിയാലും.

9 സദ്യോജുവസ്തേവാജാ
അസ്മഭ്യംവിശ്വശ്ചന്ദ്രാഃ
വശൈശ്ചമക്ഷൂജരന്തേ
വ. 38

അന്വയം:—

(ഹേ ഇന്ദ്ര,) വിശ്വചന്ദ്രാഃ — സർവ്വേഷാമാഹ്ലാദകാഃ
തേ വാജാഃ അസ്മഭ്യം — അന്നാന്യസ്മഭ്യം
സദ്യഃ-ജുവഃ — ശീഘ്രംഗന്താരോ ഭവന്തു
(അസ്മദീയാജനാഃ)
വശൈഃ — കാമൈരനേകൈര്യുക്താഃ
മക്ഷു ജരന്തേ ച — ശീഘ്രം സ്തുവന്തി ച

അർത്ഥം-അല്ലയോ ഇന്ദ്ര, ഏവർക്കും ആഹ്ലാദമിയറുന്ന അവിടുത്തെ അന്നങ്ങൾ ഞങ്ങൾക്കുനേരെ വേഗമെത്തുന്നവയാവട്ടെ. എൻെറ കൂട്ടരായ ജനങ്ങൾ പലപല അഭിലാഷങ്ങളോടു കൂടി അവിടുത്തെ വേഗത്തിൽ സ്തുതികളെയും ചെയ്യുന്നു.

5-ാം അദ്ധ്യായം സമാപ്തം

# അദ്ധ്യായപീഠിക

## അഷ്ടകം–6 അദ്ധ്യായം–6

1–2 വൎഗ്ഗങ്ങൾ ഇന്ദ്രൻ. 3–4 വിശ്വദേവന്മാർ. 5–6 അഗ്നി, 7 മുതൽ 10 കൂടി അശ്വികൾ. 11–12–13 ഇന്ദ്രൻ. ഇതിൽ പുരുഷസൂക്തത്തിലെന്നപോലെ ഇന്ദ്രനെ പരമപുരുഷനാക്കി പ്രപഞ്ചസൃഷ്ടി ഭാഗികമായി വൎണ്ണിക്കുന്നു. 14 ഇന്ദ്രൻ. 13–14 കൂടിയ സൂക്തത്തിന്നു് ഒരു വിശേഷമുണ്ടു്. ത്വഗ്രോഗം മൂലം ഭൎത്തൃപരിത്യക്തയായ അപാല എന്ന ബ്രഹ്മവാദിനി ഇന്ദ്രനെ ഉപാസിച്ചുകൊണ്ടിരിക്കെ കുളിക്കാൻ പോയപ്പോൾ ഒരു സോമലത, അതിന്ദ്രന്നു് പ്രിയമാണെന്നറിഞ്ഞുകൊണ്ടു് പറിക്കുന്നു. വായിലിട്ടു് കടിച്ചു ചവക്കുന്നു. ആ ശബ്ദംകേട്ടിന്ദ്രൻ സമീപിച്ചു് പകുതി ചവച്ച സോമലത സ്വയം സ്വീകരിക്കുന്ന സരസമായ കഥ ഇതിൽ അടങ്ങുന്നു. 15 മുതൽ 27 കൂടിയും ഇന്ദ്രൻ തന്നെ. 4–ാം മന്ത്രം കാൎയ്യസാദ്ധ്യത്തിന്നു് പ്രത്യേകം ജപ്യമായി കരുതുന്നു. 28–29 മരുത്തുക്കൾ. 30–31. ഇന്ദ്രൻ ഒടുവിലത്തെ മൂന്നു് ഋക്കുകൾ പുണ്യാഹമന്ത്രങ്ങളിൽ പെട്ടതാണു്. 32 മുതൽ 35 കൂടി ഇന്ദ്രനും ഇന്ദ്രമരുത്തുക്കളും ഇന്ദ്രബൃഹസ്പതിമാരും ദേവത. 4–ാം മന്ത്രത്തിലെ ഇന്ദ്രസ്തുതി അതീവ വിശിഷ്ടമാണു്.

വൎഗ്ഗം —1 —2 കാണ്വഃ കുസീദ്യൃഷിഃ, ഗായത്രീച്ഛന്ദഃ, ഇന്ദ്രോ ദേവതാ

1 ആപ്രദ്രവപരാവ

തോൎവ്വാവതശ്ചവൃത്രഹൻ

മധ്വഃപ്രതിപ്രഭൎമ്മണി

അന്വയം:—

| | |
|---|---|
| ഹേ വൃത്ര–ഹൻ, | — വൃത്രഹന്തരിന്ദ്ര, |
| പ്ര–ഭൎമ്മണി | — പ്രകൃഷ്ടാഃ, കൎമ്മണി കുശലാഃ, ഭൎമ്മാണഃ, ഹവിഷ്പ്രദാനേന ദേവാനാം പോഷകാ ഋത്വിജഃ യസ്മിൻ, യജ്ഞേ |

മധ്വഃ പ്രതി — സോമാൻ പ്രതി
പരാ–വതഃ,
അർവ്വാ–വതഃ ച — ദൂരദേശാൽ, സമീപസ്ഥദേശാച്ച
ആ പ്ര ദ്രവ — ആഭിമുഖ്യേന ത്വം ത്വരയാഗച്ഛ

അർത്ഥം—അല്ലയോ വൃത്രഹന്താവായ ഇന്ദ്ര ഉൽകൃഷ്ടന്മാരും കർമ്മകുശലന്മാരുമായ ഋത്വിക്കുകൾ ഹവിസ്സേന്തി ദേവന്മാരെ വളർത്തുന്ന യാഗത്തിൽ, സോമങ്ങളെ ഉദ്ദേശിച്ച് അകലേ നിന്നും അടുത്തുനിന്നും, അവിടുന്ന നേരേ ബദ്ധപ്പെട്ടു വന്നാലും.

2 തീവ്രാസ്സോമാസആഗഹി
സുതാസോമാദയിഷ്ണവഃ
പിബാദധൃഗ്യഥോചിഷേ

അന്വയം:—
(ഹേ ഇന്ദ്ര,) തീവ്രാഃ,
മാദയിഷ്ണവഃ — ക്ഷിപ്രം മദകാരിണഃ, മാദനശീലാഃ
(ഇമേ) സോമാസഃ
സുതാസഃ — സോമാ അഭിഷുതാഃ
ആ ഗഹി — ആഗച്ഛ
യഥാ ദധൃക് ഓചിഷേ — ധൃഷ്ടഃ, തൽപ്രീതൌ പ്രഗത്ഭസ്സമവൈഷി, സേവസേ
(തഥാ) പിബ — പാനങ്കുരു

അർത്ഥം—അല്ലയോ ഇന്ദ്ര, കടുത്തവയും ഹർഷണശീലമുററവയുമായ ഈ സോമങ്ങളിതാ സംസ്ക്കരിക്കപ്പെട്ടിരിക്കുന്നു. വന്നാലും; അതിൽ പ്രീതനായി, പ്രഗത്ഭനായി, അവിടുന്ന മുമ്പു കൈക്കൊണ്ടപോലെ കുടിച്ചാലും.

3 ഇഷാമന്ദസ്വാദു
തേരംവരായമന്യേവ
ഭുവത്തഇന്ദ്രശംഹൃദേ.

അന്വയം:—

ഹേ ഇന്ദ്ര, ഇഷ്ടാ
മന്ദസ്വ ഉ — സോമാന്നേന ഹൃഷ്ടോ ഭവ
ആൽ തേ വരായ — അനന്തരം തവ ശത്രുനിവാരകായ
മന്യവേ അരം — ക്രോധായാലം, പര്യാപ്തോ
ഭവതു; ക്രോധശമനേ സമർത്ഥോ
ഭവതു
(യദാസോമം പിബതി തദാ മന്യും ത്യജതി)
(കിഞ്ച) തേ ഹൃദേ ശം
ഭുവൽ — തവഹൃദയേ ശം കരഃ, സുഖ
കരോ ഭവതു

അർത്ഥം—അല്ലയോ ഇന്ദ്ര, സോമാന്നത്തിൽ തികച്ചും ഹർഷിച്ചാലും. അപ്പോൾ അവിടുത്തെ ശത്രുനിവാരകമായ ക്രോധത്തിന്ന്, ക്രോധമടക്കുവാൻ, അതു പര്യാപ്തമാവട്ടേ. (സോമം കുടിക്കുമ്പോഴാണ് കോപമൊതുങ്ങാറുള്ളതു്.) പിന്നെ, അവിടുത്തെ ഹൃദയത്തിന്ന് അതു സുഖകരമാവട്ടേ.

4 ആത്വശത്രവാഗഹി

ന്യുക്ഥാനിചഹൂയസേ

ഉപമേരോചനേദിവഃ

അന്വയം:—

ഹേ അശത്രോ, ദിവഃ തു
ആ ഗഹി — അസപത്നേന്ദ്ര, ദ്യുലോകാദസ്മ
ദ്യജ്ഞം ക്ഷിപ്രമാഗച്ഛ
രോചനേ ഉപ—മേ — അഗ്നിഭിർദ്ദീപ്യമാനേസ്മദീയേ
യജ്ഞേ
ഉക്ഥാനി നി ആ
ഹൂയസേ ച — ഉക്ഥേഭ്യസ്ത്വം നിതരാം അഭി
സ്തൂയസേ ച

അർത്ഥം—അല്ലയോ ശത്രുവില്ലാത്ത ഇന്ദ്ര, ഞങ്ങളുടെ യജ്ഞത്തിന്നു വേഗം വന്നാലും. അഗ്നികൾ ജ്വലിക്കുന്ന ഞങ്ങളുടെ യാഗത്തിൽ ശസ്ത്രങ്ങളാലവിടുന്ന് നേരെ ഏററവും സ്തുതിക്കപ്പെടുകയും ചെയ്യുന്നു.

5 തു॒ഭ്യായമദ്രി॑ഭിസ്സു॒തോ

ഗോഭി॑ശ്രീ॒തോമദാ॑യ॒കം

പ്രസോമ॑ഇന്ദ്രഹൂയതേ

വ. 1

അന്വയം:–

ഹേ ഇന്ദ്ര, അദ്രി–ഭിഃ — അഭിഷവഗ്രാവഭിഃ
അയം സോമഃ തുഭ്യ സുതഃ — ത്വദർത്ഥമഭിഷുതഃ
ഗോഭിഃ ശ്രീതഃ — ഗോവികാരൈഃ ക്ഷീരാദിഭിസ്സംസ്കൃതസ്സഃ
മദായ കം പ്ര ഹൂയതേ — മദാർത്ഥം സുഖേനാഗ്നൗ സ്വാഹാക്രിയതേ

അർത്ഥം–അല്ലയോ ഇന്ദ്ര, പിടിക്കല്ലുകളാൽ ഈ സോമം അവിടേക്കുവേണ്ടി സംസ്കരിക്കപ്പെട്ടിരിക്കുന്നു. പശുവിൻ പാൽ മുതലായവ ചേർത്തു സംസ്കരിച്ച അതു് അവിടേക്കു ഹർഷത്തിന്നായി സുഖമായഗ്നിയിൽ ഹോമിക്കപ്പെടുന്നു.

6 ഇന്ദ്ര॑ശ്രു॒ധിസുമേ॒ഹവ॑

മ॒സ്മേസു॒തസ്യ॒ഗോമ॑തഃ

വിപീ॒തിംതൃ॒പ്തിമ॑ശ്‌നുഹി

അന്വയം:–

ഹേ ഇന്ദ്ര, മേ ഹവം സു ശ്രുധി — ആഹ്വാനം സുഷ്ഠു ശൃണു
(തഥാ) അസ്മേ സുതസ്യ — അസ്മാഭിരഭിഷുതസ്യ
ഗോ–മതഃ — ഗവ്യക്ഷീരവതഃ, ക്ഷീരേണ മിശ്രിതസ്യ സോമസ്യ
പീതിം വി അശ്‌നുഹി — പാനം വിവിധം പ്രാപ്‌നുഹി
(തൽ പാനേന) തൃപ്തിം — വിവിധം തൃപ്തിം ഗച്ഛ

അർത്ഥം–അല്ലയോ ഇന്ദ്ര, എന്റെ വിളി നന്നായിക്കേട്ടാലും. ഞങ്ങളാൽ സംസ്കരിക്കപ്പെട്ടതും പശുവിൻപാൽ

ചേർത്തുമായ സോമത്തിന്റെ പാനം പ്രാപിച്ചാലും. ആ പാനത്താൽ വിവിധമായ തൃപ്തി പൂകിയാലും.

7 യഇന്ദ്രചമസേഷ്വാ

സോമശ്ചമൂഷുതേസുതഃ

പിബേദസ്യത്വമീശിഷേ

അന്വയം:—

ഹേ ഇന്ദ്ര, തേ സുതഃ — ത്വദർത്ഥമഭിഷുതഃ
യഃ സോമഃ ചമസേഷു — ഏതന്നാമകേഷു പാത്രേഷു
(തഥാ) ചമൂഷു ആ — ഗ്രഹേഷു ച സർവ്വതോസ്തി
(തം) പിബ ഇൽ — തമേതം സോമം പിബൈവ
അസ്യ ത്വം ഈശിഷേ — സോമസ്യ ത്വമേവേശ്വരോ ഭവസി

അർത്ഥം—അല്ലയോ ഇന്ദ്ര, അവിടേയ്ക്കായി സംസ്കരിയ്ക്കപ്പെട്ട യാതൊരു സോമം വാലന്മരികകളിലും കുണ്ടന്മരികകളിലും നിറഞ്ഞിരിയ്ക്കുന്നുവോ, അതു കുടിയ്ക്കുകതന്നെ ചെയ്താലും. ആ സോമത്തിന്നു് അവിടുന്നുതന്നെയാണല്ലോ ഈശ്വരൻ. .

8 യോഅപ്സുചന്ദ്രമാഇവ

സോമശ്ചമൂഷുദദൃശേ

പിബേദസ്യത്വമീശിഷേ

അന്വയം:—

(ഹേ ഇന്ദ്ര,) യഃ സോമഃ
അപ്-സു ചന്ദ്രമാഃ-ഇവ — അന്തരിക്ഷേ യഥാ ചന്ദ്രമാസ്തഥാ
ചമൂഷു ദദൃശേ — ഗ്രഹേഷ്വന്തർദൃശ്യതേ
(യദ്വാ, അപ്സു, ഉദകേഷു ചന്ദ്രമാഃ പ്രതിബിംബതയാ നാനാവിധോദൃശ്യതേ, തദ്വദഷുഗ്രഹേഷ്വനേകരൂപസ്സൻ ദൃശ്യതേ.)
(തം) പിബ ഇൽ — പിബൈവ
അസ്യ ത്വം ഈശിഷേ — ത്വമേവേശ്വരോ ഭവസി

അർത്ഥം—അല്ലയോ ഇന്ദ്ര, യാതൊരു സോമം അന്തരിക്ഷത്തിൽ ചന്ദ്രനെന്നപോലെ (അല്ലെങ്കിൽ വെള്ളത്തിൽ നാനാവിധമായി പ്രതിബിംബിക്കുന്ന ചന്ദ്രനെന്നപോലെ എട്ടു കുണ്ടന്മരികകളിൽ പലമട്ടിൽ) കാണപ്പെടുന്നുവോ, അതു കുടിക്കുകതന്നെ ചെയ്യാലും. അതിന്നവിടുന്നാണല്ലോ ഈശ്വരൻ.

9 യത്തേശ്യേനഃപദാഭര

ത്തിരോരജാംസ്യസ്പൃതം

പിബേദസ്യത്വമീശിഷേ

വ. 2

അന്വയം:—

| | |
|---|---|
| (ഹേ ഇന്ദ്ര,) ശ്യേനഃ | — ശംസനീയഃ പക്ഷീ, പക്ഷിരൂപധാരിണീ ഗായത്രീ |
| രജാംസി തിരഃ | — അന്തരിക്ഷാദിലോകസ്ഥിതാൻ സോമപാലാൻ തിരഃ കുർവ്വൻ |
| അസ്പൃതം യം തേ | — ശത്രുഭിരസ്പൃഷ്ടം യം സോമം ത്വദർത്ഥം |
| പദാ ആ അഭരൽ | — പ്രാതർമ്മാധ്യന്ദിനസവനാഭ്യാമാഹരൽ |
| (തം) പിബ ഇൽ | — പിബൈവ |
| അസ്യ ത്വം ഈശിഷേ | — ത്വമേവേശ്വരോ ഭവസി |

അർത്ഥം—അല്ലയോ ഇന്ദ്ര, പക്ഷിരൂപം ധരിച്ച ഗായത്രി അന്തരിക്ഷാദി ലോകങ്ങളിൽ നിൽക്കുന്ന ഏഴ് സോമപാലന്മാരെ പുറംതള്ളി ശത്രുക്കൾ തൊടാതെ യാതൊരു സോമത്തെ അവിടേക്കുവേണ്ടി പ്രാതസ്സവനത്തിന്നും മാധ്യന്ദിനസവനത്തിന്നും കൊണ്ടുവന്നുവോ, ആ സോമം കുടിക്കുകതന്നെ ചെയ്യാലും. അതിന്നവിടുന്നാണല്ലോ ഈശ്വരൻ.

വർഗ്ഗം—3—4 വിശ്വേദേവാദേവതാ

1 ദേവാനാമിദവോമഹ

ത്തദാവൃണീമഹേവയം

വൃഷ്ണാമസ്മഭ്യമൂതയേ

അന്വയം:—

(ഹേ ദേവാഃ) ദേവാനാം
ഇൽ — ദീപ്യമാനാനാം യുഷ്മാകമേവ
മഹൽ അവഃ — മഹനീയം പാലനം യദ്വിദ്യതേ
വൃഷ്ണാം തൽ വയം — കാമാനാം വർഷിതൄണാം
തൽ യജമാനാവയം

അസ്മഭ്യം ഊതയേ
ആ വൃണീമഹേ — അസ്മാകം രക്ഷണായ
സംഭജാമഹേ

അർത്ഥം—അല്ലയോ ദേവന്മാരേ, പ്രകാശവാന്മാരായ നിങ്ങളുടെ തന്നെ മഹത്തായ യാതൊരു രക്ഷണമുണ്ടോ, കാമവർഷിതാക്കളായ നിങ്ങൾക്കു സ്വന്തപ്പെട്ട അതു് ഞങ്ങളുടെ രക്ഷയ്ക്കായി, യജമാനന്മാരായ ഞങ്ങൾ വരിക്കുന്നു, പ്രാർത്ഥിക്കുന്നു.

2 തേന॑സ്സന്തു॒യുജ॒സ്സ॒ദാ

വരു॑ണോമി॒ത്രോഅ॑ര്യ॒മാ

വൃ॒ധാസ॑ശ്ച॒പ്രചേ॑തസഃ

അന്വയം:—

തേ വരുണഃ, മിത്രഃ,
അര്യമാ — ത്രയോദേവാഃ
സദാ നഃ യുജഃ സന്തു — സർവ്വദാസ്മാകം സഹായാ ഭവന്തു
(തതഃ) പ്ര–ചേതസഃ — പ്രകൃഷ്ടജ്ഞാനാസ്തേ ദേവാഃ
വൃധാസഃ ച — അസ്മാൻ ധനാദിനാ
വർദ്ധയിതാരശ്ച ഭവന്തു

അർത്ഥം—ആ വരുണൻ, മിത്രൻ, അര്യമാവു് എന്നീ മൂന്നു ദേവന്മാർ എപ്പോഴും ഞങ്ങൾക്കു സഹായികളാവട്ടേ. ഉൽകൃഷ്ടജ്ഞാനികളായ അവർ (ചരാചരങ്ങളുടെ കൃതാകൃതങ്ങളറിയുന്ന അവർ) ഞങ്ങളെ ധനാദിയാൽ വളർത്തുന്നവരുമാവട്ടേ.

3 അതി॑നോവി॒ഷ്പിതാപു॒രു

നൌ॒ഭിര॒പോനപ॑ർഷഥ

യൂ॒യമൃ॒തസ്യ॑രഥ്യഃ

അന്വയം:—

| | | |
|---|---|---|
| ഹേ ഋതസ്യ രഥ്യഃ യൂയം | — | യജ്ഞസ്യ നേതാരോ ദേവാഃ യൂയം |
| നൌഭിഃ അപഃ ന | — | യഥാ നാവികഃ നൌഭിർജ്ജനാൻ തീരം പ്രാപയതി, തദ്വൽ |
| വിഷ്പിതാ പുരു | — | വിപ്രാപ്താനി, വിതതാനി, പുരൂണി, ബഹൂനി ശത്രുബലാനി |
| നഃ അതി പഷ്ഥ | — | പാരം രക്ഷണൈർഗ്ഗമയത |

**അർത്ഥം**—അല്ലയോ യജ്ഞനേതാക്കളായ ദേവന്മാരേ, നിങ്ങൾ, കടത്തുകാരൻ തോണികളാൽ ജനങ്ങളെ അക്കരയ്ക്ക് എത്തിക്കുന്നപോലെ, ചുറ്റും പരന്നുകിടക്കുന്ന കണക്കറ്റ ശത്രുബലങ്ങളുടെ മറുകരയ്ക്ക് ഞങ്ങളെ എത്തിച്ചാലും.

4 വാമന്നോഅസ്ത്വര്യമൻ
വാമംവരുണശംസ്യം
വാമംഹ്യാവൃണീമഹേ

അന്വയം:—

| | | |
|---|---|---|
| ഹി വാമം | | |
| ആ-വൃണീമഹേ | — | യസ്മാൽ കാരണാദ്വയം ധനം യാചാമഹേ |
| ഹേ അര്യമൻ, വാമം നഃ | | |
| അസ്തു | — | വനനീയം, ഭജനീയം ധനമസ്മാകം ഭവതു |
| ഹേ വരുണ, ശംസ്യം | | |
| വാമം | — | സ്തുത്യം ധനമസ്തു |

**അർത്ഥം**—ഞങ്ങൾ ധനം യാചിക്കുന്നതുകൊണ്ട്, അല്ലയോ അര്യമാവേ, കാമ്യമായ ധനം ഞങ്ങൾക്കുണ്ടാവട്ടെ. അല്ലയോ വരുണ, സ്തുത്യമായ ധനം ഞങ്ങൾക്കുണ്ടാവട്ടെ

5 വാമസ്യഹിപ്രചേതസ
ഈശാനാസോരിശാദസഃ
നേമാദിത്യാഅഘസ്യയൽ വ. 3

അന്വയം:-

| | |
|---|---|
| ഹേ പ്ര-ചേതസഃ,<br>രിശാദസഃ | — പ്രകൃഷ്ടജ്ഞാനാഃ, ഹിംസതാം ക്ഷേപ്താരോ ദേവാ യൂയം |
| വാമസ്യ ഈശാനാസഃ<br>ഹി | — ധനസ്യേശ്വരാഹി |
| (തതഃ) ഹേ ആദിത്യാഃ<br>ഈം | — അദിതേഃ പുത്രാഃ ഏനം യാചമാനം മാം |
| യൽ അഘസ്യ ന | — പാപസ്യ സംബന്ധി വിദ്യതേ തദ്ധനം ന പ്രാപ്നോതു |

അർത്ഥം—ഉൽകൃഷ്ടജ്ഞാനന്മാരും ദ്രോഹികളെ ത്തെറിയുന്നവരുമായ ദേവന്മാരേ, നിങ്ങൾ ധനത്തിന്നീശ്വരന്മാരാണല്ലോ. അതുകൊണ്ട് അദിതിപുത്രന്മാരേ, യാചിക്കുന്ന എന്നെ പാപസംബന്ധമുള്ള ധനം പ്രാപിക്കാതിരിക്കട്ടെ. (പാപബന്ധമില്ലാത്ത ധനം തന്നരുളിയാലും.)

6 വയമിദ്വസ്സുദാനവഃ
ക്ഷിയന്തോയാന്തോഅധ്വന്നാ
ദേവാവൃധായഹൂമഹേ

അന്വയം:—

| | |
|---|---|
| ഹേ സു-ദാനവഃ, ദേവാഃ | — ശോഭനദാനാ ദേവാഃ, |
| ക്ഷിയന്തഃ<br>(ഗൃഹാന്നിർഗ്ഗമനേ) | — ഗൃഹേഷു നിവസന്തഃ |
| അധ്വൻ ആ യാന്തഃ | — മാർഗ്ഗേഷു ഗച്ഛന്തഃ |

വയം വഃ ഇൽ — യുഷ്മാനേവ
വൃധായ ഹൂമഹേ — ധനാദിഭിർവ്വർദ്ധനായാ
ഹ്വയാമഹേ

അർത്ഥം—ശോഭനദാനന്മാരായ ദേവന്മാരേ, ഗൃഹങ്ങളിൽ നിവസിക്കുന്നവരും ഗൃഹത്തിൽ നിന്നിറങ്ങിയാൽ വഴിയിൽ നടക്കുന്നവരുമായ ഞങ്ങൾ നിങ്ങളെത്തന്നെയാണ് ധനാദികളാലുള്ള അഭിവൃദ്ധിക്കുവേണ്ടി വിളിക്കുന്നത്.

7 അധീനഇന്ദ്രൈഷാം
വിഷ്ണോസജാത്യാനാം
ഇതാമരുതോഅശ്വിനാ

അന്വയം:—

ഹേ ഇന്ദ്ര, വിഷ്ണോ,
മരുതഃ, അശ്വിനാ, — അശ്വിനൌ,
സ-ജാത്യാനാം — ഭ്രാതൃമിത്രാദീനാം
ഏഷാം നഃ അധി ഇത — തേഷാം മദ്ധ്യേസ്മാനധിഗച്ഛത

അർത്ഥം—അല്ലയോ ഇന്ദ്ര, വിഷ്ണോ, മരുത്തുക്കളേ, അശ്വികളേ, സഹോദരസഖാക്കളുടെ ഇടയിൽ (അവർ കൂടിയുള്ള സമയത്ത്) നിങ്ങൾ ഞങ്ങളെ പ്രാപിച്ചാലും. (നിങ്ങളുടെ അനുഗ്രഹം സ്വജനങ്ങളുമറിയണമല്ലോ.)

8 പ്രഭ്രാതൃത്വംസുദാന
വോധദ്വിതാസമാന്യാ
മാതുർഗ്ഗർഭേഭരാമഹേ

അന്വയം:—

ഹേ സു-ദാനവഃ, — ശോഭനദാനാദേവാഃ,
അധ (വയം) സമാന്യാ — സാമാന്യേന പൂർവ്വം സർവ്വേഷാ
ന്ദേവാനാം സാംഹത്യേന, തതഃ

— ദ്വിധാ, ദ്വിപ്രകാരേണ ച
ദ്വിതാ
മാതുഃ ഗർഭേ — അദിതേർഗ്ഗർഭേ സംജാതം
യദ്വ്യഷ്ട്വാകം
ഭ്രാതൃ-ത്വം പ്ര ഭരാമഹേ — പ്രോച്ചാരയാമഃ, പ്രകാശയാമഃ

അർത്ഥം—ശോഭനദാനന്മാരായ ദേവന്മാരേ, സാമാന്യമായി ദേവന്മാർ മുഴുവനൊന്നിച്ചും പിന്നെ ഇരട്ടയായും അദിതിയുടെ ഗർഭത്തിൽ ഭവിച്ച നിങ്ങളുടെ സഹോദരത്വത്തെ ഞങ്ങളിപ്പോൾ പ്രകടമായിപ്പറയുന്നു. (പൂഷാവും അര്യമാവും ഒരുമിച്ചാണു് ജനിച്ചതു്.)

9 യൂയംഹിഷ്ഠാസുദാനവ

ഇന്ദ്രജ്യേഷ്ഠാഅഭിദ്യവഃ

അധാചിദ്വഉതബ്രുവേ വ. 4

അന്വയം:—

ഹേ സു-ദാനവഃ, — ശോഭനദാനാദേവാഃ,
ഇന്ദ്ര-ജ്യേഷ്ഠാഃ — ഇന്ദ്രനേതൃകാഃ
അഭി-ദ്യവഃ യൂയം
ഹി സ്ഥ — അഭിഗതദീപ്തയോ
യൂയമസ്മദ്യജ്ഞേ ഭവഥ ഖലു
അധ ചിൽ വഃ ബ്രുവേ — അനന്തരമേവാഹം യുഷ്മാൻ
സ്തൗമി
ഉത — അപിച പുനഃ പുനസ്സ്തൗമി,

അർത്ഥം—അല്ലയോ ശോഭനദാനന്മാരായ ദേവന്മാരേ, ഇന്ദ്രനാകുന്ന നേതാവോടുകൂടിയ നിങ്ങൾ പ്രകാശം പൂണ്ടവരായി, ഞങ്ങളുടെ യജ്ഞത്തിൽ സന്നിഹിതരാണല്ലോ. എനി നിങ്ങളെ സ്തുതിക്കുന്നു. മാത്രമല്ല, വീണ്ടും വീണ്ടും സ്തുതിക്കുന്നു.

വർഗ്ഗം — 5_6 കാവ്യഃ ഉശനാ ഋഷിഃ അഗ്നിർദ്ദേവതാ.

1 പ്രേഷ്ഠംവോഅതിഥിം

സ്തുഷേമിത്രമിവപ്രിയം

അഗ്നിംരഥന്നവേദ്യം

അന്വയം:–

(ഹേ യജമാനാഃ) പ്രേഷ്ഠം — യുഷ്മാകം ധനദാനേന പ്രിയതമം
അതിഥിം — അതിഥിവൽ പൂജ്യം
മിത്രം–ഇവ പ്രിയം — സഖായമിവ പ്രിയഭൃതം
രഥം ന വേദ്യം — വേദഃ ധനം, രഥമിവ ധനഹിതം
അഗ്നിം വഃ സ്തുഷേ — യുഷ്മൽ കർമ്മസിദ്ധ്യർത്ഥം സ്തൌമി

അർത്ഥം–അല്ലയോ യജമാനന്മാരേ, ധനദാനത്താൽ നിങ്ങൾക്കേററവും പ്രിയനും അതിഥിപോലെ പൂജ്യനും ചങ്ങാതിപോലെ ഇഷ്ടനും, തേരെന്നപോലെ സൂക്ഷിക്കപ്പെട്ട ധനത്തോടുകൂടിയവനുമായ അഗ്നിയെ നിങ്ങൾക്കു കർമ്മസിദ്ധിയ്ക്കായി ഞാൻ സ്തുതിക്കുന്നു. (യുദ്ധത്തിൽ തേർ ധനം കൊണ്ടുവരുന്നപോലെ അഗ്നി ധനം കൊണ്ടുവരുന്നു എന്നു്.)

2 ക॒വിമി॑വ॒പ്രചേ॑ത॒സം
യന്ദേ॒വാസോ॒അധ॑ദ്വി॒താ
നിമർത്ത്യേ॑ഷ്വാദധു॒ഃ

അന്വയം:–

അധ ദേവാസഃ യം — അപിച ദേവായമഗ്നിം
പ്ര–ചേതസം
കവിം–ഇവ — പ്രകൃഷ്ടജ്ഞാനം, ക്രാന്തകർമ്മാണം പുരുഷം, ദ്വിധാ കാര്യദ്വയേ അന്യോനിയോജയതി, തദ്വൽ
മർത്ത്യേഷു ദ്വിതാ — മനുഷ്യേഷു ഗാർഹപത്യാഹവനീയാത്മകത്വേന ദ്വിധാ
നി ആ–ദധുഃ — ദേവാനിഹിതവന്തഃ

അർത്ഥം–കൂടാതെ, യാതൊരഗ്നിയെ, നന്നായറിവുള്ള, കാര്യസാമർത്ഥ്യമുള്ള ഒരാളെ ഇരു കാര്യങ്ങൾക്കു നിയോഗിക്കു

ന്നപോലെ, ദേവന്മാർ ഗാർഹപത്യം, ആഹവനീയം എന്ന രണ്ടുവിധത്തിൽ മനുഷ്യർക്കിടയിൽ സ്ഥാപിച്ചുവോ,

3 ത്വംയവിഷ്ഠദാശുഷോ

നൄഃപാഹിശൃണുധീഗിരഃ

രക്ഷാതോകമുതത്മനാ

അന്വയം:—

ഹേ യവിഷ്ഠ, (സഃ) ത്വം — യുവതമ, ത്വം
ദാശുഷഃ നൄൻ — ഹവിർദ്ദത്തവതഃ കർമ്മണാം നേതൄൻ
പാഹി — ധനാദിദാനേന രക്ഷ
(കിഞ്ച) ഗിരഃ ശൃണുധി — ത്വദ്വിഷയാ സ്തുതീഃ അവഹിതസ്സൻ ശൃണു
ഉത ത്മനാ തോകം രക്ഷ — അപിചാത്മനൈവ പുത്രം പാലയ

അർത്ഥം—അല്ലയോ നിത്യയുവാവേ, ആ അവിടുന്ന് ഹവിസ്സേകുന്ന കർമ്മനേതാക്കളെ ധനാദി ദാനത്താൽ പാലിച്ചാലും. പിന്നെ അവിടുത്തെക്കുറിച്ചു സ്തുതികൾ ശ്രദ്ധിച്ചു കേട്ടാലും. കൂടാതെ സ്വയം പുത്രനെ രക്ഷിച്ചാലും. (യുഗ്മകം)

4 കയാതേഅഗ്നേഅങ്ഗിര

ഊർജ്ജോനപാദുപസ്തുതിം

വരായദേവമന്യവേ

അന്വയം:—

ഹേ അംഗിരഃ — അംഗതി, സർവ്വത്രഗച്ഛതീത്യങ്ഗിരാഃ, താദൃശ,
ഹേ ഊർജ്ജഃ നപാൽ, ദേവ, അഗ്നേ — അന്നസ്യ പുത്ര, ദീപ്യമാനാഗ്നേ, (ഹവിർഭിർവ്വർദ്ധമാനത്വാദന്നപുത്ര ത്വം)

വരായ, മന്യവേ — സർവ്വൈർവ്വരണീയായ,
ശത്രൂനതിമന്യമാനായ
തേ കയാ ഉപ–സ്തുതിം? — തുഭ്യം കീദൃശ്യാവാചാ ഉപ
സ്തോത്രമഹം ഭരേയം?
(ത്വം മഹാൻ, അഹമല്പഃ)

അർത്ഥം–സർവ്വത്ര ഗമിക്കുന്നവനും അന്നത്തിന്റെ പുത്രനും (ഹവിരന്നത്താൽ വർദ്ധിക്കുന്നതിനാൽ) പ്രകാശമാനനുമായ അഗ്നേ, ഏവരാലും വരണീയനും ശത്രുക്കളെക്കവിച്ച ബലമുററവനുമായ അവിടേക്കായി, എപ്രകാരമുള്ള വാക്കിനാലാണു് സ്തോത്രം ഞാൻ ചെയ്യേണ്ടതു്? (അങ്ങു മഹാനാണു്. ഞാൻ അല്പനും).

5 ദാശേമകസ്യമനസാ
യജ്ഞസ്യസഹസോയഹോ
കദ്ദുവോചഇദന്നമഃ വ. 5

അന്വയം:–

ഹേ സഹസഃ യഹോ, — ബലസ്യപുത്രാഗ്നേ,
കസ്യ യജ്ഞസ്യ മനസാ — കീദൃശസ്യ യജ്ഞവതോ
യജമാനസ്യ ചിത്തേന
യുക്താസ്സന്തഃ
(ഹവീംഷി തുഭ്യം വയം)
ദാശേമ? — പ്രയച്ഛേമ? (പൂജായാം
ബഹുവചനം)
(കിഞ്ച തുഭ്യം) ഇദം
നമഃ കൽ വോചേ ഉ? — നമസ്കാരം കദാഹം വക്ഷ്യാമി?
(ഉ ഇതിപ്രശ്നേ)

അർത്ഥം–അല്ലയോ ബലപുത്രനായ അഗ്നേ, ഏതുതരം യജ്ഞവാനായ യജമാനന്റെ മനസ്സോടുകൂടിയാണു് അവിടേക്കു ഹവിസ്സുകൾ ഞാൻ തരേണ്ടതു്? ഈ നമസ്കാരം (സ്തോത്രം) എപ്പോഴാണു് ഞാൻ ചൊല്ലുക?

6 അധാത്വംഹിനസ്കരോ

വിശ്വാഅസ്മഭ്യംസുക്ഷിതീഃ

വാജദ്രവിണസോഗിരഃ

അന്വയം:—

| | |
|---|---|
| (ഹേ അഗ്നേ,) അധ | |
| ത്വം ഹി | — അനന്തരം ത്വമേവ |
| നഃ വിശ്വാഃ ഗിരഃ | — സർവ്വാസ്തുതീഃ |
| (യഥാ) സു-ക്ഷിതീഃ | — കല്യാണപുത്രപൌത്രാദിയുക്താഃ ഭവന്തി |
| (തഥാ) വാജ-ദ്രവിണസഃ | |
| അസ്മഭ്യം കരഃ | — അന്നയുക്താ ധനവതീഃ കുരു (ത്വമേവാസ്മാഭിസ്തുതസ്സൽ പുത്രധനാദീനി ദേഹി) |

അർത്ഥം—അല്ലയോ അഗ്നേ, അവിടുന്നതന്നെ ഞങ്ങളുടെ എല്ലാ സ്തുതികളെയും ഞങ്ങൾക്കു സൽപുത്രപൌത്രവതികളും അന്നത്തോടും ധനത്തോടും കൂടിയവയുമാക്കിയാലും. (അവിടുന്നതന്നെ ഞങ്ങളാൽ സ്തുതനായി സന്തതിധനാദികളെ തന്നരുളിയാലും.)

7 കസ്യനൂനംപരീണസോ

ധിയോജിന്വസിദമ്പതേ

ഗോഷാതായസ്യതേഗിരഃ

അന്വയം:—

| | |
|---|---|
| ഹേ ദം-പതേ | — ഗൃഹപതേഗ്നേ, |
| യസ്യ തേ ഗിരഃ ഗോ-സാതാ | — സ്തുതയഃ ഗോസാതൌ, ഗവാം ലാഭേ ഭവന്തി |

| | |
|---|---|
| (സത്വം) നൂനം കസ്യ<br>പരീണസഃ ധിയഃ | — ഇദാനീം കീദൃശസ്യ ബഹൂനി കർമ്മാണി |
| ജിന്വസി? | — പ്രീണയസി? (അസ്മാകമേവ കർമ്മാണി പ്രീണയ) |

അർത്ഥം–അല്ലയോ ഗൃഹപതിയായ അഗ്നേ, യാതൊരവിടുത്തെ ഉദ്ദേശിച്ച സ്തുതികൾ പശുലാഭത്തിൽ ഭവിക്കുന്നുവോ, ആ അവിടുന്ന് ഇപ്പോൾ എപ്രകാരമുള്ളവന്റെ വിവിധ കർമ്മങ്ങളെയാണ് പ്രീണിപ്പിക്കുന്നത്? (ആരെയുമിപ്പോൾ പ്രീണിപ്പിക്കുന്നില്ല. അതിനാൽ ഞങ്ങളുടെ കർമ്മങ്ങളെ പ്രീണിപ്പിച്ചാലും.)

8 തംമർജ്ജയന്തസുക്രതും
പുരോയാവാനമാജിഷു
സ്വേഷുക്ഷയേഷുവാജിനം

അന്വയം:–

| | |
|---|---|
| സു–ക്രതും | — ശോഭനകർമ്മാണം |
| ആജിഷു പുരഃ–യാവാനം | — സങ്ഗ്രാമേഷു പുരത ഏവ ഗന്താരം |
| വാജിനം തം | — ബലവന്തമഗ്നിം |
| സ്വേഷു ക്ഷയേഷു<br>മർജ്ജയന്ത | — ആത്മീയേഷു ഗൃഹേഷു യജമാനാ അലങ്കുർവ്വന്തി, പരിചരന്തി |

അർത്ഥം–ശോഭന കർമ്മാവും യുദ്ധങ്ങളിൽ മുമ്പിൽത്തന്നെ നടക്കുന്നവനും ബലവാനുമായ അഗ്നിയെ സ്വന്തം ഗൃഹങ്ങളിൽ യജമാനന്മാർ അലങ്കരിക്കുന്നു, പരിചരിക്കുന്നു.

9 ക്ഷേതിക്ഷേമേഭിസ്സാധുഭി
ർന്നകിയംഘ്നന്തിഹന്തിയഃ
അഗ്നേസുവീരഏധതേ വ. 6

അന്വയം:—

ഹേ അഗ്നേ, യഃ സാധു-ഭിഃ — സാധയത്ഭിഃ

ക്ഷേമേഭിഃ ക്ഷേതി — ക്ഷേമൈഃ, പാലനൈഃ സ്വഗൃഹേ നിവസതി

(തഥാ) യം നകിഃ ഘ്നന്തി, ഹന്തി — യം ജനം കേചന ന ഹിംസന്തി, ഹന്തി ച

(സഃ) സു-വീരഃ — ശോഭനപുത്രാദിയുക്തസ്സൻ

ഏധതേ — ആത്മീയഗൃഹേ ധനാദിഭിർവ്വർദ്ധതേ

അർത്ഥം—അല്ലയോ അഗ്നേ, കർമ്മസാധകങ്ങളായ രക്ഷണങ്ങളോടുകൂടി ഏവൻ സ്വഗൃഹത്തിൽ വസിക്കുന്നുവോ, പിന്നെ ഏവനെ ആരും ഉപദ്രവിക്കുന്നില്ലയോ, കൊല്ലുന്നില്ലയോ, അവൻ സൽപുത്രാദികളൊത്തവനായി ഗൃഹത്തിൽ വർദ്ധിക്കുന്നു. (ആ മനുഷ്യൻ അവിടുത്തെ സ്തുതിക്കുന്നതുകൊണ്ടാണ് ഈ ക്ഷേമം കിട്ടുന്നതു്.)

വർഗ്ഗം:—7—8. ആങ്ഗിരസഃ കൃഷ്ണഃ ഋഷിഃ, അശ്വിനൌ ദേവതാ.

1 ആമേ॒ഹവ॑ന്നാസ॒
ത്യാശ്വി॑നാ॒ഗച്ഛ॑തംയു॒വം
മധ്വ॒സ്സോമ॑സ്യപീ॒തയേ॑

അന്വയം:—

ഹേ നാസത്യാ,
അശ്വിനാ, — സത്യശീലാവശ്വിനൌ,

യുവം മേ ഹവം — യുവാം മദീയമാഹ്വാനം ശ്രുത്വാ

മധ്വഃ സോമസ്യ പീതയേ — മദകരസ്യ സോമസ്യ പാനാർത്ഥം

ആ ഗച്ഛതം — തദർത്ഥമാഗച്ഛതം

അർത്ഥം—അല്ലയോ സത്യശീലരായ അശ്വികളേ, നിങ്ങളെന്റെ വിളികേട്ടു് ഹർഷകരമായ സോമം കടിക്കാനായി വന്നുചേർന്നാലും.

2 ഇമംമേസ്തോമമശ്വി

നേമംമേശൃണുതംഹവം

മധ്വസ്സോമസ്യപീതയേ

അന്വയം:—

| | | |
|---|---|---|
| ഹേ അശ്വിനാ, മേ | | |
| ഇമം സ്തോമം | — | മദീയം സ്തോത്രം |
| (തഥാ) മേ ഇമം ഹവം | | |
| ശൃണുതം | — | അഹ്വാനഞ്ചാകർണ്ണയതം |
| മധ്വഃ സോമസ്യ | | |
| പീതയേ | — | മദകരസ്യ സോമസ്യ പാനായാഗച്ഛതം |

അർത്ഥം—അല്ലയോ അശ്വികളേ, എന്റെ ഈ സ്തോത്രവും എന്റെ ഈ വിളിയും കേട്ടാലും. ഹർഷകരമായ സോമം കുടിക്കാൻ വന്നാലും.

3 അയംവാംകൃഷ്ണോഅശ്വിനാ

ഹവതേവാജിനീവസൂ

മധ്വസ്സോമസ്യപീതയേ

അന്വയം:—

| | | |
|---|---|---|
| ഹേ വാജിനീ—വസൂ, | | |
| അശ്വിനാ, | — | അന്നയുക്ത ധനോപേതാവശ്വിനൌ |
| അയം കൃഷ്ണഃ വാം ഹവതേ | — | മന്ത്രദ്രഷ്ടാ ഋഷിഃ യുവാമാഹ്വയതി |
| മധ്വഃ സോമസ്യ | | |
| പീതയേ | — | മദകരസ്യ സോമസ്യ പാനായാഹ്വയതി |

അർത്ഥം—അല്ലയോ യജ്ഞാന്ന ധനന്മാരായ അശ്വികളേ, ഈ കൃഷ്ണനെന്ന മന്ത്രദ്രഷ്ടാവായ ഋഷി നിങ്ങളെ വിളിക്കുന്നു. ഹർഷകരമായ സോമം കുടിക്കാനായി വിളിക്കുന്നു.

4 ശൃണുതഞ്ജരിതുർഹവം
കൃഷ്ണസ്യസ്തുവതോനരാ
മധ്വസ്സോമസ്യപീതയേ

അന്വയം:—
ഹേ നരാ ജരിതുഃ — നേതാരാവശ്വിനൌ സ്തവന ശീലസ്യ
സ്തുവതഃ കൃഷ്ണസ്യ ഹവം ശൃണുതം — സ്തോത്രം കുർവ്വതസ്തസ്യ ഋഷ്മ ദ്വിഷയമാഹ്വാനമാകർണ്ണയതം
മധ്വഃ സോമസ്യ പീതയേ — മദകരസ്യ സോമസ്യ പാനായാഗച്ഛതം

അർത്ഥം—അല്ലയോ നേതാക്കളായ അശ്വികളേ, സ്തുതിശീലനായി നിങ്ങളെക്കുറിച്ചു സ്തോത്രം ചൊല്ലുന്ന കൃഷ്ണന്റെ വിളി കേട്ടാലും. ഹർഷകരമായ സോമം കുടിക്കാൻ വന്നാലും.

5 ഛർദ്ദിര്യന്തമദാഭ്യം
വിപ്രായസ്തുവതേനരാ
മധ്വസ്സോമസ്യപീതയേ വ. 7

അന്വയം:—
ഹേ നരാ, വിപ്രായ, സ്തുവതേ — നേതാരാവശ്വിനൌ, മേധാവിനേ, സ്തോത്രേ കൃഷ്ണായ
അദാഭ്യം ഛർദ്ദിഃ യന്തം — പരൈ രഹിംസ്യം ഗൃഹം പ്രയച്ഛതം
മധ്വഃ സോമസ്യ പീതയേ — മദകരസ്യ സോമസ്യ പാനായാഗച്ഛതം

അർത്ഥം—അല്ലയോ നേതാക്കളായ അശ്വികളേ, മേധാവിയും സ്തോതാവുമായ കൃഷ്ണനായി (എനിക്ക്) അന്യരാൽ കേടേ

ല്പിയ്ക്കപ്പെടാൻ വയ്യാത്ത ഗൃഹം തന്നാലും. ഹർഷകരമായ സോമം കുടിപ്പാൻ വന്നാലും.

6 ഗച്ഛതന്ദാശുഷോഗൃഹ
മിത്ഥാസ്തുവതോഅശ്വിനാ
മധ്വസ്സോമസ്യപീതയേ

അന്വയം:—

| | |
|---|---|
| ഹേ അശ്വിനാ, ഇത്ഥാ | — അശ്വിനൌ, ഇത്ഥം, അനേന പ്രകാരേണ |
| സ്തുവതഃ, ദാശുഷഃ | — സ്തോത്രം കുർവ്വതഃ, ഹവിർദ്ദത്തവതോ യജമാനസ്യ |
| ഗൃഹം ഗച്ഛതം | — ഗൃഹം പ്രത്യാഗച്ഛതം |
| മധ്വഃ സോമസ്യ<br>പീതയേ | — ഹർഷകരസ്യ സോമസ്യപാനായാഗച്ഛതം |

അർത്ഥം—അല്ലയോ അശ്വികളേ, ഇപ്രകാരം നിങ്ങളെ സ്തുതിക്കുന്നവനും നിങ്ങൾക്കു ഹവിസ്സേകുന്നവനുമായ യജമാനന്റെ ഗൃഹത്തിൽ വന്നാലും. ഹർഷകരമായ സോമം കുടിയ്ക്കാൻ വന്നാലും.

7 യുഞ്ജാഥാംരാസഭംരഥേ
വീഡ്വങ്ഗേവൃഷണ്വസൂ
മധ്വസ്സോമസ്യപീതയേ

അന്വയം:—

| | |
|---|---|
| ഹേ വൃഷൺ–വസൂ | — വർഷണധനാവശ്വിനൌ |
| (യുവാം) വീളു–അങ്ഗേ<br>രഥേ | — ദൃഢാങ്ഗോപേതേ സ്വരഥേ |
| രാസഭം യുഞ്ജാഥാം | — ശബ്ദായമാനം ഏതന്നാമകമശ്വംസംയോജയതം |

മധ്വഃ സോമസ്യ
പീതയേ — ഹർഷകരസ്യ സോമസ്യ പാനായാഗച്ഛതം

അർത്ഥം—വർഷിക്കുന്ന ധനത്തോടുകൂടിയ അശ്വികളേ, ഉറപ്പുററ അംഗങ്ങളോടുകൂടിയ സ്വന്തം തേരിൽ നിങ്ങൾ ശബ്ദിക്കുന്ന രാസഭമെന്ന കുതിരയെ (കഴുതയെ) പൂട്ടിയാലും. ഹർഷകരമായ സോമം കുടിപ്പാൻ വന്നാലും.

8 ത്രിവന്ധുരേണത്രിവൃതാ
രഥേനായാതമശ്വിനാ
മധ്വസ്സോമസ്യപീതയേ

അന്വയം:—
ഹേ അശ്വിനാ, — അശ്വിനൌ
ത്രി-വന്ധുരേണ,
ത്രി-വൃതാ — ത്രിഫലകാ സംഘടിതേന, ത്രികോണേന
രഥേന ആ യാതം — അസ്മദ്യജ്ഞമാഗച്ഛതം
മധ്വഃ സോമസ്യ
പീതയേ — മദകരസ്യ സോമസ്യ പാനായാഗച്ഛതം

അർത്ഥം—അല്ലയോ അശ്വികളേ, മൂന്നിരിപ്പു പലകകളുള്ളതും മുക്കോണായതുമായ തേരിൽ ഞങ്ങളുടെ യജ്ഞത്തെ പ്രാപിച്ചാലും ഹർഷകരമായ സോമം കുടിക്കാനായി വന്നാലും.

9 നൂമേഗിരോനാസ
ത്യാശ്വിനാപ്രാവതംയുവം
മധ്വസ്സോമസ്യപീതയേ

അന്വയം:—

ഹേ നാസത്യാ, അശ്വിനാ,— സത്യശീലാവശ്വിനൌ
മേ ഗിരഃ — മദീയാ സ്തുതിവാചഃ പ്രതി
യുവം ന പ്ര അവതം — യുവാം ക്ഷിപ്രം പ്രകർഷേണാ
ഗച്ഛതം
മധ്വഃ സോമസ്യ പീതയേ — മദകരസ്യ സോമസ്യ പാനായാ
ഗച്ഛതം

അർത്ഥം—അല്ലയോ സത്യശീലരായ അശ്വികളേ, എന്റെ സ്തുതിവാക്കിനെ ഉദ്ദേശിച്ച് നിങ്ങൾ വേഗത്തിൽ വേണ്ടപോലെ വന്നാലും. ഹർഷകരമായ സോമം കുടിക്കാനായി വന്നാലും.

വർഗ്ഗം:—9. കൃഷ്ണസ്യ പുത്രഃ വിശ്വകഃ ഋഷിഃ, ജഗതീച്ഛന്ദഃ

1 ഉഭാഹിദസ്രാഭിഷജാമയോഭു
വോഭാദക്ഷസ്യവചസോബഭ്രുവഥുഃ
താവാംവിശ്വകോഹവതേതനൂകൃഥേ
മാനോവിയൌഷ്ടംസഖ്യാമുമോചതം

അന്വയം:—

ഹേ ദസ്രാ, ഭിഷജാ — ദർശനീയൌ ദേവാനാം
വൈദ്യൌ
ഹേ മയഃ—ഭുവാ — സുഖസ്യ ഭാവയിതാരാ
വശ്വിനൌ
ഉഭാ ഉഭാ — പരസ്പരം ദ്വിത്വസംഖ്യാ
പൂരകൌ ദ്വൌ യുവാം
ദക്ഷസ്യ വചസഃ
ബഭ്രുവഥുഃ ഹി — ഏതന്നാമകസ്യ പ്രജാപതേ
സ്തുതേസ്സംബന്ധിനൌ ഖലു
പുരാ യുവാം ഭക്ഷേണാസ്ഥാ
വിഷഥാം ഖലു
താ വാം വിശകഃ — തൌ യുവാമേതന്നാമക ഋഷിഃ

തനൂ-കൃഥേ ഹവതേ — വിഷ്ണാപൂനാമാനം പുത്രമുദ്ദിശ്യ സ്തുതിഭിരാഹ്വയതി
(തസ്മാൽ) നഃ സഖ്യാ — യഷ്ടൃയഷ്ടവ്യതയാ ജാതാനി സഖ്യാനി, സഖിത്വാനി
മാ വി യൌഷ്ടം (കിഞ്ച യുവാം) — മാപൃഥക്കുരുതം
മുമോചതം — അസ്മാനാഗന്തും രഥേ സ്ഥിത്വാശ്വപ്രഗ്രഹാൻ മുഞ്ചതം

അർത്ഥം—ദർശനീയരും ദേവവൈദ്യന്മാരും സുഖകരന്മാരുമായ അശ്വികളേ, പരസ്പരം ചേർന്ന രണ്ടുപേരായ ഇരട്ടയായ നിങ്ങൾ ദക്ഷപ്രജാപതീയുടെ സ്തുതിയേററവരാണല്ലോ. (പണ്ടു ദക്ഷൻ നിങ്ങളെ സ്തുതിച്ചിട്ടുണ്ടല്ലോ.) അപ്രകാരമുള്ള നിങ്ങളെ വിശ്വകനെന്ന ഋഷി, വിഷ്ണാപ്വ എന്ന പുത്രനുവേണ്ടി സ്തുതികളാൽ വിളിക്കുന്നു. അതിനാൽ യജിക്കുന്നവനും യജിക്കപ്പെടുന്നവനും തമ്മിലുള്ള ബന്ധത്തിൽനിന്നുളവായ ചങ്ങാതം ഒരിക്കലും വേർപെടുത്തരുതേ. മാത്രമല്ല, ഞങ്ങളെ പ്രാപിക്കാനായി തേരിലിരുന്നു് കുതിരകളുടെ കടിഞ്ഞാണുകളഴിച്ചുവിട്ടാലും.

2 കഥാനൂനംവാംവിമനാഉപസ്തവ
ദ്യുവന്ധീയന്ദദഥുർവ്വസ്യഇഷ്ടയേ
താവാംവിശ്വകോഹവതേതനൂകൃഥേ
മാനോവിയൌഷ്ടംസഖ്യാമുമോചതം

അന്വയം:—
(ഹേ അശ്വിനൌ)
വി-മനാഃ — ഏതന്നാമക ഋഷിഃ
നൂനം കഥാ വാം ഉപ സ്തവൽ? — പുരാ കഥം യുവാം ഉപാസ്തൌൽ?
(തേന സ്തുതൌ) യുവം — യുവാം

വസ്യഃ—ഇഷ്ടയേ — പ്രശസ്തം ധനം തസ്യാഭിലഷതി
സ്യേഷ്ടയേ, അഭിഗമനായ

ധിയം ദദഥുഃ — ബുദ്ധിംവിമനസേ അദദാഥാം
ഖലു (ഉത്തരാർദ്ധഃ
പൂർവ്വസ്മിന്നൃചി വ്യാഖ്യാതഃ)

അർത്ഥം—അല്പയോ അശ്വികളേ, വിമനസ്സെന്ന ഋഷി എപ്രകാരമാണ് നിങ്ങളെ സ്തുതിച്ചതു്, ഉപാസിച്ചതു്? അദ്ദേഹത്താൽ സ്തുതിക്കപ്പെട്ട നിങ്ങൾ പ്രശസ്തമായ ധനം, അതാഗ്രഹിക്കുന്നവന്നെത്താനായി, അനുഗ്രഹബുദ്ധി വിമനസ്സിലിയററിയല്ലോ. (ഉത്തരാർദ്ധം മുൻഋക്കിൽ വ്യാഖ്യാനിച്ചിട്ടുണ്ട്.)

3 യുവംഹിഷ്മാപുരുഭുജേമമേധതും
വിഷ്ണാപ്വേദദഥുർവ്വസ്യഇഷ്ടയേ
താവാംവിശ്വകോഹവതേതനൂകൃഥേ
മാനോവിയൗഷ്ടംസഖ്യാമുമോചതം

അന്വയം:-

ഹേ പുരു-ഭുജാ, — പുരുഭുജൌ, പുരൂണാം,
ബഹൂനാം ദാനേന ഭോജയിതാരാ
വശ്വിനൌ

യുവം ഹി സ്മ
ഇമം ഏധതും — യുവാമേവ മാം ധനാഭിവൃദ്ധിം
വിഷ്ണാപ്വേ — ഏതന്നാമകായ മമ പുത്രായ
വസ്യഃ—ഇഷ്ടയേ ദദഥുഃ — പ്രശസ്തധനേച്ഛാം പൂരയിതു
മദത്തം (ഉത്തരാർദ്ധഃ വ്യാഖ്യാതഃ)

അർത്ഥം—വളരെപ്പേരെ ദാനംകൊണ്ടു രക്ഷിക്കുന്ന അശ്വികളേ, നിങ്ങൾതന്നെയാണല്ലോ ഈ ധനാദ്യഭിവൃദ്ധിയെ വിഷ്ണാപ്വ എന്ന എൻെറ മകന്നു്, മികച്ച ധനാശയെ നിറവേററാനായി, കൊടുത്തതു്. (ഉത്തരാർദ്ധം വ്യാഖ്യാനിക്കപ്പെട്ടു).

4 ഉതത്യംവീരന്ധനസാമൃജീഷിണ
ന്ദൂരേചിൽസന്തമവസേഹവാമഹേ
യസ്യസ്വാദിഷ്ഠാസുമതിഃപിതുര്യഥാ
മാനോവിയൌഷ്ടംസഖ്യാമുമോചതം

അന്വയം:—

| | |
|---|---|
| (ഹേ അശ്വിനൌ,) | |
| ഉത വീരം | — അപിച കൎമ്മണി സമൎത്ഥം |
| ധന-സാം, ഋജീഷിണം | — ധനാനാം സംഭക്താരം,<br>അഭിഷുത സോമവന്തം |
| ദൂരേ ചിൽ സന്തം | — ദൂരഏവ വിനഷ്ടമിവ ഭവന്തം |
| ത്യം അവസേ ഹവാമഹേ | — വിഷ്ണാപൂനാമകം പുത്രം<br>അസ്മാകം രക്ഷണായാഹ്വയാമഃ |
| (കിഞ്ച) യസ്യ സു-മതിഃ | — യസ്യ പുത്രസ്യ ശോഭനാ സ്തുതിഃ |
| പിതുഃ യഥാ | — പിതുൎവ്വിശ്വകസ്യ സ്തുതിര്യഥാ<br>പ്രീതികരീ തഥാ |
| സ്വാദിഷ്ഠാ | — സ്വാദുതമാ, അതിശയേന<br>ദേവാനാം സ്വാദുകാരിണീ,<br>തസ്മാത്തമാഹ്വയാമഃ |
| നഃ സഖ്യാ മാ വി<br>യൌഷ്ടം | — അസ്മാകം സഖ്യാനി മാ<br>പൃഥക്കുരുതം |
| മുമോചതം | — ഇഹാഗന്തുമശ്വപ്രഗ്രഹാൻ<br>മുഞ്ചതം |

അൎത്ഥം—അല്ലയോ അശ്വികളേ, കൎമ്മത്തിൽ വിദഗ്ധനും ധനത്തെ ഭജിക്കുന്നവനും സംസ്കരിച്ച സോമമൊത്തവനും അകലെയെങ്ങോ നഷ്ടപ്പെട്ടവനുമായ ആ വിഷ്ണാപു എന്ന പുത്രനെ, രക്ഷണത്തിന്നുവേണ്ടി വിളിക്കുന്നു. (മകനാണല്ലോ അച്ഛനെ രക്ഷിക്കുന്നതു്.) ആരുടെ ശോഭനസ്തുതി അച്ഛനായ വിശ്വകന്റെ (എന്റെ) സ്തുതിപോലെ ദേവന്മാൎക്കു് പ്രീതികരിയാണോ, ആ മ[illegible] വേണ്ടി വിളിക്കുന്നു. നമ്മ

ടെ ചങ്ങാതങ്ങളെ വേർപെടുത്തരുതേ. കുതിരകളെ കടിഞ്ഞാണുകളഴിച്ചു വിട്ടാലും.

5 ഋതേനദേവസ്സവിതാശമായത
ഋതസ്യശൃങ്ഗമുർവ്വിയാവിപപ്രഥേ
ഋതംസാസാഹമഹിചിൽപൃതന്യതോ
മാനോവിയൗഷ്ടംസഖ്യാമുമോചതം വ. 9

അന്വയം:—
(ഋഷിഃ സത്യപ്രശംസാം കരോതി.)
(ഹേ അശ്വിനൗ,) ദേവഃ
സവിതാ — ദ്യോതമാനഃ സർവ്വസ്യ പ്രേരകഃ
ഋതേന ശം—ആയതേ — സത്യേന സായങ്കാലേ സ്വകിരണസമൂഹം ശമയതി
(തതോനന്തരം സ ഏവ)
ഋതസ്യ — സത്യസ്യ
ശൃങ്ഗം ഉർവ്വിയാ — അഗ്രം യഥാ ഉരു, വിസ്തീർണ്ണം ഭവതി തഥാ പ്രാതഃ കാലേ
വി പപ്രഥേ — വിശേഷേണ പ്രഥയതി, സർവ്വതോ വിസ്താരയതി
(കിഞ്ച) പൃതന്യതഃ — പൃതനാമിച്ഛതഃ യുയുത്സോശ്ശത്രോഃ
മഹി ചിൽ — മഹദപി ബലം
ഋതം സസാഹ — സത്യം സ്വയമേവാഭിഭവതി
(തസ്മാദ്യുവാമപി) നഃ
സഖ്യാ മാ വി യൗഷ്ടം — സഖ്യാനി മാ പൃഥക്കരുതം
മുമോചതം — അത്രാഗന്തുമശ്വപ്രഗ്രഹാന്മുഞ്ചതം

അർത്ഥം.—(ഋഷി സത്യത്തെ പ്രശംസിക്കുന്നു.) അല്ലയോ അശ്വികളേ, പ്രകാശമാനനും എല്ലാവരെയും സ്വസ്വകർമ്മങ്ങളിൽ പ്രേരിപ്പിക്കുന്നവനുമായ സവിതാവ് സത്യത്താലാണ് സായംസന്ധ്യക്ക് തന്റെ കിരണങ്ങളെ ശമിപ്പിക്കുന്ന

തു്, പിൻവലിക്കുന്നതു്. പിന്നെ, അവിടുന്നുതന്നെ സത്യത്തിൻെറ മുഖം, മുൻഭാഗം വിസ്തീർണ്ണമാക്കുമാറു് പ്രഭാതത്തിൽ എമ്പാടും രശ്മികൾ പരത്തുന്നു. കൂടാതെ യുദ്ധേച്ഛുവായ ശത്രുവിൻെറ ബലം പെരിയതെങ്കിലുമതിനെ സത്യമായും കീഴടക്കുന്നു. (ഇവിടെ ശത്രു ഇരുട്ടാണു്.) അതിനാൽ സത്യരക്ഷകരായ നിങ്ങൾ നമ്മുടെ ചങ്ങാതങ്ങളെ വേർപെടുത്തരുതേ. ഇവിടെ വരാനായി കുതിരകളുടെ കടിഞ്ഞാണുകളഴിച്ചുവിട്ടാലും.

വർഗ്ഗം–10 വാസിഷ്ഠഃ ദ്യുമ്നീകഃ ഋഷിഃ, ബൃഹതീസതോ
ബൃഹത്യൌച്ഛന്ദസീ.

1 ദ്യുമ്നീവാംസ്തോമോഅശ്വിനാ
ക്രിവിർന്നസേകആഗതം
മധ്വസ്സുതസ്യസദിവിപ്രിയോനരാ
പാതങ്ഗൌരാവിവേരിണേ

അന്വയം:–

ഹേ നരാ, അശ്വിനാ,
ദ്യുമ്നീ — നേതാരാവശ്വിനൌ,
ഏതന്നാമക ഋഷിഃ
ക്രിവിഃ ന സേകേ — കൂപോ യഥാസേകേ, വൃഷ്ടൌ
നാല്പോദകോ ഭവതി, തദ്വൽ
വാം സ്തോമഃ — യുവയോസ്തോതാഭവതി,
യുഷ്മൽസ്തുതൌ കൃതായാം
സ്തോത്രാണി നാല്പീഭവന്തി,
കിന്തുപുനർവ്വർദ്ധന്തേ
(തസ്മാദസ്മദീയം യജ്ഞം
പ്രതി) ആ ഗതം — സ്തോത്രാണി ശ്രോതുമാഗച്ഛതം
സഃ ദിവി — അയം സ്തോതാ ദ്യോതമാനേ
യജ്ഞേ
പ്രിയഃ — സ്തോത്രകാരിത്വേന തവ
പ്രിയതമോ ഭവതി

സുതസ്യ മധ്വഃ — അഭിഷുതസ്യ മദകരസ്യ സോമസ്യ
ഗൗരൗ_ഇവ ഇരിണേ — ഏതന്നാമകൗ മൃഗൗ തൃഷിതൗ തടാകാദിഷ്വിവ
പാതം — പിബതം

അർത്ഥം-അല്ലയോ നേതാക്കളായ അശ്വികളേ, കിണർ മഴയിൽ ജലത്താൽ നിറയുന്ന പോലെ, ഭൃമി എന്ന ഋഷി (സൂക്തദ്രഷ്ടാവായ ഞാൻ) നിങ്ങളുടെ സ്തോതാവായി ഭവിക്കുന്നു. നിങ്ങളെക്കുറിച്ചു ചെയ്യപ്പെട്ട സ്തുതി അനല്പമായി വർദ്ധിക്കുന്നു. (വർഷത്തിൽ കിണർ ജലംകൊണ്ടെന്നപോലെ വളരുന്നു ) അതിനാൽ നീങ്ങൾ ഞങ്ങളുടെ യാഗത്തെ ഉദ്ദേശിച്ച്, സ്തോത്രം കേൾക്കാൻ വന്നാലും. ഈ സ്തോതാവ് പ്രകാശമുറ്റ യജ്ഞത്തിൽ നിങ്ങൾക്കേറ്റവും പ്രിയനാകുന്നു. ഗൗരങ്ങളെന്ന ഇണമൃഗങ്ങൾ ദാഹിച്ച് തടാകാദികളിൽനിന്നു വെള്ളം കുടിക്കുന്നപോലെ, സംസ്കരിച്ച സോമത്തെ നീങ്ങൾ കുടിച്ചാലും.

2 പിബതങ്ഘർമ്മംമധുമന്തമശ്വി
നാബർഹിസ്സീദതന്നരാ
താമന്ദസാനാമനുഷോദുരോണആ
നീപാതംവേദസാവയഃ

**അന്വയം:-**

**ഹേ നരാ, അശ്വിനാ,** — **നേതാരാവശ്വിനൗ,**
**ബർഹിഃ ആ സീദന്തം** — **ബർഹിഷി, യജ്ഞേ ഉപവിശതം**
**മധു-മന്തം ഘർമ്മം പിബതം** — **മഹാവീരപാത്രഗതം ക്ഷീരമിശ്രിതം സോമം പിബതം**
**(കിഞ്ച) മനുഷഃ ദുരോണേ** — **മനുഷ്യസ്യ യജമാനസ്യ യജ്ഞഗൃഹേ**

| | | |
|---|---|---|
| മന്ദസാനാ താ | — | സോമപാനേന മോദമാനൌ തൌ യുവാം |
| വേദസാ വയഃ | — | ധനേന സഹാസ്മാകമായുഃ |
| ആ നി പാതം | — | സമന്താൽ നിതരാം രക്ഷതം . |

അർത്ഥം—അല്ലയോ നേതാക്കളായ അശ്വികളേ, നിങ്ങൾ യജ്ഞത്തിൽ വന്നിരുന്നാലും. മഹാവീരമെന്ന പാത്രത്തിലൊഴിച്ച പാൽ ചേർത്ത സോമം കുടിച്ചാലും. മാത്രമല്ല മനുഷ്യനായ യജമാനൻെറ യാഗശാലയിൽ സോമപാനത്താൽ ഹർഷമാളുന്ന ആ നിങ്ങൾ ധനത്തോടുകൂടി ഞങ്ങളുടെ ആയുസ്സിനെ പൂർണ്ണമായി രക്ഷിച്ചാലും.

3 ആവാംവിശ്വാഭിരൂതിഭിഃ
പ്രിയമേധാഅഹൂഷത
താവർത്തിര്യാതമുപവൃക്തബർഹിഷോ
ജുഷ്ടംയജ്ഞന്ദിവിഷ്ടിഷു

അന്വയം:—

(ഹേ അശ്വിനൌ,)

| | | |
|---|---|---|
| പ്രിയ-മേധാഃ | — | പ്രിയതമയജ്ഞാ യജമാനാഃ |
| വിശ്വാഭിഃ ഊതി-ഭിഃ | — | സർവ്വൈരഭിലഷിതയാചനൈസ്സഹിതാഃ (ആത്മനഃ പാലനഹേതുകത്വേന) |
| വാം ആ അഹൂഷത | — | ആഹ്വാസിഷുഃ, യുവാമാഹ്വയന്തി |
| താ, വൃക്ത-ബർഹിഷഃ | — | തൌയുവാം, ആസ്തരണാർത്ഥം ഛിന്നബർഹിഷോ യഷ്ടുസ്സംബന്ധി |
| ജുഷ്ടം യജ്ഞം | — | സർവ്വൈർദ്ദേവൈസ്സേവിതം ഹവിഃ പ്രതി |
| ദിവിഷ്ടിഷു | — | ദിവസാനാമാഗമനേഷു, പ്രാതഃ കാലേഷു |
| വർത്തിഃ ഉപ യാതം | — | യജ്ഞഗൃഹം യുവാമുപഗച്ഛതം |

അർത്ഥം—അല്ലയോ അശ്വികളേ, ഏററവും പ്രിയമായി വിചാരിക്കുന്ന യജ്ഞത്തോടുകൂടിയ യജമാനന്മാർ അഭീഷ്ടങ്ങൾ മുഴുവൻ യാചിക്കുന്നവരായി (തങ്ങൾക്കു രക്ഷയ്ക്കുവേണ്ടി എല്ലാ അഭീഷ്ടയാചനകളോടുംകൂടിയവരായി) നിങ്ങളെ ഉറക്കെ വിളിക്കുന്നു. ആ നിങ്ങൾ ഇരിക്കാൻവേണ്ടി ചിതറിയ ദർഭയോടുകൂടിയ, യഷ്ടാവിന്നു ചേർന്നതും, എല്ലാ ദേവന്മാരാലും സ്വീകരിക്കപ്പെട്ടതുമായ ഹവിസ്സിനെ ഉദ്ദേശിച്ച് ദിവസാരംഭങ്ങളിൽ, പ്രഭാതകാലങ്ങളിൽ യാഗശാലയെ പ്രാപിച്ചാലും. (അശ്വികൾക്കു സ്തുതിയും ഹവിസ്സും പ്രഭാതത്തിലാണ്.)

4 പിബതംസോമംമധുമന്തമശ്വി
നാബർഹിസ്സീദതംസുമൽ
താവാവൃധാനാഉപസുഷ്ടുതിന്ദിവോ
ഗന്തങ്ങ്ഗൌരാവിവേരിണം

അന്വയം:—

| | |
|---|---|
| ഹേ അശ്വിനാ, ബർഹിഃ | — അശ്വിനൌ, ബർഹിഷി, യജ്ഞേ |
| സു—മൽ ആ സീദതം | — ശോഭനമുപവിശതം |
| മധു—മന്തം സോമം പിബതം | — മദവന്തം സോമം പിബതം |
| (പശ്ചാൽ) വവൃധാനൌ, താ | — സോമപാനേന വൃദ്ധൌ തൌ യുവാം |
| ദിവഃ, സു—സ്തുതിം | — ദ്യുലോകാൽ, അസ്മാഭിഃ ക്രീയമാണാം ശോഭനാം സ്തുതിം |
| ഗൌരൌ—ഇവ ഇരിണം | — ഗൌരമൃഗൌ തൃഷിതൌ തടാകാദികം പ്രതി ജല പാനാർത്ഥം ഗച്ഛതസ്തദ്വൽ |
| ഉപ ഗന്തം | — ഉപഗച്ഛതം |

അർത്ഥം—അല്ലയോ അശ്വികളേ, യജ്ഞത്തിൽ ശോഭനമാം വണ്ണം വന്നിരുന്നാലും, ഹർഷകരമായ സോമം കുടിച്ചാലും.

പിന്നീട സോമപാനത്താൽ വൎദ്ധിച്ച ആ നിങ്ങൾ ദ്യുലോകത്തിൽനിന്നു് ഞങ്ങളാൽ ചൊല്ലപ്പെടുന്ന ശോഭനസ്തുതിയെ, ഗൌരജാതിയിൽപ്പെട്ട ഇണമൃഗങ്ങൾ ദാഹിച്ച തടാകാദികളിൽ വെള്ളം കുടിക്കാനെത്തുന്നപോലെ, പ്രാപിച്ചാലും.

5 ആനൂനംയാതമശ്വി

നാശ്വേഭിഃപ്രുഷിതഫ്സുഭിഃ

ദസ്രാഹിരണ്യവൎത്തനീശ്ശുഭസ്പതീ

പാതംസോമമൃതാവൃധാ

അന്വയം:—

ഹേ ദസ്രാ, ഹിരണ്യ–
വൎത്തനീ, ശ്ശുഭഃ പതീ, — ദശ്നീയൌ, ഹിരണ്മയരഥൌ,
ഉദകസ്യ പാലയിതാരൌ,
ഋത–വൃധാ, അശ്വിനാ, — സത്യസ്യ വൎദ്ധയിതാരാ
വശ്വിനൌ,
പ്രുഷിതഫ്സു–ഭിഃ
അശ്വേഭിഃ — സ്നിഗ്ധരൂപൈരശ്വൈസ്സഹ
നൂനം ആ യാതം — അസ്മദ്യജ്ഞമിദാനീ മാഗച്ഛതം
സോമം പാതം — പിബതം

അൎത്ഥം—ദശ്നീയരും സ്വൎണ്ണത്തേരൊത്തവരും ജലസ്വാമികളും സത്യം വളൎത്തുന്നവരുമായ അശ്വികളേ, എണ്ണമയം പൂണ്ട കുതിരകളാൽ ഇപ്പോൾ ഞങ്ങളുടെ യജ്ഞത്തെ പ്രാപിച്ചാലും, സോമം കുടിച്ചാലും.

6 വയംഹിവാംഹവാമഹേവിപന്യവോ

വിപ്രാസോവാജസാതയേ

താവല്ഗൂദസ്രാപുരുദംസസാധീ

യാശ്വിനാശ്രുഷ്ട്യാഗതം

അന്വയം:—

ദസ്രാ, അശ്വിനാ, — ദർശനീയാവശ്വിനൌ,
വിപ്രാസഃ വിപന്യവഃ
വയം — മേധാവിന സ്തോതാരോ വയം
വാജ—സാതയേ ഹി വാം
ഹവാമഹേ — അന്നലാഭായൈവ യുവാം
സ്തുതിഭിരാഹ്വയാമഃ
താ വല്ഗു, പുരു—
ദംസസാ — തൌ കുശലഗമനൌ,
ബഹുകർമ്മാണൌ യുവാം
ധിയാ — അസ്മദീയയാ സ്തുത്യാഹൂതൌ
സന്തൌ
ശ്രുഷ്ടീ ആ ഗതം — ക്ഷിപ്രമാഗച്ഛതം

അർത്ഥം—അല്ലയോ ദർശനീയരായ അശ്വികളേ, മേധാവികളും സ്തോതാക്കളുമായ ഞങ്ങൾ അന്നലാഭത്തിന്നായിത്തന്നെ നിങ്ങളെ സ്തുതികളാൽ വിളിക്കുന്നു. കൌശലമുററ ഗമനമൊത്തവരും വളരെ കർമ്മങ്ങളോടുകൂടിയവരുമായ നിങ്ങൾ, ഞങ്ങളുടെ സ്തുതിയാൽ വിളിക്കപ്പെട്ടവരായി വേഗത്തിൽ വന്നുചേരണാലും.

വർഗ്ഗം—11. ഗൌതമഃ നോധാഃ ഋഷിഃ, ഇന്ദ്രോ ദേവതാ.

1 തംവോദസ്മമൃതീഷഹം
വസോർമ്മന്ദാനമന്ധസഃ
അഭിവത്സന്നസ്വസരേഷുധേനവ
ഇന്ദ്രംഗീർഭിർന്നവാമഹേ

അന്വയം:—
(ഹേ ഋത്വിഗ്യജമാനാഃ)
ദസ്മം, ഋതി—സഹം — ദർശനീയം, ശത്രൂണാമഭിഭവിതാരം (ഋതയോ ബാധകാ
[illegible])

| | |
|---|---|
| വസോഃ അന്ധസഃ<br>മന്ദാനം | — പാത്രേ നിവസതസ്സോമസ്യ പാനേന മോദമാനം |
| വഃ തം ഇന്ദ്രം | — യുഷ്മൽ സംബന്ധിനം താദൃശമിന്ദ്രം |
| സ്വസരേഷു | — സൂൎയ്യനേതൃകേഷു ദിവസേഷു |
| വത്സം ന ധേനവഃ | — നവപ്രസൂതികാ ധേനവഃ സ്വസരേഷു, ഗോഷ്ഠേഷു വത്സമഭിലക്ഷ്യശബ്ദയതി, തദ്വൽ |
| ഗീഃ–ഭിഃ അഭി നവാമഹേ | — വയം സ്തുതിഭിരഭിഷ്ടുമഃ |

അൎത്ഥം–അല്ലയോ ഋത്വിഗ്യജമാനന്മാരേ, ദൎശനീയനും ശത്രുക്കളെ കീഴമൎത്തുന്നവനും പാത്രത്തിലിരിക്കുന്ന സോമത്തിന്റെ പാനംകൊണ്ടു ഹൎഷിക്കുന്നവനും നിങ്ങൾക്കു ചേൎന്നവനുമായ ആ ഇന്ദ്രനെ, സൂൎയ്യൻ നയിക്കുന്ന, എല്ലാം തെളിയിച്ചു പ്രകാശിക്കുന്ന ദിവസങ്ങളിൽ, പുതുതായിപ്പെററ പശുക്കൾ തൊഴുത്തുകളിൽ കുട്ടിയെക്കണ്ടു ശബ്ദിക്കുന്നപോലെ, ഞങ്ങൾ നേരെ സ്തുതികളാൽ ഘോഷിക്കുന്നു.

2 ദ്യുക്ഷംസുദാനുന്തവിഷീഭിരാവൃത
ങ്ഗിരിന്നപുരുഭോജസം
ക്ഷുമന്തംവാജംശതിനംസഹസ്രിണം
മക്ഷൂഗോമന്തമീമഹേ

അന്വയം:–

| | |
|---|---|
| ദ്യുക്ഷം, സു–ദാനും | — ദിവി ക്ഷിയന്തം, നിവസന്തം, ശോഭനദാനം |
| തവിഷീഭിഃ ഗിരിം ന ആ–വൃതം | — ബലൈഃ മേഘൈരാവൃതം ശിലോച്ചയമിവസ്ഥിതം |
| പുരു–ഭോജസം | — ബഹൂനാം പാലയിതാരമിന്ദ്രം |
| ക്ഷു–മന്തം | — ശബ്ദയന്തം സ്തോത്രാദീനി കുൎവ്വാണം |

| | |
|---|---|
| ശതിനം സഹസ്രിണം | — ശതസഹസ്രസംഖ്യാകധനോപേതം പുത്രം |
| ഗോ-മന്തം വാജം | — ഗവാദിയുക്തമന്നഞ്ച |
| മക്ഷൂ ഈമഹേ | — ശീഘ്രം യാചാമഹേ |

അർത്ഥം—ദ്യോവിൽ വർത്തിക്കുന്നവനും നല്ല ദാനമൊത്തവനും, മലകൾ മുകിലുകളാലെന്ന പോലെ ബലങ്ങളാൽ ചുററപ്പെട്ടവനും വളരെപ്പേർക്കു രക്ഷിതാവുമായ ഇന്ദ്രനോട്, സ്തോത്രാദികൾ ഉറക്കെച്ചൊല്ലുന്നവനും നൂറുമായിരവും ധനമുള്ളവനുമായ മകനെയും പശുക്കളോടുകൂടിയ അന്നത്തെയും ഇപ്പോൾത്തന്നെ യാചിക്കുന്നു.

3 നത്വാബൃഹന്തോഅദ്രയോ

വരന്തഇന്ദ്രവീളവഃ

യദ്ദിത്സസിസ്തുവതേമാവതേവസു

നകിഷ്ടദാമിനാതിതേ

അന്വയം:—

| | |
|---|---|
| ഹേ ഇന്ദ്ര, ബൃഹന്തഃ | — ബലേന മഹാന്തഃ |
| വീളവഃ അദ്രയഃ | — സർവ്വതോദൃഢാഃ പർവ്വതാഃ |
| ത്വാ ന വരന്തേ | — ത്വാം ബലേന ന നിവാരയന്തി |
| സ്തുവതേ മാ-വതേ | — സ്തോത്രം കുർവ്വതേ മൽസദൃശായ |
| യൽ വസു ദിത്സസി | — യദ്ധനം ത്വം ദാതുമിച്ഛസി |
| (തവദേയം) തേ തൽ | |
| നകിഃ ആ മിനാതി | — ന കശ്ചിദാഭിമുഖ്യേന ഹിനസ്തി |

അർത്ഥം—അല്ലയോ ഇന്ദ്ര, ബലത്താൽ പെരിമ പൂണ്ടവയും എമ്പാടുമുറച്ചുനിൽക്കുന്നവയുമായ പർവ്വതങ്ങൾ ബലത്താലവിടത്തെ തടുക്കുന്നില്ല. സ്തോത്രം ചൊല്ലുന്ന എന്നെപ്പോലുള്ളവന്ന് യാതൊരു ധനമവിടുന്നു തരാനിച്ഛിക്കുന്നുവോ, അതിനെ ആരും മുടക്കുകയില്ല.

4 യോദ്ധാസിക്രത്വാശവസോതദംസനാ
വിശ്വാജാതാഭിമജ്മനാ
ആത്വായമർക്കഊതയേവവർത്തതി
യങ്ഗോതമാഅജീജനൻ

അന്വയം:—

(ഹേ ഇന്ദ്ര,) ക്രത്വാ — വൃത്രഹനനാദികർമ്മണാ
ശവസാ യോദ്ധാ അസി — ആത്മീയേന ബലേന ശത്രൂണാം സംപ്രഹാരകോ ഭവസി
ഉത ദംസനാ — സ്വകീയേന കർമ്മണാ
മജ്മനാ — ശത്രൂണാമാക്രോശന സമർത്ഥേന ബലേന
വിശ്വാ ജാതാ അഭി — സർവ്വാണി ഭൂതാന്യഭിഭവസി
(ഏതാദൃശം) ത്വാ അർക്കഃ
അയം — ത്വാം ദേവാനാമർച്ചകോയം സ്തോതാ
ഊതയേ ആ വവർത്തതി — രക്ഷണായാവർത്തയതി, ആത്മാഭിമുഖ്യേ കരോതി
യം ഗോതമാഃ — ഗോതമപുത്രാ നോധഃപ്രഭൃതയഃ
അജീജനൻ — സ്വയജ്ഞേ പ്രാദുരബീഭവൻ (തം ത്വായമർക്കഃ വവർത്തതി)

അർത്ഥം—അല്ലയോ ഇന്ദ്ര, വൃത്രവധം മുതലായ കർമ്മം കൊണ്ടും സ്വന്തം ബലം കൊണ്ടും അവിടുന്നു ശത്രുക്കളെ അടിച്ചമർത്തുന്ന യോദ്ധാവാകുന്നു. പിന്നെ സ്വന്തം കർമ്മത്താലും ശത്രുക്കൾക്കു നേരെ അലറാൻ മതിയായ ബലത്താലും എല്ലാം ചരാചരങ്ങളെയുമവിടുന്നു കീഴടക്കുന്നു. ദേവന്മാരുടെ പൂജകനായ ഈ സ്തോതാവു് അപ്രകാരമുള്ള അവിടുത്തെ രക്ഷയ്ക്കായി

നേരെ വരുത്തുന്നു. യാതൊരവിടുത്തെയാണോ, ഗോതമ പുത്രന്മാരായ നോധസ്സു മുതലായവർ ആവിർഭവിപ്പിച്ചതു്, ആ അവിടുത്തെയാണു് നേരെ വരുത്തുന്നതു്. (ഇന്ദ്രനെ ജനിപ്പിച്ചതു് ഗോതമ പുത്രന്മാരാണെന്നു പ്രസ്താവം, ഈശ്വരൻ മനുഷ്യസൃഷ്ടിയാണെന്നതിന്നു് തുല്യമാണു്. മനുഷ്യസങ്കല്പമനുസരിച്ചാണല്ലോ ഈശ്വരസ്വരൂപം. പക്ഷേ, ഈ ആവിർഭവിപ്പിച്ചതു് എന്നതിന്നു് ദർശിപ്പിച്ചതു് എന്നർത്ഥമെടുക്കാം. അപ്പോൾ ഋഷിമാർ ദേവസ്രഷ്ടാക്കളല്ല, ദേവദ്രഷ്ടാക്കൾ മാത്രമാവും.)

5 പ്രഹിരിരിക്ഷഓജസാ
ദിവോഅന്തേഭ്യസ്പരി
നത്വാവിവ്യാചരജഇന്ദ്രപാർത്ഥിവ
മനുസ്വധാംവവക്ഷിഥ

അന്വയം:—

| | |
|---|---|
| ഹേ ഇന്ദ്ര, ദിവഃ | |
| ഓജസാ ഹി | — ദ്യുലോകസ്യ ബലേനൈവ |
| പ്ര രിരിക്ഷേ | — പ്രകർഷേണാതിരിക്തോ ഭവസി |
| (കിഞ്ച) പാർത്ഥിവം രജഃ | — ലോകഃ |
| അന്തേഭ്യഃ പരി | — ദ്യാവാപൃഥിവ്യോരന്തേഭ്യഃ പരിതഃ |
| ത്വാ ന വിവ്യാച | — മഹതാ സ്വശരീരേണ ത്വാം ന വ്യാപ്നോതി |
| (ഏവം ഭൂതസ്സന്നസ്മാകം) | |
| സ്വധാം | — അന്നം |
| അനു വവക്ഷിഥ | — അനുവോഢുമിച്ഛ |

അർത്ഥം—അല്ലയോ ഇന്ദ്ര, ദ്യുലോകത്തിന്റെ ബലത്തെയും അവിടുന്നു കവിച്ചു നിൽക്കുന്നു. പിന്നെ ഭൌമലോകം, ദ്യാവാപൃഥിവികളുടെ അററങ്ങളിൽ എവിടെയും സ്വശരീരത്താൽ അവിടുത്തെ വ്യാപിക്കുന്നില്ല, തൊടുന്നില്ല. അപ്രകാരമുള്ള അവിടുന്നു് ഞങ്ങൾക്കന്നം കൊണ്ടുവരാൻ കനിഞ്ഞാലും.

6 നകിഃപരിഷ്ടിർമ്മഘവന്മഘസ്യതേ
യദ്ദാശുഷേദശസ്യസി
അസ്മാകംബോധ്യുചഥസ്യചോദിതാ
മംഹിഷ്ഠോവാജസാതയേ

വ. 11

അന്വയം:—

| | |
|---|---|
| ഹേ മഘ-വൻ, യൽ | |
| ദാശുഷേ ദശസ്യസി | യദാ ഹവിർദ്ദാത്രേ യജമാനായ ധനം പ്രയച്ഛസി തദാ |
| തേ മഘസ്യ പരിഷ്ടിഃ | |
| നകിഃ | തവ മംഹനീയസ്യ ധനസ്യ ദാനസ്യ പരിബാധകഃ, നിരോദ്ധാനകശ്ചിദസ്തി |
| (തഥാസതി) ചോദിതാ | സ്തോതൃഭ്യോ ധനാനാം ചോദയിതാ, പ്രേരയിതാ |
| (അത ഏവ) മംഹിഷ്ഠഃ | ദാതൃതമസ്ത്വം |
| അസ്മാകം ഉചഥസ്യ | സ്തോത്രം (കർമ്മണിഷഷ്ഠീ) |
| വാജ-സാതയേ ബോധി | അന്നലാഭാർത്ഥം ക്രിയമാണമിതി ബുധ്യസ്വ |

(സ്തോത്രേണ സ്തുതസ്സന്നസ്മാകമന്നാദികം പ്രയച്ഛ)

അർത്ഥം—അല്ലയോ ധനവാനായ ഇന്ദ്ര, എപ്പോഴവിടുന്നു് ഹവിർദ്ദാതാവായ യജമാനനു് ധനം കൊടുക്കുന്നുവോ, അപ്പോഴവിടുത്തെ മഹത്തായ ധനത്തിൻെറ ദാനത്തെ മുടക്കുന്നവൻ, നിരോധിക്കുന്നവനായാരുമില്ല. അപ്രകാരമിരിക്കേ, സ്തോതാക്കൾക്ക ധനമെത്തിക്കുന്നവനും അതുകൊണ്ടുതന്നെ ഏററവും ദാതാവുമായ ആ അവിടുന്നു് ഞങ്ങളുടെ സ്തുതി അന്നലാഭത്തിനുവേണ്ടിയാണെന്നറിഞ്ഞാലും. (സ്തുതിക്കപ്പെട്ടവനായി, അന്നാദികം തന്നരുളിയാലും.)

വർഗ്ഗം — 12 – നൃമേധ പുരുമേധാവൃഷീ, ബൃഹതീസതോ ബൃഹത്യനുഷ്ടുഭശ്ഛന്ദാംസി.

1 ബൃഹദിന്ദ്രായഗായത
മരുതോവൃത്രഹന്തമം
യേനജ്യോതിരജനയന്നൃതാവൃധോ
ദേവന്ദേവായജാഗൃവി

അന്വയം:-

| | |
|---|---|
| ഹേ മരുതഃ | — മിതം രുവന്തീതി മരുതഃ; മിതഭാഷിണസ്തോതാരഃ |
| വൃത്രഹം—തമം | — അതിശയേന പാപവിനാശനം |
| ബൃഹൽ ഇന്ദ്രായ ഗായത | — ബൃഹൽസാമമിന്ദ്രാർത്ഥം ഗാനം കുരുത |
| ഋത_വൃധഃ | — സത്യസ്യവർദ്ധകാവിശ്വേദേവാഃ |
| ദേവായ ദേവം | — ദ്യോതമാനായേന്ദ്രായ ദേവനശീലം |
| ജാഗൃവി ജ്യോതിഃ | — സർവ്വേഷാം ജാഗരണശീലം സൂര്യം |
| യേന അജനയൻ | — യേന സാമ്നാ ഇന്ദ്രാർത്ഥമുദപാദയൻ തൽ സാമ ഗായത |

അർത്ഥം—അല്ലയോ മിതഭാഷികളായ സ്തോതാക്കളേ, ഏററവും പാപനാശകമായ ബൃഹൽ സാമം ഇന്ദ്രനുവേണ്ടിപ്പാടുക. സത്യവർദ്ധകരായ ദേവന്മാരെല്ലാം കൂടി ശോഭമാനവും എല്ലാവർക്കുമുണർവ്വിയററുന്നതുമായ സൂര്യതേജസ്സ് യാതൊരു സാമത്താലാണോ ഇന്ദ്രനുവേണ്ടി ഉൽപാദിപ്പിച്ചത് ആ സാമം പാടുക.

2 അപാധമദഭിശസ്തീരശസ്തി
ഹാഥേന്ദ്രോദ്യുമ്ന്യാഭവൽ
ദേവാസ്തഇന്ദ്രസഖ്യായയേമിരേ
ബൃഹദ്ഭാനോമരുദ്ഗണ

അന്വയം:—

| | |
|---|---|
| അശസ്തി–ഹാ | — സ്തോത്രശംസനരഹിതാനാം, ശത്രൂണാം ഹന്തേന്ദ്രഃ, |
| അഭി–ശസ്തീഃ അപ അധമൽ | — ശത്രുകൃതാ ഹിംസാ അപാഗമയൽ |
| അധ ഇന്ദ്രഃ ദ്യുമ്നീ | — സർവ്വത്ര ദ്യോതമാനയശോയുക്തഃ |
| ആ അഭവൽ | — സർവ്വതഃ പ്രസിദ്ധോ ഭവൽ |
| ഹേ ബൃഹൽ-ഭാനോ,<br>മരുൽ–ഗണ ഇന്ദ്ര, | — മഹാദീപ്തേ, മരുൽഗണ സഹിതേന്ദ്ര, |
| ദേവാഃ | — സർവ്വേദേവാഃ |
| സഖ്യായ തേ യേമിരേ | — സഖിത്വായത്വാം നിയച്ഛന്തി |

അർത്ഥം_സ്തോത്രം ചൊല്ലാത്ത, കർമ്മങ്ങളനുഷ്ഠിക്കാത്ത ശത്രുഭൂതന്മാരുടെ ഹന്താവായ ഇന്ദ്രൻ ശത്രുക്കളേല്പിച്ച ഹിംസകളെയകററി. പിന്നെ ഇന്ദ്രൻ എങ്ങും ശോഭിച്ച കീർത്തിയാന്നവനായി എമ്പാടും പ്രസിദ്ധനായി ഭവിച്ചു. മഹാപ്രകാശനും മരുൽഗണമൊത്തവനുമായ ഇന്ദ്ര, ദേവന്മാരെല്ലാം ചങ്ങാതത്തിന്നായി അവിടുത്തെ ആശ്രയിക്കുന്നു.

3 പ്രവഇന്ദ്രായബൃഹതേ
മരുതോബ്രഹ്മാർച്ചത
വൃത്രംഹനതിവൃത്രഹാശതക്രതു
ർവജ്രേണശതപർവ്വണാ

അന്വയം:—

ഹേ മരുതഃ, — മിതരാവിണ സ്തോതാരഃ,
ബൃഹതേ, വഃ ഇന്ദ്രായ — മഹതേ, യുഷ്മദീയായേന്ദ്രായ
ബ്രഹ്മ പ്ര അർച്ചത — സാമലക്ഷണം സ്തോത്രം പ്രോച്ചാരയത
(തതഃ) വൃത്ര-ഹാ,
ശത-ക്രതുഃ — പാപസ്യഹന്താ, ബഹുകർമ്മേന്ദ്രഃ
ശത-പർവ്വണാ വജ്രേണ — ശതസംഖ്യാകധാരേണ വജ്രായുധേന
വൃത്രം ഹനതി — യുഷ്മാഭിരഭിഷ്ടുതസ്സൻ വൃത്രാസുരം ഹന്തു

അർത്ഥം:- അല്ലയോ മിതഭാഷികളായ സ്തോതാക്കളേ, മഹാനായ, നിങ്ങൾക്ക ചേർന്ന ഇന്ദ്രന്നായി സാമസ്തുതി ചൊല്ലുക. പിന്നെ പാപനാശകനും വളരെ കർമ്മമുററവനുമായ ഇന്ദ്രൻ നൂറലകുള്ള വജ്രായുധത്താൽ നിങ്ങളാൽ സ്തുതനായി, വൃത്രനെ കൊല്ലട്ടെ. (മേഘത്തെപ്പിളക്കട്ടെ)

4 അഭിപ്രഭരധൃഷതാധൃഷന്മന

ശ്രവശ്ചിത്തേഅസദ്ബൃഹൽ

അർഷന്ത്വാപോജവസാവിമാതരോ

ഹനോവൃത്രംജയാസ്വഃ

അന്വയം:—

ഹേ ധൃഷൽ-മനഃ, — ശത്രൂണാം ധർഷണശീല മനസ്കേന്ദ്ര,
തേ ബൃഹൽ ശ്രവഃ
അസൽ — തവാതിപ്രവൃദ്ധമന്നമസ്തി
(തദന്നം) ധൃഷതാ ചിൽ — ധൃഷ്ടേനാപിമനസായുക്തസ്സൻ
(അസ്മഭ്യം) അഭി പ്ര ഭര — ആഭിമുഖ്യേന പ്രകർഷേണ സമ്പാദയ
(ഹേ ഇന്ദ്ര,) മാതരഃ
ആപഃ — മാതൃഭൂതാസ്താഃ

ജവസാ വി അഷന്തു — വേഗേന വിവിധം ഭൂമിം പ്രതിഗച്ഛന്തു
വൃത്രം ഹനഃ — അപാമാവരകം മേഘം ജഹി, താഡയ
(പുനഃ) സ്വഃ ജയ — സർവ്വം ഭൂതജാതം ജയ

അർത്ഥം—ശത്രുക്കളെ കീഴടക്കുന്ന മനസ്സോത്ത ഇന്ദ്ര, അവിടേക്ക് പെരുത്തന്നമുണ്ട്. ആ അന്നം കുസലററ മനസ്സോടുകൂടിത്തന്നെ ഞങ്ങൾക്ക വേണ്ടപോലെ നേരേ കൊണ്ടുതന്നാലും. അല്ലയോ ഇന്ദ്ര, അമ്മമാരായ അപ്പുകൾ (ജലങ്ങൾ) വേഗത്തിൽ ഭൂമിക്കുനേരെ വരട്ടെ. ജലങ്ങളെ തടുക്കുന്ന മേഘത്തെ പിളന്നാലും. പിന്നെ എല്ലാ ചരാചരങ്ങളെയും ജയിച്ചാലും.

5 യജ്ജായഥാഅപൂർവ്വ
മഘവന്വൃത്രഹത്യായ
തൽപൃഥിവീമപ്രഥയ
സ്തദസ്തഭ്നാഉതദ്യാം

അന്വയം:—
ഹേ അപൂർവ്വ, മഘ-വൻ — ത്വത്തോവ്യതിരിക്തേന പൂർവ്വേണ വർജ്ജിത, ധനവന്നിന്ദ്ര,
വൃത്ര-ഹത്യായ യൽ ജായഥാഃ — വൃത്രാസുരഹനനായ യദാത്വമുൽപന്നഃ
തൽ പൃഥിവീം അപ്രഥയഃ — തദാനീമേവ പ്രഥമാനാം ഭൂമിം ദൃഢാമകരോഃ
ഉത തൽ ദ്യാം അസ്തഭ്നാഃ — തദാനീമേവ ദ്യുലോകമന്തരിക്ഷേണ നിരുദ്ധമകരോഃ

അർത്ഥം—തനിക്കുമുമ്പ് ആരുമുണ്ടായിട്ടില്ലാത്ത, ആദ്യനായ [illegible] ഇന്ദ്ര, വൃത്രവധത്തിനുവേണ്ടി എപ്പോള

വിടുന്നു ജനിച്ചുവോ, അപ്പോഴേ പരന്ന ഭൂമിയെ ഉറച്ചതാക്കി. അപ്പോഴേ ദ്യോവിനെ അന്തരീക്ഷംകൊണ്ടു സ്തംഭിപ്പിച്ചു നിൎത്തി, വീഴാതെ നിൎത്തി.

6 തത്തേയജ്ഞോഅജായത
തദൎക്കഉതഹസ്കൃതിഃ
തദ്വിശ്വമഭിഭൂരസി
യജ്ജാതംയച്ചജന്ത്വം

അന്വയം:–

(ഹേ ഇന്ദ്ര, യദാത്വമജായഥാഃ)
തൽ തേ — തദാനീം ത്വദൎത്ഥം
യജ്ഞഃ അജായത — സോമപാനാൎത്ഥം അഗ്നിഷ്ടോമാദിരഭൂൽ
തൽ ഉത ഹസ്കൃതിഃ — തദൈവഹാസകാരീ, പ്രീത്യൎത്ഥം ക്രിയമാണോ ഹൎഷസ്യ സൂചകഃ
അൎക്കഃ — അൎച്ചനീയോ മന്ത്രോപ്യജായത
(കിഞ്ച തദാ) യൽ ജാതം — ഭൂതജാതം
യൽ ച ജന്ത്വം വിശ്വം — ജനിതവ്യം യൽ സൎവ്വമസ്തി
തൽ അഭി–ഭൂഃ അസി — തൽസൎവ്വം സ്വമഹിമ്നാഭിഭൂതവാനസി

അൎത്ഥം -അല്ലയോ ഇന്ദ്ര, അവിടുന്നെപ്പോൾ ജനിച്ചുവോ, അപ്പോഴാണവിടേയ്ക്കു സോമപാനത്തിന്നുവേണ്ടി അഗ്നിഷ്ടോമാദി യജ്ഞവുമുണ്ടായതു്. അതുപോലെ അപ്പോഴാണു് ഹൎഷത്തിന്റെ ചിരിയുളവാക്കുന്ന സ്തുതിമന്ത്രവുമുണ്ടായതു്. കൂടാതെ, ജന്മം പൂണ്ടതും ജനിക്കാൻ പോകുന്നതുമായ സമസ്ത ഭൂതജാതത്തെയും അവിടുന്നു് സ്വമഹിമകൊണ്ടു് ജയിച്ചവനായതും അപ്പോഴാണു്.

7 ആമാസുപക്വമൈരയ
ആസൂര്യംരോഹയോദിവി
ഘർമ്മന്നസാമന്തപതാസുവൃക്തിഭി
ർജ്ജുഷ്ടംഗിർവ്വണസേബൃഹൽ വ. 12

അന്വയം:—

| | |
|---|---|
| (ഹേ ഇന്ദ്ര,) ആമാസു<br>പക്വം ഐരയഃ | — അപക്വാസു ഗോഷു പയസ്സ്വം ഐരയഃ |
| സൂര്യം ദിവി ആ<br>രോഹയഃ | — പണിഭിരപഹൃതാനാം ഗോനാമന്ധകാരാവൃതേ പർവ്വതേ സ്ഥാപിതാനാം ദർശനായ സർവ്വപ്രകാശകം സൂര്യം ദ്യുലോകേ ആരോഹിതവാൻ |
| (ഹേ സ്തോതാരഃ,)<br>സുവൃക്തി—ഭിഃ | — ശോഭനാഭിസ്സ്തുതിഭിഃ |
| ഘർമ്മം ന സാമൻ | — യഥാദീപനശീലം പ്രവർഗ്ഗ്യം സാമഭിസ്തപന്തി തദ്വൽ |
| (ഇന്ദ്രം) തപത | — തീക്ഷ്ണീകുരുത |
| (തതഃ) ഗിർവ്വണസേ | — ഗീർഭിർവ്വനനീയായേന്ദ്രായ |
| ജുഷ്ടം ബൃഹൽ | — പ്രീതികരം ബൃഹൽ സാമ ഗായത |

അത്ഥം—അല്ലയോ ഇന്ദ്ര, അവിടുന്നു മൂപ്പു ചെല്ലാത്ത പശുവിന്നു് പാലുണ്ടാക്കി. പണികളാലപഹരിയ്ക്കപ്പെട്ടു്, ഇരുട്ടായ മലയിൽ മറയ്ക്കപ്പെട്ട പശുക്കളെ വെളിപ്പെടുത്താനായി ആകാശത്തിൽ സൂര്യനെ കയററി. അല്ലയോ സ്തോതാക്കളേ, കത്തിയെരിയുന്ന പ്രവർഗ്ഗ്യത്തെ (പാത്രത്തിൽ വീഴ്ത്തി കത്തിച്ചു് സോമം ചേർത്ത നെയ്യിനെ) സാമ സ്തുതികളോടുകൂടി തപിപ്പിയ്ക്കുന്നപോലെ, ഇന്ദ്രന്നു ചൂടു പിടിപ്പിക്കുക, ഉശിരുണ്ടാക്കുക. സ്തുതികളാൽ പ്രാപ്യനായ ഇന്ദ്രന്നായി പ്രീതികരമായ ബൃഹത്തെന്ന സാമം പാടുക.

വർഗ്ഗം–13 ബൃഹതീ സതോ ബൃഹത്യൗച്ഛന്ദസീ.

1 ആനോവിശ്വാസുഹവ്യ
ഇന്ദ്രസ്സമത്സുഭൂഷതു
ഉപബ്രഹ്മാണിസവനാനിവൃത്രഹാ
പരമജ്യാഋചീഷമഃ

അന്വയം:–

വിശ്വാസു സമത്–സു — സർവ്വാസ്വസുര യുദ്ധേഷു
ഹവ്യഃ — ദേവൈരാത്മ രക്ഷാർത്ഥം ഹ്വാതവ്യഃ
വൃത്ര–ഹാ — വൃത്രസ്യ, പാപസ്യ വാ ഹന്താ
പരമ–ജ്യാഃ — പരമാ, അവിനശ്വരീ ജ്യാ, മൌർവ്വീയസ്യസഃ
ഋചീഷമഃ — സ്തുതിഭിരഭിമുഖീകരണീയഃ
ഇന്ദ്രഃ നഃ ബ്രഹ്മാണി
സവനാനി — സ്തോത്രാണി സവനാനി ച
ഉപ ആ ഭൂഷതു — അനുഭവതു, സേവതാം

അർത്ഥം–അസുരന്മാരുമായുള്ള എല്ലാ യുദ്ധങ്ങളിലും ദേവന്മാരാൽ ആത്മരക്ഷയ്ക്കുവേണ്ടി വിളിയ്ക്കപ്പെടുന്നവനും, വൃത്രന്റെ (പാപത്തിന്റെ) വിനാശകനും ഒരിയ്ക്കലും നശിയ്ക്കാത്ത വിൽഞാണോടുകൂടിയവനും സ്തുതികളാൽ നേരേ വരുത്താവുന്നവനുമായ ഇന്ദ്രൻ നമ്മുടെ സ്തോത്രങ്ങളും സവനങ്ങളും ഉൾക്കൊള്ളട്ടേ, കൈക്കൊള്ളട്ടേ.

2 ത്വന്ദാതാപ്രഥമോരാധസാമ
സ്യസിസത്യഈശാനകൃൽ
തുവിദ്യുമ്നസ്യയുജ്യാവൃണീമഹേ
പുത്രസ്യശവസോമഹഃ

അന്വയം:—

(ഹേ ഇന്ദ്ര,) പ്രഥമഃ ത്വം — സർവ്വേഷാം മുഖ്യസ്ത്വം
രാധസാം ദാതാ അസി — ധനാനാം പ്രദാതാ ഭവസി
(തഥാ) ഈശാന–കൃൽ — സ്തോതൄനൈശ്വര്യ യുക്താൻ കുർവ്വംസ്ത്വം
സത്യഃ അസി — സത്യകർമ്മാ, സത്യഫലോ ഭവസി
(യസ്മാദേവം തസ്മാൽ)
തുവി-ദ്യുമ്നസ്യ — ബഹുധനവതഃ
ശവസഃ പുത്രസ്യ — ബലപുത്രസ്യ
(അത ഏവ) മഹഃ — മഹതസ്തവ
യുജ്യാ ആ വൃണീമഹേ — യോഗ്യാനി ധനാനി സംഭജാമഹേ

അർത്ഥം—അല്ലയോ ഇന്ദ്ര, എല്ലാ ദേവന്മാരിലുംവെച്ചു മുഖ്യനായ അവിടുന്ന് ഉപാസകർക്കു ധനദാതാവായി ഭവിക്കുന്നു. അതുപോലെ സ്തോതാക്കളെ ഐശ്വര്യവാന്മാരാക്കുന്ന അവിടുന്ന് സത്യകർമ്മാവാകുന്നു, സത്യഫലനാകുന്നു. അപ്രകാരമിരിക്കേ, ബഹുധനവാനും ബലപുത്രനും അതുകൊണ്ടുതന്നെ മഹാനമായ അവിടുത്തോട് യോഗ്യങ്ങളായ ധനങ്ങളെ പ്രാർത്ഥിക്കുന്നു.

3 ബ്രഹ്മാതഇന്ദ്രഗിർവ്വണഃ

ക്രിയന്തേഅനതിദ്ഭുതാ

ഇമാജുഷസ്വഹര്യശ്വയോജ

നേന്ദ്രയാതേഅമന്മഹി

അന്വയം:—

ഹേ ഗിർവ്വണഃ,
ഹരി–അശ്വ, ഇന്ദ്ര, — ഗീർഭിർവ്വനനീയ, ഹരിതാശ്വവന്നിന്ദ്ര,
അനതിദ്ഭുതാ — യാനി ത്വൽഗുണാൻ സർവ്വാനതിക്രമ്യ ന ഭവന്തി, ഇന്ദ്രഗുണവ്യാപകാനി യഥാർത്ഥഭൂതാനി ഭവന്തി

| | |
|---|---|
| ബ്രഹ്മ | — ബ്രഹ്മാണി, സ്തോത്രാണി |
| തേ ക്രിയന്തേ | — ത്വദർത്ഥമസ്മാഭിഃ ക്രിയന്തേ, താനി |
| യോജനാ | — തവസമ്യഗ്യോജനശീലാനി താനി |
| ഇമാ ജുഷസ്വ | — ഇമാനി സ്തോത്രാണി സേവസ്വ |
| (കിഞ്ച) ഹേ ഇന്ദ്ര, തേ യാ | — ത്വദർത്ഥം യാനി സ്തോത്രാണി |
| അമന്മഹി | — വയമുച്ചാരയാമഃ, താനി സർവ്വാണി സേവസ്വ |

അർത്ഥം—സ്തുതികളാൽ പ്രാപ്യനും പച്ചക്കുതിരകളൊത്തവനുമായ ഇന്ദ്ര, അവിടത്തെ ഗുണങ്ങളെ അതിക്രമിക്കാതെ, ഇന്ദ്രഗുണവ്യാപകങ്ങളായി യഥാർത്ഥങ്ങളായ സ്തോത്രങ്ങളേവ ഞങ്ങളാൽ ചൊല്ലപ്പെടുന്നുവോ, അവ അവിടേയ്ക്കു തികച്ചും യോജിക്കുന്നവയാണ്. ഈ സ്തോത്രങ്ങളെ സ്വീകരിച്ചാലും. അല്ലയോ ഇന്ദ്ര, അവിടേയ്ക്കുവേണ്ടി ഞങ്ങൾ ചൊല്ലുന്ന സ്തോത്രങ്ങളേവയോ, അവയെയെല്ലാം കൈക്കൊണ്ടാലും.

4 ത്വംഹിസത്യോമഘവന്നനാനതോ

വൃത്രാഭൂരിന്ന്യൃഞ്ജസേ

സത്വംശവിഷ്ഠവജ്രഹസ്തദാശുഷേ

ഷേർവ്വാഞ്ചംരയിമാകൃധി

അന്വയം:—

ഹേ മഘ-വൻ, ശവിഷ്ഠ,

| | |
|---|---|
| വജ്ര-ഹസ്ത | — ധനവൻ, ബലേന വൃദ്ധതമ, വജ്രപാണേ, ഇന്ദ്ര, |
| സത്യഃ ത്വം ഹി | — സത്യകർമ്മാ ത്വമേവ |
| അനാനതഃ | — കേഷാമപ്യപ്രഹ്വസ്സൻ |
| ഭൂരി വൃത്രാ | — ഭൂരീണി, ബഹൂനി രക്ഷാംസി |
| നി-ഋഞ്ജസേ | — പ്രഹ്വീഭാവയസി, [illegible] |

സഃ ത്വം ദാശുഷേ — ഹവിർദ്ദാത്രേ യജമാനായ
രയിം അർവ്വാഞ്ചം — ധനാദികമർവ്വാചീനം,
അഭിമുഖം
ആ കൃധി — സമന്താൽ കുരു

അർത്ഥം—ധനവാനും അതിബലവാനും വജ്രപാണിയുമായ ഇന്ദ്ര, സത്യകർമ്മാവായ അവിടുന്നു മാത്രമാണു് ആരുടെ മുമ്പിലും കുനിയാത്തവനായി വളരെ രക്ഷസ്സുകളെ കുനിപ്പിക്കുന്നതു്, ശൂന്യരാക്കുന്നതു്. അപ്രകാരമുള്ള അവിടുന്നു് ഹവിസ്സേകുന്ന യജമാനനു നേരിട്ടു് മികവോടെ ധനമുണ്ടാക്കിയാലും, കൊടുത്താലും.

5 ത്വമിന്ദ്രയശാഅ
ഋജീഷീശവസസ്പതേ
ത്വംവൃത്രാണിഹംസ്യപ്രതീന്യേകഇ
ദനുത്താചർഷണീധൃതാ

അന്വയം:—
ഹേ ശവസഃ പതേ, ഇന്ദ്ര, — ബലസ്യ പാലയിതരിന്ദ്ര,
ഋജീഷീ ത്വം യശാഃ
അസി — അഭിഷുതസോമവാംസ്ത്വം
യശസ്വീ ഭവസി
അപ്രതീനി, അനുത്താ — ബലിഭിരപ്യപ്രതിഗതാനി,
അത ഏവ അന്യൈന്നോത്തു
മശക്യാനി
വൃത്രാണി ത്വം ഏകഃ ഇൽ— രക്ഷാംസ്യസഹായ ഏവ
ചർഷണി–ധൃതാ ഹംസി — അസുരഹനനാദിനാ മനുഷ്യാ
ണാം ധാരകേണ, രക്ഷകേണ
വജ്രേണ സംപ്രഹരസി

അർത്ഥം—ബലപാലകനായ ഇന്ദ്ര, സംസ്കരിച്ച സോമത്തോടുകൂടിയ അവിടുന്നു് യശസ്വിയാകുന്നു. അസുരവധാദികർമ്മത്താൽ മനുഷ്യരെ താങ്ങുന്ന, രക്ഷിക്കുന്ന വജ്രായുധത്താൽ, ബലവാന്മാരാൽ കൂടി എതിരിടപ്പെടാത്ത, അതുകൊ

ണ്ടുതന്നെ അമർത്തപ്പെടാൻ കഴിയാത്ത, രക്ഷസ്സുകളെ അവിടുന്നൊററയ്ക്കുതന്നെ പ്രഹരിക്കുന്നു.

6 തമുത്വാനൂനമസുരപ്രചേതസം
രാധോഭാഗമിവേമഹേ
മഹീവകൃത്തിശ്ശരണാതഇന്ദ്ര
പ്രതേസുമ്നാനോഅശ്നവൻ
വ. 13

അന്വയം:–

ഹേ അസുര, ഇന്ദ്ര, — ബലവന്നിന്ദ്ര,
തം പ്ര–ചേതസം ത്വാ ഉ — പ്രകൃഷ്ടജ്ഞാനം, പിതൃവൽ പോഷകം ത്വാമേവ
ഭാഗം–ഇവ — യഥാ കശ്ചിൽ പിതൃഭാഗഭൃതം ധനം യാചതേ, തദ്വൽ
രാധഃ നൂനം ഈമഹേ — ധർമ്മസാധനം ധനമിദാനീം യഷ്ടാരോ വയം യാചാമഹേ
മഹീ_ഇവ കൃത്തിഃ — മഹതീവ തവകീർത്തിഃ
തേ ശരണാ — ശരണം, ഗൃഹമന്തരിക്ഷേ വർത്തതേ
(കിഞ്ച) തേ സുമ്നാ — തവസ്വഭൂതാനി സുമ്നാനി, പുത്രാദിവിഷയസുഖാനി ച
നഃ പ്ര അശ്നവൻ — അസ്മാൻ പ്രകർഷേണ വ്യാപ്നുവന്തു

അർത്ഥം–അല്ലയോ ബലവാനായ ഇന്ദ്ര, ഉൽകൃഷ്ടജ്ഞാനമൊത്ത, അച്ഛനെന്നപോലെ രക്ഷകനായ അവിടുത്തോട് ഒരുവൻ അച്ഛനോടു ഭാഗം യാചിക്കുന്നപോലെ, യജമാനന്മാരായ ഞങ്ങൾ ധർമ്മസാധനമായ ധനം യാചിക്കുന്നു. അവിടുത്തെ മഹത്തായ യശസ്സുപോലെ ഗൃഹം അന്തരിക്ഷത്തിൽ വർത്തിക്കുന്നു, നിറഞ്ഞിരിക്കുന്നു. പിന്നെ അവിടുത്തെ സ്വന്തങ്ങളായ, അനുഗ്രഹഫലങ്ങളായ പുത്രാദി വിഷയസുഖങ്ങളും ഞങ്ങളെ നന്നായി വ്യാപിക്കട്ടെ.

വർഗ്ഗം–14 അപാലാ ബ്രഹ്മവാദിനീ ഋഷിഃ പംക്ത്യനുഷ്ടുഭൌ ഛന്ദസീ.

1 കന്യാഽ ഽവാർവായതീ
സോമമപിസ്രുതാവിദൽ
അസ്തംഭരന്ത്യബ്രവീ
ദിന്ദ്രായസുനവൈത്വാ
ശക്രായസുനവൈത്വാ

അന്വയം:–

| | | |
|---|---|---|
| വാഃ അവ–യതീ | — | ഉദകംപ്രതി സ്നാനാർത്ഥമഭ്യവഗച്ഛന്തീ |
| കന്യാ സ്രുതാ | — | അപാലാനാമ സ്ത്രീസ്രുതൌ, മാർഗ്ഗേ |
| സോമം അപി അവിദൽ | — | ലതാരൂപം സോമമ ലഭത |
| അസ്തം സം ഭരന്തീ | — | ഗൃഹം പ്രത്യാഹരന്തീസാ സോമം |
| അബ്രവീൽ | — | ഉക്തവതീ |
| '(ഹേ സോമ,) ത്വാ ഇന്ദ്രായ സുനവൈ | — | 'ത്വാം മമദന്തൈരേവാഭിഷുണവൈ |
| ത്വാ ശക്രായ സുനവൈ | — | സമർത്ഥായേന്ദ്രായേദാനീമേവാഭിഷവം കരവൈ |

(സോമഭക്ഷണകാലേ ദന്തധ്വനിം ഗ്രാവധ്വനിമിതിമത്വാ ഇന്ദ്രസ്താമഗമൽ. ഗ്രാവണ ഇവ ദന്താവദന്തീതി വിദിത്വേന്ദ്രഃ പരാങ്ങാവർത്തത.)

അർത്ഥം–ഒരു കഥ: പണ്ടു് അത്രിയുടെ പുത്രി, അപാല, ത്വഗ്രോഗബാധിതയായി ദുർഭഗയായി ഭർത്താവിനാൽ ഉപേക്ഷിക്കപ്പെട്ടു്, അച്ഛൻെറ ആശ്രമത്തിൽ വന്നു വളരെക്കാലം രോഗപരിഹാരത്തിന്നായി ഇന്ദ്രനെ തപസ്സുചെയ്തു. ഒരിക്കൽ കുളിക്കാൻ പോയപ്പോൾ, 'ഇന്ദ്രന്നു സോമം പ്രിയമാണു്',

ഇതു ഞാനവിടുത്തേയ്ക്കു കൊടുക്കും' എന്നു സ്വയം പറഞ്ഞു് പുഴവക്കിൽ ചെന്നു കുളിച്ചു ശുദ്ധമായി സോമലത പറിച്ചു. അതുംകൊണ്ടു ഗൃഹത്തിലേയ്ക്കു മടങ്ങവേ വഴിക്കു സോമലത കടിച്ചു ചവൎത്തി. പല്ലുകൊണ്ടു സോമലത കടിക്കുന്ന ഒച്ച കേട്ടു്, പിടിക്കല്ലുകൊണ്ടു സംസ്ക്കരിക്കുന്നതിന്റെ ശബ്ദമാണെന്നു വിചാരിച്ചു് ഇന്ദ്രൻ വന്നെത്തി. 'ഇവിടെ സോമം സംസ്ക്കരിക്കുന്നുണ്ടോ'? എന്നു് ഇന്ദ്രൻ ചോദിച്ചു. 'ഇല്ല, സോമം കടിച്ചതിന്നുന്ന ശബ്ദമാണു്'' എന്നു് അപാല പറഞ്ഞു. അപ്പോൾ ഇന്ദ്രൻ മടങ്ങാൻ പുറപ്പെട്ടു. പുറപ്പെട്ട ഇന്ദ്രനെ തടുത്തുകൊണ്ടു അപാല പറഞ്ഞു. 'അവിടുന്നു സോമപാനത്തിന്നു ഗൃഹംതോറും പോകുന്നുവല്ലോ. ഇപ്പോൾ എന്റെ പല്ലുകളാൽ ചതയ്ക്കപ്പെട്ട സോമം കുടിച്ചാലും. ഇന്ദ്രനാണെന്നു ഞാനറിഞ്ഞില്ല. ഗൃഹത്തിൽ വന്നാൽ ഞാൻ സൽക്കരിക്കാം.' ഇതുപറഞ്ഞവൾ സോമത്തോടു പറഞ്ഞു. 'സോമമേ, നീ ഇന്ദ്രന്നായി ഒഴുകു.' തത്സമയം ഇന്ദ്രൻ അവളെ കാമിച്ചു്, വായിൽനിന്നു് പല്ലുകളാൽ ചതയ്ക്കപ്പെട്ട സോമം കുടിച്ചു. ഭർത്തൃപരിത്യക്തയായ അവൾ ഇന്ദ്രനോടു ചേർന്നപ്പോൾ എന്തു വരം വേണമെന്നു് അവളോടു ചോദിച്ചു. 'എന്റെ അച്ഛന്നു കഷണ്ടിയാണു്. അച്ഛന്റെ വയൽ നിൎജ്ജലമാണു്. തലയിൽ രോമമുണ്ടാകണം. വയൽ ഫലഭൂയിഷ്ഠമാകണം. എന്റെ ഗുഹ്യസ്ഥാനം രോമശമാകണം.' എന്നീ മൂന്നുവരങ്ങൾ അവൾ യാചിച്ചു. മൂന്നുവരങ്ങളും നൽകി ഇന്ദ്രൻ അപാലയെ തേരിന്റെ തുളയിലും വണ്ടിയുടേയും നുകത്തിന്റെയും തുളയിലും ഇട്ടുരച്ചു. അവളുടെ ത്വഗ്രോഗം, മുള്ളൻപന്നിയായും ഉടുമ്പായും ഓന്തായും തീൎന്നു. അവൾ സൂര്യസദൃശമായ തൊലിയോടുകൂടിയവളായി.

അൎത്ഥം—വെള്ളം തേടികുളിക്കാൻ പോകുന്ന അപാല എന്ന കന്യക (ഭർത്തൃപരിത്യക്തയാണു്. അതുകൊണ്ടു കന്യക എന്നുതന്നെ പറയുന്നു.) വഴിയിൽനിന്നു് ഒരു സോമവള്ളി പറിച്ചെടുത്തു. വീട്ടിലേക്കു മടങ്ങുന്ന അവൾ സോമത്തോടു പറഞ്ഞു. 'നിന്നെ ഇന്ദ്രന്നുവേണ്ടി സംസ്കരിക്കുകയാണു്. സമൎത്ഥനായ ഇന്ദ്രന്നുവേണ്ടി ചതച്ചു സംസ്കരിക്കുകയാണു്. സോമം ചവക്കവേ, പല്ലൊച്ച കേട്ടു് പിടിക്കല്ലിന്റെ ശബ്ദമാണെന്നു ധരിച്ചു് ഇന്ദ്രൻ അവളുടെയടുക്കലെത്തി. പിടി

ക്കല്ലല്ല, പല്ലാണ് ശബ്ദിക്കുന്നതെന്നറിഞ്ഞു ഇന്ദ്രൻ മടങ്ങാൻ പുറപ്പെട്ടു.

2 അസൌയഏഷിവീരകോ
ഗൃഹങ്ഗൃഹംവിചാകശയൽ
ഇമഞ്ജംഭസുതംപിബ
ധാനാവന്തങ്കരംഭിണ
മപൂപവന്തമുക്ഥിനം

അന്വയം:–

| | |
|---|---|
| (സാ ശക്രമബ്രവീൽ) | |
| (ഹേ ഇന്ദ്ര,) വീരകഃ | — സമത്ഥസ്ത്വം |
| യഃ അസൌ (ത്വം) വിചാകശൽ | — അത്യത്ഥം ദീപ്യമാനസ്സൻ |
| ഗൃഹം–ഗൃഹം ഏഷി | — സോമപാനായ ഗൃഹം പ്രതിഗച്ഛസി |
| (അതസ്ത്വമത്രാപി) ജംഭസുതം | — ദന്തൈരഭിഷുതം |
| ധാനാ–വന്തം, | |
| കരംഭിണം | — ഭൃഷ്ടയവവന്തം, സക്തുമന്തം |
| അപൂപ–വന്തം | — പുരോഡാശാദി സഹിതം |
| ഉക്ഥിനം ഇമം പിബ | — സ്തോത്രാദിയുക്തം സോമം പിബ |

അത്ഥം-(അപാല ഇന്ദ്രനോടു പറഞ്ഞു.) അവിടുന്നു പ്രതാപിയാണ്. യാതൊരു ഈ അവിടുന്ന് ഏററവും ശോഭമാനനായി സോമപാനത്തിന്നുവേണ്ടി ഓരോ ഗൃഹത്തിലും പോകുന്നുവോ അക്കാരണത്താലിവിടെയും പല്ലുകൊണ്ടു സംസ്കരിച്ചതും വറുത്ത യവത്തിൻെറ മണികളോടുകൂടിയതും പുരോഡാശാദികളോടു ചേന്നതും സ്തോത്രാദികളൊത്തതുമായ സോമം കുടിച്ചാലും.

3 ആചനത്വാചികിഥ്സാ
മോധിചനത്വാനേമസി
ശനൈരിവശനകൈരി
വേന്ദ്രായേന്ദോപരിസ്രവ

അന്വയം:—

(പുനരപിസാ തമനാദൃത്യാഹ)
(ഹേ പൂജ്യ,) ചന ത്വാ ആ
ചികിഥ്സാമഃ — ത്വാം ജ്ഞാതുമിച്ഛാമ ഏവ
(ഇഹമാർഗ്ഗമേവാഗതം)
ത്വാ അധി ന
ഇമസി ചന — നാധിഗച്ഛാമ ഏവ
(മമഗൃഹമാഗച്ഛന്തന്ത്വാം ഇന്ദ്ര ഇതി ന ജാനീമ ഏവ ഇത്യപാലാ സ്വാസ്യേസ്ഥിതം സോമം പ്രത്യാഹ.)
ഹേ ഇന്ദോ, — ക്ഷരണശീല സോമ അസ്മാ ആഗതായ
ഇന്ദ്രായ (പൂർവ്വം)
ശനൈഃ—ഇവ — മന്ദംമന്ദം
(തതഃ) ശനകൈഃ—ഇവ — ക്ഷിപ്രമേവ
(ത്വം) പരി സ്രവ — മദീയ ദംഷ്ട്രാഭിരഭിഷൂയമാണസ്സൻ പരിതഃക്ഷര
(തത ഇന്ദ്ര ഏതദ്വാക്യം ശ്രുത്വാ യജ്ഞസ്ഥാനീയാദപാലാമുഖാത്തദാനീമേവാഭിഷുതം സോമമധാസീൽ.)

അർത്ഥം—(വീണ്ടും അപാല ഇന്ദ്രനെ അനാദരിച്ചു പറയുന്നു.) അല്ലയോ പൂജ്യ, അവിടുത്തെ അറിവാൻ ഞാൻ ഇച്ഛിക്കുകതന്നെ ചെയ്യുന്നു. ഇവിടെ വഴിയിൽ ഈയുള്ളവളെ പ്രാപിച്ച അവിടുത്തെ ആരെന്നു ഞാനറിയുന്നില്ല. എൻെറ ഗൃഹം പ്രാപിക്കുന്ന അവിടുത്തെ ഇന്ദ്രനെന്നറിയുന്നില്ല. (പിന്നെ തൻെറ വായിലുള്ള സോമത്തോടു പറയുന്നു.) അല്ലയോ ഒലിക്കുന്ന സോമമേ, ഈയുള്ളവളെ പ്രാപിച്ച ഇന്ദ്രന്നു് വേണ്ടി ആദ്യം പതുക്കെപ്പതുക്കെയും പിന്നെ വേഗത്തിലും, എൻെറ പല്ലുകളാൽ സംസ്ക്കരിക്കപ്പെട്ടു നീ ഒഴുകുക. ഇന്ദ്രൻ

ഈ വാക്കുകേട്ട് യജ്ഞസ്ഥാനംപോലെ (ശുദ്ധി)യുള്ള അപാലയുടെ വായിൽ നിന്നു് അപ്പോഴും തന്നെ സംസ്ക്കരിക്കപ്പെട്ട സോമം കുടിച്ചു.

4 കുവിച്ഛകൽകുവിൽകരൽ
കുവിന്നോവസ്യസസ്ക്കരൽ
കുവിൽപതിദ്വിഷോയതീ
രിന്ദ്രേണസംഗമാമഹൈ

അന്വയം:–

| | |
|---|---|
| (സഃ ഇന്ദ്രഃ) കുവീൽ | — ബഹുവാരമസ്മാൻ |
| ശകൽ | — സമർത്ഥാൻ കരോതു |
| കുവിൽ കരൽ | — ബഹുചാസ്മഭ്യം കരോതു |
| കുവിൽ നഃ വസ്യസഃ | |
| കരൽ | — ബഹുകൃത്വഃ വസുമതഃ കരോതു |
| (പൂർവ്വം) കുവിൽ | |
| പതി–ദ്വിഷഃ | — ത്വഗ്രോഗാൽ പതിഭിഃ ഭർത്തൃഭിഃ ബഹുവാരംദ്വിഷ്ടാ, അതഏവ |
| യതീഃ | — പതിഭ്യസ്സകാശാൽ പിതരം ഗച്ഛന്ത്യോവയം കൈശ്ചിദപ്യനൂഹ്യമാനാസ്സത്യസ്സമ്പ്രതി |
| ഇന്ദ്രേണ (സഹ) | |
| സം–ഗമാമഹൈ | — സങ്ഗച്ഛാമഹൈ (സർവ്വത്ര പൂജാർത്ഥേ ബഹുവചനം) |

അർത്ഥം–ആ ഇന്ദ്രൻ പലവട്ടമെന്നെ സമർത്ഥയാക്കട്ടേ. എനിക്കു വേണ്ടതെല്ലാം പലപാടു ചെയ്യട്ടേ. പലപാടെന്നെ ഭാഗ്യവതിയാക്കട്ടെ. മുമ്പ് ത്വഗ്രോഗംകൊണ്ട് ഭർത്താവിനാൽ ത്യജിക്കപ്പെട്ടവളും അക്കാരണത്താൽ ഭർത്തൃസമീപത്തിൽനിന്നു അച്ഛൻെറ അടുക്കലെത്തിയവളും മററാരാലും പരിണയിക്കപ്പെടാത്തവളുമായിട്ട് ഞാൻ ഇന്ദ്രനോടു കൂടി സംഗമിക്കാവൂ. (സംഗമശബ്ദംകൊണ്ട് ഇന്ദ്രൻ കാമിച്ചു എന്നു സൂചന).

5 ഇമാനിത്രീണിവിഷ്ടപാ
താനീന്ദ്രവിരോഹയ
ശിരസ്തതസ്യോർവ്വരാ
മാദിദംമഉപോദരേ

അന്വയം:—

(ഇന്ദ്രേണ 'കിം കാമയസേ? തദ്ദാസ്യാമി' ഇത്യുക്താസാ വരമനയാപ്രാർത്ഥ്യതേ).

ഹേ ഇന്ദ്ര, ഇമാനി

| | | |
|---|---|---|
| ത്രീണി വിഷ്ടപാ | — | വിഷ്ടപാനി, സ്ഥാനാനി സന്തി |
| താനി വി രോഹയ | — | ഉൽപാദയ |
| തതസ്യ ശിരഃ | — | മമ പിതുശ്ശിരഃ രോമവർജ്ജിതം ഖലതിം തച്ചാവഗമയ, രോമശം കുരു |
| ഉർവ്വരാം | — | തസ്യോഷരം ക്ഷേത്രം സർവ്വസസ്യാഢ്യം കുരു |
| ആൽ മേ ഉപ ഉദരേ | — | ഉപോദരസ്യ സമീപേ യൽ |
| ഇദം | — | ഗുഹ്യം സ്ഥാനം, തൽത്വഗ്ദ്ദോഷേ സത്യസഞ്ജാതരോമകം, തദപിരോഗപരിഹാരേണ രോമയുക്തം കുരു |

അർത്ഥം—(ഇന്ദ്രനാൽ 'നീയെന്തിഷ്ടപ്പെടുന്നു? അതുതരാം' എന്നു പറയപ്പെട്ട അപാല പ്രാർത്ഥിക്കുന്നു).

അല്ലയോ ഇന്ദ്ര, മൂന്നു സംഗതികളുണ്ടാക്കിയാലും. അച്ഛന്റെ രോമമറ്റ ശിരസ്സ്, കഷണ്ടിത്തല, രോമവത്താക്കിയാലും. അദ്ദേഹത്തിന്റെ നിർജ്ജലമായ വയലിനെ സർവ്വസസ്യസമൃദ്ധമാക്കിയാലും. പിന്നെ എന്റെ വയറിന്നു താഴെ ഗുഹ്യപ്രദേശത്തിൽ ത്വഗ്രോഗം കൊണ്ടു രോമം മുളക്കാത്ത ഭാഗം രോഗമോചനമേകി രോമയുക്തമാക്കിയാലും.

6 അസൌചയാനഉർവ്വ്
രാദിമാന്തന്വമ്മമ
അഥോതതസ്യയച്ഛിര
സ്സർവ്വതാരോമശാകൃധി

അന്വയം:—

(ഉക്തമേവാർത്ഥമനയാവിവൃണോതി)

| | |
|---|---|
| നഃ യാ അസൌ ഉർവ്വരാ — | അസ്മാകം പിതുര്യദിദമൂഷരം ക്ഷേത്രമസ്തി |
| ആൽ മമ ഇമാം തന്വം — | അനന്തരം മമ ത്വഗ്രോഗദുഷ്ടം ശരീരസ്ഥാനം |
| അഥോ തതസ്യ യൽ ശിരഃ ച — | താതസ്യയച്ഛിരോരോമവർജ്ജിതമസ്തി ച |
| സർവ്വാ രോമശാ കൃധി — | താനീമാനി സർവ്വാണി രോമശാനി കുരു |

അർത്ഥം-(പറഞ്ഞ അർത്ഥംതന്നെ വീണ്ടും വിസ്തരിക്കുന്നു.)

എന്റെ അച്ഛന്റെ നിർജ്ജലമായ വയലും പിന്നെ, എന്റെ അരോമമായ, ത്വഗ്രോഗ ബാധിതമായ ശരീരപ്രദേശവും അച്ഛന്റെ കഷണ്ടിപിടിച്ച തലയും—ഇവയെല്ലാം രോമയുക്തങ്ങളാക്കിയാലും. (വയലിന്നു രോമങ്ങൾ സസ്യാദികൾ.)

7 ഖേരഥസ്യഖേനസഃ
ഖേയുഗസ്യശതക്രതോ
അപാലാമിന്ദ്രത്രിഷ്പൂ
ത്വ്യകൃണോസ്സൂര്യത്വചം

അന്വയം:—

(അപാലാം സൂര്യസദൃശ പ്രഭാമകരോദിത്യാഹ)

| | |
|---|---|
| ഹേ ശത–ക്രതോ, ഇന്ദ്ര, | — ബഹുകർമ്മന്നിന്ദ്ര, |
| രഥസ്യ ഖേ | — പൃഥുതരേഛിദ്രേ |
| (തഥാ) അനസഃ ഖേ | — ശകടസ്യ തദപേക്ഷയാല്പേച്ഛിദ്രേ |
| യുഗസ്യ ഖേ | — അല്പതരേ സൂക്ഷ്മച്ഛിദ്രേ, ത്രിഷുച്ഛിദ്രേഷു ത്വഗ്ദോഷ പരിഹാരായ |
| ത്രിഃ പൂത്വീ | — ത്രിവാരം ശോധയിത്വാ തതഃ |
| അപാലാം സൂര്യ–ത്വചം | |
| അകൃണോഃ | — കല്യാണതമരൂപഭാജമകരോഃ |

അർത്ഥം–അല്ലയോ ബഹുകർമ്മാവായ ഇന്ദ്ര, തേരിന്റെ (അച്ചുതണ്ടിന്റെ) വലിയ തുളയിലും വണ്ടിയുടെ ചെറിയ തുളയിലും നുകത്തിന്റെ അതിലഘുവായ തുളയിലും ത്വഗ്രോഗ പരിഹാരത്തിന്നായി മൂന്നു പ്രാവശ്യം ഉരച്ചു ശുദ്ധിചെയ്തു് അപാലയെ ഇന്ദ്രൻ സൂര്യതുല്യ പ്രഭയാക്കി. (ഈ സൂക്തത്തിൽ അപാല കടിച്ചു ചവച്ച സോമം ഇന്ദ്രന്നു കൊടുക്കുന്നതും ഇന്ദ്രനതു കൈക്കൊള്ളുന്നതും, തുളസീദാസ രാമായണത്തിൽ ശബരി പകുതി കടിച്ച ഫലങ്ങൾ രാമന്നു കൊടുക്കുന്നതും അവിടുന്നു സ്വീകരിക്കുന്നതും ഒരുപോലെയിരിക്കുന്നു. തുളസീദാസന്നു് ഈ ആശയം ഈ സൂക്തത്തിൽനിന്നു കിട്ടിയതാവാം. പിന്നെ, അപാല വരം ചോദിക്കുന്നതു് സാവിത്രിയെന്നപോലെ ആദ്യം തനിക്കായിട്ടല്ല. സാവിത്രി ശ്വശുരന്നും ശ്വശ്രുവിന്നുംവേണ്ടി ആദ്യം വരം വരിക്കുന്നു. ഒടുക്കം തനിക്കും. അതുപോലെ അപാലയും ഒടുവിലേ തനിക്കു സുഖം വരിക്കുന്നുള്ളു. ഈ സൂക്തം ത്വഗ്രോഗ പരിഹാരത്തിന്നു ജപ്യമാണു്. അതിന്നും പുറമേ ഭർത്തൃപരിത്യക്തകളായ സ്ത്രീകൾക്കു് പുനർവ്വിവാഹം നിഷിദ്ധമല്ലെന്നുള്ള സൂചനയുമിതിലുണ്ടു്. ഭർത്തൃമതിയായിട്ടും പരിത്യക്തയായ അപാല, കന്യാ എന്നാണു് വ്യവഹരിക്കപ്പെടുന്നതു്.)

വർഗ്ഗം—15 മുതൽ 20 കൂടി. ആങ്ഗിരസശ്രുതകക്ഷഃ ഋഷിഃ അനുഷ്ടുബ്ഗായത്ര്യൗച്ഛന്ദസീ.

1 പാന്തമാവോഅന്ധസ
ഇന്ദ്രമഭിപ്രഗായത
വിശ്വാസാഹംശതക്രതും
മംഹിഷ്ഠഞ്ചർഷണീനാം

അന്വയം:—

(ഹേ ഋത്വിജഃ,) വഃ
അന്ധസഃ — യുഷ്മദീയം സോമാന്നം
ആ പാന്തം — ആഭിമുഖ്യേന പിബന്തം
വിശ്വ—സഹം — സർവ്വേഷാം ഭൂതാനാമഭി ഭവിതാരം
ശത—ക്രതും — ബഹുകർമ്മാണം
ചർഷണീനാം മംഹിഷ്ഠം — മനുഷ്യാണാം, യജമാനാനാം ധനസ്യ ദാതൃതമം
ഇന്ദ്രം അഭി പ്ര ഗായത — പ്രകർഷേണാഭിഷ്ടുത

അർത്ഥം—അല്ലയോ ഋത്വിക്കുകളേ, നിങ്ങളുടെ സോമാന്നം നേരെ കുടിക്കുന്നവനും സകല ഭൂതജാതങ്ങളെയും കീഴടക്കുന്നവനും ബഹുകർമ്മാവും മനുഷ്യരായ യജമാനന്മാർക്ക് ഏററവും ധനം കൊടുക്കുന്നവനുമായ ഇന്ദ്രനെ നേരെ നന്നായി സ്തുതിക്കുക.

2 പുരുഹൂതംപുരുഷ്ടുത
ങ്ഗാഥാന്യംഽസനശ്രുതം
ഇന്ദ്രഇതിബ്രുവീതന

അന്വയം:—

(ഹേ ഋത്വിഗ്യജമാനാഃ)
പുരു—ഹൂതം — യജ്ഞേഷു ബഹുഭിരാഹൂതം
പുരു—സ്തുതം — ബ[illegible]ദിഭി സ്തുതം

| | |
|---|---|
| ഗാഥാന്യം | — ഗാതവ്യം, ഗാനയോഗ്യം |
| സന-ശ്രുതം | — സനാതനതയാ പ്രസിദ്ധം ദേവം |
| ഇന്ദ്രഃ ഇതി ബ്രവീതന | — യൂയം ബ്രൂയാത |

അർത്ഥം—(അല്ലയോ ഋത്വിഗ്യജമാനന്മാരേ,) യജ്ഞങ്ങളിൽ വളരെപ്പേരാൽ വിളിക്കപ്പെട്ടവനും സ്തോത്രശസ്ത്രാദികളാൽ പലപാടു സ്തുതിക്കപ്പെട്ടവനും, പാടിപ്പുകഴ്ത്തപ്പെടാൻ യോഗ്യനും സനാതനത്വം കൊണ്ടു പ്രസിദ്ധനുമായ ദേവനെയാണ് നിങ്ങൾ ഇന്ദ്രനെന്നു പറയുന്നത്.

3 ഇന്ദ്രഇന്നോമഹാനാ
ന്ദാതാവാജാനാന്നൃതുഃ
മഹാഁഅഭിജ്ഞ്വായമൽ

അന്വയം:—

| | |
|---|---|
| ഇന്ദ്രഃ ഇൽ | — പൂർവ്വോക്ത ഇന്ദ്ര ഏവ |
| നഃ മഹാനാം വാജാനാം | |
| ദാതാ | — അസ്മഭ്യം മഹതാമന്നാനാം പ്രദാതാ ഭവതു |
| നൃതുഃ | — സർവ്വസ്യ നർത്തയിതാ, അത ഏവ |
| മഹാൻ അഭി-ജ്ഞു ആ യമൽ | — സ ഇന്ദ്രഃ അഭിഗത ജാനുകമസ്മഭ്യമായച്ഛതു, ധനം ദദാതു |

അർത്ഥം—മുൻപറഞ്ഞ ഇന്ദ്രൻ തന്നെ നമുക്കു മഹത്തായ അന്നം തന്നരുളുന്നവനാവട്ടേ. ഏവരെയും നൃത്തംവെപ്പിക്കുന്നവനും (തന്നിഷ്ടം പോലെ ചലിപ്പിക്കുന്നവനും) അതുകൊണ്ടു തന്നെ മഹാനുമായ ആ ഇന്ദ്രൻ കാൽമുട്ടു മടക്കി സ്തുതിക്കുന്ന നമുക്കു് ധനം തന്നരുളട്ടേ.

4 അപാദ്ദശിപ്ര്യന്ധസ

സ്സുദക്ഷസ്യപ്രഹോഷിണഃ

ഇന്ദോരിന്ദ്രോയവാശിരഃ

അന്വയം:—

ശിപ്രീ ഇന്ദ്രഃ ഉ — ശോഭനഹനുസ്സ ഏവ
പ്ര–ഹോഷിണഃ — പ്രകഷേ്ണ ദേവേഭ്യഃ ജുഹ്വതഃ
സു–ദക്ഷസ്യ — ഏതന്നാമകസ്യഷേഃ
യവ–ആശിരഃ — യവൈരാമിശ്രിതം
ഇന്ദോഃ അന്ധസഃ
അപാൽ — പാത്രേഷ്വക്ഷരതഃ
സോമാന്നസ്യാങ്ഗമപീബൽ

അത്ഥം—നല്ല താടിയെല്ലൊത്ത ഇന്ദ്രൻതന്നെയാണ് നന്നായി ദേവന്മാക്ക ഹവിസ്സുകരു ഹോമിക്കുന്ന സുദക്ഷനെന്ന ഋഷിയുടെ യവം ചേത്തതും, പാത്രങ്ങളിൽ ഒഴുകിവരുന്നതുമായ സോമാന്നത്തിൻെറ അംശം കുടിച്ചത്.

5 തമ്വഭിപ്രാച്ച്

തേന്ദ്രംസോമസ്യപീതയേ

തദിദ്ധ്യസ്യവദ്ധനം വ. 15

അന്വയം:—

(ഹേ ഋത്വിജഃ) തം ഉ
ഇന്ദ്രം — തമേവേന്ദ്രം
സോമസ്യ പീതയേ ഹി — അത്രാഗത്യസോമപാനായ ഏവ
അഭി പ്ര അച്ചത — ആഭിമുഖ്യേന പ്രകഷേ്ണ സ്തുത
തൽ ഇൽ അസ്യ വദ്ധനം — സോമപാനമേവേന്ദ്രസ്യ
വദ്ധകം ഭവതി

അർത്ഥം—അല്ലയോ ഋത്വിക്കുകളേ, ആ ഇന്ദ്രനെത്തന്നെ ഇവിടെവന്നു സോമപാനം ചെയ്‌വാനായി മാത്രം നേരെ നന്നായി സ്തുതിക്കുക. ആ സോമപാനം തന്നെയാണവിടുത്തെ വളർത്തുന്നതു്.

6 അസ്യപീത്വാമദാനാ
ന്ദേവോദേവസ്യൌജസാ
വിശ്വാഭിഭുവനാഭുവൽ

അന്വയം:—

ദേവഃ അസ്യ മദാനാം — ദ്യോതമാനഃ ഇന്ദ്രഃ സോമസ്യ മദകരാൻ രസാൻ
പീത്വാ ദേവസ്യ — ശോഭനസ്യ സോമസ്യ പാനേന ജനിതേന
ഓജസാ വിശ്വാ ഭുവനാ — ബലേന സർവ്വാണി ഭൂതജാതാനി
അഭി ഭുവൽ — അഭിഭവതി

അർത്ഥം—പ്രകാശമാനനായ ഇന്ദ്രൻ ഈ സോമത്തിന്റെ ഹർഷ്മിയററുന്ന ചാറുകൾ കുടിച്ചിട്ടു്, ശോഭനസോമത്തിന്റെ പാനംകൊണ്ടുളവായ ബലത്താൽ, എല്ലാ ഭൂതജാതങ്ങളെയും ജയിക്കുന്നു.

7 ത്യമുവസ്സത്രാസാഹം
വിശ്വാസുഗീർഷ്വായതം
ആച്യാവയസ്യൂതയേ

അന്വയം:—

(യജമാനസ്തോതാരം സംബോധ്യാഹ)
(ഹേ സ്തോതഃ,) സത്രാ—
സഹം — ബഹൂനാമഭിഭവിതാരം

| | |
|---|---|
| വഃ വിശ്വാസു ഗീർഷു | |
| ആ-യതം | — യുഷ്മദീയേഷു സർവ്വേഷു സ്തോത്രേഷു വിസ്‌തൃതം |
| ത്യം ഉ ഊതയേ | — തമേവേന്ദ്രമസ്മദ്രക്ഷണായ |
| ആ ച്യവയസി | — സ്തോത്രൈരാഗമയ |

അർത്ഥം-(യജമാനൻ സ്തോതാവിനോടു പറയുന്നു.) അല്ലയോ സ്തോതാവേ, വളരെപ്പേരെ ജയിക്കുന്നവനും നിങ്ങളുടെ എല്ലാ സ്തോത്രങ്ങളിലും വിസ്തരിച്ചു പ്രതിപാദിക്കപ്പെട്ടവനുമായ ആ ഇന്ദ്രനെത്തന്നെ നമ്മുടെ രക്ഷക്കായി സ്തോത്രങ്ങളാൽ വരുത്തുക.

8 യുധ്‌മംസന്തമനർവ്വാണം
സോമപാമനപച്യുതം
നരമവാര്യക്രതും

അന്വയം:—

| | |
|---|---|
| യുധ്‌മം സന്തം | — ശത്രൂണാം സംപ്രഹാരകം |
| അനർവ്വാണം | — അന്യൈരനഭിഗതം |
| അനപ-ച്യുതം | — ശത്രുഭിരഹിംസിതം |
| സോമ-പാം | — സോമസ്യപാതാരം, അസ്യമദേ |
| അവാര്യ-ക്രതും | — അനിവാരണീയ കർമ്മാണം |
| നരം | — സർവ്വസ്യ നേതാരമിന്ദ്രമാഗമയ |

അർത്ഥം—ശത്രുക്കളെ അടിച്ചമർത്തുന്നവനും അന്യന്മാരാൽ നേരിടപ്പെടാത്തവനും ശത്രുക്കളൊൽ വീഴ്ത്തപ്പെടാത്തവനും സോമം കുടിക്കുന്നവനും അതിന്റെ ഹർഷത്തിലാരാലും മുടക്കപ്പെടാൻ വയ്യാത്ത കർമ്മമൊത്തവനും ഏവർക്കും നേതാവുമായ ഇന്ദ്രനെ വരുത്തുക.

9 ശിക്ഷാണഇന്ദ്രരായആ

പുരുവിദ്വാഋചീഷമ

അവാനഃപാര്യേധനേ

അന്വയം:—

| | |
|---|---|
| ഹേ ഋചീഷമ, ഇന്ദ്ര, | — സ്തുത്യാസമേന്ദ്ര, |
| വിദ്വാൻ | — സർവ്വവിഷയജ്ഞാനവാംസ്ത്വം |
| പുരു രായഃ നഃ ആ ശിക്ഷ | — ബഹൂനി ധനാന്യസ്മഭ്യമഭി പ്രയച്ഛ |
| പാര്യേ ധനേ | — ശത്രൌ ഭവേധനേ |
| നഃ അവ | — അസ്മാൻ രക്ഷ, ശത്രൂൻ ഹത്വാ തദ്ധനേനാസ്മാൻ പാലയ |

അർത്ഥം—സ്തുതിക്കൊത്ത ഇന്ദ്ര, സകലവിഷയജ്ഞാനമുററ അവിടുന്ന് ധാരാളം ധനങ്ങൾ ഞങ്ങൾക്ക നേരെ തന്നാലും. ശത്രുവിങ്കലുള്ള ധനത്താൽ ഞങ്ങളെ രക്ഷിച്ചാലും. (ശത്രുക്കളെ കീഴടക്കി ആ ധനത്താൽ).

10 അതശ്ചിദിന്ദ്രണഉ

പായാഹിശതവാജയാ

ഇഷാസഹസ്രവാജയാ

വ. 16

അന്വയം:—

| | |
|---|---|
| ഹേ ഇന്ദ്ര, അതഃ ചിൽ | — അസ്മാദ്യുലോകാദേവ |
| ശത-വാജയാ | — ശതസംഖ്യാകബലയുക്തേന |
| സഹസ്ര-വാജയാ | — സഹസ്രസംഖ്യാകാന്നവതാ |
| ഇഷാ നഃ ഉപ ആ യാഹി | — അന്നരസേനാസ്മാനുപാഭിഗച്ഛ |

അർത്ഥം—അല്ലയോ ഇന്ദ്ര, ആ ദ്യുലോകത്തിൽനിന്നുതന്നെ നൂറുകണക്കിൽ ബലത്തോടും ആയിരക്കണക്കിലന്നത്തോടും കൂടി അന്നരസയുക്തനായി ഞങ്ങളെ നേരെ അണഞ്ഞാലും.

11 അയാമധീവതോധി

യോൎവ്വദ്ഭിശ്ശക്രഗോദരേ

ജയേമപൃത്സുവജ്രിവഃ

അന്വയം:-

| | |
|---|---|
| ഹേ ശക്ര, വജ്രി-വഃ, | — ശക്ത, വജ്രവന്നിന്ദ്ര, |
| ധീ-വതഃ ധിയഃ അയാമ | — കൎമ്മവന്തോ വയം യുദ്ധജയാൎത്ഥം കൎമ്മണിഗച്ഛാമ |
| ഹേ ഗോ-ദരേ, | — ഗവാം, പൎവ്വതാനാം ദാരയിതഃ, |
| പൃൽ-സു അൎവ്വൽ-ഭിഃ | — സങ്ഗ്രാമേഷു സൎവ്വതോ ഗന്തൃഭിഃ ത്വയാദത്തൈരശ്വൈഃ |
| ജയേമ | — തവാദാതൄൻ ജേഷ്യാമ |

അൎത്ഥം-ശക്തനും വജ്രായുധനുമായ ഇന്ദ്ര, കൎമ്മവാന്മാരായ ഞങ്ങൾ യുദ്ധം ജയിക്കാൻവേണ്ടി പരാക്രമങ്ങളെ പ്രാപിക്കാവൂ. പൎവ്വതങ്ങൾ പിളൎന്നവനേ, യുദ്ധങ്ങളിലെങ്ങും ചെല്ലുന്നവയും അവിടുന്നു തന്നരുളിയവയുമായ കുതിരകളാൽ അവിടത്തെ യജിക്കാത്തവരെ (ഹവിസ്സു നൽകാത്തവരെ) ജയിക്കാവൂ.

12 വയമുത്വാശതക്രതോ

ഗാവോനയവസേഷ്വാ

ഉക്ഥേഷുരണയാമസി

അന്വയം:-

| | |
|---|---|
| ഹേ ശത-ക്രതോ, | — ബഹുകൎമ്മന്നിന്ദ്ര |
| വയം ത്വാ ഉ ഉക്ഥേഷു | — ത്വാമേവ സ്തോത്രശസ്ത്രാദിഷു |
| ഗാവഃ ന യവസേഷു | — യഥാഗോപാലഃ പശൂൻ തൃണവിശേഷേഷു തഥാ |
| ആ രണയാമസി | --- ആരണയാമഃ, രമയാമഃ |

അൎത്ഥം—അല്പയോ ബഹുകൎമ്മാവായ ഇന്ദ്ര, അവിടത്തെ ത്തന്നെയാണ് സ്തോത്രശസ്ത്രാദികളിൽ, മേയ്പ്പുകാരൻ പശുക്ക

ളെ നല്ല പുല്ലുകളിലെന്നപോലെ, തികച്ചും രമിപ്പിക്കുന്നതു്, സന്തോഷിപ്പിക്കുന്നതു്.

13 വിശ്വാഹിമർത്ത്യത്വ
നാനുകാമാശതക്രതോ
അഗന്മവജ്രിന്നാശസഃ

അന്വയം:—

| | |
|---|---|
| ഹേ ശത–ക്രതോ, | |
| വജ്രിൻ, | — ബഹുകർമ്മൻ, വജ്രവന്നിന്ദ്ര, |
| മർത്ത്യ–ത്വനാ | — മർത്ത്യത്വാനി, മനുഷ്യത്വാനി |
| അനു–കാമാ | — കാമാൻ, അഭിലഷിതാനനുഗതാനി |
| (തഥാ സതി) വിശ്വാ | |
| ആ–ശസഃ ഹി അഗന്മ | — സർവ്വാണ്യാശസനാനി, ധനാദീന്യേവ വയമവഗച്ഛാമ |

അർത്ഥം—ബഹുകർമ്മാവും വജ്രധാരിയുമായ ഇന്ദ്ര, മനുഷ്യത്വങ്ങൾ കാമങ്ങളെ, അഭിലാഷങ്ങളെ അനുഗമിക്കുന്നവയത്രേ. അപ്രകാരമിരിക്കേ, എല്ലാ ധനാദികളേയും തന്നെ ഞങ്ങളും പ്രാപിക്കാവൂ.

14 ത്വേസുപുത്രശവ
സോവൃത്രൻകാമകാതയഃ
നത്വാമിന്ദ്രാതിരിച്യതേ

അന്വയം:—

| | |
|---|---|
| ഹേ ശവസഃ പുത്ര, ഇന്ദ്ര, | — ബലപുത്രേന്ദ്ര |
| ത്വാം ന അതി രിച്യതേ | — കശ്ചിദപിദേവഃ ബലേനാതിരിക്തോനാസ്തി |

കാമ–കാതയഃ — കാമപരാ മനുഷ്യാഃ
ത്വേ സു അവൃത്രൻ — ത്വയി സ്വസ്വകാമാദി
പൂരണാർത്ഥം സുഷ്ഠുവർത്തന്തേ

അർത്ഥം–അല്ലയോ ബലപുത്രനായ ഇന്ദ്ര, ഒരു ദേവനും ബലത്താൽ അവിടുത്തെക്കവെച്ചു നിൽക്കുന്നില്ല, അതിശയിക്കുന്നില്ല. കാമപരന്മാരായ, അഭീഷ്ടാർത്ഥികളായ മനുഷ്യർ അവിടുന്നിൽതന്നെയാണു വർത്തിക്കുന്നതു്, തങ്ങളുടെ ആഗ്രഹങ്ങൾ സമർപ്പിക്കുന്നതു്.

15 സനോ॑വൃഷ॒ന്ത്സനി॑ഷ്ഠയാ॒
സങ്ഘോര॒യാ॑ദ്രവി॒ത്ന്വാ
ധി॒യാവി॑ഡ്ഢിപുര॑ന്ധ്യാ വ. 17

അന്വയം:–

ഹേ വൃഷൻ, സഃ
സനിഷ്ഠയാ — വർഷീതരിന്ദ്ര, പൂർവ്വോക്തസ്ത്വം
ധനാദേർദ്ദാതൃതമയാ
ഘോരയാ — സപത്നാനാം ഭയകാരിണ്യാ
(അത ഏവ) ദ്രവിത്ന്വാ — ശത്രൂണാം ദ്രാവയിത്ര്യാ,
പലായിത്ര്യാ
പുരം–ധ്യാ ധിയാ — ബഹൂനാം ധാരയിത്ര്യാ,
പോഷയിത്ര്യാ ക്രിയയാ
നഃ സം അവിഡ്ഢി — അസ്മാൻ സമന്താൽ പാലയ

അർത്ഥം–അല്ലയോ കാമവർഷക, ഇന്ദ്ര, മുൻപറഞ്ഞ വിധമുള്ള അവിടുന്നു് ധനാദികളരുളുന്നതും ശത്രുക്കൾക്കു ഭയജനകവും അതുകൊണ്ടുതന്നെ അവരെ പിന്തിരിച്ചോടിക്കുന്നതും വളരെപ്പേരെ പോഷിപ്പിക്കുന്നതുമായ കർമ്മത്താൽ ഞങ്ങളെ തികച്ചും പാലിച്ചാലും.

16 യസ്തേനൂനംശതക്രത
വിന്ദ്രദ്യുമ്നിതമോമദഃ
തേനനൂനംമദേമദേഃ

അന്വയം:—
(അത്ര സോമസ്സൂയതേ)
ഹേ ശത-ക്രതോ, ഇന്ദ്ര, — ബഹുകർമ്മന്നിന്ദ്ര,
ദ്യുമ്നി—തമഃ യഃ മദഃ — യശസ്വിതമോ യസ്സോമഃ
നൂനം തേ — പുരാത്വദർത്ഥ മസ്മാഭിരഭിഷു തോസ്തി
തേന നൂനം — അസ്മാഭിഃ പ്രദീയമാനേന സോമേനേദാനീം
മദേ — തൽപാനേന മദേ തവ സഞ്ജാതേ സതി
മദേഃ — ധനാദി ദാനേന ത്വം അസ്മാനപി മാദയ

അർത്ഥം—അല്ലയോ ബഹുകർമ്മാവായ ഇന്ദ്ര, ഏററവും കീർത്തിപൂണ്ട യാതൊരു സോമം പണ്ട് അവിടേക്കുവേണ്ടി ഞങ്ങളാൽ സംസ്കരിക്കപ്പെട്ടുവോ, ഞങ്ങളാൽ നല്കപ്പെടുന്ന ആ സോമത്താലിപ്പോഴും, അതു കുടിച്ചുണ്ടായ ഹർഷത്തിൽ ധനാദി ദാനത്താൽ ഞങ്ങളെയും ഹർഷിപ്പിച്ചാലും.

17 യസ്തേചിത്രശ്രവസ്തമോ
യഇന്ദ്രവൃത്രഹന്തമഃ
യഓജോദാതമോമദഃ

അന്വയം:—
ഹേ ഇന്ദ്ര,
ചിത്രശ്രവഃ—തമഃ — അതിശയേന നാനാവിധ കീർത്തിഃ

യഃ മദഃ തേ — യസ്സോമസ്ത്വദൎത്ഥ
മസ്മാഭിരഭിഷുതഃ
യഃ വൃത്രഹൻ—തമഃ — അതിശയേന പാപാനാം ഹന്താ
യഃ ഓജഃ_ദാതമഃ — അതിശയേന ബലസ്യദാതാ
(തേന സോമേന ത്വം മാദ്യേഃ)

അൎത്ഥം_അല്ലയോ ഇന്ദ്ര, പലപാടേററവും കീൎത്തിപൂണ്ട യാതൊരു സോമമവിടേക്കുവേണ്ടി ഞങ്ങളാൽ സംസ്കരിക്കപ്പെട്ടിട്ടുണ്ടോ, യാതൊരു സോമം തികച്ചും പാപനാശകമാണോ, യാതൊരു സോമം ഏററവും ബലദായകമാണോ, ആ സോമത്താലവിടുന്നു ഹൎഷിച്ചാലും.

18 വിദ്മാഹിയസ്തേഅദ്രിവ
സ്ത്വാദത്തസ്സത്യസോമപാഃ
വിശ്വാസുദസ്മകൃഷ്ടിഷു

അന്വയം:_

ഹേ അദ്രി–വഃ, സത്യ,
സോമ–പാഃ, ദസ്മ, — വജ്രവൻ, യഥാൎത്ഥകൎമ്മൻ,
സോമസ്യപാതഃ, ദൎശനീയേന്ദ്ര,
വിശ്വാസു കൃഷ്ടിഷു — സൎവ്വേഷു സോമസ്യ ദാതൃഷു
യജമാനേഷു
ത്വാ-ദത്തഃ, തേ യഃ — ത്വയാദത്തസ്ത്വദീയോ
യോരയിരസ്തി
(തം) വിദ്മ ഹി — ജാനിമ ഏവ

അൎത്ഥം—വജ്രവാനും സത്യകൎമ്മാവും സോമപായിയും ദൎശനീയനുമായ ഇന്ദ്ര, സോമദാതാക്കളായ യജമാനന്മാരിൽ മുഴവൻ അവിടുന്നേകിയ അവിടത്തെ ധനമുണ്ടല്ലോ, അതിനെ ഞങ്ങളറിയുകതന്നെ ചെയ്യുന്നു.

19 ഇന്ദ്രായമദ്വനേസുതം
പരിഷ്ടോഭന്തുനോഗിരഃ
അർക്കമർച്ചന്തുകാരവഃ

അന്വയം:—

| | | |
|---|---|---|
| മദ്വനേ ഇന്ദ്രായ സുതം | — | മദനശീലായേന്ദ്രായാഭിഷുതം സോമം |
| നഃ ഗിരഃ പരി സ്തോഭന്തു | — | അസ്മദീയാ വാചഃ പരിതസ്തുവന്തു |
| (തതഃ) കാരവഃ അർക്കം അർച്ചന്തു | — | സ്തോതാരോർച്ചനീയം സോമം പൂജയന്തു |

അർത്ഥം—ഹർഷണശീലനായ ഇന്ദ്രനുവേണ്ടി സംസ്കരിക്കപ്പെട്ട സോമത്തെ ഞങ്ങളുടെ വാക്കുകൾ മുററും സ്തുതിക്കട്ടെ. പിന്നെ സ്തോതാക്കൾ വന്ദനീയമായ സോമത്തെ പൂജിക്കട്ടെ.

20 യസ്മിൻവിശ്വാഅധിശ്രിയോ
രണന്തിസപ്തസംസദഃ
ഇന്ദ്രംസുതേഹവാമഹേ വ. 18

അന്വയം:—

| | | |
|---|---|---|
| യസ്മിൻ വിശ്വാഃ ശ്രിയഃ അധി | — | സർവ്വാഃ കാന്തയഃ അധികം, അതിശയേന ഭവന്തി |
| (കിഞ്ച) സപ്ത സം—സദഃ | — | യജ്ഞേഷു സപ്തഹോത്രകാ യസ്മിൻ |
| രണന്തി | — | സോമപ്രദാനാർത്ഥം രമന്തേ |
| (തം) ഇന്ദ്രം സുതേ | — | സോമേഭിഷുതേസതി |
| ഹവാമഹേ | — | സോമപാനായാഹ്വയാമഃ |

അർത്ഥം–ആരിൽ എല്ലാ കാന്തികളും (എല്ലാ ഐശ്വര്യങ്ങളും) കൂടുതലുണ്ടോ, യജ്ഞങ്ങളിൽ ഏഴു ഹോത്രകന്മാർ ആരിൽ സോമം സമർപ്പിക്കുവാൻ സന്തോഷിക്കുന്നുവോ, ആ ഇന്ദ്രനെ, സോമം സംസ്ക്കരിക്കവേ, സോമപാനത്തിന്നായി ഞങ്ങൾ വിളിക്കുന്നു.

21 ത്രികദ്രുകേഷുചേതന
ന്ദേവാസോയജ്ഞമത്നത
തമിദ്വർദ്ധന്തുനോഗിരഃ

അന്വയം:–

| | |
|---|---|
| ഹേ ദേവാസഃ, | — ഇന്ദ്രാദയോ ദേവാഃ, |
| ത്രി–കദ്രുകേഷു | — ആഭിപ്ലവികേഷ്വഹസ്സു, ജ്യോതിർഗ്ഗൌരായുരിതിത്രികദ്രുകാഃ |
| ചേതനം യജ്ഞം | — ജ്ഞാനസാധനം യജ്ഞം |
| അത്നത | — അതന്വത, സ്വൈസ്വൈഃ കർമ്മഭിഃ പാലനൈശ്ച വിസ്താരിതവന്തഃ |
| തം ഇൽ | — തമേവാസ്മദീയം യജ്ഞം |
| നഃ ഗിരഃ വർദ്ധന്തു | — അസ്മാകം സ്തുതിവാചോ വർദ്ധയന്തു |

അർത്ഥം–ഇന്ദ്രാദി ദേവന്മാരേ, ജ്യോതിസ്സ്, ഗോവ്, ആയുസ്സ് എന്നീ ആഭിപ്ലവികേഷ്ടികളുടെ ദിവസങ്ങളിൽ ജ്ഞാനസാധനമായ യജ്ഞത്തെ സ്വസ്വകർമ്മങ്ങളാൽ, രക്ഷണങ്ങളാൽ വിശാലതരമാക്കി, ആ ഞങ്ങളുടെ യജ്ഞത്തെത്തന്നെ സ്തുതിവാക്കുകളും വളർത്തട്ടേ.

22 ആത്വാവിശന്ത്വിന്ദവ
സ്സമുദ്രമിവസിന്ധവഃ
നത്വാമിന്ദ്രാതിരിച്യതേ

അന്വയം:—

ഹേ ഇന്ദ്ര, ഇന്ദവഃ — സ്രവന്തസ്സോമാഃ
സമുദ്രം—ഇവ സിന്ധവഃ — നദ്യസ്സമുദ്രമിവ
ത്വാ ആ വിശന്തു — സർവ്വതഃ പ്രവിശന്തു
ത്വാം ന അതി രിച്യതേ — കശ്ചിദ്ദേവോ ബലേനനാതിരിക്തോസ്തി

അർത്ഥം—അല്ലയോ ഇന്ദ്ര, ഒഴുകുന്ന സോമങ്ങൾ, സമുദ്രത്തെ നദികളെന്നപോലെ, അവിടുത്തെ എമ്പാടും പ്രാപിക്കട്ടെ, പ്രവേശിക്കട്ടെ. ഒരു ദേവനും ബലത്താൽ അവിടുത്തെ കടന്നുനിൽക്കുന്നില്ല.

23 വിവ്യക്ഥമഹിനാവൃഷൻ
ഭക്ഷംസോമസ്യജാഗൃവേ
യഇന്ദ്രജഠരേഷുതേ

അന്വയം:—

ഹേ വൃഷൻ, ജാഗൃവേ
ഇന്ദ്ര, — കാമവർഷക, ജാഗരണശീലേന്ദ്ര,
യഃ തേ ജഠരേഷു — യസ്സോമ ഉദരേഷു പ്രവിശതി
(ത്വം) തസ്യ സോമസ്യ
ഭക്ഷം — പാനം പ്രതി
മഹിനാ വിവ്യക്ഥ — സ്വമഹിമ്നാ സർവ്വതോ വ്യാപ്തവാനസി

അർത്ഥം—അഭീഷ്ടവർഷകനും ഉണർവ്വുററവനുമായ ഇന്ദ്ര, യാതൊരു സോമം അവിടുത്തെ വയററിൽ പ്രവേശിക്കുന്നുവോ, അവിടുന്ന് ആ സോമത്തിൻെറ പാനമുദ്ദേശിച്ച്, സ്വമഹിമാവു കൊണ്ട് എങ്ങും വ്യാപിച്ചിരിക്കുന്നു.

24 അരന്തഇന്ദ്രകുക്ഷയേ
സോമോഭവതുവൃത്രഹൻ
അരന്ധാമഭ്യഇന്ദവഃ

അന്വയം:—

| | |
|---|---|
| ഹേ വൃത്ര–ഹൻ, ഇന്ദ്ര, | — പാപഹന്തരിന്ദ്ര, |
| സോമഃ തേ കുക്ഷയേ<br>അരം ഭവതു | — അസ്മാഭിർദ്ദീയമാനസ്സോമഃ<br>തവോദരായ പര്യാപ്തഃ അസ്തു |
| (ക്രിഞ്ച) ഇന്ദവഃ<br>ധാമ–ഭ്യഃ അരം | — ക്ഷരണശീലാസ്സോമാഃ<br>തേജോഭ്യഃ പര്യാപ്താ ഭവന്തു |

അർത്ഥം–അല്ലയോ പാപഹരനായ ഇന്ദ്ര, ഞങ്ങളവിടേക്കേകുന്ന സോമം അവിടത്തെ വയററിന്നു മതിയാവട്ടെ. പിന്നെ ഒഴുകുന്ന സോമങ്ങൾ അവിടത്തെ തേജസ്സുകൾക്കു മതിയാവട്ടേ. (തേജോവർദ്ധകമാവട്ടെ.)

25 അരമശ്വായഗായതി

ശ്രുതകക്ഷോഅരങ്ഗവേ

അരമിന്ദ്രസ്യധാമ്നേ

അന്വയം:—

| | |
|---|---|
| ശ്രുത–കക്ഷഃ | — ഏതന്നാമകഋഷിഃ, സൂക്തദ്രഷ്ടാ |
| അശ്വായ | — ഇന്ദ്രേണ ദേയായാശ്വായ,<br>തദർത്ഥം |
| അരം ഗായതി | — ഇന്ദ്രവിഷയം സ്തോത്രം അലം<br>കരോതി |
| (തഥാ) ഗവേ അരം | — ഗായതി |
| ഇന്ദ്രസ്യ ധാമ്നേ അരം | — ഇന്ദ്രകർത്തൃകായ ഗൃഹായ,<br>തദർത്ഥം സ്തൗതി |

അർത്ഥം–ശ്രുതകക്ഷനെന്ന സൂക്തദ്രഷ്ടാവായ ഋഷി ഇന്ദ്രനാൽ നൽകപ്പെടേണ്ടും കുതിരക്കുവേണ്ടി അവിടത്തെ വിഷയീകരിച്ച സ്തോത്രം മതിയാവോളം ചൊല്ലുന്നു. അതുപോലെ പശുവിന്നുവേണ്ടി സ്തോത്രം ചൊല്ലുന്നു. ഇന്ദ്രനാൽ ഉണ്ടാക്കപ്പെട്ടു തരേണ്ടും ഗൃഹത്തിന്നായി ധാരാളം സ്തുതി ചൊല്ലുന്നു.

26 അരംഹിഷ്മാസുതേഷുണ
സ്സോമേഷ്വിന്ദ്രഭൂഷസി
അരന്തേശക്രദാവനേ വ. 19

അന്വയം:—

| | |
|---|---|
| ഹേ ശക്ര, ഇന്ദ്ര, നഃ<br>സുതേഷു | — ശക്രേന്ദ്ര, അസ്മദീയേഷ്വഭിഷുതേഷു |
| സോമേഷു ഹി സ്മ അരം<br>ഭൂഷസി | — സോമേഷു, ത്വമേവ തൽപാനേ അലംപര്യാപ്തോ ഭവസി |
| (തഥാ ഭവതി) ദാവനേ | — ധനാദികസ്യദാത്രേ |
| തേ അരം | — തുഭ്യം സോമാഃ പര്യാപ്താ ഭവന്തു |

അർത്ഥം—അല്ലയോ ശക്തനായ ഇന്ദ്ര, സംസ്കരിക്കപ്പെട്ട ഞങ്ങളുടെ സോമങ്ങളിൽ, അവയുടെ പാനത്തിൽ അവിടുന്നു പൂർണ്ണനായി ഭവിക്കുന്നു. അപ്രകാരമിരിക്കേ, ധനാദികളേകുന്ന അവിടേക്കു സോമങ്ങൾ മതിയാവട്ടേ.

27 പരാകാത്താച്ചിദദ്രിവ
സ്ത്വാന്നക്ഷന്തനോഗിരഃ
അരങ്ഗമാമതേവയം

അന്വയം:—

| | |
|---|---|
| ഹേ അദ്രി—വഃ, നഃ ഗിരഃ | — വജ്രവന്നിന്ദ്ര, ഇതോ നിർഗ്ഗതാ സ്തുതയഃ |
| പരാകാത്താൽ ചിൽ | — അതിദൂരാദപി |
| ത്വാം നക്ഷന്ത | — വ്യാപ്നുവന്തു |
| (ഏവം സതി) വയം തേ | — സ്തോതാരഃ വയം ത്വദീയം ധനം |
| അരം ഗമാമ | — അലം, പര്യാപ്തം ത്വത്തോ ഗച്ഛാമ |

അർത്ഥം:–അല്ലയോ വജ്രവാനായ ഇന്ദ്ര, ഞങ്ങളിൽനിന്നു തിരുന്ന സ്തുതികൾ അതിദൂരത്തിലാണെങ്കിലുമവിടുത്തെ വ്യാപിക്കട്ടെ. അപ്രകാരമിരിക്കേ, അവിടുത്തെ ധനത്തെ ഞങ്ങൾ മതിയാംവണ്ണം പ്രാപിക്കാവൂ.

28 ഏവാഹ്യസിവീരയു

രേവാശൂരഉതസ്ഥിരഃ

ഏവാതേരാധ്യംമനഃ

അന്വയം:—

(ഹേ ഇന്ദ്ര, ത്വം)

| | |
|---|---|
| വീര–യുഃ ഏവ അസി | — വീരാൻ ഹന്തും കാമയമാനോ ഭവസി ഖലു |
| ശൂരഃ ഏവ | — സാമർത്ഥ്യവാനസി ഖലു |
| ഉത സ്ഥിരഃ ഹി | — സങ്ഗ്രാമേ ധൈര്യവാൻ ഭവസി ഖലു |
| (ഏവംസതി) തേ മനഃ | |
| രാധ്യം ഏവ | — സ്തുതിഭിരാരാധനീയം ഭവതി ഖലു |

അർത്ഥം:–അല്ലയോ ഇന്ദ്ര, അവിടുന്നു വീരന്മാരെ ഹനിക്കാൻ ഇഷ്ടപ്പെടുന്നവനാണല്ലോ. ശൌര്യവാനാണല്ലോ. പിന്നെ, പടക്കളത്തിൽ ഉറച്ചുനിൽക്കുന്നവനാണല്ലോ. അപ്രകാരമിരിക്കേ, അവിടുത്തെ മനസ്സ് സ്തുതികളെക്കൊണ്ട് ആരാധ്യം തന്നെയാകുന്നു.

29 ഏവാരാതിസ്തുവീമഘ

വിശ്വേഭിർധായിധാതൃഭിഃ

അധാചിദിന്ദ്രമേസചാ

അന്വയം:—

| | |
|---|---|
| ഹേ തുവി–മഘ, ഇന്ദ്ര, | — ബഹുധനേന്ദ്ര, |
| വിശ്വേഭിഃ ധാതൃ–ഭിഃ | — സർവൈഃ കർമ്മധാരകൈഃ |

രാതിഃ ധായി ഏവ — ദാനം ധാര്യതേഹി
അധ ചിൽ മേ സചാ — അതഏവ യഷ്ടുർമ്മമ ധനാദി
ദാനേന കർമ്മസഹായോ ഭവ

അർത്ഥം—ബഹുധനനായ ഇന്ദ്ര, എല്ലാ കർമ്മികളായ യജമാനന്മാരാലും അവിടുത്തെ ദാനം ധരിക്കപ്പെടുന്നു. അക്കാരണത്താൽത്തന്നെ യഷ്ടാവായ എനിക്കു് ധനദാനാദിയാൽ കർമ്മസഹായനായി ഭവിച്ചാലും.

30 മോഷുബ്രഹ്മേവതന്ദ്രയു

ർഭുവോവാജാനാംപതേ

മത്സ്വാസുതസ്യഗോമതഃ

അന്വയം:—
ഹേ വാജാനാം പതേ, — ബലാനാം സ്വാമിന്നിന്ദ്ര,
തന്ദ്രയുഃ — നിഷ്കാരണം നിവൃത്ത
കർമ്മത്വാദാലസ്യയുക്തഃ
ബ്രഹ്മാ-ഇവ മോ സു ഭുവഃ -- ബ്രാഹ്മണ ഇവ ത്വം സുഷ്ഠു മാ
ഭവഃ, സർവ്വദാസ്മൽ
കർമ്മാന്വിതോഭവ
ഗോ-മതഃ സുതസ്യ — ഗവ്യേന ക്ഷീരാദിനാ
മിശ്രീതസ്യാഭിഷുതസ്യ
സോമസ്യ പാനേന
മത്സ്വ — മാദ്യ, ഹൃഷ്ടോഭവ

അർത്ഥം—ബലത്തിന്നു നാഥനായ ഇന്ദ്ര, അകാരണമായി കർമ്മമൊന്നും ചെയ്യാത്ത അലസനായ ബ്രാഹ്മണനെന്നപോലെ അവിടുന്നു ഭവിക്കരുതു്. എപ്പോഴും ഞങ്ങളുടെ കർമ്മങ്ങളോടുചേർന്നവനായാലും. പശുവിൻപാൽ മുതലായവ ചേർത്തു സംസ്കരിച്ച സോമത്തിന്റെ പാനത്താൽ ഹർഷമേന്തിയാലും.

31 മാന്നഇന്ദ്രാഭ്യാ∫∫ദിശ

സ്സൂരോഅക്തുഷ്വായമൻ

ത്വായുജാവനേമതൽ

അന്വയം:—

| | |
|---|---|
| ഹേ ഇന്ദ്ര, ആ-ദിശഃ | — ആദേഷ്ടാരഃ, സമന്താദായുധാന്യതിവിസൃജന്തഃ |
| സ്വരഃ അക്തുഷു | — സരണശീലാ രാക്ഷസാ രാത്രിഷു, ദിവാപി |
| നഃ മാ അഭി ആ യമൻ | — ആഭിമുഖ്യേനാസ്മാൻ മാ നിയന്താരോ ഭവന്തു |
| (യദ്യാഗതാശ്ചേത്തദാ) | |
| തൽ | — രക്ഷഃകുലം |
| ത്വാ യുജാ വനേമ | — ത്വയാസഹായേന വയം ഹിംസാമ |

അർത്ഥം—അല്ലയോ ഇന്ദ്ര, മുററുമായുധങ്ങളെറിയുന്നവരും എങ്ങും നടക്കുന്നവരുമായ രാക്ഷസന്മാർ രാത്രികളിലും പകലുംകൂടി ഞങ്ങളെ നേരെവന്നു കീഴടക്കരുതു്. വന്നാലപ്പോൾ ആ രാക്ഷസകുലത്തെ അവിടുത്തെ സഹായത്തോടെ ഞങ്ങൾ ഹനിയ്ക്കുമാറാവു.

32 ത്വയേദിന്ദ്രയുജാവയം
പ്രതിബ്രുവീമഹിസ്പൃധഃ
ത്വമസ്മാകംതവസ്മസി

അന്വയം:—

| | |
|---|---|
| ഹേ ഇന്ദ്ര, ത്വയാ ഇൽ യുജാ | — ത്വയൈവ സഹായേന |
| സ്പൃധഃ വയം പ്രതി ബ്രുവീമഹി | — സ്പർദ്ധമാനാഞ്ഛത്രൂന്നിരാകുർവ്വീമഹി (പ്രതിവചനം നിരാകരണം) |
| ത്വം അസ്മാകം | — സ്തുത്യസ്തോതൃതയാസ്മാകം ഭവസി |
| (വയം) തവ സ്മസി | — തവ സ്വഭൃതാ ഭവാമഃ |
| (തസ്മാൽ ത്വയാ സഹായേന ശത്രൂൻ ഹന്യാമ) | |

അർത്ഥം—അല്ലയോ ഇന്ദ്ര, അവിടുന്നാകുന്ന സഹായനോടുകൂടി മാത്രമാണ് സ്പർദ്ധിക്കുന്ന ശത്രുക്കളെ ഞങ്ങൾ നിരാകരിക്കുന്നതു്, തള്ളിപ്പറയുന്നതു്. സ്തുത്യനും സ്തോതാവും തമ്മിലുള്ള ബന്ധത്താലവിടുന്നു് ഞങ്ങൾക്കു ചേർന്നവനാകുന്നു; ഞങ്ങളവിടേക്കു ചേർന്നവരാകുന്നു. അതിനാൽ അവിടുന്നാകുന്ന സഹായനോടുകൂടി ശത്രുക്കളെ ഹനിക്കാവൂ.

33 ത്വാമിദ്ധിത്വായ

വോനുനോനുവതശ്ചരാൻ

സഖായഇന്ദ്രകാരവഃ വ. 20

അന്വയം:—

ഹേ ഇന്ദ്ര, ത്വാ_യവഃ — ത്വാം ധനാദിദാനാർത്ഥം കാമയമാനാഃ, അത ഏവ

അനു_നോനുവതഃ — അനുക്രമേണ, പുനഃപുനഃ സ്തുതിം കുർവ്വന്തഃ

(തസ്മാത്തവ) സഖായഃ

കാരവഃ — സഖീഭൂതാ സ്തോതാരഃ

ത്വാം ഇൽ ചരാൻ ഹി — ത്വാമേവ സ്തുതിഭിഃ പരിചരന്തു ഖലു

അർത്ഥം—അല്ലയോ ഇന്ദ്ര, ധനാദിദാനത്തിനുവേണ്ടി അവിടുത്തെ കാമിക്കുന്ന, പ്രാർത്ഥിക്കുന്നവരും ക്രമത്തിൽ വീണ്ടും വീണ്ടും സ്തുതിചൊല്ലുന്നവരും, അതുകൊണ്ടവിടുത്തെ ചങ്ങാതികളുമായ സ്തോതാക്കൾ അവിടുത്തെത്തന്നെ സ്തുതികളാൽ പരിചരിക്കട്ടെ.

വർഗ്ഗം:—21 മുതൽ 27 കൂടി സുകക്ഷഃ ഋഷിഃ

1 ഉദ്ഘേദഭിശ്രുതാമഘം

വൃഷഭന്നര്യാപസം

അസ്താരമേഷിസൂര്യ

അന്വയം:—

ഹേ സൂര്യ, — സൂര്യാത്മകേന്ദ്ര,

ശ്രുത–മഘം — സർവ്വദാദേയത്വേന വിഖ്യാതം ധനം

വൃഷഭം — യാചമാനാനാം ധനസ്യ വർഷിതാരം

നര്യ–അപസം — നരഹിതകർമ്മാണം

അസ്താരം — ഔദാര്യവന്തമാത്മാനം കൃത്വാ

(ത്വം) അഭി ഉൽ ഏഷി ഇൽ ഘ — ത്വമേവ യജ്ഞേ സൂര്യാത്മനാഭിമുഖ്യേനോൽഗതോസി ഖലു

അർത്ഥം—അല്ലയോ സൂര്യാത്മാവായ ഇന്ദ്ര, എപ്പോഴും ദാനത്തിന്നു് ഉന്നിയതുകൊണ്ടു് പ്രസിദ്ധമായ ധനമൊത്തവനും യാചിക്കുന്നവർക്കു് ഐശ്വര്യം വർഷിക്കുന്നവനും ഔദാര്യവാനുമായി സ്വയം ചമഞ്ഞു്, അവിടുന്നു് യജ്ഞത്തിന്റെ നേരെ സൂര്യരൂപനായി ഉയർന്നുവരുന്നുവല്ലോ.

2 നവയോനവതിംപുരോ
ബിഭേദബാഹ്വോജസാ
അഹിഞ്ചവൃത്രഹാവധീൽ

അന്വയം:—

യഃ നവ നവതിം പുരഃ — നവനവതിസംഖ്യാകാശ്ശംബരസ്യ പുരീഃ

ബാഹു–ഓജസാ ബിഭേദ — സ്വബാഹുബലേന ദിവോദാസായഭിനത്തിസ്മ

(സഃ) വൃത്ര–ഹാ — വൃത്രഹന്തേന്ദ്രഃ

അഹിം ച അവധീൽ — കേനാപ്യഹന്തവ്യം മേഘഞ്ച വിദാരിതവാൻ (സ ഇന്ദ്രോസ്മാകം ധനം ദദാതു)

അർത്ഥം—ആർ ശംബരന്റെ തൊണ്ണൂറ്റൊമ്പതു നഗരങ്ങളെ, ദിവോദാസന്നുവേണ്ടി കയ്യൂക്കിനാൽ പിളർന്നുവോ, ആ

വൃത്രഹന്താവ് ആരാലുമുടയ്ക്കാൻ പററാത്ത മേഘത്തെയും പിളന്നു. (ആ ഇന്ദ്രൻ നമുക്കു ധനം തന്നരുളട്ടെ.)

3 സനഇന്ദ്രശ്ശിവസ്സ
ഖാശ്വാവദ്ഗോമദ്യവമൽ
ഉരുധാരേവദോഹതേ

അന്വയം:—

സഃ ശിവഃ, സഖാ ഇന്ദ്രഃ — കല്യാണതമഃ, സ്തോതൃസ്തുത്യതയാ മിത്രഭൂതഇന്ദ്രഃ

അശ്വ—വൽ, ഗോ—മൽ, യവ—മൽ — അശ്വയുക്തം, പശ്വാദി സഹിതം ധാന്യയുക്തം ധനം

ഉരുധാരാ—ഇവ — പ്രഭൂതപയോധാരാ ഇവ

നഃ ദോഹതേ — അസ്മാകം ദോഗ്ധു, ദദാതു

അത്ഥം—ആ കല്യാണകരനും, സ്തോതാവും സ്തുത്യനും തമ്മിലുള്ള ബന്ധംവഴി ചങ്ങാതിയുമായ ഇന്ദ്രൻ കുതിരകളോടുകൂടിയതും പശുക്കളോടൊത്തതും ധാന്യസമ്പന്നവുമായ ധനം, നിറഞ്ഞൊഴുകുന്ന പാൽധാരകൾപോലെ, ഞങ്ങൾക്കു കറന്നുതരട്ടേ, തന്നരുളട്ടേ.

4 യദദ്യകച്ചവൃത്രഹ
ന്നുദഗാഅഭിസൂര്യ
സവ്വന്തദിന്ദ്രതേവശേ

അന്വയം:—

ഹേ വൃത്ര—ഹൻ, — അപാമാവരകസ്യ മേഘസ്യഹന്തഃ,

ഹേ സൂര്യ, ഇന്ദ്ര, — സൂര്യാത്മകേന്ദ്ര,

അദ്യ യൽ കൽ ച — അസ്മിൻ ദിനേയൽ കിഞ്ചിൽ പദാത്ഥജാതം

| | |
|---|---|
| അഭി ഉൽ–അഗാഃ | സ്വതേജസോൽഗതം,<br>പ്രാദുർഭൂതം |
| തൽ സർവ്വം | സ്ഥാവരജങ്ഗമാത്മകം ജഗൽ |
| തേ വശേ | ത്വദധീനം ഭവതി |

അർത്ഥം—വെള്ളത്തെത്തടയുന്ന മേഘത്തെ പിളർക്കുന്നവനും (മഴപെയ്യിച്ചെല്ലാവർക്കും സുഖമേകുന്നവനും) സൂര്യാത്മാവുമായ ഇന്ദ്ര, ഇന്നു് യാതൊരു പദാർത്ഥജാതം സ്വതേജസ്സാലുളവാകുന്നുവോ, ആ സ്ഥാവരജങ്ഗമാത്മകമായ ജഗത്തു മുഴുവൻ അവിടേയ്ക്കധീനമാകുന്നു.

5 യദ്വാപ്രവൃദ്ധസൽപതേ
നമരാഇതിമന്യസേ
ഉതോതൽസത്യമിത്തവ വ. 21

അന്വയം:—

| | |
|---|---|
| ഉതോ ഹേ പ്ര–വൃദ്ധ,<br>സൽ–പതേ, | അപി ച സ്വബലേന<br>പ്രവർദ്ധമാന, സതാം<br>പാലയിതരിന്ദ്ര, |
| ന മരൈ ഇതി | മനുഷ്യവദ്വാർദ്ധക്യേനാഹം<br>ന മ്രിയേ ഇതി |
| യൽ മന്യസേ | ത്വം ബുദ്ധ്യസേ |
| തവ തൽ സത്യം ഇൽ വാ | ന മ്രിയേ ഇതി മനനം യഥാർത്ഥമേവ ച (ഇന്ദ്രഃ ന മ്രിയതേ) |

അർത്ഥം—സ്വബലംകൊണ്ടു വർദ്ധിക്കുന്നവനും സത്തുക്കളുടെ പാലകനുമായ ഇന്ദ്ര, മനുഷ്യർപോലെ വാർദ്ധക്യത്താൽ ഞാൻ മരിക്കുകയില്ല എന്നു് അവിടേയ്ക്കു യാതൊരു ബോധ്യമുണ്ടോ, ആ ബോധ്യം, മരിക്കുകയില്ലെന്ന വിചാരം, യഥാർത്ഥം തന്നെയുമാകുന്നു. ('നഹ്യസ്യാ അപരം ചന ജരസാമരതേ പതിഃ' എന്നു് 8–4–3 ൽ പറയുന്നതും ഈ അർത്ഥം തന്നെ ദ്യോതിപ്പിക്കുന്നു. ഇന്ദ്രനു മരണമില്ല.)

6 യേസോമാസഃപരാവതി
യേഅവ്വാവതിസുന്വിരേ
സവ്വാഁസ്താഁഇന്ദ്രഗച്ഛസി

**അന്വയം:–**

ഹേ ഇന്ദ്ര, യേ സോമാസഃ — സോമാഃ
പരാ–വതി — വിപ്രകൃഷ്ടേ, വിദൂരേ ദേശേ
യേ അവ്വാ–വതി
സുന്വിരേ — അന്തികതമേദേശേഭിഷൂയന്തേ
സവ്വാൻ താൻ ഗച്ഛസി — സോമാൻ തൽ പാനാത്ഥം
യുഗപൽ പ്രാപ്നോഷി

അത്ഥം—അല്ലയോ ഇന്ദ്ര, സോമങ്ങളേവ അകലെ സംസ്കരിക്കപ്പെടുന്നുവോ, ഏവ ഏററവുമടുത്തു സംസ്കരിക്കപ്പെടുന്നുവോ, അവയെയെല്ലാമവിടുന്ന് ഒപ്പം പ്രാപിക്കുന്നു.

7 തമിന്ദ്രംവാജയാമസി
മഹേവൃത്രായഹന്തവേ
സവൃഷാവൃഷഭോഭുവൽ

**അന്വയം:–**

(യജമാനാവയം) തം
ഇന്ദ്രം മഹേ വൃത്രായ
ഹന്തവേ — മഹാന്തം വൃത്രാസുരം ഹന്തും
വാജയാമസി — സോമേന വാജയാമഃ,
ബലവന്തം കുമ്മഃ
സഃ വൃഷാ വൃഷഭഃ ഭുവൽ — സേക്താ, ധനാനാം വഷീതാ,
ദാതാഭവേത്

അത്ഥം—യജമാനന്മാരായ ഞങ്ങൾ ആ ഇന്ദ്രനെ, പെരിയ വൃത്രാസുരനെ കൊല്ലാനായി സോമംകൊണ്ടു ബലവാനാ

ക്കുന്നു. അവിടുന്നു മഴപെയ്യിക്കുന്നവനായും ധനങ്ങൾ (അഭീഷ്ടങ്ങൾ) വർഷിക്കുന്നവനായും ഭവിക്കട്ടേ.

8 ഇന്ദ്രസ്സദാമനേകൃത

ഓജിഷ്ഠസ്സമദേഹിതഃ

ദ്യുമ്നീശ്ലോകീസസോമ്യഃ

അന്വയം:—

സഃ ഇന്ദ്രഃ ദാമനേ കൃതഃ — സ്തോതൃഭ്യോ ധനാദിദാനായ പ്രജാപതിനാ സൃഷ്ടഃ

(കിഞ്ച) ഓജിഷ്ഠഃ സഃ — ഓജസ്വിതമ ഇന്ദ്രഃ

മദേ ഹിതഃ — സോമേ തൽ പാനാർത്ഥം പ്രജാപതിനാനിഹിതഃ

ദ്യുമ്നീ ശ്ലോകീ സഃ

സോമ്യഃ — അന്നവാൻ, സ്തോത്രവാനിന്ദ്രഃ, സോമാർഹഃ

അർത്ഥം—ആ ഇന്ദ്രൻ സ്തോതാക്കൾക്കു ധനാദികൾ ദാനം ചെയ്‌വാനായി ബ്രഹ്മപ്രജാപതിയാൽ സൃഷ്ടിക്കപ്പെട്ടവനത്രേ. ഏററവും ഓജസ്വിയായ അവിടുന്നു് സോമത്തിലാണു്, അതു കുടിക്കാൻ വേണ്ടിയാണു്, പ്രജാപതിയാൽ നിർത്തപ്പെട്ടിട്ടുള്ളതു്. അന്നവാനും സ്തോത്രങ്ങൾക്കു വിഷയഭൂതനുമായ അവിടുന്നു് സോമത്തിന്നർഹനത്രേ.

9 ഗിരാവജ്രോനസംഭൃത

സ്സബലോഅനപച്യുതഃ

വവക്ഷഋഷ്വോഅസ്‌തൃതഃ

അന്വയം:—

ഗിരാ — സ്തുതിവാചാസ്തോതൃഭിഃ

വജ്രഃ ന സം-ഭൃതഃ — വജ്രായുധസ്തൽ കർത്തൃഭിർന്നിശിതധാരോ യഥാഭവതി തഥാ ഉൽപാദിതഃ, തീക്‌ഷ്ണീകൃതഃ

| | |
|---|---|
| സ—ബലഃ,<br>അനപ—ച്യുതഃ | — ബലസഹിതഃ, പരൈര പ്രച്യുതഃ |
| ഋഷ്വഃ, അസ്തൃതഃ | — മഹാൻ, യുദ്ധേ ശത്രുഭിര ഹിംസിത ഇന്ദ്രഃ |
| വവക്ഷേ | — സ്തോതൃഭ്യോ ധനാദികം വോഢുമിച്ഛതി |

അർത്ഥം—സ്തുതിവചനംകൊണ്ടു സ്തോതാക്കളാൽ, വജ്രം മൂർച്ചകൂട്ടപ്പെടുന്നപോലെ, അധികം ഓജസ്വിയാക്കപ്പെട്ടവനും ബലമുററവനും അന്യരാൽ വീഴ്ത്തപ്പെടാത്തവനും മഹാനും ശത്രുക്കളാൽ കേടേല്പിക്കപ്പെടാത്തവനുമായ ഇന്ദ്രൻ സ്തോതാക്കൾക്കുവേണ്ടി ധനാദികളായ അഭീഷ്ടങ്ങൾ വഹിക്കാൻ, എത്തിക്കുവാൻ ഇച്ഛിക്കുന്നു.

10 ദുർഗ്ഗേചിന്നസ്സുഗങ്കൃധി
ഗൃണാനഇന്ദ്രഗിർവ്വണഃ
ത്വഞ്ചമഘവൻവശഃ വ. 22

അന്വയം:-

| | |
|---|---|
| ഹേ മഘ—വൻ,<br>ഗിർവ്വണഃ, ഇന്ദ്ര, | — ധനവൻ, ഗീർഭിർവ്വനനീയേന്ദ്ര, |
| ഗൃണാനഃ | — സ്തോതൃഭിസ്തൂയമാനഃ |
| ത്വം ച വശഃ | — ത്വം ചേൽ, യദി സോമ പാനാർത്ഥം തൽപ്രദാതൄ നസ്മാൻ കാമയേഥാഃ |
| ദുഃ—ഗേ ചിൽ നഃ<br>സു—ഗം കൃധി | — ദുർഗ്ഗമേപി മാർഗ്ഗേസുഗമം പന്ഥാനം കുരു |

അർത്ഥം—ധനവാനും സ്തുതികളാൽ പ്രാപ്യനുമായ ഇന്ദ്ര, സ്തോതാക്കളാൽ സ്തുതിക്കപ്പെടുന്ന അവിടുന്ന് സോമപാനമുദ്ദേശിച്ച് അതു തരുന്ന ഞങ്ങളെ ഇഷ്ടപ്പെടുന്നുവെങ്കിൽ, കടന്നുപോകാൻ വിഷമമായേടത്തും എളുപ്പം പോകാവുന്ന വഴി ഉണ്ടാക്കിയാലും.

11 യസ്യതേനൂചിദാദിശ
ന്നമിനന്തിസ്വരാജ്യം
നദേവോനാധ്രിഗുർജ്ജനഃ

അന്വയം:—

(ഹേ ഇന്ദ്ര,) യസ്യ തേ ആ-ദിശം — ത്വദീയാമാജ്ഞാം
നൂ ചിൽ ന മിനന്തി — ഇദാനീം പുരാ ച കേചിദപി ന ഹിംസന്തി
(കിഞ്ച) സ്വ-രാജ്യം — തവസ്വഭൃതം രാജ്യം, സ്വർഗ്ഗ സ്വാമിത്വം ച ന ഹിംസന്തി
ന ദേവഃ അധ്രി-ഗുഃ — ത്വദന്യോദേവഃ അധൃതഗമനഃ, സങ്ഗ്രാമേ ത്വരമാണോ വീരോപി
ന ജനഃ — പ്രാദുർഭൂതോ മനുഷ്യോപി ന ഹിംസതി

അർത്ഥം—അല്ലയോ ഇന്ദ്ര, യാതൊരവിടുത്തെ ആജ്ഞയെ ഇപ്പോഴും പണ്ടും ആരും തടുക്കുന്നില്ലയോ, പിന്നെ, അവിടുത്തെ സ്വന്തമായ രാജത്വത്തെ, സ്വർഗ്ഗസ്വാമിത്വത്തെ, ആരും ഹനിക്കുന്നില്ലയോ, ആ അവിടുന്നിൽ നിന്നു് അന്യനായ (ഏതെങ്കിലും) ദേവനോ, യുദ്ധത്തിൽ വേഗതപൂണ്ട (ഏതെങ്കിലും) വീരനോ, ജന്മംപൂണ്ട (ഏതെങ്കിലും) മനുഷ്യനോ (അവിടുത്തെ ആജ്ഞയെ) തടയുന്നില്ല, നിരാകരിക്കുന്നില്ല.

12 അധാതേഅപ്രതിഷ്കുത
ന്ദേവീശുഷ്മംസപര്യതഃ
ഉഭേസുശിപ്രരോദസീ

അന്വയം:—

ഹേ സു-ശിപ്ര, — സുഹനോ, ഇന്ദ്ര,
അധ ദേവീ ഉഭേ രോദസീ — ദേവ്യൗ ദ്യാവാപൃഥിവ്യൗ

അപ്രതി—സ്കൃതം — ശത്രുഭിരപ്രതിരോധനീയം.
തേ ശുഷ്മം സപര്യതഃ — പരബലശോഷകം ബലം പൂജയതഃ

അർത്ഥം—നല്ല താടിയെല്ലുകളോടുകൂടിയ ഇന്ദ്ര, ദേവിമാരായ ദ്യാവാപൃഥിവികളിരുവരും ശത്രുക്കൾക്കു പ്രതിരോധിക്കാൻ പററാത്ത അവിടുത്തെ, ശത്രുബലം മെലിയിക്കുന്ന ശക്തിയെ, പൂജിക്കുന്നു, കൊണ്ടാടുന്നു.

13 ത്വമേതദധാരയഃ
കൃഷ്ണാസുരോഹിണീഷുച
പരുഷ്ണീഷുരുശൽപയഃ

അന്വയം:—

(ഹേ ഇന്ദ്ര,) കൃഷ്ണാസു
പരുഷ്ണീഷു — കൃഷ്ണവർണ്ണാസു രോഹിതവർണ്ണാസു ഗോഷു
രോഹിണീഷു ച — രോഹിണീവർണ്ണാസു ച ഗോഷു
രുശൽ ഏതൽ പയഃ — ദീപ്യമാനം ശ്വേതം പരിദൃശ്യമാനം ക്ഷീരം
ത്വം അധാരയഃ — ധാരയസി

അർത്ഥം—അല്ലയോ ഇന്ദ്ര, കറുത്ത പശുക്കളിലും ചുകന്ന പശുക്കളിലും മഞ്ഞപ്പശുക്കളിലും പ്രകാശമാനമായ, വെളുത്ത പാൽ ധരിക്കുന്നതു്, ഉണ്ടാക്കുന്നതു് അവിടുന്നാകുന്നു.

14 വിയദഹേരധത്വിഷോ
വിശ്വേദേവാസോഅക്രമുഃ
വിദന്മൃഗസ്യതാँഅമഃ

അന്വയം:—

അധ അഹേഃ ത്വിഷഃ — വൃത്രാസുരസ്യ തേജോരൂപാൽ ഭീതാഃ .
വിശ്വേ ദേവാസഃ യൽ — സർവ്വേ ദേവാ യദാ

വി അക്രമുഃ — സ്വസ്ഥാനം പരിത്യജ്യ വിവിധമഗച്ഛൻ, തദാ

മൃഗസ്യ — താൻ ഭീഷയിതും സ മൃഗരൂപോ ഭവൽ, തദ്രൂപസ്യ

അമഃ — സർവ്വതോ ഗമനശീലം, തജ്ജാതം ഭയം

താൻ വിദൽ — സർവ്വാൻ ദേവാനവിന്ദൽ

അർത്ഥം—പിന്നെ, വൃത്രാസുരൻെറ തേജോരൂപത്താൽ ഭയപ്പെട്ട ദേവന്മാരെല്ലാം സ്വസ്ഥാനം വിട്ടു പലപാടോടിയപ്പോൾ, അവരെ പേടിപ്പിക്കാനായി മൃഗാകൃതി പൂണ്ട വൃത്രൻെറ സർവ്വവ്യാപിയായ ബലവും ആ ബലത്തിൽ നിന്നുളവായ ഭയവും എല്ലാ ദേവന്മാരെയും ബാധിച്ചു.

15 ആദ്ദമേനിവരോഭുവ
വൃത്രഹാദിഷ്ടപൌംസ്യം
അജാതശത്രുരസ്തൃതഃ വ. 23

അന്വയം:—

ആൽ ഉ — ദേവാനാം സർവ്വതോ ഗമനാനന്തരമേവ

മേ — സ്തോതൃസ്തുത്യബന്ധേന മമ സംബന്ധ്യയമിന്ദ്രഃ

നി–വരഃ ഭുവൽ — വൃത്രാസുരസ്യ നിവാരയിതാ, ഹന്താ ഭവൽ

(തതഃ) വൃത്ര–ഹാ

പൌംസ്യം — സ്വബലം

അദിഷ്ട — തദ്രാജ്യം സ്വവശമകരോൽ

(തതഃ പ്രഭൃതീന്ദ്രഃ)

അജാത–ശത്രുഃ — അനുൽപന്നശത്രുഃ

അസ്തൃതഃ — സങ്ഗ്രാമേ പരൈരഹിംസിതഃ

അർത്ഥം—ദേവന്മാരങ്ങിങ്ങും പാഞ്ഞുപോയശേഷം എൻെറ ഇന്ദ്രൻ (സ്തുത്യനും സ്തോതാവും തമ്മിലുള്ള ബന്ധത്താൽ

എനിയ്ക്കു സ്വന്തപ്പെട്ട ഇന്ദ്രൻ) വൃത്രനിവാരയിതാവായി, വൃത്രഹന്താവായി ഭവിച്ചു. പിന്നെ, വൃത്രനാശകനായ അവിടുന്നു് തന്റെ ബലം അവന്റെ രാജ്യത്തിൽ സ്ഥാപിച്ചു, അവന്റെ രാജ്യം തൻകീഴൊതുക്കി. അന്നുമുതലവിടുന്നു് ശത്രുരഹിതനായി. യുദ്ധത്തിൽ ശത്രുക്കളാൽ ഉപദ്രവിക്കപ്പെടാത്തവനായി.

16 ശ്രുതംവോവൃത്രഹന്തമം
പ്രശർദ്ധഞ്ചർഷണീനാം
ആശുഷേരാധസേമഹേ

അന്വയം:—

| | |
|---|---|
| (ഹേ ഋത്വിഗ്യഷ്ടാരഃ,) | |
| ശ്രുതം | — ബലവത്തമം, പ്രസിദ്ധം |
| വൃത്രഹൻ-തമം ശർദ്ധം | — അതിശയേന വൃത്രഹന്താരം, വേഗവന്തമിന്ദ്രം |
| ചർഷണീനാം വഃ | — മനുഷ്യാണാം യുഷ്മാകം |
| മഹേ രാധസേ | — മഹതേ ധനായ, ധനം യുഷ്മഭ്യം ദാതും |
| ആ ശുഷേ | — സ്തുതിഭിഃ പ്രീണയിത്വാ പ്രകർഷേണാശ്വൈവ യുഷ്മഭ്യം പ്രയച്ഛാമി |

അർത്ഥം—അല്ലയോ ഋത്വിഗ്യഷ്ടാക്കളേ, ബലവത്വം കൊണ്ടു പ്രസിദ്ധനും, വീണ്ടും പുറപ്പെടാത്തവിധം ശത്രുക്കളെ ഹനിയ്ക്കുന്നവനും വേഗവാനുമായ ഇന്ദ്രനെ മഹത്തായ ധനം തന്നരുളാനായി സ്തുതികളാൽ സന്തോഷിപ്പിച്ചു്, മനുഷ്യരായ നിങ്ങളെ വ്യാപിക്കാനായി ഞാൻ തരുന്നു. (കഴിഞ്ഞ ഋക്കിൽ എന്റെ ഇന്ദ്രനെന്നു പറഞ്ഞ ഋഷി ആ ഇന്ദ്രനെക്കൊടുക്കാനും ഭക്തികൊണ്ടു ശക്തിയുററവനാണു്.)

17 അയാധീയാചഗവ്യയാ
പുരുണാമൻപുരുഷ്ടുത
യൽസോമേസോമആഭവഃ

അന്വയം:–

| | |
|---|---|
| ഹേ പുരു–നാമൻ, | ബഹുവിധനാമോപേത, |
| പുരു–സ്തുത, | ബഹുഭിരഭിഷ്ടുതേന്ദ്ര, |
| സോമേ–സോമേ | അസ്മദീയേഷു സോമേഷു |
| (ത്വം) യൽ ആ അഭവഃ | യദാപനാർത്ഥം സമന്താദഭവഃ |
| (തദാവയം) അയാ ഗവ്യ–യാ ധിയാ ച | അനയാ, ഗാ ആത്മന ഇച്ഛന്ത്യാ ബുധ്യായുക്താശ്ച ഭവേമ |

അർത്ഥം–വളരെ നാമങ്ങളോടുകൂടിയവനും വളരെപ്പേരാൽ സ്തുതിക്കപ്പെട്ടവനുമായ ഇന്ദ്ര, ഞങ്ങളുടെ സോമങ്ങളിലെല്ലാം, കുടിക്കാൻവേണ്ടി അവിടുന്നു മുഴുകിച്ചെല്ലുമ്പോൾ, ഞങ്ങൾ പശുക്കളെ, തങ്ങൾക്കിച്ഛിക്കുന്ന ബുദ്ധിയോടുകൂടിയവരാകാവൂ. (അവിടുന്നു സോമത്തിൽ മുഴുകിയാൽ അവിടുത്തെ അനുഗ്രഹംകൊണ്ടു ഞങ്ങൾ പശുക്കളൊത്തവരാകാൻ ആഗ്രഹിക്കുകയായി.)

18 ബോധിന്മനാഇദസ്തുനോ

വൃത്രഹാഭൂര്യാസുതിഃ

ശൃണോതുശക്രആശിഷം

അന്വയം:–

| | |
|---|---|
| വൃത്ര–ഹാ | വൃത്രഹന്താ |
| ഭൂരി–ആസുതിഃ ഇൽ | ബഹുഷു ദേശേഷ്വിന്ദ്രാർത്ഥം സോമ ആസൂയതേ, അഭിഷൂയതേ, തദ്വാനിന്ദ്രഃ ഏവ |
| നഃ ബോധിൽ–മനാഃ അസ്തു | സ്തോതൄണാമഭിമതം ബുധ്യതേ, ജാനാതി, തഥോക്തോ ഭവതു |
| (തതഃ) ശക്രഃ | സങ്ഗ്രാമേ ശത്രുഹനനശക്തസ്സഃ |
| ആ–ശിഷം ശൃണോതു | അസ്മദീയാം സ്തുതിം ശൃണോതു |

അർത്ഥം—വൃത്രഹന്താവും പലദേശങ്ങളിലും തനിയ്ക്കുവേണ്ടി സംസ്കരിക്കപ്പെടുന്ന സോമത്തോടുകൂടിയവനുമായ ഇന്ദ്രൻ സ്തോതാക്കളായ നമ്മുടെ അഭിമതമറിയുന്നവനായി ഭവിക്കട്ടെ. പിന്നെ, യുദ്ധങ്ങളിൽ ശത്രുഹനനശക്തനായ അവിടുന്നു് നമ്മുടെ സ്തുതി, പ്രാർത്ഥന കേൾക്കട്ടെ.

19 കയാത്വന്നഊ
ത്യാഭിപ്രമന്ദസേവൃഷൻ
കയാസ്തോതൃഭ്യആഭര

അന്വയം:—

ഹേ വൃഷൻ, — കാമാനാം വർഷിതരിന്ദ്ര,
ത്വം കയാ ഊത്യാ — കേനാഭിഗമനേന, രക്ഷണേന
നഃ അഭി പ്ര മന്ദസേ? — അസ്മദീയം യജ്ഞം പ്രതി സോമപാനാർത്ഥമാഗമനേന കദാസ്മാൻ പ്രമാദയസി?

(കിഞ്ച) കയാ
സ്തോതൃ–ഭ്യഃ ആ ഭര — കേനാഭിഗമനേന സ്തോതൃഭ്യഃ ധനം ആ ബിഭർഷി?

അർത്ഥം—അല്ലയോ കാമവർഷകനായ ഇന്ദ്ര, അവിടുന്നു് ഏതു വരവിനാൽ, രക്ഷണത്താലാണു്, സോമപാനത്തിന്നായി യജ്ഞത്തിന്നുള്ള വരവിനാൽ എപ്പോഴാണു ഞങ്ങളെ സന്തോഷിപ്പിക്കുന്നതു്? ഏതു വരവിനാലാണു് സ്തോതാക്കൾക്കു രക്ഷണം ധരിക്കുന്നതു്, നിർവ്വഹിക്കുന്നതു്?

20 കസ്യവൃഷാസുതേസചാ
നിയുത്വാന്വൃഷഭോരണൽ
വൃത്രഹാസോമപീതയേ വ. 24

അന്വയം:—

വൃഷാ — അപാം വർഷിതേന്ദ്രഃ
നിയുത്വാൻ — നിയുതഃ, മരുതഃ, തദ്വാൻ

വൃഷഭഃ, വൃത്ര–ഹാ — കാമവർഷകഃ, വൃത്രഹന്തേന്ദ്രഃ
കസ്യ സചാ സുതേ — കസ്യ യജമാനസ്യ സഹാഭിഷുതേ സോമേ, കസ്യ യജ്ഞേ
സോമ–പീതയേ രണൽ? — സോമപാനായ രമതേ?
(കിന്ത്വസ്മദ്യജ്ഞേ ഏവ സോമപാനാർത്ഥമാഗച്ഛതു.)

അർത്ഥം_ജലവർഷകനും മരുത്തുക്കളൊത്തവനും അഭീഷ്ടവർഷകനും വൃത്രഹന്താവുമായ ഇന്ദ്രൻ ഏതു യജമാനന്റെ കൂടെ സംസ്കരിച്ച സോമമൊത്ത യജ്ഞത്തിലാണ്, സോമപാനത്തിന്നുവേണ്ടി രമിക്കുന്നതു്? ഏതായാലും നമ്മുടെ യജ്ഞത്തിൽ സോമപാനത്തിന്നായി വന്നുചേരട്ടെ.

21 അഭീഷുണസ്ത്വംരയിം

മന്ദസാനസ്സഹസ്രിണം

പ്രയന്താബോധിദാശുഷേ

അന്വയം:—

(ഹേ ഇന്ദ്ര,) മന്ദസാനഃ — അസ്വാദിത്തേന സോമേന മോദമാനസ്സൻ
നഃ സഹസ്രിണം രയിം
സു അഭി — സഹസ്രസംഖ്യാകം ധനം സുഷ്ഠ്വാഭരേ
ത്വം ദാശുഷേ — ഹവിർദ്ദത്തവതേ യജമാനായ
പ്ര–യന്താ ബോധി — കർമ്മണോനിയന്താ ഇതി ബുധ്യസ്വ

അർത്ഥം_അല്ലയോ ഇന്ദ്ര, ഞങ്ങളാൽ നൽകപ്പെട്ട സോമത്താൽ മോദിയ്ക്കുന്നവനായി, ഞങ്ങൾക്കായിരക്കണക്കിൽ ധനം നേരെ നന്നായെത്തിച്ചാലും. അവിടുന്ന് ഹവിർദ്ദാതാവായ യജമാനന്നു് കർമ്മനിയന്താവെന്നറിഞ്ഞാലും.

22 പത്നീവന്തസ്സുതാഇമ

ഉശന്തോയന്തിവീതയേ

അപാംജഗ്മിന്നിചുമ്പുണഃ

അന്വയം:—

പത്നീ–വന്തഃ — സോമസേകാർത്ഥേ പത്ന്യഃ, പാലയിത്ര്യഃ വസതീവര്യഃ ഏകധനാശ്ച, തദ്വന്തഃ

സുതാഃ ഇമേ — ഗ്രഹസ്ഥാഃ, ചമസസ്ഥാശ്ച സോമാഃ

ഉശന്തഃ — ആത്മനഃ പാനമിച്ഛന്തസ്സന്തഃ

വീതയേ യന്തി — ആത്മനഃ പാനായേന്ദ്രം ഗച്ഛന്തി

(കിഞ്ച) നി–ചുമ്പുണഃ — നിചമനേന, ഭക്ഷണേന തപ്പ്യതീതി നിചുമ്പുണഃ ഋജീഷരൂപസ്സോമഃ

അപാം ജഗ്മിഃ — അപാം മധ്യം ഗമനശീല ഇന്ദ്രം ഗച്ഛതി

**അർത്ഥം**–സോമമൊഴുകാനായിച്ചേർക്കുന്ന, സോമത്തിന്റെ രക്ഷിത്രികളായ വസതീവരികൾ, ഏകധനകൾ എന്നീ മന്ത്രപൂതജലങ്ങളോടു ചേർന്നവയും സംസ്കരിച്ചവയും കുണ്ഡമ്മരികകളിലും വാലമ്മരികകളിലും ഉള്ളവയും തങ്ങളെ കുടിപ്പാനിച്ഛിക്കുന്നവയുമായ ഈ സോമങ്ങൾ (തങ്ങളെ കുടിക്കാൻ വേണ്ടി) ഇന്ദ്രനെ പ്രാപിക്കുന്നു. ഭക്ഷണംകൊണ്ടു തൃപ്തിപ്പെടുത്തുന്ന ഋജീഷരൂപമായ സോമം വെള്ളത്തിൻനടുവിലൂടെ ഊളിയിട്ടുകൊണ്ട് ഇന്ദ്രനെ പ്രാപിക്കുന്നു.

23 ഇഷ്ടാഹോത്രാ അസൃക്ഷ
തേന്ദ്രംവൃധാസോഅധ്വരേ
അച്ഛാവഭൃഥമോജസാ

അന്വയം:—

അധ്വരേ വൃധാസഃ — അസ്മദീയേ യജ്ഞേ ഹവിർഭിരിന്ദ്രം വർദ്ധയന്തഃ

ഇഷ്ടാഃ — ഇഷ്ടവന്തഃ, യാഗം കൃതവന്ത സ്സപ്തസംഖ്യാകാഃ

ഹോത്രാഃ [illegible] — [illegible] ദിവസം

അച്ഛ ഓജസാ — അവഭൃഥം പ്രതി സ്വതേജസാ സഹിതാഃ
ഇന്ദ്രം അസൃക്ഷത — വിസൃജന്തി

അൎത്ഥം—നമ്മുടെ യജ്ഞത്തിൽ ഹവിസ്സുകളാലിന്ദ്രനെ വൎദ്ധിപ്പിക്കുന്നവരും യാഗം ചെയ്തവരുമായ ഏഴ് ഹോത്രകന്മാർ യാഗാവസാനദിവസം അവഭൃഥത്തെ ഉദ്ദേശിച്ച്, സ്വതേജസ്സോടുകൂടിയവരായി, ഇന്ദ്രനെ (പോയിക്കൊള്ളുവാൻ) വിടുന്നു. (യാഗാന്തത്തിലിന്ദ്രന്നു വിട നൽകുന്നു.)

24 ഇഹത്യാസധമാദ്യാ
ഹരീഹിരണ്യകേശ്യാ
വോള്ഹാമഭിപ്രയോഹിതം

അന്വയം:–

ഇഹ ത്യാ സധ–മാദ്യാ — അസ്മിൻ യജ്ഞേതൌ സഹമാദ്യന്തൌ
ഹിരണ്യ–കേശ്യാ ഹരീ — ഹിരണ്യകേശാവശ്വൌ
ഹിതം പ്രയഃ — ഹിതകരം സോമരൂപമന്നം
അഭി വോള്ഹാം — ഇന്ദ്രം വഹതാം, പ്രാപയതാം

അൎത്ഥം–ഈ യജ്ഞത്തിലേയ്ക്കു് പ്രസിദ്ധിപൂണ്ടവയും ഒപ്പം ഹൎഷിക്കുന്നവയും സ്വൎണ്ണകുഞ്ചിരോമങ്ങളുററവയുമായ ഹരികളെന്ന കുതിരകൾ ഇന്ദ്രനെ വഹിക്കട്ടെ, എത്തിയ്ക്കട്ടേ. (ഈ ഋക്ക് 6–3–6 ൽ വ്യാഖ്യാനിച്ചിട്ടുണ്ട്).

25 തുഭ്യംസോമാസ്സുതാഇമേ
സ്തീൎണ്ണംബൎഹിൎവ്വിഭാവസോ
സ്തോതൃഭ്യഇന്ദ്രമാവഹ വ. 25

അന്വയം:–

ഹേ വിഭാ–വസോ, — വിശിഷ്ടദീപ്തവസുമന്നഗ്നേ,
തുഭ്യം ഇമേ സോമാഃ സുതാഃ — ത്വദൎത്ഥമഭിഷുതാഃ

(തഥാ) ബർഹിഃ സ്തീർണ്ണം — ആസ്തൃതം
സ്തോതൃ-ഭ്യഃ ഇന്ദ്രം
ആ വഹ — യജ്ഞം പ്രത്യസ്മഭ്യമാനയ, പ്രാപയ

അർത്ഥം—വിശിഷ്ടപ്രകാശമാകുന്ന ധനമൊത്ത അഗ്നേ, അവിടേയ്ക്കുവേണ്ടിയാണ് ഈ സോമങ്ങൾ സംസ്കരിക്കപ്പെട്ടിട്ടുള്ളത്, ദർഭ വിരിക്കപ്പെട്ടിട്ടുള്ളത്. സ്തോതാക്കളായ ഞങ്ങൾക്കുവേണ്ടി അവിടുന്ന് ഇന്ദ്രനെ ഈ യജ്ഞത്തിലേയ്ക്കാനയിച്ചാലും.

26 ആതേദക്ഷംവിരോചനാ
ദധദ്രത്നാവിദാശുഷേ
സ്തോതൃഭ്യഇന്ദ്രമർച്ചത

അന്വയം:—
(ഹേ യഷ്ടഃ) ദാശുഷേ തേ — ഹവിർദ്ദത്തവതേതുഭ്യം
(തവ) സ്തോതൃ-ഭ്യഃ — ഇന്ദ്രവിഷയസ്തോത്രകാരിഭ്യശ്ച
രോചനാ ദക്ഷം — രോചനം, ദീപ്യമാനം ബലം
ആ വി ദധൽ — ആഭിമുഖ്യേനേന്ദ്രോ വിദധാതു
(തഥാ) രത്നാ വി — രത്നാനി ച തുഭ്യം വിദധാതു കരോതു
(തസ്മാത്തം) ഇന്ദ്രം അർച്ചത — ഹവിർഭിസ്തുതിഭിശ്ച പൂജയത

അർത്ഥം—അല്ലയോ യഷ്ടാവേ, ഹവിസ്സേകുന്ന അങ്ങയ്ക്കും ഇന്ദ്രവിഷയസ്തോത്രകാരന്മാരായ അങ്ങയുടെ സ്തോതാക്കൾക്കും തിളങ്ങുന്ന ബലം ഇന്ദ്രൻ നേരെ ഉണ്ടാക്കട്ടേ. രത്നങ്ങളും (ഉൽകൃഷ്ടധനങ്ങളും) ഉണ്ടാക്കട്ടേ. അതിനാൽ ഇന്ദ്രനെ ഹവീസ്സുകളാലും സ്തോത്രങ്ങളാലും പൂജിക്കുക.

27 ആതേദധാമീന്ദ്രിയ
മുക്ഥാവിശ്വാശതക്രതോ
സ്തോതൃഭ്യഇന്ദ്രമൃളയ

അന്വയം:—

ഹേ ശത-ക്രതോ, ഇന്ദ്ര, — ബഹുകർമ്മന്നിന്ദ്ര,
തേ ഇന്ദ്രിയം — തവവീര്യവന്തം സോമം
വിശ്വാ ഉക്ഥാ — സർവ്വാണി സ്തോത്രാണി ച
ആ ദധാമി — ആസമ്പാദയാമി
സ്തോതൃ-ഭ്യഃ മൃളയ — സുഖമുല്പാദയ

അർത്ഥം—അല്ലയോ ബഹുകർമ്മാവായ ഇന്ദ്ര, അവിടേയ്ക്കു വീര്യമുററ സോമവും എല്ലാ സ്തോത്രങ്ങളുമൊരുക്കുന്നു. സ്തോതാക്കൾക്കു സുഖമുണ്ടാക്കിയാലും.

28 ഭദ്രംഭദ്രന്നആഭ
രേഷമൂർജ്ജംശതക്രതോ
യദിന്ദ്രമൃളയാസിനഃ

അന്വയം:—

ഹേ ശത-ക്രതോ, ഇന്ദ്ര, — ബഹുകർമ്മന്നിന്ദ്ര,
ഭദ്രം-ഭദ്രം നഃ ആ ഭര — കല്യാണതമം ധനമസ്മഭ്യമാഹര ദേഹി
(തഥാ) ഇഷം ഊർജ്ജം — ബലവദന്നഞ്ച ദേഹി
നഃ യൽ മൃളയാസി — അസ്മാൻ യദിസുഖയസി, തദ്ധനാദികം ദേഹി

അർത്ഥം—ബഹുകർമ്മാവായ ഇന്ദ്ര, ഏററവും മംഗളതമമായ, ഭജനീയമായ, ധർമ്മായത്തമായ ധനം ഞങ്ങൾക്കു കൊണ്ടുതന്നാലും. അതുപോലെ ബലവത്തായ അന്നം തന്നാലും. ഞങ്ങളെ സുഖിപ്പിക്കുന്നുവെങ്കിൽ ആ ധനാദികൾ തന്നരുളിയാലും.

29 സനോവിശ്വാന്യാഭര
സുവിതാനിശതക്രതോ
യദിന്ദ്രമൃളയാസിനഃ

അന്വയം:—
ഹേ ശത–ക്രതോ, ഇന്ദ്ര, — ബഹുകർമ്മന്നിന്ദ്ര,
സഃ (ത്വം) വിശ്വാനി
സുവിതാനി നഃ ആ ഭര — സർവ്വാണി മംഗളാന്യസ്മഭ്യമാഹര
നഃ യൽ മൃളയാസി — യദ്യസ്മാൻ സുഖയസി, തദ്ധനാദികം ദേഹി

അർത്ഥം—ബഹുകർമ്മാവായ ഇന്ദ്ര, ആ അവിടന്ന് എല്ലാ മംഗളങ്ങളും ഞങ്ങൾക്കണച്ചാലും. ഞങ്ങളെ സുഖിപ്പിക്കുന്നുവെങ്കിൽ ആ ധനങ്ങൾ തന്നരുളിയാലും.

30 ത്വാമിദ്വൃത്രഹന്തമ

സുതാവന്തോഹവാമഹേ

യദിന്ദ്രമൃളയാസിനഃ വ. 26

അന്വയം:—
ഹേ വൃത്രഹൻ–തമ, ഇന്ദ്ര,— അതിശയേന ശത്രൂണാം ഹന്തരിന്ദ്ര,
സുത–വന്തഃ — അഭിഷുത സോമവന്തോവയം
ത്വാം ഇൽ ഹവാമഹേ — ത്വാമേവാഹ്വയാമഃ
നഃ യൽ മൃളയാസി — യദ്യസ്മാൻ സുഖയസി, തർഹ്യാഹ്വയാമി

അർത്ഥം—ശത്രുക്കളെ ഏററവും ഹനിയ്ക്കുന്ന ഇന്ദ്ര, സംസ്കരിച്ച സോമമൊത്ത ഞങ്ങൾ അവിടത്തെ വിളിയ്ക്കുന്നു. അവിടുന്നു സുഖിപ്പിക്കുമെങ്കിൽ വിളിക്കുന്നു.

31 ഉപനോഹരിഭിസ്സുതം

യാഹിമദാനാംപതേ

ഉപനോഹരിഭിസ്സുതം

അന്വയം:–

ഹേ മദാനാം പതേ — സോമാനാം സ്വാമിന്നിന്ദ്ര,
ഹരി–ഭിഃ നഃ — അശ്വൈസ്സഹാസ്മാകം യജ്ഞേ
സുതം ഉപ യാഹി — അഭിഷുതം സോമമുപാഗച്ഛ
ഹരി–ഭിഃ നഃ സുതം ഉപ — യാഹി

അർത്ഥം–അല്ലയോ സോമപതേ, ഇന്ദ്ര, കുതിരകളോടുകൂടി ഞങ്ങളുടെ യജ്ഞത്തിൽ, സംസ്കരിച്ച സോമത്തെ പ്രാപിച്ചാലും. കുതിരകളോടുകൂടി ഞങ്ങളുടെ സംസ്കരിച്ച സോമത്തെ പ്രാപിച്ചാലും. (ആവർത്തനമാദരാർത്ഥം.)

32 ദ്വിതായോവൃത്രഹന്തമോ

വിദഇന്ദ്രശ്ശതക്രതുഃ

ഉപനോഹരിഭിസ്സുതം

അന്വയം:–

വൃത്രഹൻ–തമഃ — അതിശയേന വൃത്രസ്യഹന്താ
ശത–ക്രതുഃ യഃ ഇന്ദ്രഃ — ബഹുകർമ്മായസ്സഃ
ദ്വിതാ വിദേ — വൃത്രവധാവുഗ്രകർമ്മാ,
ദാനാദിഷു ശാന്തകർമ്മാ ഇതി
ദ്വിപ്രകാരേണ സർവ്വൈർ
ജ്ഞായതേ
(ഹേ ഇന്ദ്ര, സത്വം)
ഹരി–ഭിഃ നഃ സുതം ഉപ — യാഹി

അർത്ഥം–വൃത്രനെ ഇനി ഉയരാത്തവിധം ഹനിച്ചവനും ജഗദ്രക്ഷണകർമ്മത്തിൽ (വൃത്രവധാദിയിൽ) ഉഗ്രകർമ്മാവെന്നും (ദാനാദികളിൽ) ശാന്തകർമ്മാവെന്നും രണ്ടുപ്രകാരം ആർ അറിയപ്പെടുന്നുവോ, അല്ലയോ ഇന്ദ്ര, ആ അവിടുന്ന് ഹരികളെന്ന കുതിരകളോടുകൂടി സംസ്കരിച്ച സോമത്തെ പ്രാപിച്ചാലും.

33 ത്വംഹിവൃത്രഹന്നേഷാം

പാതാസോമാനാമസി

ഉപനോഹരിഭിസ്സുതം

അന്വയം:—

ഹേ വൃത്ര-ഹൻ — വൃത്രഹന്തരിന്ദ്ര,
ഹി. ത്വം ഏഷാം — യസ്മാൽ ത്വമസ്മദീയാനാം
സോമാനാം പാതാ അസി — പാനകർത്താസി
(അതഃ) ഹരി-ഭിഃ നഃ
സുതം ഉപ — യാഹി

അർത്ഥം—അല്ലയോ വൃത്രഹന്താവായ ഇന്ദ്ര, അവിടുന്നു ഞങ്ങളുടെ സോമങ്ങൾ കുടിക്കുന്നവനാകയാൽ ഹരികളെന്ന കുതിരകളോടുകൂടി ഞങ്ങളുടെ സംസ്കരിച്ച സോമത്തെ പ്രാപിച്ചാലും.

34 ഇന്ദ്രഇഷേദദാതുന

ഋഭുക്ഷണമൃഭുംരയിം

വാജീദദാതുവാജിനം വ. 27

അന്വയം:—

ഇന്ദ്രഃ ഋഭുക്ഷണം — യാഗാദികർമ്മകരണേന മഹാന്തം
രയിം ഋഭും — ദാതാരം ഋഭൂണാമാദ്യം
നഃ ഇഷേ ദദാതു — അസ്മഭ്യമന്നാർത്ഥം പ്രയച്ഛതു
വാജീ വാജിനം ദദാതു — ബലവാനിന്ദ്രഃ ഋഭൂണാം
കനീയാംസമസ്മാകമന്നലാഭായ
ദദാതു

അർത്ഥം—യാഗാദികർമ്മത്താൽ മഹാനും ദാതാവും ഋഭുക്കളിലൊന്നാമനുമായ ഋഭുവിനെ അന്നത്തിന്നുവേണ്ടി ഇന്ദ്രൻ ഞങ്ങൾക്കു തരട്ടേ. (ഞങ്ങളിൽ പ്രസാദിപ്പിക്കട്ടേ). ബലവാനായ ഇന്ദ്രൻ ഋഭുക്കളിലൊടുവിലത്തവനായ വാജനെ ഞങ്ങൾക്കു തരട്ടെ.

വർഗ്ഗം—28-29 ആങ്ഗിരസോബിന്ദുഃ ഋഷിഃ, മരുതോ ദേവതാ.

1 ഗൌർദ്ധയതിമരുതാം

ശ്രവസ്യുർമ്മാതാമഘോനാം

യുക്താവഹ്നീരഥാനാം

അന്വയം:—
മഘോനാം മരുതാം മാതാ
ഗൌഃ — ധനവതാം തേഷാം ജനനീ പൃശ്നിരൂപാ
(ഗൌഃ മാദ്ധ്യമികാവാക്, തത്രൈവ, മദ്ധ്യമസ്ഥാനേ മരുതാമപിവർത്തനാൽ തേഷാം തൽപുത്രത്വം)
(മരുതാം) രഥാനാം
വഹനിഃ — പൃഷതീഭിർബ്ബഡവാഭിർവ്വോഢ്രീ
ശ്രവസ്യുഃ ധയതി — അന്നം കാമയമാനാസതീ സോമം പിബതി
(സാ) യുക്താ — സർവ്വത്രസമന്താൽ പൂജ്യാ ഭവതി

അർത്ഥം—ധനവാന്മാരായ മരുത്തുക്കളുടെ മാതാവായ, പൃശ്നിരൂപം പൂണ്ട പശു (ആ പശു മാദ്ധ്യമികവാക്കാണെന്നും ആ വാക്കിൻെറയും മരുത്തുക്കളുടെയും വാസം മധ്യസ്ഥാനത്താകയാൽ ആ വാക്കിൻെറ പുത്രന്മാരെന്നും പക്ഷാന്തരം). മരുത്തുക്കളുടെ തേരുകൾ പുള്ളികളുള്ള പെൺകുതിരകളെക്കൊണ്ടു് വഹിപ്പിക്കുന്നവളായി, അന്നകാംക്ഷിണിയായി സോമം കുടിക്കുന്നു. അവിടുന്നെന്നും തികച്ചും പൂജ്യയായി ഭവിക്കുന്നു.

2 യസ്യാദേവാഉപസ്ഥേ

വ്രതാവിശ്വേധാരയന്തേ

സൂര്യാമാസാദൃശേകം

അന്വയം:—
യസ്യാഃ — മരുതാം മാതുർഗ്ഗോഃ
ഉപ—സ്ഥേ വിശ്വേ
ദേവാഃ — ഉപസ്ഥാനേ വർത്തമാനാസ്സർവ്വേ ദേവാഃ
വ്രതാ ധാരയന്തേ — സ്വസ്വകർമ്മാണി കുർവ്വന്തി
(ഇയമേവതേഷാം സ്വപയോമിശ്രിതസ്യ സോമസ്യ ദാത്രീതി സർവ്വേ തൽസമീപേ തിഷ്ഠന്തി)
(കിഞ്ച) സൂര്യാമാസാ — സ്വകലാഭിഃ തിഥീൻമാതീതി മാശ്ചന്ദ്രമാഃ, സൂര്യാചന്ദ്രമസൌ

ദൃശേ — ദർശനായ, സർവ്വലോകപ്രകാശനായ ച യസ്യാഗോസ്സമീപേ
കം — സുഖേന വർത്തമാനൌ ഭവതഃ (സേയംഗൌസ്സോമം പിബതി)

അർത്ഥം-ഏവളുടെ അടുക്കൽ വർത്തിക്കുന്ന ദേവന്മാരെല്ലാം സ്വസ്വകർമ്മങ്ങൾ ചെയ്യുന്നുവോ, (ഈ പശുവാണവർക്ക് പാൽ ചേർത്ത സോമം കൊടുക്കുന്നതെന്നതിനാൽ എല്ലാ ദേവന്മാരും ആ പശുവിന്റെ സമീപം വർത്തിക്കുന്നു.) സൂര്യചന്ദ്രന്മാർ ദർശനത്തിന്നായും ലോകപ്രകാശനത്തിന്നായും ഏവളുടെ സമീപത്തിൽ സുഖമായി വർത്തിക്കുന്നുവോ, ആ പശു, പൃശ്നി, സോമം കുടിക്കുന്നു.

3 തൽസുനോ॒വിശ്വേ॑അ॒ര്യആ
സദാ॑ഗൃണന്തികാ॒രവ॑ഃ
മ॒രുത॒സ്സോമ॑പീതയേ

അന്വയം:—
അര്യഃ നഃ — സ്തോത്രകരണാർത്ഥമിതസ്തതോ ഗന്താരഃ അസ്മദീയാഃ
വിശ്വേ കാരവഃ — സർവ്വേസ്തോതാരഃ
തൽ സദാ സു ആ ഗൃണന്തി — മരുതാം ബലം സർവ്വദാ സുഷ്ഠ്വാഭിമുഖ്യേന സ്തുവന്തി
മരുതഃ സോമ-പീതയേ — തേ അസ്മാഭിരാഹ്വാതവ്യാഃ

അർത്ഥം—സ്തോത്രംചൊല്ലാനങ്ങുമിങ്ങും പോകുന്ന ഞങ്ങളുടെ സ്തോതാക്കളെല്ലാം മരുത്തുക്കളുടെ ബലത്തെ എപ്പോഴും നന്നായി നേരെ സ്തുതിക്കുന്നു. അവർ നമ്മളാൽ സോമപാനത്തിൽ വിളിക്കപ്പെടേണ്ടവരത്രേ.

4 അസ്തി॒സോമോ॑അ॒യംസു॒തഃ
പിബ॑ന്ത്യസ്യമ॒രുത॑ഃ
ഉ॒തസ്വ॒രാജോ॑അ॒ശ്വിനാ॑

അന്വയം:—

അയം സോമഃ സുതഃ
അസ്തി — പുരോവർത്തീ സോമോമരുദർത്ഥ
മഭിഷുതോ വിദ്യതേ

സ്വ-രാജഃ മരുതഃ — സ്വയം ദീപ്യമാനാസ്തേ
അസ്യ പിബന്തി — ഏനം സോമം പിബന്തി
(ദ്വിതീയാർത്ഥേ ഷഷ്ഠീ)

ഉത അശ്വിനാ — അശ്വിനൌ ച പിബതഃ

അർത്ഥം—ഈ മുമ്പിലിരിക്കുന്ന സോമം മരുത്തുക്കൾക്കു വേണ്ടി സംസ്ക്കരിക്കപ്പെട്ടതത്രേ. സ്വയം പ്രകാശന്മാരായ മരുത്തുക്കൾ ഈ സോമം കുടിക്കുന്നു; അശ്വികളും കുടിക്കുന്നു.

5 പിബന്തീമിത്രോഅര്യമാ

തനാപൂതസ്യവരുണഃ

ത്രിഷധസ്ഥസ്യജാവതഃ

അന്വയം:—

മിത്രഃ, അര്യമാ, വരുണഃ,
തനാ പൂതസ്യ — ദശാപവിത്രേണ ശോധിതം
ത്രി-സധസ്ഥസ്യ — ദ്രോണകലശാധവനീയപൂത
ഭൃദാത്മനി ത്രീണിസ്ഥാനാനി
യസ്യ, തം
ജാ-വതഃ പിബന്തി — സ്തുത്യജനവന്തം സോമം
പിബന്തി (ദ്വിതീയാർത്ഥേ
ഷഷ്ഠീ)

അർത്ഥം—മിത്രൻ, അര്യമാവ്, വരുണൻ എന്നീ മൂന്നു ദേവന്മാർ ദശാപവിത്രത്താൽ അരിച്ചു ശുദ്ധമായതും ദ്രോണകലശം, ആധവനീയം, പൂതഭൃത്ത് എന്നീ മൂന്നു സ്ഥാനങ്ങളോടുകൂടിയതും സൽകർമ്മവാന്മാരായ സജ്ജനങ്ങളോടു ചേർന്നതുമായ സോമത്തെക്കുടിക്കുന്നു.

6 ഉതോന്വസ്യജോഷമാഁ
ഇന്ദ്രസ്സുതസ്യഗോമതഃ
പ്രാതർഹോതേവമഥ്സതി

വ. 28

അന്വയം:—

ഉതോ ഇന്ദ്രഃ സുതസ്യ — അപിചാസ്മാഭിരഭിഷുതസ്യ
ഗോ-മതഃ അസ്യ — ഗവ്യൈർമ്മിശ്രിതസ്യ സോമസ്യ
ജോഷം — പാനരൂപാം സേവാം
ഹോതാ-ഇവ പ്രാതഃ — യഥാ ഹോതാ പ്രാതസ്സവനേ ദേവാനഭിഷ്ടൗതി, തഥാ
ന ആ മഥ്സതി — ക്ഷിപ്രമാഭിമുഖ്യേന സ്തൗതി

അർത്ഥം—പിന്നെ, നമ്മളാൽ സംസ്കരിക്കപ്പെട്ടതും പശുവിൻപാൽ ചേർത്തതുമായ സോമം ഇന്ദ്രൻ കുടിച്ചു കൈക്കൊള്ളുന്നതിനെ, (ഇന്ദ്രന്റെ സ്വീകരണത്തെ) ഹോതാവ് പ്രാതസ്സവനത്തിൽ ദേവന്മാരെ സ്തുതിക്കുന്നപോലെ വേഗത്തിൽ നേരെ സ്തുതിക്കുന്നു.

7 കദത്വിഷന്തസൂരയ
സ്തിരആപഇവസ്രിധഃ
അർഷന്തിപൂതദക്ഷസഃ

അന്വയം:—

സൂരയഃ — പ്രാജ്ഞാമരുതഃ
ആപഃ—ഇവ തിരഃ — യഥോദകാനി തിര്യഗ്ഗച്ഛന്തി തദ്വത്തിരശ്ചീന ഗതയസ്സന്തഃ
കൽ അത്വിഷന്ത? — കദാ അന്തരിക്ഷേ ദീപ്യന്തേ?
സ്രിധഃ — ശത്രൂണാം ശോഷകാഃ, ഹന്താര ഇമേമരുതഃ
(കദാ) പൂത-ദക്ഷസഃ
അർഷന്തി — ശുദ്ധബലാസ്സന്തോസ്മദീയം യജ്ഞം പ്രത്യാഗച്ഛന്തി?

അർത്ഥം—പ്രാജ്ഞന്മാരായ മരുത്തുക്കൾ ജലദങ്ങൾപോലെ വിലങ്ങനെ വരുന്നവരായി എപ്പോഴാണന്തരിക്ഷത്തിൽ പ്രകാശിക്കുക? ശത്രുക്കളെ മെലിയിപ്പിക്കുന്ന, നശിപ്പിക്കുന്ന ഈ മരുത്തുക്കളെപ്പോഴാണ് ശുദ്ധബലന്മാരായി നമ്മുടെ യജ്ഞത്തെ ഉദ്ദേശിച്ച് വരുക?

8 കദ്വോഅദ്യമഹാനാ
ന്ദേവാനാമവോവൃണേ
ത്മനാചദസ്മവർച്ചസാം

അന്വയം:—

(ഹേ മരുതഃ,) മഹാനാം — മഹതാം
ത്മനാ ദസ്മ—വർച്ചസാം ച — സ്വയമേവ ദർശനീയ
തേജസ്കാനാം ച
(അത ഏവ)
ദേവാനാം വഃ — ദ്യോതമാനാനാം യുഷ്മാകം
അവഃ അദ്യ കൽ വൃണേ? — പാലനം കദാഹം ഇദാനീം
സംഭജേ?

അർത്ഥം—അല്ലയോ മരുത്തുക്കളേ, മഹാന്മാരും സ്വയം ദർശനീയതേജസ്സുറ്റവരും അതുകൊണ്ടുതന്നെ പ്രകാശമാനന്മാരുമായ നിങ്ങളുടെ രക്ഷണം ഇപ്പോഴെപ്പോഴാണ് തേടുക, പ്രാപിക്കുക?

9 ആയേവിശ്വാപാർത്ഥിവാനി
പപ്രഥന്രോചനാദിവഃ
മരുതസ്സോമപീതയേ

അന്വയം:—
യേ വിശ്വാ
പാർത്ഥിവാനി — പൃഥിവ്യാം ഭവാനി
ഭൂതജാതാനി

ദിവഃ രോചനാ — ദ്യുലോകസ്യ രോചമാനാനി
ജ്യോതീംഷി ച
ആ പപ്രഥൻ — സർവ്വത്രവിസ്താരിതാന്യകാർഷുഃ
(താദൃശാൻ) മരുതഃ
സോമ—പീതയേ — സോമപാനായാഹമാഹ്വയാമി

അത്ഥം-ഏവർ ഭൂവിലെ ഭൂതജാതങ്ങളെയും ദ്യോവിലെ പ്രകാശമുററ ജ്യോതിസ്സുകളെയും എങ്ങും പരത്തിയോ, ആ മരുത്തുക്കളെ സോമപാനത്തിന്നായി ഞാൻ വിളിക്കുന്നു.

10 ത്യാന്നുപൂ॒തദ॑ക്ഷസോ

ദി॒വോവോ॑മരുതോഹുവേ

അ॒സ്യസോമ॑സ്യപീ॒തയേ॑

അന്വയം:—
ഹേ മരുതഃ,
പൂത—ദക്ഷസഃ — പരിശുദ്ധബലാൻ
ദിവഃ ത്യാൻ വഃ — ദ്യുലോകസ്ഥിതാൻ താൻ,
പ്രസിദ്ധാൻ യുഷ്മാൻ
അസ്യ സോമസ്യ
പീതയേ — പാനായ
ന ഹുവേ — അദ്യാഹ്വയാമി

അത്ഥം-അല്ലയോ മരുത്തുക്കളേ, ശുദ്ധബലന്മാരും ദ്യുലോകസ്ഥിതന്മാരുമായ ആ നിങ്ങളെ ഈ സോമത്തിന്റെ പാനത്തിന്നായി ഇപ്പോഴും ഞാൻ വിളിക്കുന്നു.

11 ത്യാന്നുയേവിരോദ॑സീ

ത॒സ്തഭുർമ്മ॒രുതോ॑ഹുവേ

അ॒സ്യസോമ॑സ്യപീ॒തയേ॑

അന്വയം:–
യേ മരുതഃ രോദസീ — ദ്യാവാപൃഥിവ്യൗ
വി തസ്തഭുഃ — സ്വബലേനൈവാത്യർത്ഥം
സ്തബ്ധേ ചക്രുഃ

ത്യാൻ അസ്യ സോമസ്യ
പീതയേ — താൻ സോമസ്യപാനായ
നു ഹുവേ — അദ്യാഹമാഹ്വയാമി

അർത്ഥം–മരുത്തുക്കളേവർ ദ്യാവാപൃഥിവികളെ സ്തംഭിപ്പിച്ചുനിർത്തിയോ, അവരെ ഈ സോമത്തിൻെറ പാനത്തിന്നായി ഇപ്പോൾ ഞാൻ വിളിക്കുന്നു.

12 ത്യന്നമാരുതങ്ഗണ
ങ്ഗിരിഷ്ഠാംവൃഷണംഹുവേ
അസ്യസോമസ്യപീതയേ വ. 29

അന്വയം:–
ത്യം ഗിരി–സ്ഥാം — തംഗിരിഷു, മേഘേഷു തിഷ്ഠന്തം
വൃഷണം മാരുതം ഗണം — വർഷകം മരുതാംസംഘം
അസ്യ സോമസ്യ പീതയേ
നു ഹുവേ — അദ്യാഹമാഹ്വയാമി

അർത്ഥം–പ്രസിദ്ധവും മേഘങ്ങളിലിരിക്കുന്നതും വർഷിയ്ക്കുന്നതുമായ മരുത്തുക്കളുടെ സംഘത്തെ ഈ സോമത്തിൻെറ പാനത്തിന്നായി ഇപ്പോൾ ഞാൻ വിളിക്കുന്നു.

വർഗ്ഗം 30_31 ആങ്ഗിരസഃ തിരശ്ചീഃ ഋഷിഃ, അനുഷ്ടുപ് ഛന്ദഃ, ഇന്ദ്രോദേവതാ.

1 ആത്വാഗിരോരഥീരി
വാസ്ഥുസ്സുതേഷുഗിർവ്വണഃ
അഭിത്വാസമനൂഷ
തേന്ദ്രവത്സന്നമാതരഃ

അന്വയം:—

ഹേ ഗിർവ്വണഃ, ഇന്ദ്ര, — ഗീർഭിർവ്വനനീയേന്ദ്ര,
സുതേഷു ഗിരഃ — സോമേഷ്വഭിഷുതേഷു സത്സ്വസ്മാകം സ്തുതിവാചഃ
രഥീഃ—ഇവ — യഥാ രഥവാൻ രഥേനപ്രാപ്യം ദേശം ക്ഷിപ്രം ഗച്ഛതി, തഥാ
ത്വാ ആ അസ്ഥുഃ — ത്വാമാഭിമുഖ്യേന ഗച്ഛന്തി
(കിഞ്ച) വഥ്സം ന മാതരഃ — യഥാ മാതരോഗാവോ വത്സമഭിലക്ഷ്യ ഹംഭാരവാദി ശബ്ദം കുർവ്വന്തി, തദ്വൽ
ത്വാ അഭി സം അനൂഷത — ത്വാമഭിലക്ഷ്യ സമ്യക് ശബ്ദയന്തേ, സ്തുവന്തി

അർത്ഥം—സ്തുതികളാൽ പ്രാപ്യനായ ഇന്ദ്ര, സോമങ്ങൾ സംസ്കരിക്കപ്പെടവേ, ഞങ്ങളുടെ സ്തുതിവചനങ്ങൾ, തേരാളി തേരിനാൽ എത്തേണ്ടിടത്തു വേഗമെത്തുന്നപോലെ, അവിടുത്തെ നേരെ വന്നെത്തുന്നു. തള്ളപ്പശുക്കൾ കുട്ടിയെ നേരിൽ കണ്ടു് ഇമ്പാരവം മുഴക്കുന്നപോലെ, അവിടുത്തെ നേരെ വേണ്ടപോലെ സ്തുതികൾ ശബ്ദമുതിക്കുന്നു.

2 ആത്വാശുക്രാഅചുച്യവു

സുതാസഇന്ദ്രഗിർവ്വണഃ

പിബാത്വസ്യാന്ധസ

ഇന്ദ്രവിശ്വാസുതേഹിതം

അന്വയം:—

ഹേ ഗിർവ്വണഃ, ഇന്ദ്ര, — ഗീർഭിർവ്വനനീയേന്ദ്ര,
ശുക്രാഃ സുതാസഃ — ദീപ്യമാനാ അഭിഷുതാസ്സോമാഃ
ത്വാ ആ അചുച്യവുഃ — ത്വാമാഗച്ഛന്തു
(തതസ്ത്വമസ്മാഭിർദ്ദീയമാനസ്യ) അസ്യ അന്ധസഃ — സോമസ്യ ഭവദീയം ഭാഗം

— ക്ഷിപ്രം പിബ
തൂ പിബ
ഹേ ഇന്ദ്ര, വിശ്വാസു
തേ ഹിതം — സർവ്വാസു ദിക്ഷു ത്വദർത്ഥം
സോമപുരോഡാശാദി
ഹവിർന്നിഹിതം

അർത്ഥം—സ്തുതികളാൽ പ്രാപ്യനായ ഇന്ദ്ര, ശോഭമാനങ്ങളും സംസ്കരിക്കപ്പെട്ടവയുമായ സോമങ്ങൾ അവിടുത്തെ പ്രാപിക്കട്ടെ. പിന്നെ, ഞങ്ങളാൽ നൽകപ്പെടുന്ന ഈ സോമത്തിൽ അവിടുത്തെ ഭാഗം വേഗം കുടിച്ചാലും. അല്ലയോ ഇന്ദ്ര, എല്ലാടങ്ങളിലും അവിടേക്കുവേണ്ടി സോമപുരോഡാശാദി ഹവിസ്സ് വയ്ക്കപ്പെട്ടിരിക്കുന്നു.

3 പിബാസോമംമദായക
മിന്ദ്രശ്യേനാഭൃതംസുതം
ത്വംഹിശശ്വതീനാം
പതീരാജാവിശാമസി

അന്വയം:—
ഹേ ഇന്ദ്ര,
ശ്യേന—ആഭൃതം — ദ്യുലോകാച്ഛ്യേനരൂപയാ
ഗായത്ര്യാഹൃതം
സുതം സോമം മദായ
കം പിബ — അഭിഷുതം സോമം ഹർഷായ
സുഖേന പിബ
ഹി ത്വം ശശ്വതീനാം
വിശാം — ബഹൂനാം മരുൽഗണാനാം ദേവ
ഗണാനാഞ്ച
പതിഃ അസി — സ്വാമീഭവസി
(തഥാ) രാജാ — സ്വതേജസാ ദീപ്യമാനശ്ചാസി

അർത്ഥം—അല്ലയോ ഇന്ദ്ര, ദ്യോവിൽനിന്ന് പരുന്തിന്റെ രൂപംപൂണ്ട ഗായത്രിയാൽ കൊണ്ടുവരപ്പെട്ടതും സംസ്കരിക്കപ്പെട്ടതുമായ സോമം ഹർഷത്തിനുവേണ്ടി സുഖമായിക്കുടി

ച്ചാലും. അവിടുന്ന് വളരെ മരുൽഗണങ്ങളുടെയും ദേവഗണങ്ങളുടെയും സ്വാമിയാണല്ലോ; സ്വതേജസ്സാൽ രാജിക്കുന്നവനുമാണ്.

4 ശ്രുധീഹവന്തിരശ്ച്യാ
ഇന്ദ്രയസ്ത്വാസപര്യതി
സുവീര്യസ്യഗോമതോ
രായസ്പൂർധിമഹാँഅസി

അന്വയം:–

ഹേ ഇന്ദ്ര, യഃ ത്വാ

| | |
|---|---|
| സപര്യതി | --- ഹവിർഭിഃ പരിചരതി |
| (താദൃശസ്യ) തിരശ്ച്യാഃ | --- ഏതന്നാമകസ്യർഷേർമ്മമ |
| ഹവം ശ്രുധി | --- ആഹ്വാനം ശൃണു |
| (ശ്രുത്വാ ച) | |
| സു–വീര്യസ്യ, ഗോ–മതഃ | — സുപുത്രവതഃ, പശുമതഃ |
| രായഃ പൂർധി | ... ധനസ്യ ദാനേനാസ്മാൻ പൂരയ |
| (ത്വം) മഹാൻ അസി | ... ഗുണേനാധികോ ഭവസി |

അർത്ഥം--അല്ലയോ ഇന്ദ്ര, ഏവനവിടുത്തെ ഹവിസ്സുകളാൽ പരിചരിക്കുന്നുവോ, ആ തിരശ്ചീ എന്ന ഋഷിയായ എന്റെ വിളി കേട്ടാലും. കേട്ടിട്ട് സൽപുത്രന്മാരൊത്തതും പശുക്കളോടുകൂടിയതുമായ ധനത്തിന്റെ ദാനത്താൽ ഞങ്ങളെ (എന്നെ) മൂടിയാലും. അവിടുന്ന് ഗുണംകൊണ്ടു മഹാനാകുന്നു.

5 ഇന്ദ്രയസ്തേനവീയസീ
ങ്ഗിരംമന്ദ്രാമജീജനൽ
ചികിത്വിന്മനസന്ധിയം
പ്രത്നാമൃതസ്യപിപ്യുഷീം വ. 30

അന്വയം:—

ഹേ ഇന്ദ്ര, യഃ
നവീയസീം — പുനഃപുനഃ ക്രിയമാണതയാ നവതരാം
മന്ദ്രാം ഗിരം — മദകരീം സ്തുതിവാചം
തേ അജീജനൽ — ത്വദർത്ഥമുദപീപദൽ, അകാർഷീൽ
(തസ്മൈസ്തോത്രേ ത്വം)
പ്രത്നാം — പുരാതനീം
ഋതസ്യ പിപ്യുഷീം — ഋതേന, സത്യേന പ്രവൃദ്ധാം
ചികിത്വിൽ_മനസം — സർവ്വേഷാം മനഃ പ്രജ്ഞാപയതീതി താദൃശാം, അതീന്ദ്രിയാർത്ഥദർശകാം
ധിയം — ബുദ്ധിം കുരു (തസ്മൈ സ്തോത്രേ കുരു)

അർത്ഥം-അല്ലയോ ഇന്ദ്ര, വീണ്ടുംവീണ്ടും പുതുതായുണ്ടാക്കുന്നതിനാൽ എപ്പോഴും പുതുപുതുത്തും ഹർഷമിയററുന്നതുമായ സ്തുതിവചനം അവിടുത്തെ ഉദ്ദേശിച്ചാണ് രചിക്കപ്പെട്ടിട്ടുള്ളത്. ആ സ്തോതാവിന്നു് പുരാതനവും സത്യത്താൽ വർദ്ധിച്ചതും എല്ലാവരുടെയും മനസ്സിനെ ഉണർത്തി, അതീന്ദ്രിയാർത്ഥം ദർശിപ്പിക്കുന്നതുമായ ബുദ്ധി ഉണ്ടാക്കിയാലും.

6 തമുഷ്ടവാമയങ്ഗിര
ഇന്ദ്രമുക്ഥാനിവാവൃധുഃ
പുരൂണ്യസ്യപൌംസ്യാ
സിഷാസന്തോവനാമഹേ

അന്വയം:—

(ഋഷയഃ പരസ്പരമാഹുഃ)
(ഏകഃ) യം ഇന്ദ്രം ഗിരഃ,
ഉക്ഥാനി — സ്തുതയശ്ശസ്ത്രാണി ച
വവൃധുഃ, തം ഉ സ്തവാമ — പ്രാവർദ്ധയൻ, തമേവേന്ദ്രം സ്തുമഃ

(അപരഃ) അസ്യ
പുരൂണി പൌംസ്യാ — ഇന്ദ്രസ്യ ബഹൂനി വീര്യാണി
സിസാസന്തഃ വനാമഹേ — സംഭക്തുമിച്ഛന്തസ്സന്തസ്തുതിഭി
സ്സംഭജാമഹേ

അർത്ഥം—(ഋഷികൾ തമ്മിൽ പറയുന്നു, ഏകൻ) യാതൊരിന്ദ്രനെ സ്തുതികളും ശസ്ത്രങ്ങളും വളർത്തുന്നുവോ, ആ ഇന്ദ്രനെത്തന്നെ സ്തുതിക്കുന്നു. (അന്യൻ) ആ ഇന്ദ്രന്റെ പല വീര്യങ്ങളെ പ്രാപിക്കാൻ ഇച്ഛിക്കുന്നവരായി സ്തുതികളാൽ ഭജിക്കുന്നു.

7 ഏതോന്വിന്ദ്രംസ്തവാമ

ശുദ്ധംശുദ്ധേനസാമ്നാ

ശുദ്ധൈരുക്ഥൈർവ്വാവൃധ്വാംസം

ശുദ്ധആശീർവ്വാന്മമത്തു

അന്വയം:—
(ഹേ സഖായഃ) നു ഏതോ — അദ്യ ആഗച്ഛതൈവ
(ആഗത്യ ച) ശുദ്ധേന
സാമ്നാ — ശുദ്ധ്യുൽപാദകേന സാമ്നാ
ശുദ്ധൈഃ ഉക്ഥൈഃ — ശുദ്ധിഹേതുഭിശ്ശസ്ത്രൈശ്ച
ഇന്ദ്രം ശുദ്ധം സ്തവാമ — അപാപിനം കൃത്വാ സ്തുയാമ
(സാമശസ്ത്രൈഃ)
വവൃധ്വാംസം — പാപരാഹിത്യേന വർദ്ധമാനം
തമിന്ദ്രം
ശുദ്ധഃ ആശീഃ-വാൻ
മമത്തു — ദശാപവിത്രേണ ഗവ്യാദിഭി
രാശ്രയണവാൻ സോമഃ മാദയതു

(ഇവിടെ ഒരു പുരാണകഥയെ സൂചിപ്പിക്കുന്നു: ഇന്ദ്രൻ വൃത്രാദികളെക്കൊന്നതിൽ ബ്രഹ്മഹത്യാദോഷത്താൽ താനശുദ്ധനാണെന്നു തോന്നി മഹർഷിമാരോട്, ‘‘അശുദ്ധനായ എന്നെ സാമംകൊണ്ടു ശുദ്ധനാക്കിയാലും’’ എന്നർത്ഥിച്ചു.

ശുദ്ധ്യുല്പാദകങ്ങളായ സാമശസ്ത്രങ്ങളാലവർ ഇന്ദ്രനെ ശുദ്ധനാക്കി. മഹർഷിമാർ പരസ്പരം പറയുകയാണ്.)

അർത്ഥം—ചങ്ങാതിമാരേ, ഉടനെ വരുകതന്നെ ചെയ്യാലും. വന്ന്, ശുദ്ധ്യുൽപാദകമായ സാമത്താലും ശുദ്ധിഹേതുക്കളായ ശസ്ത്രങ്ങളാലും ഇന്ദ്രനെ അപാപനാക്കിച്ചെയ്ത്, നമുക്ക സ്തുതിക്കുക. സാമശസ്ത്രങ്ങളാൽ അപാപനായി ഉൽക്കർഷം പ്രാപിച്ച ഇന്ദ്രനെ, ദശാപവിത്രംകൊണ്ട് അരിച്ച് പാൽ മുതലായവ ചേർന്ന സോമം ഹർഷിപ്പിയ്ക്കട്ടേ.

8 ഇന്ദ്രശുദ്ധോനആഗഹി

ശുദ്ധശ്ശുദ്ധാഭിരൂതിഭിഃ

ശുദ്ധോരയിന്നിധാരയ

ശുദ്ധോമമദ്ധിസോമ്യഃ

അന്വയം:—

| | | |
|---|---|---|
| ഹേ ഇന്ദ്ര, ശുദ്ധഃ | — | അസ്മദീയൈസ്സാമശസ്ത്രൈഃ പരിശുദ്ധസ്ത്വം |
| നഃ ശുദ്ധാഭിഃ ഊതി–ഭിഃ | — | സാമഭിഃ പരിപൂതൈർമ്മരുത്ഭിസ്സഹ |
| ശുദ്ധഃ ആ ഗഹി | — | പാപരഹിത ആഗച്ഛ |
| (ആഗത്യ ച) ശുദ്ധഃ<br>രയിം നി ധാരയ | — | അസ്മാസു ത്വം ധനം നിതരാം സ്ഥാപയ |
| (കിഞ്ച) ശുദ്ധഃ, സോമ്യഃ<br>മമദ്ധി | — | അപാപഃ, സോമാർഹസ്ത്വം സോമേന മാദ്യ |

അർത്ഥം—അല്പയോ ഇന്ദ്ര, ഞങ്ങളുടെ സാമശസ്ത്രങ്ങളാൽ പരിശുദ്ധനായ അവിടുന്ന് അതേ മന്ത്രങ്ങളാൽ പരിശുദ്ധരായ മരുത്തുക്കളോടുകൂടി പാപരഹിതനായി ഞങ്ങളുടെ അടുക്കൽ ആഗമിച്ചാലും. വന്നിട്ട് ശുദ്ധനായ അവിടുന്ന് ഞങ്ങളിൽ ധനം നിറച്ചും നിക്ഷേപിച്ചാലും. ശുദ്ധനായി സോമാർഹനായ

അവിടന്നു് സോമത്താൽ ഹർഷിച്ചാലും. (സാമശസ്ത്രങ്ങളാൽ മരുത്തുക്കളും പരിശുദ്ധരാക്കപ്പെട്ടു എന്നു പറഞ്ഞതു് വൃത്രവധത്തിൽ ഇന്ദ്രനെ പ്രേരിപ്പിച്ചും പ്രോത്സാഹിപ്പിച്ചുംവന്ന അവരുടെ പാപത്തിന്റെ പങ്കം തീർത്തുകൊണ്ടാണു്.)

9 ഇന്ദ്രശുദ്ധോഹിനോരയിം
ശുദ്ധോരത്നാനിദാശുഷേ
ശുദ്ധോവൃത്രാണിജിഘ്നസേ
ശുദ്ധോവാജംസിഷാസസി വ. 31

അന്വയം:—

ഹേ ഇന്ദ്ര, ശുദ്ധഃ ഹി രയിം നഃ — അപാപ ഏവ ത്വം ധനമസ്മഭ്യം പ്രയച്ഛ

(തഥാ) ശുദ്ധഃ ദാശുഷേ രത്നാനി — പരിപൂതസ്ത്വം ഹവിർദ്ദത്തവതേ യജമാനായ രമണീയാദീനി ധനാനി ദേഹി

ശുദ്ധഃ വൃത്രാണി ജിഘ്നസേ — പാപരഹിതസ്ത്വം ശത്രൂൻ പാപാനീവഹംസി

ശുദ്ധഃ വാജം സിസാസസി — ത്വമസ്മഭ്യമന്നം പ്രദാതുമിച്ഛസി

അർത്ഥം.—അല്ലയോ ഇന്ദ്ര, തികച്ചും ശുദ്ധനായ അവിടന്നു ഞങ്ങൾക്കു ധനം തന്നരുളിയാലും. പാപമററ അവിടന്നു് ഹവിർദ്ദാതാവായ യജമാനന്നു് രത്നാദിധനം തന്നരുളിയാലും. പാപരഹിതനായ അവിടന്നാണു് ഞങ്ങളുടെ ശത്രുക്കളെ, (പാപങ്ങളെ) നശിപ്പിക്കുന്നതു്. ശുദ്ധിയേന്തിയ അവിടന്നു് ഞങ്ങൾക്കു് അന്നം നൽകാനിച്ഛപ്പെടുന്നു, കനിയുന്നു.

വൎഗ്ഗം–32–33–34–35 ത്രിഷ്ടുബ്വിരാട്പുരസ്താജ്ജ്യോതയശ്ഛന്ദാംസി, ഇന്ദ്രഃ, ഇന്ദ്രാമരുതഃ, ഇന്ദ്രാബൃഹസ്പതീ ച ദേവതാ.

1 അസ്മാഉഷാസആതിരന്തയാമ
മിന്ദ്രായനക്തമൂൎമ്മ്യാസ്സുവാചഃ
അസ്മാആപോമാതരസ്സപ്തതസ്ഥു
ൎന്നൃഭ്യസ്തരായസിന്ധവസ്സുപാരാഃ

അന്വയം:—

| | |
|---|---|
| (ഇന്ദ്രസാമൎത്ഥ്യാൽഭീതാഃ) | |
| ഉഷസഃ | — ഉഷഃ കാലാഃ |
| അസ്മൈ ഇന്ദ്രായ യാമം | |
| ആ അതിരന്ത | — സ്വസ്വഗമനം യഥാ പൂൎവ്വമുദ്യന്തി, തഥോൽഗതാ അഭവൻ |
| ഊൎമ്മ്യാഃ | — രാത്രൌഹി സൎവ്വേസ്വനീവാസം ഗച്ഛന്തി |
| നക്തം സു-വാചഃ | — അപരരാത്രികാലേ, രാത്രേരന്ത്യയാമേ ശോഭനവാചോ ഭവന്തി; തസ്മിൻകാലേഹി സൎവ്വേവേദാധ്യയനാദീനി കുൎവ്വന്തി |
| (തഥാ) ആപഃ മാതരഃ | — സൎവ്വതോവ്യാപ്താഃ ജഗതാം നിൎമ്മാത്ര്യഃ |
| സപ്ത സിന്ധവഃ | — സ്യന്ദമാനാഗങ്ഗാദ്യാനദ്യഃ |
| അസ്മൈ നൃ–ഭ്യഃ തരായ | — മനുഷ്യാണാം സുഖേന താരണാൎത്ഥം |
| സു–പാരാഃ തസ്ഥുഃ | — സുഖേന തൎത്തും യോഗ്യാഃ ശോഭനപാരാ അഭവൻ |

അൎത്ഥം.—ഇന്ദ്രന്റെ ഊക്കിൽ പേടിപൂണ്ട ഉഷസ്സുകൾ ആ ഇന്ദ്രനുവേണ്ടി യാമം ആദ്യം വന്നടിക്കുന്നതു്. അതുപോലെ

രാത്രിയിലെല്ലാവരും സ്വസ്വനിവാസങ്ങളണയുന്നതും രാവിന്റെ അന്ത്യയാമത്തിൽ (ബ്രാഹ്മമുഹൂർത്തത്തിൽ) ശോഭനസ്തുതികൾ ചൊല്ലുന്നതും വേദാധ്യയനാദികൾ ചെയ്യുന്നതും ഇന്ദ്രനു വേണ്ടിയാണ്. പിന്നെ, എങ്ങും വ്യാപിച്ച്, ജഗത്തു നിർമ്മിക്കുന്ന ഗങ്ഗാദികളായ ഏഴു നദികൾ മനുഷ്യർക്കു സുഖമായി കടക്കാവുന്നവിധം നല്ല കരയോടുകൂടി ഭവിക്കുന്നതുമിന്ദ്രനു വേണ്ടിയാണ്.

2 അതിവിദ്ധാവിഥുരേണാചിദസ്ത്രാ
ത്രിസ്സപ്തസാനുസംഹിതാഗിരീണാം
നതദ്ദേവോനമർത്ത്യസ്തുതുര്യാ
ദ്യാനിപ്രവൃദ്ധോവൃഷഭശ്ചകാര

അന്വയം:–

| | |
|---|---|
| വിഥുരേണ ചിൽ അസ്ത്രാ | — വിധുരേണ, അസഹായേനാപ്യസ്ത്രേണ, വജ്രേണ |
| ത്രിഃ സപ്ത സം–ഹിതാ | — ഏകവിംശതി സംഖ്യാനി സംഹിതാനി, ഏകത്രസന്ധീഭൂതാനി |
| ഗിരീണാം സാനു അതി–വിദ്ധാ | — പർവ്വതാനാം സാനൂന്യതിവിദ്ധാനി, അതീത്യ താഡിതാനി |

(തേനവിദ്ധോ വജ്രസ്താനിഭിത്വാഗമൽ.)

| | |
|---|---|
| (തസ്യേന്ദ്രസ്യ) തൽ | — സാനുഭേദനകർമ്മ |
| ദേവഃ, മർത്ത്യഃ | — ഇന്ദ്രാദ്വ്യതിരിക്തോ ദേവോ മനുഷ്യോവാ |
| ന തുതുര്യാൽ | — ന തരേൽ, കർത്തും ന ശക്നോതി |
| പ്ര–വൃദ്ധഃ, വൃഷഭഃ | — സോമപാനേന പ്രവൃദ്ധഃ, കാമാനാം വർഷിതേന്ദ്രഃ |
| യാനി ചകാര, ന | — കൃതവാൻ, താനി ദേവോ മനുഷ്യോവാകർത്തുംന ശക്നോതി |

അർത്ഥം—ഒററയ്ക്കു്, അസഹായനായി വജ്രംകൊണ്ടു്, ഒന്നിച്ചുകൂടിച്ചേർന്ന ഇരുപത്തൊന്നു മലമുകൾഭാഗങ്ങൾ ഇന്ദ്രനാൽ പിളർക്കപ്പെട്ടു. (അവിടുന്നുവിട്ട വജ്രം അവയെ പിളർന്നുകൊണ്ടു്പോയി.) മലമുകൾഭാഗം പിളർക്കുന്ന ഇന്ദ്രന്റെ കർമ്മം ഇന്ദ്രനല്ലാത്ത ഒരു ദേവനോ, മനുഷ്യനോ ചെയ്‌വാൻ ശക്തനല്ല. സോമപാനത്താൽ പ്രവൃദ്ധനും കാമവർഷകനുമായ ഇന്ദ്രൻ ഏതേതു ചെയ്യുവോ, അതു് മററുദേവനോ, മനുഷ്യനോ ചെയ്‌വാൻ ശക്തനല്ല.

3 ഇന്ദ്രസ്യവജ്ര ആയസോനിമിശ്ല

ഇന്ദ്രസ്യബാഹ്വോർഭൂയിഷ്ഠമോജഃ

ശീർഷന്നിന്ദ്രസ്യക്രതവോനിരേക

ആസന്നേഷന്തശ്രുത്യാഉപാകേ

അന്വയം:—

| | |
|---|---|
| ഇന്ദ്രസ്യ വജ്രഃ ആയസഃ (സവജ്രഃ ഇന്ദ്രസ്യ ഹസ്തേ) | — അയസാനിർമ്മിതഃ, അയോമയഃ |
| നി-മിശ്ലഃ | — അത്യന്തം സമ്മിശ്രഃ, സംബദ്ധഃ കൃതഃ |
| (അത ഏവ) ഇന്ദ്രസ്യ ബാഹ്വോഃ | — ഭുജയോഃ |
| ഭൂയിഷ്ഠം ഓജഃ | — ബഹുതമം വീര്യമസ്തി |
| (തഥാ) നിരേകേ | — നിർഗ്ഗമനേ, യദാ യുദ്ധാർത്ഥം നിർഗ്ഗച്ഛതി തദാ |
| ഇന്ദ്രസ്യ ശീർഷൻ ക്രതവഃ | — ശിരസി, ശിരസ്ത്രാണനിധാനാദീനി കർമ്മാണി ഭവന്തി. |
| (തഥാ) ആസൻ | — ആസ്യേച യാനി കർമ്മാണി യുദ്ധാർത്ഥം സന്നാഹാദീനി ഭവന്തി |
| (കിഞ്ച) ശ്രുത്യൈ | — സങ്ഗ്രാമായാനുശാസത ഇന്ദ്രസ്യ വാക്യശ്രവണാർത്ഥം സർവ്വേ ഉപജീവിനോഭൃത്യാഃ |
| ഉപാകേ ആ ഈഷന്ത | — അന്തികേ സമന്താദാഗച്ഛന്തി |

**അർത്ഥം**—ഇന്ദ്രന്റെ വജ്രായുധം ഇരുമ്പുകൊണ്ടുണ്ടാക്കിയതാണ്, മുഴവൻ ഉരുമ്പാണ്. ആ വജ്രം ഇന്ദ്രന്റെ സ്വന്തം കയ്യിനോട് (വിട്ടുപിരിയാതെ) കൂടിച്ചേർന്നിരിക്കുന്നു. അതിനാലാണിന്ദ്രന്റെ കൈകൾക്ക് ഏറ്റവും വീര്യമുള്ളത്. പിന്നെ, യുദ്ധത്തിന്നു പുറപ്പെടുമ്പോൾ ഇന്ദ്രന്ന് തലപ്പാവു ധരിക്കൽ മുതലായവ (ചമയങ്ങൾ) ഭവിക്കുന്നു. അതുപോലെ മുഖത്തിൽ, വായിൽ യുദ്ധസന്നാഹങ്ങളേവയെന്നതിനെക്കുറിച്ചു ആജ്ഞകൾ സ്ഥിതിചെയ്യുന്നു. യുദ്ധത്തിന്റെ ശാസിതാവായ ഇന്ദ്രന്റെ വാക്യം കേൾപ്പാൻ എല്ലാ ഉപജീവികളായ ഭൃത്യന്മാരും അടുക്കലെത്തുന്നു, കാതുകൂർപ്പിച്ചു നില്ക്കുന്നു.

4 മന്യേത്വായജ്ഞിയംയജ്ഞിയാനാം
മന്യേത്വാച്യവനമച്യുതാനാം
മന്യേത്വാസത്വനാമിന്ദ്രകേതും
മന്യേത്വാവൃഷഭഞ്ചർഷണീനാം

അന്വയം:—

ഹേ ഇന്ദ്ര, ത്വാ
യജ്ഞിയാനാം
യജ്ഞിയം മന്യേ — യജ്ഞാർഹാണാം ദേവാനാമപി പുരസ്താദേവ യജ്ഞാർഹമവബുധ്യേ

(തഥാ) ത്വാ
അച്യുതാനാം ച്യവനം
മന്യേ — ച്യുതിരഹിതാനാമപിച്യാവയിതാരമിതി ജാനാമി

(കിഞ്ച) ത്വാ സത്വനാം
കേതും മന്യേ — ത്വാം സ്തുതിഭിസ്സംഭക്തൄണാം, യഷ്ടൄണാം പ്രജ്ഞാപകമിതിമന്യേ

(തഥാ) ത്വാ ചർഷണീനാം വൃഷഭം മന്യേ — മനുഷ്യാണാമഭിമതവർഷക മിതിമന്യേ

അർത്ഥം:—അല്ലയോ ഇന്ദ്ര, അവിടുത്തെ യജ്ഞാർഹന്മാരായ ദേവന്മാർക്കു മുമ്പിൽ യജ്ഞാർഹനായി ഞാനറിയുന്നു. അതുപോലെ വീഴാത്തവരെ വീഴ്ത്തുന്നവനായി അവിടുത്തെ ഞാനറിയുന്നു. സ്തുതികളാൽ പ്രാപിക്കുന്നവർക്കു്, അവരെ വിളിച്ചറിയിക്കുന്ന കൊടിയായി അവിടുത്തെ ഞാനറിയുന്നു. പിന്നെ മനുഷ്യർക്കു് അഭീഷ്ടവർഷകനായി അവിടുത്തെ അറിയുന്നു.

5 ആയദ്വജ്രംബാഹ്വോരിന്ദ്രധത്സേ

മദച്യുതമഹയേഹന്തവാഉ

പ്രപർവ്വതാഅനവന്തപ്രഗാവഃ

പ്രബ്രഹ്മാണോഅഭിനക്ഷന്തഇന്ദ്രം വ. 32

അന്വയം:—

ഹേ ഇന്ദ്ര, ബാഹ്വോഃ

മദ-ച്യുതം വജ്രം — ശത്രൂണാം മദസ്യ ച്യാവയിതാരമായുധം

അഹയേ ഹന്തവൈ ഉ

യൽ ആ ധത്സേ — മേഘം ഹന്തുമേവ യദാദധാസി

(കിഞ്ച യദാ) പർവ്വതാഃ

പ്ര അനവന്ത — മേഘാഃ പ്രകർഷേണാശബ്ദയൻ

(യദാ വാ) ഗാവഃ — തൽസ്ഥാന്യുദകാനി ച ധ്വനിമകുർവ്വൻ

(തദാനീം) പ്ര അഭി-നക്ഷന്തഃ — അഭിത ഇന്ദ്രം സ്തുതിഭിർവ്യാപ്നുന്തഃ

ബ്രഹ്മാണഃ ഇന്ദ്രം

(ത്വാം) പ്ര — ബ്രാഹ്മണാഃ പ്രകർഷേണ പര്യചരൻ

**അർത്ഥം**—അല്ലയോ ഇന്ദ്ര, കൈകളിൽ ശത്രുമദം ശമിപ്പിക്കുന്ന വജ്രായുധം മേഘം പിളക്കാനായിത്തന്നെ അവിടുന്നേന്തുകയും മേഘങ്ങൾ ഉറക്കെ ശബ്ദിക്കുകയും ചെയ്തപ്പോൾ (മഴ പെയ്ത സന്തോഷത്താൽ) പ്രകൃഷ്ടസ്തുതികളോടുകൂടി അണഞ്ഞ ബ്രാഹ്മണർ ഇന്ദ്രനായ അവിടുത്തെ നല്ലപോലെ പരിചരിച്ചു, കൊണ്ടാടി.

6 തമുഷ്ടവാമയഇമാജജാന
വിശ്വാജാതാന്യവരാണ്യസ്മാൽ
ഇന്ദ്രേണമിത്രന്ദിധിഷേമഗീർഭി
രുപോനമോഭിർവൃഷഭംവിശേമ

**അന്വയം:—**

യഃ ഇമാ ജാതാനി ജജാന — ഇമാനി ഭൂതജാതാനി ജനയാമാസ
തം ഉ സ്തവാമ — തമേവ ഇന്ദ്രം സ്തോത്രം കരവാമ
അസ്മാൽ വിശ്വാ
അവരാണി — അവരകാലീനാനി, പശ്ചാൽ ഭവാനി ഭവന്തി
(തേന) ഇന്ദ്രേണ ഗീഃ_ഭിഃ
മിത്രം ദിധിഷേമ — വയം സ്തുതിഭിർമ്മൈത്രീം ധാരയേമ
(തതഃ) നമഃ—ഭിഃ — ക്രിയമാണൈർന്നമസ്കാരൈഃ
വൃഷഭം ഉപോ വിശേമ — അസ്മദഭിമുഖമേവ കുര്യാമ

**അർത്ഥം**—ആർ ഇക്കണ്ട ഭൂതജാതങ്ങളെ ഉണ്ടാക്കിയോ, ആ ഇന്ദ്രനെത്തന്നെ സ്തുതിക്കുന്നു. അവിടുന്നിൽനിന്നാണ് ശേഷമുണ്ടായ എല്ലാ ഭൂതജാതങ്ങളുമുൽഭവിക്കുന്നതു്. ആ ഇന്ദ്രനോടു് സ്തോത്രങ്ങളെക്കൊണ്ടു്, മൈത്രിയെ ഞങ്ങൾ നേടാവൂ. പിന്നെ, ചെയ്യപ്പെടുന്ന നമസ്കാരങ്ങളാൽ ആ അഭീഷ്ടവർഷകനെ ഞങ്ങൾ നേരിൽ വരുത്താവൂ.

7 വൃത്രസ്യത്വാശ്വസഥാദീഷമാണാ
വിശ്വേദേവാഅജഹുര്യേസഖായഃ
മരുദ്ഭിരിന്ദ്രസഖ്യന്തേഅ
സ്ത്വഥേമാവിശ്വാഃപൃതനാജയാസി

അന്വയം:—

ഹേ ഇന്ദ്ര, യേ വിശ്വേ
ദേവാഃ സഖായഃ — സങ്ഗ്രാമേ സഖിത്വം കര്യാമേതി മിത്രാണ്യഭവൻ, തേ
വൃത്രസ്യ ശ്വസഥാൽ — ശ്വാസാൽ ഭീതാസ്സന്തഃ
ഈഷമാണാഃ ത്വാ
അജഹുഃ — സർവ്വതഃ പലായമാനാസ്സംഗ്രാമേ ത്വാം ത്യക്തവന്തഃ
(ഏവം സതി) മരുൽ-ഭിഃ
സഖ്യം തേ അസ്തു — സഖിത്വം ഭവതു
അഥ ഇമാഃ വിശ്വാഃ
പൃതനാഃ — സർവ്വാശ്ശത്രുസേനാഃ
ജയാസി — സ്വബലേനാഭിഭവസി

അർത്ഥം—അല്ലയോ ഇന്ദ്ര, സർവ്വന്മാരായ ദേവന്മാരേവർ യുദ്ധത്തിൽ കൂട്ടുചേരാമെന്നുപറഞ്ഞു് മിത്രങ്ങളായോ, അവർ വൃത്രന്റെ ഊത്തിനാൽ പേടിപൂണ്ടു് എമ്പാടുമോടിപ്പോകുന്നവരായി അവിടുത്തെ ഉപേക്ഷിച്ചു. അപ്രകാരമിരിക്കേ, മരുത്തുക്കളോടു് അവിടേയ്ക്കു സഖ്യം ഭവിക്കട്ടെ. (പണ്ടുനടന്ന സംഭവം ഇപ്പോഴും നടക്കുന്നപോലെ പറയുകയാണു്.) പിന്നെ എല്ലാ ശത്രുസേനകളെയുമവിടുന്നു ജയിക്കുന്നു.

8 ത്രിഷ്ഷഷ്ടിസ്ത്വാമരുതോവാവൃധാനാ
ഉസ്രാഇവരാശയോയജ്ഞിയാസഃ
ഉപത്വേമഃകൃധിനോഭാഗധേയം
ശുഷ്മന്തഏനാഹവിഷാവിധേമ

അന്വയം:—

(ഹേ ഇന്ദ്ര,) ത്രിഃ ഷഷ്ടിഃ — ത്രയഷഷ്ഷ്ടി സംഖ്യാകാ മരുതഃ

ഉസ്രാഃ-ഇവ രാശയഃ — ഗാവഇവസന്ധീഭൂതാഃ

ത്വാ വവൃധാനാഃ — ത്വാം സ്വബലേന വർദ്ധയന്തഃ

മരുതഃ യജ്ഞിയാസഃ — യജ്ഞാർഹാ അഭവൻ

(തം മരുൽസഹായമിന്ദ്രം)

ത്വാ ആ ഉപ ഇമഃ — വയമുപഗച്ഛാമഃ

(തതസ്ത്വം) നഃ

ഭാഗ–ധേയം കൃധി — അസ്മഭ്യം ഭജനീയം ധനം കുരു

(പശ്ചാദ്വയമപി) ഏനാ

ഹവിഷാ — സോമാന്നേന

തേ ശുഷ്മം വിധേമ — ശത്രൂണാം ശോഷകം ബലം വിദധ്മഃ, കുർമ്മഃ

അർത്ഥം–അല്ലയോ ഇന്ദ്ര, അറുപത്തിമൂന്നു സംഖ്യയൊത്തവരും പൈക്കൾപോലെ കൂട്ടം ചേർന്നവരും അവിടുത്തെ സ്വബലത്താൽ വർദ്ധിപ്പിക്കുന്നവരുമായ മരുത്തുക്കൾ (അന്നുമുതൽ) യജ്ഞാർഹന്മാരായി. അപ്രകാരം മരുൽസഹായനായ അവിടുത്തെ ഞങ്ങൾ പ്രാപിക്കാവൂ. അപ്പോൾ ഞങ്ങൾക്ക് ഭജനീയമായ ധനമുണ്ടാക്കിയാലും. പിന്നീടു സോമഹവിസ്സിനാൽ അവിടേക്ക്, ശത്രുക്കളെ മെലിയിക്കുന്ന ബലം ഞങ്ങളുണ്ടാക്കുന്നുണ്ട്. (സ്വതവാൻ, പ്രഘാസീ, സാന്തപനം, ഗൃഹമേധി, ക്രീഡി, ശാകി, ഉജ്ജേഷി എന്നീ പ്രസിദ്ധങ്ങളായ ഏഴു ഗണങ്ങൾക്കു പുറമെ ധുനി, ധ്വാന്തം എന്നീ രണ്ടു ഗണങ്ങൾ കൂടിക്കൂട്ടുമ്പോൾ മരുത്തുക്കൾക്ക് ഒമ്പതു ഗണങ്ങൾ. ഓരോന്നിലുമേഴേഴു പേർ എന്നപ്രകാരം അറുപത്തിമൂന്നു മരുത്തുക്കൾ.)

9 തിഗ്മമായുധംമരുതാമനീക

കസ്തഇന്ദ്രപ്രതിവജ്രന്ദധർഷ

അനായുധാസോഅസുരാഅദേവാ

ശ്ചക്രേണതാഅപവപഋജീഷിൻ

അന്വയം:—

ഹേ ഋജീഷിൻ, ഇന്ദ്ര തേ
തിഗ്മം ആയുധം — അഭിഷുതസോമവന്നിന്ദ്ര, തീക്ഷ്ണം ധനുഃ

മരുതാം അനീകം,
വജ്രം (ച) — മരുത്സംഘം വജ്രായുധഞ്ച
കഃ പ്രതി ദധർഷ? — പ്രതികൂലമഭിഭവതി? അഭിഭാവുകോനാസ്തി

(അത ഏവ)
അനായുധാസഃ — ആയുധരഹിതാഃ
അദേവാഃ അസുരാഃ — ദേവദ്വിഷഃ യേ അസുരാസ്സന്തി
താൻ ചക്രേണ അപ വപ — ചക്രരൂപേണ വജ്രേണാപഗതാൻ കുരു

അർത്ഥം—സംസ്കരിച്ച സോമത്തോടുകൂടിയ ഇന്ദ്ര, അവിടുത്തെ ഊക്കേററ വില്ലിനെയും മരുത്തുക്കളുടെ സംഘത്തെയും വജ്രായുധത്തെയും ഏതു ദേവനോ മനുഷ്യനോ ആണ് എതിർനിന്നു ജയിക്കുക? ആരും ജയിക്കുകയില്ല. അതിനാൽ ആയുധമററവരും ദേവദ്വേഷികളുമായ അസുരന്മാരുണ്ടല്ലോ, അവരെ ചക്രരൂപമായ വജ്രത്താൽ പുറംതള്ളിയാലും.

10 മഹഉഗ്രായതവസേസുവൃക്തിം

പ്രേരയശിവതമായപശ്വഃ

ഗിർവ്വാഹസേഗിരഇന്ദ്രായപൂർവ്വീ

ധേഹിതന്വേകുവിദങ്ഗവേദൽ

വ. 33

അന്വയം:—

(ഹേ സ്തോതഃ,) മഹേ
ഉഗ്രായ
തവസേ ശിവ–തമായ — മഹതേ ഉൽഗൂർണ്ണായ — പ്രവൃദ്ധായ, കല്യാണതമായേന്ദ്രായ
പശ്വഃ സു–വൃക്തിം പ്ര ഈരയ — പശോരർത്ഥം ശോഭനാം സ്തുതിം ചോദയ

ഗിർവ്വാഹസേ — ഗീർഭിഃ, സ്തുതിഭിരുഹ്യമാനായ
ഇന്ദ്രായ പൂർവ്വീഃ ഗിരഃ
ധേഹി — ബഹ്വീസ്തുതീഃ കുരു
(ത്വയാഭിഷ്ടുത ഇന്ദ്രഃ)
തന്വേ — പുത്രായ
കുവിൽ അങ്ഗ വേദൽ — ബഹുധനം ക്ഷിപ്രം ലംഭയതു, ദദാതു

അർത്ഥം—അല്ലയോ സ്തോതാവേ, ഗുണത്താൽ മഹാനും ബലത്താലുഗ്രനും പ്രവൃദ്ധനും ഏററവും മംഗളകരനുമായ ഇന്ദ്രന്നായി പശുവിന്നുവേണ്ടി ശോഭനസ്തുതി എത്തിക്കുക. സ്തുതികളാൽ വഹിക്കപ്പെടുന്ന ഇന്ദ്രന്നായി കണക്കററ സ്തുതികൾ ചൊല്ലുക. അങ്ങയാൽ സ്തുതിക്കപ്പെട്ട ഇന്ദ്രൻ മകന്നു ധാരാളം ധനം വേഗം നേടട്ടെ, കൊടുക്കട്ടെ.

11 ഉ॒ക്ഥവാ॑ഹസേവി॒ഭ്വേ॑മ॒നീഷാ

ദ്രുണാ॒നപാ॒ര॑മീരയാന॒ദീനാം॑

നിസ്പൃ॑ശധി॒യാത॒ന്വി॑ശ്രു॒ത॒സ്യ

ജു॑ഷ്ടതരസ്യകു॒വി॒ദങ്ഗവേ॑ദൽ

അന്വയം:—
(ഹേ സ്തോതഃ)
ഉക്ഥ–വാഹസേ — സ്തോത്രശസ്ത്രാദിഭിരുഹ്യമാനായ
വി–ഭ്വേ മനീഷാം — മഹത ഇന്ദ്രായ സ്തുതിം
ദ്രുണാ ന നദീനാം പാരം — യഥാ നാവികോ നദമാനാനാം സരിതാം തീരം നാവാ പ്രാപയതി, തദ്വദിന്ദ്രം പ്രതി
ഈരയ — പ്രേരയ
(കിഞ്ച) ശ്രുതസ്യ
ജുഷ്ട–തരസ്യ — പ്രസിദ്ധസ്യ, അത്യർത്ഥം പ്രീണയിതുരിന്ദ്രസ്യ സ്വഭൂതം ധനം

| | |
|---|---|
| തന്വി ധിയാ | — പുത്രേ ത്വദീയയാ സ്തുത്യാ |
| നി സ്പൃശ | — നിതരാം സ്പൃശ്യ, ഗമയ |
| കുവിൽ അങ്ഗ വേദൽ | — ബഹുധനം ക്ഷിപ്രം ലംഭയതു, ദോതു |

അർത്ഥം—അല്ലയോ സ്തോതാവേ, സ്തോത്രശസ്ത്രാദികളാൽ വഹിക്കപ്പെടുന്നവനും മഹാനുമായ ഇന്ദ്രനുള്ള സ്തുതി, തോണിക്കാരൻ തോണിയാൽ ഇരമ്പിപ്പായുന്ന പുഴയുടെ കരയ്ക്ക് (യാത്രികനെ) എത്തിക്കുന്നപോലെ, എത്തിച്ചാലും. പിന്നെ പ്രസിദ്ധനും ഉപാസകരെ ഏറ്റവും സന്തോഷിപ്പിക്കുന്നവനുമായ ഇന്ദ്രന്റെ സ്വന്തം ധനം (അനുഗ്രഹം) പുത്രങ്കൽ അങ്ങയുടെ സ്തുതികൊണ്ട് ധാരാളമായി വരുത്തുക. ധാരാളം ധനം വേഗം (ഇന്ദ്രൻ) കൊടുക്കട്ടെ.

12 തദ്വിവിഡ്ഢിയത്തഇന്ദ്രോജുജോഷൽ
സ്തുഹിസുഷ്ടുതിന്നമസാവിവാസ
ഉപഭൂഷജരിതമ്മാരുവണ്യ
ശ്രാവയാവാചങ്കുവിദങ്ഗവേദൽ

അന്വയം:—

| | |
|---|---|
| ഹേ ജരിതഃ, തൽ<br>വിവിഡ്ഢി | — സ്തോതഃ ഇന്ദ്രാർത്ഥം തൽസ്തോത്രം വ്യാപയ, കുരു |
| തേ യൽ ഇന്ദ്രഃ<br>ജുജോഷൽ | — തവസ്വഭൂതം സ്തോത്രം യഥേന്ദ്ര സ്വീകുര്യാൽ, തൽ കുരു |
| സു–സ്തുതിം സ്തുഹി,<br>നമസാ ആ വിവാസ | — ശോഭനാ സ്തുതിര്യസ്യ, തമിന്ദ്രമാഭിമുഖ്യേന ഹവിഷാ, പരിചര |
| ഉപ ഭൂഷ | — അലങ്കൃതോഭവ |
| മാ രുവണ്യഃ | — [illegible] |

| | |
|---|---|
| വാചം ശ്രവയ (തതസ്ത്വയാസ്തുത ഇന്ദ്ര സ്തുഭ്യം) കുവിൽ | സ്തുതിമിന്ദ്രം ജ്ഞാപയ |
| അങ്ഗ വേദൽ | ബഹുധനം ക്ഷിപ്രം ദോതു |

അർത്ഥം—അല്ലയോ സ്തോതാവേ, ആ സ്തോത്രം ഇന്ദ്രനായി വ്യാപിപ്പിയ്ക്കുക, ചൊല്ലുക. അങ്ങയുടെ യാതൊരു സ്തോത്രം ഇന്ദ്രൻ സ്വീകരിയ്ക്കുമോ, അതു ചൊല്ലുക. നല്ല സ്തുതികൾക്കു വിഷയഭൂതനായ ഇന്ദ്രനെ നേരെ ഹവിസ്സാൽ പരിചരിയ്ക്കുക. സ്വയമലങ്കരിക്കുക. (ഇന്ദ്രനെ സമീപിയ്ക്കുമ്പോൾ ഉചിത വേഷഭൂഷാദികൾ വേണം.) ദാരിദ്ര്യംകൊണ്ടു കരയരുതു്. ഇന്ദ്രനെ സ്തുതി കേൾപ്പിയ്ക്കുക. സ്തുതിയ്ക്കപ്പെട്ട ഇന്ദ്രൻ അങ്ങേക്കു് ധാരാളം ധനം വേഗത്തിൽ തരട്ടേ.

13 അവദ്രഫ്സോഅംശുമതീമതിഷ്ഠ
ദിയാനഃകൃഷ്ണോദശഭിസ്സഹസ്രൈഃ
ആവത്തമിന്ദ്രശ്ശച്യാധമന്ത
മപസ്നേഹിതീർന്നൃമണാഅധത്ത

അന്വയം:—

| | |
|---|---|
| ദ്രഫ്സഃ | ദ്രുതങ്ഗച്ഛതീതിദ്രഫ്സഃ, ദ്രുതങ്ഗച്ഛൻ |
| ദശ–ഭിഃ സഹസ്രൈഃ | |
| ഇയാനഃ | ദശസഹസ്രസംഖ്യാകൈരസുരൈഃ പരിവൃതഃ |
| കൃഷ്ണഃ അംശു–മതീം | തന്നാമകാസുരഃ അംശുമതീന്നാമ നദീം |
| അവ അതിഷ്ഠൽ | അവതിഷ്ഠതേ |
| (തതഃ) ശച്യാ ധമന്തം തം | കർമ്മണാ ഉദകസ്യാന്തരുച്ഛ്വസന്തം തം |
| ഇന്ദ്രഃ ആവൽ | മരുത്ഭിസ്സഹ പ്രാപ്നോൽ, കൃഷ്ണം തസ്യാനുചരാംശ്ച ഹതവാൻ |

| | |
|---|---|
| നൃ-മനാഃ | — നൃഷുമനോയസ്യ സഃ,<br>താദൃശസ്സൻ |
| സ്നേഹിതീഃ | — സർവ്വത്ര ഹിംസിത്രീസ്തസ്യ<br>സേനാഃ |
| അപ അധത്ത | — അപധാനം, ഹനനം കൃതവാൻ,<br>അവധീൽ |

അർത്ഥം—(കൃഷ്ണാസുരനെ ഇന്ദ്രൻ കൊന്ന കഥ സൂചിപ്പിക്കുന്നു.) വേഗം ഗമിക്കുന്നവനായി പതിനായിരമസുരന്മാരാൽ ചുററപ്പെട്ട കൃഷ്ണനെന്ന അസുരൻ അംശുമതീ എന്ന നദിയിൽ നിലക്കൊള്ളുകയാണു്. അപ്പോൾ വെള്ളത്തിന്നുള്ളിൽക്കിടന്നു് മേൽപ്പോട്ടു ശ്വസിക്കുന്ന അവനെ ഇന്ദ്രൻ മരുത്തുക്കളോടു കൂടി പ്രാപിച്ചു്, കൃഷ്ണനെയും പിൻഗാമികളെയും വധിച്ചു. മനുഷ്യരിൽ മനസ്സിയന്നവനായി അവിടുന്നു്, ഏവരെയും ഹിംസിക്കുന്ന അവൻെറ സേനകളെ ഒടുക്കി

14 ദ്രഫ്സമപശ്യംവിഷുണേചരന്ത
മുപഹ്വരേനദ്യോഅംശുമത്യാഃ
നഭോനകൃഷ്ണമവതസ്ഥിവാംസ
മിഷ്യാമിവോവൃഷണോയുധ്യതാജൌ

അന്വയം:—

(ഇന്ദ്രഃ മരുതഃ പ്രതി വദതി)

| | |
|---|---|
| (ഹേ മരുതഃ,) ദ്രഫ്സം | — ദ്രുതഗാമിനം |
| വിഷുണേ ചരന്തം | — പരൈരദൃശ്യേ ഗുഹാരൂപേ<br>ദേശേ പരിതോ ഗച്ഛന്തം |
| അംശു-മത്യാഃ നദ്യഃ | — തന്നാമികായാനദ്യാഃ |
| ഉപ-ഹ്വരേ | — അത്യന്തം ഗൂഢേ സ്ഥാനേ |
| നഭഃ ന അവതസ്ഥി-വാംസം | — നഭസി ആദിത്യ ഇവ ദീപ്യന്തം<br>ഉദകസ്യാന്തരവസ്ഥിതം |
| കൃഷ്ണം അപശ്യം | — അസുരമഹമദർശം. |

| | |
|---|---|
| ഹേ വൃഷണഃ, വഃ | |
| ഇഷ്യാമി | — ഉദകാനാം സേക്താരോ മരുതഃ, യുഷ്മാൻ യുദ്ധാർത്ഥമിച്ഛാമി |
| (തതോ യൂയം) ആജൌ | |
| യുധ്യത | — യുദ്ധേ സംഹരത |

അർത്ഥം—(ഇന്ദ്രൻ മരുത്തുക്കളോടു പറയുന്നു.) അല്ലയോ മരുത്തുക്കളേ, വേഗവാനും ആരാലും കാണപ്പെടാതെ ഗുഹാരൂപമായൊരിടത്തിൽ അലയുന്നവനും അംശുമതി എന്ന നദിയുടെ ജലത്തിന്നുള്ളിൽ, നഭസ്സിൽ ആദിത്യനെന്നപോലെ, മിന്നുന്നവനുമായ കൃഷ്ണനെന്ന അസുരനെ ഞാൻ കണ്ടു. അല്ലയോ ജലവർഷികളേ, നിങ്ങളെ യുദ്ധത്തിന്നു ഞാനാഗ്രഹിക്കുന്നു. അതുകൊണ്ടു നിങ്ങൾ യുദ്ധത്തിൽ കൃഷ്ണനെയും കൂട്ടുകാരെയും സംഹരിക്കുക.

15 അധദ്രഫ്°സോഅംശുമത്യാഉപ

സ്ഥേധാരയത്തന്വന്തിത്വിഷാണഃ

വിശോഅദേവീരഭ്യാഽഽചരന്തീ

ബൃഹസ്പതിനായുജേന്ദ്രസ്സസാഹേ വ. 34

അന്വയം:—

| | |
|---|---|
| അധ ദ്രഫ്°സഃ | — അഥ ദ്രുതഗാമീകൃഷ്ണഃ |
| അംശു—മത്യാഃ ഉപ— | |
| സ്ഥേ തിത്വിഷാണഃ | — സമീപേ ദീപ്യമാനസ്സൻ |
| തന്വം അധാരയൽ | — ആത്മീയം ശരീരം പരൈ രഹിംസ്യത്വേന ബിഭർത്തി |
| (തത്ര) ഇന്ദ്രഃ | |
| ബൃഹസ്പതിനാ യുജാ | — ഏതന്നാമകേന ദേവേന സഹായേന |
| അദേവീഃ | — പാപയുക്തത്വാൽ കൃഷ്ണാഃ |
| ആ—ചരന്തീഃ വിശഃ | — ആഗച്ഛന്തീരസുരസേനാഃ |
| അഭി സസഹേ | — അഭിജഘാന |

അൎത്ഥം—പിന്നെ, ശീഘ്രഗാമിയായ കൃഷ്ണൻ അംശുമതിയുടെ സമീപത്തിൽ വിളങ്ങുന്നവനായി സ്വന്തം ശരീരം അന്യരാൽ ഹിംസിയ്ക്കപ്പെടാൻ വയ്യാത്തവിധം ധരിക്കുക എന്നായി. അവിടെ ഇന്ദ്രൻ ബൃഹസ്പതിയാകുന്ന സഹായനോടുകൂടി, പാപംകൊണ്ടു കറുത്തിരുണ്ടവരും നേരെവരുന്നവരുമായ അസുരസേനകളെ ഒടുക്കി.

16 ത്വംഹത്യൽസപ്തഭ്യോജയമാ

നോശത്രുഭ്യോഅഭവശ്ശത്രുരിന്ദ്ര

ഗൂള്ഹേദ്യാവാപൃഥിവീഅന്വവിന്ദോ

വിഭുമദ്ഭ്യോഭുവനേഭ്യോരണന്ധാഃ

അന്വയം:—

ഹേ ഇന്ദ്ര, ത്വം ഹ ത്യൽ — തദ്ധികൎമ്മകൃതവാനസി
(കിന്തദിത്യുച്യതേ)
ജായമാനഃ — പ്രാദുൎഭവന്നേവത്വം
അശത്രു-ഭ്യഃ സപ്ത-ഭ്യഃ — ശത്രുരഹിതേഭ്യഃ, വൃത്രനമുചി ശംബരാദി സപ്തഭ്യശ്ശത്രുഭ്യഃ
ശത്രുഃ അഭവഃ — ശത്രുരസി
(കിഞ്ച ത്വം) ഗൂള്ഹേ ദ്യാവാപൃഥിവീ അനു അവിന്ദഃ — തമസാ സംവൃതേ ദ്യാവാപൃഥിവ്യൌ സൂര്യാത്മനാ പ്രകാശ്യാനുക്രമേണാലഭഥാഃ
(തഥാ) വിഭുമൽ-ഭ്യഃ — മഹത്വയുക്തേഭ്യഃ
ഭുവനേഭ്യഃ രണം ധാഃ — ലോകേഭ്യോരമണം ധാരയസി, വിദധാസി

അൎത്ഥം—അല്ലയോ ഇന്ദ്ര, അവിടുന്നാണല്ലോ ആ കൎമ്മം ചെയ്തതു്. (ഏതു കൎമ്മമെന്നു പറയുന്നു.) ജനിച്ചവാറേ അവിടുന്നു്, ശത്രുക്കളില്ലാത്ത, എതിരില്ലാത്ത വൃത്രൻ, നമുചി, ശംബരൻ, വലൻ, പാകൻ, ജംഭൻ, കൃഷ്ണൻ (അല്ലെങ്കിൽ

ശുഷ്ണൻ) എന്നീ ഏഴ് അസുരന്മാരായ ശത്രുക്കൾക്കും ശത്രുവായി. കൂടാതെ, ഇരുൾമൂടിയ ദ്യാവാപൃഥിവികളെ സൂര്യാത്മാവായി പ്രകാശിച്ച്, ക്രമത്തിൽ നേടി. മഹത്വമുററ ലോകങ്ങൾക്ക് അപ്രകാരമവിടുന്നു സുഖമുണ്ടാക്കുന്നു.

17 ത്വംഹത്യദപ്രതിമാനമോജോ
വജ്രേണവജ്രിന്ധൃഷിതോജഘന്ഥ
ത്വംശുഷ്ണസ്യാവാതിരോവധത്രൈ
സ്ത്വങ്ഗാഇന്ദ്രശച്യേദവിന്ദഃ

അന്വയം:–

ഹേ വജ്രിൻ, ഇന്ദ്ര, ത്വം
ഹ ത്യൽ — ത്വം ഖല്വേതൽ കർമ്മാകാർഷീഃ
(കിന്തദിത്യഭിധീയതേ)
ധൃഷിതഃ — സങ്ഗ്രാമേഷു ധീരസ്സൻ
അപ്രതി–മാനം ശുഷ്ണസ്യ
ഓജഃ — നിരുപമം ബലം
വജ്രേണ ജഘന്ഥ — ഹതവാനസി
ത്വം വധത്രൈഃ — ഹനനസാധനൈരായുധൈഃ
ശുഷ്ണസ്യ അവ അതിരഃ — ശുഷ്ണമവാങ്മുഖം കൃത്വാവധീഃ (കർമ്മണി ഷഷ്ഠീ.)
(തഥാ) ത്വം ശച്യാ ഇൽ — കർമ്മണൈവ
ഗാഃ അവിന്ദഃ — അങ്ഗിരസാംഗാഃ പണീൻ ജിത്വാ ലബ്ധവാൻ

അർത്ഥം–അല്ലയോ വജ്രായുധനായ ഇന്ദ്ര, അവിടുന്നാണല്ലോ അതുചെയ്തതു്. (ഏതെന്നു പറയുന്നു.) യുദ്ധത്തിൽ ധീരനായി, എതിരററ ശുഷ്ണന്റെ ബലത്തെ വജ്രത്താലമർത്തി, വധായുധങ്ങളാലവനെ മുഖംകീഴാക്കിക്കൊന്നു. അതുപോലെ അവിടുത്തെ കർമ്മത്താൽത്തന്നെ അങ്ഗിരസ്സുകളുടെ പശുക്കളെ, പണികളെ ഒതുക്കി, നേടിക്കൊടുത്തു.

18 ത്വംഹത്യദ്വൃഷഭചർഷണീനാം
ഘനോവൃത്രാണാന്തവിഷോബഭൂഥ
ത്വംസിന്ധൂരസൃജസ്തസ്തഭാനാ
ത്വമപോഅജയോദാസപത്നീഃ

അന്വയം:—

ഹേ വൃഷഭ, ത്വം ഹ
ത്യൽ — കാമാനാം വർഷിതേന്ദ്ര, ത്വം ഖലു തൽകർമ്മകൃതവാൻ
(കിന്തൽ?) ചർഷണീനാം — മനുഷ്യാണാം, യഷ്ടൄണാം
വൃത്രാണാം ഘനഃ — ഉപദ്രവാണാം ഹന്താ ത്വം
തവിഷഃ ബഭൂഥ — ബലവാൻ ബഭൂവിഥ
(തതഃ) ത്വം തസ്തഭാനാൻ
സിന്ധൂൻ — അസുരൈർവ്വിരുദ്ധ്യമാനാ ഗംഗാദ്യാസ്സപ്തനദീഃ
അസൃജഃ — സരണായ പ്രാസൃജഃ
(പശ്ചാൽ) ത്വം
ദാസ—പത്നീഃ അപഃ
അജയഃ — അസുരസ്വാമികാ അപോജിത വാനസി

അർത്ഥം—അല്ലയോ കാമവർഷകനായ ഇന്ദ്ര, അവിടുന്നുതന്നെയാണല്ലോ അതുചെയ്തതു്. (ഏതു്?) മനുഷ്യരായ യാഗാനുഷ്ഠാതാക്കൾക്കു് വരുന്ന ഉപദ്രവങ്ങളെ പരിഹരിക്കുന്ന അവിടുന്നു് ബലവാനായി ഭവിച്ചു. അസുരന്മാരാൽ തടയപ്പെട്ട ഗങ്ഗാദികളായ ഏഴ നദികളെ അവിടുന്നൊഴുകാൻ വിട്ടു. അതിനുശേഷമാണു് അസുരന്മാർക്കു കീഴ്പെട്ട ജലങ്ങളെ ജയിച്ചതു്, നേടിയതു്.

19 സസുക്രതൂരണിതായസ്സുതേ
ഷ്വനുത്തമന്യുര്യോഅഹേവരേവാൻ
യഏകഇന്നര്യപാംസികർത്താ
സവൃത്രഹാപ്രതീദന്യമാഹുഃ

അന്വയം:—

യഃ സുതേഷു രണിതാ — അഭിഷുതേഷു സോമേഷു രമണശീലഃ

അനുത്ത–മന്യുഃ യഃ
അഹാ–ഇവ രേവാൻ — പരൈരനുന്നക്രോധഃ യഥാ ഹാനി ധനവന്തി തഥാ ധനവാൻ (ദിവസേഷുഹി ധനാനി പ്രാദുർഭവന്തി, ന രാത്രിഷു)

യഃ ഏകഃ ഇൽ — അസഹായ ഏവ
നരി അപാംസി കർത്താ — കർമ്മനേതരി മനുഷ്യേ കർമ്മാണി കർത്തും സമർത്ഥഃ

സഃ വൃത്ര–ഹാ, സഃ
സു–ക്രതുഃ — വൃത്രഹന്താ ശോഭനകർമ്മാ
(തമേവേന്ദ്രം) അന്യം
പ്രതി ഇൽ ആഹുഃ — സർവ്വമന്യം ശത്രുസംഘം പ്രതി ഭവതി, അഭിഭവതീതിവദന്തി

അർത്ഥം—ആർ സംസ്കരിച്ച സോമങ്ങളിൽ രമിക്കുന്നവനോ, ശത്രുക്കളാലടക്കപ്പെടാത്ത ക്രോധമുററ ആർ പകലുകൾ ധനവത്തുക്കളാകുന്നപോലെ ധനവാനാണോ, (പകലുകളിലുണല്ലോ ധനങ്ങളുല്പാദിപ്പിക്കപ്പെടുന്നതു്, രാത്രികളിലല്ല.) ആർ ഒററക്കുതന്നെ കർമ്മനേതാവായ മനുഷ്യനിൽ കർമ്മങ്ങളുണ്ടാക്കാൻ പോന്നവനോ, ആ ഇന്ദ്രൻ വൃത്രഹന്താവാകുന്നു. ശോഭനകർമ്മാവാകുന്നു. ആ ഇന്ദ്രനെക്കുറിച്ചു് ശത്രുസംഘത്തെ എല്ലാം ജയിക്കുന്നു എന്നു് (ജനങ്ങൾ) പറയുന്നു.

20 സവൃത്രഹേന്ദ്രശ്ചർഷണീധൃ
ത്തംസുഷ്ടുത്യാഹവ്യംഹുവേമ
സപ്രാവിതാമഘവാനോധിവക്താ
സവാജസ്യശ്രവസ്യസ്യദാതാ

അന്വയം:–

| | |
|---|---|
| വൃത്ര–ഹാ സഃ ഇന്ദ്രഃ | — വൃത്രഹന്തേന്ദ്രഃ |
| ചർഷണി–ധൃൽ | — മനുഷ്യാണാം ധനാദിദാനേന ധാരകഃ, പോഷകഃ |
| ഹവ്യം തം സു–സ്തുത്യാ ഹുവേമ | — സ്തുത്യം തം ശോഭനയാസ്തുത്യാ വയമസ്മദ്യജ്ഞേഷ്വാഹ്വയാമഃ |
| സഃ പ്ര–അവിതാ | — പ്രകർഷേണാസ്മാകം രക്ഷിതാ |
| മഘ–വാ, നഃ അധി–വക്താ | — ധനവാൻ, അസ്മാകമനുകൂല പക്ഷപാതേനവക്താ |
| സഃ ശ്രവസ്യസ്യ വാജസ്യ ദാതാ | — കീർത്തേർന്നിമിത്തസ്യാന്നസ്യ ദാതാ ഭവതി |

അർത്ഥം–വൃത്രഹന്താവായ ഇന്ദ്രൻ മനുഷ്യരെ ധനാദിദാനം കൊണ്ടു് താങ്ങുന്നവനാകുന്നു, പോഷിപ്പിക്കുന്നവനാകുന്നു. സ്തുത്യനായ അവിടുത്തെ നല്ല സ്തുതിയോടുകൂടി നമ്മൾ യജ്ഞങ്ങളിലേക്കു വിളിക്കുന്നു. അവിടുന്നു നമുക്കു് ഏററവും രക്ഷിതാവാകുന്നു, ധനവാനാകുന്നു, നമ്മളെക്കുറിച്ചനുകൂലമായി (മററു ദേവന്മാരോടു്) ധാരാളം പറയുന്നവനാകുന്നു. കീർത്തിയ്ക്കു കാരണമായ അന്നം (പുഷ്ടി) ഏകുന്നവനുമാകുന്നു.

21 സവൃത്രഹേന്ദ്രൃഭുക്ഷാ
സ്സദ്യോജജ്ഞാനോഹവ്യോബഭൂവ
കൃണ്വന്നപാംസിനര്യാപുരൂണി
സോമോനപീതോഹവ്യസ്സഖിഭ്യഃ

വ. 35

അന്വയം:—

ഋഭുക്ഷാഃ, വൃത്ര-ഹാ — മഹാൻ, വൃത്രഹന്താ
സഃ ഇന്ദ്രഃ സദ്യഃ
ജജ്ഞാനഃ — തദാനീമേവപ്രാദുർഭവൻ
ഹവ്യഃ ബഭൂവ — സർവ്വൈ സ്തോതൃഭിര്യഷ്ടൃഭിശ്ച ആഹ്വാതവ്യോ ബഭൂവ
(കിഞ്ച) നര്യാ പുരൂണി — നര്യാണി, മനുഷ്യഹിതാനി ബഹൂനി
അപാംസി കൃണ്വൻ — കർമ്മാണികുർവ്വൻ
സഖി-ഭ്യഃ സോമഃ ന
പീതഃ — മിത്രേഭ്യഃ യഷ്ടൃഭ്യഃ യഥാ സ്വർഗ്ഗാദിഫലാനി കുർവ്വൻ, തഥാ
ഹവ്യഃ — ആഹ്വാതവ്യോ ഭവതി

അർത്ഥം—മഹാനും വൃത്രഹന്താവുമായ ആ ഇന്ദ്രൻ ജനിച്ചപ്പോൾത്തന്നെ എല്ലാ സ്തോതാക്കളാലും യഷ്ടാക്കളാലും വിളിക്കപ്പെടേണ്ടവനായി. പിന്നെ മനുഷ്യഹിതങ്ങളായ വളരെ കർമ്മങ്ങൾ ചെയ്യുന്നവനായി. ചങ്ങാതികളായ യഷ്ടാക്കൾക്ക്, കുടിച്ചാൽ സ്വർഗ്ഗാദിഫലമേകുന്ന സോമംപോലെ, അവിടുന്ന് വിളിക്കപ്പെടേണ്ടവനാകുന്നു.

വർഗ്ഗം:— 36—37—38 കാശ്യപഃ രേഭഃ ഋഷിഃ, ബൃഹത്യതിജഗത്യുപരിഷ്ടാദ് ബൃഹതീ ത്രിഷ്ടുബ് ജഗത്യശ്ഛന്ദാംസി. ഇന്ദ്രോ ദേവതാ.

1 യാഇ॑ന്ദ്ര॒ഭുജ॒ആഭ॑ര

സ്സ്വ॑ർവ്വാ॒ँഅസു॑രേഭ്യഃ

സ്തോ॒താരമി॒ന്മ॑ഘവന്നസ്യവർദ്ധയ॒

യേച॒തേവൃ॒ക്തബ॑ർഹിഷഃ

അന്വയം:—

ഹേ മഘ-വൻ, ഇന്ദ്ര,
സ്വഃ-വാൻ — സുഖവാൻ, സ്വർഗ്ഗവാംസ്ത്വം
യാഃ ഭുജഃ — യാനി ഭോക്തവ്യാനി ധനാനി

| | |
|---|---|
| അസുരേഭ്യഃ ആ അഭരഃ | — ആഹരഃ |
| അസ്യ | — ഏതസ്യാഹൃതസ്യ ധനസ്യ ദാനേന |
| സ്തോതാരം ഇൽ വർദ്ധയ | — സ്തോത്രകാരിണമേവ വൃദ്ധിമന്തം കുരു |
| യേ ച ത്വേ | — അന്യേയഷ്ടാരസ്ത്വദർത്ഥം |
| വൃക്ത–ബർഹിഷഃ | — സ്തീർണ്ണബർഹിഷോ ഭവന്തി, താംശ്ച ധനേന വർദ്ധയ |

അർത്ഥം—അല്ലയോ ധനവാനായ ഇന്ദ്ര, സുഖവാനായ (സ്വർഗ്ഗവാനായ) അവിടുന്നു് അനുഭവയോഗ്യങ്ങളായ ധനങ്ങളേവ അസുരന്മാരിൽനിന്നു പിടിച്ചെടുത്തുവോ, ആ പിടിച്ചെടുത്ത ധനത്തിന്റെ ദാനത്താൽ സ്തോതാവിനെത്തന്നെ (എന്നെ) വളർത്തിയാലും, പോഷിപ്പിച്ചാലും. മററു യഷ്ടാക്കളേവർ അവിടേയ്ക്കുവേണ്ടി ദർഭ വിരിച്ചവരാണോ, (യാഗം ചെയ്യുവരാണോ) അവരെയും ധനത്താൽ വളർത്തിയാലും.

2 യമി॑ന്ദ്രദ॒ധിഷേത്വ

മ॒ശ്വങ്ഗാംഭാഗ॒മവ്യ॑യം

യജമാ॑നേസുന്വ॒തിദക്ഷി॑ണാവ॒തി

ത॒സ്മിന്തന്ധേ॑ഹി॒മാപ॒ണൌ

അന്വയം:_

| | |
|---|---|
| ഹേ ഇന്ദ്ര, ത്വം യം | |
| അശ്വം, ഗാം | — യാനശ്വാൻ, പയഃപ്രദാത്രീർഗ്ഗാഃ (ജാത്യേകവചനം) |
| അവ്യയം ഭാഗം | — അവിനശ്വരം ഭജനീയം ധനം, ധനാനി, ഏതാൻ ശത്രുഭ്യ ആഹൃത്യ |
| ദധിഷേ തം | — ബിഭർത്തി, തം സർവ്വം |
| സുന്വതി, | |
| ദക്ഷിണാ–വതി | — സോമാഭിഷവം കുർവ്വതി, ഋത്വിഗ്ഭ്യോ ദക്ഷിണാം ദാതരി |

തസ്മിൻ യജമാനേ ധേഹി - യാഗം കുർവ്വാണേ ധേഹി
മാ പണൌ — അയഷ്ട്വാജനഃ പണിഃ, തസ്മിൻ ഏതന്മാദേഹി

അർത്ഥം—അല്ലയോ ഇന്ദ്ര, അവിടുന്നു യാതൊരു കുതിരയെയോ, പശുവിനെയോ, അനശ്വരവും ഭജനീയവുമായ ധനത്തെയോ, (ജാത്യേകവചനം ബഹുവചനമുദ്ദിഷ്ടം) ശത്രുക്കളായ അസുരന്മാരിൽനിന്നു പിടിച്ചുപററിക്കയ്യേന്തുന്നുവോ, അതു മുഴവൻ സോമം സംസ്കരിക്കുന്നവനും, ഋത്വിക്കുകൾക്കു് ദക്ഷിണ കൊടുക്കുന്നവനുമായ ആ യാഗാനുഷ്ഠാതാവിന്നു് കൊടുത്താലും. യാഗം ചെയ്യാത്ത പിശുക്കന്നതു കൊടുക്കരുതു്.

3 യഇന്ദ്രസസ്ത്യവ്ര
തോനുഷ്വാപമദേവയുഃ
സ്വൈഷ്ഷഏവൈർമ്മുമുരൽപോഷ്യംരയിം
സനുതർദ്ധേഹിതന്തതഃ

അന്വയം:–
(യഃ) ഹേ ഇന്ദ്ര,
അദേവ_യുഃ — ദേവാൻ യഷ്ട്വാനകാമയമാനഃ
അവ്രതഃ — വ്രതരഹിതഃ കർമ്മഹീനോഭൂത്വാ
അനു_സ്വാപം യഃ സസ്തി – അനുവൃത്തസ്വപ്നം യഥാ ഭവതി തഥാ സ്വപിതി
സഃ സ്വൈഃ ഏവൈഃ — ആത്മീയൈർഗ്ഗമനൈരേവ
പോഷ്യം രയിം മുമുരൽ — പോഷണീയം സ്വീയം ധനം മാരയതു വിനാശയതു
(അമാർഗ്ഗൈർദ്യൂതാദിഭിസ്തസ്യ ധനം നശ്യതു)
തതഃ (ത്വം) തം സനുതഃ
ധേഹി — അയഷ്ടാരം തം അന്തർഹിതേ കർമ്മരഹിതേ ദേശേ സ്ഥാപയ

അർത്ഥം—അല്ലയോ ഇന്ദ്ര, ദേവന്മാരായ നിങ്ങളെ (നിങ്ങളുടെ അനുഗ്രഹം) കാംക്ഷിയ്ക്കാത്തവനും കർമ്മഹീനനുമായി,

വന്നുചേരുന്ന മനോരഥം പോലെ ഏവനുറങ്ങുന്നുവോ, (അലസനായിരിക്കുന്നുവോ,) അവൻ സ്വന്തം വഴികളിലൂടെതന്നെ, പോഷിപ്പിക്കേണ്ടും ധനത്തെ നശിപ്പിക്കട്ടേ. (ചൂതുകളി മുതലായവയാൽ അവന്റെ ധനം നശിച്ചുകൊള്ളട്ടേ.) പിന്നെ, അവിടുന്ന് അവനെ ആരും കാണാത്ത, കർമ്മരഹിതമായ ദേശത്തിൽ സ്ഥാപിച്ചാലും.

4 യച്ഛക്രാസിപരാവതി
യദർവ്വാവതിവൃത്രഹൻ
അതസ്ത്വാഗീർഭിർദ്യുഗദിന്ദ്രകേശിഭിഃ
സ്സുതാവാഁആവിവാസതി

അന്വയം:—

| | |
|---|---|
| ഹേ ശക്ര, വൃത്ര–ഹൻ,<br>ഇന്ദ്ര, | — ശക്ത, വൃത്രഹന്തരിന്ദ്ര, |
| യൽ പരാ–വതി അസി | — യദാ വിപ്രകൃഷ്ടേ ദ്യുലോകേ വിദ്യസേ |
| യൽ അർവ്വാ–വതി | — അർവ്വാചീനേ, അധസ്താൽ സ്ഥിതേ തദപേക്ഷയാ സമീപേന്തരിക്ഷേ ഭവസി, തസ്മാദപി |
| അതഃ ദ്യു–ഗൽ കേശി–ഭിഃ | — ദ്യുലോകം ഗച്ഛദ്ഭിഃ ഹരിഭിരിവസ്ഥിതാഭിഃ |
| ഗീഃ–ഭിഃ ത്വാ | — സ്തുതിഭിസ്ത്വാം |
| സുത–വാൻ ആ വിവാസതി | — അഭിഷുതസോമവാൻ യജമാനസ്തോത്രൈഃ പരിചരതി |

അർത്ഥം–ശക്തനും വൃത്രഹന്താവുമായ ഇന്ദ്ര, എപ്പോഴവിടുന്നു വിദൂരമായ ദ്യുലോകത്തിലാണോ, എപ്പോഴും താരതമ്യേന അടുത്ത അന്തരിക്ഷത്തിലാണോ, അവിടെ ദ്യുലോക

ത്തിലേക്കു ഗമിക്കുന്ന കുഞ്ചിരോമമുററ ഹരികളെന്ന കുതിരകൾപോലെയുള്ള സ്തുതികളാൽ, സംസ്കരിച്ച സോമത്തോടു കൂടിയ യജമാനൻ അവിടുത്തെ പരിചരിയ്ക്കുന്നു. (സ്തുതികളെ കുതിരകളോടുപമിച്ചിട്ടുള്ളതു് വേഗത്തിലും ഇന്ദ്രനു പ്രിയത്തിലും സമാനത്വമുദ്ദേശിച്ചാണു്.)

5 യദ്വാസിരോചനേദിവ
സ്സമുദ്രസ്യാധിവിഷ്ടപി
യൽപാർത്ഥിവേസദനേവൃത്രഹന്തമ
യദന്തരിക്ഷആഗഹി വ. 36

അന്വയം:—

| | |
|---|---|
| ഹേ വൃത്രഹൻ–തമ, | — അതിശയേന പാപസ്യ ഹന്തരിന്ദ്ര, |
| യൽ വാ ദിവഃ രോചനേ അസി | — യദിവാ ദ്യുലോകസ്യ ദീപനശീലേ സ്ഥാനേഭവസി |
| (യദ്വാ) സമുദ്രസ്യ അധി വിഷ്ടപി | — സമുദ്രസ്യ മധ്യേധിഗതേ വിഷ്ടപേ, തൽസംബദ്ധേ സ്ഥാനേ ഭവസി |
| യൽ പാർത്ഥിവേ സദനേ | — യദി പൃഥിവ്യാം ഭവേ സ്ഥാനേ വിദ്യസേ |
| യൽ അന്തരിക്ഷേ (യത്ര കുത്രഭവസി തഥാ പ്യസ്മദീയം യജ്ഞം പ്രതി) | — വർത്തസേ |
| ആ ഗഹി | — ആഗച്ഛ |

അർത്ഥം—പാപം തികച്ചും പോക്കുന്ന ഇന്ദ്ര, അവിടുന്നു് ദ്യുലോകത്തിന്റെ പ്രഭപൂണ്ട സ്ഥാനത്തോ, സമുദ്രമധ്യത്തിലുള്ള സ്ഥാനത്തോ, ഭൂമിയിലെ (ഏതെങ്കിലും) സ്ഥാനത്തോ, അന്തരിക്ഷത്തിലോ വർത്തിക്കുന്നതെങ്കിലും, എവിടെയായാലുമവിടെനിന്നു്, ഞങ്ങളുടെ യജ്ഞത്തിന്നുവന്നുചേർന്നാലും.

6 സനസ്സോമേഷുസോമപാ

സ്സുതേഷുശവസസ്പതേ

മാദയസ്വരാധസാസൂനൃതാവ

തേന്ദ്രരായാപരീണസാ

അന്വയം:—

ഹേ സോമ—പാഃ, ശവസഃ

പതേ, ഇന്ദ്ര, — സോമസ്യ പാതഃ, ബലസ്യ പാലയിതരിന്ദ്ര,

സഃ (ത്വം) സുതേഷു

സോമേഷു — അഭിഷുതേഷു സോമേഷു

നഃ രാധസാ — അസ്മാൻ ബലസാധനേനാന്നേന

സൂനൃതാ—വതാ — അനൃതരഹിതത്വോപേതേന പുത്രാദികം ലക്ഷ്യതേ, പുത്രോപേതേനാന്നേന

പരീണസാ രായാ

മാദയസ്വ — ബഹുനാ ധനേന മോദയ (അന്നപുത്രധനാദികം ദേഹി)

അർത്ഥം—സോമപായിയും ബലത്തിന്നീശനുമായ ഇന്ദ്ര, ആ അവിടുന്നു് സംസ്കരിക്കപ്പെട്ട സോമങ്ങളിൽ സന്തോഷിച്ചു്, ഞങ്ങളെ ബലപ്രദവും, സത്യവാനായ പുത്രനോടു ചേർന്നതുമായ അന്നത്താലും ധാരാളം ധനത്താലും മോദിപ്പിച്ചാലും. (അന്നവും സന്തതിയും ധനവും തന്നരുളിയാലും.)

7 മാനഇന്ദ്രപരാവൃണ

ഭവാനസ്സധമാദ്യഃ

ത്വന്നഊതീത്വമിന്നആപ്യം

മാനഇന്ദ്രപരാവൃണക്

അന്വയം:—

ഹേ ഇന്ദ്ര, നഃ — ഹവിഷാം പ്രദാതൄനസ്മാൻ
മാ പരാ വൃണക് — മാ പരിത്യാക്ഷീഃ
(ത്വം) നഃ സധ-മാദ്യഃ
ഭവ — അസ്മാകം സോമേന സഹമാദന ശീലോ ഭവ
നഃ ത്വം ഊതീ — അസ്മാംസ്ത്വവോത്യാം, രക്ഷണേ സ്ഥാപയ
(തഥാ) ത്വം ഇൽ നഃ
ആപ്യം — ത്വമേവബന്ധുഃ
(അതഃ) ഹേ ഇന്ദ്ര. മാ നഃ
പരാ വൃണക് — അസ്മാൻ മാ പരിത്യാക്ഷീഃ

അർത്ഥം—അല്ലയോ ഇന്ദ്ര, ഹവിസ്സേകുന്ന ഞങ്ങളെ പരിത്യജിയ്ക്കരുതേ. അവിടുന്നു ഞങ്ങളുടെ സോമംകൊണ്ട് ഞങ്ങളോടൊപ്പം ഹഷ്ശീലനായാലും. അവിടുന്നു ഞങ്ങളെ രക്ഷയിൽവെച്ചാലും. അവിടുന്നുമാത്രമാണ് ഞങ്ങൾക്ക ബന്ധു. അതിനാൽ അല്ലയോ ഇന്ദ്ര, ഞങ്ങളെ ഉപേക്ഷിക്കരുതേ.

8 അസ്മേഇന്ദ്രസചാസുതേ
നിഷദാപീതയേമധു
കൃധീജരിത്രേമഘവന്നവോമഹ
ദസ്മേഇന്ദ്രസചാസുതേ

അന്വയം:-

ഹേ മഘ-വൻ, ഇന്ദ്ര, — ധനവന്നിന്ദ്ര,
മധു പീതയേ — മദകരസ്യ സോമസ്യപാനായ
അസ്മേ സചാ സുതേ — അസ്മാഭിസ്സഹാഭിഷുതേ സോമേ
നീ സദ — അസ്മദീയേ യജ്ഞേ നിഷീദ
(കിഞ്ച) ജരിത്രേ മഹൽ
അവഃ കൃധി — സ്തോത്രേ മഹദ്രക്ഷണം കുരു
ഹേ ഇന്ദ്ര, അസ്മേ സചാ
സുതേ — അസ്മാഭിസ്സുതേ സോമേരമസ്വ

അത്ഥം—അല്ലയോ ധനവാനായ ഇന്ദ്ര, ഹഷ്കരമായ സോമം കുടിപ്പാനായി, ഞങ്ങളാൽ കൂട്ടുകൂടി സംസ്കരിക്കപ്പെട്ട സോമത്തിൽ, ഞങ്ങളുടെ യജ്ഞത്തിൽ ഇരുന്നരുളിയാലും. സ്തോതാവിന്നു മഹത്തായ രക്ഷണമുണ്ടാക്കിയാലും. അല്ലയോ ഇന്ദ്ര, ഞങ്ങളാൽ സംസ്കരിക്കപ്പെട്ട സോമത്തിൽ രമിച്ചാലും.

9 നത്വാദേവാസആശത

നമത്ത്യാസോഅദ്രിവഃ

വിശ്വാജാതാനിശവസാഭിഭൂരസി

നത്വാദേവാസആശത

അന്വയം:—

ഹേ അദ്രി-വഃ ത്വാ — വജ്രവന്നിന്ദ്ര, ത്വാം
ദേവാസഃ ന ആശത — ദേവാസ്സ്വബലേന ന പ്രാപ്‌നുവന്തി
ന മത്ത്യാസഃ — മനുഷ്യാ ന പ്രാപ്‌നുവന്തി
വിശ്വാ ജാതാനി — വിശ്വാനി, സവ്വാണി ഭൂതജാതാനി
ശവസാ അഭി-ഭൂഃ അസി — ബലേനാഭിഭാവുകോഭവസി
(തസ്മാൽ) ദേവാസഃ ന ത്വാ ആശത — ന പ്രാപ്‌നുവന്തി

അത്ഥം—അല്ലയോ വജ്രവാനായ ഇന്ദ്ര, ദേവന്മാർ ബലം കൊണ്ടവിടത്തെ പ്രാപിക്കുന്നില്ല. മനുഷ്യരുമില്ല. എല്ലാ ചരാചരങ്ങളെയുമവിടുന്നു കീഴടക്കുന്നു. അതിനാലാണു ദേവന്മാരവിടത്തെ പ്രാപിക്കാത്തതു്.

10 വിശ്വാഃപൃതനാഅഭിഭൂതരന്നരം

സജൂസ്തതക്ഷുരിന്ദ്രഞ്ജജനുശ്ചരാജസേ

ക്രത്വാവരിഷ്ഠംവരആമുരിമു

തോഗ്രമോജിഷ്ഠന്തവസന്തരസ്വിനം വ. 37

അന്വയം:—

| | |
|---|---|
| വിശ്വാഃ പൃതനാഃ | — സർവ്വാനേവസങ്ഗ്രാമാൻ |
| അഭി-ഭൂതരം, നരം | — അഭിഭാവുകം, സർവ്വസ്യ നേതാരമിന്ദ്രം |
| സ-ജൂഃ തതക്ഷുഃ, | — സ്തോതാരഃ പരസ്പരം സങ്ഗതാഃ സ്തുതിഭിസ്തീക്ഷ്ണമകുർവ്വൻ |
| (കിഞ്ച തേ) രാജസേ ജജനുഃ | — ആത്മനഃ പ്രകാശനാർത്ഥം സൂര്യാത്മകമിന്ദ്രം ജനയാമാസുഃ |
| ച ക്രത്വാ വരിഷ്ഠം | — അപി ച സ്വീയേന കർമ്മണോരുതരം |
| ആ-മുരിം | — ശത്രൂണാമാഭിമുഖ്യേന മാരയിതാരം |
| ഉത ഉഗ്രം, ഓജിഷ്ഠം തവസം, തരസ്വിനം | — ഉൽഗൂർണ്ണബലം ഓജസ്വിതമം |
| ഇന്ദ്രം | — പ്രവൃദ്ധം, സങ്ഗ്രാമേ ശത്രുവധാർത്ഥം വേഗവന്തമിന്ദ്രം |
| വരേ | — വരണീയേ ധനേ, തദർത്ഥം സ്തുവന്തി |

അർത്ഥം—എല്ലാ യുദ്ധങ്ങളെയും ജയിക്കുന്നവനും എല്ലാവർക്കും നേതാവുമായ ഇന്ദ്രനെ സ്തോതാക്കൾ ഒത്തുചേർന്ന് സ്തുതികളാൽ തീക്ഷ്ണനാക്കി. പിന്നെ ആത്മപ്രകാശനത്തിന്നുവേണ്ടി സൂര്യാത്മാവായ ഇന്ദ്രനെ ഉല്പാദിപ്പിച്ചു. കൂടാതെ സ്വന്തം കർമ്മത്താൽ പെരിയവനും ശത്രുക്കളെ നേരിട്ടു കൊല്ലുന്നവനും ഊക്കേറിയവനും ഏററവുമോജസ്വിയും വലിപ്പമിയന്നവനും യുദ്ധത്തിൽ ശത്രുവധത്തിന്ന് വേഗതയുററവനുമായ ഇന്ദ്രനെ ശ്രേഷ്ഠമായ ധനത്തിന്നുവേണ്ടി സ്തോതാക്കൾ സ്തുതിക്കുന്നു. (ഇവിടെയും ഇന്ദ്രൻ, ഈശ്വരൻ, സ്തോതാക്കളുടെ തപഃപ്രഭാവത്തിന്റെ സൃഷ്ടിയാണെന്ന് സൂചിപ്പിക്കുന്നു. അങ്ങിനെ സൃഷ്ടിക്കപ്പെട്ട ഈശ്വരൻ സർവ്വശക്തനും സർവ്വദാതാവുമായി മാറുന്നു.)

11 സമീംരേഭാസോഅസ്വര
ന്നിന്ദ്രംസോമസ്യപീതയേ
സ്വപ്പതിംയദീംവൃധേ
ധൃതവ്രതോഹ്യോജസാസമൂതിഭിഃ

അന്വയം:—

| | |
|---|---|
| രേഭാസഃ | — കശ്യപപുത്രാരേഭാഋഷയഃ |
| സോമസ്യ പീതയേ ഈം | |
| ഇന്ദ്രം | — സോമപാനായൈനമിന്ദ്രം |
| സം അസ്വരൻ | — സമ്മ്യഗശബ്ദയൻ, സമസ്തുവൻ |
| (കിഞ്ച) സ്വഃ-പതിം | |
| ഈം ഹി | — സ്വൎഗ്ഗസ്യ പാലയിതാരമേനമേവ |
| യൽ വൃധേ സം | — യദാ വൎദ്ധനായസംസ്തുവന്തി, തദാ |
| ധൃത-വ്രതഃ ഓജസാ | — ധൃതകൎമ്മേന്ദ്രോബലേന |
| ഊതി-ഭിഃ | — മരുത്ഭിസ്സഹസങ്ഗച്ഛന്തേ (ഇന്ദ്രസ്യ പാലനേനോതയോ മരുതഃ) |

അൎത്ഥം—കശ്യപപുത്രന്മാരായ രേഭന്മാരെന്ന ഋഷികൾ സോമപാനത്തിന്നായി ഈ ഇന്ദ്രനെ വേണ്ടപോലെ സ്തുതിച്ചു. സ്വൎഗ്ഗപതിയായ അവിടുത്തെത്തന്നെ അഭിവൃദ്ധിക്കായി സ്തുതിക്കുമ്പോൾ കൎമ്മധാരകനായ ഇന്ദ്രൻ ബലത്തോടും മരുത്തുക്കളോടുംകൂടി എത്തുന്നു.

12 നേമിന്നമന്തിചക്ഷസാ
മേഷംവിപ്രാഅഭിസ്വരം
സുദീതയോവോഅദ്രു
ഹോപികൎണ്ണേതരസ്വിനസ്സമൃക്വഭിഃ

അന്വയം:—

നേമിം — അരാൻ യഥാനേമിർവ്യാപ്നോതി,
തദ്വൽ സർവ്വം വ്യാപ്നുവന്തമിന്ദ്രം
(കാശ്യപാരേഭാഃ)
ചക്ഷസാ നമന്തി — ദർശനമാത്രേണൈവ
നമസ്കുർവ്വന്തി
(തതഃ) വിപ്രാഃ മേഷം — മേധാവിനോ മേഷരൂപമിന്ദ്രം
(ഇന്ദ്രോമേഷോഭൂത്വാ മേധാതിഥിം സ്വർഗ്ഗമനയൽ)
അഭി-സ്വരാ — അഭിസ്വരേണ, സ്തോത്രേണ
പ്രണമന്തി
(യജമാനസ്തോതൄനാഹ)
അപി സു-ദീതയഃ — അപിച ശോഭനദീപ്തയഃ
അദ്രുഹഃ വഃ — കസ്യാപ്യ ദ്രോഗ്ധാരോ യൂയം
തരസ്വിനഃ — കർമ്മസു ത്വരാ യുക്താസ്സന്തഃ
(ഇന്ദ്രസ്യ) കർണ്ണേ ഋക്വ-
ഭിഃ സം — ശസ്ത്രാദിഭിസ്സമ്യഗഭിഷ്ടുത

അർത്ഥം—ചക്രത്തിന്റെ പുറംവലയത്തെ ഏർകാലുകൾ വ്യാപിക്കുന്നപോലെ, എല്ലാററിനെയും വ്യാപിച്ചു നിൽക്കുന്ന ഇന്ദ്രനെ കാണുന്ന മാത്രയിൽത്തന്നെ കശ്യപപുത്രന്മാരായ രേഭന്മാർ നമസ്കരിക്കുന്നു. പിന്നെ, മേധാവികളായ ഋത്വിക്കുകൾ ആടിന്റെ ഉടൽപൂണ്ട ഇന്ദ്രനെ സ്തോത്രങ്ങളോടു കൂടി നമസ്കരിക്കുന്നു. (ഇന്ദ്രൻ ആടായിച്ചമഞ്ഞു് മേധാതിഥിയെ സ്വർഗ്ഗത്തിലെത്തിച്ചു എന്നു കഥ. ഇനി യജമാനൻ സ്തോതാക്കളോടു പറയുന്നു.) ശോഭനപ്രകാശന്മാരും ആർക്കും ദ്രോഹം ചെയ്യാത്തവരുമായ നിങ്ങൾ കർമ്മത്തിൽ വേഗതപൂണ്ടവരായി, ശസ്ത്രാദികളാൽ ഇന്ദ്രന്റെ ചെവിയിൽ സ്തുതിക്കുക.

13 തമിന്ദ്രഞ്ജോഹവീമിമഘവാനമുഗ്രം

സത്രാദധാനമപ്രതിഷ്കുതംശവാംസി

മംഹിഷ്ഠോഗീർഭിരാചയജ്ഞിയോവവർത്ത

ഭ്രായേനോവിശ്വാസുപഥാകൃണോതുവജ്രീ

അന്വയം:—

| | |
|---|---|
| മഘ-വാനം, ഉഗ്രം | — ധനവന്തം, ഉൽഗൂൎണ്ണബലം |
| സത്രാ ശവാംസി ദധാനം | — സത്യമേവബലാനി ധാരയന്തം |
| (അത ഏവ) | |
| അപ്രതി–സ്കുതം | — ശത്രുഭിരപ്രതിരോധനീയം |
| തം ഇന്ദ്രം ജോഹവീമി | — യഷ്ടാഹമാഹ്വയാമി |
| (കിഞ്ച) മംഹിഷ്ഠഃ, | |
| യജ്ഞിയഃ | — പൂജ്യതമഃ, യജ്ഞാൎഹസ്സഃ |
| ഗീഃ—ഭിഃ ആ | |
| വവൎത്തൽ ച | — അസ്മദീയാഭിസ്തുതിഭിരാഭിമുഖ്യേന വൎത്തതാം ച |
| (തതഃ) വജ്രീ നഃ രായേ | — വജ്രവാനിന്ദ്രോസ്മാകം ധനായ |
| വിശ്വാ സു–പഥാ | |
| കൃണോതു | — സൎവ്വാണ്യേവ സുമാൎഗ്ഗാണി കരോതു |

അൎത്ഥം_ധനവാനും ഊക്കേററവനും സത്യമായും ബലങ്ങളാൎന്നവനും അതുകൊണ്ടുതന്നെ ശത്രുക്കളാൽ എതിൎക്കപ്പെടാൻ കഴിയാത്തവനുമായ ആ ഇന്ദ്രനെ യഷ്ടാവായ ഞാൻ വിളിക്കുന്നു. പിന്നെ, മഹാപൂജ്യനും യജ്ഞാൎഹനുമായ അവിടുന്നു് നമ്മുടെ സ്തുതികളാൽ നേരെ വന്നരുളുകയും ചെയ്യട്ടേ. വജ്രവാനായ ഇന്ദ്രൻ നമ്മൾക്ക ധനത്തിന്നായി എല്ലാ നല്ല മാൎഗ്ഗങ്ങളുമുണ്ടാക്കട്ടേ.

14 ത്വംപുരഇന്ദ്രചികിദേനാ
വ്യോജസാശവിഷ്ഠശക്രനാശയധ്യൈ
ത്വദ്വിശ്വാനിഭുവനാനിവജ്രി
ദ്യാവാരേജേതേപൃഥിവീചഭീഷാ

അന്വയം:—

| | |
|---|---|
| ഹേ ശവിഷ്ഠ, ശക്ര,<br>വജ്രിൻ, ഇന്ദ്ര, | — ബലവത്തമ, ശക്ത, വജ്രവന്നിന്ദ്ര, |
| ത്വം ഓജസാ | — സ്വകീയേന തേജസാ |

ഏനാഃ പുരഃ — ഏതാനി ശംബരസ്യ പുരാണി
വി നാശയധ്യൈ
ചികിൽ — വിനാശയിതും ജ്ഞാതാ ഭവസി
വിശ്വാനി ഭുവനാനി
ത്വൽ — സൎവ്വാണി ഭൂതജാതാനിത്വത്തോ ഭീത്യാകമ്പന്തേ
(തഥാ) ദ്യാവാ പൃഥിവീ
ച ഭീഷാ രേജേതേ — ദ്യാവാപൃഥിവ്യൗ ച ത്വത്തോഭീത്യാ കമ്പേതേ

അൎത്ഥം—അതിബലവാനും ശക്തനും വജ്രവാനുമായ ഇന്ദ്ര, അവിടുന്നു സ്വന്തം തേജസ്സിനാൽ ഈ ശംബരപുരങ്ങളെ നശിപ്പിക്കാനറിയുന്നവനാണ്. എല്ലാ ഭൂതജാതങ്ങളും അവിടുന്നിൽനിന്നുള്ള പേടികൊണ്ടു വിറയ്ക്കുന്നു. അതുപോലെ ദ്യോവും ഭൂവും അവിടുന്നിൽനിന്നുള്ള പേടിയാൽ വിറയ്ക്കുന്നു.

15 തന്മൃതമിന്ദ്രശൂരചിത്രപാ
ത്വപോനവജ്രീന്ദുരിതാതിപൎഷീഭൂരി
കദാനഇന്ദ്രരായആദശസ്യേ
ൎവ്വിശ്വഫ്സ്ന്യസ്യസ്പൃഹയായ്യസ്യരാജൻ വ. 38

അന്വയം:—
ഹേ ശൂര, ചിത്ര, വജ്രിൻ,
രാജൻ, ഇന്ദ്ര, — ബലവൻ, വിവിധരൂപ, വജ്രവൻ, ദീപ്യമാനേന്ദ്ര
തൽ ഋതം മാ പാതു — പ്രശസ്തം ത്വദീയം സത്യം മാം രക്ഷതു
(കിഞ്ച) ഭൂരി ദുഃ—ഇതാ — ഭൂരീണി ദുരിതാനി, പാപാനി
അപഃ ന അതി പൎഷി — യഥാനാവിക ഉദകാനി പാരയതി തദ്വദതീത്യ പാരയ
ഹേ ഇന്ദ്ര, വിശ്വ—
ഫ്സ്ന്യസ്യ, സ്പൃഹയാ
യ്യസ്യ — ബഹുരൂപസ്യ, സ്പൃഹണീയസ്യ

രായഃ നഃ കദാ ആ
ദശസ്യേഃ? — (കർമ്മണി ഷഷ്ഠീ) ധനം കസ്മിൻ
കാലേ ആഭിമുഖ്യേന
പ്രയച്ഛേഃ?

(തദാ തവ സത്യം മാം രക്ഷതു മഹ്യം ധനം ദത്വാ കർമ്മാണി മയാനുഷ്ഠാപ്യ മാം പാപരഹിതം കുരു)

അർത്ഥം-ബലവാനും വിവിധരൂപനും വജ്രവാനും പ്രകാശവാനുമായ ഇന്ദ്ര, പ്രശസ്തമായ അവിടത്തെ സത്യം എന്നെ രക്ഷിക്കട്ടേ. നിരവധികങ്ങളായ ദുരിതങ്ങളെ, തോണിക്കാരൻ വെള്ളത്തിന്നക്കരെയ്ക്കെത്തിക്കുന്നപോലെ, കടത്തി എത്തിച്ചാലും. അല്ലയോ ഇന്ദ്ര, ബഹുരൂപവും ആശിക്കത്തക്കതുമായ ധനം എന്നാണവിടുന്നു ഞങ്ങൾക്കുനേരെ തന്നരുളുക? (അപ്പോളവിടത്തെ സത്യം എന്നെ രക്ഷിക്കട്ടേ. എനിക്കു ധനം തന്നു്, എന്നാൽ കർമ്മങ്ങളനുഷ്ഠിക്കപ്പെട്ടു്, എന്നെ പാപരഹിതനാക്കിയാലും.)

(6–ാം അധ്യായം സമാപ്തം)

# അധ്യായപീഠിക

## അഷ്ടകം–6 അധ്യായങ്ങൾ 7–8

ഏഴാമധ്യായത്തിൽ 1–2–3 വർഗ്ഗങ്ങൾ ഇന്ദ്രൻ. 4–5 ഇന്ദ്രനും സുപർണ്ണനും വാക്കും ദേവത. 10–ം, 11–ം, ഋക്കുകൾ സാരസ്വതത്തിൽ പ്രധാനപ്പെട്ടതാണ്. മുഴുവൻ സാരസ്വതം ജപിക്കാൻ സാധിക്കാത്തവർ ഈ ഋക്കുകൾ മാത്രം ജപിക്കാറുണ്ട്. 6–7–8 മിത്രവരുണന്മാരും ആദിത്യന്മാരും അശ്വികളും വായുവും ഉഷസ്സും പവമാനനും ഗോവും ദേവതകൾ. 11–12 ഋക്കുകൾ സൌരത്തിലുള്ളതാണ്. 15–ം, 16–ം, ഋക്കുകൾ പശുവിന്റെ പൂജ്യതയും അഹിംസ്യതയും പ്രതിപാദിക്കുന്നു. 16–ാം ഋക്ക് സാരസ്വതത്തിൽ പെട്ടതാണ്. 9 മുതൽ 12 കൂടി വർഗ്ഗങ്ങൾ അഗ്നി. 13–14–15 അഗ്നിയും അഗ്നിമരുത്തുക്കളും. 16 മുതൽ 7–ാമഷ്ടകത്തിൽ 2–ാം അധ്യായത്തിൽ 18–ാം വർഗ്ഗം കൂടി ചെറുപവമാനമെന്ന പേരിലറിയപ്പെടുന്നു. ഈ സൂക്തങ്ങളെല്ലാം ശുദ്ധീകരണപരങ്ങളാണ്. 16–17 വർഗ്ഗങ്ങൾ ചിലർ പുണ്യാഹത്തിന്നുപയോഗിക്കുന്നു. കൌഷിതകന്മാർ ശ്രാദ്ധ ജപത്തിന്നും. 9–ാം മണ്ഡലം ഇതോടുകൂടി തുടങ്ങുന്നു. ഈ മണ്ഡലം മുഴുവൻ പവമാനസോമനാണ് ദേവത. 24–25 വർഗ്ഗങ്ങൾ ആഗ്നേയമായ ആപ്രീസൂക്തംപോലെ സോമനെ ഉദ്ദേശിച്ച ആപ്രീസൂക്തമാണ്. സമിദ്ധൽ മുതലായ അഗ്നിരൂപങ്ങൾ സോമസംബന്ധിയായി പറയുന്നു. 36–37 വർഗ്ഗങ്ങൾ ശ്രാദ്ധത്തിൽ ജപത്തിന്ന് വിനിയോഗിക്കുന്നു. എട്ടാമധ്യായത്തിൽ പ്രത്യേകിച്ചൊന്നും പറയാനില്ല.

വർഗ്ഗം–1–2 ആംഗിരസോ നൃമേധഃ ഋഷിഃ, ഉഷ്ണിക്കകുപ്പുര ഉഷ്ണിഹശ്ഛന്ദാംസി, ഇന്ദ്രോംദേവതാ

1 ഇന്ദ്രായസാമഗായത

വിപ്രായബൃഹതേബൃഹൽ

ധർമ്മകൃതേവിപശ്ചിതേപനസ്യവേ

അന്വയം:—
(ഹേ ഉൽഗാതാരഃ)
വിപ്രായ — മേധാവിനേ
ബൃഹതേ, ധർമ്മ–കൃതേ — മഹതേ, കർമ്മകർത്രേ
വിപഃ–ചിതേ,
പനസ്യവേ — വിദുഷേ, സ്തുതിമിച്ഛതേ
ഇന്ദ്രായ ബൃഹൽ സാമ
ഗായത — ബൃഹന്നാമകം സാമ പഠത

അർത്ഥം—അല്ലയോ ഉൽഗാതാക്കളേ, (ഉൽഗാതാക്കൾ, യാഗത്തിൽ സാമംചൊല്ലുന്ന ഋത്വിക്കുകൾ) മേധാവിയും മഹാനും കർമ്മകർത്താവും വിദ്വാനും സ്തുതി ഇച്ഛിക്കുന്നവനുമായ ഇന്ദ്രന്നായി ബൃഹത്തെന്നു പേരായ സാമംചൊല്ലുക.

2 ത്വമിന്ദ്രാഭിഭൂരസി

ത്വംസൂര്യമരോചയഃ

വിശ്വകർമ്മാവിശ്വദേവോമഹാഅസി

അന്വയം:—
ഹേ ഇന്ദ്ര, ത്വം അഭി–ഭൂഃ
അസി — ശത്രൂണാമഭിഭവിതാസി
(കിഞ്ച) ത്വം സൂര്യം
അരോചയഃ — ആദിത്യം തേജോഭിരദീപയഃ
(കിഞ്ച) വിശ്വ–കർമ്മാ,
വിശ്വ–ദേവഃ — വിശ്വസ്യകർത്താ,
സർവ്വദേവശ്ചാസി
(അതഃ) മഹാൻ അസി — സർവ്വാധികോസി

അർത്ഥം—അല്ലയോ ഇന്ദ്ര, അവിടുന്നു ശത്രുക്കളെ കീഴടക്കുന്നവനാകുന്നു. സൂര്യനെ അവിടുന്നാണു് തേജസ്സുകളാൽ പ്രകാശിപ്പിച്ചതു്. പിന്നെ, അവിടുന്നു് എല്ലാററിന്നും കർത്താവാകുന്നു, എല്ലാ ദേവന്മാരും ചേർന്നവനാകുന്നു. അതിനാൽ എല്ലാററിന്നും മേലെയാകുന്നു.

3 വിഭ്രാജഞ്ജ്യോതിഷാസ്വർ

രഗച്ഛോരോചനന്ദിവഃ

ദേവാസ്തഇന്ദ്രസഖ്യായയേമിരേ

അന്വയം:—

ഹേ ഇന്ദ്ര, (ത്വം)
ജ്യോതിഷാ — തേജസാ
ദിവഃ രോചനം സ്വഃ — ആദിത്യസ്യ പ്രകാശകം,
അധികരണത്വേന സ്വഗ്ഗം
വി-ഭ്രാജൻ അഗച്ഛഃ — പ്രകാശയൻ പ്രാപ്നോഃ
(കിഞ്ച) ദേവാഃ തേ
സഖ്യായ — മിത്രത്വായ
യേമിരേ — സ്വം സ്വമാത്മാനം
നിയമിതവന്തഃ

അത്ഥം—അല്ലയോ ഇന്ദ്ര, അവിടുന്നു് ആദിത്യനെ പ്രകാശിപ്പിക്കുന്ന ഇരിപ്പിടമായ സ്വഗ്ഗത്തെ (ആദിത്യന്നു പ്രകാശപ്രദാനം ചെയ്യുന്ന സ്വഗ്ഗത്തെ) തെളിയിച്ചുകൊണ്ടാണെത്തിയതു്. പിന്നെ ദേവന്മാരവിടുത്തെ ചങ്ങാതത്തിന്നായി സ്വയം സ്വയമൊതുങ്ങിനിന്നു, അടങ്ങിപ്പാത്തു.

4 ഐന്ദ്രനോഗധിപ്രിയ

സത്രാജിദഗോഹ്യഃ

ഗിരിന്നവിശ്വതസ്പൃഥുഃപതിദ്ദിവഃ

അന്വയം:—

ഹേ ഇന്ദ്ര, പ്രിയഃ,
സത്രാ-ജിൽ — പ്രിയതമഃ, മഹതാം ജേതാ
അഗോഹ്യഃ — കേനാപിഗൂഹിതുമശക്യഃ
ഗിരിഃ ന വിശ്വതഃ പൃഥുഃ — പവ്വത ഇവ സവ്വതഃ പൃഥുതമഃ
ദിവഃ പതിഃ നഃ ആ
ഗധി — സ്വഗ്ഗസ്യേശ്വരസ്ത്വ
മസ്മാനാഗച്ഛ

അൎത്ഥം—അല്ലയോ ഇന്ദ്ര, ഉപാസിക്കുന്നവൎക്കു പ്രിയപ്പെട്ടവനും പെരിയവരെ ജയിക്കുന്നവനും ആരാലുമൊളിപ്പിയ്ക്കാൻ പററാത്തവനും സ്വൎഗ്ഗസ്വാമിയുമായ അവിടുന്നു ഞങ്ങളെ പ്രാപിച്ചാലും.

5 അഭിഹിസത്യസോമപാ
ഉഭേബഭ്രഥരോദസീ
ഇന്ദ്രാസിസുന്വതോവൃധഃപതിൎദ്ദിവഃ

അന്വയം:—

ഹേ സത്യ, സോമ–പാഃ,
ഇന്ദ്ര, — സത്യസ്വരൂപ,
സോമപാതരിന്ദ്ര,
(യസ്ത്വം) ഉഭേ രോദസീ
അഭി ബഭ്രഥ — ദ്യാവാപൃഥിവ്യാവഭിഭവസി
(സത്വം) സുന്വതഃ വൃധഃ
അസി — സോമാഭിഷവം കുൎവ്വതോ
യജമാനസ്യ വൎദ്ധകോ ഭവസി
ദിവഃ പതിഃ ഹി — സ്വൎഗ്ഗസ്യേശ്വര ഏവ ഭവസി

അൎത്ഥം—സത്യസ്വരൂപനും സോമപായിയുമായ ഇന്ദ്ര, ദ്യാവാപൃഥിവികൾ രണ്ടുപേരെയും കീഴടക്കുന്ന അവിടുന്നു് സോമം സംസ്കരിക്കുന്ന യജമാനനെ വളൎത്തുന്നവനാണു്. സ്വൎഗ്ഗത്തിന്നു സ്വാമിതന്നെയാണു്.

6 ത്വംഹിശശ്വതീനാ
മിന്ദ്രദൎത്താപുരാമസി
ഹന്താദസ്യോൎമ്മനോർവൃധഃപതിൎദ്ദിവഃ വ. 1

അന്വയം:–

ഹേ ഇന്ദ്ര, ത്വം
ശശ്വതീനാം പുരാം — ബഹ്വീനാം ശത്രുനഗരീണാം.
ദർത്താ അസി — ദാരയിതാ ഭവസി
ദസ്യോഃ ഹന്താ — ഉപക്ഷയിത്തുരസുരസ്യഘാതകോസി
മനോഃ വൃധഃ — യാഗാദികം കർവ്വതോ മനുഷ്യസ്യ വർദ്ധകോസി
ദിവഃ പതിഃ ഹി — സ്വർഗ്ഗസ്യേശ്വരഏവാസി

അർത്ഥം—അല്ലയോ ഇന്ദ്ര, അവിടുന്ന് എണ്ണമററ ശത്രുനഗരങ്ങളെ പിളക്കുന്നവനാകുന്നു. ദ്രോഹശീലനായ അസുരനെ കൊല്ലുന്നവനാകുന്നു. യാഗാദികർമ്മങ്ങൾ ചെയ്യുന്ന മനുഷ്യനെ വളർത്തുന്നവനാകുന്നു. സ്വർഗ്ഗത്തിന്നു സ്വാമിതന്നെയാകുന്നു.

7 അധാഹീന്ദ്രഗിർവ്വണ

ഉപത്വാകാമാന്മഹസ്സസൃജ്മഹേ

ഉദേവയന്തഉദഭിഃ

അന്വയം:–

ഹേ ഗിർവ്വണഃ, ഇന്ദ്ര, — സ്തുതിഭിർവ്വനനീയേന്ദ്ര,
അധ ഹി ത്വാ — സമ്പ്രതി ഹിത്വാം
ഉദാ–ഇവ യന്തഃ — ഗച്ഛന്തഃ
ഉദ–ഭിഃ — അഞ്ജലിനോൽക്ഷിപ്യോദകൈഃ സമീപസ്ഥാൻ ക്രീഡാർത്ഥം സംസൃജന്തി, തദ്വൽ
മഹഃ കാമാൻ ഉപ സസൃജ്മഹേ — മഹതഃ കമനീയാൻ സ്തോമാൻ ഉപസൃജാമഃ പ്രാപയാമഃ,

അർത്ഥം—സ്തോത്രങ്ങളാൽ പ്രാപ്യനായ ഇന്ദ്ര, വെള്ളത്തിലൂടെ നടക്കുന്നവർ കൈക്കുമ്പിളാൽ വെള്ളമെടുത്തു്, അരികത്തുള്ളവരുടെ മേൽ കളിയായി വിടുന്നപോലെ, മഹത്തുക്കളും കാമ്യങ്ങളുമായ സ്തോത്രങ്ങളെ അവിടുത്തെ അടുക്കലേയ്ക്കു വിടുന്നു.

8 വാർണ്ണത്വായവ്യാഭി
ർവ്വർദ്ധന്തിശൂരബ്രഹ്മാണി
വാവൃധ്വാംസഞ്ചിദദ്രിവോദിവേദിവേ

അന്വയം:—

| | |
|---|---|
| ഹേ അദ്രി-വഃ. ശൂര, | — വജ്രവൻ, ശൌര്യോപേതേന്ദ്ര, |
| വാഃ ന യവ്യാഭിഃ<br>വർദ്ധന്തി | — യഥോദകമുദകസ്ഥാനം, സമുദ്രം നദീഭിർവ്വർദ്ധയന്തി തഥാ |
| വവൃധ്വാംസം ത്വാ<br>ദിവേ-ദിവേ ബ്രഹ്മാണി<br>ചിൽ | പ്രവൃദ്ധം ത്വാമന്വഹം സ്തുതയശ്ച വർദ്ധയന്തി |

അർത്ഥം:-വജ്രവാനും ശൂരനുമായ ഇന്ദ്ര, ജലം ജലസ്ഥാനമായ സമുദ്രത്തെ നദികളാൽ വളർത്തുന്നപോലെ, വളർച്ചയുററ അവിടുത്തെ ദിവസംതോറും സ്തുതികൾ വളർത്തുന്നു.

9 യുഞ്ജന്തിഹരീഇഷിരസ്യഗാഥ
യോരൌരഥഉരുയുഗേ
ഇന്ദ്രവാഹാവചോയുജാ

അന്വയം:—

| | |
|---|---|
| ഇഷിരസ്യ | ഗമനശീലസ്യേന്ദ്രസ്യ |
| ഉരു-യുഗേ ഉരൌ രഥേ | മഹായുഗേ, മഹതിരഥേ |
| ഇന്ദ്ര-വാഹാ,<br>വചഃ-യുജാ ഹരീ | — ഇന്ദ്രസ്യ വാഹനഭൂതൌ വചനമാത്രേണ യുജ്യമാനാവശ്വൌ |
| (സ്തോതാരഃ) ഗാഥയാ<br>യുഞ്ജന്തി | - സ്തോത്രേണ യോജയന്തി |

അൎത്ഥം—യാഗാദി കൎമ്മങ്ങൾക്കു പോകുക ശീലമായ ഇന്ദ്രന്റെ, വലിയ നുകമുററ വലിയ തേരിൽ, അവിടുത്തെ വാഹനങ്ങളും, വാക്കുകൊണ്ടുതന്നെ പൂട്ടാവുന്നവയുമായ ഹരികളെന്ന കുതിരകളെ സ്തോതാക്കൾ സ്തോത്രത്താൽ പൂട്ടുന്നു.

10 ത്വന്നഇന്ദ്രാഭര
ഓജോനൃമ്ണംശതക്രതോവിചഷ്ണേ
ആവീരംപൃതനാഷഹം

അന്വയം:—

| | |
|---|---|
| ഹേ ശത-ക്രതോ, | |
| വി-ചഷ്ണേ, ഇന്ദ്ര, | ബഹുകൎമ്മൻ, വിദ്രഷ്ടരിന്ദ്ര, |
| ത്വം നഃ ഓജഃ നൃമ്ണം | |
| ആ ഭര | — അസ്മഭ്യം ബലം ധനഞ്ചാഹര |
| വീരം പൃതനാ—സഹം ആ | വിക്രാന്തം, സേനാമഭിഭവിതാരം ത്വാം ആ യാചാമഹേ |

അൎത്ഥം—ബഹുകൎമ്മാവും എല്ലാം കാണുന്നവനുമായ ഇന്ദ്ര, അവിടുന്നു ഞങ്ങൾക്കു ബലവും ധനവും കൊണ്ടുതന്നാലും. വിക്രമിയും സേനകളെ ജയിക്കുന്നവനുമായ അവിടുത്തോട് (അഭീഷ്ടങ്ങൾ) നേരെ യാചിക്കുന്നു.

11 ത്വംഹിനഃപിതാവസോ
ത്വംമാതാശതക്രതോബഭൂവിഥ
അധാതേസുമ്നമീമഹേ

അന്വയം:—

| | |
|---|---|
| ഹേ വസോ, ശത—<br>ക്രതോ, | വാസയിതഃ ബഹുകൎമ്മന്നിന്ദ്ര, |
| ത്വം നഃ പിതാ ഹി<br>ബഭൂവിഥ | പിതൃവൽ പാലക ഏവ ഭവ |

ത്വം മാതാ — മാതൃവദ്ധാരകശ്ചഭവ
അധ തേ സുമ്നം ഈമഹേ — അഥവയം തവസ്വഭൂതം സുഖം യാചാമഹേ

അർത്ഥം—ഏവരെയും അതാതിടത്തു വസിപ്പിക്കുന്നവനും ബഹുകർമ്മാവുമായ ഇന്ദ്ര, അവിടുന്നു ഞങ്ങൾക്കച്ഛനാകുന്നു. (അച്ഛനെന്നപോലെ രക്ഷകനാകുന്നു.) അവിടുന്നമ്മയാകുന്നു. (അമ്മപോലെ ഞങ്ങളെ താങ്ങുന്നവനാകുന്നു.) പിന്നെ ഞങ്ങൾ അവിടേയ്ക്കു സ്വന്തപ്പെട്ട സുഖം യാചിക്കുന്നു.

12 ത്വാംശുഷ്മിൻപുരുഹൂത

വാജയന്തമുപബ്രുവേശതക്രതോ

സനോരാസ്വസുവീര്യം വ. 2

അന്വയം:—

ഹേ ശുഷ്മിൻ, പുരു-ഹൂത,
ശത-ക്രതോഃ, — ബലവൻ, ബഹുഭിരാഹൂത, ബഹുകർമ്മന്നിന്ദ്ര,
വാജ-യന്തം ത്വാം ഉപ ബ്രുവേ — ബലമിച്ഛന്തം ത്വാമുപസ്തൗമി
സഃ (ത്വം) നഃ സു-വീര്യം രാസ്വ — അസ്മഭ്യം ധനം ദേഹി

അർത്ഥം—ബലവാനും വളരെ യജമാനന്മാരാൽ വിളിക്കപ്പെട്ടവനും ബഹുകർമ്മാവുമായ ഇന്ദ്ര, ബലമിഷ്ടപ്പെടുന്ന അവിടത്തെ ഞാനണഞ്ഞു സ്തുതിക്കുന്നു. ആ അവിടുന്നു ഞങ്ങൾക്കു ധനം (ബലം) തന്നാലും.

വർഗ്ഗം—3 ബൃഹതീസതോബൃഹത്യൗഛന്ദസീ

1 ത്വാമിദാഹ്യോന

രോപ്വീപ്യൻവജ്രിൻഭൂർണ്ണയഃ

സഇന്ദ്രസ്തോമവാഹസാമിഹശ്രു

ധ്യുപസ്വസരമാഗഹി

അന്വയം:—

ഹേ വജ്രിൻ, ഇന്ദ്ര, വജ്രവന്നിന്ദ്ര,
(യം) ത്വാം ഭൂർണ്ണയഃ നരഃ — ഹവിർഭിർഭരണശീലാനേതാരോ യജമാനാഃ
ഇദാ ഹ്യഃ അപീപ്യൻ ഇദാനീംഹ്യശ്ച സോമമപായയൻ
സഃ (ത്വം)
സ്തോമ–വാഹസാം — സ്തോത്രവാഹകാനാമസ്മാകം സ്തോത്രം
ഇഹ ശ്രുധി — അസ്മിൻ യജ്ഞേ ശൃണു
സ്വസരം ഉപ ആ ഗഹി ഗൃഹമുപാഗച്ഛ

അർത്ഥം–അല്ലയോ വജ്രവാനായ ഇന്ദ്ര, യാതൊരവിടത്തെ, ഹവിസ്സേന്തുന്ന കർമ്മനേതാക്കളായ യജമാനന്മാർ ഇപ്പോഴും മുമ്പും സോമം കുടിപ്പിച്ചുവോ, ആ അവിടുന്ന് സ്തോത്രവാഹകന്മാരായ ഞങ്ങളുടെ സ്തുതിയെ ഈ യജ്ഞത്തിൽ കേട്ടാലും. ഞങ്ങളുടെ ഗൃഹത്തിൽ വന്നുചേർന്നാലും.

2 മത്സ്വാസുശിപ്രഹരിവസ്തദീമഹേ
ത്വേആഭൂഷന്തിവേധസഃ
തവശ്രവാംസ്യുപമാന്യുക്ഥ്യാ
സുതേഷ്വിന്ദ്രഗിർവ്വണഃ

അന്വയം:—

ഹേ സു–ശിപ്ര, ഹരി–വഃ,
ഗിർവ്വണഃ, ഇന്ദ്ര, — ശോഭനഹനോ, അശ്വവൻ, ഗീർഭിർവ്വനനീയേന്ദ്ര,
ത്വേ വേധസഃ ആ
ഭൂഷന്തി — ത്വയിപരിചാരകാ ആഭവന്തി
മത്സ്വ — സോമേനാത്മാനം മോദയ
(കിഞ്ച) തൽ ഈമഹേ — തന്ത്വാം യാചാമഹേ

| | |
|---|---|
| സുതേഷു തവ ശ്രവാംസി | — സോമേഷ്വഭിഷുതേഷു സത്സു തവ അന്നാനി |
| ഉപ-മാനി ഉക്‌ഥ്യാ | — ഉപമാനഭൃതാനി പ്രശസ്യാനി സന്തു ഇതി |

അർത്ഥം—നല്ല താടിയെല്ലോത്തവനും ഹരികളെന്ന കുതിരകളോടുകൂടിയവനും സ്തുതികളാൽ ഭജനീയനുമായ ഇന്ദ്ര, അവിടുത്തേയ്ക്കു ചുറ്റും പരിചാരകന്മാരുണ്ട്. സോമത്താൽ സ്വയം മോദിച്ചാലും. പിന്നെ സോമങ്ങൾ സംസ്കരിക്കപ്പെടവേ, അവിടേയ്ക്കുള്ള അന്നങ്ങൾ, ഹവിസ്സുകൾ മാതൃകാഭൃതങ്ങളും സ്തുത്യങ്ങളുമാവട്ടേ എന്ന് അവിടുത്തോടു യാചിക്കുന്നു, പ്രാർത്ഥിക്കുന്നു.

3 ശ്രായ॑ന്തഇവ॒സൂര്യ॒ം

വിശ്വേദിന്ദ്ര॑സ്യഭക്ഷത

വസൂ॑നിജാ॒തേജന॑മാന॒ഓജ॑സാ॒

പ്രതിഭാ॒ഗന്നദീ॑ധിമ

അന്വയം:—

| | |
|---|---|
| (ഹേ അസ്മദീയാ ജനാഃ,) | |
| ശ്രായന്തഃ - ഇവ സൂര്യം | — യഥാസമാശ്രിതാരശ്മയസ്സൂര്യം ഭജന്തേ, തഥാ |
| ഇന്ദ്രസ്യ വിശ്വാ ഇൽ ഭക്ഷത | — വിശ്വാനി, സർവ്വാണ്യേവ ധനാനി ഭജത |
| (സ ച യാനി) വസൂനി ജാതേ, ജനമാനേ | ധനാന്യുല്പന്നേ, ജനിഷ്യമാണേ |
| ഓജസാ | — ബലേന കരോതി |
| ഭാഗം ന പ്രതി ദീധിമ | പിത്ര്യം ഭാഗമിവതാനി ധനാനി പ്രതിധാരയാമ |

അർത്ഥം—അല്ലയോ കൂട്ടുകാരേ, ആശ്രയിക്കുന്ന രശ്മികൾ സൂര്യനെ ഭജിക്കുന്നപോലെ ഇന്ദ്രന്റെ എല്ലാ ധനങ്ങളെയും

തന്നെ ഭജിക്കുക, പ്രാപിക്കുക. അവിടുന്നു ധനങ്ങളേവയെ, ജനിച്ചവനിലും ജനിക്കാൻ പോകുന്നവനിലും ബലത്തോടുകൂടി ഉണ്ടാക്കുന്നുവോ, ആ ധനങ്ങളെ അച്ഛന്റെ മുതലിന്റെ ഭാഗം പോലെ നാം നേടാവൂ.

4 അനശ്രാതിംവസുദാമുപസ്തുഹി

ഭദ്രാഇന്ദ്രസ്യരാതയഃ

സോഅസ്യകാമംവിധതോനരോഷതി

മനോദാനായചോദയൻ

അന്വയം:—

(ഹേ സ്തോതഃ,)
അനശ്_രാതിം — അപാപകസ്യദാതാരം
വസു_ദാം ഉപ സ്തുഹി — ധനദാതാരമിന്ദ്രം സ്തുഹി
(യതഃ) ഇന്ദ്രസ്യ രാതയഃ
ഭദ്രാഃ — ദാനാനി കല്യാണാനി, മഹദൈശ്വര്യകാരീണി
(യതശ്ച) സഃ മനഃ
ദാനായ ചോദയൻ — അഭീഷ്ടപ്രദാനായ പ്രേരയൻ
വിധതഃ അസ്യ കാമം ന
രോഷതി — പരിചരത സ്തോതുരിച്ഛാം ന ഹിനസ്തി

അർത്ഥം—അല്ലയോ സ്തോതാവേ, പാപമില്ലാത്തവനു ദാനംകൊടുക്കുന്നവനും ഐശ്വര്യദാതാവുമായ ഇന്ദ്രനെ അണഞ്ഞു സ്തുതിക്കുക. കാരണം, ഇന്ദ്രന്റെ ദാനങ്ങൾ ശുഭങ്ങളാണ്, മഹത്തായ സമൃദ്ധി ഉണ്ടാക്കുന്നവയാണ് മാത്രമല്ല, അവിടുന്ന് മനസ്സിനെ അഭീഷ്ടദാനത്തിന്നായി പ്രേരിപ്പിച്ചുകൊണ്ടു തന്നെ, പരിചരിക്കുന്ന സ്തോതാവിന്റെ ഇച്ഛയെ ഒരിക്കലും കെടുത്തുന്നില്ല.

5 ത്വമിന്ദ്രപ്രതൂർത്തി
ഷ്വഭിവിശ്വാഅസിസ്പൃധഃ
അശസ്തിഹാജനിതാവിശ്വതൂരസി
ത്വന്തൂര്യതരുഷ്യതഃ

അന്വയം:–

| | | |
|---|---|---|
| ഹേ തൂര്യ, ഇന്ദ്ര, ത്വം | — | ശത്രൂണാം ബാധകേന്ദ്ര, ത്വം |
| പ്ര–തൂർത്തിഷു വിശ്വാഃ | | |
| സ്പൃധഃ അഭി അസി | — | സങ്ഗ്രാമേഷു സർവ്വാശ്ശത്രു സേനാ അഭിഭവസി |
| (കിഞ്ച) ത്വം | | |
| അശസ്തി–ഹാ അസി | | ദൈവ്യാനാമശസ്തീനാം ഹന്താ ഭവസി |
| ജനിതാ | — | അസുരേഭ്യോശസ്തീനാം ജനയിതാസി |
| വിശ്വ–തൂഃ | | സർവ്വസ്യ ശത്രുവർഗ്ഗസ്യ ഹിംസിതാസി |
| തരുഷ്യതഃ | — | ബാധകാൻ ബാധമാനശ്ചാസി |

അർത്ഥം–അല്ലയോ ശത്രുബാധകനായ ഇന്ദ്ര, അവിടുന്നു യുദ്ധങ്ങളിൽ എല്ലാ ശത്രുസേനകളെയും കീഴടക്കുന്നു. ദേവനിർമ്മിതങ്ങളായ അശുഭങ്ങളെ ഹനിക്കുന്നവനാകുന്നു. അസുരന്മാർക്ക് അശുഭങ്ങളുളവാക്കുന്നവനാകുന്നു. എല്ലാ ശത്രുവർഗ്ഗങ്ങളെയും അമർക്കുന്നവനാകുന്നു. ഇങ്ങോട്ടു ബാധിക്കുന്നവരെ അങ്ങോട്ടു ബാധിക്കുന്നവനുമാകുന്നു.

6 അനുതേശുഷ്മന്തുരയന്തമീയതുഃ
ക്ഷോണീശിശുന്നമാതരാ
വിശ്വാസ്തേസ്പൃധശ്ശ്നഥയന്തമന്യവേ
വൃത്രംയദിന്ദ്രതൂർവ്വസി

അന്വയം:—

| | |
|---|---|
| ഹേ ഇന്ദ്ര, തേ ശുഷ്മം | |
| തുരയന്തം | തവബലം ഹിംസന്തം ശത്രും |
| ക്ഷോണീ മാതരാ | |
| ശിശും ന — | ദ്യാവാപൃഥിവ്യൌ മാതരൌ ശിശുമിവ |
| അനു ഈയതുഃ | അനുഗച്ഛതഃ (ഗമനമാത്രേ ദൃഷ്ടാന്തഃ) |
| (ത്വം) യൽ വൃത്രം | |
| തൂർവ്വസി | ശത്രും ഹംസി |
| (അതഃ) തേ മന്യവേ | തവ ക്രോധായ |
| വിശ്വാഃ സ്പൃധഃ ശ്നഥയന്ത— | സങ്ഗ്രാമകാരിണ്യസ്സേനാഃ ശ്നഥിതാഃ ഖിന്നാഭവന്തി |

അർത്ഥം—അല്ലയോ ഇന്ദ്ര, അവിടുത്തെ ബലത്തെ എതിർക്കുന്ന ശത്രുവിനെ, അമ്മമാർ കുട്ടിയെ എന്നപോലെ ദ്യാവാപൃഥിവികൾ അനുഗമിക്കുന്നു. (ഉപമ ഗമനത്തിന്നുമാത്രം) അവിടുന്നു ശത്രുവിനെ ഹിംസിക്കുന്നു. അക്കാരണത്താൽ അവിടുത്തെ ക്രോധത്തിന്നു മുമ്പിൽ യുദ്ധകാരിണികളായ സേനകളെല്ലാം ക്ഷീണിക്കുന്നു, അല്ലലേൽക്കുന്നു.

7 ഇതഊതീവോഅജരം

പ്രഹേതാരമപ്രഹിതം

ആശുഞ്ജേതാരംഹേതാരംരഥീതമ

മതൂർത്തന്തുഗ്ര്യാവൃധം

അന്വയം:—

| | |
|---|---|
| (ഹേ അസ്മദീയാ ജനാഃ) വഃ — | യൂയം |
| അജരം പ്ര—ഹേതാരം — | ജരാരഹിതം, ശത്രൂണാം പ്രേരകം |
| അപ്ര—ഹിതം, ആശും — | കേനാപ്യപ്രേഷിതം, വേഗവന്തം |

| | |
|---|---|
| ജേതാരം, ഹേതാരം | ശത്രുഞ്ജയം, ഗന്താരം |
| രഥി-തമം, അസ്തൃതം | രഥിനാം ശ്രേഷ്ഠം, കേനാപ്യഹിംസിതം |
| തുഗ്ര്യ-വൃധം | ഉദകസ്യവർദ്ധയിതാരമിന്ദ്രം |
| ഊതീ ഇതഃ | ഊത്യൈ, രക്ഷണായേതഃ കുരുത, പുരസ്കുരുത |

അർത്ഥം—അല്ലയോ കൂട്ടുകാരേ, ജരബാധിക്കാത്തവനും ശത്രുക്കളെ പിന്തിരിപ്പിക്കുന്നവനും (അല്ലെങ്കിൽ യുദ്ധത്തിന്നു പ്രേരിപ്പിക്കുന്നവനും) ആരാലും സ്വയം പ്രേരിപ്പിക്കപ്പെടാത്തവനും വേഗവാനും ശത്രുഞ്ജയനും ഗമനശീലനും തേരാളികളിൽ മുന്തിയവനും ആരാലും ഹിംസിക്കപ്പെടാത്തവനും ജലം വർദ്ധിപ്പിക്കുന്നവനുമായ ഇന്ദ്രനെ രക്ഷക്കായി നിങ്ങൾ ഇവിടെ വരുത്തുക, മുമ്പിൽ വരുത്തുക.

8 ഇഷ്കർത്താരമനിഷ്കൃതംസഹസ്കൃതം
ശതമൂതിംശതക്രതും
സമാനമിന്ദ്രമവസേഹവാമഹേ
വസവാനംവസൂജുവം വ. 3

അന്വയം:—

| | |
|---|---|
| ഇഷ്കർത്താരം | ശത്രൂണാം സംസ്കർത്താരം |
| അനിഃ-കൃതം | സ്വയമന്യൈരസംസ്കൃതം |
| സഹഃ-കൃതം | ബലേനകൃതം |
| ശതം-ഊതിം, ശത-ക്രതും | ബഹുരക്ഷണം, ബഹുകർമ്മാണം |
| സമാനം, വസവാനം | ബഹൂനാം സാധാരണം, ധനാന്യാച്ഛാദയന്തം |
| വസു-ജുവം | യജമാനേഭ്യോവസൂനാം പ്രേരയിതാരം |
| ഇന്ദ്രം അവസേ ഹവാമഹേ | രക്ഷണായാഹ്വയാമഃ |

അൎത്ഥം—ശത്രുക്കളെ മാനസാന്തരപ്പെടുത്തുന്നവനും സ്വയമാരാലും മാററപ്പെടാത്തവനും ബലത്താലുണ്ടാക്കപ്പെട്ടവനും വളരെ രക്ഷകളൊത്തവനും വളരെ കൎമ്മങ്ങളുററവനും എല്ലാവൎക്കുമൊരുപോലെയുള്ളവനും ധനങ്ങൾ മറയ്ക്കുന്നവനും യജമാനന്മാൎക്ക് ധനങ്ങളെത്തിക്കുന്നവനുമായ ഇന്ദ്രനെ രക്ഷയ്ക്കായി വിളിക്കുന്നു.

വൎഗ്ഗം—4_5. ഭാൎഗ്ഗവോനേമഃ ഇന്ദ്രശ്ചൎഷീ ത്രിഷ്ടുബ്ജഗത്യനുഷ്ടുഭശ്ഛന്ദാംസി, ഇന്ദ്രഃ, സുപൎണ്ണഃ, വജ്രം വാക് ച ദേവതാ.

1 അയന്തഏമിതന്വാപുരസ്താ
ദ്വിശ്വേദേവാഅഭിമായന്തിപശ്ചാൽ
യദാമഹ്യന്ദീധരോഭാഗമി
ന്ദ്രാദിന്മയാകൃണവോവീൎയ്യാണി

അന്വയം:—

| | |
|---|---|
| ഹേ ഇന്ദ്ര, തേ പുരസ്താൽ | തവാഗ്രതഃ |
| തന്വാ അയം (അഹം) | |
| ഏമി | – പുത്രേണ സഹാഹം ശത്രൂനഭിഭവിതും ഗച്ഛാമി |
| (തവാഗ്രതോഗച്ഛന്തം) | |
| മാ വിശ്വേ ദേവാഃ | — മാം സൎവ്വേ ദേവാഃ |
| (ത്വയാ സഹ) പശ്ചാൽ | |
| അഭി യന്തി | അഭിഗച്ഛന്തി |
| യദാ മഹ്യം | – യദാത്വം ഭാൎഗ്ഗവായ നേമായ മഹ്യം |
| ഭാഗം ദീധരഃ | — ശത്രുഷു സ്ഥിതം ധനം ധാരയസി |
| ആൽ ഇൽ മയാ | — അനന്തരമേവമയാസഹ, മച്ഛത്രൂഞ്ജേതും |
| വീൎയ്യാണി കൃണവഃ | പൌരുഷാണി കുരു |

അർത്ഥം—അല്ലയോ ഇന്ദ്ര, അവിടത്തെ മുമ്പിൽ ഈ ഞാൻ പുത്രനോടുകൂടി ശത്രുക്കളെ ജയിക്കാനായി വരുന്നു. അവിടത്തെ മുമ്പിൽ വരുന്ന എന്നെ എല്ലാ ദേവന്മാരും അവിടത്തോടുകൂടി പിന്തുടരുന്നു. ഭാർഗ്ഗവഗോത്രത്തിൽപ്പെട്ട നേമനായ എനിക്കുവേണ്ടി ശത്രുക്കളിലുള്ള ധനമവിടുന്നു കയ്യടക്കുമ്പോൾ, എന്നോടൊത്തു ശത്രുക്കളെ ജയിക്കാൻ സ്വവീര്യങ്ങൾ കാട്ടിയാലും, പ്രയോഗിച്ചാലും.

2 ദധാമിതേമധുനോഭക്ഷമഗ്രേ

ഹിതസ്തേഭാഗസ്സുതോഅസ്തുസോമഃ

അസശ്ചത്വന്ദക്ഷിണതസ്സഖാ

മേധാവൃത്രാണിജങ്ഘനാവഭൂരി

അന്വയം:—

| | |
|---|---|
| (ഹേ ഇന്ദ്ര,) തേ മധുനഃ | — തുഭ്യം മാദകസ്യ സോമസ്യ |
| ഭക്ഷം അഗ്രേ ദധാമി | — പ്രഥമം ധാരയാമി |
| സുതഃ ഭാഗഃ സോമഃ | — അഭിഷുതോ ഭജനീയസ്സോമഃ |
| തേ ഹിതഃ ച അസ്തു | ഹൃദയേ നിഹിതശ്ചാസ്തു |
| (അപിച) ത്വം മേ | |
| ദക്ഷിണതഃ | ദക്ഷിണപാർശ്വേ |
| സഖാ അസഃ | മിത്രസ്സൻ ഭവ |
| അധ ഭൂരി വൃത്രാണി | അഥ ബഹൂനസ്മദീയാഞ്ഛത്രൂൻ |
| ജങ്ഘനാവ | ത്വമഹഞ്ചോഭൌ ആവാംഹന്വഃ |

അർത്ഥം—അല്ലയോ ഇന്ദ്ര, അവിടേയ്ക്കു ഹർഷകരമായ സോമത്തിന്റെ ഭക്ഷണം ഒന്നാമതായൊരുക്കുന്നു. സംസ്കരിച്ച, ഭജനീയമായ സോമം അവിടത്തെ ഹൃദയത്തിൽ നിക്ഷിപ്തമാകയും ചെയ്യട്ടേ. പിന്നെ, അവിടുന്നു് എന്റെ വലതുഭാഗത്തു് ചങ്ങാതിയായി ഭവിച്ചാലും. അനന്തരം നമ്മുടെ ശത്രുക്കളെ മുഴുവൻ, അവിടുന്നും ഞാനുംകൂടി, നമുക്കു കൊല്ലാം.

3 പ്രസുസ്തോമംഭരതവാജയന്ത

ഇന്ദ്രായസത്യംയദിസത്യമസ്തി

നേന്ദ്രോഅസ്തീതിനേമഉത്വആഹ

കഈംദദശ്കമഭിഷ്ടവാമ

അന്വയം:—

| | | |
|---|---|---|
| (ഹേ ജനാഃ,) വാജ-യന്തഃ | — | സങ്ഗ്രാമമിച്ഛന്തോ യൂയം |
| (ഇന്ദ്രോസ്തീതി) യദി | | |
| സത്യം അസ്തി | | യാഥാത്ഥ്യമസ്തി, |
| ഇന്ദ്രായ സത്യം സ്തോമം | — | സത്യഭൃതം സ്തോത്രം |
| സു പ്ര ഭരത | | സുഷ്ഠുപ്രകർഷേണ സമ്പാദയത |
| നേമഃ ഉ | — | ഭാർഗ്ഗവോനേമസ്തു |
| ഇന്ദ്രഃ ത്വഃ ന അസ്തി | | |
| ഇതി ആഹ | — | ഇന്ദ്രോനാമ ന കശ്ചിദസ്തീത്യാഹ |
| കഃ ഈം ദദശ്? | | ഏനം കഃ അദ്രാക്ഷീൽ? |
| കം അഭി സ്തവാമ? | — | കം വയമഭിഷ്ടുമഃ? |

അത്ഥം—അല്ലയോ ജനങ്ങളേ, യുദ്ധമിച്ഛിക്കുന്ന നിങ്ങൾ ഇന്ദ്രനുണ്ടെന്നതു സത്യമാണെങ്കിൽ ഇന്ദ്രന്നായി സത്യഭൃതമായ സ്തോത്രം നന്നായി വേണ്ടപോലെ എത്തിക്കുക. ഭാഗ്ഗവനായ നേമനാകട്ടേ, ഇന്ദ്രൻ എന്നു പേരായി ആരുമില്ലെന്നു പറയുന്നു. അവിടുത്തെ ആരാണു കണ്ടിട്ടുള്ളതു്? ആരെയാണു നാം സ്തുതിക്കുന്നതു്?

4 അയമസ്മിജരിതഃപശ്യമേഹ

വിശ്വാജാതാന്യഭ്യസ്മിമഹ്നാ

ഋതസ്യമാപ്രദിശോവദ്ധ്യ

ന്ത്യാദദ്ദിരോഭുവനാദദ്ദരീമി

അന്വയം:—

(ഏവം നേമസ്യഷേർവ്വചനമാകർണ്യ ഇന്ദ്രസ്തസ്യ സമീപമാജഗാമ)

| | |
|---|---|
| ഹേ ജരിതഃ, അയം | സ്തോതഃ, ഇന്ദ്രോഹമസ്മി |
| (അഹം) അസ്മി | |
| ഇഹ മാ പശ്യ | — ഇഹസ്ഥിതം മാം പശ്യ |
| വിശ്വാ ജാതാനി | — സർവ്വാണി ഭുവനാനി |
| മഹ്നാ അഭി അസ്മി | — മഹത്വേനാഭിഭവാമി |
| (കിഞ്ച) മാ ഋതസ്യ | |
| പ്ര-ദിശഃ | സത്യസ്യ പ്രദേഷ്ടാരഃ,<br>വിദ്വാംസഃ |
| (സ്തോത്രൈഃ) വർദ്ധയന്തി | |
| (അപിച) ആ-ദർദ്ദിരഃ | ആദരണശീലോഹം |
| ഭുവനാ ദർദ്ദരീമി | ഭൃശം വിദാരയാമി |

അർത്ഥം—(ഇപ്രകാരം നേമന്റെ വാക്കുകേട്ട് ഇന്ദ്രൻ ഋഷിയുടെ സമീപമെത്തി.) അല്ലയോ സ്തോതാവേ, ഞാനിതാ ഇന്ദ്രനാണ്. ഇവിടെ നിൽക്കുന്ന എന്നെ കണ്ടാലും. എല്ലാ ഭുവനങ്ങളെയും ഞാൻ മഹത്വത്താൽ കീഴടക്കുന്നു. പിന്നെ, സത്യം നിർദ്ദേശിക്കുന്ന വിദ്വാന്മാർ സ്തോത്രങ്ങളാൽ എന്നെ വളർത്തുന്നു. സ്തോതാക്കളെ ആദരിക്കുന്ന ഞാൻ ശത്രുഭൂതന്മാരെയെല്ലാം തകർക്കുന്നു (അങ്ങ് ഉപാസകനാകകൊണ്ടാണ് വന്നത്.)

5 ആയന്മാവേനാഅരുഹന്നൃതസ്യ

ഏകമാസീനംഹര്യതസ്യപൃഷ്ഠേ

മനശ്ചിന്മേഹൃദആപ്രത്യവോച

അചിക്രദഞ്ഛിശുമന്തസ്സഖായഃ

അന്വയം:—

| | |
|---|---|
| യൽ ഋതസ്യ വേനാഃ | യദാ യേ യജ്ഞസ്യ, യജ്ഞം<br>കാമയമാനാഃ |
| ഹര്യതസ്യ പൃഷ്ഠേ<br>ആസീനം | — അന്തരിക്ഷസ്യപൃഷ്ഠേ<br>ഉപവിഷ്ടം |

| | |
|---|---|
| ഏകം മാ ആ അരുഹൻ | — മാമാരോഹയന്തി |
| (തദാനീം തേഷാം ഭവതാമാരോഹം) | |
| മനഃ ചിൽ മേ ഹൃദേ | മന ഏവ മമഹൃദയായ |
| പ്രതി അവോചൽ | അബ്രവീൽ, ആജ്ഞാസിഷം |
| (തദാഹ്വാനം) | |
| 'ശിശു-മന്തഃ | 'പുത്രയുക്താഃ |
| സഖായഃ ആ | |
| അചിക്രദൻ' | — പ്രിയാഃ അമീ മാംക്രന്ദന്തി' ഇതി |

അർത്ഥം—എപ്പോഃഴവർ യജ്ഞകാംക്ഷികളായി, അന്തരിക്ഷത്തിന്റെ മുകളിലിരിക്കുന്ന ഏകനായ എന്റെ അടുക്കൽ കയറിവരുന്നുവോ, (മനസ്സ് എങ്കലെത്തിക്കുന്നുവോ,) അപ്പോൾ മനസ്സുതന്നെ എന്റെ ഹൃദയത്തോടു പറഞ്ഞു, അറിയിച്ചു: (പറയുന്നു, അറിയിക്കുന്നു:) 'കുട്ടികളോടുകൂടിയ ചങ്ങാതികൾ എന്നെ നേരെ വിളിച്ചു നിലവിളിക്കുന്നു' എന്ന്.

6 വിശ്വേത്താതേസവനേഷുപ്രവാച്യാ
യാചകർത്ഥമഘവന്നിന്ദ്രസുന്വതേ
പാരാവതംയൽപുരുസംഭൃതംവ
സ്വപാവൃണോശ്ശരഭായഋഷിബന്ധവേ വ. 4

അന്വയം:—

(സ്വസമീപമാഗതമിന്ദ്രം ദൃഷ്ട്വാസന്തുഷ്ടഃ ഋഷിരിന്ദ്രസ്യ വിവിധാനി കർമ്മാണി, ദാനം ച സ്തൌതി)

| | |
|---|---|
| ഹേ മഘ-വൻ, ഇന്ദ്ര, | ധനവന്നിന്ദ്ര, ത്വം |
| സവനേഷു സുന്വതേ | — യജ്ഞേഷു സോമാഭിഷവ കുർവ്വതേ യജമാനായ |
| യാ ചകർത്ഥ | — യാനികർമ്മാണ്യകരോഃ |
| തേ താ പ്ര-വാച്യാ, | |
| വിശ്വാ ഇൽ | തവ താനി കർമ്മാണിപ്രവക്തവ്യാനി, അനന്താന്യേവ |

| | |
|---|---|
| (ക്രിഞ്ച ത്വം) പാരാവതം<br>യൽ വസു | – പരാവന്നാമകസ്യ കസ്യ<br>ചിച്ഛത്രോഃ സ്വഭൃതം<br>യദ്ധനമസ്തി, തൽ |
| ഋഷി–ബന്ധവേ<br>ശരഭായ | — ശരഭനാമ്ന ഋഷയേ |
| പുരു–സംഭൃതം | — യഥാ ബഹുസംഭൃതം, തഥാ |
| അപ-അവൃണോഃ | — അപവൃതവാനസി |

അൎത്ഥം—(സമീപമെത്തിയ ഇന്ദ്രനെകണ്ടു സന്തുഷ്ടനായ ഋഷി ഇന്ദ്രന്റെ വിവിധ കൎമ്മങ്ങളെയും ദാനത്തെയും പ്രശംസിയ്ക്കുന്നു.) അല്ലയോ ധനവാനായ ഇന്ദ്ര, അവിടുന്ന് യജ്ഞങ്ങളിൽ സോമം സംസ്കരിക്കുന്ന യജമാനന്നായി കൎമ്മങ്ങളേവ ചെയ്തുവോ, അവിടുത്തെ ആ കൎമ്മങ്ങൾ പ്രശംസാൎഹങ്ങളത്രേ, എണ്ണമററവ തന്നെയത്രേ. പിന്നെ, പരാവാനെന്ന ശത്രുവിന്ന് യാതൊരു മുതലുണ്ടോ അത് ഋഷിബന്ധുവായ ശരഭനെന്ന ഋഷിക്ക് ധാരാളമായി സംഭരിച്ചു വിട്ടുകൊടുത്തു.

7 പ്രന്നൂനന്ധാവതാപൃഥ

ങ്നേഹയോവോഅവാവരീൽ

നിഷീംവൃത്രസ്യമൎമ്മണി

വജ്രമിന്ദ്രോഅപീപതൽ

അന്വയം:—

| | |
|---|---|
| യഃ നൂനം പ്ര ധാവത | യശ്ശത്രുരിദാനീം പ്രധാവതി |
| (യഃ) ഇഹ പൃഥക് | — പൃഥക് തിഷ്ഠതി |
| (യഃ) വഃ ന അവാവരീൽ | യുഷ്മാൻ ന വിവാരയതി |
| സീം വൃത്രസ്യ മൎമ്മണി | തസ്യ ശത്രോൎമ്മൎമ്മസ്ഥാനേ |
| ഇന്ദ്രഃ വജ്രം നി<br>അപീപതൽ | നിതരാമപാതയൽ |

അൎത്ഥം—ഏതുശത്രു ഇപ്പോൾ ഓടിപ്പോകുന്നുവോ, ഏവൻ ഇവിടെ ഒററയ്ക്കുനില്ക്കുന്നുവോ, ഏവൻ നിങ്ങളെ വിടുന്നില്ലയോ, ആ ശത്രുവിന്റെ മൎമ്മത്തിൽ ഇന്ദ്രൻ വജ്രായുധം ആഴ്ത്തി.

8 മനോജവാഅയമാന
ആയസീമതരൽപുരം
ദിവംസുപൎണ്ണോഗത്വായ
സോമംവജ്രിണആഭരൽ

അന്വയം:–

| | |
|---|---|
| മനഃ–ജവാഃ സു–പൎണ്ണഃ<br>അയമാനഃ ആയസീം | മനോവേഗോഗരുത്മാൻ |
| പുരം അതരൽ | ഗച്ഛൻ സൻ ഹിരണ്മയീന്നഗരീമതാരീൽ |
| (തതഃ) ദിവം ഗത്വായ | സ്വൎഗ്ഗം ഗത്വാ |
| വജ്രിണേ സോമം ആ<br>അഭരൽ | ഇന്ദ്രായ സോമമാഹരച്ച |

അൎത്ഥം–മനസ്സിന്റെ വേഗമൊത്ത ഗരുഡൻ ഗമിയ്ക്കുന്നവനായി, സ്വൎണ്ണമയമായനഗരത്തെ കടന്നു. സ്വൎഗ്ഗത്തിൽപോയി വജ്രായുധനായ ഇന്ദ്രനുവേണ്ടി സോമം കൊണ്ടുവന്നു.

9 സമുദ്രേഅന്തശ്ശയത
ഉദ്നാവജ്രോഅഭീവൃതഃ
ഭരന്ത്യസ്മൈസംയതഃ
പുരഃപ്രസ്രവണാബലിം

അന്വയം:–

| | |
|---|---|
| (യഃ) വജ്രഃ സമുദ്രേ<br>അന്തഃ ശയതേ | സമുദ്രമധ്യേ ശയതേ |
| (യശ്ച) ഉദ്നാ<br>അഭി–വൃതഃ | ഉദകേന പരിവൃതഃ |
| അസ്മൈ സം–യതഃ | വജ്രായ, സങ്ഗ്രാമസ്യ |

| | |
|---|---|
| പുരഃ-പ്രസ്രവണാഃ | — പുരസ്താൽ ഗച്ഛന്തശ്ശത്രവഃ |
| ബലിം ഭരന്തി | — ഉപഹാരം ധാരയന്തി, തസ്യ ഛേദ്യാ ഭവന്തി |

അൎത്ഥം—യാതൊരു വജ്രം സമുദ്രമദ്ധ്യത്തിൽ കിടക്കുന്നുവോ, യാതൊന്നു ജലത്താൽ ചുററപ്പെട്ടതാണോ, ആ വജ്രത്തിന്നു് പടക്കളത്തിന്റെ മുമ്പിൽ നിൽക്കുന്ന ശത്രുക്കൾ ബലിയായിത്തീരുന്നു, അതിനാൽ ഛേദിക്കപ്പെടുന്നു.

10 യദ്വാഗ്വദന്ത്യവിചേതനാനി
രാഷ്ട്രീദേവാനാന്നിഷസാദമന്ദ്രാ
ചതസ്രഊൎജ്ജന്ദുദുഹേപയാംസി
ക്വസ്വിദസ്യാഃപരമഞ്ജഗാമ

അന്വയം:—

| | |
|---|---|
| രാഷ്ട്രീ | — രാജനശീലാ |
| ദേവാനാം മന്ദ്രാ വാക് | — മാദയിത്രീവാക് |
| യൽ അവി–ചേതനാനി | — യദാ അവിജ്ഞാതാൎത്ഥാൻ |
| വദന്തീ നി_സസാദ | — പ്രജ്ഞാപയന്തീ യജ്ഞേ നിഷീദതി |
| (തദാ) ചതസ്രഃ | — ചതസ്രോദിശഃ പ്രതി |
| ഊൎജ്ജം പയാംസി | |
| ദുദുഹേ | — അന്നം തൽ കാരണഭൂതാന്യുദകാനി ച ദുഗ്ധവതീ |
| അസ്യാഃ പരമം (യൽ) | — മാദ്ധ്യമികായാ വാചഃ യൽ ശ്രേഷ്ഠം തൽ |
| ക്വ സ്വിൽ ജഗാമ? | — ക്വ ഗച്ഛതി? ന ദൃശ്യതേ |

അൎത്ഥം—പ്രകാശവതിയായി, ദേവന്മാക്കു് ഹൎഷകാരിണിയായിരിക്കുന്ന വാക്കു് എപ്പോളവിജ്ഞാതാൎത്ഥങ്ങളെ (സാധാരണതയാൽ മനസ്സിലാകാത്ത അൎത്ഥങ്ങളെ) ബോധിപ്പിച്ചുകൊണ്ടു് യജ്ഞത്തിൽ സ്ഥിതിചെയ്യുന്നുവോ, അപ്പോൾ

ആ വാക്ക് നാലുപാടുമന്നത്തെയും (ഐശ്വര്യത്തെയും) തൽക്കാരണഭൂതമായ ഉദകത്തെയും (വിശ്വാസത്തെയും) ചുരത്തിക്കൊണ്ടിരിക്കുന്നു. എന്നാൽ ഈ മദ്ധ്യമികയായ വാക്കിന്റെ തനതായ ഉൽകൃഷ്ടരൂപം എവിടെപ്പോയിരിക്കുന്നു? എങ്ങും കാണുന്നില്ല. (നാലുവിധം വാക്കുകളിൽ നാലാമത്തേതായ വൈഖരി മാത്രമേ മനുഷ്യക്കു മനസ്സിലാവൂ. മററു മൂന്നുവിധം വാക്കുകൾ യജ്ഞാദി സൽക്കർമ്മങ്ങളിൽ പ്രത്യക്ഷപ്പെടുന്നു എന്നുമാത്രം.)

11 ദേവീംവാചമജനയന്തദേവാ

സ്താംവിശ്വരൂപാഃപശവോവദന്തി

സാനോമന്ദ്രേഷമൂർജ്ജന്ദുഹാനാ

ധേനുവ്വാഗസ്മാനുപസുഷ്ടുതൈതു

അന്വയം:—

| | | |
|---|---|---|
| ദേവീം വാചം | — | ദ്യോതമാനാം മാധ്യമികാം വാചം |
| ദേവാഃ അജനയന്ത | — | മാധ്യമികാദേവാജനയന്തി |
| താം വിശ്വ–രൂപാഃ | — | താം വാചം സർവ്വരൂപാഃ, വ്യക്താവ്യക്തരൂപാഃ |
| പശവഃ വദന്തി | — | ജന്തവോവദന്തി |
| സാ വാക് മന്ദ്രാ | — | മദനാ, ഹർഷയിത്രീ |
| നഃ ഇഷം ഊർജ്ജം ദുഹാനാ | — | അന്നം പയോഘൃതാദിരൂപം രസം ക്ഷരന്തീ |
| ധേനുഃ, സു–സ്തുതാ | — | ധേനുഭൂതാ, അസ്മാഭിസ്തുതാ |
| അസ്മാൻ ഉപ ആ ഏതു | — | ഉപാഗച്ഛതു |

അർത്ഥം—ദ്യോതമാനയായ മാധ്യമികവാക്കിനെ അന്തരിക്ഷഗതരായ (മാധ്യമിക) ദേവന്മാരുൽപാദിപ്പിക്കുന്നു. ആ വാക്കിനെത്തന്നെയാണ് വ്യക്തവാക്കുകളും അവ്യക്തവാക്കുകളുമായ എല്ലാ പ്രാണികളുമുച്ചരിക്കുന്നത്. ആ വാക്ക് ഹർഷയിത്രിയായി അന്നത്തെയും പാൽ നെയ്യ് മുതലായ രസത്തെയും

ചുരത്തിക്കൊണ്ടു്, കറവപ്പശുവിൻെറ രൂപംപൂണ്ടു്, ഞങ്ങളാൽ സ്തുതിക്കപ്പെട്ടുകൊണ്ടു് ഞങ്ങളുടെ അടുത്തണയട്ടെ.

12 സഖേവിഷ്ണോവിതരംവിക്രമസ്വ

ദ്യൗർദ്ദേഹിലോകംവജ്രായവിഷ്കഭേ

ഹനാവവൃത്രംരിണചാവസിന്ധൂ

നിന്ദ്രസ്യയന്തുപ്രസവേവിസൃഷ്ടാഃ വ. 5

അന്വയം:—
(ഇന്ദ്രഃ വിഷ്ണും ബ്രൂതേ)
ഹേ സഖേ, വിഷ്ണോ,
(ത്വം) വി—തരം
വി ക്രമസ്വ — അത്യന്തം വിക്രമം കുരു
ഹേ ദ്യൗഃ (ത്വം) വജ്രായ
വി_ഷ്കഭേ — വിഷ്കംഭനായ
ലോകം ദേഹി — അവകാശം പ്രയച്ഛ
(ഹേ വിഷ്ണോ, ത്വഞ്ചാഹ
ഞ്ചോഭൗ, ആവാം)
വൃത്രം ഹനാവ — ഹന്വഃ
സിന്ധൂൻ രിണചാവ — നയാവഃ, ഗമയാവഃ
(താഃ) വി-സൃഷ്ടാഃ — വിമുക്താസ്സിന്ധവഃ
ഇന്ദ്രസ്യ പ്ര-സവേ യന്തു — ഇന്ദ്രസ്യ മമ പ്രേരണേ ഗച്ഛന്തു

അർത്ഥം:—(ഇന്ദ്രൻ വിഷ്ണുവിനോടു പറയുന്നു) അല്ലയോ സഖാവായ വിഷ്ണോ, അവിടുന്നു് കടന്ന വിക്രമം ചെയ്താലും. അല്ലയോ ദ്യോവേ, വജ്രത്തിന്നു പടരാനിടംകൊടുത്താലും. അല്ലയോ വിഷ്ണോ, അവിടുന്നും ഞാനും, നാം രണ്ടുപേരുംകൂടി, വൃത്രനെക്കൊല്ലുക. വിടുതികിട്ടിയ നദികൾ ഇന്ദ്രനായ എൻെറ പ്രേരണയിൽ വന്നുചേരട്ടെ. (വൃത്രവധത്തിന്നു് തനിച്ചു കഴിയാത്തതുകൊണ്ടു് ഇന്ദ്രൻ വിഷ്ണുവിൻെറ സഹായം തേടിയതായി ശൗനകൻ പറയുന്നു.)

വർഗ്ഗം–6–7–8 ഭാർഗ്ഗവോജമദഗ്നിഃ ഋഷിഃ, ബൃഹതീസതോബൃഹതീഗായത്രീത്രിഷ്ടുഭശ്ഛന്ദാംസി, മിത്രാവരുണൌ, മിത്രാവരുണാദിത്യാഃ, ആദിത്യാഃ, അശ്വിനൌ, വായുഃ, സൂര്യഃ ഉഷാഃ, പവമാനഃ, ഗൌശ്ചദേവതാ

1 ഋധഗിത്ഥാസമർത്ത്യ

ശശമേദേവതാതയേ

യോനൂനംമിത്രാവരുണാവഭിഷ്ടയ

ആചക്രേഹവ്യദാതയേ

അന്വയം:–

| | | |
|---|---|---|
| യഃ നൂനം ഹവ്യ–ദാതയേ | — | യോ മനുഷ്യഃ ക്ഷിപ്രം ഹവിഷാം ദാത്രേ യജമാനായ |
| മിത്രാവരുണൌ അഭി ഷ്ടയേ ആ–ചക്രേ | — | അഭിമതസിദ്ധയേഭിമുഖൌ കരോതി |
| സഃ മർത്ത്യഃ ഋധക് ഇത്ഥാ | — | സത്യമിത്ഥം |
| ദേവ-താതയേ ശശമേ | — | യജ്ഞാർത്ഥം ഹവിസ്സംസ്കരോതി |

അർത്ഥം–ഏതുവൻ വേഗത്തിൽ ഹവിസ്സേകുന്ന യജമാനന്നഭീഷ്ടസിദ്ധിയ്ക്കായി മിത്രവരുണന്മാരെ അഭിമുഖീകരിക്കുന്നുവോ, ആ മനുഷ്യൻ ആണ് സത്യമായും യജ്ഞത്തിന്നുവേണ്ടി ഹവിസ്സു സംസ്കരിക്കുന്നതു്.

2 വർഷിഷ്ഠക്ഷത്രാഉരുചക്ഷസാനരാ

രാജാനാദീർഘശ്രുത്തമാ

താബാഹുതാനദംസനാരഥര്യത

സ്സാകംസൂര്യസ്യരശ്മിഭിഃ

അന്വയം:–

| | | |
|---|---|---|
| വർഷിഷ്ഠ–ക്ഷത്രൌ | — | അതിശയേന വൃദ്ധബലൌ |
| ഉരു–ചക്ഷസാ | — | മഹാദർശനൌ |

നരാ, രാജാനാ — കർമ്മണാം നേതാരൌ, ദീപ്യമാനൌ

ദീർഘശ്രുൽ–തമാ
താ ബാഹുതാ ന — അതിശയേന വിദ്വാംസൌ, തൌമിത്രാവരുണൌ ഭുജാവിവ

സൂര്യസ്യ രശ്മി–ഭിഃ
സാകം — കിരണൈസ്സഹ
ദംസനാ രഥര്യതഃ — കർമ്മാണി പ്രാപ്നുതഃ
(യഥാ ബാഹൂസഹകർമ്മ പ്രാപ്നുതഃ, തഥാ മിത്രാവരുണൌ സഹ യജ്ഞം പ്രാപ്നുതഃ)

അർത്ഥം-അത്യന്തം വളർന്നബലമൊത്തവരും എല്ലാം തികഞ്ഞുകാണുന്നവരും കർമ്മനേതാക്കളും പ്രകാശ്മാനന്മാരും ഏററവും വിദ്വാന്മാരുമായ മിത്രവരുണന്മാർ സൂര്യരശ്മികളോടൊത്തു് ഇരുകൈകൾ പോലെ കർമ്മങ്ങളെ പ്രാപിക്കുന്നു. (ഇരുകൈകൾകൂടി കർമ്മംചെയ്യുന്നപോലെ മിത്രവരുണന്മാർ ഒരുമിച്ച യജ്ഞത്തെ പ്രാപിക്കുന്നു.)

3 പ്രയോവാംമിത്രാവരു
ണാജിരോദൂതോഅദ്രവൽ
അയശ്ശീർഷാമദേരഘുഃ

അന്വയം:—

ഹേ മിത്രാവരുണാ വാം — മിത്രാവരുണൌ യുവാം
അജിരഃ യഃ പ്ര അദ്രവൽ — ഗമനശീലോയോയജമാനോഭി ഗച്ഛതി
(സഃ ദേവാനാം) ദൂതഃ — ഭവതി
അയഃ–ശീർഷാ,
മദേ–രഘുഃ — ഹിരണ്യാലങ്കൃതശിരസ്കഃ മദകരേ ധനേ ഗന്താ ച ഭവതി

അർത്ഥം—അല്ലയോ മിത്രവരുണന്മാരേ, ഗമനശീലനായ യാതൊരു യജമാനൻ നിങ്ങളെ നേരെ പ്രാപിക്കുന്നുവോ, അവൻ ദേവന്മാർക്കു ദൂതനായി ഭവിക്കുന്നു. സ്വർണ്ണാലങ്കാരമൊത്ത

ശിരസ്സററവനായും ഹഷ്കരമായ ധനം പ്രാപിക്കുന്നവനായും ഭവിക്കുന്നു.

4 നയസ്സമ്പൃച്ഛേനപുനഹ്‌വീതവേ
നസംവാദായരമതേ
തസ്മാന്നോഅദ്യസമൃതേരുരുഷ്യതം
ബാഹുഭ്യാന്നഉരുഷ്യതം

അന്വയം:—
(ഹേ മിത്രാവരുണൌ,)
യഃ സം—പൃച്ഛേ ന രമതേ — സമ്പ്രശ്നായ ന ക്രീഡതേ
ന പുനഃ ഹവീതവേ
(രമതേ) — ഹവനായ പുനഃ പുനന്നരമതേ
ന സം—വാദായ — സംവാദേന മോദതേ
തസ്മാൽ സം—ഋതേഃ — തസ്മാച്ഛത്രോഃ, സങ്ഗ്രാമാൽ
നഃ അദ്യ ഉരുഷ്യതം — യുവാം രക്ഷതം
(കിഞ്ച തസ്യ ശത്രോഃ)
നഃ ബാഹു—ഭ്യാം
ഉരുഷ്യതം — രക്ഷതം

അർത്ഥം—അല്ലയോ മിത്രവരുണന്മാരേ, സംശയം ചോദിക്കുന്നതിലേവൻ രസിക്കുന്നില്ലയോ, ഹോമിക്കുന്നതിൽ പിന്നെയും പിന്നെയും സന്തോഷിക്കുന്നില്ലയോ, (യജ്ഞത്തെക്കുറിച്ചു) സംവാദത്തിൽ മോദിക്കുന്നില്ലയോ ആ ശത്രുവിങ്കൽ നിന്നു് (കർമ്മശ്രദ്ധയില്ലാത്ത മൂഢനിൽനിന്നു്) യുദ്ധത്തിൽ ഞങ്ങളെ നിങ്ങൾ രക്ഷിച്ചാലും. അവന്റെ ഇരുകൈകളിൽ നിന്നു രക്ഷിച്ചാലും.

5 പ്രമിത്രായപ്രാര്യമ്‌ണേ
സചഥ്യമൃതാവസോ
വരൂഥ്യംവരുണേഛന്ദ്യംവച്
സ്തോത്രംരാജസുഗായത വ. 6

അന്വയം:—

| | |
|---|---|
| ഹേ ഋത–വസോ, | — യജ്ഞധനർത്ത്വിക് |
| മിത്രായ സചഥ്യം<br>വരൂഥ്യം | — സേവാർഹം യജ്ഞഗൃഹേ ഭവം സ്തോത്രം |
| പ്ര ഗായത | — പ്രകർഷേണ പഠത |
| അര്യമ്ണേ (ച) പ്ര | — തസ്മൈ ച പ്രഗായത |
| വരുണേ ഛന്ദ്യം വചഃ | — പ്രീണനസാധനം സ്തോത്രം ഗായത |
| രാജ–സു സ്തോത്രം | — ദ്യോതമാനേഷു മിത്രാദിഷു ഗായത (ഗായതേതി ബഹുവചനം പൂജാർത്ഥം) |

അർത്ഥം—അല്ലയോ യജ്ഞധനനായ ഋത്വിക്കേ, സേവനാർഹവും, യജ്ഞഗൃഹത്തിലുളവായതുമായ സ്തോത്രം മിത്രന്നുവേണ്ടി നന്നായിച്ചൊല്ലുക. അര്യമാവിന്നു നന്നായിച്ചൊല്ലുക. വരുണങ്കൽ പ്രീണനരൂപമായ വചസ്സു ചൊല്ലുക. പ്രകാശമാനന്മാരായ മിത്രവരുണാര്യമാക്കളിൽ സ്തോത്രം ചൊല്ലുക.

6 തേഹിന്വിരേഅരുണഞ്ജേന്യംവ

സ്വേകംപുത്രന്തിസൃണാം

തേധാമാന്യമൃതാമർത്ത്യാനാ

മദബ്ധാഅഭിചക്ഷതേ

അന്വയം:—

| | |
|---|---|
| അരുണം, ജേന്യം, വസു | — അരുണവർണ്ണം, ജയസാധനം, വാസകം |
| തിസൃണാം ഏകം പുത്രം | — പൃഥിവ്യാദീനാമേകം പുത്രം സൂര്യം |
| തേ ഹിന്വിരേ | — ദേവാസ്ത്രൈലോകസ്യ തമോനിവാരണായ പ്രേരയന്തി |
| (കിഞ്ച) അദബ്ധാഃ,<br>അമൃതാഃ | — കേനാപ്യഹിംസിതാഃ, മരണരഹിതാഃ |

| | |
|---|---|
| തേ മത്ത്യാനാം ധാമാനി | — ദേവാ മനുഷ്യാണാം സ്ഥാനാനി |
| അഭി ചക്ഷതേ | — അഭിപശ്യന്തി |

അത്ഥം—ഇളംചുമപ്പിയന്നവനും ജയത്തിന്നു സാധനഭൂതനും ഏവരെയുമതാതിടത്തു വസിപ്പിക്കുന്നവനും, ഭൂമ്യന്തരിക്ഷസ്വൎഗ്ഗങ്ങൾക്ക് ഒററ മകനുമായ സൂര്യനെ, മൂന്നു ലോകങ്ങളുടെ ഇരുട്ടകററാനായി ദേവന്മാർ പ്രേരിപ്പിക്കുന്നു, അയയ്ക്കുന്നു. പിന്നെ, ആരാലും കേടേല്പിക്കപ്പെടാത്തവരും അമരന്മാരുമായ ആ ദേവന്മാർ മനുഷ്യരുടെ നിവാസസ്ഥാനങ്ങൾക്ക നേരെ നോക്കുന്നു.

7 ആമേവചാംസ്യുദ്യതാ
ദ്യുമത്തമാനികർത്വാ
ഉഭായാതന്നാസത്യാസജോഷസാ
പ്രതിഹവ്യാനിവീതയേ

അന്വയം:—

| | |
|---|---|
| ഹേ നാസത്യാ, | — സത്യശീലാവശ്വിനൌ, |
| സ—ജോഷസാ ഉഭാ | — സങ്ഗതാവുഭൌ യുവാം, |
| മേ ഉൽ—യതാ, | |
| ദ്യുമൽ_തമാനി | — ഉദ്യതാനി, ദീപ്തതമാനി |
| വചാംസി കർത്വാ | |
| ആ യാതം | — വാക്യാനി കൎമ്മാണി ചാ-ഗച്ഛതം |
| (കിഞ്ച) ഹവ്യാനി | |
| വീതയേ പ്രതി | — ഹവീംഷി ഭക്ഷണായ പ്രതി ഗച്ഛതം |

അത്ഥം—അല്ലയോ സത്യശീലരായ അശ്വികളേ, കൂടിച്ചേൎന്ന നിങ്ങളിരുവരും, ഉയൎന്നുവരുന്നവയും ഏററവും പ്രകാശമുററവയുമായ എൻെറ വാക്യങ്ങളെയും കൎമ്മങ്ങളെയും പ്രാപിച്ചാലും. ഭക്ഷിയ്ക്കാനായി ഹവിസ്സുകളെ പ്രാപിച്ചാലും.

8 രാതിംയദ്വാമരക്ഷസംഹവാമഹേ
യുവാഭ്യാംവാജിനീവസൂ
പ്രാചീംഹോത്രാംപ്രതിരന്താവിതന്നരാ
ഗൃണാനാജമദഗ്നിനാ

അന്വയം:—

ഹേ വാജിനീ-വസൂ, — അന്നധനാവശ്വിനൌ,
വാം യൽ അരക്ഷസം — യുവയോര്യദ്രക്ഷോവർജ്ജിതം ദാനമസ്തി
യുവാഭ്യാം (താം) രാതിം
ഹവാമഹേ യദാഹ്വയാമഃ
(തദാനീം) പ്രാചീം
ഹോത്രാം പ്ര-തിരന്തൌ - പ്രാങ്മുഖീം സ്തുതിം വർദ്ധയന്തൌ
നരാ, ജമൽ-അഗ്നിനാ
ഗൃണാനാ — നേതാരൌ, ഋഷിണാമയാ ഗൃണാനൌ, സ്തൂയമാനൌ സന്തൌ
ഇതം — ആഗച്ഛതം

അർത്ഥം— അന്നധനന്മാരായ അശ്വികളേ, നിങ്ങൾക്കു ചേർന്ന യാതൊരു ദാനം രക്ഷസ്സുകളെ ഒഴിച്ചുനിർത്തിക്കൊണ്ടുണ്ടോ, നിങ്ങളോട് ആ ദാനം വിളിച്ചുയാചിക്കുമ്പോൾ, കിഴക്കോട്ടു മുഖമായ ആ സ്തുതിയെ വളർത്തുന്ന നേതാക്കളായ നിങ്ങൾ, ജമദഗ്നിയായ എന്നാൽ സ്തുതിക്കപ്പെടുന്നവരായി, വന്നാലും.

9 ആനോയജ്ഞന്ദിവിസ്‌പൃശം
വായോയാഹിസുമന്മഭിഃ
അന്തഃപവിത്രഉപരിശ്രീണാ
നോ ഽ ഽയംശുക്രോഅയാമിതേ

അന്വയം:—

ഹേ വായോ, (ത്വം) നഃ — അസ്മാകം
ദിവി–സ്പൃശം യജ്ഞം
ആ യാഹി — സ്വൎഗ്ഗസ്പൃശ്കം യാഗമാഗച്ഛ
സുമന്മ–ഭിഃ അന്തഃ
പവിത്രേ — സുഷ്ടുതിഭിഃ പവിത്രസ്യമധ്യേ
ഉപരി ശ്രീണാനഃ — ശ്രയമാണഃ
അയം ശുക്രഃ തേ അയാമി— ശുദ്ധോയം സോമസ്തുഭ്യം
നിയത ആസീദതി

അൎത്ഥം—അല്ലയോ വായോ, സ്വൎഗ്ഗംചെന്നു തൊടുന്ന ഞങ്ങളുടെ യജ്ഞത്തിന്നവിടുന്നു വന്നാലും. നല്ല സ്തുതികളോടു കൂടി ദശാപവിത്രത്തിന്റെ മധ്യത്തിൽ കൂടിച്ചേരുന്ന ശുദ്ധമായ ഈ സോമം അവിടേക്കുവേണ്ടി വെച്ചിരിക്കുന്നു.

10 വേത്യധ്വര്യുഃപഥിഭീരജിഷ്ഠൈഃ

പ്രതിഹവ്യാനിവീതയേ

അധാനിയുത്വഉഭയസ്യനഃപിബ

ശുചിംസോമങ്ഗവാശിരം വ. 7

അന്വയം:—

ഹേ നിയുത്വഃ, — നിയുൽ സംജ്ഞകാശ്വവൻ,
വായോ,
അധ്വര്യുഃ രജിഷ്ഠൈഃ
പഥി–ഭിഃ — ഹവിൎദ്ധാനാ–
ദൃജുതമൈൎമ്മാൎഗ്ഗൈഃ
വേതി — ഗച്ഛതി
വീതയേ ഹവ്യാനി
പ്രതി — ഭക്ഷണായ ഹവീംഷി
പ്രതിനയതി
അധ നഃ ഉഭയസ്യ പിബ— ഉഭയവിധം സോമം പിബ
(കൎമ്മണി ഷഷ്ഠീ)
ശുചിം സോമം ഗോ–
ആശിരം — ശുദ്ധം സോമം ഗവ്യേന
മിശ്രിതഞ്ച പിബ

അർത്ഥം—നിയുത്തുക്കളെന്ന കുതിരകളൊത്ത വായോ, അധ്വര്യു ഹവിർദ്ധാനത്തിൽനിന്നു നേർവഴികളിലൂടെ വരുന്നു. അവിടേക്കു ഭക്ഷണത്തിന്നായി ഹവിസ്സുകളെത്തിക്കുന്നു. പിന്നെ, ശുദ്ധമായതും പാൽ മുതലായവ ചേർത്തതും, രണ്ടു വിധത്തിലുള്ള സോമവും കുടിച്ചാലും.

11 ബൺമഹാഅസിസൂര്യ
ബളാദിത്യമഹാഅസി
മഹസ്തേസതോമഹിമാപനസ്യ
തേദ്ധാദേവമഹാഅസി

അന്വയം:—

ഹേ സൂര്യ, (ത്വം) മഹാൻ അസി, ബട് — തേജസാധികോസി, സത്യം, നൈതന്മിഥ്യാ
ഹേ ആദിത്യ, (ത്വം) മഹാൻ അസി ബട് — ബലേനാധികോസി, സത്യം
മഹഃ സതഃ തേ മഹിമാ പനസ്യതേ — മഹതോ ഭവതോ മഹത്വം സ്തോതൃഭിസ്തൂയതേ
ഹേ ദേവ, (ത്വം) മഹാൻ അസി, അദ്ധാ — വീര്യേണാധികോസി, സത്യമേവ

അർത്ഥം—അല്ലയോ സൂര്യ, അവിടുന്നു് അതീവ തേജസ്സുറ്റവനാകുന്നു, സത്യം; അതു മിഥ്യയല്ല. അല്ലയോ ആദിത്യ, അവിടുന്നു് അതീവ ബലമിയന്നവനാകുന്നു, സത്യം. മഹാനായി ഭവിക്കുന്ന അവിടുത്തെ മഹത്വം സ്തോതാക്കളാൽ പുകഴ്ത്തപ്പെടുന്നു. അല്ലയോ ദേവ, അവിടുന്നു് അതീവ വീര്യമാർന്നവനാകുന്നു, അതും സത്യം. (മഹാൻ എന്നു മൂന്നു ടീക്കുകളിൽ പ്രയോഗിച്ചതിന്നു് തേജോധികം, ബലാധികം, വീര്യാധികം എന്നു മൂന്നു വിശേഷതകൾ വ്യാഖ്യാനിക്കപ്പെട്ടിരിക്കുന്നു.)

12 ബട്ത്സൂര്യശ്രവസാമഹാംഅസി
സത്രാദേവമഹാംഅസി
മഹ്നാദേവാനാമസുര്യഃപുരോഹിതോ
വിഭുജ്യോതിരദാഭ്യം

അന്വയം:–

| | |
|---|---|
| ഹേ സൂര്യ, (ത്വം) ശ്രവസാ മഹാൻ അസി, ബട് | — ശ്രവണേന സൎവ്വാധികോസി, സത്യം |
| ഹേ ദേവ, (ത്വം) ദേവാനാം മഹ്നാ മഹാൻ അസി, സത്രാ | — ദ്യോതമാന, ദേവാനാം മധ്യേ മഹത്വേനാധികോസി സത്യമേവ |
| അസുര്യഃ (അസി) | — അസുരാണാം ഹന്താച ഭവസി |
| (കിഞ്ച ത്വന്ദേവാനാം) പുരഃ–ഹിതഃ | — ഹിതോപദേഷ്ടാസി |
| (തേ) ജ്യോതിഃ വി–ഭു, അദാഭ്യം | — മഹൽ, കേനാപ്യഹിംസ്യം |

അൎത്ഥം–അല്ലയോ സൂര്യ, അവിടുന്നു കേൾവിയിൽ സൎവ്വാധികനാകുന്നു, സത്യം. അല്ലയോ പ്രകാശമാന, അിടുന്നു ദേവന്മാൎക്കിടയിൽ മഹത്വംകൊണ്ടു മികച്ചവനാകുന്നു, സത്യം. അവിടുന്നു അസുരഹന്താവാകുന്നു. പിന്നെ ദേവന്മാരുടെ പുരോഹിതൻ, ഹിതോപദേഷ്ടാവാകുന്നു. അവിടുത്തെ തേജസ്സ് മഹത്തും ആരാലും ഹനിക്കപ്പെടാൻ വയ്യാത്തതുമാകുന്നു.

13 ഇയംയാനീച്യൎക്കിണീ
രൂപാരോഹീണ്യാകൃതാ
ചിത്രേവപ്രത്യദൎശ്യായ
ത്യഽന്തൎദശസുബാഹുഷു

അന്വയം:–

| | |
|---|---|
| യാ ഇയം നീചീ | — അവാങ്ങ്മുഖീ |
| അൎക്കിണീ, രൂപാ | — സ്തുതിമതീ, രൂപവതീ |
| രോഹിണ്യാ കൃതാ | — പ്രകാശയുക്താ കൃതാ ഉഷാഃ, സൂര്യപ്രഭാ വാ |
| അന്തഃ ബാഹുഷു ദശ–സു | — മധ്യേ ബാഹുസ്ഥാനീയാസു ദശസംഖ്യാകാസു ദിക്ഷു |
| ആ–യതീ ചിത്രാ–ഇവ | — വിവിധവൎണ്ണാഗൌരിവ |
| പ്രതി അദൎശി | — സൎവ്വൈരദൃശ്യത |

അൎത്ഥം–ഏവൾ മുഖം കുനിച്ചവളായി രൂപവതിയാണോ, പ്രകാശയുക്തയാക്കപ്പെട്ടവളായ ആ ഉഷസ്സ് (സൂര്യപ്രഭ) കൈകളുടെ സ്ഥാനത്തുള്ള പത്തുദിക്കുകളുടെ മധ്യത്തിൽ പല നിറമുററ പശുപോലെ വരുന്നവളായി ഏവരാലും കാണപ്പെടുന്നു.

14 പ്രജാഹതിസ്രോഅത്യായമീയു
ന്യ∫ന്യാഅൎക്കമഭിതോവിവിശ്രേ
ബൃഹദ്ധതസ്ഥൌഭുവനേഷ്വന്തഃ
പവമാനോഹരിതആവിവേശ

അന്വയം:–

| | |
|---|---|
| തിസ്രഃ പ്ര–ജാഃ | — പക്ഷിണഃ സരീസൃപാഃ സൎപ്പാശ്ച |
| അതി–ആയം ഈയുഃ ഹ | — അത്യായം, വിനാശമായൻ |
| അന്യാഃ അൎക്കം | — അന്യാഃ പ്രജാഃ അൎച്ചനീയമഗ്നിം |
| അഭിതഃ നി വിവിശ്രേ | — അഭിതോനിവിഷ്ടാഃ, തതോന പരാബഭൂവുഃ |
| ഭുവനേഷു അന്തഃ ബൃഹൽ ഹ തസ്ഥൌ | — മധ്യേ മഹാനസാവാദിത്യഃ പ്രകാശയന്നതിഷ്ഠൽ |
| ഹരിതഃ പവമാനഃ ആ വിവേശ | — ദിശഃവായുരാവിഷ്ടഃ |

അൎത്ഥം—പക്ഷികൾ, പാമ്പുകൾ, മററിഴജന്തുക്കൾ എന്ന പ്രജാപതിയുടെ മൂന്നുവിധം പ്രജകൾ വിനാശം പ്രാപിച്ചുവത്രേ. മററു പ്രജകൾ, പ്രാണികൾ പൂജ്യനായ അഗ്നിയുടെ ചുററും ഇരുന്നു, അതുകൊണ്ടു നശിച്ചില്ല. ഭൂതജാതങ്ങളുടെ മധ്യത്തിൽ മഹാനായിത്തന്നെ ഈ ആദിത്യൻ (പ്രജാപതിയെന്നു പക്ഷഭേദം) പ്രകാശിച്ചുകൊണ്ടിരുന്നു. വായു വിവധ ദിക്കുകളെ ആവേശിച്ചു, പ്രവേശിച്ചു. (അഗ്നിസൂര്യവായുക്കൾ മൂന്നാണെങ്കിലുമൊന്നാണെന്നും എല്ലാ ചരാചരങ്ങളുടെ ഉള്ളിലും ഈ ത്രിരൂപനായ ഏകദേവൻ കുടികൊള്ളുന്നു എന്നും പറയപ്പെടുന്നു. അവരിൽ അഗ്നിയെ ആശ്രയിച്ചവർ നശിച്ചില്ല. അവർക്കു ആദിത്യന്റെയും വായുവിന്റെയും ആനുകൂല്യവും കിട്ടി. മേൽപ്പറഞ്ഞ മൂന്നുവിധം പ്രാണികൾ നശിച്ചശേഷം വീണ്ടും സൃഷ്ടിക്കപ്പെട്ടവയാണ് ഇന്നു കാണുന്നതു്.)

15 മാതാരുദ്രാണാംദുഹിതാവസൂനാം

സ്വസാദിത്യാനാമമൃതസ്യനാഭിഃ

പ്രനുവോചഞ്ചികിതുഷേജനായ

മാഗാമനാഗാമദിതിംവധിഷ്ട

അന്വയം:—

(ഗൌഃ) രുദ്രാണാം മാതാ — മരുതാം ജനനീ
വസൂനാം ദുഹിതാ — പുത്രീ
ആദിത്യാനാം സ്വസാ — ഭഗിനീ
അമൃതസ്യ നാഭിഃ — അമൃതത്വസ്യാവാസസ്ഥാനം
(താം) അനാഗാം,
അദിതിം — അനാഗസം, അദീനാം
ഗാം മാ വധിഷ്ട — മാ ഹിംസീഷ്ട
ചികിതുഷേ ജനായ — ചേതനവതേ ജനായ
നു പ്ര വോചം — ഇദാനീമഹം പ്രാവോചം (ഇതി ശുശ്രൂഷമാണേഭ്യ ഉപദേശം)

അൎത്ഥം—പശു, മരുത്തുക്കൾക്കമ്മയും വസുക്കളുടെ മകളും ആദിത്യന്മാരുടെ പെങ്ങളും അമൃതത്വത്തിന്റെ, ശാശ്വതത്വ

ത്തിന്റെ ആവാസസ്ഥാനവുമാകുന്നു. ആ പാപംതീണ്ടാത്ത കേടററ പശുവിനെ ഹിംസിക്കരുതേ. മനസ്സിലാകുന്ന ജനങ്ങൾക്കുവേണ്ടി ഇപ്പോൾ ഞാനിതു പറയുന്നു. (കേൾക്കുന്നവർക്കുള്ള ഉപദേശം.)

16 വചോവിദംവാചമുദീരയന്തീം
വിശ്വാഭിർധീഭിരുപതിഷ്ഠമാനാം
ദേവീന്ദേവേഭ്യഃപര്യേയുഷീങ്ഗാ
മാമാവൃക്തമർത്ത്യോദഭ്രചേതാഃ വ. 8

അന്വയം:–

| | |
|---|---|
| വചഃ–വിദം | വചസോ ലംഭയിത്രീം |
| വാചം ഉൽ–ഈരയന്തീം | പയഃ പീത്വാ പശ്ചാൽ വാചം പ്രകടയന്തീം |
| വിശ്വാഭിഃ ധീഭിഃ ഉപ–തിഷ്ഠമാനാം | സർവ്വാഭിർവ്വാഗ്ഭിരുപസേവ്യമാനാം |
| ദേവീം ദേവേഭ്യഃ | ദ്യോതമാനാം ദേവാർത്ഥം |
| മാ ആ–ഈയുഷീം ഗാം | മാമവഗച്ഛന്തീം ഗാം |
| ദഭ്ര–ചേതാഃ മർത്ത്യഃ പരി ആ അവൃക്ത | അല്പബുദ്ധിർമ്മനുഷ്യ ഏവ പരിവർജ്ജയതി |

അർത്ഥം–വാക്‌വൈഭവത്തെ കൊടുക്കുന്നവളും വെള്ളം കുടിച്ച് ഈമ്പക്കമുണ്ടാക്കുന്നവളും എല്ലാ വാക്കുകളാലും (സ്തുതികളാലും അല്ലെങ്കിൽ പരിചരണ കർമ്മങ്ങളാലും) അണഞ്ഞു സേവിക്കപ്പെടേണ്ടവളും, ദേവന്മാർക്ക് (പാൽ, നെയ്യ് മുതലായവക്ക്) വേണ്ടി എന്നെ സമീപിക്കുന്നവളുമായ ഗോവിനെ (പശുവിനെ) അല്പബുദ്ധിയായ മനുഷ്യൻ മാത്രമേ ഉപേക്ഷിക്കൂ, തള്ളിക്കളയൂ. (വാഗ്വൈഭവം കൊടുക്കുന്നവളാകുന്നതു് നൈ, പാൽ, തയിർ മുതലായവ ഭക്ഷിച്ചുണ്ടാകുന്ന ബുദ്ധിവികാസത്തെയും തൽഫലമായ വചോവിലാസത്തെയുമുദ്ദേശിച്ചാണു്.)

വർഗ്ഗം–9–10–11–12 ഭാർഗ്ഗവഃ പ്രയോഗഃ ഋഷിഃ, ഗായത്രീ ച്ഛന്ദഃ, അഗ്നിർദ്ദേവതാ.

1 ത്വമഗ്നേബൃഹദ്വയോ
ദധാസിദേവദാശുഷേ
കവിർഗൃഹപതിര്യുവാ

അന്വയം:–

| | |
|---|---|
| ഹേ ദേവ, അഗ്നേ, കവിഃ | ദ്യോതമാനാഗ്നേ, ക്രാന്തകർമ്മാ |
| ഗൃഹ–പതിഃ, യുവാ | ഗൃഹപാലകഃ, നിത്യതരുണഃ |
| ത്വം ദാശുഷേ | ഹവിർദ്ദാത്രേ യജമാനായ |
| ബൃഹൽ വയഃ ദധാസി | മഹദന്നം പ്രയച്ഛസി |

അർത്ഥം–അല്ലയോ പ്രകാശമാനനായ അഗ്നേ, കടന്ന കർമ്മമൊത്തവനും (അഗ്നിഹോത്രൗപാസനങ്ങളിലിരുന്ന്) ഗൃഹം പാലിക്കുന്നവനും നിത്യയുവാവുമായ അവിടുന്നു ഹവിസ്സേകുന്ന യജമാനന്ന് മഹത്തായ അന്നം കൊടുക്കുന്നു.

2 സനഈളാനയാസഹ
ദേവാँഅഗ്നേദുവസ്യുവാ
ചികിദ്വിഭാനവാവഹ

അന്വയം:–

| | |
|---|---|
| ഹേ വി–ഭാനോ, അഗ്നേ, | വിശിഷ്ട ദീപ്തേഗ്നേ, |
| സഃ (ത്വം) ചികിൽ നഃ | ജ്ഞാതാസന്നസ്മാകം |
| ദുവസ്യുവാ ഈളാനയാ | പരിചരണശീലയാ<br>സ്തുവത്യാവാചാ |
| സഹ ദേവാൻ ആ വഹ | ദേവാൻ സാകമാനയ |

അർത്ഥം–വിശിഷ്ടപ്രകാശനായ അഗ്നേ, ആ അവിടുന്ന് (ഞങ്ങളെ) അറിയുന്നവനായി, ഞങ്ങളുടെ പരിചരണപരമായ സ്തുതി വാക്കിനാൽ തുഷ്ടനായി, കൂടെ ദേവന്മാരെ ആനയിച്ചാലും.

3 ത്വയാഹസ്വിദ്യുജാവയ

ഞ്ചോദിഷ്ഠേനയവിഷ്ഠ്യ

അഭിഷ്മോവാജസാതയേ

അന്വയം:—

ഹേ യവിഷ്ഠ്യ, — യുവതമാഗ്നേ,
ചോദിഷ്ഠേന — അതിശയേന ധനാനാം പ്രേരയിത്രാ
ത്വയാ യുജാ സ്വിൽ ഹ — ത്വയാസഹായേനൈവ
വയം വാജ-സാതയേ — ഭാൎഗ്ഗവാ അന്നലാഭായ
അഭി സ്മഃ — ശത്രൂനഭിഭവേമ

അൎത്ഥം—ഏററവും യുവാവായ അഗ്നേ, അത്യധികം ധനങ്ങളെത്തിക്കുന്ന അവിടന്നാകുന്ന സഹായനോടുകൂടിത്തന്നെ ഭാൎഗ്ഗവന്മാരായ ഞങ്ങൾ അന്നലാഭത്തിന്നായി ശത്രുക്കളെ ജയിക്കാവൂ.

4 ഔൎവ്വഭൃഗുവച്ഛുചി

മപ്നവാനവദാഹുവേ

അഗ്നിംസമുദ്രവാസസം

അന്വയം:—

സമുദ്ര-വാസസം — സമുദ്രമധ്യേ വൎത്തിനം, ബാഡവം
ശുചിം അഗ്നിം — ശുദ്ധമഗ്നിം
ഔൎവ്വഭൃഗു-വൽ, അപ്നവാന-വൽ — യഥാ ഔൎവ്വഭൃഗുഃ, അപ്നവാനഃ തഥാ
ആ ഹുവേ — അഹമാഹ്വയാമി

അൎത്ഥം–സമുദ്രമധ്യത്തിൽ വൎത്തിക്കുന്ന ബഡവാഗ്രൂപനും ശുദ്ധനുമായ അഗ്നിയെ ഔൎവ്വഭൃഗു, അപ്നവാനൻ എന്നിവർ പോലെ ഞാൻ വിളിക്കുന്നു.

5 ഹുവേവാതസ്വനങ്കവിം
പൎജ്ജന്യക്രന്ദ്യംസഹഃ
അഗ്നിംസമുദ്രവാസസം വ. 9

അന്വയം:–

| | | |
|---|---|---|
| വാത–സ്വനം കവിം | — | വാതസദൃശധ്വനിം, ക്രാന്തകൎമ്മാണം |
| പൎജ്ജന്യ–ക്രന്ദ്യം<br>സമുദ്ര–വാസസം | — | പൎജ്ജന്യസദൃശക്രന്ദനം, സമുദ്രനിവാസം |
| സഹഃ അഗ്നിം ഹുവേ | — | സഹസ്വിനം ബാഡവാഗ്നിമാഹ്വയാമി |

അൎത്ഥം–വായുവിന്നൊത്ത ശബ്ദമുററവനും കടന്ന കൎമ്മങ്ങളോടുകൂടിയവനും മേഘത്തിന്നു തുല്യമായ ഗൎജ്ജനമൊത്തവനും സമുദ്രമധ്യത്തിൽ വൎത്തിക്കുന്നവനും ബലവാനുമായ ബഡവാഗ്നിയെ ഞാൻ വിളിക്കുന്നു.

6 ആസവംസവിതുൎയ്യഥാ
ഭഗസ്യേവഭുജിംഹുവേ
അഗ്നിംസമുദ്രാവസസം

അന്വയം:–

| | | |
|---|---|---|
| സവിതുഃ സവം യഥാ | — | പ്രേരകസ്യ ദേവസ്യ പ്രസവമിവ, പ്രഭവമിവസ്ഥിതം |
| ഭഗസ്യ–ഇവ ഭുജിം | — | ഭഗാഖ്യസ്യ ദേവസ്യഭോഗമിവസ്ഥിതം |
| സമുദ്ര–വാസസം | | |
| അഗ്നിം ആ ഹുവേ | — | ആഹ്വയാമി |

അർത്ഥം–സവിതാവിന്റെ സന്തതിപോലെയും ഭഗന്റെ (ഭാഗ്യദേവന്റെ അല്ലെങ്കിൽ ഭജനീയമായ ധനമാകുന്ന ദേവന്റെ) ഭോഗംപോലെയുമുള്ള സമൃദ്ധവർത്തിയായ ബഡവാഗ്നിയെ ഞാൻ വിളിയ്ക്കുന്നു.

7 അഗ്നിംവോവൃധന്ത
മധ്വരാണാംപുരൂതമം
അച്ഛാനപ്ത്രേസഹസ്വതേ

അന്വയം:–

(ഹേ സ്തോതാരഃ,)

| | |
|---|---|
| അധ്വരാണാം നപ്ത്രേ | — അഹിംസ്യാനാം, ബലിനാം ബന്ധും |
| സഹസ്വതേ | — ബലവന്തം (കർമ്മണി ചതുർത്ഥീ) |
| വൃധന്തം, പുരു–തമം | — ജ്വാലാഭിവർദ്ധന്തം,<br>അതീശയേന ബഹും |
| അഗ്നിം വഃ അച്ഛ | — യൂയമഭിഗച്ഛത |

അർത്ഥം– അല്ലയോ സ്തോതാക്കളേ, ബലവാന്മാർക്കു ബന്ധുവും (അല്ലെങ്കിൽ യാഗങ്ങളുടെ പുത്രനും) ബലവാനും ജ്വാലകൾകൊണ്ടു വളരുന്നവനും പടർന്നു പലതായവനുമായ അഗ്നിയെ നിങ്ങൾ നേരിടുക.

8 അയംയഥാനആഭുവ
ത്വഷ്ടാരൂപേവതക്ഷ്യാ
അസ്യക്രത്വായശസ്വതഃ

അന്വയം:–

| | |
|---|---|
| അയം നഃ തക്ഷ്യാ | — അഗ്നിരസ്മാൻ വികർത്തവ്യാനി |
| ത്വഷ്ടാ രൂപാ–ഇവ | — രൂപാണി വർദ്ധകിരിവ |
| യഥാ ആ–ഭുവൽ | — യേന പ്രകാരേണാഭിഭവതി<br>തഥാ ഏനമഗ്നിമഭിഗച്ഛത |

(കിഞ്ച വയം) അസ്യ
ക്രത്വാ — പ്രജ്ഞാനേന യുക്താഃ
യശസ്വതഃ — കീർത്തിമന്തോ ഭവേമ

അർത്ഥം—ആശാരി മരം മുറിച്ച് രൂപങ്ങളുണ്ടാക്കുമ്പോൾ എപ്രകാരമായിത്തീരുന്നുവോ, അപ്രകാരം (പല രൂപമാണ്ട) ഈ അഗ്നിയെ നേരിടുക. (കുണ്ഡം വിറകു മുതലായവകൊണ്ടു് അഗ്നിയുടെ ആകൃതി പലമട്ടാകുമല്ലോ.) പിന്നെ, അവിടുന്നരുളുന്ന പ്രജ്ഞാനത്താൽ നമ്മൾ കീർത്തിമാന്മാരാകാവൂ.

9 അയംവിശ്വാഅഭിശ്രി
യോഗ്നിർദ്ദേവേഷുപത്യതേ
ആവാജൈരുപനോഗമൽ

അന്വയം:—
വിശ്വാഃ ശ്രിയഃ — സർവ്വാസ്സമ്പദഃ
അയം അഗ്നിഃ ദേവേഷു
അഭി പത്യതേ — ദേവേഷു മധ്യേഗ്നിരഭിഗച്ഛതി
(സഃ) നഃ വാജൈഃ ഉപ
ആ ഗമൽ — അസ്മാനപ്യന്നൈരുപാഗച്ഛതു

അർത്ഥം—ദേവന്മാർക്കിടയിൽ എല്ലാ സമ്പത്തുകളെയും ഈ അഗ്നിയാണു് എത്തിക്കുന്നതു്. അപ്രകാരമുള്ള അവിടുന്നു നമ്മളെയും അന്നങ്ങളോടുകൂടി പ്രാപിക്കട്ടേ.

10 വിശ്വേഷാമിഹസ്തുഹി
ഹോതൄണാംയശസ്തമം
അഗ്നിംയജ്ഞേഷുപൂർവ്വ്യം വ. 10

അന്വയം:—
(ഹേ സ്തോതഃ,)
വിശ്വേഷാം
ഹോതൄണാം — സർവ്വേഷാം ഹോതൄണാം മധ്യേ

യശഃ-തമം യജ്ഞേഷു
പൂർവ്വ്യം — യശസ്വിതമം, യാഗേഷുമുഖ്യം
അഗ്നിം ഇഹ സ്തുഹി — അസ്മിൻ യജ്ഞേ സ്തുതിം കുരു

അർത്ഥം—അല്ലയോ സ്തോതാവേ, എല്ലാ ഹോതാക്കളിലും വെച്ച് ഏററവും കീർത്തിമാനും യാഗങ്ങളിൽ മുഖ്യനുമായ അഗ്നിയെ ഈ യജ്ഞത്തിൽ സ്തുതിക്കുക.

11 ശീരംപാവകശോചിഷ
ഞ്ജ്യേഷ്ഠോയോദമേഷ്വാ
ദീദായദീർഘശ്രുത്തമഃ

അന്വയം:—

യഃ ജ്യേഷ്ഠഃ — ദേവാനാം മുഖ്യഃ
ദീർഘശ്രുൽ-തമഃ — അതിശയേന വിദ്വാൻ സോഗ്നിഃ
ദമേഷു ആ ദീദായ — യജ്വനാം ഗൃഹേഷ്വാദീപ്യതേ
ശീരം
പാവക-ശോചിഷം — അനുശയാനം ശോധകദീപ്തിമഗ്നിം സ്തുഹി

അർത്ഥം—ആർ ദേവന്മാരിൽ മുമ്പനാണോ, ഏററവും വിദ്വാനായ ആ അഗ്നി, യജിക്കുന്നവരുടെ ഗൃഹങ്ങളിൽ മുററും ശോഭിക്കുന്നു. കിടക്കുന്നവനും, ശുദ്ധീകരിക്കുന്ന പ്രകാശമൊത്തവനുമായ അഗ്നിയെ സ്തുതിക്കുക.

12 തമർവ്വന്തന്നസാനസി
ങ്ഗൃണീഹിവിപ്രശുഷ്മിണം
മിത്രന്നയാതയജ്ജനം

അന്വയം:—

ഹേ വിപ്ര, — മേധാവിൻ, സ്തോതഃ,
അർവ്വന്തം ന സാനസിം,
ശുഷ്മിണം — അശ്വമിവ സംഭജനീയം, ബലവന്തം

| | |
|---|---|
| മിത്രം ന യാതയൽ–ജനം | — സഖായമിവ ഹതശത്രുജനം |
| തം ഗൃണീഹി | — അഗ്നിം സ്തുഹി |

അർത്ഥം–അല്ലയോ മേധാവിയായ സ്തോതാവേ, കുതിരയെപ്പോലെ പ്രാപിക്കാവുന്നവനും (ശക്തനെങ്കിലും ഇണക്കമുററവർക്കു കുതിരയെ അടക്കാമല്ലോ. അതുപോലെ ഉപാസകർക്കടക്കാവുന്നവനും) ബലവാനും ചങ്ങാതിയെപ്പോലെ ശത്രുജനങ്ങളെ ഹനിക്കുന്നവനുമായ ആ അഗ്നിയെ സ്തുതിക്കുക.

13 ഉപത്വാജാമയോഗിരോ

ദേദിശതീർഹവിഷ്കൃതഃ

വായോരനീകേഅസ്ഥിരൻ

അന്വയം:–

(ഹേ അഗ്നേ,)

| | |
|---|---|
| ഹവിഃ–കൃതഃ | — യജമാനസ്യ |
| ഗിരഃ ജാമയഃ | — സ്തുതയസ്സ്വസാര ഇവ |
| ദേദിശതീഃ ത്വാ ഉപ | — തവഗ്ഗുണാനാദിശന്ത്യസ്ത്വാമനുതിഷ്ഠന്തേ. |
| വായോഃ അനീകേ | — സമീപേത്വാം സമേധയന്ത്യഃ |
| അസ്ഥിരൻ | — അതിഷ്ഠംശ്ച |

അർത്ഥം–അല്ലയോ അഗ്നേ, ഹവിസ്സുണ്ടാക്കുന്ന യജമാനന്റെ സ്തുതികൾ സഹോദരിമാർപോലെ അവിടത്തെ ഗുണങ്ങളെ ചൂണ്ടിക്കാട്ടുന്നവയായി, അവിടത്തെ പ്രാപിക്കുന്നു. വായുവിന്റെ സമീപത്തിൽ അവിടത്തെ വളർത്തുന്നവയായി വന്നുനിന്നിരിക്കുന്നു.

14 യസ്യത്രിധാത്വവൃതം

ബർഹിസ്തസ്ഥാവസന്ദിനം

ആപശ്ചിന്നിദധാപദം

അന്വയം:—

യസ്യ ത്രി-ധാതു അവൃതം — യസ്യാഗ്നേസ്ത്രിരനാവൃതം
അസം-ദിനം ബർഹിഃ
തസ്ഥൌ — അബദ്ധഞ്ചാസനാർത്ഥം തിഷ്ഠതി
(തസ്യ) ആപഃ ചിൽ
പദം നി ദധ — ആപോപി മാധ്യമികേന്തരിക്ഷേപദം നിദധതി

അർത്ഥം—മൂന്നു കന്നായി തുറന്നുവെച്ച, കെട്ടാത്ത, യാതൊരഗ്നിയുടെ ദർഭപ്പുല്ലിരിപ്പിടത്തിന്നുവേണ്ടി വെച്ചിരിക്കുന്നുവോ, (വിരിക്കുമ്പോഴാണല്ലോ പുല്ലു കെട്ടഴിക്കുന്നതു്.) ആ അഗ്നിക്കുവേണ്ടി, അന്തരിക്ഷമധ്യത്തിൽ ജലങ്ങളും കാൽ കുത്തുന്നു. (അതായതു് ദർഭവിരിച്ചു് ദേവാദികളെ ഇരുത്തി യജ്ഞമാരംഭിക്കുമ്പോഴേക്കുതന്നെ, വാനിൽ ജലങ്ങളും പെയ്യാനൊരുങ്ങി കാലുറപ്പിക്കുന്നു. യാഗാന്ത്യത്തിൽ മഴ പെയ്യുമെന്ന വിശ്വാസം ഇവിടെ സൂചിതം.)

15 പദംദേവസ്യമീള്ഹ

ഷോനാധൃഷ്ടാഭിരൂതിഭിഃ

ഭദ്രാസൂര്യഇവോപദൃക്

വ. 11

അന്വയം:—

മീള്ഹുഷഃ ദേവസ്യ പദം — കാമാനാം സേക്തുർദ്യോതമാനസ്യാഗ്നേ സ്ഥാനം
അനാധൃഷ്ടാഭിഃ
ഊതി-ഭിഃ — ശത്രുഭിരഹിംസിതാഭീ രക്ഷാഭിർഭജനീയം ഭവതി
(തദൈവാസ്യ) ഉപ-ദൃക് — ഉപദൃഷ്ടിരപി
സൂര്യഃ-ഇവ ഭദ്രാ — യഥാ സൂര്യസ്തഥാ മനുഷ്യൈർഭജനീയാ ഭവതി

അർത്ഥം—കാമവർഷിതാവും പ്രകാശമാനനുമായ അഗ്നിയുടെ സ്ഥാനം ശത്രുക്കളാൽ ഹനിക്കപ്പെടാത്ത രക്ഷകളോടുകൂടി

പ്രാപ്യമായി ഭവിക്കുന്നു. അതുപോലെ അവിടുത്തെ നോട്ടം സൂര്യനെന്നപോലെ ഭജനീയമാകുന്നു.

16 അഗ്നേഘൃതസ്യധീതിഭി

സ്തേപാനോദേവശോചിഷാ

ആദേവാൻവക്ഷിയക്ഷിച

**അന്വയം:—**

| | |
|---|---|
| ഹേ ദേവ, അഗ്നേ, | — ദ്യോതമാനാഗ്നേ |
| ഘൃതസ്യ ധീതി–ഭിഃ | |
| തേപാനഃ | — ദീപ്തിസാധനസ്യാജ്ജ്യസ്യ<br>നിധാനൈസ്തപൻ |
| ശോചിഷാ ദേവാൻ | — ജ്വാലയാതാൻ |
| ആ വക്ഷി, യക്ഷി ച | — ആവഹ, യജ ച |

അർത്ഥം—അല്ലയോ ഭാസമാനനായ അഗ്നേ, പ്രകാശമുളവാക്കുന്ന നെയ്യൊഴിച്ചെരിഞ്ഞു്, ജ്വാലയാൽ ദേവന്മാരെ ആനയിച്ചാലും, യജിക്കുകയും ചെയ്താലും.

17 തന്ത്വാജനന്തമാതരഃ

കവിന്ദേവാസോഅങ്ഗിരഃ

ഹവ്യവാഹമമർത്ത്യം

**അന്വയം:—**

| | |
|---|---|
| ഹേ അങ്ഗിരഃ, | — അഗ്നേ, |
| കവിം, അമർത്ത്യം | — ക്രാന്തകർമ്മാണം,<br>മരണരഹിതം |
| ഹവ്യ–വാഹം തം ത്വാ | — ഹവിഷാം വോഢാരം<br>പ്രസിദ്ധം ത്വാം |
| ദേവാസഃ മാതരഃ (ഇവ) | |
| അജനന്ത | — ജനയന്തി |

അർത്ഥം–അല്ലയോ അഗ്നേ, കടന്ന കർമ്മത്തോടുകൂടിയവനും അമരനും ഹവിസ്സേന്തുന്നവനുമായ ആ അവിടത്തെ ദേവന്മാർ അമ്മമാർപോലെയാണ് ജനിപ്പിച്ചത്.

18 പ്രചേതസന്ത്വാകവേ
ഗ്നേദൂതംവരേണ്യം
ഹവ്യവാഹന്നിഷേദിരേ

അന്വയം:–

ഹേ കവേ, അഗ്നേ, — ക്രാന്തകർമ്മന്നഗ്നേ,
പ്ര–ചേതസം, വരേണ്യം — പ്രകൃഷ്ടബുദ്ധിം, വരണീയം
(ദേവാനാം) ദൂതം,
ഹവ്യ–വാഹം — ഹവിഷാം വോഢാരം
ത്വാ നി സേദിരേ — ത്വാം നിഷീദന്തി

അർത്ഥം–കടന്ന കർമ്മമുററ അഗ്നേ, ഉൽകൃഷ്ടബുദ്ധിയും എല്ലാവർക്കും വരണീയനും ദേവന്മാർക്ക് ദൂതനും ഹവിസ്സേന്തുന്നവനുമായ അവിടത്തെയാണ് ദേവന്മാരാശ്രയിക്കുന്നത്.

19 നഹിമേഅസ്ത്യഘ്ന്യാ
നസ്വധീതിർവ്വനന്വതി
അഥൈതാദൃഗ്ഭരാമിതേ

അന്വയം:–

(ഹേ അഗ്നേ,) മേ അഘ്ന്യാ
നഹി അസ്തി — ഭാർഗ്ഗവസ്യ പ്രയോഗസ്യ മമ ഗൌർന്നവിദ്യതേ, യസ്യാഃ പയസാജ്യേന ച ത്വാം യജേയ
(കിഞ്ച) സ്വ–ധീതിഃ
ന വനൻ–വതി — യൈഃ കാഷ്ഠൈഃ ത്വാം സമിന്ധീയ

അഥ ഏതാദൃക് തേ
ഭരാമി — അഗ്നിഹോത്രാർത്ഥം പയസോ
ദോഗ്ധ്രീം ഗാം, ഇന്ധന
സാധനാനി കാഷ്ഠാനി ച
ഏതൽസർവ്വമഹം തുഭ്യം
സമ്പാദയാമി

അർത്ഥം-അല്ലയോ അഗ്നേ, ഭാർഗ്ഗവന്മാരിൽപ്പെട്ട പ്രയോഗനായ എനിക്കു് പാൽകൊണ്ടും നെയ്കൊണ്ടും അവിടുത്തെ യജിയ്ക്കാനുള്ള പശുവില്ല. അവിടുത്തെ ജ്വലിപ്പിക്കാനുള്ള മേലേരി നറുങ്ങുകൾ വെട്ടിക്കൊണ്ടുവരാൻ കത്തിയില്ല. അഗ്നിഹോത്രത്തിന്നുവേണ്ടി പാൽ കറക്കുന്ന പശുവിനെയും നറുങ്ങുകളുമെല്ലാം അവിടേയ്ക്കുവേണ്ടി ഞാനൊരുക്കുന്നുണ്ടു്.

20 യദഗ്നേകാനികാനിചി
ദാതേദാരൂണിദധ്മസി
താജ്ജുഷസ്വയവിഷ്ഠ്യ

അന്വയം:—
ഹേ യവിഷ്ഠ്യ, അഗ്നേ, — യുവതമാഗ്നേ, തുഭ്യം
യൽ കാനി കാനി ചിൽ — യദായാനി കാന്യപി
തേ ദാരൂണി ആ ദധ്മസി — ആധാരയാമി, തദാ
താ ജുഷസ്വ — താനി, അപരശ്ശുവൃക്ണാന്യ
പി സേവസ്വ

അർത്ഥം-അല്ലയോ ഏററവും യുവാവായ അഗ്നേ, അവിടേയ്ക്കുവേണ്ടി ഞാൻ വല്ല വല്ല നറുങ്ങുകളും സമ്പാദിയ്ക്കുമ്പോൾ അവ മഴുകൊണ്ടു മുറിച്ചെടുത്തവയല്ല എങ്കിലും അവിടുന്നു കൈക്കൊണ്ടാലും. (മുമ്പു് കൈകൊണ്ടു വലിച്ചുപൊട്ടിച്ചെടുത്ത നറുങ്ങുകൾ അഗ്നി ദഹിപ്പിച്ചിരുന്നില്ലെന്നും പ്രയോഗർഷി സമർപ്പിച്ചപ്പോഴാണാദ്യം കൈക്കൊണ്ടതെന്നും തൈത്തിരീ സംഹിതയിൽ പറയുന്നു.)

21 യദത്ത്യുപജിഹ്വികാ
യദ്വമ്രോഅതിസപ്പതി
സവ്വന്തദസ്തുതേഘൃതം

അന്വയം:—
(ഹേ അഗ്നേ,) യൽ — കാഷ്ഠാദികം
ഉപ-ജിഹ്വികാ അത്തി — ഉപജിഘ്രതി, ഭക്ഷയതി
യൽ വമ്രഃ
അതി-സപ്പതി — പിപീലികാതിഗച്ഛതി
തൽ സവ്വം തേ ഘൃതം
അസ്തു — യഥാഘൃതം തവ പ്രിയകരം,
തഥാ ഭവതു

അത്ഥം:—അല്ലയോ അഗ്നേ, യാതൊരു നുറുങ്ങിനെ ചിതൽ തിന്നുന്നുവോ യാതൊന്നിനെ ഉറുമ്പുകേറി കേടുവരുത്തുന്നുവോ, അതെല്ലാം അവിടേയ്ക്കു് പ്രിയമായ നെയ്യായി ഭവിക്കട്ടേ.

22 അഗ്നിമിന്ധാനോമനസാ
ധിയംസചേതമത്ത്യഃ
അഗ്നിമീധേവിവസ്വഭിഃ

വ·12

അന്വയം:—
മത്ത്യഃ അഗ്നിം ഇന്ധാനഃ — പ്രജ്വലയൻ
മനസാ ധിയം സചേത — ശ്രദ്ധധാനഃ കാലേകമ്മലഭതേ
വിവസ്വ-ഭിഃ അഗ്നിം
ഈധേ — ഋത്വിഗ്ഭിശ്ചാഗ്നിമേവ
പ്രജ്വലയതി

അത്ഥം.—മനുഷ്യൻ, യജമാനൻ അഗ്നിയെ പ്രജ്വലിപ്പിച്ചാണു് മനസ്സാൽ ശ്രദ്ധായുക്തനായി കാലത്തിൽ കമ്മം നേടുന്നതു്. ഋത്വിക്കുകളോടുകൂടി അഗ്നിയെത്തന്നെയാണു് പ്രജ്വലിപ്പിക്കുന്നതു്.

വർഗ്ഗം—13_14–15 കാണ്വഃ സോഭരിരൃഷിഃ, ബൃഹതീ വിരാഡ്രൂപാ, സതോബൃഹതീ, കകുഭ്ഭ്രസീയസ്യനുഷ്ടുഭശ്ഛന്ദാംസി അഗ്നിഃ, അഗ്നാമരുതശ്ച ദേവതാ

1 അദർശിഗാതുവിത്തമോ
യസ്മിന്വ്രതാന്യാദധുഃ
ഉപോഷുജാതമാര്യസ്യവർദ്ധന
മഗ്നിന്നക്ഷന്തനോഗിരഃ

അന്വയം:—

| | |
|---|---|
| യസ്മിൻ വ്രതാനി ആ-ദധുഃ — | യസ്മിന്നഗ്നൌ യജമാനാഃ കർമ്മാണ്യാദധൻ |
| ഗാതുവിൽ-തമഃ അദർശി — | അതിശയേന മാർഗ്ഗജ്ഞാതാ സോഗ്നിഃ പ്രാദുരഭൂൽ |
| (കിഞ്ച) സു ജാതം — | സമ്യൿ പ്രാദുർഭൂതം |
| ആര്യസ്യ വർദ്ധനം അഗ്നിം — | ഉത്തമവർണ്ണസ്യ കർമ്മശ്രേഷ്ഠസ്യ വർദ്ധയിതാരം തം |
| നഃ ഗിരഃ ഉപോ നക്ഷന്ത — | അസ്മാകം സ്തുതിരൂപാവാചഃ ഉപഗച്ഛന്ത്യേവ |

അർത്ഥം—യാതൊരഗ്നിയിൽ യജമാനന്മാർ കർമ്മങ്ങൾ ചെയ്യുന്നുവോ, ഏററവും മാർഗ്ഗങ്ങളറിയുന്ന ആ അഗ്നി പ്രത്യക്ഷപ്പെട്ടിരിക്കുന്നു. വേണ്ടപോലെ (അരണി കടഞ്ഞു്) ഉണ്ടായവനും കർമ്മശ്രേഷ്ഠമായ ആര്യവർണ്ണത്തെ വളർത്തുന്നവനുമായ ആ അഗ്നിയെ നമ്മുടെ സ്തുതിരൂപങ്ങളായ വചനങ്ങൾ പ്രാപിക്കുകതന്നെ ചെയ്യുന്നു.

2 പ്രദൈവോദാസോഅഗ്നി
ർദ്ദേവാഅച്ഛാനമജ്മനാ
അനുമാതരംപൃഥിവീംവിവാവൃതേ
തസ്ഥൌനാകസ്യസാനവി

അന്വയം:—
ദൈവഃ-ദാസഃ അഗ്നിഃ — ദിവോദാസേനാഹൂയമാനോഗ്നിഃ
മാതരം പൃഥിവീം — സർവ്വലോകസ്യ ജനനീം ഭൂമിം
അച്ഛ ദേവാൻ — ദിവോദാസസ്യ യജ്ഞേ താൻ പ്രതി
അനു ന പ്ര വി വവൃതേ — ഹവിർവ്വോഢും നാജഗാമ
(യസ്മാദേനമഗ്നിം ദിവോദാസഃ) മജ്മനാ — ബലേനാജുഹാവ, തസ്മാദയമഗ്നിഃ
നാകസ്യ സാനവി തസ്ഥൗ — സ്വർഗ്ഗസ്യസമുച്ഛ്രിതേ ദേശേ സ്വായതന ഏവാതിഷ്ഠൽ

അർത്ഥം—ദിവോദാസനാൽ വിളിയ്ക്കപ്പെടുന്ന അഗ്നി അദ്ദേഹത്തിന്റെ യജ്ഞത്തിൽ ദേവന്മാരെ ഉദ്ദേശിച്ച് സർവ്വലോകത്തിന്നമ്മയായ ഭൂമിയിലേക്ക് ഇറങ്ങിവന്നില്ല. ദിവോദാസൻ അഗ്നിയെ ബലത്തോടുകൂടിയാണ് വിളിച്ചത്. അവിടുന്ന് സ്വർഗ്ഗത്തിന്റെ മുകളിൽ സ്വന്തമിരിപ്പിടത്തിലിരുന്നതേ ഉള്ളൂ.

3 യസ്മാദ്രേജന്തകൃഷ്ടയ

ശ്ചർകൃത്യാനികൃണ്വതഃ

സഹസ്രസാംമേധസാതാവിവത്മ

നാഗ്നിന്ധീഭിസ്സപര്യത

അന്വയം:—
(ഹേ ജനാഃ) യസ്മാൽ
ചർകൃത്യാനി കൃണ്വതഃ — കർത്തവ്യാനി കർമ്മാണി കുർവ്വാണാന്മനുഷ്യാൽ
കൃഷ്ടയഃ രേജന്ത — ഇതരേമനുഷ്യാഃ കമ്പന്തേ
(തസ്മാദിദാനീം യൂയം)
സഹസ്ര-സാം — ഗവാം, ധനാനാം സഹസ്രസ്യ ദാതാരം

അഗ്നിം മേധസാതൗ_
ഇവ — യജ്ഞേ യഥാ തഥാ
ധീഭിഃ ത്മനാ സപര്യത — കർത്തവ്യൈഃ കർമ്മഭിഃ
ആത്മനൈവ പരിചരത

അർത്ഥം—അല്ലയോ ജനങ്ങളേ, കർത്തവ്യങ്ങളായ കർമ്മങ്ങളനുഷ്ഠിക്കുന്ന മനുഷ്യനിൽനിന്നു് മററു മനുഷ്യർ ഭയപ്പെട്ടു വിറക്കുന്നു. അതിനാൽ ഇപ്പോൾ നിങ്ങൾ ആയിരക്കണക്കിൽ പശുക്കളെയും ധനങ്ങളെയും തരുന്ന അഗ്നിയെ യജ്ഞത്തിലെന്നപോലെ കർത്തവ്യകർമ്മങ്ങളാൽ സ്വയം പരിചരിക്കുക. (സ്വധർമ്മാനുഷ്ഠാനം തന്നെ അഗ്നിക്കു് പ്രിയകരമാണു്.)

4 പ്രയംരായേനിനീഷസി

മർത്തോയസ്തേവസോദാശൽ

സവീരന്ധത്തേഅഗ്നഉക്ഥശംസിനം

ത്മനാസഹസ്രപോഷിണം

അന്വയം:—

ഹേ വസോ, അഗ്നേ — വാസകാഗ്നേ, ത്വം
യം രായേ പ്ര
നിനീഷസി — യം സ്തോതാരം ധനാർത്ഥം
പ്രണേതുമിച്ഛസി
യഃ മർത്തഃ തേ ദാശൽ — തുഭ്യം ഹവീംഷി പ്രയച്ഛതി
സഃ ഉക്ഥ-ശംസിനം — സമനുഷ്യഉക്ഥാനാം
ശംസിതാരം
ത്മനാ സഹസ്ര-
പോഷിണം — ബഹുധനം
വീരം ധത്തേ — പുത്രം ധാരയതി

അർത്ഥം—ഏവരെയുമതാതിടത്തു വസിപ്പിക്കുന്ന അഗ്നേ, ഏവനെ അവിടുന്നു് ധനത്തിലേയ്ക്കു് പ്രണയിയ്ക്കാനിച്ഛിയ്ക്കുന്നുവോ, ഏതു മനുഷ്യൻ അവിടേക്കു ഹവിസ്സുകളേകുന്നുവോ, അവൻ ശസ്ത്രം ചൊല്ലുന്നവനും സ്വയമായിരംപേരെ പോററുന്ന ധനവാനുമായ പുത്രനെ നേടുന്നു.

5 സദൃള്ഹേചിദഭിതൃണത്തിവാജ
മർവ്വതാസധത്തേഅക്ഷിതിശ്രവഃ
ത്വേദേവത്രാസദാപുരൂവസോ
വിശ്വാവാമാനിധീമഹി

വ. 13

അന്വയം:—

| | |
|---|---|
| ഹേ പുരു_വസോ, | — ബഹുധനാഗ്നേ, യസ്തുഭ്യം ഹവീംഷി പ്രയച്ഛതി |
| സഃ ദൃള്ഹേ ചിൽ | — ദൃഢേപി ശത്രുപുരേസ്ഥിതം |
| വാജം അർവ്വതാ അഭി തൃണത്തി | — അന്നമശ്വേന ഹിനസ്തി |
| (തഥാ) സഃ അക്ഷിതി ശ്രവഃ ധത്തേ | — അക്ഷീണമന്നം ധാരയതി |
| (തഥാ ച സതി തുഭ്യം ഹവിഷാം പ്രദാതാരോ വയം) ദേവ_ത്രാ ത്വേ വിശ്വാ | — ദേവേത്വയി സർവ്വാണി |
| വാമാനി സദാ ധീമഹി | — വനനീയാനി ധനാനി ധാരയാമ |

അർത്ഥം-അല്ലയോ ബഹുധനനായ അഗ്നേ, ഏവനവിടേക്ക ഹവിസ്സുകളേകുന്നുവോ, അവൻ ഉറപ്പേററ ശത്രുനഗരത്തിലുള്ള അന്നത്തെയും കുതിരയോടുകൂടി ഹനിക്കുന്നു. (അന്നത്തെയും കുതിരയെയും ഹനിക്കുന്നു.) പിന്നെ അവൻ ക്ഷയിക്കാത്ത അന്നം (പുഷ്ടി) നേടുന്നു. അപ്രകാരമിരിക്കേ, ദേവനായ അവിടുന്നിൽ എല്ലാ കാമ്യങ്ങളായ ധനങ്ങളും അവിടേക്ക ഹവിസ്സേകുന്ന ഞങ്ങൾ എപ്പോഴും ധരിക്കാവൂ, അവിടുന്നിൽ നിന്നു നേടാവൂ.

6 യോവിശ്വാദയതേവസു
ഹോതാമന്ദ്രോജനാനാം
മധോർന്നപാത്രാപ്രഥമാന്യസ്മൈ
പ്രസ്തോമായന്ത്യഗ്നയേ

അന്വയം:—

ഹോതാ, മന്ദ്രഃ യഃ — ദേവാനാമാഹ്വാതാ,
മോദനശീലോയോഗ്നിഃ
വിശ്വാ വസു ജനാനാം
ദയതേ — സൎവ്വാണി വസൂനി, ധനാനി
ജനേഭ്യഃ പ്രയച്ഛതി
അസ്മൈ അഗ്നയേ
മധോഃ ന — മദകരസ്യ സോമസ്യേവ
പ്രഥമാനി പാത്രാ — മുഖ്യാനി പാത്രാണി
സ്തോമാഃ പ്ര യന്തി — സ്തോത്രാണി ച പ്രഗച്ഛന്തി

അൎത്ഥം-ദേവന്മാരെവിളിക്കുന്നവനും ഹൎഷശീലനുമായ യാതൊരഗ്നി എല്ലാ ധനങ്ങളും ജനങ്ങൾക്കു കൊടുക്കുന്നുവോ, ആ അഗ്നിക്കായി ഹൎഷകരമായ സോമത്തിൻെറ മുഖ്യപാത്രങ്ങളെന്നപോലെ സ്തോത്രങ്ങളും (അടുക്കൽ) എത്തുന്നു.

7 അശ്വന്നഗീൎഭീരഥ്യംസുദാനവോ
മർമൃജ്യന്തേദേവയവഃ
ഉഭേതോകേതനയേദസ്മവിശ്പതേ
പൎഷീരാധോമഘോനാം

അന്വയം:—

ഹേ ദസ്മ, വിശ്പതേ, — ദൎശനീയ, വിശാംപതേഗ്നേ,
(യം ത്വാം) സു-ദാനവഃ — ശോഭനദാനാഃ
ദേവ-യവഃ — ദേവാനാത്മന ഇച്ഛന്തോ
യജമാനാഃ
രഥ്യം അശ്വം ന — രഥസ്യ വോഢാരമശ്വമിവ
ഗീഃ-ഭിഃ മർമൃജ്യന്തേ — സ്തുതിഭിഃ പരിചരന്തി
(സത്വമസ്മാകം) തോകേ
തനയേ ഉഭേ — പുത്രേ പൌത്രേ ഉഭയസ്മിൻ
മഘോനാം രാധഃ പൎഷി — ധനവതാം ധനം പ്രയച്ഛ.

അൎത്ഥം—ദൎശനീയനും പ്രജാപാലനുമായ അഗ്നേ, നല്ല ദാനമൊത്തവരും, ദേവന്മാരെ (അവരുടെ അനുഗ്രഹം) ഇച്ഛിക്കുന്നവരുമായ യജമാനന്മാർ, തേർവലിക്കുന്ന കുതിരയ്ക്കു ചൊറിഞ്ഞുകൊടുക്കുന്നപോലെ, യാതൊരവിടുത്തെ സ്തുതിവചനങ്ങളാൽ പരിചരിക്കുന്നുവോ, ആ അവിടുന്നു ഞങ്ങളുടെ പുത്രങ്കളും പൌത്രങ്കളും (പുത്രനും പൌത്രനും) ധനവാന്മാരുടെ ധനം തന്നാലും—(സമൃദ്ധമായ ധനമെന്നൎത്ഥം)

8 പ്രമംഹിഷ്ഠായഗായത

ഋതാവ്നേബൃഹതേശുക്രശോചിഷേ

ഉപസ്തുതാസോഅഗ്നയേ

അന്വയം:—

ഹേ ഉപ–സ്തുതാസഃ, — ഉപസ്തോതാരഃ,
മംഹിഷ്ഠായ ഋത–വ്നേ — ദാതൃതമായ, സത്യവതേ
ബൃഹതേ
ശുക്ര–ശോചിഷേ — മഹതേ, ദീപ്തതേജസേ
അഗ്നയേ പ്ര ഗായത — സ്തോത്രം പഠത

അൎത്ഥം:—അല്ലയോ ഉപസ്തോതാക്കളേ, ദാതാക്കളിൽ ശ്രേഷ്ഠനും സത്യവാനും മഹാനും ശോഭനപ്രകാശനുമായ അഗ്നിക്കായി സ്തോത്രം ചൊല്ലുക.

9 ആവംസതേമഘവാവീരവദ്യശ

സ്സമിദ്ധോദ്യുമ്ന്യാഹുതഃ

കുവിന്നോഅസ്യസുമതിന്നവീയ

സ്യച്ഛാവാജേഭിരാഗമൽ

അന്വയം:—

മഘ–വാ, ദ്യുമ്നീ — ധനവാൻ, യശസ്വ്യഗ്നിഃ
സം–ഇദ്ധഃ ആ–ഹുതഃ — ദീപ്തഃ ബഹുഭിരാഹുതഃ

വീര-വൽ യശഃ ആ
വംസതേ — യശസ്കരമന്നം യജമാനേഭ്യഃ പ്രയച്ഛതി
അസ്യ നവീയസീ
സു-മതിഃ — നിത്യനൂതനാനുഗ്രഹബുദ്ധിഃ
നഃ അച്ഛ വാജേഭിഃ — അസ്മാൻപ്രത്യന്നൈസ്സഹ
കുവിൽ ആ-ഗമൽ — ബഹുവാരമാഗച്ഛതു

അർത്ഥം-ധനവാനും യശസ്വിയും ദീപ്തനും പലരാലും സ്തുതനുമായ അഗ്നി പുത്രന്മാരോട് ചേർന്നും യശസ്സിയറ്റുന്നതുമായ അന്നം യജമാനന്മാർക്കു കൊടുക്കുന്നു. എന്നും പുത്തനായ അവിടുത്തെ അനുഗ്രഹബുദ്ധി നമുക്കുനേരെ പലവട്ടം വന്നു ചേരട്ടേ.

10 പ്രേഷ്ഠമുപ്രിയാണാം
സ്തുഹ്യാസാവാതിഥിം
അഗ്നിംരഥാനാംയമം വ. 14

അന്വയം:-

ഹേ ആ-സാവ,
പ്രിയാണാം പ്രേഷ്ഠം ഉ — ഹേ സ്തോതഃ, പ്രിയാണാം പ്രിയതമമേവ
അതിഥിം രഥാനാം യമം — അഭ്യാഗതം, യന്താരം
അഗ്നിം സ്തുഹി — സ്തുതിം കുരു

അർത്ഥം-അല്ലയോ സ്തോതാവേ, പ്രിയപ്പെട്ടവരിൽ വെച്ച് ഏറ്റവും പ്രിയൻതന്നെയും അതിഥിയായിവന്നവനും തേരുകൾ നടത്തുന്നവനുമായ അഗ്നിയെ സ്തുതിക്കുക.

11 ഉദിതായോനിദിതാവേദിതാവ
സ്വായജ്ഞിയോവവർത്തതി
ദുഷ്ടരായസ്യപ്രവണേനോർമ്മയോ
ധിയാവാജംസിഷാസതഃ

അന്വയം:-
(ഹേ സ്തോതഃ,)
വേദിതാ, യജ്ഞിയഃ — വേത്താ, യജ്ഞാർഹഃ
യഃ ഉൽ–ഇതാ — ഉദിതാനി, ഉൽഗതാനി
നി–ദിതാ — നീദിതാനി, ശ്രുതാനി ച
വസു ആ വവർത്തതി — വസൂനി, ധനാന്യാവർത്തയതി
ധിയാ വാജം സിസാ
സതഃ — കർമ്മണാ സങ്ഗ്രാമം സംഭക്തുമിച്ഛതഃ
യസ്യ — യസ്യാഗ്നേർജ്ജ്വാലാഃ
പ്രവണേ ന ഊർമ്മയഃ — പ്രവണാഭിമുഖാസ്സമുദ്രസ്യ തരങ്ഗാ ഇവ
ദുസ്തരാഃ — തർത്തുമശക്യാഃ, തമഗ്നിം സ്തുഹി

അർത്ഥം–അല്ലയോ സ്തോതാവേ, വിജ്ഞനും യജ്ഞാർഹനുമായ ഏവൻ മേൽപ്പോട്ടുവരുന്നവയും കേൾവിപ്പെട്ടവയുമായ ധനങ്ങളെ നേരെ കൊണ്ടുവരുന്നുവോ, കർമ്മത്താൽ പോരിന്നുന്നുന്ന ഏവന്റെ ജ്വാലകൾ, കരയിലടിക്കുന്ന കടൽത്തിരകൾപോലെ, മറികടക്കാൻ വയ്യാത്തവയോ, ആ അഗ്നിയെ സ്തുതിക്കുക.

12 മാനോഹൃണീതാമതിഥി
ർവ്വസുരഗ്നിഃ പുരുപ്രശസ്തഏഷഃ
യസ്സുഹോതാസ്വധ്വരഃ

അന്വയം:–
വസുഃ അതിഥിഃ — വാസകഃ അതിഥിവൽ പൂജ്യഃ
പുരു–പ്രശസ്തഃ — ബഹുഭിസ്തുതഃ
സു–ഹോതാ — സുഷ്ഠു ദേവാനാമാഹ്വാതാ
സു–അധ്വരഃ യഃ അഗ്നിഃ — സുയജ്ഞശ്ചയോഗ്നിഃ
ഏഷഃ നഃ മാ ഹൃണീതാം — കേനാപി ന രുധ്യതാം

അർത്ഥം–ഏവരെയും അതാതിടത്തു വസിപ്പിക്കുന്നവനും അതിഥിപോലെ പൂജ്യനും പലരാലും സ്തുതിക്കപ്പെട്ടവനും,

നന്നായി ദേവന്മാരെ വിളിക്കുന്നവനും നല്ല യജ്ഞമൊത്തവനുമായ യാതൊരഗ്നിയുണ്ടോ, അവിടുന്നു നമ്മളോടു് എന്തു കൊണ്ടും കോപിക്കരുതു്.

13 മോതേരിഷൻയേഅച്ഛോക്തിഭിർവ
സോഗ്നേകേഭിശ്ചിദേവൈഃ
കീരിശ്ചിദ്ധിത്വാമീട്ടേദൂത്യായ
രാതഹവ്യസ്വധ്വരഃ

**അന്വയം:—**

ഹേ വസോ, അഗ്നേ, — വാസകാഗ്നേ, ത്വം
യേ അച്ഛോക്തി–ഭിഃ — യേ മനുഷ്യാ അഭിഷ്ടുതിഭിഃ
കേഭിഃ ഏവൈഃ ചിൽ — കൈസ്സുഖകരൈ
രഭിഗമനൈരപി
തേ മോ രിഷൻ — തവതേ സ്തോതാരഃ
മൈവഹിംസ്യന്താം
രാത–ഹവ്യഃ, സ്വ–
അധ്വരഃ കീരിഃ ചിൽ — ദത്തഹവിഷ്കഃ സുയജ്ഞ
സ്തോതാപി
ദൂത്യായ ത്വാം ഈട്ടേ ഹി — ദൂതകർമ്മണേത്വാം സ്തൌതി ഖലു

അർത്ഥം—ഏവരെയും അതാതിടത്തു വസിപ്പിക്കുന്ന അഗ്നേ, മനുഷ്യരേവർ നേരിട്ടുള്ള സ്തുതികളാലും സുഖകരങ്ങളായ അഭിഗമനങ്ങളാലും (സമീപനങ്ങളാലും) അവിടുത്തെ പ്രാപിക്കുന്നുവോ, അവിടേക്കു ചേർന്ന ആ സ്തോതാക്കളും ഹിംസിക്കപ്പെടരുതു്. ഹവിസ്സേകിയ യജ്ഞവാനായ സ്തോതാവും, ദേവന്മാർക്കു ഹവിസ്സേന്തുന്ന ദൂതകർമ്മത്തിന്നായി അവിടുത്തെ സ്തുതിക്കുന്നു.

14 ആഗ്നേയാഹിമരുത്സഖാ
രുദ്രേഭിസ്സോമപീതയേ
സോഭര്യാഉപസുഷ്ടുതിം
മാദയസ്വസ്വർണ്ണരേ                വ. 15

അന്വയം:–

| | |
|---|---|
| ഹേ അഗ്നേ, മരുൽ–സഖാ | — മരുതാം പ്രിയസ്ത്വം |
| സ്വഃ–നരേ സോമ–പീതയേ | — അസ്മാകം യജനകർമ്മണി സോമപാനായ |
| രുദ്രേഭിഃ ആ യാഹി | — മരുത്ഭിസ്സഹാഗച്ഛ |
| സോഭര്യാഃ സു–സ്തുതിം ഉപ | — സോഭരേർമ്മമ സ്തുതിഞ്ചോപഗച്ഛ |
| മാദയസ്വ | — സോമം പീത്വാ, സ്തുതിം ശ്രുത്വാ ച മാദയ ച |

അർത്ഥം—അല്ലയോ അഗ്നേ, മരുത്തുക്കൾക്കു ചങ്ങാതിയായ അവിടുന്നു ഞങ്ങളുടെ യജ്ഞകർമ്മത്തിൽ സോമപാനത്ത!ന്നായി മരുത്തുക്കളോടുകൂടി വന്നാലും. സോഭരിയായ എന്റെ നല്ല സ്തുതിയെയും പ്രാപിച്ചാലും. സോമം കടിച്ചും സ്തുതി!കേട്ടും ഹർഷിച്ചാലും.

8–ാം മണ്ഡലം കഴിഞ്ഞു.

വർഗ്ഗം–16–17 വൈശ്വാമിത്രോ മധുച്ഛന്ദാഃ ഋഷിഃ, ഗായത്രീ ഛന്ദഃ, സോമഃ പവമാനോ ദേവതാ.

1 സ്വാദിഷ്ഠയാമദിഷ്ഠയാ

പവസ്വസോമധാരയാ

ഇന്ദ്രായപാതവേസുതഃ

അന്വയം:–

| | |
|---|---|
| ഹേ സോമ, ഇന്ദ്രായ | |
| പാതവേ | — പാതും |
| സുതഃ | — അഭിഷുതസ്ത്വം |
| സ്വാദിഷ്ഠയാ, മദിഷ്ഠയാ | — സ്വാദുതമയാ, അതിശയേന മാദയിത്ര്യാ |
| ധാരയാ പവസ്വ | — ക്ഷര |

അർത്ഥം–അല്ലയോ സോമ, ഇന്ദ്രന്നു പാനം ചെയ്‌വാൻ വേണ്ടി സംസ്കരിക്കപ്പെട്ട അവിടുന്നു് ഏററവും സ്വാദുള്ള, എത്രയും ഹർഷകരമായ ധാരയോടുകൂടി ഒഴുകിയാലും.

2 രക്ഷോഹാവിശ്വചർഷണി

രഭിയോനിമയോഹതം

ദ്രുണാസധസ്ഥമാസദൽ

അന്വയം:–

| | |
|---|---|
| രക്ഷഃ–ഹാ | — രക്ഷസാം ഹന്താ |
| വിശ്വ–ചർഷണിഃ | — വിശ്വസ്യദ്രഷ്ടാ സോമഃ |
| അയഃ–ഹതം | — ഹിരണ്യേനഹതം |
| ദ്രുണാ സധ–സ്ഥം യോനിം | — ദ്രോണകലശേന സഹസ്ഥാന മഭിഷവണസ്ഥാനം |
| അഭി ആ അസദൽ | — അഭ്യാസീദതി |

അർത്ഥം-രക്ഷസ്സുകളെ (ബാധാരൂപത്തിൽ വരുന്ന പാപങ്ങളെ) ഹനിക്കുന്നവനും സർവ്വ ഭുവനത്തെയും കാണുന്നവനുമായ സോമൻ സ്വർണ്ണത്താൽ (സ്വർണ്ണമോതിരമിട്ട കയ്യിനാൽ) സംസ്കരിക്കപ്പെട്ടു്, പാത്രത്തിലൂടെ സഹസ്ഥാനമായ സംസ്കരണസ്ഥാനത്തു നേരെ വന്നിരിക്കുന്നു.

3 വരിവോധാതമോഭവ
മംഹിഷ്ഠോവൃത്രഹന്തമഃ
പർഷിരാധോമഘോനാം

അന്വയം:—

(ഹേ സോമ,) വരിവഃ—

ധാതമഃ ഭവ — അതിശയേന ധനാനാം ദാതാ ഭവ

മംഹിഷ്ഠഃ — ദാതൃതമശ്ച (സർവ്വദാതൃത്വമത്രോച്യതേ ഇത്യപുനരുക്തിഃ) ഭവ

വൃത്രഹൻ—തമഃ — അതിശയേന ശത്രൂണാം ഹന്താഭവ

(കിഞ്ച) മഘോനാം
രാധഃ പർഷി — ധനവതാം ശത്രൂണാം ധനമസ്മഭ്യം പ്രയച്ഛ ച

അർത്ഥം—അല്ലയോ സോമ, അവിടുന്നേറ്റവും ധനദാതാവായി ഭവിച്ചാലും. തികച്ചും സർവ്വാഭീഷ്ടദാതാവായി ഭവിച്ചാലും. പിന്നെ ധനവാന്മാരായ ശത്രുക്കളുടെ ധനം ഞങ്ങൾക്കു നൽകിയാലും. (ശത്രുക്കളുടെ ദ്രോഹശക്തിയായ ധനം ഞങ്ങളിലേക്കു പകർന്നാലും.)

4 അഭ്യർഷമഹാനാം
ദേവാനാംവീതിമന്ധസാ
അഭിവാജമുതശ്രവഃ

അന്വയം:–
(ഹേ സോമ, ത്വം)
മഹാനാം ദേവാനാം — മഹതാം ദേവാനാം
വീതിം അന്ധസാ — യജ്ഞം ധാനാദ്യന്നേന സഹ
അഭി അർഷ — അഭിഗച്ഛ
ഉത വാജം, ശ്രവഃ അഭി — ബലമന്നഞ്ചാസ്മാനഭിഗമയ

അർത്ഥം–അല്ലയോ സോമ, മഹാന്മാരായ ദേവന്മാരെ ഉദ്ദേശിച്ചുള്ള യജ്ഞത്തെ അവിടുന്നു യവം മുതലായ അന്നത്തോടുകൂടി അഭിഗമിച്ചാലും. പിന്നെ ഞങ്ങൾക്കു ബലവുമന്നവുമെത്തിച്ചാലും.

5 ത്വാമച്ഛാചരാമസി

തദിദർത്ഥംദിവേദിവേ

ഇന്ദോത്വേനആശസഃ

വ. 16

അന്വയം:–

ഹേ ഇന്ദോ, — യാഗേഷു ക്ലിദ്യമാന സോമ
ത്വാം അച്ഛ ചരാമസി — ത്വാംപ്രതി വയം ചരാമഃ
ദിവേ–ദിവേ തൽ ഇൽ
അർത്ഥം — പ്രതിദിനമസ്മാകം തദേവ,
ത്വൽ പരിചരണമേവ കാര്യം
നഃ ആ–ശസഃ ത്വേ — അസ്മാകമാശംസനാന്യപിത്വ
യ്യേവ

അർത്ഥം–യാഗങ്ങളിൽ നനവേൽക്കുന്ന സോമ, ഞങ്ങൾ അവിടുത്തെച്ചുറ്റിപ്പറ്റിത്തന്നെയാണ് ചരിക്കുന്നത്; ദിവസന്തോറും അവിടുത്തെ പരിചരണമാണ് ഞങ്ങൾക്കു കർത്തവ്യം. ഞങ്ങളുടെ ആഗ്രഹങ്ങളും അവിടുന്നിൽത്തന്നെ നിലകൊള്ളുന്നു.

6 പുനാതിതേപരിസ്രുതം

സോമംസൂര്യസ്യദുഹിതാ

വാരേണശശ്വതാതനാ

അന്വയം:—

(ഹേ സോമ,) തേ
പരി-സ്രുതം സോമം — തവക്ഷരന്തം സോമരസം
സൂര്യസ്യ ദുഹിതാ — ശ്രദ്ധാ ദേവീ
ശശ്വതാ തനാ വാരേണ — ശാശ്വതേന വിസ്തൃതേന വാലേന
പുനാതി — ശുദ്ധീകരോതി

അർത്ഥം—അല്ലയോ സോമ, ഒഴുകിവരുന്ന അവിടുത്തെ രസത്തെ (സോമച്ചാറിനെ) സൂര്യന്റെ മകളായ ശ്രദ്ധാദേവി (യാഗാനുഷ്ഠാതാക്കളുടെ ശ്രദ്ധയെ സർവ്വപ്രേരകനായ സൂര്യന്റെ മകളായി സങ്കല്പിക്കുന്നു.) ശാശ്വതവും വിസ്തൃതവുമായ ദശാപവിത്രത്താൽ ശുദ്ധീകരിക്കുന്നു. (ആട്ടിൻരോമത്താൽ ശുദ്ധീകരിക്കുന്നു.)

7 തമീമണ്വീസ്സമര്യആ

ഗൃഭ്ണന്തിയോഷണോദശ

സ്വസാരഃപാര്യേദിവി

അന്വയം:—

സ-മര്യേ — സമനുഷ്യേ യജ്ഞേ
പാര്യേ ദിവി — സൌത്യേഹനി
യോഷണഃ സ്വസാരഃ — സ്ത്രീയഃ സ്വയംസരന്ത്യഃ
ദശ അണ്വീഃ — ദശസംഖ്യാകാ അംഗുലയഃ
തം ഈം ആ ഗൃഭ്ണന്തി — തമേനം സോമമാഗൃഹ്ണന്തി

അർത്ഥം—മനുഷ്യർ നടത്തുന്ന യജ്ഞത്തിൽ സൌത്യം എന്ന സംസ്കരണക്രിയ നടക്കുന്ന ദിവസം സ്ത്രീസ്വഭാവത്തോടു കൂടി, സ്വയം സരിക്കുന്ന പത്തു വിരലുകൾ ആ സോമത്തെ ഗ്രഹിക്കുന്നു.

8 തമീംഹിന്വന്ത്യഗ്രുവോ

ധമന്തിബാകുരംദൃതിം

ത്രിധാതുവാരണംമധു

അന്വയം:—

| | |
|---|---|
| തം ഈം അഗ്രുവഃ ഹിന്വന്തി | — ഏനം സോമമംഗുലയഃ അഭിഷവപ്രദേശം പ്രതി പ്രേരയന്തി |
| (പ്രേരയിത്വാ ച) ബാകുരം ദൃതിം | — ഭാസമാനം ദൃതിസദൃശം ശുഭ്രമേനം സോമം |
| ധമന്തി | — അഭിഷുണ്വന്തി |
| (തദേതൽ സോമാത്മകം) മധു ത്രി-ധാതു | — ത്രിസ്ഥാനം, ദ്രോണകലശാധവനീയ പൂതഭൃദിതി ത്രിധാതവഃ, തദ്വാൻ |
| വാരണം | — ശത്രൂണാം വാരകം ച ഭവതി |

അർത്ഥം—ആ സോമത്തെ പത്തു, വിരലുകൾ സംസ്കരണ സ്ഥാനത്തേക്കു നയിക്കുന്നു. അങ്ങിനെ നയിച്ച്, ശോഭനവും തോൽസ്സഞ്ചിപോലുള്ളതുമായ സോമത്തെ സംസ്കരിക്കുന്നു. ആ സോമമയമായ തേൻ, ദ്രോണകലശം, ആധവനീയം, പൂതഭൃത്ത് എന്നീ സ്ഥാനങ്ങളോടു ചേർന്ന് ശത്രുക്കളെ നിവാരണം ചെയ്യുന്നതായും ഭവിക്കുന്നു.

9 അഭീ ∫ ∫മമഘ്ന്യാഉത

ശ്രീണന്തിധേനവശ്ശിശ്രും

സോമമിന്ദ്രായപാതവേ

അന്വയം:—

| | |
|---|---|
| ഉത ഇമം ശിശ്രും സോമം | — അപിചൈനം ബാലം സോമം |
| അഘ്ന്യാഃ ധേനവഃ | — അഹന്തവ്യാഗാവഃ |
| ഇന്ദ്രായ പാതവേ | — പാതും |
| അഭി ശ്രീണന്തി | — സ്വകീയേന പയസാ സംസ്കുർവ്വന്തി |

അർത്ഥം—പിന്നെ, ഈ ലഘുമാത്രയായ സോമരസത്തെ ഇന്ദ്രനു കുടിക്കാനായി, ഒരിക്കലും ഹിംസിക്കപ്പെടരുതാത്ത പശുക്കൾ സ്വന്തം പാൽ ചേർത്തു സംസ്കരിക്കുന്നു.

10 അസ്യേദിന്ദ്രോമദേഷ്വാ

വിശ്വാവൃത്രാണിജിഘ്നതേ

ശൂരോമഘാചമംഹതേ വ. 17

അന്വയം:-

ശൂരഃ ഇന്ദ്രഃ അസ്യ ഇൽ — വീര ഇന്ദ്രസ്സോമസ്യൈവ
മദേഷു — ഹർഷേഷു
വിശ്വാ വൃത്രാണി ആ
ജിഘ്നതേ — സർവ്വാഞ്ഛത്രൂനാഹന്തി
മഘാ ച മംഹതേ — ധനാനി ച യജമാനേഭ്യഃ ·
പ്രയച്ഛതി

അർത്ഥം-വീരനായ ഇന്ദ്രൻ ഈ സോമത്തിന്റെതന്നെ ഹർഷാനുഭൂതികളിലാണ് എല്ലാ ശത്രുക്കളെയുമൊടുക്കുന്നതു്. യജമാനന്മാർക്ക് ഐശ്വര്യങ്ങളെയും കൊടുക്കുന്നതു്.

വർഗ്ഗം:-18-19 കാണ്വോമേധാതിഥിഃ ഋഷിഃ

1 പവസ്വദേവവീരതി

പവിത്രംസോമരംഹ്യാ

ഇന്ദ്രമിന്ദോവൃഷാവിശ

അന്വയം:-

ഹേ സോമ, ദേവ-വീഃ — ദേവകാമസ്ത്വം
രംഹ്യാ പവിത്രം — വേഗേന ശുദ്ധം യഥാതഥാ
അതി പവസ്വ — അതിക്ഷര
(കിഞ്ച) ഹേ ഇന്ദോ,
വൃഷാ — സേചകസ്ത്വം
ഇന്ദ്രം ആ വിശ — പ്രവിശ

അർത്ഥം-അല്ലയോ സോമ, ദേവന്മാരെ ഇഷ്ടപ്പെടുന്ന അവിടുന്നു് വേഗത്തോടുകൂടി ശുദ്ധമാംവണ്ണം ധാരാളമായൊഴ

കിയാലും. മാത്രമല്ല, സോമ, വർഷകനായ അവിടുന്ന് ഇന്ദ്രങ്കൽ പ്രവേശിച്ചാലും.

2 ആവച്യസ്വമഹിഫ്സരോ

വൃഷേന്ദോദ്യുമ്നവത്തമഃ

ആയോനിന്ധർണ്ണസിസ്സദഃ

അന്വയം:–

| | |
|---|---|
| ഹേ ഇന്ദോ, മഹി | — ഹേ സോമ, മഹാൻ |
| വൃഷാ, ദ്യുമ്നവൽ–തമഃ | — കാമാനാം വർഷിതാ, യശസ്വി തമഃ |
| ധർണ്ണസിഃ ഫ്സരഃ | — ധർത്താത്വം പാനീയമന്ധഃ |
| ആ വച്യസ്വ | — അസ്മാൻപ്രത്യാഗമയ |
| യോനിം ആ സദഃ | — സ്ഥാനമാസീദ ച |

അർത്ഥം–അല്ലയോ സോമ, മഹാനും കാമവർഷകനും ഏററവും യശസ്സ്വിയന്നവനും എല്ലാം ധരിക്കുന്നവനുമായഅവിടുന്ന് കുടിയ്ക്കാനുള്ള ചാർ ഞങ്ങൾക്കെത്തിച്ചാലും. അവിടുത്തെ സ്ഥാനത്തിരുന്നാലും.

3 അധ്യുക്ഷതപ്രിയംമധു

ധാരാസുതസ്യവേധസഃ

അപോവസീഷ്ടസുക്രതുഃ

അന്വയം:–

| | |
|---|---|
| സുതസ്യ വേധസഃ | — അഭീഷുതസ്യ, അഭീലഷിത വിധാതുസ്സോമസ്യ |

ധാരാ പ്രിയം മധു
അധുക്ഷത — പ്രീതികരമമൃതം ദുഗ്ധേ
സു–ക്രതുഃ അപഃ വസിഷ്ട — സുകർമ്മാസോമഃ വസതീവരീരാച്ഛാദയതി

അർത്ഥം–സംസ്കരിക്കപ്പെട്ട, അഭിമതവിധാതാവായ സോമന്റെ ധാര പ്രീതികരമായ അമൃതമാണ് ചുരത്തിത്തരുന്നത്. നല്ല കർമ്മമൊത്ത സോമൻ വസതീവരികളെന്ന മന്ത്രപൂതജലങ്ങളെ മൂടുന്നു.

4 മഹാന്തന്ത്വാമഹീര

ന്വാപോഅർഷന്തിസിന്ധവഃ

യദ്ഗോഭിർവ്വാസയിഷ്യസേ

അന്വയം:–

(ഹേ സോമ, ത്വം)
യൽ ഗോഭിഃ — യദായജ്ഞേ ഗോവികാരൈഃ പയോഭിഃ
വാസയിഷ്യസേ — ആച്ഛാദയിഷ്യസേ, തദാ
ത്വാ മഹാന്തം അനു
സിന്ധവഃ — ത്വം പ്രതിസ്യന്ദമാനാനി
മഹീഃ ആപഃ അർഷന്തി — മഹാന്ത്യുദകാനി ഗച്ഛന്തി

അർത്ഥം–അല്ലയോ സോമ, യജ്ഞത്തിലവിടുന്ന് പശുവിൻപാലുകളാൽ മൂടപ്പെടുമ്പോൾ അവിടുത്തെ നേരെ ഒഴുകുന്ന മഹത്തുക്കളായ ജലങ്ങൾ വരുന്നു. (പാൽ ചേർക്കുമ്പോൾ മന്ത്രപൂതങ്ങളായ ജലങ്ങളും സോമത്തോടു ചേർക്കുന്നു.)

5 സമുദ്രോഅപ്സുമാമൃജേ

വിഷ്ടംഭോധരുണോദിവഃ

സോമഃപവിത്രേഅസ്മയുഃ

വ. 18

അന്വയം:—

സമുദ്രഃ വിഷ്ടംഭഃ — സമുദ്രവന്ത്യസ്മാദ്രസാ ഇതി സമുദ്രഃ, ദൃഢഃ
ദിവഃ ധരുണഃ — സ്വർഗ്ഗസ്യ ധാരകശ്ച
അസ്മ-യുഃ സോമഃ — അസ്മൽകാമസ്സോമഃ
അപ്-സു മമൃജേ — ഉദകേഷു മൃജ്യതേ
പവിത്രേ — ദശാപവിത്രേ അഭിഷിച്യതേ

അർത്ഥം--രസമൊലിപ്പിക്കുന്നവനും ഉറപ്പുററവനും സ്വർഗ്ഗത്തെ താങ്ങുന്നവനും നമ്മെ ഇഷ്ടപ്പെടുന്നവനുമായ സോമൻ ജലങ്ങളിൽ ശുദ്ധീകരിക്കപ്പെടുന്നു. ദശാപവിത്രത്തിൽ കുളിപ്പിക്കപ്പെടുന്നു.

6 അചിക്രദദ്വൃഷാഹരി
ർമ്മഹാന്മിത്രോനദർശതഃ
സംസൂര്യേണരോചതേ

അന്വയം:—

വൃഷാ ഹരിഃ — കാമാനാം വർഷകഃ, ഹരിതവർണ്ണഃ
മഹാൻ, മിത്രഃ ന ദർശതഃ — സർവ്വോത്തമഃ, യഥാ സഖാ തഥാ ദർശനീയസ്സോമഃ
അചിക്രദൽ — ശബ്ദം കരോതി
(സഃ) സൂര്യേണ സം രോചതേ — സൂര്യേണ സഹ സമ്യക് പ്രകാശതേ

അർത്ഥം—കാമവർഷകനും പച്ചനിറമുററവനും മഹാനും ചങ്ങാതിപോലെ ദർശനീയനുമായ സോമൻ (പിടിക്കല്ലുകളാൽ സംസ്കരിക്കപ്പെടുമ്പോൾ) ശബ്ദമുണ്ടാക്കുന്നു. അവിടുന്നു സൂര്യനോടൊപ്പം ദ്യോവിൽ നന്നായി പ്രകാശിക്കുന്നു.

7 ഗിരസ്തഇന്ദഓജസാ

മർമൃജ്യന്തേഅപസ്യുവഃ

യാഭിർമ്മദായശുംഭസേ

അന്വയം:—

ഹേ ഇന്ദോ, യാഭിഃ
മദായ ശുംഭസേ — യാഭിർഗ്ഗീർഭിസ്ത്വം മദായക്ഷരന്നലങ്ക്രിയസേ
തേ ഓജസാ അപസ്യുവഃ — തവ ബലേനകർമ്മേച്ഛാ സംബന്ധിന്യഃ
(താഃ) ഗിരഃ മർമൃജ്യന്തേ — സ്തുതയശ്ശോധ്യന്തേ

അർത്ഥം—അല്ലയോ സോമ, സ്തുതികളേവയാൽ അവിടുന്ന് ഹർഷത്തിന്നായി ഒലിച്ചുകൊണ്ടേ ശോഭിക്കുന്നുവോ, അവിടുത്തെ ബലത്താൽ കർമ്മേച്ഛയോടു ബന്ധപ്പെട്ട ആ സ്തുതികൾ (പോലും) ശുദ്ധീകരിക്കപ്പെടുന്നു.

8 തന്ത്വാമദായഘൃഷ്വയ

ഉലോകകൃത്നുമീമഹേ

തവപ്രശസ്തയോമഹീഃ

അന്വയം:—

(ഹേ സോമ,) തവ
പ്ര–ശസ്തയഃ മഹീഃ — പ്രശംസാ മഹതീഃ
ഘൃഷ്വയേ ഉ — ത്വൽ പ്രസാദാച്ഛത്രൂണാം ധർഷണശീലായ യജമാനായൈവ

ലോക–കൃത്നും തം ത്വാ — ഉത്തമസ്യ ലോകസ്യ
കർത്താരം തം ത്വാം
മദായ ഈമഹേ — വയം ഹർഷായ യാചാമഹേ

അർത്ഥം—അല്ലയോ സോമ, അവിടത്തെ പ്രശംസകൾ മഹത്വമുററവയാകുന്നു. അവിടത്തെ അനുഗ്രഹംകൊണ്ടു് ശത്രുക്കളെ വകവെക്കാത്ത യജമാനന്നായി (സ്വർഗ്ഗം മുതലായ) ഉത്തമലോകമുണ്ടാക്കുന്ന ആ അവിടത്തോടു ഹർഷത്തിന്നായി ഞങ്ങൾ യാചിക്കുന്നു.

9 അസ്മഭ്യമിന്ദവിന്ദ്രയുർ

മ്മധ്വഃപവസ്വധാരയാ

പർജ്ജന്യോവൃഷ്ടിമാഁഇവ

അന്വയം:—

ഹേ ഇന്ദോ, ഇന്ദ്ര–യുഃ — ഇന്ദ്രകാമസ്ത്വം
മധ്വഃ ധാരയാ — മദകരസ്യ സോമസ്യ ക്ഷരണേന
പർജ്ജന്യഃ വൃഷ്ടിമാൻ–
ഇവ — യഥാവർഷ്വാൻ മേഘസ്തഥാ
അസ്മഭ്യം പവസ്വ — മേധാതിഥിഭ്യഃ ക്ഷര

അർത്ഥം—അല്ലയോ സോമ, ഇന്ദ്രനെ ഇഷ്ടപ്പെടുന്ന അവിടുന്നു് ഹർഷകരമായ ചാറിന്റെ ധാരകൊണ്ടു്, വർഷിക്കുന്ന മേഘമെന്നപോലെ, മേധാതിഥികളായ ഞങ്ങൾക്കായൊഴുകിയാലും.

10 ഗോഷാഇന്ദോനൃഷാഅ

സ്യശ്വസാവാജസാഉത

ആത്മായജ്ഞസ്യപൂർവ്വ്യഃ വ. 19

അന്വയം:–
ഹേ ഇന്ദോ, യജ്ഞസ്യ
പൂർവ്വ്യഃ, ആത്മാ — പ്രത്ന ആത്മഭൂതസ്ത്വം
ഗോ–സാഃ അസി — അസ്മഭ്യം ഗവാം ദാതാ ഭവസി
നൃ–സാഃ, അശ്വ–സാഃ — പുത്രാണാം ദാതാ, അശ്വാനാം ദാതാചാസി
ഉത വാജ–സാഃ — അന്നാനാം ദാതാചാസി

അർത്ഥം–അല്ലയോ സോമ, യജ്ഞത്തിന്റെ സനാതനാത്മാവായ അവിടുന്ന് ഞങ്ങൾക്ക പശുക്കളെ തരുന്നവനാകുന്നു. പുത്രന്മാരെ നൽകുന്നവനാകുന്നു. കുതിരകളെ ഏകുന്നവനാകുന്നു. അന്നങ്ങളരുളുന്നവനാകുന്നു.

വർഗ്ഗം-20–21 ആജീഗർത്തിശ്ശുനശ്ശേപഃ ഋഷിഃ

1 ഏഷദേവോഅമർത്ത്യഃ
പർണ്ണവീരിവദീയതി
അഭിദ്രോണാന്യാസദം

അന്വയം:–
ദേവഃ, അമർത്ത്യഃ ഏഷഃ — ദ്യോതമാനഃ, മരണരഹിതസ്സോമഃ
ദ്രോണാനി അഭി
ആ–സദം — ദ്രോണകലശാന്യഭിലക്ഷ്യാസനാർത്ഥം
പർണ്ണവീഃ–ഇവ ദീയതി — യഥാപക്ഷീ തഥാ വേഗേന ഗച്ഛതി

അർത്ഥം–പ്രകാശമാനനും മരണമില്ലാത്തവനുമായ ഈ സോമൻ ദ്രോണകലശങ്ങളിലിരിക്കാനായി, പക്ഷിപോലെ, വേഗത്തോടുകൂടി വരുന്നു.

2 ഏഷദേവോവിപാകൃ
തോതിഹ്വരാംസിധാവതി
പവമാനോഅദാഭ്യഃ

അന്വയം:—

| | |
|---|---|
| വിപാ കൃതഃ | — അങ്ഗുല്യാഭിഷുതഃ |
| ഏഷഃ ദേവഃ പവമാനഃ | — ക്ഷരൻ |
| അദാഭ്യഃ | — കേനാപ്യഹിംസിതശ്ചസൻ |
| ഹ്വരാംസി അതി | |
| ധാവതി | — ശത്രൂൻ ഹന്തുമഭിഗച്ഛതി |

അർത്ഥം—(ഋത്വിക്കുകളുടെ) വിരലിനാൽ (പത്തുവിരലുകളാൽ) സംസ്കരിക്കപ്പെട്ട ഈ ദേവൻ, സോമൻ, ഒഴുകുന്നവനായി, ആരാലും കേടേല്പിക്കപ്പെടാതെ ശത്രുക്കളെ ഹനിക്കാൻ ഓടി എത്തുന്നു.

3 ഏഷദേവോവിപന്യുഭിഃ
പവമാനഋതായുഭിഃ
ഹരിവ്വാജായമൃജ്യതേ

അന്വയം:—

| | |
|---|---|
| പവമാനഃ ഏഷഃ ദേവഃ | — ക്ഷരൻ സോമഃ |
| ഋതയു-ഭിഃ വിപന്യു-ഭിഃ | — യജ്ഞകാമൈസ്തോതൃഭിഃ |
| ഹരിഃ വാജായ | — അശ്വസ്സങ്ഗ്രാമാർത്ഥമിവ |
| മൃജ്യതേ | — സ്തുതിഭിരലങ്ക്രീയതേ |

അർത്ഥം—ഒഴുകുന്ന ഈ ദേവനായ സോമൻ യജ്ഞകാംക്ഷികളായ സ്തോതാക്കളാൽ, യുദ്ധത്തിന്നു കുതിരക്കോപ്പണിയിക്കപ്പെടുന്നപോലെ, അലങ്കരിക്കപ്പെടുന്നു.

4 ഏഷവിശ്വാനിവാര്യാ
ശൂരോയന്നിവസത്വഭിഃ
പവമാനസ്സിഷാസതി

അന്വയം:—

| | | |
|---|---|---|
| പവമാനഃ ശ്ശൂരഃ ഏഷഃ | — | ക്ഷരൻ വീരസ്സോമഃ |
| വിശ്വാനി വാര്യാ | — | സർവ്വാണി വരണീയാനി ധനാനി |
| സത്വ—ഭിഃ യൻ—ഇവ | — | ബലൈർഗ്ഗച്ഛന്നിവ |
| സിസാസതി | — | അസ്മദർത്ഥം സംഭക്തുമിച്ഛതി |

അർത്ഥം—ഒഴുകുന്ന ശൌര്യമുററ സോമൻ എല്ലാ ശ്രേഷ്ഠധനങ്ങളെയും ബലങ്ങളാൽ പ്രാപിക്കുന്നവനെന്നപോലെ നമുക്കുവേണ്ടി പ്രാപിപ്പിക്കുവാൻ, നേടാനിച്ഛിക്കുന്നു.

5 ഏഷദേവോരഥര്യതി
പവമാനോദശസ്യതി
ആവിഷ്കൃണോതിവഗ്വനും വ. 20

അന്വയം:—

| | | |
|---|---|---|
| പവമാനഃ ഏഷഃ ദേവഃ | — | ക്ഷരൻ സോമഃ |
| രഥര്യതി | — | അസ്മദീയം യാഗം പ്രത്യാഗമനായ രഥം കാമയതേ |
| ദശസ്യതി | — | ആഗത്യ ചാസ്മഭ്യമഭിലഷിതം പ്രയച്ഛതി |
| വഗ്വനം ആവിഃ കൃണോതി | — | അഭിഷൂയമാണശ്ശബ്ദം കരോതി |

അർത്ഥം—ഒഴുകുന്ന ഈ ദേവനായ സോമൻ നമ്മുടെ യാഗത്തിന്നു വരുവാൻ തേർ കാംക്ഷിക്കുന്നു. വന്നിട്ടു നമ്മുടെ അഭീഷ്ടം തന്നരുളുന്നു. സംസ്കരിക്കപ്പെടുമ്പോഴും അവിടുന്നു ശബ്ദമുണ്ടാക്കുന്നു.

6 ഏഷവിപ്രൈരഭിഷ്ടു
തോപോദേവോവിഗാഹതേ
ദധദ്രത്നാനിദാശുഷേ

അന്വയം:–

വിപ്രൈഃ അഭി–സ്തുതഃ — മേധാവിഭിസ്തോതൃഭിഃ
പരിതസ്തുതഃ
ഏഷഃ ദേവഃ ദാശുഷേ — ഹവിർദാത്രേ യജമാനായ
രത്നാനി ദധൽ — രമണീയാനി ധനാനി ധാരയൻ
പ്രയച്ഛൻ
അപഃ വി ഗാഹതേ — വസതീവരീഃ പ്രവിശതി

അർത്ഥം–മേധാവികളായ സ്തോതാക്കളാൽ മുററും സ്തുതിക്കപ്പെട്ടവനായ ഈ ദേവൻ, സോമൻ, ഹവിസ്സേകുന്ന യജമാനന്നു് ഉത്തമധനങ്ങളേകിക്കൊണ്ടു് വസതീവരികളെന്ന മന്ത്രപൂതജലങ്ങളിൽ പ്രവേശിക്കുന്നു, മുങ്ങുന്നു.

7 ഏഷദിവംവിധാവതി
തിരോരജാംസിധാരയാ
പവമാനഃകനിക്രദൽ

അന്വയം:–

ധാരയാ പവമാനഃ ഏഷഃ - ക്ഷരൻസോമഃ
കനിക്രദൽ — അഭിഷൂയമാണശ്ശബ്ദം കുർവ്വൻ
രജാംസി തിരഃ — ലോകാംസ്തിരസ്കുർവ്വൻ
(യാഗാൽ) ദിവം വി
ധാവതി — സ്വർഗ്ഗം ഗച്ഛതി

അർത്ഥം–ധാരയായി ഒഴുകുന്ന ഈ സോമൻ സംസ്കരിക്കപ്പെടുമ്പോഴും ശബ്ദമുണ്ടാക്കിക്കൊണ്ടു്, ലോകങ്ങളെ വകവെക്കാതെ, യാഗത്തിൽനിന്നു നേരെ സ്വർഗ്ഗം പ്രാപിക്കുന്നു.

8 ഏഷദിവംവ്യാസര
ത്തിരോരജാംസ്യസ്പൃതഃ
പവമാനസ്സ്വധ്വരഃ

അന്വയം:—

പവമാനഃ ഏഷഃ — ക്ഷരൻസോമഃ
സു–അധ്വരഃ, അസ്പൃതഃ — സുയജ്ഞഃ, കേനാപ്യ
ഹിംസിതശ്ചസൻ
രജാംസി തിരഃ — ലോകാംസ്തിരസ്കുർവ്വൻ
(യജ്ഞാൽ) ദിവം വി
ആ അസരൽ വിസരതി, ഗച്ഛതി

അർത്ഥം–ഒഴുകുന്ന ഈ സോമൻ നല്ല യജ്ഞമൊത്തവനായി, ആരാലും കേടേല്പിക്കപ്പെടാത്തവനായി, ലോകങ്ങളെ വകവെയ്ക്കാതെ, യജ്ഞത്തിൽനിന്നു നേരെ സ്വർഗ്ഗം പ്രാപിക്കുന്നു.

9 ഏഷപ്രത്നേനജന്മനാ
ദേവോദേവേഭ്യസ്സുതഃ
ഹരിഃപവിത്രേഅർഷതി

അന്വയം:—

ഹരിഃ ഏഷഃ ദേവഃ — ഹരിതവർണ്ണസ്സോമഃ
പ്രത്നേന ജന്മനാ — പുരാണേന ജനനേന
ദേവേഭ്യഃ സുതഃ — ദേവാർത്ഥമഭിഷുതസ്സൻ
പവിത്രേ അർഷതി — ദശാപവിത്രേ ഗച്ഛതി

അർത്ഥം–പച്ചനിറമാർന്ന ഈ ദേവനായ സോമൻ പുരാതനമായ ജനനത്താൽ ദേവന്മാർക്കുവേണ്ടി സ്വയം സംസ്കരിക്കപ്പെട്ടവനായി, ദശാപവിത്രത്തിൽ ചൊല്ലുന്നു.

10 ഏഷഉസ്യപുരുവ്രതോ
ജജ്ഞാനോജനയന്നിഷഃ
ധാരയാപവതേസുതഃ

അന്വയം:—

സ്യഃ ഏഷഃ ഉ — സോമ ഏവ
പുരു-വ്രതഃ, ജജ്ഞാനഃ — ബഹുകർമ്മാ, ജായമാന ഏവ
സുതഃ, ഇഷഃ ജനയൻ — അഭിഷുതസ്സന്നന്നാന്യുല്പാദയൻ
ധാരയാ പവതേ — ധാരയാക്ഷരതേ

അർത്ഥം— ആ സോമൻതന്നെയാണ് ബഹുകർമ്മാവായി, ജനിച്ചപ്പോഴേ സംസ്കരിക്കപ്പെട്ടവനായി, അന്നങ്ങളുൽപാദിപ്പിച്ചുകൊണ്ട് ധാരയൊഴുക്കുന്നത്.

വർഗ്ഗം_22-23 ആങ്ഗിരസോ ഹിരണ്യസ്തൂപഃ ഋഷിഃ

1 സനാചസോമജേഷിച
പവമാനമഹിശ്രവഃ
അഥാനോവസ്യസസ്കൃധി

അന്വയം:—

ഹേ മഹി ശ്രവഃ,
പവമാന, സോമ, — മഹദന്ന, ക്ഷരൻ, സോമ,
സന ച — അസ്മദ്യാഗേ യജനീയാൻ ദേവാൻ ഭജ
ജേഷി ച — യാഗവിധ്വംസകാന്രാക്ഷസാൻ ജയച.
അഥ നഃ വസ്യസഃ കൃധി — ശ്രേയഃ കുരു

അർത്ഥം_മഹത്തായ അന്നമൊത്തവനും ഒഴുകുന്നവനുമായ സോമ, ഞങ്ങളുടെ യാഗത്തിൽ യജിക്കപ്പെടേണ്ടും ദേവന്മാരെ പ്രാപിച്ചാലും. യാഗം മുടക്കാൻ വരുന്ന രാക്ഷസന്മാരെ ജയിക്കുകയും ചെയ്താലും. പിന്നെ, ഞങ്ങൾക്കു ശ്രേയസ്സുണ്ടാക്കിയാലും.

2 സനാജ്യോതിസ്സനാസ്വഽ
ർവ്വിശ്വാചസോമസൌഭഗാ
അഥാനോവസ്യസസ്കൃധി

അന്വയം:—

ഹേ സോമ, ജ്യോതിഃ
സന — അസ്മഭ്യം തേജഃ പ്രയച്ഛ
സ്വഃ സന — അസ്മഭ്യം സ്വൎഗ്ഗം ദേഹി
വിശ്വാ സൌഭഗാ ച — സൎവ്വാണി സൌഭാഗ്യാനി ച ദേഹി
അഥ നഃ വസ്യസഃ കൃധി — ശ്രേയഃ കുരു

അൎത്ഥം—അല്ലയോ സോമ, ഞങ്ങൾക്കു് തേജസ്സു തന്നരുളിയാലും. (സൽക്കൎമ്മംകൊണ്ടുളവാകുന്ന ആത്മതേജസ്സിനെയാണു് ഇവിടെ ഉദ്ദേശിക്കുന്നതു്.) സ്വൎഗ്ഗം തന്നരുളിയാലും. എല്ലാ സൌഭാഗ്യങ്ങളും തന്നരുളിയാലും. പിന്നെ, ഞങ്ങൾക്ക ശ്രേയസ്സുണ്ടാക്കിയാലും.

3 സനാദക്ഷമുതക്രതു

മപസോമമൃധോജഹി

അഥാനോവസ്യസസ്കൃധി

അന്വയം:—

ഹേ സോമ, ദക്ഷം സന — ബലം ദേഹി
ഉത ക്രതും — പ്രജ്ഞാനം സന
മൃധഃ അപ ജഹി — ഹിംസകാഞ്ഛത്രൂന്മാരയ
അഥ നഃ വസ്യസഃ കൃധി — ശ്രേയഃ കുരു

അൎത്ഥം—അല്ലയോ സോമ, (ആത്മ) ബലം തന്നാലും. (ആത്മ) ജ്ഞാനം തന്നാലും. ഹിംസകരായ ശത്രുക്കളെ (ആത്മബലത്തെയും ജ്ഞാനത്തെയും കെടുത്തുന്ന രാഗദ്വേഷാദികളെ) ഒടുക്കിയാലും. പിന്നെ, ഞങ്ങൾക്ക ശ്രേയസ്സുണ്ടാക്കിയാലും.

4 പവീതാരഃപുനീതന

സോമമിന്ദ്രായപാതവേ

അഥാനോവസ്യസസ്കൃധി

അന്വയം:—

ഹേ പവിതാരഃ, — സോമാഭിഷവകർത്താരഃ, യൂയം
ഇന്ദ്രായ പാതവേ സോമം
പുനീതന — പാതുമഭിഷുണുത
(ഹേ സോമ,) അഥ നഃ
വസ്യസഃ കൃധി — ശ്രേയഃ കുരു

അർത്ഥം—അല്ലയോ സോമസംസ്കർത്താക്കളേ, ഇന്ദ്രന്നു കുടിക്കാനായി സോമം സംസ്കരിക്കുക. പിന്നെ അല്ലയോ സോമ ഞങ്ങൾക്കു ശ്രേയസ്സുണ്ടാക്കിയാലും.

5 ത്വംസൂര്യേ॑ന॒ആഭ॑ജ॒
തവ॒ക്രത്വാ॒തവോ॒തിഭി॑ഃ
അഥാ॑നോ॒വസ്യ॑സസ്കൃധി വ. 22

അന്വയം:—

(ഹേ സോമ,) ത്വം തവ
ക്രത്വാ — ത്വൽ കർത്തൃകേണ കർമ്മണാ
തവ ഊതി-ഭിഃ — ത്വൽ കൃതാഭി രക്ഷാഭിശ്ച
നഃ സൂര്യേ ആ ഭജ — സൂര്യേസ്മാൻ പ്രാപയ
അഥ നഃ വസ്യസഃ കൃധി — ശ്രേയഃ കുരു

അർത്ഥം—അല്ലയോ സോമ, അവിടുന്നാൽ ചെയ്യപ്പെടുന്ന കർമ്മങ്ങളാലും അവിടുന്നു ചെയ്തുതരുന്ന രക്ഷകളാലും ഞങ്ങളെ സൂര്യങ്കൽ (സൂര്യലോകത്തിൽ) എത്തിച്ചാലും. പിന്നെ, ഞങ്ങൾക്കു ശ്രേയസ്സുണ്ടാക്കിയാലും.

6 തവ॒ക്രത്വാ॒തവോ॒തിഭി॒
ജ്യോൿപ॑ശ്യേമ॒സൂര്യ॑ം
അഥാ॑നോ॒വസ്യ॑സസ്കൃധി

അന്വയം:—

(ഹേ സോമ,) ത്വ
ക്രത്വാ, തവ ഊതി—ഭിഃ — പ്രജ്ഞാനേന രക്ഷാഭിശ്ച
സൂര്യം ജ്യോക് പശ്യേമ — ചിരം പശ്യാമ, ദ്രക്ഷ്യാമഃ
അഥ നഃ വസ്യസഃ കൃധി - ശ്രേയഃ കുരു

അർത്ഥം—അല്ലയോ സോമ, അവിടത്തെ പ്രജ്ഞാനത്താലും രക്ഷകളാലും ഞങ്ങൾ സുചിരകാലം സൂര്യനെ കാണാവൂ. (ജീവിക്കാവൂ.) പിന്നെ, ഞങ്ങൾക്ക ശ്രേയസ്സുണ്ടാക്കിയാലും.

7 അഭ്യർഷ്സ്വായുധ

സോമദ്വിബർഹസംരയിം

അഥാനോവസ്യസസ്കൃധി

അന്വയം:—

ഹേ സു—ആയുധ, സോമ, — ശോഭനായുധ, സോമ, ത്വം
ദ്വി_ബർഹസം — ദ്വയോഃ ദ്യാവാപൃഥിവ്യോ സ്ഥിതയോഃ പരിവൃഢം
രയിം അഭി അർഷ — അസ്മാനഭിഗമയ
അഥ നഃ വസ്യസഃ കൃധി — ശ്രേയഃ കുരു

അർത്ഥം—അല്ലയോ ശോഭനായുധനായ സോമ, ദ്യാവാപൃഥിവികളിലുള്ള ശ്രേഷ്ഠമായ ധനം ഞങ്ങൾക്കെത്തിച്ചാലും. പിന്നെ ഞങ്ങൾക്ക ശ്രേയസ്സുണ്ടാക്കിയാലും.

8 അഭ്യർഷാനപച്യുതോ

രയിംസമത്സുസാസഹിഃ

അഥാനോവസ്യസസ്കൃധി

അന്വയം:—

(ഹേ സോമ,) സമൽ_സു — സങ്ഗ്രാമേഷു
അനപ—ച്യുതഃ — ശത്രുഭിരനാഹതഃ
സസഹിഃ — ശത്രൂണാമഭിഭവിതാത്വം

രയിം അഭി അഷ് — അസ്മാനഭിഗമയ
അഥ നഃ വസ്യസഃ കൃധി — ശ്രേയഃ കുരു

അർത്ഥം—അല്ലയോ സോമ, യുദ്ധങ്ങളിൽ ശത്രുക്കളാൽ പരിക്കേല്പിക്കപ്പെടാത്തവനും ശത്രുക്കളെ കീഴടക്കുന്നവനുമായ അവിടുന്ന് ഞങ്ങൾക്ക ധനമെത്തിച്ചാലും. പിന്നെ, ശ്രേയസ്സുണ്ടാക്കിയാലും.

9 ത്വാംയജ്ഞൈരവീവൃധൻ
പവമാനവിധർമ്മണി
അഥാനോവസ്യസസ്കൃധി

അന്വയം:—

ഹേ പവമാന, — സോമ, യജമാനാനാം വിധാരണായ പ്രവൃത്തം
ത്വാം യജ്ഞൈഃ
വി-ധർമ്മണി — ആത്മനോ വിധാരണാർത്ഥം
അവീവൃധൻ — യജമാനാവർദ്ധയന്തി
അഥ നഃ വസ്യസഃ കൃധി — ശ്രേയഃ കുരു

അർത്ഥം—അല്ലയോ ഒഴുകുന്ന സോമ, യജമാനന്മാരെ താങ്ങാനായി പ്രവർത്തിക്കുന്ന അവിടുത്തെ സ്വന്തം താങ്ങിനുവേണ്ടി യജ്ഞങ്ങളാൽ യജമാനന്മാർ വർദ്ധിപ്പിക്കുന്നു. പിന്നെ, ഞങ്ങൾക്ക ശ്രേയസ്സുണ്ടാക്കിയാലും.

10 രയിന്നശ്ചിത്രമശ്വിന
മിന്ദോവിശ്വായുമാഭര
അഥാനോവസ്യസസ്കൃധി

വ. 23

അന്വയം:—

ഹേ ഇന്ദോ, — യാഗേഷു ക്ലിദ്യമാന സോമ, ത്വം
ചിത്രം, അശ്വിനം — നാനാവിധം, അശ്വവന്തം
വിശ്വ-ആയും രയിം — സർവ്വഗാമിനം ധനം

നഃ ആ ഭര — അസ്മഭ്യമാഹര
അഥ നഃ വസ്യസഃ കൃധി — ശ്രേയഃ കുരു

അൎത്ഥം–യാഗത്തിൽ നനവിയുന്ന സോമ, അവിടുന്നു നാനാവിധവും കുതിരകളോടുകൂടിയതും എല്ലാവരേയും പ്രാപിക്കുന്നതുമായ ധനംകൊണ്ടു തന്നാലും. പിന്നെ, ഞങ്ങൾക്കു ശ്രേയസ്സുണ്ടാക്കിയാലും.

വൎഗ്ഗം–24_25–കാശ്യപോസിതഃ ഋഷിഃ ഗായത്ര്യനുഷ്ടുഭൌ ച്ഛന്ദസീ.

1 സമിദ്ധോവിശ്വതസ്പതിഃ
പവമാനോവിരാജതി
പ്രീണന്വൃഷാകനിക്രദൽ

അന്വയം:–
(ആപ്രിവൽ സോമസ്തുതിഃ; സമിദ്ധഃ)
സം–ഇദ്ധഃ, വിശ്വതഃ
പതിഃ — സമ്യക്ദീപ്തഃ, സൎവ്വതസ്വാമീ
വൃഷാ പവമാനഃ — കാമാനാം വൎഷിതാ സോമഃ
കനിക്രദൽ — അഭിഷൂയമാണശ്ശബ്ദം കുൎവ്വൻ
പ്രീണൻ വി രാജതി — ദേവാൻ പ്രീണയൻ പ്രകാശതേ

അൎത്ഥം–(ആപ്രീസൂക്തംപോലെ സോമസ്തുതി.)

വേണ്ടപോലെ ജ്വലിപ്പിക്കപ്പെട്ടവനും എമ്പാടും ലോകത്തിന്റെ സ്വാമിയും കാമവൎഷകനുമായ, ഒഴുകുന്ന സോമൻ, സംസ്കരിക്കപ്പെടുമ്പോൾ ഒച്ചയുണ്ടാക്കിക്കൊണ്ടു്, ദേവന്മാരെ സന്തോഷിപ്പിച്ചു പ്രകാശിക്കുന്നു.

2 തനൂനപാൽപവമാന
ശ്ശൃങ്ഗേശിശാനോഅൎഷതി
അന്തരിക്ഷേണരാരജൽ

അന്വയം:—

(തനൂനപാൽ)
തനൂ–നപാൽ പവമാനഃ — തനൂനപാദത്രസോമഃ
ശൃങ്ഗേ ശിശാനഃ — ദീപ്തേ, ഉന്നതപ്രദേശേ തീക്ഷ്ണീകുർവ്വൻ
അന്തരിക്ഷേണ രാരജൽ
അർഷതി — ദ്രോണകലശം പ്രതിരാജമാനോ ഗച്ഛതി

അർത്ഥം—തനൂനപാത്തെന്ന സോമൻ തേജസ്സുററ ഉന്നത പ്രദേശത്തിൽ സ്വയമെരിഞ്ഞുകൊണ്ടു്, അന്തരിക്ഷത്തിലൂടെ പ്രകാശമാനനായി ദ്രോണകലശത്തിലേക്കു പോകുന്നു.

3 ഈളേന്യഃപവമാനോ

രയിർവ്വിരാജതിദ്യുമാൻ

മധോർധാരാഭിരോജസാ

അന്വയം:—

(ഇളഃ)
ഈളേന്യഃ പവമാനഃ — സ്തുത്യസ്സോമഃ
രയിഃ ദ്യു–മാൻ — അഭീഷ്ടദാതാ, ദീപ്തിമാംശ്ചസൻ
മധോഃ ധാരാഭിഃ — ഉദകസ്യധാരാഭിസ്സഹക്ഷരൻ
ഓജസാ വി രാജതി — ബലേന പ്രകാശതേ

അർത്ഥം—സ്തുത്യനായ സോമൻ അഭീഷ്ടദാതാവും ഭാസമാനനമായി ജലധാരകളോടൊപ്പമൊഴുകിക്കൊണ്ടു്, ബലത്തോടു് കൂടി പ്രകാശിക്കുന്നു.

4 ബർഹിഃപ്രാചീനമോജസാ

പവമാനസ്തൃണന്ഹരിഃ

ദേവേഷുദേവഈയതേ

അന്വയം:– (ബഹ്ഹി:)
ഹരി: ദേവ: പവമാന: — ഹരിതവര്‍ണ്ണസ്സോമ: ക്ഷരന്‍
ദേവേഷു ബഹ്ഹി:
പ്രാചീനം — യജ്ഞേഷു പ്രാചീനാഗ്രം
സ്തൃണന്‍ ഓജസാ
ഈയതേ — സ്താരയന്‍ ബലേന ഗച്ഛതി

അര്‍ത്ഥം–പച്ചനിറമുററ സോമന്‍ ഒഴുകിക്കൊണ്ടു്, യജ്ഞങ്ങളില്‍ കിഴക്കോട്ടു തലയായ ബഹ്ഹിസ്സു് (ദര്‍ഭ) പരത്തിക്കൊണ്ടു് ബലത്തോടുകൂടി ഗമിക്കുന്നു.

5 ഉദാതൈര്‍ജ്ജിഹതേബൃഹ
ദ്വാരോദേവീര്‍ഹിരണ്യയീഃ
പവമാനേനസുഷ്ടുതാഃ വ. 24

അന്വയം:–
(ദ്വാരോദേവീ:)
ഹിരണ്യയീ: ദ്വാര:
ദേവീ: — ഹിരണ്മയ്യോദ്വാരോദേവ്യ:
പവമാനേന സു–സ്തുതാ: — സോമേന സ്തോതൃഭിസ്സഹസ്തുതാസ്സത്യ:
ബൃഹല്‍ ആതൈ: — ബൃഹതീഭ്യ:, മഹതീഭ്യോദിഗ്ഭ്യ:
ഉല്‍ ജിഹതേ — ഉല്‍ഗച്ഛന്തി

അര്‍ത്ഥം–സ്വര്‍ണ്ണമയികളായ ദ്വാരോദേവിമാര്‍ (ഉമ്മറങ്ങളാകുന്ന ദേവതമാര്‍) സോമനാല്‍ സ്തോതാക്കളോടൊപ്പം സ്തുതിക്കപ്പെട്ടവരായി, മഹത്തുക്കളായ ദിക്കുകളില്‍നിന്നുയര്‍ന്നുവരുന്നു.

6 സുശില്പേബൃഹതീമഹീ
പവമാനോവൃഷണ്യതി
നക്തോഷാസാനദര്‍ശതേ

അന്വയം:—

(നക്തോഷസൗ)
സു-ശില്പേ, ബൃഹതീ — സുരൂപേ, പരിവൃഢേ
മഹീ ന ദർശതേ — മഹത്യൗ സമ്പ്രതി ദർശനീയേ
(ന സമ്പ്രത്യർത്ഥേ)
നക്തോഷസാ — നക്തോഷസൌ
പവമാനഃ വൃഷണ്യതി — സോമഃ കാമയതേ

അർത്ഥം_സുരൂപകളും പ്രഭാവവതികളും മഹതികളും ഇപ്പോഴും ദർശനീയകളുമായ നക്തോഷസ്സുകളെ (രാപ്പകലുകളെ) ഒഴുകുന്ന സോമനിഷ്ടപ്പെടുന്നു.

7 ഉഭാദേവാനൃചക്ഷസാ

ഹോതാരാദൈവ്യാഹുവേ

പവമാനഇന്ദ്രോവൃഷാ

അന്വയം:—

(ദൈവ്യൗ ഹോതാരൌ)
നൃ-ചക്ഷസാ — മനുഷ്യാണാം ദ്രഷ്ടാരൌ
ദൈവ്യാ ഹോതാരാ — ദേവസംബന്ധിനൌ ഹോതാരൌ
ഉഭാ ദേവാ ഹുവേ — ഉഭൌ ദേവൌ യജ്ഞേ ആഹ്വയാമി
പവമാനഃ ഇന്ദ്രഃ വൃഷാ — ദീപ്തഃ കാമാനാം വർഷിതാ ച ഭവതി

അർത്ഥം—മനുഷ്യരെ കാണുന്ന ദേവസംബന്ധികളായ, ഹോതാക്കളായ ഇരുദേവന്മാരെയും ഞാൻ വിളിക്കുന്നു. ഒഴുകുന്ന സോമൻ ജ്വലിക്കുന്നവനും കാമവർഷകനുമാകുന്നു.

8 ഭാരതീപവമാനസ്യ

സരസ്വതീളാമഹീ

ഇമന്നോയജ്ഞമാഗമ

ന്തിസ്രോദേവീസ്സുപേശസഃ

അന്വയം:—

(ഭാരതീളാ സരസ്വത്യഃ)
ഭാരതീ, സരസ്വതീ,
മഹീ ഇളാ — ദേവ്യഃ
തിസ്രഃ സു-പേശസഃ
ദേവീഃ — സുരൂപാ ദേവ്യഃ
നഃ പവമാനസ്യ — അസ്മാകം സോമസ്യ സംബന്ധിനം
ഇമം യജ്ഞം ആ ഗമൻ — ആഗച്ഛന്തു

അർത്ഥം—ഭാരതി, സരസ്വതി, മഹതിയായ ഇള, എന്നീ മൂന്നു സുന്ദരികളായ ദേവിമാർ സോമസംബന്ധിയായ നമ്മുടെ ഈ യാഗത്തെ പ്രാപിക്കട്ടെ.

9 ത്വഷ്ടാരമഗ്രജാങ്ഗോപാം
പുരോയാവാനമാഹുവേ
ഇന്ദുരിന്ദ്രോവൃഷാഹരിഃ
പവമാനഃപ്രജാപതിഃ

അന്വയം:—

(ത്വഷ്ടാ)
അഗ്ര-ജാം ഗോപാം — അഗ്രേജാതം പ്രജാനാം പാലയിതാരം
പുരഃ-യാവാനം — ദേവാനാം പുരസ്താൽ ഗന്താരം
ത്വഷ്ടാരം ആ ഹുവേ — തന്നാമകം ദേവം യജ്ഞേഹമാഹ്വയാമി
ഹരിഃ പവമാനഃ ഇന്ദുഃ — ഹരിതവർണ്ണഃ ക്ഷരമാണസ്സോമഃ
ഇന്ദ്രഃ, വൃഷാ — ദേവാനാമീശ്വരഃ, കാമാനാം വർഷിതാ
പ്രജാ-പതിഃ — പ്രജാനാം പാലയിതാ ച ഭവതി

അർത്ഥം—മുമ്പേ ജനിച്ചവനും പ്രജകളെ രക്ഷിക്കുന്നവനും ദേവന്മാർക്കു മുമ്പിൽ നടക്കുന്നവനുമായ ത്വഷ്ടാവെന്ന ദേവനെ

ഞാൻ വിളിക്കുന്നു. പച്ചനിറമുററ, ഒഴുകുന്ന സോമൻ ദേവേശനും കാമവർഷകനും പ്രജാപാലകനുമാകുന്നു.

10 വനസ്പതിംപവമാന

മധ്വാസമങ്ഗ്ധിധാരയാ

സഹസ്രവല്ശംഹരിതം

ഭ്രാജമാനംഹിരണ്യയം

അന്വയം:–

| | | |
|---|---|---|
| (വനസ്പതിഃ) | | |
| ഹേ പവമാന, ഹരിതം | — | ഹരിതവർണ്ണം |
| ഹിരണ്യയം | — | കദാചിദ്ധിരണ്മയവർണ്ണഞ്ച |
| ഭ്രാജമാനം, | | |
| സഹസ്ര–വല്ശം | — | ദീപ്യമാനം, സഹസ്രശാഖം |
| വനസ്പതിം ധാരയാ | — | ധാരാമയേന |
| മധ്വാ സം അങ്ഗ്ധി | — | അങ്ക്ഷ്വ, സംസ്കുരു |

അർത്ഥം–അല്ലയോ സോമ, പച്ചനിറമുററവനും ചിലപ്പോൾ സ്വർണ്ണവർണ്ണനും പ്രകാശമാനനും എണ്ണമററ കൊമ്പുകളോടുകൂടിയവനുമായ വനസ്പതിയെ ധാരയായൊഴുകുന്ന രസത്താൽ സംസ്കരിച്ചാലും.

11 വിശ്വേദേവാ സ്വാഹാകൃതിം

പവമാനസ്യാഗത

വായുർബൃഹസ്പതിസ്സൂ

ര്യോഗ്നിരിന്ദ്രസ്സജോഷസഃ വ. 25

അന്വയം:–

| | | |
|---|---|---|
| (സ്വാഹാകൃതയഃ) | | |
| ഹേ വിശ്വേ ദേവാഃ, | — | സർവ്വേ ദേവാഃ |
| വായുഃ ബൃഹസ്പതിഃ | | |
| സൂര്യഃ അഗ്നിഃ ഇന്ദ്രഃ | — | ച സർവ്വേയൂയം |

പവമാനസ്യ
സ്വാഹാ—കൃതിം — സ്വാഹാകാരംപ്രതി
സ—ജോഷസഃ ആ ഗത — സഹപ്രീയമാണാ ആഗച്ഛത

അൎത്ഥം—സൎവ്വ ദേവന്മാരേ, വായുവും ബൃഹസ്പതിയും സൂര്യനുമഗ്നിയുമിന്ദ്രനുമായ നിങ്ങളെല്ലാം സോമത്തിന്റെ സ്വാഹാകരണത്തെ (ഹോമത്തെ) ഉദ്ദേശിച്ച് ഒപ്പം സന്തുഷ്ടരായി വന്നാലും.

വൎഗ്ഗം—26–27 ഗായത്രീച്ഛന്ദഃ സോമഃ പവമാനോ ദേവതാ.

1 മ॒ന്ദ്രായാ॑സോമ॒ധാര॑യാ॒
വൃഷാ॑പവസ്വദേവ॒യുഃ
അവ്യോ॒വാരേഷ്വ॑സ്മ॒യുഃ

അന്വയം:—

ഹേ സോമ, വൃഷാ — കാമാനാം വൎഷിതാ
ദേവ—യുഃ, അസ്മ—യുഃ — ദേവകാമഃ, അസ്മൽകാമശ്ച ത്വം
അവ്യഃ വാരേഷു — അവേൎവ്വാരേഷു, ദശാപവിത്രേഷു
മന്ദ്രയാ ധാരയാ പവസ്വ - മദകരയാ ധാരയാക്ഷര

അൎത്ഥം—അല്ലയോ സോമ, കാമവൎഷകനും ദേവന്മാരെ കാമിക്കുന്നവനും ഞങ്ങളെ ഇഷ്ടപ്പെടുന്നവനുമായ അവിടുന്ന് ആട്ടിൻരോമമൊത്ത ദശാപവിത്രത്തിലൂടെ ഹൎഷകരമായ ഒഴുക്കോടെ പ്രവഹിച്ചാലും.

2 അ॒ഭിത്യംമദ്യം॒മദ॒
മിന്ദ॒വിന്ദ്ര॒ഇതി॑ക്ഷര
അ॒ഭിവാ॒ജിനോഅ॒ൎവ്വ॑തഃ

അന്വയം:—

ഹേ ഇന്ദോ, ഇന്ദ്രഃ ഇതി — സോമ, ഈശ്വര ഇതികൃത്വാ
ത്യം മദ്യം മദം
(പവിത്രേ) — തം മദകരം രസം ദശാപവിത്രേ
അഭി ക്ഷര — സമന്താദഭിഗമയ
വാജിനഃ അർവ്വതഃ അഭി — ബലവതോ ശ്വാംശ്ചാഭിഗമയ

അർത്ഥം—അല്ലയോ സോമ, സ്വയമീശ്വരനായി അവിടുന്ന് ആ ഹർഷകരമായ രസം ദശാപവിത്രത്തിൽ പൂർണ്ണമായെത്തിച്ചാലും. ഊക്കുറ്റ കുതിരകളെയും ഞങ്ങൾക്കെത്തിച്ചാലും.

3 അഭിത്യംപൂർവ്വ്യംമദം
സുവാനോഅർഷപവിത്രആ
അഭിവാജമുതശ്രവഃ

അന്വയം:—

(ഹേ സോമ,) സുവാനഃ — അഭിഷൂയമാണസ്ത്വം
പൂർവ്വ്യം ത്യം മദം — പ്രത്നം, പ്രസിദ്ധം മദകരം രസം
പവിത്രേ ആ അഭി അർഷ — സമന്താദഭിഗമയ
ഉത ശ്രവഃ — അന്നമസ്മഭ്യമഭിഗമയ

അർത്ഥം—അല്ലയോ സോമ, സംസ്കരിക്കപ്പെടുന്ന അവിടുന്ന് പുരാതനവും ഹർഷകരവുമായ ആ രസം ദശാപവിത്രത്തിൽ നിറച്ചുമെത്തിച്ചാലും. ഞങ്ങൾക്ക ബലം പ്രാപിപ്പിച്ചാലും. അന്നവുമെത്തിച്ചാലും

4 അനുദ്രഫ്സാസഇന്ദവ
ആപോനപ്രവതാസരൻ
പുനാനാഇന്ദ്രമാശത

അന്വയം:—
ദ്രഫ്സാസഃ, പുനാനാഃ — ദ്രുതഗതയഃ, ക്ഷരന്തഃ
ഇന്ദവഃ പ്ര—വതാ
ആപഃ ന — പ്രവണേന മാർഗ്ഗേണോദകാനീവ
ഇന്ദ്രം അനു അസരൻ — അനുഗച്ഛന്തി
ആശത — വ്യാപ്നുവന്തി

അർത്ഥം—ഗതിവേഗമുററവയും ഒഴുകുന്നവയുമായ സോമങ്ങൾ (അല്ലെങ്കിൽ തുള്ളിതുള്ളിയായവയും എല്ലാം ശുദ്ധീകരിക്കുന്നവയുമായ സോമങ്ങൾ) താഴ്ന്നിടത്തേയ്ക്കൊഴുകുന്ന ജലങ്ങൾപോലെ, ഇന്ദ്രനെ പിന്തുടരുന്നു, പ്രാപിക്കുന്നു.

5 യമത്യമിവവാജിനം

മൃജന്തിയോഷണോദശ

വനേക്രീളന്തമത്യവിം വ. 26

അന്വയം:—
അതി—അവിം — ദശാപവിത്രമതിക്രമ്യ
വനേ ക്രീളന്തം യം — അരണ്യേ വർത്തമാനം യം സോമം
ദശ യോഷണഃ — ദശസംഖ്യാകാസ്ത്രീയഃ അങ്ഗുലയഃ
വാജിനം അത്യം—ഇവ മൃജന്തി — ബലിനമശ്വമിവ പരിചരന്തി

അർത്ഥം—ദശാപവിത്രത്തെ മറികടന്നു്, കാട്ടിൽ കളിച്ചുമേവുന്ന യാതൊരു സോമത്തെ പത്തു പെൺകൊടിമാരായ വിരലുകൾ ബലമുററ കുതിരയെയെന്നപോലെ പരിചരിക്കുന്നുവോ,

6 തങ്ഗോഭിർവൃഷ്ണംരസം

മദായദേവവീതയേ

സുതംഭരായസംസൃജ

അന്വയം:—

വൃഷണം — കാമാനാം വൎഷിതാരം
ദേവ—വീതയേ, മദായ — ദേവാനാം പാനായ, തേഷാം ഹൎഷായ ച
സുതം തം രസം — അഭിഷുതം രസം
രണായ ഗോഭിഃ സം സൃജ — സങ്ഗ്രാമായ പയോഭിസ്സം യോജയ

അൎത്ഥം—കാമവൎഷകവും ദേവന്മാൎക്ക പാനത്തിന്നും അവരുടെ ഹൎഷത്തിന്നുമായി സംസ്കരിക്കപ്പെട്ടതുമായ ആ രസത്തെ യുദ്ധത്തിന്നുവേണ്ടി (യുദ്ധോത്സാഹത്തിന്നുവേണ്ടി) പശുവിൻ പാലുകളോടു ചേൎത്താലും. (യുഗ്മകം)

7 ദേവോദേവായധാര

യേന്ദ്രായപവതേസുതഃ

പയോയദസ്യപീപയൽ

അന്വയം:—

ദേവായ ഇന്ദ്രായ — ദ്യോതമാനായ തസ്മൈ
സുതഃ ദേവഃ — അഭിഷുതോ ദ്യോതമാനസ്സോമഃ
ധാരയാ പവതേ — ക്ഷരതി
യൽ അസ്യ പയഃ
പീപയൽ — ഇന്ദ്രം ആപ്യായിതവൽ

അൎത്ഥം—പ്രകാശമാനനായ ഇന്ദ്രന്നായി സംസ്കരിക്കപ്പെട്ട പ്രകാശമാനമായ സോമം ധാരയായൊഴുകുന്നു. ആ സോമനീർ ഇന്ദ്രനെ വളൎത്തിയപോലെ ഒഴുകുന്നു.

8 ആത്മായജ്ഞസ്യരംഹ്യാ

സുഷ്വാണഃപവതേസുതഃ

പ്രത്നന്നിപാതികാവ്യം

അന്വയം:–

യജ്ഞസ്യ ആത്മാ, സുതഃ — ആത്മഭൂതഃ അഭിഷുതസ്സോമഃ
സുസ്വാനഃ രംഹ്യാ
പവതേ — യജമാനേഭ്യഃ കാമാൻ പ്രേരയൻ വേഗേന ക്ഷരതി
പ്രത്നം കാവ്യം നി പാതി - ആത്മനഃ കവിത്വഞ്ചാഭി ക്ഷരതി

അർത്ഥം–യജ്ഞത്തിന്റെ ആത്മാവായ, സംസ്കരിക്കപ്പെട്ട സോമൻ യജമാനന്മാർക്കഭീഷ്ടമണച്ചുകൊണ്ടു്, വേഗത്തോടുകൂടി ഒഴുകുന്നു. സനാതനമായ സ്വന്തം കവിത്വവും അതോടുകൂടി ഒഴുകുന്നു. (ആ സോമധാരയിൽ കവിത നിറഞ്ഞിരിക്കുന്നു എന്നു്.)

9 ഏവാപുനാനഇന്ദ്രയു

ർമ്മദംമദിഷ്ഠവീതയേ

ഗുഹാചിദ്ദധിഷേഗിരഃ വ. 27

അന്വയം:–

ഹേ മദിഷ്ഠ, — അതിശയേന മദകര, സോമ,
ഇന്ദ്ര–യുഃ വീതയേ — ഇന്ദ്രകാമസ്ത്വം തസ്യ പാനായ
ഏവ മദം പുനാനഃ — ഏവം രസം ക്ഷരൻ
ഗുഹാ ഗിരഃ ചിത്
ദധിഷേ — ഗുഹായാം, യജ്ഞശാലായാം അഭിഷവവേലായാം ശബ്ദം ധാരയസി

അർത്ഥം–ഏററവും ഹർഷകരനായ സോമ, ഇന്ദ്രകാമനായ അവിടന്നു് ഇന്ദ്രന്നു കുടിയ്ക്കാനായി ഇപ്രകാരം രസം ചൊരിഞ്ഞുകൊണ്ടു് യാഗശാലയിൽ സംസ്കരണവേളയിൽ ശബ്ദമുണ്ടാക്കുന്നു.

വർഗ്ഗം_28–29

1 അസൃഗ്രമിന്ദവഃപഥാ
ധർമ്മന്നൃതസ്യസുശ്രിയഃ
വിദാനാഅസ്യയോജനം

അന്വയം:_

സു-ശ്രിയഃ — ശോഭന ശ്രയണാഃ
അസ്യ യോജനം — ഇന്ദ്രസ്യ സംബന്ധം
വിദാനാഃ ഇന്ദവഃ ധർമ്മൻ — ജാനന്തസ്സോമാഃ കർമ്മണി
ഋതസ്യ പഥാ അസൃഗ്രം — യജ്ഞസ്യ മാർഗ്ഗേണസൃജ്യന്തേ

അർത്ഥം_നന്നായി പാലും മററും ചേർക്കപ്പെട്ടു്, ഇന്ദ്രനു് തങ്ങളോടുള്ള ബന്ധമറിയുന്ന സോമങ്ങൾ, കർമ്മത്തിൽ യജ്ഞമാർഗ്ഗത്തിലൂടെ നയിക്കപ്പെടുന്നു. (സംസ്കരിച്ച സോമങ്ങൾ ഇന്ദ്രങ്കലേക്കു് നേരെ പോവുകയല്ല, യജ്ഞമാർഗ്ഗത്തിലൂടെപ്പോകയാണു്.)

2 പ്രധാരാമധ്വോഅഗ്രിയോ
മഹീരപോവിഗാഹതേ
ഹവിർഹവിഷ്ഷുവന്ദ്യഃ

അന്വയം:_

ഹവിഷ്ഷു വന്ദ്യഃ ഹവിഃ — ഹവിഷാം മധ്യേ സ്തുത്യോ ഹവിഃ
(യഃ സോമഃ) മഹീഃ
അപഃ — മഹതീർവ്വസതീവരീഃ
വി ഗാഹതേ — അന്തഃ പ്രവിശതി
(തസ്യ) മധ്വഃ അഗ്രിയഃ
ധാരാ പ്ര — സോമസ്യ മുഖ്യാധാരാഃ പ്രവർത്തന്തി

അർത്ഥം—ഹവിസ്സുകളിൽവെച്ചു പൂജ്യമായ ഹവിസ്സായ യാതൊരു സോമം മഹത്വമുററ മന്ത്രപൂതങ്ങളായ വസതീവരികളെന്ന ജലങ്ങളിൽ മുങ്ങുന്നുവോ, ആ സോമത്തിന്റെ മുഖ്യധാരകൾ താഴെവീണ് ഒഴുകുന്നു.

3 പ്രയുജോവാചോഅഗ്രിയോ
വൃഷാവചക്രദദ്വനേ
സദ്മാഭിസത്യോഅധ്വരഃ

അന്വയം:—

| | |
|---|---|
| വൃഷാ, സത്യഃ | — കാമാനാം വർഷിതാ, സത്യഭൃതഃ |
| അധ്വരഃ അഗ്രിയഃ | — ഹിംസാവർജ്ജീതഃ മുഖ്യസ്സോമഃ |
| സദ്മ അഭി | — യജ്ഞഗൃഹം പ്രതി |
| വനേ വാചഃ യുജഃ | — ഉദകേയുക്താ വാചഃ |
| പ്ര അവ ചക്രദൽ | — അവക്രന്ദതി, ശബ്ദാൻ കരോതി |

അർത്ഥം—കാമവർഷിതാവും സത്യഭൃതനും അഹിംസകനും മുഖ്യനുമായ സോമൻ യാഗശാലയെ ഉന്നംവെച്ച്, വെള്ളത്തിൽ യുക്തങ്ങളായ ശബ്ദങ്ങളുണ്ടാക്കുന്നു.

4 പരിയൽകാവ്യാകവി
ന്നൃമ്ണാവസാനോഅർഷതി
സ്വർവ്വാജീസിഷാസതി

അന്വയം:—

| | |
|---|---|
| കവിഃ നൃമ്ണാ വസാനഃ | — ക്രാന്തകർമ്മാ സോമഃ, നൃമ്ണാനി, ധനാന്യാച്ഛാദയൻ |
| (സ്തോതൃണാം) കാവ്യാ | — കാവ്യാനി, സ്തോത്രാണി |
| യൽ പരി അർഷതി | — യദാ പരിഗച്ഛതി തദാ |
| സ്വഃ വാജീ സിസാസതി | — സ്വർഗ്ഗേ ബലവാനിന്ദ്രഃ യാഗം പ്രത്യാഗന്തുമിച്ഛതി |

അർത്ഥം—കടന്ന കർമ്മത്തോടുകൂടിയ സോമൻ ധനങ്ങൾ മൂടിപ്പിടിച്ചുകൊണ്ടു് സ്തോതാക്കളുടെ സ്തോത്രങ്ങളെ പ്രാപിക്കുമ്പോഴാണു് സ്വർഗ്ഗത്തിൽ ബലവാനായ ഇന്ദ്രൻ യാഗത്തിന്നു വരുവാനിച്ഛിക്കുന്നതു്.

5 പവ॑മാനോഅഭി॒സ്പൃധോ॒
വിശോ॒രാജേ॑വസീദതി
യ॑ദീമൃ॒ണ്വന്തി॑വേ॒ധ॑സഃ

വ. 28

അന്വയം:—

യൽ ഈം വേധസഃ — യദൈനം കർമ്മണാം കർത്താരഃ
ഋണ്വന്തി — പ്രേരയന്തി, തദാ
പവമാനഃ സ്പൃധഃ — ക്ഷരന്നേഷസോമഃ സ്പർദ്ധമാനാൽ യാഗവിഘ്നകാരിണോ രാക്ഷസാൽ
വിശഃ രാജാ-ഇവ — സ്പർദ്ധമാനാഃ പ്രജാരാജേവ
അഭി സീദതി — നാശയിതുമഭിഗച്ഛതി

അർത്ഥം—ഈ സോമനെ കർമ്മാനുഷ്ഠാതാക്കൾ (ഇന്ദ്രാദിദേവന്മാരിലേക്കും ശത്രുക്കളുടെ നേർക്കുമയക്കുമ്പോൾ) ഒഴുകുന്ന സോമൻ സ്പർദ്ധാശീലരും യാഗവിഘ്നകാരികളുമായ രാക്ഷസരെ, തന്നോടു സ്പർദ്ധിക്കുന്ന പ്രജകളെ രാജാവെന്നപോലെ, നശിപ്പിക്കാൻ തുനിയുന്നു.

6 അവ്യോ॒വാരേ॒പരി॑പ്രി॒യോ
ഹരി॒ർവ്വനേ॑ഷുസീദതി
രേ॒ഭോവ॑നുഷ്യതേമ॒തീ

അന്വയം:—

ഹരിഃ, പ്രിയഃ — ഹരിതവർണ്ണഃ, ദേവാനാം പ്രിയസ്സോമഃ
വനേഷു — ഉദകേഷു സമ്പൃക്തഃ

അവ്യഃ വാരേ പരി
സീദതി — അവേർവ്വാലോപേതേ പവിത്രേ സീദതി
(ക്രീഞ്ച) രേഭഃ — അഭിഷവവേലായാം ശബ്ദം കുർവ്വൻ
മതീ വനുഷ്യതേ — മത്യാ, സ്തുത്യാ സേവ്യതേ

അർത്ഥം—പച്ചനിറമുററവനും ദേവന്മാർക്കു പ്രിയനുമായ സോമൻ വെള്ളങ്ങളിൽ പുരണ്ടു്, ആട്ടിൻരോമമിയന്ന ദശാപവിത്രത്തിലിരിക്കുന്നു. പിന്നെ സംസ്കരണവേളയിൽ ശബ്ദമുണ്ടാക്കിക്കൊണ്ടു്, സ്തുതിയാൽ കൊണ്ടാടപ്പെടുന്നു.

7 സവായുമിന്ദ്രമശ്വിനാ
സാകംമദേനഗച്ഛതി
രണായോഅസ്യധർമ്മഭിഃ

അന്വയം:—
യഃ അസ്യ ധർമ്മ-ഭിഃ രണ — യസ്സോമസ്യ കർമ്മഭിഃ അഭിഷവണാദിഭീരമതേ
സഃ വായും ഇന്ദ്രം
അശ്വിനാ — സയജമാനഃ വായുമിന്ദ്രമശ്വിനൌ ച
മദേന സാകം ഗച്ഛതി — സഹപ്രാപ്നോതി

അർത്ഥം—ഏവൻ സോമസംബന്ധികളായ സംസ്കരണാദികർമ്മങ്ങളിൽ സന്തോഷമേന്തുന്നുവോ, ആ യജമാനൻ വായുവിനെയുമിന്ദ്രനെയുമശ്വികളെയും ഹർഷത്തോടുകൂടി ഒപ്പം പ്രാപിക്കുന്നു.

8 ആമിത്രാവരുണാഭഗം
മധ്വഃപവന്തഊർമ്മയഃ
വീദാനാഅസ്യശക്മഭിഃ

അന്വയം:—

| | | |
|---|---|---|
| (യേഷാം യജമാനാനാം) മധ്വഃ ഊർമ്മയഃ മിത്രാവരുണാ, ഭഗം ആ പവന്തേ | — | സോമസ്യ തരംഗാഃ മിത്രാവരുണൌ ഭഗശ്ചക്ഷരന്തി |
| (തേ) അസ്യ വിദാനാഃ | — | സോമസ്യ, സോമം ജാനന്തഃ |
| ശർമ-ഭിഃ | — | സുഖൈസ്സങ്ഗച്ഛന്തേ |

അർത്ഥം—യജമാനന്മാരേവരുടെ സോമത്തിൻെറ തിരകൾ മിത്രവരുണന്മാരുടെയും ഭഗൻെറയും നേരെ ഒഴുകുന്നുവോ, അവർ, സോമത്തെ (സോമത്തിൻെറ മാഹാത്മ്യം) അറിയുന്നവരായി, സുഖങ്ങളോടു ചേരുന്നു.

9 അസ്മഭ്യംരോദസീരയിം
മധ്വോവാജസ്യസാതയേ
ശ്രവോവസൂനിസഞ്ജിതം വ. 29

അന്വയം:—

| | | |
|---|---|---|
| ഹേ രോദസീ, | — | ദ്യാവാപൃഥിവ്യൌ യുവാം |
| മധ്വഃ വാജസ്യ സാതയേ | — | ദേവാനാം മാദയിതുസ്സോമാത്മകാന്നസ്യലാഭായ |
| അസ്മഭ്യം രയിം ശ്രവഃ | — | കാശ്യപാസിതേഭ്യഃ ധനമന്നഞ്ച |
| വസൂനി സം ജിതം | — | വാസകാന്യന്നാനി, ഗവാദീനി ച സംജയതം, പ്രയച്ഛതം |

അർത്ഥം—അല്ലയോ ദ്യാവാപൃഥിവികളേ, ദേവന്മാരെ ഹർഷിപ്പിക്കുന്ന സോമാന്നത്തിൻെറ ലാഭത്തിന്നായി ഞങ്ങൾക്കു ധനവുമന്നവും, കഴിഞ്ഞുകൂടാനുള്ള പശു മുതലായ മുതലുകളും നിങ്ങൾ തന്നരുളിയാലും.

വർഗ്ഗം—30—31

1 ഏതേസോമാഅഭിപ്രിയ
മിന്ദ്രസ്യകാമമക്ഷരൻ
വർദ്ധന്തോഅസ്യവീര്യം

അന്വയം:—

ഏതേ സോമാഃ — അഭിഷുതാ ഇമേ സോമാഃ
ഇന്ദ്രസ്യ വീര്യം വൎദ്ധന്തഃ — വൎദ്ധയന്തഃ
അസ്യ കാമം, പ്രിയം — കാമ്യം, പ്രീതികരം രസം
അഭി അക്ഷരൻ — അഭ്യവർഷൻ

അൎത്ഥം—ഈ സംസ്കരിച്ച സോമങ്ങൾ ഇന്ദ്രൻെറ വീര്യം വളൎത്തുന്നവയായി, അവിടേക്കു കാമ്യവും പ്രീതികരവുമായ രസം ഒഴിച്ചിരിക്കുന്നു.

2 പുനാനാസശ്ചമൂഷദോ

ഗച്ഛന്തോവായുമശ്വിനാ

തേനോധാന്തുസുവീര്യം

അന്വയം:—

തേ പുനാനാസഃ — സോമാ അഭിഷൂയമാണാഃ
ചമൂ-സദഃ — ചമസേഷ്വസീദന്തഃ
വായും അശ്വിനാ ഗച്ഛന്തഃ — അശ്വിനൌ ച പ്രാപ്നുവന്തഃ
നഃ സു-വീര്യം ധാന്തു — ശോഭനവീര്യം ധാരയന്തു, പ്രയച്ഛന്തു

അൎത്ഥം—ആ സോമങ്ങൾ സംസ്കരിക്കപ്പെടുന്നവയായി വാലന്മരികകളിലിരുന്നുകൊണ്ടു് വായുവിനെയുമശ്വികളേയും പ്രാപിക്കുന്നവയായി നമുക്കു നല്ല വീര്യം തന്നരുളട്ടേ.

3 ഇന്ദ്രസ്യസോമരാധസേ

പുനാനോഹാൎദ്ദിചോദയ

ഋതസ്യയോനിമാസദം

അന്വയം:—

ഹേ സോമ, പുനാനഃ,
ഹാൎദ്ദി — അഭിഷൂയമാണഃ
അഭിലഷിതസ്ത്വം
ഇന്ദ്രസ്യ രാധസേ — സംരാധനായ

ഋതസ്യ യോനിം — യജ്ഞസ്യ സ്ഥാനം
ആ–സദം ചോദയ — യഥേന്ദ്രആസീദതി, തഥാ തം പ്രേരയ

അൎത്ഥം–അല്ലയോ സോമ, സംസ്കരിക്കപ്പെടുന്നവനും (ദേവന്മാരാലും മനുഷ്യരാലും) ആഗ്രഹിക്കപ്പെടുന്നവനുമായ അവിടുന്ന് ഇന്ദ്രനെ ആരാധിക്കാനായി, യജ്ഞസ്ഥാനത്തു വന്നിരിക്കത്തക്കവണ്ണം അവിടുത്തെ പ്രേരിപ്പിച്ചാലും.

4 മൃജന്തിത്വാദശക്ഷിപോ

ഹിന്വന്തിസപ്തധീതയഃ

അനുവിപ്രാഅമാദിഷുഃ

അന്വയം:–

(ഹേ സോമ,) ത്വാ ദശ
ക്ഷിപഃ മൃജന്തി — ത്വാം ദശാങ്ഗുലയഃ പരിചരന്തി
സപ്ത ധീതയഃ ഹിന്വന്തി — സപ്തഹോതൃകാശ്ച സ്വസ്വവ്യാപാരൈസ്ത്വാം പ്രീണയന്തി
വിപ്രാഃ അനു അമാദിഷുഃ — മേധാവിനസ്തോതാരശ്ചാനു മാദയന്തി

അൎത്ഥം–അല്ലയോ സോമ, അവിടുത്തെ പത്തു വിരലുകൾ പരിചരിക്കുന്നു. ഏഴു ഹോതൃകന്മാർ സ്വസ്വകൎമ്മങ്ങളാൽ സന്തോഷിപ്പിക്കുന്നു. മേധാവികളായ സ്തോതാക്കൾ പിന്നാലെ ഹൎഷിപ്പിക്കുന്നു.

5 ദേവേഭ്യസ്ത്വാമദായകം

സൃജാനമതിമേഷ്യഃ

സങ്ഗോഭിൎവ്വാസയാമസി വ. 30

അന്വയം:—

(ഹേ സോമ,) മേഷ്യഃ — അവേർല്ലോമാനി
കം അതി സൃജാനം — ഉദകഞ്ചാതിക്രമന്തം
ത്വാ ദേവേഭ്യഃ — ത്വാം ദേവാനാം (വിഭക്തി വ്യത്യയഃ)
മദായ ഗോഭിഃ — മദാർത്ഥം ഗോവികാരൈഃ പയോഭിഃ
സം വാസയാമസി — സംവാസയാമഃ

അർത്ഥം—അല്ലയോ സോമ, ആടിൻരോമങ്ങളെ ചാടികടക്കുന്ന അവിടുത്തെ, ദേവന്മാർക്കു ഹർഷത്തിന്നായി പശുവിൻ പാലുകളെക്കൊണ്ടു ഞങ്ങൾ മൂടുന്നു.

6 പുനാനഃകലശേഷ്വാ
വസ്ത്രാണ്യരുഷോഹരിഃ
പരിഗവ്യാന്യവ്യത

അന്വയം:—

പുനാനഃ, കലശേഷ്വ — പൂയമാനഃ, കുംഭേഷു നിഷിച്യമാനഃ
ആ അരുഷഃ, ഹരിഃ — ആരോചമാനഃ, ഹരിതവർണ്ണസ്സോമഃ
ഗവ്യാനി വസ്ത്രാണി — ദധ്യാദീനി വാസാംസീവ
പരി അവ്യത — പര്യാച്ഛാദയതി

അർത്ഥം—ശുദ്ധീകരവും കുടങ്ങളിലൊഴിക്കപ്പെടുന്നതും ശോഭനവും പച്ചനിറമുററതുമായ സോമം, തയിർ മുതലായവയെ, വസ്ത്രങ്ങളെക്കൊണ്ട് എന്നപോലെ, പുതപ്പിക്കുന്നു, മൂടുന്നു.

7 മഘോനആപവസ്വനോ
ജഹിവിശ്വാഅപദ്വിഷഃ
ഇന്ദോസഖായമാവിശ

അന്വയം:—

ഹേ ഇന്ദോ, മഘോനഃ
നഃ ആ പവസ്വ — ഹവിർധനവതോസ്മാൻ പ്രതിക്ഷര
വിശ്വാഃ ദ്വിഷഃ
അപ ജഹി — സർവ്വാൻ ദ്വേഷ്ടൄൻ മാരയ ച
സഖായം ആ വിശ — പ്രിയമിന്ദ്രമാപ്നുഹി

അർത്ഥം—അല്ലയോ സോമ, ഹവിസ്സാകുന്ന ധനമൊത്ത ഞങ്ങൾക്കനേരെ ഒഴുകിയാലും. എല്ലാ ശത്രുക്കളെയും ഒടുക്കിയാലും. പ്രിയനായ ഇന്ദ്രനെ പ്രാപിച്ചാലും.

8 വൃഷ്ടിന്ദിവഃപരിസ്രവ
ദ്യുമ്നംപൃഥിവ്യാഅധി
സഹോനസ്സോമപൃത്സുധാഃ

അന്വയം:—

ഹേ സോമ, (ത്വം) ദിവഃ — ദ്യുലോകാൽ
വൃഷ്ടിം പരി സ്രവ — വർഷം കുരു
പൃഥിവ്യാഃ അധി ദ്യുമ്നം — പൃഥിവ്യാമന്നമുൽപാദയ
നഃ സഹഃ പൃൽ–സു ധാഃ — ബലം സങ്ഗ്രാമേഷു ധേഹി

അർത്ഥം—അല്ലയോ സോമ, അവിടുന്നു് ദ്യോവിൽനിന്നു മഴപൊഴിച്ചാലും. ഭൂമിയിൽ അന്നമുല്പാദിപ്പിച്ചാലും. ഞങ്ങൾക്കു യുദ്ധങ്ങളിൽ ബലമുണ്ടാക്കിയാലും.

9 നൃചക്ഷസന്ത്വാവയ
മിന്ദ്രപീതംസ്വർവ്വിദം
ഭക്ഷീമഹിപ്രജാമിഷം വ. 31

അന്വയം:—

(ഹേ സോമ.)
നൃ–ചക്ഷസം, സ്വഃ–വിദം – നൃണാം ദ്രഷ്ടാരം, സർവ്വജ്ഞം

ഇന്ദ്ര-പീതം ത്വാ — ഇന്ദ്രേണപീതം ത്വം പിബന്തഃ
വയം പ്ര-ജാം ഇഷം (ച)— കാശ്യപാസിതാഃ പുത്രാദികമന്നഞ്ച
ഭക്ഷീമഹി — ഭജേമഹി

അർത്ഥം—അല്ലയോ സോമ, മനുഷ്യദ്രഷ്ടാവും സർവ്വജ്ഞനും ഇന്ദ്രനാൽ കുടിയ്ക്കപ്പെട്ടവനുമായ അവിടത്തെ കുടിയ്ക്കുന്ന കാശ്യപാസിതന്മാരായ ഞങ്ങൾ സന്തതിയെയുമന്നത്തെയും ഭജിക്കുന്നു, പ്രാപിക്കാൻ പ്രാർത്ഥിക്കുന്നു

വർഗ്ഗം—32–33

1 പരിപ്രിയാദിവഃകവി
ർവ്വയാംസിനപ്ത്യോർഹിതഃ
സുവാനോയാതികവിക്രതുഃ

അന്വയം:—
കവിഃ, കവി-ക്രതുഃ — മേധാവീ, ക്രാന്തകർമ്മാ സോമഃ
നപ്ത്യോഃ ഹിതഃ — അധിഷവണ ഫലകയോർന്നിഹിതഃ
സുവാനഃ — അഭിഷൂയമാണഃ
ദിവഃ പരി പ്രിയാ — ദേവാനാം പരിതഃ പ്രിയാണി
വയാംസി യാതി — ഗ്രാവ്ണോ ഗച്ഛതി

അർത്ഥം—മേധാവിയും കവിഞ്ഞ കർമ്മമൊത്തവനുമായ സോമൻ സംസ്കരണത്തിന്നുള്ള ഇരുതോലുകളിൽ വയ്ക്കപ്പെട്ട്, സംസ്കരിയ്ക്കപ്പെടുന്നവനായി, ദ്യോവിന്ന് (ദേവന്മാർക്ക്) അത്യന്തം പ്രിയങ്ങളായ പിടിക്കല്ലുകളെ പ്രാപിക്കുന്നു.

2 പ്രപ്രക്ഷയായപന്യസേ
ജനായജുഷ്ടോഅദ്രുഹേ
വീത്യർഷചനിഷ്ഠയാ

അന്വയം:—

(ഹേ സോമ,) പ്ര—പ്ര

| | |
|---|---|
| ക്ഷയായ | — അത്യന്തം തവനിവാസഭൂതായ |
| അദ്രുഹേ പന്യസേ ജനായ | — അദ്രോഗ്ധ്രേ സ്തോത്രേ മനുഷ്യായ |
| വീതീ ജുഷ്ടഃ | — വീത്യൈ, ഭക്ഷണായ പര്യാപ്തസ്ത്വം |
| ചനിഷ്ഠയാ അഷ് | — അന്നവത്തമയാ ധാരയായാഗം പ്രതിഗച്ഛ |

അര്ത്ഥം—അല്ലയോ സോമ, അവിടേക്കേററവും നിവാസസ്ഥാനനായി ഭവിച്ചവനും ആരെയും ദ്രോഹിക്കാത്ത സ്തോതാവുമായ മനുഷ്യന്നു് ഭക്ഷണത്തിന്നു മതിയാംവണ്ണം അന്നധാരയോടുകൂടി ഞങ്ങളുടെ യാഗത്തിന്നു വന്നാലും.

3 സസ്സൂനുർമ്മാതരാശ്ശുചി
ർജ്ജാതോജാതേഅരോചയൽ
മഹാന്മഹീഋതാവൃധാ

അന്വയം:—

| | |
|---|---|
| ജാതഃ, ശുചിഃ | — ഉൽപന്നഃ, വിശുദ്ധഃ |
| മഹാൻ സഃ സൂനുഃ | — സസോമാഖ്യഃ പുത്രഃ |
| മഹീ ഋത—വൃധാ | — മഹത്യൌ യജ്ഞസ്യ വർദ്ധയന്ത്യൌ |
| ജാതേ മാതരാ | — വിശ്വസ്യ ജനയിത്ര്യൌ, ആത്മനോ മാതരൌ ദ്യാവാപൃഥിവ്യൌ |
| അരോചയൽ | — രോചയതി, ദീപയതി |

അർത്ഥം—ജനിച്ചവാറെ വിശുദ്ധനും മഹാനുമായ സോമനെന്ന പുത്രൻ മഹതികളും യജ്ഞം വർദ്ധിപ്പിയ്ക്കുന്നവരും എല്ലാററിനെയുമുൽപാദിപ്പിക്കുന്നവരും തനിക്കുള്ളമ്മമാരുമായ ദ്യാവാപൃഥിവികളെ പ്രകാശിപ്പിക്കുന്നു.

4 സസപ്തധീതിഭിർഹിതോ

നദ്യോഅജിന്വദ്ദ്രുഹഃ

യാഏകമക്ഷിവാവൃധുഃ

അന്വയം:—

യാഃ ഏകം — യാനദ്യഃ ഏകം സോമം
അക്ഷി വവൃധുഃ — അക്ഷീണം വർദ്ധയന്തി
സഃ ധീതി–ഭിഃ ഹിതഃ — അങ്ഗുലീഭിർന്നിഹിതസ്സൻ
അദ്രുഹഃ സപ്ത നദ്യഃ
അജിന്വൽ — ദ്രോഹവർജ്ജിതഃ സപ്തനദീഃ പ്രീണയതി

അർത്ഥം—നദികളേവ ഏകനായ സോമനെ അക്ഷീണമായി വർദ്ധിപ്പിക്കുന്നുവോ, ആ സോമൻ വിരലുകളാൽ വെക്കപ്പെട്ടവനായി ദ്രോഹരഹിതനായി, ഗങ്ഗാദികളായ ഏഴ നദികളെ സന്തോഷിപ്പിക്കുന്നു.

5 താഅഭിസന്തമസ്തൃതം

മഹേയുവാനമാദധുഃ

ഇന്ദുമിന്ദ്രതവവ്രതേ

വ. 32

അന്വയം:—

ഹേ ഇന്ദ്ര, തവ വ്രതേ താഃ — ത്വദീയേ കർമ്മണ്യങ്ഗുല്യഃ
സന്തം, അസ്തൃതം, യുവാനം — വിദ്യമാനം, അഹിംസിതം, നിത്യതരുണം
ഇന്ദും, മഹേ — സോമം, മഹതേഭിഷവാദി കർമ്മണേ
അഭി ആ ദധുഃ — അഭ്യാധൃതവത്യഃ

അർത്ഥം—അല്ലയോ ഇന്ദ്ര, അവിടേക്ക ചേർന്ന കർമ്മത്തിൽ, ആ വിരലുകളം, അവക്കിടയിൽ ഭവിച്ചവനും കേടേല്പിക്കപ്പെടാത്തവനും നിത്യയുവാവുമായ സോമനെ മഹത്തായ സംസ്കരണാദികർമ്മത്തിന്നായിട്ടാണ് ധരിച്ചത്.

6 അഭിവഹ്നിരമർത്ത്യ
സ്സപ്തപശ്യതിവാവഹിഃ
ക്രിവിർദ്ദേവീരതർപ്പയൽ

**അന്വയം:—**

| | |
|---|---|
| (യഃ) വഹ്നിഃ | — യജ്ഞസ്യധുരോവോഢാ |
| അമർത്ത്യഃ വാവഹിഃ | — മരണരഹിതഃ, ദേവാനാം തൃപ്തേരത്യന്തം വോഢാ ച സോമഃ |
| സപ്ത അഭി പശ്യതി | — സപ്തനദീഃ പശ്യതി |
| (സഃ) ക്രിവിഃ | — കൂപവൽപൂർണ്ണോവസ്ഥിതസ്സൻ |
| ദേവീഃ അതർപ്പയൽ | — നദീസ്തർപ്പയന്തി |

അർത്ഥം—യജ്ഞത്തിൻെറ ഭാരവാഹിയും മരണരഹിതനും ദേവന്മാരുടെ തൃപ്തിക്കെന്നും ചുമക്കുന്നവനുമായ സോമൻ ഗങ്ഗാദികളായ ഏഴു നദികളെ കാണുന്നു. അവിടുന്നു കിണർപോലെ നിറഞ്ഞുനിന്ന് ദേവികളായ നദികളെ തൃപ്തിപ്പെടുത്തുന്നു.

7 അവാകല്പേഷുനഃപുമ
സ്തമാംസിസോമയോധ്യാ
താനിപുനാനജങ്ഘനഃ

**അന്വയം:—**

| | |
|---|---|
| ഹേ പുമഃ, പുനാന, സോമ, | — പുമൻ, പവമാന, സോമ, |
| കല്പേഷു നഃ അവ | — കല്പനീയേഷ്വഹസ്സ്വസ്മാന്രക്ഷ |

| | |
|---|---|
| (ത്വം) യോധ്യാ തമാംസി | — യോധനീയാനി തമാംസി യാനി |
| താനി ജങ്ഘനഃ | — നാശയ |

അർത്ഥം—പുരുഷനും ശുദ്ധീകരനുമായ സോമ, (യാഗാദി കർമ്മങ്ങൾക്ക്) ഉദ്ദേശിക്കപ്പെടുന്ന ദിവസങ്ങളിൽ ഞങ്ങളെ രക്ഷിച്ചാലും. അകറ്റേണ്ടും തമസ്സുകൾ (അജ്ഞാനങ്ങൾ) ഏവയോ, അവയെ നശിപ്പിച്ചാലും.

8 നൂനവ്യസേനവീയസേ

സൂക്തായസാധയാപഥഃ

പ്രത്നവദ്രോചയാരുചഃ

അന്വയം:—

| | |
|---|---|
| (ഹേ സോമ,) നവ്യസേ | — നവ്യായ |
| നവീയസേ സു–ഉക്തായ | — സ്തുത്യായാസ്മാകം സൂക്തായ |
| പഥഃ നു സാധയ | — മാർഗ്ഗാൻ ക്ഷിപ്രമഭിഗച്ഛ |
| പ്രത്ന–വൽ രുചഃ രോചയ | — യഥാപൂർവ്വം സ്വദീപ്തീഃ പ്രകാശയ |

അർത്ഥം—അല്ലയോ സോമ, പുത്തും സ്തുത്യവുമായ ഞങ്ങളുടെ സൂക്തത്തിന്നായി വഴികൾ താണ്ടി, വേഗംവന്നാലും. മുമ്പെന്നപോലെ സ്വതേജസ്സുകളെ പ്രകാശിപ്പിച്ചാലും.

9 പവമാനമഹിശ്രവോ

ഗാമശ്വംരാസിവീരവൽ

സനാമേധാംസനാസ്വഃ

വ. 33

അന്വയം:—

| | |
|---|---|
| ഹേ പവമാന, | |
| വീര–വൽ | — യസ്ത്വം പുത്രവൽ |
| മഹി ശ്രവഃ, ഗാം | — മഹദന്നം, ഗാം ച |

അശ്വം രാസി — അശ്വഞ്ചാസ്മഭ്യം പ്രയച്ഛസി
(സത്വം) മേധാം സന — പ്രയച്ഛ
സ്വഃ സന — അസ്മദഭിലഷിതം സൎവ്വം ദേഹി

അൎത്ഥം—അല്ലയോ ഒഴുകുന്ന സോമ, അവിടുന്നു പുത്രനെ എന്നപോലെ മഹത്തായ അന്നത്തെയും പശുവിനെയും കുതിരയെയും ഞങ്ങൾക്കു തന്നരുളുന്നു. അപ്രകാരമുള്ള അവിടുന്നു് ഞങ്ങൾക്കു് ബുദ്ധിയും തന്നാലും, അഭീഷ്ടം മുഴുവൻ തന്നാലും.

വൎഗ്ഗം 34—35

1 പ്രസ്വാ॒നാസോ॒രഥാ॑ഇ॒
വാൎവ്വ॑ന്തോ॒നശ്ര॑വ॒സ്യവ॑ഃ
സോമാ॑സോരാ॒യേഅ॑ക്രമുഃ

അന്വയം:—
പ്ര സ്വാനാസഃ — അഭിഷവവേലായാം ശബ്ദം കുൎവ്വന്തഃ
സോമാസഃ രഥാഃ—ഇവ — രഥായഥാ ശബ്ദം കുൎവ്വന്തി തഥാ
അൎവ്വന്തഃ ന ..... യഥാശ്വാശ്ശബ്ദം കുൎവ്വന്തി തഥാ
ശ്രവസ്യവഃ രായേ
അക്രമുഃ — അന്നമിച്ഛന്തഃ യജമാനാനാം ധനായാഗച്ഛൻ

അൎത്ഥം—സംസ്കരണവേളയിൽ ശബ്ദം മുഴക്കുന്ന സോമങ്ങൾ ഒച്ചയുണ്ടാക്കുന്ന തേരുകൾ പോലെ, ഹേഷാശബ്ദം പുറപ്പെടുവിക്കുന്ന കുതിരകൾ പോലെ, (ശത്രുക്കളുടെ) അന്നത്തിലിച്ഛ പൂണ്ടു്, യജമാനന്മാൎക്കു് ധനത്തിന്നായി വന്നു.

2 ഹി॒ന്വാ॒നാസോ॒രഥാ॑ഇവ
ദധന്വി॒രേഗഭ॑സ്ത്യോഃ
ഭരാ॑സഃകാ॒രിണാ॑മിവ

അന്വയം:—

(സോമാഃ) രഥാഃ–ഇവ — യഥാ രഥാസ്തഥാ
ഹിന്വാനാസഃ — യാഗദേശം പ്രതിഗച്ഛന്തഃ
ഭരാസഃ കാരിണാം–ഇവ — യഥാ ഭാരവാഹാനാം
ബാഹ്വോർധീയന്തേ തഥാ
ഗഭസ്ത്യോഃ ദധന്വിരേ — ഋത്വിജാം ബാഹ്വോർധീയന്തേ

അർത്ഥം—സോമങ്ങൾ തേരുകൾപോലെ യാഗദേശത്തെത്തുന്നവയായി, ഭാരം ചുമക്കുന്നവർ (സാധനങ്ങൾ) കൈകളിൽ പിടിക്കുന്ന പോലെ, ഋത്വിക്കുകളുടെ കൈകളിൽ ധരിക്കപ്പെടുന്നു.

3 രാജാനോനപ്രശസ്തിഭി
സ്സോമാസോഗോഭിരഞ്ജതേ
യജ്ഞോനസപ്തധാതൃഭിഃ

അന്വയം:—

സോമാസഃ പ്രശസ്തി–ഭിഃ — പ്രശസ്താഭിസ്തുതിഭിഃ
രാജാനഃ ന — യഥാ രാജാനസ്തഥാ
സപ്ത ധാതൃ–ഭിഃ — സപ്തഹോത്രാഭിഃ
യജ്ഞഃ ന ഗോഭിഃ — യഥാ യജ്ഞസ്തഥാ
ഗോവികാരൈഃ പയോഭിഃ
അഞ്ജതേ — അജ്യന്തേ, സംസ്ക്രിയന്തേ

അർത്ഥം—സോമങ്ങൾ പ്രശസ്തങ്ങളായ സ്തോത്രങ്ങളാൽ രാജാക്കന്മാർപോലെ, ഏഴ് ഹോത്രകന്മാരാൽ, യജ്ഞം പശുവിൻപാലുകളാലെന്നപോലെ, അലങ്കരിക്കപ്പെടുന്നു, സംസ്കരിക്കപ്പെടുന്നു.

4 പരിസുവാനാസഇന്ദവോ
മദായബർഹണാഗിരാ
സുതാഅർഷന്തിധാരയാ

അന്വയം:—

സുവാനാസഃ — അഭിഷൂയമാണാഃ
ഇന്ദവഃ ബൃഹതാ ഗിരാ
സുതാഃ — സോമാ മഹത്യാ സ്തുതിരൂപയാ വാചാഭിഷുതാസ്സന്തഃ
മദായ ധാരയാ പരി
അർഷന്തി — മദാർത്ഥം പരിതഃ ക്ഷരന്തി

അർത്ഥം—സംസ്കരിക്കപ്പെടുന്ന സോമങ്ങൾ മഹത്തായ സ്തുതിവചനത്തോടുകൂടി സംസ്കരിക്കപ്പെട്ട്, ഹർഷത്തിന്നുവേണ്ടി ധാരയായി മുററും ഒഴുകിവരുന്നു.

5 ആപാനാസോവിവസ്വതോ

ജനന്തഉഷസോഭഗം

സൂരാഅണ്വംവിതന്വതേ വ. 34

അന്വയം:—

വിവസ്വതഃ
ആപാനാസഃ — ഇന്ദ്രസ്യാപാനഭൃതാഃ
ഉഷസഃ ഭഗം ജനന്തഃ — ജനയന്തഃ
സൂരാഃ അണ്വം വി
തന്വതേ — സരന്തസ്സോമാ അഭിഷവവേലായാം ശബ്ദം കുർവ്വന്തി

**അർത്ഥം—ഇന്ദ്രന്നു കുടിക്കാനുള്ളവയും ഉഷസ്സിന്നു സൌഭഗമുണ്ടാക്കുന്നവയുമായ സോമങ്ങൾ സംസ്കരണ വേളയിൽ ശബ്ദമുണ്ടാക്കുന്നു.**

6 **അപദ്വാരാമതീനാം**

**പ്രത്നാഋണ്വന്തികാരവഃ**

**വൃഷ്ണോഹരസആയവഃ**

അന്വയം:—

| | |
|---|---|
| മതീനാം കാരവഃ | — സ്തുതീനാം കർത്താരഃ ഋത്വിജഃ |
| പ്രത്നാഃ, വൃഷ്ണഃ ഹരസേ | — പുരാണാഃ, സേചകസ്യ സോമസ്യാഹർത്താരശ്ച |
| ആയവഃ ദ്വാരാ അപ ഋണ്വന്തി | — മനുഷ്യാ യജ്ഞസ്യ ദ്വാരാണ്യുൽഘാടയന്തി |

അർത്ഥം–സ്തുതികാരന്മാരായ ഋത്വിക്കുകളും പുരാതനന്മാരും ഒഴുകുന്ന സോമംകൊണ്ടുവരുന്നവരുമായ മനുഷ്യരും യജ്ഞത്തിൻെറ (യാഗശാലയുടെ) വാതിലുകൾ തുറക്കുന്നു.

7 സമീചീനാസആസതേ
ഹോതാരസ്സപ്തജാമയഃ
പദമേകസ്യപിപ്രതഃ

അന്വയം:–

സം–ഈ ചീനാസഃ,

| | |
|---|---|
| സപ്ത–ജാമയഃ | — സമീചീനാഃ, ജാമിസദൃശാഃ |
| ഏകസ്യ പദം പിപ്രതഃ | — സോമസ്യ സ്ഥാനം പൂരയന്തഃ |
| ഹോതാരഃ ആസതേ | — ഹോതൃകാ യജ്ഞേ ഉപവിശന്തി |

അർത്ഥം–ഉചിതശീലരായ ഏഴു ബന്ധുക്കൾപോലെയുള്ള ഹോതൃകന്മാർ സോമസ്ഥാനം നിറച്ചുകൊണ്ടു് യജ്ഞത്തിലിരിക്കുന്നു.

8 നാഭാനാഭിന്നആദദേ
ചക്ഷുശ്ചിൽസൂര്യേസചാ
കവേരപത്യമാദുഹേ

അന്വയം:—

| | |
|---|---|
| നാഭിം | — യജ്ഞസ്യ നാഭിഭൂതം സോമം |
| നഃ നാഭാ ആ ദദേ | — അസ്മാകന്നാഭാ വാദദാമി, പിബാമി |
| (പീതസോമാനാമസ്മാകം) | |
| ചക്ഷുഃ ചിത് | — ചക്ഷുരപി |
| സൂര്യേ സചാ | — സൂര്യേ സങ്ഗതം ഭവതി |
| (കിഞ്ച) കവേഃ അപത്യം | — ക്രാന്തകർമ്മണസ്സോമസ്യാപത്യഭൂതമംശും |
| ആ ദുഹേ | — ആപൂരയാമി |

അർത്ഥം—യജ്ഞത്തിന്റെ മുഖ്യാങ്ഗമായ സോമത്തെ എന്റെ നാഭിയിലേയ്ക്കു്, വയററിലേയ്ക്കു സ്വീകരിയ്ക്കുന്നു, ഉം കൊണ്ടു കുടിയ്ക്കുന്നു. സോമം കുടിച്ച എന്റെ കണ്ണും സൂര്യങ്കൽ ചേരുന്നു. പിന്നെ, കവികർമ്മമൊത്ത സോമത്തിന്റെ സന്താനം പോലെ ഭവിച്ച അംശുവെ (അംശത്തെ) ഞാൻ ചുരത്തുന്നു, പൂരിപ്പിക്കുന്നു.

9 അഭിപ്രിയാദിവസ്പദ
മധ്വര്യുഭിർഗ്ഗുഹാഹിതം
സൂരഃപശ്യതിചക്ഷസാ വ. 35

അന്വയം:—

| | |
|---|---|
| സൂരഃ ചക്ഷസാ | — സുവീര്യ ഇന്ദ്രശ്ചക്ഷുഷാ |
| ദിവഃ പ്രിയാ പദം | — ദീപ്തസ്യാത്മനഃ പ്രിയം പദം |
| അധ്വര്യു–ഭിഃ ഗുഹാ ഹിതം | — ഗുഹായാം ഹൃദയേ നിഹിതം |
| (പീതം സോമമപി) | |
| അഭി പശ്യതി | — ആഭിമുഖ്യേന പശ്യതി |

അർത്ഥം:—ദീപ്തവും തനിക്കു് പ്രിയപ്പെട്ട സ്ഥാനവുമായ സോമം അധ്വര്യുക്കളാൽ ഗുഹയിൽ, ഹൃദയത്തിൽ വെയ്ക്കപ്പെട്ടതു് വീര്യവാനായ ഇന്ദ്രൻ കാണുന്നു. (സോമം ഋത്വിക്ക കുടിച്ച വയററിൽച്ചെന്നതവിടുന്നു്) നേരേ കാണുന്നു.

വർഗ്ഗം: 36_37.

1 ഉപാസ്മൈഗായതാനരഃ
പവമാനായേന്ദവേ
അഭിദേവാഁഇയക്ഷതേ

അന്വയം:—

ഹേ നരഃ, ദേവാൻ — നേതാരഃ, ഋത്വിജഃ, ഇന്ദ്രാദീൻ
അഭി ഇയക്ഷതേ — ആഭിമുഖ്യേന യഷ്ടുമിച്ഛതേ
പവമാനായ അസ്മൈ
ഇന്ദവേ — അഭിഷൂയമാണായ സോമായ
ഉപ ഗായത — ഉപഗാനം കുരുത

അർത്ഥം–അല്ലയോ നേതാക്കന്മാരായ ഋത്വിക്കുകളേ, ഇന്ദ്രാദിദേവന്മാരെ നേരിട്ടു യജിക്കുവാനിച്ഛിക്കുന്നവനും സംസ്കരിക്കപ്പെട്ടൊഴുകുന്നവനുമായ സോമന്നായിക്കൊണ്ടു് സ്തുതിഗാനമണഞ്ഞു പാടുക.

2 അഭിതേമധുനാപ
യോഽഥർവ്വാണോഅശിശ്രയുഃ
ദേവന്ദേവായദേവയു

അന്വയം:—

(ഹേ സോമ,) തേ ദേവം — തവദേവനശീലം
ദേവ_യു — ദേവകാമം രസം
ദേവായ മധുനാ പയഃ — ഇന്ദ്രായ ഗവ്യേന പയസാ
അഥർവ്വാണഃ അഭി
അശിശ്രയുഃ — ഋഷയഃ അഭ്യശ്രീണൻ
സമസ്കുർവ്വൻ

അർത്ഥം–അല്ലയോ സോമ, അവിടുത്തെ പ്രഭാകരമായ, ദേവകാമമായ രസം ഇന്ദ്രന്നായിക്കൊണ്ടു് ഋഷികൾ പശുവിൻപാലോടുകൂട്ടിച്ചേർത്തു സംസ്കരിച്ചിരിക്കുന്നു.

3 സനഃപവസ്വശങ്ഗവേ
ശഞ്ജനായശമർവ്വതേ
ശംരാജന്നോഷധീഭ്യഃ

അന്വയം:–

| | |
|---|---|
| ഹേ രാജൻ, സഃ നഃ | — ദീപ്യമാന സോമ, സത്വമസ്മാകം |
| ഗവേ ശം പവസ്വ | — സുഖം ക്ഷര |
| ജനായ ശം | — പുത്രാദയേ ച സുഖം പവസ്വ |
| അർവ്വതേ ശം | — അശ്വായ സുഖം പവസ്വ |
| ഓഷധീഭ്യഃ ശം | — സസ്യാദിഭ്യശ്ച സുഖം പവസ്വ |

അർത്ഥം--അല്ലയോ ദീപ്യമാനനായ സോമ, പ്രസിദ്ധനായ അവിടുന്ന് ഞങ്ങളുടെ പശുവിന്നു സുഖം പൊഴിച്ചാലും. പുത്രപൌത്രാദികൾക്ക സുഖം പൊഴിച്ചാലും. കുതിരയ്ക്കു സുഖം പൊഴിച്ചാലും. സസ്യവൃക്ഷാദികൾക്ക സുഖം പൊഴിച്ചാലും.

4 ബഭ്രവേനസ്വതവ
സേരുണായദിവിസ്പൃശേ
സോമായഗാഥമർച്ചത

അന്വയം:–

(ഹേ സ്തോതാരഃ)

| | |
|---|---|
| ബഭ്രവേ, സ്വ–തവസേ | — ബഭ്രുവർണ്ണായ, സ്വബലായ |
| അരുണായ ദിവി–സ്പൃശേ | — കദാചിദരുണ വർണ്ണായ, ദിവം സ്പൃശതേ |
| സോമായ നു ഗാഥം അർച്ചത | — ക്ഷിപ്രം സ്തുതിരൂപാം വാചമുച്ചാരയത |

അർത്ഥം–അല്ലയോ സ്തോതാക്കളേ, കാവിനിറമൊത്തവനും സ്വന്തം ബലമുററവനും ചിലപ്പോൾ ഇളം ചുകപ്പു വർണ്ണ

മിയന്നവനും ദ്യോവിനെ സ്പൃശിക്കുന്നവനുമായ സോമന്നു് സ്തുതിവചനമിപ്പോൾത്തന്നെ ഉച്ചരിക്കുക

5 ഹസ്തച്യുതേഭിരദ്രിഭി
സ്സുതംസോമംപുനീതന
മധാവാധാവതാമധു
വ. 36

അന്വയം:—

| | |
|---|---|
| (ഹേ ഋത്വിജഃ,) ഹസ്ത-<br>ച്യുതേഭിഃ | — ഹസ്തപ്രച്യുതൈഃ |
| അദ്രി-ഭിഃ സുതം | — ഗ്രാവഭിരഭിഷുതം |
| സോമം പുനീതന | — ദശാപവിത്രേ പാവയത |
| (അപിച) മധൌ മധു<br>ആ ധാവത | — മദകരേ സോമേ ഗവ്യം പയഃ പ്രക്ഷിപത |

അർത്ഥം—അല്ലയോ ഋത്വിക്കുകളേ, കയ്യിൽനിന്നു താഴ്ത്തപ്പെട്ട പിടികല്ലുകളാൽ സംസ്കരിക്കപ്പെട്ട സോമത്തെ ദശാപവിത്രത്തിലരിച്ചു ശുദ്ധീകരിക്കുക. പിന്നെ, ഹഷ്കരമായ സോമത്തിൽ പശുവിൻപാലൊഴിക്കുക.

6 നമസേദുപസീദത
ദധ്നേദഭിശ്രീണീതന
ഇന്ദുമിന്ദ്രേദധാതന

അന്വയം:—

| | |
|---|---|
| (ഹേ ഋത്വിജഃ,) നമസാ<br>ഇൽ ഉപ സീദത | — നമസ്കാരേണൈവ സോമമുപഗച്ഛത |
| ദധ്നാ ഇൽ അഭി<br>ശ്രീണീതന | — ദധ്നൈവാഭി ശ്രീണീത |
| ഇന്ദ്രേ ഇന്ദും ദധാതന | — ധത്ത ച |

അർത്ഥം-അല്ലയോ ഋത്വിക്കുകളേ, നമസ്കാരത്തോടു കൂടിത്തന്നെ സോമത്തെ അണയ്ക്കുക. അതിനെ തൈരിനോടു തന്നെ കൂട്ടുക. ഇന്ദ്രങ്കൽ സോമം ധരിക്കുക, സമർപ്പിക്കുക.

7 അമിത്രഹാവിചർഷണിഃ
പവസ്വസോമശംഗവേ
ദേവേഭ്യോഅനുകാമകൃൽ

അന്വയം:-

| | |
|---|---|
| ഹേ സോമ, അമിത്ര-ഹാ | — അമിത്രാണാം ഹന്താ |
| വി-ചർഷണിഃ | — സർവ്വസ്യവിദ്രഷ്ടാ |
| ദേവേഭ്യഃ അനുകാമ-കൃൽ | — അഭീഷ്ടസ്യ കർത്താത്വം |
| ഗവേ ശം പവസ്വ | — അസ്മാകംഗവേസുഖം ക്ഷര |

അർത്ഥം—അല്ലയോ സോമ, ശത്രുഹന്താവും എല്ലാം കാണുന്നവനും ദേവന്മാർക്ക് അഭീഷ്ടകരനുമായ അവിടുന്ന് ഞങ്ങളുടെ പശുവിന്ന് സുഖംപൊഴിച്ചാലും.

8 ഇന്ദ്രായസോമപാതവേ
മദായപരിഷിച്യസേ
മനശ്ചിന്മനസസ്പതിഃ

അന്വയം:-

ഹേ സോമ, മനഃ—ചിൽ

| | |
|---|---|
| മനസഃ പതിഃ | — മനസോജ്ഞാതാ, മനസസ്പതീസ്ത്വം |
| ഇന്ദ്രായ പാതവേ | — ഇന്ദ്രസ്യ പാനായ |
| മദായ പരി സിച്യസേ | — ഹർഷായ ച പരിതഃ പാത്രേഷ്വാസിച്യസേ |

അർത്ഥം—അല്ലയോ സോമ, മനസ്സിനെ അറിയുന്നവനും മനസ്സിൻെറ ഈശ്വരനുമായ അവിടുന്ന്, ഇന്ദ്രന്നു കുടിക്കാനും ഹർഷത്തിന്നുംവേണ്ടി പാത്രങ്ങളിൽ മുറ്റും ഒഴിക്കപ്പെടുന്നു- (ച

ദ്രന്ന് മനസ്സിന്റെ ഈശ്വരത്വം പാശ്ചാത്യ പൌരസ്ത്യശാസ്ത്രങ്ങളിൽ പ്രസിദ്ധമാണ്. അപ്പോൾ സോമനെന്നതിന്ന് ചന്ദ്രനെന്ന അർത്ഥം യോജിക്കും. പാത്രങ്ങളിലൊഴിക്കപ്പെടുന്നതു് സോമലതാരസമാണ്. ഒരുപക്ഷേ ചന്ദ്രന്റെ രശ്മികളെ സോമരസമായി ഉദ്ദേശിച്ചിരിക്കണം. രശ്മികളും പാത്രങ്ങളിൽ പതിക്കുമല്ലോ.)

9 പവ॑മാനസു॒വീര്യ॑ം

ര॒യി॑ംസോമരിരീഹിനഃ

ഇന്ദ॒വിന്ദ്രേ॑ണനോയു॒ജാ

വ. 37

അന്വയം:—

| | |
|---|---|
| ഹേ ഇന്ദോ, പവമാന, | |
| സോമ, | — ക്ലിദ്യമാന, സോമ, |
| (ത്വം) സു-വീര്യം രയിം | — ശോഭനവീര്യോപേതം ധനം |
| നഃ ഇന്ദ്രേണ യുജാ | — അസ്മാകം സംബന്ധിനാ<br>ഇന്ദ്രേണ സഹായേന |
| നഃ രിരീഹി | — അസ്മഭ്യന്ദേഹി |

അർത്ഥം—ആർദ്രനും ശുദ്ധികരനുമായ സോമ, അവിടുന്നു ഞങ്ങൾക്കു വേണ്ടപ്പെട്ട സഹായനായ ഇന്ദ്രനോടുകൂടി (ഇന്ദ്രനുമവിടുന്നുംകൂടി) പ്രഭാവയുക്തമായ ധനം (ഐശ്വര്യം) അരുളിയാലും.

വർഗ്ഗം 38-39

1 സോമാ॑അസൃഗ്ര॒മിന്ദ॑വ

സ്സു॒താഋ॒തസ്യ॒സാദ॑നേ

ഇ॑ന്ദ്രായ॒മധു॑മത്തമാഃ

അന്വയം:—

| | |
|---|---|
| സുതാഃ, മധുമൽ—തമാഃ | — അഭിഷുതാഃ, അതിശയേന<br>മധുമന്തഃ |
| ഇന്ദവഃ സോമാഃ | — ക്ലിന്നാസ്സോമാഃ |

| | |
|---|---|
| ഋതസ്യ സദനേ | — യജ്ഞസ്യഗൃഹേ |
| ഇന്ദ്രായ അസൃഗ്രം | — ഇന്ദ്രാർത്ഥം സൃജ്യതേ |

അർത്ഥം—സംസ്കരിക്കപ്പെട്ട, അതിമാധുര്യമുററ, നനവായന്ന സോമങ്ങൾ യാഗശാലയിൽ ഇന്ദ്രനുവേണ്ടി ഉണ്ടാക്കപ്പെടുന്നു.

2 അഭിവിപ്രാഅനൂഷത

ഗാവോവത്സന്നമാതരഃ

ഇന്ദ്രംസോമസ്യപീതയേ

അന്വയം:—

| | |
|---|---|
| വിപ്രാഃ സോമസ്യ | |
| പീതയേ | — പാനായ |
| മാതരഃ ഗാവഃ | |
| വത്സം ന | — ജനയിത്ര്യോഗാവോവത്സമിവ |
| ഇന്ദ്രം അഭി അനൂഷത | — അഭിശബ്ദയന്തി |

അർത്ഥം—മേധാവികൾ സോമപാനത്തിന്നായി, തള്ളപ്പശുക്കൾ കുട്ടിയെ എന്നപോലെ, ഇന്ദ്രനെ ശബ്ദമുണ്ടാക്കി വിളിക്കുന്നു.

3 മദച്യുൽക്ഷേതിസാദനേ

സിന്ധോരൂർമ്മാവിപശ്ചിൽ

സോമോഗൌരീഅധിശ്രിതഃ

അന്വയം:—

| | |
|---|---|
| മദ—ച്യുൽ | — മദകരസ്യ രസസ്യ ച്യാവയിതാ സോമഃ |
| സദനേ ക്ഷേതി | — സ്ഥാനേ നിവസതി |
| സിന്ധോഃ ഊർമ്മാ | — നദ്യാഃ ഊർമ്മൌ, തരംഗേ വസതീവരീഷു നിവസതി |

വിപഃ-ചിൽ സോമഃ — വിദ്വാൻ സോമഃ
ഗൌരീ അധി ശ്രിതഃ — മാധ്യമികായാം വാച്യപി നിവസതി

അർത്ഥം-ഹർഷകരമായ രസംപൊഴിക്കുന്ന സോമൻ സ്വസ്ഥാനത്തിരിക്കുന്നു. വസതീവരികളെന്ന മന്ത്രപൂതജലങ്ങളാകുന്ന നദീതരങ്ഗങ്ങളിൽ വർത്തിക്കുന്നു. വിദ്വാനായ സോമൻ മാധ്യമിക വാക്കിലും വസിക്കുന്നു.

4 ദിവോനാഭാവിചക്ഷ

ണോവ്യോവാരേമഹീയതേ

സോമോയസ്സുക്രതുഃകവിഃ

അന്വയം:-

യഃ സു-ക്രതുഃ, കവിഃ — സുപ്രജ്ഞഃ, ക്രാന്തകർമ്മാ
വി-ചക്ഷണഃ സോമഃ — വിദ്രഷ്ടാ സഃ
ദിവഃ നാഭാ അവ്യഃ വാരേ — അന്തരിക്ഷസ്യനാഭിഭൂതേ അവേർവ്വാരേ
മഹീയതേ — പൂജ്യതേ, സ്തൂയതേ

അർത്ഥം-ഏവൻ നല്ല പ്രജ്ഞയുററവനും കവിഞ്ഞ കർമ്മമൊത്തവനും എല്ലാം കാണുന്നവനുമാണോ, ആ സോമൻ അന്തരിക്ഷത്തിന്റെ മർമ്മസ്ഥാനമായ ആടിൻരോമമൊത്ത ദശാപവിത്രത്തിൽ പൂജിക്കപ്പെടുന്നു, സ്തുതിക്കപ്പെടുന്നു.

5 യസ്സോമഃകലശേഷ്വാ

അന്തഃപവിത്രആഹിതഃ

തമിന്ദുഃപരിഷസ്വജേ

വ. 38

അന്വയം:-

യഃ സോമഃ കലശേഷു ആ — കുംഭേഷ്വാസ്തേ
(യശ്ച) പവിത്രേ അന്തഃ
ആ-ഹിതഃ — പവിത്രസ്യ മധ്യേ നിഹിതഃ
തം ഇന്ദുഃ പരി സസ്വജേ — തം സ്വാംശഭൂതം സോമം ചന്ദ്രമാഃ പ്രവിശതി

അൎത്ഥം—യാതൊരു സോമൻ കുടങ്ങളിലിരിക്കുന്നുവോ, യാതൊരുവൻ ദശാപവിത്രത്തിന്റെ മധ്യത്തിൽ വെക്കപ്പെട്ടിട്ടുണ്ടോ, ആ സോമനെ ചന്ദ്രനാലിങ്ഗനം ചെയ്യുന്നു.

6 പ്രവാചമിന്ദുരിഷ്യതി

സമുദ്രസ്യാധിവിഷ്ടപി

ജിന്വൻകോശംമധുശ്ചുതം

അന്വയം:—

| | | |
|---|---|---|
| ഇന്ദുഃ മധു-ശ്ചുതം | — | സോമഃ മധുനശ്ച്യാവകം |
| കോശം ജിന്വൻ | — | മേഘം പ്രീണയൻ |
| സമുദ്രസ്യ അധി | | |
| വിഷ്ടപി | — | അന്തരിക്ഷസ്യ വിഷ്ടബ്ധേ സ്ഥാനേ |
| വാചം പ്ര ഇഷ്യതി | — | പ്രേരയതി (പവിത്രേ പവമാന ശ്ശബ്ദം കരോതി) |

അൎത്ഥം—സോമൻ, മധുരരസം പൊഴിക്കുന്ന മേഘത്തെ സന്തോഷിപ്പിച്ചുകൊണ്ടു് അന്തരിക്ഷത്തിന്റെ അനാലംബമായ സ്ഥാനത്തു് വാക്കു്, ശബ്ദം പുറപ്പെടുവിക്കുന്നു. (ദശാപവിത്രത്തിൽ ശബ്ദമുണ്ടാകുന്നു.)

7 നിത്യസ്തോത്രോവനസ്പതി

ധീനാമന്തസ്സബദ്ദുഘഃ

ഹിന്വാനോമാനുഷായുഗാ

അന്വയം:—

| | | |
|---|---|---|
| നിത്യ-സ്തോത്രഃ | — | സന്തതസ്തോത്രഃ |
| സബഃ-ദുഘഃ | — | അമൃതസ്യ ദോഗ്ധാ |
| വനസ്പതിഃ | — | വനാനാം പാലയിതാ സോമഃ |
| മാനുഷാ യുഗാ | — | മാനുഷാണി യുഗാനി, അഹീനൈകാഹാത്മകാനി |
| ഹിന്വാനഃ ധീനാം അന്തഃ | — | പ്രീണയൻ കൎമ്മണാം മധ്യേ നിവസതി |

അൎത്ഥം-നിത്യസ്തോത്രത്തോടുകൂടിയവനും (എപ്പോഴും സ്തോത്രവിഷയനും) അമൃതം പൊഴിക്കുന്നവനും വൃക്ഷരക്ഷകനുമായ സോമൻ മാനുഷികങ്ങളായ കാലങ്ങളെ, കേടുപററാത്ത ഓരോ ദിവസത്തോടുകൂടിയവയാക്കി (ദിവസങ്ങളായി വിഭജിച്ച്) പ്രീണിപ്പിച്ചുകൊണ്ട്. കൎമ്മങ്ങൾക്കു മധ്യത്തിൽ വസിക്കുന്നു.

8 അഭിപ്രിയംദിവസ്പദാ

സോമോഹിന്വാനോഅൎഷതി

വിപ്രസ്യധാരയാകവിഃ

അന്വയം:—

| | |
|---|---|
| കവിഃ സോമഃ ദിവഃ | |
| ഹിന്വാനഃ | — ക്രാന്തകൎമ്മാസഃ അന്തരിക്ഷാൽ പ്രേര്യമാണഃ |
| വിപ്രസ്യ ധാരയാ | — മേധാവിനസ്വസ്യ ധാരയാ |
| പ്രിയാ പദാ അഭി അൎഷതി | — പ്രിയാണി പദാനി, സ്ഥാനാന്യഭിഗച്ഛതി |

അൎത്ഥം—കടന്ന കൎമ്മത്തോടുകൂടിയ സോമൻ അന്തരിക്ഷത്തിൽനിന്നയയ്ക്കപ്പെടുന്നവനായി മേധാവിയായ ഓരോ ഋത്വിക്കിന്നും സ്വന്തം സ്വന്തം ധാരയോടുകൂടി പ്രിയപ്പെട്ട സ്ഥാനങ്ങളെ പ്രാപിക്കുന്നു.

9 ആപവമാനധാരയ

രയിംസഹസ്രവൎച്ചസം

അസ്മേഇന്ദോസ്വാഭുവം

വ. 39

അന്വയം:—

ഹേ പവമാന, ഇന്ദോ, — സോമ, ത്വം
സഹസ്ര-വർച്ചസം — ബഹുദീപ്തിം
സു-ആഭുവം രയിം — ശോഭനഭവനം ധനം
അസ്മേ ആ ധാരയ — അസ്മാസു സമന്താൽ പ്രക്ഷിപ

അർത്ഥം—അല്ലയോ ഒഴുകുന്ന സോമ, അവിടുന്ന് ബഹുപ്രകാശകവും നന്നായുണ്ടായതും (ധർമ്മമാർഗ്ഗത്തിലൂടെ വന്നതും) ആയ ധനം ഞങ്ങളിൽ നിറച്ചും പ്രക്ഷേപിച്ചാലും.

ഏഴാമധ്യായം സമാപ്തം

# അദ്ധ്യായപീഠിക

## അഷ്ടകം-6 അദ്ധ്യായം-8

വൎഗ്ഗം-1-2-കാശ്യപോസിതഃ ഋഷിഃ, ഗായത്രീച്ഛന്ദഃ, സോമഃ പവമാനോദേവതാ

1 സോമ॑ഃപു॒നാനോഅ॑ൎഷതി

സ॒ഹസ്ര॑ധാരോ॒അത്യ॑വിഃ

വാ॒യോരിന്ദ്ര॑സ്യനിഷ്കൃ॒തം

അന്വയം:—

| | |
|---|---|
| സ്ഹസ്ര-ധാരഃ | — അപരീമീതധാരഃ |
| അതി-അവിഃ | — അവിലോമഭിന്നിഷ്പാദിതം ദശാപവിത്രമതിക്രമ്യ |
| പുനാനഃ സോമഃ | — പാവകസ്സോമഃ |
| വായോഃ ഇന്ദ്രസ്യ | — താഭ്യാം പാനായ |
| നിഃ-കൃതം അൎഷതി | — സംസ്കൃതം പാത്രം പ്രതിഗച്ഛതി |

അൎത്ഥം—എണ്ണമററ ധാരകളോട്ടു കൂടിയവനും ആട്ടിൻരോമംകൊണ്ടുള്ള ദശാപവിത്രത്തെ കവിഞ്ഞുവരുന്നവനും ശുദ്ധികരനുമായ സോമൻ വായുവിനുമിന്ദ്രനും കുടിയ്ക്കാനായി സംസ്കരിക്കപ്പെട്ട പാത്രത്തിലേക്കു വരുന്നു.

2 പവ॑മാനമവസ്യവോ॒

വിപ്ര॑മ॒ഭിപ്രഗാ॑യത

സു॒ഷ്വാ॒ണന്ദേവവീ॑തയേ

അന്വയം:—

| | |
|---|---|
| ഹേ അവസ്യവഃ, | — രക്ഷണകാമാ ഉൽഗാത്രാദയഃ, യൂയം |
| പവമാനം, വിപ്രം | — ശോധകം, വിപ്രവച്ഛുദ്ധം |

ദേവ–വീതയേ സുസ്വാനം – ദേവപാനായ സൂയമാനം സോമം
അഭി പ്ര ഗായത — ആഭിമുഖ്യേന പ്രകർഷേണസ്തുത

അർത്ഥം–രക്ഷേച്ഛുക്കളായ ഉൽഗാതാക്കൾതൊട്ട ഋത്വിക്കുകളേ, നിങ്ങൾ ശുദ്ധികരനും, ബ്രാഹ്മണൻപോലെ ശുദ്ധനും ദേവന്മാർക്കു കുടിയ്ക്കാനായി സംസ്കരിക്കപ്പെടുന്നവനുമായ സോമനെ നേരെ നന്നായി സ്തുതിക്കുക.

3 പവന്തേവാജസാതയേ
സോമാസ്സഹസ്രപാജസഃ
ഗൃണാനാദേവവീതയേ

അന്വയം:–

സഹസ്ര–പാജസഃ
സോമാഃ — ബഹുബലാഃ, പാതൄണാം ബലപ്രദാസ്സോമാഃ
ഗൃണാനാഃ — സ്തൂയമാനാഃ (കർമ്മണി കർത്തൃപ്രത്യയഃ)
ദേവ–വീതയേ,
വാജ–സാതയേ — യജ്ഞായാന്നലാഭായ ച
പവന്തേ — ക്ഷരന്തി·

അർത്ഥം–ബഹുബലമുററ (കുടിയ്ക്കുന്നവർക്കു ബലമേകുന്ന) സോമങ്ങൾ സ്തുതിയ്ക്കപ്പെടുന്നവയായി യജ്ഞത്തിന്നും അന്നലാഭത്തിന്നുംവേണ്ടി ഒഴുകിവരുന്നു. (യജ്ഞസിദ്ധി. പ്രഥമപ്രയോജനം, അതിനാലന്നലാഭം.)

4 ഉതനോവാജസാതയേ
പവസ്വബൃഹതീരിഷഃ
ദ്യുമദിന്ദോസുവീര്യം

അന്വയം:–

ഹേ ഇന്ദോ, ഉത നഃ
വാജ–സാതയേ — അസ്മാകമന്നലാഭായ
ബൃഹതീഃ ഇഷഃ — മഹതീരസധാരാഃ
ദ്യു–മൽ, സു–വീര്യം
പവസ്വ — ദീപ്തിമൽ, ശോഭനസാമർത്ഥ്യം ക്ഷര

അർത്ഥം–അല്ലയോ സോമ, പിന്നെ, ഞങ്ങൾക്കന്നലാഭത്തിന്നായി പെരിയ രസധാരകൾ പ്രകാശവത്തും ശോഭനവീര്യമുററതുമാം വണ്ണമൊഴുക്കിയാലും.

5 തേനസ്സഹസ്രിണംരയിം
പവന്താമാസുവീര്യം
സുവാനാദേവാസഇന്ദവഃ വ. 1

അന്വയം:–

സുവാനാഃ, ദേവാസഃ — സൂയമാനാഃ, ദ്യോതമാനാഃ
തേ ഇന്ദവഃ നഃ — സോമാ അസ്മാകം
സഹസ്രിണം രയിം സു–
വീര്യം ആ പവന്താം — സഹസ്രസംഖ്യാകം ധനം ശോഭനവീര്യഞ്ച ക്ഷരന്താം

അർത്ഥം–സംസ്കരിക്കപ്പെടുന്നവയും തിളങ്ങുന്നവയുമായ ആ സോമങ്ങൾ നമുക്ക് ആയിരക്കണക്കിൽ ധനത്തെയും നല്ല വീര്യത്തെയും തന്നരുളട്ടേ.

6 അത്യാഹിയാനാനഹേതൃഭി
രസൃഗ്രംവാജസാതയേ
വിവാരമവ്യമാശവഃ

അന്വയം:–

വാജ–സാതയേ
ഹിയാനാഃ — സംഗ്രാമായ പ്രേര്യമാണാഃ

അത്യാഃ ന ഹേതൃ-ഭിഃ — അശ്വാ ഇവ പ്രേരകൈഃ
പ്രേര്യമാണാഃ
ആശവഃ അവ്യം വാരം — ശീഘ്രഗതയസ്സോമാ
ദശാപവിത്രം
വി അസൃഗ്രം — വ്യതിസൃജ്യന്തേ

അർത്ഥം—യുദ്ധത്തിന്നായി അയക്കപ്പെടുന്ന കുതിരകൾ പോലെ പ്രേരകരായ ഋത്വിക്കുകളാൽ പ്രേരിപ്പിക്കപ്പെടുന്നവയും (നയിക്കപ്പെടുന്നവയും) ഗതിവേഗമുറ്റവയുമായ സോമങ്ങൾ ആട്ടിൻരോമം പിടിപ്പിച്ച ദശാപവിത്രത്തിൽ വെക്കപ്പെടുന്നു.

7 വാശ്രാഅർഷന്തീന്ദ
വോഭീവഥ്സന്നധേനവഃ
ദധന്വിരേഗഭസ്ത്യോഃ

അന്വയം:—

വാശ്രാഃ ഇന്ദവഃ — ശബ്ദയന്തസ്സോമാഃ
ധേനവഃ ന വഥ്സം — ശബ്ദകാരിണ്യസ്താ യഥാ
വത്സം പ്രത്യാഗച്ഛന്തി, തഥാ
അഭി അർഷന്തി — പാത്രം പ്രതി ഗച്ഛന്തി
(ത ഏവ) ഗഭസ്ത്യോഃ
ദധന്വിരേ — ബാഹ്വോർദ്ധ്രിയന്തേ

അർത്ഥം—ശബ്ദിക്കുന്ന സോമങ്ങൾ, ഇമ്പാരവം മുഴക്കുന്ന പശുക്കൾ കുട്ടിക്കുനേരെ ചെല്ലുന്നപോലെ, പാത്രത്തിന്നു നേരെ വരുന്നു, അവതന്നെ ഋത്വിക്കുകളാൽ കൈകളിൽ ധരിക്കപ്പെടുന്നു.

8 ജുഷ്ടഇന്ദ്രായമഥ്സരഃ
പവമാനകനിക്രദൽ
വിശ്വാഅപദ്വിഷോജഹി

അന്വയം:—
(സോമഃ) ഇന്ദ്രായ ജുഷ്ടഃ,
മഥ്സരഃ — പര്യാപ്തഃ, മദകരഃ ഭവതി
ഹേ പവമാന, കനിക്രദൽ— ത്വം ശബ്ദയൻ
വിശ്വാഃ ദ്വിഷഃ അപ ജഹി — സർവ്വാനസ്മാകം ദ്വേഷ്ടൄൻ നാശയ

അർത്ഥം—സോമൻ ഇന്ദ്രന്നു് മതിയാവോളം ഹർഷകരനായി ഭവിക്കുന്നു. അല്ലയോ സോമ, അവിടുന്നു ശബ്ദിച്ചുകൊണ്ടു് ഞങ്ങളുടെ എല്ലാ ശത്രുക്കളെയുമൊടുക്കിയാലും.

9 അപഘ്നന്തോഅരാവ്ണഃ
പവമാനാസ്സ്വർദൃശഃ
യോനാവൃതസ്യസീദത വ. 2

അന്വയം:—
ഹേ പവമാനാഃ,
അരാവ്ണഃ — അദാനാൻ, അയജമാനാൻ
അപ—ഘ്നന്തഃ — ഹിംസന്തഃ
സ്വഃ—ദൃശഃ — സർവ്വത്ര ദ്രഷ്ടാരഃ യൂയം
ഋതസ്യ യോനൌ സീദത — യജ്ഞസ്യ സ്ഥാനേ ഉപവിശത

അർത്ഥം—അല്ലയോ സോമങ്ങളേ, ദാനവും യാഗവും ചെയ്യാത്ത, സൽക്കർമ്മവിമുഖന്മാരെ ഹിംസിക്കുന്നവരും, എങ്ങുമെല്ലാം കാണുന്നവരുമായ നിങ്ങൾ യജ്ഞസ്ഥാനത്തിരുന്നാലും.

വർഗ്ഗം—3–4.

1 പരിപ്രാസിഷ്യദൽകവി
സ്സിന്ധോരൂർമ്മാവധിശ്രിതഃ
കാരംബിഭ്രൽപുരുസ്പൃഹം

അന്വയം:—
കവിഃ സീന്ധോഃ
ഊർമ്മൗ — ക്രാന്തകർമ്മാസോമഃ നദ്യാസ്തരങ്ഗേ, വസതീവര്യുദകരസേ
അധി ശ്രിതഃ — ആശ്രിതഃ
പുരു-സ്പൃഹം കാരം
ബിഭ്രൽ — ബഹുഭിസ്പൃഹണീയം ശബ്ദം ധാരയൻ
പരി പ്ര അസിസ്യദൽ — പരിപ്രസ്യന്ദതേ

അർത്ഥം—കവിഞ്ഞ കർമ്മമൊത്ത സോമൻ വസതീവരീനീരുകളാകുന്ന നദീതരങ്ഗങ്ങളിൽ നിലക്കൊണ്ടു്, ഏവരാലും ആഗ്രഹിക്കപ്പെടുന്ന ശബ്ദമുണ്ടാക്കി മുററുമൊഴുകുന്നു.

2 ഗിരായദീസബന്ധവഃ
പഞ്ചവ്രാതാഅപസ്യവഃ
പരിഷ്കൃണ്വന്തിധർണ്ണസിം

അന്വയം:—
സ_ബന്ധവഃ — സമാനബന്ധനാഃ
പഞ്ച വ്രാതാഃ
അപസ്യവഃ — പഞ്ചജനാ യജമാനാഃ കർമ്മേച്ഛവസ്സന്തഃ
യദി ധർണ്ണസിം ഗിരാ
പരി-കൃണ്വന്തി — ധാരകംസോമം സ്തുത്യാലങ്കുർവ്വന്തി

അർത്ഥം—സമാനബന്ധുക്കളായ പഞ്ചജനങ്ങളിൽപ്പെട്ട യജമാനന്മാർ കർമ്മമിച്ഛിക്കുന്നവരായി എല്ലാം ധരിക്കുന്ന സോമനെ സ്തുതിയാൽ അലങ്കരിക്കുന്നുവെങ്കിൽ.

3 ആദസ്യശുഷ്മിണോരസേ
വിശ്വേദേവാഅമത്സത
യദീഗോഭിർവ്വസായതേ

അന്വയം:—

| | |
|---|---|
| ആൽ | — അലങ്കരണാനന്തരമേവ |
| ശുഷ്മീണഃ അസ്യ | — ബലവതസ്സോമസ്യ |
| രസേ യദി ഗോഭിഃ | — യദാ ക്ഷീരാദിഭിഃ |
| വസായതേ | — ആച്ഛാദ്യതേ, തദാ |
| വിശ്വേ ദേവാഃ | |
| അമത്സത | — സർവ്വേ ദേവാഃ അമാദ്യന്ത, മാദ്യന്തി |

അർത്ഥം—അപ്രകാരമലങ്കരിച്ചതിന്നുശേഷം ബലവാനായ സോമന്റെ രസം പശുവിൻപാലുകളാൽ മൂടപ്പെട്ടു എങ്കിൽ, അപ്പോഴാണു് എല്ലാ ദേവന്മാരും ഹർഷിക്കുന്നതു്. (യുഗ്മകം)

4 നി॒രി॒ണാ॒നോവിധാ॑വതി॒
ജഹ॒ച്ഛ॑ര്യാണി॒താന്വാ॑
അത്രാ॒സഞ്ജി॑ഘ്നതേയു॒ജാ

അന്വയം:—

(അയം സോമഃ)

| | |
|---|---|
| നി_രിണാനഃ | — ദശാപവിത്രാദധോഗച്ഛൻ |
| വി ധാവതി | — വിവിധം ധാവതി |
| (യദാ) താന്വാ | — തന്വ ദശാപവിത്രവസ്ത്രം, തൽ സംബന്ധിനി |
| ശര്യാണി ജഹൽ | — ദ്വാരാണ്യധസ്സരതി |
| അത്ര യുജാ | — അസ്മിൻ യജ്ഞേ സഖീഭൃതേനേന്ദ്രേണ സഹ |
| സം ജിഘ്നതേ | — സങ്ഗതോ ഭവതി |

(വസ്ത്രസുഷിരാദ്വിനിർഗ്ഗത്യ ദശാപവിത്രാദധസ്സൽപാത്രം വിവിധം ഗച്ഛൻ ഹോമദ്വാരേണേന്ദ്രേണസങ്ഗതോഭവതി)

അർത്ഥം—ഈ സോമൻ ദശാപവിത്രത്തിൽനിന്നു താഴെ ചാടി, പലപാടോടുന്നു. ദശാപവിത്രത്തിന്റെ വസ്ത്രത്തിന്റെ തുളകളിലൂടെ താഴെച്ചാടി ഈ യജ്ഞത്തിൽ ചങ്ങാതിയായ ഇന്ദ്രനോടുകൂടിച്ചേരുന്നു. (വസ്ത്രത്തിന്റെ ചെറുതുളയിൽനിന്നു

പുറത്തുകടന്നു് ദശാപവിത്രത്തിന്റെ താഴെ പാത്രങ്ങളിലെത്തി, ഹോമിയ്ക്കൽവഴിക്കിന്ദ്രനോടു ചേരുന്നു. സോമന്നു് ഇന്ദ്രനോടു ചേരാനുള്ള തിടുക്കം സൂചിപ്പിക്കുന്നു.)

5 നപ്തീഭിര്യോവിവസ്വത
ശ്ശുഭ്രോനമാമൃജേയുവാ
ഗാഃക്കൃണ്വാനോനനിർണ്ണിജം

വ. 3

അന്വയം:—

| | |
|---|---|
| യഃ വിവസ്വതഃ | — പരിചരണവതോ യജമാനസ്യ |
| നപ്തീഭിഃ | — പൌത്രീസ്ഥാനീയാഭിരങ്ഗുലീഭിഃ (ഹസ്തഃ പുത്രഃ അങ്ഗുല്യഃ പൌത്ര്യഃ) |
| യുവാ ശുഭ്രഃ ന മമൃജേ | — യഥാപ്രവൃദ്ധോദീപ്തോശ്വഃ സ്വപരിചാരകൈർമ്മൃജ്യതേ, തദ്വന്മൃജ്യതേ |
| (സസോമഃ) നിഃ-നിജം | — സ്വീയം രൂപം |
| ഗാഃ ന കൃണ്വാനഃ | — ഗോവികാരാംശ്ച കുർവ്വാണോ ഭവതി. |

അർത്ഥം—ഏതു സോമൻ പരിചരിക്കുന്ന യജമാനന്റെ പൌത്രീമാരാൽ, (കൈ പുത്രന്റെയും, വിരലുകൾ പൌത്രീമാരുടെയും സ്ഥാനത്തു കല്പിക്കപ്പെട്ടിരിക്കുന്നു). ചെറുപ്പമായ ഒരു നല്ല കുതിര അതിന്റെ നോക്കുകാരാൽ ചൊറിഞ്ഞുകൊടുക്കപ്പെടുന്നപോലെ, തലോടപ്പെടുന്നുവോ പരിചരിക്കപ്പെടുന്നുവോ, ആ സോമൻ സ്വന്തം രൂപത്തെ പശുവിൻപാൽ മുതലായവയോടു് ചേർന്നതാക്കുന്നു.

6 അതിശ്രീതീതിരശ്ചതാ
ഗവ്യാജിഗാത്യണ്വ്യാ
വഗ്നുമിയർത്തിയംവിദേ

അന്വയം:—

| | |
|---|---|
| അണ്വ്യാ | — അങ്ഗുല്യാഭിഷൂയമാണസ്സോമഃ |
| ഗവ്യാ ശ്രീതീ | — ഗവ്യാനി ശ്രീത്യൈ, ശ്രയണായ |
| തിരശ്ചതാ അതി ജിഗാതി | — തിരശ്ചീന മതിക്രമ്യ ഗച്ഛതി |
| യം വിദേ | — യം ശബ്ദം ജാനതേ യജമാനായ |
| (തം) വഗ്നം ഇയർത്തി | — ശബ്ദം പ്രേരയതി |

അർത്ഥം—വിരലിനാൽ സംസ്കരിക്കപ്പെടുന്ന സോമൻ പാൽ, തൈർ, നൈകളോടു ചേരാനായി വിലങ്ങനെ ദശാപവിത്രത്തെ അതിക്രമിച്ചു പോകുന്നു. സംസ്കരണവേളയിൽ യജമാനന്മാരറിയുന്ന (അവർക്കു പരിചയമുള്ള) ശബ്ദമുതിർക്കുന്നു.

7 അഭിക്ഷിപസ്സമശ്മത
മജ്ജയന്തീരിഷസ്പതിം
പൃഷ്ഠാഗൃഭ്ണതവാജിനഃ

അന്വയം:—

| | |
|---|---|
| ക്ഷിപഃ മജ്ജയന്തീഃ | — അങ്ഗുലയഃ അഭിമൃശന്ത്യഃ |
| ഇഷഃ പതിം | — അന്നാനാം സ്വാമിനം സോമം |
| അഭി സം അശ്മത | — അഭിസങ്ഗച്ഛന്തേ |
| (സങ്ഗത്യ ച) വാജിനഃ **പൃഷ്ഠാ** | — ബലവതസ്സോമസ്യ പൃഷ്ഠാനി |
| **(അഭിഷവാങ്ഗുലയഃ) ഗൃഭ്ണത** | — ഗൃഹ്ണന്തി |

**അർത്ഥം**—വിരലുകൾ, താലോലിക്കുന്നവയായി അന്നനാഥനായ സോമനോടു ചേരുന്നു. ചേർന്നിട്ടു് ബലവാനായ സോമന്റെ മുകൾഭാഗങ്ങളെ സംസ്കരിക്കുന്ന വിരലുകൾ പിടിക്കുന്നു.

8 പരിദിവ്യാനിമർമ്മൃശ
വിശ്വാനിസോമപാർത്ഥിവാ
വസൂനിയാഹ്യസ്മയുഃ

വ. 4

അന്വയം:—

ഹേ സോമ, ദിവ്യാനി,

| | |
|---|---|
| പാർത്ഥിവാ | — പാർത്ഥിവാനിച |
| വിശ്വാനി, വസൂനി | — സർവ്വാണി ധനാനി |
| പരി മർമ്മൃശൽ | — പരിമൃശൻ, പരിഗൃഹ്ണൻ |
| അസ്മ-യുഃ യാഹി | — അസ്മാൻ കാമയമാന ആഗച്ഛ |

അർത്ഥം—അല്ലയോ സോമ, ദ്യോവിലുള്ളവയും ഭൂവിലുള്ളവയുമായ എല്ലാ ധനങ്ങളുമേന്തിക്കൊണ്ടു്, ഞങ്ങളെ ഇഷ്ടപ്പെടുന്നവനായി അവിടുന്നു വന്നാലും.

വർഗ്ഗം:—5

1 ഏഷധിയായാത്യണ്വ്യാ
ശൂരോരഥേഭിരാശുഭിഃ
ഗച്ഛന്നിന്ദ്രസ്യനിഷ്കൃതം

അന്വയം:—

| | |
|---|---|
| ഏഷഃ ശൂരഃ | — സോമഃ വിക്രാന്തഃ |
| അണ്വ്യാ | — അങ്ഗുല്യാഭിഷുതഃ |
| ധിയാ ഇന്ദ്രസ്യ | |
| നിഃ-കൃതം | — കർമ്മണാതസ്യ സ്ഥാനം,<br>ദിവം പ്രതി |
| ആശു-ഭിഃ രഥേഭിഃ | — ശീഘ്രഗമനൈ രഥൈഃ |
| ഗച്ഛൻ യാതി | — ഗച്ഛതി |

അർത്ഥം—ഈ സോമൻ വിക്രമിയായി, വിരലിനാൽ സംസ്കരിക്കപ്പെട്ടവനായി, കർമ്മത്താൽ ഇന്ദ്രന്റെ സ്ഥാനമായ സ്വർഗ്ഗത്തിലേക്കു് ഗതിവേഗമുററ തേരുകളിൽ പോകുന്നവനായി, യാത്രചെയ്യുന്നു.

2 ഏഷപ്രുധീയായതേ

ബൃഹതേദേവതാതയേ

യത്രാമൃതാസആസതേ

അന്വയം:—

| | |
|---|---|
| ഏഷഃ യത്ര അമൃതാസഃ<br>ആസതേ | — യസ്മിൻ യജ്ഞേ അമൃതാ<br>ദേവാവസന്തി, |
| ബൃഹതേ ദേവ–താതയേ | — മഹതേ യജ്ഞായ, തദർത്ഥം |
| പുരു ധിയാ–യതേ | — ബഹുലം കർമ്മേച്ഛതി |

അർത്ഥം–ഈ സോമൻ, ഏതു യജ്ഞത്തിൽ അമരന്മാരായ ദേവന്മാരിരിക്കുന്നുവോ, അതിന്നായി, മഹത്തായ യജ്ഞത്തിന്നായി, ബഹുലമായ കർമ്മമിച്ഛിക്കുന്നു.

3 ഏഷഹിതോവിനീയ

തേന്തശ്ശുഭ്രാവതാപഥാ

യദീതുഞ്ജന്തിഭൂർണ്ണയഃ

അന്വയം:—

| | |
|---|---|
| ഏഷഃ ഹിതഃ | — സോമഃ ഹവിർദ്ധാനേനിഹിതഃ |
| അന്തഃ ശുഭ്ര–വതാ | — തയോർമ്മധ്യേ ശോഭാവതാ |
| പഥാ ഭൂർണ്ണയഃ യദി<br>തുഞ്ജന്തി | — യദാ ദേവേഭ്യോ ഭരണശീലാ<br>അധ്വര്യ്വാദയഃ പ്രയച്ഛന്തി |
| (തസ്മാൽ) വി നീയതേ | — ഹവിർദ്ധാനാദാഹവനീയം<br>പ്രതിനീയതേ |

അർത്ഥം–ഈ സോമൻ, ഹവിർദ്ധാനത്തിൽ നിർത്തപ്പെട്ടിരിക്കുന്നു. ഇടയിൽ ശോഭമാനമായ മാർഗ്ഗത്തിലൂടെ യജ്ഞഭരണശീലന്മാരായ അധ്വര്യു മുതലായവർ അവിടുത്തെ ദേവന്മാർക്കു കൊടുക്കുമ്പോൾ, ആ സ്ഥാനത്തുനിന്നു് ആഹവനീയത്തിലേക്കുവിടുന്നു നയിക്കപ്പെടുന്നു.

4 ഏഷശൃങ്ഗാണിദോധുവ
ച്ഛിശീതേയൂഥ്യോഽ ഽവൃഷാ
നൃമ്ണാദധാനഓജസാ

അന്വയം:—

| | |
|---|---|
| ഓജസാ നൃമ്ണാ ദധാനഃ — | ബലേന നൃമ്ണാനി ധനാനി ധാരയൻ |
| ഏഷഃ ശൃങ്ഗാണി — | ശൃങ്ഗവദുന്നതാനംശൂനഭിഷവകാലേ |
| ദോധുവൽ — | ധുനോതി |
| യൂഥ്യഃ വൃഷാ ശിശീതേ — | യൂഥപതിർവൃഷഭോ യഥാ തീക്ഷ്ണേ ശൃങ്ഗേ ധുനോതി, തദ്വൽ |

അർത്ഥം—സ്വബലംകൊണ്ടു ധനങ്ങളേന്തുന്ന ഈ സോമൻ കൊമ്പുപോലെ ഉയൎന്നുനില്ക്കുന്ന അംശുക്കളെ (വല്ലീരൂപങ്ങളെ) സംസ്കരണവേളയിൽ, കാളക്കൂററൻ മൂച്ചയുള്ള കൊമ്പുകൾ ഇളക്കുന്നപോലെ, ഇളക്കുന്നു. (അതായത്തു് സോമവള്ളിയുടെ കമ്പുംപടപ്പും സംസ്കരണവേളയിൽ ഇളകുന്നു.)

5 ഏഷരുക്മിഭിരീയതേ
വാജീശുഭ്രേഭിരംശുഭിഃ
പതിസ്സിന്ധൂനാംഭവൻ

അന്വയം:—

| | |
|---|---|
| വാജീ — | വേഗവാൻ |
| രുക്മി-ഭിഃ, ശുഭ്രേഭിഃ | |
| അംശു-ഭിഃ — | തൈ്വിശിഷ്ടഃ |
| ഏഷഃ സിന്ധൂനാം | |
| പതിഃ ഭവൻ — | സോമസ്സ്യന്ദമാനാനാം രസാനാം പതിസ്സൻ |
| ഈയതേ — | ഗച്ഛതി |

അൎത്ഥം—വേഗവാനും, മിന്നുന്നവയും തിളങ്ങുന്നവയുമായ അംശുക്കളോട്ട് (വല്ലീരൂപങ്ങളോട്ട്) കൂടിയവനുമായ ഈ സോമൻ ഒഴുകുന്ന രസങ്ങൾക്ക് നാഥനായി ഗമിക്കുന്നു.

6 ഏഷവസൂനിപിബ്ദനാ

പരുഷായയിവാഁഅതി

അവശാദേഷുഗച്ഛതി

അന്വയം:—

ഏഷഃ വസൂനി പിബ്ദനാ— ആഹ്ലാദകാനി, പിബ്ദനാനി,
പീഡിതാനി രക്ഷാംസി
പരുഷാ അതി — പൎവ്വണാ അതിക്രമ്യ
യയി_വാൻ ശാദേഷു
അവ ഗച്ഛതി — ഗച്ഛൻ ശാതനീയേഷു
രക്ഷസ്സുഗച്ഛതി

അൎത്ഥം—സ്വയം മറയ്ക്കുന്ന, പീഡിപ്പിക്കപ്പെട്ട രക്ഷസ്സുകളെ മൎമ്മസന്ധിയിലതിക്രമിച്ച് ഈ സോമൻ എനിയും വീഴ്ത്തപ്പെടേണ്ട രക്ഷസ്സുകളിൽ എത്തുന്നു.

7 ഏതമ്മൃജന്തിമൎജ്യ

മുപദ്രോണേഷ്വായവഃ

പ്രചക്രാണംമഹീരിഷഃ

അന്വയം:—

മഹീഃ ഇഷഃ
പ്ര–ചക്രാണം — മഹാന്ത്യന്നാനികുൎവ്വാണം
ഏതം മർജ്യം ദ്രോണേഷു — മൎജ്ജനീയം സോമം
ദ്രോണകലശേഷു
ആയവഃ ഉപ മൃജന്തി — മനുഷ്യാഃ, ഋത്വിജോ
നിഷ്പീഡയന്തി

അൎത്ഥം—മഹത്തുക്കളായ അന്നങ്ങളെ ഉണ്ടാക്കുന്ന ഈ പരിചരണാൎഹനായ സോമനെ, ദ്രോണകലശങ്ങളിൽ മനുഷ്യരായ ഋത്വിക്കുകൾ ഇട്ടു ചതക്കുന്നു.

8 ഏതമുത്യന്ദശക്ഷിപോ
മൃജന്തിസപ്തധീതയഃ
സ്വായുധമ്മദിന്തമം
വ. 5

അന്വയം:—

സു-ആയുധം, മദിൻ--തമം — ശോഭനായുധം, മാദയിതൃതമം
ത്യം ഏതം ഉ — തമേതമേവ സോമം
ദശ ക്ഷിപഃ, സപ്ത ധീതയഃ മൃജന്തി — ദശാങ്ഗുലയഃ സപ്തർത്ത്വിജശ്ച പരിചരന്തി

അർത്ഥം—രക്ഷസ്സുകളെ ഹനിക്കാനുള്ള കഴിവുകൊണ്ട് നല്ല ആയുധങ്ങളോടുകൂടിയവനും ഏററവും ഹർഷിപ്പിക്കുന്നവനുമായ ആ സോമനെത്തന്നെ പത്തുവിരലുകളും ഏഴ് ഋതിക്കുകളും പരിചരിക്കുന്നു.

വർഗ്ഗം—6

1 പ്രതേസോതാരഓണ്യോ ʃ ʃ
രസംമദായഘൃഷ്വയേ
സർഗ്ഗോനതക്ത്യേതശഃ

അന്വയം:—

(ഹേ സോമ,) തേ
സോതാരഃ — അഭിഷവ കർത്താരഃ
ഓണ്യോഃ രസം — ദ്യാവാപൃഥിവ്യോ രസം, ഉദകമിവ
ഘൃഷ്വയേ മദായ പ്ര — ശത്രുധർഷണശീലായ ഇന്ദ്രസ്യ മദായ പ്രസ്രാവയന്തി
(അഭിഷവജനിതസ്സോമഃ)
സർഗ്ഗഃ ഏതശഃ ന — സൃഷ്ടോശ്വ ഇവ
തക്തി — പാത്രം പ്രതിഗച്ഛതി

അർത്ഥം—അല്ലയോ സോമ, സംസ്കരിക്കുന്നവർ, ദ്യാവാപൃഥിവികളുടെ രസമായ ജലത്തെപ്പോലെയാണ്, ശത്രുഹന്താവായ ഇന്ദ്രന്റെ ഹർഷത്തിന്നായി അവിടുത്തെ ഒഴുക്കുന്നത്. സംസ്കരണത്തിൽനിന്നുൽപന്നനായ സോമൻ, പുതിയ കുതിരപോലെ, പാത്രങ്ങളിലേക്കു ഗമിക്കുന്നു.

2 ക്രത്വാദക്ഷസ്യരഥ്യ
മപോവസാനമന്ധസാ
ഗോഷാമണ്വേഷുസശ്ചിമ

അന്വയം:–

(വയമഭിഷോതാരഃ)

ദക്ഷസ്യ — ബലസ്യ

രഥ്യം, അപഃ വസാനം — നേതാരം ഉദകാനി, രസാനാച്ഛാദയന്തം

അന്ധസാ — ശ്രയണാന്നേന സഹിതം

ഗോ_സാം — ഗവാം സോതാരം സോമം

ക്രത്വാ അണ്വേഷു

സശ്ചിമ — കർമ്മണാങ്ഗുലീഷു സംയോജയാമഃ

അർത്ഥം—സോമം സംസ്കരിക്കുന്ന നമ്മൾ ബലത്തിനു നേതാവും ജലങ്ങളെ, രസങ്ങളെ, മൂടുന്നവനും, കൂടിച്ചേരുന്ന അന്നമൊത്തവനും പശുവിൻപാൽ, തൈർ, നൈ എന്നിവയെ തന്നോടു ചേർത്തു സംസ്കരിക്കുന്നവനുമായ സോമനെ കർമ്മംകൊണ്ടു നാം വിരലുകളിൽ ചേർക്കുന്നു.

3 അനപ്തമപ്സുദുഷ്ടരം
സോമംപവിത്രആസൃജ
പുനീഹീന്ദ്രായപാതവേ

അന്വയം:—
(ഹേ അധ്വര്യോ,)
അനപ്തം — ശത്രുഭിരനാപ്തം
അപ്‌സു — ആന്തരിക്ഷ്യാ
സ്വപ്സുവർത്തമാനം
ദുസ്തരം — അന്യൈരനഭിഭാവ്യം
സോമഃ പവിത്രേ
ആ സൃജ — ദശാപവിത്രേ പ്രക്ഷിപ
ഇന്ദ്രായ പാതവേ
പുനീഹി — ഇന്ദ്രസ്യ പാതും സംസ്കുരു

അർത്ഥം—അല്ലയോ അധ്വര്യോ, ശത്രുക്കളാൽ എത്തപ്പെടാത്തവനും അന്തരിക്ഷഭവങ്ങളായ ജലങ്ങളിൽ വർത്തിക്കുന്നവനും ആരാലുമജയ്യനുമായ സോമനെ ദശാപവിത്രത്തിൽ വെയ്ക്കുക. ഇന്ദ്രനു കുടിക്കാനായി സംസ്കരിക്കുക.

4 പ്രപുനാനസ്യചേതസാ
സോമഃപവിത്രേഅർഷതി
ക്രത്വാസധസ്ഥമാസദൽ

അന്വയം:—
ചേതസാ പുനാനസ്യ — സ്തുത്യാ പൂയമാനസ്യാംശീഭൃതഃ
സോമഃ പവിത്രേ പ്ര
അർഷതി — ദശാപവിത്രേ പ്രഗച്ഛതി
(പശ്ചാൽ) ക്രത്വാ
സധ–സ്ഥം ആ അസദൽ — പ്രജ്ഞാനേന സഹസ്ഥാനം,
ദ്രോണകലശമാസീദതി

അർത്ഥം—സ്തുതികൊണ്ടു ശുദ്ധീകരിക്കപ്പെടുന്ന അംശമൊത്ത സോമൻ ദശാപവിത്രത്തിൽച്ചെല്ലുന്നു. പിന്നെ സ്വപ്രജ്ഞാനത്താൽ സ്വസ്ഥാനമായ ദ്രോണകലശത്തിൽ ചെന്നിരിക്കുന്നു.

5 പ്രത്വാനമോഭിരിന്ദവ
ഇന്ദ്രസോമാഅസൃക്ഷത
മഹേഭരായകാരിണഃ

അന്വയം:—

| | |
|---|---|
| ഹേ ഇന്ദ്ര, ത്വാ നമഃ_ഭിഃ | ത്വാം നമസ്കാരോപലക്ഷിതൈസ്സ്തോത്രൈഃ |
| കാരിണഃ ഇന്ദവഃ സോമാഃ | ബലകരണശീലാ ആർദ്രാസ്സോമാഃ |
| മഹേ ഭരായ പ്ര അസൃക്ഷത | മഹതേ സങ്ഗ്രാമായ പ്രാപ്നുവന്തി |

അർത്ഥം_അല്ലയോ ഇന്ദ്ര, നമസ്കാരസമേതങ്ങളായ സ്തോത്രങ്ങളോടുകൂടി ബലപ്രയോഗശീലങ്ങളും ആർദ്രങ്ങളുമായ സോമങ്ങൾ, മഹത്തായ യുദ്ധത്തിനുവേണ്ടി (യുദ്ധത്തിന്നവിടേക്കു് ഉത്സാഹമുയർത്താൻവേണ്ടി) അവിടുത്തെ പ്രാപിക്കുന്നു.

6 പുനാനോരൂപേഅവ്യയേ
വിശ്വാഅർഷന്നഭിശ്രിയഃ
ശൂരോനഗോഷുതിഷ്ഠതി

അന്വയം:—

| | |
|---|---|
| അവ്യയേ രൂപേ | അവിമയേ രൂപ്യമാണേ വസ്ത്രേ |
| പുനാനഃ | പൂയമാനസ്സോമഃ |
| വിശ്വാഃ ശ്രിയഃ അഭി അർഷൻ | സർവ്വാശ്ശോഭാ അഭിഗച്ഛൻ |
| ഗോഷു ശൂരഃ ന | ഗോനിമിത്താസു, സങ്ഗ്രാമേ ശൂരോ യഥാതിഷ്ഠതി തദ്വൽ |
| തിഷ്ഠതി | പാത്രേവർത്തതേ |

അർത്ഥം_ആട്ടിൻരോമമിയന്ന, അരിപ്പയുടെ ആകൃതി പൂണ്ട വസ്ത്രത്തിൽ ശുദ്ധീകരിക്കപ്പെടുന്ന സോമൻ എല്ലാം ശോഭ

കളെയും പ്രാപിച്ച്, പശുനിമിത്തമായുള്ള യുദ്ധങ്ങളിൽ ഒരു കരുത്തനുറച്ചുനിൽക്കുന്നപോലെ, പാത്രത്തിൽ വർത്തിക്കുന്നു.

7 ദിവോനസാനുപിപ്യുഷീ

ധാരാസുതസ്യവേധസഃ

വൃഥാപവിത്രേഅർഷതി

അന്വയം:—

| | |
|---|---|
| ദിവഃ ന | — ദ്യുലോകാൽ, അന്തരിക്ഷാദിവ |
| സാനു | — സമുച്ഛ്രിതമുദകം, തദധോ നിപതതി, തദ്വൽ |
| വേധസഃ സുതസ്യ | — വിധാതുഃ, ബലസ്യ കർത്തുഃ, അഭിഷുത സോമസ്യ |
| പിപ്യുഷീ ധാരാ | — ആപ്യായയന്തീ ധാരാ |
| വൃഥാ പവിത്രേ അർഷതി | — അനായാസേന ദശാപവിത്രേ ഗച്ഛതി |

അർത്ഥം—ദ്യോവിൽനിന്ന്, അന്തരിക്ഷത്തിൽനിന്ന്, ഉയരത്തിലുള്ള വെള്ളം (മഴ) താഴെവീഴുന്നപോലെ, ബലകരനും സംസ്കരിക്കപ്പെട്ടവനുമായ സോമന്റെ വർദ്ധിക്കുന്ന പ്രവാഹം അനായാസമായി ദശാപവിത്രത്തിലെത്തുന്നു.

8 ത്വംസോമവിപശ്ചിത

ന്തനാപുനാനആയുഷു

അവ്യോവാരംവിധാവസി വ. 6

അന്വയം:—

| | |
|---|---|
| ഹേ സോമ, ത്വം ആയുഷു | — മനുഷ്യേഷു മധ്യേ |
| വിപഃ-ചിതം | — വിദ്വാംസം സ്തോതാരം രക്ഷസി |
| തനാ പുനാനഃ | — വസ്ത്രേണ പൂയമാനസ്സൻ |
| അവ്യഃ വാരം വി ധാവസി | — അവേർവ്വാരം വിവിധം ഗച്ഛസി |

അൎത്ഥം—അല്ലയോ സോമ, മനുഷ്യൎക്കിടയിലവിടുന്നു് വിദ്വാനായ സ്തോതാവിനെ രക്ഷിക്കുന്നു. അരിപ്പശീലയാൽ സ്വയം ശുദ്ധിയേന്തുന്നവനായി, ആട്ടിൻരോമത്തെ പലപാടു പൂകുന്നു.

വൎഗ്ഗം—7

1 പ്രനിമ്നേനേവസിന്ധവോ
ഘ്നന്തോവൃത്രാണിഭൂൎണ്ണയഃ
സോമാഅസൃഗ്രമാശവഃ

അന്വയം:—

നിമ്നേന–ഇവ സിന്ധവഃ — നദ്യഃ പ്രവണേന ദേശേനേവ
വൃത്രാണി ഘ്നന്തഃ — ശത്രൂൻ ഹിംസന്തഃ
ഭൂൎണ്ണയഃ, ആശവഃ
സോമാഃ — ക്ഷിപ്രഗമനാഃ, വ്യാപ്താ സ്സോമാഃ
പ്ര അസൃഗ്രം — ദ്രോണകലശം പ്രതിഗച്ഛന്തി

അൎത്ഥം—നദികൾ കീഴ്പ്രദേശങ്ങളിലേയ്ക്കു് കുലംകുത്തി ഒഴുകുന്നപോലെ, ശത്രുക്കളെ കീഴമൎത്തിക്കൊണ്ടു്, ഗതീവേഗമിയന്നു വ്യാപിച്ച സോമങ്ങൾ ദ്രോണകലശത്തെ പ്രാപിക്കുന്നു.

2 അഭിസുവാനാസഇന്ദവോ
വൃഷ്ടയഃപൃഥിവീമിവ
ഇന്ദ്രംസോമാസോഅക്ഷരൻ

അന്വയം:—

സുവാനാസഃ ഇന്ദവഃ — സൂയമാനാ ദ്രവദ്രൂപാഃ
സോമാസഃ വൃഷ്ടയഃ
പൃഥിവീം–ഇവ — ഭൂമിമിവ
ഇന്ദ്രം അഭി അക്ഷരൻ — തം പ്രീണയിതുമഭിസ്രവന്തി

അർത്ഥം-സംസ്കരിക്കപ്പെടുന്ന നനവിയന്ന സോമങ്ങൾ, മഴകൾ ഭൂമിയെ എന്നപോലെ ഇന്ദ്രനെ സന്തോഷിപ്പിക്കാൻ നേരെ ഒഴുകുന്നു.

3 അത്യൂർമ്മിർമ്മഥ്സരോമദ

സ്സോമഃപവിത്രേഅഷ്തി

വിഘ്നന്രക്ഷാംസിദേവയുഃ

അന്വയം:—

അതി-ഊർമ്മിഃ — അതിപ്രവൃദ്ധാ ഊർമ്മയഃ
യസ്യ, സഃ
മഥ്സരഃ മദഃ സോമഃ — മദാത്മകസ്സോമഃ
രക്ഷാംസി വി-ഘ്നൻ — ഘാതയൻ
ദേവ-യുഃ പവിത്രേ
അഷ്തി — ദേവാൻ കാമയമാനസ്സൻ
ദശാപവിത്രേ ഗച്ഛതി

അർത്ഥം—വളർന്ന തിരമാലകളൊത്ത ഹർഷകരനായ സോമൻ രക്ഷസ്സുകളെ ഹനിച്ചുകൊണ്ട്, ദേവന്മാരെ ഇഷ്ടപ്പെടുന്നവനായി, ദശാപവിത്രത്തിലെത്തുന്നു.

4 ആകലശേഷുധാവതി

പവിത്രേപരിഷിച്യതേ

ഉക്ഥൈര്യജ്ഞേഷുവർദ്ധതേ

അന്വയം:—

(അയം സോമഃ)
കലശേഷു ആ ധാവതി — ശീഘ്രം ഗച്ഛതി
(തദർത്ഥം) പവിത്രേ
പരി സിച്യതേ — അധ്വര്യുഭിസ്സിക്തോഭവതി
യജ്ഞേഷു ഉക്ഥൈഃ
വർദ്ധതേ — പ്രവൃദ്ധോഭവതി

അർത്ഥം—ഈ സോമൻ കലശങ്ങളിൽ ഓടിയെത്തുന്നു. അതിന്നുവേണ്ടി അധ്വര്യുക്കളാൽ വെള്ളത്തിൽ കഴുകപ്പെടുന്നു. യജ്ഞങ്ങളിൽ ശസ്ത്രങ്ങളെക്കൊണ്ടു വർദ്ധിക്കുന്നു

5 അതിത്രീസോമരോചനാ
രോഹന്നഭ്രാജസേദിവം
ഇഷ്ണന്ത്സൂര്യന്നചോദയഃ

അന്വയം:—
ഹേ സോമ, (ത്വം) ത്രീ
രോചനാ — ത്രീണിരോചനാനി, ത്രീൻ ലോകാൻ
അതി രോഹൻ ന — അതിക്രമ്യഗച്ഛന്നിവ
(ഉപരിസ്ഥം) ദിവം
ഭ്രാജസേ — ദ്യുലോകം പ്രകാശയസി
(തഥാ) ഇഷ്ണൻ സൂര്യം ന
ചോദയഃ — ഗച്ഛൻ സൂര്യഞ്ച ചോദയസി (ന ശബ്ദശ്ചാർത്ഥേ)

അർത്ഥം—അല്ലയോ സോമ, അവിടുന്നു് മൂന്നുലോകങ്ങളെയുമതിക്രമിച്ചു ചെന്നിട്ടെന്നപോലെ മുകളിലുള്ള ദ്യുലോകത്തെ പ്രകാശിപ്പിക്കുന്നു. അതുപോലെ ചെന്നു് സൂര്യനെയും (പ്രകാശിക്കാൻ) പ്രേരിപ്പിക്കുന്നു.

6 അഭിവിപ്രാഅനൂഷത
മൂർദ്ധൻയജ്ഞസ്യകാരവഃ
ദധാനംശ്ചക്ഷസിപ്രിയം

അന്വയം:—
(ഹേ സോമ,) യജ്ഞസ്യ
മൂർദ്ധൻ — മൂർദ്ധനി, ശിരോവദുത്തമേഭിഷവ ദിവസേ
വിപ്രാഃ കാരവഃ — മേധാവിനഃ കർത്താരഃ

| | |
|---|---|
| ചക്ഷസി പ്രിയം | |
| ദധാനാഃ | — ദ്രഷ്ടരി പ്രിയം ധാരയന്തഃ |
| (ത്വാം) അഭി അനൂഷത | — അഭിസ്തുവന്തി |

അർത്ഥം—അല്ലയോ സോമ, യജ്ഞത്തിന്റെ തലപോലെയുള്ള ഉത്തമമായ സോമസംസ്കരണദിവസത്തിൽ, മേധാവികളായ കർത്താക്കൾ, യാഗാനുഷ്ഠാതാക്കൾ, കാണുന്നവനിൽ പ്രിയമിയററുന്നവരായി, അവിടുത്തെ നേരെ സ്തുതിക്കുന്നു.

7 തമൃത്വാവാജിനന്നരോ
ധീഭിർവ്വിപ്രാഅവസ്യവഃ
മൃജന്തിദേവതാതയേ

അന്വയം:—

| | |
|---|---|
| (ഹേ സോമ,) വാജിനം | |
| തം ഉ ത്വാ | — അന്നവന്തമേവ ത്വാം |
| നരഃ, വിപ്രാഃ, | |
| അവസ്യവഃ | — നേതാരഃ, മേധാവിനഃ<br>രക്ഷണേച്ഛവ ഋത്വിജഃ |
| ധീഭിഃ ദേവ_താതയേ | |
| മൃജന്തി | — സ്തുതിഭിര്യജ്ഞായ ശോധയന്തി |

അർത്ഥം—അല്ലയോ സോമ, അന്നവാനായ അവിടുത്തെത്തന്നെയാണ് കർമ്മനേതാക്കളും മേധാവികളും രക്ഷണമിച്ഛിക്കുന്നവരുമായ ഋത്വിക്കുകൾ യാഗത്തിന്നുവേണ്ടി ശുദ്ധീകരിക്കുന്നത്.

8 മധോർധാരാമനുക്ഷര
തീവ്രസ്സധസ്ഥമാസദഃ
ചാരുരൃതായപീതയേ വ. 7

അന്വയം:—
(ഹേ സോമ, ത്വം)
മധോഃ ധാരാം അനു ക്ഷര — മധുരരസസ്യധാരാമനുപ്രവഹ
ചാരുഃ ഋതായ പീതയേ — ചരണശീലസ്സൻ യജ്ഞാർത്ഥം ദേവാനാം പാനായ
തീവ്രഃ സധ—സ്ഥം ആ അസദഃ — തീവ്രരസസ്സൻ അഭിഷവ സ്ഥാനേ സീദ

അർത്ഥം—അല്ലയോ സോമ, അവിടുന്നു മധുരരസത്തിന്റെ ധാരയെ ഒഴുക്കിയാലും. ഒഴുകുന്നവനായി, യജ്ഞത്തിന്നു ദേവന്മാർക്കു കുടിയ്ക്കാൻ കടുത്ത രസമൊത്തു്, സംസ്കരണസ്ഥാനത്തിരുന്നാലും.

വർഗ്ഗം—8

1 പരിസുവാനോഗിരിഷ്ഠാഃ
പവിത്രേസോമോഅക്ഷാഃ
മദേഷുസർവ്വധാഅസി

അന്വയം:—
(അയം) സോമഃ പരി
സുവാനഃ — പരിതസ്സൂയമാനഃ
ഗിരി—സ്ഥാഃ — ഗിരിസ്ഥായീ, ഗ്രാവസു വർത്തമാനഃ
പവിത്രേ (പരി) അക്ഷാഃ — പരിക്ഷരതി
(അഥപ്രത്യക്ഷകൃതഃ
ഹേ സോമ, സത്വം)
മദേഷു — മാദകേഷു സോതൃഷു
സർവ്വ—ധാഃ അസി — സർവ്വസ്യധാതാ, ദാതാ ഭവസി

അർത്ഥം—ഈ സോമൻ മുററും സംസ്കരിക്കപ്പെടുന്നവനായി പിടിക്കല്ലുകളിൽ വർത്തിച്ചുകൊണ്ടു്, ദശാപവിത്രത്തിലേ

ല്ലൊഴുകുന്നു. (ഇനി നേരിട്ട്) അല്ലയോ സോമ, അപ്രകാരമുള്ള അവിടുന്ന് ഹർഷകരായ സംസ്കാർത്തക്കളിൽ എല്ലാമുണ്ടാക്കുന്നവനായി ഭവിക്കുന്നു.

2 ത്വംവിപ്ര॒സ്ത്വംക॒വി
ർമ്മധു॒പ്രജാ॒തമന്ധ॑സഃ
മദേ॑ഷുസർവ്വ॒ധാഅ॑സി

അന്വയം:–

| | |
|---|---|
| (ഹേ സോമ,) ത്വം | |
| വിപ്രഃ, ത്വം കവിഃ | — വിവിധം പ്രീണയിതാ,<br>മേധാവീ |
| (അതസ്ത്വം) അന്ധസഃ | |
| ജാതം മധു പ്ര | — അന്നാൽ, സോമാദുൽപന്നം<br>മധുരരസം പ്രയച്ഛസി |
| മദേഷു സർവ്വ–ധാഃ അസി | മാദകേഷു സോതൃഷു സർവ്വസ്യ<br>ധാതാ ഭവസി |

അർത്ഥം—അല്ലയോ സോമ, അവിടുന്നു പലപാടും പ്രീണിപ്പിക്കുന്നവനാണ്; അവിടുന്നു മേധാവിയാണ്. അക്കാരണത്താലവിടുന്ന് സോമാന്നത്തിൽ നിന്നുളവായ മധുരരസം കൊടുക്കുന്നു. ഹർഷകരായ സംസ്കർത്താക്കളിൽ എല്ലാമുണ്ടാക്കുന്നവനാകുന്നു.

3 തവ॒വിശ്വേ॑സ॒ജോഷ॑സോ
ദേ॒വാസഃ॑പീ॒തിമാ॑ശത
മദേ॑ഷുസർവ്വ॒ധാഅ॑സി

അന്വയം:—
(ഹേ സോമ,) തവ
പീതിം — പാനം
വിശ്വേ ദേവാസഃ
സ–ജോഷസഃ ആശത — സർവ്വേ ദേവാസ്സമാനപ്രീതയസ്സന്തഃ പ്രാപ്നുവൻ
മദേഷു സർവ്വ–ധാഃ അസി — മാദകേഷു സോതൃഷു സർവ്വസ്യ ധാതാ ഭവസി

അർത്ഥം—അല്ലയോ സോമ, അവിടത്തെ പാനത്തെ എല്ലാ ദേവന്മാരും ഒരേ പ്രീതിയുററവരായി പ്രാപിച്ചു. അവിടുന്നു് ഹർഷകരായ സംസ്കർത്താക്കളിലെല്ലാമുണ്ടാക്കുന്നവനാകുന്നു.

4 ആയോവിശ്വാനിവാര്യാ
വസൂനിഹസ്തയോർദ്ധേ
മദേഷുസർവ്വധാഅസി

അന്വയം:–
യഃ വിശ്വാനി വാര്യാ — സർവ്വാണി വരണീയാനി
വസൂനി ഹസ്തയോഃ ആ
ദധേ — ധനാനി സ്തോതൃഹസ്തയോഃ കരോതി, പ്രയച്ഛതി
(സത്വം) മദേഷു
സർവ്വ–ധാഃ അസി — മാദകേഷു സോതൃഷു സർവ്വസ്യ ധാതാ ഭവസി

അർത്ഥം—യാതൊരു സോമൻ എല്ലാ ശ്രേഷ്ഠധനങ്ങളും സ്തോതാവിന്റെ കൈകളിലുണ്ടാക്കുന്നുവോ, കൊടുക്കുന്നുവോ, ആ അവിടുന്നു ഹർഷകരായ സംസ്കർത്താക്കളിലെല്ലാമുണ്ടാക്കുന്നവനാകുന്നു.

5 യജ്ഞമേരോദസീമഹീ
സമ്മാതരേവദോഹതേ
മദേഷുസർവ്വധാഅസി

അന്വയം:–

യഃ ഇമേ മഹീ രോദസീ — മഹത്യൗ ദ്യാവാപൃഥിവ്യൗ
മാതരാ–ഇവ — യഥാദ്വേമാതരൗ ഏകോവത്സോ ദോഹതേ, തദ്വൽ
സം ദോഹതേ — ഉഭയോസ്സാരം പരിഗൃഹ്ണാതി
(സത്വം) മദേഷു
സർവ്വ–ധാഃ അസി — മാദകേഷു സോതൃഷു സർവ്വസ്യ ധാതാ ഭവസി

അർത്ഥം–യാതൊരു സോമൻ മഹതികളായ ഈ ദ്യാവാപൃഥിവികളെ രണ്ടു തള്ളപ്പശുക്കളെ, ഒരു കുട്ടി കുടിച്ചുചുരത്തിക്കുന്നപോലെ, രണ്ടിൻെറയും സാരം സ്വയം കറന്നെടുക്കുന്നുവോ അപ്രകാരമുള്ള അവിടുന്നു് ഹർഷകരായ സംസ്തുത്താക്കളിലെല്ലാമുണ്ടാക്കുന്നവനാകുന്നു.

6 പരിയോരോദസീഉഭേ
സദ്യോവാജേഭിരർഷതി
മദേഷ്വസർവ്വധാഅസി

അന്വയം:–

യഃ ഉഭേ രോദസീ — ദ്യാവാപൃഥിവ്യൗ
സദ്യഃ വാജേഭിഃ പരി
അർഷതി — തദാനീമേവാന്നൈഃ പരിഗച്ഛതി
(സോമാഹുത്യാ ദ്യാവാപൃഥിവ്യാവന്നവത്യൗ ഭവതഃ)
(സത്വം) മദേഷു
സർവ്വ–ധാഃ അസി — മാദകേഷു സോതൃഷു സർവ്വസ്യ ധാതാഭവസി

അർത്ഥം–യാതൊരു സോമൻ ഈ ദ്യാവാപൃഥിവികൾ രണ്ടുപേരെയും ഒപ്പം അന്നങ്ങളോടുകൂടി പ്രാപിക്കുന്നുവോ, (സോമാഹുതികൊണ്ടു് ദ്യാവാപൃഥിവികൾ അന്നവതികളാവുന്നു.) ആ അവിടുന്നു് ഹർഷകരായ സംസ്തുത്താക്കളിലെല്ലാമുണ്ടാക്കുന്നവനാകുന്നു.

7 സശുഷ്മീകലശേഷ്വാ

പുനാനോഅചിക്രദൽ

മദേഷുസർവ്വധാഅസി വ. 8

അന്വയം:—

(മഹാൻ) സഃ ശുഷ്മീ,
പുനാനഃ — ബലവാൻ, പൂയമാനസ്സൻ
കലശേഷു ആ
അചിക്രദൽ — ശബ്ദം കരോതി
(ഹേ സോമ, ത്വം)
മദേഷു സർവ്വ-ധാഃ അസി — മാദകേഷു സോതൃഷു സർവ്വസ്യ
ധാതാ ഭവസി

അർത്ഥം—മഹാനായ ആ സോമൻ ബലവാനും ശുദ്ധി പൂകുന്നവനുമായി, കലശങ്ങളിൽ ശബ്ദമുണ്ടാക്കുന്നു. അല്ലയോ സോമ, അവിടുന്ന് ഹർഷകരായ സംസ്കർത്താക്കളിൽ എല്ലാമുണ്ടാക്കുന്നവനാകുന്നു.

വർഗ്ഗം—9

1 യൽസോമചിത്രമുക്ഥ്യ

ന്ദിവ്യംപാർത്ഥിവംവസു

തന്നഃപുനാനആഭര

അന്വയം:—

ഹേ സോമ, യൽ ചിത്രം — ചായനീയം
ഉക്ഥ്യം, ദിവ്യം,
പാർത്ഥിവം, വസു — സ്തുത്യം, ദിവിഭവം, പൃഥിവീ
സംബദ്ധം ധനമസ്തി,
തൽ നഃ പുനാനഃ ആ ഭര — തദമസ്മഭ്യം പൂയമാനസ്സന്നാഹര

അർത്ഥം—അല്ലയോ സോമ, കാമ്യവും സ്തുത്യവും ദ്യോവിലുണ്ടായതും ഭുവിലുണ്ടായതുമായ യാതൊരു ധനമുണ്ടോ, അതു ഞങ്ങൾക്ക, ശുദ്ധി പൂകുന്നവനായി, കൊണ്ടുതന്നാലും.

2 യുവംഹിസ്ഥസ്വൎപ്പതീ
ഇന്ദ്രശ്ചസോമഗോപതീ
ഈശാനാപിപ്യതന്ധിയഃ

അന്വയം:—

| | |
|---|---|
| ഹേ സോമ, (ത്വം) ഇന്ദ്രഃ | |
| ച യുവം ഹി | — യുവാം ഖലു |
| സ്വഃ—പതീ സ്ഥഃ | — സ്വൎഗ്ഗസ്യപതീ ഭവഥഃ |
| (തഥാ) ഗോ—പതീ | — ഗവാം പാലകൌ |
| ഈശാനാ ധിയഃ | |
| പിപ്യതം | — ഈശ്വരൌ സന്തൌ<br>അസ്മദീയാനി കൎമ്മാണി<br>പ്യായയതം |

അൎത്ഥം—അല്ലയോ സോമ, അവിടുന്നും ഇന്ദ്രനും—നിങ്ങൾ തന്നെയാണല്ലോ സ്വൎഗ്ഗത്തിന്റെ നാഥന്മാരാകുന്നതു്. പശുപതികളാകുന്നതും. ഈശ്വരന്മാരായി ഞങ്ങളുടെ കൎമ്മങ്ങളെ വൎദ്ധിപ്പിച്ചാലും.

3 വൃഷാപുനാനആയുഷു
സ്തനയന്നധിബൎഹിഷി
ഹരിസ്സൻയോനിമാസദൽ

അന്വയം:—

| | |
|---|---|
| വൃഷാ, ആയുഷു പുനാനഃ | — കാമാനാം വൎഷിതാ,<br>മനുഷ്യേഷു, അധ്വൎയ്യ്വാദിഷു<br>പൂയമാനസ്സൻ |
| സ്തനയൻ അധി | |
| ബൎഹിഷി | — ശബ്ദങ്കുൎവ്വന്നാസ്തീൎണ്ണേ ദൎഭേ |
| ഹരിഃ സൻ | — ഹരിതവൎണ്ണസ്സൻ |
| യോനിം ആ അസദൽ | — സ്ഥാനമാസീദതി |

അൎത്ഥം—കാമവൎഷകനും അധ്വൎയ്യു മുതലായവരിൽ ശുദ്ധി പൂകുന്നവനും ശബ്ദിക്കുന്നവനുമായ സോമൻ വിരിച്ച ദൎഭയിൽ പച്ചനിറമുററവനായി സ്ഥാനത്തിരിക്കുന്നു.

4 അവാവശന്തധീതയോ

വൃഷഭസ്യാധിരേതസി

സൂനോൎവ്വത്സസ്യമാതരഃ

അന്വയം:—

ധീതയഃ — ധീയമാനാഃ, സോമാഖ്യേന വത്സേനപീയമാനാ വസതീവര്യഃ

അധി രേതസി — സ്വകീയേസാരേ

വൃഷഭസ്യ അവാവശന്ത — വൎഷകസ്യ സോമസ്യ, സോമം പുനഃ കാമയന്തേ (സോമമാപ്യായയിത്തും കാമയന്തേ)

സൂനോഃ വത്സസ്യ — സ്വപുത്രസ്ഥാനീയസ്യ സോമസ്യ

മാതരഃ — നിൎമ്മാത്ര്യഃ, പ്രവൃദ്ധകാമാ മാതൃസ്ഥാനീയാഅവാവശന്ത

അൎത്ഥം—സോമനെന്ന കുട്ടിയാൽ കുടിക്കപ്പെടുന്ന (തള്ളയുടെ സ്ഥാനത്തുള്ള) വസതീവരികളെന്ന മന്ത്രപൂതജലങ്ങൾ ഊറിയ സ്വന്തം ജലത്തിൽ കാമവൎഷകനായ സോമനെ വളൎത്താൻ കാമിക്കുന്നു. സ്വപുത്രസ്ഥാനത്തുള്ള കുട്ടിയായ സോമനെ അമ്മയുടെ സ്ഥാനത്തുള്ള വസതീവരികൾ വീണ്ടുംവീണ്ടും കാമിക്കുന്നു.

5 കവിദ്വൃഷണ്യന്തീഭ്യഃ

പുനാനോഗൎഭമാദധൽ

യാംശ്ശുക്രന്ദുഹതേപയഃ

അന്വയം:-

| | |
|---|---|
| യാഃ ശുക്രം പയഃ ദുഹതേ | — യാ ആപഃ ദീപ്തം പയഃ ക്ഷരന്തേ |
| വൃഷണ്യന്തീഭ്യഃ | — വൃഷണം, സോമമാത്മന ഇച്ഛന്തീഭ്യോ വസതീവരീഭ്യഃ |
| പുനാനഃ | — പൂയമാനഃ, മിശ്രയമാണഃ |
| ഗർഭം കവിൽ ആ-ദധൽ | — ഗർഭസ്ഥാനീയം രസം ബഹു, പ്രഭൃതം കരോതി |

അർത്ഥം-ജലങ്ങളേവ, നിർമ്മലമായ പാൽ ചുരത്തുന്നവോ, വർഷിതാവായ സോമനെ സ്വയമിച്ഛിക്കുന്ന ആ വസതീവരികളെന്ന മന്ത്രപൂതജലങ്ങൾക്കുവേണ്ടി, സോമൻ അവയോടു ചേരുന്നവനായി, ഗർഭത്തിന്റെ സ്ഥാനത്തുള്ള രസത്തെ പലവട്ടമുണ്ടാക്കുന്നു.

6 ഉപശിക്ഷാപതസ്ഥുഷോ

ഭിയസമാധേഹിശത്രുഷു

പവമാനവിദാരയിം

അന്വയം:-

ഹേ പവമാന,

| | |
|---|---|
| അപ-തസ്ഥുഷഃ | — അപക്രമ്യസ്ഥിതാനസ്മൽ കാമാൻ |
| ഉപ ശിക്ഷ | — ത്വമസ്മൽ സമീപേ കുരു |
| ശത്രുഷു ഭിയസം ആ ധേഹി | — അസ്മദ്വിരോധിഷു ഭയംകുരു, ജനയ |
| (തേഷാം) രയിം വിദാഃ | — ധനമസ്മാകം വിന്ദസി |

അർത്ഥം-അല്ലയോ ശുദ്ധികരനായ സോമ, വിട്ടുമാറി നിൽക്കുന്ന ഞങ്ങളുടെ അഭീഷ്ടങ്ങളെ അവിടുന്ന് അടുപ്പിച്ചാലും. ഞങ്ങളുടെ വിരോധികളിൽ ഭയമുളവാക്കിയാലും. അവരുടെ ധനം ഞങ്ങൾക്കായവിടുന്നു നേടുന്നു.

7 നിശത്രോസ്സോമവൃഷ്ണ്യ
ന്നിശുഷ്മന്നിവയസ്തിര
ദൂരേവാസതോഅന്തിവാ വ. 9

അന്വയം:–
ഹേ സോമ, ദൂരേ വാ
സതഃ — അസ്മത്തോദൂരേ വർത്തമാനസ്യ
അന്തി വാ — അന്തികേവാ വർത്തമാനസ്യ
ശത്രോഃ വൃഷ്ണ്യം നി തിര — ബലം നാശയ
ശുഷ്മം നി — ശോഷകം തേജോനിതര
വയഃ നി — അന്നഞ്ചനിതര

അർത്ഥം–അല്ലയോ സോമ, അകലെയുള്ളവനോ, അരികത്തുള്ളവനോ ആയ ശത്രുവിൻെറ ബലം നശിപ്പിച്ചാലും. ശോഷിപ്പിക്കുന്ന തേജസ്സു നശിപ്പിച്ചാലും. അന്നം നശിപ്പിച്ചാലും.

വർഗ്ഗം–10

1 പ്രകവിർദ്ദേവവീത
യേവ്യോവാരേഭിരർഷതി
സാഹ്വാൻവിശ്വാഅഭിസ്പൃധഃ

അന്വയം:–
കവിഃ ദേവ–വീതയേ — മേധാവീസോമോദേവാനാം പാനായ
അവ്യഃ വാരേഭിഃ — അവേർവ്വാരൈഃ, ദശാപവിത്രേണ
പ്ര അർഷതി — പ്രകർഷേണ ഗച്ഛതി
സഹ്വാൻ — ശത്രൂണാം സോഢാസഃ
വിശ്വാഃ സ്പൃധഃ അഭി — സർവ്വാൻ ഹിംസകാനഭിഭവതി

അർത്ഥം—മേധാവിയായ സോമൻ ദേവന്മാക്കു പാനത്തിന്നായി ആട്ടിൻരോമങ്ങളിലൂടെ, ദശാപവിത്രത്തിലൂടെ കടന്നു വരുന്നു. ശത്രുക്കളെ കൂസാത്ത അവിടുന്നു് സ്പർദ്ധിക്കുന്നവരെ കീഴടക്കുന്നു.

2 സഹിഷ്മാജരിതൃഭ്യആ

വാജങ്ഗോമന്തമിന്വതി

പവമാനസ്സഹസ്രിണം

അന്വയം:—

| | |
|---|---|
| സഃ ഹി സ്മ പവമാനഃ | — സഖലു സോമഃ |
| ജരിതൃ—ഭ്യഃ, ഗോ—മന്തം | — സ്തോതൃഭ്യഃ, ഗോഭിര്യുക്തം |
| സഹസ്രിണം വാജം ആ | |
| ഇന്വതി | — സഹസ്രസംഖ്യാകമന്നമഭിമുഖം വ്യാപ്നോതി, പ്രയച്ഛതി |

അർത്ഥം—ആ സോമനുണ്ടല്ലോ അവിടുന്നു് സ്തോതാക്കൾക്കു പശുക്കളോടുകൂടിയതും ആയിരക്കണക്കിലുള്ളതുമായ അന്നം നേരെ എത്തിക്കുന്നു, കൊടുക്കുന്നു.

3 പരിവിശ്വാനിചേതസാ

മൃശസേപവസേമതീ

സനസ്സോമശ്രവോവിദഃ

അന്വയം:—

| | |
|---|---|
| ഹേ സോമ, (ത്വം) | |
| ചേതസാ | — അസ്മദനുകൂലേന ചിത്തേന |
| വിശ്വാനി പരി, മൃശസേ | — സർവ്വാണി ധനാനി പ്രയച്ഛസി |
| മതീ പവസേ | — അസ്മൽസ്തുത്യാക്ഷരസേ |
| സഃ (ത്വം) നഃ ശ്രവഃ | |
| വിദഃ | — അസ്മഭ്യമന്നന്ദേഹി |

അർത്ഥം—അല്ലയോ സോമ, അവിടുന്നു് ഞങ്ങൾക്കനുകൂലമായ മനസ്സോടുകൂടി എല്ലാം ധനങ്ങളും തന്നരുളുന്നു. ഞങ്ങളുടെ

സ്തുതികൊണ്ടൊഴുകുന്നു. അപ്രകാരമുള്ള അവിടുന്നു ഞങ്ങൾക്കന്നം തന്നരുളിയാലും.

4 അഭ്യഷ്ബൃഹദ്യശോ

മഘവദ്ഭ്യോധ്രുവംരയിം.

ഇഷംസ്തോതൃഭ്യആഭര

അന്വയം:—

(ഹേ സോമ,) ബൃഹൽ
യശഃ — മഹതീം കീർത്തിം
അഭി അഷ് — അസ്മഭ്യമഭിഗമയ
മഘവൽ–ഭ്യഃ — ഹവിഷ്മദ്ഭ്യോസ്മഭ്യം
ധ്രുവം രയിം — അച്യുതിമദ്ധനമഭ്യഷ്
സ്തോതൃ–ഭ്യഃ ഇഷം ആ ഭര — അസ്മഭ്യമന്നമാഹര

അർത്ഥം–അല്ലയോ സോമ, ഞങ്ങൾക്ക പെരിയ യശസ്സുണ്ടാക്കിയാലും. ഹവിസ്സേന്തിയ ഞങ്ങൾക്ക് നാശമില്ലാത്ത ധനം (ആത്മജ്ഞാനം) ഉണ്ടാക്കിയാലും. സ്തോതാക്കളായ ഞങ്ങൾക്കന്നം കൊണ്ടുതന്നാലും.

5 ത്വംരാജേവസുവ്രതോ

ഗിരസ്സോമാവിവേശിഥ

പുനാനോവഹ്നേഅദ്ഭുത

അന്വയം:—

ഹേ വഹ്നേ, അദ്ഭുത,
സോമ, — വോഢഃ, മഹൻ, സോമ,
സു–വ്രതഃ, പുനാനഃ ത്വം — സുകർമ്മാ, പൂയമാനസ്ത്വം
രാജാ–ഇവ ഗിരഃ — അസ്മദീയാ സ്തുതീഃ
ആ വിവേശിഥ — ആവിശസി

അർത്ഥം—യജ്ഞവാഹകനും മഹാനുമായ സോമ, സുകർമ്മവാനും ശുദ്ധി പൂകുന്നവനുമായ അവിടുന്ന്, രാജാവ് വന്ദികളുടെ സ്തുതികളെ എന്നപോലെ, ഞങ്ങളുടെ സ്തോത്രങ്ങളെ അണയുന്നു.

6 സവഹ്നിരപ്‌സുദുഷ്ടരോ
മൃജ്യമാനോഗഭസ്ത്യോഃ
സോമശ്ചമൂഷുസീദതി

അന്വയം:–

സഃ സോമഃ വഹ്നിഃ — യജ്ഞാദേർവ്വോഢാ
അപ്‌_സു ദുസ്തരഃ — അന്തരിക്ഷേ വർത്തമാനഃ,
അന്യൈസ്തരിതുമശക്യഃ
ഗഭസ്ത്യോഃ മൃജ്യമാനഃ — ഹസ്തയോശ്ശോധ്യമാനസ്സൻ
ചമൂഷു സീദതി — പാത്രേഷു വർത്തതേ

അർത്ഥം–ആ സോമൻ യജ്ഞാദി കർമ്മങ്ങളെ വഹിക്കുന്നവനാകുന്നു. അന്തരിക്ഷത്തിൽ വർത്തിക്കുന്നവനാകുന്നു. അന്യന്മാരാലതിക്രമിക്കപ്പെടാൻ വയ്യാത്തവനാകുന്നു. ഋത്വിക്കുകളുടെ കൈകളാൽ ശുദ്ധീകരിക്കപ്പെടുന്നവനായി പാത്രങ്ങളിൽ ചെന്നിരിക്കുന്നു.

7 ക്രീളന്മഖോനമംഹയുഃ
പവിത്രംസോമഗച്ഛസി
ദധൽസ്തോത്രേസുവീര്യം വ. 10

അന്വയം:–

ഹേ സോമ, ക്രീളുഃ — ക്രീഡനശീലസ്ത്വം
മഖഃ ന മംഹയുഃ — യജ്ഞമിവ ദാനേച്ഛുഃ
സ്തോത്രേ സു–വീര്യം
ദധൽ — സ്തുതികർത്ത്ര ശോഭനവീര്യം
പ്രയച്ഛൻ
പവിത്രം ഗച്ഛസി — ദശാപവിത്രം പ്രാപ്നോഷി

അർത്ഥം–അല്ലയോ സോമ, ക്രീഡാശീലനായ അവിടുന്നു് യജ്ഞമെന്നപോലെ ദാനമിച്ഛിക്കുന്നവനായി, സ്തോതാവിന്നു ശോഭനവീര്യമേകിക്കൊണ്ടു്, ദശാപവിത്രത്തെ പ്രാപിക്കുന്നു.

വർഗ്ഗം–11

1 ഏതേധാവന്തീന്ദവ
സ്സോമാഇന്ദ്രായഘൃഷ്വയഃ
മത്സരാസസ്സ്വർവ്വിദഃ

അന്വയം:–

| | |
|---|---|
| ഇന്ദവഃ, ഘൃഷ്വയഃ | — ക്ലേദയിതാരഃ, ഘർഷണശീലാഃ |
| മത്സരാസഃ, സ്വഃ– വിദഃ | — മാദയിതാരഃ, സ്വർഗ്ഗസ്യ ലംഭയിതാരഃ |
| ഏതേ സോമാഃ ഇന്ദ്രായ ധാവന്തി | — ഗച്ഛന്തി |

അർത്ഥം–നനവിയററുന്നവയും കലുങ്ങിപ്പുളയ്ക്കുന്നവയും ഹർഷം വളർത്തുന്നവയും സ്വർഗ്ഗം നേടുന്നവയുമായ ഈ സോമങ്ങൾ ഇന്ദ്രന്നായിക്കൊണ്ടാണൊഴുകിപ്പോകുന്നതു്.

2 പ്രവൃണ്വന്തോഅഭിയുജ
സ്സുഷ്വയേവരിവോവിദഃ
സ്വയംസ്തോത്രേവയസ്കൃതഃ

അന്വയം:–

| | |
|---|---|
| പ്ര–വൃണ്വന്തഃ | — സുവാനം പ്രകർഷേണ സംഭജന്തഃ |
| (തഥാ) അഭി_യുജഃ | — അഭിയോജയിതാരഃ |
| സുസ്വയേ വരിവഃ-വിദഃ | — സുഷ്വാഭിഷവകർത്രേ ധനസ്യ ലംഭയിതാരഃ |
| സ്വയം സ്തോത്രേ വയഃ– കൃതഃ | — അന്നസ്യ കർത്താരഃ ഇന്ദ്രായ ധാവന്തി |

അർത്ഥം—സംസ്കരിക്കുന്നവനെ വേണ്ടപോലെ പ്രാപിക്കുന്നവയും കൂടിച്ചേരുന്നവയും സംസ്കരിക്കുന്നവനു നന്നായി ധനം നേടിക്കൊടുക്കുന്നവയും സംസ്കർത്താവിന്നു് സ്വയം ധനമുണ്ടാക്കുന്നവയുമായ ഈ സോമങ്ങൾ ഇന്ദ്രന്നായിക്കൊണ്ടാണൊഴുകിപ്പോകുന്നതു്.

3 വൃഥാക്രീളന്തഇന്ദവ

സ്സധസ്ഥമഭ്യേകമിൽ

സിന്ധോരൂർമ്മാവ്യക്ഷരൻ

അന്വയം:—

| | |
|---|---|
| വൃഥാ ക്രീളന്തഃ ഇന്ദവഃ | — അനായാസേന ക്രീഡന്തസ്സോമാഃ |
| സീന്ധോഃ ഊർമ്മാ വി അക്ഷരൻ | — വസതീവരീഷ്വവ്യക്ഷരൻ |
| ഏകം ഇൽ സധ_സ്ഥം അഭി | — ഏകമേവ സഹസ്ഥാനം, ദ്രോണകലശമഭ്യക്ഷരൻ |

അർത്ഥം—അനായാസമായി ക്രീഡിക്കുന്ന സോമങ്ങൾ വസതീവരികളെന്ന മന്ത്രപൂതജലങ്ങളിൽ സ്വയമൊഴുകി, ഒരേ സ്ഥാനത്തു്, ദ്രോണകലശത്തിൽ, ചെന്നെത്തി.

4 ഏതേവിശ്വാനിവാര്യാ

പവമാനാസആശത

ഹിതാനസപ്തയോരഥേ

അന്വയം:—

| | |
|---|---|
| ഏതേ പവമാനാസഃ | — പൂയമാനാസ്സോമാഃ |
| രഥേ ഹിതാഃ ന സപ്തയഃ | — രഥേയുക്താ അശ്വാ യഥാഭിമതദേശം പ്രാപയന്തി, തദ്വൽ |
| വിശ്വാനി വാര്യാ | — സർവ്വാണി വരണീയാനി ധനാനി |
| ആശത | — വ്യാപ്നുവൻ, അസ്മാകം പ്രായച്ഛൻ |

അർത്ഥം—ശുദ്ധിപൂകുന്ന ഈ സോമങ്ങൾ, തേരിൽ പൂട്ടിയ കുതിരകൾ എത്തേണ്ടിടത്തെത്തിക്കുന്നപോലെ, എല്ലാ ശ്രേഷ്ഠ ധനങ്ങളെയും നമുക്കെത്തിച്ചുതന്നിരിക്കുന്നു.

5 ആസ്മിൻപിശങ്ഗമിന്ദവോ

ദധാതാവേനമാദിശേ

യോഅസ്മഭ്യമരാവാ

അന്വയം:—

ഹേ ഇന്ദവഃ, അസ്മിൻ — സോമാഃ, അസ്മിൻ യജമാനേ
പിശങ്ഗം വേനം
ആ-ദിശേ — നാനാരൂപം കാമമസ്മഭ്യ മാദേശനായ
ആ ദധാത — ആയച്ഛത
യഃ അസ്മഭ്യം അരാവാ — യഃ യജമാനഃ ഋത്വിഗ്ഭ്യോസ്മ-ഭ്യം പ്രാപ്തകാമ ഏവ പ്രയച്ഛതി

അർത്ഥം—അല്ലയോ സോമങ്ങളേ, ഈ യജമാനങ്കൽ നാനാരൂപമായ കാമം, അഭീഷ്ടം ഞങ്ങൾക്കുവേണ്ടി പകരാനുദ്ദേശിച്ചുണച്ചാലും. യജമാനൻ അഭീഷ്ടസിദ്ധനായാൽമാത്രമേ ഋത്വിക്കുകളായ ഞങ്ങൾക്കു് (ദക്ഷിണ) തരുകയുള്ളൂ.

6 ഋഭുർന്നരഥ്യന്നവ

ന്ദധാതാകേതമാദിശേ

ശുക്രാഃപവധ്വമർണ്ണസാ

അന്വയം:—

ഋഭുഃ ന — ഉരുഭാസമാനോരഥസ്വാമീവ
(സയഥാ) രഥ്യം നവം — രഥസ്യനേതാരം, സ്തുത്യം, കുശലം സാരഥിനം അഗ്ര ആധത്തേ, തദ്വദസ്മദീയേസ്മിൻ
ആ-ദിശേ കേതം ദധാത — സ്വാമിനി പ്രജ്ഞാനം സ്ഥാപയത
അർണ്ണസാ ശുക്രാഃ പവധ്വം — ഉദകേന ദീപ്താസ്സന്തഃ ക്ഷരധ്വം

അൎത്ഥം—ശോഭമാനനായ തേരുടമ സമൎത്ഥനായ തേരാളിയെ മുമ്പിലിരുത്തുന്നപോലെ, ഞങ്ങളുടെ ഈ സ്വാമിയിൽ, യജമാനനിൽ (നല്ല ദക്ഷിണകൊടുക്കേണ്ടും) ബോധമുണ്ടാക്കിയാലും. വെള്ളംകൊണ്ടു തെളിഞ്ഞൊഴുകിയാലും.

7 ഏതഉത്യേഅവീവശൻ

കാഷ്ഠാംവാജിനോഅക്രത

സതഃപ്രാസാവിഷുൎമ്മതിം

വ. 11

അന്വയം:—

| | |
|---|---|
| ത്യേ ഏതേ ഉ | — തേ ഏത ഏവ സോമാഃ |
| അവീവശൻ | — യജ്ഞം കാമയന്തേ |
| (കാന്ത്വാ ച) വാജിനഃ | — ബലവന്തസ്തേ സോമാഃ |
| കാഷ്ഠാം അക്രത | — ദ്രോണകലശാദുദ്ഗതാൻ<br>ഗൃഹാൻ നിവാസസ്ഥാനം<br>കുൎവ്വൻ |
| സതഃ മതിം പ്ര<br>അസാവിഷുഃ | — യജമാനസ്യ ബുദ്ധിം<br>പ്രൈരയൻ |

അൎത്ഥം—മുൻപറഞ്ഞ ഈ സോമങ്ങൾതന്നെ യജ്ഞത്തെ കാമിക്കുന്നു. കാമിച്ചിട്ടു്, ബലമുററ ആ സോമങ്ങൾ ദ്രോണകലശംവിട്ടു് മരംകൊണ്ടുള്ള പാത്രങ്ങളെ (കുണ്ടന്മരികകളെ) ഇരിപ്പിടമാക്കി യജമാനൻെറ ബുദ്ധിയെ വേണ്ടപോലെ പ്രേരിപ്പിച്ചിരിക്കുന്നു.

വൎഗ്ഗം–12

1 ഏതേസോമാസആശവോ

രഥാഇവപ്രവാജിനഃ

സൎഗ്ഗാസ്സൃഷ്ടാഅഹേഷത

അന്വയം:—

ഏതേ സോമാസഃ — സോമാഃ
രഥാഃ-ഇവ — ആജൌ ശീഘ്രരഥാ ഇവ
സൎഗ്ഗാഃ വാജിനഃ (ഇവ) — വിസൃഷ്ടാവേജനവന്തോശ്വാ ഇവ
(അധ്വര്യുണാ) സൃഷ്ടാഃ
ആശവഃ — ദശാപവിത്രാദധോഗമനേ ശീഘ്രാഃ
പ്ര അഹേഷത — പ്രഹേഷന്തേ

അൎത്ഥം—ഈ സോമങ്ങൾ യുദ്ധത്തിലോടുന്ന തേരുകൾ പോലെയും കെട്ടഴിച്ചുവിട്ട വേഗവത്തുക്കളായ കുതിരകൾ പോലെയും അധ്വര്യുവിനാൽ വിടപ്പെട്ട്, ദശാപവിത്രത്തിൽ നിന്ന് ഗതിവേഗത്തോടെ കീഴോട്ടുവന്നുകൊണ്ട് ശബ്ദം പുറപ്പെടുവിക്കുന്നു.

2 ഏതേവാതാഇവോരവഃ
പൎജ്ജന്യസ്യേവവൃഷ്ടയഃ
അഗ്നേരിവഭ്രമാവൃഥാ

അന്വയം:—

ഏതേ ഉരവഃ — സോമാഃ മഹാന്തഃ
വാതാഃ—ഇവ വൃഥാ — വായവ ഇവാനായാസേന
(തഥാ) പൎജ്ജന്യസ്യ—
ഇവ വൃഷ്ടയഃ — വൎഷായഥാ തഥാ
(കിഞ്ച) അഗ്നേഃ—ഇവ
ഭ്രമാഃ — ഭ്രമണാ ജ്വാലാസഞ്ചാരാ ഇവ ച നിസ്സരന്തി

അൎത്ഥം—ഈ സോമങ്ങൾ അനായാസമായി വായുക്കൾ പോലെയും മേഘത്തിന്റെ വൎഷങ്ങൾ പോലെയും അഗ്നിയുടെ ജ്വാലാസഞ്ചാരങ്ങൾ പോലെയും പുറത്തുവരുന്നു.

3 ഏതേപൂതാവിപശ്ചിത
സ്സോമാസോദധ്യാശിരഃ
വിപാവ്യാനശുർധിയഃ

അന്വയം:—

പൂതാഃ വിപഃ-ചിതഃ — ശുദ്ധാഃ, പ്രാജ്ഞാഃ
ദധി—ആശിരഃ — ദധ്യാശ്രയണാഃ
ഏതേ സോമാസഃ — സോമാഃ
വിപാ ധിയഃ വി
ആനശുഃ — പ്രജ്ഞാനേനാസ്മദീയാനി കൎമ്മാണി വ്യാപ്നുവന്തി

അൎത്ഥം—ശുദ്ധങ്ങളും ജ്ഞാനമുൾക്കൊണ്ടവയും തൈർ ചേൎന്നവയുമായ ഈ സോമങ്ങൾ പ്രബോധത്തോടുകൂടി നമ്മുടെ കൎമ്മങ്ങളെ വ്യാപിക്കുന്നു.

4 ഏതേമൃഷ്ടാഅമൎത്ത്യാ
സ്സസൃവാംസോനശശ്രമുഃ
ഇയക്ഷന്തഃപഥോരജഃ

അന്വയം:—

മൃഷ്ടാഃ — ദശാപവിത്രേണ ശോധിതാഃ
അമൎത്ത്യാഃ,
സസൃ—വാംസഃ — മരണധൎമ്മരഹിതാഃ ഹവിൎദ്ധാനാൽ സരന്തഃ
പഥഃ രജഃ ഇയക്ഷന്തഃ — മാൎഗ്ഗാൻ ലോകാംശ്ച ഗന്തുമിച്ഛന്തഃ
ഏതേ ന ശശ്രമുഃ — സോമാനശ്രാമ്യന്തി

അൎത്ഥം—ദശാപവിത്രത്താൽ ശുദ്ധീകരിക്കപ്പെട്ടവയും നാശമില്ലാത്തവയും ഹവിസ്ഥാനത്തുനിന്നു പുറപ്പെട്ടു വരുന്നവയും മാൎഗ്ഗങ്ങളിലും ലോകങ്ങളിലും സഞ്ചരിക്കാനിഷ്ടപ്പെടുന്നവയുമായ ഈ സോമങ്ങൾ ഒരിക്കലും ക്ഷീണിക്കുന്നില്ല;

5 ഏതേപൃഷ്ഠാനിരോദസോ

ർവ്വിപ്രായന്തോവ്യാനശുഃ

ഉതേദമുത്തമംരജഃ

അന്വയം:–

ഏതേ രോദസോഃ — സോമാരോദസ്യോഃ, ദ്യാവാപൃഥിവ്യോഃ

പൃഷ്ഠാനി വി–പ്രയന്തഃ — വിവിധം ഗച്ഛന്തഃ

വി ആനശുഃ — വ്യാപ്നുവന്തി

ഉത ഇദം ഉൽ–തമം രജഃ — ഉത്തമം ലോകം, ദ്യുലോകം വ്യാപ്നുവന്തി, (ആഹുതി ദ്വാരേണ)

അർത്ഥം–ഈ സോമങ്ങൾ ദ്യാവാപൃഥിവികളുടെ മുതുകുകളിൽ പലപാട് ഗമിച്ചുകൊണ്ടാണെങ്ങും വ്യാപിക്കുന്നത്. ഹോമിക്കൽ വഴിക്കാണ് ഉൽകൃഷ്ടമായ ദ്യുലോകത്തിലെത്തുന്നത്.

6 തന്തുന്തന്വാനമുത്തമ

മനുപ്രവതആശത

ഉതേദമുത്തമായ്യം

അന്വയം:–

തന്തും തന്വാനം ഉൽ–തമം — യജ്ഞം കല്യാണമുൽകൃഷ്ടം സോമം

പ്ര–വതഃ അനു ആശത — നദ്യഃ അനുപ്രാപ്നുവൻ

ഉത ഇദം — കർമ്മ, അനേന സോമേന

ഉത്തമായ്യം — ഉത്തമീകൃതം

അർത്ഥം–യജ്ഞമനുഷ്ഠിക്കുന്ന ഉൽകൃഷ്ടസോമനെ നദികൾ ക്രമേണ പ്രാപിച്ചു. പിന്നെ, ഈ കർമ്മം, യജ്ഞം, ഈ സോമനാൽ ഉത്തമമാക്കപ്പെട്ടു.

7 ത്വംസോമപണിഭ്യആ
വസുഗവ്യാനിധാരയഃ
തതന്തന്തുമചിക്രദഃ
വ.12

അന്വയം:—

| | |
|---|---|
| ഹേ സോമ, ത്വം | |
| പണി-ഭ്യഃ | — അസുരേഭ്യസ്സകാശാൽ |
| ഗവ്യാനി വസു | — ഗോയൂഥാനി വസൂനി ച |
| ആ ധാരയഃ | — ആഹൃത്യ ധാരയസി |
| (തഥാ) തന്തും തതം | — യജ്ഞം പ്രതിവിസ്തൃതം യഥാതഥാ |
| അചിക്രദഃ | — ശബ്ദമകാർഷീഃ |

അർത്ഥം—അല്ലയോ സോമ, അസുരന്മാരിൽനിന്നവിടുന്ന് പശുക്കൂട്ടങ്ങളെയും ധനങ്ങളെയും പിടിച്ചുപററി ധരിക്കുന്നു. അതുപോലെ യാഗത്തെ ഉദ്ദേശിച്ച് പടന്ന മട്ടിൽ ശബ്ദമുണ്ടാക്കിയിരിക്കുന്നു.

വർഗ്ഗം–13

1 സോമാഅസൃഗ്രമാശവോ
മധോർമ്മദസ്യധാരയാ
അഭിവിശ്വാനികാവ്യാ

അന്വയം:—

| | |
|---|---|
| ആശവഃ സോമാഃ | — ശീഘ്രാസ്സോമാഃ |
| മധോഃ മദസ്യ ധാരയാ | — മധുരസ്യ മദകരസ്യ പ്രവാഹേണ |
| വിശ്വാനി കാവ്യാ അഭി | — സർവ്വാണി സ്തോത്രാണി പ്രതി, സ്തോത്രസമയേ |
| അസൃഗ്രം | — അസൃഗ്രൻ, സൃജ്യന്തേ |

അർത്ഥം—ഗതിവേഗമുററ സോമങ്ങൾ മധുരവും ഹർഷകരവുമായ പ്രവാഹത്താൽ എല്ലാ സ്തോത്രങ്ങളെയുമുദ്ദേശിച്ച്, സ്തോത്രാലാപസമയത്ത്, വിടപ്പെടുന്നു, പുറത്തുവരുന്നു.

2 അനുപ്രത്നാസആയവഃ
പദന്നവീയോഅക്രമുഃ
രുചേജനന്തസൂര്യം

അന്വയം:–

പ്രത്നാസഃ ആയവഃ — പുരാണാശ്ശീഘ്രഗമനാ അശ്വാഃ
നവീയഃ പദം അനു
അക്രമുഃ — അനുക്രമന്തേ
രുചേ സൂര്യം ജനന്ത — ദീപ്ത്യൈകുർവ്വന്തി, ദീപ്തം കുർവ്വന്തി

(സോമവ്യാപനേന ഹി ചന്ദ്രമാരോചതേ)

അർത്ഥം–പഴയ, ഗതിവേഗമുററ കുതിരകളാകുന്ന സോമങ്ങൾ പുതിയ സ്ഥാനത്തെ ക്രമത്തിൽ പ്രാപിക്കുന്നു. അവയാണു സൂര്യനെ പ്രകാശവാനാക്കുന്നതു്. (സോമം വ്യാപിച്ചിട്ടാണു് ചന്ദ്രനും ശോഭിക്കുന്നതു്.)

3 ആപവമാനനോഭ
രാര്യോഅദാശുഷോഗയം
കൃധിപ്രജാവതീരിഷഃ

അന്വയം:–

(ഹേ പവമാന) നഃ — സോമ, ത്വമസ്മഭ്യം
അര്യഃ അദാശുഷഃ — അരേഃ അപ്രയച്ഛതഃ
ഗയം ആ ഭര — ഗൃഹം, ഗൃഹോപലക്ഷിതം ധനമാഹര
(തഥാസ്മഭ്യം) പ്രജാ–വതീഃ ഇഷഃ കൃധി — പുത്രപൌത്രാദിയുക്താന്യന്നാനി കുരു

അർത്ഥം–അല്ലയോ ഒഴുകുന്ന സോമ, ശത്രുവും ഹവിസ്സേകാത്തവനുമായവന്റെ ഗൃഹമടക്കമെല്ലാ ധനം ഞങ്ങൾക്കു കൊ

ണ്ടതന്നാലും. അതുപോലെ ഞങ്ങൾക്ക് സന്തതിയുക്തമായ അന്നവുമുണ്ടാക്കിയാലും.

4 അഭിസോമാസആയവഃ

പവന്തേമദ്യംമദം

അഭികോശംമധുശ്ചുതം

അന്വയം:—

ആയവഃ സോമാസഃ — ഗന്താരസ്സോമാഃ
മദ്യം മദം അഭി പവന്തേ — മദകരം രസമഭിക്ഷരന്തി
(തഥാ) മധു–ശ്ചുതം
കോശം അഭി — മധുസ്രവണം കോശം,
രസാധാരേണ കോശശബ്ദേന
അമിശ്രിതോ രസോലക്ഷ്യതേ;
തദഭിപവന്തേ

അർത്ഥം_സഞ്ചരിക്കുന്ന സോമങ്ങൾ ഹർഷകരമായ രസമൊഴുക്കുന്നു. അതുപോലെ തേൻ തൂകുന്ന പാത്രത്തിലേക്ക് (രസത്തിന്നാധാരമാകയാൽ കൂട്ടുകൂടാത്ത സോമമാണിവിടെ ഉദ്ദേശിക്കപ്പെടുന്നത്.) ഒഴുകുന്നു.

5 സോമോഅർഷതിധണ്ണസി

ർദധാനഇന്ദ്രിയംരസം

സുവീരോഅഭിശസ്തിപാഃ

അന്വയം:—

ധണ്ണസിഃ ഇന്ദ്രിയം — ജഗതാം ധാരകഃ, ധാരകം
ഇന്ദ്രിയവർദ്ധകം
രസം ദധാനഃ — ധാരയൻ
സു_വീരഃ സോമഃ
അർഷതി — സുവീര്യസ്സോമഃ ക്ഷരതി
(സഃ) അഭിശസ്തി_പാഃ — അഭിശസ്തേഃ ഹിംസായാഃ
പാതാ, രക്ഷകഃ
(സോമപാനം ബ്രഹ്മഹത്യാദി നിന്ദാമനമാർഷ്ടി)

അത്ഥം—ജഗത്തുക്കളെ ധരിക്കുന്നതും ഇന്ദ്രിയങ്ങളെ വളത്തുന്നതുമായ രസമേന്തുന്ന നല്ല വീര്യമുററ സോമൻ നേരെ വരുന്നു. അവിടുന്നു് (പാപത്തിൽ) ഹിംസയിൽനിന്നു രക്ഷിക്കുന്നവനാകുന്നു. (സോമപാനം ബ്രഹ്മഹത്യ മുതലായതിനെക്കുറിച്ച നിന്ദയെക്കൂടി മാച്ചുകളയുന്നു.)

6 ഇന്ദ്രായസോമപവസേ

ദേവേഭ്യസ്സധമാദ്യഃ

ഇന്ദോവാജംസിഷാസസി

അന്വയം:—

ഹേ ഇന്ദോ, സോമ,
സധ-മാദ്യഃ — യജ്ഞാഹ്സ്ത്വം
ഇന്ദ്രായ ദേവേഭ്യഃ
പവസേ — ക്ഷരസി
(അസ്മഭ്യം) വാജം
സിസാസസി — അന്നം ദാതുമിച്ഛസി

അത്ഥം—നനവീയന്ന സോമ, യജ്ഞാഹ്നായ അവിടുന്നു് ഇന്ദ്രന്നും മററു ദേവന്മാക്കുംവേണ്ടി ഒഴുകുന്നു. ഞങ്ങൾക്കന്നം തരാനിച്ഛിക്കുന്നു.

7 അസ്യപീത്വാമദാനാ

മിന്ദ്രോവൃത്രാണ്യപ്രതി

ജഘാനജഘനച്ചനു

വ. 13

അന്വയം:—

മദാനാം — മദകരാണാം മധ്യേതിശയേന മദകരം
അസ്യ പീത്വാ — അമും സോമം പീത്വാ
ഇന്ദ്രഃ വൃത്രാണി അപ്രതി
ജഘാന — ശത്രൂനപ്രതിഗതസ്സൻ ഹതവാൻ
ന ജഘനൽ ച — ഇദാനീമപിഹന്തി

അർത്ഥം—ഹർഷകരങ്ങളായവയിൽ മികച്ചും ഹർഷകരമായ സോമം കുടിച്ചിട്ടാണിന്ദ്രൻ എതിരററവനായി ശത്രുക്കളെ (മുമ്പ്) കൊന്നതു്. ഇപ്പോഴും കൊല്ലട്ടേ.

വർഗ്ഗഃ—14

1 പ്രസോമാസോഅധന്വിഷുഃ
പവമാനാസഇന്ദവഃ
ശ്രീണാനാഅപ്സുമൃഞ്ജത

അന്വയം:—

| | | |
|---|---|---|
| സോമാസഃ പവമാനാസഃ | — | പൂയമാനാഃ |
| ഇന്ദവഃ പ്ര അധന്വിഷുഃ | — | ദീപ്താഃ പ്രഗച്ഛന്തി |
| (കിഞ്ച) ശ്രീണാനാഃ | — | ഗോഭിശ്രയമാണാഃ |
| അപ്—സു മൃഞ്ജത | — | വസതീവരീഷു മൃജ്യന്തേ |

അർത്ഥം—സോമങ്ങൾ ശുദ്ധി പൂകുന്നവയായി ഭാസമാനങ്ങളായൊഴുകുന്നു. പിന്നെ പശുവിൻപാൽ മുതലായവയോടു ചേർന്ന് വസതീവരികളെന്ന മന്ത്രപൂതജലങ്ങളിൽ ശുദ്ധീകരിക്കപ്പെടുന്നു.

2 അഭിഗാവോഅധന്വിഷു
രാപോനപ്രവതായതീഃ
പുനാനാഇന്ദ്രമാശത

അന്വയം:—

| | | |
|---|---|---|
| പുനാനാഃ, ഗാവഃ | — | പൂയമാനാഃ, ഗമനശീലാ ഇന്ദവഃ |
| പ്ര–വതാ യതീഃ | — | പ്രവണവതാ ദേശേന ഗച്ഛന്ത്യഃ |
| ആപഃ ന അഭി | | |
| അധന്വിഷുഃ | — | ഉദകാനീവദശാപവിത്രമധി ഗച്ഛന്തി |
| (പശ്ചാൽ) ഇന്ദ്രം ആശത | — | തം പ്രീണയിതും വ്യാപ്നുവൻ |

അത്ഥം–ശുദ്ധിപൂകുന്ന, ഗതിശീലമുററ സോമങ്ങൾ താഴ്ന്നിടത്തുകൂടെ ഒഴുകുന്ന ജലങ്ങൾ പോലെ, ദശാപവിത്രത്തിലേയ്ക്കൊഴുകുന്നു. പിന്നീടാണിന്ദ്രനെ വ്യാപിച്ചതു്.

3 പ്രപവമാനധന്വസി
സോമേന്ദ്രായപാതവേ
നൃഭിര്യതോവിനീയസേ

അന്വയം:–

ഹേ പവമാന, സോമ,

| | |
|---|---|
| ഇന്ദ്രായ പാതവേ | — തസ്യ പാനായ |
| പ്ര ധന്വസി | — ഹവിർധാനാദാഹവനീയം പ്രതി പ്രഗച്ഛസി |
| നൃ–ഭിഃ യതഃ | — ഋത്വിഗ്ഭിർവ്വിനീതഃ |
| വി നീയസേ | — ഹവിർധാനാന്നീയസേ |

അത്ഥം–അല്ലയോ ശുദ്ധിപൂകുന്ന സോമ, ഇന്ദ്രനു കുടിക്കാനാണവിടുന്ന് ഹവിസ്ഥാനത്തുനിന്നാഹവനീയത്തിലേയ്ക്കു നീങ്ങുന്നതു്. ഋത്വിക്കുകളാലാണവിടുന്നു് ഹവിസ്ഥാനത്തിൽ നിന്നു നയിക്കപ്പെടുന്നതു്.

4 ത്വംസോമനൃമാദനഃ
പവസ്വചഷ്ണീസഹേ
സസ്നിര്യോഅനുമാദ്യഃ

അന്വയം:–

| | |
|---|---|
| ഹേ സോമ, യഃ | — യസ്ത്വം |
| സസ്നിഃ അനു–മാദ്യഃ | — ശുദ്ധഃ, സ്തുത്യഃ |
| നൃ–മാദനഃ ത്വം | — നൃണാം മാദയിതാ സത്വം |
| ചഷ്ണി–സഹേ | — ദ്വേഷ്ടൄണാം മനുഷ്യാണാമഭിഭവിത്രഇന്ദ്രായ |
| പവസ്വ | — ക്ഷര |

അർത്ഥം—അല്ലയോ സോമ, യാതൊരവിടുന്നു് ശുദ്ധനും സ്തുത്യനുമാണോ, മനുഷ്യരെ ഹർഷിപ്പിക്കുന്ന ആ അവിടുന്നു് ശത്രുമനുഷ്യരെ കീഴടക്കുന്ന ഇന്ദ്രന്നുവേണ്ടി ഒഴുകിയാലും.

5 ഇന്ദോയദദ്രിഭിസ്സുതഃ
പവിത്രംപരിധാവസി
അരമിന്ദ്രസ്യധാമ്നേ

അന്വയം:—

ഹേ ഇന്ദോ, (ത്വം) യൽ — യദാ
അദ്രി-ഭിഃ സുതഃ — ഗ്രാവഭിരഭിഷുതഃ
പവിത്രം പരി-ധാവസി — പവിത്രം പരിഗച്ഛസി, തദാ
ഇന്ദ്രസ്യ ധാമ്നേ അരം — സ്ഥാനായ പര്യാപ്തോഭവസി

അർത്ഥം—അല്ലയോ സോമ, അവിടുന്നു് പിടിക്കല്ലാൽ സംസ്കരിക്കപ്പെട്ടവനായി ദശാപവിത്രത്തെ പ്രാപിക്കുമ്പോൾ ഇന്ദ്രന്റെ സ്ഥാനത്തിന്നു യോഗ്യനായിത്തീരുന്നു.

6 പവസ്വവൃത്രഹന്ത
മോക്ഥേഭിരനുമാദ്യഃ
ശുചിഃപാവകോഅദ്ഭുതഃ

അന്വയം:—

ഹേ വൃത്രഹൻ-തമ, — ശത്രൂണാം ഹന്തഃ, സോമ, ത്വം
ഉക്ഥേഭിഃ അനു_മാദ്യഃ — ശസ്ത്രൈസ്സ്തുത്യഃ
ശുചിഃ പാവകഃ — സ്വയം ശുദ്ധഃ അന്യസ്യ ശോധകഃ
അദ്ഭുതഃ പവസ്വ — മഹാന്ഥ്സൻ ക്ഷര

അർത്ഥം—ശത്രുക്കളെ ഏറ്റവും ഹനിക്കുന്ന സോമ, അവിടുന്നു ശസ്ത്രങ്ങളാൽ സ്തുത്യനായി, സ്വയം ശുദ്ധനും അന്യനെ ശുദ്ധീകരിക്കുന്നവനും മഹാനുമായി, ഒഴുകിയാലും.

7 ശുചി॑ഃപാവ॒കഉ॑ച്യതേ॒

സോമ॑സ്സു॒തസ്യ॒മധ്വ॑ഃ

ദേ॒വാ॒വീ॑രഘശംസ॒ഹാ വ. 14

അന്വയം:–

സുതസ്യ മധ്വഃ — അഭിഷുതസ്യ മദകരസ്യ
(വല്ല്യാത്മകഃ) സോമഃ
ശുചിഃ പാവകഃ ഉച്യതേ — സ്വയം
ശുദ്ധശ്ശോധകശ്ചോച്യതേ
(തഥാ) ദേവ–അവീഃ — ദേവാനാമവിതാ, തർപ്പയിതാ
അഘശംസ–ഹാ — പാപശംസതാമസുരാണാം
ഹന്തേതിചോച്യതേ

അത്ഥം–സംസ്കരിക്കപ്പെട്ട, ഹഷ്മിയററുന്ന വള്ളിയായ സോമൻ സ്വയം ശുദ്ധനും അന്യനെ ശുദ്ധീകരിക്കുന്നവനുമെന്ന് പറയപ്പെടുന്നു. അതുപോലെ ദേവന്മാരെ രക്ഷിക്കുന്നവനും തൃപ്തിപ്പെടുത്തുന്നവനുമായും, പാപം വിളിച്ചോതുന്ന അസുരന്മാരുടെ ഹന്താവായും പറയപ്പെടുന്നു.

വർഗ്ഗം–15 ആഗസ്ത്യോദൃള്‍ഹച്യുതഃ ഋഷിഃ

1 പവ॑സ്വദക്ഷ॒സാധ॑നോ

ദേ॒വേഭ്യ॑ഃപീ॒തയേ॑ഹരേ

മ॒രുദ്ഭ്യോ॑വാ॒യവേ॒മദ॑ഃ

അന്വയം:–

ഹേ ഹരേ — പാപഹർത്തസ്സോമ,
ദേവേഭ്യഃ മരുൽ–ഭ്യഃ
വായവേ പീതയേ — പാനായ
ദക്ഷ–സാധനഃ — ബലസാധകഃ
മദഃ പവസ്വ
— [illegible]

അർത്ഥം—അല്ലയോ പാപഹരനായ സോമ, ദേവന്മാർക്കും മരുത്തുക്കൾക്കും വായുവിന്നും കുടിയ്ക്കാനായി ബലസാധകനും ഹർഷകരനുമായ അവിടുന്നൊഴുകിയാലും.

2 പവമാനധിയാഹി
തോഽഽഭിയോനിംകനിക്രദൽ
ധർമ്മണാവായുമാവിശ

അന്വയം:—

ഹേ പവമാന, ധിയാ

| | |
|---|---|
| ഹിതഃ | — കർമ്മണാധൃതസ്സൻ |
| കനിക്രദൽ | — ശബ്ദം കുർവ്വൻ |
| യോനിം അഭി | — സ്ഥാനം ഗ്രഹമഭിവിശ |
| ധർമ്മണാ വായും | — കർമ്മണാ വായുസംബന്ധിപാത്രം |
| ആ വിശ | — പ്രവിശ |

അർത്ഥം—അല്ലയോ ഒഴുകുന്ന സോമ, കർമ്മത്താൽ ധരിയ്ക്കപ്പെടുന്നവനായി, ശബ്ദമുണ്ടാക്കിക്കൊണ്ടവിടുന്ന് സ്വസ്ഥാനമായ കുണ്ടന്മരികയിൽ പ്രവേശിച്ചാലും. കർമ്മത്താൽ വായുവിന്നുള്ള പാത്രത്തിൽ പ്രവേശിച്ചാലും.

3 സന്ദേവൈശ്ശോഭതേവൃഷാ
കവിര്യോനാവധിപ്രിയഃ
വൃത്രഹാദേവവീതമഃ

അന്വയം:—

| | |
|---|---|
| വൃഷാ, കവിഃ | — കാമാനാം വർഷകഃ, ക്രാന്തപ്രജ്ഞഃ |
| പ്രിയഃ, വൃത്ര–ഹാ | — സർവ്വേഷാം പ്രിയഭൂതഃ വൃത്രസ്യഹന്താ |
| ദേവ_വീതമഃ | — അതിശയേന ദേവാൻ കാമയമാനഃ |

(അയം സോമഃ) ദേവൈഃ — തൈസ്സഹ
യോനൌ അധി സം
ശോഭതേ — സ്വീയേ സ്ഥാനേധിഷ്ഠിതഃ
പ്രകാശതേ

അൎത്ഥം–കാമവർഷകനും കവിഞ്ഞ കൎമ്മങ്ങളൊത്തവനും ഏവൎക്കും പ്രിയഭ്രതനും ശത്രുഹന്താവും അത്യന്തം ദേവകാമനുമായ ഈ സോമൻ ദേവന്മാരോടുകൂടി സ്വസ്ഥാനത്തിരുന്നു പ്രകാശിക്കുന്നു.

4 വിശ്വാരൂപാണ്യാവിശൻ
പുനാനോയാതിഹര്യതഃ
യത്രാമൃതാസആസതേ

അന്വയം:—

വിശ്വാ രൂപാണി ആ—
വിശൻ — സൎവ്വാണി രൂപാണി പ്രവിശൻ
പുനാനഃ ഹര്യതഃ — പൂയമാനഃ കമനീയസ്സോമഃ
യത്ര അമൃതാസഃ ആസതേ — അമൃതാഃ, ദേവാസ്തിഷ്ഠന്തി
(തത്ര) യാതി — ഗച്ഛതി

അൎത്ഥം—എല്ലാ രൂപങ്ങളിലുമുൾച്ചേൎന്നവനും ശുദ്ധികരനും മനോഹരനുമായ സോമൻ, എവിടെ ദേവന്മാരിരിക്കുന്നുവോ, അവിടെ എത്തുന്നു.

5 അരുഷോജനയൻഗിര
സ്സോമഃപവതആയുഷക്
ഇന്ദ്രങ്ഗച്ഛൻകവിക്രതുഃ

അന്വയം:—

അരുഷഃ സോമഃ — ആരോചമാനസ്സുഃ
ആയുഷക് ഇന്ദ്രം ഗച്ഛൻ — ആനുഷഗിന്ദ്രം പ്രാപ്നുവൻ
കവി_ക്രതുഃ — ക്രാന്തപ്രജ്ഞഃ
ഗിരഃ ജനയൻ പവതേ — ശബ്ദയൻ ക്ഷരതി

അൎത്ഥം–പ്രകാശമാനനായ സോമൻ ചേച്ച്യില്ലാത്ത വിധമിന്ദ്രനെ പ്രാപിച്ച്, കവിഞ്ഞ പ്രജ്ഞയൊത്തവനായി, ശബ്ദമുണ്ടാക്കിക്കൊണ്ടൊഴുകുന്നു.

6 ആപവസ്വമദിന്തമ
പവിത്രന്ധാരയാകവേ
അൎക്കസ്യയോനിമാസദം
വ. 15

അന്വയം:–

| | | |
|---|---|---|
| ഹേ മദിൻ–തമ, കവേ, | — | മാദയിതൃതമ, ക്രാന്തപ്രജ്ഞ, സോമ, ത്വാം |
| പവിത്രം ധാരയാ | — | ദശാപവിത്രമതിക്രമ്യ ധാരയാ |
| അൎക്കസ്യ യോനിം | — | അൎച്ചനീയസ്യേന്ദ്രസ്യ സ്ഥാനം |
| ആ–സദം ആ പവസ്വ | — | പ്രാപ്തും ക്ഷര |

അൎത്ഥം–ഏററവും ഹൎഷിക്കുന്നവനും കവിഞ്ഞ പ്രജ്ഞയൊത്തവനുമായ സോമ, അവിടുന്നു ദശാപവിത്രത്തെ അതിക്രമിച്ച്, പ്രവാഹത്തോടുകൂടി വന്ദ്യനായ ഇന്ദ്രന്റെ ഇരിപ്പിടം പ്രാപിക്കാനായൊഴുകിയാലും.

വൎഗ്ഗം–16 ദാൎഢച്യുത ഇധ്മവാഹഃ ഋഷിഃ

1 തമമൃക്ഷന്തവാജിന
മുപസ്ഥേഅദിതേരധി
വിപ്രാസോഅണ്വ്യാധിയാ

അന്വയം:–

| | | |
|---|---|---|
| വിപ്രാസഃ | — | മേധാവിനോധ്വര്യ്വാദയഃ |
| അണ്വ്യാ ധിയാ | — | സൂക്ഷ്മയാങ്ഗുല്യാ |
| വാജിനം തം | — | അശ്വവദാശും, വ്യാപ്തം സോമം |
| അദിതേഃ ഉപ–സ്ഥേ | | |
| അധി | — | പൃഥിവ്യാ ഉത്സങ്ഗേ |
| അമൃക്ഷന്ത | — | ശോധിതവന്തഃ |

അൎത്ഥം–മേധാവികളായ അധ്വൎയ്യു മുതലായവർ സൂക്ഷ്മമായ, ശ്രദ്ധാപൂൎവ്വമുപയോഗിച്ചു, വിരൽകൊണ്ടു്, കുതിര പോലെ വേഗവത്തും വ്യാപ്തവുമായ സോമത്തെ ഭൂമിയുടെ മടിയിൽവെച്ചു് ശുദ്ധീകരിച്ചു.

2 തങ്ഗാവോഅഭ്യനൂഷത
സഹസ്രധാരമക്ഷിതം
ഇന്ദുംധൎത്താരമാദിവഃ

അന്വയം:—

സഹസ്ര-ധാരം അക്ഷിതം — ബഹുധാരം, അക്ഷീണം
ദിവഃ ആ ധൎത്താരം — ദ്യുലോകസ്യ സൎവ്വതോധാരകം
തം ഇന്ദും ഗാവഃ അഭി
അനൂഷത — സോമം ഗന്ത്ര്യസ്തുതയോസ്തുവൻ

അൎത്ഥം—ബഹുപ്രവാഹവും ക്ഷീണിക്കാത്തതും ദ്യോവിനെ എമ്പാടും ധരിക്കുന്നതുമായ ആ സോമത്തെ പരന്നുചെല്ലുന്ന സ്തുതികൾ പുകഴ്ത്തി.

3 തംവേധാംമേധയാഹ്യൻ
പവമാനമധിദ്യവി
ധൎണ്ണസിംഭൂരിധായസം

അന്വയം:—

അധി ദ്യവി — ദ്യുലോകം പ്രതി
ധൎണ്ണസിം, ഭൂരി-
ധായസം — ധാരകം, ബഹൂനാം കൎത്താരം
വേധാം പവമാനം തം — വിധാതാരം ക്ഷരന്തം സോമം
മേധയാ അഹ്യൻ — പ്രജ്ഞയാ പ്രഹിണ്വന്തി

അൎത്ഥം—ദ്യുലോകത്തെ ഉദ്ദേശിച്ചു് എല്ലാം ധരിക്കുന്നവനും പലതിന്നും കൎത്താവും വിധാതാവുമായ ഒഴുകുന്ന സോമനെ, പ്രജ്ഞയോടുകൂടി ഋത്വിക്കുകൾ സംസ്കരിക്കുന്നു.

4 തമഹ്യൻഭുരിജോർധിയാ
സംവസാനംവിവസ്വതഃ
പതിംവാചോഅദാഭ്യം

അന്വയം:–

| | |
|---|---|
| സം–വസാനം, വാചഃ | |
| പതിം | — പാത്രേവസന്തം,<br>സ്തുതേസ്വാമിനം |
| അദാഭ്യം തം | — അഹിംസ്യം സോമം |
| വിവസ്വതഃ ഭുരിജോഃ | |
| ധിയാ | — പരിചരതഃ ബാഹ്വോ<br>രങ്ഗുല്യാ |
| ഋത്വിജഃ അഹ്യൻ | — പ്രാഹിണ്വൻ |

അർത്ഥം–പാത്രത്തിലിരിക്കുന്നവനും സ്തുതിക്കു നാഥനും ആരാലും കേടേല്പിക്കപ്പെടാൻ പററാത്തവനുമായ ആ സോമനെ പരിചരിക്കുന്ന ഇരുകൈകളുടെ വിരലിനാൽ ഋത്വിക്കുകൾ സംസ്കരിച്ചു.

5 തംസാനാവധിജാമയോ
ഹരിംഹിന്വന്ത്യദ്രിഭിഃ
ഹര്യതംഭൂരിചക്ഷസം

അന്വയം:–

| | |
|---|---|
| ഹര്യതം, ഭൂരി–ചക്ഷസം | — കമനീയം, ബഹുദ്രഷ്ടാരം |
| ഹരിം തം സാനൌ | |
| അധി | — ഹരിതവർണ്ണം സോമം<br>സമുച്ഛ്രിതേ ദേശേ |
| അദ്രി–ഭിഃ ജാമയഃ | |
| ഹിന്വന്തി | — ഋത്വിജോഗ്രാവഭിഃ<br>പ്രേരയന്തി, അഭിഷുണ്വന്തി |

അർത്ഥം–കമനീയനും എല്ലാം കാണുന്നവനും പച്ചനിറമുററവനുമായ ആ സോമനെ ഉന്നത പ്രദേശത്തുവെച്ച് പിടികല്ലുകളാൽ ഋത്വിക്കുകൾ സംസ്കരിക്കുന്നു.

6 തന്ത്വാഹിന്വന്തിവേധസഃ
പവമാനഗിരാവൃധം
ഇന്ദവിന്ദ്രായമൽസരം വ. 16

അന്വയം:—
ഹേ പവമാന, ഇന്ദോ,
മൽസരം — പവമാനസോമ മദകരം
ഗിരാ-വൃധം തം ത്വാ — സ്തുത്യാ വർദ്ധമാനം ത്വാം
വേധസഃ ഇന്ദ്രായ
ഹിന്വന്തി — വിധാതാരഃ, ഋത്വിജഃ തസ്മൈ പ്രേരയന്തി

അർത്ഥം—അല്ലയോ ഒഴുകുന്ന സോമ, പ്രകാശിക്കുന്നവനും ഹർഷിപ്പിക്കുന്നവനും സ്തുതിയാൽ വളരുന്നവനുമായ ആ അവിടുത്തെ, വിധാതാക്കളായ ഋത്വിക്കുകൾ ഇന്ദ്രന്നായിക്കൊണ്ടെത്തിക്കുന്നു.

വർഗ്ഗം—17—ആങ്ഗിരസോ നൃമേധഃ ഋഷിഃ

1 ഏഷകവിരഭിഷ്ടുതഃ
പവിത്രേഅധിതോശതേ
പുനാനോഘ്നന്നപസ്രിധഃ

**അന്വയം:—**
**ഏഷഃ കവിഃ,**
**അഭി—സ്തുതഃ** — മേധാവീ, അഭിതസ്സ്തുതസ്സോമഃ
**പുനാനഃ, സ്രിധഃ അപ**
**ഘ്നൻ** — പൂയമാനഃ, ശത്രൂനപഗമയൻ
**പവിത്രേ അധി**
**തോശതേ** — ഗച്ഛതി

അർത്ഥം—ഈ മേധാവിയും നേരെ സ്തുതിക്കപ്പെട്ടവനുമായ സോമൻ ശുദ്ധീകരനായി, ശത്രുക്കളെ അകറ്റുന്നവനായി, ദശാപവിത്രത്തിലെത്തുന്നു.

2 ഏഷഇന്ദ്രായവായവേ

സ്വർജ്ജിൽപരിഷിച്യതേ

പവിത്രേദക്ഷസാധനഃ

അന്വയം:—
സ്വഃ—ജിൽ
ദക്ഷ—സാധനഃ — സ്വർഗ്ഗസ്യ ജേതാ, ബലകാരീ
ഏഷഃ (സോമഃ) ഇന്ദ്രായ
വായവേ — ച
പവിത്രേ പരി സിച്യതേ — ഗമ്യതേ

അർത്ഥം—സ്വർഗ്ഗത്തെ ജയിക്കുന്നതും ബലകരവുമായ ഈ സോമം ഇന്ദ്രന്നും വായുവിന്നും വേണ്ടി ദശാപവിത്രത്തിലൊഴിക്കപ്പെടുന്നു,

3 ഏഷനൃഭിർവ്വിനീയതേ

ദിവോമൂർദ്ധാവൃഷാസുതഃ

സോമോവനേഷുവിശ്വവിൽ

അന്വയം:—
ദിവഃ മൂർദ്ധാ — ദ്യുലോകസ്യ ശിരോവൽ പ്രധാനഭൂതഃ
വൃഷാ, സുതഃ,
വിശ്വ—വിൽ — അഭിമതവർഷകഃ, അഭിഷുതഃ, സർവ്വജ്ഞഃ
ഏഷഃ സോമഃ നൃ—ഭിഃ — കർമ്മനേതൃഭിഃ ഋത്വിഗ്ഭിഃ
വനേഷു വി നീയതേ — വനനീയേഷു പാത്രേഷു നീയതേ

അർത്ഥം—ദ്യുലോകത്തിന്നു ശിരസ്സുപോലെ പ്രധാനഭൂതനും അഭിമതവർഷകനും സംസ്കരിക്കപ്പെട്ടവനും സർവ്വജ്ഞനുമായ ഈ സോമൻ കർമ്മനേതാക്കളായ ഋത്വിക്കുകളാൽ പ്രാപ്യങ്ങളായ പാത്രങ്ങളിലേക്കു നയിക്കപ്പെടുന്നു.

4 ഏഷഗവ്യുരചീക്രദൽ
പവമാനോഹിരണ്യയുഃ
ഇന്ദുസ്സത്രാജിദസ്തൃതഃ

അന്വയം:—
ഏഷഃ പവമാനഃ — സോമഃ പൂയമാനഃ
ഗവ്യുഃ, ഹിരണ്യ—യുഃ — അസ്മാകംഗാ ഇച്ഛൻ, ധനമിച്ഛംശ്ച
ഇന്ദുഃ സത്രാ—ജിൽ — ദീപ്തഃ, മഹതശ്ശത്രോർജ്ജേതാ
അസ്തൃതഃ അചിക്രദൽ — അന്യൈരഹിംസിതസ്സൻ ശബ്ദം കരോതി

അർത്ഥം—ഈ സോമൻ ശുദ്ധിപ്പെടുന്നവനും നമുക്കു പശുക്കളെ (തരാൻ) ഇച്ഛിക്കുന്നവനും ധനം (തരാൻ) ഇച്ഛിക്കുന്നവനും ദീപ്തനും പെരിയ ശത്രുക്കളെ ജയിക്കുന്നവനും അന്യരാൽ കേടേല്പിയ്ക്കപ്പെടാത്തവനുമായി ശബ്ദിക്കുന്നു.

5 ഏഷസൂര്യേണഹാസതേ
പവമാനോഅധിദ്യവി
പവിത്രേമത്സരോമദഃ

അന്വയം:—
ഏഷഃ പവമാനഃ — പൂയമാനഃ
മത്സരഃ മദഃ — മദകരസ്സോമഃ
സൂര്യേണ അധി ദ്യവി — ദ്യുലോകേ, അന്തരിക്ഷേ
പവിത്രേ ഹാസതേ — പരിത്യജ്യതേ (സൂര്യരശ്മിഭിരേവ സോമസ്യാപ്യായനാൽ)

അർത്ഥം—ശുദ്ധികരനും ഹർഷകരനുമായ ഈ സോമൻ സൂര്യനോടുകൂടി ദ്യുലോകത്തിൽ, അന്തരിക്ഷത്തിൽ, ശോപവിത്രത്തിൽ വിടപ്പെടുന്നു. (സൂര്യരശ്മികളാലാണ് സോമന്നു വളർച്ച.)

6 ഏഷശ്ശുഷ്മ്യസിഷ്യദ
ദന്തരിക്ഷേവൃഷാഹരിഃ
പുനാനഇന്ദുരിന്ദ്രമാ

വ. 17

അന്വയം:—

| | |
|---|---|
| വൃഷാ, ഹരിഃ, പുനാനഃ | — കാമവർഷകഃ, ഹരിതവർണ്ണഃ,<br>പൂയമാനഃ |
| ഇന്ദുഃ ഏഷഃ ശുഷ്മീ | — ദീപ്തഃ, ബലവാൻ സോമഃ |
| അന്തരിക്ഷേ | |
| അസിസ്യദൽ | — ദശാപവിത്രേസ്യന്ദതേ |
| ഇന്ദ്രം ആ | — ഇന്ദ്രഞ്ചാഭിഗച്ഛതി<br>(ആകാരശ്ചാർത്ഥേ) |

അർത്ഥം—കാമവർഷകനും പച്ചനിറമുററവനും ശുദ്ധീകരനും ദീപ്തനുമായ ഈ ബലവാൻ, സോമൻ, അന്തരിക്ഷത്തിൽ, ദശാപവിത്രത്തിലൊഴുകുന്നു. ഇന്ദ്രനെ പ്രാപിക്കുകയും ചെയ്യുന്നു.

വർഗ്ഗം—18 ആങ്ഗിരസഃ പ്രിയമേധഃ ഋഷിഃ

1 ഏഷവാജീഹിതോനൃഭി
ർവ്വിശ്വവിന്മനസസ്പതിഃ
അവ്യോവാരംവിധാവതി

അന്വയം:—

| | |
|---|---|
| ഏഷഃ വാജീ നൃ--ഭിഃ | |
| ഹിതഃ | — സോമഃ ഗമനശീലഃ,<br>ഋത്വിഗ്ഭിഃ പാത്രേനിഹിതഃ |
| വിശ്വ-വിൽ മനസഃ | |
| പതിഃ | — സർവ്വജ്ഞഃ സ്തോത്രസ്യസ്വാമീ<br>അഥവാ സോമസ്യ മനോഭി<br>മാനിത്വാൽ മനസസ്വാമീ<br>'ചന്ദ്രമാമനോഭൂത്വാ ഹൃദയം<br>പ്രാവിശൽ' ഇതി<br>തൈത്തിരീയാരണ്യകം |

(താദൃശോസൌ) അവ്യഃ
വാരം — അവേൎവ്വാലം, ദശാപവിത്രം
വി ധാവതി — വിവിധം ഗച്ഛതി

അൎത്ഥം—ഈ സോമൻ ഗമനശീലനും ഋത്വിക്കുകളാൽ പാത്രത്തിൽ നിറയ്ക്കപ്പെട്ടവനും സൎവ്വജ്ഞനും സ്തോത്രനാഥനുമാകുന്നു. (മനസഃപതി എന്നതിന്നു് ചന്ദ്രൻ മനസ്സിന്റെ അഭിമാനദേവനാകയാൽ മനസ്സിന്റെ നാഥനെന്നുമൎത്ഥം. ''ചന്ദ്രൻ മനസ്സായി ഭവിച്ചു് ഹൃദയത്തെ പ്രവേശിച്ചു'' എന്നു്. തൈത്തിരീയാരണ്യകത്തിൽ.) അപ്രകാരമുള്ള അവിടുന്നു് ആട്ടിൻരോമമുററ ദശാപവിത്രത്തിലൂടെ പലപാടൊഴുകുന്നു.

2 ഏഷപവിത്രേഅക്ഷരൽ
സോമോദേവേഭ്യസ്സുതഃ
വിശ്വാധാമാന്യാവിശൻ

അന്വയം:—
ഏഷഃ സോമഃ ദേവേഭ്യഃ
സുതഃ — ദേവാൎത്ഥമഭിഷുതസ്സൻ
വിശ്വാ ധാമാനി
ആ-വിശൻ — സൎവ്വാണി ദേവശരീരാണി
പ്രവിശൻ, പ്രവേഷ്ടും
പവിത്രേ അക്ഷരൽ — സ്രവതി

അൎത്ഥം—ഈ സോമൻ ദേവന്മാൎക്കുവേണ്ടി സംസ്കരിക്കപ്പെട്ടു് എല്ലാ ദേവന്മാരുടേയും ശരീരങ്ങളിൽ പ്രവേശിച്ചുകൊണ്ടു്, പ്രവേശിപ്പാനായി ദശാപവിത്രത്തിലൂടെ ഒഴുകുന്നു.

3 ഏഷദേവശ്ശുഭായ
തേധിയോനാവമൎത്ത്യഃ
വൃത്രഹാദേവവീതമഃ

അന്വയം:—
ഏഷഃ ദേവഃ അമർത്ത്യഃ — സോമഃ അമരണധർമ്മാ
വൃത്ര–ഹാ, ദേവ–വീതമഃ — ശത്രുഹന്താ, അതിശയേന ദേവാനാം കാമയിതാ
അധി യോനൌ
ശുഭായതേ — സ്വീയേ സ്ഥാനേ ശോഭതേ

അർത്ഥം—ഈ ദേവനായ സോമൻ അമരനും ശത്രുഹന്താവും ദേവന്മാരെ ഏററവുമിഷ്ടപ്പെടുന്നവനുമായി സ്വസ്ഥാനത്തു ശോഭിക്കുന്നു.

4 ഏഷവൃഷാകനിക്രദ
ദ്ദശഭിർജ്ജാമിഭിര്യതഃ
അഭിദ്രോണാനിധാവതി

അന്വയം:—
ഏഷഃ വൃഷാ കനിക്രദൽ — സോമഃ കാമാനാം വർഷിതാ, ശബ്ദം കുർവ്വൻ
ദശ–ഭിഃ ജാമി–ഭിഃ യതഃ — അങ്ഗുലീഭിർധൃതഃ
ദ്രോണാനി അഭി
ധാവതി — ദ്രുമമയാനി പാത്രാണ്യഭിഗച്ഛതി

അർത്ഥം—ഈ സോമൻ കാമവർഷകനായി ശബ്ദിച്ചുകൊണ്ടു്, പത്തു വിരലുകളാൽ ധരിക്കപ്പെട്ടവനായി, (നിയന്ത്രിക്കപ്പെട്ടവനായി,) മരികകളെ നേരെ പ്രാപിക്കുന്നു.

5 ഏഷസൂര്യമരോചയൽ
പവമാനോവിചർഷണിഃ
വിശ്വാധാമാനിവിശ്വവിൽ

അന്വയം:—
പവമാനഃ,
വി–ചർഷണിഃ — പൂയമാനഃ, സർവ്വസ്യദ്രഷ്ടാ

വിശ്വ–വിൽ ഏഷഃ — സർവ്വജ്ഞസ്സോമഃ
സൂര്യം അരോചയൽ — സ്വരസേന രോചയതി
(ന കേവലം സൂര്യം,
കിന്തു) വിശ്വാ ധാമാനി — സർവ്വാണി തേജസ്ഥാനാനി
രോചയതി

അർത്ഥം—ശുദ്ധികരനും എല്ലാം കാണുന്നവനും സർവ്വജ്ഞനുമായ ഈ സോമൻ സൂര്യനെ സ്വരസത്താൽ പ്രകാശിപ്പിക്കുന്നു. സൂര്യനെ മാത്രമല്ല, തേജസ്സിന്റെ എല്ലാം ഇരിപ്പിടങ്ങളെയും പ്രകാശിപ്പിക്കുന്നു.

6 ഏഷശുഷ്മ്യദാഭ്യ

സ്സോമഃപുനാനോഅർഷതി

ദേവാവീരഘശംസഹാ വ. 18

അന്വയം:—
ശുഷ്മീ, അദാഭ്യഃ — ബലവാൻ, അഹിംസ്യഃ
പുനാനഃ ഏഷഃ സോമഃ — ശോധകസ്സഃ
ദേവ–അവീഃ — ദേവാനാമവിതാ
അഘശംസ–ഹാ അർഷതി — അഘാൻ ശംസതോഹന്താസൻ
ഗച്ഛതി

അർത്ഥം—ബലവാനും അന്യരാൽ ഹിംസിക്കപ്പെടാൻ പററാത്തവനും ശുദ്ധികരനുമായ ഈ സോമൻ ദേവന്മാരുടെ രക്ഷകനായും, പാപം വിളിച്ചോതുന്നവരുടെ ഹന്താവായും വരുന്നു.

വർഗ്ഗം—19 ആങ്ഗിരസോനൃമേധഃ ഋഷിഃ

1 പ്രാസ്യധാരാഅക്ഷര

ന്വൃഷ്ണസ്സുതസ്യൗജസാ

ദേവാഁഅനുപ്രഭൂഷതഃ

അന്വയം:—

വൃഷ്ണഃ സുതസ്യ — വർഷകസ്യ അഭിഷുതസ്യ
ദേവാൻ അനു പ്ര-ഭൂഷതഃ
അസ്യ — പ്രഭവിതുമിച്ഛതസ്സോമസ്യ
ധാരാഃ ഓജസാ പ്ര
അക്ഷരൻ — സ്വവീര്യേണ പ്രകർഷേണ ക്ഷരന്തി

അർത്ഥം—വർഷിക്കുന്നവനും സംസ്കരിക്കപ്പെട്ടവനും ദേവന്മാരെ വളർത്താനിച്ഛിക്കുന്നവനുമായ സോമന്റെ ധാരകൾ സ്വവീര്യത്താൽ നന്നായൊഴുകുന്നു.

2 സപ്തിംമൃജന്തിവേധസോ
ഗൃണന്തഃകാരവോഗിരാ
ജ്യോതിർജ്ജജ്ഞാനമുക്ഥ്യം

അന്വയം:—

ഗൃണന്തഃ, വേധസഃ — സ്തുവന്തഃ, വിധാതാരഃ
കാരവഃ ഗിരാ — കർമ്മകർത്താരോധ്വര്യ്വാദയഃ സ്തുത്യാസാധനേന
ജ്യോതിഃ ജജ്ഞാനം
ഉക്ഥ്യം — ദീപ്യമാനം, ജായമാനം, വർദ്ധമാനം, സ്തുത്യം
സപ്തിം മൃജന്തി — അശ്വസ്ഥാനീയം സോമം ശോധയന്തി

അർത്ഥം—സ്തുതിക്കുന്നവരും വിധാതാക്കളും കർമ്മകർത്താക്കളും ആയ അധ്വര്യു മുതലായവർ, സ്തുതിയാൽ പ്രകാശിക്കുന്നവനും (അരണികളാൽ കടഞ്ഞു്) ജനിച്ചുവളർന്നവനും സ്തുത്യനും കുതിരയുടെ സ്ഥാനത്തുള്ളവനുമായ സോമനെ തൊട്ടുതലോടുന്നു, ശുദ്ധീകരിക്കുന്നു.

3 സുഷഹാസോമതാനിതേ
പുനാനായപ്രഭൂവസോ
വർദ്ധാസമുദ്രമുക്ഥ്യം

അന്വയം:—

| | |
|---|---|
| ഹേ പ്രഭൂ-വസോ, | |
| സോമ, | — പ്രഭൂതധന, സോമ, |
| പുനാനായ തേ | — പൂയമാനാസ്യ തവ |
| താനി സു-സഹാ | — തേജാംസി ശോഭനാഭിഭാവുകാനി |
| (തസ്മാൽ) ഉക്ഥ്യം | |
| സമുദ്രം | — സ്തുത്യം സമുദ്രസദൃശം ദ്രോണകലശം |
| വർദ്ധ | — വർദ്ധയ, രസേന പൂരയ |

അർത്ഥം—അല്ലയോ മഹാധനനായ സോമ, ശുദ്ധികരനായ അവിടേയ്ക്കു ചേർന്ന ആ തേജസ്സുകൾ എല്ലാററിനെയും നന്നായി കീഴടക്കുന്നവയത്രേ. അതിനാൽ സ്തുത്യവും സമുദ്രംപോലെയുള്ളതുമായ ദ്രോണകലശത്തെ രസംകൊണ്ടു നിറച്ചാലും.

4 വിശ്വാവസൂനിസഞ്ജയൻ
പവസ്വസോമധാരയാ
ഇന്ദദ്വേഷാംസിസധ്ര്യക്

അന്വയം:—

| | |
|---|---|
| ഹേ സോമ, വിശ്വാ വസൂനി | — സർവ്വാണി ധനാന്യസ്മദർത്ഥം |
| സം-ജയൻ ധാരയാ പവസ്വ | — അഭ്യാഹരൻ ക്ഷര |
| ദ്വേഷാംസി സധ്ര്യക് ഇന്ദ | — സർവ്വാണി ദ്വേഷ്യാണി സഹൈവ ദൂരദേശം പ്രതിപ്രേരയ |

അർത്ഥം—അല്ലയോ സോമ, എല്ലാ ധനങ്ങളെയും ഞങ്ങൾക്ക വേണ്ടി നേടിക്കൊണ്ടു്, ധാരയായി പ്രവഹിച്ചാലും. എല്ലാ ശത്രുക്കളെയുമൊപ്പമകററിയാലും.

5 രക്ഷാസുനോഅരരുഷ
സ്സ്വനാൽസമസ്യകസ്യചിൽ
നിദോയത്രമുമുച്മഹേ

അന്വയം:—
(ഹേ സോമ) അരരുഷഃ
സ്വനാൽ — അദാതുഃ നിന്ദകസ്യ ശബ്ദാൽ
(ന കേവലമേകസ്യാ
ദാനശീലസ്യ) സമസ്യ — സർവ്വസ്യ കസ്യചിൽ
(ന കേവലം സ്വനാൽ,
കിന്തർഹി) കസ്യചിൽ
നിദഃ — നിന്ദകാൽ
യത്ര മുമുച്മഹേ — യസ്മിന്രക്ഷണേന വയം
മുക്താഭവേമ, തേനരക്ഷണേന
നഃ സു രക്ഷ — അസ്മാൻ സുഷ്ഠുരക്ഷ

അർത്ഥം—അല്ലയോ സോമ, ദാനം ചെയ്യാത്തവന്റെ, സൽകർമ്മനിന്ദകന്റെ ശബ്ദത്തിൽനിന്നു് (പ്രലാപത്തിൽ നിന്നു്) ഒരുത്തന്റെ മാത്രമല്ല, അത്തരക്കാരെല്ലാവരുടെയും ശബ്ദത്തിൽനിന്നു് അത്ര മാത്രമല്ല, നിന്ദകങ്കൽനിന്നു്, യാതൊരു രക്ഷണത്താൽ ഞങ്ങൾക്ക വിടുതി കിട്ടുമോ, ആ രക്ഷണത്താൽ ഞങ്ങളെ നന്നായി കാത്താലും.

6 ഏന്ദോപാർത്ഥിവംരയി
ന്ദിവ്യംപവസ്വധാരയാ
ദ്യുമന്തംശുഷ്മമാഭര വ. 19

അന്വയം:—
ഹേ ഇന്ദോ, — ക്ലിദ്യമാന സോമ, ത്വം
ധാരയാ ആ പവസ്വ — സർവ്വതഃ ക്ഷര
പാർത്ഥിവം, ദിവ്യം
രയിം — ഭൌമം ദിവ്യഞ്ച ധനം
ദ്യു–മന്തം ശുഷ്മം ആ ഭര — ദീപ്തിമന്തം ബലഞ്ചാസ്മഭ്യമാഹര

അർത്ഥം—അല്ലയോ നനവിയന്ന സോമ, അവിടുന്നു ധാരയായൊഴുകിയാലും. ഭൌമവും ദിവ്യവുമായ ധനവും പ്രകാശവത്തായ ബലവും ഞങ്ങൾക്കു കൊണ്ടു തന്നാലും.

വർഗ്ഗം–20 ആങ്ഗിരസോ ബിന്ദുഃ ഋഷിഃ.

1 പ്രധാരാഅസ്യശുഷ്മിണോ

വൃഥാപവിത്രേഅക്ഷരൻ

പുനാനോവാചമിഷ്യതി

അന്വയം:—
ശുഷ്മിണഃ അസ്യ ധാരാഃ — ബലവതസ്സോമസ്യ പ്രവാഹാഃ
പവിത്രേ വൃഥാ അക്ഷരൻ — ദശാപവിത്രേനായാസേന സ്രവന്തി
(തദാനീം) പുനാനഃ — പൂയമാനസ്സോമഃ
വാചം പ്ര ഇഷ്യതി — സ്വീയം ധ്വനിം പ്രേരയതി

അർത്ഥം—ബലവാനായ സോമന്റെ പ്രവാഹങ്ങൾ അനായാസമായി വീഴുന്നു. അപ്പോൾ ശുദ്ധീകരനായ അവിടുന്നു സ്വന്തം ശബ്ദം പുറപ്പെടുവിക്കുന്നു.

2 ഇന്ദുർഹിയാനസ്സോതൃഭി

മൃജ്യമാനഃകനിക്രദൽ

ഇയർത്തിവഗ്നുമിന്ദ്രിയം

അന്വയം:—

(അയം) ഇന്ദുഃ

സോതൃ—ഭിഃ — ദീപ്തസ്സോമ ഋത്വിഭിഃ

(ദശാപവിത്രേ)

മൃജ്യമാനഃ — ശോധ്യമാനഃ

ഹിയാനഃ, കനിക്രദൽ — പ്രേര്യമാണഃ, വ്യാപ്രിയമാണഃ, ശബ്ദം കുർവ്വൻ

ഇന്ദ്രിയം വഗ്നും

ഇയർത്തി — ഇന്ദ്രസംബന്ധിനം ശബ്ദം പ്രേരയതി

അർത്ഥം—ഈ പ്രകാശവാനായ സോമൻ ഋത്വിക്കുകളാൽ ദശാപവിത്രത്തിൽ ശുദ്ധീകരിക്കപ്പെട്ട് വ്യാപിക്കുന്നവനായി, ശബ്ദമുണ്ടാക്കിക്കൊണ്ട്, ഇന്ദ്രസംബന്ധിയായ, ഇന്ദ്രനു പ്രിയകരമായ ഒച്ചയുണ്ടാക്കുന്നു.

3 ആനശ്ശുഷ്മന്നൃഷാഹ്യം
വീരവന്തംപുരുസ്പൃഹം
പവസ്വസോമധാരയാ

അന്വയം:—

ഹേ സോമ, (ത്വം)

ധാരയാ — പ്രവാഹേണ

നൃ—സഹ്യം — നൃണാം, അസ്മദ്വിരോധിനാമഭിഭാവുകം

വീര—വന്തം,

പുരു—സ്പൃഹം — പുത്രോപേതം, ബഹുഭിസ്പൃഹണീയം

ശുഷ്മം നഃ ആ പവസ്വ — ബലമസ്മഭ്യം ക്ഷര (ഏതസ്യ ലാഭായ പവസ്വ)

അർത്ഥം—അല്ലയോ സോമ, അവിടുന്നു പ്രവാഹംകൊണ്ട് ഞങ്ങളുടെ ശത്രുക്കളെ കീഴടക്കുന്നതും സന്താനയുക്തവും ഏവരാലും ആശിക്കത്തക്കതുമായ ബലം ഒഴുക്കിയാലും. (ആ ബലസിദ്ധിക്കുവേണ്ടി ഒഴുകിയാലും.)

4 പ്രസോമോഅതിധാരയാ
പവമാനോഅസിഷ്യദൽ
അഭിദ്രോണാന്യാസദം

അന്വയം:—

| | |
|---|---|
| (അയം) പവമാനഃ | |
| സോമഃ | — പൂയമാനസ്സോമഃ |
| ധാരയാ അതി | — ദശാപവിത്രമതിക്രമ്യ |
| ദ്രോണാനി അഭി | |
| ആ–സദം | — ദ്രോണകലശാദീന്യാസാദനായ |
| പ്ര അസിസ്യദൽ | — പ്രസ്യന്ദതേ |

അൎത്ഥം—ഈ ശുദ്ധികരനായ സോമൻ പ്രവാഹംകൊണ്ടു ദശാപവിത്രത്തെ മറികടന്നു്, ദ്രോണകലശം മുതലായ പാത്രങ്ങളിലിരിയ്ക്കാനായൊഴുകുന്നു.

5 അപ്സുത്വാമധുമത്തമം
ഹരിംഹിന്വന്ത്യദ്രിഭിഃ
ഇന്ദവിന്ദ്രായപീതയേ

അന്വയം:—

| | |
|---|---|
| ഹേ ഇന്ദോ, അപ്–സു | — സോമ, വസതീവരീഷു |
| മധുമൽ–തമം, ഹരിം | — അതിശയേന മധുമന്തം,<br>ഹരിതവൎണ്ണം |
| ത്വാ അദ്രി–ഭിഃ | — ത്വാമഭിഷവഗ്രാവഭിഃ |
| ഇന്ദ്രായ പീതയേ | |
| ഹിന്വന്തി | — ഇന്ദ്രസ്യപാനായ പ്രേരയന്തി |

അൎത്ഥം-അല്ലയോ സോമ, ഏറ്റവും മാധുര്യമുറ്റും പച്ചനിറമിയന്നുമുള്ള അവിടുത്തെ, വസതീവരികളെന്ന മന്ത്രപൂതജലങ്ങളിൽ, സംസ്കരിച്ചു്, പിടിക്കല്ലുകളാൽ ചതച്ചു് ഇന്ദ്രന്നു കുടിയ്ക്കാനായൊരുക്കുന്നു.

6 സുനോതാമധുമത്തമം
സോമമിന്ദ്രായവജ്രിണേ
ചാരുംശർദ്ധായമത്സരം

വ. 20

അന്വയം:–

(ഹേ ഋത്വിജഃ, യൂയം)

| | |
|---|---|
| മധുമൽ–തമം | — അതിശയേന മധുരരസോപേതം |
| ചാരും മത്സരം സോമം | — ചരണീയം മദകരം സോമം |
| വജ്രിണേ ഇന്ദ്രായ, | |
| ശർദ്ധായ | — വജ്രയുക്തായ തസ്മൈ, അസ്മാകം ബലായ ച |
| സുനോത | — സുനുത |

അർത്ഥം–അല്ലയോ ഋത്വിക്കുകളേ, നിങ്ങൾ മധുരച്ചാററത്തും ഒഴക്കാവുന്നതും ഹർഷകരവുമായ സോമം വജ്രവാനായ ഇന്ദ്രന്നായും നമുക്കു ബലത്തിന്നുവേണ്ടിയും (ഇന്ദ്രൻ കുടിച്ചതുകൊണ്ടു നമുക്കു ബലം) സംസ്കരിക്കുക.

വർഗ്ഗം–21 രാഹൂഗണോഗോതമഃ ഋഷിഃ

1 പ്രസോമാസസ്വാധ്യഃഽ
പവമാനാസോഅക്രമുഃ
രയിങ്കൃണ്വന്തിചേതനം

അന്വയം:–

സ്വ–ആധ്യഃ,

| | |
|---|---|
| പവമാനാസഃ | — സുകർമ്മാണഃ, പൂയമാനാഃ |
| സോമാസഃ പ്ര അക്രമുഃ | — ദ്രോണകലശം പ്രതി ഗച്ഛന്തി |
| (തേ ച) ചേതനം രയിം | |
| കൃണ്വന്തി | — പ്രജ്ഞാപനം ധനമസ്മാകം കുർവ്വന്തി |

അർത്ഥം—ശോഭനകർമ്മമുററവയും ശുദ്ധീകരങ്ങളുമായ സോമങ്ങൾ ദ്രോണകലശത്തെ ഉദ്ദേശിച്ചൊഴുകുന്നു. വിളിച്ചുൽഘോഷിക്കുന്ന ധനം അവ നമുക്കുണ്ടാക്കുന്നു.

2 ദിവസ്പൃഥിവ്യാഅധി
ഭവേന്ദോദ്യുമ്നവർദ്ധനഃ
ഭവാവാജാനാംപതിഃ

അന്വയം:—
ഹേ ഇന്ദോ, വാജാനാം
പതിഃ ഭവ — അന്നാനാം സ്വാമീഭവ
ദിവഃ പൃഥിവ്യാഃ അധി — ദ്യുലോകേ ഭൂലോകേ ച
ദ്യുമ്ന–വർദ്ധനഃ ഭവ — ദ്യോതമാനസ്യ ഹിരണ്യാദി
ലക്ഷണസ്യ ധനസ്യ
വർദ്ധയിതാ ഭവ
(ലോകദ്വയേ യൽ ദ്യുമ്നമസ്തി അസ്മാകം തസ്യ വർദ്ധയിതാ ഭവ)

അർത്ഥം—അല്ലയോ സോമ, അവിടുന്നു് അന്നനാഥനായി ഭവിച്ചാലും. ദ്യോവിലേയും ഭൂവിലേയും പ്രകാശമാനമായ, സ്വർണ്ണാദിയായ ധനം വർദ്ധിപ്പിയ്ക്കുന്നവനായാലും. (രണ്ടു ലോകങ്ങളിലും എന്തു ധനമുണ്ടോ, ഞങ്ങൾക്കതു വർദ്ധിപ്പിച്ചാലും. ഇവിടെ ധനമെന്നു പറയുന്നതു് അനശ്വരമായ പുണ്യഫലത്തെയാണു്.)

3 തുഭ്യംവാതാഅഭിപ്രിയ
സ്തുഭ്യമർഷന്തിസിന്ധവഃ
സോമവർദ്ധന്തിതേമഹഃ

അന്വയം:—
ഹേ സോമ, തുഭ്യം
വാതാഃ
— ത്വദർത്ഥം വായവഃ
അഭി–പ്രിയഃ
അഭിതർപ്പയിതാരോ ഭവന്തി

(തഥാ) സിന്ധവഃ തുഭ്യം
അർഷന്തി — സ്യന്ദമാനാ നദ്യസ്ത്വദർത്ഥം പ്രവഹന്തി
(തേ ഉഭയേമീ) തേ മഹഃ
വർദ്ധന്തി — തവ മഹത്വം വർദ്ധയന്തി

അർത്ഥം — അല്ലയോ സോമ, വായുക്കളവിടേയ്ക്കു പ്രീതികാരികളാകുന്നു. ഒലിക്കുന്ന പുഴകളും അവിടേക്കുവേണ്ടിയാണൊഴുകുന്നത്. ഇവർ രണ്ടുകൂട്ടരും അവിടത്തെ മഹത്വത്തെ വളർത്തുന്നു.

4 ആപ്യായസ്വസമേതുതേ

വിശ്വതസ്സോമവൃഷ്ണ്യം

ഭവാവാജസ്യസങ്ഗഥേ

അന്വയം:—

1–6–22ൽ വ്യാഖ്യാനിച്ചിട്ടുണ്ട്.

5 തുഭ്യങ്ഗാവോഘൃതംപയോ

ബഭ്രോദുദുഹ്രേഅക്ഷിതം

വർഷിഷ്ഠേഅധിസാനവി

അന്വയം:—

ഹേ ബഭ്രോ, — ബഭ്രുവർണ്ണ സോമ,
വർഷിഷ്ഠേ അധി സാനവി — പ്രവൃദ്ധേ സമുച്ഛ്രിതേ ദേശേ സ്ഥിതായ
തുഭ്യം ഗാവഃ ഘൃതം പയഃ — ത്വദർത്ഥം ഗാവഃ ആജ്യം ക്ഷീരം ച
അക്ഷിതം ദുദുഹ്രേ — അക്ഷീണം ദുഹതേ

അർത്ഥം — തവിട്ടുനിറമൊത്ത സോമ, പരന്നുയർന്ന പ്രദേശത്തിരിക്കുന്ന അവിടേക്കുവേണ്ടി പശുക്കൾ നെയ്യും പാലും അക്ഷീണമായി കറന്നുതരുന്നു.

6 സ്വായുധസ്യതേസതോ
ഭുവനസ്യപതേവയം
ഇന്ദോസഖിത്വമുശ്മസി വ. 21

അന്വയം:—

ഹേ ഭുവനസ്യ പതേ,
ഇന്ദോ, — ഭൃതജാതസ്യ സ്വാമിൻ, സോമ,
വയം സു–ആയുധസ്യ തേ
സതഃ — തവ
സഖി–ത്വം ഉശ്മസി — കാമയാമഹേ

അൎത്ഥം_ചരാചരങ്ങൾക്കു നാഥനായ സോമ, നല്ല ആയുധമൊത്ത അവിടുത്തെ സഖ്യം ഞങ്ങളിച്ഛിക്കുന്നു.

വൎഗ്ഗം_22 ആത്രേയശ്യാവാശ്വഃ ഋഷിഃ

1 പ്രസോമാസോമദച്യുത
ശ്രവസേനോമഘോനഃ
സുതാവിദഥേഅക്രമുഃ

അന്വയം:_

മദ–ച്യുതഃ സോമാസഃ — മദസ്രാവിണസ്സോമാഃ
സുതാഃ വിദഥേ — അഭിഷുതാസ്സന്തോയജ്ഞേ
മഘോനഃ നഃ ശ്രവസേ — ഹവിഷ്മതോ മമകീൎത്തയേ
പ്ര അക്രമുഃ — പ്രഗച്ഛന്തി

അൎത്ഥം—ഹൎഷവൎഷികളായ സോമങ്ങൾ സംസ്കരിക്കപ്പെട്ടവയായി, യജ്ഞത്തിൽ ഹവിസ്സേന്തിയ എൻെറ കീൎത്തിക്കായി വന്നുകൊണ്ടിരിക്കുന്നു.

2 ആദീന്ത്രിതസ്യയോഷണോ
ഹരിംഹിന്വന്ത്യദ്രിഭിഃ
ഇന്ദുമിന്ദ്രായപീതയേ

അന്വയം:–

| | |
|---|---|
| ആൽ ഈം ഹരിം ഇന്ദും | — അപിചൈനം ഹരിതവർണ്ണം സോമം |
| ത്രിതസ്യ യോഷണഃ | — തന്നാമകസ്യർഷേരങ്ഗുലയഃ |
| ഇന്ദ്രായ പീതയേ | — പാനായ |
| അദ്രി–ഭിഃ ഹിന്വന്തി | — ഗ്രാവഭിഃ പ്രേരയന്തി |

അർത്ഥം—കൂടാതെ, ഈ പച്ചനിറമുററ സോമനെ ത്രിതനെന്ന ഋഷിയുടെ വിരലുകൾ ഇന്ദ്രന്നു കുടിപ്പാനായി പിടിക്കല്ലുകളാൽ സംസ്കരിക്കുന്നു.

3 ആദീംഹംസോയഥാഗണം

വിശ്വസ്യാവീവശന്മതിം

അത്യോനഗോഭിരജ്യതേ

അന്വയം:–

| | |
|---|---|
| ആൽ ഈം | — അപിചായം സോമഃ |
| ഹംസഃ യഥാ ഗണം | – സ്വഗതിവിശേഷേണ സമൂഹം പ്രവിശതി തദ്വൽ |
| വിശ്വസ്യ മതിം | — സർവ്വസ്യ സ്തോതൃജനസ്യ സ്തുതിം |
| അവീവശൽ | — വശം നയതി |
| (സചസോമഃ) അത്യഃ ന | — അശ്വഇവ |
| ഗോഭിഃ അജ്യതേ | — ഉദകൈസ്സിച്യതേ |

അർത്ഥ–പിന്നെ, അരയന്നം സ്വന്തം ഗതിവിശേഷത്തോടുകൂടി കൂട്ടംചേരുന്നപോലെ, ഈ സോമൻ എല്ലാ സ്തോതാക്കളുടെയും സ്തുതിയെ വശത്തിലാക്കുന്നു. ആ സോമൻ കുതിര, ജലങ്ങളാലെന്നപോലെ, നനയ്ക്കപ്പെടുന്നു, കളിപ്പിക്കപ്പെടുന്നു.

4 ഉഭേസോമാവചാകശ

ന്മൃഗോനതക്തോഅർഷസി

സീദന്നൃതസ്യയോനിമാ

അന്വയം:–

ഹേ സോമ, ഉഭേ
അവ–ചാകശൽ — ദ്യാവാപൃഥിവ്യൌ പശ്യംസ്ത്വം
മൃഗഃ ന തക്തഃ — മൃഗഇവ ഗവ്യൈർമ്മിശ്രിതസ്സൻ
ഋതസ്യ യോനിം ആ
സീദൻ അർഷസി — യജ്ഞസ്യ സ്ഥാനമാശ്രയൻ ഗച്ഛസി

അർത്ഥം–അല്ലയോ സോമ, ദ്യാവാപൃഥിവികളിരുപേരെയും കണ്ടുകൊണ്ടവിടുന്നു്, മാൻ എന്നപോലെ മെയ്യിൽ നൈ മുതലായവ ചേർന്നവനായി, യജ്ഞസ്ഥാനത്തെ ആശ്രയിച്ചു പോകുന്നു. (മാനിന്റെ ദേഹം മിഴുക്കു പുരട്ടിയപോലെ മിനുപ്പും മിന്നിച്ചയുമുള്ളതാണെല്ലോ.)

5 അഭിഗാവോഅനൂഷത

യോഷാജാരമിവപ്രിയം

അഗന്നാജിംയഥാഹിതം

അന്വയം:–

(ഹേ സോമ, ത്വാം) യോഷാ
പ്രിയം ജാരം–ഇവ — സായഥാതം സ്തൌതി തദ്വൽ
ഗാവഃ അഭി അനൂഷത — ശബ്ദാ അഭിഷ്ടുവന്തി
(സസോമഃ) ഹിതം
ആജിം യഥാ അഗൻ — ധനപ്രാപകത്വേന ഹിതകരം യുദ്ധം ശൂരഇവ പാത്രമാഗച്ഛതി

അർത്ഥം–അല്ലയോ സോമ, യുവതി പ്രിയപ്പെട്ട കാമുകനെ സ്തുതിക്കുന്നപോലെ, ശബ്ദങ്ങളവിടുത്തെ നേരെ സ്തുതിക്കുന്നു. ധനലാഭകരമെന്ന നിലയിൽ ഹിതകരമായ യുദ്ധത്തിന്നു് ശൂരനായ പടയാളിപോലെ, ആ സോമൻ പാത്രത്തിലേയ്ക്കു വരുന്നു.

6 അസ്മേധേഹിദ്യുമദ്യശോ

മഘവദ്ഭ്യശ്ചമഹ്യഞ്ച

സനിംമേധാമുതശ്രവഃ

അന്വയം:—

(ഹേ സോമ,) അസ്മേ
മഘവൽ-ഭ്യഃ ച — ഹവിഷ്മദ്ഭ്യഃ
മഹ്യം ച ദ്യു-മൽ — ദീപ്തിമൽ
യശഃ ധേഹി — അന്നം ദേഹി
(കിഞ്ച) സനിം, മേധാം,
ഉത ശ്രവഃ — ധനം, പ്രാജ്ഞാം കീർത്തിഞ്ച ധേഹി

അർത്ഥം—അല്ലയോ സോമ, ഈ ഹവിർദ്ധനന്മാരായ ഞങ്ങൾക്കും എനിക്കും തിളക്കമുറ്റ അന്നം തന്നരുളിയാലും. പിന്നെ, ധനവും ജ്ഞാനവും കീർത്തിയും തന്നരുളിയാലും.

വർഗ്ഗം—23 ആപ്ത്യസ്ത്രിതഃ ഋഷിഃ

1 പ്രസോമാസോവിപശ്ചി
തോപാന്നയന്ത്യൂർമ്മയഃ
വനാനിമഹിഷാഇവ

അന്വയം:—

വിപഃ-ചിതഃ
സോമാസഃ — മേധാവിനസ്സോമാഃ
അപാം ഊർമ്മയഃ ന — തായഥാസന്തതമുത്ഭവന്തി തദ്വൽ
വനാനി മഹിഷാഃ-ഇവ — പ്രവൃദ്ധാമൃഗാഇവ ച
പ്ര യന്തി — പാത്രാണി പ്രതി പ്രഗച്ഛന്തി

അർത്ഥം—പ്രജ്ഞാനമിയന്ന സോമങ്ങൾ ജലങ്ങൾ തിളച്ച് പുളച്ചുവരുന്നപോലെയും, പെരിയ മൃഗങ്ങൾ കാടുകളെ പൂകുന്നപോലെയും പാത്രങ്ങളെ പ്രാപിക്കുന്നു.

2 അഭിദ്രോണാനിബഭ്രവ
ശ്ശുക്രാഋതസ്യധാരയാ
വാജങ്ഗോമന്തമക്ഷരൻ

അന്വയം:—
ബഭ്രവഃ, ശുക്രാഃ — ബഭ്രുവർണ്ണാഃ, ദീപ്താസ്സോമാഃ
ഋതസ്യ ധാരയാ — അമൃതസ്യ ധാരാകാരേണ
ഗോ-മന്തം വാജം
അക്ഷരൻ — ബഹുഗോയുക്തമന്നം ക്ഷരന്തി
(തേ) ദ്രോണാനി അഭി — അഭിക്ഷരന്തി
(യദ്യപി ദ്രോണകലശഏക ഏവ തഥാപി തൽപ്രാധാന്യാ
ദിതരേപിപാത്രാ ദ്രോണാ ഇത്യുച്യന്തേ.)

അർത്ഥം—തവിട്ടുനിറമുററവയും കാന്തങ്ങളുമായ സോമങ്ങൾ അമൃതമൊഴുക്കിക്കൊണ്ടു് വളരെ പശുക്കളോടൊത്ത അന്നത്തെയാണൊഴുക്കുന്നതു്. (ഹോമത്തിന്നു് സോമരസം സംഭൃതമാകുമ്പോൾതന്നെ സമ്പത്തു വർദ്ധിക്കുന്നു.) അവ ദ്രോണകലശങ്ങളെ പ്രാപിക്കുന്നു. (ദ്രോണകലശം ഒന്നേ ഉള്ളു എങ്കിലും അതിന്റെ പ്രാധാന്യംകൊണ്ടു് മററു പാത്രങ്ങളും ആ പേരിൽ പറയപ്പെടുന്നു.)

3 സുതാഇന്ദ്രായവായവേ
വരുണായമരുദ്ഭ്യഃ
സോമാഅർഷന്തിവിഷ്ണവേ

അന്വയം:—
സുതാഃ സോമാഃ — അഭിഷുതാസ്സോമാഃ
ഇന്ദ്രായ, വായവേ,
വരുണായ മരുൽ-ഭ്യഃ,
വിഷ്ണവേ, അർഷന്തി — ഗച്ഛന്തി

അർത്ഥം—സംസ്കരിക്കപ്പെട്ട സോമങ്ങൾ ഇന്ദ്രന്നും വായുവിന്നും വരുണന്നും മരുത്തുക്കൾക്കും വിഷ്ണുവിന്നും വേണ്ടി പാത്രത്തെ പ്രാപിക്കുന്നു.

4 തിസ്രോവാചഉദീരതേ
ഗാവോമിമന്തിധേനവഃ
ഹരിരേതികനിക്രദൽ

അന്വയം:-

| | |
|---|---|
| തിസ്രഃ വാചഃ | — ഋഗാദിഭേദേന ത്രിവിധാസ്സ്തുതീഃ |
| ഉൽ ഈരതേ | — ഋത്വിജഃ പ്രോൽഗമയന്തി |
| ധേനവഃ ഗാവഃ | — ആശിരേണ പ്രീണയിത്ര്യസ്താഃ |
| മിമന്തി | — ദോഹാർത്ഥം ശബ്ദയന്തി |
| ഹരിഃ കനിക്രദൽ ഏതി | — ഹരിതവർണ്ണസ്സോമശ്ശബ്ദം കുർവ്വൻ കലശം ഗച്ഛതി |

അർത്ഥം—ഋഗ്യജുസ്സാമഭേദങ്ങളോടുകൂടിയ മൂന്നുവിധത്തിലുള്ള സ്തുതികളെ ഋത്വിക്കുകൾ പുറത്തുവിടുന്നു. സോമത്തിൽ പാൽ, തൈർ മുതലായവയുടെ ചേർച്ചകൊണ്ട് സന്തോഷിപ്പിക്കുന്ന പശുക്കൾ കറവിന്നുവേണ്ടി ശബ്ദിക്കുന്നു. പച്ചനിറമുററ സോമൻ ശബ്ദമുണ്ടാക്കിക്കൊണ്ട്, ദ്രോണകലശത്തെ പ്രാപിക്കുന്നു.

5 അഭിബ്രഹ്മീരനൂഷത

യഹ്വീരൃതസ്യമാതരഃ

മർമൃജ്യന്തേദിവശ്ശിശും

അന്വയം:-

| | |
|---|---|
| യഹ്വീഃ, ഋതസ്യ മാതരഃ | — മഹത്യഃ, യജ്ഞസ്യ നിർമ്മാത്ര്യഃ |
| ബ്രഹ്മീഃ | — ബ്രാഹ്മണപ്രേരിതാ സ്തുതയഃ |
| ദിവഃ ശിശും | — ദ്യുദേവതായാശ്ശിശുസ്ഥാനീയം സോമം |
| അഭി അനൂഷത | — അഭിഷ്ടുവന്തി |
| (കിഞ്ചതമേവ) | |
| മർമൃജ്യന്തേ | — മൃജന്തി |

അർത്ഥം—മഹത്വമുററവയും യജ്ഞമുണ്ടാക്കുന്നവയുമായി, ബ്രാഹ്മണരാൽ ചൊല്ലപ്പെട്ട സ്തുതികൾ ദ്യുലോകദേവതയുടെ കുട്ടിയായ സോമനെ പുകഴ്ത്തുന്നു. അവിടുത്തെത്തന്നെ തലോടുന്നു.

6 രായസ്സമുദ്രാംശ്ചതു
രോസ്മഭ്യംസോമവിശ്വതഃ
ആപവസ്വസഹസ്രിണഃ വ·23

അന്വയം:—
ഹേ സോമ, രായഃ
ചതുരഃ സമുദ്രാൻ — ധനപൂർണ്ണാൻ സമുദ്രാൻ
അസ്മഭ്യം വിശ്വതഃ ആ
പവസ്വ — സർവ്വതഃ ക്ഷര
(തഥാ) സഹസ്രിണഃ — അപരിമിതാൻ കാമാനാ പവസ്വ
(ചതുസ്സമുദ്രമുദ്രിതഭൂമണ്ഡലസ്വാമിത്വമേവാശാസ്തേ.)

അർത്ഥം—അല്ലയോ സോമ, ധനപൂർണ്ണങ്ങളായ നാലു സമുദ്രങ്ങൾ ഞങ്ങൾക്ക ചുററുമൊഴുക്കിയാലും. (നാലു സമുദ്രങ്ങൾ ചുററിയ ഭൂമണ്ഡലത്തിന്റെ അധീശത്വം തന്നരുളിയാലും.) അതുപോലെ അപരിമിതങ്ങളായ അഭീഷ്ടങ്ങളുമൊഴുക്കിയാലും.

വർഗ്ഗം—24

1 പ്രസുവാനോധാരയാത
നേന്ദുർഹിന്വാനോഅർഷതി
രുജദ്ദൃള്ഹാവ്യോജസാ

അന്വയം:—
ഇന്ദുഃ സുവാനഃ,
ഹിന്വാനഃ — സൂയമാനഃ, അധ്വര്യുണാ പ്രേര്യമാണഃ
ധാരയാ തനാ പ്ര അർഷതി — പവിത്രം പ്രഗച്ഛതി
(അഥ പ്രത്യക്ഷകൃതഃ)
ദൃള്ഹാ — ദൃഢാന്യപി ശത്രുപുരാണി
ഓജസാ വി രുജൽ — വിരുജയതി, വിശ്ലഥയതി

അൎത്ഥം—സോമൻ സംസ്കരിക്കപ്പെടുന്നവനും അധ്വര്യുവാൽ പ്രേരിപ്പിക്കപ്പെടുന്നവനുമായി, ധാരയായി ദശാപവിത്രത്തിലേക്കൊഴുകുന്നു. ഉറപ്പുററ ശത്രുപുരങ്ങളെയും ബലത്താൽ പിളൎക്കുന്നു.

2 സുതഇന്ദ്രായവായവേ
വരുണായമരുദ്ഭ്യഃ
സോമോഅൎഷതിവിഷ്ണവേ

അന്വയം:—

സുതഃ സോമഃ — അഭിഷുതസ്സോമഃ
ഇന്ദ്രായ, വായവേ
വരുണായ മരുൽ-ഭ്യഃ വിഷ്ണവേ അൎഷതി-ഗച്ഛതി

അർത്ഥം—സംസ്കരിക്കപ്പെട്ട സോമൻ ഇന്ദ്രനും വായുവിന്നും വരുണന്നും മരുത്തുക്കൾക്കും വിഷ്ണുവിന്നും വേണ്ടി പാത്രത്തിലേക്കൊഴുകുന്നു.

3 വൃഷാണംവൃഷഭിര്യതം
സുന്വന്തിസോമമദ്രിഭിഃ
ദുഹന്തിശക്മനാപയഃ

അന്വയം:—

വൃഷാണം, യതം സോമം — രസസേക്താരം, നിയതം സോമം
വൃഷ-ഭിഃ അദ്രി-ഭിഃ
സുന്വന്തി — ഗ്രാവഭിരഭിഷുണ്വന്തി
ശക്മനാ പയഃ ദുഹന്തി — അധ്വര്യവഃ കൎമ്മണാ സോമരസം ദുഹന്തി

അൎത്ഥം—രസം ത്രുകുന്നവനും ഒരേമട്ടൊഴുകുന്നവനുമായ സോമനെ ചാർ ഒഴുകുന്ന പിടിക്കല്ലുകളാൽ അധ്വര്യുക്കൾ സംസ്കരിക്കുന്നു. അവർ കൎമ്മത്താൽ ചാർ കറന്നെടുക്കുന്നു.

4 ഭുവത്ത്രിതസ്യമജ്ജ്യാ
ഭുവദിന്ദ്രായമത്സരഃ
സംരൂപൈരജ്യതേഹരിഃ

അന്വയം:—

| | |
|---|---|
| ത്രിതസ്യ | — സൂക്തദ്രഷ്ടുരൃഷേസ്സോയം |
| മത്സരഃ മജ്ജ്യഃ ഭുവൽ | — മദകരസ്സോമശ്ശുദ്ധോഭവതി<br>തസ്യയാഗാർത്ഥം<br>ശേഷപാനാർത്ഥഞ്ച |
| (തഥാ) ഇന്ദ്രായ ഭുവൽ | — ഇന്ദ്രപാനായ മജ്ജ്യാഭൂൽ |
| രൂപൈഃ ഹരിഃ സം<br>അജ്യതേ | — ക്ഷീരാദിഭിർഹരിതവർണ്ണഃ |

അർത്ഥം—സൂക്തദ്രഷ്ടാവായ ത്രിതർഷിക്കു ചേർന്ന ഹർഷകരനായ ഈ സോമൻ ശുദ്ധനായി ഭവിക്കുന്നു. (തന്റെ യാഗത്തിന്നും തനിക്കു ശേഷംകൊള്ളാനും). അതുപോലെ ഇന്ദ്രന്നു കുടിക്കാൻവേണ്ടി ശുദ്ധനായിത്തീരുന്നു. പാൽ മുതലായവയാൽ വിവിധ രൂപങ്ങളൊത്തു് പച്ചനിറമുററവനായിരിക്കുന്നു.

5 അഭീമൃതസ്യവിഷ്ടപ്
ന്ദുഹതേപൃശ്നിമാതരഃ
ചാരുപ്രിയതമംഹവിഃ

അന്വയം:—

| | |
|---|---|
| ഋതസ്യ വിഷ്ടപം ഈം | — യജ്ഞസ്യാശ്രയമേനം സോമം |
| ചാരു പ്രിയ-തമം<br>ഹവിഃ | — മനോഹരം ഹോമസാധനം |
| പൃശ്നി-മാതരഃ അഭി<br>ദുഹതേ | — മരുതഃ ദുഹന്തി |

അർത്ഥം-യജ്ഞാശ്രയനായ ഈ സോമനെ മനോഹരവും ഹോമാർഹവുമായ ഹവിസ്സായി പൃശ്നിപുത്രന്മാരായ മരുത്തുക്കൾ കറക്കുന്നു.

6 സമേനമഹ്രുതാഇമാ

ഗിരോഅർഷന്തിസസ്രുതഃ

ധേനുർവാശ്രോഅവീവശൽ

വ. 24

അന്വയം:–

അഹ്രുതാഃ, സ–സ്രുതഃ — അകുടിലാഃ, സരന്ത്യഃ
ഇമാഃ ഗിരഃ ഏനം സം
അർഷന്തി — സ്തുതയസ്സോമം സങ്ഗച്ഛന്തേ
(സോമഃ) ധേനുഃ — പ്രീണയിത്രീസ്താസ്തുതീഃ
വാശ്രഃ അവീവശൽ — ശബ്ദയന്ഥ്സൻ കാമയതേ

അർത്ഥം–ആർജ്ജവമുററവയും ഒഴുകുന്നവയുമായ നമ്മുടെ സ്തുതികൾ ഈ സോമനോടു ചേരുന്നു. പ്രീതിപ്പെടുത്തുന്ന ആ സ്തുതികളെ സോമൻ ശബ്ദിക്കുന്നവനായി കാമിക്കുന്നു.

വർഗ്ഗം–25 ആങ്ഗിരസഃ പ്രഭുവസുഃ ഋഷിഃ

1 ആനഃപവസ്വധാരയാ

പവമാനരയിംപൃഥും

യയാജ്യോതിർവിദാസിനഃ

അന്വയം:–

ഹേ പവമാന,
ധാരയാ നഃ — പ്രവാഹേണാസ്മാകം
യയാ ജ്യോതിഃ
നഃ വിദാസി — ദ്യോതമാനം സ്വർഗ്ഗമസ്മാകം
യഥാലംഭയസി തഥാ
പൃഥും രയിം ആ പവസ്വ — പ്രഭൂതം ധനം സർവ്വതഃ ക്ഷര

അർത്ഥം–അല്ലയോ ശുദ്ധികരനായ സോമ, അവിടുത്തെ ധാരയാൽ ഞങ്ങൾക്കു് സ്വർഗ്ഗത്തെ നേടിത്തരുന്നപോലെ, വിസ്തീർണ്ണമായ സമ്പത്തും ഏമ്പാടുമൊഴുക്കിയാലും. (പാരത്രിക സുഖവും ഐഹികസുഖവും തന്നരുളിയാലും.)

2 ഇന്ദോ॑സമുദ്രമീങ്ഖയ॒

പവ॑സ്വവിശ്വമേജയ

രാ॒യോധ॒ൎത്താന॒ഓ॑ജസാ

അന്വയം:—

| | |
|---|---|
| ഹേ സമുദ്രം—ഈങ്ഖയ, | |
| ഇന്ദോ, | — ഉദകപ്രേരക, സോമ, |
| വിശ്വം-ഏജയ, | — സൎവ്വസ്യാസ്മച്ഛത്രോഃ കമ്പയിതഃ, ത്വം |
| ഓജസാ നഃ | — ബലേനാസ്മഭ്യം |
| രായഃ ധൎത്താ പവസ്വ | — ധനസ്യ ധാരകസ്സൻ ക്ഷര |

അൎത്ഥം—അല്ലയോ ഉദക (വൎഷ) പ്രേരകനായ സോമ, ഞങ്ങളുടെ എല്ലാ ശത്രുക്കളെയും വിറപ്പിക്കുന്നവനേ, ബലത്തോടുകൂടി ഞങ്ങൾക്കു് ധനമേന്തുന്നവനായി ഒഴുകിവന്നാലും.

3 ത്വയാ॑വീ॒രേണ॑വീര

വോ॒ഭിഷ്യാ॑മപൃതന്യ॒തഃ

ക്ഷ॑രാണോഅ॒ഭിവാര്യം॑

അന്വയം:—

| | |
|---|---|
| ഹേ വീര-വഃ, | — വീരവന്ഥ്സോമ, |
| വീരേണ ത്വയാ | — സഹായേന |
| പൃതന്യതഃ അഭി സ്യാമ | — സങ്ഗ്രാമമിച്ഛതശ്ശത്രൂനഭി ഭവേമ |
| നഃ വാര്യം അഭി ക്ഷര | — വരണീയം ധനമഭിഗമയ |

അൎത്ഥം—വീരന്മാരോടുകൂടിയ സോമ, വീരകൎമ്മാവായ അവിടുന്നാകുന്ന സഹായനോടുകൂടി യുദ്ധമിച്ഛിക്കുന്ന ശത്രുക്കളെ ഞങ്ങൾ കീഴടക്കാവൂ. ഞങ്ങൾക്കു ശ്രേഷ്ഠധനമെത്തിച്ചാലും.

4 പ്രവാജമിന്ദുരിഷ്യതി
സിഷാസൻവാജസാഋഷിഃ
വ്രതാവിദാനആയുധാ

അന്വയം:—

വാജ-സാഃ, ഋഷിഃ — അന്നസ്യദാതാ സർവ്വസ്യദ്രഷ്ടാ
വ്രതാ ആയുധാ വിദാനഃ — കർമ്മാണ്യായുധാനി ച ജാനൻ
ഇന്ദുഃ സിസാസൻ — സോമോയജമാനാൻ സംഭക്തുമിച്ഛൻ
വാജം പ്ര ഇഷ്യതി — യജമാനേഭ്യോന്നം പ്രേരയതി

അർത്ഥം—അന്നദാതാവും എല്ലാം കാണുന്നവനും കർമ്മങ്ങളെയുമായുധങ്ങളെയും (യജ്ഞത്തെയും യുദ്ധത്തെയും) അറിയുന്നവനുമായ സോമൻ യജമാനന്മാരെ പ്രാപിക്കാനിച്ഛിക്കുന്നവനായി (അവരിൽ അനുഗ്രഹകാംക്ഷിയായി) അന്നമെത്തിക്കുന്നു.

5 തങ്ഗീർഭിർവ്വാചമീങ്ഖയം
പുനാനംവാസയാമസി
സോമഞ്ജനസ്യഗോപതിം

അന്വയം:—

വാചം-ഈങ്ഖയം — വാചഃ പ്രേരയിതാരം
പുനാനം സോമം
ഗീഃ-ഭിഃ — പൂയമാനം തം സ്തുതിവാഗ്ഭി സ്സ്തൗമി
ജനസ്യ ഗോ-പതിം — ഗവാംപതിം സോമം
തം വാസയാമസി — സ്തുതിഭിർവ്വാസയാമഃ

അർത്ഥം-ഉള്ളിലിരുന്നു വാക്കുകളെ പ്രേരിപ്പിക്കുന്നവനും ശുദ്ധികരനുമായ സോമനെ സ്തുതിവചനങ്ങളാൽ പുകഴ്ത്തുന്നു.

ഉപാസകർ, ജനത്തിന്നു് പശുപാലകനായ അവിടത്തെ സ്തുതികൾകൊണ്ടു് മൂടുന്നു, പുതപ്പിക്കുന്നു.

6 വിശ്വായസ്യവ്രതേജനോ
ദാധാരധർമ്മണസ്പതേഃ
പുനാനസ്യപ്രഭൂവസോഃ വ. 25

അന്വയം:-

| | |
|---|---|
| വിശ്വാഃ ജനഃ | — സർവ്വേമനുഷ്യഃ, യജമാനഃ |
| ധർമ്മണഃ പതേഃ | — കർമ്മണഃ പാലകസ്യ |
| പുനാനസ്യ പ്രഭു-വസോഃ | — പൂയമാനസ്യ, പ്രഭൂതധനസ്യ സോമസ്യ |
| യസ്യ വ്രതേ ദാധാര | — യസ്യ കർമ്മണി മനോധാരയതി, തം സ്തൗമി |

അർത്ഥം-കർമ്മപാലകനും ശുദ്ധികരനും മഹാധനനുമായ യാതൊരു സോമന്റെ കർമ്മത്തിൽ എല്ലാ യജമാനന്മാരും മനസ്സു നിർത്തുന്നുവോ, ആ സോമനെ സ്തുതിക്കുന്നു.

വർഗ്ഗം-26.

1 അസർജ്ജിരഥ്യോയഥാ
പവിത്രേചമ്വോസ്സുതഃ
കാർഷ്മൻവാജീന്യക്രമീൽ

അന്വയം:-

| | |
|---|---|
| രഥ്യഃ യഥാ | — രഥാശ്വഃ, സയഥാവിസൃജ്യതേ തദ്വൽ |
| ചമ്വോഃ സുതഃ | — അഭിഷവണഫലകയോരഭിഷുതസ്സോമഃ |
| പവിത്രേ അസർജ്ജി | — ദശാപിത്രേ സൃഷ്ടോഭൂൽ |

| | |
|---|---|
| വാജീ കാർഷ്മൻ | — വേജനവാൻ സോമാഖ്യാശ്വഃ ദേവാനാമാകർഷണവതി യജ്ഞരൂപേ സങ്ഗ്രാമേ |
| നി അക്രമീൽ | — ക്രാമയതി (കാർഷ്മ ഇതരേതരാകർഷണാൽ യുദ്ധം) |

അർത്ഥം–തേക്കുതിര വിടപ്പെടുന്നപോലെ, സംസ്കരിക്കുന്ന ഇരുപലകയിൽനിന്നു് സോമൻ ദശാപവിത്രത്തിൽ വിടപ്പെട്ടു. വേഗവാനായ സോമനാകുന്ന കുതിര ദേവന്മാരെ ആകർഷിക്കുന്ന യജ്ഞമാകുന്ന യുദ്ധത്തിൽ കടന്നുചെല്ലുന്നു.

2 സവഹ്നിസ്സോമജാഗൃവിഃ

പവസ്വദേവവീരതി

അഭികോശംമധുശ്ചുതം

**അന്വയം:–**

| | |
|---|---|
| ഹേ സോമ, സഃ വഹ്നിഃ | — വാഹകഃ |
| ജാഗൃവിഃ, ദേവ–വീഃ | — ജാഗരൂകഃ, ദേവകാമസ്ത്വം |
| മധു–ശ്ചുതം കോശം | — മധുസ്രാവിണം ദശാപവിത്രം |
| അഭി പവസ്വ | — അതിക്രമ്യ ദ്രോണകലശം പ്രതിക്ഷര |

അർത്ഥം—അല്ലയോ സോമ, ജഗത്തു വഹിക്കുന്നവനും ഉണർവ്വുറ്റവനും ദേവകാമനുമായ അവിടുന്നു് മധുരരസം തൂകുന്ന ദശാപവിത്രത്തെക്കവിഞ്ഞു് ദ്രോണകലശത്തിലേയ്ക്കൊഴുകിയാലും.

3 സനോജ്യോതീംഷിപൂർവ്വ്യ

പവമാനവീരോചയ

ക്രത്വേദക്ഷായനോഹിനു

അന്വയം:—

ഹേ പൂർവ്യ, പവമാന, — പുരാണ, സോമ,
സഃ (ത്വം) നഃ ജ്യോ
തീംഷി വി രോചയ — അസ്മാകം ദിവ്യാനി സ്ഥാനാനി
പ്രകാശയ
(കിഞ്ച) ദക്ഷായ ക്രതവേ — ബലപ്രദായ യാഗായ
നഃ ഹിനു — അസ്മാൻ പ്രേരയ

അർത്ഥം—അല്ലയോ പുരാണനായ സോമ, അവിടുന്നു് ഞങ്ങൾക്ക ദിവ്യങ്ങളായ സ്ഥാനങ്ങൾ തെളിയിച്ചാലും. (അതിനുവേണ്ടി) ബലപ്രദമായ യാഗത്തിന്നായി ഞങ്ങളെ പ്രേരിപ്പിച്ചാലും.

4 ശുംഭമാനഋതായുഭി
മൃജ്യമാനോഗഭസ്ത്യോഃ
പവതേവാരേഅവ്യയേ

അന്വയം:—

ഋതായുഭിഃ ശുംഭമാനഃ — യജ്ഞകാമൈരൃത്വിഗ്ഭി
രലങ്ക്രിയമാണഃ
(തേഷാമേവ) ഗഭസ്ത്യോഃ
മൃജ്യമാനഃ — ഹസ്തയോഃ പൂയമാനഃ സോമഃ
അവ്യയേ വാരേ പവതേ — അവിമയേവാലേ, ദശാപവിത്രേ
പൂയതേ

അർത്ഥം—യജ്ഞേച്ഛുക്കളായ ഋത്വിക്കുകളാൽ അലങ്കരിക്കപ്പെടുന്നവനും അവരുടെ തന്നെ കൈകളിൽ ശുദ്ധീകരിക്കപ്പെടുന്നവനുമായ സോമൻ ആട്ടിൻരോമമാന്ന ദശാപവിത്രത്തിൽ അരിച്ചുവൃത്തിയാക്കപ്പെടുന്നു.

5 സവിശ്വാദാശുഷേവസു

സോമോദിവ്യാനിപാർത്ഥിവാ

പവതാമാന്തരിക്ഷ്യാ

അന്വയം:—

| | |
|---|---|
| സഃ സോമഃ | — അഭിഷൂയമാണസ്സോമഃ |
| ദിവ്യാനി, പാർത്ഥിവാ,<br>അന്തരിക്ഷ്യാ | — ദിവിഭവാനി, പൃഥിവ്യാം ഭവാനി, അന്തരിക്ഷേ ഭവാനി ച |
| വിശ്വാ വസു | — സർവ്വാണി ധനാനി |
| ദാശുഷേ ആ പവതാം | — ഹവിർദ്ദാത്രേ ആഭിമുഖ്യേന പ്രയച്ഛതു |

അർത്ഥം—സംസ്കരിക്കപ്പെടുന്ന സോമൻ ദ്യോവിലും ഭുവിലുമന്തരിക്ഷത്തിലുമുള്ള എല്ലാ ധനങ്ങളും ഹവിസ്സേകുന്ന യജമാനന്നു നേരെ കൊടുക്കട്ടെ.

6 ആദിവസ്പൃഷ്ഠമശ്വയു

ർഗ്ഗവ്യയുസ്സോമരോഹസി

വീരയുശ്ശവസസ്പതേ വ. 26

അന്വയം:—

| | |
|---|---|
| ഹേ ശവസഃ പതേ,<br>സോമ, | — അന്നസ്യപാലക, സോമ, |
| (ത്വം സ്തോതൄണാം) | |
| അശ്വ–യുഃ | — അശ്വമിച്ഛൻ |
| ഗവ്യ–യുഃ, വീര–യുഃ | — ഗാ ഇച്ഛൻ, പുത്രാനിച്ഛൻ |
| ദിവഃ പൃഷ്ഠം ആ<br>രോഹസി | — സ്വർഗ്ഗമാഹുതിദ്വാരാരോഹസി |

അർത്ഥം–അല്ലയോ അന്നപാലകനായ സോമ, അവിടുന്നു സ്തോതാക്കൾക്ക് കുതിരയെയും പശുക്കളെയും പുത്രന്മാരെയുമിച്ഛിക്കുന്നവൻ, ആശംസിക്കുന്നവനായിട്ടാണ് ആഹുതിമാർഗ്ഗത്തിലൂടെ സ്വർഗ്ഗത്തിലേക്ക് കയറിപ്പോകുന്നത്.

വർഗ്ഗം–27 ആങ്ഗിരസോരഹൂഗണഃ ഋഷിഃ

1 സസുതഃപീതയേവൃഷാ
സോമഃപവിത്രേഅർഷതി
വിഘ്നന്രക്ഷാംസിദേവയുഃ

അന്വയം:–

| | |
|---|---|
| പീതയേ സുതഃ | — ഇന്ദ്രാദീനാം പാനായാഭിഷുതഃ |
| ദേവയുഃ സഃ സോമഃ | — ദേവകാമസ്സഃ |
| രക്ഷാംസി വി-ഘ്നൻ, | |
| വൃഷാ | — നിഘ്നൻ, കാമാനാം വർഷണശ്ച സൻ |
| പവിത്രേ അർഷതി | — ദശാപവിത്രേ ഗച്ഛതി |

അർത്ഥം–ഇന്ദ്രാദിദേവന്മാർക്കു കുടിക്കാനായി സംസ്കരിക്കപ്പെട്ടവനും ദേവകാമനുമായ സോമൻ രക്ഷസ്സുകളെ ഹനിച്ചുകൊണ്ടും (ഉപാസകന്മാർക്ക്) കാമവർഷകനായും ദശാപവിത്രത്തിലൂടെ ഒഴുകുന്നു.

2 സപവിത്രേവിചക്ഷണോ
ഹരിരർഷതിധർണ്ണസിഃ
അഭിയോനിങ്കനിക്രദൽ

അന്വയം:–

| | |
|---|---|
| വി–ചക്ഷണഃ ധർണ്ണസിഃ | സർവ്വസ്യ ദ്രഷ്ടാ, ധാരകഃ |
| സഃ ഹരിഃ പവിത്രേ അർഷതി | ഹരിതവർണ്ണസ്സോമഃ ദശാപവിത്രേ ഗച്ഛതി |
| (പശ്ചാൽ) കനിക്രദൽ | ശബ്ദം കുർവ്വൻ |
| യോനിം അഭി | സ്ഥാനം, ദ്രോണകലശമഭിഗച്ഛതി |

അർത്ഥം–എല്ലാം കാണുന്നവനും താങ്ങുന്നവനും പച്ചനിറമുററവനുമായ ആ സോമൻ ദശാപവിത്രത്തിലൊഴുകുന്നു. പിന്നെ, ശബ്ദമുണ്ടാക്കിക്കൊണ്ടു് സ്വസ്ഥാനമായ ദ്രോണകലശത്തെ നേരെ പ്രാപിക്കുന്നു.

3 സവാജീരോചനാദിവഃ
പവമാനോവിധാവതി
രക്ഷോഹാവാരമവ്യയം

അന്വയം:–

| | |
|---|---|
| സഃ വാജീ | വേജനവാനശ്വസ്ഥാനീയഃ |
| ദിവഃ രോചനാ | ദ്യുലോകസ്യ രോചകഃ |
| രക്ഷഃ–ഹാ പവമാനഃ | രക്ഷസാം ഹന്താ, പൂയമാനസ്സോമഃ |
| അവ്യയം വാരം വി ധാവതി | ദശാപവിത്രമതീത്യ ധാവതി |

അർത്ഥം–വേഗവാനായ കുതിരപോലെയുള്ളവനും ദ്യോവിനെ പ്രകാശിപ്പിക്കുന്നവനും രക്ഷസ്സുകളുടെ ഹന്താവും ശുദ്ധികരനുമായ സോമൻ ആട്ടിൻരോമമുററ ദശാപവിത്രത്തെ കടന്നൊഴുകുന്നു.

4 സത്രിതസ്യാധിസാനവി
പവമാനോഅരോചയൽ
ജാമിഭിസ്സൂര്യംസഹ

അന്വയം:—

സഃ ത്രിതസ്യ അധി
സാനവി — ഋഷേസ്സമുച്ഛ്രിതേ യജ്ഞേ
പവമാനഃ, ജാമി—ഭിഃ
സഹ — പൂയമാനഃ, ബന്ധുഭൂതൈ
സ്തേജോഭിസ്സഹിതസ്സൻ
സൂര്യം അരോചയൽ — പ്രകാശിതവാൻ

അർത്ഥം—ആ സോമൻ ത്രിതർഷിയുടെ ഉത്തമമായ യാഗത്തിൽ ശുദ്ധികരനായി, ബന്ധപ്പെട്ട മററു തേജസ്സുകളോടുകൂടി സൂര്യനെ പ്രകാശിപ്പിച്ചു.

5 സവൃത്രഹാവൃഷാസുതോ

വരിവോവിദദാഭ്യഃ

സോമോവാജമിവാസരൽ

അന്വയം:—

സുതഃ, വൃത്ര—ഹാ, വൃഷാ — അഭിഷുതഃ, ശത്രുഹന്താ, വർഷകഃ
വരിവഃ—വിൽ — യഷ്ടുർധനസ്യ ലംഭകഃ
അദാഭ്യഃ സഃ സോമഃ — അന്യൈരദംഭനീയസ്സോമഃ
വാജം—ഇവ അസരൽ — സങ്ഗ്രാമമശ്വ ഇവ
ദ്രോണകലശം ഗച്ഛതി

അർത്ഥം—സംസ്കരിക്കപ്പെട്ടവനും ശത്രുഹന്താവും ഫലവർഷകനും, യാഗാനുഷ്ഠാതാവിന്ന് ധനം നേടിക്കൊടുക്കുന്നവനും ആരാലും ഹിംസിക്കപ്പെടാൻ പററാത്തവനുമായ ആ സോമൻ പടക്കളത്തെ കുതിര എന്നപോലെ ദ്രോണകലശത്തെ പ്രാപിക്കുന്നു.

6 സദേവഃകവിനേഷി

തോഽഽഭിദ്രോണാനിധാവതി

ഇന്ദുരിന്ദ്രായമംഹനാ വ. 27

അന്വയം:–

സഃ ദേവഃ ഇന്ദുഃ — ക്ലിദ്യമാനസ്സോമഃ
കവിനാ ഇഷിതഃ — ക്രാന്തപ്രജ്ഞേനാധ്വര്യുണാ പ്രേരിതസ്സൻ
ഇന്ദ്രായ ദ്രോണാനി — ഇന്ദ്രാർത്ഥം ദ്രോണകലശാൻ
അഭി ധാവതി — അഭിഗച്ഛതി
മംഹനാ — സമഹാൻ

അർത്ഥം–ആ ദേവനായ, നനവിയന്ന സോമൻ കവിഞ്ഞ അറിവൊത്ത അധ്വര്യുവിനാൽ പ്രേരിതനായി, ഇന്ദ്രനുവേണ്ടി ദ്രോണകലശങ്ങളെ (കലശത്തെ) പ്രാപിക്കുന്നു. അവിടുന്നു മഹാനാണ്.

### വർഗ്ഗം–28

1 ഏഷഉസ്യവൃഷാര
ഥോവ്യോവാരേഭിരർഷതി
ഗച്ഛൻവാജംസഹസ്രിണം

അന്വയം:–

സ്യഃ ഏഷഃ വൃഷാ — പ്രസിദ്ധഃ അഭിഷുതഃ വർഷിതാ സോമഃ
രഥഃ അവ്യഃ വാരേഭിഃ — രംഹണശീലഃ അവേർവ്വാലൈഃ, ദശാപവിത്രേണ
സഹസ്രിണം വാജം ഉ — സഹസ്രസംഖ്യാകം ധനം യജമാനായ ദാതുമേവ
ഗച്ഛൻ അർഷതി — ദ്രോണകലശം പ്രവിശൻ ഗച്ഛതി

അർത്ഥം–പ്രസിദ്ധനും സംസ്കരിക്കപ്പെട്ടവനും കാമവർഷകനുമായ സോമൻ, ഓടുന്ന ശീലമിയന്നവനായി, ആട്ടിൻ രോമമുററ ദശാപവിത്രത്തിലൂടെ യജമാനന്ന് കണക്കററ ധനം നൽകാനായിത്തന്നെ പുറപ്പെട്ട്, ദ്രോണകലശം പ്രാപിക്കുന്നു.

2 ഏതന്ത്രിതസ്യയോഷണോ
ഹരിംഹിന്വന്ത്യദ്രിഭിഃ
ഇന്ദുമിന്ദ്രായപീതയേ

അന്വയം:—

| | |
|---|---|
| ഏതം ഇന്ദും, ഹരിം | — ക്ലിദ്യമാനം, ഹരിതവണ്ണം സോമം |
| ത്രിതസ്യ യോഷണഃ | — ഋഷേരങ്ഗുലയഃ |
| ഇന്ദ്രായ പീതയേ | — ഇന്ദ്രസ്യപാനായ |
| അദ്രി_ഭിഃ ഹിന്വന്തി | — പ്രേരയന്തി |

അർത്ഥം--ഈ നനവിയന്ന പച്ചവർണ്ണമററ സോമത്തെ ത്രിതഷിയുടെ വിരലുകൾ ഇന്ദ്രന്നു കുടിക്കാൻവേണ്ടി പിടിക്കല്ലുകളാൽ സംസ്കരിക്കുന്നു.

3 ഏതന്ത്യംഹരിതോദശ
മമ്മൃജ്യന്തേഅപസ്യുവഃ
യാഭിർമ്മദായശുംഭതേ

അന്വയം:—

| | |
|---|---|
| ഏതം ത്യം | — തം സോമം |
| യാഭിഃ മദായ ശുംഭതേ | — ഹർഷായ ദീപ്യതേ |
| (അധ്വര്യോഃ) ദശ | |
| ഹരിതഃ | — ഹരണസ്വഭാവാഅങ്ഗുലയഃ |
| അപസ്യുവഃ | — കർമ്മേച്ഛാവത്യസ്സത്യഃ |
| മർമൃജ്യന്തേ | — ശോധയന്തി, |

അർത്ഥം—ഈ സോമം, ഏവയാൽ ഹർഷത്തിന്നായി തെളിവിയററപ്പെടുന്നുവോ, അധ്വര്യുവിന്റെ മനോഹാരികളായ ആ പത്തു വിരലുകൾ കർമ്മമിച്ഛിയ്ക്കുന്നവയായി, ശുദ്ധീകരിക്കുന്നു.

4 ഏഷസ്യമാനുഷീഷ്വാ
ശ്യേനോനവിക്ഷുസീദതി
ഗച്ഛഞ്ജാരോനയോഷിതം

അന്വയം:—

സ്യഃ ഏഷഃ — സസോമഃ
മാനുഷീഷു വിക്ഷു — യജമാന രൂപാസു പ്രജാസ്വനുഗ്രഹരൂപേണ
ശ്യേനഃ ന — ശ്യേനഇവ, ശംസനീയഗതിഃ, പക്ഷീരിവ
യോഷിതം ഗച്ഛൻ
ജാരഃ ന — അഭിഗച്ഛഞ്ജാരഇവ, സ യഥാ സങ്കേതിതഃ തസ്യാഃ കാമപൂരണായ ഗൂഢോഗച്ഛതി തദ്വൽ
ആ സീദതി — ആഗച്ഛതി

അർത്ഥം—ആ സോമൻ യജമാനന്മാരായ പ്രജകളിൽ അനുഗ്രഹരൂപത്തോടുകൂടി, ഭംഗിയിൽ പറക്കുന്ന പക്ഷിപോലെയും, കാമപൂരണത്തിന്നു് സങ്കേതസ്ഥലത്തു് യുവതിയെ പ്രാപിക്കുന്ന ജാരനെന്നപോലെയും വന്നുചേരുന്നു.

5 ഏഷസ്യമദ്യോര
സോവചഷ്ടേദിവശ്ശിശുഃ
യഇന്ദുർവ്വാരമാവിശൽ

അന്വയം:—

യഃ ഇന്ദുഃ വാരം ആ അവിശൽ — യസ്സോമഃ പവിത്രമാവിശതി
ദിവഃ ശിശുഃ സ്യഃ ഏഷഃ — ദ്യുപുത്രഃ സസോമഃ
മദ്യഃ രസഃ അവ ചഷ്ടേ — മദനിമിത്തരസഭൃതസ്സൻ സർവ്വമവപശ്യതി

അർത്ഥം–യാതൊരു സോമൻ ദശാപവിത്രത്തിൽ പ്രവേശിക്കുന്നുവോ, ആ ദ്യോവിന്റെ കുട്ടിയായ സോമൻ ഹർഷകരമായ രസമായി ഭവിച്ച് എല്ലാം കാണുന്നു.

6 ഏഷസ്യപീതയേസുതോ
ഹരിരർഷതിധർണ്ണസിഃ
ക്രന്ദൻയോനിമഭിപ്രിയം വ. 28

അന്വയം:–

ഏഷഃ സ്യഃ പീതയേ — സസോമഃ പാനായ
സുതഃ, ഹരിഃ, ധർണ്ണസിഃ — അഭിഷുതഃ, ഹരിതവർണ്ണഃ, സർവ്വസ്യ ധാരകഃ
പ്രിയം യോനിം — പ്രിയഭൃതം സ്ഥാനം, ദ്രോണകലശം
ക്രന്ദൻ അഭി അർഷതി — ശബ്ദയന്നഭിഗച്ഛതി

അർത്ഥം–ആ സോമൻ (ദേവാദികൾക്ക്) കുടിക്കാനായി സംസ്കരിക്കപ്പെട്ട്, പച്ചനിറമിയന്ന്, എല്ലാം താങ്ങുന്നവനായി, പ്രിയഭൃതമായ സ്വസ്ഥാനത്തെ, ദ്രോണകലശത്തെ ശബ്ദിച്ചുകൊണ്ടു നേരെ പ്രാപിക്കുന്നു.

വർഗ്ഗം–29 ആങ്ഗിരസോബൃഹന്മതിഃ ഋഷിഃ

1 ആശുരർഷ്ബൃഹന്മതേ
പരിപ്രിയേണധാമ്നാ
യത്രദേവാഇതിബ്രവൻ

അന്വയം:–

ഹേ ബൃഹൽ–മതേ, — മഹാമതേ, സോമ
പ്രിയേണ ധാമ്നാ — ദേവാനാം പ്രിയതമേന ധാരാരൂപേണ ശരീരേണ

“യത്ര ദേവാഃ” — ‘വർത്തന്തേ താം ദിശം ഗച്ഛാമി’
ഇതി ബ്രുവൻ — ഇത്യുച്ചാരയൻ
ആശുഃ പരി അർഷ — ശീഘ്രസ്സൻ പരിഗച്ഛ

അർത്ഥം—അല്ലയോ മഹാമനസ്സനായ സോമ, ദേവന്മാർക്കേറ്റവുമിഷ്ടമായ അവിടുത്തെ ധാരാരൂപമായ ശരീരത്താൽ “എവിടെ ഇന്ദ്രാദി ദേവന്മാരുണ്ടോ, അവിടെ ഞാൻ പോകുന്നു” എന്നു വിളിച്ചുപറഞ്ഞുകൊണ്ട് വേഗവാനായി വന്നാലും.

2 പരിഷ്കൃണ്വന്നനിഷ്കൃത

ഞ്ജനായയാതയന്നിഷഃ

വൃഷ്ടിന്ദിവഃപരിസ്രവ

അന്വയം:—

(ഹേ സോമ,) അനിഃ—കൃതം
പരി—കൃണ്വൻ — അസംസ്കൃതം യജമാനം സംസ്കുർവ്വൻ
ജനായ ഇഷഃ യാതയൻ — യജമാനായാന്നം നിർഗ്ഗമയൻ
ദിവഃ വൃഷ്ടിം പരി സ്രവ — അന്തരിക്ഷാദ്വൃഷ്ടിമഭിക്ഷര

അർത്ഥം—അല്ലയോ സോമ, അസംസ്കൃതനായ യജമാനനെ സംസ്കരിച്ചുകൊണ്ട്, യജമാനന്ന് അന്നമെത്തിക്കുന്നവനായി അന്തരിക്ഷത്തിൽനിന്നു മഴ പെയ്യിച്ചാലും. (മഴപെയ്യിച്ച് അന്നപുഷ്ടി ഉണ്ടാക്കിയാലും.)

3 സുതഏതിപവിത്രആ

ത്വിഷിന്ദധാനഓജസാ

വിചക്ഷാണോവിരോചയൻ

അന്വയം:—

(സോമഃ) പവിത്രേ സുതഃ
ത്വിഷിം ദധാനഃ — അഭിഷുതസ്സൻ ദീപ്തിം ധാരയൻ
വി-ചക്ഷാണഃ,
വി-രോചയൻ — സർവ്വം പശ്യൻ, ദീപയൻ
ഓജസാ ആ ഏതി — ബലേന ദേവാനാഭിമുഖ്യേന ഗച്ഛതി

അർത്ഥം-സോമൻ ദശാപവിത്രത്തിൽ സംസ്കരിക്കപ്പെട്ടവനായി, പ്രകാശമേന്തിക്കൊണ്ടു്, എല്ലാം കാണുന്നവനും തെളിയിക്കുന്നവനുമായി, ബലത്തോടുകൂടി ദേവന്മാരെ നേരെ പ്രാപിക്കുന്നു.

4 അയംസയോദിവസ്പരി
രഘുയാമാപവിത്രആ
സിന്ധോരൂർമ്മാവ്യക്ഷരൽ

അന്വയം:-

യഃ ദിവഃ പരി
രഘു-യാമാ — ദ്യുലോകസ്യോപരിലഘുഗമനഃ (ദേവപ്രാപ്തൌ)
അയം സഃ പവിത്രേ ആ — സോമോദശാപവിത്രേ സിച്യമാനഃ
സിന്ധോഃ ഊർമ്മാ വി
അക്ഷരൽ — ജലസ്രാവിണ്യാഃ ഊർമ്മൌ സംഘാതേ വിവിധം ക്ഷരതി

അർത്ഥം—ആർ ദ്യുലോകത്തിന്നു മുകളിൽ എളുപ്പം ഗമിക്കുന്നവനായി ദേവപ്രാപ്തിയിലെത്തുന്നുവോ, ആ സോമൻ ദശാപവിത്രത്തിൽ നനവിയററപ്പെടുന്നവനായി ജലധാരകളുടെ സമൂഹത്തിൽ സ്വയമൊഴുകുന്നു.

5 ആവിവാസൻപരാവതോ
അഥോഅവ്വാവതസ്സുതഃ
ഇന്ദ്രായസിച്യതേമധു

അന്വയം:—

| | |
|---|---|
| അഥോ സുതഃ പരാ-വതഃ | അഥാഭിഷുതസ്സോമോദൂര സ്ഥാൻ |
| അർവ്വാ-വതഃ | അന്തികസ്ഥാംശ്ച ദേവാൻ |
| ആ-വിവാസൻ | രസേന പരിചരണായ |
| ഇന്ദ്രായ മധു സിച്യതേ | മധുസദൃശം രസം ക്ഷരതേ |

അർത്ഥം—പിന്നെ, സംസ്കരിക്കപ്പെട്ട സോമൻ ദൂരത്തിലും ചാരത്തിലുമുള്ള ദേവന്മാരെ രസംകൊണ്ടു പരിചരിക്കാനായി ഇന്ദ്രന്നു തേനൊത്ത ചാറൊഴുകുന്നു.

6 സമീചീനാഅനൂഷത
ഹരിംഹിന്വന്ത്യദ്രിഭിഃ
യോനാവൃതസ്യസീദത വ. 29

അന്വയം:—

| | |
|---|---|
| (ഹേ ദേവാഃ,) സം-<br>ഈചീനാഃ അനൂഷത | സങ്ഗതാസ്സ്തോതാരസ്തുവന്തി |
| ഹരിം അദ്രി-ഭിഃ<br>ഹിന്വന്തി | ഹരിതവർണ്ണം സോമം ഗ്രാവഭിഃ പ്രേരയന്തി |
| (തസ്മാൽ) ഋതസ്യ<br>യോനൗ സീദത | യജ്ഞസ്യ സ്ഥാനേ നിഷണ്ണാ ഭവത |

അർത്ഥം—അല്ലയോ ദേവന്മാരേ, സ്തോതാക്കളൊത്തുചേർന്നു നിങ്ങളെ സ്തുതിക്കുന്നു, പച്ചനിറമാറ്റ സോമത്തെ പിടിക്കല്ലു

കളാൽ ഋത്വിക്കുകൾ സംസ്കരിക്കുന്നു. അതിനാൽ യജ്ഞ സ്ഥാനത്തു വന്നിരുന്നാലും.

വർഗ്ഗം—30

1 പുനാനോഅക്രമീദഭി
വിശ്വാമൃധോവിചർഷ്ണിഃ
ശുംഭന്തിവിപ്രന്ധീതിഭിഃ

അന്വയം:—

പുനാനഃ, വി-ചർഷ്ണിഃ — പൂയമാനഃ സർവ്വസ്യദ്രഷ്ടാ സോമഃ

വിശ്വാഃ മൃധഃ അഭി അക്രമീൽ — സർവ്വാൻ ഹിംസകാനതി ക്രാന്തവാൻ

(ഋത്വിജഃ) വിപ്രം ധീതി-ഭിഃ — മേധാവിനം തമഭിഷവാദി കർമ്മഭിഃ

ശുംഭന്തി — ദീപയന്തി, അലങ്കുർവ്വന്തി

അർത്ഥം—ശുദ്ധികരനും എല്ലാം കാണുന്നവനുമായ സോമൻ എല്ലാ ദ്രോഹികളെയുമതിക്രമിച്ചു. ഋത്വിക്കുകൾ മേധാവിയായ അവിടുത്തെ സംസ്കരണാദി കർമ്മങ്ങളാൽ തെളിയിക്കുന്നു, ചമയിക്കുന്നു.

2 ആയോനിമരുണോരുഹ
ദ്ഗമദിന്ദ്രംവൃഷാസുതഃ
ധ്രുവേസദസിസീദതി

അന്വയം:—

| | |
|---|---|
| (അയം) അരുണഃ | — അരുണവർണ്ണസ്സോമഃ |
| യോനിം ആ രുഹൽ | — സ്ഥാനം ദ്രോണകലശമാരോഹതി |
| (തതഃ) ഇന്ദ്രം ഗമൽ | — ഗച്ഛതി |
| വൃഷാ, സുതഃ | — ഫലാനാം വർഷകഃ, അഭിഷുതസ്സൻ ഗത്വാ |
| ധ്രുവേ സദസി സീദതി | — സ്ഥിരേ, ദ്യുലോകാഖ്യേ സ്ഥാനേ നിവസതി |

അർത്ഥം—ഈ ഇളംചുവപ്പു നിറമാർന്ന സോമൻ സ്വസ്ഥാനമായ ദ്രോണകലശത്തിലേറുന്നു. പിന്നെ ഇന്ദ്രനെ പ്രാപിക്കുന്നു. കർമ്മഫലവർഷകനും സംസ്കരിക്കപ്പെട്ടവനുമായി, നിത്യമായ ദ്യുലോകത്തിൽ വസിക്കുന്നു.

3 നൂനോരയിംമഹാമി
ന്ദോസ്മഭ്യംസോമവിശ്വതഃ
ആപവസ്വസഹസ്രിണം

അന്വയം:—

| | |
|---|---|
| ഹേ ഇന്ദോ, | |
| സോമ, നഃ നു | — അസ്മഭ്യം ക്ഷിപ്രം |
| മഹാം സഹസ്രിണം | |
| രയിം | — മഹാന്തമസംഖ്യാതം ധനം |
| അസ്മഭ്യം വിശ്വതഃ ആ | |
| പവസ്വ | — സർവ്വതഃ പരിസ്രവ |

അർത്ഥം—അല്ലയോ ദീപ്തനായ സോമ, വേഗത്തിൽ ഞങ്ങൾക്ക് മഹത്തും കണക്കറ്റതുമായ ധനം എമ്പാടുമൊഴുക്കിയാലും.

4 വിശ്വാസോമപവമാന
ദ്യുമ്നാനീന്ദവാഭര
വിദാസ്സഹസ്രിണീരിഷഃ

അന്വയം:–

ഹേ പവമാന, ഇന്ദോ,
സോമ, — പൂയമാന, ദീപ്ത, സോമ, ത്വം
വിശ്വാ ദ്യുമ്നാനി ആ ഭര — സർവ്വാണി ദ്രവിണാന്യസ്മഭ്യമാഹര

സഹസ്രിണീഃ ഇഷഃ
വിദാഃ — സഹസ്രസംഖ്യാകാന്യന്നാനി ലംഭയ ച

അർത്ഥം—ശുദ്ധികരനും പ്രകാശമാനനുമായ സോമ, അവിടുന്ന് എല്ലാ ധനങ്ങളും ഞങ്ങൾക്കു കൊണ്ടുതന്നാലും. ആയിരക്കണക്കിലന്നം നേടിത്തരുകയും ചെയ്താലും.

5 സനഃപുനാനആഭര
രയിംസ്തോത്രേസുവീര്യം
ജരിതുർവ്വർദ്ധയാഗിരഃ

അന്വയം:–

(ഹേ സോമ,) സഃ (ത്വം)
നഃ സ്തോത്രേ — അസ്മാകം സ്തോത്രേ
പുനാനഃ സു–വീര്യം
രയിം — പൂയമാനഃ, അഭിഷൂയമാണഃ, സുപുത്രോപേതം ധനം
ആ ഭര — ആ ഹര
(കിഞ്ച) ജരിതുഃ ഗിരഃ
വർദ്ധയ — സ്തോതുസ്തുതീഃ പ്രവർദ്ധയ

അർത്ഥം—അല്ലയോ സോമ, ആ അവിടുന്ന് ശുദ്ധികരനായി (സംസ്കരിക്കപ്പെടുന്നവനായി) ഞങ്ങളുടെ സ്തോതാവിന്ന് നല്ല പുത്രന്മാരോടുകൂടിയ ധനം കൊണ്ടുകൊടുത്താലും. സ്തോതാവിന്റെ സ്തുതികൾ വളർത്തിയാലും.

6 പുനാനഇന്ദവാഭര

സോമദ്വിബർഹസംരയിം

വൃഷന്നിന്ദോനഉക്ഥ്യം

വ. 30

അന്വയം:—

ഹേ ഇന്ദോ, സോമ,

പുനാനഃ — പൂയമാനസ്ത്വം

ദ്വി-ബർഹസം രയിം — ദ്യുപൃഥിവ്യാഖ്യയോഃ സ്ഥാനയോഃ പരിവൃഢം ധനം

ആ ഭര — ആഹര

ഹേ ഇന്ദോ, വൃഷൻ നഃ

ഉക്ഥ്യം — കാമവഷ്കസ്ത്വം സ്തുത്യം ധനമാഹര

അർത്ഥം—അല്ലയോ പ്രകാശമാനനായ സോമ, ശുദ്ധികരനായ അവിടുന്നു് ദ്യോവും ഭൂവുമായ രണ്ടു സ്ഥാനങ്ങളിലുള്ള ശ്രേഷ്ഠമായ ധനം ഞങ്ങൾക്കു കൊണ്ടുതന്നാലും. അല്ലയോ നനവുററ സോമ, അവിടുന്നു ഞങ്ങൾക്കു് പ്രശസ്യമായ ധനം കൊണ്ടുതന്നാലും.

വർഗ്ഗം—31 കാണ്വോമേധ്യാതിഥിഃ ഋഷിഃ

1 പ്രയേഗാവോനഭൂർണ്ണയ

ത്വേഷാഅയാസോഅക്രമുഃ

ഘ്നന്തഃകൃഷ്ണാമപത്വചം

അന്വയം:—

(ഹേ സ്തോതാരഃ,) യേ

ഗാവഃ ന — യേ അഭിഷുതാസ്സോമാസ്തുതി വാചഇവ, തായഥാ സ്തുത്യം പ്രതിക്ഷിപ്രം ഗച്ഛന്തി തദ്വൽ

Digitized by Arya Samaj Foundatioh Chennai and eGangotri

ഭൂർണ്ണയഃ, ത്വേഷാഃ, അയാസഃ — ക്ഷിപ്രാഃ, ദീപ്താഃ, ഗമനശീലാശ്ചസന്തഃ

കൃഷ്ണാം ത്വചം അപഘ്നന്തഃ — കൃഷ്ണാ ത്വഗ് രക്ഷാഃ, തം നിഘ്നന്തഃ

പ്ര അക്രമുഃ — പ്രാക്രമീൽ, താൻ സ്തുത

അർത്ഥം—അല്ലയോ സ്തോതാക്കളേ, സംസ്കരിക്കപ്പെട്ട സോമങ്ങളേവ, സ്തുതികൾ സ്തുത്യദേവനെ പ്രാപിക്കുന്നപോലെ, ഗതിവേഗമുററവയായി, തിളങ്ങുന്നവയായി, ഗമനശീലങ്ങളായി, കരിന്തോലിയൊത്ത രക്ഷസ്സിനെ നിഹനിക്കുന്നവയായി, പ്രക്രമിക്കുന്നുവോ, ആ സോമങ്ങളെ സ്തുതിക്കുക. (കരിന്തോലിയുള്ള രക്ഷസ്സുകൾ ഇന്ത്യയിലെ ആദിവാസികളാവാം.)

2 സുവിതസ്യമനാമ
ഹേതിസേതുന്ദുരാവ്യം
സാഹ്വാംസോദസ്യുമവ്രതം

അന്വയം:—

സുവിതസ്യ സേതും — ശോഭനസ്യ സോമസ്യ രക്ഷോവിഷയം ബന്ധനം
ദുഃ—ആവ്യം — ദുഷ്ടമതിം
അവ്രതം ദസ്യും — അകർമ്മാണം ശത്രും
അതി സഹ്വാംസഃ
മനാമഹേ — അതീത്യാഭിഭവന്തോ വയം സ്തുമഃ

അർത്ഥം—ശോഭനനായ സോമൻെറ രക്ഷോബന്ധനത്തെയും അവരോടുള്ള ദൌർമ്മനസ്യത്തെയും, (വിരോധത്തെയും) കർമ്മമൊന്നുമനുഷ്ഠിക്കാത്ത ശത്രുവിനെ കടന്നു കീഴടക്കുന്ന ഞങ്ങൾ

സ്തുതിക്കുന്നു. (രക്ഷസ്സുകളെ ബന്ധിക്കുന്ന പ്രവൃത്തിയെയും അതിന്റെ പിന്നിലുള്ള വിരോധബുദ്ധിയെയും സ്തുതിക്കുന്നു.)

3 ശൃണ്വേവൃഷ്ടേരിവസ്വനഃ
പവമാനസ്യശുഷ്മിണഃ
ചരന്തിവിദ്യുതോദിവി

അന്വയം:–

| | |
|---|---|
| പവമാനസ്യ, ശുഷ്മിണഃ | — പൂയമാനസ്യ, ബലവതഃ |
| സ്വനഃ വൃഷ്ടേഃ–ഇവ | — വൃഷ്ടേഃ മഹാൻ സ്വനഇവ പ്രഭൃതരസാപാതസമയേ |
| ശൃണ്വേ | — ശ്രൂയതേ |
| (തസ്യൈവ) വി–ദ്യുതഃ | |
| ദിവി ചരന്തി | — ദീപ്തയോന്തരിക്ഷേ ചരന്തി |

അർത്ഥം–ശുദ്ധികരനും ബലവാനുമായ സോമന്റെ ശബ്ദം ചാറൊഴുകുന്ന സമയത്ത്, മഴയുടെ ഊക്കനൊച്ചപോലെ, കേൾക്കപ്പെടുന്നു. അവിടുത്തെ തന്നെ പ്രകാശങ്ങൾ അന്തരിക്ഷത്തിൽ ചലിക്കുന്നു.

4 ആപവസ്വമഹീമിഷ
ങ്ഗോമദിന്ദോഹിരണ്യവൽ
അശ്വാവദ്വാജവൽസുതഃ

അന്വയം:–

| | |
|---|---|
| ഹേ ഇന്ദോ, സുതഃ | — സോമ, അഭിഷുതസ്ത്വം |
| ഗോ–മൽ, | |
| ഹിരണ്യ–വൽ | — ബഹ്വീഭിർഗ്ഗോഭിര്യുക്തം, ഹിരണ്യൈര്യുക്തം |
| അശ്വ–വൽ വാജ–വൽ | — അശ്വൈഃ ബലൈശ്ച യുക്തം |
| മഹീം ഇഷം ആ പവസ്വ | — മഹദന്നമാക്ഷര |

അൎത്ഥം—അല്ലയോ സോമ, സംസ്കരിയ്ക്കപ്പെട്ട അവിടുന്നു് വളരെപ്പശുക്കളൊത്തതും സ്വൎണ്ണങ്ങളോടുകൂടിയതും കുതിരകളോടു ചേൎന്നതും ബലങ്ങളിയന്നതുമായ മഹത്തായ അന്നം ഞങ്ങൾക്കു ചൊരിഞ്ഞാലും. (അവിടുത്തെ രസധാരകൊണ്ടുണ്ടാക്കിയാലും.)

5 സപ്വവസ്വവിചക്ഷണ
ആമഹീരോദസീപൃണ
ഉഷാസ്സൂര്യോനരശ്മിഭിഃ

അന്വയം:—

| | |
|---|---|
| ഹേ വി–ചക്ഷണേ, | — വിദ്രഷ്ടഃ, സോമ, |
| സഃ (ത്വം) പവസ്വ | — രസം ക്ഷര |
| (തേന രസേന) മഹീ | |
| രോദസീ | — മഹത്യൌ ദ്യാവാപൃഥിവ്യൌ |
| ഉഷാഃ | — ഉഷസഃ, അഹാനി<br>(ഉഷശ്ശബ്ദേന തദുപലക്ഷിത മഹരുച്യതേ) |
| രശ്മി–ഭിഃ സൂര്യഃ ന | |
| ആ പൃണ | — സൂര്യഇവാപൂരയ |

അൎത്ഥം—അല്ലയോ സൎവ്വദ്രഷ്ടാവായ സോമ, ആ അവിടുന്നു് ചാറൊഴുക്കിയാലും. ആ ചാറിനാൽ മഹതികളായ ദ്യാവാപൃഥിവികളെ, ഉഷസ്സുൾപ്പെട്ട ദിവസങ്ങളെ സൂൎയ്യൻ രശ്മികളാലെന്നപോലെ, നിറച്ചാലും.

6 പരിണശ്ശുമ്മയന്ത്യാ
ധാരയാസോമവിശ്വതഃ
സരാരസേവവിഷ്ടപം വ. 31

അന്വയം:—

ഹേ സോമ, നഃ ശർമ്മ—
യന്ത്യാ ധാരയാ — സുഖയന്ത്യാ ധാരയാ
രസാ—ഇവ വിഷ്ടപം — രസേന ദ്യുലോകമിവ
വിശ്വതഃ പരി സര — സർവ്വതഃ പരിചര

അർത്ഥം—അല്ലയോ സോമ, ഞങ്ങൾക്ക സുഖമേകുന്ന ധാരയാൽ, അവിടത്തെ രസത്താൽ ദ്യുലോകത്തെ എന്നപോലെ, എമ്പാടും പരന്നു ചരിച്ചാലും.

വർഗ്ഗം—32

1 ജനയന്രോചനാദിവോ
ജനയന്നപ്സുസൂര്യം
വസാനോഗാഅപോഹരിഃ

അന്വയം:—

(അയം) ഹരിഃ — ഹരിതവർണ്ണസ്സോമഃ
ദിവഃ രോചനാ — ദ്യുസംബന്ധീനി രോചനാനി
നക്ഷത്രഗ്രഹമണ്ഡലാനി
ജനയൻ — ഉല്പാദയൻ
അപ്-സു സൂര്യം ജനയൻ— അന്തരിക്ഷേ ആദിത്യഞ്ചോൽ
പാദയൻ
ഗാഃ അപഃ വസാനഃ — അപോഗന്ത്രീഃ അപഃ ഭൂമിം
ഛന്ദയൻപവതേ

അർത്ഥം—ഈ പച്ചനിറമുറ്റ സോമൻ ദ്യോവിലുള്ള ഗ്രഹനക്ഷത്രമണ്ഡലങ്ങളെയും അന്തരിക്ഷത്തിൽ സൂര്യനെയുമുല്പാദിപ്പിച്ചുകൊണ്ടും കീഴോട്ടു വീഴുന്ന ജലങ്ങളെക്കൊണ്ടു് ഭൂമിയെ ഉടുപ്പിച്ചുകൊണ്ടുമൊഴുകുന്നു.

2 ഏഷപ്രത്നേനമന്മനാ

ദേവോദേവേഭ്യസ്പരി

ധാരയാപവതേസുതഃ

അന്വയം:—

ദേവഃ ഏഷഃ പ്രത്നേന
മന്മനാ — ദീപ്യമാനസ്സോമഃ പുരാണേന മനനീയേന സ്തോത്രേണയുക്തഃ
സുതഃ ദേവേഭ്യഃ — അഭിഷുതസ്തേഭ്യഃ
പരി ധാരയാ പവതേ — പരിതഃ പ്രവാഹേണ ക്ഷരതി

അർത്ഥം—ഈ തിളങ്ങുന്ന സോമൻ പുരാണവും ധ്യാനയോഗ്യവുമായ സ്തോത്രത്തോടുകൂടി സംസ്കരിക്കപ്പെട്ടു്, ദേവന്മാർക്ക വേണ്ടിയെമ്പാടും പ്രവഹിച്ചൊഴുകുന്നു.

3 വാവൃധാനായതൂർവ്വയേ

പവന്തേവാജസാതയേ

സോമാസ്സഹസ്രപാജസഃ

അന്വയം:—

സഹസ്ര–പാജസഃ — അപരിമിതബലാഃ
സോമാഃ വാവൃധാനായ — വർദ്ധമാനായ
തൂർവ്വയേ വാജ–സാതയേ
പവന്തേ — ക്ഷിപ്രായാന്നലാഭായ പൂയന്തേ

അർത്ഥം—കണക്കററ ബലങ്ങളുള്ള സോമങ്ങൾ വർദ്ധമാനവും വേഗവത്തുമായ അന്നലാഭത്തിന്നായി ശുദ്ധീകരിക്കപ്പെടുന്നു.

4 ദുഹാനഃപ്രത്നമിൽപയഃ

പവിത്രേപരിഷിച്യതേ

ക്രന്ദന്ദേവാഁഅജീജനൽ

അന്വയം:—
പ്രത്നം ഇൽ പയഃ
ദുഹാനഃ — പുരാണമേവ രസന്ദധാനസ്സോമഃ
പവിത്രേ പരി
സിച്യതേ — ദശാപവിത്രേ പരിതസ്സിച്യതേ
(കിഞ്ച) ക്രന്ദൻ ദേവാൻ — ശബ്ദംകുർവ്വംസ്താൻ
അജീജനൽ . — പ്രാദുർഭൂതാൻ കൃതവാൻ

അർത്ഥം—പണ്ടുതന്നെയുള്ള രസം ധരിക്കുന്ന സോമൻ ദശാപവിത്രത്തിൽ മുററും നനക്കപ്പെടുന്നു. പിന്നെ ശബ്ദമുണ്ടാക്കിക്കൊണ്ടു് ദേവന്മാരെ പ്രാദുർഭവിപ്പിക്കുന്നു, ഉണ്ടാക്കുന്നു.

5 അഭിവിശ്വാനിവാ
ര്യാഭിദേവാംഋതാവൃധഃ
സോമഃപുനാനോഅർഷതി

അന്വയം:—
(അയം) സോമഃ പുനാനഃ — പൂയമാനഃ
വിശ്വാനി വാര്യാ — സർവ്വാണി വരണീയാനി
ധനാനി
അഭി അർഷതി — അഭിഗച്ഛതി
(തഥാ) ഋത—വൃധഃ
ദേവാൻ അഭി — യജ്ഞവർദ്ധകാൻ
ദേവാനഭ്യർഷതി

അർത്ഥം—ഈ സോമൻ ശുദ്ധികരനായി എല്ലാ ശ്രേഷ്ഠധനങ്ങളെയും നേരെ പ്രാപിക്കുന്നു. അതുപോലെ യജ്ഞവർദ്ധകരായ ദേവന്മാരെയും നേരെ പ്രാപിക്കുന്നു.

6 ഗോമന്നസ്സോമവീരവ
ദശ്വാവദ്വാജവൽസുതഃ
പവസ്വബൃഹതീരിഷഃ വ. 32

അന്വയം:–

ഹേ സോമ, സുതഃ നഃ — അഭിഷുതസ്ത്വമസ്മഭ്യം
ഗോ–മൽ, വീര–വൽ — ബഹുഭിർഗ്ഗോഭിര്യുക്തം,
പുത്രൈരുപേതം
അശ്വ–വൽ, വാജ–വൽ — അശ്വൈര്യുക്തം,
ബലൈര്യുക്തം ധനം
ബൃഹതീഃ ഇഷഃ പവസ്വ — പ്രഭൂതാന്യന്നാനി ച ക്ഷര,
പ്രയച്ഛ

അർത്ഥം—അല്ലയോ സോമ, സംസ്കരിക്കപ്പെട്ട അവിടുന്ന് ഞങ്ങൾക്ക് ധാരാളം പശുക്കളൊത്തതും പുത്രന്മാരോടുകൂടിയതും കുതിരകളോടു ചേർന്നതും ബലങ്ങളുററതുമായ ധനവും, ധാരാളം (ബഹുവിധങ്ങളായ) അന്നങ്ങളും തന്നരുളിയാലും.

വർഗ്ഗം–33

1 യോഅത്യഇവമൃജ്യതേ

ഗോഭിർമ്മദായഹര്യതഃ

തങ്ഗീർഭിർവ്വാസയാമസി

അന്വയം:–

യഃ അത്യഃ–ഇവ മദായ — അതനശീലോശ്വ ഇവ
ദേവാനാം ഹർഷായ
ഗോഭിഃ മൃജ്യതേ — ഗോവികാരൈഃ പയ
ആദിഭിഃ മിശ്ര്യതേ
(യഃ) ഹര്യതഃ — കാന്തഃ, മനോഹരഃ
തം ഗീഃ–ഭിഃ
വാസയാമസി — തം സോമം സ്തുതിഭിർവ്വാസയാമഃ

അർത്ഥം—യാതൊരു സോമൻ, ഗതിവേഗമുററ കുതിരപോലെ, ദേവന്മാർക്കു ഹർഷത്തിന്നായി പശുവിൻപാൽ മുതലായവയോടു ചേർക്കപ്പെടുന്നുവോ, യാതൊരു സോമൻ കമനീയനാണോ, ആ അവിടുത്തെ സ്തുതികളാൽ ഞങ്ങളുടുപ്പിക്കുന്നു.

2 തന്നോവിശ്വാഅവസ്യുവോ
ഗിരശ്ശുംഭന്തിപൂർവ്വഥാ
ഇന്ദുമിന്ദ്രായപീതയേ

അന്വയം:-

| | |
|---|---|
| നഃ വിശ്വാഃ അവസ്യുവഃ | |
| ഗിരഃ | — അസ്മാകം അവഃ, രക്ഷണമിച്ഛന്ത്യസ്സർവ്വാസ്തുതയഃ |
| പൂർവ്വ-ഥാ | — പൂർവ്വം യഥാ തഥൈവേദാനീമപി |
| ഇന്ദ്രായ പീതയേ | — ഇന്ദ്രസ്യപാനായ |
| തം ഇന്ദും ശുംഭന്തി | — ദീപയന്തി |

അർത്ഥം—രക്ഷണമിച്ഛിക്കുന്ന നമ്മുടെ എല്ലാ സ്തുതികളും പണ്ടെന്നപോലെ ഇന്നും ഇന്ദ്രന്നു കുടിപ്പാനായി ആ സോമത്തെ പ്രകാശിപ്പിക്കുന്നു.

3 പുനാനോയാതിഹര്യത
സ്സോമോഗീർഭിഃപരിഷ്കൃതഃ
വിപ്രസ്യമേധ്യാതിഥേഃ

അന്വയം:_

| | |
|---|---|
| പുനാനഃ, ഹര്യതഃ | — പൂയമാനഃ, കമനീയഃ |
| സോമഃ ഗീഃ_ഭിഃ | |
| പരി—കൃതഃ | — സ്തുതിഭിരലങ്കൃതഃ |
| വിപ്രസ്യ | |
| മേധ്യ—അതിഥേഃ | — മേധാവിനോമമ യാഗാർത്ഥം |
| യാതി | — കലശം പ്രതിഗച്ഛതി |

അത്ഥം—ശുദ്ധീകരനും മനോഹരനുമായ സോമൻ സ്തുതികളാൽ അലങ്കൃതനായി, മേധാവിയായ മേധ്യാതിഥിയുടെ (എന്റെ) യാഗത്തിന്നുവേണ്ടി ദ്രോണകലശം പ്രാപിക്കുന്നു.

4 പവമാനവിദാരയി

മസ്മഭ്യംസോമസുശ്രീയം

ഇന്ദോസഹസ്രവർച്ചസം

അന്വയം:—

ഹേ പവമാന, ഇന്ദോ,
സോമ, — പൂയമാന, ക്ലിദ്യമാന, സോമ,
അസ്മഭ്യം സു-ശ്രീയം — ശോഭനശ്രീയായുക്തം
സഹസ്ര-വർച്ചസം രയിം
വിദാഃ — ബഹുദീപ്തിമദ്ധനം ദേഹി

അർത്ഥം—ശുദ്ധികരനും നനവിയലുന്നവനുമായ സോമ, ഞങ്ങൾക്കു നല്ല ശ്രീയോടുകൂടിയതും ആയിരം പ്രഭകളൊത്തതുമായ ധനം തന്നാലും.

5 ഇന്ദുരത്യോനവാജസൃൽ

കനിക്രന്തിപവിത്രആ

യദക്ഷാരതിദേവയുഃ

അന്വയം:—

(അയം) ഇന്ദുഃ അത്യഃ ന — അശ്വഇവ
വാജ-സൃൽ — സങ്ഗ്രാമസരണഃ
പവിത്രേ ആ കനിക്രന്തി — ദശാപവിത്രേ ആസമന്താച്ഛബ്ദം കരോതി
യൽ അതി അക്ഷാഃ — യദാപവിത്രമതിക്രമ്യ ക്ഷരതി, തദാ
ദേവ_യുഃ — ദേവകാമസ്സഞ്ഛബ്ദം കരോതി

അർത്ഥം—ഈ സോമൻ കുതിരപോലെ യുദ്ധഗാമിയാകുന്നു. ദശാപവിത്രത്തിൽ മുററും ശബ്ദമുണ്ടാക്കുന്നു. പവിത്രത്തെ കവിഞ്ഞൊഴുകുമ്പോഴാണ് ദേവകാമനായി ശബ്ദമുണ്ടാക്കുന്നത്.

6 പവസ്വവാജസാതയേ
വിപ്രസ്യഗൃണതോവൃധേ
സോമരാസ്വസുവീര്യം

വ. 33

അന്വയം:—

ഹേ സോമ, വാജ–സാതയേ
പവസ്വ — അന്നലാഭായ ക്ഷര
(തഥാ) ഗൃണതഃ
വിപ്രസ്യ വൃധേ — സ്തുവതോമേധാവിനോവർദ്ധനായ ക്ഷര
സു–വീര്യം രാസ്വ — ശോഭനവീര്യവന്തം പുത്രം ദേഹി

അർത്ഥം–അല്ലയോ സോമ, അന്നലാഭത്തിന്നായൊഴുകിയാലും. സ്തുതിക്കുന്ന മേധാവിയുടെ അഭിവൃദ്ധിക്കായൊഴുകിയാലും. നല്ല വീര്യമുററ പുത്രനെ തന്നരുളിയാലും.

എട്ടാമധ്യായം സമാപ്തം.

ആറാമഷ്ടകം കഴിഞ്ഞു.

पुस्तकालय
41306
पुस्तकालय
गुरुकुल कांगड़ी विश्वविद्यालय
GURUKUL KANGRI LIBRARY
Acces on
Class on
Cat on
Tag etc.
Checked
Any Other